# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2019 ഒക്ടോബർ 30, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

948/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..81

**II അടിയന്തരപ്രമേയം**

മാവോയിസ്റ്റ് വേട്ട

(അവതരണാനുമതി നിഷേധിച്ചു.) ..488

**III ശ്രദ്ധ ക്ഷണിക്കൽ**

(1) പി.എസ്.സി.-യുടെ വിശ്വാസ്യത

— ശ്രീ. പി. ഉബൈദുള്ള ..512

(2) ദേശീയപാതയിലെ പ്രവൃത്തികൾ

— ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ) ..516

**IV സബ്മിഷൻ**

(1) അപകട മരണം

— പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

— ശ്രീ. മാണി സി. കാപ്പൻ ..523

(2) സെമി ഹൈസ്പീഡ് റെയിൽവേ

— ശ്രീ. പി. ടി. തോമസ് ..527

(3) ഭൂമി ഏറ്റെടുക്കൽ

— ശ്രീ. എൻ. വിജയൻ പിള്ള

— പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..528

**V അറിയിപ്പ്**

**കാര്യ വിവരപ്പട്ടിക സമയമാറ്റം** .. 531

*പേജ്*

**സബ്മിഷൻ തുടർച്ച**

(4) സ്ഥലം ഏറ്റെടുക്കൽ

– ശ്രീ. സി. മമ്മൂട്ടി ..531

(5) കടൽഭിത്തി

– ശ്രീ. ആർ. രാമചന്ദ്രൻ ..532

(6) പാർശ്വഭിത്തി നിർമ്മാണം

– ശ്രീ. അബ്ദുൾ ഹമീദ്. പി. ..533

(7) വാറ്റ് കുടിശ്ശിക

– ശ്രീ. കെ. സി. ജോസഫ് ..535

(8) ക്ഷേമനിധി പ്രവർത്തനം

– ശ്രീ. കെ. ബി. ഗണേഷ് കുമാർ ..537

(9) പാലം പുനർനിർമ്മാണം

– ശ്രീ. എം. സ്വരാജ് ..540

(10) സാമ്പത്തിക സഹായം

– ശ്രീ. എം. രാജഗോപാലൻ ..543

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ ..544

**VII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ..547

(i) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ..547

**VIII ക്രമപ്രശ്നം**

ബില്ലുകൾ യഥാസമയം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാത്തത് സംബന്ധിച്ച്

– ശ്രീ. വി. ടി. ബൽറാം ...547

*പേജ്*

**റൂളിംഗ്**

(ii) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ..575

(iii) 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ..610

**IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

ആർ.സി.ഇ.പി. കരാർ

– ശ്രീ. കെ. സി. ജോസഫ് ..637

**X ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് പ്രമേയം**

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ..689

**അറിയിപ്പ്** ..691

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 ഒക്ടോബർ 30, ബുധൻ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2019 ഒക്ടോബർ മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 9.00-മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.........ഓർഡർ ചോദ്യം നമ്പർ *61

### ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

1 (*61) ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭയാനകമായ വിധത്തിലും പൊതുസമൂഹത്തിൽ ആശങ്ക ജനിപ്പിക്കുന്ന രീതിയിലും ലഹരി വസ്തുക്കളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിനായി കോടിക്കണക്കിന് രൂപ വിനിയോഗിച്ചിട്ടും യുവതലമുറയ്ക്ക് ലഹരിയോടുള്ള ആഭിമുഖ്യം വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ആദിവാസി ഗോത്രമേഖലയിൽ ലഹരി ഉപയോഗം തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അത് ഫലപ്രദമാണോയെന്നും വ്യക്തമാക്കുമോ;

(ഇ) എല്ലാ വീടുകളും ലഹരി വിമുക്തമാക്കുന്നതിനും വരുംതലമുറയെ ലഹരിയുടെ പിടിയിൽനിന്നും മോചിപ്പിക്കുന്നതിനും ശക്തമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, (എ) സംസ്ഥാനത്ത് ഭയാനകമായ വിധത്തിലും പൊതുസമൂഹത്തിൽ ആശങ്ക ജനിപ്പിക്കുന്ന രീതിയിലും ലഹരി വസ്തുക്കളുടെ ഉപഭോഗം വർദ്ധിച്ചിട്ടില്ല. എന്നാൽ ലഹരി വസ്തുക്കളുടെ ഉപഭോഗം വ്യാപകമാകുന്നതിനുള്ള സാദ്ധ്യത ഗൗരവമായി പരിഗണിച്ച് സംസ്ഥാനത്തൊട്ടാകെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നു.

(ബി) നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളുടെ വിപണനവും ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബൃഹത്തായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'-യുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

(സി) വരുംതലമുറയിൽ പ്രത്യേകിച്ച് യുവാക്കളിൽ ലഹരിയോടുള്ള ആഭിമുഖ്യം കുറച്ചുകൊണ്ടുവരുന്നതിന് തികച്ചും ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും 'വിമുക്തി' പദ്ധതിയുടെ കീഴിൽ സർക്കാർ നടപ്പിലാക്കിവരുന്നു.

(ഡി&ഇ) ആദിവാസി ഗോത്രവർഗ്ഗ മേഖലയിലും ജീവിതത്തിന്റെ മറ്റെല്ലാ തുറകളിലും ലഹരി ഉപയോഗം തടയുന്നതിനും വരുംതലമുറയെ ലഹരിയുടെ പിടിയിൽനിന്ന് മോചിപ്പിക്കുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആദിവാസി-ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാദമിയിൽ പരിശീലനം നൽകിയിട്ടുണ്ട്. ഈ പരിശീലന പരിപാടി തുടർന്നും

നടത്താനുദ്ദേശിക്കുന്നു. ഈ ജനവിഭാഗങ്ങൾക്ക് ഭാഷാപരവും ജീവിതക്രമപരവുമായ പ്രത്യേകതകൾ പരിഗണിച്ച് അവരുടെ ഗോത്രഭാഷയിലും ശൈലിയിലും സംവദിക്കുന്നതിനും അവരുടെ ജീവിതശൈലീ പ്രശ്നങ്ങളും പ്രത്യേകതകളും മനസ്സിലാക്കി അവരിലേയ്ക്ക് ലഹരിവിരുദ്ധ സന്ദേശങ്ങളെത്തിക്കാനും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിശീലനം ലഭിച്ച യുവാക്കളുടെ സേവനം ഏറെ പ്രയോജനം ചെയ്യുന്നുണ്ട്.

നിരവധി ആദിവാസി കോളനികളിൽ വിവിധ കലാലയങ്ങളിലെ എൻ.എസ്.എസ്., എൻ.സി.സി. വിദ്യാർത്ഥികളുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. ഈ മേഖലകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് ആദിവാസി-ഗോത്ര വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കും യുവാക്കൾക്കുമായി ടി മേഖലകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം 319 കേന്ദ്രങ്ങൾ ആദിവാസി മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കായിക വിഷയങ്ങളും വായനാശീലവും ഇവരിൽ വളർത്തിയെടുക്കാനായി പ്രത്യേക നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ ലഹരിയോടുള്ള ആഭിമുഖ്യം ഇക്കൂട്ടരിൽ കുറയ്ക്കുന്നതിന് സഹായകരമായിട്ടുണ്ട്. ലഹരിമുക്ത ഗ്രാമം എന്ന പദ്ധതിപ്രകാരം ആദിവാസി ഊരുകളും ഗ്രാമങ്ങളും ദത്തെടുത്ത് ടി ജനവിഭാഗത്തിന്റെ ദൈനംദിന പ്രശ്നങ്ങളിലടക്കം ഇടപെട്ട് പ്രശ്നപരിഹാരങ്ങൾ കാണുന്നതിനും ലഹരിവിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും ജനമൈത്രീ സ്ക്വാഡുകൾ സജീവ പ്രവർത്തനം നടത്തിവരുന്നുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങയുടെ മറുപടിയിൽ എല്ലാ കാര്യങ്ങളും ശരിയായെന്നുള്ള പ്രതീതിയാണ് കാണാൻ സാധിക്കുന്നത്. എന്നാൽ കേരളത്തിൽ ലഹരി വ്യാപകമാണെന്നുള്ളത് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. നാട്ടിലെ ജനങ്ങൾക്കിടയിലിറങ്ങി പ്രവർത്തിച്ചാൽ അത് ബോദ്ധ്യമാകുന്ന കാര്യമാണ്. പ്രത്യേകിച്ച് പുതിയ തലമുറയിലെ യുവാക്കൾക്കിടയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും വ്യാപകമായ ലഹരി വസ്തുക്കളുടെ ഉപയോഗമുള്ളതായി കാണാൻ സാധിക്കുന്നുണ്ട്. ഇതിന് കൃത്യമായ സപ്ലൈ ചെയിനും നെറ്റ്‍വർക്കുമുണ്ട്. ആർക്കും പിടിക്കാൻ സാധിക്കാത്ത സംവിധാനമായി കേരളം മുഴുവൻ വ്യാപിക്കുകയാണ്. കൊച്ചി പോലെയുള്ള മഹാനഗരങ്ങളും ഇതിന്റെ പിടിയിലേയ്ക്ക് അമർന്നിരിക്കുകയാണ്. മുമ്പ് കൂടുതലും നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള സ്ഥലങ്ങളിലായിരുന്നത് ഇപ്പോൾ

ഗ്രാമപ്രദേശങ്ങളിലും വ്യാപകമായിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ചില കവലകളുടെ ഒഴിഞ്ഞ മൂലയിൽ ക്ലബ്ബുകളുടെയും യുവജന സംഘടനകളുടെയും പേരിൽ അനധികൃതമായി കെട്ടിയുണ്ടാക്കിയ ബസ് സ്റ്റോപ്പുകളിലും വെയിറ്റിംഗ് ഷെഡ്ഡുകളിലും വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണിവരെ ചെറുപ്പക്കാർ വന്നിരുന്ന് ഇത്തരത്തിലുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നുവെന്നുള്ള ആക്ഷേപങ്ങളും പരാതികളും പരിസരവാസികളുടെ ഇടയിൽനിന്നും വ്യാപകമായി ഉയരുന്നുണ്ട്. പോലീസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് ഇത്തരത്തിലുള്ള അനധികൃത വെയിറ്റിംഗ് ഷെഡ്ഡുകളെ പ്രത്യേക നിരീക്ഷണത്തിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ ചോദ്യത്തിന്റെ അവസാനഭാഗത്തോട് പൂർണ്ണമായും യോജിക്കുകയാണ്. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ ഇത്തരത്തിലുള്ള പ്രവണതകൾ തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത് കൂടുതൽ ശക്തിപ്പെടുത്തി കുറ്റമറ്റതാക്കി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ലഹരിവ്യാപനം തടയുകതന്നെ വേണം. ഇതുമായി ബന്ധപ്പെട്ട് അനാവശ്യമായൊരു ഭീതി സമൂഹത്തിലുണ്ടാക്കുന്നത് ശരിയല്ല. ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള Ministry of Social Justice and Empowerment, All India Institute of Medical Science, National Drug Dependence Treatment Centre, 10 മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, 15 Non Governmental Organization's (NGO) എന്നിവ സംയുക്തമായി 2017 ഡിസംബറിനും 2018 ഒക്ടോബറിനുമിടയിൽ ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 10 വയസ്സുമുതൽ 75 വയസ്സുവരെ പ്രായമുള്ളവർക്കിടയിലെ ലഹരി ഉപയോഗത്തെക്കുറിച്ച് പഠനം നടത്തിയതിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ ലഹരി വസ്തുക്കളുടെ അമിത ഉപയോഗമുള്ള സംസ്ഥാനങ്ങളുടെ ലിസ്റ്റിൽ കേരളം ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ട് ഇവിടെ അപകടമില്ലെന്നല്ല, ഈ വസ്തുത പരിഗണിച്ചുകൊണ്ട് ഇതിന്റെ വ്യാപനം തടയുന്നതിനുള്ള എല്ലാ പ്രായോഗിക നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ഇതിൽ നിയമ നടപടികളേക്കാൾ വളരെ പ്രധാനം ബോധവൽക്കരണമാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് എല്ലാവരും ഒന്നിച്ചുനിന്ന് ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ സമീപനം.

ശ്രീ. വി. ടി. ബൽറാം: സർ, ഇക്കാര്യത്തിൽ ദേശീയതലത്തിലുള്ള പഠന റിപ്പോർട്ടുകളല്ല പരിഗണിക്കേണ്ടത്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ലഹരി ഉപയോഗം വർദ്ധിച്ചിട്ടുണ്ടോയെന്നത് പരിശോധനാ

വിധേയമാക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പുതിയൊരു മദ്യനയം കൊണ്ടുവരുമെന്ന അവകാശവാദം മുന്നോട്ടുവച്ചിരുന്നു. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ ബാറുകൾ തുറന്നാൽ മാത്രമേ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കുകയുള്ളൂ എന്നാണ്. ചെറുപ്പക്കാർ ലഹരി ആസക്തിയിലേയ്ക്ക് പോകുന്നത് തടയണമെങ്കിൽ ബാറുകൾ തുറന്നു കൊടുക്കണമെന്നുള്ളതാണ്. അതാണ് ഈ ഗവൺമെന്റിന്റെ പുതിയ മദ്യനയത്തിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചിരുന്നത്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ (2016-ൽ) കേരളത്തിൽ എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നു; ഇപ്പോൾ 2019-ൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിന്റെ കൃത്യമായ കണക്ക് സഭയുടെ മുമ്പാകെ പറയാൻ സാധിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, അങ്ങയുടെ അവസാനത്തെ ചോദ്യത്തിന് പ്രത്യേക നോട്ടീസ് നൽകേണ്ടതാണ്. എങ്കിലും അതിന്റെ മറുപടി ഞാൻ പറയാം....ബഹളം....

<u>മി. സ്പീക്കർ</u>: അങ്ങയുടെ കയ്യിൽ കണക്കുകൾ ലഭ്യമാണെങ്കിൽ പറഞ്ഞാൽ മതി. ...ബഹളം.... നിങ്ങളുടെ കൈവശം കണക്കുണ്ടെങ്കിൽ ഇപ്പോൾ ചോദിക്കേണ്ട ആവശ്യമില്ലായിരുന്നു. ...ബഹളം.... കൈവശമുള്ള വിവരങ്ങൾ ചോദിക്കുന്നത് ശരിയാണോ? ...ബഹളം....

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്. നിങ്ങൾ ചോദിച്ചതിന് ഞാൻ ഉത്തരം പറയാമെന്നാണ് പറഞ്ഞത്. ...ബഹളം.... യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ ആന്റ് വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. ആദ്യഘട്ടത്തിൽ ത്രീ സ്റ്റാർ മുതൽ ബാർ ഹോട്ടലുകൾ അനുവദിക്കുകയെന്നുള്ളതാണ് ഗവൺമെന്റ് അംഗീകരിച്ച പോളിസി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മദ്യനിരോധനത്തെ മുൻനിർത്തിക്കൊണ്ട് ഷാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരിക എന്ന നിലപാടാണ് മുന്നോട്ടുവച്ചത്. അത് മദ്യത്തിന്റെ ഉപയോഗം തടയുന്നതിന് സഹായകരമാകുമെന്ന നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ല. ഇക്കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാടിനനുസൃതമായ സമീപനമല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ഈ ഗവൺമെന്റിന്റെ പുതിയ പോളിസി പ്രകാരം നേരത്തെ ബിയർ ആന്റ് വൈൻ പാർലറുകളായി പ്രവർത്തിച്ചിരുന്ന ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് മുകളിലുള്ള 383 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. അതുകൂടാതെ ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് മുകളിൽ പദവിയുള്ള 158 ബാറുകൾക്ക് ഈ ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 565 ബാർ ഹോട്ടലുകളും 365 ബിയർ ആന്റ് വൈൻ പാർലറുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. അനിൽ അക്കര: സർ, എൽ.ഡി.എഫ്. സർക്കാരിന്റെ പ്രധാനപ്പെട്ട നയം മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ട് വരികയെന്നുള്ളതാണ്. അതിന് വിപരീതമായി മദ്യത്തിന്റെ ഉപയോഗം കൂടിക്കൂടി വരികയാണ്. പുതിയതായി ബാറുകളും ബിവറേജ് ഔട്ട്ലെറ്റുകളും ആരംഭിക്കാൻ ശ്രമിക്കുമ്പോൾ പ്രാദേശികമായി വലിയ എതിർപ്പുകൾ ഉണ്ടാകാറുണ്ട്. പഞ്ചായത്തുകളും നഗരസഭകളും എതിർപ്പുകൾ ഉയർത്തുന്ന സമയത്ത് എക്സൈസും പോലീസുമൊക്കെ ഇത് തുടങ്ങാൻവേണ്ടി പഞ്ചായത്തിന്റെയോ നഗരസഭയുടെയോ ലൈസൻസ് ആവശ്യമില്ലെന്ന് പറഞ്ഞ് പഞ്ചായത്ത് പ്രസിഡന്റുമാരെപോലും കസ്റ്റഡിയിലെടുക്കുന്ന സ്ഥിതിയാണ് നമ്മൾ കാണുന്നത്. എന്നാൽ നിയമപ്രകാരം ബാറുകളും കള്ള് ഷാപ്പുകളും ഔട്ട്ലെറ്റുകളുമൊക്കെ പ്രവർത്തിപ്പിക്കാൻ പഞ്ചായത്തുകളുടെയോ നഗരസഭകളുടെയോ ലൈസൻസ് ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ലൈസൻസില്ലാതെ എത്ര ബാറുകൾ, ബിവറേജ് ഔട്ട്ലെറ്റുകൾ, കള്ള് ഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്; ഇതിനൊക്കെ ഈ ലൈസൻസ് ബാധകമാണോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ലൈസൻസില്ലാതെ കള്ള് ഷാപ്പുകൾ ഒന്നും കേരളത്തിൽ പ്രവർത്തിക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ ഇവിടെ ബിവറേജസിന്റെയും കൺസ്യൂമർ ഫെഡിന്റെയും ഔട്ട്ലെറ്റുകൾ മൊത്തം 306 എണ്ണം ഉണ്ടായിരുന്നു. അതിൽ ഒരെണ്ണംപോലും വർദ്ധിച്ചിട്ടില്ലെന്ന് മാത്രമല്ല, മൂന്നെണ്ണം കുറവുമാണ്. ഇപ്പോൾ ബിവറേജസിന്റെ 280 ഔട്ട്ലെറ്റുകളിൽ 277 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. മുമ്പ് പ്രവർത്തിച്ചതിനേക്കാൾ മൂന്നെണ്ണം കുറവാണ്. കള്ള് ഷാപ്പുകളുടെ കാര്യത്തിലും ഈയൊരു സ്ഥിതി നമുക്ക് കാണാൻ കഴിയുന്നുണ്ട്. ........ബഹളം.......

മി. സ്പീക്കർ: ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. .....പ്ലീസ് ഇരിക്കു......

ശ്രീ. കെ. സി. ജോസഫ്: സർ, യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും നയങ്ങളിൽ വ്യത്യാസമുണ്ടെന്നാണ് അങ്ങ് നേരത്തെ പറഞ്ഞത്. മദ്യത്തിന്റെ ലഭ്യത പടിപടിയായി കുറയ്ക്കുമെന്നാണ് ഗവൺമെന്റ് മാനിഫെസ്റ്റോയിൽ പറയുന്നത്. അതിനെച്ചൊല്ലിയാണ് ദൃശ്യമാധ്യമങ്ങളിൽ ശ്രീമതി കെ.പി.എ.സി. ലളിതയുടെയും നിങ്ങളുടെ എം.പി.-യായിരുന്ന ശ്രീ. ഇന്നസെന്റിന്റെയും പരസ്യം വന്നത്. അതൊന്നും മറന്നുപോകരുത്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്ന് പറഞ്ഞിട്ട് 565 ബാറുകൾ, 368 ബിയർ ആൻഡ് വൈൻ പാർലറുകൾ, ഇങ്ങനെ വിപുലമായി കേരളത്തിന്റെ ഏത് മേഖലയിലും മദ്യം ഒഴുക്കിവിടുന്നത് ഈ സർക്കാരിന്റെ നയത്തിന് അനുയോജ്യമാണോ; ഇങ്ങനെ ചെയ്യുകയാണെങ്കിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ കഴിയുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഒരു വ്യവസ്ഥയുമില്ലാതെ ലഹരി പദാർത്ഥങ്ങൾ ഒഴുക്കുകയെന്നുള്ള നിലപാട് ഗവൺമെന്റിനില്ല. ഇത് നിയന്ത്രണവിധേയമാക്കി, ബോധവൽക്കരണം നടത്തി, ജനങ്ങളെ അണിനിരത്തി പതുക്കെപ്പതുക്കെ കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യത്തെ സ്ഥിതിയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇപ്പോഴത്തെ സ്ഥിതിയും തമ്മിൽ പരിശോധിച്ചപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ജൂലൈ 2016 മുതൽ സെപ്റ്റംബർ 2019 വരെയുള്ള കാലയളവിലെ 689.56 ലക്ഷം കെയ്സ് വിദേശമദ്യവും 401.77 ലക്ഷം കെയ്സ് ബിയറും കെ.എസ്.ബി.സി. വഴി വില്പന നടത്തിയതായി കാണാം. ഇതേ കാലയളവിൽ 715.84 ലക്ഷം കെയ്സ് മദ്യവും 401.72 ലക്ഷം കെയ്സ് ബിയറുമായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിൽപ്പന നടത്തിയത്. അത് മാത്രം നോക്കിയാൽ ആ പീരിയഡിൽ 26.28 ലക്ഷം കെയ്സ് മദ്യവിൽപ്പന കുറഞ്ഞതായി കാണാൻ സാധിക്കും. പക്ഷെ, അതൊരു അനുകൂല നിലപാടാണെന്നുള്ള അഭിപ്രായമൊന്നും ഗവൺമെന്റിനില്ല. ചില സമയത്ത് ഇത് ക്രമാനുഗതമായി ഉയർന്നുവരുന്നുണ്ടാകാം. അതിനിടവരുത്തിയ ചില പ്രശ്നങ്ങളുണ്ട്, ഇവിടെ മയക്കുമരുന്ന്, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയ്ക്ക് വലിയതോതിൽ അഡിക്റ്റായിട്ടുള്ളവരുണ്ട്. അവരുടെ നിലപാടും ഇപ്പോൾ മാറിവരുന്നുണ്ട്. അതുകൊണ്ട് ഇപ്പോഴുള്ള ഈ കുറവെന്നുപറയുന്നത് സമാധാനപരമായിട്ട് എടുക്കാൻ കഴിയുകയില്ല. ബോധവൽക്കരണത്തിലൂടെ ആളുകളെ ഇതിൽ നിന്ന് കുറച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനെല്ലാവരും ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്. അങ്ങോട്ടുമിങ്ങോട്ടും തർക്കിച്ചും ന്യായീകരിച്ചും അപകടസാധ്യത വർദ്ധിപ്പിക്കുന്ന ഒരു നിലപാടും ആരും സ്വീകരിക്കാൻ പാടില്ലാത്തതാണ്. ലഹരി ഏതെങ്കിലും തരത്തിൽ ഒഴുക്കുക എന്ന വസ്തുതാപരമല്ലാത്ത പ്രചരണം ഇന്ന് കേരളത്തിൽ നടന്നുവരുന്നുണ്ട്. അത് വസ്തുതയുമായി ചേരുന്നതല്ല; വസ്തുത മനസ്സിലാക്കി തുടർനടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ലഹരിപദാർത്ഥങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതും ഇതുമൂലം പിടിക്കപ്പെടുന്നതും യുവാക്കളാണ്. വയനാടുപോലുള്ള ജില്ലയിൽ കർണാടക-തമിഴനാട് അതിർത്തിയിലുള്ള ജില്ലയെന്ന നിലയ്ക്ക് അതിർത്തി പ്രദേശങ്ങൾ, ചെക്ക് പോസ്റ്റുകൾ, ടൗണുകൾ, ബസ് സ്റ്റാൻഡുകൾ എന്നിവിടങ്ങളിലൊക്കെ പ്രത്യേകിച്ച് കഞ്ചാവ് കൂടുതൽ പിടിക്കാറുണ്ട്. പക്ഷേ അവർക്ക് പെട്ടെന്നുതന്നെ ജാമ്യം കിട്ടി പുറത്തിറങ്ങുന്ന കാഴ്ചയാണ് നാം കാണുന്നത്. 999 ഗ്രാം പിടിച്ചെടുത്തെന്നാണ് സാധാരണ പല എഫ്.ഐ.ആർ.-ലും കാണാൻ കഴിയുന്നത്. അങ്ങനെയാകുമ്പോൾ അവർക്ക് കോടതി ജാമ്യം കൊടുക്കുന്നു. ആ യുവാക്കൾ വീണ്ടും അതിലേക്കുതന്നെ തിരിച്ചുവരുന്ന വെന്നുള്ളതാണ്. ഇത്തരക്കാർക്കുള്ള ശിക്ഷാനടപടി ശക്തമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നിലവിൽ ഇതുപോലുള്ള ലഹരി പദാർത്ഥങ്ങൾ പിടികൂടുന്നത് എൻ.ഡി.പി.എസ്. ആക്ടിന്റെ അടിസ്ഥാനത്തിലാണ്. ആ നിയമത്തിന് ഒരുപാട് പരിമിതികളുമുണ്ട്. അതുകൊണ്ട് ഇതിൽ ഭേദഗതി വരുത്തണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് കത്തയയ്ക്കുകയും കേന്ദ്രമന്ത്രിമാരെ നേരിൽക്കണ്ട് അവരിൽ സമ്മർദ്ദം ചെലുത്തിവരികയും ചെയ്യുന്നുണ്ട്. കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരിപദാർത്ഥങ്ങൾ കൈവശം വയ്ക്കുന്ന ആളുകളെ പിടിച്ചുകഴിഞ്ഞാൽ അവർ കുറച്ച് ദിവസങ്ങളെങ്കിലും ജയിലിൽ കിടക്കണം, പെട്ടെന്ന് ജാമ്യം കിട്ടുന്ന അവസ്ഥ ഉണ്ടാകാൻ പാടില്ല. ഇതിന്റെ ഗൗരവം മനസ്സിലാക്കി കേരളത്തിൽ എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ 5 വർഷക്കാലയളവിൽ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം എടുത്ത കേസ്സുകൾ 4880 ആണ്. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം 21363 കേസ്സുകൾ എടുത്തിട്ടുണ്ട്. ഇത് 557 ശതമാനത്തിന്റെ വർദ്ധനവാണ്. കോട്പാ (COTPA Act) കേസ്സിന്റെ കാര്യത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ 5 വർഷക്കാലയളവിലെടുത്ത കേസ്സുകൾ 11602 ആണ്. എൽ.ഡി.എഫ്. സർക്കാർ ഇതുവരെ 242611 കേസ്സുകൾ എടുത്തിട്ടുണ്ട്. അതായത് 789 ശതമാനത്തിന്റെ വർദ്ധനവാണ്. ഞാൻ അപ്പുറത്തുള്ളവരെ കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. ഈ അനുഭവങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി ഇവ തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, താങ്കളുടെ നേതൃത്വത്തിൽ ലഹരിക്കെതിരായി നടത്തുന്ന പോരാട്ടങ്ങളെയെല്ലാം ഞങ്ങൾ പിന്തുണയ്ക്കുകയാണ്. നമ്മുടെ കുട്ടികൾ സ്കൂളുകളിലും വീടുകളിലുമാണ് കൂടുതൽ സമയവും ചെലവഴിക്കുന്നത്. ഈയിടയ്ക്ക് കണ്ണൂരിൽ ലഹരിവിമുക്ത ക്യാമ്പയിനുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി കമ്മീഷണറുടെ ക്ലാസ്സിൽ യാദൃശ്ചികമായി പങ്കെടുക്കാനിടയായി. ടി ക്യാമ്പയിനിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളുടെ behavioural changes-നെക്കുറിച്ച് പരാമർശിക്കപ്പെട്ടു. ഇത്തരം ക്ലാസ്സുകളിലൂടെ ലഹരി പദാർത്ഥങ്ങൾ ഉപയോഗി ക്കുമ്പോഴുള്ള കുട്ടികളുടെ behavioural changes-നെക്കുറിച്ചും മറ്റും മനസ്സിലാക്കുമ്പോഴാണ് രക്ഷിതാക്കൾക്ക് ഇതിനെക്കുറിച്ചുള്ള ഗൗരവം ബോധ്യപ്പെടുന്നത്. അതുകൊണ്ട് മദർ പി.ടി.എ.-യ്ക്കും സ്കൂളിലെ അദ്ധ്യാപകർക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ എക്സൈസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സംസ്ഥാനമൊട്ടാകെ അതിവിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ 150-ാമത് ജന്മവാർഷികാഘോഷം നടക്കുന്ന ഈ വർഷം

വിവിധ പരിപാടികൾ സംഘടിപ്പിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഈ പ്രത്യേകതകൂടി കണക്കിലെടുത്ത് കേരളപ്പിറവിദിനമായ നവംബർ 1 മുതൽ രക്തസാക്ഷി ദിനമായ ജനുവരി 30 വരെ അതിവിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ കേരളത്തിലുടനീളം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും സമൂഹത്തിലെ എല്ലാ സംവിധാനത്തെ ഉപയോഗപ്പെടുത്തിയും ജനപ്രതിനിധികൾ, ജനങ്ങൾ, പ്രാദേശികതലങ്ങളിൽ ജനങ്ങളെ ബന്ധപ്പെടുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ, അയൽക്കൂട്ട സമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ, സർക്കാർ ജീവനക്കാരുടെ മേഖലകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി എല്ലാ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഓരോ അസംബ്ലി മണ്ഡലത്തിലും എം.എൽ.എ.-മാരുടെകൂടി നേതൃത്വത്തിൽ നിരവധി പരിപാടികൾ ബോധവൽക്കരണത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്തുവരുന്നുണ്ട്. കേരള ഗവൺമെന്റ് ലഹരിവിരുദ്ധ/ലഹരിവർജ്ജന പ്രവർത്തനത്തിന്റെ ഭാഗമായി രൂപീകരിച്ച വിമുക്തി മിഷന്റെ അടിസ്ഥാനത്തിലാണ് വിപുലമായ പ്രചരണ പരിപാടികൾക്ക് രൂപം നൽകുന്നത്. ഈ വർഷം നാം എല്ലാവരും ഒരുമിച്ചുചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. അതിന്റെ വിശദാംശങ്ങൾ പിന്നീട് സഭയിൽ പറയുന്നതാണെന്നും സൂചിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഇന്ന് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിലേതുപോലെതന്നെ കേരളത്തിലെ നഗരങ്ങളിലും ഓൺലൈൻ മയക്കുമരുന്ന് വിപണനം വ്യാപകമായിരിക്കുകയാണ്. അത് തടയുന്നതിന് എന്തെങ്കിലും ആധുനിക സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മയക്കുമരുന്നിന്റെ വ്യാപനത്തിന് ആധുനിക സംവിധാനം ഉപയോഗിക്കുന്നുവെന്നത് വസ്തുതയാണ്. അതിനെക്കൂടി തടയത്തക്ക നിലയിലുള്ള പരിശോധനകളും നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ: വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് ഓൺലൈൻ മയക്കുമരുന്നിന്റെ വ്യാപനം കൂടുതലായിട്ടുള്ളത്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണനയാണ് ഗവൺമെന്റ് നൽകുന്നത്. ഇപ്പോൾത്തന്നെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ഒരു റിസർച്ച് വിംഗ് രൂപീകരിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുണ്ട്. 'കാൻവാക്' എന്ന എൻ.ജി.ഒ.-യുടെ സഹായത്തോടെ പട്ടികജാതി കോളനികളിൽ പഠനം നടത്തുന്നതിനുള്ള ഏർപ്പാടും ചെയ്തിട്ടുണ്ട്.

കേരള സർവ്വകലാശാല സോഷ്യോളജി വകുപ്പ് ലഹരിയുടെ ഉപയോഗത്തെക്കുറിച്ചുള്ള വിപുലമായ പഠനം നടത്തുന്നതിന് പരിപാടിയിട്ടിട്ടുണ്ട്. ഇതെല്ലാം കേരളത്തിലെ ലഹരിയുടെ ഉപയോഗത്തെ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമാണ്. അങ്ങിവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള അഭിപ്രായങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ടുതന്നെ നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, 15 വയസ്സ് മുതൽ 25 വയസ്സ് വരെയുള്ള ആളുകൾ മദ്യത്തിനെക്കാൾ മറ്റ് ലഹരി വസ്തുക്കളാണ് ഉപയോഗിക്കുന്നത്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയാലും എന്ത് നടപടി സ്വീകരിച്ചാലും നിലവിൽ available ആയിട്ടുള്ള substances അല്ലാതെ, അവരുടെ വീട്ടിൽ നിന്നുതന്നെ കിട്ടുന്ന fevi quick, ചില medicines ഇതെല്ലാം ലഹരിയാക്കി മാറ്റുന്ന സാഹചര്യമുണ്ട്. ഇത് ഒരു തരത്തിൽ ശാരീരികവും മാനസികവുമായ അസുഖമായി മാറിയിട്ടുള്ള ആളുകൾ നമ്മുടെ നാട്ടിലുണ്ട്; നമുക്ക് അവരെ തിരിച്ചറിയാനോ അവരുടെ കയ്യിൽനിന്നും വേറെയൊന്നും പിടിക്കാനോ സാധിക്കുകയില്ല. പക്ഷെ അവരുടെ പെരുമാറ്റം, പെട്ടെന്ന് ചൂടാകും അല്ലെങ്കിൽ മാനസിക പ്രശ്നങ്ങളും വിഭ്രാന്തിയുമൊക്കെ കാണിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ അവർക്ക് നിലവിൽ നമ്മൾ നൽകുന്ന ബോധവൽക്കരണംകൊണ്ട് കാര്യമില്ല. ലഹരി അപകടകരമാണെന്നുള്ള ബോധം അവർക്കുണ്ട്. അതുകൊണ്ട് ബോധവൽക്കരണ പരിപാടി കുറച്ചുകൂടി ശാസ്ത്രീയമാക്കി ലഹരിയ്ക്കുപകരം സർഗ്ഗാത്മകതയെ പ്രോൽസാഹിപ്പിക്കുന്ന രീതിയിൽ, അതായത് ലഹരി വിരുദ്ധത ജീവിതത്തിൽ കൊണ്ടുനടക്കുമ്പോൾ ആനന്ദകരമായ അവസ്ഥയാണെന്ന് മനസ്സിലാക്കുന്ന രീതിയിലുള്ള പരിപാടിയാക്കി മാറ്റുകയും നിലവിലുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ കുറച്ചുകൂടി ശാസ്ത്രീയമായ രീതിയിൽ നന്നാക്കുകയും ചെയ്തുകഴിഞ്ഞാൽ ഒരു പരിധിവരെ ഇതിൽ നിന്നും മാറ്റം ഉണ്ടാക്കാൻ കഴിയും. അങ്ങനെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ലഹരി ഉപയോഗിക്കുന്ന പ്രവണത ശക്തിപ്പെട്ടുവരുന്നത് 15 വയസ്സ് മുതൽക്ക് മാത്രമല്ല. ഇവിടെ നടന്ന പഠനത്തിൽ 12 വയസ്സിൽത്തന്നെ ഈ പ്രവണത ശക്തിപ്പെടുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇതിന്റെയടിസ്ഥാനത്തിലാണ് വിവിധ മേഖലകളെ യോജിപ്പിക്കുന്ന, പ്രത്യേകിച്ച് കലാസാസ്കാരിക രംഗത്തെയാകെ ഉപയോഗിക്കത്തക്ക നിലയിൽ വിപുലമായ, പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. അത് പിന്നീട് സഭയിലെ എല്ലാ അംഗങ്ങളെയും അറിയിക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാട് സ്വീകരിക്കും. ലഹരി വർജ്ജനത്തിനുവേണ്ടിയുള്ള വിപുലമായ ക്യാമ്പയിൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## ക്ഷീരമേഖലയിലെ വികസന പദ്ധതികൾ

2 (*62) ശ്രീ. കെ. ജെ. മാക്സി
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമായി മാറ്റി യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ സാധ്യമാകുംവിധം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംയോജിത ക്ഷീര വികസന പദ്ധതിയായ ഗ്ലോബൽ ഡെയറി വില്ലേജിന്റെ വിശദാംശം നൽകുമോ;

(ബി) ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതി കൈവരിച്ച നേട്ടം അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ക്ഷീരമേഖലയിൽ നടത്തിവരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, (എ) കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ വേങ്ങാട് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ചാണ് 'ഗ്ലോബൽ ഡെയറി വില്ലേജ് ' എന്ന സംയോജിത ക്ഷീരവികസന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കിവരികയാണ്. നാടൻ പശുക്കളുടെ സംരക്ഷണവും ഡെയറി യൂണിറ്റുകളും, ഡെയറി പ്ലാന്റ്, ഫുഡ് പ്രോസസ്സിംഗ് പ്ലാന്റ്, ഫോഡർ എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. ധർമ്മടം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ധർമ്മടം, പിണറായി, വേങ്ങാട്, മുഴപ്പിലങ്ങാട്, അഞ്ചരക്കണ്ടി, ചെമ്പിലോട്, കടമ്പൂർ, പെരളശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സാറ്റ്‌ലൈറ്റ് ഡെയറി യൂണിറ്റുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇന്ത്യൻ ജനുസ്സുകളുടെ സവിശേഷമായ പാലുല്പാദന/ഗുണമേന്മാ സാധ്യതകൾ ഉപയോഗപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിൽ പാൽ ഉല്പാദിപ്പിച്ച്, ഗുണനിലവാരത്തോടെ മൂല്യവർദ്ധനം നടത്തി, ആധുനിക സാങ്കേതിക വിദ്യയിലൂടെ നൂതന ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിച്ച് സ്വദേശത്തും വിദേശത്തും വിപണി കണ്ടെത്തുകയും തദ്ദേശീയമായ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും കൂടാതെ ജനപങ്കാളിത്തത്തോടെ ജൈവ കാർഷിക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക, ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നുണ്ട്.

(ബി) ക്ഷീരവികസന വകുപ്പ് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായിട്ടാണ് 'മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി' നടപ്പിലാക്കുന്നത്. 2018-19 വർഷത്തിൽ 46 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയും അതിലൂടെ 5592 കറവപ്പശുക്കളെ വാങ്ങുന്നതിന് കർഷകർക്ക് സഹായം നൽകുകയും അതിന്റെ ഭാഗമായി സംസ്ഥാനത്തെ ക്ഷീര സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 50,000 ലിറ്ററിന്റെ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

2019-20 വർഷത്തിൽ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിക്കായി 5093 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടാതെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി 10 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും 50 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു;

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
    a) ക്ഷീരഗ്രാമം പദ്ധതി
    b) ഡെയറി സോൺ
    c) അവശ്യാധിഷ്ഠിത ധനസഹായം
    d) യന്ത്രവത്കരണം
    e) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
    f) ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകടമരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷകർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റച്ചെലവ് കുറയ്ക്കുന്നത് ലക്ഷ്യമിട്ട് തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ വ്യക്തികൾ ഇവരുടെയെല്ലാം കൈവശമുള്ള തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്ന ക്ഷീരകർഷകർക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

ക്ഷീരകർഷക ക്ഷേമനിധി പെൻഷന് യോഗ്യരായ ക്ഷീരകർഷകർക്ക് നൽകുന്ന 1200 രൂപയിൽ 900 രൂപ സംസ്ഥാന സർക്കാർ വിഹിതമായാണ് നൽകുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ, ക്ഷീരമേഖലയ്ക്ക് പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്ന പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് പാലുല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ഈ മേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നുവെന്നതും എടുത്തു പറയേണ്ട വസ്തുതയാണ്. R.C.E.P. (Regional Comprehensive Economic Partnership) കരാർ സൃഷ്ടിക്കുന്ന പ്രതിസന്ധിയിൽനിന്നും സംസ്ഥാനത്തെ ക്ഷീരകർഷകരെ രക്ഷിക്കുന്നതിന് സർക്കാർ എന്തുനടപടി സ്വീകരിക്കും; ഇതുസംബന്ധിച്ച ശിപാർശകൾ കേന്ദ്രസർക്കാരുമായി നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, R.C.E.P. കരാറിനെ സംബന്ധിച്ച് ഇന്ന് സഭയിൽ ചർച്ച ചെയ്യുകയാണ്. ഈ കരാറിൽ നമ്മൾ പങ്കാളിയായാൽ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് ക്ഷീരമേഖലയേയും മൃഗസംരക്ഷണ മേഖലയേയും

കൃഷിമേഖലയേയുമാണ്. ഇപ്പോൾ കരാറിന്റെ വിശദാംശങ്ങളൊന്നും വെളിപ്പെടുത്തിയിട്ടില്ലെങ്കിൽപ്പോലും ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിനെ പ്രതിഷേധം അറിയിക്കുകയും ഈ കരാറിൽ ഒപ്പിടരുതെന്ന് കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും ക്ഷീരവകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ കത്തയയ്ക്കുകയും ചെയ്തിരുന്നു. കൂടാതെ 2019 ഫെബ്രുവരി മാസം ആലപ്പുഴയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഈ വിഷയം ആസ്പദമാക്കി ഏതാണ്ട് മൂവായിരത്തിലധികം കർഷകർ പങ്കെടുത്ത ക്ഷീരസംഗമത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുൾപ്പെടുത്തി കേന്ദ്രഗവൺമെന്റിന് വീണ്ടും കത്തയയ്ക്കുകയുമുണ്ടായി. നമ്മുടെ സംസ്ഥാനത്തും പാലുല്പാദിപ്പിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലുമെല്ലാം ഇതുമായി ബന്ധപ്പെട്ട് പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഈ അടുത്ത സമയത്തായി ആയിരക്കണക്കിന് ക്ഷീരകർഷകർ പങ്കെടുക്കുന്ന ബ്ലോക്കുതല/ ജില്ലാതല ക്ഷീരസംഗമങ്ങളിലെല്ലാം പ്രമേയങ്ങൾ പാസ്സാക്കുകയും കേന്ദ്രസർക്കാരിന് അതിന്റെ പകർപ്പ് അയച്ചുകൊടുക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. കൂടുതൽ പ്രതിഷേധങ്ങളും കൂട്ടായി സംഘടിപ്പിച്ചു വരികയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, ക്ഷീരകർഷകന്റെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും 2018-ലെയും 2019-ലെയും പ്രളയത്തിന്റെയും ഉരുൾപൊട്ടലിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ക്ഷീരമേഖലയുടെ പുനരുദ്ധാരണത്തിനായി സംസ്കാര നവോത്ഥാനം എന്ന പ്രളയ പുനരധിവാസ പദ്ധതി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ക്ഷീരകർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാജു: സർ, 2018-ലേയും 2019-ലേയും പ്രളയം ഈ മേഖലയെ പ്രതികൂലമായി ബാധിച്ചു. സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കൊണ്ടിരുന്ന ഈ മേഖലയിൽ ഇടക്കാലത്തുണ്ടായ തിരിച്ചടി വളരെയധികം ബാധിച്ചെങ്കിൽപ്പോലും ആ കാലഘട്ടത്തിലുണ്ടായ കുറവ് നികത്തി ഇപ്പോൾ പ്രളയത്തിനു മുമ്പുണ്ടായിരുന്നതിനേക്കാൾ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. താമസിയാതെ പാലുല്പാദനത്തിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. ആറ് ജില്ലകൾ ഉൾപ്പെടുന്ന മലബാർ മേഖലയിൽ മിൽമ വഴിയുള്ള പാലിന്റെ വിപണനത്തേക്കാൾ കൂടുതൽ പാൽസംഭരണം ഇപ്പോൾ നടക്കുന്നുണ്ട്. മലബാർ മേഖലപോലുള്ള പ്രദേശങ്ങളിൽ അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്തിരുന്ന പാലിന്റെ ആവശ്യം ഇപ്പോഴില്ല. അവിടെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തമായിക്കഴിഞ്ഞു. തിരുവനന്തപുരം, എറണാകുളം മേഖലകൾ

സ്വയംപര്യാപ്തതയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. പ്രളയംമൂലം കർഷകർക്കുണ്ടായ നഷ്ടം നികത്തുകയെന്ന ലക്ഷ്യത്തോടുകൂടി വിവിധ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കിയത്. പ്രളയത്തിൽ ഒരു പശുവിനെ നഷ്ടപ്പെട്ട കർഷകന് പകരം പശുവിനെത്തന്നെ നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. സൊസൈറ്റികൾക്കുണ്ടായ നഷ്ടത്തിനും വെള്ളത്തിൽ മുങ്ങിപ്പോയ ബൾക്ക് മിൽക്ക് കൂളറും മറ്റും പുനഃസ്ഥാപിക്കുന്നതിനുമാവശ്യമായ സഹായം നൽകി. വെള്ളത്തിൽ മുങ്ങി കെട്ടിടങ്ങൾ നശിച്ച സൊസൈറ്റികൾക്ക് പുനരുദ്ധാരണത്തിനാവശ്യമായ ധനസഹായം നൽകി. ഇത്തരം പ്രവർത്തനങ്ങളിലൂടെ ക്ഷീരമേഖലയെ വീണ്ടും പുനരുജ്ജീവിപ്പിച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഇന്ത്യയിൽ ധവളവിപ്ലവത്തിന്റെ നേട്ടങ്ങൾ തകർക്കാൻ നരേന്ദ്ര മോദി സർക്കാർ ആർ.സി.ഇ.പി. കരാർവഴി പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ പാലിനും പാലുല്പന്നങ്ങൾക്കും വിലസ്ഥിരത ഉറപ്പാക്കി കേരളത്തെ സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കാനാണ് സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. കാലാവസ്ഥ, ഭൂപ്രകൃതി, പാലുല്പാദനം തുടങ്ങിയ ഘടകങ്ങൾകൂടി കണക്കിലെടുത്ത് ഡെയറി എക്സ്പോർട്ട്സ് സോണുകൾ രൂപീകരിച്ച് അന്താരാഷ്ട്ര ഗുണനിലവാരത്തിൽ പാലും പാലുല്പന്നങ്ങളും നിർമ്മിക്കാനാവശ്യമായ നടപടിയെടുക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ജനുസുകളായ താർപാർക്കർ, സഹിവാൾ തുടങ്ങിയ ഇനം പശുക്കൾ ക്ഷീരകർഷകർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി പ്രത്യേക പദ്ധതികൾ രൂപീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ക്ഷീരകർഷകർക്ക് ഗുണമേന്മയും ഉയർന്ന ഉല്പാദനശേഷിയുമുള്ള കറവപ്പശുക്കളെ സംസ്ഥാനത്തിനുള്ളിൽതന്നെ ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ജനുസിൽപ്പെട്ട കറവപ്പശുക്കളെ കർഷകർക്ക് ലഭിക്കുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരികയാണ്. തനത് ജനുസുകളായ പശുക്കളെ വളർത്തുന്നതിന് പ്രോത്സാഹനം നൽകുന്ന സമീപനമാണ് സർക്കാരിനുള്ളത്. ഇന്ത്യൻ ജനുസുകൾക്ക് സങ്കരയിനം പശുക്കളെ അപേക്ഷിച്ച് രോഗപ്രതിരോധശേഷി കൂടുതലാണ്. അവ നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യവുമാണ്. ഇന്ത്യൻ ജനുസിൽപ്പെട്ട പശുക്കളുടെ പാലിൽ A2 beta casein എന്ന അമിനോ ആസിഡ് അടങ്ങിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ തനത് ജനുസിലുൾപ്പെട്ട പശുക്കളുടെ പാലിന്റെ പ്രത്യേകത, എ 2 മിൽക്കിന്റെ വിപണി വർദ്ധിച്ചുവരുന്നതിന് സഹായകമായിട്ടുണ്ട്. കൂടുതൽ ഇന്ത്യൻ ജനുസുകളുടെ ചാണകം, ഗോമൂത്രം എന്നിവയിൽനിന്നും ഗുണമേന്മയുള്ള

വിവിധങ്ങളായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാധ്യതയും ഉപയോഗപ്പെടുത്തിവരികയാണ്. ഗീർ, സഹിവാൾ എന്നീ ഇനങ്ങളിൽപ്പെട്ട പശുക്കളെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തു തന്നെ ഉയർന്ന ഉല്പാദനശേഷിയുള്ള പശുക്കളെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി 'കിടാരി പാർക്ക്' എന്നൊരു പദ്ധതി ക്ഷീര വകുപ്പ് ഇപ്പോൾ നടപ്പിലാക്കുകയാണ്. ഒരു കിടാരി പാർക്ക് സ്ഥാപിച്ച് നൂറ് കിടാരികളെ പശുക്കളാക്കിമാറ്റി കർഷകർക്ക് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. ഈ വർഷം സംസ്ഥാനത്ത് മൂന്ന് കിടാരി പാർക്കുകൾക്കൂടി ആരംഭിക്കാൻ സാധിക്കും. വിവിധ പദ്ധതികളിലൂടെ ഇതരസംസ്ഥാനങ്ങളിൽനിന്നും പശുക്കളെ വാങ്ങുന്നതിനുപകരം സംസ്ഥാനത്തിനകത്തുനിന്നുതന്നെ നല്ലയിനം പശുക്കളെ കർഷകർക്ക് വിതരണം ചെയ്യുന്ന നിലയിലേയ്ക്ക് നമ്മൾ എത്തിയിരിക്കുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രംഗത്ത് നല്ല ഇടപെടൽ നടത്തി പാലുല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചുവെന്നത് വസ്തുതയാണ്. അതിനെയെല്ലാം തകർക്കുന്ന രീതിയിലാണ് കേന്ദ്രഗവൺമെന്റിന്റെ ആർ.സി.ഇ.പി. കരാർ നടപ്പിലാക്കിയാലുണ്ടാകുന്നത്. അതിനെ തടയാൻ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു; എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും; ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; പാലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ കർഷകർക്ക് പ്രയോജനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചത്; കർഷകർക്ക് വരുമാനമുണ്ടാക്കുന്ന പദ്ധതിയായ ചാണക സംസ്കരണം പദ്ധതി വ്യാപിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, വിദേശ വിപണിയിൽനിന്നും വൻതോതിൽ പാലും പാലുല്പന്നങ്ങളും നമ്മുടെ രാജ്യത്തേയ്ക്ക് കടന്നുവരുമെന്നതാണ് ആർ.സി.ഇ.പി. കരാറിനെ ഈ മേഖല ആശങ്കയോടെ കാണുന്നതിന്റെ പ്രധാനകാരണം. ന്യൂസിലാൻഡ്, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളൊക്കെ കരാറിലെ പങ്കാളിയാകാൻ പോകുകയാണ്. ന്യൂസിലാൻഡും ആസ്ട്രേലിയയും ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് വളരെ കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ഉല്പന്നങ്ങളുണ്ടാക്കുന്ന രാജ്യങ്ങളാണ്. ചുങ്കരഹിതമായി നമ്മുടെ രാജ്യത്തേയ്ക്ക് പാലും പാലുല്പന്നങ്ങളും ഇറക്കുമതി ചെയ്യാനുള്ള അനുമതി ഈ കരാർവഴി അവർക്കുണ്ടായാൽ, കാർഷികമേഖലയെ ആശ്രയിച്ച് ജീവിക്കുന്ന 8 ലക്ഷം കുടുംബങ്ങളുള്ള കേരളം ഉൾപ്പെടെ ഏതാണ്ട് 20 കോടിയോളം ജനങ്ങളുള്ള

ഇന്ത്യ വെള്ളത്തിലാകുമെന്ന കാര്യത്തിൽ സംശയമില്ല. കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ പാലുല്പാദനത്തിന്റെ ചെലവ് കൂടുതലാണ്. അതിന് പല കാരണങ്ങളാണുള്ളത്. ആസ്ട്രേലിയയിൽ 6500-ഉം ന്യൂസിലാൻഡിൽ 12000-ഉം കർഷകരാണുള്ളത്. ആ സ്ഥാനത്ത് ഇൻഡ്യയിലെ കർഷകരുടെ എണ്ണം പതിനഞ്ചോ ഇരുപതോ കോടിയായിരിക്കും. ഒന്നുംരണ്ടും പശുവിനെ വളർത്തുന്ന പാവപ്പെട്ടവരാണ് കേരളത്തിലെ കർഷകർ. ആസ്ട്രേലിയയിൽ 350-ഉം 400-ഉം 5000-ഉം പശുക്കളുള്ള വലിയ ഫാമുകളാണുള്ളത്. അതുകൊണ്ട് ഈ കരാറിനെതിരെ എല്ലാവരും യോജിച്ച് പ്രതിഷേധം പ്രകടിപ്പിക്കുകയും പ്രതിരോധം സൃഷ്ടിക്കേണ്ടതും ആവശ്യമാണ്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, പാലുല്പാദനരംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തേക്കാൾ മൂന്നിരട്ടി ഉല്പാദനം കൂടുതലുള്ള തമിഴ്നാട്, കർണ്ണാടകം പോലുള്ള സംസ്ഥാനങ്ങളിൽ പാൽ സംഭരണ വില കുറവാണ്. എന്നാൽ അവിടെ ഉത്പാദിപ്പിക്കുന്ന പാലിന് കേരളത്തിൽ വലിയ ഡിമാന്റ് ഉള്ളതുകൊണ്ട് കേരളത്തിലേയ്ക്കാണ് കയറ്റിവിട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ ആളുകൾക്ക് ഗുണനിലവാരമുള്ള പാലാണ് കൊണ്ടുവരുന്നതെന്ന് മനസ്സിലാക്കാൻ കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ നാം എന്ത് നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ പാൽ വില നൽകുന്ന സംസ്ഥാനം കേരളമാണ്. ക്ഷീരകർഷകർക്ക് ഏറ്റവും ന്യായമായ വില ലഭിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. കർഷകരെ നിലനിർത്തുന്നതിനുവേണ്ടി കഴിഞ്ഞ മാസം പാലിന്റെ വില ഒരു ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങനെ വർദ്ധിപ്പിച്ചപ്പോൾ അതിന്റെ 83.5 ശതമാനം കർഷകന് ലഭിക്കുന്ന തരത്തിലുള്ള തീരുമാനമാണെടുത്തത്. അയൽ സംസ്ഥാനങ്ങളേക്കാൾ പാലിന് ഇവിടെ മെച്ചപ്പെട്ട വില എന്നതുകൊണ്ട് അവിടെനിന്നും കർഷകർ അതിർത്തിവഴി പാൽ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് പലപ്പോഴും ഗുണനിലവാരമില്ലാത്ത പാലാണ്. ഗുണനിലവാരം ഉറപ്പുവരുത്തുക എന്നതാണ് പ്രധാനപ്പെട്ട വിഷയം. അതിനുവേണ്ടി ഈ ഗവൺമെന്റ് ചില പദ്ധതികൾ ആവിഷ്കരിച്ചതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ മീനാക്ഷിപുരത്തും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും പാൽ പരിശോധന കേന്ദ്രം ആരംഭിച്ചു. പാറശ്ശാലയിൽ പാൽ പരിശോധനാ കേന്ദ്രം ആരംഭിക്കാൻ പോകുകയാണ്. ഇതുവഴി ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇന്ത്യൻ ജനുസുകൾ താരതമ്യേന ഗുണനിലവാരമുള്ളതാണെന്ന് പ്രസ്താവിച്ചത് സ്വാഗതാർഹമാണ്. ഇപ്പോൾ സങ്കരയിനത്തിൽനിന്ന് കിട്ടുന്ന അതേ അളവ് പാൽ ഗീർ, സഹിവാൾ, സിന്ധി, താർപാർക്കർ എന്നീ നാല് ഇനങ്ങൾക്കും കിട്ടും. ഇപ്പോൾ 20 ലിറ്റർ പാലാണ് സങ്കരയിനം പശുക്കളിൽനിന്നും കിട്ടുന്നത്. അതിന്റെ ഫാറ്റ് 3.84 ശതമാനത്തിൽ താഴെയാണ്. ഇന്ത്യൻ ജനുസുകൾക്കെല്ലാം 5 ശതമാനത്തിൽ കൂടുതൽ ഫാറ്റാണുള്ളത്. ഞാൻ സഹിവാൾ ഇനത്തിൽപ്പെട്ട പശുക്കളെ വളർത്തുന്നുണ്ട്. വ്യത്യാസം - HF cross-ന് 3.8 ശതമാനം കിട്ടുമ്പോൾ സഹിവാളിന് 5.5 ശതമാനം ഉണ്ട്. സങ്കരയിനത്തിൽനിന്നും 20 ലിറ്റർ പാൽ ലഭിക്കുന്നതിനും ഇന്ത്യൻ ഇനത്തിൽനിന്നും 15 ലിറ്റർ പാൽ ലഭിക്കുന്നതിനും ഒരേ വിലയാണുള്ളത്. അതുപോലെ എ 2 മിൽക്കിന്റെ കാര്യം പറഞ്ഞത് ഏറ്റവും ശ്രദ്ധേയമാണ്. അമേരിക്കയിൽ മിൽക്ക് അലർജിയുടെ പ്രശ്നം പരിഹരിക്കാൻ എ 2 മിൽക്ക് കൊടുക്കാനാണ് പറയുന്നത്. എന്റെ കസിന്റെ കുഞ്ഞിന് മിൽക്ക് അലർജി വന്നപ്പോൾ എ 2 മിൽക്ക് കൊടുക്കാൻ പറഞ്ഞു. എ 2 മിൽക്ക് എന്നുപറയുന്നത് ഏഷ്യൻ-ആഫ്രിക്കൻ പശുക്കളുടെ പാലാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇന്ത്യയിലെ ഈ ഇനങ്ങൾ തന്നെയാണ്. എന്നാൽ ഇത് ലഭിക്കണമെങ്കിൽ ബുള്ളുകൾ വേണം; മാട്ടുപ്പെട്ടി ഫാമിൽ എത്ര ബുള്ളുകളുണ്ട്; ബുള്ളുകളെ വാങ്ങി നിർത്താതെ ഇത് സാധ്യമാകുകയില്ല. ആദ്യ പഞ്ചവൽസര പദ്ധതിയിൽ സിന്ധി പശുവായിരുന്നു എന്ന് എല്ലാവർക്കുമറിയാം. ഞാൻ രാജ്കോട്ടിൽ ഒരു ഗീർ ഫാം കണ്ടു. അവിടെ മുന്നൂറോളം പശുക്കളുണ്ട്. 20 മുതൽ 25 വരെ ലിറ്റർ പാലാണ് കിട്ടുന്നത്. വാഗണിൽ 20 എണ്ണത്തിനെ കയറ്റി റോഡുവഴി കൊണ്ടുവരാൻ സാധിക്കും. അതുകൊണ്ട് അടിയന്തരമായി ഒന്നാന്തരം ബുള്ളുകൾ, പശുക്കൾ, കിടാരികൾ എന്നിവയെ ഇവിടെ കൊണ്ടുവരേണ്ടതുണ്ട്. ശ്രീ. കെ. കൃഷ്ണൻകുട്ടി 100 എണ്ണത്തിനെ കൊണ്ടുവന്നു. ബുള്ളുകളെയും തനത് ഇന്ത്യൻ പശുക്കളെയും കിടാരികളെയും വൻതോതിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കർഷകർക്ക് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ജനുസുകളായ കറവപ്പശുക്കളെ ലഭിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരികയാണ്. ഇതുകൂടാതെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ഗീർ ഇനത്തിൽപ്പെട്ട 100 പശുക്കളെ കൊണ്ടുവരികയുണ്ടായി. കൂടുതൽ ഇന്ത്യൻ ജനുസിലുള്ള മെച്ചപ്പെട്ട ഇനങ്ങളെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനുള്ള പരിശ്രമം നടത്തുകയാണ്. ശ്രീ. പി. ജെ. ജോസഫ് അനുഭവസ്ഥനായിട്ടുള്ള ആളാണ്. കാരണം 45-ലധികം

പശുക്കളെ വീട്ടിൽ വളർത്തുന്നയാളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് ഇപ്പോൾത്തന്നെ അതിന്റെ നടപടികൾ സ്വീകരിക്കും. മാട്ടുപ്പെട്ടി, കുളത്തൂപ്പുഴ - ഇന്തോ-സ്വിസ് പ്രോജക്ടുകൾ ഉപയോഗപ്പെടുത്തി അത്യുൽപ്പാദനശേഷിയുള്ള ബുള്ളുകളെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടു വരാനും ആ ബുള്ളുകളെ ഉപയോഗിച്ച് കൂടുതൽ മെച്ചപ്പെട്ട നിലയിൽ കർഷകർക്ക് പരിശീലനം നൽകി ഈയിനത്തിൽപ്പെട്ട കറവപ്പശുക്കളെ കേരളത്തിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ (*63) ഉം ചോദ്യം നമ്പർ (*71) ഉം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. കെ. എൻ. എ. ഖാദർ നോട്ടീസ് നൽകിയിരുന്നു. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി നൽകാവുന്നതാണ്.

## കാര്യക്ഷമമായ ജലവിഭവ വിനിയോഗം

3 (*63) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനം കൊണ്ട് അതിവൃഷ്ടി ആവർത്തിക്കുന്ന സാഹചര്യത്തിൽ പ്രളയ നിയന്ത്രണത്തിനും ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിനുമായി അണക്കെട്ടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രളയഫലമായി ജലസംഭരണികളുടെ ശേഷിയിൽ ഗണ്യമായ കുറവു വന്നത് പുനഃസ്ഥാപിക്കാനായി ചെളിയും മണ്ണും നീക്കം ചെയ്യുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ദീർഘകാലമായി പണി പൂർത്തിയാകാതെ കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ പൂർത്തിയാക്കാനുള്ള സത്വരനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) : സർ, (എ) ഉണ്ട്. മണിമല, പെരിയാർ, ചാലിയാർ, ചാലക്കുടി, മീനച്ചിൽ, അട്ടപ്പാടിവാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി, പമ്പാ-അച്ചൻകോവിൽ തുടങ്ങിയ വെള്ളപ്പൊക്ക

നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്. ചാലക്കുടിപ്പുഴയിൽ ഇതുസംബന്ധിച്ച സാധ്യതാപഠനം പൂർത്തിയായിട്ടുണ്ട്. അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ വിശദമായ പദ്ധതിരേഖയും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ സാധ്യതാപഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, ചെളി എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017-ലെ സ.ഉ. (കൈ) നമ്പർ 79/2017/ഡബ്ല്യു.ആർ.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുക, കൂടാതെ മണൽക്ഷാമം പരിഹരിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. SOP-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായ മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. DPR ചീഫ് സെക്രട്ടറി ചെയർമാനായുള്ള empowered committee-യുടെ രണ്ടാം യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശത്തിൽ രൂപവൽക്കരിച്ച ടെക്നിക്കൽ കമ്മിറ്റി മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾ സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ പദ്ധതി 2020 മാർച്ചിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടമലയാർ പദ്ധതിയിൽ ഉൾപ്പെട്ട ലിങ്ക് കനാലിന്റെ ശേഷിക്കുന്ന ഭാഗം 2 കിലോ മീറ്ററിനുശേഷം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്.

കാരാപ്പുഴ പദ്ധതിയിൽ ഘട്ടങ്ങളായി തിരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന് അനുസൃതമായി ചെയ്യേണ്ട പ്രവൃത്തികളുൾപ്പെടുത്തിയ ആദ്യഘട്ടം 31-5-2021-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ബാണാസുരസാഗർ പദ്ധതി 2022 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ച് പ്രവൃത്തികൾ നടന്നുവരുന്നു.

## പുതിയ ഡാമുകളുടെ നിർമ്മാണം

4 (*71) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവേളകളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ ഡാമുകൾ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനാവശ്യമായ പഠനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ ഡാമുകൾ നിർമ്മിക്കുവാൻ കേന്ദ്ര ജല കമ്മീഷന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇതിനായി കേന്ദ്രം ഫണ്ട് ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) ഉണ്ട്. മണിമല, പെരിയാർ, ചാലിയാർ, ചാലക്കുടി, മീനച്ചിൽ, പമ്പാ-അച്ചൻകോവിൽ, അട്ടപ്പാടിവാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ട്.

(ബി) ചാലക്കുടിപ്പുഴയിൽ ഇതുസംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ വിശദ പദ്ധതിരേഖ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ സാധ്യതാപഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ അനുമതിക്കായി കേന്ദ്ര ജല കമ്മീഷനെ സമീപിക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്. മറ്റ് പദ്ധതികളുടെ വിശദ പദ്ധതിരേഖ തയ്യാറാക്കുന്ന മുറയ്ക്ക് കേന്ദ്ര ജല കമ്മീഷന്റെ അനുമതിക്ക് ശ്രമിക്കുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഹരിത കേരള മിഷന്റെയും റീ-ബിൽഡ് കേരളയുടെയും ഭാഗമായി ജലം സംരക്ഷിക്കുന്നതിനും ജല ബഡ്ജറ്റ് തയ്യാറാക്കി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും അങ്ങ് നടത്തുന്ന നടപടികൾ വളരെ അഭിനന്ദനാർഹമാണ്. പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് തമിഴ്നാട് പലപ്പോഴും കേരളത്തിന്

വെള്ളം നൽകാറില്ല. എന്നാൽ വർഷകാലത്ത് തമിഴ്നാടിന് ആവശ്യമില്ലാത്ത വെള്ളം പറമ്പിക്കുളം ഡാം നിറയുമ്പോഴും തുണക്കടവ് വഴിയും കുരിയാർകുറ്റി വഴിയും പെരിങ്ങൽക്കുത്തിലേയ്ക്ക് ഒഴുക്കിവിടും. അപ്പർ ഷോളയാർ നിറയുമ്പോൾ അവിടെനിന്ന് കേരള ഷോളയാറിലേക്ക് നിറച്ചുവിടുകയും ചെയ്യും. കേരള ഷോളയാറിന്റെയും പെരിങ്ങൽക്കുത്തിന്റെയും സ്റ്റോറേജ് കപ്പാസിറ്റി കുറയുകയും 40 ശതമാനത്തോളം ചെളിയും മണ്ണും വന്ന് നിറഞ്ഞിരിക്കുകയുമാണ്. വർഷകാലത്ത് തമിഴ്നാട്ടിൽനിന്നും പുറത്തേയ്ക്ക് വിടുന്ന വെള്ളമാണ് ചാലക്കുടിപ്പുഴയിൽ പലപ്പോഴും വെള്ളപ്പൊക്കത്തിന് ഇടയാക്കുന്നത്. അതുകൊണ്ട് അങ്ങനെ വരുന്ന വെള്ളം തടഞ്ഞുനിർത്തുന്നതിന് ഒരു ഡാം നിർമ്മിച്ചാൽ വെള്ളപ്പൊക്കം തടയാനും വേനൽക്കാലത്ത് ചാലക്കുടിപ്പുഴയിലേയ്ക്കും ചിറ്റൂരിലേയ്ക്കും വെള്ളം ഒഴുക്കിവിടാനും കഴിയുന്നതാണ്. അതിനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തി ഒരു ഡാം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും അതിന്റെ അടിസ്ഥാനത്തിൽ കാരപ്പാറ-കുരിയാർകുറ്റി പദ്ധതിയുടെ സാദ്ധ്യതാപഠനം നടത്തുന്നതിനുള്ള ഏർപ്പാട് വീണ്ടും നടത്തിയിട്ടുണ്ട്. അതുവന്നുകഴിഞ്ഞാൽ ചാലക്കുടിപ്പുഴയിലെ വെള്ളപ്പൊക്കം തടയാനും കഴിയും; പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശത്ത് അതിന്റെ ഗുണവും ലഭിക്കും. അതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റ് ആരംഭിച്ചിട്ട് 34 വർഷം കഴിഞ്ഞു. ഇതിലെ ലോ ലെവൽ സ്കീം പൂർത്തിയായി. എന്നാൽ ലിങ്ക് കനാൽ ഇനിയും പൂർത്തീകരിച്ചിട്ടില്ല. രണ്ട് കിലോമീറ്റർ കനാൽ പൂർത്തീകരിക്കുകയും ഒരു കിലോമീറ്റർ കനാൽ നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കുകയും ഇനി ഒരു കിലോമീറ്റർ കൂടി സ്ഥലം ഏറ്റെടുക്കാനുമുണ്ട്. ഇത് പൂർത്തീകരിച്ചാൽ തുമ്പൂർമൂഴി ഡൈവെർഷൻ സ്കീമിലെ ഇടതുകര-വലതുകര കനാലുകളിൽ ആവശ്യത്തിന് വെള്ളം ലഭിക്കും. 15-20 ദിവസം പിന്നിടുമ്പോഴാണ് ഇന്ന് ബ്രാഞ്ച് കനാലുകളിൽ വെള്ളമെത്തുന്നത്. അതുകൊണ്ട് കൃഷി വലിയ തോതിൽ നശിച്ചുപോകുകയും വരൾച്ചയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുകയുമാണ്. അതുപോലെ തുമ്പൂർമൂഴി ഡൈവെർഷൻ സ്കീമിന് മുകളിലായി വെറ്റിലപ്പാറയിലും കണ്ണംകുഴിയിലും ഓരോ ജലസംഭരണികൾ നിർമ്മിച്ചാൽ കനാലുകളിലെ ഫ്ലോ യൂണിഫോമാക്കാൻ കഴിയും. ലിങ്ക് കനാൽ പൂർത്തീകരിക്കുന്നതോടൊപ്പംതന്നെ ഈ രണ്ട് ജലസംഭരണികളും പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇടമലയാർ പദ്ധതിയിലെ ലിങ്ക് കനാലിന്റെ ശേഷിക്കുന്ന 2 കിലോമീറ്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്. ഈ കാര്യങ്ങൾ ചർച്ചചെയ്ത് സാധ്യതകൾ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീമതി യു. പ്രതിഭ: സർ, ആധുനിക കാലഘട്ടത്തിലെ ഭൂവിനിയോഗത്തിലും കാലാവസ്ഥാവ്യതിയാനത്തിലും വന്ന മാറ്റം കൃത്യമായ ജലവിഭവ വിനിയോഗത്തിന്റെ കൂടുതൽ പ്രാധാന്യത്തെ നമ്മെ ഓർമ്മിപ്പിക്കുന്നതാണ്. ജലത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലിൽ കുഴിച്ചിട്ട കുഴിയിൽ വീണ് തിരുച്ചിറപ്പള്ളിയിൽ രണ്ടര വയസ്സുകാരൻ മരിച്ചത് ലോകത്തിനുതന്നെ വേദനയായി മാറിയ സംഭവമാണ്. കേരളത്തിൽ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശനനിർദ്ദേശം അടിയന്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. കഴിഞ്ഞ ആഗസ്റ്റ് മാസത്തെ മഴ 68 വർഷത്തിനിടയിൽ പെയ്ത ഏറ്റവും വലിയ മഴയാണെന്നാണ് റിപ്പോർട്ട് വന്നത്. അത് കൃത്യമായി നമുക്ക് എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നത്, നിലവിലുള്ള ജലവിഭവത്തെക്കുറിച്ച് സമഗ്രപഠനം നടത്താൻ റീബിൽഡ് കേരളയുടെ ഭാഗമായി ഡച്ച് സർക്കാർ സഹായം നൽകുമെന്ന ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടു. അങ്ങനെയാണെങ്കിൽ അത്തരമൊരു സമഗ്രപഠനം സമയബന്ധിതമായി ഏറ്റെടുത്ത് പൂർത്തിയാക്കാൻ ഇടപെടുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഡച്ച് ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. അത്തരമൊരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഫ്ലഡ് വരുമ്പോൾ കൺട്രോൾ ചെയ്യാനായി ഡാം പ്രൊപ്പോസൽ നടത്തിയിരിക്കുന്നത്. അതിലൂടെ ഈ പ്രാവശ്യം ഭാരതപ്പുഴയിലെ വെള്ളം നിയന്ത്രിക്കാൻ സാധിച്ചു. 15000 cusec വെള്ളമാണ് കഴിഞ്ഞ പ്രളയത്തിൽ വന്നത്. ഈ പ്രാവശ്യം വെള്ളം തുറന്നുവിട്ടില്ല. 15000 cusec വെള്ളവും തടഞ്ഞുനിർത്താൻ സാധിച്ചതുകൊണ്ടാണ് ഭാരതപ്പുഴയുടെ ഗതിതന്നെ മാറിപ്പോകാതെ നിർത്താൻ സാധിച്ചത്. അതുകൊണ്ട് ആ തരത്തിലുള്ള നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശ്രമം നടത്തും.

ശ്രീ. കെ. ആൻസലൻ: സർ, തെക്കൻ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നദിയാണ് നെയ്യാർ. നെയ്യാർ ഡാം വലിയ തോതിൽ ചെളിയും മണലുമടിഞ്ഞ് സംഭരണശേഷിയിൽ വലിയ കുറവ് വന്നിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ; നെയ്യാറിൽത്തന്നെ ഒരു അപ്പർ ഡാം പണിയുന്നത് സംബന്ധിച്ച് നേരത്തെ ഒരാലോചന ഉണ്ടായിരുന്നു. അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മംഗലം ഡാമിൽ ഒരു SOP (Standard Operating Procedure) വച്ച് ടെണ്ടർ നടത്തുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ഡാമുകളിലും ഇത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പുതിയൊരു ഡാം നിർമ്മിക്കുന്നതിനേക്കാൾ എളുപ്പമാണ് നിലവിലുള്ള ഡാമുകളിലെ സിൽറ്റ് എടുക്കുന്നത്. അതിന് ചെറിയ സഹായമേ ചെയ്യേണ്ടതുള്ളൂ. മലമ്പുഴ ഡാമിൽ ഡീസിൽറ്റിംഗ് നടത്തിയാൽ 24 മില്ല്യൺ ക്യൂബിക് മീറ്റർ വെള്ളം സ്റ്റോർ ചെയ്യാൻ സാധിക്കും. പക്ഷെ വാഴാനി ഡാമിൽ 18 മില്ല്യൺ മാത്രമേയുള്ളൂ. സിൽറ്റ് എടുത്താൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ ചെലവ് കുറയ്ക്കാൻ സാധിക്കും. മംഗലം ഡാമിന്റെ പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് ബാക്കിയുള്ളത് ചെയ്യാം.

ശ്രീ. കെ. ബാബു: സർ, അന്തർസംസ്ഥാന നദീജല കരാറുകളിൽ പ്രധാനപ്പെട്ട ഒന്നാണ് പറമ്പിക്കുളം-ആളിയാർ കരാർ. 30 വർഷത്തിലൊരിക്കൽ കരാർ രണ്ട് ടേം പുതുക്കേണ്ട 60 വർഷം പിന്നിട്ടിട്ടും അതിനനുകൂലമായ ഒരവസ്ഥയുണ്ടാക്കാൻ കഴിഞ്ഞില്ല. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജലവിഭവം-വനം-വൈദ്യുതി വകുപ്പുമന്ത്രിമാരും ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരും ഡെപ്യൂട്ടി സ്പീക്കറും ഉന്നതതല ഉദ്യോഗസ്ഥരും പങ്കെടുത്ത ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് ചരിത്രമുഹൂർത്തത്തിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയെയും ജലവിഭവ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. പാലക്കാട് ചിറ്റൂർ താലൂക്കിലെ അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ മൂലത്തറ ഡാം നിർമ്മാണം, സീതാർകുണ്ട് ഡൈവെർഷൻ, കുരിയാർകുറ്റി-കാരപ്പാറ പദ്ധതി സർവ്വേകൾ, ഡാമുകളിലെ ചെളിനീക്കൽ തുടങ്ങിയ പദ്ധതികൾക്ക് ഇപ്പോൾ നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് സമയബന്ധിതമായി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മൂലത്തറ ഡാം ഈ ഡിസംബറിൽത്തന്നെ ഉദ്ഘാടനം നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. കുരിയാർകുറ്റിയുടെയൊക്കെ സാദ്ധ്യതാപഠനം നടത്തി ടെണ്ടർ വച്ചിട്ടുണ്ട്. സീതാർകുണ്ട് പദ്ധതി സർവ്വേയിലാണ്. അതും കഴിയുന്നത്രവേഗം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പ്രളയംമൂലമുണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിനും ജലസംരക്ഷണത്തിനുംവേണ്ടി പുതിയ ഡാമുകൾ നിർമ്മിക്കുകയെന്നത് വളരെ ചെലവേറിയ കാര്യമാണ്. ജലസംരക്ഷണത്തിനും വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കുറച്ചുകൂടി ഡീസെൻട്രലൈസ്ഡായുള്ള മെച്ചപ്പെട്ട, ഈടുറ്റ, സയന്റിഫിക്കായുള്ള, മോഡിഫൈഡായുള്ള തടയണകൾ ഉണ്ടാക്കിയാൽ എല്ലാ പ്രദേശത്തും ഇതിന്റെ ഗുണം ലഭിക്കും. നേരേമറിച്ച് വലിയ ഡാമുണ്ടാക്കിയാൽ അത് ലോക്കലൈസ്ഡായി പോകും. അതിന്റെ കീഴ്ഭാഗങ്ങളിൽ ജലത്തിന്റെ ലഭ്യത കുറയും. ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി ഇത്തരം ചെറിയ തടയണകൾ കേരളത്തിലെ എല്ലാ പുഴകളിലും നിർമ്മിക്കത്തക്ക ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? Decentralization of dams

ആണ്. വലുതിന് പകരം ചെറിയ ഡാമുകൾ. വലിയ കോസ്റ്റ്ലി അല്ലാതെ ചെയ്താൽ അത് പ്രയോജനപ്രദമാകും; അതിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചാലിയാറിൽ ഒരു ഡാമുപോലുമില്ലാത്തതു കൊണ്ടാണ് വെള്ളപ്പൊക്കമുണ്ടായതും ഭാരതപ്പുഴയിൽ ഡാമുള്ളതുകൊണ്ടാണ് അത് സംഭവിക്കാതിരുന്നതും. ചെറിയ ഡാംകൊണ്ട് അത് പരിഹരിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കടലുണ്ടിപ്പുഴയിലും ചാലിയാറിലും വെള്ളം ഇല്ലാതാക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചാലിയാറിൽ പാണ്ടിയാർ-പുന്നപ്പുഴ ഡാം സംബന്ധിച്ച് തമിഴ്നാടിന്റെ ഒരു നിർദ്ദേശമുണ്ടായിരുന്നു. പിന്നീടത് തമിഴ്നാടുതന്നെ ഉപേക്ഷിച്ചു. രണ്ടോ മൂന്നോ ഡാമുകൾ അവിടെ കൊണ്ടുവന്നാൽ ചാലിയാർ പുഴയെ കൺട്രോൾ ചെയ്യാൻ സാധിക്കും. ഈ പ്രാവശ്യത്തെ ഫ്ലഡിൽ മലമ്പുഴ ഡാമിൽ 10000 cusec വെള്ളമാണ് തടഞ്ഞുനിർത്തിയത്. അതുകൊണ്ട് മാത്രമാണ് ഭാരതപ്പുഴ ഗതിമാറാതെ പോയത്. ചെറിയ ഡാംകൊണ്ടുമാത്രം അത് സാധിക്കില്ല. എവിടെയൊക്കെ ഡാം വേണമെന്ന പഠനത്തിന്റെ അടിസ്ഥാനത്തിലാണ് നിർദ്ദേശിച്ചത്. വലിയ ഡാമുകളല്ല. ചെറിയ ഡാമുകൾ തന്നെയാണ്. ഡീസിൽറ്റ് ചെയ്താൽ ഡാമുകളുടെ കപ്പാസിറ്റി വർദ്ധിക്കും. അത് വെള്ളപ്പൊക്കസമയത്ത് ഗുണം ചെയ്യും. ഫ്ലഡ് വന്നപ്പോൾ 30,000 കോടി രൂപയുടെ നഷ്ടമാണ് നമുക്കുണ്ടായത്. ഡാമുകൾക്ക് വളരെ ചെറിയ സംഖ്യയേ ചെലവഴിക്കേണ്ടി വരികയുള്ളൂ. ഇനിയൊരു ഫ്ലഡ് വരാതിരിക്കാനുള്ള നടപടിയും സ്വീകരിക്കാൻ സാധിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴിഞ്ഞ രണ്ട് വർഷം തുടർച്ചയായി ഉണ്ടായ പ്രളയം കാരണം പുഴകളിൽ മണൽ, മരങ്ങൾ തുടങ്ങിയവ വന്നടിഞ്ഞ് പുഴകളുടെ സ്റ്റോറേജ് കപ്പാസിറ്റി വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. ഇനിയൊരു വർഷകാലത്ത് ഇതിനേക്കാൾ വലിയ ഫ്ലഡ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് പുഴകളിൽനിന്നും മണൽ വാരാനുള്ള നിർദ്ദേശം ഏതെങ്കിലും ഡിപ്പാർട്ട്മെന്റിന് സർക്കാർ നൽകിയിട്ടുണ്ടോ; അതിന് സർക്കാരും റവന്യൂ/ ജലവിഭവ വകുപ്പുകളും ഒരുമിച്ച് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഫ്ലഡ് വന്നടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാനുള്ള പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. സാധാരണ പുഴയിലെ ഒഴുക്ക് എങ്ങനെയാണെന്നുള്ള പ്രശ്നമുണ്ട്. അത് ആലോചിച്ചേ പറയാൻ പറ്റൂ.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നദികൾ മാലിന്യമുക്തമാക്കാൻ നടപടി

5(*64) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും പുഴകളും മാലിന്യവാഹിനികളായി മാറിയ ഗുരുതരമായ സ്ഥിതിവിശേഷംമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നദികളും പുഴകളും മലിനപ്പെടുത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുണ്ടോ; അത് ഫലപ്രദമാണോ; അല്ലെങ്കിൽ നിയമം കൂടുതൽ കർശനമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) വൻതോതിൽ മലിനീകരിക്കപ്പെട്ട കേരളത്തിലെ നദികളിലെ ഇരുപത് സ്ഥലങ്ങളിൽ നദികളെ മാലിന്യമുക്തമാക്കുന്നതിന് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം ജില്ലാതല ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം വിശദമാക്കുമോ;

(ഡി) ജലസംരക്ഷണത്തിന് ഹരിത കേരളം മിഷന്റെ ഉപമിഷൻ ആയ ജലസമൃദ്ധിയുടെ ഭാഗമായി നടപ്പാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഈ പ്രവർത്തനംമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്തെ നദികൾ പ്രത്യേകിച്ചും മറ്റ് ജലസ്രോതസ്സുകൾ പൊതുവിലും മലിനീകരണത്തിന് വിധേയമായിട്ടുണ്ട് എന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നദികളും മറ്റ് ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി പൊതുജലസ്രോതസ്സുകൾ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 356 കുളങ്ങൾ നവീകരിക്കുന്നതിന് കഴിഞ്ഞു. മാലിന്യപ്രശ്നം

പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനവും പൊതുജനപങ്കാളിത്തവും ആവശ്യമാണ്. ഹരിത കേരളം മിഷന്റെ ഭാഗമായി ഇതൊരുപരിധിവരെ നേടുന്നതിനായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ജലസ്രോതസ്സുകൾ ശുചീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽ നിന്ന് മാലിന്യം നേരിട്ട് പുഴയിലേയ്ക്ക് നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിൽ കമ്പിവേലി സ്ഥാപിക്കുന്ന പ്രവർത്തനവും ധനലഭ്യതയനുസരിച്ച് നിർവ്വഹിച്ചുവരുന്നു.

(ബി) പുഴകളിലും മറ്റുജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ വിവിധ ഏജൻസികൾ/വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവ നേരിട്ട് നടപടികൾ സ്വീകരിക്കുന്നു. ഇതോടൊപ്പം, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും നടപടികൾ സ്വീകരിക്കുന്നു. ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974, പരിസ്ഥിതി സംരക്ഷണ നിയമം, 1986 എന്നിവ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നു. ഒരു പ്രത്യേക സ്രോതസ്സിലെ (Point source pollution) മലിനീകരണം തടയുക/ നിയന്ത്രിക്കുക എന്നത് മാത്രമാണ് പൊതുവിൽ നിർവ്വഹിക്കാൻ കഴിയുന്നത്. എന്നാൽ ഒരു നദീതടത്തിലെ ആകെ പ്രവർത്തനങ്ങൾ ഒരു നദിയിലെ ജലഗുണനിലവാരത്തെയും മറ്റ് മാലിന്യങ്ങളുടെ സാന്നിദ്ധ്യത്തെയും സ്വാധീനിക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് നിയമം കൂടുതൽ കർശനമാക്കിയെങ്കിലും ഇത് കർശനമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് ഏജൻസികളുടെയും നേതൃത്വത്തിൽ കാര്യക്ഷമമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങളും ഉണ്ടാകേണ്ടതുണ്ട്.

(സി) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No.673/2018-ലെ 20-9-2018-ലെ ഉത്തരവിനെ തുടർന്ന് 12-12-2018-ലെ സ.ഉ (സാധാ) നമ്പർ 135/2018/പരി ഉത്തരവുപ്രകാരം അഞ്ചംഗ റിവർ റിജുവനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ OA No.581/2018, 582/2018-ലെ 25-1-2019-ലെ ഉത്തരവിനെ തുടർന്ന് ജലവിഭവ വകുപ്പ് Priority IV, V-ൽ ഉൾപ്പെട്ട മലിനീകരിക്കപ്പെട്ട 20 നദീഭാഗങ്ങളുടെ കർമ്മപദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി 30-4-2019-ലെ G.O (Ms) 12/2019/WRD നമ്പർ ഉത്തരവുപ്രകാരം ജില്ലാതല ടെക്നിക്കൽ കമ്മിറ്റി 8 ജില്ലകളിൽ രൂപീകരിക്കുകയും ടി കമ്മിറ്റികൾ തയ്യാറാക്കിയ 20 റിവർ സ്ട്രച്ചുകളുടെ കർമ്മപദ്ധതികൾ മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും ചെയ്തു. ആയത് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവുപ്രകാരം രൂപീകരിച്ച സംസ്ഥാന റിവർ റിജുവനേഷൻ കമ്മിറ്റി അംഗീകരിച്ചതിനെത്തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിലും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിലും സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നത്. മണ്ണ്-ജലസംരക്ഷണം സംയോജിത നീർത്തടാടിസ്ഥാനത്തിലാകണം നിർവ്വഹിക്കേണ്ടതെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതലത്തിൽ, ജലസേചന വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായ സാങ്കേതികസമിതികൾ രൂപീകരിച്ച് നീർത്തട പ്ലാനുകളും ബ്ലോക്കുതലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനമാണ് ആദ്യം ഏറ്റെടുത്തത്. 1000 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാനുകൾ പൂർത്തിയാക്കി. നീർത്തട പ്ലാനുകളിൽ മുൻഗണനാ ക്രമത്തിൽ (റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി) നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിച്ചുവരുന്നു. പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ എന്നിവയുടെ ശുചീകരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ, ജലഉപയോഗകാര്യക്ഷമത വർദ്ധിപ്പിക്കൽ, ഭൂജല പോഷണം സാദ്ധ്യമാക്കുന്ന ചെറുതടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾ ജലസേചന വകുപ്പുമുഖേന നിർവ്വഹിച്ചിട്ടുണ്ട്. ഇതിനുപുറമെ തൊഴിലുറപ്പ് പദ്ധതി, മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ മുഖേനയും ജലസംരക്ഷണ നദീപുനരുജ്ജീവന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾമൂലം പ്രാദേശിക ജലലഭ്യത വർദ്ധിക്കുക, ഭൂജല-നിലയിലെ വർദ്ധനവ് എന്നീ നേട്ടങ്ങൾക്കൊപ്പം ജലസ്രോതസ്സുകളിലെ മാലിന്യനിക്ഷേപത്തിലെ കുറവ്, ജലസംരക്ഷണം സംബന്ധിച്ച് ജനങ്ങളുടെ പൊതു അവബോധത്തിലെ വർദ്ധനവ് എന്നീ നേട്ടങ്ങളും ആർജ്ജിക്കാൻ സാധിച്ചിട്ടുണ്ട്.

## പട്ടിക വിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പദ്ധതികൾ

6(*65) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദനോപാധികളിൽ മുഖ്യമായ ഭൂമിയുടെ ഉടമസ്ഥാവകാശം നാമമാത്രമായിരിക്കുന്നത് പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരെ പാർശ്വവൽക്കരിക്കുന്നതിനിടയാക്കിയിട്ടുള്ള സ്ഥിതിയിൽ സംരംഭകത്വ ശേഷിയും തൊഴിൽ നൈപുണ്യവും വികസിപ്പിച്ച് ഇവരെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വിദേശ തൊഴിൽ കമ്പോളത്തിലെ അവസരങ്ങൾ കൂടി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(സി) തൊഴിൽ പരിശീലനത്തിനും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ തേടുന്നതിന് സഹായിക്കുന്നതിനും പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.-കൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുവാൻ ഗ്രാമപ്രദേശത്ത് 5 സെന്റും നഗരപ്രദേശത്ത് 3 സെന്റും ഭൂമി വാങ്ങുവാൻ സർക്കാർ സഹായം നൽകുന്നുണ്ട്. 2016-17 മുതൽ 2018-19 വരെ 12952 കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമായി. ഈ വർഷം ഇതുവരെ 1078 കുടുംബങ്ങൾ സ്ഥലം വാങ്ങിക്കഴിഞ്ഞു.

വരുമാനദായകമായ തൊഴിൽ നേടുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് പട്ടികജാതി വികസന വകുപ്പും സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പ്രോജക്ട് മണ്ണന്തല അംബേദ്കർ ഭവനിൽ നടപ്പിലാക്കിവരുന്നു. ഈ പ്രോജക്ട് നടപ്പിലാക്കുന്നതിലേയ്ക്കായി 133.10 ലക്ഷം രൂപ അനുവദിച്ചു.

പട്ടികജാതി വിദ്യാർത്ഥികളുടെ നൈപുണ്യം വികസിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി വിവിധ ഏജൻസികളുമായി സഹകരിച്ച് തൊഴിൽദായക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. 5838 പേർക്കുള്ള പരിശീലന പരിപാടി ആവിഷ്കരിച്ചു. 1787 പേർക്ക് തൊഴിൽ ലഭിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിലൂടെ അവരുടെ ഭൂഉടമസ്ഥത വർദ്ധിപ്പിക്കുവാൻ വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഭൂരിപക്ഷം പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഭൂമി ലഭ്യമാക്കുന്നതിനായി പ്രധാനമായും 3 പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ (RoR) നൽകൽ എന്നിവയാണ് ടി പദ്ധതികൾ. 3536 പേർക്ക് 3444.05 ഏക്കർ ഭൂമി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

വരുമാനദായകമായ തൊഴിൽ നൽകുന്നതിനുള്ള പരിപാടി പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സ്പെഷ്യൽ ഡ്രൈവിലൂടെ നിയമിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് 100 വാച്ച്മാൻമാരേയും നിയമിച്ചു. ഇതിനുപുറമെ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകിയിട്ടുണ്ട്.

നൈപുണ്യ വികസനത്തിനും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിനുമാണ് മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും ഊന്നൽ നൽകുന്നത്. സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള അനവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യവികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു. ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പുവരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപ്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു.

അട്ടപ്പാടിയിലെ 291 പട്ടികവർഗ്ഗ യുവതികൾക്ക് വസ്ത്രനിർമ്മാണ പരിശീലനം നൽകി. സൊസൈറ്റി രൂപീകരിച്ച് അപ്പാരൽപാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

ഗോത്ര ജീവിക പദ്ധതിപ്രകാരം തൊഴിൽരഹിതരെ കണ്ടെത്തി 1170 പേർക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകി. 54 സ്വയംസഹായ സംഘങ്ങൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ ഈ സംഘങ്ങൾവഴി നടപ്പിലാക്കുന്നുണ്ട്.

സെന്റർ ഓഫ് സ്കിൽ എക്സലൻസ് മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പരിശീലനം നൽകി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നു.

തൊഴിലുറപ്പ് പദ്ധതിയിലെ 100 തൊഴിൽ ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന ട്രൈബൽ പ്ലസ് പദ്ധതി സർക്കാർ നടപ്പിലാക്കുന്നു.

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്.

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019-20-ൽ "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ഏജൻസികളുമായി സഹകരിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൈപുണ്യ വികസന പരിശീലനം നൽകി വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 192 പേർക്കും

പട്ടികവർഗ്ഗത്തിൽപ്പെട്ട 8 യുവാക്കൾക്കും വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനും ആയതിലൂടെ സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുന്നതിനും വ്യാവസായിക രംഗത്ത് വിദേശത്തും സ്വദേശത്തും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ തൊഴിൽ നേടുവാനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്നത് ലക്ഷ്യം വച്ചുകൊണ്ടാണ് വകുപ്പിലെ ഐ.റ്റി.ഐ.-കളിലെ പരിശീലന പരിപാടി സജ്ജീകരിച്ചിട്ടുള്ളത്. എല്ലാ ഐ.റ്റി.ഐ.-കളിലും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നു. 6 ഐ.റ്റി.ഐ.-കൾ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.-കളാക്കി മാറ്റി. എല്ലാ വർഷവും ജോബ് ഫെയർ നടത്തി കേരളത്തിനകത്തും പുറത്തും പ്ലേസ്മെന്റിന് സൗകര്യമൊരുക്കുകയും ചെയ്യുന്നു.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

7(*66) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നോട്ടിഫൈ ചെയ്ത കണ്ടൽ പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി തീരദേശ വനസംരക്ഷണ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്

ഏക്കറിന് 4000 രൂപ എന്ന നിരക്കിൽ 24-12-16-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി.) 485/16 പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ conservation and Management of mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകൾ, തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടൽ വളരുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും വാട്ടർ ടാങ്കുകൾ, ബയോഗ്യാസ് യൂണിറ്റ് എന്നിവ വിതരണം ചെയ്യുകയും ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുമാന വർദ്ധനവിന് സഹായം ചെയ്യുകയും ചെയ്തുവരുന്നു. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.69 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ പട്ടിക്കാട് റെയ്ഞ്ചിൽ 3.385 ഹെക്ടറും കണ്ടൽ വനങ്ങൾ ' പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി 1961-ലെ കേരള വനനിയമം പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതും അവ സംരക്ഷിച്ചുപരിപാലിച്ച് വരികയും ചെയ്തുവരുന്നു. നിലവിലുള്ള നിയമ നടപടിക്രമങ്ങൾക്കനുസൃതമായി കണ്ടൽക്കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

കണ്ടൽക്കാടുകൾ കാണുന്നതിനായി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേയ്ക്കായി പ്രത്യേകിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. മംഗളവനം പക്ഷി സങ്കേതത്തിലെ കണ്ടൽക്കാടുകൾ സന്ദർശിക്കുന്നതിനും ദേശാടന പക്ഷികളെ കാണുന്നതിനും ഒരു വാച്ച് ടവർ നിർമ്മിച്ചിട്ടുണ്ട്. എറണാകുളത്തെ പുതുവൈപ്പിനിൽ കണ്ടൽക്കാടുകളെ കാണുന്നതിനും അറിയുന്നതിനുമായി 'മാലിപ്പുറം കണ്ടൽ പാർക്ക്' സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് കടലുണ്ടിയിൽ കണ്ടൽ വനങ്ങളെയും ദേശാടന പക്ഷികളെയും സംരക്ഷിക്കുന്നതിനായി 153.84 ഹെക്ടർ സ്ഥലം കടലുണ്ടി വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിലുള്ള കണ്ടൽക്കാടുകൾ കാണുന്നതിനും പഠനം നടത്തുന്നതിനുമായി വിദ്യാർത്ഥികളും ടൂറിസ്റ്റുകളും ധാരാളം വരുന്നുണ്ട്.

(ബി) കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2019-20 വർഷത്തിൽ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന തണ്ണീർത്തടങ്ങളിൽ ദേശാടന പക്ഷികളും തദ്ദേശ ഇനത്തിലുള്ള പക്ഷികളും എത്തുന്നത് നിരീക്ഷിക്കുന്നതിനും തണ്ണീർത്തടങ്ങളുടെ മാറ്റം നിരീക്ഷിക്കുന്നതിനും എട്ടോളം പ്രദേശങ്ങളിൽ പഠനം നടത്തിവരുന്നുണ്ട്.

(സി) നോട്ടിഫൈ ചെയ്ത കണ്ടൽ പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി തീരദേശ വനസംരക്ഷണ സമിതികൾ രൂപീകരിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

## ഭൂ-ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടും സ്ഥലവും

8(*67) <u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂ-ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ;

(സി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ അവരുടെ താത്പര്യപ്രകാരം വനത്തിന് പുറത്ത് പുനരധിവസിപ്പിക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി പ്രധാനമായും മൂന്ന് പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ (ആർ.ഒ.ആർ) നൽകൽ എന്നിവയാണ് ടി പദ്ധതികൾ. അർഹരായ എല്ലാ ഭവനരഹിതർക്കും ലൈഫ് മിഷൻ മുഖേന വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3536 കുടുംബങ്ങൾക്ക് 3444.05 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്.

നിക്ഷിപ്തവനഭൂമി വിതരണം

കാസർഗോഡ് (37.2), കണ്ണൂർ (83), വയനാട് (3008.0879), മലപ്പുറം (203.64), പാലക്കാട് (4360.8972) ജില്ലകളിലായി ആകെ 7692.825 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനാണ് കേന്ദ്രാനുമതിയും തുടർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടേയും അനുമതി ലഭിച്ചത്. ആയതിൽ 3569.25 ഹെക്ടർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. അതിൽ 958.717 ഹെക്ടർ വനാവകാശ നിയമ പ്രകാരവും 2610.53 ഹെക്ടർ ഭൂമിക്ക് കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്. ഈ സർക്കാർ വന്നതിന് ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വനം, റവന്യൂ, പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും നിരവധി യോഗങ്ങൾ ചേരുകയും തുടർന്ന് കാസർഗോഡ് (30.36 ഹെക്ടർ), മലപ്പുറം (10 ഹെക്ടർ), പാലക്കാട് (499.78 ഹെക്ടർ) എന്നിവിടങ്ങളിൽ ആകെ 540.14 ഹെക്ടർ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ 211 പേർക്ക് 68.46 ഹെക്ടർ വിതരണം ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. മലപ്പുറം ജില്ലയിൽ 91 ഹെക്ടർ, വയനാട് ജില്ലയിൽ 48 ഹെക്ടർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള സംയുക്ത പരിശോധന, സർവ്വേ പ്രവർത്തനം എന്നിവ അന്തിമ ഘട്ടത്തിലാണ്.

ഭൂമി വാങ്ങി നൽകുന്ന പദ്ധതി (ലാന്റ് ബാങ്ക്)

ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 3-3-2018-ലെ 21/2018/പ.ജ.പ.വ.വി.വ. ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 747.42 ഏക്കർ ഭൂമി വാങ്ങുന്നകാര്യം ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, കാസർഗോഡ്, മലപ്പുറം ജില്ലകളിലെ 63.41 ഏക്കർ ഭൂമിയുടെ വില നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. ടി ഭൂമി ഉടൻതന്നെ വാങ്ങി നൽകാൻ നടപടി പുരോഗമിച്ചുവരുന്നു.

വനാവകാശ നിയമം 2006

വനാവകാശ നിയമം 2006 പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുവരെ 25848 പേർക്ക് 34587.70 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5210 അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 968 പേർക്ക് 1551 ഏക്കർ വനാവകാശ നിയമപ്രകാരവും 454 പേർക്ക് 169.46 ഏക്കർ ഭൂമി വാങ്ങി നൽകിയും 99 പേർക്ക് 9.9 ഏക്കർ റവന്യൂ ഭൂമിയും 1593 പേർക്ക് 1326.54 ഏക്കർ നിക്ഷിപ്ത വനഭൂമിയും ആലപ്പുഴയിൽ 43 പേർക്ക് 10.75 ഏക്കർ

ഭൂമിയും പാലക്കാട് ജില്ലയിലെ വല്ലങ്കിയിൽ ജലസേചന വകുപ്പിന്റെ 17.40 ഏക്കർ 87 പേർക്കും എറണാകുളം പന്തപ്രയിൽ 67 പേർക്ക് 134 ഏക്കർ വനഭൂമിയും മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്ത 225 പേർക്ക് 225 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 968 പേർക്ക് 1551 ഏക്കർ വനാവകാശ നിയമപ്രകാരവും 454 പേർക്ക് 169.46 ഏക്കർ ഭൂമി വാങ്ങി നൽകിയും 99 പേർക്ക് 9.9 ഏക്കർ റവന്യൂ ഭൂമിയും 1593 പേർക്ക് 1326.54 ഏക്കർ നിക്ഷിപ്ത വനഭൂമിയും ആലപ്പുഴയിൽ 43 പേർക്ക് 10.75 ഏക്കർ ഭൂമിയും പാലക്കാട് ജില്ലയിലെ വല്ലങ്കിയിൽ ജലസേചന വകുപ്പിന്റെ 17.40 ഏക്കർ 87 പേർക്കും എറണാകുളം പന്തപ്രയിൽ 67 പേർക്ക് 134 ഏക്കർ വനഭൂമിയും മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്ത 225 പേർക്ക് 225 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്.

(സി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരെ അവരുടെ താൽപ്പര്യപ്രകാരം വനത്തിനുപുറത്ത് പുനരധിവസിപ്പിക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി ഈ വകുപ്പ് സമർപ്പിച്ചിട്ടില്ല.

## വേൾഡ് സ്കിൽസ് ലൈസിയം

9(*68) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. എം. ഉമ്മർ :

ഡോ. എം. കെ. മുനീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി വേൾഡ് സ്കിൽസ് ലൈസിയം സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ലൈസിയം സ്ഥാപിക്കുന്നതിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ടു മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. നിരന്തരം തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികളാണ് KASE ആവിഷ്കരിച്ചുവരുന്നത്.

നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)
3. അക്രെഡിറ്റേഷൻ പ്രോഗ്രാമുകൾ
4. കൗശൽ കേന്ദ്രങ്ങൾ
5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
6. സ്റ്റേറ്റ് ജോബ് പോർട്ടൽ
7. സ്കിൽ രജിസ്ട്രി

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

ഇതിനുപുറമെ നൈപുണ്യ പരിശീലനത്തിനായി ആവിഷ്കരിച്ച കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജനയുടെ (PMKVY) Centrally Sponsored State Managed (CSSM) ഘടകം സംസ്ഥാനത്ത് KASE മുഖേന നടപ്പിലാക്കിവരുന്നു.

കാലഹരണപ്പെട്ട ട്രേഡുകൾക്കുപകരം തൊഴിൽ നേടുന്നതിന് സാധ്യമാകുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിലൂടെ വിവിധ പരിശീലന പരിപാടികളും നടത്തിവരുന്നു.

(ബി&സി) വേൾഡ് സ്കിൽ ലൈസിയം സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന സ്കിൽ സെക്രട്ടേറിയറ്റായ KASE-ന്റെ തിങ്ക് ടാങ്കായി പ്രവർത്തിക്കുക എന്നതാണ് വേൾഡ് സ്കിൽ ലൈസിയത്തിന്റെ പ്രഥമ ലക്ഷ്യം. ലൈസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നൈപുണ്യത്തിനുവേണ്ടിയുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ, നൈപുണ്യ നയരൂപീകരണത്തിനാവശ്യമായ വിവരങ്ങളുടെ ശേഖരണം, നൈപുണ്യ നയത്തിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ നൈപുണ്യ വികസന പരിപാടികൾ വിഭാവനം ചെയ്യുക, സർക്കാർ ഏജൻസികളിൽനിന്നും നൈപുണ്യവികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിഭവങ്ങൾ ശേഖരിക്കുക, ഗുണനിലവാരം ഉറപ്പുവരുത്തുക, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ലൈസിയം സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

**അനാഥാലയങ്ങളിൽ സേവനം ചെയ്യുന്നവർക്ക് ക്ഷേമനിധി**

10(*69) ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുൾപ്പെടെ അശരണരും നിരാലംബരും ഭിന്നശേഷിക്കാരും രോഗികളും ഉപേക്ഷിക്കപ്പെട്ടവരുമായ ആളുകളെ അധിവസിപ്പിച്ചിരിക്കുന്നതും വ്യക്തികളോ സംഘടനകളോ നടത്തിവരുന്നതുമായ സ്ഥാപനങ്ങളിൽ നിസ്വാർത്ഥമായി ജോലി ചെയ്യുന്നവരും പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വേണ്ട സേവനം ചെയ്യുന്നവരുമായിട്ടുള്ളവർക്കായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇവർക്കായി ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) 2-2-2016-ലെ സ.ഉ (അച്ചടി) നമ്പർ 24/2016/തൊഴിൽ പ്രകാരം രൂപീകൃതമായിട്ടുള്ള കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മറ്റ് പദ്ധതികളിൽ അംഗമല്ലാത്ത എല്ലാ അസംഘടിത തൊഴിലാളികൾക്കും അംഗമാകാവുന്നതാണ്. ഇപ്രകാരം അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വമുള്ളവർക്ക് 60 വയസ് പൂർത്തിയാകുന്നമുറയ്ക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ്.

2. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്.

3. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി 10,000 രൂപ ലഭിക്കുന്നതാണ്.

4. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ് പൂർത്തിയാക്കി വിരമിക്കുന്ന ആൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്.

5. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹതയുള്ള അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്.

6. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കുകയും അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത അനുഭവിക്കുന്ന അംഗത്തിന് അവശതാ പെൻഷനായി പ്രതിമാസം 1200 രൂപ നൽകുന്നതാണ്.

7. പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതൽ 2500 രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു.

8. പദ്ധതി അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1000 രൂപ നിധിയിൽനിന്നും ആശ്രിതന് ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

9. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശ രഹിത വായ്പയും അനുവദിക്കുന്നു.

സംസ്ഥാനത്ത് അനാഥാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുൾപ്പെടെ അശരണരും നിരാലംബരും ഭിന്നശേഷിക്കാരും രോഗികളും ഉപേക്ഷിക്കപ്പെട്ടവരുമായ ആളുകളെ അധിവസിപ്പിച്ചിരിക്കുന്നതും വ്യക്തികളോ സംഘടനകളോ നടത്തിവരുന്നതുമായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ചേരാവുന്നതും ആനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതുമാണ്. ഈ സാഹചര്യത്തിൽ ടി വിഭാഗക്കാർക്കായി ഒരു പത്യേക ക്ഷേമനിധി രൂപീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

## പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലവും വീടും

11(*70) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഈ വർഷം തന്നെ സ്ഥലവും വീടും നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാകാതെ കിടന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനർ നിർമ്മാണത്തിനോ അവ വാസയോഗ്യമാക്കുന്നതിനോ സഹായം നൽകി വരുന്നുണ്ടോ;

(ഡി) ആവർത്തിച്ചുണ്ടായ പ്രളയം പട്ടികജാതി-പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്ക്, വാസപ്രദേശങ്ങളുടെ പ്രത്യേകത കൊണ്ട് വർദ്ധമാനമായ തോതിൽ സൃഷ്ടിച്ച ദുരിതം തരണം ചെയ്യുന്നതിനായി പ്രത്യേക ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ലൈഫ് മിഷൻ മുഖേനയാണ് ഇപ്പോൾ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് മിഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ട 8134 പേർക്ക് ധനസഹായം അനുവദിച്ചു. ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം വീടുവയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് നടപ്പുവർഷം ഇതുവരെ 1078 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട 2995 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കരാറിലേർപ്പെട്ട് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന വിവിധ പദ്ധതികളിലൂടെ ഭൂരഹിതരായ 10497 കുടുംബങ്ങൾക്കും ഈ വർഷംതന്നെ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3536 പേർക്ക് 3444.05 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതിക്കാരുടെ 16360 വീടുകളിൽ 9522 എണ്ണം പട്ടികജാതി വികസന വകുപ്പുമുഖേനയും സ്പിൽഓവറായിരുന്ന 29674 പട്ടികവർഗ്ഗ ഭവനങ്ങളിൽ 17739 എണ്ണം പട്ടികവർഗ്ഗ വികസന വകുപ്പുമുഖേനയും ഈ സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും സ്വന്തമായി നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവർക്കും നിർമ്മാണം പൂർത്തീകരിക്കുന്നതിനും പരമാവധി 1.50 ലക്ഷം രൂപവരെ അനുവദിക്കുന്ന പദ്ധതി 2019-20 വർഷം മുതൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ വിവിധ ഏജൻസികൾ മുഖേന നിർമ്മിച്ചതും 6 വർഷം പൂർത്തിയായതുമായ പട്ടികവർഗ്ഗ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും പരമാവധി 1.50 ലക്ഷം രൂപ വരെ നിലവിൽ അനുവദിക്കുന്നുണ്ട്.

(ഡി) 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ദുരിതമനുഭവിച്ച 83872 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 5000 രൂപ വീതം ധനസഹായം വകുപ്പുമുഖേന നൽകിയിട്ടുണ്ട്. അതുപോലെതന്നെ 2018-ലുണ്ടായ കാലവർഷക്കെടുതിയിൽ ദുരിതമനുഭവിച്ച 7830 പട്ടികവർഗ്ഗ കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുകയും വീടുകൾക്കും മറ്റും നാശനഷ്ടങ്ങൾ സംഭവിച്ച 3430 പേർക്ക് സർക്കാർ അനുവദിച്ച പ്രത്യേക ധനസഹായം കൂടാതെ വകുപ്പുമുഖേന 10,000 രൂപ വീതം ആശ്വാസ

ധനസഹായവും അനുവദിച്ചിട്ടുണ്ട്. പ്രളയത്തിൽ ഭൂമി നഷ്ടപ്പെട്ട 16 പട്ടികജാതി കുടുംബങ്ങൾക്ക് മറ്റ് പ്രദേശങ്ങളിൽ ഭൂമി നൽകിയിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ട 217 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വീട് പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ 2733 വീടുകളിൽ യഥാസമയം ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ച 245 പട്ടികജാതി കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന 604 പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ 16 എണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 2019-ലെ കാലവർഷക്കെടുതിയിൽ പൂർണ്ണമായും തകർന്ന 448 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വീടുകളുടെ പ്രാഥമിക പരിശോധന അന്തിമഘട്ടത്തിലാണ്.

**ക്ഷീര മേഖലയിൽ സ്വയംപര്യാപ്തത**

12(*72) ശ്രീ. സജി ചെറിയാൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദനം വാണിജ്യാടിസ്ഥാനത്തിലും ആദായകരമായ കൃഷി എന്ന നിലയിലും വളർത്തിയെടുത്ത് ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടത്തുന്ന പ്രവർത്തനം വിജയകരമായിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ക്ഷീര വിതരണരംഗം ആധുനീകരിച്ച് വിപുലീകരിക്കാനുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ലോകത്തെ ക്ഷീര വിപണിയുടെ മൂന്നിലൊന്ന് നിയന്ത്രിക്കുന്ന പ്രമുഖ ക്ഷീരോല്പാദക രാജ്യങ്ങളായ ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നിവയുൾപ്പെടെയുള്ള രാജ്യങ്ങളുമായി കേന്ദ്രസർക്കാർ പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ (ആർ.സി.ഇ.പി.) ഏർപ്പെടാൻ നടത്തുന്ന നീക്കവും ചർച്ചയും ക്ഷീരകർഷകരെ കടുത്ത ആശങ്കയിലാഴ്ത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വിജയകരമായിട്ടുണ്ട്.

ക്ഷീരോല്പാദനം ആദായകരമാക്കുന്നതിനും കൃഷി എന്ന നിലയിൽ വളർത്തിയെടുത്ത് ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി 2018-19 വർഷത്തിൽ 11651.28 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുകയും ഇതിന്റെ ഫലമായി പാലുല്പാദനത്തിൽ ആവശ്യകതയുടെ 75-80% വരെ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും സംഭരിച്ച പാലിന്റെ അളവിലുണ്ടായ വർദ്ധനവ് ക്ഷീരമേഖലയിലുണ്ടായ മുന്നേറ്റത്തിന്റെ സൂചനയാണ്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുമെന്നുള്ള ഉറപ്പും എല്ലാ പത്ത് ദിവസം കൂടുമ്പോൾ സംഘങ്ങൾവഴി വിപണന വിലയുടെ 83 ശതമാനവും പാൽ വിലയായി മുടങ്ങാതെ ലഭിക്കുന്നു എന്നതുമാണ് ക്ഷീരകർഷകർക്ക് ആത്മവിശ്വാസം പകരുന്നത്.

(ബി) ക്ഷീര വിതരണ രംഗം ആധുനീകരിച്ച് വിപുലീകരിക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനീകരണത്തിനും ശാക്തീകരണത്തിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ പാൽ വിതരണം ആധുനീകരിച്ച് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വിതരണ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഉപഭോക്താക്കൾക്ക് മൊബൈൽ അപ്ലിക്കേഷനിലൂടെ ഓൺലൈനായി പാൽ ഓർഡർ ചെയ്താൽ വീട്ടിലെത്തിക്കുന്ന സംവിധാനമാണ് ഇതിലൂടെ ഏർപ്പെടുത്തിയിട്ടുള്ളത്.

എറണാകുളം മേഖലാ യൂണിയൻ വിതരണ ശൃംഖല ശക്തിപ്പെടുത്തിയും കോൾഡ് ചെയിൻ വികസിപ്പിച്ചും ഉപഭോക്തൃ ബോധവൽക്കരണം നടത്തിയും പുതിയ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കിയും വിതരണ ശൃംഖല വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

മലബാർ മേഖലാ യൂണിയൻ പാൽ, തൈര്, മറ്റുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് - മേഖലാ യൂണിയൻ ഫണ്ടുപയോഗിച്ച് 64 പാർലറുകളും 18 മിനിഷോപ്പുകളും ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ 750 എണ്ണം റീട്ടെയിൽ ഡീലർഷിപ്പുകളും അനുവദിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. UHT പാലിന്റെയും ഐസ്ക്രീം ഉൾപ്പെടെയുള്ള ഫ്രോസൺ ഉൽപ്പന്നങ്ങളും വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സൂപ്പർ സ്റ്റോക്കിസ്റ്റ് കം ഡിസ്ട്രിബ്യൂഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാൽ, ഐസ്ക്രീം എന്നിവയുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി ഇ &എ (കാരി & ഫോർവേഡിംഗ്) ഡീലർമാരെ നിയമിച്ചിട്ടുണ്ട്. മിൽമ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനും കൂടാതെ മിൽമ ഉൽപ്പന്നങ്ങൾ വീടുകളിലെത്തിച്ച് നൽകുന്നതിനായി ഓൺലൈൻ മാർക്കറ്റ് ശൃംഖല ആരംഭിച്ചിട്ടുണ്ട്. കൂടാതെ മേഖലാ യൂണിയന്റെ പാലിന്റെയും പാലുല്പന്നങ്ങളുടെയും വിതരണം വർദ്ധിപ്പിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളായ കർണാടക, മഹാരാഷ്ട്ര, ഡൽഹി, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും വിദേശ രാജ്യങ്ങളായ യു.എ.ഇ., യു.എസ്.എ., ഖത്തർ, ഒമാൻ, ബഹ്റിൻ, ദമാം, സൗദി അറേബ്യ എന്നിവിടങ്ങളിലും നെയ്, പാലട മിക്സ്, സേമിയ മിക്സ്, എന്നിവ കയറ്റുമതി ചെയ്യുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

RCEP കരാർ നടപ്പിലാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ 2019 ഫെബ്രുവരിയിൽത്തന്നെ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ക്ഷീരകർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി ആലപ്പുഴയിൽ ഈ മേഖലയിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് ഓപ്പൺ ഫോറം ശില്പശാല നടത്തുകയും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ക്ഷീരസംഘങ്ങളിലും RCEP കരാർ നടപ്പിലാക്കുന്നതിലൂടെ സംഭവിക്കാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ക്ഷീരകർഷകർക്ക് ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചുവരുന്നു.

RCEP കരാർ ക്ഷീരമേഖലയിലുണ്ടാക്കിയേക്കാവുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രവാണിജ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രമൃഗസംരക്ഷണ വകുപ്പുമന്ത്രി എന്നിവർക്ക് വിശദമായ കത്ത് അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉത്കണ്ഠ ഇതിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

## ജല ശുദ്ധീകരണത്തിന് ആധുനിക സംവിധാനം

13(*73) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളിലെ ജല ശുദ്ധീകരണത്തിന് ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്ന വെള്ളത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലാണെന്ന കാര്യം ജല അതോറിറ്റി പരിശോധിക്കുന്നുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ശുദ്ധജലത്തിന് നിറം മാറ്റം സംഭവിക്കുന്നതും അനുവദനീയമായതിൽ കൂടുതൽ അളവിൽ ക്ലോറിനേഷൻ നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ എന്നറിയിക്കാമോ;

(ഡി) ജല അതോറിറ്റിയുടെ ഗുണമേന്മ പരിശോധന ലാബിൽ എന്തെല്ലാം പരിശോധന സംവിധാനങ്ങളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഡാമുകളിൽനിന്ന് കുടിവെള്ള വിതരണത്തിനായി സംഭരിക്കുന്ന ജലം ശുദ്ധീകരിച്ച ശേഷമാണ് വിതരണം നടത്തുന്നത്. പരമ്പരാഗത ശുദ്ധീകരണ സംവിധാനങ്ങൾക്ക് പുറമെ പൾസേറ്റർ, ലാമെല്ലക്ലാരിഫൈർ തുടങ്ങിയ ആധുനിക ശുദ്ധീകരണ സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നുണ്ട്. എന്നാൽ ഡാമുകളിലെ ജലം പൊതുവിൽ ശുദ്ധീകരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്ന ജലം, അതോറിറ്റിയുടെ ഗുണ നിലവാര പരിശോധനാ വിഭാഗം പതിവായി പരിശോധിച്ചുവരുന്നുണ്ട്. ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലായി കണ്ടെത്തിയിട്ടില്ല.

(സി) ശുദ്ധജലത്തിന് നിറം മാറ്റം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനാവശ്യമായ ശുദ്ധീകരണ നടപടികൾ സ്വീകരിക്കുന്നുണ്ട്. പകർച്ചവ്യാധികൾ, ഇ-കോളി വ്യാപനത്തിനുള്ള മറ്റു സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് അവകൂടി തരണം ചെയ്യാനും മാനദണ്ഡങ്ങൾക്ക് അനുസൃതമായ തോതിൽ വിതരണ ശൃംഖലയുടെ അവസാനംവരെ റെസിഡ്യൂൽ ക്ലോറിന്റെ അളവ് നിലനിർത്താനാവശ്യമായ വിധത്തിലുമാണ് ക്ലോറിനേഷൻ ചെയ്യുന്നത്. എന്നാൽ ചില സന്ദർഭങ്ങളിൽ ശുദ്ധീകരണശാലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ റെസിഡ്യൂൽ ക്ലോറിന്റെ അളവ് നേരിയ തോതിൽ കൂടുതലായി കാണുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിഭാഗവും റെഗുലർ വിഭാഗവും നിരന്തരമായി നിരീക്ഷിക്കുകയും വേണ്ട തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) ജല അതോറിറ്റിയുടെ ഗുണമേന്മ പരിശോധന ജില്ലാതല ലാബുകളിൽ താഴെപ്പറയുന്ന ഘടകങ്ങൾ പരിശോധിക്കുന്നു.

ഫിസിക്കൽ:

കളർ (നിറം)

ടർബിഡിറ്റി (കലക്കൽ)

പി. എച്ച്.

ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി

ടെമ്പറേച്ചർ (താപനില)

കെമിക്കൽ:

അസിഡിറ്റി (അമ്ലത)

ആൽക്കലൈനിറ്റി (ക്ഷാരത)

സൾഫേറ്റ്

ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ്

കാത്സ്യം

മഗ്നീഷ്യം

ക്ലോറൈഡ്

ഫ്ളൂറൈഡ്

അയൺ (ഇരുമ്പ്)

നൈട്രേറ്റ്

റെസിഡ്യൂൽ ക്ലോറിൻ (അവക്ഷിപ്ത ക്ലോറിൻ)

ബാക്ടീരിയോളജിക്കൽ:

കോളിഫോം

ഇ-കോളി

കൂടാതെ നെട്ടൂരിലെ സംസ്ഥാന ലാബിൽ ജലത്തിലടങ്ങിയിട്ടുള്ള കീടനാശിനികളും ഹെവിമെറ്റൽസും പരിശോധിക്കുന്നതിനുള്ള സംവിധാനവുമുണ്ട്.

**വനാവകാശ നിയമം സംബന്ധിച്ച സുപ്രീംകോടതി വിധി**

14(*74) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ നിരസിക്കപ്പെട്ടവ പുനഃപരിശോധിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വനാവകാശ നിയമം നടപ്പിലാക്കിയശേഷം അപേക്ഷ നിരസിക്കപ്പെവർ വനഭൂമിയിൽ താമസിക്കുന്നുവെങ്കിൽ അവരെ ഒഴിപ്പിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ;

(സി) വിധിയുടെ അടിസ്ഥാനത്തിൽ വിശദമായ സത്യവാങ്മൂലം സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വനാവകാശ നിയമ പ്രകാരം പരിരക്ഷ ലഭിക്കുവാൻ അർഹരായ എല്ലാവരെയും സംരക്ഷിക്കുന്നതിനും അവർക്ക് കൈവശരേഖ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u> ):

(എ & ബി) വനാവകാശ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി പട്ടികവർഗ്ഗ വികസന വകുപ്പാണ്. വനം, റവന്യൂ വകുപ്പുകൾ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിവരുന്നു. വനാവകാശ നിയമപ്രകാരം ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമസഭകൾക്കാണ് (ഊരുകൂട്ടങ്ങൾ) അപേക്ഷകൾ സമർപ്പിക്കുന്നത്. ഗ്രാമസഭകൾ ടി അപേക്ഷകൾ പരിശോധിച്ച് ഉചിതമായവ തുടർനടപടികൾക്കായി സബ്ഡിവിഷണൽ ലെവൽ കമ്മിറ്റിക്കും തുടർന്ന് ജില്ലാതല കമ്മിറ്റിക്കും കൈമാറുന്നു. മേൽ സമിതികൾ ഉചിതമല്ലായെന്ന് കണ്ടെത്തി നിരസിക്കുന്ന അപേക്ഷകൾ പുനഃപരിശോധിക്കുന്നതിനായി ത്രീലെവൽ കമ്മിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വനഭൂമിയിൽ താമസിക്കുന്ന ആദിവാസികളെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ഒന്നും നിലവിൽ സ്വീകരിച്ചിട്ടില്ല.

(സി) ടി വിഷയത്തിൽ ഫയൽ ചെയ്തിട്ടുള്ള 109/2008 മുതലായ കേസ്സുകളിൽ സംസ്ഥാന സർക്കാർ (ചീഫ് സെക്രട്ടറി) വിശദമായ സത്യവാങ്മൂലം ബഹുമാനപ്പെട്ട സുപ്രീം കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഡി) വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ സംസ്ഥാന നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പും വനം, റവന്യൂ വകുപ്പുകളും വനാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## നവോത്ഥാന മൂല്യങ്ങൾ രൂഢമൂലമാക്കുന്നതിനുള്ള പ്രവർത്തനം

15(*75) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാസിസ്റ്റ് പ്രകൃതം കൈമുതലാക്കിയിട്ടുള്ള ചില സംഘങ്ങൾ രാജ്യത്താകെ അച്ചടി-ദൃശ്യ മാധ്യമങ്ങളെയും സാമൂഹ്യ മാധ്യമങ്ങളെയും പ്രലോഭിപ്പിച്ചും വിവിധ ഏജൻസികളെ ഉപയോഗിച്ച് ഭീതിപ്പെടുത്തിയും വരുതിയിലാക്കി സമൂഹത്തിൽ വർഗ്ഗീയ വിഭജനം സൃഷ്ടിക്കുന്ന പ്രവർത്തനം സംസ്ഥാനത്തേക്കും വ്യാപിപ്പിക്കാൻ നടത്തുന്ന ആപൽക്കരമായ നീക്കം ഫലപ്രദമായി ചെറുക്കുന്നതിന് ശാസ്ത്രീയ കാഴ്ചപ്പാടും നവോത്ഥാന മൂല്യങ്ങളും വ്യാപിപ്പിക്കുന്നതിന് നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം സ്ഥാപിച്ച് സാംസ്കാരിക രംഗത്ത് ഇടപെടൽ ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) സാംസ്കാരിക രംഗത്തെ ഉന്നത വ്യക്തിത്വങ്ങളായ അടൂർ ഗോപാലകൃഷ്ണൻ, എം. ടി. വാസുദേവൻ നായർ, കരീപ്പുഴ ശ്രീകുമാർ, സുനിൽ പി ഇളയിടം, കമൽ, ആത്മീയാചാര്യന്മാരായ സ്വാമി അഗ്നിവേശ്, സന്ദീപാനന്ദഗിരി തുടങ്ങിയവർക്കെതിരെ നടത്തിയ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ വിയോജിക്കുന്നവരെ രാജ്യദ്രോഹികൾ എന്ന് മുദ്ര കുത്തുന്ന സാംസ്കാരിക അപചയം ചെറുക്കുന്നതിന് ബഹുസ്വരതയുടെ സന്ദേശം ഉയർത്തിപ്പിടിക്കുന്ന സംവാദ ഇടങ്ങൾ സൃഷ്ടിക്കാൻ പരിപാടിയുണ്ടോ;

(സി) നവോത്ഥാന മൂല്യങ്ങൾ സമൂഹത്തിൽ രൂഢമൂലമാക്കുന്നതിനുള്ള പ്രവർത്തനം ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. ഇത്തരം പ്രവണതകളെ ചെറുക്കുന്നതിന് സാംസ്കാരിക രംഗത്ത് ഗുണപരമായ ഇടപെടൽ നടത്തുന്നതിനായി കേരളത്തിലെ 14 ജില്ലകളിലും ഏകദേശം 50 കോടി രൂപ വീതം ചെലവുചെയ്ത് ചുവടെ വിശദീകരിക്കും പ്രകാരം, നവോത്ഥാന, സാംസ്കാരിക നായകരുടെ നാമധേയത്തിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | അയ്യങ്കാളി |
| കൊല്ലം | - | ശ്രീനാരായണഗുരു |
| ആലപ്പുഴ | - | പി. കൃഷ്ണപിള്ള |
| പത്തനംതിട്ട | - | ചട്ടമ്പിസ്വാമികൾ |
| ഇടുക്കി | - | അക്കാമ്മ ചെറിയാൻ |
| കോട്ടയം | - | ലളിതാംബിക അന്തർജ്ജനം |
| എറണാകുളം | - | സഹോദരൻ അയ്യപ്പൻ |
| തൃശ്ശൂർ | - | വള്ളത്തോൾ നാരായണമേനോൻ |
| പാലക്കാട് | - | വി. ടി. ഭട്ടതിരിപ്പാട് |
| മലപ്പുറം | - | അബ്ദുറഹ്മാൻ സാഹിബ് |
| കോഴിക്കോട് | - | വൈക്കം മുഹമ്മദ് ബഷീർ |
| കണ്ണൂർ | - | വാഗ്ഭടാനന്ദൻ |
| വയനാട് | - | എടച്ചേന കുങ്കൻ |
| കാസർഗോഡ് | - | സുബ്രഹ്മണ്യൻ തിരുമുമ്പ് |

കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക സമുച്ചയങ്ങൾ സഹായിക്കുന്നതാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഇതിനുപുറമേ സാംസ്കാരിക വകുപ്പ് ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സ്ഥാപിക്കുന്ന 'നാട്ടരങ്ങുകളും' സജീവ സാംസ്കാരിക സംവാദ ഇടങ്ങളായി വർത്തിച്ച് നമ്മുടെ സമൂഹത്തിലെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിച്ച് നിലനിർത്തുന്നതിനായി സഹായകരമാവുന്നതാണ്.

(ബി) വർഗ്ഗീയതയും വിദ്വേഷവും പ്രചരിപ്പിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങളെ ചെറുക്കുന്നതിന് ബഹുസ്വരതയുടെ സന്ദേശം ഉയർത്തിപ്പിടിക്കുന്ന സംവാദ ഇടങ്ങൾ സൃഷ്ടിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികത്തിൽ 'രക്തസാക്ഷ്യം' എന്ന പേരിൽ പ്രത്യേക പരിപാടി സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചത് ഈ അടിസ്ഥാനത്തിലായിരുന്നു.

സംസ്ഥാനത്താകെ ആറായിരത്തോളം കേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി സെമിനാറുകളും അനുബന്ധ പരിപാടികളും സംഘടിപ്പിച്ചു. കൂടാതെ വിദ്യാർത്ഥികൾക്കായി പ്രത്യേക പരിപാടികളും സംഘടിപ്പിച്ചിരുന്നു.

എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകുംവിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ വിവിധ അക്കാദമികളുടെയും മറ്റും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.

(സി) ഉണ്ട്. നവോത്ഥാന മൂല്യങ്ങൾ സമൂഹത്തിൽ രൂഢമൂലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാംസ്കാരിക വകുപ്പും വകുപ്പിനുകീഴിലെ സാംസ്കാരിക സ്ഥാപനങ്ങളും പരിപാടികൾ ആവിഷ്കരിച്ച് നടത്തിവരുന്നുണ്ട്. ഈ ഉദ്ദേശത്തോടെ നവോത്ഥാന നായകരുടെ ജീവചരിത്രങ്ങളും ആ കാലഘട്ടത്തെ പുനർവായിക്കുന്ന പഠനങ്ങളും പ്രസിദ്ധീകരിച്ചുവരുന്നു. ചരിത്ര സംഭവങ്ങളുടെയും ചരിത്രത്തിലിടം പിടിച്ച വ്യക്തികളുടെയും അനുസ്മരണങ്ങൾ, അത്തരം സംഭവങ്ങളെ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ, സെമിനാറുകൾ തുടങ്ങിയ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

16(*76) <u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശയവിനിമയ ശേഷിയും നൈപുണ്യശേഷിയും വർദ്ധിപ്പിച്ച് യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; അവയുടെ പ്രയോജനം ഗ്രാമപ്രദേശത്തുള്ള യുവജനങ്ങൾക്കുകൂടി ലഭ്യമാകത്തക്ക രീതിയിലാണോ വിഭാവനം ചെയ്തിരിക്കുന്നത്;

(ബി) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്ന 'ധനുസ്' പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) സ്വകാര്യ മേഖലയിലെയും സർക്കാർ മേഖലയിലെയും തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും എംപ്ലോയബിലിറ്റി സെന്ററുകളും ചെയ്യുന്ന സേവനം അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ ഭാഗമായി ഇതുവരെ അഞ്ച് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലോട്ടും, ആലപ്പുഴ ജില്ലയിലെ കായംകുളം എന്നിവിടങ്ങളിലാണ് നിലവിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷം കൊല്ലം ജില്ലയിലെ കൊട്ടാരക്കര, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ, കോട്ടയം ജില്ലയിലെ വൈക്കം എന്നിവിടങ്ങളിൽക്കൂടി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരുംവർഷങ്ങളിൽ ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയ്ക്കനുസരിച്ച് എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനാണ് പദ്ധതിയിടുന്നത്. ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരായ യുവാക്കൾക്ക് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ സേവനം ലഭ്യമാകത്തക്ക രീതിയിലാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയതലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലുമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് വേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയായ "ധനുസ്സ്" കോളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിന്റെ സഹകരണത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്റർ മുഖേന പരീക്ഷണാർത്ഥം പദ്ധതി നടപ്പിലാക്കിവരുന്നു. ദേശീയ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ-ഗവേഷണ കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കാൻ മൂന്ന് വർഷം നീണ്ടുനിൽക്കുന്ന സൗജന്യ പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ യൂണിവേഴ്സിറ്റികളിലെ ഉന്നതയോഗ്യതയുള്ള പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഗണിതശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ്, ഇംഗ്ലീഷ്, ഇക്കണോമിക്സ്, ബയോളജിക്കൽ സയൻസ് എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്. അവധി ദിവസങ്ങൾ കേന്ദ്രീകരിച്ചാണ് പരിശീലന ക്ലാസ്സുകൾ നടത്തുന്നത്. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിലെ മാർക്ക്, പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. വിദ്യാർത്ഥികളുടെ ബൗദ്ധികതലം മുതൽ ആരോഗ്യതലം വരെയുള്ള സമഗ്ര വികസനമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) <u>കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.)</u>

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്. നാളിതുവരെയായി കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ 13333 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | |
|---|---|
| നടത്തിയ വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ | - 5190 |
| കരിയർ ഗൈഡൻസ് ക്ലാസ്സുകളുടെ എണ്ണം | - 174 |
| പങ്കെടുത്തവരുടെ എണ്ണം | - 15709 |
| മത്സരപരീക്ഷാ പരിശീലനങ്ങളുടെ എണ്ണം | - 28 |
| പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | - 1636 |
| നടത്തിയ സൈക്കോമെട്രിക് ടെസ്റ്റുകളുടെ എണ്ണം | - 525 |

<u>എംപ്ലോയബിലിറ്റി സെന്റർ</u>

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന ആവിഷ്കരിച്ച നടപ്പാക്കിവരുന്ന പദ്ധതിയാണ്

എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലനകേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. 2019 ആഗസ്റ്റ് 31 അടിസ്ഥാനമാക്കി എംപ്ലോയബിലിറ്റി സെന്ററുകളിൽ 180353 പേർ രജിസ്റ്റർ ചെയ്യുകയും പരിശീലനം നൽകിയ 118685 ഉദ്യോഗാർത്ഥികളിൽ 52284 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായി 1380 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## ഗോത്രരശ്മി പദ്ധതി

17(*77) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി, ഗോത്ര വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 'ഗോത്ര രശ്മി' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിശീലന ക്ലാസ്സുകളും സെമിനാറുകളുമാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ആദിവാസി വിഭാഗങ്ങൾക്കിടയിലെ വൈവിദ്ധ്യമാർന്ന സാംസ്കാരിക ഉറവിടങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് അവ പൊതുസമൂഹത്തിൽ എത്തിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നേതൃശേഷി വളർത്തുകയും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ കാര്യപ്രാപ്തി സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്രരശ്മി പദ്ധതി നടപ്പിലാക്കിയത്. ഇടുക്കി ജില്ലയിലെ മുതുവാൻ, മന്നാൻ, ഊരാളി, പളിയ, ഹിൽപുലയ വിഭാഗങ്ങൾക്കിടയിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 'വിവ' എന്ന സംഘടനയുടെ സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പട്ടികവർഗ്ഗ ആവാസ മേഖലയുടെ പ്രകൃതത്തിന് ഇണങ്ങിയ കാർഷിക പ്രവർത്തനങ്ങൾ തിരിച്ചു കൊണ്ടുവരിക, ഗോത്രപാരമ്പര്യവും കലകളും പുതിയ തലമുറയ്ക്ക് പകർന്നു നൽകുക, പ്രാദേശിക ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുവാൻ കഴിവുള്ള വോളണ്ടിയർമാരെ ഗോത്രവിഭാഗങ്ങളിൽത്തന്നെ സൃഷ്ടിച്ചെടുക്കുക, സാധ്യമായ സ്ഥലങ്ങളിൽ പരമ്പരാഗത കൃഷി രീതികൾ തിരിച്ചു കൊണ്ടുവരിക, സ്വന്തമായ വിപണന-വിനിമയ സൗകര്യങ്ങളൊരുക്കുക, സാമൂഹിക വിദ്യാഭ്യാസ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, റിസോഴ്സ് ഗ്രൂപ്പുകൾ സൃഷ്ടിക്കുക, സ്വയം സഹായ സംഘങ്ങളുടെ ശൃംഖലകൾ രൂപീകരിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഗോത്രരശ്മി പദ്ധതിക്കുള്ളത്.

(സി) പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ക്ലാസ്സുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്:

1. ഋതുഭേദങ്ങൾക്കനുസരിച്ച് കൃഷിയും ജീവിത രീതിയും രൂപപ്പെടുത്തുന്നത് സംബന്ധിച്ച ശിൽപ്പശാലകൾ.
2. കൃഷിയും കലാരൂപങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഓർഗാനിക് തിയേറ്റർ
3. ലിംഗപദവി പരിശീലനം

4. നേതൃത്വ പരിശീലനം

5. സമൂഹത്തെക്കുറിച്ചും വ്യക്തിയെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഉപകരിക്കുന്ന പങ്കാളിത്താധിഷ്ഠിത ഗ്രാമവലോകനം (പിആർഎ)

6. റിസോഴ്സ് ഗ്രൂപ്പുകളുടെ പരിശീലനം

(ഡി) ആദിവാസി സമൂഹങ്ങളുടെ വൈവിദ്ധ്യമാർന്ന സാംസ്കാരിക പാരമ്പര്യം പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഗോത്രരശ്മിയുടെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി:

1. ഓർഗാനിക് തിയേറ്റർ

2. ഋതുഭേദ പഠനം

3. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി ചേർന്ന് 11 ലൈബ്രറികൾ

4. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ശേഷിയുള്ള 35 ഗോത്രരശ്മി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇവരുടെ നേതൃത്വത്തിൽ തരിശ് ഭൂമിയിൽ പുതിയതായി കൃഷിയിറക്കുകയും കൊയ്ത്തുത്സവം നടത്തുകയും ചെയ്തു.

## നൈപുണ്യ ശേഷി പരിശീലന പദ്ധതികൾ

18(*78) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികശാസ്ത്ര വികസനത്തിന്റെ ഫലമായി തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി നൈപുണ്യശേഷി പകർന്നു നൽകുന്നതിന് പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ നൈപുണ്യ വികസന മിഷനായി പരിവർത്തനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതുവഴി ലക്ഷ്യമിടുന്ന നേട്ടം അറിയിക്കാമോ;

(സി) വിവിധ മേഖലകളിൽ വൈദഗ്ധ്യം ആർജ്ജിച്ചവർക്ക് തൊഴിൽ അവസരങ്ങൾ കണ്ടെത്തുവാനും സ്വയംതൊഴിൽ സാധ്യത അറിയുന്നതിനും സഹായകരമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യവികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തത്തക്കവിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്.

നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ.

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)
3. അക്രെഡിറ്റേഷൻ പ്രോഗ്രാമുകൾ
4. കൗശൽ കേന്ദ്രകൾ
5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
6. സ്റ്റേറ്റ് ജോബ് പോർട്ടൽ
7. സ്കിൽ രജിസ്ട്രി

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്മെന്റ് സെന്റർ

കൂടാതെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF)-ന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട്, തൊഴിൽ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചുള്ള പുതിയ കോഴ്സുകൾ വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ. കളിൽ നടപ്പിലാക്കുന്നുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളും ഏജൻസികളും നടത്തിവരുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിന്റെയും ഭാഗമായി KASE-നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ നൈപുണ്യ വികസന ഉദ്യമങ്ങളെയും ഏകോപിപ്പിച്ച് സുദൃഢമായ വ്യവസായിക ബന്ധം ഉറപ്പുവരുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുമായി നൈപുണ്യ പരിശീലന പദ്ധതികൾ പ്രാവർത്തികമാക്കുന്ന വിവിധ ഏജൻസികളുമായി ബന്ധം സ്ഥാപിച്ച് അവർക്കിടയിൽ ഒരു ഏകജാലകമായി നിലകൊള്ളുന്നതിനാലാണ് KASE -നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുള്ളത്.

കേരളത്തിലെ യുവാക്കളുടെ തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിനും ഇന്ത്യയിലും വിദേശത്തും തൊഴിൽ ലഭിക്കാൻ പ്രാപ്തരാകുന്ന തരത്തിലുള്ള പരിശീലനം നല്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി എന്ന പേരിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് വികസിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിൽ എന്നിങ്ങനെ വിവിധങ്ങളായ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു വിരൽത്തുമ്പിൽ ലഭ്യമാകും. തൊഴിൽ വൈദഗ്ധ്യമുള്ളവരെ സർവീസ് പ്രൊവൈഡർ ആയും ഇവരുടെ സേവനം ആവശ്യമുള്ളവരെ കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ വൈദഗ്ധ്യം ആർജ്ജിച്ചവർക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുവാനുള്ള അവസരം സ്കിൽ രജിസ്ട്രിയിലൂടെ ലഭിക്കുന്നുണ്ട്. പരീക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിൽ ഈ സംവിധാനം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ സ്റ്റേറ്റ് ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

ഇതുകൂടാതെ, വിവിധ മേഖലകളിൽ വൈദഗ്ധ്യം ആർജ്ജിച്ചവർക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും സ്വയം തൊഴിൽ സാധ്യത അറിയുന്നതിനും സഹായകമായ സംവിധാനം എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് (കേരള) നടപ്പാക്കിവരുന്ന പദ്ധതിയായ 'എംപ്ലോയബിലിറ്റി സെന്ററുകൾ' മുഖേന ജോബ് ഡ്രൈവുകളും നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകളും നടത്തിവരുന്നുണ്ട്. സ്വയം തൊഴിൽ മേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ അറിവ് നൽകി അനുയോജ്യമായ സ്വയം തൊഴിൽ തെരഞ്ഞെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനും ആയതിനുള്ള വായ്പ അനുവദിക്കുന്ന ബാങ്കിംഗ് മേഖലകളെക്കുറിച്ചും വിപണിയെക്കുറിച്ചും അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലും ഒരു എംപ്ലോയ്മെന്റ് ഓഫീസറുടെ (സെൽഫ് എംപ്ലോയ്മെന്റ്) നേതൃത്വത്തിൽ സ്വയം തൊഴിൽ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

സർക്കാർ ഐ.ടി.ഐ.-കളിലെ സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെ സ്വയം തൊഴിൽ സാദ്ധ്യതകൾ അറിയുന്നതിന് സഹായകരമായ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

## ഗ്ലോബൽ ഡെയറി വില്ലേജ്

19(*79) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള സംയോജിത ക്ഷീര വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗ്ലോബൽ ഡെയറി വില്ലേജ് രൂപവത്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അന്തർദ്ദേശീയ ഗുണനിലവാരം ഉറപ്പാക്കുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുതകുന്ന എന്തെല്ലാം ആധുനിക സാങ്കേതികവിദ്യയാണ് ഇതിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരോല്പാദനമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം
6. ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8. ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ബി) സംയോജിത ക്ഷീരവികസന പദ്ധതിയുടെ ഭാഗമായി 2018-19-ൽ തെരഞ്ഞെടുത്ത 10 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 2019-20-ലും 10 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | രണ്ട് പശു യൂണിറ്റ് | 69,000 |

| (1) | (2) | (3) |
|---|---|---|
| 2 | അഞ്ച് പശു യൂണിറ്റ് | 1,84,000 |
| 3 | കോമ്പോസിറ്റ് യൂണിറ്റ് (ഒരു പശു + ഒരു കിടാരി) | 53,000 |
| 4 | കോമ്പോസിറ്റ് യൂണിറ്റ് (3 പശു + 2 കിടാരി) | 1,50,000 |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25,000 |

(സി) ക്ഷീര വികസന വകുപ്പിന്റെ സംയോജിത ക്ഷീരവികസന പദ്ധതിയുടെ ഭാഗമായല്ല ഗ്ലോബൽ ഡെയറി വില്ലേജ് നടപ്പിലാക്കുന്നത്. കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽ പ്രത്യേക സംയോജിത ക്ഷീരവികസന പദ്ധതിയായിട്ടാണ് ഗ്ലോബൽ ഡെയറി വില്ലേജ് നടപ്പിലാക്കുന്നത്.

(ഡി) ഉൽപ്പാദനക്ഷമത കൂടിയ ഇന്ത്യൻ ജനുസുകളെ കണ്ടെത്തി സംരക്ഷിക്കുന്നതിനും അത്തരം പശുക്കളിൽനിന്നും ലഭിക്കുന്ന സവിശേഷഗുണമുള്ള പാൽ അന്താരാഷ്ട്ര നിലവാരത്തിൽ സംസ്കരിച്ച് സ്വദേശത്തും വിദേശത്തും വിപണി ഉറപ്പാക്കത്തക്ക രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നാടൻ പശുക്കൾ ഉൽപ്പാദിപ്പിക്കുന്ന പാലിലുള്ള അമിനോ അമ്ലത്തിന്റെ വ്യത്യസ്തതയാണ് ഇതിന്റെ സവിശേഷ ഗുണത്തിന് കാരണം. കൃത്യമായ നിബന്ധനകളോടെയും ആവശ്യമായ സാക്ഷ്യപ്പെടുത്തലോടെയും പരമാവധി യന്ത്രവൽക്കരണത്തിലൂടെയും ആയുർവേദ സാധ്യതകൾ ഉൾപ്പെടെയുള്ളവ പരിഗണിച്ചുകൊണ്ടുമാണ് പദ്ധതി നടപ്പിലാക്കുന്നത്. മൂല്യവർദ്ധിത പാൽ, യോഗർട്ട്, മൂല്യവർദ്ധിത നെയ്, ഐസ്ക്രീം തുടങ്ങിയ പാലുൽപ്പന്നങ്ങൾ അന്താരാഷ്ട്ര ഗുണനിലവാരം ഉറപ്പാക്കി വിപണനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഉപോല്പന്നങ്ങളായ ചാണകം, ഗോമൂത്രം എന്നിവ ഉപയോഗപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

**പട്ടിക വിഭാഗക്കാരുടെ അവകാശ സംരക്ഷണം**

20(*80) ശ്രീ. ആർ. രാജേഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗപിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവസര സമത്വമൊരുക്കുകയെന്ന ലക്ഷ്യത്തോടെ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സംവരണത്തിനെതിരെ പല ഉന്നതസ്ഥാനീയരും നിലപാട് സ്വീകരിക്കുന്ന സാഹചര്യത്തിൽ അടിച്ചമർത്തപ്പെട്ടിരുന്ന ജനതയുടെ പൗരസ്വാതന്ത്ര്യം, വിദ്യാഭ്യാസം, ഉപജീവനാവകാശം എന്നിവ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന ഉദാരവൽക്കരണനയം സർക്കാർ സേവനമേഖലയെ ചുരുക്കിക്കൊണ്ടുവരുന്നതായതിനാൽ ആ മേഖലയിലെ കരാർ നിയമനങ്ങളിലും എയ്ഡഡ് മേഖലയിലും സ്വകാര്യ മേഖലയിലും കൂടി സംവരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ധരിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഭ്രുവുടമസ്ഥത വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഭരണഘടനയുടെ 46-ാം അനുച്ഛേദം അനുശാസിക്കുന്ന പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തിക പരവുമായ താല്പര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും സാമൂഹികമായ അനീതിയിൽനിന്നും ചൂഷണങ്ങളിൽനിന്നും അവരെ സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാന പദ്ധതിയിൽ ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ തുക ഈ വിഭാഗങ്ങൾക്കായി വകയിരുത്തുകയും ആയത് മേൽപ്രകാരമുള്ള താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ കൃത്യമായി ചെലവഴിച്ചു വരികയും ചെയ്യുന്നു. ഇതിനെതിരായുള്ള നീക്കങ്ങളെ ചെറുത്തു തോല്പിക്കുന്നതിനും ഭരണഘടന

സംരക്ഷിക്കുന്ന എല്ലാ സംവരണങ്ങളും അവകാശങ്ങളും പട്ടികവിഭാഗങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ ജാഗ്രത പുലർത്തുന്നുണ്ട്. പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമവും യഥാവിധി നടപ്പാക്കുന്നതിലും സർക്കാർ ശ്രദ്ധ പുലർത്തുന്നു.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) പട്ടികജാതി വിഭാഗത്തിലെ ഭവനനിർമ്മാണത്തിന് ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിൽ അഞ്ചും നഗരപ്രദേശത്ത് മൂന്നും സെന്റ് വീതം ഭൂമി വാങ്ങുന്നതിന് 2016-17 മുതൽ 2018-19 വരെ 12952 പേർക്കും നടപ്പുവർഷം 1078 പേർക്കും ഇതുവരെ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ദുർബ്ബല വിഭാഗമായ അരുന്ധതിയാർ/ചക്കിലിയൻ, വേടൻ, കള്ളാടി, നായാടി എന്നീ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കൃഷിഭൂമി വാങ്ങി കൃഷി ചെയ്യുന്നതിലേയ്ക്കായി 10 ലക്ഷം രൂപ അനുവദിക്കുന്നു. സംസ്ഥാനത്ത് പട്ടിക വർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി പ്രധാനമായും 3 പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ, വനാവകാശ നിയമം 2006 പ്രകാരം കൈവശരേഖ (RoR) നൽകൽ എന്നിവയാണ് ടി പദ്ധതികൾ. ഈ സർക്കാർ ഇതുവരെ 3536 പേർക്ക് 3444.05 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

21(*81) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയിലൂടെ കർഷകർക്കും ക്ഷീര സംഘങ്ങൾക്കും നൽകിവരുന്ന പ്രോത്സാഹന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഏത് രീതിയിലാണ് ഇൻഷ്വറൻസും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീരഗ്രാമം പദ്ധതി നടത്തിപ്പിനായി ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | രണ്ട് പശു യൂണിറ്റ് | 69,000 |
| 2 | അഞ്ച് പശു യൂണിറ്റ് | 1,84,000 |
| 3 | കോമ്പോസിറ്റ് യൂണിറ്റ് (ഒരു പശു + ഒരു കിടാരി) | 53,000 |
| 4 | കോമ്പോസിറ്റ് യൂണിറ്റ് (3 പശു + 2 കിടാരി) | 1,50,000 |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25,000 |

(ബി) 2019-20 വർഷത്തിൽ 10 ഗ്രാമ പഞ്ചായത്തുകളിലാണ് ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ജില്ല |
|---|---|---|
| 1 | വിളപ്പിൽ | തിരുവനന്തപുരം |
| 2 | കുളക്കട | കൊല്ലം |
| 3 | ശൂരനാട് വടക്ക് | കൊല്ലം |
| 4 | മെഴുവേലി | പത്തനംതിട്ട |
| 5 | പട്ടണക്കാട് | ആലപ്പുഴ |
| 6 | കല്ലൂർക്കാട് | എറണാകുളം |
| 7 | ആനക്കയം | മലപ്പുറം |
| 8 | പെരിങ്ങോട്ട് കുറിശ്ശി | പാലക്കാട് |
| 9 | ഇടശ്ശേരി | കോഴിക്കോട് |
| 10 | ചൊക്ലി | കണ്ണൂർ |

(സി) ക്ഷീര ഗ്രാമം പദ്ധതിയുടെ ഭാഗമായി കർഷകർക്ക് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | രണ്ടുപശു യൂണിറ്റ് | 69,000 |
| 2 | അഞ്ച് പശു യൂണിറ്റ് | 1,84,000 |
| 3 | കോമ്പോസിറ്റ് യൂണിറ്റ് (ഒരു പശു + ഒരു കിടാരി) | 53,000 |
| 4 | കോമ്പോസിറ്റ് യൂണിറ്റ് (3 പശു + 2 കിടാരി) | 1,50,000 |
| 5 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 6 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 7 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 8 | ധാതുലവണ മിശ്രിത വിതരണം | 100 |
| 9 | ഉരുക്കൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള ധനസഹായം | 25,000 |

ഈ പദ്ധതിയുടെ ഭാഗമായി ക്ഷീരസംഘങ്ങൾക്ക് സഹായം നൽകുന്നില്ല.

(ഡി) പാലുല്പാദന വർദ്ധനവിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വാങ്ങുന്ന ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകർക്ക് വകുപ്പിന്റെ ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയുടെ സഹായവും ലഭ്യമാക്കുന്നുണ്ട്.

ക്ഷീരഗ്രാമം പദ്ധതിക്ക് മാത്രമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ വകുപ്പിന്റെ പൊതുവായ മൃഗസംരക്ഷണ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ക്ഷീരഗ്രാമം പദ്ധതിയുടെ ഗുണഭോക്താക്കൾക്കും നൽകുന്നുണ്ട്. ഇതിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം, കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും, മൃഗചികിത്സാ സേവനവും മൃഗാരോഗ്യവും തുടങ്ങിയ രോഗപ്രതിരോധ-നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

## ജല അതോറിറ്റിയുടെ പ്രവർത്തന വിപുലീകരണം

22(*82) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വർഷത്തിനകം ആറ് ലക്ഷം വീടുകൾക്കുകൂടി കുടിവെള്ള കണക്ഷൻ നൽകുകയെന്ന ലക്ഷ്യത്തോടെ ജല അതോറിറ്റി നടത്തി വരുന്ന പ്രവർത്തനത്തിന്റെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ആവർത്തിച്ചുണ്ടായ പ്രളയം കേരള വാട്ടർ അതോറിറ്റിക്ക് കനത്ത നഷ്ടം സൃഷ്ടിച്ചത് വിപുലീകരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; വിശദമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയായ വിവിധ പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കാൻ മുൻഗണന നൽകിയിട്ടുണ്ടോ;

(ഡി) കിഫ്ബി ഫണ്ടുപയോഗിച്ച് ജല അതോറിറ്റി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) 2 വർഷത്തിനകം സംസ്ഥാനത്ത് 6 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഏറ്റവും ചുരുങ്ങിയ ഫണ്ട് വിനിയോഗത്തിലൂടെ ചുരുങ്ങിയ സമയത്തിനുള്ളിൽ നൽകാവുന്ന കണക്ഷനുകൾ തിട്ടപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥതലത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്:

1. നിലവിൽ ജലവിതരണം നടത്തിവരുന്ന കുടിവെള്ള പദ്ധതികളുടെ പൂർണ്ണതോതിലുള്ള വിനിയോഗം ഉറപ്പാക്കുന്ന തരത്തിൽ പുതിയ കണക്ഷനുകൾ നൽകുക.

2. വിതരണനഷ്ടം പരമാവധി കുറച്ച് കുടിവെള്ളലഭ്യത ഉറപ്പാക്കി അതിലൂടെ അധിക കണക്ഷനുകൾ നൽകുക.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതിയോടെ പൊതു ടാപ്പുകൾ നിർത്തലാക്കി പകരം ഗാർഹിക കണക്ഷനുകൾ നൽകുക.

4. ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞ പദ്ധതികളുടെ വിതരണ ശൃംഖലകൾ സ്ഥാപിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകി അതുവഴി പുതിയ ഗാർഹിക കണക്ഷനുകൾ നൽകുക.

5. പുതിയ പദ്ധതികൾ കമ്മീഷൻ ചെയ്യുന്നമുറയ്ക്ക് പുതിയ ഗാർഹിക കണക്ഷനുകൾ നൽകുക.

(ബി) ആവർത്തിച്ചുണ്ടായ പ്രളയത്തിൽ ജലവിതരണത്തിനായുള്ള യന്ത്രസാമഗ്രികളും പമ്പ്ഹൗസുകളും ജലശുദ്ധീകരണശാലകളും മുങ്ങിത്താഴ്ന്ന് പോയതുകാരണം ജലവിതരണം മുടങ്ങിപ്പോയ അവസ്ഥ ഉണ്ടായെങ്കിലും അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി ഇവിടെ പ്രവർത്തനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞതിനാൽ ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്കീമുകളിലെ വിപുലീകരണ പ്രവർത്തനങ്ങളിൽ സാരമായ കാലതാമസം ഉണ്ടായിട്ടില്ല.

(സി) നിർമ്മാണം പൂർത്തിയായ വിവിധ പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കാൻ മുൻഗണന നൽകിയിട്ടുണ്ട്. ഉത്പാദനഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ പൂർണ്ണമായി

പൂർത്തീകരിച്ച് ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും നിലവിലുള്ള വിതരണ ശൃംഖലയെ ദീർഘിപ്പിക്കുന്ന പ്രവൃത്തിക്കും പ്രാധാന്യം നൽകിക്കൊണ്ട് കേരള വാട്ടർ അതോറിറ്റി 128 സ്കീമുകൾ കണ്ടെത്തി. അവയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതികൾക്ക് കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, MLA-ADF. MP ഫണ്ട് മുതലായവയിൽനിന്നും ഫണ്ട് കണ്ടെത്തി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ഓരോ പദ്ധതിയുടെയും പൂർത്തീകരണത്തിനുള്ള കാലയളവ് ഇപ്പോൾത്തന്നെ നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2024-ഓടുകൂടി രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കണക്ഷനുകൾ നൽകുക എന്ന ലക്ഷ്യത്തോടുകൂടി ജലജീവൻ മിഷൻ എന്ന പേരിൽ കേന്ദ്രസർക്കാർ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല. മാർഗ്ഗരേഖ ലഭ്യമായാൽ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് ഗാർഹിക കണക്ഷനുകൾ നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കിഫ്ബി ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

## മുളങ്കാടുകൾ സംരക്ഷിക്കാൻ പദ്ധതി

23(*83) ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കാടുകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ജല സംരക്ഷണത്തിനും മണ്ണൊലിപ്പ് തടയുന്നതിനും ഫലപ്രദമായ മുളങ്കൂട്ടങ്ങൾ നാട്ടിൻപുറങ്ങളിൽ നിന്ന് അപ്രത്യക്ഷമാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മറ്റ് സസ്യങ്ങളെ അപേക്ഷിച്ച് കാർബൺ ആഗിരണ തോത് മുളകൾക്ക് വളരെ കൂടുതലായതിനാൽ പരിസ്ഥിതി സംരക്ഷണത്തിൽ മുളയുടെ പ്രാധാന്യം സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനും നാട്ടിൻപുറങ്ങളിലെ ചെറിയ മുളങ്കാടുകൾ സംരക്ഷിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മുളങ്കാടുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹരിത കേരളം പദ്ധതിയോടനുബന്ധിച്ച് വനം വകുപ്പ് മുളംതൈകൾ തയ്യാറാക്കി വിതരണം ചെയ്യുകയും വകുപ്പ് നേരിട്ടും, സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ എന്നിവയുമായി ചേർന്ന് സംയുക്തമായും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുളംതൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2019-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 174900 മുളംതൈകൾ ഉൽപ്പാദിപ്പിച്ച് വനം വകുപ്പ് വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിസ്ഥിതി സംരക്ഷണത്തിൽ മുളയുടെ പങ്കിനെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി മുളദിനം ആചരിക്കുന്നതുൾപ്പെടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, മറ്റ് പൊതുജനങ്ങൾ എന്നിവർക്കായി സോഷ്യൽ ഫോറസ്ട്രി വിഭാഗം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഹരിത കേരളം മിഷന്റെ പച്ചതുരുത്തുപദ്ധതി മുഖേനയും സംയുക്തമായി പൊതുസ്ഥലങ്ങളിൽ മുളംതൈകൾ നട്ടുപിടിപ്പിക്കുന്ന പരിപാടികൾ വനം വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

## മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

24(*84) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ സവിശേഷതകൾ വിശദമാക്കുമോ;

(ബി) കൂടുതൽ ഉല്പാദനക്ഷമതയുള്ള മികച്ചയിനം കിടാരികളെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം കാലിത്തൊഴുത്ത് നിർമ്മാണത്തിനായി സഹായം നല്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പദ്ധതി മുഖേന കറവയന്ത്രങ്ങൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ആയതിനുള്ള നിബന്ധനകൾ വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക, ഉയർന്ന ജനിതക ഗുണവും ഉയർന്ന ഉല്പാദനക്ഷമതയുമുള്ള ഉരുക്കളെ കർഷകർക്ക് ലഭ്യമാക്കുക, കൂടുതൽപേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരിക, നിലവിലെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക തുടങ്ങിയവയാണ് മിൽക്ക് ഷെഡ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

| ക്രമ നമ്പർ | ഇനവിവരം | ധനസഹായം (രൂപയിൽ) |
|---|---|---|
| 1 | ഗോദാനം 1 പശു യൂണിറ്റ് | 35,000 |
| 2 | 2 പശു യൂണിറ്റ് | 69,000 |
| 3 | 5 പശു യൂണിറ്റ് | 1,84,000 |
| 4 | 10 പശു യൂണിറ്റ് | 3,83,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | കറവയന്ത്രം വാങ്ങുന്നതിന് | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായപദ്ധതി | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | 50,000 |

(ബി) ഉത്പാദനക്ഷമതയുള്ള കിടാരികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിപ്രകാരം 2019-20 വർഷത്തിൽ കൊമ്പോസിറ്റ് ഡെയറി യൂണിറ്റിൽ കറവപശുക്കളോടൊപ്പം കിടാരികളും

ഉൾപ്പെടുന്നുണ്ട്. ഉയർന്ന വർഗ്ഗഗുണവും ഉത്പാദന ക്ഷമത ഉറപ്പുവരുത്തുവാനും കഴിയുന്ന കിടാരികളെ ഇതര സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

ഉൽപ്പാദനക്ഷമത കൂടിയതും ഉയർന്ന വർഗ്ഗ ഗുണമുള്ള കിടാരികളുടെ ലഭ്യത തദ്ദേശീയമായി ഉറപ്പാക്കുന്നതിന് ഹീഫർ പാർക്ക് എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. 100 കിടാരികൾ ഉൾപ്പെട്ട ഹീഫർ പാർക്കിന് 19,37,500 ലക്ഷം രൂപ സബ്സിഡിയായും നൽകുന്നു.

(സി) കാലിത്തൊഴുത്ത് നിർമ്മാണത്തിനായി സഹായം നൽകുന്നു. പുതുതായി കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ചെലവഴിക്കുന്ന തുകയുടെ 50% എന്ന നിരക്കിൽ പരമാവധി 50,000 രൂപവരെ ധനസഹായം നൽകുന്നു. കൂടാതെ അവശ്യാധിഷ്ഠിത പദ്ധതി പ്രകാരം കർഷകർക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിന് സഹായം നൽകുന്നുണ്ട്. 2019-20 വർഷത്തിൽ 1000 കാലിത്തൊഴുത്ത് നിർമ്മാണത്തിന് 543 ലക്ഷം രൂപയും അവശ്യാധിഷ്ഠിത സഹായത്തിനായി 745 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) കറവക്കാരുടെ ദൗർലഭ്യം കണക്കിലെടുത്തും കൂടുതൽ പശുക്കൾ വളർത്തുന്ന കർഷകരുടെ സൗകര്യം കണക്കിലെടുത്തും കറവയന്ത്രങ്ങൾ വാങ്ങുന്നതിന് സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കറവയന്ത്രത്തിന്റെ വിലയുടെ 50% എന്ന നിരക്കിൽ പരമാവധി 50,000 രൂപ വരെയാണ് ധനസഹായമായി നൽകുന്നത്.

2019-20 വർഷത്തിൽ കറവയന്ത്രം വാങ്ങുന്നതിന് 68.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ 567 കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

അഞ്ചിൽ കൂടുതൽ കറവപശുക്കൾ വളർത്തുന്നവർക്കാണ് കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നത്.

## മൃഗസംരക്ഷണ പദ്ധതികൾ

25(*85) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ അനിമൽ റിസോഴ്സ് ഡെവലപ്മെൻറ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുതു സംരംഭകരെ മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 1. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

2. കന്നുകാലി വികസന പദ്ധതി

3. കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)

4. ഊർജ്ജിത കന്നുകാലി വികസനം - ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

5. ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്സ്

6. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

7. ആട് വളർത്തൽ യൂണിറ്റുകൾ

8. കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി

9. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി.

10. 2018-19 പുതുതായി ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.) പദ്ധതിയുടെ കീഴിൽ

a. മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

b. വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി

c. മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം.

11. കോഴിവളർത്തൽ പദ്ധതി

12. വെറ്ററിനറി സേവനം

13. കർഷക പരിശീലന പരിപാടികൾ

14. വികസനവും പരിശീലനവും

15. സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും

16. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

17. കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും (60% കേന്ദ്ര സഹായം)

18. നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ (60% കേന്ദ്ര സഹായം)

19. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്ര സഹായം)

20. കന്നുകാലി സെൻസസ് (100% കേന്ദ്ര സഹായം)

21. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം

22. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം

23. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

24. മൃഗചികിത്സ സേവനവും മൃഗാരോഗ്യവും

25. കന്നുകാലി എരുമ സംവർദ്ധനം

26. വികസനവും പരിശീലനവും

27. ആർ.ഐ.ഡി.എഫ്.-ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ

28. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്.-എം.പി.ഐ.

29. പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്. കേരള ഫീഡ്സ്

(ബി) 1. ആട് വളർത്തൽ യൂണിറ്റുകൾ

വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. 2018-19-ൽ ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 140 യൂണിറ്റുകൾ സ്ഥാപിച്ചു. 2019-20-ൽ 191 യൂണിറ്റുകൾ സ്ഥാപിക്കും.

2. മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി

മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം ലഭിക്കും. 2018-19-ൽ 995 പേർക്ക് സഹായം ലഭിച്ചു. 2019-20-ൽ 891 പേർക്ക് സഹായം ലഭിക്കും.

3. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി

മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശയിനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2018-19-ൽ സംസ്ഥാനമൊട്ടാകെ 6000 പേർക്ക് പദ്ധതികൊണ്ട് ആശ്വാസം ലഭിച്ചു. 2019-20-ൽ 3778 പേർക്ക് സഹായം ലഭിക്കും.

4. മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം - (heifer rearing)

2019-20-ൽ പുതിയതായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഒരു യൂണിറ്റിന് 25,000 രൂപ വീതം 1120 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(സി) ഉണ്ട്. പലിശ സബ്സിഡി നൽകുകവഴി പുതുസംരംഭകരെ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ആകർഷിക്കാനും യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായകരമായിട്ടുണ്ട്.

## സാമൂഹ്യപഠനമുറി പദ്ധതി

26(*86) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സാമൂഹ്യപഠനമുറി എന്ന പേരിൽ പൊതുപഠന കേന്ദ്രങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ;

(സി) നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠന മുറി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, ടി വിദ്യാർത്ഥികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക, കുട്ടികൾ ഗൃഹപാഠങ്ങൾ ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക, മെച്ചപ്പെട്ട പഠന അന്തരീക്ഷം പ്രദാനം ചെയ്യുക എന്നിവ ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

സാമൂഹ്യ പഠനമുറി എന്ന പദ്ധതി ഊരുകൾ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലും മറ്റ് സമാന ഇടങ്ങളിലും സാമൂഹ്യ പഠനമുറി പ്രവർത്തിപ്പിച്ചു. ഒരു സാമൂഹ്യ പഠന മുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരേ സമയം പഠനം നടത്താവുന്നതാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. 1-ാം ക്ലാസ്സ് മുതലുള്ള വിദ്യാർത്ഥികളുടെ പഠനത്തിന് സഹായിക്കുന്ന ഫെസിലിറ്റേറ്റർമാരുടെ സേവനം സാമൂഹ്യ പഠന മുറികളിൽ ലഭ്യമാണ്.

(സി) സാമൂഹ്യ പഠന മുറികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| കാസർഗോഡ് | 30 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 125 |

## എക്സൈസിൽ മൂന്നാംമുറ ഒഴിവാക്കാൻ നടപടി

27(*87) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് കേസ്സുകളുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുക്കുന്ന പ്രതികൾ കസ്റ്റഡിയിൽ കൊല്ലപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ബി) പ്രതികളെ കസ്റ്റഡിയിലെടുക്കുന്നതിനും ചോദ്യം ചെയ്യുന്നതിനും ഉള്ള നടപടിക്രമങ്ങൾ വ്യക്തമാക്കി എക്സൈസ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രതികൾക്കെതിരെ മൂന്നാംമുറ ഉപയോഗിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വസ്തുതാപരമല്ല

(ബി&സി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*

(ഡി) കർശന നടപടി സ്വീകരിക്കുന്നതാണ്.

## അതിഥി തൊഴിലാളികൾക്ക് ഫെസിലിറ്റേഷൻ സെന്റർ

28(*88) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ തേടിയെത്തുന്ന അതിഥി തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ എവിടെയെല്ലാമാണ് അവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെന്ററുകൾ മുഖേന ലഭ്യമാക്കുന്നതെന്നും അറിയിക്കാമോ;

(സി) അതിഥി തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നതിനും അവർക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ സംബന്ധിച്ച് ബോധവാന്മാരാക്കുന്നതിനും ഭാഷാപരിജ്ഞാനമുള്ള വോളണ്ടിയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ തൊഴിലാളികളുടെ ഇടയിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ "ശ്രമിക് ബന്ധു" എന്ന പേരിൽ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഫെസിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കൂടാതെ മറ്റു ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ യാത്ര സംബന്ധമായ എല്ലാ ആവശ്യങ്ങളിലും ഫെസിലിറ്റേഷൻ സെന്റർ മുഖേന മാർഗ്ഗനിർദ്ദേശം നൽകിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളെ അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കാനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുവാനും ഫെസിലിറ്റേഷൻ സെന്റർ മുഖേന കഴിയുന്നു. നിർമ്മാണ മേഖലയിലെ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർതലത്തിൽനിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ ഫെസിലിറ്റേഷൻ സെന്റർ മുഖേന സഹായം നൽകുന്നു. കൂടാതെ ആവാസ് ഇൻഷ്വറൻസ് സ്കീമിന്റെ രജിസ്ട്രേഷനും ഫെസിലിറ്റേഷൻ സെന്റർ മുഖേന നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരികയും ചെയ്യുന്നു.

**ലഹരി വിമുക്ത പ്രവർത്തനം**

29(*89) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. ജോയി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കമരുന്ന്, രാസവസ്തുക്കൾ ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവയുടെ വിതരണ ശൃംഖല തകർക്കുന്നതിനും ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ അതിൽ നിന്നും മുക്തരാക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനം ശാക്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി പുതുതായി കേരള സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ലഹരി വിമുക്ത കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ലഹരി വിരുദ്ധ സന്ദേശ പ്രചരണം വ്യാപകമാക്കുന്നതിനും ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വ്യാപനവും തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

മയക്കുമരുന്ന്, രാസവസ്തുക്കൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിതരണ ശൃംഖല തകർക്കുന്നതിന് അവയുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനുതകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പുതുതലമുറയെ നാശോന്മുഖമാക്കുന്ന മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതു സമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടവരെ അതിൽനിന്ന് മോചിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 14 ജില്ലകളിലുമായി ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങിയിട്ടുണ്ട്.

(ബി) എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ചതിനുപുറമെ സംസ്ഥാന തലത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി സംഘടിപ്പിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'നാളത്തെ കേരളം ലഹരി മുക്ത കേരളം' എന്ന പേരിൽ ഒരു തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

**മദ്യനയം**

30(*90) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(ബി) മദ്യവർജ്ജനം എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള മദ്യനയം മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിന് സഹായകമാണോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ബാർ ലൈസൻസുകൾ അനുവദിക്കുകയും മുൻസർക്കാരിന്റെ കാലത്ത് പൂട്ടിയ ബാറുകളുടെ ലൈസൻസ് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; അവയുടെ പ്രവർത്തനം വിജയപ്രദമാണോ;

(ഇ) ആദിവാസി മേഖലയിലും തീരദേശ മേഖലയിലും ജനങ്ങളിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയിൽ നിന്നും അവരെ മോചിപ്പിക്കുന്നതിന് എന്തെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സമ്പൂർണ്ണ മദ്യ നിരോധനം പ്രായോഗികമല്ലായെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ട്. മദ്യനിരോധനം നടപ്പിലാക്കിയ സ്ഥലങ്ങളിൽ വ്യാജമദ്യ നിർമ്മാണവും വിതരണവും വിൽപ്പനയും ഗണ്യമായ രീതിയിൽ വർദ്ധിച്ചിട്ടുള്ളതായി കാണാൻ സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ മദ്യപാനശീലം നിലനിൽക്കുന്ന കാലത്തോളം മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുന്നതല്ല. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തിയാൽ സ്ഥിരം മദ്യപാനികൾ ലഹരിക്കായി മറ്റുസ്രോതസ്സുകൾ തേടിപ്പോകാനുള്ള സാധ്യതയുമുണ്ട്. ആയതിനാൽ ബോധവൽക്കരണത്തിലൂടെയും ലഹരിവർജ്ജന ആശയങ്ങളുടെ പ്രചരത്തിലൂടെയും മദ്യാസക്തി കുറയ്ക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) സഹായകരമാണ്. മദ്യപാനശീലം പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമ്പൂർണ്ണ ലഹരിവിമുക്ത കേരളീയ സമൂഹത്തെ വാർത്തെടുക്കുന്നത് ലക്ഷ്യമാക്കിയാണ് പുതിയ മദ്യനയം വിഭാവനം ചെയ്തിട്ടുള്ളത്. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലാത്തതിനാൽ മദ്യ ഉപയോഗം കുറയ്ക്കുന്നതോടൊപ്പം മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും മദ്യവും ലഹരിയും ഉപയോഗിച്ചു തുടങ്ങിയിട്ടില്ലാത്തവരെ ഇവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെപ്പറ്റി ബോധവാൻമാരാക്കി അവരെ മദ്യത്തിന്റെ ഉപയോഗത്തിൽനിന്നും പൂർണ്ണമായും തടയുന്നതിനുള്ള ലഹരി വർജ്ജന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനാണ് നയം ലക്ഷ്യമിട്ടിരിക്കുന്നത്. ലഹരിവർജ്ജനത്തിനായുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യ ഉപഭോഗം കുറയുന്നതിനനുസരിച്ച് മദ്യത്തിന്റെ ആവശ്യകത കുറയുമ്പോൾ മദ്യത്തിന്റെ ലഭ്യതയും കുറയ്ക്കാനാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 158 ബാർ ലൈസൻസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. 23-6-2017-ലെ ജി.ഒ.(പി)നമ്പർ 43/2017 നമ്പർ സർക്കാർ ഉത്തരവുപ്രകാരം 2014 മാർച്ച് 31 വരെ എഫ്.എൽ. 3 ലൈസൻസ് ഉണ്ടായിരുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ വിനോദസഞ്ചാര വകുപ്പ് അനുവദിക്കുന്ന 3 Star, 4 Star, 5 Star, 5 Star deluxe, heritage, heritage grand or heritage classic ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചമുറയ്ക്ക് മുൻസർക്കാരിന്റെ കാലത്ത് ബിയർ & വൈൻ പാർലറുകളായി പ്രവർത്തിച്ചിരുന്ന 383 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുമുണ്ട്.

(ഡി) ഉണ്ട്. വിമുക്തി ഡി-അഡിക്ഷൻ സെന്ററുകളിൽ 2019 സെപ്റ്റംബർ വരെ 13000 പേർക്ക് ഔട്ട് പേഷ്യന്റ് സേവനവും 1708 പേർക്ക് കിടത്തി ചികിത്സയും നൽകിയിട്ടുണ്ട്. വിമുക്തി മിഷന്റെ ഈ സംരംഭം ഫലപ്രദവും ഏറെ വിജയപ്രദവുമാണ്.

(ഇ) സംസ്ഥാനത്തെ ആദിവാസി, തീരദേശ മേഖലകളിൽ പ്രത്യേക ശ്രദ്ധ നൽകി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആദിവാസി ഊരുകളിലെ യുവതീയുവാക്കൾക്ക് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി തൃശ്ശൂർ എക്സൈസ് അക്കാദമിയിൽ വച്ച് പരിശീലനം നൽകുകയും വിവിധ കോളേജുകളിലെ എൻ.എസ്.എസ്., എൻ.സി.സി. വിദ്യാർത്ഥികളുടെ സഹകരണത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി മേഖലകളിലെ ലഹരി ഉപയോഗിക്കുന്നവരെ അതിൽനിന്നും പിന്തിരിപ്പിക്കുവാനും വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് അവരെ തിരിച്ചുവിടുവാനും ലക്ഷ്യമിട്ട് ടി മേഖലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് സെന്ററുകൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളതുമാണ്. ജനമൈത്രി എക്സൈസ് സ്ക്വാഡുകളും ആദിവാസി മേഖലയിൽ മെച്ചപ്പെട്ട ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## പടവുകൾ മാഗസിൻ

1(791) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രസിദ്ധീകരിക്കുന്ന പടവുകൾ മാഗസിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണ്; അവരുടെ ഔദ്യോഗിക മേൽവിലാസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാഗസിനിലേയ്ക്കുള്ള രചനകളുടെ അംഗീകാരം നൽകുന്നത് ആരാണ്; ഒരു കമ്മിറ്റിയാണ് നൽകുന്നതെങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത മാഗസിനിലേയ്ക്ക് വരുന്ന കൃതികൾ മറ്റ് മാഗസിനുകൾക്ക് മറിച്ചു നൽകുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) ചീഫ് എഡിറ്റർ

പി.ഐ. ശ്രീവിദ്യ, ഐ.എ.എസ് (ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് & പിന്നാക്ക സമുദായ വികസന വകുപ്പ്)

അംഗങ്ങൾ :ഡോ.പി. പുകഴേന്തി ഐ.എഫ്.എസ്. (ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്)

എഡിറ്റർ : ജെ.എൻ.ബാബു

മാനേജർ : എസ്.എൻ. നന്ദകുമാർ (ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്)

(ബി) മാഗസിനിലേയ്ക്ക് രചനകൾ തെരഞ്ഞെടുക്കുന്നത് എഡിറ്ററാണ്.

(സി) അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽനിന്നും അനധികൃതമായി ഫീസ് ഈടാക്കുന്നത്

2(792) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ നിന്നും സ്വാശ്രയ മാനേജ്മെന്റ് കോളേജ് അധികൃതർ അനധികൃതമായി ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രവേശനം നേടുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്ന് ഏതെല്ലാം ഇനങ്ങളിലായിട്ടാണ് സർക്കാർ ഫീസ് ഈടാക്കുന്നത്; ഇത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽ നിന്ന് അനധികൃതമായി ഈടാക്കിയ ഫീസ് ഈ സർക്കാർ നിലവിൽ വന്ന ശേഷം തിരിച്ചു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളിൽനിന്നും സർക്കാർ ഫീസൊന്നുംതന്നെ ഈടാക്കുന്നില്ല.

(സി) ബാധകമല്ല.

## ആയവന പഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

3(793) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മണ്ഡലത്തിലെ ആയവന ഗ്രാമപഞ്ചായത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) പരിഗണനയിലുണ്ട്. റവന്യൂ വകുപ്പിന്റെ കൈവശമുള്ള നിർദ്ദിഷ്ട സ്ഥലം ഒരു കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് വകുപ്പിന് കൈമാറിയിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി സങ്കേതങ്ങൾ**

4(794) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി സങ്കേതങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 87 പട്ടികജാതി സങ്കേതങ്ങളുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ താമരവെള്ളച്ചാൽ (പ്രാണഞ്ചേരി പഞ്ചായത്ത്) തോക്കാട്ടുകര (നടത്തറ പഞ്ചായത്ത്) എന്നീ കോളനികളിൽ വികസന പദ്ധതികളും കോർപ്പസ് ഫണ്ട് മുഖേന മതിക്കുന്ന് പട്ടികജാതി കോളനിയിൽ (പുത്തൂർ പഞ്ചായത്ത്) മണ്ണ് ജല സംരക്ഷണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(സി)

| ക്രമ നമ്പർ | കോളനിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | താമരവെള്ളച്ചാൽ | 80,00,000 |
| 2 | തോക്കാട്ടുകര | 50,00,000 |
| 3 | മതിക്കുന്ന് | 13,43,985 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിപ്പാട് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ കെട്ടിടനിർമ്മാണം

5(795) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽ പള്ളിപ്പാട് വില്ലേജിലെ റീസർവ്വേ നമ്പർ-1, 2/2, 6/2, 6/3 ഉൾപ്പെട്ട 102 സെന്റ് സ്ഥലം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് ഹരിപ്പാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി 102 സെന്റ് സ്ഥലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽനിന്നും വകുപ്പിലേയ്ക്ക് മാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) സ്ഥലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽനിന്നും പട്ടികജാതി വികസന വകുപ്പിലേയ്ക്ക് കൈമാറി ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

## പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സബ് ഓഫീസ്

6(796) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഒരു സബ് ഓഫീസ് മാവേലിക്കരയിൽ ആരംഭിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസ് മാവേലിക്കരയിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത കത്തിന്മേൽ എം.ഡി.-യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ചും കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയും സബ് ഓഫീസിന്റെ ആവശ്യകതയും കണക്കിലെടുത്തും മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

7(797) ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവസ്ഥ ഇപ്പോഴും ദയനീയമാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയും, കേന്ദ്രവിഹിതമായി ലഭിച്ച തുകയും എത്രയാണ്; ഏതെല്ലാം പദ്ധതികൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചത്; ആയതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഫണ്ടുകൾ കൃത്യമായി ചെലവഴിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബഡ്ജറ്റിൽ ലഭ്യമാകുന്ന തുക വിവിധ വകുപ്പുകളായ പൊതുമരാമത്ത്, ഗ്രാമ വികസന വകുപ്പ്, കിർത്താഡ്സ്, കുടുംബശ്രീ എന്നീ വകുപ്പുകൾ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതൽ 2019-20 വർഷംവരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

(തുക ലക്ഷത്തിൽ)

| വർഷം | സംസ്ഥാന വിഹിതം | കേന്ദ്രാവിഷ്കൃതവിഹിതം (50%75% 100%) |
|---|---|---|
| 2016-17 | 52665.02 | 8447.16 |
| 2017-18 | 57508.02 | 8989.3 |
| 2018-19 | 58712 | 8230.02 |
| 2019-20 | 62488 | 7450.03 |

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ബഡ്ജറ്റിൽ ലഭ്യമായ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് പദ്ധതി തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

ഇതുസംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം**

8(798) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് 7 വർഷം കഴിഞ്ഞാൽ മാത്രമേ അറ്റകുറ്റപ്പണികൾക്ക് പ്രോജക്ട് തുക അനുവദിക്കുകയുള്ളൂ എന്നത് ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) 7 വർഷം കഴിയുമ്പോൾ ടി ഭവനങ്ങൾ പൂർണ്ണമായും നശിക്കുന്ന തരത്തിൽ എത്തിച്ചേരുന്നതായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്താക്കളെ നിയമാനുസൃതം കണ്ടെത്തുവാൻ കഴിയാതെ ഫണ്ടുകൾ ലാപ്സാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിശ്ചിത കാലദൈർഘ്യം മാറ്റി എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) വാസയോഗ്യമായ നിലയിൽ നിർമ്മാണം പൂർത്തിയാക്കിയ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾക്ക് 6 വർഷം പൂർത്തിയാകുന്നതനുസരിച്ച് വീടുകളുടെ അറ്റകുറ്റപ്പണികൾക്കും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്.

അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ലക്ഷ്യമിടുന്നതിനാലും മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടും നാളിതുവരെ പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് 150 ലക്ഷം രൂപവരെയുള്ള അധിക ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതിനാലും പട്ടികജാതി വികസന വകുപ്പ് ഭവന പുനരുദ്ധാരണ പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല.

ഇക്കാര്യത്തിൽ മറ്റ് ഭേദഗതികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

**അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ**

9(799) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് എന്നീ പദ്ധതികളിൽ അനുവദിച്ച നാല് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മാടക്കാംപൊയിൽ, കാരന്തോട് കോളനി എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ (2016-17) തെരഞ്ഞെടുത്തിരുന്നു. 2019 ഡിസംബറിനകം ടി പദ്ധതി പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടുത്തുവയൽ, എയ്യങ്കല്ല് എന്നീ പട്ടികവർഗ്ഗ കോളനികളെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയുടെ ഡി.പി.ആർ. രണ്ട് തവണ നിർവ്വഹണ ഏജൻസി സമർപ്പിച്ചെങ്കിലും തിരുത്തലുകൾ ഉള്ളതിനാൽ ഡി.പി.ആർ. തിരികെ നൽകിയിരുന്നു. തിരുത്തലുകൾ വരുത്തിയ ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി കോളനികളുടെ നിർവ്വഹണ ഏജൻസി കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രവും പട്ടികവർഗ്ഗ കോളനികളുടെ നിർവ്വഹണ ഏജൻസി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരവും ആണ്.

(സി & ഡി) ഉണ്ട്. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ ഡി.പി.ആർ. നിർവ്വഹണ ഏജൻസി സമർപ്പിച്ചെങ്കിലും രണ്ട് തവണ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കാലതാമസം കൂടാതെ പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻ പദ്ധതികൾ

10(800) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും അവരെ സമൂഹത്തിലെ മറ്റുവിഭാഗങ്ങൾക്കൊപ്പം എത്തിക്കുന്നതിനും ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കിയതോടുകൂടി അവരുടെ വിദ്യാഭ്യാസ നിലവാരത്തിലുണ്ടായിട്ടുള്ള ഉയർച്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി-ടെക് ബിരുദധാരികൾക്ക് ഉയർന്ന ഗേറ്റ് സ്കോർ നേടുന്നതിനായി പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊഫഷണൽ കോഴ്സുകളിൽ കൂടുതൽ പേർക്ക് പ്രവേശനം ഉറപ്പുവരുത്തുവാൻ എൻട്രൻസ് അധിഷ്ഠിത ട്യൂഷൻ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതുമൂലം ഉണ്ടായിട്ടുള്ള മാറ്റം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 23-7-2015-ലെ സ.ഉ. (പി) 4/16/പ.ജ.പ.വ.വി.വ. പ്രകാരം 25% വർദ്ധിപ്പിച്ചു.

2. Polytechnic, B.Sc., M.Sc. (Computer Science), M.Sc. (Electronics), MBBS, BAMS, BHMS, B.VSc & AH, MBA, B.Arch, M.Phil, P.hd എന്നീ കോഴ്സുകളെ ലാപ്ടോപ് ധനസഹായ പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തി.

3. ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി 2017-18 മുതൽ ബി.ടെക് വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി അവർ പരാജയപ്പെടുന്ന പേപ്പറുകൾ എഴുതിയെടുക്കുവാൻ റമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കി.

4. നൃത്ത/സംഗീതവിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.

5. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിലെ ചെലവ് കണ്ടെത്തുന്നതിനായി 2,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

6. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.

7. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരും ഹോസ്റ്റൽ അന്തേവാസികളുമായവർക്ക് നൽകുന്ന താമസ ഭക്ഷണച്ചെലവ് 3,500 രൂപയിൽ നിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചു.

8. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങൾ ഒരുക്കുന്നതിനായി പഠനമുറി പണിയുന്നതിന് 2,00,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

9. സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള 12 ഗവ/എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ നൽകുന്ന പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നു.

10. പ്ലസ് ടു പഠനത്തിനുശേഷം വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം നൽകുന്ന പദ്ധതി 2019-20 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുക എന്ന നിലയിലാണ് മേൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

(സി) ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുവാൻ 'വിഷൻ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്ലസ് വൺ, പ്ലസ് ടു പഠനത്തോടൊപ്പം നൽകുന്ന ടി പരിശീലന പദ്ധതിക്ക് 2 വർഷത്തേയ്ക്ക് 20,000 രൂപ വരെ അനുവദിച്ചുനൽകുന്നു. സർക്കാർ അംഗീകൃത സ്കൂളുകളിൽ എസ്.എസ്.എൽ.സി. പഠിച്ച് എല്ലാ വിഷയങ്ങൾക്കും ബി+ൽ കുറയാത്ത ഗ്രേഡ് വാങ്ങി പ്ലസ് വൺ-ന് സയൻസ് ഗ്രൂപ്പെടുത്ത് പഠിക്കുന്ന എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്കാണ് പ്ലസ് വൺ, പ്ലസ് ടു പഠനത്തോടൊപ്പം ഈ ധനസഹായം ലഭിക്കുന്നത്.

കൂടാതെ പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിനായി 50,000 രൂപ വീതം അനുവദിക്കുന്ന പദ്ധതിയും ഈ വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

11(801) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് വിഹിതമായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികമായ പിന്നാക്കാവസ്ഥ മെച്ചപ്പെട്ടിട്ടില്ലായെന്ന കാര്യം വസ്തുതയാണോ;

(ബി) പട്ടികജാതി വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആരെയാണ് അതിനായി നിയോഗിച്ചിട്ടുള്ളത്;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനം വിലയിരുത്തുന്നതിന് നടത്തിയ സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; നിലവിൽ എത്ര പേർക്കാണ് ഇത് നൽകുന്നത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർക്കാർ നടപ്പാക്കിവരുന്ന വിവിധ സാമൂഹ്യക്ഷേമ പരിപാടികൾ, സാമ്പത്തിക വികസന പരിപാടികൾ, വിദ്യാഭ്യാസ പരിപാടികൾ എന്നിവയുടെ ഫലമായി പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

(ബി) പട്ടിക വിഭാഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സ്ഥിതി അറിയിക്കുന്നതിനും വിലയിരുത്തുന്നതിനും Digital Survey നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പട്ടികജാതി വിഭാഗത്തിന്റെ സ്റ്റാർട്ട് അപ് സംരംഭമായ Mergious എന്ന സ്ഥാപനത്തെയാണ് ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനം വിലയിരുത്തുന്നതിനുള്ള സർവ്വേ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വാലിഡേഷൻ നടപടികൾ പൂർത്തിയായശേഷം റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 30 വിദ്യാർത്ഥികൾക്ക് സ്വകാര്യ പരിശീലന കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസസ് പരിശീലനം നൽകുന്നതിനായി 'ലക്ഷ്യ" എന്ന പേരിൽ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ഗോത്രരശ്മി പദ്ധതി

12(802) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി ഗോത്രരശ്മി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ പട്ടികഗോത്ര വിഭാഗങ്ങൾക്ക് ഉണ്ടായിട്ടുള്ള ഉന്നമനം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ മുതുവാൻ, മന്നാൻ, ഊരാളി, പളിയ, ഹിൽപുലയ എന്നീ വിഭാഗങ്ങളെ തെരഞ്ഞെടുത്ത് അവർ ഇന്നനേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ശക്തമായ ഒരു നേതൃനിര വാർത്തെടുക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ്, വിവ എന്ന സാംസ്കാരിക സംഘടനയുടെ സഹകരണത്തോടെ 'ഗോത്രരശ്മി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ശാക്തീകരണത്തിന് ടി പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാരുടെ ജീവിത രീതികളിലെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ട് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ കരുത്താർജ്ജിക്കുന്നതിനും അവർക്ക് ആത്മവിശ്വാസം പകരുന്നതിനും ലക്ഷ്യംവച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്.

ഗോത്ര വിഭാഗങ്ങളുടെ കലാരൂപങ്ങൾ, കൃഷി, ആചാരാനുഷ്ഠാനങ്ങൾ, ഋതുഭേദ സഞ്ചാര പഠനത്തിലൂടെ മനസ്സിലാക്കൽ, ആയതനുസരിച്ചുള്ള കൃഷിരീതി നടപ്പിലാക്കൽ, കാർഷിക സംസ്കൃതി പരിപോഷിപ്പിക്കൽ, ലഹരി വിമുക്ത പ്രവർത്തനം, സ്ത്രീ സൗഹൃദ ഊരുകളുടെ നിർമ്മിതി, നിർണ്ണായകമായ തീരുമാനമെടുക്കൽ പ്രക്രിയയിൽ കടന്നുവരുവാൻ യുവതീയുവാക്കളെ പ്രാപ്തമാക്കൽ തുടങ്ങിയവാണ് ഗോത്രരശ്മി എന്ന പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

ഇടുക്കി ജില്ലയിലെ 5 പ്രധാനപ്പെട്ട ഗോത്ര സമൂഹങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും സാധിച്ചു.

- ഗോത്രസമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ യഥാസമയം കണ്ടെത്തി ഭരണ സംവിധാനങ്ങൾക്ക് മുൻപിൽ അവ വ്യക്തമായി അവതരിപ്പിച്ച് ഫലപ്രദമായ രീതിയിൽ അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് പ്രാപ്തിയുള്ള 50 ഗോത്രരശ്മി ഗ്രൂപ്പുകൾ രൂപീകരിച്ചു.
- 200 സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചു.
- 5 ഇടങ്ങളിലായി മതനിരപേക്ഷ കൂട്ടായ്മകൾ സംഘടിപ്പിച്ചു.
- സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തി
- വായനശാലകൾ രൂപീകരിച്ചു.
- ഓർഗാനിക് തിയറ്ററിന്റെ ഭാഗമായി 5 ഇടങ്ങളിലായി 8 ഏക്കറിൽ കൃഷി നടത്തി.
- ലഹരി ബോധവൽക്കരണത്തിന്റെ ഭാഗമായി തെരുവ് നാടക സംഘം രൂപീകരിച്ചു.
- ഗോത്രവർഗ്ഗ ജനതയെ സംബന്ധിച്ച് പ്രാഥമിക വിവരശേഖരണം നടത്തി.
- ഋതുഭേദ സഞ്ചാര പഠന പുസ്തകം തയ്യാറാക്കി.

സാമൂഹിക പരിവർത്തനങ്ങളും സാമ്പത്തിക ഉന്നതിയും ഗോത്രസംസ്കൃതിയും പരിരക്ഷിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ഗോത്രരശ്മി. കാർഷികവൃത്തി മുതൽ പരമ്പരാഗതകലകളെവരെ പരസ്പരം സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു നേതൃത്വപരിശീലനവും ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. കാലാവസ്ഥയ്ക്ക് അനുസൃതമായ രീതിയിൽ പണ്ടുകാലങ്ങളിൽ ചെയ്തുവന്നിരുന്ന കൃഷിരീതി അനുവർത്തിക്കുന്നതിനും ഗോത്രരശ്മി ഉപകരിച്ചു. മദ്യം, മയക്കുമരുന്നുകൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികളും പാരമ്പര്യകലകളുടെ സംരക്ഷണവും കാർഷിക സംസ്കൃതിയുടെ പരിപാലനവും ഉൾപ്പെടെ ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് ഗോത്രരശ്മി.

## നെടുമങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

13(803) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖാന്തിരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസനവകുപ്പ് കോർപ്പസ് ഫണ്ടുപയോഗിച്ചും സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയും നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ഈ രണ്ട് പദ്ധതികൾ കൂടാതെ പട്ടികജാതി വിഭാഗക്കാർക്കായി പഠനമുറി, ലൈഫ് മിഷനുമായി ചേർന്ന് പൂർത്തീകരിക്കാതെ മുടങ്ങിക്കിടക്കുന്ന ഭവനങ്ങളുടെ പൂർത്തീകരണം, ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി നൽകൽ, പട്ടികജാതിക്കാരിലെ ദുർബലവിഭാഗങ്ങളെ പ്രത്യേകം സ്കീമിൽ ഉൾപ്പെടുത്തി ടോയ്‌ലെറ്റ്, പഠനമുറി, വീടിന് അറ്റകുറ്റപ്പണി, ഭവനനിർമ്മാണം എന്നിവയ്ക്കുള്ള ധനസഹായം മുതലായ വികസന പ്രവർത്തനങ്ങൾകൂടി വകുപ്പ് മുഖേന ചെയ്തുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി.എസ്.പി. ഫണ്ടുപയോഗിച്ച് നെടുമങ്ങാട്, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ് മുഖേന നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഭക്ഷ്യ സഹായ പദ്ധതികളും വിദ്യാഭ്യാസാനുകൂല്യങ്ങളും നടപ്പിലാക്കുന്നുണ്ട്. നിർമ്മാണ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി**

14(804) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള മുല്ലശ്ശേരി പഞ്ചായത്തിലെ മതുക്കര, ചൂണ്ടൽ പഞ്ചായത്തിലെ പെരുമല എന്നീ എസ്.സി. കോളനികളിൽ ഇനി ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടോയെന്നും എങ്കിൽ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) 2019-20 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ എം.എൽ.എ. ശിപാർശചെയ്ത ഇറിഗേഷൻ എസ്.സി. കോളനിയെ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മതുക്കര കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 6 പദ്ധതികളിൽ 3 സോളാർ സ്ട്രീറ്റ് ലൈറ്റ്, ഒരു ഹൈമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥല ലഭ്യതയുടെ അഭാവത്താൽ ആരംഭിച്ചിട്ടില്ല. മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. എസ്റ്റിമേറ്റിൽ ഒഴിവാക്കിയ പ്രവൃത്തികൾക്കുപകരമായി പുതിയ പ്രവൃത്തികൾകൂടി ഉൾപ്പെടുത്തുന്നതിനായി 21-10-2019-ൽ മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മേൽപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പെരുമല പട്ടികജാതി കോളനിയിൽ നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം ദേവസ്വം ഭൂമി ആയതിനാൽ നിർമ്മാണ പ്രവൃത്തികൾക്ക് പരിഗണിക്കാനാകില്ല.

(ബി) പ്രസ്തുത ശിപാർശ 9-10-2019-ലെ ഡെവ-ഡി1-4514/19 നമ്പർ നടപടി ക്രമപ്രകാരം 2019-20-ലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

15(805) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് ഇതുവരെ വികസനം നടപ്പാക്കാൻ സാധിച്ചിട്ടുള്ളതെന്ന് കോളനികളുടെ പേരും പദ്ധതിക്ക് അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ; ഓരോ കോളനിയിലെയും പദ്ധതിയുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ കോളനിയിലും നടപ്പാക്കിയ പദ്ധതികളും അവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കോളനികളിലാണ് പദ്ധതി പൂർത്തീകരിച്ചതെന്നും ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും, അവ ഏതെല്ലാം കോളനികളിലേതാണെന്നും, അവയ്ക്ക് നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ; പദ്ധതി വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ; പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ ഇപ്രകാരമാണ്:

| ക്രമ നമ്പർ | കോളനിയുടെ പേര് | എസ്റ്റിമേറ്റ് തുക | അനുവദിച്ച തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | ചാത്തോലിൽ പട്ടിക ജാതി കോളനി | 9532839 | 5000000 | സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം |
| 2 | 52 ഏക്കർ മോതിര വയൽ | 9031329 | 5000000 | KEL |
| 3 | നരിക്കുഴി പുലിപ്പാറ | 9993967 | 5000000 | DNK പത്തനംതിട്ട |

(ബി) I ചാത്തോലിൽ കോളനി

(1) സാംസ്കാരിക നിലയം - 6,92,664.72

(2) ഭവന പുനരുദ്ധാരണം - 8,75,175.37

(3) സംരക്ഷണ ഭിത്തി - 15,86,002.41

(4) റോഡ് - 9,00,988.7

(5) ഫാമിലി വെൽഫെയർ സെന്റർ - 87,106.76

II 52 ഏക്കർ മോതിരവയൽ കോളനി

റീടെണ്ടറിംഗ് നടപടി ആരംഭിച്ചിട്ടുണ്ട്.

III നരിക്കുഴി പുലിപ്പാറ കണ്ണമ്പാറ കോളനി

(1) കൾവർട്ട് & റോഡ് -3,38,321.32

(2) ഭവനപുനരുദ്ധാരണം - 29,04,401.55

(3) കുടിവെള്ള പദ്ധതി - 13,04,752.84

(4) പട്ടികജാതി സഹകരണ

സംഘത്തിന്റെ വിപുലീകരണം - 6,52,879.47

(സി) കോളനികളിലെ പദ്ധതികളെല്ലാംതന്നെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ ഇപ്രകാരമാണ്.

I ചാന്തോലിൽ കോളനി

| | | |
|---|---|---|
| i ഫാമിലി സെന്ററിൽ പുനരുദ്ധാരണം | - | 2,10,412 |
| ii തയ്യൽ യൂണിറ്റ് | - | 3,00,000 |
| iii സൗരോർജ്ജ യൂണിറ്റ് | - | 21,76,000 |
| iv ഉച്ചഭാഷിണി | - | 1,00,000 |
| v ആട്ടോറിക്ഷാ (2 എണ്ണം) | - | 1,00,000 |
| vi ടോയ്‌ലെറ്റ് (8 എണ്ണം) | - | 2,00,000 |

2019 ഡിസംബറിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

II 52 ഏക്കർ മോതിരവയൽ കോളനി

| | |
|---|---|
| i ജി.1 വാട്ടർ ടാങ്ക് | - 4,34,927.49 |
| ii ഒ.എച്ച്. വാട്ടർ ടാങ്ക് | - 6,65,894.78 |
| iii കുടിവെള്ള പദ്ധതി | - 16,63,554.57 |
| iv സംരക്ഷണ ഭിത്തി | - 1,83,507.11 |
| v ഫുട്പാത്ത് | - 13,58,317.08 |
| vi ഭവനപുനരുദ്ധാരണം (33 എണ്ണം) | - 32,83,150.87 |

നിർമ്മാണ പ്രവൃത്തികൾ 2020 ഏപ്രിൽ മാസം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു.

III നരിക്കുഴി പുലിപ്പാറ കണ്ണമ്പാറ കോളനി

| | | | |
|---|---|---|---|
| 1. | കൽവർട്ട് & റോഡ് | - | 30% പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട് |
| 2. | റോഡ് നിർമ്മാണം | - | 23,77,807.26 |
| 3. | ഫുട്പാത്ത് | - | 2,30,197.96 |
| 4. | സംരക്ഷണ ഭിത്തി | - | 3,90,831.90 |
| 5. | ഫുട്പാത്ത് കോൺക്രീറ്റ് | - | 1,99,099.70 |
| 6. | കുടിവെള്ള പദ്ധതി | - | 10% പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട് |
| 7. | പട്ടികജാതി സഹകരണ ബാങ്കിന്റെ വിപുലീകരണം | - | 75% പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട് |

2020 ഏപ്രിൽമാസം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു.

ഏജൻസികൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലുണ്ടായ കാലതാമസമാണ് പദ്ധതികൾ വൈകുന്നതിന് കാരണമായത്.

## നാട്ടിക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

16(806) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ പേരുവിവരവും നടപടിക്രമത്തിന്റെ പകർപ്പും നൽകാമോ;

(സി) പട്ടിക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സഹായം ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു.

നാട്ടിക നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ സങ്കേതങ്ങൾ ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വികസന വകുപ്പ് പൊതുവികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി) ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീട് ലൈഫ് മിഷൻ വഴിയാണ് നിർമ്മിച്ചുവരുന്നത്.

(ഡി) ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് വകുപ്പുമുഖേന പുതിയ പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്വന്തമായോ വകുപ്പിന്റെ ധനസഹായത്താലോ മറ്റ് ഏജൻസികൾ മുഖാന്തരമോ പണിത വീടുകളിൽ പൂർത്തീകരിക്കാത്തവ പൂർത്തിയാക്കുന്നതിന് പരമാവധി 1,50,000 രൂപ അനുവദിക്കുന്ന പുതിയ പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗ പുനരധിവാസ പ്രദേശങ്ങളിൽ മാത്രം ടി.ആർ.ഡി.എം. വഴി വീടുകൾ അനുവദിക്കുന്നു. " ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിൽ ഭൂമി ലഭിച്ച 11 പേർക്ക് വീട് വയ്ക്കുന്ന കാര്യം ടി.ആർ.ഡി.എം.-ന്റെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി

17(807) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി -പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) ഇതുപ്രകാരം എത്ര പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് വായ്പ നൽകിയിട്ടുണ്ട്;

(സി) ഈ വായ്പയ്ക്കുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് ഇതിനുള്ള വായ്പ ലഭിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വ്യവസായ സംരംഭകർക്ക് സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് വ്യവസായ സംരംഭകർക്കായി സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്കായി സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതി എന്ന പേരിൽ ഒരു പുതിയ വായ്പാ പദ്ധതി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ വീതം 40 ലക്ഷം രൂപ എന്ന പ്രകാരം രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൻപ്രകാരം 4 സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ നൽകുന്നതിനായി 40 ലക്ഷം രൂപ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് വായ്പ നൽകിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പ് സ്റ്റാർട്ടപ്പ് മിഷനുമായി യോജിച്ച് തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ എൻറോൾ ചെയ്തുപ്രവർത്തിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ മികച്ച സ്റ്റാർട്ടപ്പുകൾക്കാണ് ഈ വായ്പ അനുവദിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് അപേക്ഷകരുടെ യോഗ്യതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരിക്കണം.

2. പ്രായപരിധി 18-55 വയസ്സിനിടയിലായിരിക്കണം.

3. കുടുംബ വാർഷിക വരുമാന പരിധി 25 ലക്ഷം രൂപ. എന്നാൽ 10 ലക്ഷം രൂപവരെ കുടുംബ വാർഷികവരുമാനമുള്ള അപേക്ഷകർക്ക് മുൻഗണന നൽകുന്നതാണ്.

4. അപേക്ഷകന് തന്റെ ബിസിനസ്സ് ആശയം യാഥാർത്ഥ്യമാക്കുന്നതിനും അത് വിജയകരമായി നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഏതെങ്കിലും സംരംഭകത്വ വികസന പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് മുൻഗണന. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സ്വന്തം ബിസിനസ്സ് ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനായി പ്രത്യേക പരിഗണന.

(ഡി) പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തുന്ന ടി പദ്ധതിക്ക് സർക്കാർ നേരിട്ട് തുക ഗ്രാന്റായി സ്ഥാപനത്തിന് അനുവദിച്ചുനൽകുകയാണ് ചെയ്യുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും വായ്പ നൽകുന്നുണ്ട്. കോർപ്പറേഷൻ നിഷ്കർഷിക്കുന്ന ജാമ്യ വ്യവസ്ഥകൾ പാലിക്കുന്നവർക്കുമാത്രമാണ് വായ്പ നൽകുന്നത്.

**പട്ടികജാതി വികസന വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതികൾ**

18(808) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പുമുഖേന എന്തെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി ഉൾപ്പെടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1 ആയും വ്യക്തിഗത പദ്ധതി വിവരങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു. *

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

19(809) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്ന പുഞ്ചവയൽ ഹരിജൻ കോളനിയുടെയും വെടിയപ്പൻചാൽ കോളനിയുടെയും നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത കോളനികളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുഞ്ചവയൽ ഹരിജൻ കോളനി, വെടിയപ്പൻചാൽ കോളനി എന്നിവയുടെ നിർമ്മാണ പുരോഗതി ഇപ്രകാരമാണ്.

<u>പുഞ്ചവയൽ ഹരിജൻ കോളനി</u>

കോളനിയിലെ നിർമ്മാണ പ്രവൃത്തികളിൽ 75% പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന റോഡ് ടാറിംഗ്, കാലാവസ്ഥ അനുകൂലമാകുന്നതിനനുസരിച്ച് പൂർത്തീകരിക്കുന്നതാണ്.

<u>വെടിയപ്പൻചാൽ കോളനി</u>

1. സാംസ്കാരികനിലയത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

2. അംഗൻവാടി, സോളാർലൈറ്റ് പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. റോഡ് നിർമ്മാണം ബന്ധപ്പെട്ടവരുടെ അനുമതി ലഭിക്കുന്നതനുസരിച്ച് ആരംഭിക്കുന്നതാണ്.

നിർമ്മാണ പ്രവൃത്തികളെല്ലാം 2019 ഡിസംബറിൽ പൂർത്തിയാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

20(810) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പൂരി പുരവിമല ആദിവാസി സെറ്റിൽമെന്റ് കോളനി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) ടി പദ്ധതിയിലുൾപ്പെടുത്തി ആദ്യഘട്ടത്തിൽ നിർദ്ദേശിച്ച തെന്മല സെറ്റിൽമെന്റ് കോളനിയിലെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന എസ്.സി. കോളനികളായ വേങ്കവിള, പുല്ലച്ചൽക്കോണം എന്നിവിടങ്ങളിലെ നിർമ്മാണത്തിൽ, ജില്ലാ നിർമ്മിതി കേന്ദ്രം വരുത്തുന്ന കാലതാമസം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) അടിസ്ഥാനസൗകര്യങ്ങളിൽ വളരെ പിന്നാക്കം നിൽക്കുന്ന കോളനികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തിരുവനന്തപുരം ജില്ലയിലെ അമ്പൂരി പുരവിമല കോളനിയുടെ പിന്നാക്കാവസ്ഥ പരിശോധിച്ച് ആവശ്യമെങ്കിൽ ടി കോളനിയെ 2019-20 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) തെന്മല സെറ്റിൽമെന്റിൽ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വേങ്കവിള, പുല്ലച്ചക്കോണം എന്നീ കോളനിയിലെ പ്രവൃത്തികൾ ത്വരിതഗതിയിൽ നടത്തുന്നതിലേയ്ക്കായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി കൂടി പുല്ലച്ചക്കോണം കോളനിയിലെ റോഡ് പണി ചെയ്യുന്നതിലുള്ള തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ട്.

(ഡി) വേങ്കവിള കോളനിയിൽ 3 കോൺക്രീറ്റ് റോഡുകൾ, 9 ഭവന പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചു. ഫുട്പാത്ത്, സംരക്ഷണഭിത്തി എന്നിവ ഒരെണ്ണം വീതം പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 70% പ്രവൃത്തികൾ പൂർത്തീകരിച്ചു.

പുല്ലച്ചക്കോണം കോളനിയിൽ ഒരു റോഡ്, ഒരു വീടിന്റെ പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റൊരു റോഡിന്റെ നിർമ്മാണം പുരോഗതിയിലാണ്. ഭവന പുനരുദ്ധാരണവും കുടിവെള്ള പദ്ധതിയും ശേഷിക്കുന്നുണ്ട്. ഇതുവരെ 15% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പട്ടികജാതി ഉപപദ്ധതി

21(811) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പട്ടികജാതി ഉപപദ്ധതി തയ്യാറാക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനും മോണിട്ടർ ചെയ്യുന്നതിനും പട്ടികജാതി വികസന വകുപ്പിന് സ്വന്തമായ സംവിധാനങ്ങൾ നിലവിലുണ്ടോ;

(സി) പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക വികസനം, സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ സാധ്യമാവുന്ന തരത്തിൽ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലോക്ക്/നഗരസഭാ/കോർപ്പറേഷൻ/ജില്ലാ തലത്തിലുള്ള പട്ടികജാതി വികസന ഓഫീസർമാരാണ് പട്ടികജാതി ഉപപദ്ധതി പ്രോജക്ടുകൾ പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശിപാർശ ചെയ്യുന്നത്.

(സി) വ്യക്തമായ മാർഗ്ഗരേഖകൾ ഇക്കാര്യത്തിൽ തദ്ദേശഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

22(812) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികളിൽ അംബേദ്ക്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോളനികളിൽ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

(സി) മുൻസർക്കാരിന്റെ കാലത്ത് മുടങ്ങിയ വികസന പ്രവർത്തികളിൽ എത്ര എണ്ണം പൂർത്തീകരിച്ചു എന്ന് അറിയിക്കുമോ;

(ഡി) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമ പദ്ധതിപ്രകാരം നാളിതുവരെ 342 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 9

(സി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം മുൻ സർക്കാരിന്റെ കാലത്ത് തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ 160 കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ അടിയന്തരമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന-ജില്ലാതലങ്ങളിൽ അവലോകന യോഗങ്ങൾ ചേർന്ന് പുരോഗതി വിലയിരുത്തുന്നുണ്ട്.

## അംബേദ്കർ ഗ്രാമ പദ്ധതി

23(813) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ നെല്ലിക്കാപൊയിൽ പട്ടികജാതി കോളനിയെ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്ക് അനുമതി എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത കോളനിയെ 9-10-2019-ലെ ഡെവ ഡി1-4514/19 നടപടിപ്രകാരം 2019-20-ലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ**

24(814) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമവും, പീഡനവും വർദ്ധിക്കുന്നതായുള്ള നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെ ഉണ്ടായിട്ടുള്ള പീഡനങ്ങളും അതിക്രമങ്ങളും സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ നൽകുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെല്ലാം ഇടപെടലുകളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമവും പീഡനവും നേരിയ തോതിൽ വർദ്ധിക്കുന്നതായി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ കാണിക്കുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | 2016 | 2017 | 2018 |
|---|---|---|---|
| രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 992 | 1060 | 1207 |

(ബി) പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | 2016 (25-05-2016 മുതൽ) | 2017 | 2018 | 2019 |
|---|---|---|---|---|
| രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | 705 | 1060 | 1207 | 887 |

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെ അതിക്രമങ്ങൾ നടന്നാൽ പോലീസ് അധികൃതർ മുഖേന അതിക്രമം തടയൽ നിയമപ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും 3 മാസത്തിൽ ഒരിക്കൽ ജില്ലാതലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് കേസ്സുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും കേസ്സുകൾ വിലയിരുത്തുന്നുണ്ട്. അതിക്രമങ്ങൾ തടയൽ നിയമത്തെ സംബന്ധിച്ച് പ്രൊമോട്ടർമാർ, ആശാവർക്കർമാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാർ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തുകയും ചെയ്യുന്നുണ്ട്.

എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തോടനുബന്ധിച്ച് ഇക്കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്ക് സർക്കാർ ജോലി, ആശ്രിതർക്കുള്ള ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമംവഴി ഉറപ്പുവരുത്തുന്നുണ്ട്.

1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും ടി കേസ്സുകളുടെ സമയബന്ധിത തീർപ്പാക്കലിന് കൊല്ലം കൊട്ടാരക്കരയിലും പാലക്കാട്-മണ്ണാർക്കാട്ടും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും സ്പെഷ്യൽ കോടതികളും പ്രവർത്തിക്കുന്നുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനുള്ള ധനസഹായം

25(815) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വീടുവയ്ക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതിന്, സർക്കാർ പുതിയ പദ്ധതികളെന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ചാണ് ലൈഫ് മിഷൻ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപയും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭവന സമുച്ചയങ്ങളും ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്നു.

2007-08 മുതൽ 2015-16 വരെ വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചതിൽ പൂർത്തീകരിക്കാതെയുണ്ടായിരുന്ന 16360 വീടുകളിൽ 9269 വീടുകൾ പൂർത്തിയാക്കി. പ്രസ്തുത ഗുണഭോക്താക്കൾക്ക് നിലവിലുള്ള നിരക്കിന് ആനുപാതികമായ ഗഡുക്കൾ അനുവദിച്ചു. ഇതിനുപുറമെ, കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നിർമ്മാണം ആരംഭിച്ചെങ്കിലും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി വീടൊന്നിന് ഈ സാമ്പത്തിക വർഷം 150 ലക്ഷം രൂപ അനുവദിക്കുന്ന പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നശേഷം 2016-17, 2017-18 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 23801 വീടുകളിൽ 16853 വീടുകൾ പൂർത്തീകരിച്ചു.

## അംബേദ്കർ ഗ്രാമം പദ്ധതി

26(816) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ കോളനിയിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിക്കായി അനുവദിച്ച ഒരു കോടി രൂപയുടെ നിർമ്മാണ പ്രവൃത്തിയിൽ എത്ര തുകയുടെ പ്രവൃത്തിയാണ് നിർമ്മിതി കേന്ദ്രം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ നിർമ്മിതി കേന്ദ്രം ഏതു വർഷത്തിലാണ് ഈ പ്രവൃത്തി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എത്ര മാസത്തെ കാലാവധിയാണ് നിർമ്മിതി കേന്ദ്രത്തിന് പട്ടികജാതി വകുപ്പ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(ഡി) ഏറ്റെടുത്ത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്ത നിർമ്മിതി കേന്ദ്രത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 24,21,881 രൂപ

(ബി) 2019-ൽ

(സി) കരാർ ഒപ്പിട്ട് 6 മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്.

(ഡി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

27(817) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്രവികസനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിൽ എത്ര രൂപ ചെലവഴിച്ചെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട, ചാവ്വൊണ എസ്.സി. കോളനി,കളത്തിൽ-ചാളക്കൽ എന്നീ കോളനികളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 86 ലക്ഷം രൂപ

(ബി) ചാവ്വൊണ എസ്.സി. കോളനി, കളത്തിൽ ചാളക്കൽ എന്നീ കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

ചാവ്വൊണ പട്ടികജാതി കോളനി

| | | |
|---|---|---|
| 1 | സംരക്ഷണ ഭിത്തി | 70% പ്രവൃത്തികൾ പൂർത്തിയായി |
| 2 | ഇന്റേണൽ റോഡ് | 60% പ്രവൃത്തികൾ പൂർത്തിയായി |
| 3 | ഭവന പുനരുദ്ധാരണം | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് |

കളത്തിൽ ചാളക്കൽ പട്ടികജാതി കോളനി

| | | |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 80% പ്രവൃത്തികൾ പൂർത്തിയായി |
| 2 | സംരക്ഷണ ഭിത്തി | 80% പ്രവൃത്തികൾ പൂർത്തിയായി |
| 3 | ഇന്റേണൽ റോഡ്/ഫുട്പാത്ത് | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് |
| 4 | ഭവനപുനരുദ്ധാരണം | പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു |

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

28(818) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം കുറുവ ഗ്രാമപഞ്ചായത്തിലെ അമ്പലപ്പറമ്പ് കോളനിയെ (ചാങ്ങ്) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഒരുക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിലെ കളത്തിൽ, ചാളക്കൽ, ചാവ്വൊണ പട്ടിജകാതി കോളനികളിലാണ് അംബേദ്കർ ഗ്രാമ പദ്ധതി (2016-17) നടപ്പിലാക്കുന്നത്.

ചാവ്വൊണ എസ്.സി. കോളനി, കളത്തിൽ ചാളക്കൽ എന്നീ കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

ചാവ്വൊണ പട്ടികജാതി കോളനി

| | | |
|---|---|---|
| 1 | സംരക്ഷണ ഭിത്തി | 70% പ്രവൃത്തികൾ പൂർത്തിയായി |
| 2 | ഇന്റേണൽ റോഡ് | 60% പ്രവൃത്തികൾ പൂർത്തിയായി |
| 3 | ഭവന പുനരുദ്ധാരണം | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് |

കളത്തിൽ ചാളക്കൽ പട്ടികജാതി കോളനി

| | | |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 80% പ്രവൃത്തികൾ പൂർത്തിയായി |
| 2 | സംരക്ഷണ ഭിത്തി | 80% പ്രവൃത്തികൾ പൂർത്തിയായി |
| 3 | ഇന്റേണൽ റോഡ്/ഫുട്പാത്ത് | വർക്ക് ഓർഡർ നൽകിയിട്ടുണ്ട് |
| 4 | ഭവനപുനരുദ്ധാരണം | പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു |

(ബി) അമ്പലപ്പറമ്പ് കോളനിയെ 2019-20-ലെ പദ്ധതിയിലുൾപ്പെടുത്തി 09-10-2019-ലെ ഡെവ.ഡി1-4514/19 നടപടിക്രമമനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**ചെങ്ങന്നൂരിൽ പട്ടികജാതി വികസന കോർപ്പറേഷന്റെ സബ് ആഫീസ്**

29(819) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ജനതയുടെ ശരാശരി ശതമാനം എത്രയാണെന്നും ചെങ്ങന്നൂർ മണ്ഡലത്തിൽ ആയത് എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജനവിഭാഗത്തിന്റെ ഉന്നമനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന കോർപ്പറേഷന്റെ ഒരു സബ് ആഫീസ് ചെങ്ങന്നൂർ ആസ്ഥാനമായി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യ 10.55% ആണ്. ചെങ്ങന്നൂർ മണ്ഡലത്തിൽ പട്ടികജാതിക്കാർ 11.03 %-വും പട്ടികവർഗ്ഗക്കാർ 0.32%-വുമാണ്.

(ബി) നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതരായവരുടെ കുട്ടികൾക്കുള്ള പഠനപദ്ധതി

30(820) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിശ്രവിവാഹിതരായ ദമ്പതികളിൽ അമ്മ പട്ടികജാതിയിൽപെടുന്ന വരാണെങ്കിൽ അവരുടെ കുട്ടികൾക്ക് പഠനത്തിന് സഹായകരമാവുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ? എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും വില്ലേജ് അധികൃതരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മിശ്രവിവാഹിതരായ ദമ്പതികളുടെ കുട്ടികൾക്കും ലഭ്യമാകുന്നുണ്ട്.

## പ്രീ-മെട്രിക് ഹോസ്റ്റൽ

31(821) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിലെ എക്സ്സർവ്വീസ്മെൻ കോളനി വക സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) വെറ്റിലപ്പാറയിൽ എക്സ് സർവ്വീസ്മെൻ കോളനി സൊസൈറ്റി വിട്ടുനൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ ആരംഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

## ഭൂരഹിത ആദിവാസികൾക്ക് ഭൂമി

32(822) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിൽ എത്ര ഏക്കർ വനഭൂമിയാണ് വിട്ടുകിട്ടിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ വിട്ടുകിട്ടിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) ഇനി എത്ര വനഭൂമിയാണ് ജില്ലാടിസ്ഥാനത്തിൽ വിട്ടുകിട്ടാനുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവുപ്രകാരം കേരളത്തിൽ 19002 ഏക്കർ നിക്ഷിപ്ത വനഭൂമിയാണ് വിട്ടുകിട്ടിയത്.

(ബി)

| ജില്ല | കേന്ദ്രസർക്കാർ വിതരണത്തിന് അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|
| കാസർഗോഡ് | 91.89 |
| കണ്ണൂർ | 205.01 |
| വയനാട് | 7429.95 |
| മലപ്പുറം | 502.95 |
| പാലക്കാട് | 10772.42 |
| ആകെ | 19002.22 |

(സി) കാസർഗോഡ് ജില്ലയിൽ 75 ഏക്കർ വാസയോഗ്യമായ ഭൂമി വിതരണം ചെയ്തു. 16.89 ഏക്കർ വിതരണ യോഗ്യമല്ല. കണ്ണൂർ ജില്ലയിൽ 205.01 ഏക്കർ വാസയോഗ്യമല്ലാത്തതിനാൽ വിതരണം ചെയ്തിട്ടില്ല. മലപ്പുറം ജില്ലയിൽ 341.6 ഏക്കർ വിതരണം ചെയ്യുന്നതിന് അവശേഷിക്കുന്നു. ടി ഭൂമി ഉടൻ വിട്ടുനൽകാമെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലെ വാസയോഗ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സംയുക്ത പരിശോധനയും സർവ്വേ നടപടിയും നടന്നുവരികയാണ്. വയനാട് ജില്ലയിൽ 5760.38 ഏക്കർ ഭൂമി വിതരണം ചെയ്യുകയും 1669.57 ഏക്കർ ഭൂമി വിതരണത്തിനായി അവശേഷിക്കുന്നുമുണ്ട്. ടി ഭൂമിയിൽ കയ്യേറ്റം, സർവ്വേയിലുള്ള വ്യത്യാസം എന്നിവ കഴിഞ്ഞ് 1055.96 ഏക്കർ ഭൂമി അവശേഷിക്കുന്നതിൽ 118.56 ഏക്കർ ഭൂമിയാണ് അനുയോജ്യമെന്ന് ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 7368.77 ഏക്കർ ഭൂമി അവശേഷിക്കുന്നതിൽ 3892 ഏക്കർ വാസയോഗ്യമല്ല. അവശേഷിക്കുന്ന ഭൂമിയിൽ സംയുക്ത പരിശോധന നടന്നുവരുന്നു.

## ഒല്ലൂർ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ

33(823) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ കോളനികളുടെ നവീകരണത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ 26 പട്ടികവർഗ്ഗ കോളനികളുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

പാണഞ്ചേരി പഞ്ചായത്ത്

1 അടുക്കളപ്പാറ

2 ചീനിക്കടവ്

3 കാളക്കുന്ന്

4 കരടിക്കുണ്ട്

5 കൊമ്പഴ

6 മണിയൻകിണർ

7 ഒളകര

8 പട്ടിലുംകുഴി

9 പായ്ക്കുണ്ടം

10 പയ്യനം

11 പെരുംതുമ്പ

12 പൂവ്വൻചിറ

13 പൊട്ടിമട

14 താമരവെള്ളച്ചാൽ

15 തെക്കെകുളം

16 വിലങ്ങന്നൂർ

പുത്തൂർ പഞ്ചായത്ത്

17 പഴവെള്ളം

18 വല്ലൂർ

19 മരോട്ടിച്ചാൽ

20 ഉരുളൻകുന്ന്

21 തമ്പുരാട്ടിമൂല

നടത്തറ പഞ്ചായത്ത്

22 മത്തായിച്ചിറ

23 ഞാറക്കുറ

24 അച്ചൻകുന്ന്

25 വലക്കാവ്

26 കുറ്റനാൽ

(ബി) വിശദാംശം ചുവടെ ചേർക്കുന്നു:

| കോളനി | നടപ്പിലാക്കിയ പദ്ധതി |
|---|---|
| ഒളകര കോളനി | എക്കോ ഷോപ്പ്, ആടുവളർത്തൽ (പ്രത്യേക കേന്ദ്രസഹായ പദ്ധതി 2017 -18) |
| പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിലെ വിവിധ കോളനികൾ | ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി 37 ഗുണ ഭോക്താക്കൾക്ക് ഭവന നിർമ്മാണം നടന്നുവരുന്നു. |
| പഴവെള്ളം കോളനി | മണ്ണ് സംരക്ഷണം (2016-17 കോർപ്പസ് ഫണ്ട്) |
| പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകളിലെ വിവിധ കോളനികൾ (2016-17 മുതൽ 2019-20 വരെ) | ഭവനനവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 36 ഗുണഭോക്താക്കളുടെ ഭവന നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. |

(സി) വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഒളകര കോളനി | എക്കോഷോപ്പ് - 4,13,750 രൂപ<br>ആടുവളർത്തൽ - 4,93,000 രൂപ |
| പാണഞ്ചേരി, പുത്തൂർ | ലൈഫ് മിഷൻ പദ്ധതി - 42,95,042 രൂപ<br>ഭവന നവീകരണ പദ്ധതി - 45,45,000 രൂപ |
| പഴവെള്ളം കോളനി | മണ്ണ് സംരക്ഷണം - 12,00,000 |

**ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ**

34(824) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര പദ്ധതികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിക്കപ്പെട്ട തുക, നിർമ്മാണ പുരോഗതി, പൂർത്തീകരിച്ചതിന്റെ വിശദാംശം എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി ആകെ മൂന്ന് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2

കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 1

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

<u>വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്</u>

1. കടപ്പാറ കോളനി കുടിവെള്ള പദ്ധതി - 58,500 രൂപ പൂർത്തീകരിച്ചു.

2. കണിച്ചിപ്പരുത കുടിവെള്ള പദ്ധതി- 4,10,000 രൂപ പൂർത്തീകരിച്ചു.

<u>കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്</u>

1. പൂച്ചാടി കോളനി നടപ്പാത നിർമ്മാണം - 2,15,000 രൂപ പൂർത്തീകരിച്ചു.

## സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി

35(825) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള സർക്കാർ പദ്ധതി പ്രകാരം റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ കോളനികൾക്കാണ് ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ളത് എന്ന് കോളനികളുടെ പേരു സഹിതം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ കോളനികളിൽ പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ചുമതല ഏതെല്ലാം ഏജൻസികൾക്കാണ്; അറിയിക്കുമോ;

(സി) ഏതൊക്കെ കോളനികളിലെ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെ; എന്തു കാരണത്താലാണ് പൂർത്തിയാക്കാത്തത്; വിശദമാക്കുമോ;

(ഡി) മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയിട്ടും പദ്ധതി പൂർത്തിയാക്കാത്ത നിർവ്വഹണ ഏജൻസിയിൽ നിന്നും, അധിക തുക വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കാനും മറ്റേതെങ്കിലും ഏജൻസിയെ കൊണ്ട് പദ്ധതി പൂർത്തീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) തുകയനുവദിച്ച് ഉത്തരവായിട്ടും ഏതെങ്കിലും കോളനികളുടെ വികസന പദ്ധതികൾ ഇനിയും ആരംഭിക്കാതെയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്തുകൊണ്ടാണ് താമസം നേരിട്ടത്; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പത്തനംതിട്ട ജില്ലയിൽ റാന്നി നിയോജകമണ്ഡലത്തിൽ കരികുളം പട്ടികവർഗ്ഗ സങ്കേതമാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

ഈ കോളനിയിൽ പദ്ധതി നടത്തിപ്പിന്റെ നിർവ്വഹണ ഏജൻസിയായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) കരികുളം പട്ടികവർഗ്ഗ സങ്കേതത്തിൽ സംരക്ഷണഭിത്തി, കിണറിന്റെ ആഴംകൂട്ടൽ, നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ രണ്ടാം നിലയുടെ നിർമ്മാണം, ടി കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് ടോയ്ലറ്റ് നിർമ്മാണം, റോഡുകളുടെ കോൺക്രീറ്റ്, ലോക്ക് കട്ട പാകൽ എന്നീ പ്രവൃത്തികളാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേന നടപ്പിലാക്കുന്നത്. ടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി & ഇ) കരികുളം പട്ടികവർഗ്ഗ സങ്കേതത്തിൽ നിലവിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിനുള്ള തുക നടപ്പുസാമ്പത്തികവർഷം വകയിരുത്തിയ തുകയിൽനിന്നും കണ്ടെത്തുന്നതിന് ഭരണാനുമതി ലഭിച്ച ഉടൻതന്നെ 17-9-2019-ൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പ് കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

36(826) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കോങ്ങാട് മണ്ഡലത്തിലേക്ക് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക ഉൾപ്പെടെ ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിവരങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും കോങ്ങാട് മണ്ഡലത്തിലേയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1 വെറ്റിലച്ചോല കോളനി റോഡ്

2 വെറ്റിലച്ചോല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

3 അച്ചിലട്ടി കോളനി മണ്ണ് സംരക്ഷണം

4 പാമ്പൻതോട് കോളനി വികസനം

5 നിരവ് വാക്കോടൻ കോളനി മണ്ണ് സംരക്ഷണം

6 പറക്കലടി രാങ്കോരം കോളനി സൈഡ് കെട്ടൽ, കിണർ സൈഡ് കെട്ടൽ

7 പട്ടിയപ്പൻതരിശ് താഴെ കോളനി കിണർ റിപ്പയർ

8 പട്ടിയപ്പൻതരിശ് മേലെ കോളനി കിണർ റിപ്പയർ

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള ചികിൽസാ ധനസഹായം

37(827) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം എത്ര തുക ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട് എന്നും ആർക്കൊക്കെ നൽകിയെന്നും പേരുസഹിതം വ്യക്തമാക്കാമോ;

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം ഇതുവരെ 8695 പേർക്ക് ആകെ 1,93,18,894 രൂപ (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) ചികിൽസാ ധനസഹായം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരുവിവരം ശേഖരിച്ചു നൽകുന്നതാണ്.

## പട്ടികവർഗ്ഗ വിഭാഗത്തിന്റെ ചികിൽസാ ധനസഹായം

38(828) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ ചികിത്സാ ധനസഹായം ആ വിഭാഗത്തിലെ ആളുകൾക്ക് അവരുടെ അക്കൗണ്ട് ഉള്ള ബാങ്കുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എസ്.ടി. വിഭാഗത്തിന്റെ അപേക്ഷകളിൽ തീരുമാനം ആയിട്ടും തുക ലഭ്യമാകുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗുണഭോക്താവിന് തുക ലഭ്യമാകുന്ന അറിയിപ്പ് മന്ത്രി ഓഫീസിൽ നിന്നോ അതാത് വകുപ്പിൽ നിന്നോ നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ഐ.എഫ്.എസ്.സി. നമ്പർ, മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുമുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

(ബി) തുക അനുവദിച്ച് ഉത്തരവായിട്ടുള്ള കേസ്സുകളിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മേൽപ്പറഞ്ഞ രേഖകൾ യഥാസമയം ഹാജരാക്കാത്ത കേസ്സുകളിൽ കാലതാമസം ഉണ്ടാകാറുണ്ട്. കാലതാമസമില്ലാതെ വിതരണം ചെയ്യുന്നതിനായി ഓൺലൈൻ സംവിധാനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ചികിൽസാ ധനസഹായം അനുവദിച്ച് നൽകുന്ന സർക്കാർ ഉത്തരവിന്റെ ഒരു പകർപ്പ് ഗുണഭോക്താവിന്റെ പേരിൽ നേരിട്ട് നൽകാറുണ്ട്.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട്**

39(829) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്താൽ എത്ര വീടുകളാണ് നിർമ്മിക്കാൻ അനുമതി നൽകിയിട്ടുള്ളത്;

(ബി) ഏതെല്ലാം പദ്ധതികൾ മുഖേനയാണ് അപ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് അനുവദിച്ചിട്ടുള്ളത്;

(സി) വീടുകളുടെ നിലവിലെ അവസ്ഥ മാനന്തവാടി മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തികവർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്ല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി മാനന്തവാടി മണ്ഡലത്തിൽ 2610 വീടുകളാണ്

നിർമ്മിക്കുന്നത്. ആയതിൽ 189 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 923 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണച്ചെലവ് അനുവദിച്ച് നാളിതുവരെ 839 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൈവശാവകാശരേഖ**

40(830) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എത്ര പട്ടികവർഗ്ഗകുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകിയെന്ന് താലൂക്കും വില്ലേജും തിരിച്ചുള്ള വിശദാംശം നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ 232 കൈവശരേഖകൾ വിതരണം ചെയ്തിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു;

| മേഖല | വില്ലേജ് | താലൂക്ക് | കൈവശ രേഖകളുടെ എണ്ണം |
|---|---|---|---|
| പാലക്കാട് | പാലക്കയം | | 32 |
| | പാടവയൽ | | 53 |
| | പുളൂർ | മണ്ണാർക്കാട് | 56 |
| അട്ടപ്പാടി | ഷോളയൂർ | | 16 |
| | കോട്ടത്തറ | | 5 |
| | അഗളി | | 70 |
| | ആകെ | | 232 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദുരിതാശ്വാസനിധിയിൽനിന്ന് ചികിൽസാ ധനസഹായം

41(831) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമവകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ സഹായത്തിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗക്കാർക്ക് 127,67,73,376 (നൂറ്റി ഇരുപത്തി ഏഴ് കോടി അറുപത്തി ഏഴ് ലക്ഷത്തി എഴുപത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തി ആറ് രൂപ മാത്രം) രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 9,54,87,109 (ഒമ്പത് കോടി അമ്പത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരത്തി ഒരുന്നൂറ്റി ഒമ്പത് രൂപ മാത്രം) രൂപയും ചികിൽസാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിഭാഗക്കാർക്ക് ആകെ 101,54,69,712 (നൂറ്റിയൊന്ന് കോടി അമ്പത്തിനാല് ലക്ഷത്തി അറുപത്തൊമ്പതിനായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപയും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 10,47,96,239 (പത്ത് കോടി നാൽപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഇരുന്നൂറ്റി മുപ്പത്തി ഒമ്പത് രൂപ മാത്രം) രൂപയും ചികിൽസാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## അയിലൂരിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റൽ

42(832) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ അയിലൂറിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഈ ഹോസ്റ്റലിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അയിലൂരിൽ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടി ഹോസ്റ്റലിൽ 67 കുട്ടികൾ താമസിക്കുന്നുണ്ട്. വകുപ്പിന്റെ അധീനതയിലുള്ള സ്വന്തം കെട്ടിടം നിർമ്മിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അയിലൂർ പ്രീമെട്രിക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കേന്ദ്രസർക്കാരിൽനിന്നും ആർട്ടിക്കിൾ 275 (1)-ൽ ഉൾപ്പെടുത്തി 2.50 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. എം.എസ്. നാരായണമൂർത്തി s/0 ശേഷാദ്രി എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും അയിലൂർ വില്ലേജിലെ 101/1 സർവ്വേ നമ്പർ സബ്ഡിവിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ 30 സെന്റ് സ്ഥലം വകുപ്പിന് കൈമാറിക്കൊണ്ട് 18-9-2018-ന് ചിറ്റൂർ തഹസിൽദാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ അക്രെഡിറ്റഡ് സ്ഥാപനമായ KEL-നെ ചുമതലപ്പെടുത്തുകയും കെട്ടിടത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്തിന് അവകാശവാദം ഉന്നയിച്ചുകൊണ്ടും സ്ഥലം വകുപ്പിന് കൈമാറിയ നടപടി ചോദ്യം ചെയ്തുകൊണ്ടും ഒരു സ്വകാര്യ വ്യക്തി കോടതിയിൽ റിട്ട് ഫയൽ ചെയ്തതിനെത്തുടർന്ന് സ്ഥലം വകുപ്പിന് കൈമാറിയ നടപടി കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## മൂവാറ്റുപുഴ മണ്ഡലത്തിലെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

43(833) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകൾ ഓരോന്നിലും എത്ര കുട്ടികൾ വീതം താമസിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ മൂവാറ്റുപുഴ മണ്ഡലത്തിൽ വെള്ളൂർകുന്നം പ്രീമെട്രിക് ഹോസ്റ്റൽ (പെൺ) പ്രവർത്തിച്ചുവരുന്നു.

മൂവാറ്റുപുഴ മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിലവിലില്ല.

(ബി) പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലിൽ ആകെ 24 പെൺകുട്ടികൾ താമസിക്കുന്നുണ്ട്.

## സ്റ്റാന്റ് അപ്പ് ഇൻഡ്യ പദ്ധതി

44(834) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആരംഭിച്ച സ്റ്റാന്റ് അപ്പ് ഇൻഡ്യ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് നടപ്പാക്കി തുടങ്ങിയത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച വായ്പകളിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇൻഡ്യയിലെ ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകൾ മുഖേന നടപ്പിലാക്കുന്ന സ്റ്റാന്റ് അപ്പ് ഇൻഡ്യ പദ്ധതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

## ആദിവാസികൾക്കായുള്ള ഭൂമിവിതരണ പദ്ധതി

45(835) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്കായുള്ള ഭൂമിവിതരണപദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഇതിനായി ആവശ്യമെങ്കിൽ ഭൂമി വിലകൊടുത്ത് വാങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാതല കമ്മറ്റികൾ അംഗീകരിച്ച എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിന്റെ മുന്നിലുണ്ട്; ഇതിനായി മൊത്തം എത്ര ഹെക്ടർ ഭൂമി ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

(സി) സുപ്രീംകോടതിവിധിപ്രകാരം ലഭിച്ച 2367 ഏക്കർ നിക്ഷിപ്തവന ഭൂമിയിൽ ആദിവാസികൾക്ക് ഇതിനകം വനാവകാശരേഖ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇവർക്ക് ഇതിനുപകരം പട്ടയംതന്നെ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ എന്നിവയാണ് ഭൂമി വിതരണം ചെയ്യുന്ന പ്രധാന പദ്ധതികൾ. ഭൂമി വിലയ്ക്കു വാങ്ങുന്ന പദ്ധതി നിലവിലുണ്ട്. ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ 3-3-2018-ലെ സ.ഉ. (എം.എസ്.) നമ്പർ 21/2018/പജപവവിവ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരം ഭൂമി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തിയതിൽ ആദ്യഘട്ട ഫീൽഡ് പരിശോധനയ്ക്കുശേഷം 747.42 ഏക്കർ ഭൂമി ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലാണ്. വയനാട്, പാലക്കാട്, കോട്ടയം, എറണാകുളം, കാസർഗോഡ് ജില്ലകളിലെ 63.41 ഏക്കർ ഭൂമിയുടെ വിലനിർണ്ണയം കഴിഞ്ഞിട്ടുണ്ട്. ടി ഭൂമി ഉടൻതന്നെ വാങ്ങി നൽകാൻ കഴിയുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3536 പേർക്ക് 3444.05 ഏക്കർ ഭൂമി വിവിധ പദ്ധതികളിലായി നൽകിയിട്ടുണ്ട്.

(ബി) കോട്ടയം (3.65 ഏക്കർ), എറണാകുളം (7.2 ഏക്കർ), പാലക്കാട് (8.02 ഏക്കർ), മലപ്പുറം (5.27 ഏക്കർ), വയനാട് (20.41 ഏക്കർ), കാസർഗോഡ് (18.86 ഏക്കർ) എന്നിങ്ങനെ ആകെ 63.41 ഏക്കർ ഭൂമിയുടെ വിലനിർണ്ണയം കഴിഞ്ഞിട്ടുണ്ട്. അതിൽ 37.76 ഏക്കർ അംഗീകാരത്തിനായി സർക്കാരിലെ റവന്യൂ (ബി) വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ 10944 ഭൂരഹിതർ ഉള്ളതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. കുറഞ്ഞത് 25 സെന്റും പരമാവധി ഒരേക്കറും ഭൂമിയുടെ ലഭ്യതയനുസരിച്ച് വിതരണം ചെയ്യുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്.

(സി) സുപ്രീം കോടതി വിധി പ്രകാരം ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 2367 ഏക്കർ ഇതിനകം വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ നൽകിയിട്ടുള്ളതായി വനം വന്യജീവി വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വയനാട് (സൗത്ത് വയനാട് - 1484.37 ഏക്കർ, നോർത്ത് വയനാട് - 202.09 ഏക്കർ ) പാലക്കാട് (681.56 ഏക്കർ) എന്നിങ്ങനെയാണ് കൈവശാവകാശം നൽകിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിശദവിവരം.

(ഡി) ഇവർക്ക് കൈവശാവകാശ രേഖയ്ക്കുപകരം പട്ടയം നൽകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-8-2019-ന് ചേർന്ന ഉന്നതതല യോഗം തീരുമാനിക്കുകയും തുടർനടപടി സ്വീകരിക്കുവാൻ അതാത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## എസ്.സി./എസ്.ടി. കോളനികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

46(836) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി./ എസ്.ടി. കോളനികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത വികസന പ്രവർത്തനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) എസ്.സി./എസ്.ടി. കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്താനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്.സി/എസ്.ടി കോളനികളിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളിൽ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടും പൂർത്തിയാക്കാൻ പറ്റാത്തവ എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; എത്ര വർഷമായി നിർമ്മാണം അനന്തമായി നീളുന്നുണ്ടെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

## കടപ്പാറ-തളികക്കല്ലിലേയ്ക്കുള്ള റോഡ് നിർമ്മാണം

47(837) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി പഞ്ചായത്ത് മംഗലം ഡാം പരിസരത്തായി പട്ടികവർഗ്ഗക്കാർ താമസിക്കുന്ന കടപ്പാറ-തളികക്കല്ലിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം നടത്തുന്ന ഏജൻസി ഏതാണെന്ന് അറിയിക്കാമോ; ആയതിന് ഉപയോഗിക്കുന്ന ഫണ്ടിനെക്കുറിച്ച് വിശദാംശം നൽകാമോ;

(സി) കടപ്പാറ-തളികക്കല്ല് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് റോഡ് നിർമ്മാണം ദ്രുതഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) കടപ്പാറ-തളികക്കല്ല് റോഡിന്റെ നിർമ്മാണ പ്രവൃത്തികളിൽ പാലത്തിന്റെയും 500 മീറ്റർ റോഡിന്റെയും പണികൾ പൂർത്തീകരിക്കാനുണ്ട്. സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) കടപ്പാറ-തളികക്കല്ല് കോളനി റോഡിന്റെ നിർമ്മാണച്ചുമതല സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിനാണ്. അവരുടെ കരാറുകാരായ M/s JASS Associates ആണ് നിർമ്മാണ പ്രവൃത്തികൾ നടത്തിവന്നിരുന്നത്. RIDF-19 സ്കീമിൽ ഉൾപ്പെടുത്തി നബാർഡ് ലോൺ തുകയും ആനുപാതികമായ സംസ്ഥാന വിഹിതവും ഉപയോഗിച്ചാണ് ടി റോഡിന്റെ നിർമ്മാണം നടത്തുന്നത്. 315.15 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിക്കായി 50.42 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിലും 115.90 ലക്ഷം രൂപ വിവിധ പാർട്ട് ബില്ലിനത്തിലും ചേർത്ത് ആകെ 166.32 ലക്ഷം രൂപ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലായെന്ന് പാലക്കാട് പട്ടികവർഗ്ഗ വികസന ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും തുക അനുവദിക്കുന്നത് സംബന്ധിച്ച് കിറ്റ്കോയുടെ ശിപാർശ ലഭ്യമാകാത്തതിനാലും ഫൈനൽ ബിൽ തുക അനുവദിച്ചിട്ടില്ല.

(സി) നബാർഡ് RIDF-19 സ്കീമിന്റെ കാലാവധി 2019 മാർച്ചിൽ അവസാനിക്കുന്ന സാഹചര്യത്തിൽ നബാർഡിന്റെ ഫണ്ട് തുടർന്ന് ലഭ്യമാകാനിടയില്ലാത്തത് കണക്കിലെടുത്ത് പദ്ധതി പ്രവൃത്തികൾ മുൻകൂർ അവസാനിപ്പിക്കുന്നതിന് 22-2-2019-ൽ പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇനിയും പൂർത്തീകരിക്കേണ്ട പാലത്തിന്റെയും 500 മീറ്റർ റോഡിന്റെയും പണികൾ കൂടി എത്രയുംവേഗം നടപ്പാക്കുന്നതിന്റെ സാധ്യതകളെപ്പറ്റിയും ഉചിതമായ തുടർനടപടി നിർദ്ദേശങ്ങളെപ്പറ്റിയും റിപ്പോർട്ട് ചെയ്യാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായശേഷം അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## അംബേദ്കർ ഗ്രാമവികസന പദ്ധതി

48(838) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ കളമശ്ശേരി നിയോജകമണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 26-9-2019-ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തികൾ സത്വരം ആരംഭിക്കുന്നതാണ്.

## പട്ടികജാതി കോളനിയായി പരിഗണിക്കുന്നതിന് നടപടി

49(839) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർ സ്വന്തമായിട്ടോ സർക്കാർ ഏജൻസികളുടെ സഹായത്തോടെയോ ഭൂമി സ്വന്തമാക്കി വീടുകൾ നിർമ്മിച്ച് താമസമായിട്ടുള്ള അഞ്ചും അതിൽ കൂടുതലും കുടുംബങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തെ പട്ടികജാതി കോളനിയായി കണക്കിലെടുത്ത് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ഫണ്ട് അനുവദിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ ഒരുമിച്ച താമസിക്കുന്ന പ്രദേശങ്ങളിൽ പട്ടികജാതി ഉപപദ്ധതി വ്യവസ്ഥകൾപ്രകാരം കുടിവെള്ള വിതരണം, വൈദ്യുതിലൈൻ എക്സ്റ്റൻഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

## പൂഴിക്കുന്ന് കോളനിയിൽ നിർമ്മിതി കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

50(840) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൂഴിക്കുന്ന് കോളനിയിൽ അനുവദിച്ച 1 കോടി രൂപയിൽ നിർമ്മിതി കേന്ദ്രം എത്ര തുകയുടെ നിർമ്മാണ പ്രവൃത്തി ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏതു വർഷത്തിലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) കോളനി നിവാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ നിർമ്മാണ പ്രവൃത്തിയിൽ ഗുരുതരമായ വീഴ്ച വരുത്തിയ നിർമ്മിതി കേന്ദ്രത്തിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ പാറശാല പട്ടികജാതി വികസന ഓഫീസിലെ എസ്.സി. ഡെവലപ്മെന്റ് ഓഫീസർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) കോളനിയിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവൃത്തി സമയബന്ധിതമായി നടത്താത്ത നിർമ്മിതി കേന്ദ്രത്തിന്റെ പേരിൽ നിയമനടപടി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അഞ്ച് ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(ബി) 2017-18

(സി) നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് പാറശാല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് വഴി ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി

51(841) ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇതുമൂലം പ്രസ്തുത വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ കുറവ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമ പ്രകാരം 2017-18-ൽ രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളിൽ വിജയകരമായി പ്രോസിക്യൂഷൻ നടപടികൾ പൂർത്തിയാക്കി പ്രതികൾക്ക് ശിക്ഷ വാങ്ങി കൊടുക്കുവാൻ സാധിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ;

(ഡി) 1989-ലെ നിയമം സംബന്ധിച്ചുണ്ടായ സുപ്രീം കോടതി വിധി മൂന്നംഗ ബഞ്ച് അസ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ ഈ വിഭാഗങ്ങളോടുള്ള അതിക്രമങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുള്ള അനുകൂല സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിലെ അന്വേഷണം 60 ദിവസത്തിനകം പൂർത്തിയാക്കുന്നതിനും കോടതി നടപടികൾ മൂന്ന് മാസത്തിനകം പൂർത്തിയാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സാധിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം ശരിയായ രീതിയിൽ നടപ്പിലാക്കുന്നത് ടി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം കുറയുന്നതിന് കാരണമാകുന്നുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ എല്ലാ മാസവും ചേരുന്നുണ്ട്. കൂടാതെ ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലകളിൽ കളക്ടർമാരെ നോഡൽ ഓഫീസർമാരായും പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നോഡൽ ഓഫീസറായും സംസ്ഥാനതലത്തിലും പ്രവർത്തിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ അതിക്രമത്തിനിരയായിട്ടുള്ളവർക്ക് അർഹമായ നഷ്ടപരിഹാരം ജില്ലാ കളക്ടർമാർ മുഖേന നൽകിവരുന്നുണ്ട്. കൂടാതെ വിചാരണ സമയത്ത് എത്തിച്ചേരുന്ന കക്ഷികൾക്കും അവരെ അനുഗമിക്കുന്നവർക്കും വിചാരണ ദിവസം യാത്രാച്ചെലവ്, ഉപജീവനച്ചെലവ്, ഭക്ഷണച്ചെലവ് എന്നിവ നൽകിവരുന്നുണ്ട്.

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാടും സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത നിയമപ്രകാരം 2017-18-ൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികൾ പൂർത്തിയാക്കി പ്രതികൾക്ക് ശിക്ഷ വാങ്ങിക്കൊടുത്ത 15 കേസ്സുകളുണ്ട്.

(ഡി) ഉണ്ട്. ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി കുറ്റപത്രം കോടതികളിൽ സമർപ്പിച്ചുവരുന്നു. ഇത്തരം കേസ്സുകളിൽ അന്വേഷണം 60 ദിവസത്തിനകം പൂർത്തിയാക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകിവരുന്നുണ്ട്.

## തൃശ്ശൂർ ജില്ലയിലെ പഠനമുറി പദ്ധതി

52(842) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം വീടുകളിൽ ആവശ്യമായ പഠന സൗകര്യങ്ങൾ ഇല്ലാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഇനി എത്രപേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 5038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പഠനമുറി പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ 2017-18 വർഷം 743 പേർക്കും 2018-19 വർഷം 535 പേർക്കും 2019-20 വർഷം 540 പേർക്കും ഉൾപ്പെടെ ആകെ 1818 പേർക്ക് പഠനമുറി പദ്ധതിപ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇതിൽ 816 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1002 എണ്ണം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്. നിലവിൽ ലഭ്യമായ 3220 അപേക്ഷകളിൽ ഇനിയും ധനസഹായം അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്.

## കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

53(843) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ എസ്.സി. വിഭാഗം കുട്ടികൾക്കായി പ്രവർത്തിക്കുന്ന ഏക മോഡൽ റസിഡൻഷ്യൽ സ്കൂളായ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാത്തതിനാൽ ഇവിടെ നിന്നും കോഴ്സ് പൂർത്തീകരിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് പ്ലസ് ടു പഠനത്തിന് ഏറെ പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. കാസർഗോഡ് ജില്ലയിൽപ്പെട്ട കൊടക്കാട് എം.ആർ.എസ്.ൽ +2 കോഴ്സ് ആരംഭിക്കുന്നതിനായി കിഫ്ബി മുഖാന്തരം 100 വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടം പൂർത്തീകരിക്കുന്നമുറയ്ക്ക് ഇവിടെ +2 കോഴ്സ് ആരംഭിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ.-യിലെ കോഴ്സുകൾ

54(844) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ഗവ. ഐ.ടി.ഐ.-യിൽ ഏതെല്ലാം കോഴ്സുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ പുതിയതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഓച്ചിറ ഗവൺമന്റ് ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിലാണ് പരിശീലനം നൽകിവരുന്നത്. ഇവയ്ക്ക് NCVT അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റ് (ബാച്ച്) കൂടെ പുതിയതായി ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾക്കൊപ്പം പുതുതായി ഇലക്ട്രീഷ്യൻ ട്രേഡ് കൂടെ ആരംഭിക്കുന്നതിനുമുള്ള ശിപാർശകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(സി) നിലവിൽ 61 പേർ പഠിക്കുന്നുണ്ട്.

## വാമനപുരം മണ്ഡലത്തിൽ പഠനമുറി പദ്ധതി

55(845) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതിയിൽ എത്ര കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളിലായി 136 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

## പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകൾ നടത്തുന്ന എയ്ഡഡ് കോളേജുകൾ

56(846) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംഘടനകളോ ട്രസ്റ്റുകളോ നടത്തുന്ന എത്ര എയ്ഡഡ് കോളേജുകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്ക് എയ്ഡഡ് കോളേജുകൾ അനുവദിച്ചിരുന്നോ; എങ്കിൽ, എത്ര കോളേജുകൾ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിലുള്ള എയ്ഡഡ് കോളേജുകൾ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സാമൂഹ്യതുല്യത ഉറപ്പുവരുത്താൻ പട്ടികവിഭാഗത്തിലുൾപ്പെട്ടവരുടെ സംഘടനകൾക്ക് എയ്ഡഡ് മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് ശിപാർശ നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംഘടനകൾ/ ട്രസ്റ്റുകൾ നടത്തുന്ന നാല് എയ്ഡഡ് കോളേജുകളാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നിലവിലുള്ളത്.

(ബി) കൊല്ലം അയ്യങ്കാളി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ്, അംബേദ്കർ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് വണ്ടൂർ, മലപ്പുറം എന്നീ രണ്ട് എയ്ഡഡ് കോളേജുകൾ മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംഘടനകൾക്ക്/ട്രസ്റ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) കോട്ടയം, ശ്രീശബരീശാ ആർട്സ് ആന്റ് സയൻസ് കോളേജ് മുക്കംവയൽ, കാസർഗോഡ് ബെജാ മോഡൽ ആർട്സ് ആന്റ് സയൻസ് കോളേജ് എന്നീ രണ്ട് എയ്ഡഡ് കോളേജുകൾ ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംഘടനകൾ/ ട്രസ്റ്റുകൾക്ക് പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം**

57(847) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വനാന്തർഭാഗത്ത് സ്ഥിതിചെയ്യുന്ന അട്ടത്തോട് ട്രൈബൽ എൽ.പി. സ്കൂളിന് ഇതേവരെ അടിസ്ഥാന സൗകര്യങ്ങളൊന്നുംതന്നെ ആയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) വനാവകാശനിയമപ്രകാരം സ്കൂളിന് എത്രഭൂമിയാണ് അനുവദിച്ചു നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) 100 ശതമാനം കുട്ടികളും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരായിട്ടും പട്ടികവർഗ്ഗ വകുപ്പിന് ലഭിക്കുന്ന പൂൾഡ് ഫണ്ട് ഉപയോഗിച്ച് ഇവിടെ സ്കൂൾകെട്ടിടം നിർമ്മിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കെട്ടിടനിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്തുവകുപ്പ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത തുക ഈവർഷത്തെ പൂൾഡ് ഫണ്ടിൽ നിന്നും അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ ഒന്നുമുതൽ നാല് വരെയുള്ള 54 കുട്ടികളിൽ 50 കുട്ടികൾ പട്ടികവർഗ്ഗക്കാരാണ്. രണ്ട് ക്ലാസ് മുറികളാണ് നിലവിലുള്ളത്. എന്നാൽ സ്കൂളിന് ആവശ്യമായ സ്ഥലസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമാണ് ഇല്ലാത്തത്.

(ബി) വനാവകാശ നിയമപ്രകാരം സ്കൂളിന് 0.5 ഹെക്ടർ ഭൂമിയാണ് അനുവദിച്ചുനൽകിയിട്ടുള്ളത്.

(സി) പൂൾഡ് ഫണ്ടിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരമാണ് സർക്കാരിന്റെ അനുമതിക്കായി പ്രൊപ്പോസലിൽ തയ്യാറാക്കുന്നത്. ആയതിൻപ്രകാരം സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് സമർപ്പിക്കുന്നതിലേയ്ക്കായി ഈ പ്രൊപ്പോസൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായത്തിനായി സമർപ്പിച്ചപ്പോൾ ടി സ്കൂൾ സർക്കാർ സ്കൂൾ ആയതിനാൽ പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണത്തിന് സ്കൂൾ വിദ്യാഭ്യാസ വകുപ്പിൽനിന്ന് തുക കണ്ടെത്തുകയോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/എം.എൽ.എ./എം.പി. ഫണ്ട് എന്നിവ മാനദണ്ഡപ്രകാരം ഏകോപിപ്പിച്ച് തുക കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) കെട്ടിട നിർമ്മാണത്തിനായി 9,37,89,504 രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്.

(ഇ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത പദ്ധതിക്കായി പൂൾഡ് ഫണ്ടിൽനിന്നും തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

58(848) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പൊതു വിദ്യാലയ പ്രവേശനം നേടുന്ന പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ വിനിമയ ഭാഷയിൽ നിന്നും പഠന മാധ്യമമായ മലയാള ഭാഷയിലേക്ക് വരുമ്പോഴുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) കൊഴിഞ്ഞുപോയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കുടുംബ പ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താൽപ്പര്യമില്ലായ്മ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽനിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്നതിനുള്ള പ്രധാന കാരണങ്ങൾ.

പ്രധാനമായും വയനാട്, ഇടുക്കി ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കണ്ടുവരുന്നത്. എന്നാൽ കൊഴിഞ്ഞുപോക്കിനെ സംബന്ധിക്കുന്ന ശാസ്ത്രീയമായ പഠനം വകുപ്പ് നടത്തിയിട്ടില്ല.

(ബി) പൊതുവിദ്യാലയ പ്രവേശനം നേടുന്ന പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവരുടെ വിനിമയ ഭാഷയിൽനിന്നും പഠനമാധ്യമമായ മലയാള ഭാഷയിലേയ്ക്ക് വരുമ്പോഴുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലുള്ള വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ ഭാഷാപ്രശ്നം ലഘൂകരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി ഗോത്രവിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ നിയമിക്കുന്ന "ഗോത്രബന്ധു പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കൊഴിഞ്ഞുപോയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് തിരികെക്കൊണ്ടുവരുന്നതിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കി വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി പട്ടികവർഗ്ഗ പ്രൊമോട്ടർമാർവഴി വ്യാപകമായ ബോധവൽക്കരണം വകുപ്പ് നടത്തിവരുന്നു. വിദൂര സ്ഥലങ്ങളിൽനിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹനസൗകര്യത്തിനായി "ഗോത്രസാരഥി" പദ്ധതി നടത്തിവരുന്നു. മുടങ്ങാതെ സ്കൂളിലെത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോൽസാഹന ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ ഭാഷാപ്രശ്നം ലഘൂകരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ഡി.എഡ് അല്ലെങ്കിൽ ബി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയായ "ഗോത്രബന്ധു പദ്ധതി"യും പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠനനിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് "സാമൂഹ്യ പഠനമുറി പദ്ധതി"യും നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആകെ 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. അതിൽ 100 സാമൂഹ്യപഠനമുറികൾ 2017-18 സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം 150 സാമൂഹ്യപഠനമുറികൾ നടപ്പിലാക്കാൻ തീരുമാനിച്ചതിൽ 46 സാമൂഹ്യ പഠനമുറികൾ നടപ്പ് സാമ്പത്തികവർഷം പൂർത്തീകരിച്ചിട്ടുണ്ട്.

സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കിയതിനുശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തെ സംബന്ധിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും സ്കൂളിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും കൃത്യസമയത്ത് എത്തിച്ചേരുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠ്യഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്.

## പി.പി.പി. പദ്ധതിപ്രകാരമുള്ള എല്ലാ ഐ.ടി.ഐ.-കളിലും ട്രേഡുകൾ

59(849) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പി.പി.പി. പദ്ധതി പ്രകാരമുള്ള എല്ലാ ഐ.ടി.ഐ.-കളിലും ട്രേഡുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പി.പി.പി. പദ്ധതി പ്രകാരമുള്ള ട്രേഡുകളിൽ എത്ര ട്രെയിനിംഗ് ഇൻസ്ട്രക്ടർ തസ്തികയാണുള്ളത്;

(സി) ട്രെയിനിംഗ് ഇൻസ്ട്രക്ടറുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

മര്യാപുരം ഐ.റ്റി.ഐ. - സർവ്വേയർ, എം.എം.വി.

പന്തളം ഐ.റ്റി.ഐ. - ഇലക്ട്രീഷ്യൻ എം.എം.വി.

ഏലത്തൂർ ഐ.റ്റി.ഐ. - വെൽഡർ ഡി/സിവിൽ

മംഗലം ഐ.റ്റി.ഐ. - സർവ്വേയർ

(ബി&സി) 20 താൽക്കാലിക ട്രെയിനിംഗ് ഇൻസ്ട്രക്ടറുടെ തസ്തികയാണ് ഉള്ളത്. സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഐ.ടി.ഐ.-കളിൽ പരിശീലനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം

60(850) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.-കളിൽ പരിശീലനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നു വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിന് അർഹതയുള്ള സാമ്പത്തിക ആനുകൂല്യങ്ങളുടെ പ്രതിമാസ നിരക്ക്, ഇവ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എന്നിവ നൽകാമോ;

(സി) വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നത് പ്രതിമാസ ഹാജർ ശതമാനത്തിന്റെ അടിസ്ഥാനത്തിലാണോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള സർക്കാർ ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യ പരിശീലനം നൽകുന്നതോടൊപ്പം വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം, പോഷകാഹാരം എന്നിവ നൽകിവരുന്നു. അതോടൊപ്പം ട്രെയിനികൾക്ക് ഒന്നാംവർഷം 820 രൂപയും രണ്ടാം വർഷം 630 രൂപയും ലംപ്സം ഗ്രാന്റും പ്രതിമാസം 630 രൂപ വീതം സ്റ്റൈപ്പന്റും നൽകുന്നു. കോഴ്സിനോടനുബന്ധിച്ച് നടത്തുന്ന സ്റ്റഡി ടൂറിന് 3000 രൂപ സ്റ്റഡി ടൂർ അലവൻസും പ്രതിവർഷം 900 രൂപ വർക്ക്ഷോപ്പ് ഡ്രസ്സിനും തയ്യൽക്കൂലിക്കുമായി നൽകുന്നു. വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള സർക്കാർ ഐ.ടി.ഐ.-കളിൽ ലംപ്സം ഗ്രാന്റ്, ഒന്നാം വർഷം 730 രൂപയും രണ്ടാം വർഷം 630 രൂപയും നൽകുന്നു. 8 കിലോമീറ്ററിനുള്ളിലുള്ളവർക്ക് 630 രൂപയും 8 കിലോമീറ്ററിനുമുകളിൽ 750 രൂപയും സ്റ്റൈപ്പന്റായി നൽകിവരുന്നു. എല്ലാ ഐ.ടി.ഐ.-കളിലും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നുണ്ട്. 7 ഐ.ടി.ഐ.-കളോട് അനുബന്ധിച്ച് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

(സി) വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നത് പ്രതിമാസ ഹാജരിന്റെ അടിസ്ഥാനത്തിലാണ്.

**പട്ടികജാതി വികസന വകുപ്പിനുകീഴിലെ ഐ.ടി.ഐ.-കൾ**

61(851) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ എത്രയെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പിനുകീഴിലെ ഐ.ടി.ഐ.-കൾ എല്ലാം പ്രവർത്തനക്ഷമമാണോ; പ്രസ്തുത ഐ.ടി.ഐ.-കളിൽ സാങ്കേതിക മികവുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ 44 ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നു.

(ബി) ഇതിൽ മര്യാപുരം (തിരുവനന്തപുരം), ഓച്ചിറ (കൊല്ലം), ഐക്കാട്, പന്തളം (പത്തനംതിട്ട), എസ്.പി. കോളനി കുറിച്ചി (കോട്ടയം) എങ്കക്കാട് (തൃശ്ശൂർ), മംഗലം (പാലക്കാട്) എന്നീ 7 ഐ.ടി.ഐ.-കൾ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.-കൾ ആയി പ്രവർത്തിക്കുന്നു.

(സി) പ്രവർത്തനക്ഷമമാണ്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഇടുക്കി, വയനാട് എന്നീ ജില്ലകൾ ഒഴിച്ചുള്ള 12 ജില്ലകളിലായി 44 ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 7 എണ്ണം മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.-കളായി പ്രവർത്തിക്കുന്നു.

കാലാനുസൃതമായി മാറിവരുന്ന സിലബസനുസരിച്ച് പഠനോപകരണങ്ങൾ ലഭ്യമാക്കിയും കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയും ഐ.ടി.ഐ.-കളെ സാങ്കേതിക മികവുള്ള സ്ഥാപനങ്ങളായി ഉയർത്തുന്നതിന് സർക്കാർ മുൻതൂക്കം നൽകിവരുന്നു.

**അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ നടപടികൾ**

62(852) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് കോടി രൂപ ചെലവിട്ട് നിർമ്മിച്ച അടിമാലിയിലെ ഹോസ്റ്റൽ കെട്ടിടം ജനപ്രതിനിധികളെ അറിയിക്കുക പോലും ചെയ്യാതെ ഉദ്ഘാടനം ചെയ്ത അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടിയാനെതിരെ സ്വീകരിച്ചിട്ടുള്ള നടപടിയെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ അടിമാലി ടി. ഡി. ഒ. യുടെ പ്രസ്തുത നടപടികൾ അന്വേഷിക്കുവാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന ഇരുമ്പുപാലം പ്രീ മെട്രിക് ഹോസ്റ്റലിനുവേണ്ടി പുതുതായി പണിത കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തിയിട്ടില്ല. നിലവിൽ പ്രവർത്തിക്കുന്ന ഹോസ്റ്റൽ കെട്ടിടം ഈ വർഷത്തെ പ്രളയമുണ്ടായ സമയത്ത് അപകടാവസ്ഥയിലായതിനാൽ ടി കെട്ടിടത്തിൽനിന്നും കുട്ടികളെ പുതിയ കെട്ടിടത്തിൽ താൽക്കാലികമായി മാറ്റിപ്പാർപ്പിച്ചിരുന്നു. ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

(ബി & സി) ബാധകമല്ല

## പ്രൊഫഷണൽ മേഖലകളിൽ യോഗ്യതയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ

63(853) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ-എഞ്ചിനീയറിംഗ്-നേഴ്സിംഗ്-പാരാമെഡിക്കൽ-ഫാർമസി എന്നീ പ്രൊഫഷണൽ മേഖലകളിൽ യോഗ്യതയുള്ള, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർ തൊഴിൽരഹിതരായി നിലവിൽ സംസ്ഥാനത്തുണ്ട്; വിശദവിവരം നൽകുമോ;

(ബി) ടി വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പൊതുമേഖലാ/സർക്കാർ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുമായി എന്തെല്ലാം പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അല്ലെങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(സി) ഇതിനായി എന്തെങ്കിലും പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസനവകുപ്പിൽ വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

മെഡിക്കൽ-എഞ്ചിനീയറിംഗ്-നേഴ്സിംഗ്-പാരാമെഡിക്കൽ-ഫാർമസി എന്നീ പ്രൊഫഷണൽ മേഖലകളിൽ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട അഭ്യസ്തവിദ്യരായവർ ഉൾപ്പെടെയുള്ളവരുടെ സമഗ്ര വിവരശേഖരണം പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ നടത്തിവരുന്നു.

(ബി) <u>പട്ടികജാതി വികസനവകുപ്പ്</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനറൽ നഴ്സിംഗ്, ബി.എസ്‌സി. നഴ്സിംഗ് പാസ്സായ ഉദ്യോഗാർത്ഥികളെ സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഒരാൾ വീതവും ജില്ലാ/ജനറൽ ആശുപത്രികളിൽ മൂന്ന് പേർ വീതവും രണ്ട് വർഷത്തേയ്ക്ക് പ്രതിമാസം 15000 രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ നേഴ്സായി നിയമിച്ച് പരിശീലനം നടത്തിവരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ള യുവാക്കൾക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്ന NEP/FNEP, IELTS പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേസ്‌മെന്റ് ലഭ്യമാക്കി വരുന്നു. 234 പേർക്ക് വിദേശത്ത് പ്ലേസ്‌മെന്റ് ലഭിച്ചു.

വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി ഇപ്പോൾ വകുപ്പ് നടപ്പാക്കിവരുന്നു. വായ്പാ തുകയുടെ മൂന്നിലൊന്ന് വകുപ്പ് സബ്‌സിഡിയായി നൽകുന്നു. ബാങ്കുകളുമായി ചേർന്നാണ് പദ്ധതി നടപ്പാക്കിവരുന്നത്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം പ്രൊഫഷണൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്‌മെന്റ് ഡെവലപ്‌മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ടെക്നോളജി. ഇലക്ട്രോണിക് കോർപ്പറേഷൻ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം ടെക്നോളജീസ്, എത്തിയോസ് അക്കാദമി ഫോർ മീഡിയ ഡിസൈൻ, ബ്രൈറ്റ് ലൈറ്റ് സൊസൈറ്റി, ആൾ ഇൻഡ്യ ഏഷ്യൻ എഡ്യുക്കേഷണൽ ഫൗണ്ടേഷൻ, അപ്പോളോ മെഡി സ്കിൽസ്, ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്‌മെന്റ്, പ്രോവിൻസ് അഗ്രി സിസ്റ്റം, കുട്ടുക്കരൻ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം നടത്തുന്നുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിദേശത്തും സ്വദേശത്തും തൊഴിലുറപ്പാക്കുന്നുണ്ട്.

ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.

ഐ.റ്റി./ഹാർഡ്‌വെയർ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തന സജ്ജമാക്കിയിട്ടുള്ള സെന്റർ ഓഫ് സ്കിൽ എക്സ്‌ലൻസ് എന്ന സ്ഥാപനം മുഖേന ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ ആന്റ് സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ വിഭാഗങ്ങളിൽ 282 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

2016-17 സാമ്പത്തിക വർഷം എൻ.റ്റി.റ്റി.എഫ്. എന്ന സാങ്കേതിക സ്ഥാപനം മുഖേന ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തീകരിച്ച 250 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 192 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ പ്ലേസ്‌മെന്റ് ഉറപ്പുവരുത്തി. 2018-19 വർഷത്തിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് 420 കുട്ടികൾക്ക് പരിശീലനം നടത്തിവരുന്നു.

സെന്റർ ഫോർ ഡെവലപ്‌മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി(C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകി പ്ലേസ്‌മെന്റ് നടത്തിവരുന്നു.

KASE-ഉം പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ വികസന പരിപാടിയിൽ 159 കുട്ടികൾക്ക് ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ തെറാപ്പി, ഡിപ്ലോമ ഇൻ ആയുർവേദ നേഴ്സിംഗ്, ഡിപ്ലോമ ഇൻ ഫാർമസി, അഡ്വാൻസ് ഇൻ നേഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, BLS, IELTS നേഴ്സിംഗ് കരിയർ അഡ്വാൻസ് പ്രോഗ്രാം എന്നീ കോഴ്സുകൾ നടപ്പിലാക്കിവരുന്നു.

(സി) <u>പട്ടികജാതി വികസന വകുപ്പ്</u>

മുൻഖണ്ഡികയിൽ പരാമർശിച്ച നഴ്സിംഗ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് പദ്ധതി കൂടാതെ എഞ്ചിനീയറിംഗ്-നഴ്സിംഗ്-പാരാമെഡിക്കൽ-ഫാർമസി യോഗ്യതയുള്ളവർക്ക് പ്രസ്തുത മേഖലകളിൽ skill training നൽകി ജോലി ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ Expression of interest വിളിച്ച് വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പാക്കിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ആധുനിക മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ പരിശോധിച്ച് സാധ്യതകൾ നിലനിൽക്കുന്ന മേഖലകൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള പ്ലേസ്മെന്റ് ഉറപ്പുവരുത്തുന്ന നടപടി സർക്കാർ സ്വീകരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷത്തിലേയ്ക്ക് 1380 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശതൊഴിൽ

64(854) ശ്രീ. ബി. സത്യൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) മികച്ച തൊഴിൽ നേടുന്നതിനുള്ള മത്സര പരീക്ഷകൾക്കായി ഈ വിഭാഗക്കാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് സൗജന്യമായി നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) വിദേശത്ത് തൊഴിൽ നേടുന്നതിനായി വായ്പാപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽദായക പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ, Digseotech, incaetek എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

(2) പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോഡയഗണോസിസ് ആന്റ് റിപ്പയർ

പരിശീലനം, ടിൻകറിംഗ് ആന്റ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, കമ്പ്യൂട്ടറിംഗ് ആന്റ് പെരിഫെറൽസ് ടെക്നീഷൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, സി.സി.ടി.വി. ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പുവരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.

(3) പട്ടികജാതിക്കാർക്ക് വിദേശത്ത് Oil and Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course നേഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/FNEP/IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു.

(4) പട്ടികജാതി യുവതീയുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, Travel & Tourism Course, Spa therapy course, Geraitric Assistant, Airline Customer Service, Security guard, Fashion Designing Course എന്നിങ്ങനെ വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(5) നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15000 രൂപ പ്രതിമാസം ഓണറേറിയവും 1500 രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(6) വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ മേളകൾ സംഘടിപ്പിച്ച് പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു.

(ബി) വിവിധ മൽസര പരീക്ഷകൾക്കായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് സംസ്ഥാനത്ത് നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേന സിവിൽ സർവ്വീസ് പരീക്ഷ പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം നൽകിവരുന്നു. ഇവർക്ക് കോഴ്സ് ഫീസ് സൗജന്യവും പ്രതിമാസം ഹോസ്റ്റൽ ഫീസ് ആയി 5000 രൂപയും പോക്കറ്റ് മണിയായി 1000 രൂപയും അനുവദിക്കുന്നു. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ

ട്രെയിനിംഗ് സൊസൈറ്റി (ICSETS)യിൽ പ്രവേശന പരീക്ഷ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾവഴി സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിന് ലക്ഷ്യ സ്കോളർഷിപ്പ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചുനടപ്പാക്കിയിട്ടുണ്ട്. ICSETS-ൽ 30 പട്ടികജാതി വിദ്യാർത്ഥികൾക്കായി പോസ്റ്റ് ഗ്രാജ്വേറ്റ് ജേർണലിസം ഡിപ്ലോമ കോഴ്സും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19-ൽ 245 പേർക്ക് സിവിൽ സർവ്വീസസ് അക്കാഡമി മുഖേന പരിശീലനം നൽകി. ജുഡീഷ്യറി സർവ്വീസിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് ലോ കോളേജ് മുഖേന മുൻസിഫ് മജിസ്ട്രേറ്റ് പ്രവേശന പരീക്ഷയിൽ പരിശീലന പദ്ധതി നടത്തിവരുന്നു.

(സി) പട്ടികജാതിക്കാർക്ക് വിദേശത്ത് Oil and Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, Food Production Course നേഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/FNEP/IELTS, ANEP, OET പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു. ഇതുവരെ 234 പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭിച്ചു. അങ്കമാലി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇറാം ടെക്നോളജിയുമായി സഹകരിച്ച് 2018-19, 2019-20 വർഷങ്ങളിലായി 150 പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ടിഗ് ആന്റ് ആർക്ക് വെൽഡിംഗ്, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ, ഫിറ്റർ എന്നീ 3 കോഴ്സുകളിലായി പരിശീലനം നൽകിവരുന്നു. പരിശീലന കാലാവധി 3 മാസമാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ക്യാമ്പസ് ഇന്റർവ്യൂവിലൂടെ വിദേശത്ത് തൊഴിൽ ലഭിക്കുന്നു. ആദ്യ ബാച്ചിൽ 30 കുട്ടികൾക്ക് പരിശീലനം ലഭ്യമായതിൽ 8 കുട്ടികൾക്ക് വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ട്.

(ഡി) പട്ടികജാതിയിൽപ്പെട്ടവർക്കായി വായ്പാപദ്ധതി നടപ്പാക്കിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന പട്ടികജാതി ഗുണഭോക്താക്കൾക്ക് വിദേശ തൊഴിൽ വായ്പാപദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന പട്ടികജാതിയിൽപ്പെട്ടവരുടെ പാസ്പോർട്ട്, വിസ, എമിഗ്രേഷൻ സർട്ടിഫിക്കറ്റ്, വൈദ്യപരിശോധന, വിമാനയാത്ര തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് 2 ലക്ഷം രൂപ വായ്പ അനുവദിച്ചുവരുന്നു. വായ്പാ സബ്സിഡി അനുപാതം 1:1 (കെ.എസ്.ഡി.സി. വായ്പ ഒരു ലക്ഷം രൂപയും വകുപ്പ് നൽകുന്ന സബ്സിഡി ഒരു ലക്ഷം രൂപയുമാണ്.)

## സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം

65(855) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ പട്ടികവർഗ്ഗവിഭാഗങ്ങളുടെ പ്രാതിനിധ്യം 2019 ജനുവരി 1-ാം തീയതിയുടെ അടിസ്ഥാനത്തിൽ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമാനുസൃത പ്രാതിനിധ്യമില്ലായെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വകുപ്പുകളിൽ പ്രത്യേക നിയമനത്തിനായി തസ്തിക റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞവർഷം ഏതൊക്കെ വകുപ്പുകളിലാണ് ഇപ്രകാരം തസ്തിക റിസർവ് ചെയ്തതെന്നും അതിലേക്കുള്ള നിയമനപുരോഗതി എന്തെന്നും വെളിപ്പെടുത്താമോ;

(ഇ) ഏതെങ്കിലും തസ്തികയിലേക്ക് യോഗ്യരായ വ്യക്തികളെ ലഭിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 49 വകുപ്പുകളിൽ അവലോകനം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) എൻ.സി.സി. വകുപ്പ്, അച്ചടി വകുപ്പ്

(സി) ഉണ്ട്.

(ഡി) 1-1-2018 അടിസ്ഥാനമാക്കി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം, തുറമുഖം എന്നീ വകുപ്പുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി തസ്തിക റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റിസർവ് ചെയ്ത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ല. തുറമുഖ വകുപ്പിൽ തസ്തിക റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് പ്രസ്തുത തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിനാൽ, റിസർവ് ചെയ്ത തസ്തികയിലുണ്ടാകുന്ന അടുത്ത ഒഴിവ് പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്യുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഇ) നിലവിൽ ഇത്തരത്തിൽ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

## ഒല്ലൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ

66(856) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ പേര്, അവയുടെ നിലവിലെ പുരോഗതി എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | പ്രവൃത്തിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|
| പുത്തൂർ പഞ്ചായത്ത് | മതിക്കുന്ന് എസ്.സി. കോളനി മണ്ണുസംരക്ഷണ പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ മണ്ണുസംരക്ഷണ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 60% പൂർത്തിയായ പ്രവൃത്തിയുടെ അന്തിമ ബില്ല് അനുവദിച്ചു. |

## കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

67(857) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2019-20 വർഷത്തേക്ക് ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയത്; വിശദമാക്കാമോ;

(ബി) 2019-20-ലെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താൻ മലപ്പുറം ജില്ലയിൽ നിന്ന് ലഭിച്ച പദ്ധതികൾ, അവയുടെ എസ്റ്റിമേറ്റ് തുക എന്നിവ അറിയിക്കാമോ;

(സി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) 2018-19-ൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അനുവദിച്ച പദ്ധതികൾ, അവയുടെ തുക എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധം ആയി ചേർക്കുന്നു*.

(സി) പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട്. 2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാ തലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് ബഡ്ജറ്റിൽ പറയുന്നു. ഇപ്രകാരം ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കുടിവെള്ള വിതരണം | പട്ടികവിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽമാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം |
| ഗതാഗത സൗകര്യവികസനം | കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവമാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി ഉറപ്പാക്കിമാത്രം നടപ്പിലാക്കുക |
| വൈദ്യുതി വിതരണം | പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവ മാത്രം |

പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം/സാംസ്കാരികം/കായികം തുടങ്ങിയ) ഉതകുന്ന പ്രോജക്ടുകൾ/DIET-ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്താവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിൽ പട്ടികജാതി ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടകപദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്.

| | |
|---|---|
| വിജ്ഞാൻവാടികളുടെ ആവർത്തനച്ചെലവുകൾ | തുടർന്നുവരുന്ന പദ്ധതി |

25 ലക്ഷത്തിനുമുകളിൽ വരുന്ന പദ്ധതികൾ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് എന്നിവ സഹിതം ലഭ്യമാകുന്നത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കൂടി അംഗീകാരം നൽകിവരുന്നു.

(ഡി) അനുബന്ധം ആയി ചേർക്കുന്നു. *

## പുറ്റാട്ട് കോളനിയിലെ കുടിവെള്ള പദ്ധതിക്ക് കോർപ്പസ് ഫണ്ട്

68(858) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ ഉരുളൻകുന്നത്ത് പടിഞ്ഞാറെ പുറ്റാട്ട് എസ്.സി. കോളനിയിലെ കുടിവെള്ള പദ്ധതിക്ക് കോർപ്പസ് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുക്കം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട കിഴക്കുംപാടം, ഉരുളൻകുന്ന്, പുറ്റാട്ട് കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുള്ള 38,60,000 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ രേഖകൾ ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തരിശുഭൂമിയിൽ കൃഷി

69(859) ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾക്ക് തരിശുകിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷി നടത്താനുതകുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം ആദിവാസി മേഖലകളിലാണ് പദ്ധതി നടപ്പിലാക്കിയത്; വിശദമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നീക്കിവച്ചത്; അറിയിക്കാമോ;

(ഡി) ഈ പദ്ധതി തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ആദിവാസികൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) പട്ടികവർഗ്ഗക്കാരുടെ തരിശുകിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷിയെ പ്രോൽസാഹിപ്പിച്ച് സുസ്ഥിര വരുമാനദായക സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യംവച്ച് 2019-20-ൽ വരുമാനദായക കാർഷിക ഉദ്യമം എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നുവരുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർ കൂടുതൽ പണിയെടുക്കുന്ന ഫാമുകളുടെ നവീകരണവും ടി പദ്ധതിയിലൂടെ ലക്ഷ്യംവയ്ക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി 2017 മുതൽ 2020 വരെയുള്ള 3 വർഷക്കാലയളവിലേയ്ക്ക് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേർന്ന് അട്ടപ്പാടി മേഖലയിൽ അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലായി നടപ്പിലാക്കുന്നു.

പരമ്പരാഗത വിളകളായ റാഗി, ചോളം, തിന, ചാമ എന്നിവയും മുതിര, തുവര, അമര മുതലായ പയർവർഗ്ഗങ്ങളും പച്ചക്കറികളും കൃഷി ചെയ്യുന്നു. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷിയിറക്കി രണ്ടാം വിളവ് നടപ്പിലാക്കിവരുന്നു. ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽനിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

(സി) 2017 മുതൽ 2020 വരെയുള്ള 3 വർഷക്കാലയളവിലേയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേർന്ന് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായ 231.99 ലക്ഷം രൂപ കോർപ്പസ് ഫണ്ട് എന്ന പദ്ധതിയിൽ നിന്നും അനുവദിച്ചു.

(ഡി) ടി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ മുഴുവൻ കൈവശഭൂമിയിൽ കൃഷി പ്രോൽസാഹിപ്പിച്ച് ജീവനോപാധി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ചാണ് 2019-20 വരുമാനദായക കാർഷിക ഉദ്യമം എന്ന പദ്ധതി ആവിഷ്കരിച്ചുനടപ്പിലാക്കിയത്. കൂടാതെ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം കൈവശരേഖ (ROR) നൽകുന്നതിലൂടെയും നിക്ഷിപ്ത വനഭൂമി വിതരണത്തിലൂടെയും ഭൂമി വാങ്ങിനൽകുന്ന ലാന്റ് ബാങ്ക് പദ്ധതികളിലൂടെയും ഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആദിവാസി സമൂഹത്തിലെ ആളുകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതി

70(860) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി സമൂഹത്തിലെ ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെച്ചേർക്കുന്നു:

1. സാമൂഹിക പഠനമുറി

പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ലക്ഷ്യംവച്ച് പഠനസൗകര്യം ഊരുകളിൽ ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2. ഗോത്രബന്ധു

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം ലഘൂകരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്. വയനാട്, പാലക്കാട് എന്നിവിടങ്ങളിലായി 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

101 പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് "അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം"

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽദിനങ്ങൾകൂടി ലഭ്യമാക്കുന്ന "കേരള ട്രൈബൽ പ്ലസ് പദ്ധതി" , പട്ടികവർഗ്ഗ മേഖലകളിൽ ഒറ്റപ്പെട്ട്/ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങൾക്കായി കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ പദ്ധതിയിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പി.കെ. കാളൻ കുടുംബപദ്ധതി എന്നിവ കൂടി സംയോജിപ്പിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

4. ഗോത്ര വാൽസല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുമായി ചേർന്ന് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിയാണ് "ഗോത്രവാൽസല്യനിധി."

5. സമ്പൂർണ്ണ വൈദ്യുതീകരണം

ടി പദ്ധതിയുടെ ഭാഗമായി 16.00 കോടി രൂപ ചെലവഴിച്ച് എല്ലാ പട്ടികവർഗ്ഗ ഊരുകളും ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

6. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

ആധുനിക വൈദ്യസഹായം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടർ, പാരാമെഡിക്കൽ സേവനം ഉൾപ്പെടെ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ സംസ്ഥാനമൊട്ടാകെ 2017-18 മുതൽ പ്രവർത്തനം ആരംഭിച്ചു.

7. ഗോത്രജീവിക

നിർമ്മാണ മേഖലയിൽ തൊഴിൽ നൈപുണ്യപരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1170 പേർക്ക് പരിശീലനം നൽകി 54 സ്വയം സഹായസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

8. സമഗ്ര ആദിവാസി സാക്ഷരതാ പരിപാടി

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സാക്ഷരതാ മിഷൻ മുഖേന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ആദിവാസി സാക്ഷരതാപദ്ധതി.

9. ഗോത്രരശ്മി സാമൂഹിക ശാക്തീകരണ പരിപാടി

പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നേതൃരംഗത്തേയ്ക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

10. മില്ലറ്റ് വില്ലേജ് പദ്ധതി

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായും അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി.

11. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നിനുള്ള ഒരു പദ്ധതിയാണിത്. ആറളം ഫാം, ചിങ്ങേരി ഫാം, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാം എന്നിവിടങ്ങളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കാൻ തീരുമാനമായിട്ടുണ്ട്.

12. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്

വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. 291 വനിതകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

13. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ

ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്.

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലേസ്മെന്റ് ഉറപ്പുവരുത്തുന്നു.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു. പി.എസ്.സി. വഴി പോലീസ്, എക്സൈസ് എന്നീ വകുപ്പുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം, കിഫ്ബി മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ, കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിര വികസന പദ്ധതികൾ, മിൽമ മുഖേന നടപ്പിലാക്കിവരുന്ന ജീവനോപാധി പദ്ധതികൾ, കരിയർ ഗൈഡൻസ് ജോബ് ഫെയർ തുടങ്ങിയ വിവിധ പദ്ധതികളും ആദിവാസി സമൂഹത്തിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് നടപ്പിലാക്കുന്നത്.

## ആദിവാസി കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ പദ്ധതി

71(861) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാറിലധികം ആദിവാസി കോളനികൾ സ്ഥിതി ചെയ്യുന്ന കോതമംഗലം മണ്ഡലത്തിലെ ആദിവാസി കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഓരോ കോളനിയിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ കോളനികളിലായി എത്ര കുട്ടികൾക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ ആദിവാസി കോളനികളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) കോതമംഗലം മണ്ഡലത്തിലെ പിണവൂർക്കുടി, വെള്ളാരംകുത്ത്, ഇളംബ്ലാശ്ശേരി എന്നീ കോളനികളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത കോളനികളിൽ 2017-18 വർഷം മുതൽ "സാമൂഹ്യപഠനമുറി" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആദിവാസി കോളനികളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി കോതമംഗലം താലൂക്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നാല് പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പിണവൂർക്കുടി സ്കൂളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2018-19 മുതൽ പ്രഭാത ഭക്ഷണം നൽകിവരുന്നു.

(സി) വിവിധ കോളനികളിലായി അഞ്ഞൂറ്റി അൻപതോളം വിദ്യാർത്ഥികൾക്ക് മേൽ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

(ഡി) കോതമംഗലം മണ്ഡലത്തിൽ വടാശ്ശേരിയിൽ ബ്ലോക്കിന്റെ കെട്ടിടത്തിൽ ആൺകുട്ടികൾക്കുള്ള ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനും നേര്യമംഗലത്ത് വകുപ്പിന്റെ സ്ഥലത്ത് പെൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആദിവാസി കുടുംബത്തിലെ ഒരാൾക്ക് ജോലി

72(862) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ആദിവാസി കുടുംബത്തിൽ ഒരാൾക്ക് ജോലി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഇതുവരെ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(സി) വാമനപുരം നിയോജകമണ്ഡല പരിധിക്കുള്ളിൽ ഇപ്രകാരം ആർക്കൊക്കെ ജോലി ലഭിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് അനവധി പരിപാടികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി

ലഭ്യമാക്കുക എന്നത് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ പ്രഖ്യാപിത ലക്ഷ്യമാണ്. 2019-20 വർഷത്തിലെ ഗവർണറുടെ നയപ്രഖ്യാപനത്തിലും ഇത് പ്രതിപാദിച്ചിട്ടുണ്ട്.

ഇതേത്തുടർന്ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസനം, ആഭ്യന്തരം, തൊഴിൽ, വ്യവസായം, വനം വന്യജീവി, തദ്ദേശ സ്വയംഭരണം മുതലായ വകുപ്പുകളുമായി ചർച്ച നടത്തുകയും സർക്കാർ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പ് മേധാവികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ട പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ മതിയായ യോഗ്യതയുള്ളവരില്ലാത്തതിനാൽ ടി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ടി തസ്തികകളിൽ മതിയായ ഇളവുകൾ വരുത്തി അടിയന്തര നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളായ പോലീസ്, എക്സൈസ്, വനം എന്നിവയിൽ പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരെ നിയമിച്ചിട്ടുണ്ട്.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

ആധുനികവും പരമ്പരാഗതവുമായ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ പരിശോധിച്ചുകൊണ്ട് സാധ്യതകൾ നിലനിൽക്കുന്ന മേഖലകൾക്ക് ഊന്നൽ നൽകി നൈപുണ്യ വികസന പരിശീലനം നൽകി വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള പ്ലേസ്മെന്റ് ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019-20 വരെ ഇത്തരത്തിൽ അഭ്യസ്തവിദ്യരായ 5431 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു. ഇതിൽ 2019-20 വർഷത്തിലേയ്ക്ക് 1725 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനം നടപ്പിലാക്കിവരുന്നു.

കാർഷിക മേഖലയിൽ ജീവനോപാധി ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഊരുകൂട്ടങ്ങൾ അംഗീകാരം നൽകുന്ന ജീവനോപാധി പദ്ധതികൾക്കായി കോർപ്പസ് ഫണ്ട്, എസ്.സി.എ. ടു ടി.എസ്.പി. പൂൾഡ് ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>വകുപ്പിന്റെ കീഴിൽ താൽക്കാലിക നിയമനം</u>

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് ചുവടെ പറയുംപ്രകാരം തൊഴിൽ ലഭ്യമാക്കി സാമ്പത്തികനേട്ടം കൈവരിക്കുന്നതിന് സഹായിച്ചു.

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു-മെന്റർ ടീച്ചർ | 267 |
| സാമൂഹ്യ പഠനമുറി-ട്യൂട്ടർ | 100 |
| എസ്.ടി. പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| കുടുംബശ്രീ അനിമേറ്റർ | 321 |
| മില്ലറ്റ് വില്ലേജ് (പ്രോജക്ടിന്റെ ഭാഗമായി) | 9 |
| അട്ടപ്പാടി അഗ്രോ ഇക്കോളജി പ്രോജക്ട് - ഫീൽഡ് കോ-ഓർഡിനേറ്റർ | 16 |
| ആകെ | 2866 |

തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക. ഇതിനായി എം.ജി.എൻ.ആർ.ഇ. ജി.എസ്. സംസ്ഥാന മിഷന് 14.40 കോടി രൂപ അനുവദിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതിയിലൂടെ 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിനുമുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2019-20-ൽ നാളിതുവരെ 100 ദിവസം തൊഴിൽ പൂർത്തീകരിച്ച 3944 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിലൊരിക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടി, വയനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

മില്ലറ്റ് വില്ലേജ്

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കിവരുന്നു. ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽനിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

<u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം</u>

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019-20-ൽ "പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ 1.56 കോടി രൂപ ചെലവഴിച്ച് 19 ഊരുകളിലായി 830 ഏക്കറിൽ ഹോംസ്റ്റെഡ് അഗ്രികൾച്ചറൽ പദ്ധതി 600 കുടുംബങ്ങൾക്കായി നടപ്പിലാക്കി വിളവെടുപ്പ് നടന്നുവരുന്നു. പട്ടികവർഗ്ഗക്കാർ കൂടുതൽ പണിയെടുക്കുന്ന ഫാമുകളുടെ നവീകരണം ടി പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു.

(ബി) 'പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി' എന്ന പദ്ധതി പ്രകാരം നാളിതുവരെ 5431 പേർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകിയതിൽ 1725 പേരുടെ നൈപുണ്യ വികസന പരിശീലനം നടന്നുവരികയാണ്. ശേഷിക്കുന്ന 3706 പേർക്ക് സ്വകാര്യസ്ഥാപനങ്ങളിലും സ്വയംതൊഴിലിലുമായി ജോലി ലഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ തൊഴിൽ ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു*.

(സി) പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ വാമനപുരം നിയോജകമണ്ഡലത്തിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം ചുവടെച്ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതികൾ | മണ്ഡലം | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| 1 | സാമൂഹ്യപഠനമുറി- ട്യൂട്ടർ | ... | 1 |
| 2 | എസ്. ടി. പ്രമോട്ടർമാർ | ... | 14 |
| 3 | കമ്മിറ്റഡ് സോഷ്യൽ വർക്കർ | ... | 1 |
| 4 | സാക്ഷരത പ്രേരക്മാർ, ഇൻസ്ട്രക്ടർമാർ | ... | 1 |
| 5 | കുടുംബശ്രീ അനിമേറ്റർ | ... | 3 |
| 6 | വരുമാനദായക കാർഷിക ഉദ്യമം | ... | 16 |
| 7 | കേരള ട്രൈബൽ പ്ലസ് (തൊഴിലുറപ്പ് പദ്ധതി) (തൊഴിൽ ലഭിച്ച കുടുംബങ്ങൾ) | ... | 501 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആദിവാസി കുടുംബങ്ങൾക്ക് നൽകിയ ഭൂമി

73(863) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസി കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ ഭൂമിയാണ് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 968 പേർക്ക് 1551 ഏക്കർ വനാവകാശ നിയമപ്രകാരവും 454 പേർക്ക് 169.46 ഏക്കർ ഭൂമി വാങ്ങി നൽകിയും 99 പേർക്ക് 9.9 ഏക്കർ റവന്യൂ ഭൂമിയും 1593 പേർക്ക് 1326.54 ഏക്കർ നിക്ഷിപ്ത വനഭൂമിയും അനുവദിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ കൈവശമുള്ള 387.15 ഏക്കർ ഭൂമി 422 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

## പ്രാക്തന ഗോത്രവർഗ്ഗങ്ങളായ കൊറഗരുടെ ജീവസന്ധാരണത്തിനായുള്ള പദ്ധതികൾ

74(864) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിലും പരിസരങ്ങളിലും ജീവിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗങ്ങളായ കൊറഗർക്ക് അവരുടെ ജീവസന്ധാരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിലും പരിസരങ്ങളിലും ജീവിക്കുന്ന പ്രത്യേക ദുർബ്ബല വിഭാഗമായ കൊറഗ സമുദായത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം

2. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

3. സ്പോർട്സ് കിറ്റ് വിതരണം

4. ചികിൽസാ ധനസഹായം

5. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യൽ

6. മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം

7. ജനനീ ജന്മരക്ഷ പദ്ധതി

8. ഭവനപുനരുദ്ധാരണം

9. അടുക്കള നിർമ്മാണത്തിന് ധനസഹായം

10. 2016-17 വർഷത്തെ പി.വി.ടി.ജി. ഹഡ്കോ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഭവന നിർമ്മാണത്തിന് ധനസഹായം

11. ജില്ലാ പഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊറഗ കോളനികളിൽ പോഷകാഹാരം വിതരണം

12. മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

## അട്ടപ്പാടിയിലെ മില്ലറ്റ് ഗ്രാമം പദ്ധതി

75(865) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമം മുൻനിർത്തി അട്ടപ്പാടിയിൽ 2017-ൽ തുടക്കം കുറിച്ച മില്ലറ്റ് ഗ്രാമം പദ്ധതി ഇപ്പോൾ വഴിമുട്ടി നിൽക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിക്കായി ഏറ്റെടുത്ത 2000 ഏക്കർ ഭൂമി ഇപ്പോൾ തരിശായി കിടക്കുകയാണോ;

(സി) ആദിവാസികൾക്ക് അവരുടെ പൂർവ്വകാലകൃഷി ചെയ്യുന്നതിന് സൗകര്യമൊരുക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക തുടങ്ങിയവ പദ്ധതിയുടെ ലക്ഷ്യമായിരുന്നോ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ ആദിവാസി ക്ഷേമം മുൻനിർത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് ഗ്രാമം പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. 2017-18 സാമ്പത്തികവർഷത്തിൽ 45 ഊരുകളിൽ ആരംഭിച്ച പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ 55 ഊരുകളിലേക്കും 2019-20 സാമ്പത്തിക വർഷത്തിൽ 70 ഊരുകളിലേയ്ക്കുമായി വികസിപ്പിച്ചിട്ടുണ്ട്. 3 വർഷത്തേയ്ക്കുള്ള ഈ പദ്ധതിയുടെ അവസാന ഘട്ടത്തിലെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

(ബി) മില്ലറ്റ് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി യാതൊരു ഭൂമിയും ഏറ്റെടുത്തിട്ടില്ല. പദ്ധതിയിൽ അംഗങ്ങളാകാൻ താൽപ്പര്യമുള്ള കർഷകരെ ഓരോ ഊരിലും ഊരുകൂട്ടം വഴി തെരഞ്ഞെടുക്കുന്നു. ഈ കർഷകർക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ സഹായങ്ങൾ (നിലമൊരുക്കൽ, ജൈവവളം, വിത്ത്, വിള ഇൻഷ്വറൻസ്) ചെയ്തുകൊടുക്കുന്നു. കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായാണ് ഓരോ കർഷകനും ആനുകൂല്യം അനുവദിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 1287.5 ഏക്കർ സ്ഥലത്തും 2018-19 സാമ്പത്തിക വർഷത്തിൽ 1732.5 ഏക്കർ സ്ഥലത്തും കൃഷി ചെയ്യുകയും 2019-20 സാമ്പത്തിക വർഷത്തിൽ ഒന്നാം വിളയിൽ 1900 ഏക്കർ സ്ഥലത്ത് വിളവെടുക്കുകയും രണ്ടാം വിളയിൽ 1200 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള പ്രാരംഭ ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആദിവാസി കർഷകരുടെ പരമ്പരാഗത കൃഷി വ്യാപിപ്പിക്കുകയും അവരിലെ പോഷകാഹാരക്കുറവ് പരിഹരിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം വിജയത്തിലേയ്ക്കെത്തുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. ചെറുധാന്യഗ്രാമം പദ്ധതി നടപ്പിലാക്കുന്ന ഊരുകളുടെ എണ്ണം കൂടുന്നതും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി വർദ്ധിച്ചുവരുന്നതും കർഷകരുടെ എണ്ണം കൂടുന്നതും ഇതിന്റെ ഫലമാണ്. കൂടാതെ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളും ശിശുമരണനിരക്കും വൻതോതിൽ കുറഞ്ഞിട്ടുണ്ട്.

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് വിള വ്യാപനം നടത്തുകയും 5 മാതൃകാ ഊരുകളിൽ ഓരോന്നിലും 40 ലക്ഷം രൂപ വീതം ചെലവുവരുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നടീൽ വസ്തുക്കളുടെ വിതരണം, തേനീച്ച വളർത്തൽ, ധാന്യസംഭരണി, കാർഷിക ഉപകരണങ്ങളുടെ വിതരണം എന്നിവ നടപ്പിലാക്കുകയും ജലസേചനം, വൈദ്യുത വേലി, ഡ്രയിങ് യാർഡ് എന്നിവയ്ക്കുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ചെറുധാന്യങ്ങൾ ചെറിയ അളവിൽ സംഭരിച്ച് കൃഷി വിജ്ഞാൻ കേന്ദ്ര കോയമ്പത്തൂർ മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നു.

പൂർണ്ണമായും ജൈവരീതിയിൽ കൃഷി ചെയ്യുന്ന ചെറുധാന്യങ്ങൾ ജൈവ ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിന് ജൈവ സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ സി വൺ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. സി ടു സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഭാവിയിൽ മില്ലറ്റ് ഗ്രാമം പദ്ധതി ഒരു പ്രോസെസ്സിംഗ് യൂണിറ്റ് ആരംഭിച്ച് കർഷകർ ഉൽപ്പാദിപ്പിക്കുന്ന ചെറുധാന്യങ്ങൾ സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് ഒരു ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരിച്ച് ടി യൂണിറ്റ് അവർക്ക് കൈമാറാനും പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. 192 ആദിവാസി ഊരുകളുള്ള അട്ടപ്പാടിയിൽ പദ്ധതിയുടെ അടങ്കൽ തുക ഉപയോഗിച്ച് 70 ഊരുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതി 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കും. ആദിവാസി ക്ഷേമത്തിനും സുസ്ഥിര വികസനത്തിനും ആദിവാസി കർഷകർക്ക് വരുമാന വർദ്ധനവിനും ഈ പദ്ധതി തുടരേണ്ടത് അത്യാവശ്യമാണ്.

## പ്രളയത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക്

76(866) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

ഉണ്ട്. 2019-ലെ പ്രളയത്തിൽ പട്ടികജാതി കുടുംബങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| മരണപ്പെട്ടവർ | - | 4 |
| ഭൂമി വാസയോഗ്യമല്ലാതായവർ | - | 191 |
| പൂർണ്ണമായും തകർന്ന വീടുകൾ | - | 462 |
| ഭാഗികമായി തകർന്ന വീടുകൾ | - | 1355 |
| ഉപയോഗശൂന്യമായ കക്കൂസുകൾ | - | 2548 |
| തകർന്ന കിണറുകൾ | - | 393 |
| ജീവനോപാധികൾ നഷ്ടമായവർ | - | 515 |
| നാശനഷ്ടം സംഭവിച്ച കോളനികൾ | - | 353 |

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ്

2019 വർഷമുണ്ടായ കാലവർഷക്കെടുതിയിൽ 221 ക്യാമ്പുകളിലായി 5045 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിരുന്നു. ടി കുടുംബങ്ങൾക്കാവശ്യമായ ഭക്ഷണ സാധനങ്ങൾ, മറ്റടിസ്ഥാന ആവശ്യങ്ങൾ എന്നിവ യഥാസമയം ലഭ്യമാക്കിയിരുന്നു. ഫീൽഡ് തലത്തിൽനിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ 448 വീടുകൾ പൂർണ്ണമായും 582 വീടുകൾ ഭാഗികമായും തകർന്നു. പ്രസ്തുത വീടുകളുടെ സാങ്കേതിക പരിശോധന ഫീൽഡ് തലത്തിൽ നടന്നുവരികയാണ്.

പ്രളയം കാരണം കോളനികളിൽ പട്ടിണി നേരിടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഭക്ഷ്യധാന്യ പദ്ധതിപ്രകാരം ഭക്ഷ്യധാന്യങ്ങൾ മുൻകൂർ എത്തിച്ചിരുന്നു. ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും പേരുവിവരങ്ങളും കോൺടാക്ട് നമ്പരുകളും ഡിസാസ്റ്റർ മാനേജ്മെന്റ് സെല്ലിന് കൈമാറുകയും അടിയന്തര സാഹചര്യങ്ങളിൽ ടി വകുപ്പുമായി ചേർന്ന് മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലത്തൂരിൽ വാൽസല്യ ക്ഷേമനിധി പദ്ധതി ആനുകൂല്യം

77(867) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിൽ വാത്സല്യ ക്ഷേമനിധി പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

ആലത്തൂർ നിയോജകമണ്ഡലത്തിൽ നാളിതുവരെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 184 പേർക്ക് ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ട്.

## പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർ

78(868) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന എത്ര ഭവനരഹിത കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട് ; പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന എത്രപേർ വീട് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷന്റെ ലിസ്റ്റ് പ്രകാരം, 20948 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളത്. ലൈഫ് മിഷൻ മാനദണ്ഡപ്രകാരം ലിസ്റ്റിൽ ഉൾപ്പെടാത്ത 39,902 അർഹതയുള്ള കുടുംബങ്ങളെ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിപ്രകാരം 8134 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) വകുപ്പുമുഖേന നടപ്പിലാക്കിയിട്ടുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 2016-17-ൽ അനുവദിച്ച 14096-ൽ 11685-ഉം 2017-18-ൽ അനുവദിച്ച 8895-ൽ 6669 ഭവനങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 2018-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 245 വീടുകളുടെ പുനർനിർമ്മാണത്തിനായി അപേക്ഷകർക്ക് 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ നിർമ്മാണം ആരംഭിച്ച 170-ൽ 83 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## മൺപാത്രവ്യവസായം പരമ്പരാഗത തൊഴിലാക്കിയവരുടെ ക്ഷേമത്തിനായി പദ്ധതി

79(869) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലക്ഷത്തിലധികം വരുന്ന മൺപാത്രവ്യവസായം പരമ്പരാഗത തൊഴിലാക്കിയവരുടെ ക്ഷേമത്തിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) കുംഭാരന്മാരുടെ ക്ഷേമത്തിനും വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനത്തിനുമായി കൂടുതൽ സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് പ്രസംഗപ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണത്തിലേർപ്പെടുന്നവർ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനത്തിനായി "കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി" ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിപ്രകാരം ആദ്യമായി തെരഞ്ഞെടുത്തത് തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയാണ്. ആയതിലേയ്ക്ക് ഒരു കോടി രൂപ അനുവദിച്ചിരുന്നു. "എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം" എന്ന പദ്ധതിയിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളിവർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം എന്ന ഘടകത്തിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കും ഉപയോഗപ്രദമാണ്.

(ബി) കുംഭാരന്മാരുടെ ക്ഷേമത്തിനും വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനത്തിനുമായി "കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ" രൂപീകരിച്ചിട്ടുണ്ട്. ടി കോർപ്പറേഷൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്.

## കുംഭാര വിഭാഗത്തിന് നൽകുന്ന ആനുകൂല്യം

80(870) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൺപാത്രതൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുംഭാരന്മാർക്ക് കൂടുതൽ സംവരണാനുകൂല്യങ്ങളും വിദ്യാർത്ഥികൾക്ക് അർഹിക്കുന്ന സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ കുംഭാര വിഭാഗത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൂടുതൽ സംവരണാനുകൂല്യം ഇപ്പോൾ പരിഗണനയിലില്ല. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട, കുംഭാര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ വകുപ്പിൽനിന്നും അനുവദിച്ചുവരുന്നുണ്ട്.

(സി) നിലവിൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട, കുംഭാര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് തലത്തിലും പോസ്റ്റ്മെട്രിക് തലത്തിലും പട്ടികജാതിക്കാർക്ക് ലഭ്യമാകുന്ന നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നുണ്ട്. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി രണ്ട് ഗഡുക്കളായി പരമാവധി 50,000 രൂപ ധനസഹായം നൽകിവരുന്നു. കുംഭാര കോളനികളുടെ നവീകരണത്തിനായി പ്രത്യേക പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു.

**സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേനയുള്ള കേന്ദ്രപദ്ധതികൾ**

81(871) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന ഏതെങ്കിലും കേന്ദ്ര ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്ര പദ്ധതികളുടെ സംസ്ഥാന വിഹിതം എത്രയാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകൾക്ക് കേന്ദ്ര സഹായത്തോടെ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിവിധ വായ്പാ പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്ര എജൻസികളായ ദേശീയ പിന്നോക്കവിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളുടെ സംസ്ഥാന ചാലക ഏജൻസിയാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ. പ്രസ്തുത ഏജൻസികളിൽനിന്നും ലഭിക്കുന്ന വായ്പ ഉപയോഗിച്ച് കോർപ്പറേഷൻ പ്രസ്തുത ഏജൻസികളുടെ വായ്പാ പദ്ധതികളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) കുടുംബശ്രീ സി.ഡി.എസ്.-കൾക്കായി കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിവിധ വായ്പാ പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 3 ആയി ചേർക്കുന്നു.*

## എസ്.ടി. കോർപ്പസ് ഫണ്ട്

82(872) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ എസ്.ടി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര കോളനികളിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) അനുവദിച്ച തുക അതാത് പഞ്ചായത്തുകൾക്ക് കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഭരണാനുമതി പുറപ്പെടുവിച്ചിട്ടും തുക പഞ്ചായത്തുകൾക്ക് നൽകാത്തത് കാരണം പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അനുവദിച്ച തുക പഞ്ചായത്തുകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.ടി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിയവയുടെ വിശദവിവരം ചുവടെചേർക്കുന്നു.

| വർഷം | പദ്ധതി | പഞ്ചായത്ത് | തുക |
|---|---|---|---|
| 2016-17 | പയ്യങ്ങാനം കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 1330000 |
| 2017-18 | ഒറ്റമാവുങ്കാൽ-പുളുവിഞ്ചി കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 5346583 |
| | പാണ്ടിക്കണ്ടം-കോളനി റോഡ് ടാറിംഗ് | ബേഡഡുക്ക | 1100000 |
| | ബേത്തൂർപ്പാറ-കല്ലാട്ട് കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 1486000 |
| | ഒറ്റമാവുങ്കാൽ-മുണ്ടത്ത്കയ കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 2058514 |
| 2018-19 | കരിവേടകം-പള്ളക്കാട്-ചുഴിപ്പ് | കുറ്റിക്കോൽ | 4200000 |
| | ബാബയ്യമൂല കോളനി റോഡ് കോൺക്രീറ്റ് | ദേലംപാടി | 2000000 |
| | കളക്കര കിഴക്കേത്തൊട്ടി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 1100000 |

(ബി) മേൽപ്പറഞ്ഞ റോഡ് പ്രവൃത്തികളിൽ 2018-19 വർഷം ഭരണാനുമതി നൽകിയ പദ്ധതികൾ ഒഴികെ മറ്റെല്ലാ പ്രവൃത്തികളുടെയും തുക നിർവ്വഹണ ഏജൻസിയായ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(സി& ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചുവടെച്ചേർത്തിരിക്കുന്ന 3 റോഡുകൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി അനുവദിച്ചിരുന്നുവെങ്കിലും തനത് വർഷം പ്രളയക്കെടുതിമൂലം പ്ലാൻകട്ട് വന്നതിനാൽ കോർപ്പസ് ഫണ്ടിൽനിന്നും 20% തുക 1100 ലക്ഷം രൂപ പ്ലാൻകട്ട് ചെയ്തിരുന്നു. കൂടാതെ പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപവീതം പ്രസ്തുത ഫണ്ടിൽനിന്ന് അനുവദിച്ച് നൽകിയിരുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചിരുന്നില്ല.

1. കരിവേടകം-പള്ളക്കാട്-ചുഴിപ്പ്-കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

2. ബാബയ്യമൂല കോളനി റോഡ് കോൺക്രീറ്റ്-ദേലംപാടി ഗ്രാമപഞ്ചായത്ത്

3. കളക്കര-കിഴക്കേത്തൊട്ടി റോഡ് ടാറിംഗ്- കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

2018-19 സാമ്പത്തികവർഷം പൂർത്തീകരിക്കേണ്ടിയിരുന്ന ടി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കാലാവധി നീട്ടി നൽകുന്ന വിഷയം പരിശോധിച്ചുവരികയാണ്.

**പിന്നാക്ക വിഭാഗ വികസന വകുപ്പിനെ ശക്തിപ്പെടുത്തൽ**

83(873) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്കവിഭാഗ വികസന വകുപ്പ് ശക്തിപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പ്രസ്തുത വകുപ്പിൽ പുതിയ ഓഫീസോ, തസ്തികകളോ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) സംസ്ഥാന പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുകയാണ് ഈ സാമ്പത്തിക വർഷം പിന്നാക്ക സമുദായ വികസന വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്ക വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ പുതിയ പദ്ധതികളെന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) പിന്നാക്കവിഭാഗ വികസന വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പാലക്കാട്, കൊല്ലം എന്നീ ജില്ലകളിൽ ഓരോ മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനും ടി ഓഫീസുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ഇല്ല. എന്നാൽ പിന്നാക്ക വിഭാഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 പുതിയ ഉപജില്ലാ ഓഫീസുകളും 40 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) 0.45%

(ഡി) പിന്നാക്ക വിഭാഗങ്ങളിലെ ദുർബ്ബല വിഭാഗങ്ങളായ കുംഭാര സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതി മുൻനിർത്തി 'കുംഭാര കോളനി നവീകരണം' എന്ന പദ്ധതി ആവിഷ്കരിച്ചു. ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ വരെ ധനസഹായം ഈ പദ്ധതിവഴി അനുവദിക്കുന്നു. തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിലെ കുംഭാരകോളനിയാണ് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട കോളനി.

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ 2017-18 വർഷം സിക്കിൾ സെൽ അനീമിയ ബാധിതർക്കുള്ള സ്വയംതൊഴിൽ ധനസഹായം, പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾക്കുള്ള ധനസഹായം എന്നീ പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തി 2019-20-ൽ പ്രളയബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളിവർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപനത്തിനുള്ള ധനസഹായം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം എന്നീ ഘടകങ്ങളായി ഓരോ കോടി രൂപ വീതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർ നിയമനം

84(874) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ഡയറക്ടർമാരെ മാറ്റിയിട്ടുണ്ട്;

(ബി) ഓരോ ഡയറക്ടറും സേവനം അനുഷ്ഠിച്ച കാലയളവ് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ മൂന്ന് ഡയറക്ടർമാരെ മാറ്റി നിയമിച്ചിട്ടുണ്ട്. മറ്റുള്ളവർ സർവ്വീസിൽനിന്നും അടിത്തുൺ പറ്റി പിരിഞ്ഞിട്ടുള്ളതുമാണ്.

(ബി) മാറ്റിയ ഡയറക്ടർമാരുടെ സേവന കാലയളവ് ചുവടെപ്പറയും പ്രകാരമാണ്.

1. കെ. ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ് - 1-7-2016 – 17-8-2016 (അധികചുമതല)
2. പി.എം.അലി അസ്ഗർ പാഷ, ഐ.എ.എസ്. - 1-11-2016 - 16-12-2016 (അധികചുമതല)
3. ഡോ.പി. പുകഴേന്തി, ഐ.എഫ്.എസ് - 1-5-2017 – 16-11-2017 (അധികചുമതല)

**ജില്ലാ ഗവൺമെന്റ് പ്ലീഡർ ആഫീസിലെ ലാ ആഫീസർ നിയമനം**

85(875) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്ന നിയമപ്രകാരമുള്ള കേസ്സുകൾ മോണിട്ടർ ചെയ്യുന്നതിന് നിയമ വകുപ്പിൽ നിന്നും ലാ ആഫീസർമാരെ എല്ലാ ജില്ലാ ഗവൺമെന്റ് പ്ലീഡർ ഓഫീസിലും നിയമിക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടികവർഗ്ഗ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെ പരിഗണനയിലുള്ള 14880/ഭരണ II(2)/2019/നിയമ നമ്പർ ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്ന നിയമപ്രകാരമുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിന് നിയമ വകുപ്പിൽനിന്നും ലാ ആഫീസർമാരെ എല്ലാ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആഫീസിലും നിയമിക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി പട്ടികവർഗ്ഗ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം തൽക്കാലം അംഗീകരിക്കുന്നില്ല.

## സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ പ്രവർത്തനം

86(876) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ ഇതിനകം എത്ര ശിപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ബില്ലുകളുടെ കരട് പ്രസ്തുത കമ്മീഷൻ അവരുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര നിയമങ്ങൾ സഭ മുമ്പാകെ കൊണ്ടുവന്ന് പാസ്സാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ഇതിനകം എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള നിയമ പരിഷ്കരണ കമ്മീഷൻ 5 റിപ്പോർട്ടുകളിലായി 11 ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കമ്മിഷൻ സർക്കാരിന് സമർപ്പിച്ച ബില്ലുകൾ

1. THE KERALA VEXATIOUS LITIGATION (PREVENTION) BILL, 2018
2. THE KERALA KHADI AND VILLAGE INDUSTRIES BOARD (AMENDMENT) BILL, 2018
3. THE KERALA NURSES AND MIDWIVES (AMENDMENT) BILL, 2018
4. THE TRAVANCORE COCHIN PUBLIC HEALTH (AMENDMENT) BILL, 2018
5. THE KERALA PREVENTION AND ERADICATION OF INHUMAN EVIL PRACTICES , SORCERY AND BLACK MAGIC BILL, 2019

6. THE KERALA REGULATION OF PROCEDURE FOR PREVENTING PERSON TO PERSON TRANSMISSION OF INFECTIOUS ORGANISMS BILL,2019

7. THE KERALA EMERGENCY MEDICAL CARE AND PROTECTION OF GOOD SAMARITANS BILL,2019

നിലവിലെ ചട്ടങ്ങളിൽ ഭേദഗതിക്കുള്ള ശിപാർശകൾ

1. KERALA PLACES OF PUBLIC RESORT (AMENDMENT) RULES,2018

2. KERALA HABITUAL OFFENDERS (AMENDMENT) RULES, 2018

3. KERALA FISHERMEN WELFARE SOCIETIES (DETERMINATION OF STRENGTH OF COMMITTEES AND CONDUCT OF ELECTION) RULES, 1980

4. KERALA DOCUMENT WRITERS LICENCE (AMENDMENT) RULES, 2018

(ബി) വിവര ശേഖരണാർത്ഥം പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിനായി The Kerala Regulation of Procedures for Preventing Person to Person Transmission of Infectious Organism Bill, 2019, കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ, The Kerala Emergency Medical Care and Protection of Good Samaritans Bill, 2019 എന്നീ മൂന്ന് ബില്ലുകളുടെ കരട് (സർക്കാരിന് സമർപ്പിക്കുന്നതിനുമുമ്പ്) സമയപരിധി വച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും കാലാവധി കഴിഞ്ഞപ്പോൾ വെബ്സൈറ്റിൽനിന്ന് നീക്കം ചെയ്യുകയും ചെയ്തു. കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ സർക്കാരിന്റെ പരിഗണനയ്ക്കായി കമ്മിഷൻ ഇതുവരെയും സമർപ്പിച്ചിട്ടില്ലാത്തതാണ്.

(സി) കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലുകൾ ഒന്നും ഇതുവരെ പാസ്സാക്കിയിട്ടില്ല.

(ഡി) 16-10-2019 വരെ 1,12,30,767 (ഒരു കോടി പന്ത്രണ്ട് ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി അറുപത്തി ഏഴ്) രൂപ ചെലവഴിച്ചിട്ടുണ്ട്.

## മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ

87(877) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എം.എ.സി.ടി. (മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ) പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം എം.എ.സി.ടി.-യുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഓരോ വർഷവും ഉണ്ടാകുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എം.എ.സി.ടി. ഇല്ലാത്ത ജില്ലകൾ സംസ്ഥാനത്തുണ്ടോ എന്നും എങ്കിൽ അപകടങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ അത്തരം ജില്ലകളിൽ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) എം.എ.സി.ടി. സ്ഥാപിക്കാൻ എത്ര ചെലവുണ്ടെന്നും ചില ജില്ലകളിൽ എം.എ.സി.ടി. ഇതുവരെ സ്ഥാപിച്ചിട്ടില്ലെങ്കിൽ സാമ്പത്തിക ബാധ്യതയാണോ അതിന് കാരണമെന്നും വ്യക്തമാക്കാമോ;

(ഇ) പല കേന്ദ്രങ്ങളിൽ നിന്നും നിരന്തരമായ ആവശ്യങ്ങളും ആവലാതികളും ഉണ്ടായിട്ടും കാസർഗോഡ് ജില്ലയിൽ ഇതുവരെ എം.എ.സി.ടി. സ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്നും ഇനി എപ്പോൾ സ്ഥാപിക്കുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 27 പ്രിൻസിപ്പൽ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ഒട്ടുമിക്ക ജില്ലകളിലെയും അഡീഷണൽ ജില്ലാ കോടതികൾക്ക് MACT-കളുടെ അധികച്ചുമതല കൂടി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) കേസ്സുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) തൊടുപുഴ, കാസർഗോഡ് ജുഡീഷ്യൽ ഡിസ്ട്രിക്റ്റുകളിലൊഴികെയുള്ള മറ്റെല്ലാ ജില്ലകളിലും സ്വതന്ത്ര ചുമതലയുള്ള MACT-കൾ പ്രവർത്തിക്കുന്നുണ്ട്. തൊടുപുഴയിൽ ജില്ലാ കോടതി 1-ഉം കാസർഗോഡ് ജില്ലയിൽ പ്രിൻസിപ്പൽ ജില്ലാ കോടതിയും മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലായി പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) ഒരു മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ സ്ഥാപിക്കുന്നതിന് ഏകദേശം 2,03,25,124 രൂപ ചെലവുണ്ട്. (പ്രതിവർഷം). സംസ്ഥാനത്ത് എം.എ.സി.ടി. കോടതികൾ സ്ഥാപിക്കുന്നതിന് 17-4-2012-ലെ സ.ഉ. (സാധാ) നമ്പർ 1159/2012/ആഭ്യന്തരം ഉത്തരവുപ്രകാരം ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ ലിസ്റ്റിൽ ഒന്നാമതായുള്ള കാസർഗോഡ് എം.എ.സി.ടി. ഉൾപ്പെടെ പുതുതായി ഒരു കോടതിയും ആരംഭിച്ചിട്ടില്ല. MACT കോടതികൾ ഉൾപ്പെടെയുള്ള കോടതികൾ പുതുതായി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ ഒരു പൊതുനയം രൂപീകരിക്കുന്നത് പരിഗണനയിലാണ്.

## സർക്കാർ പാനലിനുപുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം

88(878) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കേസ്സുകൾക്കായി സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഹാജരാകുന്ന സംസ്ഥാന സർക്കാരിന്റെ പാനലിന് പുറത്ത് നിന്നുള്ള അഭിഭാഷകരെ നിശ്ചയിക്കുന്നത് ആരാണ്; ഇവർക്കുള്ള പ്രതിഫലം നിശ്ചയിക്കുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണ്;

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഏറ്റവും കൂടുതൽ പ്രതിഫലം നൽകി ഏത് കേസ്സ് വാദിക്കുന്നതിനാണ് പുറത്ത് നിന്നുള്ള പ്രമുഖ അഭിഭാഷകരെ ചുമതലപ്പെടുത്തിയത്;

(സി) പ്രസ്തുത കേസ്സ് ഏതായിരുന്നുവെന്നും അഭിഭാഷകന് നൽകിയ പ്രതിഫലം എത്രയായിരുന്നു; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സർക്കാർ കേസ്സുകൾക്കായി സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഹാജരാകുന്ന സംസ്ഥാന സർക്കാരിന്റെ പാനലിന് പുറത്തുനിന്നുള്ള അഭിഭാഷകരെ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയോടുകൂടി ഗവൺമെന്റാണ് നിശ്ചയിക്കുന്നത്.

ടി അഭിഭാഷകർക്കുള്ള പ്രതിഫലവും മേൽസൂചിപ്പിച്ച നടപടിയിലൂടെയാണ് നിശ്ചയിക്കുന്നത്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെയുള്ള റിട്ട് അപ്പീൽ നമ്പർ 628/18.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെയുള്ള റിട്ട് അപ്പീൽ നമ്പർ 628/18 (സ്റ്റേറ്റ് ഓഫ് കേരള അഭി.സി.പി. മുഹമ്മദ്).

ടി കേസ്സിൽ ശ്രീ. വിജയ് ഹൻസാരിയയ്ക്ക് 12,20,000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത കേസ്സിൽ ശ്രീ. അമരേന്ദ്ര ശരൺ, സീനിയർ അഭിഭാഷകന് 22,00,000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും തുക കൈമാറിയിട്ടില്ല.

## ഗവൺമെന്റ് പ്ലീഡർ പബ്ലിക് പ്രോസിക്യൂട്ടർ നിയമനം

89(879) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഗവൺമെന്റ് പ്ലീഡർമാർ ഉണ്ട്; അവരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര പബ്ലിക് പ്രോസിക്യൂട്ടർമാരും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരും ഉണ്ട്; അവരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരെ നിയമിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് (KGLO) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് സംസ്ഥാനത്തെ വിവിധ കോടതികളിൽ ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നത്.

ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ, സീനിയർ ഗവൺമെന്റ് പ്ലീഡർ, ഗവൺമെന്റ് പ്ലീഡർ എന്നിവരെ ടി ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരം അഡ്വക്കേറ്റ് ജനറൽ അയച്ചുതരുന്ന പാനലിൽ നിന്നുമാണ് സർക്കാർ നിയമിക്കുന്നത്. ടി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം കുറഞ്ഞത് 10 വർഷമായി ഹൈക്കോടതിയിൽ അഭിഭാഷകനായിട്ടുള്ളതും അതിൽ ഹൈക്കോടതിയിൽ കുറഞ്ഞത് 5 വർഷത്തെ യഥാർത്ഥ പ്രാക്ടീസും ഉള്ള അഭിഭാഷകരെയാണ് സ്പെഷ്യൽ/സീനിയർ ഗവൺമെന്റ് പ്ലീഡർമാരായി നിയമിക്കുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നത്. ഹൈക്കോടതിയിൽ കുറഞ്ഞത് 7 വർഷമായി അഭിഭാഷകനായിട്ടുള്ളതും അതിൽ ഹൈക്കോടതിയിൽ കുറഞ്ഞത് 3 വർഷത്തെ യഥാർത്ഥ പ്രാക്ടീസും ഉള്ള അഭിഭാഷകരെയാണ് ഗവൺമെന്റ് പ്ലീഡർമാരായി നിയമിക്കുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭിഭാഷകർക്ക് ഹൈക്കോടതിയിൽ കുറഞ്ഞത് 5 വർഷമായി അഭിഭാഷകനായിട്ടുള്ളതും അതിൽ ഹൈക്കോടതിയിൽ കുറഞ്ഞത് 3 വർഷത്തെ യഥാർത്ഥ പ്രാക്ടീസും മതിയാകുന്നതാണ്.

ജില്ലാ കോടതികളിലെയും മറ്റ് സബോർഡിനേറ്റ് കോടതികളിലെയും കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലാതലത്തിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും 1978-ലെ KGLO ചട്ടങ്ങളിലെ 8-ാം ചട്ടപ്രകാരം ജില്ലാ ജഡ്ജിയുമായി കൂടിയാലോചിച്ച് ജില്ലാ കളക്ടർ അയച്ചുതരുന്ന പാനലിൽ നിന്നുമാണ് സർക്കാർ നിയമിക്കുന്നത്. ടി ചട്ടപ്രകാരം കുറഞ്ഞത് 7 വർഷത്തെ ബാർ പ്രാക്ടീസുള്ള അഭിഭാഷകരെയാണ് പാനലിൽ ഉൾപ്പെടുത്തുന്നത്.

മേൽപരാമർശിച്ചിട്ടുള്ളപ്രകാരം നിയമിക്കപ്പെടുന്ന സർക്കാർ അഭിഭാഷകരുടെ നിയമന കാലാവധി 3 വർഷമാണ്. കാലാവധി പൂർത്തിയാക്കുന്നവരെ വീണ്ടും മൂന്ന് വർഷത്തിൽ കൂടാത്ത കാലയളവിലേയ്ക്ക് പുനർനിയമനത്തിന് പരിഗണിക്കാവുന്നതാണ്.

സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ഒഴികെയുള്ള ഗവൺമെന്റ് പ്ലീഡർമാരുടെ സേവനത്തിൽ തുടരാവുന്ന പരമാവധി പ്രായം 60 വയസ്സ് വരെയായി നിജപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്ത് നിലവിൽ ഹൈക്കോടതിയിൽ 21 സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരെയും 56 സീനിയർ ഗവൺമെന്റ് പ്ലീഡർമാരെയും 56 ഗവൺമെന്റ് പ്ലീഡർമാരെയും ജില്ലാ കോടതികളിലും മറ്റ് സബോർഡിനേറ്റ് കോടതികളിലുമായി 14 ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെയും 106 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും 13 MACT ഗവൺമെന്റ് പ്ലീഡർമാരെയും നിയമിച്ചിട്ടുള്ളതാണ്. 14 ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരിൽ നിലവിൽ എറണാകുളം ജില്ലയിലെ ജില്ലാ ഗവണ്മെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്. ടി തസ്തികയിലെ ചാർജ് അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർക്ക് കൈമാറിയിട്ടുള്ളതാണ്.

ഗവൺമെന്റ് പ്ലീഡർമാരുടെ ഔദ്യോഗിക മേൽവിലാസം അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുള്ളതാണ്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനതലത്തിൽ ഒരു പബ്ലിക് പ്രോസിക്യൂട്ടറെയും ഒരു അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറെയും നിയമിച്ചിട്ടുള്ളതാണ്.

ജില്ലാതലത്തിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും നിയമിച്ചിട്ടുള്ളതാണ്. ആയതിന്റെ വിശദ വിവരങ്ങൾ (ബി) പിരിവിലെ മറുപടിയായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) സംസ്ഥാനതലത്തിൽ ഒരു പബ്ലിക് പ്രോസിക്യൂട്ടറെയും ഒരു അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി കൂടിയാലോചിച്ചാണ് സർക്കാർ നിയമിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതയാണ് പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനത്തിനും വ്യവസ്ഥ ചെയ്തിട്ടുള്ളത്. (ചട്ടം 5)

ജില്ലാ കോടതികളിലെയും മറ്റ് സബോർഡിനേറ്റ് കോടതികളിലെയും കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലാതലത്തിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും 1978-ലെ KGLO ചട്ടങ്ങളിലെ 8-ാം ചട്ടപ്രകാരം ജില്ലാ ജഡ്ജിയുമായി കൂടിയാലോചിച്ച് ജില്ലാ കളക്ടർ അയച്ചുതരുന്ന പാനലിൽ നിന്നുമാണ് സർക്കാർ നിയമിക്കുന്നത്. ടി ചട്ടപ്രകാരം കുറഞ്ഞത് 7 വർഷത്തെ ബാർ പ്രാക്ടീസുള്ള അഭിഭാഷകരെയാണ് പാനലിൽ ഉൾപ്പെടുത്തുന്നത്.

മേൽപരാമർശിച്ചിട്ടുള്ള പ്രകാരം നിയമിക്കപ്പെടുന്ന സർക്കാർ അഭിഭാഷകരുടെ നിയമന കാലാവധി 3 വർഷമാണ്. കാലാവധി പൂർത്തിയാക്കുന്നവരെ വീണ്ടും മൂന്ന് വർഷത്തിൽ കൂടാത്ത കാലയളവിലേയ്ക്ക് പുനർനിയമനത്തിന് പരിഗണിക്കാവുന്നതാണ്.

ജില്ലാതലത്തിലെ ജില്ലാ ഗവൺമെന്റ് പ്ലീഡർ&പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും സേവനത്തിൽ തുടരാവുന്ന പരമാവധി പ്രായം 60 വയസ്സ് വരെയായി നിജപ്പെടുത്തിയിട്ടുള്ളതാണ്.

**അഭിഭാഷകർക്കുള്ള പ്രതിഫലം**

90(880) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രധാനമെന്ന് സർക്കാർ കരുതുന്ന കേസ്സുകൾ വാദിക്കുന്നതിന് സർക്കാർ വക്കീലന്മാർക്ക് പുറമേ പുറത്തുനിന്നുള്ള പ്രമുഖ അഭിഭാഷകരെ പ്രതിഫലം നൽകി സർക്കാർ വിനിയോഗിക്കാറുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതൊക്കെ കേസ്സുകൾ വാദിക്കുവാനാണ് കേരള ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഇപ്രകാരം പുറത്തുനിന്നുള്ള അഭിഭാഷകരെ വിനിയോഗിച്ചത്;

(സി) ഇപ്രകാരം നിയുക്തരായ ഓരോ പ്രമുഖ അഭിഭാഷകർക്കും പ്രതിഫലമായി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേസ്സിന്റെ പ്രാധാന്യം അനുസരിച്ച് വിഷയത്തിൽ വൈദഗ്ധ്യമുള്ള മുതിർന്ന അഭിഭാഷകരെ നിയമിക്കാറുണ്ട്.

(ബി&സി)) വിവരം ശേഖരിച്ചുവരുന്നു.

**വയലാർ അവാർഡ് നിർണ്ണയസമിതി അദ്ധ്യക്ഷസ്ഥാനം**

91(881) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയലാർ അവാർഡ് നിർണ്ണയ സമിതി അദ്ധ്യക്ഷ സ്ഥാനത്ത് നിന്നും പ്രൊഫ.എം.കെ. സാനു രാജിവച്ചിട്ടുണ്ടോ;

(ബി) കേരള സാഹിത്യ അക്കാദമിയെ പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ച സാഹചര്യമാണെന്നും ഇതിനാൽ നിഷ്പക്ഷമായി പുരസ്കാര നിർണ്ണയ സമിതികൾക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മലയാള ഭാഷയും സാഹിത്യവും രാഷ്ട്രീയ കക്ഷികളുടെ പോഷകഘടകമായി മാറുന്നതായി പറയപ്പെടുന്ന അവസ്ഥ ഒഴിവാക്കി നിഷ്പക്ഷമായി അക്കാദമി പ്രവർത്തിക്കുന്നതിന് അനുവദിക്കുന്ന സാഹചര്യം സർക്കാർ തലത്തിൽ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വയലാർ സ്മാരക ട്രസ്റ്റാണ് വയലാർ അവാർഡ് നൽകുന്നത്. അവാർഡ് നിർണ്ണയ സമിതി സർക്കാരുമായി ബന്ധപ്പെട്ടതല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിഷ്പക്ഷമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽനിന്ന് വ്യതിചലിച്ച് പ്രവർത്തിക്കുന്നതിനുള്ള യാതൊരു ശ്രമങ്ങളും കേരള സാഹിത്യ അക്കാദമിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

**പ്ലാൻ ഫണ്ടിൽനിന്നുള്ള പ്രവൃത്തികൾ**

92(882) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ 2018-19, 2019-20 വർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ നിന്ന്, സാംസ്കാരിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള എന്തൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തികളും ആയതിന് അനുവദിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി 2018-19, 2019-20 വർഷങ്ങളിലെ പ്ലാൻ ഫണ്ടിൽനിന്ന് താഴെപ്പറയുന്ന പദ്ധതി പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

1. വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി
2. കലാകാരന്മാരുടെ ഉപജീവനം - അഥവാ ഗ്രാമീണ കലാകേന്ദ്രം പദ്ധതി
3. കേരള സാംസ്കാരിക മ്യൂസിയം സ്ഥാപനവും മ്യൂസിയം ശൃംഖലാ വികസനവും
4. കേരള സംസ്കാരത്തിന്റെ വ്യാപനം
5. കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം

6. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്ന പദ്ധതി
7. സാംസ്കാരിക ഉന്നത സമിതി
8. ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ് പദ്ധതി
9. നാട്ടരങ്ങ് പദ്ധതി

(ബി) ഈ പ്രവൃത്തികളും ആയതിന് അനുവദിച്ച തുകയും താഴെ കൊടുക്കുന്നു.

സാംസ്കാരികകാര്യ വകുപ്പ് സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളായതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമല്ല.

| ക്രമ നമ്പർ | പദ്ധതിയും ഹെഡ് ഓഫ് അക്കൗണ്ടും | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | 2018-19 | 2019-20 |
| 1 | വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി | 1150 | 1300 |
| 2 | കലാകാരന്മാരുടെ ഉപജീവനം -അഥവാ ഗ്രാമീണ കലാകേന്ദ്രം പദ്ധതി | 211.7 | 300 |
| 3 | കേരള സാംസ്കാരിക മ്യൂസിയം സ്ഥാപനവും മ്യൂസിയം ശൃംഖലാ വികസനവും | 200 | 400 |
| 4 | കേരള സംസ്കാരത്തിന്റെ വ്യാപനം | 130 | 130 |
| 5 | കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കുള്ള ധനസഹായം | 439.5 | 465 |
| 6 | കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനാവർത്തന ഗ്രാന്റ് നൽകുന്ന പദ്ധതി | 72 | 72 |
| 7 | സാംസ്കാരിക ഉന്നത സമിതി | 50 | 48 |
| 8 | ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ് പദ്ധതി | 50 | 50 |
| 9 | നാട്ടരങ്ങ് പദ്ധതി | 50 | 40 |
| | ആകെ | 2353.2 | 2805 |

## കേരള പൂരക്കളി അക്കാദമിക്ക് ഫണ്ട്

93(883) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ആസ്ഥാനമായി രൂപീകൃതമായ കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതിനാൽ അക്കാദമിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാംസ്കാരിക വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാംസ്കാരികകാര്യ വകുപ്പിൽനിന്നും ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

## എറണാകുളം ജില്ലയിൽ ആംഗ്ലോ ഇൻഡ്യൻ സാംസ്കാരിക നിലയം

94(884) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് നടന്ന 24-1-2017-ലെ മീറ്റിംഗിലെ 5-ാം നമ്പർ തീരുമാനപ്രകാരം എറണാകുളം ജില്ലയിൽ ആംഗ്ലോ ഇൻഡ്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് സാംസ്കാരിക വകുപ്പിലെ C3/340/2019 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിൽ ആംഗ്ലോ ഇൻഡ്യൻ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജിൽ സർവ്വേ നമ്പർ 300/1-ൽ 50 സെന്റ് റവന്യൂ ഭൂമിയും സർവ്വേ 335/4-ൽ 10.50 ആർ ഭൂമിയും ഉള്ളതായി എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിൽനിന്നും അനുയോജ്യമായ ഭൂമി കണ്ടെത്തി പ്രൊപ്പോസൽ റവന്യൂ വകുപ്പിന് നൽകണമെന്ന ശിപാർശയിന്മേൽ സി3/340/19/സാം.ക.വ. ഫയലിൽ സാംസ്കാരിക ഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈപ്പിനിലെ അവർ ലേഡി ഓഫ് ഹോപ് സംരക്ഷിത സ്മാരകമാക്കാൻ നടപടി

95(885) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത സ്മാരകമാക്കാവുന്നതാണെന്ന് പുരാവസ്തു വകുപ്പ് റിപ്പോർട്ട് ചെയ്ത കൊച്ചിയിലെ വൈപ്പിനിൽ സ്ഥിതി ചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ആംഗ്ലോ ഇന്ത്യൻ പള്ളിയായ അവർ ലേഡി ഓഫ് ഹോപ്പിനെ സംരക്ഷിത സ്മാരകമാക്കുന്നതിനായി സാംസ്കാരിക വകുപ്പിന്റെ 18/B1/2019 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കൊച്ചിയിലെ വൈപ്പിനിൽ സ്ഥിതി ചെയ്യുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള ആംഗ്ലോ ഇൻഡ്യൻ പള്ളിയായ അവർ ലേഡി ഓഫ് ഹോപ്പിനെ സംരക്ഷിത സ്മാരകമാക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായുള്ള കരട് വിജ്ഞാപനം സൂക്ഷ്മ പരിശോധന നടത്തിവരുന്നു.

## കൃഷ്ണപുരത്തെ സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രം

96(886) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരത്ത് സാംസ്കാരിക വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് നിർമ്മിച്ച സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം കൃഷ്ണപുരത്ത് പൂർത്തിയായിട്ടുള്ള സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രത്തിൽ വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ ഇതുവരെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കാത്തതുമൂലമാണിത്. ഇതുകൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുവാദം കൂടാതെ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സാധൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിനായി ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വിനോദസഞ്ചാര വകുപ്പുമന്ത്രി, സ്ഥലം എം.എൽ.എ. തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേരുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം

97(887) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ആയതിന് എന്നാണ് ഭരണാനുമതി നല്കിയത്; വിശദാംശം നൽകാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും;

(സി) സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്ന പദ്ധതിക്കായി ധനസഹായം അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതി മൊത്തം 5,38,70,118 രൂപ (അഞ്ച് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 7-9-2019-ലെ സ.ഉ. (സാ.ധാ) നമ്പർ 408/2019/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**മാവേലിക്കരയിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

98(888) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള നവോത്ഥാന സാംസ്കാരിക സമുച്ചയത്തിനായി മാവേലിക്കരയിൽ അനുയോജ്യമായ 5 ഏക്കർ സർക്കാർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമി മുമ്പ് നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ ഭാഗമായിരുന്നു. തുടർന്ന് ഇൻഡോ ടിബറ്റൻ ബോർഡർ പോലീസിന്റെ മ്യൂസിയം നിർമ്മാണത്തിനായി പ്രസ്തുത ഭൂമി (7.4 ഏക്കർ ഭൂമി) അളന്നുതിരിച്ച് നൽകുകയുണ്ടായിയെങ്കിലും ആയത് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. പ്രസ്തുത 7.4 ഏക്കർ ഭൂമിയിൽനിന്നും 5 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ വകുപ്പിൽനിന്ന് സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മാവേലിക്കര മണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽവരുന്ന പമ്പാ ഇറിഗേഷൻ പ്രോജക്ട് വക റീസർവ്വേ നമ്പർ 556/4-ൽപ്പെട്ട 30 സെന്റ് സ്ഥലത്ത് (കൊല്ലം -തേനി ദേശീയ പാതയ്ക്കരികെ) ഒരു നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് തടസ്സമില്ലായെന്ന നിരാക്ഷേപപത്രം ഇറിഗേഷൻ വകുപ്പിൽനിന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അക്കാമ്മ ചെറിയാൻ സാംസ്കാരികനിലയം**

99(889) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ളതും ശേഷിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/85 pt, 186 pt, 197 pt, 200 pt, 201 pt-ൽ ഉൾപ്പെട്ട 4 ഏക്കർ 31 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗാനുമതി സാംസ്കാരിക വകുപ്പിന് 5-3-2018-ലെ സ.ഉ. (കൈ) നമ്പർ 81/2018/റവ. ഉത്തരവിൻപ്രകാരം കൈമാറി ലഭിച്ചിരുന്നു. എന്നാൽ കൂടുതൽ അനുയോജ്യമായതും ജനവാസമുള്ളതുമായ അടിമാലി മന്നാംകണ്ടം വില്ലേജിലെ 5 ഏക്കർ സ്വകാര്യ ഭൂമി പ്രസ്തുത നിർമ്മാണത്തിനായി സൗജന്യമായി വിട്ടുനൽകാമെന്ന് ഒരു ഭൂവുടമ സമ്മതിച്ചിരുന്നു. എന്നാൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി നിയോഗിക്കപ്പെട്ട ഏജൻസി പ്രസ്തുത ഭൂമിയുടെ മണ്ണ് പര്യവേഷണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയപ്പോൾ നിർദ്ദിഷ്ട സാംസ്കാരിക സമുച്ചയത്തിന്റെ എല്ലാ ഘടകങ്ങളും നിർമ്മിക്കുവാൻ പ്രസ്തുത ഭൂമി പൂർണ്ണമായി അനുയോജ്യമല്ലായെന്ന് കാണുകയുണ്ടായി. ആയതിനാൽ ടി ഭൂമിയിൽ പദ്ധതി നടപ്പിലാക്കേണ്ടെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിനായി പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ മേൽപരാമർശിച്ച സർക്കാർ ഉത്തരവിൻപ്രകാരം സാംസ്കാരിക വകുപ്പിന് നേരത്തെ കൈമാറി ലഭിച്ച ഭൂമിയിൽ പദ്ധതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള മണ്ണ് പരിശോധന, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ നടത്തുകയും ചെയ്തു. എന്നാൽ സമീപ കാലത്തുണ്ടായ പ്രളയത്തിലും കനത്ത മഴയിലും പദ്ധതിപ്രദേശം ഉൾക്കൊള്ളുന്ന താലൂക്കിൽ ഒറ്റപ്പെട്ട പ്രകൃതി ദുരന്തങ്ങൾ റിപ്പോർട്ട് ചെയ്തതിനാൽ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് തടസ്സമായിട്ടുണ്ട്. ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**നെന്മാറയിൽ സർക്കാർ ഉടമസ്ഥതയിൽ സിനിമാ തിയേറ്റർ**

100(890) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിൽ സിനിമ തിയേറ്റർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മണ്ഡലത്തിൽ സിനിമാ തിയേറ്റർ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നിയോജകമണ്ഡലത്തിൽ നടത്തേണ്ടതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെന്മാറ മണ്ഡലത്തിൽ തിയേറ്റർ നിർമ്മാണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ/സർക്കാർ വകുപ്പുകൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തീയേറ്റർ നിർമ്മാണ സാധ്യത വിലയിരുത്തിയതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

(സി) തിയേറ്റർ പദ്ധതിക്ക് അനുയോജ്യമായ 60 സെന്റിൽ കുറയാത്ത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് മുന്നൊരുക്കം എന്ന നിലയിൽ ആവശ്യമുള്ളത്.

## നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഡി.സി. തിയേറ്റർ

101(891) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകിരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് ചെലവു വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി ആദ്യം നിർദ്ദേശിച്ച നെയ്യാറ്റിൻകര നഗരസഭയുടെ അധീനതയിലുള്ള അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുള്ളതിനാൽ പ്രസ്തുത സ്ഥലം വേണ്ടെന്ന് വയ്ക്കുകയും നഗരസഭ രണ്ടാമത് നിർദ്ദേശിച്ച ആറാലുംമൂട് ജംഗ്ഷനിലെ നഗരസഭവക സ്ഥലം പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ നടന്നുവരികയാണ്. ഡി.പി.ആർ. ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതിയുടെ നിർമ്മാണച്ചെലവ് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

## ഈട്ടിത്തടി വിൽക്കുന്നതിനുള്ള അവകാശം

102(892) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ഭൂപതിവ് ചട്ടപ്രകാരം പതിച്ച് നൽകിയ ഭൂമിയിൽ സ്ഥിതിചെയുന്ന ഈട്ടി തടി വിൽക്കുന്നതിനുള്ള അവകാശം നിലവിൽ ആർക്കാണ് എന്നറിയിക്കാമോ;

(ബി) കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഈട്ടി തടികൾ പ്രയോജന രഹിതമായി നശിക്കുന്ന അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കർഷകർ പരിപാലിച്ച് വളർത്തിയ ഈട്ടി മരങ്ങൾ വെട്ടുമ്പോൾ ഒരു ക്യൂബിക് അടിക്ക് അവർക്ക് നിലവിൽ ലഭിക്കുന്ന കോമ്പൻസേഷൻ എത്രയാണ്;

(ഡി) ഈട്ടിത്തടി ക്യൂബിക് അടിക്ക് രണ്ട് ലക്ഷത്തിലധികം വില ലഭിക്കുന്ന സാഹചര്യത്തിൽ അത് പരിപാലിച്ച് വളർത്തിയ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാര തുക ലേലത്തിൽ ലഭിക്കുന്ന തുകയുടെ അമ്പത് ശതമാനമായെങ്കിലും ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കർഷകർക്ക് ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഈട്ടിത്തടി വിൽക്കുന്നതിനുള്ള അവകാശം നിലവിൽ സർക്കാരിൽ നിക്ഷിപ്തമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കർഷകർ പരിപാലിച്ചുവളർത്തുന്ന ഈട്ടി മരങ്ങൾ വെട്ടുമ്പോൾ കോമ്പൻസേഷൻ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. വയനാട് കോളനൈസേഷൻ സ്കീം പ്രകാരം രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വിമുക്ത ഭടന്മാർക്ക് പതിച്ചുനൽകിയ ഭൂമിയിലെ തേക്ക്/ഈട്ടി മരങ്ങൾ മുറിക്കപ്പെടുമ്പോൾ സംഭവിക്കാവുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരമായി പട്ടാദാർക്ക് ഒരു ക്യൂബിക് മീറ്ററിന് 5,400 രൂപ നൽകിയിരുന്ന ഉത്തരവ് പരിഷ്കരിച്ച് പതിനായിരം രൂപ നഷ്ടപരിഹാരം അനുവദിച്ച് 11-10-2006-ലെ സ.ഉ. (കൈ) നമ്പർ 37/2006/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) *

(ഡി) പൊതുവെ പതിനായിരം രൂപയിൽ താഴെയാണ് ഈട്ടിത്തടി ക്യൂബിക് അടിക്ക് വില ലഭിച്ചുവരുന്നത്. ഈട്ടിത്തടിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ ലേലത്തുകയുടെ 50% കർഷകർക്ക് നഷ്ടപരിഹാരമായി നൽകണമെന്നുള്ള ആവശ്യം പരിഗണനാർഹമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സർക്കാർ ഉടമസ്ഥതയിലുള്ള മരങ്ങൾ കണ്ടെത്താൻ നടപടി**

103(893) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടേരി വനത്തിലുണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും ഒഴുകി എത്തിയ വിലപിടിപ്പുള്ള മരങ്ങൾ പുഴയിലും പ്രദേശത്തെ വീടുകൾക്കുമുന്നിലും കിടന്നു നശിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും തേക്ക്, മരുത്, ഈട്ടി, മഹാഗണി എന്നീ ഗണത്തിൽപ്പെട്ടതുമായ ഈ മരങ്ങൾ തിരിച്ചെടുക്കാൻ വനം വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തിന്റെ ഇതരപ്രദേശങ്ങളിൽ കാലവർഷക്കെടുതിയിൽ കടപുഴകി വീണതും കോടികൾ വിലമതിക്കുന്നതുമായ സർക്കാർ മരങ്ങൾ കണ്ടെത്തുന്നതിനും തിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള മരങ്ങൾ കണ്ടെത്തുന്നതിന് 3 ടീമുകളെ രൂപീകരിച്ച് കടലിലും കടലിന്റെ തീരങ്ങളിലും ചാലിയാർ പുഴയുടെ തീരങ്ങളിലും തിരച്ചിൽ നടത്തിയിട്ടുണ്ട്. കണ്ടെത്തിയ തടികൾ ഡിപ്പോയിലേയ്ക്ക് നീക്കം ചെയ്തിട്ടുണ്ട്. ഒഴുകി എത്തിയതും പുഴകളിൽ കിടക്കുന്നതുമായ മരങ്ങളിൽ സർക്കാരിന് ലാഭകരമാകുന്ന മരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തിയ സർക്കാർ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം ജനങ്ങളുടെ വീടിനും റോഡ് ഗതാഗതത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ യഥാസമയം കണ്ടെത്തി മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കാലവർഷക്കെടുതിയിൽ കടപുഴകി വീണ വിലപിടിപ്പുള്ള മരങ്ങൾ കണ്ടെത്തുന്നതിനും തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഇങ്ങനെ കണ്ടെത്തിയ സർക്കാർ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം ജനങ്ങളുടെ വീടിനും റോഡ് ഗതാഗതത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ യഥാസമയം കണ്ടെത്തി മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## വന്യമൃഗങ്ങളെ വേട്ടയാടിയതിനുള്ള കേസ്സുകൾ

104(894) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനത്തിനുള്ളിൽ അനധികൃതമായി കടന്നുകയറി വൃക്ഷങ്ങൾ മുറിച്ചു മാറ്റിയതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗങ്ങളെ വേട്ടയാടിയതിനും മറ്റുമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനത്തിനുള്ളിൽ അനധികൃതമായി കടന്നുകയറി വൃക്ഷങ്ങൾ മുറിച്ചുമാറ്റിയതിന് 925 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗങ്ങളെ വേട്ടയാടിയതിനും മറ്റുമായി 668 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വന്യജീവികളുടെ ആക്രമണംമൂലമുണ്ടായ നാശനഷ്ടങ്ങൾ

105(895) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ എണ്ണം വെളിപ്പെടുത്താമോ;

(ബി) ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലം എത്രഹെക്ടർ കൃഷിസ്ഥലം നാശം സംഭവിച്ചുവെന്നും എത്ര തുക നഷ്ടപരിഹാരമായി നാളിതുവരെ ചെലവഴിച്ചുവെന്നും എത്രവീടുകൾ നശിപ്പിക്കപ്പെട്ടുവെന്നും ആയതിന് നഷ്ടപരിഹാരമായി എന്തുതുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള വന്യജീവികളുടെ ആക്രമണംമൂലം കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വനാതിർത്തിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ കൃഷിസ്ഥലം ഉൾപ്പെടെ ഉപേക്ഷിച്ച് മറ്റുസ്ഥലങ്ങളിൽ പോകേണ്ട അവസ്ഥയുണ്ടായിട്ടുണ്ടെന്നാണ് വനം വകുപ്പ് കണക്കാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) എത്ര കിലോമീറ്റർ വനാതിർത്തിയാണ് സംസ്ഥാനത്തിനുള്ളത്; ആയതിൽ സോളാർവേലി, മതിൽ, ട്രഞ്ച്, റെയിൽവേലി എന്നിങ്ങനെ ഇതുവരെ പ്രതിരോധം തീർക്കൽ പൂർത്തിയാക്കിയത് എത്രകിലോമീറ്റർ ദൂരത്തിലാണെന്ന് അറിയിക്കാമോ;

(എഫ്) ഇത്തരത്തിൽ വന്യജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തി ഗ്രാമങ്ങളിലുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## ഉത്തരം

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ സംസ്ഥാനത്ത് വിവിധ വന്യജീവികളുടെ ആക്രമണംമൂലം 519 പേർ മരണപ്പെട്ടിട്ടുണ്ട്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റുള്ള മരണം ഉൾപ്പെടെയുള്ള കണക്കാണിത്.

(ബി) ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി 1386.00 ലക്ഷം രൂപ നാളിതുവരെ നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലം 12850.88 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. 1793.16 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

783 വീടുകൾ നശിച്ചിട്ടുണ്ട്. 93.14 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഡി) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് സ്വമേധയാ മാറി താമസിക്കുന്നതിനുള്ള അവസരം നൽകുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ 2012 മുതൽ നടന്നുവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽനിന്നും 339-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. വനമേഖലകളിൽനിന്നും സ്വയം സന്നദ്ധരായി മുന്നോട്ടുവരുന്ന കൂടുതൽ ആൾക്കാരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കണ്ണൂർ ഡിവിഷൻ പരിധിയിൽ കഴിഞ്ഞ 5 വർഷത്തിനിടെ 133 കുടുംബങ്ങളിൽനിന്നും അവരുടെ ഭൂമി വനംവകുപ്പിന് കൈമാറുന്നതിനുള്ള അപേക്ഷ ലഭിക്കുകയും ആയതുപ്രകാരമുള്ള 72.864 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കാസർഗോഡ് വനം ഡിവിഷൻ പരിധിയിൽ 35 കുടുംബങ്ങൾ വന്യജീവി ശല്യം കാരണം ഭൂമി വനം വകുപ്പിന് നൽകുവാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16846 കി. മീ. ആണ്. വനാതിർത്തികളിൽ മുഴുവനായി (പരസ്പരം വനാതിർത്തി പങ്കിടുന്ന ഭാഗങ്ങളിൽ) പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യമില്ല. എന്നാൽ ജനവാസ മേഖലകൾ വനാതിർത്തിയായിവരുന്ന ഭാഗങ്ങളിൽ സൗരോർജ്ജവേലി, ആന പ്രതിരോധകിടങ്ങ്, ആന പ്രതിരോധമതിൽ എന്നിവ നിർമ്മിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മി. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മി. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മി. ആന പ്രതിരോധ മതിൽ, 6 കി.മി. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches) 26 കി.മി. ജൈവവേലി, 248 കി.മി. കയ്യാല, 1.2 കി.മി. ക്രാഷ് ഗാർഡ് റോപ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(എഫ്) വന്യജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തി ഗ്രാമങ്ങളിലുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു.

2. വനത്തിനുപുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

**അമ്പൂരി പുരവിമല ആദിവാസി കോളനി റോഡ് നവീകരണം**

106(896) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി പുരവിമല ആദിവാസി കോളനിയെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നവീകരണത്തിനായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടും വനം വകുപ്പ് തടസ്സം നിൽക്കുന്നത് കാരണം റോഡിന്റെ നിർമ്മാണം നീണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് അനുമതി ലഭ്യമാക്കി റോഡ് പണി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ സഡക് യോജന പദ്ധതിപ്രകാരം ബിറ്റുമിൻ കോൾഡ് മിക്സ് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുള്ള കുമ്പിച്ചാൽക്കടവ് ചാക്കപ്പാറ-പുരവിമല റോഡ് കടന്നുപോകുന്നത് നെയ്യാർ വന്യജീവി സങ്കേതത്തിലൂടെയാണ്. പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് വന്യജീവി (സംരക്ഷണ) നിയമം 1972 പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്.

(ബി) വൈൽഡ് ലൈഫ് ക്ലിയറൻസിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതിചെയ്യുന്ന സ്ഥലം**

107(897) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതിചെയ്യുന്ന സ്ഥലം വനം വകുപ്പിന് ആരിൽ നിന്ന് ലഭിച്ചതാണ്; വിശദമാക്കാമോ;

(ബി) എന്ന് മുതലാണ് ഈ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിൽ വന്നത്; ഇതിന്റെ വിസ്തീർണ്ണം എത്രയാണ്; വ്യക്തമാക്കാമോ;

(സി) ഇത്രയും സ്ഥലം വനഭൂമിയായി പ്രഖ്യാപിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടോ; വനഭൂമിയായി വിജ്ഞാപനം ചെയ്യാത്ത ഭൂമിക്ക് വനം-പരിസ്ഥിതി നിയമങ്ങൾ ബാധകമാണോ; വനം വകുപ്പിന്റെ കൈവശത്തിലുള്ളതും എന്നാൽ വനഭൂമിയല്ലാത്തതുമായ ഭൂമി റവന്യൂ സ്റ്റാറ്റസിൽ ഉൾപ്പെടുന്നതല്ലെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഭൂമി ബ്രിട്ടീഷുകാരിൽനിന്നും വിലകൊടുത്ത് വാങ്ങിയതിന്റെ രേഖകളുടെ പകർപ്പും ഉടമ്പടികളുടെ പകർപ്പും ലഭ്യമാക്കാമോ; രേഖകളില്ലെങ്കിൽ അക്കാര്യം വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ സ്ഥിതിചെയ്യുന്ന സ്ഥലം നിലമ്പൂർ തിരുമുൽപ്പാടിൽനിന്നും ലഭിച്ചതാണ്. 'Land obtained on lease without any payment from the Thirumulpad of Nilampur in accordance with the agreement dated 16-6-1868' എന്ന് നിലമ്പൂർ ഡിവിഷൻ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ഫോറം 88 (Register of Lands acquired by the Forest Department) പ്രകാരം വ്യക്തമാകുന്നു.

(ബി) 16-6-1868-ലെ എഗ്രിമെന്റ് പ്രകാരം അന്നുമുതൽ ഈ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിൽ വന്നിട്ടുള്ളതാണ്. ടി സ്ഥലത്തിന്റെ നിലവിലെ വിസ്തീർണ്ണം 3.222 ഹെക്ടറാണ്.

(സി) ടി ഭൂമി റിസർവ് വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടില്ല. എന്നാൽ ടി ഭൂമി റിസർവ് വനമായി പ്രഖ്യാപിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വിജ്ഞാപനം ചെയ്യാത്ത വനഭൂമികളിലും വനം-പരിസ്ഥിതി നിയമങ്ങൾ ബാധകമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ (സിവിൽ) 202/1995 കേസ്സിലെ വിധികൾ പ്രകാരം വനമായി രേഖപ്പെടുത്തപ്പെട്ട ഭൂമികൾക്ക് (Recorded as forest in Government records)1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമം ബാധകമാണ്. 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 2 (ii) പ്രകാരം റിസർവ് വനങ്ങളല്ലാത്ത വനഭൂമിക്കും (forest land or any portion thereof)ടി കേന്ദ്രവന(സംരക്ഷണ) നിയമം ബാധകമാണ്. ചോദ്യം 'എ' യുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഫോറം 88 പ്രകാരവും നിലമ്പൂർ ഡിവിഷന്റെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള വർക്കിംഗ് പ്ലാൻ ടേബിൾ നമ്പർ 3 A സീരിയൽ നമ്പർ 9 പ്രകാരവും നിലമ്പൂർ വില്ലേജ് ഓഫീസിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ പ്രകാരവും നിലമ്പൂർ ഡിവിഷൻ ഓഫീസ് കോമ്പൗണ്ട്, സർക്കാർ രേഖകളിൽ ഫോറസ്റ്റ് ലാന്റ് ആയി രേഖപ്പെടുത്തിയിട്ടുള്ളതും ടി ഭൂമിക്ക് 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമം ബാധകമാകുന്ന വനഭൂമിയാണ്. ആയതിനാൽ ടി ഭൂമി റവന്യൂ സ്റ്റാറ്റസിൽ ഉൾപ്പെടുന്നതല്ല.

(ഡി) ടി ഭൂമി ബ്രിട്ടീഷുകാരിൽനിന്നും വിലകൊടുത്ത് വാങ്ങിയതല്ല.

## ആദിവാസികളുടെ പുനരധിവാസം

108(898) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തം നേരിട്ട നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളായ വാണിയമ്പുഴ, തരിപ്പപൊട്ടി, കുമ്പളപ്പാറ, പുഞ്ചക്കൊല്ലി, അളക്കൽ എന്നിവിടങ്ങളിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് എത്ര സ്ഥലം ആവശ്യമാണെന്നും എത്ര കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടതെന്നും വിശദമാക്കാമോ;

(ബി) പുനരധിവാസത്തിനാവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും വിട്ടുകിട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ആദിവാസി കോളനിയിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് താഴെപ്പറയുംപ്രകാരം സ്ഥലം ആവശ്യമാണ്.

| നമ്പർ | കോളനികൾ | ഏരിയ (ഹെ) | കുടുംബാംഗങ്ങൾ |
|---|---|---|---|
| 1 | വാണിയമ്പുഴ | 3.2958 | 30 |
| 2 | തരിപ്പപൊട്ടി | 2.0802 | 17 |
| 3 | കുമ്പളപ്പാറ | 2.1498 | 14 |
| 4 | തണ്ടൻകല്ല് | 3.2360 | 31 |
| | ആകെ | 10.7618 | 92 |

നിലവിൽ ഈ കോളനിയിൽ താമസിക്കുന്ന 92 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 10.7618 ഹെക്ടർ വനഭൂമി വ്യക്തിഗത അവകാശമായി നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തിൽ സംഭവിച്ച പ്രളയത്തിൽ ഈ ഭൂമികൾ ശക്തമായ നീരൊഴുക്കിലും പുഴ ഗതിമാറി ഒഴുകിയതിനാലും താമസയോഗ്യമല്ലാതായി മാറിയിട്ടുണ്ട്. ഈ കുടുംബങ്ങൾ നിലവിൽ തൊട്ടടുത്തുള്ള വനഭൂമിയിൽ താൽക്കാലിക കൂരകൾ കെട്ടി താമസിക്കുന്നുണ്ട്. നിലമ്പൂർ നോർത്ത് ഡിവിഷനിലെ മേൽപ്പറഞ്ഞ 4 കോളനികളിലെ 92 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 10.7618 ഹെക്ടർ വനഭൂമി ആവശ്യമാണ്. പുഞ്ചകൊല്ലി, അളക്കൽ എന്നീ കോളനികളെ പുനരധിവസിപ്പിക്കേണ്ട ആവശ്യമില്ല.

(ബി) ഭൂമി നഷ്ടപ്പെട്ട വാണിയമ്പുഴ, തരിപ്പപൊട്ടി, കുമ്പളപ്പാറ, തണ്ടൻകല്ല് എന്നീ കോളനികളുടെ ഊരുകൂട്ടങ്ങൾ 16-10-2019-ന് മലപ്പുറം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ വാണിയമ്പുഴ കോളനിയിൽവച്ച് ചേരുകയുണ്ടായി. ടി യോഗത്തിൽ ടി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട യൂസർ ഏജൻസി സമർപ്പിക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. ടി പ്രൊപ്പോസൽ ഇതുവരെ നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചർച്ച ചെയ്യുന്നതിനായി 31-10-2019-ന് ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സിന്റെ ഒരു യോഗം ജില്ലാ കളക്ടർ വിളിച്ചിട്ടുണ്ട്.

(സി) വനസംരക്ഷണ നിയമപ്രകാരം മേൽകോളനി നിവാസികളെ പുനരധിവസിപ്പിക്കുവാൻ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ട്.

## പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അവകാശം

109(899) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ ഉടമസ്ഥർക്ക് തന്നെ മുറിച്ചുമാറ്റുന്നതിനുള്ള അവകാശം നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നിബന്ധനകൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇപ്രകാരം മരങ്ങൾ മുറിച്ചു മാറ്റുന്നതിനു പകരമായി വനവത്കരണം നടപ്പിലാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടയഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ ഉടമസ്ഥർക്കുതന്നെ മുറിച്ചുമാറ്റുന്നതിനുള്ള അവകാശം നൽകുന്നതുസംബന്ധിച്ച് ഈ സർക്കാർ SRO No. 621/2017 സ.ഉ. (പി) നമ്പർ 60/2017/RD തീയതി 17-8-2017 ആയി The Kerala Land Assignment (Amendment Rules), 2017 പ്രകാരം ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള പട്ടയത്തിന്റെ കണ്ടീഷൻ നമ്പർ 2-ൽ The right over trees in the assigned land shall be as per rule 10(3) of the Kerala Land Assignment Rules, 1964 provided section 22 of the Kerala Preservation of Trees Act, 1986 (35 of 1986) read with section 4 thereof shall apply. കേരള ലാൻഡ് അസൈൻമെന്റ് റൂൾസ്, 1964-ലെ റൂൾ 10 (3) ഇപ്രകാരമാണ്. " The assignee shall also be liable to pay the value of the trees, plants and (vines) if any, specified in Parts A and B of appendix III to these rules standing on the land (at the time of assignment) at such rates as may by order, be specified by Government and subject to the following conditions:-

(a) No value shall be charged in respect of trees the girth of which is 90 cm or less at breast height.

(b) If the assignee was already in occupation of the land and he or his predecessor in occupation has planted trees etc., thereon, no tree value shall be charged in respect of such of those trees etc., planted by him or his predecessor in occupation as are specified in Part B of Appendix III* to these rules.

(c) If the assignee is not agreeable to pay the tree value as specified in clause (a), in respect of trees specified in Part A of appendix III to the Tahsildar shall dispose of, in public auction, the trees growth (which is not allowed free to the assignee under that clause)."

1964 ലെ Kerala Land Assignment Rules-ലെ Appendix III Part A-യിൽ കൊടുത്തിട്ടുള്ള 57 മരങ്ങളിലോ Part B-യിൽ കൊടുത്തിരിക്കുന്ന 11 മരങ്ങളിലോ തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നിവ പ്രതിപാദിച്ചിട്ടില്ല. (Appendix III Part A, Part B കളുടെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.)* ആകയാൽ റൂൾ 10 (3)-ൽ പ്രതിപാദിക്കുന്നതനുസരിച്ച് വില അടച്ചോ അടയ്ക്കാതെയോ തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നീ ഇനങ്ങൾ സ്വന്തമാക്കുന്നതിനുള്ള അവസരം പട്ടാദാർക്ക് 2017-ലെ അമെന്റ്മെന്റ് റൂൾസ് പ്രകാരം ലഭിക്കുന്നില്ല. കൂടാതെ ടി 2017-ലെ അമെന്റ്മെന്റ് റൂളിന് മുൻകാല പ്രാബല്യം ഇല്ലാത്തതുമാണ്. ടി സംഗതി പരിഗണിച്ച്, 1960-ലെ the Kerala Land Assignment Act (30 of 1960)നു കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിനുശേഷം ടി പട്ടയസ്ഥലത്ത് നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവരുന്നതുമായുള്ള എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിന് ഒരു വിശദീകരണ എസ്.ആർ.ഒ. റവന്യൂ വകുപ്പ് പുറപ്പെടുവിക്കണമെന്ന ആവശ്യം നിലവിലുണ്ട്.

(ബി) The Kerala Land Assignment (Amendment Rules), 2017 പുറപ്പെടുവിച്ചിട്ടുള്ളതാണ്. 1960-ലെ The Kerala Land Assignment Act-നു കീഴിലുള്ള റൂളുകൾപ്രകാരം പട്ടയങ്ങൾ നൽകിയതിനുശേഷം ടി പട്ടയ സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചിട്ടുള്ളവയും സ്വമേധയാ കിളിർത്തുവരുന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പട്ടാദാർമാർക്ക് നൽകുന്നതിനായുള്ള വിഷയം പരിശോധിച്ച് ശിപാർശ സമർപ്പിക്കുവാൻ സർക്കാർ ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പട്ടയ സ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് സാമൂഹിക വനവൽക്കരണ വിഭാഗം പ്രോൽസാഹിപ്പിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാട്ടുതീ തടയാൻ നടപടി

110(900) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീമൂലം വർഷംതോറും ഹെക്ടറുകണക്കിന് വനം കത്തിനശിക്കുകയും വന്യമൃഗങ്ങൾക്ക് നാശമുണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ വർഷത്തെ വേനൽകാലത്ത് സംസ്ഥാനത്ത് എത്ര ഹെക്ടർ വനമാണ് കാട്ടുതീമൂലം നഷ്ടപ്പെട്ടത്;

(സി) കാട്ടുതീ യഥാസമയം അറിയുന്നതിനും അത് വ്യാപിക്കാതെ തടയുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; അല്ലെങ്കിൽ കൂടുതൽ ആധുനിക സംവിധാനങ്ങൾ ഇക്കാര്യത്തിനായി ഉപയോഗിക്കുന്നതിനും വനം വകുപ്പ് ജീവനക്കാർക്ക് ഇവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കാട്ടുതീ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു.

> വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്ന ഫയർ മാനേജ്മെന്റ് പ്ലാൻ സർക്കിൾ തലത്തിൽ തയ്യാറാക്കുന്നുണ്ട്.

> കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire prone, Moderately Fire Prone, Low Fire prone എന്നിങ്ങനെ തരംതിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യു.

> കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഫയർ സീസണു മുമ്പായി ചെയ്യുന്നു.

> കാട്ടുതീ ഉണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവേ ഓഫ് ഇൻഡ്യ രൂപീകരിച്ചിട്ടുള്ള ഫയർ അലെർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

> സ്ഥിരമായുള്ളതും താൽക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവറുകൾ സ്ഥാപിക്കുന്നു.

> കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി നിയന്ത്രിക്കുന്നതിന് ഫയർഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തിവരുന്നു.

> കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി എത്തുന്നതിന് വാഹനസൗകര്യം, വിവരം കൈമാറാൻ വയർലെസ് സംവിധാനം, ടെലിഫോൺ റോഡ് നെറ്റ് വർക്ക് എന്നിവ പ്രയോജനപ്പെടുത്തുന്നു.

> കാട്ടുതീ ഉണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻവേണ്ട സത്വര നടപടികളും സ്വീകരിക്കുന്നു.

> സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവുനാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റേഡിയോവിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്.

> ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്./ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തുന്നു.

> ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകാറുണ്ട്.

> ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ചെക്ക്ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തിവരുന്നു.

> കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

> ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.

> അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ ലഭ്യമാക്കുന്നതാണ്.

> കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് ഫയർ സീസണിൽ പ്രവർത്തിപ്പിക്കാറുണ്ട്.

> സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ച് പ്രവൃത്തികൾ വിലയിരുത്തുന്നു.

(ബി) 2018 -19 ഫയർ സീസണിൽ (ഡിസംബർ 2018 മുതൽ മേയ് 2019 വരെ) 1788.78 ഹെക്ടർ സ്ഥലത്ത് അടിക്കാടുകൾ കാട്ടുതീമൂലം നഷ്ടപ്പെട്ടു. എന്നാൽ വനം നഷ്ടപ്പെട്ടിട്ടില്ല.

(സി) കാട്ടുതീ യഥാസമയം അറിയുന്നതിനും അത് വ്യാപിക്കാതെ തടയുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

## കണ്ടൽവനങ്ങളുടെ സംരക്ഷണം

111(901) ശ്രീ. പി. ഉബൈദുള്ള :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറു ജീവികളുടേയും മത്സ്യങ്ങളുടേയും ആവാസകേന്ദ്രമായ കണ്ടൽക്കാടുകളുടെ വിസ്തൃതിയിലുണ്ടായ ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിനും വിപുലീകരണത്തിനുമായി പ്രത്യേക സംവിധാനങ്ങൾ കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനായി വനം വകുപ്പ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കണ്ടൽ കാടുകളുടെ വിസ്തൃതി സംബന്ധിച്ച് പുതിയ സർവ്വേകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ജനകീയ പങ്കാളിത്തത്തോടെ സ്ഥായിയായ കണ്ടൽവന സംരക്ഷണ പദ്ധതികൾ നടപ്പാക്കേണ്ട ആവശ്യകത ബോധ്യപ്പെടുത്തുവാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

### ഉത്തരം

(എ) കണ്ടൽക്കാടുകൾ സ്വകാര്യമേഖലയിലും ഉണ്ട്. അവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. അതുകൊണ്ടുതന്നെ അവയുടെ ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കണ്ടൽ വനങ്ങളുടെ സ്ഥായിയായ സംരക്ഷണത്തിനും വിപുലീകരണത്തിനുമായി സർക്കാർ ഭൂമിയിലുള്ള കണ്ടൽവനങ്ങൾ റിസർവ്വാക്കുന്നതിനും സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ ഏറ്റെടുത്ത് റിസർവ്വാക്കുന്നതിനുമുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

(ഡി) തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളിൽ സ്വകാര്യ കണ്ടൽവനങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി മാപ്പ് തയ്യാറാക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പുമായി ചേർന്ന് സർവ്വേ നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ഇ) കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ നടത്തിവരുന്ന കണ്ടൽ സംരക്ഷണ പ്രവൃത്തികൾ, ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി പ്രകാരം ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ എല്ലാംതന്നെ ജനകീയ പങ്കാളിത്തത്തോടുള്ള കണ്ടൽവന സംരക്ഷണ പ്രവർത്തനങ്ങളാണ്.

## സാമൂഹ്യ വനവൽക്കരണം

112(902) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണവിഭാഗം വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേയ്ക്കായി സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation, തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതിപ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും വനത്തിനുപുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ സാമൂഹിക വനവൽക്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളംതൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിനും കാവുകളുടെയും

കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസ്സുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച്, പരിസ്ഥിതി വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിത സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം ചെയ്യാറുണ്ട്. കൂടാതെ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ചുവരുന്നു.

(ബി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ വർഷവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾതലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതു പ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗ സംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്തുതലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത

20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

## വനവൽക്കരണ പ്രവർത്തനങ്ങൾ

113(903) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദമായ വിവരം നൽകുമോ; ഇത് ഏതെല്ലാം പദ്ധതികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത് എന്നത് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ വനവിസ്തൃതി മുൻ വർഷങ്ങളേക്കാൾ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി ഇനത്തിൽ വനവൽക്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2251.742 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 1699.70 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ ബഡ്ജറ്റ് തിരിച്ചുള്ള വിശദാംശം ചുവടെച്ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതികളുടെ പേര് | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| പദ്ധതി ഇനം | | |
| (1) | (2) | (3) |
| 1 | നശിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം (Regeneration of Denued Forests) | 75.492 |
| 2 | ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വനവിഭവങ്ങൾ (Nonwood forest products including Promotion of Medicinal Plants) | 160.732 |
| 3 | തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ (01)വന്മരത്തോട്ടങ്ങൾ (Improving Productivity of Plantations(01) Hardwood Plantations | 460.001 |

| (1) | (2) | (3) |
|---|---|---|
| 4 | തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ (02)വ്യാവസായിക അസംസ്കൃത വസ്തുക്കളായുള്ള തോട്ടങ്ങൾ (Improving Productivity of Plantations (02) Industrial Raw Materials) | 466.067 |
| 5 | സാമൂഹിക വനവിപുലീകരണവും കാർഷിക വനവൽക്കരണവും (01) വനവിപുലീകരണം (Extension Community and Agro Forestry (01) Extension Forestry) | 1089.45 |
| പദ്ധതി ഇനം ആകെ തുക | | 2251.742 |
| പദ്ധതിയേതര ഇനം | | |
| 1 | 1999-ലെ കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് റൂൾ (തേക്ക്, പൾപ്പ്വുഡ്) അനുസരിച്ച് തേക്ക് ഫണ്ടിലേയ്ക്ക് മാറ്റപ്പെടുന്നത് (Transfer to the fund for Teak under the Kerala Forest Revolving Fund for Teak and Pulpwood Rules, 1999) | 945.68 |
| 2 | 1999-ലെ കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് റൂൾ (തേക്ക്, പൾപ്പ്വുഡ്) അനുസരിച്ച് പൾപ്പ് വുഡ് ഫണ്ടിലേയ്ക്ക് മാറ്റപ്പെടുന്നു. (Transfer to the fund for Pulpwood under the Kerala Forest Revolving Fund for Teak and Pulp wood Rules 1999) | 393.24 |
| 3 | ഉറപ്പുകുറഞ്ഞതും വ്യാവസായികാവശ്യത്തിന് ഉപയോഗപ്രദവുമായ മൃദുവൃക്ഷങ്ങളും മറ്റിനം മരങ്ങളും വച്ചുപിടിപ്പിക്കുവാൻ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള ചെലവ് (Amount met out of Kerala Forest Development Fund for Planting Softwood Trees and Other Species of Trees which form Raw Materials for Industries) | 360.78 |
| പദ്ധതിയേതര ഇനം ആകെ | | 1699.7 |
| ആകെ (പദ്ധതി +പദ്ധതിയേതരം) | | 3951.442 |

(ബി) കേരളത്തിലെ വനവിസ്തൃതി മുൻ വർഷങ്ങളേക്കാൾ കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇക്കോ കോംപ്ലക്സുകൾ

114(904) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയ്ക്ക് പുറത്തും വനാതിർത്തി പ്രദേശങ്ങളിലും ഇക്കോ കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഇക്കോ കോംപ്ലക്സുകൾ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കോ കോംപ്ലക്സുകൾ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്നും അവമൂലം സമൂഹത്തിനുണ്ടാകുന്ന ഗുണഫലങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ ദക്ഷിണമേഖല സർക്കിളിന്റെ പരിധിയിൽ കൊല്ലം ജില്ലയിൽ അഞ്ചൽ റെയിഞ്ചിന്റെ റിസർവ് ഫോറസ്റ്റിനുപുറത്തായി ആയൂർ, ഏരൂർ എന്നീ സ്ഥലങ്ങളിൽ ഇക്കോ കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു.

(ബി) കൊല്ലം ജില്ലയിൽ സതേൺ സർക്കിളിലെ അഞ്ചൽ റെയിഞ്ചിന്റെ റിസർവ് ഫോറസ്റ്റിന് പുറത്തായി ആയൂർ, ഏരൂർ എന്നീ സ്ഥലങ്ങളിലാണ് ഇക്കോ കോംപ്ലക്സുകൾ നിർമ്മിക്കുന്നത്.

(സി) കിഴക്കൻ മേഖലയിൽ ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി ടി പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ ക്ഷേമവും വികസനവും മറ്റും ലക്ഷ്യമാക്കിയാണ് ഇക്കോ കോപ്ലക്സുകൾ നിർമ്മിക്കുന്നത്.

## ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണപുരോഗതി

115(905) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തേക്കടി വിനോദസഞ്ചാര മേഖലയിൽ ഉൾപ്പെട്ട ആനവച്ചാലിൽ വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പാർക്കിംഗ് ഗ്രൗണ്ടിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് ഫെസിലിറ്റേഷൻ സെൻറർ ആരംഭിക്കുന്നതിനായി നൽകിയിട്ടുള്ള പ്രൊപ്പോസലിൻമേൽ വനംവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ വനം വകുപ്പിൽ ലഭിച്ചിട്ടില്ല.

**തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതി**

116(906) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാതയോരത്തും സർക്കാർ ഭൂമിയിലുമുള്ള അക്കേഷ്യാ മരങ്ങൾ മുറിച്ചു മാറ്റുന്നതിനും പകരം തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും സോഷ്യൽ ഫോറസ്ട്രി വിഭാഗം എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ചതും റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ജന്മഭൂമി' എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. പാതയോരത്തെ തണൽമരങ്ങൾ മുറിച്ചുമാറ്റേണ്ടതുണ്ടോ എന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മറ്റ് സ്ഥാപനങ്ങളുമായി കരാർ ഇടപാടുകൾ ഇല്ലാത്ത അക്കേഷ്യ തോട്ടങ്ങൾ മുറിച്ചുനീക്കിയശേഷം തദ്ദേശീയ വൃക്ഷങ്ങളായ ഞാവൽ, മാവ്, പ്ലാവ്, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിക്കനുയോജ്യമായ തേക്ക്, ഈട്ടി, പൂവരശ്, കമ്പകം, കരിമരുത് തുടങ്ങിയവയും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൽ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയവയും നട്ടുപിടിപ്പിക്കാനാണ് സർക്കാർ ആലോചിക്കുന്നത്.

**തേക്കടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനവും സംരക്ഷണവും**

117(907) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രദേശവാസികളുടെ പ്രധാന ഉപജീവനമാർഗ്ഗവുമായ തേക്കടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനും സംരക്ഷണത്തിനുമായി വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) അരനൂറ്റാണ്ടു കാലത്തിലധികമായി തേക്കടി വിനോദസഞ്ചാര കേന്ദ്രവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിവന്നിരുന്ന പ്രദേശത്തെ ടൂറിസ്റ്റ് ടാക്സി ഉടമകൾക്കും തൊഴിലാളികൾക്കും തേക്കടിയിൽ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള വാഹന പാർക്കിംഗ് ക്രമീകരണംമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിനോദ സഞ്ചാരികൾക്കായി ആനവച്ചാൽഭാഗത്ത് പാർക്കിംഗ് സംവിധാനം നിർമ്മാണം പൂർത്തിയാക്കി തുറന്നുകൊടുത്തിട്ടുള്ളതാണ്. ബോട്ട് ടിക്കറ്റ് ഈ പാർക്കിംഗ് ഗ്രൗണ്ടിൽ സഞ്ചാരികൾക്ക് ലഭ്യമാക്കിവരുന്നു. ബോട്ട് ലാന്റിംഗിൽ വിനോദസഞ്ചാരികൾക്കായി കഫ്റ്റീരിയ, 3 ഡി തിയേറ്റർ എന്നിവ ഉൾക്കൊള്ളുന്ന കഫ്റ്റീരിയ കം എന്റർടെയ്മെന്റ് സെന്റർ ഇക്കോ ടൂറിസം വകുപ്പിന്റെ ധനസഹായത്താൽ നിർമ്മാണം അവസാനഘട്ടത്തിലാണ്. കുമളി ബസ് സ്റ്റാന്റിനുസമീപം ലോകോത്തര നിലവാരത്തിലുള്ള മോഡേൺ വൈൽഡ് ലൈഫ് ഇന്റർനാഷണൽ സെന്റർ (ടൈഗർ മ്യൂസിയം) നബാർഡിന്റെ ധനസഹായത്തോടെ നിർമ്മാണം അവസാനഘട്ടത്തിലായിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ ഡി.റ്റി.പി.സി., കുമളി ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽനിന്നും സർക്കാരിലേയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ, സമർപ്പിക്കുവാൻ 19-9-2019-ൽ ഇടുക്കി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## നാദാപുരം ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി

118(908) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിന്റെ പൂർത്തീകരണത്തിന് എന്തൊക്കെ പദ്ധതികൾ ആലോചനയിൽ ഉണ്ട് എന്ന് വിശദമാക്കാമോ;

(സി) പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി 2008-ൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. വിനോദ സഞ്ചാരികൾക്കും പഠന ഗവേഷണ വിദ്യാർത്ഥികൾക്കും മറ്റും വനവും ജീവജാലങ്ങളും കണ്ട് ആസ്വദിക്കുവാനും പഠിക്കുവാനുമുതകുന്ന തരത്തിലുള്ളതാണ് ഈ വന പ്രദേശം. വനത്തിലൂടെ ട്രക്കിംഗ് നടത്തുന്നതിനും വേനൽക്കാലത്ത് പുഴയിൽ കുളിക്കുന്നതിനും ഔഷധ സസ്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. ധാരാളം സഞ്ചാരികളെ ആകർഷിക്കുന്ന ഈ ഇക്കോ ടൂറിസം പദ്ധതി നിലവിൽ നല്ല നിലയിൽ പ്രവർത്തനം നടത്തിവരുന്നു.

(ബി) ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി പ്രദേശത്ത് നിലവിൽ സഞ്ചാരികൾക്ക് അവശ്യം വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതോടൊപ്പം ടി ഇക്കോ ടൂറിസം പ്രദേശത്തേയ്ക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണി, ഒരു ബട്ടർഫ്ലൈ പാർക്കിന്റെ നിർമ്മാണം, ഫലവൃക്ഷ തൈകളും അലങ്കാര വൃക്ഷങ്ങളും നടീൽ, സന്ദർശകർക്കായി ഇരിപ്പിടങ്ങൾ, വിശ്രമകേന്ദ്രം, സുരക്ഷാ വേലി തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡിന്റെ റിപ്പയറിംഗ് ചെയ്യുന്നതിനായി 2018-19 പി.ഡബ്ല്യു.ഡി. മുഖാന്തരം ഒരു അടങ്കൽ തയ്യാറാക്കിയിരുന്നു. എന്നാൽ, ടി റോഡ് ഇറിഗേഷൻ വകുപ്പിന്റെ കൈവശമായതിനാൽ ടി വകുപ്പിന്റെ അംഗീകാരം ലഭിച്ചത് 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിലായിരുന്നു. അതിനാലും മറ്റ് സാങ്കേതിക തടസ്സങ്ങളാലും ടി റോഡിന്റെ റിപ്പയറിംഗ് പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷം നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ റോഡ് നവീകരണത്തിന് പ്രാമുഖ്യം നൽകുന്നതാണ്.

**കൈക്കുഞ്ഞ് വാഹനത്തിൽനിന്ന് വനപാതയിലേയ്ക്ക് തെറിച്ചുവീണ സംഭവം**

119(909) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ രാജമല അഞ്ചാം മൈലിൽ, വാഹനത്തിൽനിന്ന് വനപാതയിലേയ്ക്ക് കൈക്കുഞ്ഞ് തെറിച്ച് വീണ സംഭവം വനം വകുപ്പ് ഉദ്യോഗസ്ഥർ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ച് പ്രശസ്തിക്കായി

പ്രചരിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മറ്റൊരാൾ രക്ഷിച്ച കുട്ടിയെ വനം വകുപ്പ് ഉദ്യോഗസ്ഥർ രക്ഷിച്ച എന്ന വിധത്തിൽ, യഥാർത്ഥ വീഡിയോ ദൃശ്യങ്ങൾ എഡിറ്റ് ചെയ്ത വനം വകുപ്പ് ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് അന്വേഷിക്കുന്നതിനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(സി) സത്യസന്ധരായി പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥർ കാര്യങ്ങൾ തെറ്റായി പ്രചരിപ്പിക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രാജമല അഞ്ചാം മൈലിൽ, വാഹനത്തിൽനിന്ന് വനപാതയിലേയ്ക്ക് തെറിച്ചുവീണ കൈക്കുഞ്ഞിനെ അതുവഴിവന്ന ഓട്ടോറിക്ഷാ ഡ്രൈവറും വനം വകുപ്പുദ്യോഗസ്ഥരും ചേർന്ന് രക്ഷിച്ച ഉടൻതന്നെ ബന്ധപ്പെട്ട പോലീസ് അധികാരികളെ മൂന്നാർ വന്യജീവി ഡിവിഷൻ ഓഫീസിൽനിന്നും ഫോൺ മുഖാന്തരം അറിയിച്ചിരുന്നു. വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രശസ്തിക്കായി തെറ്റായ രീതിയിൽ വാർത്ത പ്രചരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുട്ടിയെ രക്ഷിച്ചത് സംബന്ധിച്ച വീഡിയോ ദൃശ്യങ്ങൾ വനം വകുപ്പുദ്യോഗസ്ഥർ ആരും എഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ പരിധിയിലാണ് എല്ലാ സർക്കാർ ഉദ്യോഗസ്ഥരും. പ്രസ്തുത ചട്ടങ്ങൾ പ്രകാരമാണ് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നത്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് തെറ്റായ പ്രചാരണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റോഡിലേയ്ക്ക് തെറിച്ചുവീണ കുഞ്ഞിനെ രക്ഷപ്പെടുത്തിയ സംഭവം

120(910) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രിയിലെ ജീപ്പ് യാത്രക്കിടയിൽ, മൂന്നാർ-മറയൂർ റോഡിൽ അമ്മയുടെ മടിയിൽനിന്നും റോഡിലേക്ക് തെറിച്ചുവീണ കുഞ്ഞിനെ രക്ഷപ്പെടുത്തിയത് വനപാലകരാണെന്ന അവകാശവാദം വസ്തുതകൾക്ക് നിരക്കാത്തതാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇത്തരത്തിൽ തെറ്റായ വാർത്ത പ്രചരിപ്പിക്കുവാനുണ്ടായ സാഹചര്യത്തെക്കുറിച്ചന്വേഷിച്ച് അപ്രകാരം ചെയ്ത ഉദ്യോഗസ്ഥർക്ക് കർശന താക്കീത് നൽകുവാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) രാജമല അഞ്ചാം മൈലിൽ, വാഹനത്തിൽനിന്ന് വനപാതയിലേയ്ക്ക് തെറിച്ചുവീണ കൈക്കുഞ്ഞിനെ ഓട്ടോ ഡ്രൈവറും വനം വകുപ്പുദ്യോഗസ്ഥരും ചേർന്ന് രക്ഷിച്ച ഉടൻതന്നെ ബന്ധപ്പെട്ട പോലീസ് അധികാരികളെ ഫോൺ മുഖാന്തരം അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്. വനംവകുപ്പ് അപ്രകാരം അവകാശവാദം ഉന്നയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുട്ടിയെ രക്ഷിച്ച ഉടൻതന്നെ പ്രസ്തുത വിവരം യഥാസമയം ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിക്കുകയും ചെക്ക് പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള CCTV ദൃശ്യങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽനിന്നും തെറ്റായ വാർത്തകളൊന്നുംതന്നെ പ്രചരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വൈത്തിരിയിൽ വനം-റവന്യൂ വകുപ്പുകളുടെ ഭൂമി പരിശോധന

121(911) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്കിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ഭൂമിയുടെ വിശദാംശങ്ങൾ (വിസ്തൃതി സഹിതം) ലഭ്യമാക്കുമോ; വില്ലേജ് തിരിച്ച് പട്ടിക ലഭ്യമാക്കുമോ;

(ബി) സംയുക്ത പരിശോധനയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ സ്വീകരിച്ച അപേക്ഷകൾ എത്ര; നിരസിച്ച അപേക്ഷകൾ എത്ര എന്ന് വെളിപ്പെടുത്താമോ;

(സി) നിരസിക്കപ്പെട്ട അപേക്ഷകർ അപ്പീൽ നൽകുന്നതിന് ആരെയാണ് സമീപിക്കേണ്ടത്; വിശദമാക്കാമോ; അപ്പീൽ സംവിധാനം നിലവിലില്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംയുക്ത പരിശോധനയിൽ സ്വീകരിച്ച അപേക്ഷകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വൈത്തിരി താലൂക്കിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ഭൂമിയുടെ വിശദാംശങ്ങൾ (വിസ്തൃതി സഹിതം) അനുബന്ധമായി* ചേർക്കുന്നു.

(ബി) സംയുക്ത പരിശോധനയ്ക്കായി 2029 അപേക്ഷകൾ ലഭിച്ചു. ഇതിൽ 910 അപേക്ഷകൾ സ്വീകരിച്ചു. 1119 അപേക്ഷകൾ നിരസിച്ചു.

(സി) ജോയിന്റ് വെരിഫിക്കേഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ആണ്. അപ്പീൽ സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനം എടുക്കേണ്ടത് റവന്യൂ വകുപ്പാണ്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യു.പി. (സി) നമ്പർ 4501/2018 തീയതി 8-11-2018-ൽ പുറപ്പെടുവിച്ച വിധിന്യായപ്രകാരവും ആയതിന്മേൽ നൽകിയ റിട്ട് അപ്പീൽ ഡബ്ല്യു.എ. നമ്പർ 694/2019 പ്രകാരവും 1-1-1977-നു മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള സംയുക്ത പരിശോധന വെസ്റ്റഡ് ഫോറസ്റ്റിലും ഇ.എഫ്.എൽ.-ലും നടത്തുന്നതിന് സാധിക്കില്ല. സംയുക്ത പരിശോധന പട്ടികയിൽ അപ്രകാരമുള്ള സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ കോടതിവിധി അനുസരിച്ച് ആയവ നീക്കം ചെയ്യേണ്ടിവരുന്നതുമാണ്.

**വനനശീകരണവുമായി ബന്ധപ്പെട്ട കേസ്സുകൾ**

122(912) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനനശീകരണം, അനധികൃതമായി വനത്തിലെ മരം മുറിയ്ക്കൽ എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ വനം വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളിൽ പ്രതികൾക്ക് നിയമപരമായ ശിക്ഷ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനനശീകരണം, അനധികൃതമായി വനത്തിലെ മരം മുറിക്കൽ എന്നിവയുമായി ബന്ധപ്പെട്ട 1102 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കിൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| സർക്കിൾ | കേസ്സുകളുടെ എണ്ണം |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 120 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 198 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 375 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 151 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 172 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 6 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 55 |
| ഫീൽഡ് ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്) കോട്ടയം | 25 |
| ആകെ | 1102 |

(ബി) മേൽപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 77 എണ്ണത്തിൽ പ്രതികൾക്ക് നിയമപ്രകാരമുള്ള ശിക്ഷ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസ്സുകളിൽ നിയമാനുസൃതമായ തുടർനടപടികൾ നടന്നുവരുന്നു. മേൽപരാമർശിച്ച 77 കേസ്സുകളുടെ സർക്കിൾ തിരിച്ചുള്ള വിശദവിവരം ചുവടെചേർക്കുന്നു:

| സർക്കിൾ | കേസ്സുകളുടെ എണ്ണം |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 11 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 26 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 0 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 9 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 18 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 2 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 11 |
| ഫീൽഡ് ഡയറക്ടർ (പെരിയാർ ടൈഗർ റിസർവ്) കോട്ടയം | 0 |
| ആകെ | 77 |

## കുമ്പിച്ചൽക്കടവ് പാലം നിർമ്മാണം

123 (T913) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ പന്ത്രണ്ടോളം ആദിവാസി കോളനികളെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന കുമ്പിച്ചൽകടവ് പാലത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവെങ്കിലും സെൻട്രൽ വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ലഭ്യമാക്കാത്തതിനാൽ ടെണ്ടർ തുറക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടോ; .എങ്കിൽ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് അനുമതി നൽകി, സെൻട്രൽ വൈൽഡ് ലൈഫ് ബോർഡിൽ സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ അടിയന്തര ശ്രദ്ധനൽകി സെൻട്രൽ വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്താമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന വന്യജീവി ബോർഡിന്റെ അനുമതി ലഭിച്ചതിനെ ത്തുടർന്ന് പ്രസ്തുത പ്രൊപ്പോസൽ സെൻട്രൽ വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭ്യമായിട്ടില്ല.

ഏതുതരത്തിലുള്ള ഇടപെടൽ നടത്താൻ കഴിയുമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്.

## വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ

124(914) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുകയും ജനങ്ങളുടെ ജീവന് ഭീഷണി ആകുന്നതുംമൂലം സംസ്ഥാനത്തെ മലയോര ഗ്രാമങ്ങളിൽ ജനജീവിതം ദുസ്സഹമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വന്യമൃഗ പ്രതിരോധത്തിനായി സോളാർ വേലി, മതിൽ, ട്രഞ്ച് എന്നിവ ഇതിനകം എത്ര കിലോമീറ്റർ വനാതിർത്തിയിലാണ് പൂർത്തിയായിട്ടുള്ളത് എന്നതിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; ശേഷിക്കുന്ന ഭാഗത്ത് കൂടി വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ തീർക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) വന്യ ജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തിയിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് ഉന്നതതല യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വന്യമൃഗ പ്രതിരോധത്തിനായി സംസ്ഥാനത്ത് 2018-19 വരെ 2413.7 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജവേലി 6.31 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കിലോമീറ്റർ ആനപ്രതിരോധ മതിൽ, 6 കിലോമീറ്റർ കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കിലോമീറ്റർ ജൈവവേലി, 248 കിലോമീറ്റർ കയ്യാല, 12 കിലോമീറ്റർ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തുകൂടി വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(സി) വന്യജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തിയിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് ഉന്നതതല യോഗം വിളിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയം | അദ്ധ്യക്ഷൻ | തീയതി | സ്ഥലം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മേഖലയിലും കൽപ്പറ്റ മേഖലയിലും വന്യമൃഗശല്യം | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 15-3-2017 | നിയമസഭാ സമുച്ചയം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നടക്കുന്ന മനുഷ്യ-വന്യജീവി സംഘർഷം | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 23-8-2017 | 610-ാം നമ്പർ മുറി |
| 3 | അതിരപ്പിള്ളി, വാഴച്ചാൽ, ചാലക്കുടി വനമേഖലകൾ | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 6-1-2019 | ബഹു. വനംവകുപ്പു മന്ത്രിയുടെ ഓഫീസ് |
| 4 | മലമ്പുഴ നിയോജകമണ്ഡലം | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 23-7-2018 | ഭരണപരിഷ്ക്കാര കമ്മീഷന്റെ വസതി-കവടിയാർ ഹൗസ് |
| 5 | കണ്ണൂർ വനമേഖലയിലെ പ്രശ്നങ്ങൾ | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 7-7-2018 | കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| 6 | കുട്ടമ്പുഴ വനമേഖലയിലെ വന്യമൃഗശല്യം, പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 27-6-2019 | നിയമസഭാ സമുച്ചയം |
| 7 | അതിരപ്പിള്ളി, വാഴച്ചാൽ ചാലക്കുടി വനമേഖലയിലെ വന്യജീവി ആക്രമണം | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 16-7-2019 | സെക്രട്ടേറിയറ്റ് അനക്സ് - 2 |
| 8 | ഊർങ്ങാട്ടിരി പഞ്ചായത്തിലെ വന്യമൃഗശല്യം | ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി | 4-7-2019 | നിയമസഭാ ചേമ്പർ |

തുടർന്നും ഉന്നതതല യോഗം വിളിച്ച് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വന്യജീവി കണക്കെടുപ്പ്

125(915) ശ്രീ. കെ. രാജൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതൊക്കെ വന്യജീവികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവി കണക്കെടുപ്പ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) വന്യജീവി കണക്കെടുപ്പിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വനനിരീക്ഷണം, വന-വന്യജീവി സംരക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം കേരളത്തിലെ വന്യമൃഗങ്ങളുടെ കണക്കെടുപ്പ് നടത്തിയവയുടെ വിവരം ചുവടെചേർക്കുന്നു:

| ഇനം | അവസാന കണക്കെടുപ്പ് നടത്തിയ വർഷം | എണ്ണം |
|---|---|---|
| കാട്ടാന | 2017 | 5706 |
| കടുവ | 2018 | 190 |
| വരയാട് | 2016 | 1420 |

കൂടാതെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ 2017-18 വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തിയ കടുവകളുടെ കണക്കെടുപ്പിൽ 176 കടുവകളെ കണ്ടെത്തിയിട്ടുണ്ട്. ഈ കണക്കെടുപ്പുവേളയിൽ പുള്ളിപ്പുലി, കരടി, മ്ലാവ്, പുള്ളിമാൻ, കീരി തുടങ്ങിയ ജീവികളുടെയും കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.

(ബി) കൃത്യമായ എണ്ണം എന്നതിനുപകരം വന്യജീവികളുടെ സഞ്ചയങ്ങളിലുണ്ടാകുന്ന (population) ഏറ്റക്കുറച്ചിലുകൾ അറിയുന്നതിനാണ് പ്രധാനമായും വന്യജീവി കണക്കെടുപ്പ് നടത്തുന്നത്. സ്ഥിതിവിവര ശാസ്ത്രത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങളാണ് ഇതിനായി അവലംബിക്കുന്നത്. കൃത്യത ഉറപ്പാക്കുന്നതിന് ഓരോ വിഭാഗം ജീവികൾക്കും അനുയോജ്യമായ വിവിധ രീതികൾ ഓരോ കണക്കെടുപ്പിലും അവലംബിക്കാറുണ്ട്. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ആനയുടെ കണക്കെടുപ്പിൽ നേരിട്ട് കാണുന്നവരുടെ എണ്ണമെടുക്കുന്നതുകൂടാതെ ആനപ്പിണ്ടത്തിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും (dung count) ജലാശയങ്ങൾ കേന്ദ്രീകരിച്ച് അവയുടെ സഞ്ചയങ്ങളുടെ ഘടനയും (population structure) വിശകലനം ചെയ്യുന്നുണ്ട്. കടുവയുടെ കണക്കെടുപ്പ്, എട്ട് ദിവസം നീണ്ടുനിൽക്കുന്ന ഫീൽഡ് സർവ്വേയിൽ കടുവ, സഹമാംസ ഭോജികൾ, അവയുടെ ഇരയായ മൃഗങ്ങൾ എന്നിവയുടെ കണക്കെടുപ്പ്, അവയുടെ ആവാസ വ്യവസ്ഥയുടെ പ്രത്യേകതകൾ നിരീക്ഷിക്കൽ, 30 ദിവസത്തോളം നീളുന്ന ക്യാമറ ട്രാപ്പിംഗ് എന്നിവ അടങ്ങുന്നതാണ്.

(സി&ഡി) സംസ്ഥാനത്ത് വന്യജീവികളുടെ കണക്കെടുപ്പ്, വനനിരീക്ഷണം, വന്യജീവി സംരക്ഷണം എന്നിവ കാര്യക്ഷമമാക്കാൻ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം, ദേശീയ കടുവ സംരക്ഷണ സമിതി, പ്രോജക്ട് എലിഫന്റ് ഡയറക്ടറേറ്റ് എന്നിവർ യഥാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സാങ്കേതിക വൈദഗ്ധ്യമുള്ളവർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച ജീവനക്കാരെയും വിവിധ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളിലെ അംഗങ്ങളെയും കണക്കെടുപ്പിനായി നിയോഗിക്കുകയും ഇവരുടെ സഹായത്തോടെ വനമേഖല വിവിധ ബ്ലോക്കുകളായി തിരിച്ച് നേരിട്ട് ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് എണ്ണി തിട്ടപ്പെടുത്തുന്ന രീതിയിലും കൃത്യമായ ഇടവേളകളിൽ ക്യാമറകൾ പരിശോധിച്ച് കൃത്യമായ കണക്കെടുപ്പ് നടത്തുകയും ചെയ്യുന്നു.

വന്യജീവി കണക്കെടുപ്പ്, വനമേഖലാ നിരീക്ഷണം, വന-വന്യജീവി സംരക്ഷണം എന്നിവ സാങ്കേതിക സഹായത്തോടെ ശക്തിപ്പെടുത്തുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു:

1. മൃഗങ്ങളെ തിരിച്ചറിയാൻ ക്യാമറാ ട്രാപ്പ്
2. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ക്യാമറാ ട്രാപ്പ് ഫോട്ടോകളുടെ കൃത്യതയാർന്ന തരംതിരിക്കൽ

3. MSTriPES (Monitoring system for Tigers-Intensive Protection and Ecological Status) എന്ന് ചുരുക്കത്തിൽ അറിയപ്പെടുന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തിപ്പിക്കാവുന്ന ജി.പി.എസ്. ക്യാമറ എന്നീ സംവിധാനങ്ങളോടുകൂടിയ മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള സർവ്വേ.

4. Hawk (Hostile Activity Watch Kernel) എന്ന് ചുരുക്കത്തിൽ അറിയപ്പെടുന്ന ഓൺലൈൻ ആപ്ലിക്കേഷൻ ഉപയോഗിച്ച് വന്യജീവികളുടെ മരണവും വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തലും വിശകലനവും.

പ്രധാനമായും കടുവ, ആന, വരയാട് എന്നീ വന്യജീവികളുടെ കണക്കെടുപ്പാണ് സംസ്ഥാനത്ത് നടത്തുന്നത്. വയനാട് വന്യജീവി സങ്കേതത്തിലും തൊട്ടടുത്ത വനമേഖലകളിലും കഴുകവർഗ്ഗത്തിലെ പക്ഷികളുടെ കണക്കെടുപ്പ് 2016 മുതൽ നടത്തുന്നുണ്ട്. കണക്കെടുപ്പുകൂടാതെ വിവിധ വിഭാഗത്തിൽപ്പെട്ട ജീവികളുടെ സാന്നിധ്യവും അവയുടെ ആവാസ വ്യവസ്ഥകളും അറിയുന്നതിനായി, പക്ഷികൾ, ഉഭയജീവികൾ, ചിത്രശലഭങ്ങൾ, തുമ്പികൾ, എട്ടുകാലികൾ തുടങ്ങിയ ജീവിവിഭാഗങ്ങളുടെ സർവ്വേയും സംരക്ഷിത മേഖലകളിൽ നടത്തിവരുന്നുണ്ട്. വനം-വന്യജീവി സംരക്ഷണത്തിനുള്ള ദൈനംദിന പ്രവർത്തനങ്ങളും വനമേഖലകളെ ആശ്രയിച്ചുകഴിയുന്ന ആദിവാസികളുടെയും തദ്ദേശവാസികളുടെയും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളും അവയുടെ പരിപാലനവും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

**നാട്ടാനകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി**

126(916) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 50 വയസ്സ് തികയുന്നതിന് മുമ്പ് നാട്ടാനകൾ ചരിയുന്നുവെന്നത് കണ്ടെത്തിയിട്ടുണ്ടോ;

(ബി) 2017, 2018 എന്നീ വർഷങ്ങളിൽ എത്ര നാട്ടാനകളാണ് ചരിഞ്ഞത്;

(സി) വിശ്രമമില്ലാത്ത അമിത ജോലിയും പോഷകാഹാര കുറവുമാണ് നാട്ടാനകൾ ചരിയുന്നതിനുള്ള കാരണമെന്ന് എസ്.പി.സി.എ. കണ്ടെത്തിയിട്ടുണ്ടോ;

(ഡി) നാട്ടാനകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിരന്തര പരിശോധന ഈ മേഖലയിൽ നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ചരിഞ്ഞ നാട്ടാനകളിൽ 50 വയസ്സ് തികയുന്നതിനുമുമ്പ് ചരിഞ്ഞ നാട്ടാനകളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 2017-ൽ 18 നാട്ടാനകളും 2018-ൽ 34 നാട്ടാനകളും ചരിഞ്ഞിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ എസ്.പി.സി.എ. നടത്തിയ ഏതെങ്കിലും പഠനമോ കണ്ടെത്തലുകളോ വനം വകുപ്പിന് ലഭ്യമാക്കിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ നാട്ടാനകളുടെ സമഗ്രമായ പരിപാലനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങൾ 2012, സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. നാട്ടാനകളുടെ പാർപ്പിക്കൽ, സംരക്ഷണവും ശുശ്രൂഷയും, തീറ്റകൊടുക്കൽ, കൊമ്പുമുറിച്ച് ക്രമപ്പെടുത്തൽ, ജോലി വ്യവസ്ഥകൾ, ഉടമസ്ഥരുടെ കടമകളും ഉത്തരവാദിത്വങ്ങളും ആനയെ വാഹനത്തിൽ കൊണ്ടുപോകുന്നതിനുള്ള നിബന്ധനകൾ, നാട്ടാനകൾക്കെതിരെയുള്ള ക്രൂരതകൾ കൈകാര്യം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലുള്ള കമ്മിറ്റികളുടെ രൂപീകരണം, ആനകളുടെ വിരമിക്കൽ, ചരിഞ്ഞ നാട്ടാനകളുടെ പോസ്റ്റ്മോർട്ടവും ശവം മറവുചെയ്യലും തുടങ്ങി നാട്ടാനകളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് ടി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ, കാലാകാലങ്ങളിൽ നാട്ടാനകളുടെ പരിപാലനത്തിലുണ്ടാകുന്ന പോരായ്മകൾ പരിഹരിക്കുന്നതിനായി സർക്കുലറുകളും വഴി നിർദ്ദേശങ്ങളും നൽകുന്നുണ്ട്.

സംസ്ഥാനത്ത് നാട്ടാനകൾക്ക് നേരെയുള്ള പീഡനം വർദ്ധിച്ചുവരുന്നതായി അനേകം പരാതികൾ ലഭിച്ച സാഹചര്യത്തിൽ നാട്ടാന പരിപാലന നിയമം കർശനമായി പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത നാട്ടാനകളെ നിരീക്ഷിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ഓൺലൈൻ പോർട്ടൽ സംവിധാനം 1-7-2018 മുതൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഓരോ ജില്ലയിലും ആനകളെ നിരീക്ഷിക്കുന്നതിനായി ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

2018-ൽ ചരിഞ്ഞ നാട്ടാനകളുടെ മരണകാരണങ്ങൾ പരിശോധിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ടി സമിതിയുടെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ നാട്ടാന പരിപാലനം കൂടുതൽ കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പുദ്യോഗസ്ഥരും നാട്ടാനകളുടെ ഉടമകളും കൈവശക്കാരും പാപ്പാന്മാരും വനം വകുപ്പിലെ വെറ്ററിനറി ഓഫീസർമാരും പാലിക്കേണ്ട കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ, 22-1-2019-ലെ 01/2019 നമ്പർ സർക്കുലർ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ച് ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്.

## മലയോരപ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം

127(917) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ തുടർച്ചയായി ഉണ്ടാകുന്നതുമൂലം കൃഷിയിടങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം പ്രസ്തുത പ്രദേശത്ത് ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മലയോര പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ തുടർച്ചയായി ഉണ്ടാകുന്നതുമൂലം കൃഷിയിടങ്ങൾ നശിക്കുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം 6 ജനജാഗ്രതാ സമിതികൾ (എരുമേലി മുണ്ടക്കയം, തീക്കോയി, കോരുത്തോട് കൊമ്പുകുത്തി, കൂട്ടിക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ) രൂപീകരിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിന്റെ ഫലമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനും അതോടൊപ്പം ജനങ്ങൾക്ക് സമയോചിതമായി മുന്നറിയിപ്പ് നൽകുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തിൽ കാളകെട്ടി മുതൽ കീരിത്തോട് വരെ 4.2 കി.മീറ്റർ ദൂരവും കീരിത്തോട് മുതൽ എലിവാലിക്കരവരെ 5 കി.മീ. ദൂരവും മാങ്ങാപേട്ട മുതൽ 504 കോളനി വരെ 5 കി.മി. ദൂരവും 504 കോളനി മുതൽ കാരിശ്ശേരി വരെ 5 കി.മീ ദൂരവും പാണപിലാവ് മുതൽ എരുത്വാപ്പുഴ വരെ 5 കി.മി. ദൂരവും സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്. നിലവിലെ സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷം പൂഞ്ഞാർ മണ്ഡലത്തിൽനിന്ന് വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ചതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി 12 അപേക്ഷകൾ ലഭിച്ചതിൽ 5 അപേക്ഷകളിന്മേൽ നടപടി ഉത്തരവ് ആയിട്ടുള്ളതാണ്. ശേഷിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

## മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ കുങ്കി ആനകൾ

128(918) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, അട്ടപ്പാടി, പാലക്കാട്, മൂന്നാർ എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകിയ കുങ്കി ആനകളെ ഉപയോഗിക്കാനുള്ള എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് വനംവകുപ്പിന്റെ നേതൃത്വത്തിലുള്ള ദ്രുതകർമ്മസേന ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ ആനക്യാമ്പുകളിൽനിന്നും തെരഞ്ഞെടുത്ത ആനകൾക്ക് കുങ്കി പരിശീലനം നൽകി വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ കുങ്കി ആനകളായി ഉപയോഗിച്ചുവരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ നിരന്തരം കുങ്കി ആനകളെ ഉപയോഗിച്ച് പട്രോളിംഗ് നടത്തുന്നത് കാട്ടാനകൾ നാട്ടിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ സഹായിക്കുന്നുണ്ട്. കൂടാതെ കാട്ടിൽനിന്നും നാട്ടിലിറങ്ങി ആക്രമണം നടത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനും മറ്റ് ആവാസ വ്യവസ്ഥയിലേയ്ക്ക് മാറ്റുന്നതിനും കുങ്കി ആനകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

(സി) മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിലുള്ള ദ്രുതകർമ്മസേന ശക്തിപ്പെടുത്തുന്നതിന് 12-11-2018-ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദ്രുതകർമ്മസേന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യമൃഗ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

129(919) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്ന വ്യക്തികൾക്ക് നൽകി വരുന്ന നഷ്ടപരിഹാരവും സഹായവും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് സർക്കാർ ആശ്രിതനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. വനാതിർത്തികളിൽ വന്യജീവികൾ കൃഷി നശിപ്പിക്കുകയും ജീവന് ഭീഷണിയാവുകയും ചെയ്യുന്നുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസപ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone pitched trenches) 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിനുപുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വന മേഖലയിലേയ്ക്കോ റീഹാബിലിറ്റേഷൻ സെന്ററുകളിലേയ്ക്കോ റീ ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(സി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു:

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം | 10 ലക്ഷം രൂപ |
| വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) |
| വന്യജീവി ആക്രമണംമൂലമുള്ള വീടുനഷ്ടം, കന്നുകാലിനഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |

(ഡി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് ആശ്രിത നിയമനം നൽകുന്നതിന് ചട്ടങ്ങളൊന്നും നിലവിലില്ല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ആശ്രിത നിയമനങ്ങളിൽ പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെച്ചേർക്കുന്നു:

- ആറളം വന്യജീവി ഡിവിഷനിൽ 10-1-2017-ന് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ബിജു അഞ്ചാനിക്കൽ എന്നയാളുടെ ഭാര്യ ശ്രീമതി കത്രീനയ്ക്ക് ജി.ഒ. (എം.എസ്.) 8/2019 വനം തീയതി 26-2-2019 പ്രകാരം ആറളം ഡിവിഷനിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ പുതുതായി സൃഷ്ടിച്ച തസ്തികയിൽ പാർട്ട് ടൈം സ്വീപ്പറായി നിയമനം നൽകിയിട്ടുണ്ട്.
- നോർത്ത് വയനാട് ഡിവിഷനിൽ 23-7-2012-ന് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട കെ. ബാലകൃഷ്ണൻ എന്നയാളുടെ മകനായ ശ്രീ. വിഷ്ണുകുമാറിന് ഫോറസ്റ്റ് വാച്ചറായി 26-2-2015-ന് സ്ഥിരനിയമനം നൽകിയിട്ടുണ്ട്.
- വാഴച്ചാൽ വനം ഡിവിഷനിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട വി.വി. സുബ്രഹ്മണ്യൻ എന്ന താൽക്കാലിക വാച്ചറുടെ മകനായ ശ്രീ. വി. എസ്. ലാലുവിന് 30-7-2012-ലെ ജി.ഒ. (എം.എസ്.) 93/12 വനം പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഡ്രൈവർ ആയി നിയമനം നൽകിയിട്ടുണ്ട്.

- കോട്ടയം ഹൈറേഞ്ച് സർക്കിൾ പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട ജോൺസൺ എന്നയാളുടെ ഭാര്യ ശ്രീമതി ഡൈമി ജോൺസൺ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുകയും ടിയാൾക്ക് ആരോഗ്യ വകുപ്പിൽ അറ്റൻഡർ ഗ്രേഡ് 2 ആയി നിയമനം ലഭിച്ച് വനം വകുപ്പിൽനിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്.

- 2001 ആഗസ്റ്റ് മാസം 16-ാം തീയതി നെയ്യാർ ജലസംഭരണിയിൽ ചീങ്കണ്ണിയുടെ ആക്രമണത്തിൽ മരണപ്പെട്ട നെയ്യാറ്റിൻകര കള്ളിക്കാട് സ്വദേശി ജെയിംസിന്റെ ആശ്രിതയായ മകൾ ശ്രീമതി സുജാ ജോസിന് പാർട്ട് ടൈം സ്വീപ്പറായി ജോലി നൽകിയിട്ടുണ്ട്.

- കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട കുറ്റിച്ചൽ പഞ്ചായത്തിൽ കോട്ടൂർ സ്വദേശി കൃഷ്ണപിള്ളയുടെ ആശ്രിതയായ ശ്രീമതി സരസ്വതിയമ്മയ്ക്ക് 24-6-2008-ലെ ജി.ഒ. (എം.എസ്.) 39/2008/വനം പ്രകാരം പാർട്ട് ടൈം സ്വീപ്പറായി ജോലി നൽകിയിട്ടുണ്ട്.

- ചീങ്കണ്ണിയുടെ ആക്രമണത്തിൽ മരണപ്പെട്ട കള്ളിക്കാട് പഞ്ചായത്തിലെ രാജമ്മയുടെ ആശ്രിതനായ ശ്രീ. കെ. ബൈജുവിന് 28-12-2012-ലെ ജി.ഒ. (എം.എസ്.) 121/2012/വനം പ്രകാരം കുക്കായി ജോലി നൽകിയിട്ടുണ്ട്.

- 21-2-2009-ലെ അഗസ്ത്യാർകൂട സന്ദർശന സീസണിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ ജയകുമാറിന്റെ ഭാര്യ ശ്രീമതി ആർ. ശോഭയെ 15-6-2009 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ വാച്ചറായി നിയോഗിക്കുകയും തുടർന്ന് താൽക്കാലികാടിസ്ഥാനത്തിൽ 10 കൊല്ലത്തെ സേവനം പൂർത്തിയായതിനുശേഷം സ്ഥിരം നിയമനം നൽകുന്നതിന് പരിഗണിക്കുന്നതാണെന്ന് 28-10-2014-ലെ ജി.ഒ. (എം.എസ്.) 88/2014/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് ടിയാൻ ദിവസവേതന വ്യവസ്ഥയിൽ ജോലി നോക്കിവരുന്നുണ്ട്.

- 22-1-2016-ൽ എ.ബി.പി. റെയിഞ്ചിലെ കാപ്പുക്കാട്, മരംമുറിക്കുന്നതിനിടെ മരണപ്പെട്ട സത്യരാജിന്റെ ഭാര്യ ശ്രീമതി ഷീന ദിവസവേതന വ്യവസ്ഥയിൽ വാച്ചറായി ജോലി നോക്കിവരുന്നുണ്ട്.

## മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ നടപടി

130(920) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ കാടും നാടും വേർതിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യങ്ങൾക്ക് വയനാട് ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് ഇതുവരെ നടപ്പിൽ വരുത്തിയത്; ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) എത്ര തുക ഇക്കാര്യങ്ങൾക്കായി ഇതിനകം വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone pitched trenches) 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ സൗത്ത് വയനാട് ഡിവിഷൻ പരിധിയിൽ 20 കി.മീ. സൗരോർജ്ജവേലിയുടെ നിർമ്മാണം, 140 കി.മീ. സൗരോർജ്ജവേലിയുടെ അറ്റകുറ്റപ്പണികൾ, 1.2 കി.മീ. ആന കിടങ്ങ് നിർമ്മാണം, 11.7 കി.മീ. ആന പ്രതിരോധ മതിൽ, 400 മീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങിന്റെ അരികിൽ കല്ല് പതിക്കുന്നതിനുള്ള പ്രവൃത്തി എന്നിവ നടത്തിയിട്ടുണ്ട്.

നോർത്ത് വയനാട് ഡിവിഷൻ പരിധിയിൽ 221.729 കി.മീ. സൗരോർജ്ജവേലിയും 64.366 കി.മീ. ട്രെഞ്ചും 2.87 കി.മീ. കടൽഭിത്തിയും നിർമ്മിച്ചിട്ടുണ്ട്.

വയനാട് വന്യജീവി ഡിവിഷൻ പരിധിയിൽ 240.196 കി.മീ. ആന പ്രതിരോധ കിടങ്ങും 289.90 കി.മീ. സൗരോർജ്ജവേലിയും 6.53 കി.മീ. ആന പ്രതിരോധ മതിലും 73.947 കി.മീ. ആന പ്രതിരോധ മതിലിന്റെ അറ്റകുറ്റപ്പണികളും നടത്തിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ ചെതലത്ത് റേഞ്ചിൽ ദാസനക്കര, പാതിരിയമ്പം, പാത്രമൂല, കക്കോടൻ ബ്ലോക്ക് പ്രദേശങ്ങളിൽ 14.5 കി.മീ. ദൂരത്തിലും കൽപ്പറ്റ റേഞ്ചിൽ കുന്നംപുറം - പത്താംമൈൽ പ്രദേശങ്ങളിൽ 3.2 കി.മീ. ദൂരത്തിലും മേപ്പാടി റേഞ്ചിൽ വെങ്ങക്കോട് -ചെമ്പ്ര പ്രദേശങ്ങളിൽ 5 കി.മീ. ദൂരത്തിലുമായി 25.7 കി.മീ. ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് 13.90 കോടി രൂപ കിഫ്ബി രണ്ടാംഘട്ട പ്രോജക്ട് മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പുതിയതായി 12 കി.മീ. നീളത്തിൽ സൗരോർജ്ജവേലിയും 2 കി.മീ. ആന പ്രതിരോധ കിടങ്ങും 30 കി.മീ. നീളത്തിൽ സൗരോർജ്ജ കമ്പിവേലിയുടെയും അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റേഞ്ചിന്റെ പരിധിയിലുള്ള കൊള്ളിവയൽ, മണൽവയൽ, ചുള്ളിക്കാട്, മാടാപ്പറമ്പ് എന്നീ പ്രദേശങ്ങളിലെ 91 കുടുംബങ്ങളെ കിഫ്ബി രണ്ടാംഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി വനത്തിനുപുറത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻബത്തേരി റേഞ്ചുകളിലായി 410 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിൽ കിഫ്ബി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ അനുമതി ലഭിച്ചതിൽ 190 മീറ്റർ നിർമ്മാണം പുരോഗമിച്ചുവരുന്നു. അതോടൊപ്പം കിഫ്ബി രണ്ടാംഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി കനാൽ മുതൽ പാഴൂർ വരെ 6.30 കി.മീ നീളത്തിലും വടക്കനാട് ഭാഗത്തെ പണയമ്പലം മുതൽ വെള്ളക്കെട്ട് വരെ 4.50 കി.മീ. നീളത്തിലും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) മേൽപ്രവർത്തനങ്ങൾക്കായി ഇതിനകം 2186.98 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

## മൃഗങ്ങളുടെ ആക്രമണംമൂലം കൊല്ലപ്പെടുന്നവർക്കുള്ള ധനസഹായം

131(921) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പിന്റെ കടിയേറ്റ് മരണപ്പെടുന്നവർക്കും മൃഗങ്ങളുടെ ആക്രമണംമൂലം കൊല്ലപ്പെടുന്നവർക്കും സർക്കാർ പ്രത്യേക ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

(സി) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് എന്തെങ്കിലും വിലക്ക് നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ -17/2018/വനം പ്രകാരം, വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(ബി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്.

(സി) വന്യജീവി (സംരക്ഷണ) നിയമപ്രകാരം കാട്ടുപന്നിയെ ഷെഡ്യൂൾ iii-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കൊല്ലുന്നതിന് വിലക്കുണ്ട്. എന്നാൽ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ II(I) (b) അനുശാസിക്കുന്ന പ്രകാരം മനുഷ്യജീവനോ മറ്റ് വസ്തുവകകൾക്കോ നാശനഷ്ടം ഉണ്ടാക്കുന്ന ഷെഡ്യൂൾ 1-ൽ ഉൾപ്പെടാത്ത ഏതൊരു വന്യജീവിയെയും വെടിവച്ചുകൊല്ലുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് ഉത്തരവ് നൽകുവാൻ അധികാരമുണ്ട്. കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ വന്യജീവി (സംരക്ഷണ) നിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ മേൽ അധികാരം കൂടുതൽ പ്രായോഗികമായി നടപ്പിലാക്കുന്നതിലേയ്ക്കായി ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡൻമാർക്കും 16-2-2019-ലെ G.O. (Ms) 7/19/F&WLD അനുവദിച്ച് നൽകിയിട്ടുണ്ട്.

## വന്യമൃഗശല്യ പ്രതിരോധം

132(922) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി എത്ര തുക ചെലവഴിച്ചെന്നും ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം സ്ഥലങ്ങളിൽ എത്ര തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികളെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി സൗരോർജ്ജവേലി, ആന പ്രതിരോധകിടങ്ങ്, ആന പ്രതിരോധ മതിൽ, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും മുമ്പുണ്ടായിരുന്നവ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുകയും പുതിയവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടും വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ മുഴുവൻസമയ പട്രോളിംഗ് നടത്തിക്കൊണ്ടും വന്യമൃഗശല്യ പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ജനവാസ മേഖലകളിൽ ശല്യംചെയ്യുന്ന മൃഗങ്ങളെ കൂടുവച്ച് പിടിച്ച് പുനരധിവസിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെച്ചേർക്കുന്നു.

| സ്ഥലം | പ്രവൃത്തി | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| മേപ്പാടി | പവർഫെൻസിംഗ് | 4584221 |
| മേപ്പാടി | പവർഫെൻസിംഗ് | 334644 |
| മേപ്പാടി | പവർഫെൻസിംഗ് | 632000 |
| മേപ്പാടി | സോളാർപവർ ഫെൻസിംഗ് | 27390 |
| ചെതലത്ത് | ആനപ്രതിരോധകിടങ്ങ് | 1600941 |
| ചെതലത്ത് | ആനപ്രതിരോധമതിൽ | 103703705 |

| (1) | (2) | (3) |
|---|---|---|
| ചെതലത്ത് | പവർഫെൻസിംഗ് | 6071440 |
| ചെതലത്ത് | ആനപ്രതിരോധമതിൽ | 567940 |
| ചെതലത്ത് | ആനപ്രതിരോധമതിൽ | 368410 |
| ചെതലത്ത് | പവർഫെൻസിംഗ് | 580254 |
| ചെതലത്ത് | ആനപ്രതിരോധ ഗേറ്റ് | 10282 |
| ചെതലത്ത് | ആനപ്രതിരോധ കിടങ്ങ് | 2824729 |
| ചെതലത്ത് | ആനപ്രതിരോധ കിടങ്ങ് | 1887000 |
| ചെതലത്ത് | പവർഫെൻസിംഗ് | 1236000 |
| ചെതലത്ത് | ആനപ്രതിരോധ ഗേറ്റ് | 353000 |
| ചെതലത്ത് | പവർഫെൻസിംഗ് | 190680 |
| കൽപ്പറ്റ | പവർഫെൻസിംഗ് | 1028409 |
| കൽപ്പറ്റ | പവർഫെൻസിംഗ് | 217951 |
| കൽപ്പറ്റ | പവർഫെൻസിംഗ് | 267000 |
| തിരുനെല്ലി, വെള്ളമുണ്ട, തൊണ്ടർനാടക്ക | സോളാർപവർ ഫെൻസിംഗ് | 1609000 |
| മാനന്തവാടി | വാച്ചർമാരെ വിന്യസിക്കൽ | 14017000 |
| മാനന്തവാടി | ആനകളെ തുരത്തുന്നതിന് | 4701000 |
| തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻബത്തേരി | സോളാർപവർ ഫെൻസിംഗ് | 8297000 |
| തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻബത്തേരി | ആനപ്രതിരോധ കിടങ്ങ് | 5237000 |
| തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻബത്തേരി | ആനപ്രതിരോധ കിടങ്ങ് അറ്റകുറ്റപ്പണികൾ | 578000 |
| തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻബത്തേരി | ആനപ്രതിരോധ കിടങ്ങ് | 209000 |

കൂടാതെ കിഫ്ബി-ഫേസ് 1-ൽ ഉൾപ്പെടുത്തി സത്രംകുന്ന് മുതൽ മുടക്കൊല്ലിവരെ 10 കി.മീ. ദൂരത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്.

(സി) വയനാട് ജില്ലയിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്താനാണ് വനം വകുപ്പ് ഉദ്ദേശിക്കുന്നത്.

2019-20 സാമ്പത്തിക വർഷത്തിൽ ചെതലത്ത് റേഞ്ചിൽ ദാസനക്കര, പാതിരിയമ്പം, പാത്രമൂല, കക്കോടൻ ബ്ലോക്ക് പ്രദേശങ്ങളിൽ 14.5 കി.മീ. ദൂരത്തിലും കൽപ്പറ്റ റേഞ്ചിൽ കുന്നംപുറം - പത്താംമൈൽ പ്രദേശങ്ങളിൽ 3.2 കി.മീ. ദൂരത്തിലും മേപ്പാടി റേഞ്ചിൽ വെങ്ങക്കോട് - ചെമ്പ്ര പ്രദേശങ്ങളിൽ 5 കി.മീ. ദൂരത്തിലുമായി 25.7 കി.മീ. ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നടപ്പിലാക്കുന്നതിന് 13.90 കോടി രൂപ കിഫ്ബി രണ്ടാംഘട്ട പ്രോജക്ട് മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പുതിയതായി 12 കി.മീ. നീളത്തിൽ സൗരോർജ്ജ കമ്പിവേലിയും 2 കി.മീ. ആന പ്രതിരോധ കിടങ്ങും 30 കി.മീ. നീളത്തിൽ സൗരോർജ്ജ കമ്പിവേലിയുടെയും അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം വനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റേഞ്ചിന്റെ പരിധിയിലുള്ള കൊള്ളിവയൽ, മണൽവയൽ, ചുള്ളിക്കാട്, മാടാപ്പറമ്പ് എന്നീ പ്രദേശങ്ങളിലെ 91 കുടുംബങ്ങളെ കിഫ്ബി രണ്ടാംഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി വനത്തിനുപുറത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തോൽപ്പെട്ടി, കുറിച്ചിയാട്, സുൽത്താൻബത്തേരി റേഞ്ചുകളിലായി 410 കി.മീ. ദൂരത്തിൽ ആന പ്രതിരോധ മതിൽ കിഫ്ബി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ അനുമതി ലഭിച്ചതിൽ 190 മീറ്റർ നിർമ്മാണം പുരോഗമിച്ചുവരുന്നു. അതോടൊപ്പം കിഫ്ബി രണ്ടാംഘട്ട പ്രോജക്ടിൽ ഉൾപ്പെടുത്തി കനാൽ മുതൽ പാഴൂർ വരെ 6.30 കി.മീ നീളത്തിലും വടക്കനാട് ഭാഗത്തെ പണയമ്പലം മുതൽ വെള്ളക്കെട്ട് വരെ 4.50 കി.മീ. നീളത്തിലും ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## വനമേഖലകളിലെ വന്യമൃഗാക്രമണം

133(923) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വനമേഖലകളിൽ വന്യമൃഗാക്രമണം തടയുന്നതിനായി സോളാർ വേലികൾ അടക്കമുള്ളവ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വനമേഖലകളിൽ വന്യമൃഗാക്രമണം തടയുന്നതിനായി വന്യമൃഗാക്രമണം രൂക്ഷമായ മറ്റത്തൂർ, കൊന്നക്കുഴി, മോതിരക്കണ്ണി, പീലാർമുഴി, പണ്ടാരംപാറ എന്നീ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ആവശ്യമായ സ്ഥലങ്ങളിൽ സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനും കേടുവന്ന സൗരോർജ്ജവേലികളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പരിയാരം റേഞ്ചിലെ പണ്ടാരംപാറ മുതൽ വേട്ടിക്കുഴി വരെ 8 കി.മീറ്ററും വെെശ്ശേരി മുതൽ മോതിരക്കണ്ണി വരെ 10 കി.മീറ്ററും സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. ആയത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യജീവികളുടെ ആക്രമണം

134(924) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ ആനമതിൽ, സോളാർ വേലി, ആനപ്രതിരോധ കിടങ്ങ് എന്നിവ കെട്ടിയിട്ടുണ്ട്. വനാതിർത്തികളിലുള്ള ജനവാസമേഖലകളിൽ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതി രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റ് പ്രതിരോധ സംവിധാനങ്ങൾക്കുപുറമെ 'SMS Alert System' നടപ്പിലാക്കിയിട്ടുണ്ട്.

ജനജാഗ്രതാ സമിതിയുമായി ചേർന്നാണ് മേൽപദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വന്യജീവി സംഘർഷമുണ്ടാകുന്ന സമയങ്ങളിൽ ആയവയെ തുരത്തുന്നതിനുവേണ്ടി ആർ.ആർ.ടി. യൂണിറ്റ് 24 മണിക്കൂർ പ്രവർത്തിക്കുന്നുണ്ട്. ആനശല്യവും മറ്റ് കാട്ടുമൃഗശല്യവും ഉണ്ടാകുമ്പോഴും അവയെ തുരത്തുന്നതിനും പരിക്കുപറ്റിയ മൃഗങ്ങളെ പിടികൂടുന്നതിനുവേണ്ട ആവശ്യമായ പ്രവൃത്തികൾ ആർ.ടി. യൂണിറ്റ് ചെയ്തുവരുന്നുണ്ട്.

ആറളം-കൊട്ടിയൂർ മേഖലകളിൽ വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന് പരിഹാരം കണ്ടെത്തുന്നതിന് 19-9-2019-ൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ ഒരു യോഗം വളയംചാലിൽ നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിനും പുതുതായി 1 ആർ.ആർ.റ്റി. ആറളം വന്യജീവി സങ്കേതത്തിന് കീഴിൽ സ്ഥാപിക്കുന്നതിനും റ്റി.ആർ.ഡി.എം. മുഖേന കരിങ്കൽമതിൽ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ഫ്ലാറ്റ് പോലുള്ള പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആനശല്യം രൂക്ഷമായ സ്ഥലങ്ങളിൽ ഫ്ലിക്കറിംഗ് ലൈറ്റ് സ്ഥാപിക്കുന്നതിനും കുരങ്ങ് ശല്യമുള്ള സ്ഥലങ്ങളിൽ അവയെ പിടികൂടാൻ കൂടുകൾ സ്ഥാപിക്കുന്നതിനും നിലവിൽ ഫെൻസിംഗ് ഉള്ള സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പാൽമിറ ഫെൻസിംഗ് നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

സോളാർ ഫെൻസിംഗ് (നിലവിലുള്ളത്)

| റെയിഞ്ച് | പ്രദേശം | ദൂരം (കി.മീ.) |
|---|---|---|
| (1) | (2) | (3) |
| തളിപ്പറമ്പ് | മാമ്പൊയിൽ-നമ്പ്യാർമല | 8 കി.മീ. |
| | ചീക്കാട് കോളനി | 1 കി.മീ. |
| | വഞ്ചിയം- കാഞ്ഞിരക്കൊല്ലി | 4 കി.മീ. |
| | മഞ്ഞപ്പുല്ല്-വൈതൽക്കുണ്ട് | 4 കി.മീ. |
| | പീടികക്കുന്ന് -മാട്ടറ | 6 കി.മീ. |
| | മൂന്നാംകുപ്പ്-വഞ്ചിയം | 4 കി.മീ. |
| | ഊരാട്-പൊട്ടൻപ്ലാവ് | 4 കി.മീ. |

| (1) | (2) | (3) |
|---|---|---|
| കൊട്ടിയൂർ | വാളത്തോട്- എടപ്പുഴ | 10 കി.മീ. |
| | ശാന്തിഗിരി | 2 കി.മീ. |
| | ചപ്പമല | 2 കി.മീ. |
| | നെല്ലിയോടി | 2 കി.മീ. |
| | നെല്ലിയോടി | 4 കി.മീ. |
| | പൊട്ടൻതോട് | 4 കി.മീ. |
| | കുനംപള്ള | 2 കി.മീ. |
| | ഏലപ്പീടിക | 7.5 കി.മീ. |
| | പരിപ്പുതോട് | 4 കി.മീ. |
| | അമ്പായത്തോട് | 8.5 കി.മീ. |
| | പന്നിയാംമല | 0.80 കി.മീ. |
| | കരിയിൽ-തുടിമരം | 3.80 കി.മീ. |

കണ്ണൂർ ഡിവിഷന്റെ ഭാഗമായ വളയംചാൽ മുതൽ കരിയംകാപ്പ് വരെ 10.13 കി.മീ. ദൂരം ആനപ്രതിരോധ മതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വിയറ്റ്നാം കോളനി മുതൽ നീലായ് വരെ 4 കി.മീ. ആനപ്രതിരോധ കിടങ്ങ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആറളം വന്യജീവി സങ്കേതത്തിന്റെ ഭാഗമായ വളയംചാൽ മുതൽ 5.065 കി.മീ. നീളത്തിൽ ആനപ്രതിരോധ മതിലും 3.55 കി.മീ. നീളത്തിൽ കിടങ്ങും 1.88 കി.മീ. നീളത്തിൽ സ്റ്റീൽ ഫെൻസിംഗും ചെയ്തിട്ടുണ്ട്. കൊട്ടിയൂർ വന്യജീവി സങ്കേതത്തിൽ 9.33 കി.മീ. സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന സ്ഥലങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു:

1. കോളിത്തട്ട് മുതൽ പന്നിയാമല വരെ - 2 കി.മീ.

2. കുനംപള്ള- 4 കി.മീ.

3. താഴെ പാൽച്ചുരം മുതൽ മേലെ പാൽചുരം വരെ -1.50 കി.മീ.

4. വാളത്തോട് ഏരിയ കീഴ്പ്പള്ളി സെക്ഷൻ- 2 കി.മീ.

5. അമ്പായത്തോട് മുതൽ ആശ്രാമം ജംഗ്ഷൻ വരെ -7 കി.മീ.

6. പൊട്ടിച്ചപാറ മുതൽ ഉടിമരം വരെ -5 കി.മീ.

7. അട്ടയോളി മുതൽ കളിയോട്ടുപാറ വരെ- 2 കി.മീ.

8. പീടികക്കുന്ന് മുതൽ ആടാംപാറ വരെ -13 കി.മീ.

(6 കി.മീ. സോളാർ ഫെൻസിംഗും 7 കി.മീ. ഹാംഗിങ് സോളാർ ഫെൻസിംഗും)

കാളികയംമുതൽ ഉരുട്ടിപ്പുഴ വരെ 16.5 കി.മീ. നീളത്തിൽ ആനപ്രതിരോധ മതിൽ പണിയുന്നതിനുള്ള നടപടികൾ ടി.ആർ.ഡി.എം.-ന്റെ കീഴിൽ നടന്നുവരുന്നു.

## പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ഫാമുകൾക്ക് ധനസഹായം

135(925) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച സംസ്ഥാനത്തെ ചെറുകിട ഫാമുകൾക്ക് ധനസഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പ് തലത്തിൽ ഈ ഇനത്തിൽ എത്ര തുകയാണ് സംസ്ഥാനത്ത് ചെലവഴിച്ചതെന്ന് വിശദമാക്കാമോ?

(സി) ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം ഫാമുകൾക്ക് എത്ര തുക വീതം നൽകിയെന്നത് വിശദമാക്കാമോ?

ഉത്തരം

(എ-സി) ദുരന്തനിവാരണ മാനദണ്ഡപ്രകാരം 21.99 കോടി രൂപ സംസ്ഥാനത്താകെ ധനസഹായയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ മണ്ഡലത്തിലെ ഉരുക്കൾ നഷ്ടപ്പെട്ട അർഹരായ 3535 കർഷകരുടെ 300 പശുക്കൾ, 346 കിടാരികൾ, 1159 ആടുകൾ, 11384 കോഴികൾ, 25562 താറാവുകൾ എന്നിവയ്ക്ക് ആകെ 1,74,12,340 രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ദുരന്തനിവാരണ മാനദണ്ഡപ്രകാരം ചെറുകിട ഫാമുകൾക്കായി പ്രത്യേക ധനസഹായം നൽകുന്നതിന് വ്യവസ്ഥയില്ല.

## മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

136(926) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് മുഖേന 2019-20 വർഷത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ആടുവളർത്തൽ പദ്ധതിയിലൂടെ ആലിപ്പറമ്പ്, ഏലംകുളം, താഴേക്കോട് പഞ്ചായത്തുകളിലെ എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതിയുടെ നിലവിലത്തെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ;

(ബി) ആലിപ്പറമ്പ്, ഏലംകുളം, പുലാമന്തോൾ, താഴേക്കോട് പഞ്ചായത്തുകളിലും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലുമായി നടപ്പിലാക്കാൻ ഉദ്ദേശച്ചിട്ടുള്ള സ്കൂൾ കുട്ടികൾക്കായുള്ള അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതി, പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന നഗരപ്രദേശങ്ങളിലെ കോഴിയുംകൂട്ടും പദ്ധതി എന്നിവയ്ക്കായി എത്ര ഗുണഭോക്താക്കൾക്കായി എത്ര രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ നിയോജകമണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലിപ്പറമ്പ് -1

ഏലംകുളം -1

താഴേക്കാട് -2

പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആലിപ്പറമ്പ് - 50 ഗുണഭോക്താക്കൾ -32,500 രൂപ

ഏലംകുളം - 50 ഗുണഭോക്താക്കൾ -32,500 രൂപ

പുലാമന്തോൾ - 50 ഗുണഭോക്താക്കൾ -32,500 രൂപ

താഴേക്കാട് - 50 ഗുണഭോക്താക്കൾ -32,500 രൂപ

പെരിന്തൽമണ്ണ - 50 ഗുണഭോക്താക്കൾ -32,500 രൂപ

നഗരപ്രദേശങ്ങളിലെ കോഴിയും കൂട്ടും - 4 ഗുണഭോക്താക്കൾക്ക് -20,000 രൂപ

(സി) നിലവിലെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ലഭ്യമായ യൂണിറ്റുകൾ വിവിധ പഞ്ചായത്തുകൾക്കായി അനുവദിച്ചുകഴിഞ്ഞു.

## കന്നുകുട്ടി പരിപാലന പദ്ധതി

137(927) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ മലപ്പുറം ജില്ലയിൽ എത്ര കർഷകരാണ് അംഗങ്ങളായിട്ടുള്ളത്; എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും; വ്യക്തമാക്കുമോ;

(ബി) പ്രളയത്തിനുശേഷം കാലിത്തീറ്റ ലഭിക്കാത്തതുമൂലം ജില്ലയിൽ പദ്ധതി അവതാളത്തിലായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കന്നുകാലി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പദ്ധതി കാര്യക്ഷമതയോടുകൂടി നടപ്പാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ മലപ്പുറം ജില്ലയിൽ 11458 കർഷകരാണ് അംഗങ്ങളായിട്ടുള്ളത്. ഇത്രയും കർഷകർക്കും കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

(ബി) പ്രളയത്തിനുശേഷം കേരള ഫീഡ്സ് യഥാസമയം പൂർണ്ണമായും കാലിത്തീറ്റ വിതരണം നടത്താത്തതിലുള്ള ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ ജില്ലയിൽ 172 ക്ഷീരോൽപ്പാദക സംഘങ്ങളിൽ 141 എണ്ണത്തിൽ തീറ്റ വിതരണം നടത്തിയിട്ടുണ്ട്. സെപ്റ്റംബർ മാസത്തിൽ വിതരണം നടത്തിയിട്ടില്ല. തീറ്റവിതരണം സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) കന്നുകാലി കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും പദ്ധതി കാര്യക്ഷമതയോടുകൂടി നടപ്പാക്കുവാനും വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## കോതമംഗലം താലൂക്കിലെ മൃഗാശുപത്രികൾ

138(928) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ മൃഗാശുപത്രികളിൽ സ്ഥിരം ഡോക്ടറുടെയും സ്ഥിരം ജീവനക്കാരുടെയും എണ്ണത്തിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത താലൂക്കിൽ ഏതെല്ലാം മൃഗാശുപത്രിയിലാണ് സ്ഥിരം ഡോക്ടറുടെയും, സ്ഥിരം ജീവനക്കാരുടെയും എണ്ണക്കുറവ് ഉള്ളത്;

(സി) ക്ഷീര കർഷകർ അടക്കമുള്ള ആളുകൾ ആശ്രയിക്കുന്ന കോതമംഗലം താലൂക്കിലെ മൃഗാശുപത്രികളിൽ സ്ഥിരം ഡോക്ടർമാരെയും, സ്ഥിരം ജീവനക്കാരെയും നിയമിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോതമംഗലം മൃഗാശുപത്രിയിലാണ് വളരെ നാളുകളായി സ്ഥിരം ഡോക്ടറുടെ ഒഴിവുണ്ടായിരുന്നത്.

(സി) കോതമംഗലം മൃഗാശുപത്രിയിലെ സീനിയർ വെറ്ററിനറി സർജന്റെ ഒഴിവിൽ സ്ഥിരം ഡോക്ടറെ നിയമിച്ച് ഉത്തരവാകുകയും പ്രസ്തുത സീനിയർ വെറ്ററിനറി സർജൻ 23-10-2019-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

## കടുത്തുരുത്തി വെറ്ററിനറി പോളിക്ലിനിക്

139(929) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വെറ്ററിനറി പോളിക്ലിനിക്കിനായി മൃഗസംരക്ഷണവകുപ്പ് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) 2013-ൽ സമർപ്പിച്ച പ്രൊപ്പോസൽ നടപ്പാകാതെ പോയെങ്കിലും പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കർഷകരും ക്ഷീരസംഘങ്ങളും ഏറെയുള്ള പ്രസ്തുത മേഖലയിൽ വെറ്ററിനറി പോളിക്ലിനിക്ക് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 2018-ൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ അന്നത്തെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല. 2019-ൽ പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയിലെ അന്വേഷണങ്ങൾ

140(930) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താട്ടുകുളത്തെ മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയിലെ അഴിമതിയും കെടുകാര്യസ്ഥതയും സംബന്ധിച്ച ആരോപണങ്ങളിന്മേൽ എറണാകുളം വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) വിജിലൻസ്, ധനകാര്യ വിഭാഗങ്ങളുടെ അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. ഒരു വിദഗ്ദ്ധ സമിതിയുടെ സഹായത്തോടെ പ്രസ്തുത അന്വേഷണ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## വെറ്ററിനറി സർജൻ നിയമനം

141(931) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജൻ തസ്തികയിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ വെറ്ററിനറി സർജന്മാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വെറ്ററിനറി സർജൻ തസ്തികയിൽ 194 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ വെറ്ററിനറി സർജൻമാരുടെ 22 ഒഴിവുകളുണ്ട്.

(സി) നിലവിലുള്ള 22 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അലഞ്ഞുതിരിയുന്ന നായ്ക്കൾ

142(932) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലഞ്ഞുതിരിയുന്ന നായ്ക്കൾ എത്രയുണ്ടെന്നുള്ള കണക്ക് മൃഗസംരക്ഷണ വകുപ്പിന്റെ പക്കലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ നായ്ക്കൾ പൊതുജനങ്ങളുടെ പ്രത്യേകിച്ച് സ്കൂൾ കുട്ടികളുടെ ജീവന് ഭീഷണിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അലഞ്ഞുതിരിയുന്ന നായ്ക്കളിൽ കാണുന്ന ത്വക്ക് രോഗങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നും ഇത്തരം നായ്ക്കൾ പൊതുജനാരോഗ്യത്തെ അപകടപ്പെടുത്തുകയില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2012-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 2.9 ലക്ഷം തെരുവുനായ്ക്കളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി നായ്ക്കളുടെ വന്ധീകരണ പദ്ധതി നടപ്പിലാക്കിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളാണ് തെരുവുനായ്ക്കളുടെ വന്ധീകരണത്തിനായി പ്രാദേശികമായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നത്. കുടുംബശ്രീ യൂണിറ്റുകളാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായ നായ്ക്കളുടെ ക്യാച്ചിംഗ്, പരിപാലനം, തിരികെ കൊണ്ടുവിടൽ എന്നിവ ചെയ്തുവരുന്നത്. മൃഗസംരക്ഷണ വകുപ്പ് നായ്ക്കളിലെ വന്ധീകരണ ശസ്ത്രക്രിയ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകിവരുന്നു.

(സി) തെരുവുനായ്ക്കളിലെ ത്വക് രോഗങ്ങൾ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല. തെരുവുനായ നിയന്ത്രണത്തിനായി മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവരുമായി ചേർന്ന് എ.ബി.സി. പ്രോഗ്രാം (ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) നടപ്പിലാക്കിവരുന്നു.

## കാലവർഷക്കെടുതികളിൽ കന്നുകാലി കർഷകർക്കുള്ള ധനസഹായം

143(933) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയിൽ കന്നുകാലി കർഷകർക്ക് എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ നാശനഷ്ടങ്ങളുണ്ടായവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; ഇനിയെത്രപേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്; അർഹതപ്പെട്ട എല്ലാ കർഷകർക്കും ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018- പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.6 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ 95 സ്ഥാപനങ്ങൾക്ക് പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചു. 23 കോടി രൂപയുടെ നഷ്ടമാണ് ഈയിനത്തിൽ ഉണ്ടായത്. 214 ക്ഷീര സംഘങ്ങളിലുണ്ടായ നഷ്ടം 3.65 കോടി രൂപയുടേതാണ്.

2019- പ്രളയംമൂലം മൃഗസംരക്ഷണ മേഖലയിൽ 294 പശുക്കൾ, 101 കിടാരികൾ, 60 എരുമകൾ, 475 ആടുകൾ, 381723 കോഴികൾ, 6466 താറാവുകൾ, 66 മുയലുകൾ എന്നിവയും 847 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 3693 തൊഴുത്തുകൾ ഭാഗികമായും നഷ്ടപ്പെട്ടു. 87 കോഴിഷെഡ്ഡുകളും 32 ആട് ഷെഡ്ഡുകളും നഷ്ടപ്പെട്ടിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് 2019-ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്.

(ബി) 2018- പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിൽസാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിൽസ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി. പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ഫീഡ്സ്, മറ്റ് സ്വകാര്യ പൊതുമേഖല ഏജൻസികൾ എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ. തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്തു. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുകയുണ്ടായി. മൃഗസംരക്ഷണ വകുപ്പുവഴി നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ്, അമൂൽ എന്നിവിടങ്ങളിൽനിന്നും ലഭിച്ച 68848 ലിറ്റർ പാൽ, 7.45 മെട്രിക് ടൺ പാൽപ്പൊടി എന്നിവ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. തമിഴ്നാട് കോഴിവളർത്തൽ കർഷക സംഘം, നാഷണൽ എഗ്ഗ് കോ-ഓർഡിനേഷൻ എന്നിവ യഥാക്രമം 1 ലക്ഷം, 10 ലക്ഷം മുട്ടകൾ വകുപ്പുവഴി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2018-ലെ പ്രളയത്തിൽ പക്ഷി മൃഗാദികൾ നഷ്ടപ്പെട്ടവർക്ക് ദുരന്ത നിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21.99 കോടി രൂപ സംസ്ഥാനത്താകെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ മുഖേന മൃഗസംരക്ഷണ മേഖലയിൽ 1.31 കോടി രൂപയുടെ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 59,400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും.

2019- പ്രളയത്തിൽ അടിയന്തര മൃഗചികിൽസ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിൽസാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്കുള്ള ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## ക്ഷീര വികസന പദ്ധതികൾ

144(934) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ക്ഷീര കേരളമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കിവരുന്ന ക്ഷീര വികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മികച്ച പാലുല്പാദക സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് ദേശീയ തലത്തിൽ ബഹുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രളയം ക്ഷീരമേഖലയിൽ കനത്ത നാശനഷ്ടം ഉണ്ടാക്കിയെങ്കിലും സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ പാലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുണമേന്മയുള്ള പാൽ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് എവിടെയെല്ലാമാണ് പാൽ പരിശോധനാ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ക്ഷീരോൽപ്പാദനമേഖല സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

1) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി

2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

4) ഹീഫർ പാർക്ക്

5) ക്ഷീരഗ്രാമം

6) ക്ഷീര സംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ

7) പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

8) ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ

9) സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിൽസാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ബി) പാലുല്പാദനത്തിൽ ദേശീയതലത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയ സംസ്ഥാനത്തിനായി 'ഇൻഡ്യാ ടുഡേ' ഗ്രൂപ്പ് ഏർപ്പെടുത്തിയ അവാർഡ് 2018-19-ൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

പാലുൽപ്പാദന വർദ്ധനവ്, കർഷക സൗഹൃദ പദ്ധതികൾ, ഉയർന്ന ഉൽപ്പാദന ക്ഷമത, ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് അവാർഡ് കേരളത്തിന് ലഭിച്ചത്.

(സി) സംസ്ഥാനത്തുണ്ടായ പ്രളയംമൂലം ക്ഷീരമേഖലയ്ക്ക് കനത്ത നാശനഷ്ടമുണ്ടായിട്ടുണ്ട്. പ്രളയകാലത്ത് ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന പാൽ സംഭരണത്തിൽ ഏകദേശം 2.5 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായിരുന്നു. കാര്യക്ഷമമായ ഇടപെടലിലൂടെയും ഫലപ്രദമായ തുടർപ്രവർത്തനങ്ങളിലൂടെയും പ്രളയാനന്തര കാലത്ത് ഈ കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിലാണ് പാൽ പരിശോധനാ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളത്.

**ക്ഷീരഗ്രാമം പദ്ധതി**

145(935) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര ഗ്രാമം പദ്ധതിയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വെളിയന്നൂർ പഞ്ചായത്തിൽ പ്രസ്തുത പദ്ധതി അനുവദിക്കണമെന്നു കാണിച്ച് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; അപേക്ഷ ഇപ്പോൾ ആരുടെ പക്കലാണ്; അപേക്ഷയുടെ ഫയൽ നമ്പർ അറിയിക്കാമോ;

(സി) ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി അനുവദിക്കണമെന്ന വെളിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തെക്കുറിച്ച് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് 10 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി 2019-20-ൽ നടപ്പിലാക്കുന്നത്. കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ തൻവർഷത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നില്ല.

(ബി) വെളിയന്നൂർ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കണമെന്ന അപേക്ഷയിന്മേൽ ഫണ്ടിന്റെ കുറവ് കാരണം തൻവർഷം പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റിലാണ് ഉള്ളത്. ഫയൽ നമ്പർ ഡി2/19790/2018.

(സി) ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ ഒരു മൃഗാശുപത്രി അനുവദിക്കണമെന്ന വെളിയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യം പരിശോധിച്ചുവരുന്നു.

**ക്ഷീരമേഖലയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

146(936) <u>ശ്രീ. കെ. രാജൻ</u> :

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :

<u>ശ്രീ. ജി. എസ്. ജയലാൽ</u> :

<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരേയും അവരുടെ കന്നുകാലികളേയും ഉൾപ്പെടുത്തിയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ക്ഷീരകർഷകന്റെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിൽ പദ്ധതി എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച നിബന്ധനകളും പദ്ധതിയിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 18-നും 80-നും വയസ്സിനിടയ്ക്കുള്ള ക്ഷീരകർഷകർ, കർഷകരുടെ ജീവിത പങ്കാളി, മാതാപിതാക്കളുടെ പരിരക്ഷണയിൽ കഴിയുന്ന 25 വയസ് വരെയുള്ള വിവാഹം കഴിയാത്തവരോ ജോലി ലഭിക്കാത്തവരോ ആയ രണ്ട് കുട്ടികൾ എന്നിവർക്കാണ് ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കുക. പോളിസിയുടെ കാലാവധി ഒരു വർഷമാണ്. പോളിസിയിൽ 80 വയസ്സുവരെയുള്ളവർക്ക് പരിരക്ഷ ലഭിക്കുന്നുവെന്നതാണ് ഈ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രത്യേകത. ആരോഗ്യ സുരക്ഷാ പോളിസിക്ക് 5015 രൂപയും അപകട സുരക്ഷാ പോളിസിക്ക് 88 രൂപയും LIC പോളിസിക്ക് 412 രൂപയും ഉൾപ്പെടെ ആകെ 5515 രൂപയാണ് ഒരു കർഷകനും കുടുംബത്തിനും ഒരു വർഷത്തേയ്ക്കുള്ള പ്രീമിയം തുകയായി അടയ്ക്കേണ്ടത്. കൂടാതെ ഗോസുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വിലമതിപ്പുള്ള പശുവിന് 1688 രൂപയും 60,000 രൂപ വിലയുള്ള പശുവിന് 2001 രൂപയുമാണ് നിലവിൽ പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നത്. ടി തുകയിൽ സർക്കാർ വിഹിതവും മേഖലാ യൂണിയന്റെയും ക്ഷീരകർഷക ക്ഷേമനിധിയുടെയും ക്ഷീരസംഘം വിഹിതവും ഒഴിച്ചുള്ള തുക മാത്രമാണ് പ്രീമിയമായി കർഷകർ അടയ്ക്കേണ്ടത്. ആരോഗ്യ സുരക്ഷാ പോളിസിയുടെ ക്ലെയിമായി ഒരു കുടുംബത്തിന് 1 ലക്ഷം രൂപ വരെയും അപകട സുരക്ഷാ പോളിസിക്ക് ക്ലെയിമായി 5 ലക്ഷം രൂപ വരെയും 18 വയസ് മുതൽ 50 വയസ് വരെയുള്ള പോളിസി ഉടമകൾക്ക് LIC ക്ലെയിമായി അപകട മരണത്തിന് 4 ലക്ഷം രൂപയും സ്വാഭാവിക മരണത്തിന് 2 ലക്ഷം രൂപയും ലഭിക്കുന്നതാണ്. 51 മുതൽ 60 വയസ്സുവരെയുള്ളവർക്ക് 1 ലക്ഷം രൂപയാണ് ക്ലെയിമായി ലഭിക്കുന്നത്.

അപകട സുരക്ഷാ പോളിസിയുടെ ഭാഗമായി പോളിസി ഉടമ മരിക്കുകയോ സ്ഥിരമായ അംഗവൈകല്യം ഉണ്ടാവുകയോ ചെയ്താൽ ഈ പദ്ധതിയിൽപ്പെട്ട 25 വയസ് വരെയുള്ള കുട്ടികൾക്ക് പഠന സഹായമായി ഒരു കുട്ടിക്ക് പരിരക്ഷ തുകയുടെ 10% അല്ലെങ്കിൽ 25,000 രൂപ ഏതാണോ കുറവ്, രണ്ട് കുട്ടിയാണെങ്കിൽ പരിരക്ഷ തുകയുടെ 10% അല്ലെങ്കിൽ 50,000 ഏതാണോ കുറവ് അത് ലഭിക്കുന്നതാണ്.

(ബി) ഉരുക്കളോടൊപ്പം ക്ഷീരകർഷകരുടെയും അവരുടെ കുടുംബത്തിന്റെയും പരിരക്ഷ ഉറപ്പാക്കത്തക്ക രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ക്ഷീരവികസന വകുപ്പ് ക്ഷീരോൽപ്പാദക യൂണിയനുകൾ, ക്ഷീരകർഷക ക്ഷേമനിധി ബോർഡ്, ക്ഷീര സംഘങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ത്രിതല പഞ്ചായത്തുകളും ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) 18-നും 80-നും വയസ്സിനിടയ്ക്കുള്ള ക്ഷീരകർഷകർ, അവരുടെ ജീവിതപങ്കാളി, മാതാപിതാക്കളുടെ പരിരക്ഷണയിൽ കഴിയുന്ന 25 വയസ് വരെയുള്ള വിവാഹം കഴിയാത്തവരോ ജോലി ലഭിക്കാത്തവരോ ആയ 2 കുട്ടികൾ എന്നിവർക്ക് ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തൊട്ടടുത്തുള്ള ക്ഷീരസംഘം മുഖേന ക്ഷീര വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കർഷകർ പശുക്കളെ ഏതെങ്കിലും പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ഈ പദ്ധതിയിൽ ഗോസുരക്ഷാ പോളിസി എടുക്കേണ്ടതില്ല. എന്നാൽ മറ്റ് പോളിസികളായ ആരോഗ്യ സുരക്ഷാ, ലൈഫ് ഇൻഷ്വറൻസ്, അപകട സുരക്ഷ എന്നിവ നിർബന്ധമാണ്.

പോളിസിക്കനുസരിച്ച് പ്രീമിയം തുക നിശ്ചിത തീയതിക്കുള്ളിൽ ക്ഷീര വികസന ഓഫീസറുടെ നിർദ്ദേശപ്രകാരം ക്ഷീരസംഘങ്ങൾ മുഖേന അടയ്ക്കാവുന്നതാണ്.

## കുറ്റിപ്പുറം കേന്ദ്രീകരിച്ച് ഡെയറി സോൺ

147(937) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം കേന്ദ്രീകരിച്ച് ഡെയറി സോൺ അനുവദിക്കണമെന്നത് സംബന്ധിച്ച അപേക്ഷ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിലെ ഫയലിന്റെ വിവരം ലഭ്യമാക്കുമോ;

(സി) 3000/M(F,A,D&Z)/2019 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അപേക്ഷ പരിശോധിച്ചിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പിലെ ഫയൽ നമ്പർ ഡി.3/14064/2019.

(സി) 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഡെയറി സോൺ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം കേന്ദ്രീകരിച്ച് ഡെയറി സോൺ ആരംഭിക്കുവാൻ തൻവർഷം കഴിയില്ലെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്.

**ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി**

148(938) ശ്രീ. സജി ചെറിയാൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയം നിരവധി കറവമാടുകൾക്ക് ജീവഹാനി വരുത്തുകയും തൽഫലമായി ക്ഷീരകർഷകർക്ക് വൻ നഷ്ടമുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ ക്ഷീരകർഷകരുടെയും കറവമാടുകളുടെയും സമഗ്ര ഇൻഷ്വറൻസ് പദ്ധതിയായ ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇൻഷ്വറൻസ് അംഗത്വ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 18-നും 80-നും വയസ്സിനിടയ്ക്കുള്ള ക്ഷീരകർഷകർ, അവരുടെ ജീവിതപങ്കാളി, മാതാപിതാക്കളുടെ പരിരക്ഷണയിൽ കഴിയുന്ന 25 വയസ് വരെയുള്ള വിവാഹം കഴിയാത്തവരോ ജോലി ലഭിക്കാത്തവരോ ആയ 2 കുട്ടികൾ എന്നിവർക്ക് ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതാണ്.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തൊട്ടടുത്തുള്ള ക്ഷീരസംഘം മുഖേന ക്ഷീര വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കർഷകർ പശുക്കളെ ഏതെങ്കിലും പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ഈ പദ്ധതിയിൽ ഗോസുരക്ഷാ പോളിസി എടുക്കേണ്ടതില്ല. എന്നാൽ മറ്റ് പോളിസികളായ ആരോഗ്യ സുരക്ഷാ, ലൈഫ് ഇൻഷ്വറൻസ്, അപകട സുരക്ഷ എന്നിവ നിർബന്ധമാണ്.

പോളിസിക്കനുസരിച്ച് പ്രീമിയം തുക നിശ്ചിത തീയതിക്കുള്ളിൽ ക്ഷീര വികസന ഓഫീസറുടെ നിർദ്ദേശപ്രകാരം ക്ഷീരസംഘങ്ങൾ മുഖേന അടയ്ക്കാവുന്നതാണ്.

(സി) ഇൻഷ്വറൻസ് അംഗത്വ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

(ഡി) ക്ഷീരവികസന വകുപ്പ്, ക്ഷീരോൽപ്പാദക യൂണിയൻ, ക്ഷീരകർഷക ക്ഷേമനിധി, ക്ഷീരസംഘങ്ങൾ തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ത്രിതല പഞ്ചായത്തുകളും ഇൻഷ്വറൻസ് പദ്ധതിക്ക് ഫണ്ട് നൽകുന്നുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

149(939) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇതിന്റെ സോഷ്യൽ ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; ക്ഷീരോത്പാദനത്തിൽ ജില്ലയിലുണ്ടായ വർദ്ധനവ് എത്രയെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ)

1) വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിൽസാ സേവനം
2) കന്നുകാലി വികസന പദ്ധതി
3) കന്നുകുട്ടി പരിപാലന പദ്ധതി (ഗോവർദ്ധിനി പദ്ധതി)
4) ഊർജ്ജിത കന്നുകാലി വികസനം - (ബീജ സങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ)
5) ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
6) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)
7) ആട് വളർത്തൽ യൂണിറ്റുകൾ
8) കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി
9) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി

10) 2018-19-ൽ പുതുതായി ആരംഭിച്ച ആനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.) പദ്ധതിയുടെ കീഴിൽ

a) മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

b) വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി

c) മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം

11) കോഴിവളർത്തൽ പദ്ധതി

12) വെറ്ററിനറി സേവനം

13) കർഷക പരിശീലന പരിപാടികൾ

14) വികസനവും പരിശീലനവും

15) സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും

16) ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

17) കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും (60% കേന്ദ്രവിഹിതം)

18) നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ (60% കേന്ദ്രവിഹിതം)

19) മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്രസഹായം)

20) കന്നുകാലി സെൻസസ് (100% കേന്ദ്രവിഹിതം)

21) കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം

22) കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം

23) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

24) മൃഗചികിൽസ സേവനവും മൃഗാരോഗ്യവും

25) കന്നുകാലി എരുമ സംവർദ്ധനം

26) ആർ.ഐ.ഡി.എഫ്.-ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കൽ

27) പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്. - എം.പി.ഐ.

28) പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്. -കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

29) പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ആർ.ഐ.ഡി.എഫ്. -കേരള ഫീഡ്സ്

(ബി) കൊല്ലം ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെയും 2019-ൽ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെയും വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | നടപ്പിലാക്കിയ വർഷം |
|---|---|---|
| 1 | ഏരൂർ | 2016-17 |
| 2 | ഇടമുളയ്ക്കൽ | 2017-18 |
| 3 | മേലില | 2018-19 |
| 4 | തൊടിയൂർ | 2018-19 |
| 5 | കുളക്കട | 2019-20 |
| 6 | ശൂരനാട് വടക്ക് | 2019-20 |

(സി) പൊതുജന പങ്കാളിത്തത്തോടെ സോഷ്യൽ ആഡിറ്റിംഗ് നടത്തിയിട്ടില്ല. എന്നാൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ ഫീൽഡ് തലത്തിൽ നടന്ന പ്രവർത്തനങ്ങൾ പരിശോധന നടത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ ധനകാര്യ വിഭാഗവും ഫിനാൻഷ്യൽ ആഡിറ്റിംഗിന്റെ ഭാഗമായി ഫീൽഡ് പരിശോധന പതിവായി നടത്താറുണ്ട്. കൊല്ലം ജില്ലയിൽ 2016-17-ലെ പാൽ ഉൽപ്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ 2018-19-ൽ 28.50% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## പാലിന്റെ ഗുണനിലവാരം

150(940) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉപഭോഗത്തിനായി ഏതൊക്കെ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പാൽ കൊണ്ടുവരുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനാതിർത്തികളിൽ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടോ ; വിശദവിവരങ്ങൾ നൽകാമോ ;

(ഡി) അതിർത്തികളിൽ സ്ഥിരം പരിശോധനാ സംവിധാനം ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ഉപഭോഗത്തിനായി പ്രധാനമായും തമിഴ്നാട്ടിൽ നിന്നുമാണ് പാൽ കൊണ്ടുവരുന്നത്. എന്നാൽ ഓണം പോലുള്ള ഉൽസവ സീസണുകളിൽ തമിഴ്നാടിനുപുറമെ കർണാടകത്തിൽനിന്നും പാൽ കൊണ്ടുവരുന്നു.

(ബി) ഇതരസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അതിർത്തി ചെക്ക്പോസ്റ്റുകളായ ആര്യങ്കാവ്, മീനാക്ഷിപുരം എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക്പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ക്ഷീര വികസന വകുപ്പിന്റെ ജില്ലാ ഗുണനിയന്ത്രണ ആഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നുണ്ട്.

ഇതിനുപുറമെ മിൽമ ഡെയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേനിന്നുള്ള NABL Accreditated ലാബുകൾവഴി മിൽമയുടെ ഡെയറികൾ ഹെവി മെറ്റൽസ് ആന്റ് ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

കൂടാതെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

(സി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ പാൽ ഗുണനിലവാര പരിശോധനയ്ക്കുള്ള സ്ഥിരം ചെക്ക്പോസ്റ്റ് പ്രവർത്തിക്കുന്നതാണ്.

(ഡി) അതിർത്തി ചെക്ക് പോസ്റ്റുകളായ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ സ്ഥിരം പരിശോധനാ സംവിധാനം നിലവിലുണ്ട്. മറ്റ് അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് നൽകിയ സഹായങ്ങൾ

151(941) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ വയനാട് ജില്ലയിലുണ്ടായ പ്രളയത്തിൽ വകുപ്പ് ക്ഷീരകർഷകർക്ക് എന്തെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ മാനന്തവാടി ബ്ലോക്കിൽ എന്തെല്ലാം സഹായങ്ങൾ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് പേരുവിവരവുമടങ്ങിയ പട്ടിക ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2018-ൽ വയനാട്ടിലുണ്ടായ പ്രളയത്തിൽ താഴെപ്പറയുന്ന സഹായങ്ങൾ നൽകിയിട്ടുണ്ട്:

| ക്രമ നമ്പർ | ഇനവിവരം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക-രൂപയിൽ/അളവ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഒരു പശു യൂണിറ്റ് | 70 | 23,10,000 |
| 2 | രണ്ട് പശു യൂണിറ്റ് | 55 | 36,30,000 |
| 3 | കാലിത്തൊഴുത്ത് നവീകരണം | 45 | 22,50,000 |
| 4 | പുതിയ കാലിത്തൊഴുത്ത് നിർമ്മാണം | 8 | 4,00,000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | അവശ്യാധിഷ്ഠിത സഹായം | 90 | 4,50,000 |
| 6 | കണ്ടിൻജൻസി ഫണ്ട് | 6 | 90,000 |
| 7 | കാലിത്തീറ്റവിതരണം | | 150 മെട്രിക് ടൺ |
| 8 | സൈലേജ്/ചോളത്തണ്ട് | | 35 മെട്രിക് ടൺ |
| ക്ഷീരസംഘങ്ങൾ മുഖേന നൽകിയ സഹായങ്ങൾ | | | |
| 9 | പച്ചപ്പുൽ/വൈക്കോൽ വിതരണം | | 28 ലക്ഷം |
| 10 | സമീകൃത കാലിത്തീറ്റ ധനസഹായം | | 15 ലക്ഷം |

2019-ൽ കർഷകർക്ക് നൽകിയ സഹായങ്ങൾ

| ക്രമ നമ്പർ | ഇനവിവരം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക - രൂപയിൽ/അളവ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഒരു പശു യൂണിറ്റ് | 50 | 20,50,000 |
| 2 | രണ്ട് പശു യൂണിറ്റ് | 26 | 21,32,000 |
| 3 | അഞ്ച് പശു യൂണിറ്റ് | 3 | 6,45,000 |
| 4 | ഒരു പശു + ഒരു കിടാരി | 6 | 3,60,000 |
| 5 | 3 പശു + 2 കിടാരി | 4 | 6,80,000 |
| 6 | അവശ്യാധിഷ്ഠിത സഹായം | 39 | 23,40,000 |
| 7 | കാലിത്തൊഴുത്ത് നവീകരണം | 26 | 15,60,000 |
| 8 | ഫാമുകൾക്കുള്ള ധനസഹായം | 5 | 20 ലക്ഷം |
| 9 | കണ്ടിൻജൻസി ഫണ്ട് | 36 | 5,40,000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | കാലിത്തീറ്റ ധനസഹായം | | 101.5 മെട്രിക് ടൺ |
| 11 | ക്ഷീരസംഘം മുഖേന പച്ചപ്പുൽ/ വൈക്കോൽ ധനസഹായം | | 22 ലക്ഷം |
| 12 | ക്ഷീരസംഘം മുഖേന ടോട്ടൽ മിക്സ്ഡ് റേഷൻ | | 2100 കിലോഗ്രാം |
| 13 | ട്രാൻസ്പോർട്ടേഷൻ ഓഫ് ക്യാറ്റിൽ | | 27000 |
| 14 | ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക് | | 50000 |
| 15 | കേരള ക്ഷീര കർഷക ക്ഷേമനിധി മുഖേന നൽകിയ കാലിത്തീറ്റ | | 10 മെട്രിക് ടൺ |

(ബി) ധനസഹായം നൽകിയിട്ടുള്ളവരുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**ക്ഷീര കർഷകരെ രക്ഷിക്കുന്നതിനുള്ള നടപടികൾ**

152(942) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജണൽ കോംപ്രഹൻസീവ് ഇക്കണോമിക് പാർട്ണർഷിപ് (ആർ.സി.ഇ.പി.)കരാർ സൃഷ്ടിക്കുന്ന പ്രതിസന്ധിയിൽ നിന്ന് നമ്മുടെ സംസ്ഥാനത്തെ ക്ഷീര കർഷകരെ രക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ക്ഷീര കർഷകർക്കായി പുതുതായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഇതുമായി ബന്ധപ്പെട്ട് മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും.

(ബി) ആർ.സി.ഇ.പി. കരാർ നടപ്പിലാക്കുകയാണെങ്കിൽ ക്ഷീര മേഖലയിലുണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിഷയം ബഹുമാനപ്പെട്ട പ്രധാനമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രവാണിജ്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര മൃഗസംരക്ഷണ വകുപ്പുമന്ത്രി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്തയച്ചിട്ടുണ്ട്.

(സി) മങ്കട നിയോജകമണ്ഡലത്തിൽ 2019-20 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദവിവരം ചുവടെചേർക്കുന്നു.

1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

2) തീറ്റപ്പുൽ കൃഷി വികസന പദ്ധതി

3) കാലിത്തീറ്റ വിതരണ പദ്ധതി

4) ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം

5) പ്രളയാനന്തര ദുരിതാശ്വാസ പദ്ധതികൾ

6) കർഷക സമ്പർക്ക പരിപാടി

മേൽപ്പറഞ്ഞ പദ്ധതികളെല്ലാം ക്ഷീരകർഷകർക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. 2019-20 വർഷത്തിൽ മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഇനം തിരിച്ച് ചുവടെച്ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം വിവരം | എണ്ണം |
|---|---|---|
| 1 | ഗോദാനം - ഒരു പശു യൂണിറ്റ് | 5 |
| 2 | 2 പശു യൂണിറ്റ് | 7 |
| 3 | കറവയന്ത്രം | 1 |
| 4 | തൊഴുത്ത് നിർമ്മാണം | 2 |
| 5 | അവശ്യാധിഷ്ഠിത ധനസഹായം | 4 |
| 6 | തീറ്റപ്പുൽ കൃഷി | 8 ഹെക്ടർ |
| 7 | അസോള കിറ്റ് | 15 യൂണിറ്റ് |
| 8 | യന്ത്രവൽക്കരണം -ഫോഡർ | 1 യൂണിറ്റ് |
| 9 | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | 1 |
| 10 | മിനറൽ മിക്സ്ചർ സപ്ലിമെന്റ് | 200 കിലോ |
| 11 | ക്ഷീര സംഘങ്ങൾ മുഖേനയുള്ള പച്ചപ്പുൽ- വൈക്കോൽ വിതരണം | 1 യൂണിറ്റ് |
| 12 | കർഷക സമ്പർക്ക പരിപാടി | 10 |

കൂടാതെ കാലിത്തീറ്റ സബ്സിഡിയും നൽകിവരുന്നു.

## ക്ഷീരമേഖലയിലെ പദ്ധതികൾ

153(943) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരമേഖലയിൽ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ക്ഷീരസംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

1. രണ്ട് വാർഡുകളിലെ വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട കുറഞ്ഞത് 25 ക്ഷീരകർഷകർ ഒപ്പിട്ട അപേക്ഷ ജില്ലയിലെ ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

2. നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തന പരിധിയിൽപ്പെടാത്ത പ്രദേശമായിരിക്കണം.

3. ക്ഷീരകർഷകരുടെ അപേക്ഷ ലഭിക്കുന്നപക്ഷം ബന്ധപ്പെട്ട ബ്ലോക്കുതല ക്ഷീരവികസന ഓഫീസർമാർക്ക് സാധ്യതാപഠനത്തിനായി അപേക്ഷ അയച്ചുകൊടുക്കുന്നു.

4. ക്ഷീരവികസന ഓഫീസർ ക്ഷീരസംഘ രൂപീകരണ സാധ്യതാ പഠനം നടത്തി ശിപാർശ സഹിതം (വില്ലേജ് സർവ്വേ റിപ്പോർട്ട്) അതിവ്യാപനമില്ലാ സാക്ഷ്യപത്രം, പഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട പഞ്ചായത്ത് മാപ്പ് (പുതിയ ക്ഷീരസംഘ പ്രവർത്തന പരിധി അടയാളപ്പെടുത്തണം, മറ്റ് ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതും മാപ്പിൽ അടയാളപ്പെടുത്തണം) മേൽപ്പറഞ്ഞ അനുബന്ധരേഖകൾ സഹിതം ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കണം.

5. ക്ഷീരവികസന ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരസംഘ രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി

2. കാലിത്തീറ്റ സബ്സിഡി

3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

    a) ക്ഷീരഗ്രാമം പദ്ധതി

    b) ഡെയറി സോൺ

    c) അവശ്യാധിഷ്ഠിത സഹായം

    d) യന്ത്രവൽക്കരണം

    e) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം

    f) ഹീഫർ പാർക്ക്

    g) ക്ഷീരകർഷക കടാശ്വാസ പദ്ധതി

4. ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം

5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിൽസാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷകർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളേയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്കാവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

**ജലവിഭവ വകുപ്പിന് ബജറ്റിൽ അനുവദിച്ച തുകയും അതിന്റെ വിനിയോഗവും**

154(944) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന് ഓരോ വർഷവും ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഇതുവരെ ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും പ്രസ്തുത തുക ഇനിയെങ്ങനെയാണ് വിനിയോഗിക്കുകയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും, തിരുവനന്തപുരത്തിന് കീഴിൽ അനുവദിച്ച പ്ലാൻ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു:

1) 2016-17

ജലസേചനവും ഭരണവും, തിരുവനന്തപുരം -16817 ലക്ഷം

ഉൾനാടൻ ജലഗതാഗതം -12532 ലക്ഷം

2) 2017-18

ജലസേചനവും ഭരണവും, തിരുവനന്തപുരം -19850 ലക്ഷം

ഉൾനാടൻ ജലഗതാഗതം -12785 ലക്ഷം

3) 2018-19

ജലസേചനവും ഭരണവും, തിരുവനന്തപുരം -16416 ലക്ഷം

4) 2019-20

ജലസേചനവും ഭരണവും, തിരുവനന്തപുരം -16247 ലക്ഷം

ചീഫ് എഞ്ചിനീയർ IDRB കാര്യാലയത്തിനുകീഴിൽ പ്ലാൻ സ്കീംസ് ചെലവ് പട്ടിക അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 1137.31 കോടി രൂപ വിവിധ വർഷങ്ങളിലായി വകയിരുത്തിയിട്ടുണ്ട്.

2016-17 - 324.42 കോടി രൂപ
2017-18 - 379.69 കോടി രൂപ
2018-19 - 241.00 കോടി രൂപ
2019-20 - 192.20 കോടി രൂപ
ആകെ 1137.31 കോടി രൂപ

കുട്ടനാട് പാക്കേജിന്റെ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (3)* ആയി ചേർത്തിരിക്കുന്നു.

ഭൂജല വകുപ്പിന് ബഡ്ജറ്റിൽ ഓരോ വർഷവും വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (2)* ആയി ചേർത്തിരിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ ബജറ്റിൽ വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു:

| വർഷം | പദ്ധതിവിഹിതം (കോടി രൂപ) |
|---|---|
| 2016-17 | 672.50 |
| 2017-18 | 678.55 |
| 2018-19 | 776.43 |
| 2019-20 | 700.51 |

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 1 കാര്യാലയത്തിനും കീഴ്കാര്യാലയങ്ങൾക്കും അനുവദിച്ച തുക, വർഷം താഴെ ചേർക്കുന്നു:

| വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | ആകെ |
|---|---|---|---|---|---|
| അനുവദിച്ച തുക | 5964.52 | 7768.64 | 7867.85 | 12901.45 | 34502.46 |

ചീഫ് എഞ്ചിനീയർ പ്രോജക്ട് II കാര്യാലയത്തിനുകീഴിൽ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകകളുടെ വിശദാംശം അനുബന്ധം (5)*ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ അനുവദിച്ച തുക ചെക്ക്ഡാം, വി.സി.ബി. ആർ.സി.ബി. റെഗുലേറ്റർ തുടങ്ങിയവയുടെ നിർമ്മാണത്തിനും പുഴയുടെയും തോടുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണ പ്രവൃത്തികൾക്കും തീരദേശ സംരക്ഷണ പ്രവൃത്തികൾക്കും എൽ.ഐ. സ്കീമുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമാണ് ഉപയോഗിച്ചിരിക്കുന്നത്. കൂടാതെ ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണത്തിനും ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ശേഖരിച്ച് നൽകുന്നതാണ്.

1) 2016-17

ജലസേചനവും ഭരണവും, തിരുവനന്തപുരം -17967.692 ലക്ഷം

ഉൾനാടൻ ജലഗതാഗതം -1797.523 ലക്ഷം

2) 2017-18

ജലസേചനവും ഭരണവും, തിരുവനന്തപുരം -17899.276 ലക്ഷം

ഉൾനാടൻ ജലഗതാഗതം -1326.705 ലക്ഷം

3) 2018-19

ജലസേചനവും ഭരണവും, തിരുവനന്തപുരം -5898.14 ലക്ഷം

4) 2019-20

ജലസേചനവും ഭരണവും, തിരുവനന്തപുരം -6512.84 ലക്ഷം

ജലനിധിക്കുകീഴിൽ ആകെയുള്ള തുകയിൽ 528.69 കോടി രൂപ ലോക ബാങ്ക് സഹായത്തോടെയുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി, മഴ വെള്ളക്കൊയ്ത്തിന്റെ പ്രചരണ പദ്ധതി, പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കൽ പദ്ധതി എന്നിവയ്ക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 2016-17 | - | 316.42 കോടി രൂപ |
| 2017-18 | - | 44.55 കോടി രൂപ |
| 2018-19 | - | 107.72 കോടി രൂപ |
| 2019-20 | - | 60.00 കോടി രൂപ |
| ആകെ | - | 528.69 കോടി രൂപ |

ജലനിധിക്ക് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളല്ല.

വാട്ടർ അതോറിറ്റിയുടെ പദ്ധതി തുക വിവിധ കുടിവെള്ള പദ്ധതികൾക്കായാണ് ചെലവഴിച്ചത്. പ്രസ്തുത വിനിയോഗത്തിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധം 1* ആയി ചേർക്കുന്നു. (പ്ലാൻ സ്പേസ് റിപ്പോർട്ട്)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രോജക്ട് 1-ന് അനുവദിച്ച തുക ഭരണ നിർവ്വഹണത്തിന് ഓരോ ജില്ലയിലെ ജലസേചന പ്രോജക്ടുകളുടെ പുതിയ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണികൾക്കും വേണ്ടി ചെലവഴിച്ച തുക വർഷം തിരിച്ച് താഴെ ചേർക്കുന്നു:

| ജില്ല | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| മലപ്പുറം | 217.89 | 192.44 | 249.15 | 96.23 |
| വയനാട് | 1502.29 | 1492.35 | 1730.97 | 659.16 |
| കോഴിക്കോട് | 597.64 | 659.42 | 759.37 | 307.99 |
| പാലക്കാട് | 2691.97 | 1917.96 | 2324.49 | 750.33 |
| കണ്ണൂർ | 234.33 | 249.47 | 275.31 | 157.4 |

(സി) ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള വിവിധ ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകൾ പല കാരണങ്ങളാൽ മുഴുവനായി ചെലവാക്കുവാൻ സാധിച്ചിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ അനുമതി ലഭിക്കുവാനുള്ള കാലതാമസവും പദ്ധതികൾ നടപ്പിലാക്കുവാനുള്ള അനുയോജ്യമായ കാലാവസ്ഥയുടെ പരിമിതിയും നിർമ്മാണ സാമഗ്രികൾക്ക് അടിക്കടിയുണ്ടാകുന്ന ദൗർലഭ്യവും അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും കാരണമാണ് പദ്ധതികൾ കാലാനുസരണമായി നടപ്പിലാക്കുവാൻ സാധിക്കാത്തത്. അതുമൂലം ബഡ്ജറ്റ് തുകകൾ പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയാത്തതും.

ജലനിധി ഓഫീസിനുകീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ ലഭ്യമായ ഏകദേശം മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുടർന്നുള്ള സാമ്പത്തികവർഷത്തിൽ KRWSA നടപ്പാക്കുന്ന പദ്ധതികളുടെ പ്രവൃത്തികൾ കാലാവസ്ഥാപരമായും മറ്റുമുള്ള കാരണങ്ങളാലും പ്രതീക്ഷിച്ചതുപോലെ പുരോഗമിക്കാത്തതാണ് ചെലവ് കുറയാനുള്ള കാരണം. 2016-17, 2017-18 2018-19 എന്നീ വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുക മാത്രമെ സർക്കാരിൽനിന്നും ലഭ്യമാക്കിയിട്ടുള്ളൂ. 2019-20 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവൻ ചെലവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പ്രസ്തുത വർഷങ്ങളിൽ വിനിയോഗിക്കാത്ത പ്രവൃത്തികൾക്കുള്ള തുക തൊട്ടടുത്ത വർഷങ്ങളിലെ ബഡ്ജറ്റിൽ വകയിരുത്തിയാണ് പദ്ധതികൾ നടത്തിവരുന്നത്. തുടർപദ്ധതിയായതിനാൽ ആയത് ഫലപ്രദമായി ചെയ്തുവരുന്നു.

ഇനംതിരിച്ചുള്ള വിവരങ്ങൾ ഇപ്രകാരമാണ്.

| വർഷം | വകയിരുത്തിയത് | ചെലവാക്കിയത് (രൂപ കോടിയിൽ) | ഉപയോഗിക്കാത്തതുക (രൂപ കോടിയിൽ) |
|---|---|---|---|
| 2016 -17<br>എ) ജലനിധി രണ്ടാം ഘട്ട പദ്ധതി | 314.42 | 314.42 | 0.0 |
| ബി) മഴവെള്ളക്കൊയ്ത്തിന്റെ പ്രചരണവും ഭൂജല സംവർദ്ധന പരിപാടികളും | 10.00 | 2.00 | 8.00 |
| ആകെ | 324.42 | 316.42 | 8.00 |
| 2017 -18<br>എ) ജലനിധി രണ്ടാം ഘട്ട പദ്ധതി | 361.49 | 39.55 | 321.94 |
| ബി) മഴവെള്ളക്കൊയ്ത്തിന്റെ പ്രചരണവും ഭൂജല സംവർദ്ധന പരിപാടികളും | 18.20 | 5.00 | 13.20 |
| ആകെ | 379.69 | 44.55 | 335.14 |
| 2018 -19<br>എ) ജലനിധി രണ്ടാം ഘട്ട പദ്ധതി | 216.00 | 96.45 | 119.55 |
| ബി) മഴവെള്ളക്കൊയ്ത്തിന്റെ പ്രചരണവും ഭൂജല സംവർദ്ധന പരിപാടികളും | 15.00 | 11.27 | 3.73 |
| സി) പൊതുജന പങ്കാളിത്തത്തോടെയുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കൽ പദ്ധതി | 10.00 | | 10.00 |
| ആകെ | 241 | 107.72 | 133.28 |

ചീഫ് എഞ്ചിനീയർ IDRB കാര്യാലയത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകകളെല്ലാം പരമാവധി വിനിയോഗിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിച്ച തുകകൾ പ്രകാരം പ്രവൃത്തികളുടെ എക്സ്പെൻഡീച്ചർ അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് കടക്കുന്നതിനാൽ പ്രവൃത്തികളുടെ പൂർത്തീകരണത്തോടെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയിൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ച തുക പൂർണ്ണമായും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിച്ചു.

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 1 കാര്യാലയത്തിനും ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുകയിൽ ഭരണ നിർവ്വഹണത്തിന് ചെലവഴിച്ചതിൽ തുക നീക്കിയിരുപ്പുണ്ടാകും. പ്രവൃത്തികൾക്ക് നീക്കിവച്ചതിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്കുകൾ അറേഞ്ച് ചെയ്യും. ശേഷിച്ചവ SPILL OVER ആകുന്നതിനാൽ മുഴുവൻ തുകയും ആ സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയുന്നില്ല. ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക പ്രസ്തുത സാമ്പത്തിക വർഷം കഴിയുന്നതോടെ ചെലവഴിച്ചില്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം ഈ പ്രവൃത്തികൾക്ക് ഊന്നൽ നൽകുകയും അവ അടുത്ത ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് പ്രവൃത്തിപഥത്തിൽ വരുത്തുന്നതുമാണ്.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ അപ്രതീക്ഷിത പ്രളയംമൂലം ഭൂജല വകുപ്പിന് അനുമതി കൊടുത്ത പദ്ധതികൾ പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യവും 2019 ജനുവരിയിലുണ്ടായ ട്രഷറി നിരോധനവുംമൂലം ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള മുഴുവൻ തുകയും ചെലവഴിക്കാൻ വകുപ്പിന് സാധിച്ചിട്ടില്ല. ചെലവഴിക്കാൻ കഴിയാത്ത തുക സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തിട്ടുണ്ട്.

**ഏറനാട് മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ**

155(945) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ, അകമ്പാടം, കുറുമാൻ പുഴയിൽ സ്ഥാപിക്കുന്നതിന് 28-5-2015-ൽ ഭരണാനുമതി നൽകിയ വാളാതോട് ചെറുകിട ജലസേചന പദ്ധതിക്കായി നാളിതുവരെ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വനഭൂമിയും സ്വകാര്യ ഭൂമിയും ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(സി) വനഭൂമിയും സ്വകാര്യ ഭൂമിയും ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ ഇതുവരെയായി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഏറനാട് മണ്ഡലത്തിന്റെയും ചാലിയാർ പഞ്ചായത്തിന്റെയും വികസനത്തിനുതകുന്ന ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വാളാന്തോട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് മുന്നോടിയായ അലൈൻമെന്റ് സർവ്വേ, ബോർഹോൾ എടുക്കൽ, മണ്ണ് പരിശോധന, പ്രോപ്പർട്ടി സർവ്വേ മുതലായവ പൂർത്തീകരിച്ചു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ അലൈൻമെന്റ് കല്ലുകളിട്ട് അടയാളപ്പെടുത്തി. പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമിയും വനഭൂമിയും സർവ്വേ ചെയ്ത് തിട്ടപ്പെടുത്തി. ഓരോ ഉടമസ്ഥന്റെയും ഭൂമി പ്രത്യേകം അളന്ന് കല്ലുകളിട്ട് അടയാളപ്പെടുത്തുകയും ചെയ്തു. പദ്ധതി ഘടകങ്ങളുടെ വിശദമായ ഡിസൈൻ ജോലികൾ പുരോഗമിക്കുന്നു. വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ 21-1-2019-ൽ വനം വകുപ്പിന് സമർപ്പിച്ചു. ഒക്ടോബർ 15-ന് വനം വകുപ്പുദ്യോഗസ്ഥർ ഫീൽഡ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്.

(ബി & സി) വനഭൂമിയും സ്വകാര്യ ഭൂമിയും ഇതുവരെ ഏറ്റെടുത്തിട്ടില്ല. വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ 21-01-2019-ന് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 2019 ഒക്ടോബർ 15-ന് വനം വകുപ്പുദ്യോഗസ്ഥർ ഫീൽഡ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭ്യമായതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## മലപ്പുറം നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

156(946) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19, 2019-20 വർഷങ്ങളിലെ ബജറ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള, മലപ്പുറം നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട വിവിധ

പ്രവൃത്തികൾ ഏതെല്ലാമെന്നും അവയിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഓരോ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 2018-19, 2019-20 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ വിവിധ പദ്ധതികളുടെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

1. ഹാജിയാർ പള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം -ഭരണാനുമതി ലഭിച്ചിട്ടില്ല.
2. കടലുണ്ടിപ്പുഴയ്ക്കുകുറുകെ കാട്ടുങ്ങൽ ചെക്ക്ഡാം നിർമ്മാണം - ഭരണാനുമതി ലഭിച്ചിട്ടില്ല.
3. കടലുണ്ടിപ്പുഴയ്ക്കുകുറുകെ ഏടായി പാലം ചെക്ക് ഡാം നിർമ്മാണം - ഭരണാനുമതി ലഭിച്ചിട്ടില്ല.
4. ആനപ്പാറ പൊറ്റമ്മൽക്കടവിന് സമീപം തടയണ നിർമ്മാണം - ഭരണാനുമതി ലഭിച്ചു. (ടി തടയണയുടെ ഒരു കര മാത്രമാണ് മലപ്പുറം മണ്ഡലത്തിൽ ഉൾപ്പെടുന്നത്)

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ

1. 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പുൽപ്പറ്റ മൊറയൂർ പൂക്കോട്ടൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2. മലപ്പുറം മേൽമുറി കുടിവെള്ള പദ്ധതിയുടെ സർവ്വേ പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2018-19-ൽ 9 പ്രവൃത്തികൾക്കും 2019-20-ൽ 6 പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ കേടുപാടുകൾ സംഭവിച്ച പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള സുസ്ഥിരതാ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ

ഉൾപ്പെടുത്തി മലപ്പുറം നിയോജകമണ്ഡലത്തിലെ 3 പഞ്ചായത്തുകളിലെ 21 പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പേരുവിവരം ചുവടെചേർക്കുന്നു.

| പൂക്കോട്ടൂർ ജി.പി | പുൽപ്പറ്റ ജി.പി. | മൊറയൂർ ജി.പി. |
|---|---|---|
| | 2018-19 | |
| പടിപ്പറമ്പ് സ്കീം<br>പുല്ലംപാറ<br>പനക്കൽകുണ്ട് | കള്ളച്ചാൽ<br>മീഞ്ചിറ<br>തണ്ണീർപ്പാടം | കൊളരിക്കോട്<br>പൂതനപ്പറമ്പ്<br>ഉണ്ണേരിക്കുന്ന്<br>പാലീരി |
| | 2019 -20 | |
| കോലാർക്കുന്ന്<br>കാട്ടിയംപാറ | ജീവൻരക്ഷ<br>പള്ളിയറപ്പടി<br>വളയക്കോട്<br>വേളൂവകുന്ന് | കുളത്തിൽപുര<br>കാറത്താടം<br>പൂക്കാട്ടുമുക്ക്<br>തടയാർക്കൽ<br>തെൻകുളം |

മേൽസൂചിപ്പിച്ച പദ്ധതികൾ കൂടാതെ 2019-20-ൽ ഉൾപ്പെടുത്തി പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കുന്നംപുറം, ചെമ്പ്രമൽ, കാട്ടിൽപുറത്ത് മുക്ക്, പുല്പറ്റ ഗ്രാമപഞ്ചായത്തിലെ ജലതരംഗം, മൊറയൂർ ഗ്രാമപഞ്ചായത്തിലെ കുന്നക്കാട് എന്നീ സമിതികളുടെ പ്രവൃത്തികൾകൂടി ഉൾപ്പെടുന്ന പദ്ധതിക്കുവേണ്ടി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

<u>ഭൂജലവകുപ്പ് 2018-19-ലെ പ്രവൃത്തികൾ</u>

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | സ്കീം | പഞ്ചായത്ത് |
|---|---|---|---|
| 1 | ആനപ്പാറ പള്ളിമുക്ക് (കുറുക്കൻകുന്ന്) | കുഴൽക്കിണർ നിർമ്മാണം | മൊറയൂർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| 2 | ആനക്കയം പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | കുഴൽക്കിണർ നിർമ്മാണം | ആനക്കയം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

2019-20 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂജല വകുപ്പുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾ ചുവടെ പറയുന്നു. ടി പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | സ്കീം | പഞ്ചായത്ത് |
|---|---|---|---|
| 1 | പൊലിയേടത്ത് പറമ്പ് | കുഴൽക്കിണർ നിർമ്മാണം | പുൽപ്പറ്റ |
| 2 | പള്ളിശ്ശേരി പ്രദേശം | കുഴൽക്കിണർ നിർമ്മാണം | പുൽപ്പറ്റ |
| 3 | ആനപ്പാറ കുളത്തിങ്ങൽമുക്ക് പ്രദേശം | കുഴൽക്കിണർ നിർമ്മാണം | പൂക്കോട്ടൂർ |
| 4 | തവളപ്പാറ | മിനി കുടിവെള്ള പദ്ധതി | മൊറയൂർ |
| 5 | ആശാരിപ്പുരയ്ക്കൽ കോളനി | കുഴൽക്കിണർ നിർമ്മാണം | പൂക്കോട്ടൂർ |
| 6 | ആനപ്പാറ പള്ളിമുക്ക് (കുറുക്കൻകുന്ന്) | മിനി കുടിവെള്ള പദ്ധതി | പൂക്കോട്ടൂർ |
| 7 | മലപ്പുറം ജില്ലാ ട്രഷറി ഓഫീസിനുസമീപം | കൃത്രിമ ഭൂജല സംപോഷണ പദ്ധതി | മലപ്പുറം |

(ബി) വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട പദ്ധതികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധം 1* ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

ജലനിധി പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തിൽനിന്നുമുള്ള AS-ഉം KRWSA-യിൽനിന്നും TS-ഉം കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. TS കൊടുത്ത പദ്ധതികളിൽ ദർഘാസ് നടപടികൾ എടുത്തുവരുന്നു.

ജലസേചന വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളായ ആനപ്പാറ പൊറ്റമ്മൽക്കടവിന് സമീപം തടയണ നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചു. ടി പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. ടി പ്രവൃത്തി മഴ കഴിഞ്ഞാലുടൻ ആരംഭിക്കാവുന്നതാണ്.

2018-19 വർഷത്തിൽ മലപ്പുറം നിയോജകമണ്ഡലത്തിലെ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട ഭരണാനുമതി ലഭിച്ച വിവിധ പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | സ്കീം | പഞ്ചായത്ത് | ഇപ്പോഴത്തെ പുരോഗതി |
|---|---|---|---|---|
| 1 | ആനപ്പാറ പള്ളിമുക്ക് (കുറുക്കൻകുന്ന്) | കുഴൽക്കിണർ നിർമ്മാണം | മൊറയൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ആനക്കയം പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | കുഴൽക്കിണർ നിർമ്മാണം | ആനക്കയം | പ്രവൃത്തി പൂർത്തീകരിച്ചു. |

2019-20 വർഷത്തിൽ മലപ്പുറം നിയോജകമണ്ഡലത്തിലെ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട ഭരണാനുമതി ലഭിച്ച വിവിധ പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി ചുവടെ പറയുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | സ്കീം | പഞ്ചായത്ത് | ഇപ്പാഴത്തെ പുരോഗതി |
|---|---|---|---|---|
| 1 | പൊലിയേടത്ത് പറമ്പ് | കുഴൽക്കിണർ നിർമ്മാണം | പുൽപ്പറ്റ | ടെണ്ടർ ചെയ്തു |
| 2 | പള്ളിശ്ശേരി പ്രദേശം | കുഴൽക്കിണർ നിർമ്മാണം | പുൽപ്പറ്റ | ടെണ്ടർ ചെയ്തു |
| 3 | ആനപ്പാറ കുളത്തിങ്ങൽമുക്ക് പ്രദേശം | കുഴൽക്കിണർ നിർമ്മാണം | പൂക്കോട്ടൂർ | ടെണ്ടർ ചെയ്തു |
| 4 | തവളപ്പാറ | മിനി കുടിവെള്ള പദ്ധതി | മൊറയൂർ | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | ആശാരിപ്പുരയ്ക്കൽ കോളനി | കുഴൽക്കിണർ നിർമ്മാണം | പൂക്കോട്ടൂർ | ടെണ്ടർ നടപടി പുരോഗമിക്കുന്നു |
| 6 | മലപ്പുറം ജില്ലാ ട്രഷറി ഓഫീസിനുസമീപം | കൃത്രിമ ഭൂജല സംപോഷണ പദ്ധതി | മലപ്പുറം | സമ്മതപത്രം ലഭിച്ചിട്ടില്ല |

(സി) ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുതല ആക്ടിവിറ്റി കമ്മിറ്റി രൂപീകരിച്ചു. പ്രവൃത്തികളുടെ നടത്തിപ്പിനുവേണ്ടി സാമൂഹ്യവും സാങ്കേതികവുമായ സഹായം നൽകുന്നതിന് സോഷ്യൽ ഡെവലപ്മെന്റ്, എഞ്ചിനീയറിംഗ്, അക്കൗണ്ട്സ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ KRWSA ചുമതലപ്പെടുത്തുകയും പദ്ധതി പുരോഗതി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി അവലോകനങ്ങൾ നടത്തിവരുന്നുണ്ട്.

## അങ്കമാലി നിയോജകമണ്ഡലത്തിൽ മൈനർ/മേജർ വിഭാഗത്തിലെ പദ്ധതികൾ

157(947) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം അങ്കമാലി നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വിഭാഗത്തിൽ (മൈനർ/മേജർ)ഏതെല്ലാം പദ്ധതികൾക്കാണ് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രൊപ്പോസൽ ലഭിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും പ്രസ്തുത ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രളയത്തിൽ തകർന്ന പ്രവൃത്തികൾ പുനരുദ്ധരിക്കുന്നതിനായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ & ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ടെയും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II)-ന്റെയും കീഴിൽ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ള പദ്ധതികളും ഭരണാനുമതി ഉത്തരവുകളും യഥാക്രമം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മെറ്റലിന്റെ ലഭ്യതക്കുറവും ശക്തമായ മഴയും ചില പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്.

ലാന്റ് അക്വിസിഷൻ പ്രവൃത്തികൾ പൂർത്തിയാവാത്തതിനാൽ അനുബന്ധം II-ൽ ക്രമനമ്പർ 3,5,6-ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ ബാക്കി പ്രവൃത്തികൾ മഴയ്ക്കുശേഷം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-നുകീഴിൽ പ്രളയത്തിൽ തകർന്ന പ്രവൃത്തികൾ പുനരുദ്ധാരണത്തിനായി എസ്.ഡി.ആർ.എഫ്.-ൽനിന്ന് 162.40 ലക്ഷവും വെള്ളപ്പൊക്കക്കെടുതിയിൽ 33.06 ലക്ഷവും കളക്ടറുടെ ഫണ്ടിൽനിന്ന് 4.77 ലക്ഷവും നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ചീഫ് എഞ്ചിനീയർ (പ്രോജക്ട് II)-നുകീഴിൽ 4,91,82,000 രൂപയുള്ള പ്രവൃത്തികൾ, ഐ.ഐ.പി. മെയിൻ കനാലിന്റെയും ലോ ലെവൽ കനാലിന്റെയും അറ്റകുറ്റപ്പണികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചീരക്കുഴി ഇറിഗേഷൻ പ്രോജക്റ്റ് പുനർനിർമ്മിക്കാൻ നടപടി

158(948) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 -ലെ പ്രളയത്തിൽ തകർന്ന തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഇറിഗേഷൻ പ്രോജക്റ്റ് പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, കൊണ്ടാഴി, വള്ളത്തോൾ നഗർ, പാഞ്ഞാൾ, ദേശമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലെ 2500-ൽപരം ഏക്കർ സ്ഥലത്തെ നെൽകൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്ന ഈ പദ്ധതി കഴിവതും വേഗത്തിൽ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ - സി) പഴയന്നൂർ ഇറിഗേഷൻ പ്രോജക്റ്റിന്റെ (ചീരക്കുഴി ഇറിഗേഷൻ പ്രോജക്റ്റ്) അടിയന്തര അറ്റകുറ്റപ്പണികൾ 52 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയിരുന്നു. കൂടാതെ എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തിയുള്ള 443.25 ലക്ഷം രൂപയുടെയുള്ള പണികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടത്തിലാണ്.

ഷട്ടറുകൾ പുനർനിർമ്മിക്കുന്നതിനും കനാലുകളുടെ അറ്റകുറ്റപ്പണികൾക്കുമായുള്ള 420.5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (R.K.I)-ൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. 2020-21-ലെ വാർഷിക പദ്ധതിയിൽ ഇലക്ട്രിക്കൽ പണികൾക്കായി 25.5 ലക്ഷം രൂപയും പുനരുദ്ധാരണ പ്രവൃത്തികൾക്ക് 600 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

## ഡി.ആർ.ഐ.പി.-യിൽ ഉൾപ്പെടുത്തി ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം

159(949) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിൽ ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡി.ആർ.ഐ.പി.)-ന്റെ ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) ഡി.ആർ.ഐ.പി.-ന്റെ ഒന്നാംഘട്ട പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ടോ; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(സി) പദ്ധതിയുടെ കാലാവധി എത്രയാണെന്നും മുഴുവൻ പദ്ധതികളും എന്നു പൂർത്തീകരിക്കുവാൻ കഴിയും എന്നും അറിയിക്കാമോ;

(ഡി) ഡി.ആർ.ഐ.പി.-ന്റെ രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) രണ്ടാം ഘട്ട പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഡി.ആർ.ഐ.പി.-യിൽ ഉൾപ്പെടുത്തി ഭൂതത്താൻകെട്ട് ബാരേജിന്റെ പുനരുദ്ധാരണവും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തലും ഹൈഡ്രോ മെക്കാനിക്കൽ പ്രവൃത്തികൾ, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ബാരേജിലൂടെയുള്ള ഗതാഗതം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള പുതിയ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) ഭൂതത്താൻകെട്ട് ബാരേജിലെ ഡി.ആർ.ഐ.പി.-യുടെ ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 4 പദ്ധതികളിൽ ആദ്യത്തെ 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. 4-ാമത്തെ പ്രവൃത്തി 31-12-2019-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഡി.ആർ.ഐ.പി. പദ്ധതിയുടെ കാലാവധി 2020 ജൂൺ വരെയാണ്. ഡി.ആർ.ഐ.പി.-യുടെ ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി ഭൂതത്താൻകെട്ട് ബാരേജിൽ നടപ്പിലാക്കിയിട്ടുള്ള നാലാമത്തെ പ്രവൃത്തി 31-12-2019-ന് പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന്റെ തുകയും (ബ്രാക്കറ്റിൽ) ചുവടെ ചേർക്കുന്നു. ബാരേജ് പ്രവേശനമാർഗ്ഗം ചെങ്കര മുതൽ ഭൂതത്താൻകെട്ട് വരെയുള്ള റോഡിന്റെ (ബി.എം. ആന്റ് ബി.സി.) നിർമ്മാണം (2,29,18,750 രൂപ )

റിസർവോയറിന്റെ അതിർത്തി നിർണ്ണയവും സംരക്ഷണവും (കമ്പിവേലി നിർമ്മാണം) (ബാക്കി പ്രവർത്തനങ്ങൾ) (18,39,077 രൂപ)

പെരുമ്പാവൂരിലെ പട്ടാളിയിലുള്ള ഇൻസ്പെക്ഷൻ മന്ദിരത്തിന്റെ നവീകരണം (35,00,000 രൂപ)

ഇൻഫർമെഷൻ സെന്റർ കം ക്ലോക്ക് റൂം ആന്റ് ടോയ്‌ലെറ്റ് ഫെസിലിറ്റീസ് എന്നിവയുടെ പ്രവൃത്തികൾ (26,80,142 രൂപ )

വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ (1,00,00,000 രൂപ)

ആകെത്തുക -4,09,37,969 രൂപ

(ഇ) രണ്ടാംഘട്ട പ്രവൃത്തികൾ 2020-ൽ ആരംഭിക്കുന്നതാണ്.

## കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

160(950) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) എന്ന സ്ഥാപനത്തിന്റെ പദ്ധതികളിൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2016-ന് ശേഷം കേരളത്തിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ എത്ര കുളങ്ങൾ വീതമാണ് നവീകരിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി. തെരഞ്ഞെടുത്തത് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) നിയോജകമണ്ഡലം അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേകമായ മാനദണ്ഡങ്ങൾ ഒന്നുംതന്നെയില്ല.

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ 2 കുളങ്ങൾ നവീകരിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

## ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ട്

161(951) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീമിൽ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ 2018-2019 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീമിൽപ്പെടുത്തി ഭരണാനുമതി നൽകിയ ഇറിഗേഷൻ, ജലവിതരണ ഭൂഗർഭജല പദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 123 |
| കൊല്ലം | 78 |
| പത്തനംതിട്ട | 153 |
| ആലപ്പുഴ | 45 |
| കോട്ടയം | 54 |
| ഇടുക്കി | 48 |
| എറണാകുളം | 104 |
| തൃശ്ശൂർ | 133 |
| പാലക്കാട് | 200 |
| മലപ്പുറം | 83 |
| കോഴിക്കോട് | 95 |
| കണ്ണൂർ | 56 |
| വയനാട് | 118 |
| കാസർഗോഡ് | 48 |

ഇവ കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി നടപ്പാക്കുന്ന മൂന്ന് പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

a) ലോക ബാങ്ക് സഹായത്തോടെയുള്ള രണ്ടാംഘട്ട ജലനിധി പദ്ധതി

b) മഴവെള്ള സംഭരണം ഭൂജല പരിപോഷണം

c) പൊതുജന പങ്കാളിത്തത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കൽ

(ബി) ജലനിധി ഒന്നാംഘട്ടത്തിലെ കേടുപാടുകൾ സംഭവിച്ച പദ്ധതികൾ പുനരുദ്ധീകരിക്കുന്നതിനുള്ള "സുസ്ഥിരതാ പദ്ധതി" ടി മണ്ഡലത്തിലും നടപ്പിലാക്കുന്നു. മൂന്ന് പഞ്ചായത്തുകളിലെ 10 പ്രവൃത്തികൾക്കായി 43,70,491 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ ദർഘാസ് നടപടികൾ ആരംഭിച്ചു.

ജല അതോറിറ്റിയുടെ പദ്ധതികളിൽ ഏറനാട് മണ്ഡലത്തിൽ 2018-19 വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തി കാവനൂർ വില്ലേജ് കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 1080 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എടവണ്ണ പഞ്ചായത്തിലുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 47.21 കോടി രൂപയുടെ ധനസഹായ അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. പാക്കേജ് 1-ന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ഭൂജല വകുപ്പിന്റെ കീഴിൽ 2018-19 സാമ്പത്തിക വർഷം ചാലിയാർ ഗ്രാമപഞ്ചായത്തിൽ രണ്ട് കുഴൽക്കിണർ അറ്റകുറ്റപ്പണികൾ (ഓരോന്നിനും 10,029 രൂപ വീതം) നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ അധീനതയിലുള്ള പദ്ധതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) സുസ്ഥിര പദ്ധതികളുടെ ഭാഗമായുള്ള പ്രവൃത്തികളുടെ ദർഘാസ് നടപടികൾ ആരംഭിച്ചു. ഇറിഗേഷൻ പദ്ധതികളുടെ അവസ്ഥ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. ഭൂജല വകുപ്പിന്റെ അധീനതയിലുള്ള കുഴൽക്കിണർ അറ്റകുറ്റപണികൾ പഞ്ചായത്ത് നടപ്പിലാക്കേണ്ടതില്ല എന്നറിയിച്ചതിനാൽ പൂർത്തീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിച്ച പ്രവൃത്തികൾ

162(952) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന്റെ 2018-19, 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തികളും ഏതാണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുകയടക്കം ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 2018-19, 2019-20 സാമ്പത്തിക വർഷം താഴെപ്പറയുന്ന പ്രകാരമാണ് തുകകൾ അനുവദിച്ച നൽകിയിട്ടുള്ളത്.

| | | | | **കോടി രൂപ** |
|---|---|---|---|---|
| | 2018-19 | | 2019-20 | |
| | ബഡ്ജറ്റിൽ വകയിരുത്തിയത് | യഥാർത്ഥ ചെലവ് | ബഡ്ജറ്റിൽ വകയിരുത്തിയത് | യഥാർത്ഥ ചെലവ് |
| 1. ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി രണ്ടാംഘട്ട പദ്ധതി | 216.00 | 96.45 | 116.89 | 50.00 |
| 2. മഴവെള്ളക്കൊയ്ത്തിന്റെ പ്രചരണവും GWR പദ്ധതിയും | 15.00 | 11.27 | 10.00 | -- |
| 3. പൊതുജനപങ്കാളിത്തത്തോടെയുള്ള ശുദ്ധജല പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കൽ പദ്ധതി | 10 | -- | 55.00 | 5.00 |

ജില്ലാടിസ്ഥാനത്തിൽ തുക വകയിരുത്തുന്ന പദ്ധതികളല്ലാത്തതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

ജലവിഭവ വകുപ്പിനുകീഴിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2018-19, 2019-20 (സെപ്റ്റംബർ വരെ) സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടെ വിശദവിവരം ചുവടെച്ചേർക്കുന്നു:

2018-19 (തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പ്രവൃത്തികൾ | അനുവദിച്ച തുക | ചെലവായ തുക | ജില്ല |
|---|---|---|---|---|
| 1 | കെ.ഇ.എൽ.2 | 11614 ലക്ഷം രൂപയാണ് 2018-19 സാമ്പത്തിക വർഷത്തിൽ പാക്കേജിന്റെ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരുന്നത്. ഓരോ പ്രവൃത്തികൾക്കും പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. | 0 | ആലപ്പുഴ |
| 2 | കെ.ഇ.എൽ.3 | | 146.7 | ആലപ്പുഴ |
| 3 | കെ.ഇ.എൽ.4 | | 603.89 | ആലപ്പുഴ |
| 4 | കുട്ടനാട് താലൂക്കിലെ പ്രവൃത്തികൾ | | 2001.66 | ആലപ്പുഴ |
| 5 | തണ്ണീർമുക്കം ബണ്ട് | | 1214.4 | ആലപ്പുഴ |
| | ആകെത്തുക | 11614 | 3966.65 | |

2019-20 (തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പ്രവൃത്തികൾ | അനുവദിച്ച തുക | ചെലവായ തുക | ജില്ല |
|---|---|---|---|---|
| 1 | കെ.ഇ.എൽ.2 | 5106 ലക്ഷം രൂപയാണ് 2019-20 സാമ്പത്തിക വർഷത്തിൽ പാക്കേജിന്റെ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരുന്നത്. ഓരോ പ്രവൃത്തികൾക്കും പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. | 1 | ആലപ്പുഴ |
| 2 | കെ.ഇ.എൽ.3 | | 63.57 | |
| 3 | കെ.ഇ.എൽ.4 | | 0 | |
| 4 | കുട്ടനാട് താലൂക്കിലെ പ്രവൃത്തികൾ | | 46.288 | |
| 5 | തണ്ണീർമുക്കം ബണ്ട് | | 150.616 | |
| 6 | പുത്തനാറിന്റെ പുനർ പ്രവൃത്തി | | 36.296 | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| II) 1 | ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം കുട്ടനാട് | 3000 | ചെലവുകൾ ഒന്നും തന്നെയില്ല | ആലപ്പുഴ |
| | | 200 | | കോട്ടയം |
| III) 1 | NABARD/RIDF | 3800 | ചെലവുകൾ ഒന്നും തന്നെയില്ല | ആലപ്പുഴ |
| | ആകെത്തുക | 12106 | 296.77 | ആലപ്പുഴ |

ജലവിഭവ വകുപ്പിന്റെ പ്ലാൻഫണ്ടിൽനിന്നും തുക അനുവദിച്ച പ്രവൃത്തികൾ സംബന്ധിച്ച് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ, പ്രോജക്ട് I ചീഫ് എഞ്ചിനീയർ, പ്രോജക്ട് II എഞ്ചിനീയർ, ഭൂജല വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പ മേധാവികൾ ലഭ്യമാക്കിയ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം* 1,2,3,4,5,6 ആയി ചേർത്തിരിക്കുന്നു.

**നബാർഡ് ഫണ്ടുപയോഗിച്ച് വേങ്ങര മണ്ഡലത്തിലെ പ്രവൃത്തികൾ**

163(953) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വേങ്ങര മണ്ഡലത്തിൽ നബാർഡിന്റെ ഫണ്ടുപയോഗപ്പെടുത്തി നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ, പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെ എന്നും നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ളതും പ്രവൃത്തി തുടങ്ങാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെ എന്നും വിശദമാക്കുമോ ;

(സി) വേങ്ങര പഞ്ചായത്തിലെ പാണ്ടികശാല വലിയതോടിന്റെ മാട്ടുമ്മൽ ഭാഗത്ത് വി.സി.ബി. ട്രാക്ടർ പാത നിർമ്മിക്കുന്നതിനായി നബാർഡിന്റെ ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഒതുക്കുങ്ങൽ പൊന്മല പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി നബാർഡിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാട്ടിക മണ്ഡലത്തിലെ ഇറിഗേഷൻ, വാട്ടർ അതോറിറ്റി പ്രവൃത്തികൾ

164(954) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖാന്തരം നാട്ടിക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേര്, തുക എന്നീ വിശദാംശങ്ങൾ നൽകാമോ;

(സി) അവയിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; പൂർത്തിയാക്കാത്തവ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ & ബി) വിശദവിവരങ്ങൾ അനുബന്ധം* I, II ആയി ചേർത്തിരിക്കുന്നു.

(സി) അനുബന്ധം II പ്രകാരം ഉള്ളടക്കം ചെയ്യുന്ന പട്ടികയിലെ 35 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികയിലെ 32-ാം നമ്പർ പ്രവൃത്തി 2020 സെപ്റ്റംബറിലും 35-ാം നമ്പർ പ്രവൃത്തി 2019 ഡിസംബറിലും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 66-ാം നമ്പർ പ്രവൃത്തി 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള 28 പ്രവൃത്തികൾ 2020 മാർച്ചിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജല അതോറിറ്റിയുടെ പൂർത്തിയാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## നാട്ടിക നിയോജകമണ്ഡലത്തിലെ ജലസേചന പദ്ധതികൾ

165(955) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പ് മുഖേന 2016 ഏപ്രിൽ മുതൽ 2019 ആഗസ്റ്റ് 31 വരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിന്റെ പുരോഗതി വിശദീകരിക്കുന്ന പട്ടിക ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കുന്നതിന് പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പള്ളിയ്ക്കലാറിൽ സ്ഥാപിച്ചിട്ടുള്ള തടയണമൂലം പ്രദേശത്ത് വെള്ളക്കെട്ട് രൂപപ്പെട്ടതിനാൽ പുഞ്ചകൃഷി ആരംഭിക്കുന്നതിന് കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പ് മുഖേന 2016 ഏപ്രിൽ മുതൽ 2019 ആഗസ്റ്റ് 31 വരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) വിശദാംശം അനുബന്ധം* II ആയി ചേർക്കുന്നു.

(സി) നാട്ടിക നിയോജകമണ്ഡലത്തിലെ പള്ളക്കലാറിൽ തടയണ നിലവിലില്ല.

(ഡി) ബാധകമല്ല.

### ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

166(956) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളതെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരവും പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ പുതുതായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (Id.2019/8305/IA) സംബന്ധിച്ച് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നൽകിയ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ഡി) പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച അങ്കമാലി നിയോജകമണ്ഡലത്തിൽ നവീകരണത്തിനായി ഏതെല്ലാം മൈനർ ഇറിഗേഷൻ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

| അങ്കമാലി നിയോജകമണ്ഡലത്തിൽ താഴെപ്പറയുംപ്രകാരം 24 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ട് | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതികൾ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി |
| (1) | (2) | (3) |
| 1 | ആവണംകോട് | കാലടി |
| 2 | നെറ്റിനാമ്പിള്ളി | കാലടി |
| 3 | മാണിക്കമംഗലം | കാലടി |
| 4 | പിരാരൂർ | കാലടി |
| 5 | മലയാറ്റൂർ നമ്പർ 1 | മലയാറ്റൂർ നീലേശ്വരം |
| 6 | മലയാറ്റൂർ നമ്പർ 2 | മലയാറ്റൂർ നീലേശ്വരം |
| 7 | നീലേശ്വരം നമ്പർ 1 | മലയാറ്റൂർ നീലേശ്വരം |
| 8 | നീലേശ്വരം നമ്പർ 2 | മലയാറ്റൂർ നീലേശ്വരം |
| 9 | മണപ്പാട്ടുചിറ | മലയാറ്റൂർ നീലേശ്വരം |
| 10 | മലയാറ്റൂർ വെസ്റ്റ് ഹരിജൻ കോളനി | മലയാറ്റൂർ നീലേശ്വരം |
| 11 | ആക്കുന്ന് | മഞ്ഞപ്ര |
| 12 | കൊറ്റമം തോട് | മഞ്ഞപ്ര |
| 13 | കുനത്താങ്കുന്ന് | കറുകുറ്റി |
| 14 | ചുരുളിച്ചിറ | കറുകുറ്റി |
| 15 | നായത്തോട് | അങ്കമാലി |
| 16 | ആലക്കട | അങ്കമാലി |

| (1) | (2) | (3) |
|---|---|---|
| 17 | മങ്ങാട്ടുകര | അങ്കമാലി |
| 18 | പാറക്കടവ് നമ്പർ 1 | പാറക്കടവ് |
| 19 | പാറക്കടവ് നമ്പർ 2 | പാറക്കടവ് |
| 20 | എരയാംകുടി | പാറക്കടവ് |
| 21 | പൂവത്തുശ്ശേരി | പാറക്കടവ് |
| 22 | പാലപ്പുഴ | പാറക്കടവ് |
| 23 | പാലപ്പുഴ ന്യൂ | പാറക്കടവ് |
| 24 | കുറുമശ്ശേരി | പാറക്കടവ് |

ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെല്ലാം നിലവിൽ പ്രവർത്തനക്ഷമമാണ്.

(ബി) 30-7-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 560/2019/ ജ.വി.വ. പ്രകാരം നിലവിലുണ്ടായിരുന്നതും എന്നാൽ പ്രവർത്തന സജ്ജമാകാതിരുന്നതുമായ പാലിയക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 45.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പാറക്കടവ് പഞ്ചായത്തിലെ ദൈവത്താൻപടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റാണ് 2019/8305/ ഐ.എ. പ്രകാരം സമർപ്പിച്ചിട്ടുള്ളത്. തെറ്റുതിരുത്തി എസ്റ്റിമേറ്റ് വീണ്ടും സമർപ്പിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ട ആയക്കട്ട് ഏരിയ ഡീറ്റെയിൽസ് ഇതുവരെ ലഭിച്ചിട്ടില്ല. 2018-ലെ പ്രളയത്തിനുശേഷം നിലവിലുള്ള കൃഷിഭൂമി തഹസീൽദാർ നേരിട്ട് പരിശോധിച്ചാണ് ആയക്കട്ട് ലിസ്റ്റ് ഉണ്ടാക്കുന്നത്. സംയുക്ത പരിശോധന വേഗത്തിലാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രളയത്തിൽ തകർന്ന പ്രവൃത്തികൾ പുനരുദ്ധാരണത്തിനായി എസ്.ഡി.ആർ.എഫ്. ഫണ്ടിൽനിന്ന് 162.40 ലക്ഷം രൂപയും വെള്ളപ്പൊക്കക്കെടുതിയിൽ 33.06 ലക്ഷം രൂപയും കളക്ടറുടെ ഫണ്ടിൽനിന്ന് 4.77 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ ചെമ്പ്രംതോട് വികസനം

167(957) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചെമ്പ്രംതോട് അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്ലൂയിസ് പുനർനിർമ്മിക്കുന്നതിനുമായി 2018/2113/IA നമ്പരായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിലെ ചെമ്പ്രംതോട് സ്ലൂയിസ് പുനർനിർമ്മാണത്തിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു കോടി മുപ്പത്തിയെട്ട് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയവ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

## പുഴകളും ജലാശയങ്ങളും മാലിന്യമുക്തമാക്കാൻ നടപടി

168(958) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യങ്ങൾ ഒഴുക്കിവിടുന്നതും ഒഴുകിവരുന്നതും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലാശയങ്ങളും പുഴകളും മലിനമാക്കുന്നവർക്കെതിരെ എന്തൊക്കെ നിയമ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പുഴകളിലും മറ്റ് ജലാശയങ്ങളിലും മാലിന്യം വിവിധ കാരണങ്ങളാൽ എത്തിച്ചേരുന്നുണ്ട്. നഗരങ്ങൾ/ചെറുപട്ടങ്ങൾ/ഗ്രാമങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള ഖര-ദ്രവമാലിന്യം ഓടകൾ വഴിയും ചെറുതോടുകൾ മുഖേനയും പ്രധാന ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജലസേചന വകുപ്പ് എന്നീ ഏജൻസികൾ/വകുപ്പുകളാണ് പ്രധാനമായും മാലിന്യം

ജലസ്രോതസ്സുകളിൽ എത്തുന്നത് തടയാൻ നടപടികൾ സ്വീകരിക്കുന്നത്. നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, റഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പുഴകൾക്കുകുറുകെയുള്ള പാലങ്ങളിൽ കമ്പിവേലി സ്ഥാപിച്ച് പാലത്തിൽനിന്നുള്ള മാലിന്യ നിക്ഷേപം തടയുന്ന പ്രവൃത്തിയും നിർവ്വഹിച്ചുവരുന്നു. പമ്പാ നദിയിൽ, പമ്പയിലെ മാലിന്യ പ്രശ്നം ലഘൂകരിക്കുന്നതിനായി ഷട്ടറുകളോടുകൂടിയ ക്രോസ് ബാറുകൾ നിർമ്മിച്ചിട്ടുണ്ട്. റോഡുകളിലെ ഓടകൾ നേരിട്ട് പുഴകളിൽ എത്തിച്ചേരുന്നത് ഒഴിവാക്കാൻ സാധിച്ചാൽ മാലിന്യത്തിന്റെ തോത് കുറയ്ക്കാൻ കഴിയും.

(ബി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം അനുസരിച്ചുള്ള നടപടിയാണ് ജലസേചന വകുപ്പ് സ്വീകരിക്കുന്നത്. ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974, പരിസ്ഥിതി സംരക്ഷണ നിയമം, 1986 എന്നിവ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽനിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജല നിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

## നദികളിൽനിന്നും മണൽനീക്കം ചെയ്യുവാൻ നടപടി

169(959) ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് നദികളിൽ വൻതോതിൽ മണലും എക്കൽ മണ്ണും അടിഞ്ഞുകൂടിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നദികളുടെ സംരക്ഷണത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും ഇവ നീക്കം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നദികൾക്കുകുറുകെ ജലസേചന വകുപ്പിന്റെ ചുമതലയിൽ നിർമ്മിച്ചിട്ടുള്ള തടയണകൾ, റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞു കൂടിയിട്ടുള്ള എക്കലും മണലും മറ്റ് അവശിഷ്ടങ്ങളും നീക്കംചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നദികളിൽ പൊതുവിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിന് പ്രത്യേക പഠനവും അനുമതിയും ആവശ്യമാണ്. കൂടാതെ, വിവിധ വകുപ്പുകളുടെ ഏകോപനവും ഇക്കാര്യത്തിൽ ആവശ്യമാണ്.

**പുഴകളിലെയും ഡാമുകളിലെയും മണലും എക്കലും**

170(960) <u>ശ്രീ. റോജി എം. ജോൺ</u> :

<u>ശ്രീ. അൻവർ സാദത്ത്</u> :

<u>ശ്രീ. എ. പി. അനിൽ കുമാർ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിലും ഈ വർഷത്തെ തീവ്രമഴയിലും സംസ്ഥാനത്തെ പുഴകളിലും നദികളിലും മണ്ണും എക്കലും അടിഞ്ഞ് ഇവയുടെ ആഴം കുറഞ്ഞ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) മണലും എക്കലും നീക്കംചെയ്യുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ഇതിനായി സർക്കാർ തലത്തിൽ ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത സമിതിയിലെ അംഗങ്ങളെന്ന് അറിയിക്കാമോ;

(ഡി) മംഗലം, ചുള്ളിയാർ ഡാമുകളിൽനിന്ന് പരീക്ഷണാർത്ഥം മണൽ നീക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രളയം ആവർത്തിച്ചാൽ, ഡാമുകൾ നിറഞ്ഞുകവിയുന്നത് തടയാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, ചെളി, എക്കൽ എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP) 26-9-2017-ലെ സ.ഉ. (കൈ) നമ്പർ 79/201/ഡബ്ല്യു.ആർ.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുക, കൂടാതെ മണൽക്ഷാമം പരിഹരിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഉണ്ട്. Empowered Committee-യും Technical Committee-യും പ്രസ്തുത 16-6-2018-ലെ സ.ഉ. (സാധാ) നമ്പർ 425/2018/ജ.വി.വ. അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ഉണ്ട്. SOP-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ DPR ചീഫ് സെക്രട്ടറി ചെയർമാനായുള്ള empowered കമ്മിറ്റിയുടെ രണ്ടാം യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു. ചുള്ളിയാർ റിസർവോയറിൽ 'Swiss Challenge' മാതൃകയിൽ ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ഇ) ഡാമുകൾ നിറഞ്ഞുകവിയുന്നത് തടയാൻ നടപടി സ്വീകരിക്കാറുണ്ട്.

**ആർ.എം.പി. കനാലിലെ ചെളി നീക്കം**

171(961) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആർ.എം.പി. കനാലിലെ ചെളി നീക്കം ചെയ്ത് നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും എന്നത്തേയ്ക്ക് ഭരണാനുമതി നൽകാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആർ.എം.പി. തോടിലെ ചെളി നീക്കംചെയ്ത് നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നാല് പ്രവൃത്തികൾ 93 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ എഗ്രിമെന്റ് ഒപ്പുവച്ച് പണികൾ പുരോഗമിക്കുന്നു.

**റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിന് നടപടി**

172(962) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികാവശ്യങ്ങൾക്കുള്ള ജലസേചനത്തിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ഏനാമാക്കൽ, ഇടിയഞ്ചിറ റിംഗ് ബണ്ടുകൾ യഥാസമയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

ഏനമാക്കൽ ബണ്ടിന്റെ ഇ-ടെണ്ടർ കഴിഞ്ഞു. കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

ഇടിയഞ്ചിറ ബണ്ടിന്റെ പ്രവൃത്തി 3 തവണ ടെണ്ടർ നടത്തിയെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുത്തില്ല. ക്വട്ടേഷൻ മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ബ്രാഞ്ച് കനാലുകളുടെ പുനരുജ്ജീവനം**

173(963) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി കനാൽ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെടുത്തി കനാൽ അറ്റകുറ്റപ്പണികൾക്ക് ഓരോ വർഷവും എത്ര രൂപ അനുവദിക്കുന്നുണ്ട്;

(ബി) കുറ്റ്യാടി കനാൽ പ്രോജക്ടിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിലൂടെ പോകുന്ന ബ്രാഞ്ച് കനാലുകൾ മണ്ണ് നിറഞ്ഞും, മുറിഞ്ഞും പ്രവർത്തനരഹിതമായി കിടക്കുന്നവ എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനസജ്ജമല്ലാത്ത ബ്രാഞ്ച് കനാലുകൾ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ വകുപ്പ് ആസൂത്രണം ചെയ്തു വരുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കുറ്റ്യാടി കനാൽ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെടുത്തി കനാൽ അറ്റകുറ്റപ്പണികൾക്ക് 2017-18 മുതൽ 2019-20 വരെ അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്കീം | അനുവദിച്ച തുക | | |
|---|---|---|---|---|---|
| | | | 2017-18 | 2018-19 | 2019-20 |
| 1 | കുറ്റ്യാടി ജലസേചന പദ്ധതി | പ്ലാൻ | ഇല്ല | 500 ലക്ഷം | 500 ലക്ഷം |
| | | നോൺ പ്ലാൻ | 205 ലക്ഷം | 205 ലക്ഷം | 225.77 ലക്ഷം |
| | | MRPA | -- | 10 ലക്ഷം | -- |
| | ആകെ | | 205 ലക്ഷം | 715 ലക്ഷം | 725.77 ലക്ഷം |

(ബി) എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കുറ്റ്യാടി പദ്ധതിയുടെ ഇരിങ്ങൽ ബ്രാഞ്ചിന്റെ അവസാന ഭാഗത്ത് ചെ.16/750 കി.മീ. മുതൽ 19/320 കി.മീ. വരെ കനാൽ മണ്ണുമൂടി പ്രവർത്തനരഹിതമായി കിടക്കുകയാണ്.

തിക്കോടി ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ തുടക്കം മുതൽ അവസാനം വരെ (ചെ.0/00 മുതൽ 3/325 കി.മീ. വരെ) മണ്ണുമൂടി കിടക്കുകയാണ്.

കണ്ണംകുളം ഡിസ്ട്രിബ്യൂട്ടറി കനാലിൽ ചെ.0/800 കി.മീ. മുതൽ 1/910 കി.മീ. വരെ ആയത് അവസാനഭാഗം വരെ മണ്ണുമൂടി കിടക്കുകയാണ്.

(സി) ഉണ്ട്. ഇരിങ്ങൽ ബ്രാഞ്ച് കനാലിന്റെ ചെ.750 കി.മീ. മുതൽ കനാലിൽനിന്ന് മണ്ണെടുത്ത് മാറ്റുന്ന പ്രവൃത്തിക്ക് 2019-20-ൽ രണ്ട് ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തിക്കോടി ഡിസ്ട്രിബ്യൂട്ടറി കനാലിൽനിന്നും മണ്ണുമാറ്റുന്ന പ്രവൃത്തിക്ക് നോൺ പ്ലാൻ ഫണ്ടിൽനിന്നും 1.50 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

## വേമ്പനാട് കായലിന്റെ സംരക്ഷണത്തിന് പദ്ധതി

174(964) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയകാലത്ത് വന്നടിഞ്ഞ എക്കൽ വേമ്പനാട് കായലിന്റെ ആഴം കുറച്ചതായും, പല സ്ഥലങ്ങളിലും ചെടികൾ വളർന്ന് കായൽ ചതുപ്പ് നിലമാകുന്നുവെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേമ്പനാട് കായലിനെ നാശത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-ലെയും 2019-ലെയും പ്രളയത്തെത്തുടർന്ന് പ്രളയ നിയന്ത്രണത്തിന്റെ ഭാഗമായി വേമ്പനാട്ട് കായലിന്റെ ആഴം വർദ്ധിപ്പിച്ച് ജലസംഭരണ ശേഷി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കയ്യേറ്റങ്ങൾമൂലം കായലിന്റെ വ്യാപ്തിയും കുറയുന്നുണ്ട്. കായലിന്റെ ചുറ്റുമുള്ള എക്കോടോൺ ഏരിയ പ്രത്യേകമായി സംരക്ഷിക്കേണ്ടതുണ്ട്. സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കായലിലെ മാലിന്യം കുറവു വരുത്തുന്നതിനും ആഴവും വ്യാപ്തിയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. വിവിധ തലങ്ങളിൽ നടന്ന ചർച്ചയെത്തുടർന്ന് കായൽ സംരക്ഷണത്തിനായുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് നിർദ്ദേശം വച്ചിട്ടുണ്ട്. ഒക്ടോബർ 2019-ൽ പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ പ്രളയാനന്തര കുട്ടനാടിന്റെ പുനർജീവനത്തിനായി തയ്യാറാക്കിയ റിപ്പോർട്ടിൽ (A Special Package for post flood Kuttanad) വേമ്പനാട് കായലിന്റെ സമഗ്ര സംരക്ഷണത്തിനായുള്ള പഠനങ്ങൾക്കായി 12 കോടി രൂപയുടെ പദ്ധതി പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പഠനനിർദ്ദേശങ്ങൾ ലഭിച്ചശേഷം കായലിന്റെ സമഗ്ര സംരക്ഷണത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.

## കുറ്റ്യാടി ഇറിഗേഷൻ കനാലിന് കുറുകെയുള്ള പഞ്ചായത്ത് റോഡുകൾ

175(965) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ പല ബ്രാഞ്ച് കനാലുകൾക്കും കുറുകെ കടന്നു പോകുന്ന പഞ്ചായത്ത് റോഡുകൾ നവീകരിക്കാനുള്ള അനുമതി ലഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് നവീകരണത്തിനുള്ള പെർമിഷൻ പ്രവൃത്തിയുടെ അടങ്കൽ തുകയനുസരിച്ച് നൽകുവാനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ മുകളിലേക്കുള്ളവർക്ക് വീതിച്ചു നൽകാമോ; ഇത്തരത്തിൽ വീതിച്ചു നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) എ.ഇ., എ.എക്സ്.ഇ., ഇ.ഇ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, സി.ഇ. എന്നിവരുടെ അഞ്ചോളം ഓഫീസുകളിൽ ഫയൽ സഞ്ചരിച്ചാലേ പെർമിഷൻ ലഭിക്കുന്നുള്ളൂ എന്നും ആയതിന് മാസങ്ങൾ കാലതാമസം വരുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) നിലവിൽ റോഡ് നവീകരണത്തിനുള്ള അനുമതി നൽകുന്നതിനുള്ള അധികാരം ചീഫ് എഞ്ചിനീയർക്കാണ്. പ്രവൃത്തിയുടെ അടങ്കൽ തുകയനുസരിച്ച് അധികാരം വീതിച്ചു നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആമയിഴഞ്ചാൻ തോട് നവീകരണം**

176(966) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ബേക്കറി ജംഗ്ഷൻ, തമ്പാനൂർ, പഴവങ്ങാടി എന്നീ ഭാഗങ്ങളിൽക്കൂടി ഒഴുകുന്ന ആമയിഴഞ്ചാൻ തോടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നതിനാൽ തോട് നവീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിലേയ്ക്കായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആമയിഴഞ്ചാൻ തോടിലെ വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനു വേണ്ടി തമ്പാനൂർ, കിഴക്കേക്കോട്ട, തകരപ്പറമ്പ് എന്നിവിടങ്ങളിൽ എസ്.ഡി.ആർ.എഫ്.-ൽ 5 പ്രവൃത്തികൾക്ക് (15 ലക്ഷം രൂപ) അനുമതി നൽകിയിരുന്നു. ഈ പ്രവൃത്തികൾക്ക് രണ്ട് പ്രാവശ്യം ടെണ്ടർ നടപടി സ്വീകരിച്ചുവെങ്കിലും ഇവിടെനിന്നും നീക്കം ചെയ്യേണ്ട മാലിന്യം നിക്ഷേപിക്കാൻ സ്ഥലം ലഭിക്കാത്തതുകാരണം കരാറുകാർ ആരും ഈ പ്രവൃത്തികൾ

ഏറ്റെടുത്തിട്ടില്ല. കരാറുകാരുമായി ബന്ധപ്പെട്ട് ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രമിച്ചുവരുന്നു. ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗങ്ങളിൽ നീരൊഴുക്കിന് തടസ്സമായിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും നീക്കം ചെയ്തിട്ടുണ്ട്.

(ബി) ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**മാന്നന്നൂർ തടയണയുടെ പുനർനിർമ്മാണത്തിന് നടപടി**

177(967) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കനത്ത മഴയിലും വെള്ളപൊക്കത്തിലും തകർന്ന ഷൊർണ്ണൂർ മണ്ഡലത്തിലെ മാന്നന്നൂർ ഉരുക്ക് തടയണ നവീകരിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ (PRICE ID-2019/ 10379/IA) അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, തകർന്ന തടയണയുടെ പുനർനിർമ്മാണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2018-ലെ കനത്തമഴയിലും വെള്ളപ്പൊക്കത്തിലും തകർന്ന ഷൊർണ്ണൂർ മണ്ഡലത്തിലെ മാന്നന്നൂർ ഉരുക്ക് തടയണ നവീകരിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി PRICE ID 2019/10379/IA പ്രകാരം 3.50 കോടി രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർതലത്തിൽ പരിശോധിച്ചുവരികയാണ്.

**മുണ്ടോർശ്ശിക്കടവിലെ തടയണ**

178(968) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന കരിമ്പുഴയാറിൽ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ എന്നാണ് സർക്കാരിൽ ലഭ്യമായത്;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) തടയണ നിർമ്മാണത്തിനായുള്ള ഭരണാനുമതി എന്ന് നൽകാൻ കഴിയും; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെയും ഒറ്റപ്പാലം എം.എൽ.എ.-യുടെയും സാന്നിദ്ധ്യത്തിൽ 13-07-2019-ന് നടന്ന യോഗത്തിൽ മുണ്ടോർശ്ശിക്കടവിൽ തൂതപ്പുഴയ്ക്ക് കുറുകെ ഒരു തടയണ നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കുകയുണ്ടായി. ഇതുപ്രകാരം ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ കെ.ഇ.ആർ.ഐ. പീച്ചി മുഖേന 4,27,000 രൂപയുള്ള പര്യവേക്ഷണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) വിശദമായ പര്യവേക്ഷണത്തിനുശേഷം ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

**പുതിയ അണക്കെട്ടുകൾ**

179(969) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ പുതിയ അണക്കെട്ടുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആദ്യഘട്ടത്തിൽ എത്രയെണ്ണം നിർമ്മിക്കാനുദ്ദേശിക്കുന്നുവെന്നും ആയത് എവിടെയൊക്കെയെന്നും വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത അണക്കെട്ടുകൾ നിർമ്മിക്കുവാൻ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) 2018-ലെയും 2019-ലെയും പ്രളയത്തെത്തുടർന്ന് ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളിൽ ഉണ്ടായ നാശനഷ്ടം സംബന്ധിച്ച വിവരശേഖരണം നടത്തിയോ ;

(ഇ) എങ്കിൽ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചതെന്നും ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. മണിമല, പെരിയാർ, ചാലിയാർ, ചാലക്കുടി, മീനച്ചിൽ, അട്ടപ്പാടി വാലി ജലസേചന പദ്ധതി, കുടമാൻതോട് പദ്ധതി, പമ്പാ-അച്ചൻകോവിൽ തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്.

(സി) പ്രസ്തുത അണക്കെട്ടുകൾ നിർമ്മിക്കുവാൻ നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി & ഇ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**മംഗലം ഡാം നവീകരണ പദ്ധതി**

180(T*970) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം നവീകരണ പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നവീകരണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മംഗലം ഡാം ഉദ്യാനത്തിന്റെ നവീകരണ-വികസന പ്രവൃത്തികൾക്കായി സംസ്ഥാന ടൂറിസം വകുപ്പ് 21-06-2017-ലെ സാ.ഉ. (സാധാ) നമ്പർ 326/2017/ടി.എസ്.എം. പ്രകാരം 4,76,88,166 രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത നവീകരണ-വികസന പ്രവൃത്തികൾ രണ്ട് മാസത്തിനകം പൂർത്തിയാക്കുവാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ ഉദ്ദേശിക്കുന്നു.

**പുതിയ ഡാമുകളുടെ നിർമ്മാണം**

181(971) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുന്നതിനുള്ള പുതിയ ഡാമുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ, 2018, 2019 വർഷങ്ങളിലെ പ്രളയങ്ങളുടെ പശ്ചാത്തലത്തിലാണോ പ്രസ്തുത തീരുമാനം എന്ന് വ്യക്തമാക്കുമോ;

(സി) അച്ചൻകോവിൽ, പമ്പ, പെരിയാർ എന്നീ നദികളിൽ കൂടുതൽ ഡാമുകൾ വേണമെന്ന് പൊതുനിർദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിന് കേന്ദ്രസഹായം തേടുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി & ഡി) അച്ചൻകോവിൽ, പമ്പ എന്നീ നദികളിൽ കൂടുതൽ ഡാമുകൾ വേണമെന്നുള്ള പൊതു നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ അവയിലും പെരിയാർ നദിയിലും വെള്ളപ്പൊക്ക നിയന്ത്രണ ഡാം നിർമ്മിക്കാൻ സാധ്യതാപഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. 2020-21 സാമ്പത്തിക പദ്ധതിയിൽ ധനലഭ്യതയ്ക്കനുസരിച്ചാണ് പദ്ധതിയുടെ പര്യവേക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രവൃത്തിയുടെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് കേന്ദ്രസഹായം തേടുന്നതാണ്.

**ചൂണ്ടി ചെക്ക് ഡാമിന്റെ നിർമ്മാണ പുരോഗതി**

182(972) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൂവാറ്റുപുഴയാറിൽ ചൂണ്ടി ജലശുദ്ധീകരണശാലയ്ക്കുവേണ്ടി നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

മൂവാറ്റുപുഴയാറിൽ ചൂണ്ടി ജലശുദ്ധീകരണശാലയ്ക്കുവേണ്ടി രാമമംഗലത്ത് നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ 85% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31-3-2020 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽത്തന്നെ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മീൻകുഴി ഡാം പുനർനിർമ്മാണം**

183(973) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ-കല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും കഴിഞ്ഞ പ്രളയത്തിൽ തകർന്നതുമായ മീൻകുഴി ഡാം പുനർനിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

പ്രളയത്തിൽ തകർന്ന മീൻകുഴി ഡാമിന്റെ നടപ്പാലം പുതുക്കിപ്പണിയുന്നതിനായുള്ള 10 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമില്ലാത്തതുകൊണ്ട് വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ തകർന്ന ഡാം പുതുക്കി നിർമ്മിക്കുന്നതിനായി 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഡാമുകളുടെ സംഭരണശേഷി**

184(974) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാപ്രളയത്തെത്തുടർന്ന് മണൽ അടിഞ്ഞുകൂടി ഡാമുകളുടെ സംഭരണശേഷി കുറഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡാമുകൾക്കാണ് ഇത്തരത്തിൽ സംഭരണശേഷി കുറഞ്ഞിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി അടിഞ്ഞുകൂടിയ മണലും സിൽറ്റും മറ്റും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയ മണൽ ലേലം ചെയ്തു നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഡാമുകളുടെ സംഭരണശേഷിയിലുണ്ടായ കുറവിന്റെ പഠനം പുരോഗമിക്കുകയാണ്. നിലവിൽ ചുള്ളിയാർ ഡാമിലും മംഗലം ഡാമിലും അടിഞ്ഞു കൂടിയ മണലിന്റെയും സിൽറ്റിന്റെയും അളവുകളാണ് കണക്കാക്കിയിട്ടുള്ളത്.

(ബി&സി) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, ചെളി, എക്കൽ എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017-ലെ സ.ഉ. (കൈ) നമ്പർ 79/2017/ ഡബ്ല്യൂ.ആർ.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുക, കൂടാതെ മണൽക്ഷാമം പരിഹരിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. SOP-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. DPR ചീഫ് സെക്രട്ടറി ചെയർമാനായുള്ള empowered committee-യുടെ രണ്ടാം യോഗത്തിൽ അംഗീകരിക്കുകയും ചെയ്തു.

**ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കംചെയ്യാൻ നടപടി**

185(975) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷമുണ്ടായ മഹാപ്രളയത്തെത്തുടർന്ന് ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും ചെളിയുംമൂലം പല ഡാമുകളുടെയും സംഭരണ ശേഷിയിൽ കാര്യമായ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് നീക്കംചെയ്ത് സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. അനേകം വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച ഡാമുകൾ ആയതിനാൽ പ്രകൃത്യാൽത്തന്നെ പല ഡാമുകളിലും ഗണ്യമായ രീതിയിൽ എക്കലും മണ്ണും ചെളിയും അടിഞ്ഞുകൂടിയതായി മനസ്സിലാക്കിയിട്ടുണ്ട്. 2018-19 വർഷങ്ങളിലെ പ്രളയം ഈ അവസ്ഥയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും

നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, ചെളി, എക്കൽ എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യൂയർ (SOP) 26-9-2017-ലെ സ.ഉ.(കൈ) നമ്പർ 79/2017/ഡബ്ല്യു.ആർ.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. SOP പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുക, കൂടാതെ മണൽക്ഷാമം പരിഹരിക്കുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ അണക്കെട്ടുകൾ

186(976) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ നദികളിലാണ് പുതിയ അണക്കെട്ടുകൾ നിർമ്മിക്കുക;

(സി) കാവേരി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച കാവേരി ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ എത്ര റ്റി.എം.സി. ജലമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കാവേരിയിൽ അണക്കെട്ട് നിർമ്മിച്ച് അട്ടപ്പാടിയിൽ അനുഭവപ്പെടുന്ന കനത്ത ജലക്ഷാമത്തിന് പരിഹാരം കാണുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മണിമല, പെരിയാർ, ചാലക്കുടി, ചാലിയാർ മീനച്ചിൽ, പമ്പാ-അച്ചൻകോവിൽ, കബനി, ഭവാനി എന്നീ നദികളിലാണ് വെള്ളപ്പൊക്ക നിയന്ത്രണത്തിന് പുതിയ ഡാമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നത്.

(സി) കാവേരി നദീജലം പങ്കുവയ്ക്കുന്നതുസംബന്ധിച്ച് കാവേരി ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ 30 റ്റി.എം.സി. ജലമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. കാവേരിയുടെ പോഷക നദിയായ ശിരുവാണി നദിയിൽ അട്ടപ്പാടിയിൽ ഡാം നിർമ്മിക്കാനുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടത്തി DPR തയ്യാറാക്കിയിട്ടുണ്ട്. അട്ടപ്പാടിയിലെ ജലക്ഷാമം പരിഹരിക്കുകയാണ് ഈ അണക്കെട്ടിന്റെ ഉദ്ദേശ്യം.

## പ്രളയനിയന്ത്രണത്തിനായി ഡാമുകൾ

187(977) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയനിയന്ത്രണ ഡാമുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രളയനിയന്ത്രണ ഡാമുകളുടെ സവിശേഷതകൾ വിശദമാക്കുമോ;

(സി) ഈ വർഷത്തെ പ്രളയത്തിൽ കൂടുതൽ നാശനഷ്ടമുണ്ടായ ചാലിയാർ നദീതട പ്രദേശങ്ങളിൽ പ്രളയനിയന്ത്രണ ഡാമുകൾ സ്ഥാപിക്കുന്നതിന് തയ്യാറാകുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) പ്രളയനിയന്ത്രണ ഡാമുകളുടെ നിർമ്മാണംകൊണ്ട് വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന ജീവന്റെയും സ്വത്തിന്റെയും നാശനഷ്ടങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നതാണ്. ഈ അണക്കെട്ടുകൾ അധികജലം തടഞ്ഞുനിർത്തുകയും നിയന്ത്രണ വിധേയമായി അണക്കെട്ടിനുതാഴെയുള്ള നദിയിലേയ്ക്ക് ഒഴുക്കി വിടുകയോ സംഭരിക്കുകയോ മറ്റ് നദീതടങ്ങളിലോ വഴിതിരിച്ചുവിടുകയോ ചെയ്യാവുന്നതാണ്.

(സി) ഇക്കാര്യം സർക്കാരിന്റെ ആലോചനയിലാണ്.

## മൂവാറ്റുപുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

188(978) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിൽ തകർന്ന മൂവാറ്റുപുഴയുടെ ഇരുവശത്തുമുള്ള പിറവം നിയോജകമണ്ഡലത്തിൽപ്പെട്ട തീരങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൻ കീഴിൽ വിശദമായ പദ്ധതി രേഖകൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി രേഖകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**കടലുണ്ടിപ്പുഴയുടെ കരകൾ സംരക്ഷിക്കുന്നതിന് നടപടി**

189(979) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തിൽ തകർന്ന മലപ്പുറം നിയോജകമണ്ഡല പരിധിയിലെ കടലുണ്ടിപ്പുഴയുടെ കരകൾ സംരക്ഷിക്കുന്നതിന് എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്; അവയിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ;

(സി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്താമോ; പുതുതായി ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പ്രളയത്തിൽ തകർന്ന മലപ്പുറം നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന കടലുണ്ടിപ്പുഴയുടെ കരകൾ സംരക്ഷിക്കുന്നതിന് 2018-ൽ 40-ഉം 2019-ൽ 43-ഉം പ്രൊപ്പോസലുകൾ ലഭിച്ചതിൽ ആകെ 20 എണ്ണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ 8 എണ്ണത്തിന് 254.29 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

(സി) പ്രവൃത്തിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:

1. മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 20 ഹൗസ് നം.20/262 D, 20/262A&20/262F ചെമ്മങ്കടവ് തൈക്കതലയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 19.10 ലക്ഷം രൂപ - സ്ഥലം 30-8-2019-ന് കരാറുകാരന് കൈമാറി.

2. മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 13 ഹൗസ് നമ്പർ 13/32 എ കുട്ടമണ്ണയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 16.90 ലക്ഷം രൂപ - പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചു.

3. മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നമ്പർ 14 താമരക്കുഴിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 18.30 ലക്ഷം രൂപ. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

4. കോഡൂർ പഞ്ചായത്തിൽ ആനക്കടവ് കിഴക്കെത്തൊടി റോഡിനരികെ ആനക്കടവ് ഉമ്മത്തൂർ ബ്രിഡ്ജിന് താഴ്ഭാഗത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം - 18 .00 ലക്ഷം രൂപയുടെ പ്രവൃത്തി - സ്ഥലം കരാറുകാരന് കൈമാറി.

5. കോഡൂർ പഞ്ചായത്തിൽ നൂറാടിപ്പാലത്തിന് താഴ്ഭാഗത്ത് ചോലശ്ശേരി കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം-49 ലക്ഷം രൂപ – പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചു.

6. മലപ്പുറം ജില്ലയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 13, 14 ശാന്തിനഗറിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം 51.59 ലക്ഷം രൂപ – പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി നടപടികൾ നടന്നുവരുന്നു.

7. മലപ്പുറം മുനിസിപ്പാലിയിൽ 13-ാം വാർഡിൽ കാളമ്പാടിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 46.40 ലക്ഷം രൂപ – സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

8. മലപ്പുറം ജില്ലയിൽ കോഡൂർ പഞ്ചായത്തിൽ മങ്ങാട്ടുപുലം ജുമാ മസ്ജിദിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം - 35 ലക്ഷം രൂപ – പ്രവൃത്തി 85% ഭാഗികമായി പൂർത്തീകരിച്ചു.

പുതുതായി താഴെപ്പറയുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകി പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

1. മലപ്പുറം ജില്ലയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 34-ൽ റീ. സർവ്വേ നമ്പർ 140/1- ൽ കോൽമണ്ണയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം

2. ആനക്കയം പഞ്ചായത്തിൽ റീ.സർവ്വേ നമ്പർ 185/8-4 180/2 കളത്തിങ്ങൽപടിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം

3. മലപ്പുറം ജില്ലയിൽ കോഡൂർ പഞ്ചായത്തിൽ വാർഡ് 5-ൽ റീ.സർവ്വേ നമ്പർ 37/3 ൽ മങ്കരത്തൊടിക്കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം .

## കടലുണ്ടിപ്പുഴയുടെ വശങ്ങളിൽ സംരക്ഷണഭിത്തി

190(980) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കടലുണ്ടിപ്പുഴയുടെ ഇരുകരകളിലും താമസിക്കുന്ന നിരവധി കുടുംബങ്ങളുടെ പുരയിടങ്ങളിൽ പ്രളയകാലത്ത് നിറഞ്ഞൊഴുകിയ വെള്ളം താഴുന്നതിനനുസരിച്ച് കരയിടിച്ചിൽ ഭീഷണി നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം നാശനഷ്ടമുണ്ടായതിന്റെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ;

(സി) അപകടാവസ്ഥയിലായ പ്രദേശങ്ങളിൽ അടിയന്തരമായി സംരക്ഷണഭിത്തി കെട്ടാൻ വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഇറിഗേഷൻ നിർമ്മിതികൾക്ക് നാശനഷ്ടം ഉണ്ടായതിന്റെ കണക്കുകൾ ശേഖരിച്ചുവരുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടായ നാശനഷ്ടങ്ങളുടെ കൃത്യമായ കണക്ക് ശേഖരിക്കുന്നത് റവന്യൂ വകുപ്പാണ്.

(ബി & സി) പ്രസ്തുത പ്രദേശങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. അവയിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. എസ്.ഡി.ആർ.എഫ്. - വേങ്ങര നിയോജകമണ്ഡലത്തിലെ മാണിക്കോത്ത് കടവിൽ ഇക്കോ വില്ലേജിന് ഡി.റ്റി.പി.സി.-ക്ക് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര ബലപ്പെടുത്തുന്നതിനുള്ള പുനരുദ്ധാരണം - 20.2 ലക്ഷം രൂപ

2. ആർ.എം.എഫ്. - പറപ്പൂർ പഞ്ചായത്തിൽ വാർഡ് 1-ൽ ഇല്ലിപുലാക്കലിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം 23.51 ലക്ഷം രൂപ.

3. വേങ്ങര പഞ്ചായത്തിലെ തേർക്കയം പാലത്തിനുതാഴെയായി തേർക്കയം ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണത്തിനായി പര്യവേക്ഷണ പ്രവൃത്തി -3.70 ലക്ഷം രൂപ.

4. ആർ.എം.എഫ്. - എ. ആർ. നഗർ ഗ്രാമപഞ്ചായത്തിലെ മൂഴിക്കൽ കോളനിയിൽ റീ സർവ്വേ നമ്പർ 226/14 പി.എം. ജാഫറിന്റെ വീടിനുസമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 31 ലക്ഷം രൂപ.

5. ആർ.എം.എഫ്. - എ.ആർ. നഗർ ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ മമ്പുറം പാലത്തിന് മേൽഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം -17 ലക്ഷം രൂപ.

6. എ.ആർ. നഗർ ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ മൂഴിക്കലിൽ 293 സി നമ്പർ വീടിനുസമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 40 ലക്ഷം രൂപ.

7. എസ്.ഡി.ആർ.എഫ്. - ഊരകം പഞ്ചായത്തിലെ വാർഡ് 16-ൽ ചാലിൽക്കുണ്ട് വേരങ്ങൽമൂഴി ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം - 22 ലക്ഷം രൂപ.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംരക്ഷണഭിത്തി കെട്ടാൻവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## കടലുണ്ടിപ്പുഴയ്ക്ക് സംരക്ഷണ ഭിത്തി

191(981) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിലെ, കടലുണ്ടിപ്പുഴയുടെ പാണ്ടിക്കാട് ഭാഗം, വേരേങ്ങൽ കടവ് എന്നിവിടങ്ങളിലെ സംരക്ഷണഭിത്തി തകർന്നതിനാൽ സമീപത്തുള്ള വീടുകൾ കരയിടിച്ചിൽ ഭീഷണി നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇതിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഊരകം പഞ്ചായത്തിലെ പാണ്ടിക്കടവ് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര 100 മീറ്റർ നീളത്തിൽ ഇടിഞ്ഞുപോയിട്ടുണ്ട്. ഈ സ്ഥലം പരിശോധിച്ചതിൽ സംരക്ഷണ ഭിത്തി കെട്ടുവാൻ ഏകദേശം 35 ലക്ഷം രൂപ ചെലവുവരും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ഊരകം പഞ്ചായത്തിൽ ചാലിൽകുണ്ടിൽ വേരേങ്ങൽ മൂഴിത്തോടിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണത്തിനായി SDRF-ൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്.

## കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ

192(982) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒൻപത് തീരദേശ ജില്ലകളിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി, അടിയന്തരമായി 22.5 കോടി രൂപ അനുവദിക്കാൻ 12-06-2019-ലെ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നുവോ;

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എന്തെല്ലാം കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളാണ് ജലവിഭവ വകുപ്പ് ഇതിനകം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ 3.00 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. അതിലുൾപ്പെടുത്തി 264.25 ലക്ഷം രൂപയുടെ 35 പ്രവൃത്തികൾ ക്രമീകരിച്ചതിൽ 159.25 ലക്ഷം രൂപയുടെ 32 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 105 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിൽ 12 പ്രവൃത്തികൾ ജിയോബാഗ് ഉപയോഗിച്ചും 16 പ്രവൃത്തികൾ പാറ ഉപയോഗിച്ചും 7 പ്രവൃത്തികൾ മണൽചാക്ക് ഉപയോഗിച്ചുമാണ് നടപ്പിലാക്കിയത്.

കൊല്ലം ജില്ലയിൽ 2.5 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. ഇതിലുൾപ്പെടുത്തി 255.10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇരവിപുരം നിയോജകമണ്ഡലത്തിൽ പാറ ഉപയോഗിച്ച് അടിയന്തര തീരസംരക്ഷണത്തിനായി 8 പ്രവൃത്തികളും കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിൽ ജിയോബാഗ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 11 പ്രവൃത്തികളും ദർഘാസ് നടപടികൾ പൂർത്തിയാക്കി പ്രവൃത്തികളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

ആലപ്പുഴ ജില്ലയിൽ 5.00 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. ഇതിൽ 327.80 ലക്ഷം രൂപയുടെ 24 അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുമതി നൽകിയിരുന്നു. ഹരിപ്പാട്, അമ്പലപ്പുഴ, ചേർത്തല എന്നീ നിയോജകമണ്ഡലങ്ങളിലാണ്

അനുമതി നൽകിയത്. ഇതിൽ 16 പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി 8 പ്രവൃത്തികൾക്കും ആവർത്തിച്ച് ദർഘാസുകൾ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരുംതന്നെ പ്രതികരിച്ചില്ല.

എറണാകുളം ജില്ലയിൽ 3.00 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിക്കുകയുണ്ടായി. അതിലുൾപ്പെടുത്തി 38.07 ലക്ഷം രൂപയുടെ 9 പ്രവൃത്തികൾ ജിയോബാഗ് ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയ്ക്ക് 3 കോടി രൂപ അനുവദിച്ചിരുന്നു. ജിയോ ബാഗുകൾ ഉപയോഗിച്ചുള്ള 13 പ്രവൃത്തികളും പാറ ഉപയോഗിച്ചുള്ള 3 പ്രവൃത്തികൾക്കുമടക്കം മൊത്തം 284.58 ലക്ഷം രൂപയ്ക്കുള്ള 16 പ്രവൃത്തികൾ ക്രമീകരിച്ചുവരുന്നു. എന്നാൽ കരാറുകാർ ആരുംതന്നെ ഏറ്റെടുത്തില്ല. ജിയോബാഗ് ഉപയോഗിച്ചുള്ള 13 പ്രവൃത്തികളിൽ 11 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

മലപ്പുറം ജില്ലയിൽ 2.00 കോടി രൂപ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുണ്ട്. 178.04 ലക്ഷം രൂപയുടെ 16 പ്രവൃത്തികൾക്ക് അനുമതി നൽകി.

കോഴിക്കോട് ജില്ലയിൽ 2.00 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിൽ ഉൾപ്പെടുത്തി 192.20 ലക്ഷം രൂപയുടെ 14 പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ 1.00 കോടി രൂപ അനുവദിക്കുകയുണ്ടായി. അതിലുൾപ്പെടുത്തി 27.50 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ 1.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഇതുകൂടാതെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 2019-20 വർഷത്തിൽ ASE(N/P) ഫണ്ടിലുൾപ്പെടുത്തി 9 തീരദേശ ജില്ലകൾക്കായി 1096.72 ലക്ഷം രൂപയുടെ (69 പ്രവൃത്തികൾ) സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

## പുലിമുട്ട് നിർമ്മാണം

193(983) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം എടവനക്കാട് അണിയിലിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) എടവനക്കാട് അണിയിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ASE - Construction of 1 No. (30 m) bulb groyne between CP stone 1128 and 1124 at Edavanakkad Aniyil Beach in Vypin Island എന്ന പ്രവൃത്തിക്ക് 82.50 ലക്ഷം രൂപയ്ക്ക് ഒരു പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യ ടെണ്ടറിൽ ആരുംതന്നെ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. റീ ടെണ്ടർ നടപടികൾ പൂർത്തിയായതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്.

**വൈപ്പിൻ മുനമ്പം തീരദേശത്ത് പുലിമുട്ടുകൾ**

194(984) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മുനമ്പം തീരത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് പുലിമുട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വൈപ്പിൻ മുനമ്പം തീരത്ത് എടവനക്കാടിൽ 2008-ൽ ഐ.ഐ.ടി. മദ്രാസ് മുഖാന്തരം ഒരു തീരദേശപഠനം നടത്തിയിരുന്നു. 6 പുലിമുട്ടുകൾ ഉൾപ്പെടുന്ന ഒരു പുലിമുട്ട് പാടം ടി പ്രദേശത്ത് നിർമ്മിക്കുവാൻ പഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സി.പി. 1136-നും സി.പി. 1139-നും ഇടയിൽ സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിലുൾപ്പെടുത്തി 2 പുലിമുട്ടുകൾ നിർമ്മിക്കുകയുണ്ടായി. ബാക്കിയുള്ള 4 പുലിമുട്ടുകളുടെ 377 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് എടവനക്കാട് അണിയിൽ (സി.പി. 1128-നും സി.പി. 1124-നും ഇടയിൽ) 82.50 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

സി.പി. 1128-നം സി.പി. 1124-നം ഇടയ്ക്ക് 5 പുലിമുട്ടുകളുടെ നിർമ്മാണത്തിന് പ്ലാൻ ശീർഷകത്തിൽ സമർപ്പിച്ച എസ്റ്റിമേറ്റുകൾ ഐ.ഐ.ടി.-യുടെ പ്രദേശ നിർദ്ദിഷ്ട പഠന റിപ്പോർട്ട് സഹിതം പുനർസമർപ്പിക്കുവാൻ നടപടിയെടുത്തുവരുന്നു.

(ബി) എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, പഴങ്ങനാട്, വെളിയത്താംപറമ്പ്, മുനമ്പം, ചെറായി എന്നീ സ്ഥലങ്ങളിലാണ് പുലിമുട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ മാറിവരുന്ന പാരിസ്ഥിതിക സാഹചര്യം കണക്കിലെടുത്ത് പുലിമുട്ട് പാടം സ്ഥാപിക്കുന്നതിന് പുതുതായി പഠനം നടത്തേണ്ടത് ആവശ്യമാണ്. പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള രൂപ കൽപ്പനയും ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും പരിഗണിച്ച് പ്രവൃത്തി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കടൽത്തീര സംരക്ഷണം**

195(985) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം നേരിടുന്ന മേഖലകളിൽ ചെറുപുലിമുട്ടുകളുടെ ശ്രേണി ഉപയോഗിച്ച് അത് ഫലപ്രദമായി നേരിടാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) കടൽക്ഷോഭം പോലുള്ളവയിൽ നിന്ന് കടൽത്തീരത്തെ സംരക്ഷിക്കാനുതകുന്ന കരിങ്കൽ സംരക്ഷണഭിത്തിക്ക് ആവശ്യമായ പാറക്കല്ലുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മറ്റ് പോംവഴികൾ അന്വേഷിക്കുന്നുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി CWPRS പൂനെ/IIT ചെന്നൈയിൽനിന്നും DESIGN ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കൽ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽനിറച്ചും അടിയന്തരമായി കടൽ തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

**കടലാക്രമണം നേരിടാൻ ജിയോ ബാഗുകൾ**

196(986) ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശമേഖലകളിൽ ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണം നേരിടാൻ ജിയോ ബാഗുകൾ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കടലാക്രമണം നേരിടുന്നതിന് ഈ സംവിധാനം പ്രാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) കടലാക്രമണം തടയുന്നതിന് സ്ഥിരമായ എന്ത് സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 15-6-2019-ലെ ജി.ഒ. (എം.എസ്.) നമ്പർ 21/2019/ജ.വി.വ., പ്രകാരം 9 തീരദേശ ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗ് ഉപയോഗിച്ച് കടലാക്രമണം പ്രതിരോധിക്കാൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 22.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി) ഹ്രസ്വകാലാടിസ്ഥാനത്തിലാണ് ജിയോബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽതീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നത്. ഇതിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിവരുന്നു.

(സി) സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി CWPRS പുനെ/IIT ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ നിന്നും DESIGN ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് സ്ഥിരമായ സംവിധാനം എന്ന നിലയിൽ നിർമ്മിച്ചുവരുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

## തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പാർശ്വഭിത്തി നിർമ്മാണം

197(987) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ജഗതി പാലത്തിനും മൈലാടിക്കടവ് പാലത്തിനും ഇടയിൽ കിള്ളിയാറിന്റെ വലത് ഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം ആസ്തി വികസന സ്കീമിൽ നിന്നും 98 ലക്ഷം രൂപ അനുവദിക്കുകയും ഭരണാനുമതി പുറപ്പെടുവിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കുന്നതിനുള്ള യാതൊരു നടപടിയും മേജർ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;.

(ബി) ഇതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കിള്ളിയാറിൽനിന്നും ജലം സമീപ പ്രദേശങ്ങളിലേയ്ക്ക് കയറുമെന്ന ജനങ്ങളുടെ ആശങ്ക കണക്കിലെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ - സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ജഗതി പാലത്തിനും മൈലാടിക്കടവ് പാലത്തിനും ഇടയിൽ കിള്ളിയാറിന്റെ വലതുഭാഗത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത സ്ഥലത്തിന്റെ അളവുകൾ പരിശോധിച്ച് അതിർത്തി നിർണ്ണയിക്കാൻ തഹസിൽദാർക്ക് കത്തും നൽകിയിട്ടുണ്ട്.

## തിരുവനന്തപുരം മണ്ഡലത്തിൽ കടൽഭിത്തികളുടെ നവീകരണം

198(988) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലിയതുറ കടൽപ്പാലത്തിന് ഇരുവശങ്ങൾ, പൂന്തുറ മടുവം മുതൽ ചർച്ച് വരെയുള്ള ഭാഗങ്ങൾ, ചെറിയതുറ സുനാമി കുരിശ്ശടി, വേളാങ്കണ്ണി കടൽപ്പുറം, ബീമാപ്പള്ളി, മാമൂട്ടുവിളാകം, തൈയ്ക്കാപ്പള്ളി, കൈതവിളാകം എന്നീ പ്രദേശങ്ങളിൽ കാലപ്പഴക്കംമൂലം നശിച്ചിരിക്കുന്ന കടൽഭിത്തികളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കടൽക്ഷോഭം രൂക്ഷമാകുന്ന ആശങ്കാജനകമായ സാഹചര്യം കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വലിയതുറ കടൽപ്പാലത്തിന് തെക്ക് ഭാഗത്തായി 47 മീറ്റർ നീളത്തിൽ 35 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും ചെറിയതുറ കുരിശടിയുടെ വടക്കുഭാഗത്തായി 50 മീറ്റർ നീളത്തിൽ 37 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും ബീമാപ്പള്ളി ഭാഗത്ത് 1245 മീറ്റർ നീളത്തിൽ 15 പുലിമുട്ടുകളുടെ 1670 ലക്ഷം രൂപയുടെ പ്രവൃത്തിയും നടപ്പിലാക്കിവരുന്നു. വലിയതുറ ഗ്രൗണ്ടിന്റെ വടക്കുഭാഗത്തായി 100 മീറ്റർ നീളത്തിൽ 77 ലക്ഷം രൂപയുടെ പ്രവൃത്തിയും നടപ്പിലാക്കിവരുന്നു. പൂന്തുറ ഗ്രോയിൻസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 946 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടിയെടുത്തുവരുന്നു.

അടിയന്തര കടലാക്രമണം പ്രതിരോധിക്കുന്നതിനുള്ള ആറ് പ്രവൃത്തികൾക്ക് 18 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി 25-6-2019-ന് നൽകുകയും ടി പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) 21/19/ജ.വി.വ. തീയതി 15-06-2019 പ്രകാരം തിരുവനന്തപുരം ജില്ലയ്ക്ക് 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ഉൾപ്പെടുത്തി 264.25 ലക്ഷം രൂപയുടെ 35 പ്രവൃത്തികൾ ക്രമീകരിച്ചതിൽ 159.25 ലക്ഷം രൂപയുടെ 32 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 105 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

## കായംകുളം മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

199(989) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി 2016, 2017, 2018, 2019 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച കായംകുളം മണ്ഡലത്തിലെ പ്രവൃത്തികളും അവയുടെ പുരോഗതിയും വിശദമാക്കാമോ?

<u>ഉത്തരം</u>

അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെടുമങ്ങാട് മണ്ഡലത്തിൽ ഇറിഗേഷൻ, വാട്ടർ അതോറിറ്റി വകുപ്പുകളുടെ പ്രവൃത്തികൾ

200(990) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾക്ക് അനുവദിച്ച തുകയും വിശദാംശങ്ങളും അനുബന്ധം *1 ആയി ഉള്ളടക്കം ചെയ്യുന്നു.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-ന്റെ കാര്യാലയവുമായി ബന്ധപ്പെട്ട് 3 പ്രവൃത്തികളാണ് അനുവദിച്ച് നടപ്പിലാക്കിവരുന്നത്.

1. നെടുമങ്ങാട് വി.ഐ.പി. കോമ്പൗണ്ടിലെ ക്യാമ്പസ് റോഡിന്റെ ഉപരിതലം പുതുക്കലും എ ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികളും കോമ്പൗണ്ട് വാളിന്റെ നിർമ്മാണവും. തുക: 10,70,000 രൂപ
2. നെടുമങ്ങാട് വി.ഐ.പി. ക്യാമ്പസിലെ 6 ഡി ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ. തുക 8,99,925 രൂപയിൽ
3. നെടുമങ്ങാട് വി.ഐ.പി. ക്യാമ്പസിലെ 8 ബി ടൈപ്പ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ. തുക 14,82,699 രൂപ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവ മുഖേന വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം 2* ആയി ചേർക്കുന്നു. ഇതുകൂടാതെ വിവിധയിടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഏകദേശം 268 ലക്ഷം രൂപയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെറുപുഴ-മണ്ണിലിടം കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

201(991) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിനെയും കൊടുവള്ളി മുനിസിപ്പാലിറ്റിയെയും ബന്ധിപ്പിച്ചുകൊണ്ട് ചെറുപുഴ മണ്ണിലിടം കടവിൽ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ആയതിന് എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ചെറുപുഴ മണ്ണിലിടം കടവിൽ ഒരു ആർ.സി.ബി. സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ടി പദ്ധതിക്ക് 33.50 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## നിലമ്പൂർ മണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ

202(992) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിലമ്പൂർ മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇവയിൽ, പൂർത്തീകരിച്ചവ, പൂർത്തീകരിക്കുവാനുള്ളത്, പൂർത്തീകരിക്കുവാനുള്ളവയുടെ തടസ്സം, തടസ്സത്തിന് കാരണം, തടസ്സം നീക്കാൻ എടുത്ത നടപടികൾ, പുതിയ പ്രൊപ്പോസലുകൾ, ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞവ എന്നീ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നബാർഡ് 16-ാം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ചുങ്കത്തറ പഞ്ചായത്തിലെ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ആരംഭിക്കുന്നതിനായി നബാർഡ് 24-ാം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മണ്ഡലത്തിൽ ചീഫ് എഞ്ചിനീയറുടെ മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിൽ 2 പദ്ധതികളാണുള്ളത്. (പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്, ഒടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്)

ജലനിധി കുടിവെള്ള വിതരണ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന സുസ്ഥിരതാ പദ്ധതിയാണ് നിലവിൽ നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്നത്. നിലമ്പൂർ നിയോജക മണ്ഡലത്തിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികൾ ചുവടെച്ചേർക്കുന്നു:

1. നിലമ്പൂർ മുനിസിപ്പാലിറ്റിക്കുള്ള കുടിവെള്ള പദ്ധതി.
2. അമരമ്പലം പഞ്ചായത്തിനുള്ള കുടിവെള്ള പദ്ധതി.
3. ചുങ്കത്തറ പഞ്ചായത്തിനുള്ള പടിഞ്ഞാറ്റുംപാടെ കുടിവെള്ള പദ്ധതി.
4. എടക്കര ശുദ്ധജല കുടിവെള്ള പദ്ധതി.
5. ചുങ്കത്തറ എടക്കര, പോത്തുകല്ല്, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി.

ടി മണ്ഡലത്തിലെ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ അധീനതയിലുള്ള പ്രവൃത്തികൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ്, ഒടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് എന്നീ രണ്ട് പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

<u>സുസ്ഥിരതാ പദ്ധതി</u>

ചുങ്കത്തറ ഗ്രാമപഞ്ചായത്ത് - പൂക്കോട്ടുമണ്ണ ഹൈസ്കൂൾകുന്ന്, അക്ഷയ, കുറത്തിമല, മൈത്രി, സൂര്യ.

എടക്കര ഗ്രാമപഞ്ചായത്ത് - നല്ലംതണ്ണി, തുഷാര, മൈലാട്ടുംകുന്ന്, ഡാലിയ, പമ്പ,

മൂത്തേടം ഗ്രാമപഞ്ചായത്ത് - കോട്ടമല.

പോത്തുകൽ ഗ്രാമപഞ്ചായത്ത് - സ്നേഹ, സമഗ്ര, കുട്ടംകുളം, കോട്ടുപാറ എന്നീ പദ്ധതികളാണ് സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മേൽസൂചിപ്പിച്ച 16 പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പുനരുദ്ധാരണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഈ സാമ്പത്തിക വർഷംതന്നെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജല അതോറിറ്റിയിലെ പദ്ധതികൾ

1. നിലമ്പൂർ മുനിസിപ്പാലിറ്റിക്കുള്ള കുടിവെള്ള പദ്ധതി

2. അമരമ്പലം പഞ്ചായത്തിനുള്ള കുടിവെള്ള പദ്ധതി

3. ചുങ്കത്തറ പഞ്ചായത്തിനുള്ള RWSS-ഉം പടിഞ്ഞാറ്റുംപാടെ കുടിവെള്ള പദ്ധതി

4. എടക്കര ശുദ്ധജല കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചവയാണ്.

ചുങ്കത്തറ, എടക്കര, പോത്തുകല്ല്, വഴിക്കടവ് എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയാണ് പൂർത്തീകരിക്കാനുള്ളത്. ചുങ്കത്തറയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ആയതിന്റെ 8 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും 1.52 കോടി രൂപ ചെലവഴിച്ച് ചുങ്കത്തറ പഞ്ചായത്തിൽ പൂക്കോട്ടുമണ്ണകടവിൽ നിർമ്മിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ശുദ്ധീകരണശാലയും ജലസംഭരണിയും നിർമ്മിക്കുന്നതിന് ഭൂമി നാളിതുവരെ ബന്ധപ്പെട്ട പഞ്ചായത്ത് കൈമാറിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ചുങ്കത്തറ പഞ്ചായത്തിന് കത്തുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ജില്ലാ കളക്ടറുമായും ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായും ചേർന്നുകൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയുന്നു. മേൽപ്പറഞ്ഞ ഭൂമിയുടെ ലഭ്യത ഉറപ്പായാൽ അതിനനുസരിച്ച് പുതുക്കിയ മാനദണ്ഡങ്ങൾപ്രകാരം വിശദമായ പദ്ധതി തയ്യാറാക്കി നടപ്പിൽവരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കരുളായി, മൂത്തേടം, അമരമ്പലം എന്നീ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ഇത് തയ്യാറാക്കിക്കഴിഞ്ഞാൽ അനുയോജ്യമായ ഫണ്ടിംഗ് ഏജൻസിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതാണ്. ചീഫ് എഞ്ചിനീയർ (I&A)-യുടെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിലെ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ L1 Scheme നടപ്പിലാക്കാനുള്ള പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ. നബാർഡ് ആർ.ഐ.ഡി.എഫ്. XXIV-ൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നെങ്കിലും ആർ.ഐ.ഡി.എഫ്. XIV-ൽ ഉൾപ്പെടുത്തി യാതൊരു പദ്ധതിക്കും അംഗീകാരം ലഭിച്ചില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റെഗുലേറ്റർ-കം-ബ്രിഡ്ജ്

203(993) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പുതുക്കിയ പര്യവേക്ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിസൈൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പ പുഴയ്ക്കുകുറുകെ ആർ.സി.ബി. നിർമ്മിക്കുന്നതിനായി പുനർ ഡിസൈൻ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 4-7-2019 തീയതിയിൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ ചേംബറിൽ നടന്ന വിശദമായ ചർച്ചയെത്തുടർന്ന് 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിനിടെ നിർദ്ദിഷ്ട സ്ഥാനത്ത് അനുഭവപ്പെട്ട MFL (+2.097 m) കണക്കിലെടുത്ത് നിലവിലെ മാനദണ്ഡപ്രകാരം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാലും നിർദ്ദിഷ്ട സ്ഥാനത്ത് ഇരുവശങ്ങളിലുമുള്ള കരനിരപ്പ് ആർ.സി.ബി. നിർമ്മാണത്തിന് അപര്യാപ്തമായതിനാലും പദ്ധതി നിർദ്ദേശം സംബന്ധിച്ച് പുനഃപരിശോധന നടന്നുവരുന്നു. കൂടാതെ കഴിഞ്ഞ 50 വർഷത്തിനിടെ അനുഭവപ്പെട്ട പരമാവധി ജലനിരപ്പാണ് പെരുമ്പുഴയിൽ 2019 ആഗസ്റ്റ് 10-ാം തീയതി രേഖപ്പെടുത്തിയത്. ആയതുപ്രകാരം നിർദ്ദിഷ്ട സ്ഥാനത്തെ പരമാവധി ജലനിരപ്പ് +4.100 m ആയി ഉയർന്നിരുന്നു. നിർദ്ദിഷ്ട ആർ.സി.ബി.-യുടെ മുകൾഭാഗത്ത് നട്ടിക്കടവ്, കാനായി, മണിയറ, കൈതപ്രം, കടന്നപ്പള്ളി മേഖലകളിൽ പുഴയുടെ കരനിരപ്പിൽനിന്നും ശരാശരി 2 മീറ്ററോളം ഉയരത്തിൽ പുഴ കരകവിഞ്ഞൊഴുകുകയും ടി മേഖലയിൽ നിന്ന് നിരവധി കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ടഭാഗത്ത് ആർ.സി.ബി. അനുയോജ്യമല്ല. എന്നാൽ മേഖലയിൽ പുഴയിൽ നിന്നുള്ള ഉപ്പുവെള്ളത്തിന്റെ വ്യാപനം തടയുന്നതിനായി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Salt Water Extrusion Cross Bar (SWECB) നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## വെള്ളിയാങ്കല്ലിൽ ഇറിഗേഷൻ ഓഫീസ്

204(994) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ തൃത്താല മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വെള്ളിയാങ്കല്ല് റെഗുലേറ്റർ -കം- ബ്രിഡ്ജിന്റെ ഷട്ടറുകൾ യഥാസമയം തുറക്കാൻ സാധിക്കാത്ത സാഹചര്യം പട്ടാമ്പി മേഖലയിൽ പ്രളയത്തിന് ആക്കം കൂട്ടി എന്ന ആരോപണം നിലനിൽക്കുന്ന സാഹചര്യത്തിൽ ഷട്ടറുകൾ യഥാസമയം തുറന്നു പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) റെഗുലേറ്ററിന്റെ ശരിയായ മേൽനോട്ടത്തിനും യഥാസമയത്തുള്ള ഓപ്പറേഷൻസിനുമായി വെള്ളിയാങ്കല്ലിൽ ഇറിഗേഷൻ വകുപ്പിന്റെ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഷട്ടറുകൾ യഥാസമയം തുറക്കാൻ സാധിക്കാതെ വന്നാലുണ്ടാകുന്ന അപകട സാദ്ധ്യത പരിഗണിച്ച് പ്രസ്തുത ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വെള്ളിയാങ്കല്ല് റെഗുലേറ്റർ കം-ബ്രിഡ്ജിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ഷട്ടറുകൾ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ 135 ലക്ഷം രൂപ മെക്കാനിക്കൽ പ്രവൃത്തികൾക്കും തകർന്ന ഏപ്രണുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി 1700 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുമുള്ള എസ്റ്റിമേറ്റുകൾ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI)-ൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ചമ്രവട്ടം പ്രോജക്ട് ഡിവിഷൻ ക്യാമ്പസിൽ പ്രവർത്തിച്ചിരുന്ന ഓഫീസ്, ഇറിഗേഷൻ പ്രോജക്ട് സെക്ഷൻ, വെള്ളിയാങ്കല്ല്, തൃത്താല എന്ന പേരിൽ വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിച്ചുവരുന്നു.

## കണ്ണപ്പൻകുണ്ട് പദ്ധതിക്ക് ഭരണാനുമതി

205(995) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വലിയ നാശം സംഭവിച്ച പുതുപ്പാടി പഞ്ചായത്തിലെ കണ്ണപ്പൻകുണ്ട് പ്രദേശത്തിന്റെ സംരക്ഷണത്തിനായി ആവിഷ്കരിച്ച കണ്ണപ്പൻകുണ്ട് പദ്ധതി 'റീബിൽഡ് കേരള പദ്ധതി' യിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

**പമ്പ ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലം**

206(996) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷന്റെ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന പമ്പ ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം രാജാരവിവർമ്മ സെന്റർ ഫോർ എക്സലൻസിന് കോളേജ് പ്രവർത്തിക്കുന്നതിനായി കൈമാറുന്നതിന് എം.എൽ.എ. നല്കിയ കത്തിന്മേൽ (ഫയൽ നം: 179/19/R1) സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഈ വിഷയത്തിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിലുള്ള വിശദമായ റിപ്പോർട്ട് കോഴഞ്ചേരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കുന്നതായി ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 അറിയിച്ചിട്ടുണ്ട്.

**മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

207(997) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കൃത്യമായ എസ്റ്റിമേറ്റ് ദീർഘനാളായിട്ടും സമർപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് എത്ര തവണ മടക്കി അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) എസ്റ്റിമേറ്റിലെ എല്ലാ അപാകതകളും ഒരുമിച്ച് ചൂണ്ടിക്കാണിക്കാത്തത് മൂലം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത് ഗൗരവമായി കാണുന്നുണ്ടോ; പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പെരിന്തൽമണ്ണ മണ്ഡലത്തിൽ ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡി.ബി.8-2281/19 1-6-2019 തീയതി കത്തുപ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ ഇൻവെസ്റ്റിഗേഷൻ നടത്തി ജലലഭ്യതയും സ്ഥലലഭ്യതയും ഉറപ്പാക്കി ആവശ്യമായ സർട്ടിഫിക്കറ്റുകളും മെക്കാനിക്കൽ, ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകളോടുകൂടി പുനർസമർപ്പിക്കാൻ 24-09-2019-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് മടക്കി അയച്ചിട്ടുണ്ട്. മേൽ അപാകതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മങ്കട മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ ഡിവിഷൻ പദ്ധതികൾ**

208(998) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മങ്കട നിയോജക മണ്ഡലത്തിൽ വാട്ടർ അതോറിറ്റി , മേജർ/മൈനർ ഇറിഗേഷൻ ഡിവിഷനുകൾ എന്നീ മൂന്ന് വിഭാഗങ്ങൾ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഇതിൽ മേജർ/മൈനർ ഇറിഗേഷൻ ഡിവിഷൻ, വാട്ടർ അതോറിറ്റി പദ്ധതികളിൽ ഉൾപ്പെട്ട ബൃഹത് പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ആയതിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) നടപ്പ് സാമ്പത്തികവർഷം മേൽ സൂചിപ്പിച്ച മൂന്ന് വകുപ്പുകളിലേയും പ്ലാൻ/നോൺ പ്ലാൻ ഹെഡിൽ നിന്നും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ചെക്ക് ഡാമിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മങ്കട മണ്ഡലത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കാര്യാലയത്തിനുകീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം* 1 ആയി ചേർത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട മണ്ഡലത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൂട്ടിലങ്ങാടി പഞ്ചായത്തിൽ 25 ലക്ഷം രൂപയുടെയും മൂർക്കനാട് പഞ്ചായത്തിൽ 75 ലക്ഷം രൂപയുടെയും മക്കരപ്പറമ്പ് പഞ്ചായത്തിൽ 35 ലക്ഷം രൂപയുടെയും പുഴക്കാട്ടിരി പഞ്ചായത്തിൽ 96 ലക്ഷം രൂപയുടെയും കുറുവ പഞ്ചായത്തിൽ 109 ലക്ഷം രൂപയുടെയും അങ്ങാടിപ്പുറം പഞ്ചായത്തിൽ 48.40 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മക്കരപ്പറമ്പ് പഞ്ചായത്തിൽ 12 ലക്ഷം (19-20) രൂപയുടെയും മൂർക്കനാട് പഞ്ചായത്തിൽ രണ്ട് പദ്ധതികൾക്കായി 29.30 ലക്ഷം (18-19) രൂപയുടെയും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃ പഞ്ചായത്തുകളായ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, കൂട്ടിലങ്ങാടി, മങ്കട എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല വിപുലീകരിക്കുന്നതിന് സർവ്വേ നടപടികൾക്കായി പ്ലാൻ 2019-ൽ ഉൾപ്പെടുത്തി 22.40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) നടപ്പുസാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയുടെ പ്ലാൻ ഹെഡ്ഡിൽനിന്നും 394 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മേജർ ഇറിഗേഷനിൽ നോൺ പ്ലാനിൽ ഒരു പ്രവൃത്തിക്കും മൈനർ ഇറിഗേഷനിൽ പ്ലാനിൽ ഒരു പ്രവൃത്തിക്കും നോൺ പ്ലാനിൽ 20 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ ആനപ്പാറ, പൊറ്റമ്മൽകടവിന് സമീപം ചെക്ക്ഡാം നിർമ്മാണം പൂർത്തിയാക്കാൻ പുഴയുടെ മുകൾഭാഗത്ത് 27 KM വരെ ജലം സംഭരിക്കാനും പുഴയുടെ ഇരുകരകളിലുമുള്ള 700 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കും പ്രയോജനപ്പെടും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ ജല അതോറിറ്റിയുടെ പദ്ധതികൾ

209(999) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ ജല അതോറിറ്റിയുടെ എത്ര പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(സി) ജല അതോറിറ്റി കിഫ്ബി ധനസഹായത്തോടെ ജില്ലയിൽ മറ്റ് ജലവിതരണ പദ്ധതികൾ ആരംഭിക്കുവാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കൊല്ലം ജില്ലയിൽ 19 പദ്ധതികൾക്കാണ് കിഫ്ബി ധനസഹായ അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 4 വൻകിട പദ്ധതികളും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന 15 പദ്ധതികളും ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

(സി) അമൃത്, കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ട് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതി വിപുലീകരണം (കൊല്ലം കോർപ്പറേഷൻ) ഒന്നാംഘട്ടത്തിലും രണ്ടാം ഘട്ടത്തിലും കൊറ്റൻകര പഞ്ചായത്തിന്റെ ശുദ്ധജല ആവശ്യകതയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൊറ്റൻകര പഞ്ചായത്തിൽ ജലവിതരണം സാധ്യമാകുന്നതിലേയ്ക്കായി ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ജലസംഭരണികൾ, വിതരണശൃംഖല എന്നിവ ഉൾക്കൊള്ളിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 41.8 കോടി രൂപയുടെ റിപ്പോർട്ട് ഉടൻതന്നെ ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കുന്നതാണ്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചേലക്കര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

210(1000) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിനുകീഴിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉണ്ട്; അവയുടെ പേരു വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ മോട്ടോറുകളാണ് 2019-ലെ പ്രളയത്തിൽ വെള്ളം കയറി കേടുവന്നിട്ടുള്ളത്;

(സി) മോട്ടോറുകൾ കേടുപാടുകൾ തീർത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനസജ്ജമാക്കി കർഷകർക്ക് ജലസേചന സൗകര്യം ഉറപ്പുവരുത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര മണ്ഡലത്തിൽ മൈനർ ഇറിഗേഷനുകീഴിൽ 7 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. അവയുടെ പേരുവിവരങ്ങൾ താഴെ ക്കൊടുക്കുന്നു:

1. അറക്കാമല -തിരുവില്വാമല പഞ്ചായത്ത്
2. ഇക്കിച്ചിരിക്കുണ്ട് -തിരുവില്വാമല പഞ്ചായത്ത്
3. പാറക്കടവ് -തിരുവില്വാമല പഞ്ചായത്ത്
4. പഴയന്നൂർ - പഴയന്നൂർ പഞ്ചായത്ത്
5. ദേശമംഗലം - ദേശമംഗലം പഞ്ചായത്ത്
6. പല്ലൂർ - ദേശമംഗലം പഞ്ചായത്ത്
7. ചെറുതുരുത്തി -വള്ളത്തോൾനഗർ പഞ്ചായത്ത്

(ബി) 2019-ലെ പ്രളയത്തിൽ വെള്ളം കയറി കേടുവന്ന മോട്ടോറുകളുടെ വിശദവിവരങ്ങൾ ചുവടെച്ചേർക്കുന്നു:

| നമ്പർ | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | ആകെ മോട്ടോർ | കേടുവന്ന മോട്ടോറുകൾ |
|---|---|---|---|
| 1 | അറക്കാമല | 3 | 2 |
| 2 | ഇട്ടിച്ചിരിക്കുണ്ട് | 4 | 3 |
| 3 | പാറക്കടവ് | 3 | 1 |
| 4 | പഴയന്നൂർ | 6 | 4 |
| 5 | ദേശമംഗലം | 2 | 1 |
| 6 | പല്ലൂർ | 2 | 1 |
| 7 | ചെറുതുരുത്തി | 2 | 1 |

(സി) ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തി അത്യാവശ്യം വേണ്ട മോട്ടോറുകൾ പ്രവർത്തന സജ്ജമാക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾവഴി കർഷകർക്ക് ജലസേചന സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

## നാദാപുരം മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

211(1001) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന ജലസേചന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## തലശ്ശേരി മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ

212(1002) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൈനർ-മേജർ ഇറിഗേഷൻ വകുപ്പുകൾ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്നും ഈ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്നും ഈ പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നും വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## ഇടമലയാർ പ്രോജക്റ്റിന്റെ കീഴിൽ അങ്കമാലിയിൽ നവീകരിച്ച റോഡുകൾ

213(1003) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ പ്രോജക്റ്റിന്റെ കീഴിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി നവീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പേരും ഭരണാനുമതി നൽകിയ തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ഇനം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## കടമക്കുടി പുതുശ്ശേരിപ്പാലം

214(1004) <u>ശ്രീ. എസ്. ശർമ്മ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി പുതുശ്ശേരിപ്പാലം നിർമ്മിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി പുതുശ്ശേരിപ്പാലം നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തിക്കായി 153,00,000 രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഊർക്കടവ് പാലം

215(1005) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഊർക്കടവ് പാലത്തിന്റെ ഉപരിതലം പൊട്ടിപ്പൊളിഞ്ഞ് ഗതാഗതം ദുസ്സഹമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മേൽപ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എത്ര ദിവസത്തിനകം ഇവിടെ ഗതാഗതം പൂർവ്വസ്ഥിതിയിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിക്കുകയും 6,94,709 രൂപയ്ക്ക് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് യാതൊരു തടസ്സവുമില്ല. നാല് മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധിയെങ്കിലും തുലാവർഷം കഴിഞ്ഞ ഉടനെത്തന്നെ പ്രവൃത്തി ആരംഭിച്ച് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കാവുന്നതാണ്.

## മൂവേരിക്കര തോടിന്റെ സംരക്ഷണഭിത്തി

216(1006) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര തോടിന്റെ സംരക്ഷണഭിത്തി തകർന്നതുമൂലം വശങ്ങളിൽ താമസിക്കുന്ന വീടുകൾ അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ സംരക്ഷണഭിത്തി പുനർനിർമ്മിച്ച് വശങ്ങളിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**എടവനക്കാട് അണിയിലിൽ പുലിമുട്ട് നിർമ്മാണം**

217(1007) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവനക്കാട് അണിയിലിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് എത്ര പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് എടവനക്കാട് അണിയിൽ (സി.പി.1128-നും സി.പി. 1124-നും ഇടയിൽ) 82.50 ലക്ഷം രൂപയുടെ ഒരു പുലിമുട്ടിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ സി.പി. 1128-നും സി.പി. 1124-നും ഇടയ്ക്ക് 5 പുലിമുട്ടുകളുടെ നിർമ്മാണത്തിന് പ്ലാൻ ശീർഷകത്തിൽ സമർപ്പിച്ച എസ്റ്റിമേറ്റുകൾ ഐ.ഐ.ടി.-യുടെ പ്രദേശ നിർദ്ദിഷ്ട പഠന റിപ്പോർട്ട് സഹിതം പുനർസമർപ്പിക്കുവാൻ നടപടിയെടുത്തുവരുന്നു. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ ആവശ്യകതയും മുൻഗണനയും പരിഗണിച്ച് പ്രവൃത്തി ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാനന്തവാടി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

218(1008) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടും സാങ്കേതിക അനുമതി നൽകാത്ത പ്രവൃത്തികളുടെ പേരും ആയതിനുള്ള കാരണവും അറിയിക്കാമോ;

(ഡി) ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന മാനന്തവാടി മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ പേര് വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി * ചേർക്കുന്നു.

(സി) ഭരണാനുമതി നൽകിയിട്ടും സാങ്കേതിക അനുമതി നൽകാത്ത പ്രവൃത്തികളുടെ പേരും ആയതിനുള്ള കാരണവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) തൊണ്ടർനാട് പഞ്ചായത്തിൽ ആലക്കമിറ്റം എൽ.ഐ. സ്കീമിന്റെ നിർമ്മാണം, തവിഞ്ഞാൽ പഞ്ചായത്തിൽ തലപ്പുഴ കമ്പിപ്പാലത്ത് ചെക്ക്ഡാമിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ കാവേരി ബേസിൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അരിയല്ലൂർ പരപ്പാൽ ബീച്ച് മുതൽ മുദിയം ബീച്ച് വരെയുള്ള കടൽ സുരക്ഷാഭിത്തി

219(1009) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ൽ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ പരപ്പാൽ ബീച്ച് മുതൽ മുദിയം ബീച്ച് വരെയുള്ള കടൽ സുരക്ഷാ ഭിത്തി നിർമ്മാണത്തെ സംബന്ധിച്ച് കേരള ശാസ്ത്ര സാഹിത്യപരിഷത് ഹൈക്കോടതിയിൽ ഡബ്ല്യൂ. പി(സി)6448/09 നമ്പറായി കേസ്സ് ഫയൽ ചെയ്തിരുന്നുവോ എന്ന് അറിയിക്കുമോ;

(ബി) തുടർന്നുണ്ടായ ഹൈക്കോടതി വിധിന്യായത്തിൽ പരാതിക്കാരനെയും ഗ്രാമപഞ്ചായത്തിനെയും കോൺട്രാക്ടറെയും മറ്റു ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി ഒരു മീറ്റിംഗ് വിളിച്ചു ചേർത്ത് തീരുമാനം ഹൈക്കോടതിയെ അറിയിക്കണമെന്ന് വിധിയായിരുന്നുവോ;

(സി) 20-5-2009-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ മിനിട്സിന്റെ അടിസ്ഥാനത്തിൽ 2009 ജൂൺ 6-ന് ജലസേചന വകുപ്പ് പുറത്തിറക്കിയ ജി.ഒ.(ആർ.ടി.) നമ്പർ 529/09 പ്രകാരം നൽകിയ ഉത്തരവിൽ നിർദ്ദിഷ്ട ഏരിയയിൽ കടൽ സുരക്ഷാ ഭിത്തി നിർമ്മാണം നടത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(ഡി) 20-5-2009-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ മിനിട്സിന്റെയും ജലസേചന വകുപ്പ് പുറത്തിറക്കിയ ജി.ഒ.(ആർ. ടി.)നമ്പർ 529/09 ഉത്തരവിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) ടിപ്പുസുൽത്താൻ റോഡിന്റെ പാർശ്വഭിത്തിയെങ്കിലും അടിയന്തരമായി നിർമ്മിച്ച് തീരദേശവാസികളുടെ ബുദ്ധിമുട്ടിന് താൽക്കാലികമായ ആശ്വാസമെങ്കിലും നൽകുന്നതിന് ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുമോ;

(എഫ്) അരിയല്ലൂർ ബീച്ചിലെ കടൽ സുരക്ഷാഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ടും റോഡ് പാർശ്വഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ടും നിലനിൽക്കുന്ന പ്രതിസന്ധി ശാശ്വതമായി പരിഹരിക്കുന്നതിന് ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രതിനിധികൾ, ഗ്രാമപഞ്ചായത്ത് അധികൃതർ, ജലവിഭവ വകുപ്പിലേയും വനംവന്യജീവി വകുപ്പിലേയും ഉദ്യോഗസ്ഥർ എന്നിവരേയും മറ്റു ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുന്നതിന് ജല വിഭവ വകുപ്പ് മുൻകയ്യെടുക്കുമോ;

(ജി) ഇതുമായി ബന്ധപ്പെട്ട് 13-6-2019-ന സ്ഥലം എം.എൽ.എ. നൽകിയ പരാതിയിന്മേലും ജലവിഭവ വകുപ്പിന്റെ ഐ. ആർ 2/330/19/ഡബ്ല്യൂ. ആർ നമ്പർ ഫയലിലും എന്ത് തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേസ്സ് ഫയൽ ചെയ്തിരുന്നു.

(ബി) വിധിയായിട്ടുണ്ട്.

(സി) വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. (ലഭ്യമായ ജി.ഒ. (ആർ.ടി.) നമ്പർ 592/2009/ജ.വി.വ.)

(ഇ) ടിപ്പുസുൽത്താൻ റോഡിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്.

(എഫ്) ഈ വിഷയം ഐ.ആർ. 2/330/2019/ജ.വി.വ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

(ജി) ഫയൽ പരിശോധനയിലാണ്.

**തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ജലസേചന വകുപ്പ് പദ്ധതികൾ**

220(1010) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ ജലസേചന - ചെറുകിട ജലസേചന വകുപ്പുകൾ വഴി അനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലെ ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലായി അനുവദിച്ച തുക, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരം അനുബന്ധം* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാങ്കക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ-കം-ബ്രിഡ്ജ്

221(1011) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കാങ്കക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ-കം-ബ്രിഡ്ജിന് അനുമതി സംബന്ധിച്ച് ജലവിഭവ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കുമോ;

(ബി) എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി.-യിൽ നിന്നും പ്രൊപ്പോസൽ കിഫ്ബിയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാങ്കക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ-കം- ബ്രിഡ്ജിന് ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തീകരിച്ച് 100 കോടി രൂപയുടെ DPR-ന് 17-10-2017-ലെ സ.ഉ. (സാധാ) നമ്പർ 859/2017/ജ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ജലസേചന വകുപ്പിന്റെ SPV- ആയ KIIDC മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ അപ് സ്ട്രീം സൈഡിലുള്ള കൂട്ടക്കടവ് റെഗുലേറ്ററും 2018-ലെ പ്രളയവും കണക്കിലെടുത്ത് നടത്തിയ ബാങ്ക് സർവ്വേ പ്രകാരം ഡിസൈൻ റിവൈസ് ചെയ്ത് എസ്റ്റിമേറ്റ് KIIDC-ന് നൽകിയിട്ടുണ്ട്.

(ബി & സി) KIIDC കിഫ്ബിക്ക് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചു. കിഫ്ബിയുടെ Technical Appraisal Report പ്രകാരം റെഗുലേറ്ററിന്റെ റീഡിസൈൻ ചെയ്യേണ്ടിവന്നു. റീഡിസൈൻ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. Technical Appraisal Report-നുവേണ്ടി മറുപടി തയ്യാറാക്കിവരുന്നു. 30-10-2019-നുമുമ്പായി പ്രസ്തുത മറുപടി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു.

## പറമ്പിക്കുളം-ആളിയാർ പദ്ധതി

222(1012) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ പദ്ധതി കരാറുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതല ചർച്ചയുടെ ഭാഗമായി എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കേരളത്തിന് വന്നുചേർന്നിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകാമോ?

ഉത്തരം

(എ) അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിലെടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യാൻ തീരുമാനിച്ചു. ഇതിനായി ഇരു സംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ ഓരോ സംസ്ഥാനത്തിലെയും അഞ്ച് അംഗങ്ങൾ വീതമുള്ള ഒരു പത്തംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഈ കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കുന്നതാണ്.

i) ആനമലയാർ വഴി 2.5 ടി.എം.സി. വെള്ളം നൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം.

ii) പറമ്പിക്കുളം ആളിയാർ വ്യൂഹത്തിലെ നീരാർ-നല്ലാർ ഡൈവേർഷൻ.

iii) മണക്കടവ് വിയറിൽനിന്നും കേരളത്തിന് നൽകുന്ന വെള്ളത്തിന്റെ അളവിലും ചിറ്റൂർപ്പുഴ പ്രദേശത്തുനിന്നും കേരളത്തിന് നൽകുന്ന 2.5 ടി.എം.സി. വെള്ളത്തിന്റെ അളവിലുമുള്ള കുറവ് സംബന്ധിച്ച കാര്യങ്ങൾ.

2. ചാലിയാർ പുഴയുടെ രണ്ട് കൈവഴികൾ ഉൾപ്പെടുന്ന പാണ്ടിയാർ പുന്നപ്പുഴ പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കുന്നതിന് കേരളത്തിന്റെ KSEBL, തമിഴ്നാടിന്റെ TANGEDCO എന്നിവയിൽനിന്നുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു പ്രത്യേക അഞ്ചംഗ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

3. കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് വിലയിരുത്തുന്നതിന് രണ്ട് സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ ആറ് മാസം ഇടവിട്ട് തിരുവനന്തപുരത്തും ചെന്നൈയിലും യോഗം ചേരാൻ തീരുമാനിച്ചു.

(ബി) 1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഇരു സംസ്ഥാനങ്ങളും 29-05-1970-ൽ ഒപ്പിട്ട പി.എ.പി. കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ കരാർ പുതുക്കണമെന്ന കേരളത്തിന്റെ നിരന്തര ആവശ്യത്തോട് തമിഴ്നാട് ഇതുവരെ അനുകൂലമായി പ്രതികരിച്ചിരുന്നില്ല. കരാറിൽ കേരളത്തിന് ഉറപ്പാക്കിയിരുന്ന മണക്കടവിലേയും പറമ്പിക്കുളത്തെയും ജലത്തിന്റെ അളവ് ഉറപ്പാക്കാമെന്നും തമിഴ്നാട് അറിയിച്ചിട്ടുണ്ട്. എന്നാൽ

തമിഴ്നാട്, 25-9-2019-ൽ നടന്ന ചർച്ചയിൽ കരാർ പുതുക്കുന്ന കാര്യം സമ്മതിക്കുകയും കരാർ പുതുക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകാമെന്ന് തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. ഇത് കേരളത്തെ സംബന്ധിച്ച് ഒരു പ്രധാന നേട്ടമായി കണക്കാക്കാവുന്നതാണ്. ഇതുവഴി കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ചകൾ നടത്തി പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും കൂടുതൽ ജലം നേടിയെടുക്കുന്നതിനുള്ള സാധ്യതകളാണ് കേരളം ആരായുന്നത്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന നവീകരണ പ്രവർത്തനങ്ങൾ

223(1013) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജലവിഭവ വകുപ്പ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന, നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും അടങ്കൽ തുകയും പ്രവൃത്തിയുടെ തൽസ്ഥിതിയും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കാര്യാലയത്തിൽ ഷൊർണ്ണൂർ ഡിവിഷന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി 2016-17-ൽ ഷൊർണ്ണൂർ നഗരസഭയ്ക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി 20 എം.എൽ.ഡി. ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ഷൊർണ്ണൂർ ജലശുദ്ധീകരണശാല മുതൽ കുളപ്പുള്ളിയിൽ നിലവിലുള്ള ഉന്നതതല ജലസംഭരണിയിലേയ്ക്കുള്ള ശുദ്ധജല പമ്പിംഗ് മെയിനും പൂർത്തീകരിച്ചിട്ടുണ്ട്. 35 കോടി അടങ്കൽ തുകയ്ക്ക് ഭരണാനുമതി ലഭിച്ച ഈ പദ്ധതി 29-5-2019-ന് കമ്മീഷൻ ചെയ്തു. ഇതുകൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തി പാലത്തിന് സമീപത്തായി ചെക്ക് ഡാമിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് ഷൊർണ്ണൂർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മണ്ഡലത്തിലെ 3 പ്രവൃത്തികൾക്ക് കിഫ്ബിയുടെ ധനസഹായാനുമതി 2016-17-ൽ ലഭിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഇതുകൂടാതെ ഷൊർണ്ണൂർ ഡിവിഷന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ്ബി പദ്ധതിയുടെ അടങ്കൽതുക 3500 ലക്ഷം രൂപയാണ്. ഇതുവരെ 2435.65 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്. മറ്റ് പദ്ധതികളുടെ തൽസ്ഥിതി അനുബന്ധത്തിൽ (3.4) പ്രതിപാദിച്ചിട്ടുണ്ട്.

ജലനിധി സുസ്ഥിരത പദ്ധതിയിലുൾപ്പെടുത്തിയ താഴെപ്പറയുന്ന 3 സ്കീമുകൾക്ക് TS നൽകുകയും ആദ്യഗഡു സർക്കാർ വിഹിതം ഗ്രാമപഞ്ചായത്തിലേയ്ക്ക് നൽകുകയും ചെയ്തു. പ്രവൃത്തികളുടെ ദർഘാസ് നടപടികൾ നടന്നുവരുന്നു.

| സ്കീം | അടങ്കൽ (രൂപ) |
|---|---|
| അമൃത | 280025 |
| അമൃതധാര | 309235 |
| സൗപർണ്ണിക | 250700 |

താഴെപ്പറയുന്ന 4 സ്കീമുകൾ പുനരുദ്ധരിക്കുന്നതിന് സർക്കാരിൽനിന്നും അനുവാദം ലഭിച്ചിട്ടുണ്ട്. ടി തുകയുടെ പ്രാഥമിക എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇനി ഗ്രാമപഞ്ചായത്തിൽനിന്നും AS-ഉം ജലനിധിയിൽനിന്നും TS-ഉം നൽകേണ്ടതുണ്ട്. ആയതിനുള്ള പ്രവർത്തനം നടന്നുവരുന്നു. എസ്റ്റിമേറ്റ് തുക ചുവടെ ചേർക്കുന്നു:

| സ്കീം | അടങ്കൽ (രൂപ) |
|---|---|
| അക്ഷയ | 1108000 |
| അനുഗ്രഹ | 881000 |
| ജലവാഹിനി | 1626000 |
| പമ്പ | 676000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൃക്കടേരി ഗ്രാമപഞ്ചായത്തിലെ മഴവെള്ള സംഭരണ-ഭൂജലപരിപോഷണം പദ്ധതിയുടെ അടങ്കൽതുക 1,54,16,000 രൂപയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

നെല്ലായ ഗ്രാമപഞ്ചായത്തിലെ പദ്ധതിയുടെ അടങ്കൽതുക 62 ലക്ഷം രൂപയാണ്. 2019 നവംബർ ആദ്യവാരത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ പ്രോജക്ട് 1 കാര്യാലയത്തിൻകീഴിൽ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട കനാലുകളുടെ വാർഷിക അറ്റകുറ്റപ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | പ്രവൃത്തികളുടെ എണ്ണം | അടങ്കൽതുക (ലക്ഷം) | പുരോഗതി |
|---|---|---|---|
| 2018-19 | 26 | 84.2 | 24 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 2017-18 | 8 | 16.2 | പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 2016-17 | 6 | 23.7 | പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| SDRF പദ്ധതി | 49 | 262.94 | |

ഭൂജല വകുപ്പ് പാലക്കാട് ജില്ലാ ഓഫീസ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിവരുന്ന ചെറുകിട കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ചാലക്കുടിപ്പുഴയുടെ തീരസംരക്ഷണം**

224(1014) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ ചാലക്കുടിപ്പുഴയുടെ തീരങ്ങൾ ഇടിഞ്ഞുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊമ്പൻപാറക്കടവ് തടയണയുടെ അറ്റകുറ്റപ്പണികൾക്കും ചാലക്കുടിപ്പുഴയുടെ തീരസംരക്ഷണത്തിനുമായി SDRF-ൽ ഉൾപ്പെടുത്തി 138.80 ലക്ഷം രൂപയുടെ 11 പ്രവൃത്തികൾ കൂടാതെ 48.20 ലക്ഷം രൂപയുടെ 2 പ്രവൃത്തികളും 20.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്കും Non plan(FD) H/A-ൽ 20.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയും ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത 15 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ 3 തവണ വീതം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ടി പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിലുൾപ്പെടുന്ന ചാലക്കുടിപ്പുഴയിലുള്ള ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് SDRF-ൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ FC-PLAN ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ മറ്റൊരു പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## പൂനൂർപുഴയ്ക്ക് കുറുകെ പാലം

225(1015) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പൂനൂർ പുഴയ്ക്കുകുറുകെ പറമ്പിൽ ബസാർ - പൂളക്കടവ് എന്നീ പ്രദേശങ്ങളെത്തമ്മിൽ ബന്ധിപ്പിച്ച് പാലം നിർമ്മിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ;

(സി) പാലം നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-10-2018-ലെ സ.ഉ. (ആർ.ടി.) നമ്പർ 780/2018/ജ.വി.വ. മുഖേന കോഴിക്കോട് ജില്ലയിൽ പൂനൂർ പുഴയ്ക്കുകുറുകെ പറമ്പിൽബസാർ പൂളക്കടവിൽ KWA പമ്പ് ഹൗസിനുസമീപം ഒരു റെഗുലേറ്റർ കം ബ്രിഡ്ജ്, ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേന നിർമ്മിക്കുന്നതിനുള്ള അനുമതി തത്വത്തിൽ അംഗീകരിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത ആർ.സി.ബി. സംബന്ധിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് കിഫ്ബി നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശപ്രകാരം തയ്യാറാക്കുന്ന

നടപടികൾ ത്വരിതവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആയത് ഈ മാസം 31-ന് (31-10-2019) മുമ്പായി പൂർത്തീകരിക്കുവാൻ KIIDC അറിയിച്ചിട്ടുണ്ട്.

(ബി) 30 കോടി രൂപയുടെ അനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കിഫ്ബി നിഷ്കർഷിക്കുന്ന രീതിയിലുള്ള മാർഗ്ഗനിർദ്ദേശം പിന്തുടർന്ന് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിന്റെ കാലതാമസം മാത്രമാണ് നേരിടുന്നത്.

## കോതമംഗലം വള്ളക്കടവ് പാലത്തിന്റെ അപ്രോച്ച്റോഡ്

226(1016) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം, കളവങ്ങാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വള്ളക്കടവ് പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടും അപ്രോച്ച് റോഡ് ടാറിംഗ് നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് ടാറിംഗ് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിൽ നിന്നും 2017/5125/ ഐ. എ. നമ്പറിൽ പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി വീണ്ടും അയയ്ക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുള്ളത് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) നിരവധി വാഹനങ്ങൾ കടന്നു പോകുന്നതും നൂറ് കണക്കിന് യാത്രക്കാർ ഉപയോഗിക്കുന്നതുമായ പ്രസ്തുത അപ്രോച്ച് റോഡിന്റെ ടാറിംഗ് നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി - ഡി) പ്രസ്തുത അപ്രോച്ച് റോഡിന്റെ ടാറിംഗിനായി ലഭിച്ച എസ്റ്റിമേറ്റ് അപാകതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് മടക്കി നൽകിയിരുന്നുവെങ്കിലും ലഭ്യമായിട്ടില്ല.

റോഡ് ടാറിംഗ് പണികൾ ജലസേചന വകുപ്പിന്റെ മുൻഗണനാ ക്രമത്തിൽ പ്രഥമ പരിഗണന അർഹിക്കുന്നവയല്ല. എന്നിരുന്നാലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പ്രവൃത്തി നടപ്പിലാക്കുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഇറിഗേഷൻ ഭൂമിയിലെ പകൽ വീട് നിർമ്മാണം

227(1017) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഇറിഗേഷൻ ഭൂമിയിൽ നടത്തി വന്ന പകൽ വീട് നിർമ്മാണം തുടരുന്നതിനായി നൽകിയ നിവേദനം 20-12-2018-ന് 1302/M(WR)VIP/2018 എന്ന നമ്പർ പ്രകാരം ചീഫ് എഞ്ചിനീയർ (I&A) ക്ക് നൽകിയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ നമ്പറും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ തൃക്കടീരി പഞ്ചായത്തിലെ ഭൂതക്കാട് പ്രദേശത്ത് ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയുള്ള പകൽവീട് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം കോഴിക്കോട് പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ കാര്യാലയവുമായി ബന്ധപ്പെട്ടതാകയാൽ ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കാര്യാലയത്തിലെ 16-1-2019-ലെ കത്ത് നമ്പർ PL3/ Mon/35197/ 12Vo.IV/പ്രകാരം നിവേദനം പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ, കോഴിക്കോടിന് നൽകുകയും അതിന്മേലുള്ള റിപ്പോർട്ട് ഇ 4-486/2019 (എ) തീയതി 1-8-2019 നമ്പർ കത്തുമുഖേന പദ്ധതിവിഭാഗം 1 ചീഫ് എഞ്ചിനീയറിന്റെ കാര്യാലയത്തിൽനിന്നും സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഐ.ആർ.1/220/2019/ജ.വി.വ. എന്ന ഫയലിൽ പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

## നാട്ടരങ്ങ് പദ്ധതി

228(1018) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന്റെ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് പമ്പ ഇറിഗേഷൻ പ്രോജക്ടിൽനിന്ന് എൻ.ഒ.സി. നല്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

സാംസ്കാരിക വകുപ്പിന്റെ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽവരുന്ന റീസർവേ 556/04-ൽപ്പെട്ട 30 സെന്റ് പി.ഐ.പി. വക സ്ഥലത്ത് നാട്ടരങ്ങ് പദ്ധതിക്കുവേണ്ടി ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്കുവിധേയമായി നിരാക്ഷേപപത്രം നൽകാൻ 31-8-2019-ലെ ഐ.ആർ1/130/2019/ ജ.വി.വ കത്തുപ്രകാരം ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2 ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

1. പി.ഐ.പി. ഇടതുകര മെയിൻ കനാലിന്റെ വെട്ടിയാർ വില്ലേജോഫീസിന് പുറകുവശം കൊട്ടമുക്കിന് സമീപമുള്ള കട്ട് ആന്റ് കവർ-ന്റെ സ്ഥലത്ത് അടിഭാഗത്തുകൂടി പോകുന്ന കട്ട് ആന്റ് കവർ ഭാഗം ഒഴിവാക്കി കനാൽ സ്ട്രക്ചറുകൾക്ക് ബലക്ഷയം സംഭവിക്കാത്ത രീതിയിൽ കനാലിന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്ത ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം നടത്തേണ്ടതാണ്.

2. ജലസേചന വകുപ്പ് ആവശ്യപ്പെടുമ്പോൾ സ്ഥലം തിരികെ ലഭ്യമാക്കേണ്ടതാണ്.

## കടമ്പഴിപ്പുറത്ത് 33 കെ.വി. സബ്സ്റ്റേഷന് ജലവിഭവ വകുപ്പിന്റെ സ്ഥലം

229(1019) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പഴിപുറത്ത് കെ.എസ്.ഇ.ബി.യുടെ 33 കെ.വി.സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കൈമാറ്റത്തിനായുള്ള നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ അപേക്ഷ ജലവിഭവ വകുപ്പിൽ എന്നാണ് ലഭിച്ചത്; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; സ്ഥലം എന്ന് കൈമാറി നൽകുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) 23-8-2018-ലാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ അപേക്ഷ ജലവിഭവ വകുപ്പിൽ ലഭിച്ചത്. അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭ്യമായി പരിശോധിച്ചതിനുശേഷമേ സ്ഥലം കൈമാറി നൽകുന്നതുസംബന്ധിച്ച് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

## മാവുള്ളപൊയിൽ വി.സി.ബി.കം-ബ്രിഡ്ജിന് ഭരണാനുമതി

230(1020) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം - കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാവുള്ളപൊയിൽ വി.സി.ബി. കം-ബ്രിഡ്ജിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് നടപ്പുസാമ്പത്തികവർഷം ഭരണാനുമതി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ മാവുള്ളപൊയിൽ വി.സി.ബി.-യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രായോഗികതയും പ്രയോജനവും കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കുഴൽക്കിണറുകളുടെ നിർമ്മാണം

231(1021) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിക്കേണ്ടതുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഭൂഗർഭ ജലവിഭവ വകുപ്പ് മുഖേന കുഴൽക്കിണറുകൾ നിർമ്മിച്ചു നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ആരെയാണ് സമീപിക്കേണ്ടത്; നിരക്കുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കുഴൽക്കിണർ നിർമ്മിച്ചു നൽകുന്നതിന് ഭൂഗർഭ ജല വകുപ്പിന് ഓരോ ജില്ലയിലും എത്ര യന്ത്രം വീതമുണ്ട്; ഇവയിൽ പ്രവർത്തനക്ഷമമല്ലാത്തവയുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഡി) ഭൂഗർഭ ജലസ്രോതസ്സുകൾക്ക് ആവശ്യക്കാർ കൂടുതൽ ഉള്ളതിനാലും, സ്വകാര്യ കുഴൽക്കിണർ നിർമ്മാതാക്കൾ ഇരട്ടിത്തുകയിലേറെ വാങ്ങി ജനങ്ങളെ ചൂഷണം ചെയ്യുന്നതിനാലും, കൂടുതൽ പ്രവർത്തനക്ഷമമായ യന്ത്രങ്ങൾ എല്ലാ ജില്ലകളിലും ഏർപ്പെടുത്തി, കുറഞ്ഞ നിരക്കിൽ കിണർ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾപ്രകാരം സംസ്ഥാനത്ത് കുഴൽക്കിണർ/ ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജല വകുപ്പിന്റെ ക്ലിയറൻസും 10-1-2014 മുതൽ നിർബന്ധമാണ്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്.

(ബി) ഉണ്ട്. ഭൂഗർഭ ജലവിഭവ വകുപ്പുമുഖേന കുഴൽക്കിണറുകൾ നിർമ്മിച്ചുനൽകുന്നതിന് ഭൂജല വകുപ്പിന്റെ അതാത് ജില്ലാ ഓഫീസുകളെ സമീപിക്കാവുന്നതാണ്. കുഴൽക്കിണർ നിർമ്മാണത്തിനുള്ള നിരക്ക് താഴെപ്പറയും പ്രകാരമാണ്:

| ക്രമനമ്പർ | തരം | നിരക്ക് |
|---|---|---|
| 1 | 4.5" കുഴൽക്കിണർ | Rs.390/m+ പൈപ്പിന്റെ വില |
| 2 | 6" കുഴൽക്കിണർ | Rs.665/m+പൈപ്പിന്റെ വില |
| 3 | ഫിൽറ്റർ പോയിന്റ് കിണർ | Rs.255/m+പൈപ്പിന്റെ വില |
| 4 | ഫിൽറ്റർ പോയിന്റ് വെൽ | Rs.255/m+പൈപ്പിന്റെ വില |
| 5 | ട്യൂബ് വെൽ (എ) 6 ഇഞ്ച് (dia) ൽ well assembly (ബി) 6 ഇഞ്ച് (dia) ൽ കൂടുതലുള്ള well assembly | Rs.2315/m+പൈപ്പിന്റെ വില<br>Rs.2980/m+പൈപ്പിന്റെ വില |

(സി)

| ക്രമ നമ്പർ | ജില്ല | റിഗ്ഗുകളുടെ എണ്ണം | റിപ്പയർ ആയവയുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 4 | 3 |
| 2 | കൊല്ലം | 7 | 1 |
| 3 | പത്തനംതിട്ട | 2 | |
| 4 | ആലപ്പുഴ | 4 | |
| 5 | എറണാകുളം | 1 | |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഇടുക്കി | 1 | |
| 7 | കോട്ടയം | 5 | |
| 8 | തൃശ്ശൂർ | 2 | |
| 9 | പാലക്കാട് | 1 | |
| 10 | മലപ്പുറം | 1 | |
| 11 | കോഴിക്കോട് | 2 | |
| 12 | വയനാട് | 2 | 1 |
| 13 | കണ്ണൂർ | 1 | |
| 14 | കാസർഗോഡ് | 1 | 1 |
| | ആകെ | 34 | 6 |

(ഡി) 2019-20 സാമ്പത്തിക വർഷത്തിൽ 12 പുതിയ റിഗുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സർക്കാരിന്റെ നിലവിലുള്ള നിശ്ചിത നിരക്കനുസരിച്ച് വകുപ്പ് കുഴൽക്കിണർ നിർമ്മാണം നടത്തിവരുന്നു.

**കുടിവെള്ള ചാർജ്ജ് പിരിച്ചെടുക്കാൻ നടപടി**

232(1022) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിക്കാതെ കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ കമ്മി നികത്താനായി കുടിശ്ശികയായിട്ടുള്ള കുടിവെള്ള ചാർജ്ജ് പിരിച്ചെടുക്കാൻ ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ; ഗാർഹിക ഗാർഹികേതര ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സ്ഥാപന ശാക്തീകരണത്തിന് ഐ. ഐ. എം. ബാംഗ്ലൂർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകളിൽ പ്രായോഗികമായവ ജീവനക്കാരെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പ്രാബല്യത്തിലാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കുപ്പിവെള്ള വിപണിയിലെ കടുത്ത ചൂഷണം അവസാനിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിരുന്നതും എന്നാൽ കഴിഞ്ഞ സർക്കാർ മരവിപ്പിച്ചതുമായ അരുവിക്കര കുപ്പിവെള്ള ഫാക്ടറിയുടെ നിലവിലെ സ്ഥിതിയന്തെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. തുക അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് കൃത്യമായി ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും തുക അടയ്ക്കാത്തപക്ഷം ജലവിതരണം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിശ്ശിക തീർപ്പാക്കാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കിവരുന്നു. പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയുടെ (പലിശയും പിഴപ്പലിശയും ഉൾപ്പെടെ) വിവരം ചുവടെചേർക്കുന്നു.

| | | |
|---|---|---|
| ഗാർഹികം | - | 242.71 കോടി രൂപ |
| ഗാർഹികേതരം | - | 858.89 കോടി രൂപ |
| വ്യാവസായികം | - | 9.94 കോടി രൂപ |
| ആകെ | - | 1111.54 കോടി രൂപ |

(ബി) വാട്ടർ അതോറിറ്റിയുടെ സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ് റീഎഞ്ചിനീയറിംഗും ഫിനാൻഷ്യൽ റീഎഞ്ചിനീയറിംഗും നടപ്പിലാക്കണമെന്ന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ ശിപാർശ ചെയ്തിരുന്നു.

മേൽപ്പറഞ്ഞ റിപ്പോർട്ട് സ്ഥാപനശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.
2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.
3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.
4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.
5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.

6. അറ്റകുറ്റപ്പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേമെന്റ് സംവിധാനവും കംപ്ലെയിന്റ് റിഡ്രസ്സൽ സിസ്റ്റവും ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

(സി) അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കുപ്പിവെള്ള നിർമ്മാണ പ്ലാന്റിന്റെ ശേഷിക്കുന്ന നടപടികൾ പൂർത്തീകരിച്ച് അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനമടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ ഏൽപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

233(1023) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതി, കാരോട് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അതിയന്നൂർ-കോട്ടുകാൽ, കാരോട് കുടിവെള്ള പദ്ധതികളുടെ ഡി.പി.ആർ. പ്രകാരം ടെൻഡർ നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ പ്രവൃത്തികൾക്കാണ് ആദ്യം ടെൻഡർ നടപടി പൂർത്തീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) കാരോട് കുടിവെള്ള പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കാൻ തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; അനുവദിച്ചെങ്കിൽ എത്ര തുകയാണ് അനുവദിച്ചതെന്നും, ഇല്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിക്ക് 25.49 കോടി രൂപയും കാരോട് കുടിവെള്ള പദ്ധതിക്ക് 89.19 കോടി രൂപയും കിഫ്ബിയിൽനിന്നും ധനസഹായാനുമതി ലഭിച്ചിട്ടുണ്ട്.

അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. എന്നാൽ ടി പദ്ധതിക്കായി പാതിരാശ്ശേരിക്കടവിൽ 10 സെന്റും ഹോമിയോ ആശുപത്രിക്കടുത്തായി 75 സെന്റ് സ്ഥലവും അതിയന്നൂർ പഞ്ചായത്ത് ജല അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്.

കാരോട് കുടിവെള്ള പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. എന്നാൽ ടി പദ്ധതിക്കായി കാരോട് പഞ്ചായത്ത് അഞ്ചാരിക്കോണം സ്കൂളിന് സമീപം 15 സെന്റും കുളത്തൂർ പഞ്ചായത്ത് മാവിളക്കടവിൽ 10 സെന്റും കുളത്തൂരിലെ സർക്കാർ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സമീപം 15 സെന്റും സ്ഥലങ്ങൾ ജല അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്. കൂടാതെ പൊൻവിളയിൽ 2 ഏക്കർ സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

മേൽപ്പറഞ്ഞ ഭൂമി കൈമാറുന്ന മുറയ്ക്കേ പ്രസ്തുത പദ്ധതികൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പൂർണ്ണമാവുകയുള്ളൂ.

(ബി) സാധാരണഗതിയിൽ ടെണ്ടർ നടപടികൾ എപ്പോൾ ആരംഭിക്കും എന്നത് DPR-ൽ പറയാറില്ല. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സാങ്കേതികാനുമതി നൽകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സാധിക്കുന്നതാണ്.

(സി) പദ്ധതികളുടെ മുഴുവൻ ഘടകങ്ങളുടെയും പ്രവൃത്തികൾ ഒരുമിച്ച് ടെണ്ടർ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) കാരോട് കുടിവെള്ള പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 10.25 കോടി രൂപ പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും കിഫ്ബി തുക അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് പൊൻവിളയിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൈകാര്യ ചെലവിനത്തിലും ആനുഷാംഗിക ചെലവിനത്തിലുമായി 37,29,995 രൂപ ഒടുക്കുവാനുള്ള അറിയിപ്പ് സ്പെഷ്യൽ തഹസീൽദാരുടെ

കാര്യാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇത് വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചർ (WBS- പേമെന്റുമായി ബന്ധപ്പെട്ടത്) ആക്കി കിഫ്ബി PFMS (Public Financial Management System) പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**സമഗ്ര കുടിവെള്ള പദ്ധതി**

234(1024) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ സമഗ്ര കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) തീരസംരക്ഷണത്തിനനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ CWSS to കരുനാഗപ്പള്ളി, ഓച്ചിറ ആലപ്പാട് എന്ന സമഗ്ര കുടിവെള്ള പദ്ധതിയാണുള്ളത്. ഈ പദ്ധതിയിൽനിന്നും ആവശ്യാനുസരണം ജലം ലഭ്യമാകാത്ത 1, 2, 3 വാർഡുകളിലേയ്ക്ക് കുഴൽക്കിണർ വഴിയും കുടിവെള്ളം വിതരണം ചെയ്യുന്നു.

(ബി) CWSS to കരുനാഗപ്പള്ളി, ഓച്ചിറ ആലപ്പാട് എന്ന പദ്ധതിയിൽ നിന്നും ആലപ്പാട് ഗ്രാമപഞ്ചായത്തിലേയ്ക്ക് കുടിവെള്ളം വിതരണം ചെയ്യുന്നുവെങ്കിലും 1, 2, 3 വാർഡുകളിൽ ജലലഭ്യത കുറവുള്ളതിനാൽ കുഴൽക്കിണറുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ കുഴൽക്കിണറുകളിലെ ജലത്തിൽ ഇരുമ്പിന്റെ അംശം കൂടുതലാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ജലലഭ്യത കുറവുള്ളതുകൊണ്ട് ഓച്ചിറ ശുദ്ധീകരണ ശാലയിൽനിന്നും മൽസ്യത്തൊഴിലാളികൾ അധിവസിക്കുന്ന ആലപ്പാട് പഞ്ചായത്തിലെ ടി വാർഡുകളിലേയ്ക്ക് നേരിട്ട് ജലമെത്തിക്കുന്നതിനായി 7.24 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 1-10-2019-ൽ ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

(സി) 15-6-2019-ലെ സ.ഉ. (സാധാ) 21/2019/ജ.വി.വ. പ്രകാരം കൊല്ലം ജില്ലയ്ക്ക് അനുവദിച്ച 2.5 കോടി രൂപയിൽ ആലപ്പാട് പഞ്ചായത്തിൽ ജിയോബാഗ് ഉപയോഗിച്ച് തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 136.10 ലക്ഷം രൂപ അനുവദിക്കുകയും അതിൽ ജിയോ ബാഗിന്റെ സപ്ലൈ ഇനത്തിൽ 28,89,347 രൂപ ചെലവഴിച്ചിട്ടുമുണ്ട്. കൂടാതെ നോൺ പ്ലാനിൽ 45 ലക്ഷം രൂപയുടെ 3 പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

**കിഫ്ബി മുഖേന കുടിവെള്ള പദ്ധതി**

235(1025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുവാൻ തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബിയിൽനിന്നും 56.89 കോടി രൂപയുടെ ധനസഹായാനുമതി ലഭ്യമാകുകയും ചെയ്തു. കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം ചെറുതാഴം, ഏഴിമല നേവൽ അക്കാദമി എന്നിവിടങ്ങളിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ ആദ്യഘട്ടമായി രണ്ട് ഉന്നതതല ജലസംഭരണികൾ, ഗ്രാവിറ്റി മെയിൻ എന്നിവ ഉൾപ്പെടുത്തി ടെണ്ടർ വിളിച്ച് 16-10-2019-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**ജലനിധി കുടിവെള്ള പദ്ധതി**

236(1026) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി ഗ്രാമപഞ്ചായത്തിലെ ജലനിധി ഏറ്റെടുത്ത കുമ്മള്ളി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) 92-ഓളം ഗുണഭോക്താക്കളുള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ നിലവിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ പാവപ്പെട്ട ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതം തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി എടച്ചേരി ഗ്രാമപഞ്ചായത്തിൽ 37 ചെറിയ കുടിവെള്ള വിതരണ പദ്ധതികളാണ് നടപ്പിലാക്കിയത്. അതിൽ ഒരു പദ്ധതിയായ കുമ്മള്ളി -മുല്ലപ്പള്ളി പദ്ധതിയിൽ ജലവിതരണം ആരംഭിച്ച സമയത്തുതന്നെ കുടിവെള്ളത്തിന് ഗുണനിവാര പ്രശ്നം ബോധ്യപ്പെട്ടതിനാൽ ടി പദ്ധതിയിൽനിന്നുമുള്ള പമ്പിംഗ് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) കുടിവെള്ളത്തിന്റെ ഗുണനിലവാര പ്രശ്നമാണ് നിലവിലെ തടസ്സം.

(സി) ജലഗുണനിലവാര പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വാട്ടർ ട്രീറ്റ്മെന്റിനായി എയ്റേഷൻ സംവിധാനം ഒരുക്കിയെങ്കിലും ഗുണനിലവാര പ്രശ്നം പരിഹൃതമായില്ല. തുടർന്ന് പദ്ധതിയിൽ അംഗങ്ങളായ ടി സമിതിയിലെ മുഴുവൻ കുടുംബങ്ങൾക്കും അവരവരുടെ വീടുകളിൽത്തന്നെ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള വാട്ടർ ഫിൽട്ടർ യൂണിറ്റായ ടെറാഫിൽ യൂണിറ്റുകൾ നൽകുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മേൽവിവരിച്ച സംവിധാനങ്ങൾവഴി ജലഗുണനിലവാര പ്രശ്നങ്ങൾ പരിഹരിച്ച് ജലവിതരണം ഉടനടി പുനരാരംഭിക്കുവാൻ സാധിക്കും.

**താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

237(1027) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടമായ ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രോജക്ട് സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ;

(ബി) താനൂർ മുനിസിപ്പാലിറ്റിയിലും സമീപത്തെ അഞ്ച് പഞ്ചായത്തുകളിലേക്കുമുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ;

(സി) കിഫ്ബി പദ്ധതിയായ തിരൂർ- കടലുണ്ടി ബിഎംബിസി റോഡിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ വർക്ക് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഡി) താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടമായ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുടെ 202 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) താനൂർ മുനിസിപ്പാലിറ്റിയിലും സമീപത്തെ അഞ്ച് പഞ്ചായത്തുകളിലേയ്ക്കുമുള്ള സമ്പൂർണ്ണ കുടിവെള്ള പദ്ധതി നാല് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

പാക്കേജ് 1. കിണറിന്റെ നിർമ്മാണവും റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരണ ഘട്ടത്തിലാണ്. (98%)

പാക്കേജ് 2. ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

പാക്കേജ് 3. ഇലക്ട്രോ മെക്കാനിക്കൽ ഘടകങ്ങളുടെ പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചു.

പാക്കേജ് 4. 63 ലക്ഷം ലിറ്റർ, 18 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണികളുടെ നിർമ്മാണം ഉൾപ്പെട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭരണാനുമതി ലഭിച്ച നിലവിലെ പദ്ധതിയിൽ തിരൂർ കടലുണ്ടി ബി.എം.ബി.സി. റോഡിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവൃത്തുക്കുകൂടി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) ഭരണാനുമതി ലഭിച്ച് ഇപ്പോൾ നടന്നുവരുന്ന താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഘടകങ്ങൾ 2021 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## മാവൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി

238(1028) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ താത്തൂർപൊയിൽ, ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ കുടിവെള്ള പദ്ധതി മൈക്രോ ഇറിഗേഷന് വേണ്ടി മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച പ്രൊപ്പോസലിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)നിലവിൽ താത്തൂർപൊയിൽ പമ്പ് ഹൗസ് വാട്ടർ അതോറിറ്റിയുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നില്ല. പ്രസ്തുത കുടിവെള്ള പദ്ധതി കൈമാറുന്നതിന് മേഖലാ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കി വാട്ടർ അതോറിറ്റി ബോർഡിന്റെ തീരുമാനത്തിന് വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## ജപ്പാൻ കുടിവെള്ള പദ്ധതി

239(1029) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടാത്ത ചാത്തമംഗലം, മാവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കാൻ വേണ്ടി പൈപ്പ് ലൈനുകൾ നീട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ.സി.പി.സി കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത 57 പഞ്ചായത്തുകളുണ്ട്.

(ബി) മാവൂർ പഞ്ചായത്തിനുവേണ്ടി കൂളിമാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും ജലവിതരണം നടത്തിവരുന്നു. ചാത്തമംഗലം പഞ്ചായത്തിനുവേണ്ടി നിലവിലുള്ള ചാത്തമംഗലം സ്കീമിൽനിന്നും ജലവിതരണം നടത്തിവരുന്നു. ഈ രണ്ട് പഞ്ചായത്തുകളിലും പുതിയ വിതരണ ശൃംഖലയും ഉള്ളവ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൂടി ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന "മുക്കം, കൊടുവള്ളി മുനിസിപ്പാലികൾക്കും സമീപ പഞ്ചായത്തുകൾക്കും കൂടിയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ" ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 123 കോടി രൂപയുടേതാണ്. RKI-യുടെ ഒന്നാംഘട്ടത്തിൽ വാട്ടർ റിസോഴ്സസ് വകുപ്പിന് 400 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി പ്രതീക്ഷിക്കുന്നതിൽ കേരള ജല അതോറിറ്റിക്ക് വകയിരുത്തിയിട്ടുള്ളത് 256.6 കോടി രൂപയാണ്. RKI-യുടെ ഒന്നാംഘട്ടത്തിൽ രൂക്ഷമായി പ്രളയം ബാധിച്ച ഏഴ് ജില്ലകളിലെ പദ്ധതികൾ മാത്രമാണ് പരിഗണിച്ചത്. ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കിയപ്പോൾ ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയായതും വിതരണ ശൃംഖല മതിയായ രീതിയിൽ ഇല്ലാത്തതും ഒട്ടും ഇല്ലാത്തതുമായ 128 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇവ പൂർത്തീകരിക്കുന്നമുറയ്ക്ക് പദ്ധതിയുടെ തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്ക് ഒരു കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അനുബന്ധ നടപടികൾ സ്വീകരിച്ചുവരുന്നു.

## ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

240(1030) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇതിനകം എത്ര പദ്ധതികളാണ് പ്രഖ്യാപിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(സി) പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ഡി) തിരുവനന്തപുരം നഗരത്തിൽ നിലവിലുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, നബാർഡ്, NRDW, റീബിൽഡ് കേരള എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നുണ്ട്. കേരള ജല അതോറിറ്റി നിലവിൽ 1058 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 18793923 ജനങ്ങൾക്ക് 25.36 ലക്ഷം കണക്ഷനുകളിലൂടെയും 2.036 ലക്ഷം പൊതു ടാപ്പുകൾ വഴിയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു. നിലവിൽ കേരള ജല അതോറിറ്റിയിൽ 2840 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് പ്രതിദിനം വിതരണം ചെയ്യുന്നത്. നദികൾ സ്രോതസ്സായുള്ള പദ്ധതികളിൽ നിലവിലുള്ള തടയണകളിൽ ഷട്ടറുകൾ ഘടിപ്പിച്ചോ താൽക്കാലിക തടയണകൾ നിർമ്മിച്ചോ ആണ് ജലലഭ്യത ഉറപ്പുവരുത്തുന്നത്. കൂടാതെ ലവണജലത്തിന്റെയും ഓരു ജലത്തിന്റെയും കടന്നുകയറ്റം തടയുന്നതിന് താൽക്കാലിക തടയണ ആവശ്യമായ സ്ഥലങ്ങളിൽ അവ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കിണറുകൾ സ്രോതസ്സായ ചെറുകിട പദ്ധതികളിൽ ചില സ്ഥലങ്ങളിൽ ഭൂഗർഭജലത്തിന്റെ നിരപ്പ് കുറയുന്നതിനാൽ പുതിയ കിണർ കുഴിക്കുകയോ ജലലഭ്യതയുള്ള മറ്റേതെങ്കിലും സ്കീമിൽനിന്നും വിതരണശൃംഖല ബന്ധിപ്പിച്ച് ജലം ലഭ്യമാക്കുകയോ ചെയ്യാറുണ്ട്. നിലവിൽ 6 കോർപ്പറേഷനുകളിൽ എല്ലായിടവും 87 മുനിസിപ്പാലിറ്റികളിൽ 77 എണ്ണവും 940 ഗ്രാമപഞ്ചായത്തുകൾ ഉള്ളതിൽ 655-ലും കേരള വാട്ടർ അതോറിറ്റി പദ്ധതികൾവഴി (പൂർണ്ണമായോ ഭാഗികമായോ) ജലവിതരണം നടത്തിവരുന്നു. കൂടാതെ ജലവിതരണ ശൃംഖലയിലെ ചോർച്ചവഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തിവരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെ കീഴിലും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജലചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം നഗരത്തിൽ 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നു. ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സംസ്ഥാന പദ്ധതി, അമൃത്, കിഫ്ബി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി, എം.എൽ.എ., എം.പി ഫണ്ട് എന്നിവ ഉപയോഗിച്ചുവരുന്നു. പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും ജില്ലാതലത്തിലും ഡിവിഷൻ തലത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ടോൾ ഫ്രീ നമ്പർ ആയ 1916, Quick payment, Online payment എന്നിവയും ഏർപ്പാടാക്കിയിട്ടുണ്ട്.

വൈദ്യുതിചാർജ്ജ് കുറയ്ക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ മൂങ്കിൽമടയിൽ 6 MW സോളാർ പവർ ഉൽപ്പാദനം ലക്ഷ്യമിട്ട് 50 കോടിയുടെ പദ്ധതിയും energy audit-ലൂടെ പമ്പ് സെറ്റുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി 6 കോടി രൂപയുടെ പ്രൊപ്പോസലുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഒന്നാംഗഡുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് HLEC-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ജോലിഭാരം കുറയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് മികച്ച രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി ഓഫീസുകളുടെയും ജീവനക്കാരുടെയും പുനർവിന്യാസവും നടത്തിവരുന്നു.

സംസ്ഥാനത്തെ ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനും എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന്റെയും ഭാഗമായി ഇപ്പോൾ ജല അതോറിറ്റിയിൽ 9647.663 കോടി രൂപയുടെ (നബാർഡ് - 736.65, സ്റ്റേറ്റ് പ്ലാൻ - 1774.93, NRDWP - 1444.08, JNNURM - 83.38, JICA - 206.21, കിഫ്ബി - 4351.553, അമൃത് - 1050.86) പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിൽ ചില പദ്ധതികൾ പൂർത്തീകരിച്ചെങ്കിലും ഫിനാൻഷ്യൽ ക്ലോഷർ ആയിട്ടില്ല.

(ബി) കിഫ്ബിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

(സി) 2016 -17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിവഴി നടപ്പിലാക്കാനായി വാട്ടർ അതോറിറ്റിയുടെ 11 സർക്കിളുകളിലെ പദ്ധതികൾക്ക് 433.33 കോടി രൂപയ്ക്ക് സർക്കാരിൽനിന്നും തത്വത്തിൽ അനുമതി നൽകി. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ ധനസഹായ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(ഡി) തിരുവനന്തപുരം നഗരത്തിൽ 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിലില്ലാത്ത ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, ലീക്ക് ഡിറ്റക്ഷൻ ആന്റ് സെർവ്വെയലൻസ് സ്ക്വാഡ് എന്നിവയുടെ നവീകരണം, ബ്ലൂ ബ്രിഗേഡിന്റെ വിപുലീകരണം എന്നിവയ്ക്കായി 2017-18-ലെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 280 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

241(1031) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട്, പല്ലാരിമംഗലം, വാരപ്പെട്ടി അടക്കമുള്ള പഞ്ചായത്തുകളിലും, കോതമംഗലം മുൻസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽകാലത്ത് ഉണ്ടാകുന്ന കുടിവെള്ള ക്ഷാമവും, വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവോലിച്ചാൽ, വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവിഷ്കരിക്കണമെന്നുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ബന്ധപ്പെട്ട ഡി.പി.ആർ. (DPR ) തയ്യാറാക്കുന്നതിന് വേണ്ടി എൻവിയോൺമെന്റൽ ഇംപാക്ട് അസ്സെസ്സ്മെന്റ് (EIA) പഠനത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങളിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) കോതമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്, മുൻസിപ്പൽ പ്രദേശങ്ങളിലെ കർഷകർക്കും സാധാരണക്കാർക്കും വലിയ പ്രയോജനം ലഭ്യമാകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കവളങ്ങാട്, പല്ലാരിമംഗലം, വാരപ്പെട്ടി അടക്കമുള്ള പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽക്കാലത്തുണ്ടാകുന്ന വരൾച്ചയും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തതാണ് ആവോലിച്ചാൽ, വല്ലാൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. പെരിയാറിൽനിന്നും ഏകദേശം 8 കി.മി. ദൂരത്തുള്ള കോതമംഗലം പുഴയിലേയ്ക്ക് വേനൽക്കാലത്ത് വെള്ളം പമ്പ് ചെയ്ത് ഈ പുഴയിലേയ്ക്കുള്ള കേരള വാട്ടർ അതോറിറ്റി പദ്ധതികൾക്ക് ജലലഭ്യത ഉറപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതായതിനാലും വാട്ടർ അതോറിറ്റി പൊതുമരാമത്ത്, ഇറിഗേഷൻ, വനം എന്നീ വകുപ്പുകൾ ഉൾപ്പെടുന്നതിനാലും വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ബി) വിശദമായ പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുവാനും എൻവയോൺമെന്റൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ് (ഇ.ഐ.എ.) പഠനത്തിനുംവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് പ്രിലിമിനറി റിപ്പോർട്ട് തയ്യാറാക്കുകയും ഫോറസ്റ്റിന്റെ അനുമതി ലഭിക്കുന്നതിനായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) വിശദമായ സാധ്യതാപഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ എടുക്കാൻ സാധിക്കുന്നതാണ്.

**അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികൾ**

242(1032) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പാറ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികൾക്കായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്നും, ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാൻ അവശേഷിക്കുന്നുണ്ട് എന്നും സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ?

ഉത്തരം

(എ & ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി അമ്പലപ്പാറ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് (ഒന്നാംഘട്ടം) കിഫ്ബിയിൽനിന്നും 10 കോടി രൂപയുടെ ധനസഹായ അംഗീകാരം ലഭിച്ചു. ടി പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പ് ഹൗസ്, 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ മെച്ചപ്പെടുത്തൽ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുകയും 5-3-2019-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു.

അമ്പലപ്പാറ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 11.14 കോടി രൂപയ്ക്ക് കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി ധനസഹായ അംഗീകാരം ലഭിച്ചു. 6.5 MLD ശേഷിയുള്ള ജലശുദ്ധീകരണ ശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണി എന്നിവ ഉൾപ്പെടുത്തിയ ടി പദ്ധതിക്ക് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. മേൽപ്രവൃത്തി 2021-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി മൂന്നാംഘട്ടമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ 37.77 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കുടിവെള്ള വിതരണ പദ്ധതികൾ**

243(1033) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമെന്നും അവ മുടങ്ങിക്കിടക്കുന്നതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ മേഖലകളിൽ ശുദ്ധജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന കുടിവെള്ള വിതരണ പദ്ധതികളും മുടങ്ങിക്കിടക്കുന്നതിനുള്ള കാരണവും പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ളവിതരണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിയും അനുബന്ധമായി* ചേർക്കുന്നു.

(സി) കൂടുതൽ മേഖലകളിൽ ശുദ്ധജലവിതരണ സംവിധാനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള വാട്ടർ അതോറിറ്റിയുടെ ഉൽപ്പാദക ഘടകങ്ങൾ പൂർത്തിയായതോ നിർമ്മാണത്തിലിരിക്കുന്നതോ ആയ പദ്ധതികളുടെ വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള 128 പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ ഏകദേശം 11.340 കോടി രൂപ കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ആർ.കെ.ഐ., എം.എൽ.എ. എ.ഡി.എഫ്., എം.പി. ഫണ്ട് മുതലായവയിൽ ഉൾപ്പെടുത്തി ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. 2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി 2019 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യ ദിനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ എന്ന പേരിൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കാനുള്ള പദ്ധതിയാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ആയത് കേരളത്തിലും നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ മേഖലകളിൽ ശുദ്ധജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി അമൃത് സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ഗ്രീൻ ബുക്ക്, നബാർഡ് തുടങ്ങിയ ഹെഡ്ഡുകളിലുൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയും എം.എൽ.എ., എം.പി.മാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ധനസഹായത്തോടെ പൈപ്പ് ലൈനുകൾ നീട്ടിയും കൂടുതൽ സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സ്രോതസ്സുകൾ ഫീസിബിളായിട്ടുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കിയും പൈപ്പ് ലൈനിലെ ചോർച്ചകൾ കുറച്ചും NRW (Non Revenue Water) കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിച്ച് കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2024-ൽ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ

244(1034) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ രാജ്യത്തെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനം സംസ്ഥാനത്ത് നടപ്പിലാക്കണമെങ്കിൽ പുതുതായി എത്ര കണക്ഷൻ നൽകേണ്ടി വരും;അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായമായി എന്ത് തുകയാണ് ലഭിക്കുക; അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ ഗ്രാമീണ മേഖലകളിലും നഗരങ്ങളിലുമുള്ള എത്ര ശതമാനം വീടുകളിൽ നിലവിൽ പൈപ്പ് വെള്ളം ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 2024-ഓടുകൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി 2019 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യ ദിനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ എന്ന പേരിൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കാനുള്ള പദ്ധതിയാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതിയുടെ മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കണമെങ്കിൽ ഏകദേശം 50 ലക്ഷം വീടുകൾക്ക് പുതുതായി കണക്ഷൻ നൽകേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുക എന്നതാണ് ലഭ്യമായ വിവരം

(ഡി) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ കേരള ജല അതോറിറ്റി, ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾവഴി ഏകദേശം 33% വീടുകളിൽ കുടിവെള്ള കണക്ഷനുകൾവഴി കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. നഗര മേഖലയിൽ ഏകദേശം 67% വീടുകളിലാണ് ജല അതോറിറ്റി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നിലവിലുള്ളത്.

**ജലഅതോറിറ്റി നൽകുന്ന ശുദ്ധജല കണക്ഷനുകൾ**

245(1035) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജല അതോറിറ്റി നൽകുന്ന ശുദ്ധജല കണക്ഷനുകളുടെ എണ്ണം എത്രയാണെന്നും 2016-ൽ അത് എത്രയായിരുന്നുവെന്നും വിശദമാക്കാമോ;

(ബി) ജല അതോറിറ്റി നിലവിൽ എത്ര കോടി രൂപയുടെ എത്ര പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ;

(സി) കേരള ജല അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര; വ്യക്തമാക്കാമോ;

(ഡി) ജല അതോറിറ്റി പ്രതിദിനം വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നുവെന്നും ഇതു മൂലം എത്ര തുകയുടെ വരുമാന നഷ്ടം വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ഇ) നിലവിൽ മാറ്റി സ്ഥാപിക്കേണ്ടതായി വന്ന കേടായ മീറ്ററുകളുടെ എണ്ണം എത്രയെന്നും 2016-ൽ അത് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ജല അതോറിറ്റി നൽകുന്ന ശുദ്ധജല കണക്ഷനുകളുടെ എണ്ണം-2640190

2016-ലെ ശുദ്ധജല കണക്ഷനുകളുടെ എണ്ണം 2106479

(ബി) കേരള ജല അതോറിറ്റി നിലവിൽ 3747.02 കോടി രൂപയുടെ 1621 പദ്ധതികളാണ് സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി എന്നിവയിൽ നടപ്പിലാക്കിവരുന്നത്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | പദ്ധതി | എണ്ണം | ഭരണാനുമതി തുക (കോടി) |
|---|---|---|---|
| 1 | സ്റ്റേറ്റ് പ്ലാൻ | 1448 | 1562.75 |
| 2 | നബാർഡ് | 39 | 736.65 |
| 3 | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (എൻ.ആർ.ഡി.ഡബ്ല്യു.പി) | 134 | 1447.62 |
| ആകെ | | 1621 | 3747.02 |

മേൽശീർഷകങ്ങളിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികളിൽ ഓരോന്നിനും പദ്ധതിയുടെ വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം നിർവ്വഹണ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത, പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലം, മറ്റ് വകുപ്പുകളിൽനിന്നും ലഭ്യമാക്കേണ്ട അനുമതികൾ തുടങ്ങിയവയുടെ ലഭ്യതയിലുണ്ടാകുന്ന തടസ്സങ്ങൾ പൂർത്തീകരണ കാലയളവിനെ ബാധിക്കാനിടയുണ്ട്.

കൂടാതെ കേരള വാട്ടർ അതോറിറ്റി കിഫ്ബിയുടെ ധനസഹായത്തോടെ 4351.553 കോടി രൂപയുടെ 69 പദ്ധതികളും കേന്ദ്ര-സംസ്ഥാന പദ്ധതിയായ അമൃത് മുഖേന 1254.22 കോടിയുടെ 283 പ്രവൃത്തികളും (കുടിവെള്ള വിതരണവും സീവറേജ് സംവിധാനം മെച്ചപ്പെടുത്തലും) നടപ്പിലാക്കിവരുന്നു. കൂടാതെ നീതി ആയോഗിൽ 19.73 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കിവരുന്നു. നീതി ആയോഗിലെ പദ്ധതികൾ രണ്ട് കൊല്ലത്തിനകം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. കിഫ്ബി ധനസഹായത്തോടെ 59 വൻകിട പദ്ധതികളും പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 382.64 കോടി രൂപയുടെ വിവിധ പ്രവൃത്തികളുമാണ് നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ 10 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 59 വൻകിട പദ്ധതികളുടെയും അമൃത് പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കേരള ജല അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ പലിശയും പിഴപ്പലിശയും ഉൾപ്പെടെ 1111.54 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ ഉൽപ്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖലവഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാനരഹിത ജലമായി കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് - പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതികനഷ്ടം) മീറ്റർ തകരാർ, മോഷണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടങ്ങിയവകാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യനഷ്ടം). ആകെയുള്ള വരുമാനരഹിത ജലത്തിൽ 20-25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്. ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കംചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയുമാണ്.

പൈപ്പ് ലൈനിലെ ചോർച്ചമൂലം നഷ്ടപ്പെടുന്ന വെള്ളം കാരണമുണ്ടാകുന്ന വരുമാനനഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. വാട്ടർ അതോറിറ്റി പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 3000-ത്തോളം ദശലക്ഷം ലിറ്റർ ജലത്തിൽ പ്രതിദിനം ബില്ല് ചെയ്യുന്ന അളവ് 1800-ഓളം ദശലക്ഷം ലിറ്റർ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ വരുമാനരഹിത ജലത്തിന്റെ അളവ് 40% എന്ന് കണക്കാക്കിയാൽ ഏകദേശം 1.2 കോടി രൂപ പ്രതിദിനം വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

പ്രധാന ലൈനുകളിലും ഉപലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആന്റ് സർവ്വയലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ (ഗ്രൗണ്ട് മൈക്രോഫോൺ) ഉപയോഗിച്ച് ചോർച്ച കണ്ടെത്തുന്നു. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്തുവാനായി ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള മെഷർമെന്റുകളും അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ചും എ.സി. പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി കിഫ്ബിയുടെ ധനസഹായത്തോടെ 4351.553 രൂപയുടെ 69 പദ്ധതികളും കേന്ദ്ര-സംസ്ഥാന പദ്ധതിയായ അമൃത് മുഖേന 1254.22 കോടി രൂപയുടെ 283 പ്രവൃത്തികളും (കുടിവെള്ള വിതരണവും സീവറേജ് സംവിധാനം മെച്ചപ്പെടുത്തലും) നടപ്പിലാക്കിവരുന്നു. കൂടാതെ നീതി ആയോഗിൽ 19.73 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കിവരുന്നു. നീതി ആയോഗിലെ പദ്ധതികൾ രണ്ട് കൊല്ലത്തിനകം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. കിഫ്ബി ധനസഹായത്തോടെ

59 വൻകിട പദ്ധതികളും പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) 382.64 കോടി രൂപയുടെ വിവിധ പ്രവൃത്തികളുമാണ് നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ 10 സർക്കിളുകളിലെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഇ) നിലവിൽ മാറ്റിസ്ഥാപിക്കേണ്ടതായി വന്ന കേടായ മീറ്ററുകളുടെ എണ്ണം - 129665

2016-ൽ മാറ്റിസ്ഥാപിക്കേണ്ടതായി വന്ന കേടായ മീറ്ററുകളുടെ എണ്ണം - 118652

**ജലഅതോറിറ്റിയുടെ കുടിവെള്ളം ലഭിക്കുന്ന വീടുകൾ**

246(1036) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വീടുകൾക്കാണ് ജല അതോറിറ്റിയുടെ കുടിവെള്ളം ലഭിക്കുന്നതെന്നും ഇത് ആകെ വീടുകളുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗ്രാമീണ/നഗര പ്രദേശങ്ങളിൽ എത്ര ശതമാനം വീടുകൾക്കാണ് പൈപ്പ് വെള്ളം ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ;

(സി) 'എല്ലാ വീടുകൾക്കും പൈപ്പ് വെള്ളം' എന്ന ലക്ഷ്യം കൈവരിക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്താകെ 2361465 വീടുകൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകളിലൂടെ കേരള ജല അതോറിറ്റിയുടെ കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. ഇത് ആകെ വീടുകളുടെ (സെൻസസ് 2011 പ്രകാരം) ഏകദേശം 31 ശതമാനം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ഏകദേശം 22 ശതമാനം വീടുകൾക്കും നഗരമേഖലയിൽ ഏകദേശം 68 ശതമാനം വീടുകൾക്കുമാണ് കേരള ജല അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻവഴി കുടിവെള്ളം ലഭ്യമാക്കുന്നത്. ഇതിനുപുറമെ ഗ്രാമീണ മേഖലയിൽ 153070 പൊതു ടാപ്പുകളും നഗര മേഖലയിൽ 50135 പൊതു ടാപ്പുകളും നിലവിലുണ്ട്. ഇതിലൂടെയും സംസ്ഥാനത്തെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) നിലവിൽ സംസ്ഥാന സർക്കാർ 5 വർഷംകൊണ്ട് 10 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ കേന്ദ്രസർക്കാർ രാജ്യത്തെ ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജൽജീവൻ മിഷൻ എന്ന പേരിൽ കേന്ദ്ര സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2015 ആഗസ്റ്റ് മാസം 15-ാം തീയതി സ്വാതന്ത്ര്യദിനത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇതുസംബന്ധിച്ച ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടില്ല. നിലവിലത്തെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് ഗ്രാമീണ മേഖലയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദമായ നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

## പാവറട്ടി-മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതി

247(1037) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി- മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും അവ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) NRDWP സ്കീമിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതിയുടെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി (561 ലക്ഷം രൂപ) NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ സംസ്ഥാന പദ്ധതയിൽപ്പെടുത്തി ഏറ്റെടുക്കുകയും 50 ശതമാനം പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. ബാക്കി പൈപ്പിടുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനായി റോഡ് സ്ഥാപനത്തിനുള്ള തുക പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കേണ്ടതായിട്ടുണ്ട്. NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഉന്നതതല സംഭരണികളുടെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യ ദർഘാസ് റദ്ദ് ചെയ്യേണ്ടിവന്നു. തുടർന്ന് സംസ്ഥാന പദ്ധതി 2018-19-ൽ

ഉൾപ്പെടുത്തി 20-8-2018-ലെ G.O.(Rt) No.615/2018/WRD പ്രകാരം 350 ലക്ഷം രൂപയ്ക്ക് ഇതിനായി ഭരണാനുമതി നൽകി. നിലവിൽ 6.7 LL ഉന്നതതല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 5.5 LL ഉന്നതതല സംഭരണിയുടെ നിർമ്മാണം 80 ശതമാനം പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 33 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

പാവറട്ടി മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജല വിതരണം നടത്താനായി വിതരണ ശൃംഖല (ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ) സ്ഥാപിക്കുന്നതിനുള്ള 54.8 കോടി രൂപ ചെലവുപ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി ഒന്നാം ഗഡുവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (RKI) ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് പാവറട്ടി മുല്ലശ്ശേരി ഏരിയയിലേയ്ക്ക് പൂർണ്ണമായും കുടിവെള്ളവിതരണം നടത്തുവാൻ സാധിക്കും.

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

248(1038) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെണ്ടർ കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പതിനഞ്ച് ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും പതിമൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി തുക അനുവദിച്ചത് എന്നാണെന്നും പ്രസ്തുത തുക എത്രയാണെന്നും ഏതെല്ലാം പദ്ധതികളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ എത്ര തുകയ്ക്കാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ആരൊക്കെയാണ് കരാറുകാരെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണത്തിനായി 27-10-2018-ൽ ഇ-ദർഘാസ് ക്ഷണിച്ചു. പ്രസ്തുത പ്രവൃത്തിക്ക് 27-5-2019-ൽ കരാർ ഉടമ്പടി വച്ചിട്ടുള്ളതും ടി സ്ഥലത്ത് നിർമ്മാണത്തിന് തടസ്സമായി സംഭരിച്ചിരുന്ന 500 എം.എം. വ്യാസമുള്ള ഡി.ഐ. പൈപ്പുകൾ ഓഫീസ് കോമ്പൗണ്ടിലേയ്ക്ക് 4-10-2019-ൽ മാറ്റിയിട്ടുള്ളതുമാകുന്നു.

അമൃത് പദ്ധതിയിൽ SAAP 2017-18-ൽ ഉൾപ്പെടുത്തിയ പതിമൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ ഉടമ്പടി 19-01-2019-ന് കരാറുകാരിയുമായി ഒപ്പുവച്ചു. എന്നാൽ കരാറുകാരിയുടെ ഭാഗത്തുനിന്നും പണി തുടങ്ങുന്നതിന് കാലതാമസമുണ്ടായതിനാൽ ജല അതോറിറ്റി നിരവധി തവണ പണി തുടങ്ങണമെന്നുകാണിച്ച് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുള്ളതാണ്. പണി തുടങ്ങാത്തപക്ഷം കരാറുകാരിയുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കുമെന്ന അന്തിമ നോട്ടീസ് നൽകിയതിന്റെ (26-7-2019-ലും 19-9-2019-ലും) അടിസ്ഥാനത്തിൽ പ്രാഥമികമായ പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്.

(ബി) 15 ലക്ഷം ലിറ്റർ ഭൂതല സംഭരണിയുടെ പ്രവൃത്തിക്ക് LAC ADF- ൽ ഉൾപ്പെടുത്തി 29-2-2016-ലെ G.O.(Rt)No.205/2016/WRD പ്രകാരം 278 ലക്ഷം രൂപയുടെയും ഉത്തരവ് നം. RD5 1025/17(9) തീയതി 24-2-2018 പ്രകാരം ധനകാര്യ വകുപ്പിന്റെ 68 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭിക്കുകയുണ്ടായി. 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിക്ക് അമൃത് 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി 2-11-2017-ലെ G.O. (Rt) No.3530/2017/LSGD ഉത്തരവുപ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഉന്നതതല സംഭരണി 4,07,15,698 രൂപയ്ക്ക് (നാല് കോടി ഏഴ് ലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ശ്രീമതി രമണി എസ് നായർ, മഞ്ചേരി ഹൗസ്, കുവപ്പടി പി.ഒ., പെരുമ്പാവൂർ എന്ന കരാറുകാരിയും 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടെ പ്രവൃത്തിക്ക് ശ്രീ. അനിൽ കുമാർ എൻ., ശ്രീരാധ ഹൗസ്, BNRA 68B, ജവഹർനഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം എന്ന കരാറുകാരൻ 3,16,95,103 രൂപയ്ക്കും (മൂന്നു കോടി പതിനാറ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഒരുനൂറ്റിമൂന്ന് രൂപ മാത്രം) കരാർ ഉടമ്പടി വച്ചിട്ടുണ്ട്.

(ഡി) 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെ ഉടമ്പടി തീയതിയായ 27-5-2019 മുതൽ പത്ത് മാസത്തിനകം പണി പൂർത്തീകരിക്കേണ്ടതാണ്. പൈലുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ഒക്ടോബർ അവസാനവാരത്തിൽ നടക്കുന്നതാണ്. 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ കരാർ 30-12-2019 ൽ അവസാനിക്കും. ടി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

## കുപ്പിവെള്ള ഫാക്ടറികൾ

249(1039) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുപ്പിവെള്ള ഫാക്ടറികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൊതുമേഖലയിൽ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സംസ്ഥാന ഭൂജല അതോറിറ്റി 142 കുപ്പിവെള്ള കമ്പനികൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ അധീനതയിൽ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) എന്ന സർക്കാർ നിയന്ത്രണ പൊതുമേഖല സ്ഥാപനത്തിന്റെ കീഴിൽ 'ഹില്ലി അക്വ' എന്ന കുപ്പിവെള്ള ഫാക്ടറി തൊടുപുഴയിൽ പ്രവർത്തിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ഒരു കുപ്പിവെള്ള ഫാക്ടറിയുടെ നിർമ്മാണപ്രവൃത്തി അന്തിമഘട്ടത്തിലാണ്.

## നദീജല സംഭരണികൾ

250(1040) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലങ്ങളിൽ സംസ്ഥാനം നേരിടുന്ന രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി ഗോവയുടെ മാതൃകയിൽ നദീജലസംഭരണികൾ പണിയാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരം പദ്ധതികളിലൂടെ നദികളിൽ എത്ര അളവ് വെള്ളം ശേഖരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഹരിത കേരള മിഷനുമായി സഹകരിച്ചുകൊണ്ടാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) നദികളിലും തോടുകളിലും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് ജലം മലിനമാക്കുന്നവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കുന്ന തെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) 2016-17-ൽ വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ ഭാഗമായിട്ടാണ് ബന്ധാരകളുടെ നിർമ്മാണം എന്ന ആശയം മുന്നോട്ടുവന്നത്. ഇത് നടപ്പിലാക്കുന്നതിനുമുമ്പായി പൈലറ്റ് പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് പരീക്ഷണാടി സ്ഥാനത്തിൽ ബന്ധാര നിർമ്മാണം നടന്നുവരുന്നു. ഇതുകൂടാതെ കേരളത്തിലെ 20 നദികളിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ വകയിരുത്തിയിട്ടുള്ള 600 കോടി രൂപയിൽനിന്നും താഴെപ്പറയുന്ന 4 ജില്ലകളിലെ 5 നദികളിൽ 175 കോടി രൂപ ചെലവിൽ പൈലറ്റ് പദ്ധതിക്കായി ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള അനുമതി 18-08-2018-ലെ സ.ഉ. (സാധാ) നമ്പർ 609/2018/ജ.വി.വ. പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്.

1. പാലക്കാട് ജില്ല -ഭവാനി, തൂതപ്പുഴ നദീതടങ്ങൾ
2. കാസർഗോഡ് ജില്ല -ചന്ദ്രഗിരി നദീതടം
3. വയനാട് ജില്ല -പനമരം നദീതടം
4. പത്തനംതിട്ട ജില്ല -അച്ചൻകോവിൽ നദീതടം

പര്യവേക്ഷണം നടത്തി ഡിസൈൻ ലഭ്യമാക്കിയശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്.

(ബി) ബന്ധാരകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ നദിയുടെ വീതി, ക്രോസ് സെക്ഷൻ അളവുകൾ, നിർമ്മിതിയുടെ ഉയരം, ബെഡ് സ്ലോപ് എന്നിവ കണക്കാക്കിയാൽ മാത്രമേ എത്ര അളവ് ജലം ശേഖരിക്കുവാൻ കഴിയുമെന്ന് അറിയാൻ സാധിക്കുകയുള്ളൂ. ഇത്തരം ജലസംഭരണികളിൽ പുഴയ്ക്കുള്ളിൽ ഒതുങ്ങിനിൽക്കത്തക്ക രീതിയിലാണ് ഇവയുടെ ജലസംഭരണം സാധ്യമാക്കുന്നത്. നദിയുടെ വീതി, ആഴം, ചരിവ് എന്നിവയ്ക്കനുസരണമായി ഇവയിൽ ജലം സംഭരിക്കാൻ കഴിയും. ഒരേ പുഴയിൽ ചരിവ് പരിഗണിച്ചുകൊണ്ട് ഒന്നിലധികം ബന്ധാരകൾ ഇടവിട്ട് സ്ഥാപിക്കുന്നതിലൂടെ കൂടുതൽ ജലം സംഭരിച്ച് നിർത്താൻ കഴിയും. വേനൽക്കാലത്ത് ജലം സംഭരിച്ചുനിർത്തുന്ന ബന്ധാരകളുടെ ഷട്ടറുകൾ മഴക്കാലത്ത് പൂർണ്ണമായും എടുത്തുമാറ്റി പുഴയുടെ സ്വാഭാവിക നീരൊഴുക്ക് സാധ്യമാക്കാൻ കഴിയും എന്നതാണ് ഇവയുടെ പ്രത്യേകത.

(സി) ഹരിത കേരളം മിഷന്റെ 4-ാമത്തെ ടാസ്ക് ഫോഴ്സ് മീറ്റിംഗ് തീരുമാനപ്രകാരം IDRB ചീഫ് എഞ്ചിനീയർ ചെയർപേഴ്സൺ ആയ ഒരു കമ്മിറ്റി ബന്ധാര പോലുള്ള നിർമ്മാണങ്ങൾ നടത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി രൂപീകരിക്കുകയുണ്ടായി.

(ഡി) നദികളും പുഴകളും മലിനീകരിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ കർശനമാക്കിക്കൊണ്ട് ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്ട് നിലവിലുണ്ട്. ഇതനുസരിച്ച് ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവർക്കെതിരെയുള്ള തടവുശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷമോ പരമാവധി രണ്ട് ലക്ഷം രൂപ പിഴയോ ചുമത്താവുന്നതാണ്.

## ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ളപദ്ധതി

251(1041) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭയ്ക്കും, അനങ്ങനടി, തൃക്കടിരി, ചളവറ പഞ്ചായത്തുകളിലേക്കും കുടിവെള്ള വിതരണം സാധ്യമാക്കുന്ന ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭയ്ക്കും അനങ്ങനട, തൃക്കടിരി, ചളവറ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ള വിതരണം നടപ്പിലാക്കുന്നതിനുവേണ്ടി 2015-16-ൽ എൻ.ആർ.ഡി.ഡബ്ല്യൂ.പി.-യിൽ 4604 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ എൻ.ആർ.ഡി.ഡബ്ല്യൂ.പി. ഫണ്ടിലെ കുറവുകാരണം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പ്രസ്തുത പദ്ധതിയുടെ ഡി.ഇ.ആർ.ഡി.എസ്.ആർ. 2016 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി മറ്റേതെങ്കിലും ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിക്ക് 66.61 കോടി രൂപ മതിപ്പുച്ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. തൂതപ്പുഴയ്ക്ക് കുറകെ ചെക്ക്ഡാം
2. റോ വാട്ടർ പമ്പിംഗ് മെയിൻ
3. എം.എൽ.ഡി. ശുദ്ധീകരണശാല

4. നിലവിലുള്ള ഇൻടേക്കിന്റെ പുനരുദ്ധാരണം

5. ട്രാൻസ്ഫോർമർ പമ്പ് സെറ്റുകൾ എന്നിവ സ്ഥാപിക്കൽ

ഇൻവെസ്റ്റ്മെന്റ് പ്ലാൻ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്ലാനിൽ ഈ പദ്ധതിയും ഉൾപ്പെടുന്നു. ഈ പ്ലാനിൽത്തന്നെ ഉൽപ്പാദകഘടകങ്ങൾ പൂർത്തീകരിച്ചതോ നിലവിൽ നിർമ്മാണത്തിലിരിക്കുന്നതോ ആയ പദ്ധതികളിൽ മതിയായ രീതിയിൽ വിതരണ ശൃംഖല ഇല്ലാത്തതോ വിതരണ ശൃംഖല ഒട്ടുംതന്നെ ഇല്ലാത്തതോ ആയ 128 പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതികളിൽ വിതരണ ശൃംഖല സ്ഥാപിച്ച് കൂടുതൽ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തികൾക്കാണ് ഇപ്പോൾ മുൻഗണന നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഏകദേശം 11.340 കോടി രൂപ ആവശ്യമാണ്. ആയത് പൂർത്തീകരിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യതയും ഭരണാനുമതിയും ലഭിക്കുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

**ജലവിഭവ വകുപ്പിൽ കിഫ്ബി പദ്ധതികളുടെ നിർമ്മാണച്ചുമതല**

252(1042) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ നിർമ്മാണച്ചുമതലയിൽ നിന്നും വകുപ്പിലെ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഈ നിർമ്മാണ ചുമതല ഏത് ഏജൻസിയെ ആണ് ഏൽപിച്ചത്;

(സി) ഇതുവഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽപദ്ധതികളുടെ നിർമ്മാണച്ചുമതല കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC), കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്നീ ഏജൻസികളെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(സി) കിഫ്ബിയുടെ ഫണ്ടിലൂടെ നടപ്പിലാക്കുന്ന പദ്ധതികളായതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകില്ല.

## ജലാശയങ്ങളിലെ മണൽ നീക്കൽ

253(1043) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെയും പുഴകളിലെയും അണക്കെട്ടുകളിലെയും മണൽ നീക്കൽ സമയബന്ധിതമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്യുന്ന പ്രക്രിയയ്ക്ക് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന് അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) നദികൾക്ക് കുറുകെ ജലസേചന വകുപ്പിന്റെ ചുമതലയിൽ നിർമ്മിച്ചിട്ടുള്ള തടയണകൾ, റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണലും മറ്റവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നദികളിൽ പൊതുവിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിന് പ്രത്യേക പഠനവും അനുമതിയും ആവശ്യമാണ്. കൂടാതെ, വിവിധ വകുപ്പുകളുടെ ഏകോപനവും ഇക്കാര്യത്തിൽ ആവശ്യമാണ്. അണക്കെട്ടുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണൽ നീക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ എക്കലും മണലും നീക്കുന്നതിന് വേണ്ടിയുള്ള ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017-ലെ സർക്കാർ ഉത്തരവ് (ms) നമ്പർ79/2017/ജ.വി.വ. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഒരു ടെക്നിക്കൽ സമിതിയും ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള എംപവേർഡ് കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

മംഗലം ഡാം ടേൺ കീ ഉടമ്പടിയായിട്ടും ചുള്ളിയാർ ഉൾപ്പെടുന്ന ബാക്കി എല്ലാ ഡാമുകളുടെയും ഡീസിൽറ്റിംഗ് Swiss Challenge ഉടമ്പടിയുമായിട്ടും നടപ്പിലാക്കാൻ തീരുമാനിച്ചു.

## കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടന

254(1044) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയെക്കുറിച്ച് പഠിക്കുന്നതിനായി ആരെയാണ് നിയോഗിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് 2010-11 കാലയളവിൽ കേരള വാട്ടർ അതോറിറ്റിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും, അതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയെക്കുറിച്ച് പഠിക്കുന്നതിനായി 2011-ൽ ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നിയോഗിച്ചിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ് റീഎഞ്ചിനീയറിംഗ് സംബന്ധിച്ചും ഫിനാൻഷ്യൽ റീഎഞ്ചിനീയറിംഗ് സംബന്ധിച്ചും റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിനായിട്ടാണ് നിയോഗിച്ചിരുന്നത്.

(ബി & സി) ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് 2010-11 കാലയളവിൽ കേരള വാട്ടർ അതോറിറ്റിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെച്ചേർക്കുന്നു:

1. പദ്ധതികൾ നടപ്പാക്കുന്നത് പൂർണ്ണമായും പ്രോജക്റ്റ് ഡിവിഷനുകളുടെ കീഴിലാക്കുക.
2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമ വുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക.
3. വാട്ടർ അതോറിറ്റിയുടെ പരിഷ്ക്കരിച്ച വെബ്സൈറ്റ് തുറക്കുക.
4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക.
5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുക.
6. അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കുക.
7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തുക.

8. എല്ലാ ജല അതോറിറ്റി ഓഫീസുകളും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുക.

9. കേരള വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ, ധനകാര്യ സുസ്ഥിരത എന്നീ വിഷയങ്ങളാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

പ്രസ്തുത നിർദ്ദേശങ്ങളിലും കേരള വാട്ടർ അതോറിറ്റി ഇതിനകം നടപ്പിലാക്കിയിട്ടുള്ളവ ചുവടെ പറയുന്നു:

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനകം 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്ക്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിച്ചു. കേന്ദ്രീകൃത ബില്ലിംഗ് (ഇ- അബാക്കസ്), ഇ-പേമെന്റ് സംവിധാനം, കംപ്ലൈന്റ് റിഡ്രസൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവ നടപ്പിലാക്കി.)

## കേരള വാട്ടർ അതോറിറ്റിയുടെ ശാക്തീകരണം

255(1045) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രതിവർഷ വരുമാനവും ചെലവും തമ്മിലുള്ള അന്തരം എത്രയാണ്; വരുമാന വർദ്ധനവ് ഉണ്ടാക്കി വാട്ടർ അതോറിറ്റിയെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് ആവിഷ്കരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയുടെ ശാക്തീകരണത്തിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ബാംഗ്ലൂർ) നൽകിയ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലം വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഡി) കുപ്പിവെള്ളം ഉൾപ്പെടെയുള്ള പുതിയ വിപണന മേഖലയിലേക്ക് കടന്ന് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) വർഷങ്ങളായി കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാരിൽനിന്നും നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരുപരിധിവരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതിച്ചെലവ്, വായ്പാത്തിരിച്ചടവ് (പലിശയുൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ഇതിനുപുറമെ 1-10-2014-ൽ പ്രാബല്യത്തിൽവന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലിറ്റർ വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധന വിലയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.

ജലവിതരണ ശൃംഖലയിലെ പൈപ്പുകളുടെ ചോർച്ച വാട്ടർ അതോറിറ്റിക്ക് വിതരണ നഷ്ടമുണ്ടാക്കുന്നു.

കേരള വാട്ടർ അതോറിറ്റി സ്ഥാപിതമായതിനുശേഷം ഏകദേശം ആയിരത്തി ഒരുന്നൂറോളം സ്കീമുകൾ പൂർത്തീകരിക്കുകയും അതുവഴി ജനങ്ങൾക്ക്

ശുദ്ധജലം നൽകുകയും ചെയ്യുന്നു. എന്നാൽ സ്കീമുകളുടെയും ഉപഭോക്താക്കളുടെയും എണ്ണം വർദ്ധിച്ചതിനനുസരിച്ച് ജീവനക്കാരുടെ അംഗീകൃത തസ്തികകൾക്ക് വർദ്ധനവുണ്ടായിട്ടില്ല. ഇത് ഒരു പരിധിവരെ അതോറിറ്റിയുടെ പ്രവർത്തന ക്ഷമതയെ ബാധിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിനുള്ള കേന്ദ്രസഹായത്തിൽ 2014-15 സാമ്പത്തികവർഷം മുതൽ സാരമായ കുറവുണ്ടായി. ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചു. വർഷംതോറുമുണ്ടാകുന്ന വരൾച്ച ഡാമുകളുടെ ജലനിരപ്പിനെയും മറ്റ് ജലസ്രോതസ്സുകളെയും ബാധിക്കുന്നുണ്ട്. ഇത് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

(ബി) 2019-20 സാമ്പത്തികവർഷം 363.49 കോടി രൂപയാണ് വാർഷിക കമ്മിയായി കണക്കാക്കിയിരിക്കുന്നത്. വരുമാനത്തിലുള്ള കമ്മി നികത്തുവാനായി എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരുന്നത്. തനതുവർഷം ഇത് മൂന്ന് ലക്ഷം കണക്ഷനുകൾ എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. ഇതുവഴി വരുമാനവർദ്ധനവ് ഉദ്ദേശിക്കുന്നു. വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കി ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ എന്നിങ്ങനെ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി പ്രോസ്സസ് റീ എഞ്ചിനീയറിംഗും ഫിനാൻഷ്യൽ റീ എഞ്ചിനീയറിംഗും നടപ്പിലാക്കണമെന്ന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു:

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടറ് അതോറിറ്റി സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗ് (ഇ-അബാക്കസ്), ഇ-പേമെന്റ് സംവിധാനം, കംപ്ലൈന്റ് റിഡ്രസൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവ നടപ്പിലാക്കി.

(ഡി) ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായുള്ള അരുവിക്കരയിലെ കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് ഓഫീസ്

256(1046) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലടക്കം ജിക്കയുടെ സഹായത്തോടെ നടപ്പിലാക്കിയ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വായ്പ കാലാവധി അവസാനിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ജലഭവനിൽ രൂപീകരിച്ച പ്രോജക്ട് ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രതിമാസം അവർക്ക് ശമ്പളയിനത്തിൽ എന്ത് തുകയാണ് നൽകേണ്ടതെന്ന് വെളിപ്പെടുത്താമോ;

(ഡി) പദ്ധതി കാലാവധി പൂർത്തിയാക്കിയിട്ടും പ്രോജക്ട് ഓഫീസ് നിർത്തലാക്കി ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജിക്ക പദ്ധതിയുടെ വായ്പാക്കാലാവധി 2015 ജൂലൈ മാസത്തിൽ അവസാനിച്ചു.

(ബി) ജിക്ക പദ്ധതിക്കായി ജലഭവനിൽ രൂപീകരിച്ച പ്രോജക്ട് ഓഫീസ് 5-10-2018 മുതൽ ADB പ്രോജക്ടിന്റെ നടത്തിപ്പിലേയ്ക്കുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി പുനർവിന്യസിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസിൽ 16 ജീവനക്കാരാണുള്ളത്.

(സി) 11,50,404 രൂപ (പതിനൊന്ന് ലക്ഷത്തി അമ്പതിനായിരത്തി നാന്നൂറ്റി നാല് രൂപ മാത്രം)

(ഡി) ജിക്ക ലോൺ കാലാവധി 2015-ൽ അവസാനിച്ചുവെങ്കിലും ആ പ്രോജക്ടുമായി ബന്ധപ്പെട്ട് നടന്നുവരുന്ന ശേഷിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ കൈകാര്യം ചെയ്യുന്നതും ഹൈക്കോടതിയിലും മറ്റും നിലനിൽക്കുന്ന നിരവധി കേസ്സുകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതും നിരവധി ഓഡിറ്റ് പരാമർശങ്ങൾക്കും സമിതി കണ്ടെത്തലുകൾക്കും മറുപടി നൽകുന്നതും നിലവിലുണ്ടായിരുന്ന കരാറുകാരുടെ സെക്യൂരിറ്റി, ബാങ്ക് ഗ്യാരന്റി എന്നിവ നിരീക്ഷിച്ച് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും ഈ ഓഫീസിൽ നിന്നാണ്.

ലോൺ കാലാവധി അവസാനിച്ചശേഷം അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിർദ്ദിഷ്ട ഇടവേളകളിൽ ജിക്ക മിഷൻ പ്രസ്തുത പദ്ധതികളുടെ അവലോകനം ഈ ഓഫീസുമായി ബന്ധപ്പെട്ടാണ് നടത്തിവരുന്നത്. ഇതിലേയ്ക്കാവശ്യമായ പ്രവർത്തന പുരോഗതി റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതും ജിക്ക മിഷനുമായി കത്തിടപാടുകൾ നടത്തുന്നതും ഈ ഓഫീസിൽനിന്നാണ്.

2500 കോടി രൂപയുടെ എ.ഡി.ബി. പ്രോജക്ടിന്റെ നടത്തിപ്പിലേയ്ക്കായി പ്രസ്തുത ഓഫീസിലെ നിലവിലുള്ള സ്റ്റാഫുകളെ 5-10-2018 മുതൽ എ.ഡി.ബി. പ്രോജക്ടിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് മാറ്റി നിയമിച്ചു.

എ.ഡി.ബി. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ജിക്ക പ്രോജക്ടിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെയും നടത്തിപ്പിനായി അവശ്യംവേണ്ടുന്ന സ്റ്റാഫുകൾ മാത്രമാണ് ഈ ഓഫീസിൽ നിലവിലുള്ളത്.

## കുപ്പിവെള്ള വിപണനം

257(1047) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി, അരുവിക്കരയിൽ 'തെളിനീർ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന പ്രതിദിനം എത്ര ലിറ്റർ കുപ്പിവെള്ളമാണ് വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) 'തെളിനീരി' ന് വിതരണ വിപണന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ നടത്തിപ്പും വിപണനവും പുറത്ത് നിന്നുള്ള ഏതെങ്കിലും ഏജൻസിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(എഫ്) എങ്കിൽ ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ;

(ജി) കുപ്പിവെള്ള വില്പനയിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ എത്ര ശതമാനം തുക പ്രസ്തുത ഏജൻസി, ജല അതോറിറ്റിയ്ക്ക് നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 1,60,000 ലിറ്റർ

(സി) 13.85 കോടി രൂപ

(ഡി) വ്യാവസായികോൽപ്പാദനം ആരംഭിച്ചിട്ടില്ലാത്തതിനാൽ വിതരണ വിപണന സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

(ഇ - ജി) കുപ്പിവെള്ള നിർമ്മാണ പ്ലാന്റിന്റെ ശേഷിക്കുന്ന നടപടികൾ പൂർത്തീകരിച്ച് അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷം ഉൽപ്പാദനമടക്കമുള്ള നടത്തിപ്പിനുമായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ ഏൽപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ നടന്നുവരുന്നു.

## മുക്കം മേജർ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി

258(1048) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത മുക്കം മേജർ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുക്കം, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികൾക്കും മാവൂർ, ചാത്തമംഗലം, കൊടിയത്തൂർ, കാരശ്ശേരി, മടവൂർ, കിഴക്കോത്ത്, ഓമശ്ശേരി എന്നീ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള മുക്കം മേജർ കുടിവെള്ള പദ്ധതിക്ക് 123 കോടി രൂപ അടങ്കൽതുകയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 5 വർഷംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ള ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ ഈ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് പ്ലാനിലുള്ള എല്ലാ പദ്ധതികൾക്കും ആവശ്യമായ ഫണ്ട് ഇപ്പോൾ ലഭ്യമല്ല. ആയതിനാൽ ധനലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(ബി & സി) ബജറ്റ് പ്രസംഗത്തിലോ ബജറ്റിന്റെ മറുപടി പ്രസംഗത്തിലോ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതോ അതല്ലെങ്കിൽ കാബിനറ്റ് തീരുമാനപ്രകാരമോ മാത്രമേ പദ്ധതികൾ കിഫ്ബിയിൽ ഏറ്റെടുക്കാറുള്ളൂ.

## കവടിയാർ പൈപ്പിൻമൂട് റോഡ് നവീകരണത്തിന് വാട്ടർ അതോറിറ്റി അനുമതി

259(1049) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാർ-പൈപ്പിൻമൂട് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചിരുന്നെങ്കിലും റോഡ് ഇന്റർലോക്ക് ചെയ്ത് നവീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പൈപ്പ് ലൈൻ റോഡിൽ വാട്ടർ അതോറിറ്റിയുടെ തുടർപ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) റെസിഡൻഷ്യൽ ഏരിയയായ ഈ ഭാഗത്തെ ജനങ്ങളുടെ വിഷമകരമായ യാത്രാദുരിതം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ &ബി) കവടിയാർ പൈപ്പ് ലൈൻ റോഡ് കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലമാണ്. ഈ സ്ഥലത്ത് നിലവിൽ തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ 30 ഇഞ്ച് വ്യാസമുള്ളതും 1000 എം.എം. വ്യാസമുള്ളതുമായ കാസ്റ്റ് അയേൺ പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്നു. 1930-കളിൽ സ്ഥാപിതമായതാണ് ഇവയിലെ ഒരു പ്രധാന പൈപ്പ് ലൈൻ. ഇവയുടെ വാൽവ് ചേമ്പറുകളും ഈ വസ്തുവിൽ നിലവിലുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. മുരളീധരൻ അവർകളുടെ എം.എൽ.എ.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചിരിക്കുന്ന ടി വസ്തുവിൽ പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ ടാറിംഗ് പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി അംഗീകരിക്കാത്തതിനാൽ ആ പ്രൊപ്പോസൽ ഒഴിവാക്കി പൈപ്പ് ലൈൻ റോഡ് ഇന്റർലോക്ക് ബ്ലോക്ക് പാകുവാനുള്ള 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും പ്രോജക്ട് വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പിലാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തതായി വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് പി.ഡബ്ല്യു.ഡി.-യുടെ ടാറിംഗ് ജോലി നടത്തി നവീകരിക്കാനുള്ള അപേക്ഷ കേരള വാട്ടർ അതോറിറ്റിയുടെ 7-12-2011-ൽ കൂടിയ 347-മത്തെ ബോർഡ് മീറ്റിംഗിന്റെ ഐറ്റം III(8)-ലെ തീരുമാനപ്രകാരം നിരസിക്കുകയുണ്ടായി. വാഹനങ്ങൾ കാലപ്പഴക്കം ചെന്ന പൈപ്പ്ലൈനുകളുടെ മുകളിലൂടെ അനുവദിക്കുന്നത് ഈ പ്രധാന പൈപ്പ് ലൈനിനെ സാരമായി ബാധിക്കുവാൻ സാധ്യതയുള്ളതിനാലാണ് പി.ഡബ്ല്യു.ഡി.-യുടെ ടാറിംഗിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി നിരസിച്ചത്.

(സി) തിരുവനന്തപുരം ശുദ്ധജല പദ്ധതിയുടെ കാലപ്പഴക്കംചെന്ന പ്രധാന പൈപ്പ് ലൈൻ കടന്നുപോകുന്ന ടി റോഡിനുമുകളിലൂടെ വാഹനഗതാഗതം അനുവദിക്കുന്നത് പ്രധാന പൈപ്പ് ലൈനുകളെയും അവയുടെ യഥാസമയമുള്ള അറ്റകുറ്റപ്പണികളെയും ബാധിക്കുവാൻ സാധ്യതയുണ്ട്. ആയതിനാലാണ് പ്രസ്തുത പൈപ്പ് ലൈൻ റോഡിൽ, നിർമ്മാണ പ്രവൃത്തികൾക്കുള്ള അനുമതി കേരള വാട്ടർ അതോറിറ്റി നിരസിച്ചത്.

## കുടിവെള്ളം ഉപയോഗയോഗ്യമാക്കാൻ നടപടി

260(1050) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ശാസ്താംകോട്ട തടാകത്തിൽനിന്നും ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന കുടിവെള്ളം ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകര, ശക്തികുളങ്ങര മേഖലകളിൽ ഉപയോഗ യോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശാസ്താംകോട്ട തടാകത്തിൽനിന്നും ശേഖരിച്ച് ശുദ്ധീകരിച്ച് ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര, ശക്തികുളങ്ങര മേഖലകളിലെ ചില പ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ നിറവ്യത്യാസവും ദുർഗന്ധവും അനുഭവപ്പെടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽപ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതികളുടെ വിതരണ ശൃംഖലയുടെ അവസാനഭാഗത്തുനിന്നും ലഭ്യമാക്കിയിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ ഗുണഭോക്താക്കളിൽനിന്നുമാണ് പരാതി ഉണ്ടായിട്ടുള്ളത്. പരാതിക്ക് ആധാരമായ പ്രദേശങ്ങളിലെ വിതരണ ശൃംഖലയിൽ പുതിയതായി സ്കവർ വാൽവുകൾ സ്ഥാപിച്ച് വിതരണ ശൃംഖല നവീകരിച്ചിട്ടുണ്ട്. ഇപ്രകാരം സ്കവറിംഗ് നടത്തി കുടിവെള്ളത്തിലെ നിറവ്യത്യാസവും ദുർഗന്ധവും പൂർണ്ണമായി പരിഹരിച്ച് ജലവിതരണം കാര്യക്ഷമമാക്കിയിട്ടുണ്ട്.

## കായംകുളത്ത് വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്

261(1051) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

നിലവിലുള്ള ആലപ്പുഴ പി.എച്ച്. ഡിവിഷൻ വിഭജിച്ച് ഹരിപ്പാട്, മാവേലിക്കര സബ്ഡിവിഷനുകൾ ഉൾപ്പെടുത്തി കായംകുളം കേന്ദ്രമാക്കി കേരള വാട്ടർ അതോറിറ്റിയുടെ ഒരു പുതിയ ഓപ്പറേഷൻ & മെയിന്റനൻസ് (O&M) ഡിവിഷൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യകത പരിശോധിച്ചുവരുന്നു.

## സമ്പൂർണ്ണ കുടിവെള്ള പദ്ധതി

262(1052) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പെരുങ്കടവിള, ആര്യൻകോട് ഗ്രാമപഞ്ചായത്തുകൾക്കായുള്ള കിഴക്കൻമല കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ & ബി) കാളിപ്പാറ കുടിവെള്ളപദ്ധതി പ്രകാരം കൊല്ലയിൽ പഞ്ചായത്തിനുവേണ്ടി കുടിവെള്ള വിതരണം നടത്തുന്നതിനായി പൊൻവിളയിൽ നിന്ന് റെയിൽവേ, എൻ.എച്ച്. എന്നിവ ക്രോസ്ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം നടത്തുവാനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ നെയ്യാറ്റിൻകര റെയിൽവേ ക്രോസിംഗിന് അനുമതി ലഭ്യമാകാത്തതിനാലും പൊൻവിളയിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാത്തതിനാലും മേൽപ്പറഞ്ഞ പദ്ധതി മാറ്റി നെയ്യാറ്റിൻകര റെയിൽവേ ക്രോസിംഗിനുമുമ്പായി കാളിപ്പാറയിൽനിന്നുവരുന്ന പൈപ്പ്ലൈനിൽനിന്ന് ശുദ്ധജലം ടാപ്പ് ചെയ്ത് 10 കി.മീ. ദൈർഘ്യത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ധനുവച്ചപുരം ഐ.റ്റി.ഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിക്കുന്നതിന് 11.80 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പുതിയ പദ്ധതിയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി പരിശോധിക്കുകയുണ്ടായി. എന്നാൽ കാളിപ്പാറ പദ്ധതിയിൽ ഭരണാനുമതി തുക ലഭ്യമായതിനാൽ പുതിയ പ്രൊപ്പോസലിനെ ഡീവിയേഷൻ പ്രൊപ്പോസൽ ആയി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ, തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. ധനുവച്ചപുരത്ത് നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഉപരിതല ജല സംഭരണിയുടെ തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് (കിഫ്ബി 2017-18) കിഫ്ബിയിൽനിന്നും 43.9 കോടി രൂപയുടെ ധനസഹായാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## അങ്കമാലിയിലെ ശുദ്ധജല വിതരണപദ്ധതികൾ

263(1053) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി നഗരസഭ, അയ്യമ്പുഴ, മലയാറ്റൂർ, മഞ്ഞപ്ര, മൂക്കന്നൂർ, പാറക്കടവ്, കാലടി, തുറവൂർ, കറുകുറ്റി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലവിതരണത്തിനായി അനുവദിച്ച വിവിധ പദ്ധതികളും തുകയും ഇനംതിരിച്ച് ലഭ്യമാക്കാമോ?

(ബി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അങ്കമാലി നിയോജകമണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ ഏതെല്ലാ മാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി മുനിസിപ്പാലിറ്റിക്കും തുറവൂർ, മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 22-03-2018-ലെ G.O.(Rt) No:184/2018/WRD നമ്പർ ഉത്തരവ് പ്രകാരം 116 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 12-11-2018-ലെ WRD025-22-PA-01 നമ്പർ ഉത്തരവുപ്രകാരം 115.93 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതി 2 പാക്കേജുകളായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. പാക്കേജ് 1-ൽ അങ്കമാലി മുനിസിപ്പാലിറ്റിക്കും തുറവൂർ മഞ്ഞപ്ര പഞ്ചായത്തുകൾക്കുമായി വെൽ-കം-പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, 17 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റ്, ഉന്നതതല ജല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, വാട്ടർ പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളും പാക്കേജ് 2-ൽ മലയാറ്റൂർ, അയ്യമ്പുഴ പഞ്ചായത്തുകൾക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഉന്നതതല സംഭരണികൾ എന്നിവ ഉൾപ്പെടുത്തിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയുടെ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുവരുന്നു. സ്ഥലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

മൂക്കന്നൂർ, കാലടി, കറുകുറ്റി, പാറക്കടവ് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണത്തിനായി പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഒരു പദ്ധതിയും നിർദ്ദേശിച്ചിട്ടില്ല.

## അയ്യപ്പൻകോവിൽ കുടിവെള്ള വിതരണ പദ്ധതി

264(1054) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ അയ്യപ്പൻകോവിൽ കുടിവെള്ള വിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ്; പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പീരുമേട് മണ്ഡലത്തിലെ അയ്യപ്പൻകോവിൽ കുടിവെള്ള വിതരണ പദ്ധതിക്ക് സർക്കാർ ഉത്തരവ് നമ്പർ GO (Rt) No:34/2018/WRD തീയതി 17-01-2018 പ്രകാരം 47.5 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. WRD025-06-PA-01 തീയതി 13-11-2018 ഉത്തരവുപ്രകാരം കിഫ്ബിയിൽ നിന്നും 46.424 കോടി രൂപയുടെ ധനസഹായത്തിന് അംഗീകാരം ലഭിച്ചു. ടി പദ്ധതിക്ക് നാളിതുവരെ സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ബി) പെരിയാർ സ്രോതസ്സായ പദ്ധതിയിൽ കട്ടപ്പന മുനിസിപ്പാലിറ്റി, അയ്യപ്പൻകോവിൽ, കാഞ്ചിയാർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശത്തെ ശുദ്ധജല ആവശ്യം കണക്കിലെടുത്താണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയിൽ ഭൂതല ജലസംഭരണി, പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഇലക്ട്രോ മെക്കാനിക്കൽ വർക്സ്, പവർ ലൈൻ എക്സ്റ്റെൻഷൻ, ഗ്രാവിറ്റി മെയിൻ, ഡിസ്ട്രിബ്യൂഷൻ മെയിൻ, ട്രാൻസ്ഫോർമർ, ചെക്ക് ഡാം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി അഞ്ച് പാക്കേജുകളിലായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഒന്നും രണ്ടും നാലും അഞ്ചും പാക്കേജുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നാം പാക്കേജിന്റെ ഡിസൈനിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിക്കാവശ്യമായ അളവിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി പെരിയാർ നദിയിൽ തോണിത്തടി ഭാഗത്തുള്ള കിണറിനോടനുബന്ധിച്ച് നദിയിൽ തടയണ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപകൽപ്പനയും വിശദാംശങ്ങളും തയ്യാറാക്കിവരികയാണ്. കൂടാതെ പ്രധാന പൈപ്പ് ലൈനുകളുടെ സർവ്വേ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിവരുന്നു. ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 2020 സെപ്റ്റംബറിൽ ആരംഭിക്കുവാൻ കഴിയും.

## ബാലുശ്ശേരിയിൽ പഴകിയ പൈപ്പ് മാറ്റാൻ നടപടി

265(1055) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ടൗണിലെ കുടിവെള്ള വിതരണ പൈപ്പ് പൊട്ടി ശുദ്ധജലം സ്ഥിരമായി പാഴായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാലുശ്ശേരി ടൗൺ നവീകരണ പ്രവൃത്തി പൂർത്തിയാകുന്നതിനുമുൻപ് പഴകിയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് റോഡിനുള്ളിൽ വരുന്ന പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള 17 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പദ്ധതിയുടെ മുൻഗണനാക്രമവും അനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി

266(1056) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ പേർക്ക് ശുദ്ധജലം ഉറപ്പാക്കുന്ന പുതിയ കുടിവെള്ള വിതരണ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) നഗര, ഗ്രാമീണ മേഖലകളിലെ ജലവിതരണത്തിന്റെ അടിസ്ഥാന സൗകര്യ വികസനം, ശുദ്ധീകരണം, വിതരണം ഉൾപ്പെടെയുള്ളവ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പൈപ്പുകൾ പൊട്ടി കുടിവെള്ളം പാഴായി പോകുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി നിലവിൽ 1058 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 1,87,93,923 ജനങ്ങൾക്ക് 25.36 ലക്ഷം കണക്ഷനുകളിലൂടെയും 2.036 ലക്ഷം പൊതു ടാപ്പുകൾ വഴിയും കുടിവെള്ളം വിതരണം ചെയ്തുവരുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടിയാണ് ഗ്രാമീണ - നഗര ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയത്. നിലവിൽ കേരള ജല അതോറിറ്റിയിൽ 2840 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് പ്രതിദിനം വിതരണം ചെയ്യുന്നത്. നിലവിൽ കുടിവെള്ള വിതരണം ഇല്ലാത്ത സ്ഥലങ്ങളിലും കുറഞ്ഞയളവിൽ വിതരണം ഉള്ളയിടങ്ങളിലും സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഇപ്പോൾ ജല അതോറിറ്റിയിൽ 9647.663 കോടി രൂപയുടെ (നബാർഡ് - 736.65, സ്റ്റേറ്റ് പ്ലാൻ -1774.93, NRDWP -1444.08, JnNuRM-83.38, JICA -206.21 കിഫ്ബി - 4351.553, അമൃത് -1050.86) പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിൽ ചില പദ്ധതികൾ പൂർത്തീകരിച്ചെങ്കിലും ഫിനാൻഷ്യൽ ക്ലോഷർ ആയിട്ടില്ല.

പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം നഗരത്തിൽ 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നു. ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 115 ഗ്രാമപഞ്ചായത്തുകളിലെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 2176 പദ്ധതികൾ ആവിഷ്കരിച്ചു. ആയതിനാൽ 2167 പദ്ധതികൾ പൂർത്തീകരിച്ചു. 2.6 ലക്ഷം കുടുംബങ്ങൾക്ക് ഇപ്പോൾ കുടിവെള്ളം നൽകിവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് ചെറുതും വലുതുമായ പദ്ധതികൾ, ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികൾ, ഭൂജല സംരക്ഷണ പ്രവൃത്തികൾ, മഴവെള്ള സംഭരണ യൂണിറ്റുകൾ നിർമ്മിച്ചുനൽകൽ എന്നിവ നടപ്പിലാക്കി. പദ്ധതി കാര്യക്ഷമമാക്കുന്നതിനുവേണ്ടി തുടർനടത്തിപ്പും പരിപാലനവും അതാത് ജനകീയ സമിതികൾ തന്നെയാണ് നിർവ്വഹിച്ചുവരുന്നത്. പദ്ധതിയുടെ ഉടമസ്ഥത അതാത് സമിതികൾക്കും ഗ്രാമപഞ്ചായത്തിനുമാണ്. സമിതികൾ തുടർനടത്തിപ്പ് നിയമാവലിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

(ബി) ജലവിതരണ രംഗത്തെ പുനരുദ്ധരിക്കുക, വിപുലീകരിക്കുക, നൂതനമാക്കുക എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി 25832 കോടി രൂപയുടെ 189 പ്രൊപ്പോസലുകൾ ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉൽപ്പാദന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതും വിതരണ ശൃംഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നൽകി വിതരണ ശൃംഖല സ്ഥാപിച്ച് നിലവിലുള്ള ശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷിയിൽനിന്നും ജനങ്ങൾക്ക് ജലമെത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾക്കായി ഏകദേശം 11340 കോടി രൂപ ആവശ്യമാണ്. ഇത് RKI (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്), കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, എൻ.ആർ.ഡി.ഡബ്ല്യു.പി., നബാർഡ് മുതലായവയുടെ ധനസഹായത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത 128 പദ്ധതികൾ നടപ്പാക്കുന്നതുവഴി നിലവിൽ ജനങ്ങൾക്ക് പൈപ്പ് മുഖേന കുടിവെള്ളം വിതരണം ചെയ്യുന്നത് ഏകദേശം 50 ശതമാനത്തിൽനിന്നും 75 ശതമാനമായി ഉയർത്താൻ കഴിയുന്നതാണ്. ഇതുകൂടാതെ ജലജീവൻ മിഷൻ എന്ന പേരിൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) നഗര ഗ്രാമീണ മേഖലകളെ സോണുകളായി തിരിച്ച് കാര്യക്ഷമമായ രീതിയിൽ ശുദ്ധജല വിതരണം നടത്തുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നുണ്ട്. ഉൽപ്പാദന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നതും വിതരണ ശൃംഖല മതിയായ രീതിയിലോ ഒട്ടും ഇല്ലാത്തതോ ആയ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നൽകി വിതരണ ശൃംഖല സ്ഥാപിച്ച നിലവിലുള്ള ശുദ്ധീകരണശാലകളിൽനിന്നും ജനങ്ങൾക്ക് ജലമെത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിലും ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്ന സമയത്തും തടസ്സമില്ലാതെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ ലഭ്യമാക്കുക, ജലലഭ്യത ഉറപ്പാക്കുന്നതിനായി ലീക്കുകൾ യഥാസമയം കണ്ടെത്തുവാനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക, ഡീസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുക, വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുക, ബൾക്ക് മീറ്റർ

സ്ഥാപിക്കുക, ടാങ്കർ ലോറികൾ വാങ്ങുക എന്നീ പ്രവൃത്തികൾക്കായി 940 കോടി രൂപയുടെ പ്രൊപ്പോസലുകളും റീബിൽഡ് കേരള പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളിൽനിന്നും പുറത്തേയ്ക്കൊഴുകുന്ന ജലം പുനരുപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ 5 പ്ലാന്റുകൾക്കായി 110 കോടി രൂപയുടെ പദ്ധതിയും കേരള വാട്ടർ അതോറിറ്റി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ജല ജീവൻമിഷൻ പദ്ധതി നടപ്പാക്കുന്നതോടെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കാൻ സാധിക്കും.

(ഡി) പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജലവിതരണ ശൃംഖലയിലെ ചോർച്ചവഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തിവരുന്നു. ഇതിനായി ഡിവിഷൻ ഓഫീസുകളുടെ കീഴിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജലചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം നഗരത്തിൽ 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നു. ബ്ലൂ ബ്രിഗേഡ് സംവിധാനം, മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് സംസ്ഥാന പദ്ധതി, അമൃത്, കിഫ്ബി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി, എം.എൽ.എ., എം.പി. എന്നിവരുടെ ഫണ്ട് ലഭ്യമാക്കിയും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>അമൃത്</u>: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ പ്രവൃത്തികളിൽ 146.09 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കംചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

കിഫ്ബിഃ 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിവഴി നടപ്പിലാക്കാനായി വാട്ടർ അതോറിറ്റിയുടെ 11 സർക്കിളുകളിലെ പദ്ധതികൾക്ക് 433.33 കോടി രൂപയ്ക്ക് സർക്കാരിൽനിന്നും തത്വത്തിൽ അനുമതി ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

## ബാവിക്കര കുടിവെള്ള പദ്ധതി

267(1057) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പൂർത്തിയാകുമ്പോൾ, പദ്ധതി നിർമ്മാണത്തിന് സൗജന്യമായി ഭൂമി വിട്ട് തന്നവരുടെയും പ്രദേശവാസികളുടെയും പരമ്പരാഗത സഞ്ചാര മാർഗ്ഗം തടസ്സപ്പെടുന്ന സാഹചര്യത്തിൽ ഇതോടനുബന്ധിച്ച് ഒരു പാലം കൂടി അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇതിനായി ഇൻവെസ്റ്റിഗേഷന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിൽ പാലത്തിനായുള്ള ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര റെഗുലേറ്ററിന്റെ (ബാലൻസ് പ്രവൃത്തി) 82% സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പുഴയിലെ ജലനിരപ്പുയർന്നതുകാരണം ഇപ്പോൾ റെഗുലേറ്ററിന്റെ പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ജനറേറ്റർ റൂമിന്റെ പ്രവൃത്തി നടന്നുവരുന്നു.

(ബി) 2020 ഏപ്രിൽ മാസം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി - ഇ) ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തെ പകുതി ചെയ്ത വർക്കിന്റെ ബാക്കി പ്രവൃത്തിയായിട്ടാണ് ഏറ്റെടുത്തിട്ടുള്ളത്. അതുകാരണം ഇതോടൊപ്പം പാലം നിർമ്മാണംകൂടി ഉൾപ്പെടുത്താൻ സാധിക്കില്ല. എന്നാൽ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഇപ്പോൾ പണി നടക്കുന്ന സ്ഥലത്തിനുതാഴെയായി പുതിയ പാലത്തിനായുള്ള പര്യവേക്ഷണ പ്രവൃത്തി ചെയ്തുകഴിഞ്ഞു. ഇൻവെസ്റ്റിഗേഷനുവേണ്ടി പണം അനുവദിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പാലത്തിന്റെ രൂപകൽപ്പന ഐ.ഡി.ആർ.ബി.-യിൽ നടന്നുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

**അരുവിക്കര കുപ്പിവെള്ള ഫാക്ടറി**

268(1058) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന അരുവിക്കര കുപ്പിവെള്ള ഫാക്ടറിയുടെ പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത ഫാക്ടറി എന്നു മുതൽ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നറിയിക്കാമോ;

(ബി) പ്രസ്തുത കമ്പനിക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) കുപ്പിവെള്ള ഫാക്ടറിക്ക് ആവശ്യമായ മെഷീനറികൾ എത്തിച്ചത് എവിടെ നിന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കമ്പനിക്ക് ആവശ്യമായ വൈദ്യുതി ലഭ്യമായിട്ടുണ്ടോയെന്നും കുപ്പിവെള്ളത്തിന്റെ വിതരണം ഏതു രീതിയിലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം തടയുമോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിൽ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കുപ്പിവെള്ള ഫാക്ടറിയിൽ മണിക്കൂറിൽ ഒരു ലിറ്ററിന്റെ 3600 കുപ്പികൾ നിറയ്ക്കാൻ ശേഷിയുള്ള 2 യന്ത്രങ്ങളും മണിക്കൂറിൽ 20 ലിറ്ററിന്റെ 340 ജാറുകൾ നിറയ്ക്കാൻ ശേഷിയുള്ള ഒരു യന്ത്രവും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഒരു ലിറ്റർ കുപ്പികൾ ഉൽപ്പാദിപ്പിക്കുന്ന ഒരു യന്ത്രത്തിൽ ആവശ്യാനുസരണം 2 ലിറ്ററിന്റെയും അര ലിറ്ററിന്റെയും കുപ്പികൾ നിറയ്ക്കുവാനുള്ള സംവിധാനവുമുണ്ട്. ബി.ഐ.എസ്., എഫ്.എസ്.എസ്.എ.ഐ. എന്നീ വകുപ്പുകളിൽനിന്നുള്ള അനുമതിയും വിതരണ സംവിധാനവും സംബന്ധിച്ച് തീരുമാനമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത കമ്പനിക്ക് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടില്ല. 2019 മേയ് മാസം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് അധികൃതർ ഫാക്ടറി സന്ദർശിച്ച് വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ ശേഖരിച്ച് വിവിധ പരിശോധനകൾക്ക് വിധേയമാക്കുകയുണ്ടായി. ചില ന്യൂനതകൾ പരാമർശിച്ചതിനാൽ അവയുടെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഇവ പരിഹരിച്ചതിനുശേഷം വീണ്ടും ബി.ഐ.എസ്.-ന്റെ പരിശോധനയ്ക്കുവേണ്ടി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

(സി&ഡി) കുപ്പിവെള്ള പ്ലാന്റ് പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളതാകുന്നു. ഗുജറാത്ത് ആസ്ഥാനമായിട്ടുള്ള ഹൈടെക് സ്വീറ്റ് വാട്ടർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് മെഷിനറികൾ എത്തിച്ചു സ്ഥാപിക്കുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത്. ഇൻഡ്യയിലും വിദേശത്തുമുള്ള ഇവരുടെ ഫാക്ടറികളിൽ നിന്നുമാണ് മെഷിനറികൾ എത്തിച്ചിട്ടുള്ളത്. 2019 ജനുവരി 25-ാം തീയതി കെ.എസ്.ഇ.ബി.എൽ-ൽനിന്നും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

ഈ യൂണിറ്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനമടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ Kerala Irrigation Infrastructure Development Corporation (KIIDC)Ltd-നെ ഏൽപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ റീ-സൈക്ലിങ്ങിനുവേണ്ടി ഷ്രഡിങ്ങ് യൂണിറ്റ് സ്ഥാപിച്ച് പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത വിധത്തിൽ ഉപോൽപ്പന്നമാക്കി മാറ്റുന്നതിനുള്ള നടപടികളാണ് ഉദ്ദേശിക്കുന്നത്.

## ഹരിപ്പാട് കുടിവെള്ള പദ്ധതി

269(1059) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഇതിനകം നടത്തിയതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എൻ.ആർ.ഡി.ഡബ്ല്യു.പി.-യിലുൾപ്പെടുത്തി അനുമതി ലഭിച്ച ഒന്നാംഘട്ടത്തിലുള്ള 50 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. പമ്പാനദിയിൽ മുല്ലശ്ശേരിക്കടവിൽ നിർമ്മിക്കേണ്ട 10 മീറ്റർ വ്യാസമുള്ള കിണറിന്റെ സ്ഥലം അനുവദിച്ചു കിട്ടാത്തതിനാൽ റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ കിണറിനാവശ്യമായ സ്ഥലം ലഭ്യമായ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികളുൾപ്പെടെയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

2. ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി രണ്ടാംഘട്ടത്തിന്റെ ഭാഗമായ പള്ളിപ്പാട് ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം 9 കിലോ മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് 900 മില്ലീ മീറ്റർ പമ്പിംഗ് മെയിൻ (PN-8) പൈപ്പാണ് നിർദ്ദേശിച്ചിരുന്നത്. നിർമ്മാണ സ്ഥലസ്ഥിതി കണക്കിലെടുത്തും റോ വാട്ടർ പമ്പിംഗ് മെയിനിന് പുതുക്കിയ പൈപ്പ് പോളിസി അനുസരിച്ച് HDPE (PN-10 PE100) പൈപ്പ് ഉപയോഗിക്കേണ്ടിവരുന്നതിനാലും BM&BC റോഡുമുറിച്ച് പൈപ്പ് സ്ഥാപിക്കേണ്ടിവരുന്നതിനാലും റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 21.90 കോടി രൂപയിൽനിന്നും 49.90

കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല രണ്ടാംഘട്ടത്തിൽ ഇനി നടപ്പിലാക്കുവാനുള്ള ഘടകങ്ങളുൾപ്പെടെ ആകെ 57 കോടി രൂപയാണ് ആവശ്യമായി വരുന്നത്. ഇതിന്മേലുള്ള തുടർ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള പ്രവൃത്തികൾ 2022 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## എലവഞ്ചേരി-പല്ലശ്ശന കുടിവെള്ള പദ്ധതി

270(1060) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്കായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത കുടിവെള്ള പദ്ധതിയിലെ ഉൽപ്പാദന ഘടകങ്ങളായ 25 എം.എൽ.ഡി. ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെടുന്ന പാക്കേജ് ടെണ്ടർ വിളിച്ച് 12.59 കോടി രൂപയ്ക്ക് കരാറുകാരനുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ബി) എലവഞ്ചേരി-പല്ലശ്ശേന കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് 18 മാസമാണ്. ഈ പ്രവൃത്തി 2021-ൽ പൂർത്തിയാകും. പോത്തുണ്ടി സ്രോതസ്സായ പ്രവൃത്തികളിൽ വിതരണശൃംഖല ഉൾപ്പെട്ടിട്ടില്ല. ടി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 6 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനാവശ്യമായ ഉന്നതതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് വിതരണ ശൃംഖലകൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള സർവ്വേ നടപടികൾ നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുശേഷം ഭരണാനുമതിയും ധനലഭ്യതയും ഉറപ്പുവരുത്തിയാൽ മാത്രമേ പദ്ധതി വിഭാവനം ചെയ്ത രീതിയിലുള്ള പൂർണ്ണ പ്രയോജനം ലഭിക്കുകയുള്ളൂ.

## വിളപ്പിൽ കുടിവെള്ള പദ്ധതി

271(1061) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള തടസം നേരിടുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിയ്ക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിളപ്പിൽ പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ട കിണർ, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഉപരിതല ജലസംഭരണി മറ്റനുബന്ധ ഘടകങ്ങളുമുൾപ്പെടുത്തി ഒരു പദ്ധതി വിഭാവനം ചെയ്യുകയും 16 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുമുണ്ട്. എല്ലാ ഘടകങ്ങളും ഉൾപ്പെട്ട പദ്ധതിക്ക് 2016-ൽ സാങ്കേതികാനുമതിയുമായിട്ടുണ്ട്. ഇതിൽ 3 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ചെയ്തു. ശേഷിക്കുന്ന പ്രവൃത്തികളായ വിയറിന്റെ നിർമ്മാണവും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ നിർമ്മാണ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് അംഗീകരിച്ച് ഉടൻതന്നെ ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു. ശുദ്ധീകരണശാല നിർമ്മിക്കുവാനുള്ള സ്ഥലം ലഭിക്കാൻ വൈകിയതിനാൽ ഈ പദ്ധതി ആരംഭിക്കുവാൻ കാലതാമസം നേരിട്ടിരുന്നു. പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

## കാലപ്പഴക്കം ചെന്ന കുടിവെള്ള വിതരണ പൈപ്പുകൾ

272(1062) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങല-പുത്തൻകുരിശ് റോഡിൽ പോത്തനാംപറമ്പ് പ്രദേശത്തെ കാലപ്പഴക്കം ചെന്ന കുടിവെള്ള വിതരണ പൈപ്പുകൾ മാറ്റിയിടുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് തുക അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. ഇക്കാര്യത്തിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി

273(1063) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഡബ്ല്യൂ.എസ്.സി 3/77/2019/ഡബ്ല്യൂ.ആർ.ഡി. എന്ന ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിവരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മഞ്ചേരി ഡിവിഷനിൽ നിന്നും എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതിക്കാവശ്യമായ സ്രോതസ്സായി നിർദ്ദേശിക്കാവുന്ന വെള്ളിയാർ, ഒലിപ്പുഴ, കടലുണ്ടിപ്പുഴ എന്നിവയിൽ വേനലിൽ ജലലഭ്യത കുറവാണെന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി സ്രോതസ്സിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിന് ജല അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം ഇതുസംബന്ധിച്ച വിവരം ശേഖരിച്ച് പരിശോധന നടത്തിവരുന്നു.

(ബി-ഡി) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കണമെന്ന ആവശ്യം സംബന്ധിച്ച ഈ ഫയലിലെ വിഷയത്തിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എം.ഡി.-യോട് ആവശ്യപ്പെടുകയും അതനുസരിച്ച് ടി പദ്ധതിയുടെ പ്രാഥമിക പഠനം നടത്തിയിട്ടുമുണ്ട്. സ്രോതസ്സിന്റെ ആധികാരികത പരിശോധിക്കുന്നതിനു വേണ്ടിയുള്ള പഠനം കേരള ജല അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം നടത്തിവരുന്നു. പി.പി.ഡി. വിഭാഗത്തിൽനിന്ന് സ്രോതസ്സിന്റെ ആധികാരികത ലഭ്യമാകുന്നമുറയ്ക്ക് കേരള വാട്ടർ അതോറിറ്റി മറ്റ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചെങ്ങന്നൂർ സമഗ്ര കുടിവെള്ള പദ്ധതി

274(1064) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ജലവിഭവ വകുപ്പ് തയ്യാറാക്കിയതും കിഫ്ബിയുടെ അനുവാദം ലഭിച്ചതുമായ ചെങ്ങന്നൂർ സമഗ്രകുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് വെണ്മണി പഞ്ചായത്തിലെ 15 സെന്റ് സ്ഥലം കൈമാറി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സമിതി തീരുമാനത്തോടൊപ്പം പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ ഉത്തരവ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) തത്വത്തിൽ അംഗീകാരം നൽകിയ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് കിഫ്ബിയിൽനിന്നും 199.13 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായത് 7-9-2018-ലാണ്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നാല് പാക്കേജുകളായി തിരിച്ച് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചുവരുന്നു. പഞ്ചായത്തിൽനിന്നും സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## മഞ്ചേരിയിലെ കൊമ്പൻകല്ല് കുടിവെള്ള പദ്ധതി

275(1065) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൊമ്പൻകല്ല് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്താൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് മലപ്പുറം റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ;

(സി) കുടിവെള്ള വിതരണത്തിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പ്ലാന്റ് ആരംഭിക്കുന്ന കാര്യത്തിൽ ജലനിധി വേണ്ടത്ര പരിഗണന നൽകുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടും നാളിതുവരെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(എഫ്) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം എന്നു ആരംഭിക്കാൻ സാധിക്കുമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൊമ്പൻകല്ല് കുടിവെള്ള പദ്ധതിയുടെ പണി പൂർത്തീകരിച്ചെങ്കിലും ജലത്തിന് ഗുണനിലവാര പ്രശ്നങ്ങൾ ഉള്ളത് കാരണം പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്താൻ സാധിച്ചിട്ടില്ല.

(ബി & സി) ഇതുമായി ബന്ധപ്പെട്ട് മലപ്പുറം റീജിയണൽ ഓഫീസിൽനിന്നും KRWSA-MLPM/195/2018/Splt/ES എന്ന കത്തുപ്രകാരം Sedimentation, aeration എന്നീ പ്രക്രിയകൾവഴി ജല ശുദ്ധീകരണത്തിനുള്ള പ്രൊപ്പോസൽ ജലനിധിയുടെ PMU ഓഫീസിൽ നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ ചെയ്യുന്നതിന് 17.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി & ഇ) ജലനിധി പദ്ധതിക്കുള്ള ലോക ബാങ്ക് ധനസഹായം 28-6-2019 വരെ മാത്രമേ ലഭ്യമായിരുന്നുള്ളൂ. പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാരിന്റെ ജലനിധി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഭരണാനുമതി ലഭ്യമാക്കി ഈ സാമ്പത്തിക വർഷംതന്നെ പദ്ധതി പൂർത്തീകരിച്ച് ജല വിതരണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

276(1066) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിവരുന്നതും, 2016-17-നുമുൻപ് ആരംഭിച്ചതും, നാളിതുവരെ പൂർത്തിയാകാത്തതുമായ പദ്ധതികൾ ഏതൊക്കയാണ്; ഓരോന്നിന്റെയും നിലവിലെ അവസ്ഥ ഇനം തിരിച്ച് അറിയിക്കാമോ; ഇവയുടെ കാലതാമസത്തിനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ബി) 2016-17-ന ശേഷം ആരംഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും ഭരണാനുമതി, സാങ്കേതിക അനുമതി, ടെണ്ടർ, എത്ര ശതമാനം പ്രവൃത്തി പൂർത്തിയായി, നാളിതുവരെ ആരംഭിക്കാത്ത പ്രവൃത്തികളേതെല്ലാം, പ്രവൃത്തി ആരംഭിയ്ക്കാത്തതിനുള്ള കാരണം എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ജലസേചന വകുപ്പിലും ഭൂജല വകുപ്പിലും 2016-17-നുമുമ്പ് ആരംഭിച്ചതും നാളിതുവരെ പൂർത്തിയാകാത്തതുമായ പദ്ധതികളില്ല. ജലനിധിയിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയിലുള്ള 29 സ്കീമുകൾ ആരംഭിച്ചത് പൂർത്തീകരിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റിയിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ താഴേക്കോട്, ആലിപ്പറമ്പ് പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി 2013-ൽ NRDWP-യിൽ അനുമതി ലഭിച്ച് നടപ്പിലാക്കിവരുന്നു. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽപ്പെട്ട താഴേക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾക്കായ് വിഭാവനം ചെയ്തിട്ടുള്ള സംയുക്ത കുടിവെള്ള പദ്ധതിയാണ് താഴേക്കോട്, ആലിപ്പറമ്പ് കുടിവെള്ള പദ്ധതി. രണ്ട് പഞ്ചായത്തുകളിലെ 137550-ഓളം വരുന്ന ജനങ്ങൾക്ക് പ്രതിശീർഷം 70 ലിറ്റർ എന്ന തോതിൽ പ്രതിദിനം 12 ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനാണ് പ്രസ്തുത കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾക്കായി ഒന്നാം ഘട്ടം എന്ന നിലയ്ക്ക് NRDWP (SLSSC 2013)

ഉൾപ്പെടുത്തി 750 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രസ്തുത തുക ഉപയുക്തമാക്കി, 6 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും റോ വാട്ടർ പമ്പിംഗ് മെയിൻ, 12 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല ക്ലിയർ വാട്ടർ ഭൂതല സംഭരണി, ആലിപ്പറമ്പ് പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 19 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയിലേയ്ക്കുള്ള 300 മി.മീ. വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങൾ 2018 ജൂൺ മാസത്തോടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ പൂർത്തീകരിക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടാത്ത രണ്ട് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള 19 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള രണ്ട് ഉപരിതല സംഭരണികളും താഴേക്കോട് പഞ്ചായത്തിലെ ജലസംഭരണിയിലേയ്ക്കുള്ള പമ്പിംഗ് മെയിൻ, പദ്ധതി പൂർത്തീകരണത്തിനായുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളായ പമ്പ് സെറ്റുകൾ ട്രാൻസ്ഫോർമറുകൾ എന്നിവ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ കൂടാതെ രണ്ട് പഞ്ചായത്തുകളിലായി 330 Km ദൂരത്തിൽ വിതരണ ശൃംഖലയും സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

WSS to Thazhekkode Alipparamba-യുടെ വിതരണശൃംഖലയ്ക്കായി 28.75 കോടിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിനോടനുബന്ധിച്ച് കേരള വാട്ടർ അതോറിറ്റി റീബിൽഡ് കേരളയുമായി ബന്ധപ്പെട്ട് അഞ്ച് വർഷത്തേയ്ക്കുള്ള ഒരു ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഉൽപ്പാദന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതും വിതരണ ശൃംഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നൽകിയിട്ടുണ്ട്. മേൽപദ്ധതിയും പ്രസ്തുത ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി കൂടുതൽ പ്രദേശങ്ങളിൽ വിതരണ ശൃംഖല സ്ഥാപിക്കാനാവും.

വിതരണ ശൃംഖല ഉൾപ്പെടെ, താഴേക്കോട് ആലിപ്പറമ്പ് കുടിവെള്ള പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിന് 138.75 കോടി രൂപ മൊത്തം ചെലവ് കണക്കാക്കുന്നു. പദ്ധതി നടപ്പിൽ വരുത്തുന്നതിന് 2 വർഷം കാലയളവും ആവശ്യമാണ്.

(ബി) ജലസേചന വകുപ്പിനെ സംബന്ധിച്ച വിശദാംശം അനുബന്ധം* 1-ൽ ചേർത്തിരിക്കുന്നു. ഭൂജല വകുപ്പിനെ സംബന്ധിച്ച വിശദാംശം അനുബന്ധം* 2-ൽ ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലനിധി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 2019-20 സാമ്പത്തിക വർഷത്തിൽ താഴേക്കോട് ഗ്രാമപഞ്ചായത്തിൽ 7 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അവയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

കേരള ജല അതോറിറ്റിയെ സംബന്ധിച്ച് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലുള്ള രാമഞ്ചാടി അലിഗർ കുടിവെള്ള പദ്ധതിക്ക് 01-02-2018-ാം തീയതിയിലെ ഉത്തരവ് No.G.O. (Rt)67/2018/WRD പ്രകാരം സർക്കാരിൽനിന്നും 90 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭ്യമായി. ഉത്തരവ് No.WRD025-13-PA-01 തീയതി 13-11-2018 പ്രകാരം കിഫ്ബിയിൽനിന്നും 92.52 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ക്ലിയർ വാട്ടർ പമ്പ് ഹൗസ് ഉന്നതതല ജലസംഭരണികൾ, 23 എം.എൽ.ഡി. പ്ലാന്റ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, ബൂസ്റ്റർ ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. മൂന്ന് പാക്കേജുകളിലായിട്ടാണ് ഭരണാനുമതി ലഭിച്ച പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം പാക്കേജിന് 35.13 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തുകഴിഞ്ഞു. ശേഷിക്കുന്ന രണ്ടും മൂന്നും പാക്കേജുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർശന നടപടി സ്വീകരിച്ചുവരുന്നു.

## ചൂണ്ടി ജംഗ്ഷനിലെ ജലവിതരണ പൈപ്പുകൾ

277(1067) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചൂണ്ടി സബ് ഡിവിഷന്റെ കീഴിൽ ചൂണ്ടി ജംഗ്ഷനിൽ ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തിയുടെ ഭാഗമായി റോഡിലൂടെ പൈപ്പുകൾ ഇടുന്നതിനായി പൊതുമരാമത്ത് വകുപ്പിന് തുക ഒടുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇല്ല. ബജറ്റ് വിഹിതം ലഭ്യമാക്കി തുക ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തീരദേശത്ത് ഡ്രെയിനേജ് സൗകര്യം

278(1068) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൂന്തുറ മുതൽ വേളി വരെയുള്ള ഭാഗത്ത് ഡ്രെയിനേജ് സൗകര്യമൊരുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) തീരദേശത്ത് ഡ്രെയിനേജ് സൗകര്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കാലതാമസം വരുത്താതെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പൂന്തുറ മുതൽ വേളി വരെയുള്ള പ്രദേശങ്ങളിൽ സ്വീവറേജ് സംവിധാനം ഒരുക്കുവാൻ F&G ബ്ലോക്ക് എന്ന പേരിൽ പ്രത്യേക പദ്ധതി രൂപകൽപ്പന ചെയ്യുകയും അതിൽത്തന്നെ F1, G1, F2, G2 എന്ന പേരിൽ പ്രത്യേക സോണുകളായി തിരിച്ച് സ്വീവറേജ് നെറ്റ്‌വർക്ക്, പമ്പ് ഹൗസ് എന്നിവ സ്ഥാപിക്കുവാൻ ഡിസൈൻ ചെയ്യുകയും ചെയ്തു.

F1 ബ്ലോക്ക്: ശംഖുംമുഖം, വെട്ടുകാട്, കണ്ണാന്തുറ എന്നീ വാർഡുകൾക്കുവേണ്ടി വിഭാവനം ചെയ്ത സ്വീവറേജ് ശൃംഖലയിൽ 3 പമ്പ് ഹൗസാണ് വിഭാവനം ചെയ്തിരുന്നത്. എല്ലാ പമ്പ് ഹൗസുകൾക്കുമുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി തുടങ്ങുവാൻ സാധിച്ചിട്ടില്ല.

G1 ബ്ലോക്ക്: പൂന്തുറ, മാണിക്യവിളാകം, ബീമാപ്പള്ളി, ബീമാപ്പള്ളി (ഈസ്റ്റ്), വലിയതുറ, വള്ളക്കടവ് (ഭാഗികം) എന്നീ വാർഡുകൾക്കുവേണ്ടി വിഭാവനം ചെയ്തത്. G1 ബ്ലോക്കിലെ നിർമ്മാണ പ്രവൃത്തികൾക്ക് M/s അഭിരാം എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ബ്ലോക്കിൽ വിഭാവനം ചെയ്തിരുന്ന 4 പമ്പ് ഹൗസുകളിൽ ഒരെണ്ണത്തിനു മാത്രമേ സ്ഥലം ലഭ്യമായുള്ളൂ. ആയതിനാൽ നിലവിലുള്ള ഡിസൈൻ ഒരു പമ്പ് ഹൗസ് ഉപയോഗിച്ച് ചെയ്യത്തക്ക രീതിയിൽ റീഡിസൈൻ ചെയ്തു. പക്ഷെ ഒരു പമ്പ് ഹൗസ് മാത്രമായതുകാരണം സ്വീവറേജ് ലൈൻ സ്ഥാപിക്കേണ്ട താഴ്ച പമ്പ് ഹൗസിനടുത്ത് 5 മീറ്ററോളം വരികയുണ്ടായി. ഇക്കാരണത്താലും കോൺട്രാക്ടറുടെ പ്രവർത്തന രീതിമൂലവും കാലതാമസമുണ്ടായതിനാൽ പ്രസ്തുത പ്രവൃത്തി എമ്പവേർഡ്

കമ്മിറ്റിയുടെ തീരുമാനപ്രകാരം കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും പകരം പ്രവൃത്തി ചെയ്യുവാനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

F2 ബ്ലോക്ക് : കടകംപള്ളി, പെരുന്താന്നി (ഭാഗികം), മുട്ടത്തറ (ഭാഗികം), വള്ളക്കടവ് (ഭാഗികം) എന്നീ വാർഡുകൾക്കുവേണ്ടി വിഭാവനം ചെയ്തത്. ഈ ബ്ലോക്ക് 2 സോണായി തിരിച്ച് 2 പമ്പ് ഹൗസാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ സംഗമ നഗർ എന്ന സോണിലുള്ള പമ്പ് ഹൗസിനുള്ള സ്ഥലം ലഭിക്കുകയും പ്രസ്തുത സോണിൽ പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയുടെ സ്വീവർ പൈപ്പ് സ്ഥാപിക്കൽ, മാൻഹോളുകളുടെ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, പമ്പിംഗ് മെയിൻ സ്ഥാപിക്കൽ എന്നിവയുടെ 73 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ, ബാക്കിയുള്ള സിവിൽ പ്രവൃത്തികൾ എന്നിവ ഒരു വർഷത്തിനകം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാം എന്ന് പ്രതീക്ഷിക്കുന്നു.

G2 ബ്ലോക്ക്: മുട്ടത്തറ (ഭാഗികം), പുത്തൻപള്ളി, അമ്പലത്തറ, ഇടയാർ എന്നീ വാർഡുകൾക്കുവേണ്ടി വിഭാവനം ചെയ്തതാണ് G2 ബ്ലോക്ക്. ഈ ബ്ലോക്ക് 2 സോണായി തിരിച്ച് 2 പമ്പ് ഹൗസാണ് വിഭാവനം ചെയ്തിരുന്നത്. രണ്ട് പമ്പ് ഹൗസുകൾക്കുമുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(ബി) F1 -ബ്ലോക്കിലെ വിഭാവനം ചെയ്തിരുന്ന ശംഖുംമുഖം, വെട്ടുകാട് എന്നീ സ്ഥലങ്ങളിലെ പമ്പ് ഹൗസിന് സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഫണ്ട് ലഭ്യതയനുസരിച്ച് സ്വീവറേജ് സംവിധാനം ഒരുക്കാവുന്നതാണ്.

G1 - ബ്ലോക്കിലെ സ്വീവറേജ് സംവിധാനം ഒരുക്കാൻ പദ്ധതിക്ക് വിഭാവനം ചെയ്തിരുന്ന പമ്പ് ഹൗസ് സ്ഥലങ്ങൾ അനിവാര്യമാണ്. എന്നിരുന്നാലും നിലവിലുണ്ടായിരുന്ന പ്രവൃത്തി കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത സ്ഥിതിക്ക് പ്രസ്തുത ബ്ലോക്കിലെ സ്വീവറേജ് വർക്ക് റിസ്ക് ആന്റ് കോസ്റ്റിൽ വർക്ക് അറേഞ്ച് ചെയ്യുവാൻ S.L.T.C കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി. അതുപോലെ G1 ബ്ലോക്കിലെ സ്വീവറേജ് സംവിധാനത്തിനുവേണ്ടി 6 മീറ്റർ മുതൽ 4 മീറ്റർ വരെ കട്ടിങ് ഡെപ്തിന്റെ അടിസ്ഥാനത്തിൽ ഫിസിബിലിറ്റി സർവ്വേ നടത്താനും ശിപാർശ നൽകുകയുണ്ടായി. S.L.T.C കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ടെർമിനേറ്റ് ചെയ്ത വർക്ക് റിസ്ക് ആന്റ് കോസ്റ്റിൽ അറേഞ്ച് ചെയ്യാൻ പുതിയ ഷെഡ്യൂൾ റേറ്റിൽ നിലവിലെ ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക്

റിസ്ക് ആന്റ് കോസ്റ്റിൽ ടെണ്ടർ ചെയ്യാവുന്നതാണ്. ഒറ്റ പമ്പ് ഹൗസ് കൊണ്ട് സ്വീവറേജ് സംവിധാനം ഒരുക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി S.L.T.C കമ്മിറ്റി നിർദ്ദേശിച്ചിരുന്ന രീതിയിൽ 6 മുതൽ 4 മീറ്റർ വരെ കട്ടിങ് ഡെപ്ത് നിയന്ത്രിച്ചുകൊണ്ട് നെറ്റ്‌വർക്ക് ഏരിയയുടെ ഫീസിബിലിറ്റി സർവ്വേയ്ക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത ഫിസിബിലിറ്റി സർവ്വേ നിർദ്ദേശിക്കുന്ന രീതിയിൽ പമ്പ് ഹൗസുകൾക്കുള്ള സ്ഥലം ലഭ്യമായാൽ G1 ബ്ലോക്കിലെ ഭൂരിഭാഗം ഏരിയയിലും സ്വീവറേജ് സംവിധാനം ഒരുക്കാവുന്നതാണ്.

F2 ബ്ലോക്കിൽ സംഗമ നഗർ സ്കീം എന്ന പേരിൽ സ്വീവറേജ് പദ്ധതി നടപ്പിലാക്കിവരുന്നു. M/s ടോംകോ എഞ്ചിനീയറിംഗ് എന്ന കമ്പനിയാണ് പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ. പണി പുരോഗമിച്ചുവരുന്നു.

G1 ബ്ലോക്കിലെ പ്രോജക്ട് ഏരിയ അമ്പലത്തറ, പഴഞ്ചിറ, ഇടയാർ, പുത്തൻപള്ളി മേഖലകളിലാണ്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് G2 ബ്ലോക്കിൽ സ്വീവറേജ് സംവിധാനം ഒരുക്കാവുന്നതാണ്.

## ബാലവേല വിമുക്ത സംസ്ഥാനം

279(1069) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ഡി. കെ. മുരളി:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ബാലവേല നിർമ്മാർജ്ജനത്തിനും ബാലന്മാരായ തൊഴിലാളികളുടെ പുനരധിവാസത്തിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ആധുനിക വിവരസാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് തൊഴിലുടമ-തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ ബാലവേല യ്ക്കെതിരെ എന്തെല്ലാം ബോധവത്ക്കരണ പ്രചരണ പരിപാടികളാണ് വ്യാപകമായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-ii) എന്നിവർ മുഖേന പരിശോധനകൾ നടത്തുമ്പോൾ ബാലവേല ഉണ്ടോ എന്നത് പരിശോധിച്ചുവരുന്നു. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവരുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. കൂടാതെ ആഗോള ബാലവേല വിരുദ്ധ ദിനമായ ജൂൺ 12, ജില്ലകളിൽ ബാലവേല വിരുദ്ധദിനമായി ആചരിക്കുകയും സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്കൂളുകളിലും മറ്റും സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ചൈൽഡ് & അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ടിന്റെയും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ ടി ക്ലാസ്സുകളിൽ അങ്കണവാടി, കുടുംബശ്രീ, ആശാപ്രവർത്തകർ എന്നിവരെക്കൂടി വനിതാശിശു വികസന വകുപ്പിന്റെ സഹകരണത്തോടുകൂടി പങ്കെടുപ്പിച്ചുവരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുള്ള ശരണബാല്യം പദ്ധതിയുമായി ചേർന്ന് ജില്ലകളിൽ ഊർജ്ജിതമായ പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നു. അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖാന്തരം സ്ഥാപനങ്ങൾ പരിശോധിക്കുന്ന അവസരങ്ങളിൽ ബാലവേല നിരോധന നിയമപ്രകാരമുള്ള പരിശോധനകൾ നടത്തിവരുന്നു.

(ബി) നടത്താറുണ്ട്.

(സി) വിവിധ തൊഴിൽമേഖലകളിലും വ്യാപാര വാണിജ്യ സ്ഥാപനങ്ങളിലും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന, തൊഴിലാളികൾക്കും തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. സ്ഥാപനങ്ങളിലും തൊഴിൽമേഖലകളിലും ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് പോസ്റ്റർ പതിക്കുകയും ലഘുലേഖ വിതരണം നടത്തിവരുകയും ചെയ്യുന്നു. ബാലവേല നിർമ്മാർജ്ജനത്തിനായി ചൈൽഡ് ലൈൻ, ജില്ലാ ശിശു സംരക്ഷണ വകുപ്പ്, ജുവനൈൽ പോലീസ് എന്നീ വകുപ്പുകളുമായി സഹകരിച്ച് സ്ക്വാഡ് പരിശോധനകൾ നടത്തിവരുന്നു. ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) അമെന്റ്മെന്റ് റൂൾസ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മിന്നൽ പരിശോധന നടത്തിവരുന്നു.

## തൊഴിൽ നിയമങ്ങൾ ഉറപ്പുവരുത്താൻ നടപടി

280(1070) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പിന് കീഴിൽ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗത്തിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുള്ളത്; എങ്കിൽ പ്രസ്തുത മിനിമം വേതനം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ വീഴ്ച വരുത്തിയ തൊഴിലുടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ തൊഴിലിടങ്ങളിൽ തൊഴിലാളികൾക്കെതിരെ നടക്കുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. തൊഴിൽ വകുപ്പിലെ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തൽസമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 2018-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 20-12-2018 തീയതിയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നു നടത്തിയ ജില്ലാതല സ്ക്വാഡുകളിലുമായി സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിടസൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2-2-2019-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ സംസ്ഥാനമൊട്ടാകെയുള്ള 358 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ഇതിൽ 237 സ്ഥാപനങ്ങളിൽ ഇരിപ്പിടസൗകര്യം നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതായി കണ്ടെത്തിയ 121 സ്ഥാപനങ്ങൾക്ക് പ്രാഥമിക നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാ വേളയിലും പ്രസ്തുത നിയമഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് മിനിമം വേതനനിയമം, 1948-ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 80 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം* 1 ആയി ചേർത്തിട്ടുണ്ട്.

ലേബർ കമ്മീഷണറേറ്റിന് കീഴിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെത്തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ആഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

2019-ൽ നാളിതുവരെ 946 ക്ലെയിം പെറ്റീഷനുകൾ മിനിമം വേതന നിയമപ്രകാരം ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം *2 ആയി ചേർത്തിട്ടുണ്ട്.

(ഇ) സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും 155214/180042555214 എന്നീ നമ്പറുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

**ബാലവേല നിർമ്മാർജ്ജനവും ബാലതൊഴിലാളി പുനരധിവാസവും**

281(1071) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും വേണ്ടി നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യിക്കുന്ന തൊഴിൽ ദാതാക്കൾക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II) എന്നിവർ മുഖേന പരിശോധനകൾ നടത്തുമ്പോൾ ബാലവേല ഉണ്ടോ എന്നത് പരിശോധിച്ചുവരുന്നു. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവരുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. കൂടാതെ ആഗോള ബാലവേല വിരുദ്ധ ദിനമായ ജൂൺ 12, ജില്ലകളിൽ ബാലവേല വിരുദ്ധ ദിനമായി ആചരിക്കുകയും സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്കൂളുകളിലും മറ്റും സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ചൈൽഡ് & അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്ടിന്റെയും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ ടി ക്ലാസ്സുകളിൽ അങ്കണവാടി, കുടുംബശ്രീ, ആശാപ്രവർത്തകർ എന്നിവരെക്കൂടി വനിതാ-ശിശു വികസന വകുപ്പിന്റെ സഹകരണത്തോടുകൂടി പങ്കെടുപ്പിച്ചുവരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ടാസ്ക്ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുള്ള 'ശരണബാല്യം' പദ്ധതിയുമായി ചേർന്ന് ജില്ലകളിൽ വകുപ്പ് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അസിസ്റ്റന്റ് ലേബർ ആഫീസർ മുഖാന്തരം സ്ഥാപനങ്ങൾ പരിശോധിക്കുന്ന അവസരങ്ങളിൽ ബാലവേല നിരോധന നിയമപ്രകാരമുള്ള പരിശോധനകൾ നടത്തിവരുന്നു.

(ബി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം ലംഘിക്കുന്ന തൊഴിലുടമയ്ക്കെതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും.

**കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കരട് സാമൂഹ്യ സുരക്ഷാചട്ടം**

282(1072) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയ കരട് സാമൂഹ്യ സുരക്ഷ ചട്ടത്തിൽ നിന്നും പി.എഫ്.-ഉം ഇ. എസ്. ഐ.-യും അടക്കമുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ സാർവ്വത്രികമാക്കുമെന്ന വ്യവസ്ഥ എടുത്ത് കളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരടിലെ ഈ നിർദ്ദേശം പ്രാവർത്തികമായാൽ ആയത് കേരളത്തിലെ തൊഴിലാളികളെ എങ്ങനെ ബാധിക്കുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) അസംഘടിത തൊഴിലാളികളെക്കൂടി സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയം പ്രസിദ്ധപ്പെടുത്തിയ കരട് സോഷ്യൽ സെക്യൂരിറ്റി കോഡിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ സാർവ്വത്രികമാക്കുന്നതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ കോഡിന്റെ കീഴിലുള്ള ചട്ടങ്ങളും ക്ഷേമ പദ്ധതികളുംകൂടി രൂപീകൃതമായി കഴിഞ്ഞാലേ നിലനിൽക്കുന്ന ക്ഷേമാനുകൂല്യങ്ങളിൽനിന്നും തൊഴിലാളികൾക്ക് അനുകൂലമായോ പ്രതികൂലമായോ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോയെന്നത് വ്യക്തമാകുകയുള്ളൂ.

(സി) നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് നിയമത്തിൽ അസംഘടിത തൊഴിലാളികളും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ നിയമം അന്തിമമായി ഉത്തരവാകുകയും ചട്ടങ്ങൾ രൂപീകരിച്ചതിനുശേഷവും മാത്രമേ വ്യക്തമാകുകയുള്ളൂ.

## മലപ്പുറം ജില്ലയിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് സർവ്വേ

283(1073) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഏതു തരത്തിലുള്ള സ്ഥാപനങ്ങളെയാണ് സർവ്വേയിൽ ഉൾപ്പെടുത്തുന്നത്; ആർക്കാണ് സർവ്വേ ചുമതല നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; സർവ്വേ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്ന നടപടി പുരോഗമിക്കുന്നു. ഇതിനായി ജില്ലയിലെ 7 താലൂക്കുകളിലായി 7 ഇൻവെസ്റ്റിഗേറ്റർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുണ്ട്. പൊന്നാനി, തിരൂരങ്ങാടി, ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി, തിരൂർ എന്നീ താലൂക്കുകളിൽ സർവ്വേ ആരംഭിച്ചിട്ടുണ്ട്.

(ബി) പബ്ലിക്ക് സെക്ടറിലെ എല്ലാ സ്ഥാപനങ്ങളെയും 10-ൽ കൂടുതൽ തൊഴിലാളികളുള്ള എല്ലാ പ്രൈവറ്റ് സ്ഥാപനങ്ങളെയുമാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എംപ്ലോയ്മെന്റ് ഡയറക്ടർ നിയമനാനുമതി നൽകിയിട്ടുള്ള 7 ഇൻവെസ്റ്റിഗേറ്റർ തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 60 ദിവസത്തേയ്ക്ക് താൽക്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ള ഇൻവെസ്റ്റി ഗേറ്റർമാർക്കാണ് ഇതിന്റെ ചുമതല.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഡാറ്റാ ബേസിൽ (രജിസ്റ്ററിൽ) നാളിതുവരെ ഉൾപ്പെടാത്ത പുതിയ സ്ഥാപനങ്ങളെ കണ്ടെത്തുക എന്നതാണ് ഈ സർവ്വേയുടെ ലക്ഷ്യം. 2020 ജനുവരി 3-ന് സർവ്വേ പൂർത്തീകരിക്കും.

## തൊഴിൽ അവസരങ്ങളും നൈപുണ്യശേഷിയും

284(1074) ശ്രീ. കെ. രാജൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ തൊഴിലില്ലായ്മയെ രാജ്യം അഭിമുഖീകരിക്കുന്നെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ, സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) തൊഴിൽ കമ്പോളത്തിലെ ഏത് മത്സരവും അഭിമുഖീകരിക്കാൻ കഴിയത്തക്കവിധം യുവാക്കളുടെ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) തൊഴിൽ മേഖലയിലെ മാറ്റങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിച്ച് മെച്ചപ്പെട്ട തൊഴിലുകൾ, ഇന്ത്യക്കകത്തും പുറത്തും ലഭ്യമാക്കുന്നതിനുള്ള സംവിധാനം സർക്കാർ മുഖേന നടപ്പിലാക്കുമോയെന്ന് അറിയിക്കാമോ?

## ഉത്തരം

(എ & ബി) സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് താഴെപ്പറയും വിധത്തിലുള്ള പദ്ധതികളിലൂടെ വിവിധ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു:

### എംപ്ലോയബിലിറ്റി സെന്റർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം നൽകുന്നു. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക്, അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 2019 ആഗസ്റ്റ് 31 അടിസ്ഥാനമാക്കി എംപ്ലോയബിലിറ്റി സെന്ററുകളിൽ 180353 പേർ രജിസ്റ്റർ ചെയ്യുകയും പരിശീലനം നൽകിയ 118685 ഉദ്യോഗാർത്ഥികളിൽ 52284 പേർക്ക് സ്വകാര്യ മേഖലകളിലെ വിവിധ സ്ഥാപനങ്ങളിൽ ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്ററുകൾ മുഖേന നാളിതുവരെയായി 1380 ജോബ് ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

### മോഡൽ കരിയർ സെന്റർ

സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ

പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽനിന്നും ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള www.ncs.gov.in എന്ന വെബ് പോർട്ടൽ മോഡൽ കരിയർ സെന്ററിന്റെ വെബ് പോർട്ടൽ ആയി ഉപയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധത്തിൽ കൃത്യമായ ആസൂത്രണത്തോടുകൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്. നാളിതുവരെയായി 29 പ്ലേസ്മെന്റ് ഡ്രൈവുകൾ മോഡൽ കരിയർ സെന്റർ മുഖേന സംഘടിപ്പിക്കുകയും 849 പേർക്ക് സ്വകാര്യമേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

നിയുക്തി മെഗാ ജോബ് ഫെയർ

സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തിവരുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സംഘടിപ്പിക്കുന്ന നിയുക്തി ജോബ് ഫെയറിൽ പങ്കെടുക്കുന്നതിന് ഉദ്യോഗർത്ഥികൾക്കും ഉദ്യോഗദായകർക്കും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തിവരുന്നത്. നിയുക്തി പോലുള്ള ജോബ് ഫെയറുകൾവഴി ഉദ്യോഗ ദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതുവഴി ഉദ്യോഗദായകർക്കും അവരുടെ ഒഴിവുകൾക്കനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്ട് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേയ്ക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു.

<u>അതിജീവനം-ജോബ്ഫെസ്റ്റ്:</u>

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് അതിജീവനം എന്ന പേരിൽ ഒരു തൊഴിൽ മേള സംഘടിപ്പിച്ചുവരുന്നു. 2017 ഡിസംബർ 3-ന് ലോകഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച അതിജീവനം തൊഴിൽ മേളയിൽ 18 പേർക്ക് ജോലി ലഭിച്ചു. 2018-ൽ കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിൽ നടന്ന തൊഴിൽ മേളയിൽ 273 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. 23 പേർക്ക് ജോലി ലഭിച്ചു. 2018-19 സാമ്പത്തിക വർഷം അതിജീവനം തൊഴിൽ മേള തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടത്തുകയുണ്ടായി. ടി മേളയിൽ 2202 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 83 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. കൂടാതെ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യയുടെ ഘടകമായി സൗജന്യ മൽസരപ്പരീക്ഷ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ടി പരിശീലനത്തിൽ പങ്കെടുത്തവരിൽ 23 പേർക്ക് നാളിതുവരെ സർക്കാർ ജോലി ലഭിച്ചു.

ഇതിനുപുറമെ ഇൻഡ്യയിലെ ബഹുഭൂരിപക്ഷം വരുന്ന തൊഴിൽരഹിതർക്ക് വ്യാവസായിക മേഖല ആവശ്യപ്പെടുന്ന രീതിയിലുള്ള നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കി മെച്ചപ്പെട്ട ജീവിത സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY). ഈ പദ്ധതിയുടെ Centrally Sponsored State Managed (CSSM) ഘടകം സംസ്ഥാനത്ത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടപ്പിലാക്കിവരുന്നു. വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും മറ്റ് സേവനദാതാക്കളെയും ഒരു കുടക്കീഴിലെത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(സി) തൊഴിൽ മേഖലയിലെ മാറ്റങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിച്ച് മെച്ചപ്പെട്ട തൊഴിലുകൾ ഇൻഡ്യയ്ക്കകത്തും പുറത്തും ലഭ്യമാക്കുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക്

ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്റർ/മോഡൽ കരിയർ സെന്റർ എന്നിവ മുഖേന ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്.

മെച്ചപ്പെട്ട വിദേശ തൊഴിലവസരങ്ങൾ കേരളത്തിലെ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് യു.എ.ഇ., സൗദി അറേബ്യ, ഒമാൻ തുടങ്ങിയ മദ്ധ്യേഷൻ രാജ്യങ്ങളിലേയ്ക്കും മാലിദ്വീപിലേയ്ക്കും യു.കെ., അയർലാന്റ് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും ബോട്സ്വാന, ടാൻസാനിയ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്കും ODEPC-യുടെ ആഭിമുഖ്യത്തിൽ റിക്രൂട്ട്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. ഇതുകൂടാതെ കൂടുതൽ രാജ്യങ്ങളിലേയ്ക്കും കൂടുതൽ വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിൽ മേഖലകളിലേയ്ക്കും റിക്രൂട്ട്മെന്റ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി**

285(1075) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) അക്കാദമിയ്ക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കിയ പദ്ധതി രൂപരേഖ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ അക്കാദമിക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം തുടർ നടപടികളാണ് ആവശ്യമുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതിനായി കെട്ടിട നിർമ്മാണ ക്ഷേമ ബോർഡ് സമർപ്പിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. 30-8-2019-നകൂടിയ 218-ാമത് ബോർഡ് യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രോജക്ട് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം**

286(1076) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഈ സാമ്പത്തിക വർഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനത്തിന്റെ ജില്ലകൾ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഈ സാമ്പത്തിക വർഷം (04/2019 മുതൽ 09/2019 വരെ) ആകെ 5750 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നടത്തിയ വിവിധ ജോബ് ഡ്രൈവുകൾവഴി 1574 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മോഡൽ കരിയർ സെന്റർ മുഖേന നടത്തിയ പ്ലേസ്മെന്റ് ഡ്രൈവുകളിലൂടെ 205 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. (ആകെ 1779 പേർക്ക്)

(ബി) നിയമനത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെച്ചേർക്കുന്നു.

| ജില്ല | നിയമനം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 838 |
| കൊല്ലം | 408 |
| ആലപ്പുഴ | 535 |
| പത്തനംതിട്ട | 166 |

| (1) | (2) |
|---|---|
| കോട്ടയം | 421 |
| ഇടുക്കി | 163 |
| എറണാകുളം | 861 |
| തൃശ്ശൂർ | 311 |
| പാലക്കാട് | 444 |
| മലപ്പുറം | 289 |
| കോഴിക്കോട് | 677 |
| വയനാട് | 167 |
| കണ്ണൂർ | 265 |
| കാസർഗോഡ് | 205 |
| ആകെ | 5750 |

എംപ്ലോയബിലിറ്റി സെന്ററുകൾവഴി ജോബ് ഓഫറുകൾ ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം (മോഡൽ കരിയർ സെന്റർ) - 205
2. കൊല്ലം - 180
3. ആലപ്പുഴ - 287
4. കോട്ടയം - 179
5. എറണാകുളം - 185
6. തൃശ്ശൂർ - 24
7. പാലക്കാട് - 332
8. മലപ്പുറം - 46
9. കോഴിക്കോട് - 168
10. കണ്ണൂർ - 135
11. കാസർഗോഡ് - 38

ആകെ - 1779

## തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

287(1077) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ തൊഴിൽരഹിതരായ യുവതീയുവാക്കളുടെ യോഗ്യത തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(ബി) ദേശീയ സർവ്വേ അനുസരിച്ച് സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മയുടെ ശതമാനം എത്രയാണ്; ദേശീയ ശരാശരി എത്ര ശതമാനമാണ്; വിശദമാക്കുമോ;

(സി) തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എല്ലാവർക്കും തൊഴിൽ എന്ന മുദ്രാവാക്യം മുൻനിർത്തി സമഗ്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 31-8-2019 വരെയുള്ള തൊഴിൽരഹിതരായ യുവതീയുവാക്കളുടെ യോഗ്യത തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| യോഗ്യത | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| നിരക്ഷരർ | 388 | 361 | 749 |
| മെട്രിക്കുലേഷന് താഴെ | 185763 | 112246 | 298009 |
| മെട്രിക് | 1236250 | 786028 | 2022278 |
| പ്ലസ് ടു/ ഇന്റർമീഡിയറ്റ് | 570834 | 308200 | 879034 |
| ബിരുദം | 231816 | 99376 | 331192 |
| ബിരുദാനന്തര ബിരുദം | 75088 | 19502 | 94590 |
| | 2300139 | 1325713 | 3625852 |

**പ്രൊഫഷണൽ യോഗ്യതയുള്ളവരുടെ എണ്ണം**

| യോഗ്യത | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| എഞ്ചിനീയർ | 18574 | 25985 | 44559 |
| ഡോക്ടേഴ്സ് | 1714 | 5589 | 7303 |
| അഗ്രിക്കൾച്ചർ | 330 | 1179 | 1509 |
| വെറ്ററിനേറിയൻസ് | 308 | 232 | 540 |
| എൽ.എൽ.ബി./ എൽ.എൽ.എം. | 194 | 460 | 654 |
| എം.സി.എ. | 876 | 2895 | 3771 |
| എം.ബി.എ. | 2723 | 3690 | 6413 |
| പി.ജി.ഡി.സി.എ. | 462 | 2840 | 3302 |
| ബിഎസ്.സി.നേഴ്സിംഗ് | 825 | 11181 | 12006 |
| ബി.എസ്.സി. എം.എൽ.റ്റി | 161 | 1323 | 1484 |
| പി.ജി.ആർട്സ് | 2875 | 17051 | 19926 |
| പി.ജി. കോമേഴ്സ് | 2042 | 9366 | 11408 |
| പി.ജി. സയൻസ് | 2684 | 18246 | 20930 |
| മറ്റുള്ളവ | 2708 | 7030 | 9738 |
| ആകെ | 36476 | 107067 | 143543 |

ITI യോഗ്യതയുള്ളവർ

| യോഗ്യത | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| Diploma | 48749 | 29661 | 78410 |
| NTC | 67082 | 27333 | 94415 |

പ്രൊഫഷണൽ യോഗ്യത നേടിയവരും ITI യോഗ്യതയുള്ളവരും മേൽപ്പറഞ്ഞ ബിരുദം, ബിരുദാനന്തര കണക്കിൽ ഉൾപ്പെടുന്നുണ്ട്.

(ബി) ദേശീയ സർവ്വേ അനുസരിച്ച് സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ ശതമാനം 9.53 ആണ്. നിലവിലെ കണക്കുപ്രകാരം കേരളത്തിന്റെ ജനസംഖ്യ 3.45 കോടിയാണ്. 2019 ആഗസ്റ്റ് മാസത്തെ കണക്കുപ്രകാരം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽരഹിതരുടെ

എണ്ണം 3625852 ആണ്. 2017-18-ലെ കണക്കുപ്രകാരം ശരാശരി ദേശീയ തൊഴിലില്ലായ്മ നിരക്ക് 6.1 ആണ്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് ഉയർന്നുനിൽക്കുന്നതായാണ് സ്ഥിതി വിവരക്കണക്കുകൾ രേഖപ്പെടുത്തുന്നത്. എന്നാൽ ദേശീയ തലത്തിൽ ത്രിപുര (19.7), സിക്കിം (18.1) തുടങ്ങിയ സംസ്ഥാനങ്ങളിൽ കേരളത്തിനെക്കാൾ കൂടുതൽ തൊഴിലില്ലായ്മ രേഖപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) തൊഴിലില്ലായ്മ പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ളതും കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തതുമായവർക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000 രൂപ വായ്പയായി അനുവദിക്കുന്നു. വായ്പാത്തുകയുടെ 20% സബ്സിഡിയായി സംരംഭകന്റെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

2. മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബുകളുടെ ലോൺ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

3. ശരണ്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പാത്തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000 രൂപയ്ക്കുമുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50% എങ്കിലും തിരിച്ചടച്ചവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പാത്തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽമാത്രം) കുറഞ്ഞ പലിശനിരക്കിൽ അനുവദിക്കുന്നതാണ്.

4. കൈവല്യ

തൊഴിൽരഹിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ പുരോഗതി ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പുമുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, സ്വയംതൊഴിൽ വായ്പാപദ്ധതി, വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് എന്നിങ്ങനെ നാല് ഘടകങ്ങളുൾപ്പെട്ട പദ്ധതിയായി കൈവല്യ പദ്ധതി 2016-ൽ ആരംഭിച്ചു.

5. അതിജീവനം

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് അതിജീവനം എന്ന പേരിൽ ഒരു തൊഴിൽമേള സംഘടിപ്പിച്ചുവരുന്നു. 2017 ഡിസംബർ 3-ന് ലോക ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച അതിജീവനം തൊഴിൽ മേളയിൽ 18 പേർക്ക് ജോലി

ലഭിച്ചു. 2018-ൽ കൊല്ലം, കോഴിക്കോട് ജില്ലകളിൽ നടന്ന തൊഴിൽ മേളയിൽ 273 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. 23 പേർക്ക് ജോലി ലഭിച്ചു. 2018-19 സാമ്പത്തിക വർഷം അതിജീവനം തൊഴിൽ മേള തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടത്തുകയുണ്ടായി. ടി മേളയിൽ 2202 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 83 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ വിവിധ പരിശീലന പദ്ധതികളായ എംപ്ലോയബിലിറ്റി സെന്റർ/കരിയർ ഡെവലപ്മെന്റ് സെന്റർ/ മോഡൽ കരിയർ സെന്റർ എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ തൊഴിൽദായകരെയും ഉദ്യോഗാർത്ഥികളെയും ബന്ധിപ്പിച്ച് ജോബ് ഫെയറുകൾ, പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നതിലൂടെ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ കണ്ടെത്താൻ സഹായിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് എംപ്ലോയബിലിറ്റി സെന്റർ/കരിയർ ഡെവലപ്മെന്റ് സെന്റർ/മോഡൽ കരിയർ സെന്റർ എന്നിവ മുഖേന വിവിധങ്ങളായ നൈപുണ്യ പരിശീനങ്ങൾ നൽകുന്നുണ്ട്. നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായി ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**കോഡ് ഓൺ വേജസ്**

288(1078) ശ്രീ. കെ. ദാസൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമം കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായിട്ടും തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾ പോലും

ഇല്ലാതാക്കുന്ന കോഡ് ഓൺ വേജസ് ഏകപക്ഷീയമായി പാസ്സാക്കി തൊഴിലാളികളിൽ ആശങ്ക സൃഷ്ടിച്ചതു കണക്കിലെടുത്ത് കേന്ദ്രസർക്കാർ നടപടിയോട് വിയോജിപ്പ് അറിയിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) ഇൻഡ്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് വിപരീതമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന 178 രൂപ എന്ന മിനിമം വേതനം സംസ്ഥാനത്തെ സ്ഥിതിയുമായി തുലനം ചെയ്ത് അവലോകനം ചെയ്തിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തൊഴിലാളികളുടെ താല്പര്യം പരിരക്ഷിക്കാൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വേജ് കോഡ് പാർലമെന്റ് അംഗീകരിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം 31-10-2019-ൽ ചേരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി ആലോചിക്കുന്നതാണ്.

(ബി) ഇല്ല.

(സി) വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ആക്ടുകളും നിയമങ്ങളും ഭേദഗതി വരുത്തുകയും വിവിധ ധനസഹായ തുകകൾ ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വേതന വർദ്ധനവ് നടപ്പാക്കുന്നതിന്റെ ഭാഗമായി 30 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും നാല് മേഖലകളിൽ ആദ്യമായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിൽ നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ തോട്ടം തൊഴിൽമേഖലയിൽ ഉൾപ്പെടെയുള്ള ഭവനരഹിതർക്ക് പാർപ്പിടം നൽകാനുള്ള പദ്ധതി, ഇൻഷ്വറൻസ് പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നു. വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിലൂടെ നടപ്പിലാക്കിവരുന്ന പെൻഷൻ അടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടം ഉറപ്പാക്കിക്കൊണ്ട് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ വ്യവസായ തൊഴിൽ തർക്ക നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിയമഭേദഗതി വരുത്തിയിട്ടുണ്ട്.

തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുകൂടി ലക്ഷ്യമിട്ട് സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തി. അൺഎയ്ഡഡ് ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപികമാരടക്കമുള്ള ജീവനക്കാർക്ക് മെറ്റേണിറ്റി ബെനിഫിറ്റ് നിയമം ബാധകമാക്കിക്കൊണ്ട് തീരുമാനമെടുത്തിട്ടുണ്ട്.

**തൊഴിലാളി സംരക്ഷണത്തിനായി തൊഴിൽ നിയമങ്ങൾ**

289(1079) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടതുപക്ഷ സർക്കാർ വിവിധ മേഖലകളിലെ വനിതകൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സംരക്ഷണത്തിന് പ്രധാന്യം നൽകി ധാരാളം തൊഴിൽ നിയമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിന് നിരന്തരമായ ഇടപെടലുകൾ ആവശ്യമായി വരുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് തൻവർഷം എത്ര തൊഴിൽ നിയമ ലംഘന കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിവരിക്കാമോ;

(സി) ഇതിൽ എത്ര കേസ്സുകൾ തീർപ്പാക്കിയതായി വ്യക്തമാക്കാമോ;

(ഡി) തൊഴിൽ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2018-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 20-12-2018 തീയതിയിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നുനടത്തിയ ജില്ലാതല സ്ക്വാഡുകളിലുമായി സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാവേളയിലും പ്രസ്തുത നിയമഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ടി ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിടെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്.

(ബി)

| ജില്ല | പ്രോസിക്യൂഷൻ + ക്ലെയിം പെറ്റീഷൻ |
|---|---|
| തിരുവനന്തപുരം | 555 |
| കൊല്ലം | 594 |
| ആലപ്പുഴ | 344 |
| പത്തനംതിട്ട | 104 |
| കോട്ടയം | 490 |
| ഇടുക്കി | 228 |
| എറണാകുളം | 791 |
| തൃശ്ശൂർ | 293 |
| പാലക്കാട് | 400 |
| മലപ്പുറം | 167 |
| കോഴിക്കോട് | 278 |
| വയനാട് | 120 |
| കണ്ണൂർ | 265 |
| കാസർഗോഡ് | 142 |

(സി)

| ജില്ല | പ്രോസിക്യൂഷൻ + ക്ലെയിം പെറ്റീഷൻ |
|---|---|
| തിരുവനന്തപുരം | 83 |
| കൊല്ലം | 96 |
| ആലപ്പുഴ | 120 |
| പത്തനംതിട്ട | 0 |
| കോട്ടയം | 130 |
| ഇടുക്കി | 37 |
| എറണാകുളം | 130 |
| തൃശ്ശൂർ | 142 |
| പാലക്കാട് | 54 |
| മലപ്പുറം | 28 |
| കോഴിക്കോട് | 94 |
| വയനാട് | 46 |
| കണ്ണൂർ | 187 |
| കാസർഗോഡ് | 54 |

(ഡി) വേതനവും ലീവും മറ്റാനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച പരാതിയിന്മേൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ആഫീസർമാർ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുകയും തൊഴിൽ നിഷേധം സംബന്ധിച്ച പരാതികളിന്മേൽ ജില്ലാ ലേബർ ആഫീസർ (ജി) ചർച്ചകൾ നടത്തി പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. ഒത്തുതീർപ്പാക്കാത്ത പരാതികൾ സമയബന്ധിതമായി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, 1947 സെക്ഷൻ 12(4) പ്രകാരം അഡ്ജൂഡിക്കേഷന് ശിപാർശ ചെയ്തയയ്ക്കാറുണ്ട്. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി ബന്ധപ്പെടുന്നതിന് തൊഴിൽ വകുപ്പിൽ കോൾ സെന്റർ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ലംഘനങ്ങൾ കണ്ടെത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

290(1080) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പതിനാറ് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടാകുന്നുവെന്നആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആനുകൂല്യങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും വിതരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇതിനകം എത്ര കമ്മീഷനുകളെയാണ് നിയോഗിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത കമ്മീഷനുകൾ ശിപാർശ ചെയ്തിട്ടും ബോർഡുകൾ ഏകീകരിക്കുന്നതിനും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കാത്തത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതുവഴി രജിസ്ട്രേഷൻ, അംശദായം, ആനുകല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർ ഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. തൊഴിലാളികൾക്കും തൊഴിലുടമകൾക്കും അംശദായം അടയ്ക്കുന്നതിനായി ഓൺലൈൻ പേമെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി അവലോകന യോഗങ്ങൾ ചേരുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും വിതരണം ചെയ്തുവരുന്നു.

(സി) തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ ഏകീകരണവുമായി ബന്ധപ്പെട്ട് വിവിധ തലത്തിലുള്ള ചർച്ചകൾ നടത്തി മുൻ ലേബർ കമ്മീഷണർമാരായ ശ്രീ. എസ്. ശ്രീനിവാസൻ, ശ്രീ. പി.ജി. തോമസ് എന്നിവർ അദ്ധ്യക്ഷരായ സമിതികൾ സർക്കാരിലേയ്ക്ക് ശിപാർശകൾ നൽകിയിട്ടുണ്ട്.

(ഡി) സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ബാംബു കോർപ്പറേഷനിലെ തൊഴിലാളികൾക്കായി പുതിയ പദ്ധതി

291(1081) <u>ശ്രീ. റോജി എം. ജോൺ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബാംബു കോർപ്പറേഷനിലെ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എത്ര തുക കോർപ്പറേഷൻ കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സമൂഹത്തിലെ താഴെത്തട്ടിലുള്ള ഈറ്റവെട്ട് - പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികളുടെ ഉന്നമനവും ഗോത്രമേഖലയിലെ തൊഴിലാളികളുടെ പുരോഗതിയും സാമൂഹ്യ സുരക്ഷിതത്വവും ലക്ഷ്യമിട്ട് 1971-ൽ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനമാണ്. പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ഈറ്റ, പനമ്പ് നെയ്ത്തുതൊഴിലാളികളെ സംരക്ഷിക്കുന്നതിന് താഴെ വിവരിക്കുന്ന വിധത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. പരമ്പരാഗത ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 8-5-2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്.

2. ഈറ്റ സുലഭമായി ലഭ്യമാക്കുന്നതിനായി സെപ്റ്റംബർ 2018 മുതൽ ഈറ്റ ശേഖരിക്കാൻവേണ്ട അനുമതി സർക്കാർ ലഭ്യമാക്കി. അതുവഴി തൊഴിലാളികൾക്ക് മുടക്കംകൂടാതെ ഈറ്റ നൽകുവാൻ കഴിഞ്ഞു.

3. തൊഴിലാളികൾക്ക് പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ച നൽകി.

4. നെയ്ത്തുതൊഴിലാളികൾക്ക് ഡി.എ. കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ടായിരുന്ന 1 കോടി 67 ലക്ഷം രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകി.

5. പനമ്പുനെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ' വിജയമായതോടെ അവയുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി അങ്കമാലി മേഖലയിലും തിരുവനന്തപുരം മേഖലയിലും സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു. ഇത് പരമ്പരാഗത തൊഴിൽ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ചെറുപ്പക്കാരെ ഈ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനും സഹായിച്ചു.

6. ഈറ്റയിൽനിന്നും അളി കീറി പനമ്പുനെയ്യേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾമൂലം ഈ മേഖലയിൽനിന്നും മാറിനിൽക്കുന്ന തൊഴിലാളികളെ തിരിച്ചുകൊണ്ടുവരുന്നതിനായി അത്തരക്കാർക്ക് ആവശ്യാനുസരണം പനമ്പുനെയ്യുവാൻവേണ്ട അളി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ അങ്കമാലിയിലും പെരുമ്പാവൂർ വല്ലത്തും അളി വിതരണ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി.

7. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും പുതിയ തലമുറയെ പനമ്പ് നെയ്ത്ത് പഠിപ്പിക്കുവാനും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുവാനും വിവിധ ബാച്ചുകളിലായി 200 പേർക്ക് ജോലി ലഭ്യമാക്കുവാനും സാധിച്ചു.

## കരാർ ജീവനക്കാർക്ക് സർക്കാർ ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനം

292(1082) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് അവരുടെ തസ്തികയുടെ അടിസ്ഥാന യോഗ്യതയ്ക്ക് അനുസരിച്ച് സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനം നിലവിൽ നൽകിവരുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരത്തിൽ വേതനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ മേഖലയിലെ കരാർ ജീവനക്കാർക്ക് 9-7-2019-ലെ ജി.ഒ. (പി.) 81/2019/ധന നമ്പർ ഉത്തരവുപ്രകാരമുള്ള വേതനത്തിനാണ് അർഹതയുള്ളത്. ഇക്കാര്യം ഉറപ്പുവരുത്തേണ്ടത് അതാത് വകുപ്പുമേധാവികളാണ്.

## അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ ക്ഷേമം

293(1083) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള വിവാഹാനുകൂല്യം 5000 രൂപയിൽ നിന്നും 10000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹവായ്പാ ധനസഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ വായ്പാ ധനസഹായങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 15000 രൂപ വരെ ലഭിക്കുന്നതാണ്. കൂടാതെ റിട്ടയർമെന്റാനുകൂല്യം, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസനുകൂല്യം, മരണാനന്തര സഹായം, അപകടാനുകൂല്യം എന്നിവയും പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് ലഭിക്കുന്നുണ്ട്.

## ആരോഗ്യകരമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ

294(1084) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയംമൂലം രാജ്യത്ത് തൊഴിലില്ലായ്മ രൂക്ഷമായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നിയമം പ്രാവർത്തികമാക്കിയെങ്കിലും ഇതര സംസ്ഥാനങ്ങളിൽ ലഭിക്കുന്ന തോതിലുള്ള നിക്ഷേപം ലഭിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ആരോഗ്യകരമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വ്യവസായ ബന്ധ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിനുകീഴിൽ താഴെപ്പറയും വിധത്തിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കരിയർ ഡെവലപ്മെന്റ് സെന്റർ, എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്തെ യുവാക്കൾക്ക് നൈപുണ്യ പരിശീലനവും കരിയർ മാർഗ്ഗനിർദ്ദേശങ്ങളും നൽകി പുതിയ തൊഴിൽ മേഖലകൾക്ക് അനുയോജ്യമാംവിധം യുവാക്കളെ പ്രാപ്തരാക്കുന്നു. ഈ പദ്ധതികളുടെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ബന്ധപ്പെടുത്തി ജോബ് ഫെയറുകൾ/പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ നടത്തി സ്വകാര്യ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ഉദ്യോഗാർത്ഥികളെ സഹായിക്കുന്നു. കൂടാതെ മേഖലാ അടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾവഴിയും സ്വകാര്യ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുന്നു. അതിജീവനം എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായും ജോബ്ഫെയറുകൾ നടത്തുന്നു. ഇത്തരം തൊഴിൽ മേളകൾ സൗജന്യമായാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്.

കൂടാതെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി 'കൈവല്യ' എന്ന പേരിലും അശരണരായ സ്ത്രീകളുടെ ഉന്നമനത്തിനായി 'ശരണ്യ' എന്ന പേരിലും വകുപ്പ് മുഖേന സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ആയതിനോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി സഹകരിച്ച് കെസ്‌റു, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് എന്നീ വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതികളും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള ഏഴ് നിയമങ്ങളെ ഭേദഗതി വരുത്തിക്കൊണ്ട് കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് 2018 പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ അടുത്തിടെ നടപ്പിലാക്കിയ വ്യവസായ പരിഷ്കരണ നിയമങ്ങൾക്ക് സമാനമായി കേരളത്തിലും നിയമനിർമ്മാണങ്ങൾക്കുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. കേരളത്തിലെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളെ അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റെസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്വലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ഗ്രേഡിംഗ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്കുവഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാപദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന 11 വ്യവസായബന്ധ സമിതികളുടെ പ്രവർത്തനം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ ടി സമിതികളൊക്കെ അതത് വ്യവസായ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ടി സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

11 വ്യവസായബന്ധ സമിതികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. പ്ലാന്റേഷൻ ലേബർ കമ്മിറ്റി
2. കാഷ്യൂ വ്യവസായബന്ധ സമിതി
3. കയർ വ്യവസായബന്ധ സമിതി
4. കള്ളുചെത്ത് വ്യവസായബന്ധ സമിതി
5. സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി
6. മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായബന്ധ സമിതി
7. സപ്ലൈകോ വ്യവസായബന്ധ സമിതി
8. ടെക്സ്റ്റൈൽ വ്യവസായബന്ധ സമിതി
9. പത്രപ്രവർത്തക വ്യവസായബന്ധ സമിതി
10. പാചകവാതക വിതരണ വ്യവസായബന്ധ സമിതി
11. കുട്ടനാട് കാർഷിക മേഖല വ്യവസായബന്ധ സമിതി

## ഇതര സംസ്ഥാന തൊഴിലാളികൾ

295(1085) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം വിവിധ തൊഴിൽ മേഖലകളിലായി എത്ര ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്നു എന്നും പ്രധാനമായും ഏതെല്ലാം മേഖലകളിലാണ് എന്നും വ്യക്തമാക്കുമോ;

(ബി) ഇവരുടെ കണക്കുകൾ (എണ്ണം) എപ്പോഴാണ് എടുത്തത് എന്നും കണക്ക് കാലോചിതമായും കൃത്യമായും എടുക്കുവാൻ എന്തു നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്കായി സർക്കാർ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അവ എത്ര പേർക്ക് നൽകുവാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ;

(ഡി) ഇവർക്കായി ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കിയിട്ടുണ്ടോ; എത്ര പേർ ഇതിൽ പങ്കാളികളായി; ഏതു ഏജൻസി വഴി നടത്തുന്നു; ഇവർക്ക് ലഭ്യമാകുന്ന പരിരക്ഷ എന്ത്; വ്യക്തമാക്കുമോ;

(ഇ) ഇതര സംസ്ഥാന തൊഴിലാളികളായി സംസ്ഥാനത്ത് തൊഴിലെടുക്കുന്നവരിൽ മോഷണം, പിടിച്ചുപറി തുടങ്ങിയ ക്രിമിനൽ നടപടികളിലുൾപ്പെട്ടവരും പല രോഗങ്ങളുടെ വാഹകരുമായവരും ഉണ്ടെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിലായി എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നത് സംബന്ധിച്ച കൃത്യമായ കണക്ക് തൊഴിൽ വകുപ്പിൽ ലഭ്യമല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് നടപ്പാക്കിവരുന്ന ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ 22-10-2019 വരെ 458210 ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. പ്രധാനമായും നിർമ്മാണം, ടിംബർ ആന്റ് പ്ലൈവുഡ്, കാർഷികം, ചെറുകിട തോട്ടം എന്നീ മേഖലകളിലാണ് ഇവർ ജോലി നോക്കിവരുന്നത്.

(ബി) 1-11-2017-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള രജിസ്ട്രേഷൻ/തിരിച്ചറിയൽ കാർഡ് വിതരണ നടപടികൾ പുരോഗമിക്കുകയാണ്.

(സി) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതി തുടങ്ങിയതിനുശേഷം അപകടമരണം സംഭവിച്ച തൊഴിലാളികളുടെ ആശ്രിതർക്ക് 14,00,000 രൂപയും ചികിത്സയ്ക്കായി 42 പേർക്ക് 2,84,565 രൂപയും അനുവദിച്ചിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന അപ്നാഘർ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനഫിറ്റ് എന്നീ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

ഈ പദ്ധതിപ്രകാരം നാളിതുവരെ വിതരണം ചെയ്ത ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ആനുകൂല്യം | ലഭിച്ചവരുടെ എണ്ണം |
|---|---|
| പ്രസവാനുകൂല്യം | 111 |
| ടെർമിനൽ ബെനഫിറ്റ് | 80 |
| ചികിൽസാ ധനസഹായം | 13 |
| വിദ്യാഭ്യാസ ഗ്രാന്റ് | 3 |
| മരണാനന്തര ആനുകൂല്യം | 24 |
| മൃതദേഹം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള ധനസഹായം | 26 |

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്.

(ഡി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന നിലയിൽ ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇപ്പോൾ അഷ്വറൻസായാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ചികിത്സാനുകൂല്യം ചിയാക് മുഖേനയാണ് നൽകിവരുന്നത്. സ്മാർട്ട് ഐ.ടി. സർവ്വീസസ്, കൽക്കട്ടയാണ് ഡിജിറ്റലൈസ്ഡ് സ്മാർട്ട് കാർഡുകൾ നൽകുന്നതിനുള്ള ഏജൻസി. 22-10-2019 വരെ 458210 പേർ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. കിടത്തിച്ചികിത്സയ്ക്ക് 15,000 രൂപയും അപകട മരണത്തിന് 2,00,000 രൂപയും നൽകിവരുന്നു.

(ഇ) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി തൊഴിലാളികളുടെ ക്രിമിനൽ സ്വഭാവം സംബന്ധിച്ച പരിശോധന തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യബോധവൽക്കരണ മെഡിക്കൽ ക്യാമ്പുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തിവരുന്നുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളി ക്ഷേമം**

296(1086) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ തൊഴിലാളികളിലെ ഭൂരിഭാഗത്തിനും കരാറുകാർ നൽകുന്ന സ്ഥലം ഏറെ വൃത്തിഹീനവും പരിമിതികളും ഉള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് എന്നപേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന അപ്നാഘർ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കി താമസക്കാർക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള മരണാനന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുതിനുള്ള സഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനഫിറ്റ് എന്നീ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്.

(ബി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്ക്വാഡ് ഇൻസ്പെക്ഷൻ നടത്താറുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിനായി ഇൻസ്പെക്ഷൻ നോട്ടീസ് നൽകുകയും ആയവ പരിഹരിക്കാത്തപക്ഷം തൊഴിലുടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാന

തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണവകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ ടാസ്ക്ഫോഴ്സിന്റെ നേതൃത്വത്തിലും പരിശോധനകൾ നടത്തുകയും മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമപ്രകാരം ഇവർക്ക് ലഭ്യമാക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധനകളും സ്ക്വാഡ് പരിശോധനകളും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിവരുന്നുണ്ട്.

### കുലശേഖരപുരം ഇ.എസ്.ഐ. ആശുപത്രി

297(1087) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിന് വേണ്ടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത കെട്ടിടം ഉദ്ഘാടനം ചെയ്ത് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വിശദീകരിക്കുമോ;

(സി) എത്രയുംവേഗം കെട്ടിടം ഉദ്ഘാടനം ചെയ്ത് ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ- സി) കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ലാത്ത സാഹചര്യത്തിൽ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

## പയ്യന്നൂരിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയും ഓഫീസും ഒരേ കെട്ടിടത്തിലാക്കാൻ നടപടി

298(1088) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിലെ ഇ.എസ്.ഐ. ഡിസ്പെൻസറിയും ഇ.എസ്.ഐ. ലോക്കൽ ഓഫീസും വ്യത്യസ്ത സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നത് തൊഴിലാളികൾക്കുണ്ടാക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരേ കെട്ടിടത്തിൽത്തന്നെ ഡിസ്പെൻസറിയും ഓഫീസും പ്രവർത്തിപ്പിക്കാനുള്ള നിലവിലെ സൗകര്യം പ്രയോജനപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മിനിമം വേതനം ഉറപ്പുവരുത്താൻ നടപടി

299(1089) ശ്രീ. കെ. വി.അബ്ദുൾ ഖാദർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. ദാസൻ
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തൊഴിൽ മേഖലകളിലാണ് വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവും സംബന്ധിച്ച് പരിശോധന നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ

ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെത്തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 30 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 4 മേഖലകളിൽ ആദ്യമായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമ ലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെത്തന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ സ്ക്വാഡുപരിശോധനകളും അസിസ്റ്റന്റ് ലേബർ ആഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ കൂലി

300(1090) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾക്ക് നിലവിൽ 328 രൂപയാണ് കൂലി ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തോട്ടം തൊഴിലാളികൾക്കായി ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 17-5-2016-ലെ ജി.ഒ.(പി) 76/2016/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരമുള്ള അടിസ്ഥാന വേതനം, ക്ഷാമബത്ത എന്നിവയടക്കമുള്ള വേതനം തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്നുണ്ട്. വേതനം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളി യൂണിയനുകൾ നൽകിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ടി വിഷയം നിരവധി യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്തുവെങ്കിലും ധാരണയിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ 27-2-2019 തീയതി തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസമായി എല്ലാ തോട്ടം തൊഴിലാളികൾക്കും നൽകുവാൻ ധാരണയായിട്ടുണ്ട്. ആയതുൾപ്പെടെ തേയിലത്തോട്ടം തൊഴിലാളികൾക്ക് നിലവിൽ 387.76 രൂപയും റബ്ബർ തോട്ടം തൊഴിലാളികൾക്ക് 467.76 രൂപയും കാപ്പിത്തോട്ടം തൊഴിലാളികൾക്ക് 392.76 രൂപയും ഏലത്തോട്ടം തൊഴിലാളികൾക്ക് 416.76 രൂപയും വേതനമായി ലഭിക്കുന്നുണ്ട്. വേതന പരിഷ്കരണം സംബന്ധിച്ച ചർച്ച പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ അന്തിമഘട്ടത്തിലാണ്.

(ബി) തോട്ടം മേഖലയിൽ ജോലിചെയ്യുന്ന സ്വന്തമായി ഭൂമിയുള്ളതും ഭവനരഹിതരുമായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപ ചെലവിൽ 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും ഭൂരഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്രയടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്വതന്ത്ര ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യഘട്ടമായി ദേവികുളം താലൂക്കിലെ കുറ്റിയാർ

വാലിയിൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 10 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്.

ഭൂരഹിത തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിനുകീഴിൽ 5.49 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി റവന്യൂ വകുപ്പിൽനിന്ന് കൈമാറി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

301(1091) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയിട്ടും സംസ്ഥാനത്തെ തോട്ടം മേഖല പ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഈ നടപടികൾ വിജയപ്രദമാണോയെന്നും വ്യക്തമാക്കുമോ;

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ദുരിതപൂർണ്ണമായ സ്ഥിതി പരിഗണിച്ച് പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്ലാന്റേഷൻ മേഖലയിലെ പ്രശ്ന പരിഹാരത്തിനായി പ്ലാന്റേഷൻ പോളിസി രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ഭൂരിഭാഗവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ നൽകേണ്ടിയിരുന്ന സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ വിവിധ തോട്ടങ്ങളിൽ പ്രായമായ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി പുതിയത് റീപ്ലാന്റ് ചെയ്യുന്നതിനുള്ള തടസ്സം നീങ്ങിയിട്ടുണ്ട്. തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾക്കുള്ള കെട്ടിട നികുതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന ശിപാർശകളായ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിനും കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്നതിനുമുള്ള ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും ആയതിനുള്ള നിയമ ഭേദഗതികൾക്കായുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്.

റബ്ബർ, തേയില, ഏലം, കാപ്പി എന്നീ തോട്ടവിളകളുടെ വിലയിടിവ്, കാലാവസ്ഥാ വ്യതിയാനം, പ്രളയംമൂലം വിളനാശം എന്നിവ തോട്ടം മേഖലയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ തോട്ടം മേഖല പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണ്.

(ബി&സി) സംസ്ഥാനത്ത് നിലവിൽ 12 തോട്ടങ്ങൾ പ്രവർത്തന രഹിതമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തോട്ടം ഉടമകളുമായും തൊഴിലാളി സംഘടനാ നേതാക്കളുമായും തൊഴിൽ വകുപ്പുമന്ത്രി നിരവധി ഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് പൂട്ടിക്കിടക്കുന്ന ഈ തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജ്മെന്റുകളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്ലാന്റേഷൻ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള കരട് പ്ലാന്റേഷൻ നയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## തൊഴിൽ നൈപുണ്യ സംരംഭക യൂണിറ്റുകൾ

302(1092) ശ്രീ. എം. സ്വരാജ്:
ശ്രീ. വി. ജോയി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ ലോകത്താകമാനം വൻ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്താൻ ഉതകും വിധം തൊഴിൽ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിന് യുവതലമുറയെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) യുവജനങ്ങൾക്കായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പൊതു-സ്വകാര്യ മേഖലകളിലെ തൊഴിൽ സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) എല്ലാ പഞ്ചായത്തുകളിലും തൊഴിൽ നൈപുണ്യ സംരംഭക യൂണിറ്റുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ - സി) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്നതരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിവരുന്നു. തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിന് വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്ത ത്തക്കവിധം യുവജനങ്ങളെ പ്രാപ്തരാക്കുംവിധത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാന യോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ വ്യാവസായിക മേഖലയുടെ ആനുകാലിക ആവശ്യകതയ്ക്കനുസൃതമായി രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പരിശീലന പരിപാടികളാണ് സെന്റർ ഓഫ് എക്സലൻസ് മികവിന്റെ കേന്ദ്രങ്ങൾ, അക്രെഡിറ്റേഷൻ പ്രോഗ്രാമുകൾ തുടങ്ങിയ പദ്ധതികളിലൂടെ നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം മൽസര പരീക്ഷകളും അഭിമുഖങ്ങളും നേരിടാൻ യുവജനങ്ങളെ പ്രപ്തരാക്കുംവിധമുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളാണ് കൗശൽ കേന്ദ്രങ്ങൾ മുഖേനയും ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേനയും നടത്തിവരുന്നത്.

സാങ്കേതിക വിദ്യയിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായ വിവിധ കോഴ്സുകൾ, ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ നിർദ്ദേശപ്രകാരം വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നുണ്ട്.

ഇതിനുപുറമെ നൈപുണ്യ പരിശീലനത്തിനായി ആവിഷ്കരിച്ച കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജനയുടെ (PMKBY) Centrally Sponsored State Managed (CSSM) ഘടകം സംസ്ഥാനത്ത് KASE മുഖേന നടപ്പിലാക്കിവരുന്നു.

വിവര സാങ്കേതികവിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും മറ്റ് സേവനദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ഡി) നിലവിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ പരിഗണനയിലില്ല.

## ഐ.ടി.ഐ.-കളിൽ അഡീഷണൽ കോഴ്സുകൾ

303(1093) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര ഗവൺമെന്റ് ഐ.ടി.ഐ.-കളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.- കളിൽ ക്ലാസ്സുകൾ നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ളയിടങ്ങളിൽ അഡീഷണൽ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ അനുമതി നൽകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വാമനപുരം, പെരുമാട്ടി, പേരാമ്പ്ര, പടിയൂർ, പിണറായി, കൊട്ടാരക്കര, കോടോം, ബേളൂർ, ചാത്തമംഗലം, ചടയമംഗലം, വർക്കല, മയ്യനാട്, ചിത്തിരപുരം, കുറ്റിക്കോൽ, പീലിക്കോട്, പന്ന്യന്നൂർ, വെള്ളമുണ്ട, അങ്കമാലി, തുറവൂർ എന്നിവിടങ്ങളിലായി 17 സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ.-കൾ നിലവിൽ പ്രവർത്തിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വാടകക്കെട്ടിടങ്ങളിലാണ്. ടി ഐ.ടി.ഐ.-കൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അടക്കമുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അഡീഷണൽ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ടി ഐ.ടി.ഐ.-യ്ക്കായി സ്വന്തമായി കെട്ടിടം അടക്കമുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

304(1094) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

ആരംഭിക്കുന്നതിനുള്ള ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) പുതിയ കോഴ്സുകൾ എത്രയും വേഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മാടായി ഐ.ടി.ഐ.-യിൽ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, മെഷിനിസ്റ്റ്, മെക്കാനിക്ക് റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്, ഫിറ്റർ, വെൽഡർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറോട് ചില വിശദാംശങ്ങൾകൂടി ആരാഞ്ഞിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**ആരക്കുഴ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ**

305(1095) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ആരക്കുഴ ഐ.റ്റി.ഐ.-യിൽ ഏതൊക്കെ ട്രേഡുകളാണ് ഉള്ളതെന്നും എത്ര വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(ബി) തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഐ.ടി.ഐ.-യിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും പുതുതായി അനുമതി നൽകിയവയുടെ വിവരവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആരക്കുഴ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 45 ട്രെയിനികളും പ്ലംബർ ട്രേഡിൽ 48 ട്രെയിനികളും പഠിക്കുന്നുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ആരക്കുഴ ഐ.ടി.ഐ.-യുടെ ഒന്നാംഘട്ട കെട്ടിടനിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും നിർമ്മാണപ്രവൃത്തി നടക്കുന്ന സ്ഥലം മൂവാറ്റുപുഴ

ഇറിഗേഷൻ പ്രോജക്ട് ടണലിനും കനാലിനും സമീപമായതിനാൽ മണ്ണിന്റെ ഘടനയിൽ മാറ്റമുള്ളതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആയതുപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികത്തുക പൊതുമരാമത്ത് വകുപ്പ് (PWD) ആവശ്യപ്പെടുകയും ചെയ്തു. ആയത് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

രണ്ടാംഘട്ട പ്രവൃത്തിയായ ചുറ്റുമതിൽ നിർമ്മാണം ഏകദേശം 43% പൂർത്തിയായി. പാലക്കുഴ വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്തെ നിർമ്മാണ പ്രവൃത്തികൾ കോടതി തടഞ്ഞു. ഇക്കാര്യത്തിൽ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന 2 മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി മൂവാറ്റുപുഴ RDO-യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആരക്കുഴ ഐ.ടി.ഐ.-യുടെ മൂന്നാംഘട്ട കെട്ടിടനിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷം PWD തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിക്കുള്ള നടപടികൾ PWD സ്വീകരിച്ചുവരുന്നുണ്ട്.

## കായംകുളം ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്കുവേണ്ടി സ്ഥലമെടുക്കുന്നതിലെ പുരോഗതി

306(1096) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഗവ. ഐ.ടി.ഐ.-യ്ക്ക് വേണ്ടി സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം ഐ.ടി.ഐ.-യ്ക്കുവേണ്ടി ഒരു ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കായംകുളം നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകിക്കൊണ്ട് റവന്യൂ വകുപ്പ് 2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി 25 ലക്ഷം രൂപ കായംകുളം നഗരസഭ സെക്രട്ടറി ജില്ലാ കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിൽ ഒടുക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടി സ്വീകരിച്ചുവരവെ സർവ്വേ നമ്പരിൽ ഉൾപ്പെട്ട മുഴുവൻ സ്ഥലമുടമകളുടെയും സമ്മതപത്രം ലഭിക്കാതിരുന്നതിനെത്തുടർന്ന് ഏറ്റെടുക്കൽ നടപടി തടസ്സപ്പെട്ടു. സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസംവന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് കാലഹരണപ്പെടുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നരിപ്പറ്റ ഐ.ടി.ഐ.-ക്കുള്ള ഭൂമി കൈമാറ്റം**

307(1097) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നരിപ്പറ്റ ഐ.ടി.ഐ.-ക്ക്, ഗ്രാമപ്പഞ്ചായത്ത് നൽകിയ ഭൂമികൈമാറ്റത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

നരിപ്പറ്റ ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിന് ലാന്റ് ട്രാൻസ്ഫർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടി**

308(1098) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും ഇതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ചാലക്കുടി ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി കിഫ്ബിയിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. പ്രോജക്ടിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സ്ട്രക്ചറൽ ഡ്രായിംഗിന്റെ സൂക്ഷ്മ പരിശോധനാ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തിയാക്കി കിഫ്ബിയിൽനിന്നും സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

## നെടുമങ്ങാട് ഐ.ടി.ഐ. അനുവദിക്കാൻ നടപടി

309(1099) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ എത്ര ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സർക്കാർ ഐ.ടി.ഐ.കൾ ഒന്നും പ്രവർത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ ഐ.ടി.ഐ. അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം, പെരുമാട്ടി, പേരാമ്പ്ര, പടിയൂർ, പിണറായി, കൊട്ടാരക്കര, കോടോം ബേളൂർ, ചാത്തമംഗലം, ചടയമംഗലം, വർക്കല, മയ്യനാട്, ചിത്തിരപുരം, കുറ്റിക്കോൽ, പീലിക്കോട്, പന്ന്യന്നൂർ, വെള്ളമുണ്ട, അങ്കമാലി, തുറവൂർ എന്നിവിടങ്ങളിലായി 17 സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ട്.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പേരുമല ഐ.ടി.ഐ. നിലവിലുണ്ട്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശിപാർശ ലഭിച്ചിരുന്നു. തുടർന്ന് ഐ.ടി.ഐ. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്

310(1100) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തി നവീകരിക്കുന്ന ഐ.ടി.ഐ.-കൾ എത്രയെന്നും ഏതൊക്കെയെന്നുമുള്ള പട്ടിക, അനുവദിച്ച തുക സഹിതം ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 4.006 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ടെണ്ടറിംഗ് നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ബി) കിഫ്ബിയുടെ ധനസഹായത്തോടെ 10 ഐ.ടി.ഐ.-കളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി നവീകരിക്കുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഐ.ടി.ഐ.-യുടെ പേര് | കിഫ്ബി അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 1 | ധനുവച്ചപുരം | 11.359 |
| 2 | ചന്ദനത്തോപ്പ് | 3.98 |
| 3 | ചെങ്ങന്നൂർ | 19.758 |
| 4 | ഏറ്റുമാനൂർ | 7.768 |
| 5 | കട്ടപ്പന | 5.58 |
| 6 | ചാലക്കുടി | 8.92 |
| 7 | മലമ്പുഴ | 12.79 |
| 8 | കൊയിലാണ്ടി | 4.006 |
| 9 | കണ്ണൂർ | 4.107 |
| 10 | കയ്യൂർ | 4.23 |
| | ആകെ | 82.498 |

ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ., കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി നവീകരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചാക്ക ഐ.ടി.ഐ.-യ്ക്ക് 5,23,58,914 രൂപയും കോഴിക്കോട് ഐ.ടി.ഐ.-യ്ക്ക് 2,76,25,000 രൂപയും അടക്കം ആകെ 7,99,83.914 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ചിത്തിരപുരം ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടത്തിന് സ്ഥലം

311(1101) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്തിരപുരം ഐ.ടി.ഐ.-യ്ക്ക്പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആയതിന് സ്ഥലം കണ്ടെത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടി ആരംഭിച്ചിട്ടില്ലെങ്കിൽ പിന്നാക്ക മേഖലയിലെ ഭാഷാ ന്യൂനപക്ഷങ്ങൾക്കിടയിലെ സ്ഥാപനം എന്ന നിലയിൽ ഈ ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആയതിനുള്ള സ്ഥലം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ & ബി) ചിത്തിരപുരം ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ 4 ഏക്കർ റവന്യൂ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് ലഭിക്കുന്നതിനുള്ള ലാന്റ് ട്രാൻസ്ഫർ അപേക്ഷ ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ആയത് നിലവിൽ താലൂക്ക് സർവ്വേ ഓഫീസിൽ പരിശോധനയിലുമാണ്. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.

312(1102) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി എന്നേയ്ക്ക് ആരംഭിക്കാനാകും എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 11.359 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവൺമെന്റ് ഐ.ടി.ഐ.-യിലെ പുതിയ കോഴ്സുകൾ

313(1103) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവ. ഐ.ടി.ഐ.- യുടെ പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള കോഴ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളുടെ മാനദണ്ഡങ്ങൾ

314(1104) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുൾ ടൈം സ്വീപ്പർ, പാർട്ട് ടൈം സ്വീപ്പർ, ഫുൾ ടൈം സാനിട്ടേഷൻ വർക്കർ, പാർട്ട് ടൈം സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനവും സ്ഥിര നിയമനവും നടത്തുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് എസ്.എസ്.എൽ.സി.യോ അതിന് മുകളിൽ യോഗ്യതകളോ ഉള്ളവരെ പരിഗണിക്കണമെങ്കിൽ അവർ നേരത്തേ അതാത് എക്സ്ചേഞ്ചുകളിൽ സമ്മതപത്രം നൽകണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

## ഉത്തരം

(എ) പാർട്ട് ടൈം സ്വീപ്പർ, പാർട്ട് ടൈം സാനിറ്റേഷൻ വർക്കർ എന്നീ തസ്തികകളിലെ നിയമനങ്ങൾ 1975-ലെ കേരള പാർട്ട് ടൈം കണ്ടിൻജന്റ് വിശേഷാൽ ചട്ടപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. ആയതനുസരിച്ച് ഉദ്യോഗദായകർ ടി തസ്തികകളിലെ സ്ഥിരം/താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലനിൽക്കുന്ന കമ്മ്യൂണൽ റൊട്ടേഷൻ റോസ്റ്റർ പ്രകാരം ഒഴിവുകൾ പൂൾ ചെയ്ത് ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെയും ഉദ്യോഗാർത്ഥികൾക്ക് പ്രാതിനിധ്യം ലഭിക്കുന്നതിനായി ജില്ലാതല സർക്കുലേഷൻ നടത്തി, ഒരൊഴിവിന് ഒൻപതു പേരും (1:9 എന്ന അനുപാതത്തിൽ) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രാതിനിധ്യം ലഭിക്കുന്നതിനായി ഓരോ എക്സ്ചേഞ്ചിൽനിന്നും ഓരോ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥിയെ കൂടെ അധികമായി ഉൾപ്പെടുത്തി സീനിയോറിറ്റി, വയസ്സിളവ്, മുൻഗണന, സംവരണം, മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശപ്പട്ടിക തയ്യാറാക്കി ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽനിന്ന് ഉദ്യോഗദായകർ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകുന്നു.

കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ് ഫുൾ ടൈം സ്വീപ്പർ, ഫുൾടൈം സാനിറ്റേഷൻ വർക്കർ തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നത്. ഫുൾടൈം സ്വീപ്പർ, ഫുൾടൈം സാനിറ്റേഷൻ വർക്കർ തസ്തികകളിലെ സ്ഥിരം ഒഴിവുകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ചുപോരുന്ന സാമുദായിക സംവരണ പട്ടികപ്രകാരം ഒഴിവുകൾ പൂൾ ചെയ്ത് മേഖലാതല സർക്കുലേഷൻ നടത്തുന്നു. ടി ഒഴിവുകളിലേയ്ക്ക് യോഗ്യത, സംവരണം, പ്രായപരിധി, സീനിയോറിറ്റി മുൻഗണന, കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക തയ്യാറാക്കി ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽനിന്നും ഉദ്യോഗദായകർ ടെസ്റ്റ്/ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു.

ഫുൾടൈം സ്വീപ്പർ, ഫുൾടൈം സാനിറ്റേഷൻ വർക്കർ തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി അറിയിക്കുമ്പോൾ ജില്ലയിലെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ ടി തസ്തികയിലേയ്ക്ക്

പ്രൊമോഷന് അർഹരായിട്ടുള്ളവർ ഇല്ല എന്ന ജില്ലാ കളക്ടറുടെ NAC കൂടി റിക്വിസിഷനോടൊപ്പം ഉദ്യോഗദായകൻ ഹാജരാക്കേണ്ടതാണ്. ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെയും ഉദ്യോഗാർത്ഥികൾക്ക് പ്രാതിനിധ്യം ലഭിക്കുന്നതിനായി ആയത് ജില്ലാതല സർക്കുലേഷൻ നടത്തി ഒരൊഴിവിന് ഒൻപത് പേരും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രാതിനിധ്യം ലഭിക്കുന്നതിനായി ഓരോ എക്സ്ചേഞ്ചിൽനിന്നും ഓരോ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥിയെക്കൂടി അധികമായി ഉൾപ്പെടുത്തി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശ പട്ടിക തയ്യാറാക്കി ഉദ്യോഗദായകർക്ക് നൽകുന്നു.

ലാസ്റ്റ് ഗ്രേഡ്/പാർട്ട് ടൈം ഒഴിവുകൾക്ക് പരിഗണിക്കപ്പെടുവാൻ സാധ്യതയുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യത, സംവരണം, പ്രായപരിധി, മുൻഗണന എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന സീനിയോറിറ്റി ലിസ്റ്റുകൾ മൂന്ന് വർഷത്തിലൊരിക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രത്യേകം തയ്യാറാക്കുന്നുണ്ട്. ടി ലിസ്റ്റിൽനിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. ഒരു സ്ഥിരം ഒഴിവിലേയ്ക്ക് ഒരു ഉദ്യോഗാർത്ഥിയെ നാമനിർദ്ദേശം ചെയ്താൽ സമാന യോഗ്യത ആവശ്യമായ ഒഴിവിലേയ്ക്ക് ഒരു വർഷം കഴിഞ്ഞുമാത്രമേ പരിഗണിക്കപ്പെടുവാൻ അർഹതയുള്ളൂ. താൽക്കാലിക ഒഴിവുകൾക്ക് ഓരോ യോഗ്യതയ്ക്കും ഓരോ വർഷത്തെ ഇടവേളകൾ നൽകി സബ്മിഷൻ നൽകിവരുന്നു.

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് S.S.L.C-യോ അതിനുമുകളിൽ യോഗ്യതകളോ ഉള്ള ഉദ്യോഗാർത്ഥികളെ (കുറഞ്ഞ യോഗ്യതയുള്ള തസ്തികകളിലേയ്ക്ക്) പരിഗണിക്കണമെങ്കിൽ ആയതിന് സമ്മതപത്രം നൽകേണ്ടതുണ്ട്. ആയത് രേഖാമൂലം അറിയിക്കേണ്ടതും ടി വിവരം ടി ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ രേഖകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും അപ്രകാരമുള്ള ഒഴിവുകൾ അറിയിക്കുമ്പോൾ ടി ഉദ്യോഗാർത്ഥികളെയും നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിക്കുകയും ചെയ്യുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

315(1105) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി എത്രപേർക്ക് പുതുതായി തൊഴിൽ ലഭിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സ്വയംതൊഴിൽ വായ്പ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ താഴെപ്പറയുംവിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

<u>കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.)</u>

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ടൗൺ എംപ്ലായ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മൽസരപ്പരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്.

<u>കൈവല്യ</u>

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്താൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യ 2016-ൽ ആരംഭിച്ചു.

കൈവല്യ പദ്ധതിക്ക് താഴെപ്പറയുന്ന നാല് ഘടകങ്ങളുണ്ട്:

1. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്
2. കപ്പാസിറ്റി ബിൽഡിംഗ്
3. മൽസരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി
4. സ്വയംതൊഴിൽ വായ്പാപദ്ധതി

മോഡൽ കൈവല്യ സെന്റർ

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന കൈവല്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്നു. ഭിന്നശേഷി സൗഹൃദമായി നിർമ്മിച്ചിരിക്കുന്ന മോഡൽ കൈവല്യ സെന്ററിൽ വീൽചെയർ, സൗകര്യപ്രദമായ ശുചിമുറി, റാമ്പ്, വാട്ടർ പ്യൂരിഫയർ, തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ ക്ലാസ് മുറികൾ, അഭ്യസ്തവിദ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മൽസരപ്പരീക്ഷാ പരിശീലനം നൽകുന്നതിനാവശ്യമായ ക്ലാസ് മുറികൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര വികസനം മുൻകൂട്ടികണ്ട് സാധ്യമായ എല്ലാ പദ്ധതികളും ഈ സെന്ററിൽ ആരംഭിക്കുന്നതാണ്.

(ബി) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന സംഘടിപ്പിച്ച മിനി ജോബ് ഫെയറുകളിലൂടെ 104 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യയുടെ ഘടകമായ സൗജന്യ മൽസരപ്പരീക്ഷാ പരിശീലന പരിപാടികളിൽ പങ്കെടുത്തവരിൽ 23 പേർക്ക് സർക്കാർ ജോലി ലഭിച്ചു.

അതിജീവനം-ജോബ്ഫെസ്റ്റ്

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് അതിജീവനം എന്ന പേരിൽ ഒരു തൊഴിൽമേള സംഘടിപ്പിച്ചുവരുന്നു. 2017 ഡിസംബർ 3-ന് ലോകഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച അതിജീവനം തൊഴിൽമേളയിൽ 18 പേർക്ക് ജോലി ലഭിച്ചു. 2018-ൽ കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിൽ നടന്ന

തൊഴിൽ മേളയിൽ 273 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു. 23 പേർക്ക് ജോലി ലഭിച്ചു. 2018-19 സാമ്പത്തികവർഷം അതിജീവനം തൊഴിൽമേള തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടത്തുകയുണ്ടായി. ടി മേളയിൽ 2202 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 83 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള സ്വയംതൊഴിൽ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കെസ്റ്റ് (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ളതും കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000 രൂപ വായ്പയായി അനുവദിക്കുന്നു. വായ്പാത്തുകയുടെ 20% സബ്സിഡിയായി സംരംഭകന്റെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിലനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതമുണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതിച്ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്നമുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

3. <u>ശരണ്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സുകഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പത്തുകയുടെ 50% പരമാവധി 25000 രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000 രൂപയ്ക്കുമുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50 ശതമാനമെങ്കിലും തിരിച്ചടച്ചവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പത്തുകയുടെ 80 ശതമാനത്തിൽ കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽമാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

4. <u>കൈവല്യ</u>

സ്വയംതൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നതാണ്. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50% പരമാവധി 25,000 (ഇരുപത്തയ്യായിരം) രൂപവരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി(മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയവർ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിതവേതനം ലഭിക്കുന്നതല്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിരം ഒഴിവുകൾക്കും സംരംഭം നന്നായി

തുടർന്നുപോകുമെന്ന ഉറപ്പിന്മേൽ താൽക്കാലിക ഒഴിവുകൾക്കും പരിഗണിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

## കരിയർ ഗൈഡൻസ് സെന്ററുകൾ

316(1106) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) കരിയർ ഗൈഡൻസ് സെന്ററുകൾ വഴി ലഭ്യമാവുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കൊട്ടാരക്കര കേന്ദ്രമാക്കി കരിയർ ഗൈഡൻസ് സെന്ററാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിലാണ് കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്‌മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്‌മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മൽസരപ്പരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്‌മെന്റ് സെന്ററിൽനിന്നും ലഭിക്കുന്നതാണ്.

(സി) കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിലേയ്ക്കായി കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷനിൽ 3000 sq.ft. സ്ഥലം അനുവദിക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും കൊട്ടാരക്കര കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കാൻ കഴിയുന്നതാണ്.

## ലഹരി കടത്തുമായി ബന്ധപ്പെട്ട കേസ്സുകളിലെ കസ്റ്റഡി വ്യവസ്ഥകൾ

317(1107) ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി കടത്തുമായി ബന്ധപ്പെട്ട കേസ്സുകളിൽ കസ്റ്റഡി വ്യവസ്ഥകൾ ശരിയായ രീതിയിൽ പാലിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) കഞ്ചാവ് കേസ്സിലെ പ്രതി രഞ്ജിത് കുമാർ എക്സൈസ് കസ്റ്റഡിയിൽ മർദ്ദനം മൂലം മരിച്ച സംഭവത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പൂവത്തൂരിലെ കള്ള് ഷാപ്പ് ഗോഡൗണിൽ രഞ്ജിത്തിനെ എക്സൈസുകാർ കൊണ്ടുപോയത് എന്തിനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കഞ്ചാവ് കണ്ടെടുക്കുവാനാണ് കൊണ്ടുപോയതെങ്കിൽ അതിനായി പാലിക്കേണ്ട നടപടിക്രമങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർ പാലിച്ചിട്ടുണ്ടോ;

(ഇ) രഞ്ജിത്കുമാറിന്റെ കസ്റ്റഡി മരണം സി.ബി.ഐ. അന്വേഷിക്കുന്നതിന് ഉത്തരവ് ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) രഞ്ജിത്കുമാർ എന്ന യുവാവിനെ കസ്റ്റഡിയിലെടുക്കുകയും മരണപ്പെടുന്നതുവരെ എക്സൈസ് കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൃത്യത്തെക്കുറിച്ച്

എക്സൈസ് വിജിലൻസ് ഓഫീസറുടെ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന്, രഞ്ജിത്കുമാർ എക്സൈസ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിൽ മരണപ്പെട്ട സംഭവം സംബന്ധിച്ചുള്ള വിഷയം സംബന്ധിച്ച് സമഗ്രമായതും പരാതിക്കിടനൽകാത്തതുമായ അന്വേഷണം നടത്തുന്നതിലേയ്ക്കു വേണ്ടി പാവറട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 458/2019 നമ്പർ ക്രൈം കേസ്സ് സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ വകുപ്പുതല അന്വേഷണം നടന്നുവരുന്നു.

(ഇ) ഉത്തരവായിട്ടുണ്ട്.

## വിദേശമദ്യത്തിന്റെ റീട്ടെയിൽ മാർജിനും വിൽപ്പന നികുതിയും

318(1108) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും വിദേശ നിർമ്മിത വിദേശ മദ്യത്തിനും റിട്ടെയിൽ മാർജിനായി യഥാക്രമം എത്ര ശതമാനം തുകയാണ് ഈടാക്കുന്നത്;

(ബി) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും വിദേശ നിർമ്മിത വിദേശ മദ്യത്തിനും വില്പന നികുതി നിലവിൽ യഥാക്രമം എത്ര ശതമാനമാണ് ഈടാക്കുന്നത്; ഇനം തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് 20%, വിദേശ നിർമ്മിത വിദേശമദ്യത്തിന് 3%.

(ബി) ലാന്റഡ് കോസ്റ്റ് 400 രൂപയോ (1 കെയ്സ്) അതിൽ കുറവോ ആയ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന നികുതി നിരക്ക് 202 ശതമാനവും ലാന്റഡ് കോസ്റ്റ് 400 രൂപയിൽ (1 കെയ്സ്) കൂടുതൽ വരുന്ന ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന നികുതി നിരക്ക് 212 ശതമാനവും വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന നികുതി 80 ശതമാനവുമാണ്.

## മദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകൾ

319(1109) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018, 2019 വർഷങ്ങളിൽ മദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ലകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

2018, 2019 വർഷങ്ങളിൽ മദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുമായി ബന്ധപ്പെട്ട് ആകെ 34358 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

## സംസ്ഥാന ടോഡി ബോർഡ് രൂപീകരണം

320(1110) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബോർഡിൽ നിക്ഷിപ്തമാക്കുന്ന പ്രധാന ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടോഡി ബോർഡ് രൂപീകരിക്കുന്നതുസംബന്ധിച്ച് ബന്ധപ്പെട്ട തൊഴിലാളി സംഘടനാ നേതാക്കളുടെയും ലൈസൻസി സംഘടനാ നേതാക്കളുടെയും ഒരു യോഗം വിളിച്ചുചേർക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിന്റെ കരട് തയ്യാറാക്കുന്ന നടപടി പ്രക്രിയകൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബോർഡിന്റെ ചുമതലകൾ

1. കള്ള് മേഖലയെ സംഘടിപ്പിക്കുകയും വികസിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും, ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും.
2. ഉപഭോക്താക്കൾക്ക് ശുദ്ധമായ കള്ള് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.
3. കള്ളുൽപ്പാദനം കൂടുതലുള്ള സ്ഥലങ്ങളിൽനിന്നും സംഭരിച്ച് ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ എത്തിക്കുക.
4. കള്ളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുക.
5. സീസൺ സമയത്ത് അധികം ഉൽപ്പാദിപ്പിക്കുന്ന കള്ള് കേടുകൂടാതെ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
6. കള്ളുൽപ്പാദനത്തിനുതകുന്ന അത്യുൽപ്പാദനശേഷിയുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.
7. കള്ളുഷാപ്പുകൾ നടത്താൻ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുക.
8. ആവശ്യാനുസരണം കള്ളുഷാപ്പുകൾ ഏറ്റെടുത്ത് നടത്തുക.
9. വിനോദസഞ്ചാര മേഖലകളിൽ ആധുനിക രീതിയിലുള്ള ടോഡി പാർലറുകൾ ആരംഭിക്കുക.
10. തൊഴിലാളികൾക്കും പുതിയതായി ഈ മേഖലയിൽ വരുന്നവർക്കും ആവശ്യമായ പരിശീലനം നൽകുക.
11. കള്ളുചെത്ത് വ്യവസായം സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ സൂക്ഷിക്കുക.
12. കർഷകർക്കും തൊഴിലാളികൾക്കും ഉപകരിക്കുന്ന തരത്തിലുള്ള വിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കുക. ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കുക.
13. ഈ രംഗത്ത് ഗവേഷണം പ്രോൽസാഹിപ്പിക്കുക.
14. സംസ്ഥാനത്ത് അനധികൃതമായി കള്ള് ചെത്തുകയോ സംഭരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ

ആയത് തടയുന്നതിന് യുക്തമായ എല്ലാ നടപടികളും സ്വീകരിക്കുക.

15. കള്ളുചെത്ത് ഏത് വ്യവസ്ഥകളിൽപ്പെട്ടതായാലും അത് ബോർഡിന്റെ പരിപൂർണ്ണമായ ചുമതലയിൽ വ്യവസ്ഥാപിതമാണ് എന്ന് ഉറപ്പുവരുത്തുക.

(സി) 1. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്.

2. കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള സഹായം/ വായ്പ

3. മറ്റ് തരത്തിൽ സമാഹരിക്കുന്ന വികസന ഫണ്ട്.

**എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുവാൻ പദ്ധതികൾ**

321(1111) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ ഘടനാപരമായി എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഘടനാപരമായി മാറ്റങ്ങൾ വരുത്തിയിട്ടില്ല. എന്നാൽ എക്സൈസ് വകുപ്പിലെ മേജർ അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകൾ അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വയർലെസ് സംവിധാനം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു. നിലവിൽ എറണാകുളം, പാലക്കാട് ജില്ലകളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകൾക്കായി ഈ വർഷം വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 9 ജില്ലകളിൽ തുടർന്നുള്ള വർഷങ്ങളിൽ ഡിജിറ്റൽ വയർലെസ് സിസ്റ്റം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വകുപ്പിൽ 10 വർഷം പഴക്കമുള്ള 1,60,000 കിലോമീറ്റർ പൂർത്തിയാക്കിയ 72 വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങി വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി അവരുടെ ഫിംഗർപ്രിന്റ് ലഭ്യമാക്കുന്നതിനുള്ള ട്രെയിനിംഗ് ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്. ഈ സംവിധാനം നിലവിൽ വരുന്നതുകൊണ്ട് തൊണ്ടി വാഹനങ്ങളിൽനിന്നും തൊണ്ടി മുതലുകളിൽനിന്നും പ്രതികളുടെ ഫിംഗർപ്രിന്റ് ലഭ്യമാക്കി കുറ്റവാളികളെ കണ്ടെത്തി കേസ്സന്വേഷണം ത്വരിതപ്പെടുത്തുന്നതിന് സഹായകരമാണ്.

മയക്കുമരുന്ന് പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തി ഉപയോഗിച്ച മയക്കുമരുന്ന് ഏതെന്ന് കണ്ടുപിടിക്കുന്ന ABON KIT ലഭ്യമാക്കാൻ ഉദ്ദേശമുണ്ട്. ഇത് ലഭ്യമാക്കുന്നതോടുകൂടി ഒരു വ്യക്തി ഉപയോഗിച്ച മയക്കുമരുന്ന് ഏതെന്ന് കണ്ടുപിടിക്കുവാനും ടിയാൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും സാധിക്കുന്നു. വകുപ്പിൽ വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കിൾ ഓഫീസ്തലം വരെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിലൂടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ അവലോകനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആയതിലൂടെ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും കഴിയും.

വകുപ്പിൽ പുതുതായി 36 പിസ്റ്റലുകളും കേടായ പിസ്റ്റലുകൾക്ക് പകരം 14 പിസ്റ്റലുകളും വാങ്ങുവാനും ഉദ്ദേശിക്കുന്നുണ്ട്. ആയതിലൂടെ എല്ലാ ഫീൽഡ് ഓഫീസുകളിലുമുള്ള ഓഫീസർമാർക്ക് പിസ്റ്റലുകൾ ലഭ്യമാക്കുന്നതും ഏത് സാഹചര്യവും നേരിടുവാൻ സജ്ജമാക്കുന്നതുമാണ്. കൂടാതെ എക്സൈസ് ടവറുകൾ സ്ഥാപിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും**

322(1112) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തരത്തിലുള്ള വിവിധങ്ങളായ മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ബി) പുതിയ തരത്തിലുള്ള മയക്കുമരുന്നുകളെ തിരിച്ചറിയുന്നതിന് സഹായകമായ തരത്തിൽ എക്സൈസ് വകുപ്പിനെ ആധുനികവത്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പുതിയ തരത്തിലുള്ള വിവിധങ്ങളായ മയക്കുമരുന്നുകളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ തരത്തിലുള്ള മയക്കുമരുന്നുകളെ തിരിച്ചറിയുന്നതിനായി പ്രാഥമിക പരിശോധന നടത്തി ഉറപ്പുവരുത്തുന്നതിലേയ്ക്ക് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയിൽനിന്നും ലഭിക്കുന്ന ഡ്രഗ് ഐഡന്റിഫിക്കേഷൻ കിറ്റുകൾ ഫീൽഡ് ഓഫീസുകളിൽ നൽകി പരിശോധന നടത്തിവരുന്നുണ്ട്.

**എക്സൈസ് വകുപ്പിൽ വനിതകൾക്കായി പദ്ധതികൾ**

323(1113) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ വനിതകൾക്കായി ഏതെങ്കിലും പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എക്സൈസ് വകുപ്പിൽ ഓരോ റേഞ്ചോഫീസിലും ഓരോ വനിതാ സിവിൽ എക്സൈസ് ആഫീസർ എന്ന ക്രമത്തിൽ ആകെയുള്ള 138 റേഞ്ചോഫീസുകളിലുമായി 138 വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും ആയതിലൂടെ പൊതുസമൂഹത്തിലെ വനിതകൾക്ക് എക്സൈസ് ആഫീസുകളുമായി കൂടുതൽ അടുക്കുവാനും അതുവഴി എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ആക്കം കൂട്ടുവാനും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സാധിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്കായി വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 100 TVS Jupitor Two Wheeler Scooter-ഉം 41 Honda Active Scooter-ഉം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 25 എക്സൈസ് ഓഫീസുകളിൽ വിശ്രമമുറിയും ടോയ്‌ലെറ്റ് സൗകര്യവും നിർമ്മിച്ച് നൽകിയിട്ടുള്ളതാണ്.

## ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പന കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ

324(1114) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിന് കോർപ്പറേഷനിൽ നിലവിലുള്ള സംവിധാനം എന്താണ്; ഇത് കാര്യക്ഷമമാണോ;

(ബി) ബിവറേജസ് കോർപ്പറേഷന്റെ പാറശ്ശാലയിലെ വില്പന കേന്ദ്രത്തിൽ കുറഞ്ഞ വിലയുള്ള മദ്യം കൂടിയ വില ഈടാക്കി വില്പന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ബില്ലിംഗ് സോഫ്റ്റ്‌വെയറിലെ പാളിച്ചകൾ മുതലാക്കി നടത്തുന്ന ഇത്തരം കൃത്രിമത്വം കണ്ടെത്തുന്നതിന് വില്പന കേന്ദ്രങ്ങളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വകുപ്പാണ് കെ.എസ്.ബി.സി.-ക്കുള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡി.-ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സി.-യുടെ എല്ലാ പ്രവൃത്തിക്രമങ്ങളും നയങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഇന്റേണൽ ആഡിറ്റ് വകുപ്പ് പരിശോധിക്കുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. നിലവിൽ ഇന്റേണൽ ആഡിറ്റ് വകുപ്പിൽ 82 ജീവനക്കാരാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി.-യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 പരിശോധനകൾ നടത്തിയിട്ടുണ്ട്. സ്റ്റോക്കിലും വിൽപ്പനത്തുകയിലും ഏകദേശം 5.56 കോടി രൂപയുടെ കുറവ് കണ്ടെത്തുകയും ടി കാലയളവിൽ ബാധ്യതയിനത്തിൽ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും 2.94 കോടി രൂപ തിരിച്ചുപിടിച്ചിട്ടുമുണ്ട്. 68 പരിശോധനകളിൽ ഉപഭോക്താക്കളിൽനിന്നും അധികത്തുക ഈടാക്കുന്നതായി കണ്ടെത്തുകയും 81 പരിശോധനകളിൽ ചില മദ്യയിനങ്ങൾ പൂഴ്ത്തിവയ്ക്കുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനുപുറമെ, പിഴയായി 51 ലക്ഷം രൂപയും ഈടാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ബി.സി. എഫ്.എൽ.1-1001- പാറശ്ശാല ചില്ലറ വിൽപ്പനശാലയിലെ ചില ജീവനക്കാർ ഉപഭോക്താക്കളിൽനിന്നും വില കൂടിയ മദ്യത്തിന്റെ വില ഈടാക്കിയശേഷം വിലകുറഞ്ഞ മദ്യം നൽകിയതായി കെ.എസ്.ബി.സി.-യുടെ ആഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുമായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ബി.സി.-യുടെ എഫ്.എൽ.1-ചില്ലറ വിൽപ്പനശാലകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനായി ഇന്റേണൽ ആഡിറ്റ് വിഭാഗം നിരന്തരം മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്.

**ബാർ ലൈസൻസുകൾ**

325(1115) <u>ശ്രീ. പി. ടി. തോമസ്:</u>

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ലൈസൻസുകൾ അനുവദിച്ചത് എവിടെയൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പുതിയ ബാർ ലൈസൻസുകൾ മുഖേന സർക്കാരിനുണ്ടായ വരുമാന വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ ബാർ ലൈസൻസുകൾ മുഖേന പ്രതിമാസം മദ്യവിൽപ്പനയിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി 158 ബാർ ലൈസൻസ് അനുവദിച്ചു.

(ബി) തിരുവനന്തപുരം ജില്ലയിൽ -14, കൊല്ലം ജില്ലയിൽ - 16, പത്തനംതിട്ട ജില്ലയിൽ - 4, ആലപ്പുഴ ജില്ലയിൽ -10, കോട്ടയം ജില്ലയിൽ - 10, ഇടുക്കി ജില്ലയിൽ -10, എറണാകുളം ജില്ലയിൽ - 43, തൃശ്ശൂർ ജില്ലയിൽ - 16, പാലക്കാട് ജില്ലയിൽ - 11, മലപ്പുറം ജില്ലയിൽ - 4, കോഴിക്കോട് ജില്ലയിൽ - 7, വയനാട് ജില്ലയിൽ - 1, കണ്ണൂർ ജില്ലയിൽ - 8, കാസർഗോഡ് ജില്ലയിൽ - 4.

(സി) പുതിയ ബാർ ലൈസൻസുകൾ മുഖേന സർക്കാരിന് 44,19,00,000 രൂപയുടെ (നാൽപ്പത്തിനാല് കോടി പത്തൊൻപത് ലക്ഷം രൂപ) വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്.

(ഡി) പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചതിലൂടെ ബാറുകളിലെ പ്രതിമാസ ശരാശരി മദ്യവിൽപ്പനയിൽ നാമമാത്രമായ വർദ്ധനവുണ്ടായിട്ടുള്ളതാണ്.

**ബാർ ഹോട്ടലുകൾക്കും ബിയർ പാർലറുകൾക്കും അനുമതി**

326(1116) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര ബിയർ പാർലറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 158 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകി. വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം -14, കൊല്ലം - 16, പത്തനംതിട്ട - 4, ആലപ്പുഴ -10, കോട്ടയം - 10, ഇടുക്കി -10, എറണാകുളം - 43, തൃശ്ശൂർ - 16, പാലക്കാട് - 11, മലപ്പുറം - 4, കോഴിക്കോട് - 7, വയനാട് - 1, കണ്ണൂർ - 8, കാസർഗോഡ് - 4.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 31 ബിയർ പാർലറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം -5, കൊല്ലം - 5, ആലപ്പുഴ -5, കോട്ടയം - 2, ഇടുക്കി -2, എറണാകുളം - 7, തൃശ്ശൂർ - 1, പാലക്കാട് - 2, കോഴിക്കോട് - 1, കണ്ണൂർ - 1.

**സംസ്ഥാനത്തെ ബാറുകൾ**

327(1117) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നു എന്നതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചുവരുന്നു എന്നതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് 29 ബാറുകൾ പ്രവർത്തിച്ചിരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു:

തിരുവനന്തപുരം -6, കൊല്ലം -2, പത്തനംതിട്ട - 0, ആലപ്പുഴ -2, കോട്ടയം -2, ഇടുക്കി -0, എറണാകുളം - 12, തൃശ്ശൂർ - 1, പാലക്കാട് - 0, മലപ്പുറം - 1, കോഴിക്കോട് - 1, വയനാട് - 1, കണ്ണൂർ - 0, കാസർഗോഡ് - 1.

(ബി) നിലവിൽ സംസ്ഥാനത്ത് 565 ബാറുകൾ പ്രവർത്തിച്ചുവരുന്നു. ആയതിൽ 158 എണ്ണം പുതുതായി ഈ സർക്കാരിന്റെ കാലത്ത് ലൈസൻസ് അനുവദിച്ചതും 378 എണ്ണം ബിയർ പാർലറുകളായി പ്രവർത്തിച്ച് വന്നവയിൽ ത്രീ സ്റ്റാർ ക്ലാസ്സിഫിക്കേഷൻ ലഭിച്ച മുറയ്ക്ക് ബാർ ലൈസൻസ് അനുവദിക്കപ്പെട്ടവയും 29 എണ്ണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് ആയി പ്രവർത്തിച്ചിരുന്നവയുമാണ്. ആയതിന്റെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം -52, കൊല്ലം - 49, പത്തനംതിട്ട - 18, ആലപ്പുഴ -34, കോട്ടയം - 50, ഇടുക്കി -24, എറണാകുളം - 133, തൃശ്ശൂർ - 74, പാലക്കാട് - 38, മലപ്പുറം - 18, കോഴിക്കോട് - 33, വയനാട് - 6, കണ്ണൂർ - 27, കാസർഗോഡ് - 9.

## ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും ബിയറും വിറ്റഴിച്ച കണക്ക്

328(1118) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വിറ്റത് ഒരു ലക്ഷം കോടിയോളം രൂപയുടെ മദ്യമാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2009-10 സാമ്പത്തിക വർഷം മുതൽ 2018-19 വരെ വിറ്റഴിച്ച ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റെയും കണക്കാണോ ഇതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ ഇതിനു പുറമെയാണോ കള്ള് ഷാപ്പുകളും കൺസ്യൂമർ ഫെഡിന്റെ വിദേശ മദ്യശാലകളും ബിയർ പാർലറുകളും വഴി വിറ്റഴിക്കുന്ന മദ്യത്തിൽ നിന്ന് സർക്കാരിനു ലഭിക്കുന്ന വരുമാനം; വിശദമാക്കുമോ;

(ഡി) ഓരോ വർഷവും തൊട്ടുമുമ്പത്തെ വർഷത്തേക്കാൾ പത്ത് മുതൽ ഇരുപത് ശതമാനം വരെയാണ് മദ്യവിൽപ്പനയിലെ വർദ്ധനവ് എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഇ) 1570.90 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായ 2018-19 സാമ്പത്തിക വർഷം മദ്യവിൽപ്പനയിൽ റിക്കാർഡ് മുന്നേറ്റം ഉണ്ടായിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ സന്ദർഭത്തിലും ഓരോ വർഷവും പുതിയ ബാറുകൾ തുറക്കുന്ന സർക്കാർ നിലപാട് ജനക്ഷേമം മുൻനിർത്തിയാണെന്ന് പറയാനാകുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) 2009-10 മുതൽ 2018-19 വരെ ബാറുകൾക്കും മറ്റ് ലൈസൻസികൾക്കും കൺസ്യൂമർ ഫെഡിനും മറ്റും കെ.എസ്.ബി.സി. മുഖേന വിൽപ്പന നടത്തിയതും കെ.എസ്.ബി.സി.-യുടെ എഫ്.എൽ.1 ചില്ലറ വിൽപ്പനശാലകൾ മുഖേന വിൽപ്പന നടത്തി സമാഹരിച്ചതുമായ ആകെ വിറ്റുവരവ് 99,473 കോടി രൂപയാണ്. കള്ള് ഷാപ്പുകൾ മുഖേന നടക്കുന്ന വിൽപ്പനയുടെ കണക്ക് ഇതിൽ ഉൾപ്പെടുന്നില്ല.

(ഡി) 2009-10 മുതൽ 2018-19 വരെ കെ.എസ്.ബി.സി.-യുടെ ആകെ വിറ്റുവരവ്, മുൻ വർഷത്തെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോഴുള്ള വർദ്ധനവ് (ശതമാനത്തിൽ) എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1-ൽ* ചേർത്തിട്ടുണ്ട്.

(ഇ & എഫ്) 2017-18 സാമ്പത്തിക വർഷത്തെ ആകെ വിറ്റുവരവുമായി താരതമ്യം ചെയ്യുമ്പോൾ 2018-19 സാമ്പത്തിക വർഷത്തെ ആകെ വിറ്റുവരവിൽ 1571 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ മദ്യത്തിന്റെ റേറ്റ് കോൺട്രാക്ട് പർച്ചേസ് വില 7% വർദ്ധിപ്പിക്കുകയും സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയത്തെത്തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കൂടുതൽ റവന്യൂ സമാഹരിക്കുന്നതിനുമായി 18-8-2018-ാം തീയതി മുതൽ 30-11-2018-ാം തീയതി വരെയുള്ള 100 ദിവസങ്ങളിൽ മദ്യത്തിന്റെ എക്സൈസ് നികുതി 10% വർദ്ധിപ്പിക്കുകയും ചെയ്തതാണ് 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി.-യുടെ ആകെ വിറ്റുവരവ് ഉയരാനുണ്ടായ കാരണം. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിശദമായ അബ്കാരി നയത്തിന്റെ ഭാഗമായി മാത്രമാണ് പുതുതായി ബാർ ലൈസൻസുകൾ അനുവദിച്ചുവരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിടിച്ചെടുത്ത മയക്കുമരുന്നുകൾ

329(1119) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മയക്കുമരുന്ന് കൈവശം വച്ചതിനും വില്പന നടത്തിയതിനുമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അളവിൽ മയക്കുമരുന്നുകൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മയക്കുമരുന്ന് കൈവശം വച്ചതിനും വിൽപ്പന നടത്തിയതിനുമായി 21363 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പിടിച്ചെടുത്തിട്ടുള്ള മയക്കുമരുന്ന് വസ്തുക്കളുടെ ഇനംതിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

## മയക്കുമരുന്ന് ഉപയോഗം നിയന്ത്രിക്കുവാൻ നടപടി

330(1120) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണത്തിൽ ഭയാനകമായ രീതിയിലുള്ള വർദ്ധനവ് രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2011-2016, 2016-19 എന്നീ കാലഘട്ടങ്ങളിൽ ഈയിനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം വർഷം, ജില്ല എന്നിവ തരം തിരിച്ച് നൽകാമോ;

(സി) മയക്കുമരുന്നിന്റെ ദുരുപയോഗം കുറയ്ക്കാനും ബോധവൽക്കരണം നടത്താനും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാകാത്തതാണ് ഇത്തരത്തിൽ കേസ്സുകൾ വർദ്ധിക്കുന്നതിന് കാരണമെന്ന് വിലയിരുത്തലുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തി കർശന നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 2016 വർഷത്തിൽ 2985 മയക്കുമരുന്ന് കേസ്സുകളും 2017 വർഷത്തിൽ 5946 മയക്കുമരുന്ന് കേസ്സുകളും 2018 വർഷത്തിൽ 7573 മയക്കുമരുന്ന് കേസ്സുകളും 2019 വർഷം നാളിതുവരെ 5811 മയക്കുമരുന്ന് കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2011-16, 2016-19 എന്നീ കാലഘട്ടങ്ങളിൽ ഈയിനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം, വർഷം, ജില്ല എന്നിവ അനുബന്ധമായി *ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്ത് ബോധവൽക്കരണ പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വളരെ ഫലപ്രദമായ രീതിയിൽ നടന്നുവരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വാഹന പരിശോധനകളും ട്രെയിനുകളിലെ പരിശോധനകളും നടത്തിവരുന്നതും ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ പരിശോധന നടത്തിവരുന്നതും രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഷാഡോ എക്സൈസിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിമുക്തി പദ്ധതിപ്രകാരം ലഹരിക്കെതിരെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. മയക്കുമരുന്ന് കേസ്സുകളിൽ പിടിക്കപ്പെടുന്ന കുറ്റവാളികൾക്കെതിരെ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും കാര്യക്ഷമമായ അന്വേഷണം നടത്തി ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കുന്ന ടി കേസ്സുകളിൽ ബഹുമാനപ്പെട്ട കോടതി വിചാരണ നടത്തി നിയമം അനുശാസിക്കുന്ന ശിക്ഷകൾ നൽകുകയും ചെയ്തുവരുന്നുണ്ട്. മയക്കുമരുന്നിന്റെ വിപണനങ്ങൾക്കെതിരെ അതിശക്തമായ നടപടികൾ ഈ സർക്കാർ സ്വീകരിച്ചതിനാലാണ് കൂടുതൽ കേസ്സുകൾ കണ്ടെടുക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും സാധിച്ചിട്ടുള്ളത്. കർശന നടപടികളുടെ ഫലമായാണ് കണ്ടെടുക്കുന്ന കേസ്സുകളുടെ എണ്ണത്തിലും പിടിച്ചെടുക്കുന്ന വസ്തുക്കളുടെ അളവിലും വർദ്ധനവുണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള കേസ്സുകൾ ഫലപ്രദമായി അന്വേഷിക്കുന്നതിനും ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിനുമായി എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മയക്കുമരുന്ന് കേസ്സുകളിൽ ചാർജ്ജ്ഷീറ്റ്

331(1121) ശ്രീ. വി. ഡി.സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് നൽകുവാൻ കാലതാമസം ഉണ്ടാകുന്നതുമൂലം പ്രതികൾക്ക് ജാമ്യം കിട്ടുവാൻ സാധ്യതയുണ്ടാകുന്നുവെന്ന ആലപ്പുഴ ജില്ലാ കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിമർശനം ഉണ്ടായത് ഏത് സാഹചര്യത്തിലാണ്;

(ബി) എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനയ്ക്ക് അനുസൃതമായി കേസ്സുകളിൽ സമയപരിധിക്കുള്ളിൽ കുറ്റപത്രം സമർപ്പിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള സംവിധാനം നിലവിലുണ്ടോ;

(സി) ഇരുപത് കിലോ വരെ ലഹരി വസ്തുക്കൾ പിടികൂടിയതും അതിന് മുകളിൽ പിടികൂടിയതുമായ എത്ര കേസ്സുകളിലാണ് ഇനിയും കുറ്റപത്രം സമർപ്പിക്കുവാനുള്ളത് എന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കേസ്സുകളിൽ അടിയന്തരമായി കുറ്റപത്രം സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ റെയിഞ്ച് ക്രൈം 28/19, 31/19 എന്നീ കേസ്സുകളിൽ സ്റ്റാറ്റ്യൂട്ടറി പീരിയഡിനുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രതികൾക്ക് ജാമ്യം അനുവദിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കേസ്സുകളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംവിധാനം നിലവിലുണ്ട്. പരമാവധി കേസ്സുകളിൽ നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചുവരുന്നുണ്ട്. മീഡിയം ക്വാണ്ടിറ്റി എൻ.ഡി.പി.എസ്. കേസ്സുകളിൽ

പ്രതിയുടെ അറസ്റ്റ് തീയതി മുതൽ 60 ദിവസത്തിനകവും കൊമേഴ്സ്യൽ ക്വാണ്ടിറ്റി എൻ.ഡി.പി.എസ്. കേസ്സുകളിൽ 180 ദിവസത്തിനകവും അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുവാൻ 'ഓപ്പറേഷൻ സീറോ ടോളറൻസ് ' എന്ന പ്രത്യേക പദ്ധതി വകുപ്പിൽ നടപ്പിലാക്കിവരുന്നുണ്ട്.

(സി) 20 കിലോ വരെയുള്ള സ്മാൾ/മീഡിയം ക്വാണ്ടിറ്റി ലഹരിവസ്തുക്കൾ പിടികൂടിയ 2264 കേസ്സുകളിലും 20 കിലോയ്ക്ക് മുകളിലുള്ള കൊമേഴ്സ്യൽ ക്വാണ്ടിറ്റി മയക്കുമരുന്ന് പിടികൂടിയ 14 കേസ്സുകളിലും കുറ്റപത്രം സമർപ്പിക്കാനുണ്ട്.

(ഡി) കുറ്റപത്രം സമർപ്പിക്കുവാൻ അവശേഷിച്ചിട്ടുള്ള മുഴുവൻ കേസ്സുകളിലും അന്വേഷണം പൂർത്തിയാക്കി അടിയന്തരമായി കുറ്റപത്രം സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## ലഹരിവസ്തുക്കളുടെ വിൽപ്പനയും വിതരണവും തടയുന്നതിന് നടപടി

332(1122) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജ മദ്യത്തിന്റെയും, കഞ്ചാവ് പുകയില ഉല്പന്നങ്ങൾ അടക്കമുള്ള ലഹരിവസ്തുക്കളുടെ വില്പനയും വിതരണവും തടയുന്നതിന്റെ ഭാഗമായി എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) അപ്രകാരം പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെ അളവ് അടക്കമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ലഹരിവസ്തുക്കളുടെ വില്പനയും വിതരണവും തടയുന്നതിന് മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 457959 റെയിഡുകൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 58579 അബ്കാരി കേസ്സുകളും 21363 മയക്കുമരുന്ന് കേസ്സുകളും 242641 COPTA കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്കാരി കേസ്സിലുൾപ്പെട്ട 49953 പ്രതികളെയും എൻ.ഡി.പി.എസ്. കേസ്സുകളിലുൾപ്പെട്ട 22225 പ്രതികളെയും ടി റെയിഡിന്റെ ഭാഗമായി അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ബി) വിശദാംശം അനുബന്ധമായി *കൊടുക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ലഹരിവസ്തുക്കളുടെ വിൽപ്പനയും വിതരണവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുകയും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. പുറമെ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങൾ എന്നിവയും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി ലഹരിവസ്തുക്കളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മയക്കുമരുന്നുകളുടെ വ്യാപനവും ഉപയോഗവും**

333(1123) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതലമുറയിൽപ്പെട്ടവർക്കിടയിൽ മയക്കുമരുന്നുകൾ, വ്യാജമദ്യങ്ങൾ, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വ്യാപനവും ഉപയോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുവാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ മയക്കുമരുന്ന് വിപണനത്തിൽ ഏർപ്പെട്ടവരായി കണ്ടെത്തിയവർ എത്രയെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഇത്തരം മയക്കുമരുന്ന് വിപണനത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ പ്രധാന പങ്ക് വഹിക്കുന്നുയെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികളിൽ എത്രപേരെ ഓരോവർഷവും കണ്ടെത്തിയിട്ടുണ്ടെന്നും ഇവരിലൂടെയുള്ള വിപണനം ഇല്ലായ്മ ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതുതലമുറയിൽപ്പെട്ടവർക്കിടയിൽ ലഹരി ഉപയോഗം തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ കീഴിൽ ബഹുജന പങ്കാളിത്തത്തോടുകൂടി SPC, NSS, Scout & Guides, Library Council, Sports Council, സ്കൂൾ, കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സന്നദ്ധ സംഘടനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ വൈവിദ്ധ്യങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ കൗൺസിലിംഗ്, ചികിത്സ എന്നിവ നൽകുന്നതിനുവേണ്ടി 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും 14 ജില്ലയിലും ഓരോ ഡീ അഡിക്ഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. വിമുക്തി എന്ന മൊബൈൽ ആപ്പ് മുഖേന ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ, വിവരങ്ങൾ എന്നിവ ബന്ധപ്പെട്ട അധികൃതരെ അറിയിക്കുവാൻ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും പ്രതികളുടെയും വർഷം തിരിച്ചുള്ള കണക്ക്.

| വർഷം | കേസ്സുകളുടെ എണ്ണം | പ്രതികളുടെ എണ്ണം |
|---|---|---|
| 2016 (1-6-2016 മുതൽ) | 2033 | 2158 |
| 2017 | 5946 | 6226 |
| 2018 | 7573 | 7798 |
| 2019 (30-9-2019 വരെ) | 5811 | 6043 |
| ആകെ | 21363 | 22225 |

(ഡി & ഇ) മയക്കുമരുന്ന് കടത്തിലും ഉപയോഗത്തിലും ഇതര സംസ്ഥാന തൊഴിലാളികളും ഉൾപ്പെടുന്നുണ്ടെങ്കിലും അവർ പ്രധാന പങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കേസ്സുകളിൽ പ്രതികളായ ഇതര സംസ്ഥാന തൊഴിലാളികളുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | പ്രതികളുടെ എണ്ണം |
|---|---|
| 2016 (1-6-2016 മുതൽ) | 206 |
| 2017 | 418 |
| 2018 | 464 |
| 2019<br>(30-9-2019 വരെ) | 337 |

ടി തൊഴിലാളികൾ മുഖേനയുള്ള മയക്കുമരുന്ന് വിപണനം തടയുന്നതിനായി ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും ആർ.പി.എഫ്.-മായി ചേർന്ന് പരിശോധന നടത്തുകയും ഇവർ താമസിക്കുന്ന ക്യാമ്പുകളിലും തൊഴിലിടങ്ങളിലും റെയിഡുകളും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരികയും ചെയ്യുന്നതു കൂടാതെ ടി ക്യാമ്പുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

**എടക്കര എക്സൈസ് ഓഫീസ്**

334(1124) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ എടക്കര എക്സൈസ് ഓഫീസ് വാടക കെട്ടിടത്തിലാണോ സ്ഥിതി ചെയ്യുന്നത്; എങ്കിൽ ആരുടെ വാടക കെട്ടിടമാണത് എന്ന് വ്യക്തമാക്കുമോ;

(ബി) ടി എക്സൈസ് ഓഫീസിലെ തൊണ്ടിമുതൽ വാഹനങ്ങൾ ശ്രീ.സാദിഖിന്റെ വീട്ടിലും പരിസരത്തുമായി അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി കാര്യത്തിൽ മുൻ എക്സൈസ് കമ്മീഷണറുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി ഉത്തരവ് നടപ്പിലാക്കാതെ നടപ്പിലാക്കിയെന്ന് എക്സൈസ് കമ്മീഷണർക്ക് മറുപടി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി സ്ഥലത്ത് അനധികൃതമായി പാർക്ക് ചെയ്യാൻ തുടങ്ങിയിട്ട് എത്ര വർഷമായിയെന്ന് അറിയിക്കുമോ;

(ഡി) ടി കാലയളവിലെ വാടക നൽകാൻ തയ്യാറാകുമോ;

(ഇ) അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾ (തൊണ്ടി മുതൽ) എന്നത്തേക്ക് മാറ്റുമെന്ന് അറിയിക്കാമോ; ഉത്തരവ് നടപ്പിലാക്കാതെ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മറുപടി നൽകി ഗുരുതരവീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് എടുക്കുകയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അതെ. നിലമ്പൂർ താലൂക്കിൽ നിലമ്പൂർ അംശം ദേശത്ത് വെളിയംതോട് മാടത്തിങ്ങൽ ഉമ്മർ മകൻ സാദിഖലിയുടെ കെട്ടിടത്തിൽ ടി ഓഫീസ് സ്ഥിതിചെയ്യുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് കെട്ടിട ഉടമ സമ്മതപത്രം നൽകിയിട്ടുണ്ട്. എക്സൈസ് കമ്മീഷണർ ഇത്തരത്തിൽ ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

(സി) അനധികൃതമായി പാർക്ക് ചെയ്തിട്ടില്ല.

(ഡി) 12-4-2016-ലെ സ.ഉ. (സാധാ) നമ്പർ 301/16/നി.വ. പ്രകാരം പ്രസ്തുത കെട്ടിടത്തിന് വാടക നൽകിവരുന്നു.

(ഇ) അനധികൃതമായി പാർക്ക് ചെയ്തിട്ടില്ല.

**മാവേലിക്കരയിൽ എക്സൈസ് കോംപ്ലക്സ്**

335(1125) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എക്സൈസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന് തുക അനുവദിക്കുന്നതിനും രൂപരേഖ തയ്യാറാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവ്വേ നമ്പർ 30/07-ൽപ്പെട്ട 11.25 ആർ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ മാവേലിക്കര റേഞ്ച്, സർക്കിൾ എന്നീ ഓഫീസുകൾക്കായി മാവേലിക്കര എക്സൈസ് കോംപ്ലക്സ് പണിയുന്നതിനായി 31-1-2016-ലെ സ.ഉ. (കൈ) നം. 33/2018/ആർ.ഡി. പ്രകാരം സ്ഥലം ലഭിച്ചിട്ടുണ്ട്. ടി കോംപ്ലക്സ് പണിയുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2018-19 കാലയളവിൽ രജിസ്റ്റർ ചെയ്ത ലഹരി കേസ്സുകൾ

336(1126) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗവും വിൽപ്പനയുമായി ബന്ധപ്പെട്ട് 2018-19 കാലയളവിൽ രജിസ്റ്റർ ചെയ്ത കേസ്സുകളെത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്ത ലഹരി കേസ്സുകൾ താലൂക്ക് തിരിച്ച് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ പുതിയ എക്സൈസ് ഓഫീസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 11182 അബ്കാരി കേസ്സുകളും 7785 എൻ.ഡി.പി.എസ്. കേസ്സുകളും 2018 -19 കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)

| താലൂക്കിന്റെ പേര് | അബ്കാരികേസ്സുകൾ | എൻ.ഡി.പി.എസ്. കേസ്സുകൾ |
|---|---|---|
| പൊന്നാനി | 81 | 135 |
| തിരൂർ | 122 | 127 |
| തിരൂരങ്ങാടി | 74 | 65 |
| ഏറനാട് | 104 | 111 |
| പെരിന്തൽമണ്ണ | 123 | 71 |
| നിലമ്പൂർ | 166 | 120 |
| കൊണ്ടോട്ടി | 32 | 42 |
| ആകെ | 702 | 671 |

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ലഹരി ഉപയോഗം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ

337(1127) ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ലഹരിയുടെ ഉപയോഗം കുറയ്ക്കാനും തടയാനും പുതിയതായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ലഹരി മോചന കേന്ദ്രങ്ങളുടെ നിലവാരം പരിശോധിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലഹരി ഉപയോഗം കുറയ്ക്കുന്നതിനും തടയുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് സർക്കാർ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷന്റെ കീഴിൽ ബഹുജന പങ്കാളിത്തത്തോടുകൂടി SPC, NSS, Scount & Guides, Library Council, Sports Council, സ്കൂൾ, കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സന്നദ്ധ സംഘടനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ ലഹരിയുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി വൈവിദ്ധ്യങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ കൗൺസിലിംഗ്, ചികിൽസ എന്നിവ നൽകുന്നതിനുവേണ്ടി 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും 14 ജില്ലയിലും ഓരോ ഡീ-അഡിക്ഷൻ സെന്ററും ആരംഭിച്ചിട്ടുണ്ട്. വിമുക്തി എന്ന മൊബൈൽ ആപ് മുഖേന ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഹരി മാഫിയയെ ഭയക്കാതെയും തന്റെ ഐഡന്റിറ്റി വെളിപ്പെടുത്താതെയും ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം, വിപണനം, സംഭരണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരെ അറിയിക്കുവാൻ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗകര്യം ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ലഹരിമോചന കേന്ദ്രങ്ങളുടെ നിലവാരം മറ്റ് ഏജൻസികളുടെ ലഹരിമോചന കേന്ദ്രങ്ങളേക്കാൾ മെച്ചപ്പെട്ടതാണ്. സ്വകാര്യ മേഖലയിൽ പതിനായിരക്കണക്കിന് രൂപ ചെലവുവരുന്ന ചികിത്സ സർക്കാർ ഡീ-അഡിക്ഷൻ സെന്ററുകളിൽ തികച്ചും സൗജന്യമാണ്.

## ലഹരിവിരുദ്ധ ബോധവൽക്കരണം

338(1128) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളും ക്യാമ്പസ്സുകളും കേന്ദ്രീകരിച്ച് ലഹരി-മയക്കുമരുന്ന്-കഞ്ചാവ് മാഫിയകൾ ശക്തമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാഫിയകളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വിദ്യാലയങ്ങളിലും ക്യാമ്പസ്സുകളിലും ഇവർക്കെതിരായ ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ശക്തമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ;

(ഡി) ലഹരിക്കെതിരായി ബോധവൽക്കരണം ശക്തമാക്കുന്നതിനും ,ലഹരിക്കെതിരായി കായികമേളകളും, സാംസ്കാരിക പരിപാടികളും ഗ്രാമങ്ങളിലുൾപ്പെടെ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരിമരുന്ന് മാഫിയകളെ കണ്ടെത്തുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങളും ക്യാമ്പസ്സുകളും കേന്ദ്രീകരിച്ചുള്ള ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുന്നു. കൂടാതെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ വിവരങ്ങൾ ശേഖരിച്ച് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ഒരു സ്കൂളിന്റെ നിരീക്ഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും ഈ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യുന്നതും ടി സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾ വഴിയും മൊബൈൽ ആപ് വഴിയും ലഭിക്കുന്ന പരാതികൾ കേന്ദ്രീകൃതമായി പരിശോധന നടത്തി നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.

(സി) ലഹരി മാഫിയയ്ക്കെതിരെ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിക്കെതിരെയുള്ള പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

(ഡി) ബോധവൽക്കരണ പ്രവർത്തനം ശക്തമാക്കുന്നതിനായി 14 ജില്ലയിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ വിമുക്തി മാനേജർമാരായി നിയമിച്ച് ജില്ലാതല ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുവരുന്നു. ഓണം വാരാഘോഷം, തൃശ്ശൂർ പൂരം, ബീമാപ്പള്ളി ഉറൂസ്, മാരാമൺ കൺവെൻഷൻ, വസന്തോൽസവം, പേരാമ്പ്ര ഫെസ്റ്റ്, അന്തർദ്ദേശീയ ചലച്ചിത്ര മേള, സംസ്ഥാന സ്കൂൾ കലോൽസവം, ആറ്റുകാൽ പൊങ്കാല എന്നിങ്ങനെ കേരളത്തിലെ പ്രധാന സാമൂഹ്യ സാംസ്കാരിക പരിപാടികളിലെല്ലാം വിമുക്തി പവലിയനുകൾ സജ്ജീകരിച്ച് മികച്ച പൊതുജന ശ്രദ്ധയും മാധ്യമശ്രദ്ധയും നേടിയിട്ടുണ്ട്.

യുവാക്കളെയും വിദ്യാർത്ഥികളെയും ലഹരിയോടുള്ള താൽപ്പര്യത്തിലേയ്ക്ക് കടക്കാതെ കായിക വിഷയങ്ങളിൽ താൽപ്പര്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ ഫുട്ബാൾ, വോളീബാൾ, ബാഡ്മിന്റൺ ബാറ്റ്, ക്രിക്കറ്റ് ബാറ്റും ബോളും എന്നിങ്ങനെ സ്പോർട്സ് ഉപകരണങ്ങളും മഹാരഥന്മാരുടെ ജീവചരിത്രമടക്കം പുസ്തകങ്ങളും വിതരണം ചെയ്തിട്ടുള്ളതും അട്ടപ്പാടിയിലെ ആദിവാസി യുവാക്കളെ ഉൾപ്പെടുത്തി വിമുക്തിയുടെ ഭാഗമായി കായിക ടീമുകൾ രൂപീകരിച്ച് പരിശീലനം നടത്തുകയും ചെയ്യുന്നുണ്ട്.

തീരദേശ മേഖലകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ, ഫുട്ബാൾ മൽസരം, ഡ്രൈവിംഗ് പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, കരിയർ ഗൈഡൻസ്, തീരദേശ ലൈബ്രറികൾക്ക് പുസ്തക വിതരണം എന്നിവ നടത്തിവരുന്നു.

## എക്സൈസ് വകുപ്പിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

339(1129) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലെ നിലവിലെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകളുണ്ടെന്നും എന്നുമുതലുള്ള ഒഴിവുകളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) 2016-ൽ ആരംഭിച്ച പ്രിവന്റീവ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പൂർത്തിയാകാത്തതുമൂലം സംസ്ഥാനത്തെ ഭൂരിഭാഗം അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികകളും നിരവധി എക്സൈസ് ഇൻസ്പെക്ടർ തസ്തികകളും ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ വൈകുന്നതിന്റെ കാരണം പരിശോധിക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് താൽക്കാലിക സ്ഥാനക്കയറ്റം അടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വകുപ്പിലെ ചില ജീവനക്കാരുടെ അനാസ്ഥമൂലം സ്ഥാനക്കയറ്റത്തിൽ ജീവനക്കാർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ഒഴിവുകളുണ്ടായ സമയത്തെ സീനിയോറിറ്റി നൽകി ഡബിൾ പ്രൊമോഷൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) സീനിയോറിറ്റി ലിസ്റ്റ് അടിയന്തരമായി തയ്യാറാക്കി താഴെക്കിടയിലുള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകുവാൻ ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകുമോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എക്സൈസ് വകുപ്പിൽ 31-5-2019 മുതൽ 83 എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളും 1-12-2018 മുതൽ 39 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുമാണ് നിലവിലുള്ളത്.

(ബി) ഉണ്ട്. പ്രിവന്റീവ് ഓഫീസർമാരുടെ 1-1-2019 മുതൽ 31-12-2015 വരെയുള്ള ജില്ലാതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ തൃശ്ശൂർ ജില്ലയൊഴികെ ആക്ഷേപം ഉന്നയിക്കുന്നതിനായി പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ലഭിക്കുകയുണ്ടായി. 20-8-2011-ലെ G.O.(P) No.26/2011/P&ARD ഉത്തരവിൻപ്രകാരം പ്രിവന്റീവ് ഓഫീസർ കേഡറിലെ പ്രൊമോഷന് Excise Test Part A-I & II Papers, Part B-III Paper, District Office Manual/Manual of Office Procedure ഉൾപ്പെടുത്തി ഉത്തരവായിരുന്നു. പ്രസ്തുത ടെസ്റ്റുകൾ വിജയിക്കുന്നതിന് 3 വർഷത്തെ കാലാവധി സർക്കാർ നൽകിയിരുന്നു. പ്രസ്തുത ടെസ്റ്റുകൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി ഉത്തരവായിരുന്നു. സർക്കാർ അനുവദിച്ച 3 വർഷ

കാലപരിധിക്കുള്ളിൽ യോഗ്യത നേടാത്ത പ്രിവന്റീവ് ഓഫീസർമാർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും റിവർഷൻ നടപടികളിൽനിന്നും സ്റ്റേ വാങ്ങുകയുമുണ്ടായി. പ്രസ്തുത കോടതി വ്യവഹാരങ്ങളിൽ കാലതാമസം എടുക്കുന്നതിനാൽ 1-1-2009 മുതൽ 31-12-2015 വരെയുള്ള പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റുകൾ റദ്ദാക്കുകയും പ്രിവന്റീവ് ഓഫീസർമാരുടെ 1-1-2009 മുതൽ 19-8-2011 വരെയുള്ള ജില്ലാതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമാണ് ഉണ്ടായത്. കൂടാതെ പ്രിവന്റീവ് ഓഫീസർമാരുടെ 1-7-2003 മുതൽ 31-12-2008 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിനെതിരെ നിരവധി പരാതികളും കോടതി കേസ്സുകളും ഉള്ളതുകൊണ്ടാണ് നിലവിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ വൈകിയിട്ടുള്ളത്. നിലവിൽ കണ്ണൂർ ജില്ലയൊഴികെ എല്ലാ ജില്ലകളിലെയും പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് 19-10-2019-ന് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM)1783/2019 കേസ്സ് നിലവിലുള്ളതും പ്രസ്തുത കേസ്സിന്മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ താൽക്കാലിക ഉത്തരവിൽ 30-10-2019 വരെ കണ്ണൂർ ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിക്കരുതെന്ന് ഉത്തരവായിട്ടുമുണ്ട്.

(സി) താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നത് പരിഗണനയിലില്ല.

(ഡി) പരിഗണനയിലില്ല.

(ഇ) കണ്ണൂർ ജില്ലയൊഴികെ എല്ലാ ജില്ലകളിലെയും 1-1-2009 മുതൽ 19-8-2011 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് 19-10-2019-ന് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## എക്സൈസ് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനായി നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല യോഗ്യതകൾ

340(1130) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ പ്രകാരം സ്ഥാനക്കയറ്റത്തിനുള്ള അടിസ്ഥാന യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്പെഷ്യൽ റൂളിൽ പറഞ്ഞിട്ടുള്ള നിർബന്ധിത യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള പരീക്ഷകൾ പാസ്സാകാതെ 50 വയസ്സ് പൂർത്തിയായി എന്ന കാരണത്താൽ, ചട്ടവിരുദ്ധമായി എത്ര പേർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഇവരുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത ചട്ടവിരുദ്ധമായ പ്രൊമോഷനുകൾ നൽകിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ; വിശദാംശം നൽകുമോ;

(സി) ചട്ടവിരുദ്ധമായി പ്രൊമോഷൻ ലഭിച്ചവരെ റിവർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമായ വിവരം നൽകുമോ?

ഉത്തരം

(എ) എക്സൈസ് ജീവനക്കാർക്ക് കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം സ്ഥാനക്കയറ്റത്തിനുള്ള അടിസ്ഥാന യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷകൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| കാറ്റഗറി | ടെസ്റ്റുകൾ |
|---|---|
| എക്സൈസ് ഇൻസ്പെക്ടർ, അസി. എക്സൈസ് ഇൻസ്പെക്ടർ തസ്തിക കളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് | 1. അക്കൗണ്ട് ടെസ്റ്റ് (ലോവർ)<br>2. എക്സൈസ് ടെസ്റ്റ് -പാർട്ട് എ & ബി.<br>3. ഡിസ്ട്രിക്ട് ഓഫീസ് മാനുവൽ അല്ലെങ്കിൽ മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്വർ |
| സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽനിന്നും എക്സൈസ് പ്രിവന്റീവ് ഓഫീസർ തസ്തിക യിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് | 1. എക്സൈസ് ടെസ്റ്റ് - പാർട്ട് എ പേപ്പർ I & II<br>പാർട്ട് ബി- പേപ്പർ III.<br>2. ഡിസ്ട്രിക്ട് ഓഫീസ് മാനുവൽ അല്ലെങ്കിൽ മാനുവൽ ഓഫ് ഓഫീസ് പ്രൊസീജ്വർ |

(ബി& സി) ചട്ടവിരുദ്ധമായി എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ആർക്കുംതന്നെ സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

## എക്സൈസ് വകുപ്പിലെ സ്ഥാനക്കയറ്റം

341(1131) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ, സ്ഥാനക്കയറ്റത്തിന് സ്പെഷ്യൽ റൂളിലെ നിബന്ധനയാണോ, കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ വ്യവസ്ഥയാണോ ബാധകമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ അതിനായി നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾ ജീവനക്കാർ പാസ്സാകേണ്ടതുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പരീക്ഷ പാസ്സായില്ലെങ്കിലും 50 വയസ്സ് പൂർത്തിയാകുന്നവർക്ക് പ്രൊമോഷൻ നൽകുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇപ്രകാരം പ്രൊമോഷൻ നൽകുന്നത് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ അടുത്തിടെ നൽകിയ പ്രൊമോഷനുകൾ പുനഃപരിശോധിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമാണ് സ്ഥാനക്കയറ്റം നൽകുന്നത്. എന്നാൽ 50 വയസ്സ് പൂർത്തിയായവർക്ക് കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II റൂൾ 13 (ബി)-യുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽനിന്നും ഇളവ് നൽകി സ്ഥാനക്കയറ്റം നൽകിവരുന്നു.

(ബി) വകുപ്പുതല പരീക്ഷകൾ പാസ്സായിരിക്കണം.

(സി) കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II റൂൾ 13 (ബി) പ്രകാരം 50 വയസ്സ് പൂർത്തിയാകുന്നവർക്ക് സ്പെഷ്യൽ റൂളിൽ പറഞ്ഞിട്ടുള്ള നിശ്ചിത യോഗ്യതയുള്ളപക്ഷം നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ ഇളവ് നൽകി സ്ഥാനക്കയറ്റം നൽകിവരുന്നു.

(ഡി) കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II റൂൾ 13 (ബി)-യിൽ സർക്കാർ സർവ്വീസിലുള്ള 50 വയസ്സ് പൂർത്തിയായ ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിശ്ചിതയോഗ്യത ഉള്ളപക്ഷം നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽനിന്നും സ്ഥിരമായി ഒഴിവാക്കി സ്ഥാനക്കയറ്റം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതുപ്രകാരമാണ് 50 വയസ്സ് പൂർത്തിയായവർക്ക് സ്ഥാനക്കയറ്റം നൽകിവരുന്നത്. ഈ നടപടി നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ല.

(ഇ) ബാധകമല്ല.

## എക്സൈസ് ഉദ്യോഗസ്ഥർ യുവാവിനെ ജീപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചുകൊന്ന സംഭവം

342(1132) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എക്സൈസ് ഉദ്യോഗസ്ഥർ രഞ്ജിത് കുമാർ എന്ന വ്യക്തിയെ ജീപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചുകൊന്ന സംഭവത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) എക്സൈസ് സംഘത്തിലുണ്ടായിരുന്ന, പ്രിവന്റീവ് ഓഫീസർ അനൂപ് കുമാറിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) രഞ്ജിത് കുമാറിന്റെ കുടുംബത്തിന് സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എക്സൈസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത രഞ്ജിത്കുമാർ എന്ന യുവാവ് മരണപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട് 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ എക്സൈസ് വിജിലൻസ്

ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന്, രഞ്ജിത് കുമാർ എക്സൈസ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിൽ മരണപ്പെട്ട സംഭവം സംബന്ധിച്ചുള്ള വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തുന്നതിലേയ്ക്ക് പാവറട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 458/2019 നമ്പർ ക്രൈം കേസ്സ് സി.ബി.ഐ.-ക്ക് കൈമാറി. 11-10-2019-ൽ GO(Ms)No.151/2019/Home ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക അന്വേഷണത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ. അനൂപ് കുമാറിന്റെ മൊഴി അഡീഷണൽ എക്സൈസ് കമ്മീഷണർ രേഖപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടറിന്റെ നിർദ്ദേശപ്രകാരം പട്രോളിംഗിന് പോകവെ, മഫ്റ്റിയിൽ പോയ ഉദ്യോഗസ്ഥർ ഫോണിൽ വിളിച്ചറിയിച്ചതനുസരിച്ച് സ്ഥലത്തെത്തുകയും അവർ തടഞ്ഞുനിർത്തിയിരുന്ന രഞ്ജിത് കുമാറിന്റെ പക്കൽനിന്നും കഞ്ചാവ് കണ്ടെടുക്കുകയുമുണ്ടായി. തുടർന്ന് ടിയാനെ അറസ്റ്റുചെയ്ത് ജീപ്പിൽ ടിയാന്റെ താമസസ്ഥലം അന്വേഷിച്ച് പോകവെ ടി രഞ്ജിത് കുമാർ അക്രമാസക്തനായി ജീപ്പിൽ തലയിട്ടടിക്കുകയും ജീപ്പിൽനിന്നും പുറത്തേയ്ക്ക് ചാടാൻ ശ്രമിക്കുകയും ചെയ്തു. ഈ അവസരത്തിൽ ടിയാനെ ബലം പ്രയോഗിച്ച് ജീപ്പിൽ പിടിച്ചിരുത്തിയതായും ആ സമയത്ത് ടിയാൻ അപസ്മാരം വന്നതുപോലെ ശരീരം ബലം പിടിച്ച് കുഴഞ്ഞു വീണതായും പ്രഥമ ശുശ്രൂഷയുടെ ഭാഗമായി ടിയാന്റെ മുതുകിൽ ശക്തമായി അമർത്തിയതായും എന്നിട്ടും ടിയാന്റെ അവസ്ഥയിൽ മാറ്റമുണ്ടായില്ല. എട്ട്പത്ത് മിനിറ്റിനകം പാവറട്ടി സാൻജോസ് ആശുപത്രിയിൽ രഞ്ജിത്കുമാറിനെ എത്തിച്ചതായും പരിശോധന നടത്തിയ ഡോക്ടർമാർ ടി രഞ്ജിത്കുമാർ മരണപ്പെട്ടതായി അറിയിക്കുകയുമുണ്ടായി. രഞ്ജിത്കുമാറിന്റെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുക മാത്രമെ ചെയ്തിട്ടുള്ളൂവെന്നും പ്രിവന്റീവ് ഓഫീസർ ശ്രീ. അനൂപ്കുമാർ മൊഴി നൽകിയിട്ടുള്ളതാണ്.

(സി) ഇക്കാര്യം പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അടിയന്തരപ്രമേയം

### മാവോയിസ്റ്റ് വേട്ട

മി. സ്പീക്കർ: അട്ടപ്പാടി മഞ്ചിക്കണ്ടി വനത്തിൽ തണ്ടർ ബോൾട്ട് സേന നാല് മാവോയിസ്റ്റുകളെ കൊല ചെയ്ത സംഭവത്തെത്തുടർന്ന് അട്ടപ്പാടിയിൽ നിലനിൽക്കുന്ന ഭീകരാന്തരീക്ഷവും തീവ്രവാദികൾ ഉയർത്തുന്ന ഭീഷണി ജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്കയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം, സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, പി. ടി. തോമസ്, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒക്ടോബർ 28-ന് പുലർച്ചെ 4.20 മുതൽ അഗളി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കൊണ്ടിയാർകിണ്ടി വനമേഖലയിൽ പട്രോളിംഗ് നടത്തിവരികയായിരുന്ന തണ്ടർ ബോൾട്ട് ടീമിനുനേരെ ഉച്ചയ്ക്ക് 12.20-ഓടെ മേലെ മഞ്ചിക്കണ്ടി വനത്തിൽ ഏകദേശം 25 കിലോമീറ്ററിനുള്ളിലുണ്ടായിരുന്ന ഷെഡ്ഡിൽനിന്നും നിരോധിക്കപ്പെട്ട മാവോയിസ്റ്റ് സംഘത്തിൽപ്പെട്ടവർ വെടിയുതിർത്തതിനെത്തുടർന്ന് സ്വയരക്ഷയ്ക്കായി തണ്ടർ ബോൾട്ട് അംഗങ്ങൾക്ക് തിരികെ വെടിവയ്ക്കേണ്ടിവന്നു. സംഘടനയിൽപ്പെട്ട മൂന്നുപേർ മരണപ്പെടുകയും അവർ ഉപയോഗിച്ച ആയുധങ്ങളും മറ്റും സ്ഥലത്തുനിന്നും കണ്ടെത്തുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ അരീക്കോട് കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് ക്യാമ്പ് സബ് ഇൻസ്പെക്ടറുടെ മൊഴിപ്രകാരം വിവിധ വകുപ്പുകളനുസരിച്ച് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം 291/19 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 29-10-2019-ന് രാവിലെ മേൽപ്പറഞ്ഞ സംഭവത്തിൽ മരണപ്പെട്ട മാവോയിസ്റ്റുകളുടെ മൃതദേഹങ്ങളുടെ ഇൻക്വസ്റ്റ് നടപടി നടന്നുവരവെ വനത്തിൽ ഒളിഞ്ഞിരുന്ന മാവോയിസ്റ്റുകൾ പോലീസിനും ഒറ്റപ്പാലം അസിസ്റ്റന്റ് കളക്ടർ, തഹസീൽദാർ, മണ്ണാർക്കാട് തഹസീൽദാർ തുടങ്ങിയവർക്കുംനേരെ വെടിയുതിർത്തു; പോലീസ് തിരികെ വെടി വച്ചതിൽ ഒരു മാവോയിസ്റ്റുകൂടി മരണപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിൽ അഗളി പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ട നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 292/19 ആയി കേസ് രജിസ്റ്റർ ചെയ്ത്

തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലത്തുനിന്നും എ.കെ-47 റൈഫിൾ ഉൾപ്പെടെയുള്ള അത്യന്താധുനിക മാരകായുധങ്ങൾ മാവോയിസ്റ്റുകളുടെ പക്കൽനിന്നും കണ്ടെത്തിയിട്ടുണ്ട്. മരണപ്പെട്ടവരെ തിരിച്ചറിയുന്നതിനായി ഫോട്ടോഗ്രാഫ്, വിരലടയാളം തുടങ്ങിയവ ശേഖരിക്കുക, ശാസ്ത്രീയമായ തെളിവുകൾ ശേഖരിക്കുക, സ്ഥലത്തിന്റെ ഭൂപ്രകൃതിയും മറ്റും വിവരിക്കുന്ന ഭൂപടങ്ങളുൾപ്പെടെ തയ്യാറാക്കുക, സംഭവത്തെ സംബന്ധിച്ച് ക്രിമിനൽ നടപടിക്രമം 176, 190 വകുപ്പുകൾ അനുസരിച്ചുള്ള മജിസ്റ്റീരിയൽ എൻക്വയറിയും ജുഡീഷ്യൽ മജിസ്റ്റീരിയൽ എൻക്വയറിയും നടത്തുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ രണ്ട് കേസുകളുടെയും അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ട നാലുപേരുടെയും മൃതദേഹങ്ങൾ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സംഘത്തെക്കൊണ്ട് പോസ്റ്റ്മാർട്ടം പരിശോധന നടത്താനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, കഴിഞ്ഞ രണ്ട് ദിവസങ്ങൾക്കുള്ളിൽ തണ്ടർ ബോൾട്ടിന്റെ വെടിവയ്പ്പിൽ നാലുപേർ കൊല്ലപ്പെട്ടത് മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ, ആദിവാസി മേഖലയായിട്ടുള്ള അട്ടപ്പാടിയിലെ, മേലേ മഞ്ചിക്കണ്ടി ഊരിന് സമീപത്താണ്. പോലീസ് സന്നാഹത്തിന്റെ ഇത്തരത്തിലുള്ള വെടിവയ്പ്പ് ജനങ്ങളിൽ വലിയ ഭീതിയും ആശങ്കയുമാണ് സൃഷ്ടിച്ചിട്ടുള്ളത്. അട്ടപ്പാടിയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ ഇതുപോലെ ഒരു സംഭവം ആ മേഖലയിൽ ആദ്യമായിട്ടാണ്. മുമ്പ് രൂപേഷും ഷൈനിയും പിടിക്കപ്പെട്ടപ്പോൾ, ഇവർ സ്ഥിരമായി അട്ടപ്പാടിയിൽ വരാറുണ്ടെന്ന വിവരം പിന്നീട് പോലീസ് അധികാരികൾ വെളിപ്പെടുത്തിയിരുന്നു. അതുപോലെ, നാല് വർഷങ്ങൾക്ക് മുമ്പ് വനം വകുപ്പിന്റെ ഓഫീസ് അക്രമിച്ച ഒരു സംഭവമുണ്ടായിട്ടുണ്ട്. അല്ലാതെ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നവിധം അട്ടപ്പാടിയിലെ ആദിവാസി കൾക്കിടയിൽ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യമോ, അക്രമങ്ങളോ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇവർ വല്ലപ്പോഴും ഊരുകളിൽ പ്രത്യക്ഷപ്പെട്ട് അരി, നിത്യോപയോഗ സാധനങ്ങൾ എന്നിവ പാവപ്പെട്ട ആദിവാസികളോട് ചോദിക്കുമെന്ന് പുറത്ത് വാർത്തയായി വരാറുണ്ട്. അട്ടപ്പാടി മേഖലയുടെ പ്രത്യേകതയെന്ന് പറയുന്നത്, നിലമ്പൂർ, വയനാട് വനമേഖലകളുടെ ഒരു ഭാഗംതന്നെയാണ് അട്ടപ്പാടി എന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂന്ന് വർഷത്തിനുള്ളിൽ ഇന്നലെയും മിനിഞ്ഞാന്നുമായി അട്ടപ്പാടിയിൽ മരണപ്പെട്ട നാല് മാവോയിസ്റ്റുകളടക്കം എട്ട് പേരാണ്

കൊല്ലപ്പെട്ടത്. 2016-ൽ നിലമ്പൂരിലും 2019-ൽ വയനാട്ടിലും വച്ച് വണ്ടൂർക്കാരനായ സി.പി. ജലീലും തണ്ടർ ബോൾട്ട് സേനയുടെ വെടിവയ്പ്പിൽ മരണപ്പെടുകയുണ്ടായി. ഇന്നലെ അട്ടപ്പാടിയിൽ മരിച്ചവരിൽ മാവോയിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതാവെന്ന് പറയപ്പെടുന്ന മണിവാസകം എന്നയാളും ഉൾപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി ഒരു തന്ത്രപ്രധാനമായ പ്രദേശമാണ്. കർണ്ണാടകയിലേയ്ക്കും തമിഴ്നാട്ടിലേയ്ക്കും കേരളത്തിലേയ്ക്കും ഒരുപോലെ എത്തിച്ചേരാൻ കഴിയുന്ന ഒരു വനമേഖലയാണ് അട്ടപ്പാടിയെന്നുള്ളതുകൊണ്ട്, അവിടെ ഭവാനിദളം പോലുള്ള വിവിധ പേരുകളിലുള്ള ദളങ്ങൾ രൂപീകരിച്ചാണ് ഇവർ പ്രവർത്തനം നടത്തുന്നത്. ഈയൊരു സാഹചര്യം വല്ലാത്തൊരു ഭീതിയാണ് അവിടെയുള്ള ജനങ്ങളിലുണ്ടാക്കിയിട്ടുള്ളത്. ഇത് പറയുമ്പോഴും രാഷ്ട്രീയ തീവ്രവാദത്തോടോ മത തീവ്രവാദത്തോടോ ഞങ്ങൾ ഒരിക്കലും രാജിയാകുന്നില്ല. അതിനെ എന്നും നഖശിഖാന്തം എതിർക്കുകതന്നെയാണ് ചെയ്യുന്നത്. മത തീവ്രവാദവും രാഷ്ട്രീയ തീവ്രവാദവും നമ്മുടെ നാട്ടിലുണ്ട്. ഇത് രണ്ടും വിനാശകരമാണ്, ഇത് ഒരു സമൂഹത്തിനും ഗുണം ചെയ്യില്ലായെന്ന കൃത്യമായ ബോധ്യവും ഞങ്ങൾക്കുണ്ട്. മതതീവ്രവാദംകൊണ്ട് ലോകത്ത് വലിയ വിനാശങ്ങളും രാഷ്ട്രീയ തീവ്രവാദംകൊണ്ട് വലിയ ദുരന്തങ്ങളും നമ്മൾ ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. നമ്മുടെ രാഷ്ട്രപിതാവ്, മഹാത്മാഗാന്ധി കൊല്ലപ്പെട്ടത് മത തീവ്രവാദത്തിന്റെകൂടി ഭാഗമായിട്ടാണ്. അതുപോലെതന്നെ മറ്റൊരു തീവ്രവാദത്തിന്റെ ഇരയായിരുന്നു ഭാരതത്തിന്റെ പ്രിയപ്പെട്ട പ്രിയദർശിനി ഇന്ദിരാഗാന്ധി. നമ്മുടെ യുവ പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധിയുടെ ജീവൻ കൊടുക്കേണ്ടിവന്നതും ഇതുപോലെ ഒരു തീവ്രവാദത്തിന്റെ ഭാഗമായിട്ടായിരുന്നു. ഈ വിഷയങ്ങൾ സഭയിൽ ഉന്നയിക്കുമ്പോൾ തീവ്രവാദത്തെ ഒരു നിലയിലും ഞങ്ങൾ ന്യായീകരിക്കുന്നില്ല. മാവോയിസ്റ്റുകളെക്കുറിച്ച് പറയുമ്പോൾ, അതൊരു രാഷ്ട്രീയ തീവ്രവാദമാണ്. അതിന്റെ ഭാഗമായി നിലവിലുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ 12000-ത്തോളം ആളുകൾ ഇന്ത്യയിലുടനീളം കൊല്ലപ്പെട്ടിട്ടുണ്ട്. അതിൽ മാവോയിസ്റ്റുകളും അതുപോലെ ഗ്രാമീണരായ ആളുകളുമുൾപ്പെടുന്നുണ്ട്. എന്തിനേറെ ഈ അടുത്ത കാലത്ത്, കോൺഗ്രസ് പാർട്ടിയുടെ സമുന്നതനായ നേതാവും മദ്ധ്യപ്രദേശ് മുൻ മുഖ്യമന്ത്രിയുമായിരുന്ന വിദ്യാ ചരൺ ശുക്ലയും പി.സി.സി. അദ്ധ്യക്ഷനുമുൾപ്പെടെ പതിമൂന്ന് പേർ, ഒരു കുഴി ബോംബാക്രമണത്തിൽ കൊല്ലപ്പെട്ട സംഭവം നമ്മുടെ മുമ്പിലുണ്ട്. ഇതൊന്നും ചെറുതായി കാണുന്നില്ല. ഈ തീവ്രവാദത്തെ എല്ലാ അർത്ഥത്തിലും അപലപിക്കുന്നു. തീവ്രവാദത്തിലേയ്ക്ക് ആളുകൾ പോകാതെ നോക്കേണ്ടത് നമ്മുടെയൊക്കെ ചുമതലയാണ്. രാഷ്ട്രീയമായ, സക്രിയമായ പ്രവർത്തനം എല്ലാ

മേഖലകളിലും ശക്തിപ്പെടുമ്പോഴാണ് തീവ്രവാദം ഇല്ലായ്മ ചെയ്യപ്പെടുന്നത്. അത് മത തീവ്രവാദമായാലും രാഷ്ട്രീയ തീവ്രവാദമായാലും അതിലൊക്കെ യോജിപ്പോടെ നമ്മൾ പ്രവർത്തിക്കേണ്ടതുണ്ട്. തുടർച്ചയായി 8 പേരാണ് ഈ കുറഞ്ഞ കാലയളവിനുള്ളിൽ കൊല്ലപ്പെടുന്നത്. ഇവിടെ പൊതുസമൂഹത്തിൽനിന്ന് ഉയർന്നുവരുന്നൊരു ചോദ്യത്തിന് ഞാനും നിങ്ങളും ഉത്തരം പറയേണ്ടതുണ്ട്. കാരണം, ആ ചോദ്യം ചോദിക്കുന്നവരുടെ പ്രതിനിധികൾ ഈ സഭയിൽ ഇല്ലെങ്കിലും, ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സഭയായ നിയമസഭയിൽ ആ ചോദ്യങ്ങൾ ചർച്ച ചെയ്യുകയും അതിന്റെ ഉത്തരങ്ങൾ കണ്ടെത്തുകയും വേണം. ഇവിടെ ചോദിക്കപ്പെടുന്ന ചോദ്യം, മാവോയിസ്റ്റുകളാണെങ്കിൽ അവരെ വെറുതെ വെടിവച്ച് കൊല്ലാമോ, അല്ലെങ്കിൽ കൊല്ലാതെ പിടികൂടാൻ നമ്മുടെ പോലീസിന് കഴിയുന്നുണ്ടോ എന്നുള്ളതാണ്. എനിക്ക് വ്യക്തമായി ചൂണ്ടിക്കാണിക്കാനുള്ളത് ഷൈനിയെയും രൂപേഷിനെയും സംബന്ധിച്ചുള്ളതാണ്. മാവോയിസ്റ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന അവർ രണ്ടുപേരും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അട്ടപ്പാടിയിലൊക്കെ വന്നിരുന്നു. ഒരു തുള്ളി രക്തംപോലും ചിന്താതെ രൂപേഷിനെയും ഷൈനിയേയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന് സാധിച്ചുവെങ്കിൽ ഇപ്പോൾ നിരന്തരമായി 8 പേർ കൊല്ലപ്പെടുന്ന ദയനീയമായ സ്ഥിതിയാണ് നമ്മുടെ മുൻപിൽ ഉണ്ടായിട്ടുള്ളത്. ...ബഹളം... നിങ്ങൾ ബഹളം വയ്ക്കേണ്ട കാര്യമില്ല. ഇത് നമ്മെ എല്ലാവരേയും ബാധിക്കുന്ന പ്രശ്നമാണ്. ഇവർ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾക്ക് നമ്മൾ ഉത്തരം കൊടുത്തേ മതിയാകൂ. സമൂഹ മാധ്യമങ്ങളെല്ലാം വളരെ സജീവമായ കാലമാണ്. രാജ്യത്തെ എല്ലാ ദൃശ്യമാധ്യമങ്ങളിലും ചർച്ച നടന്നു. ഏറ്റുമുട്ടലിലാണ് 8 പേർ കൊല്ലപ്പെട്ടത് എന്നുപറയുമ്പോൾ ഇവർ ഉന്നയിക്കുന്ന ഒരു ചോദ്യം, ഏറ്റുമുട്ടലാണെങ്കിൽ ഇരുപക്ഷത്തും പരിക്കുകൾ ഉണ്ടാകേണ്ടതുണ്ട് എന്നാണ്. നമ്മുടെ പോലീസിന് പരിക്ക് പറ്റണമെന്നല്ല പറയുന്നത്. ഒരു സംഭവത്തെക്കുറിച്ച് പറയുമ്പോൾ അതൊരു ഏറ്റുമുട്ടലായിരുന്നുവെങ്കിൽ ഇരുപക്ഷത്തും പരിക്കുകളുണ്ടാകണം. ഈ മൂന്ന് സംഭവത്തിലും അങ്ങനെ ഉണ്ടായിട്ടില്ല. ഏകപക്ഷീയമായ പരിക്കുകൾ മാത്രമാണ്. അതുകൊണ്ട് ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ നമ്മൾ ബാധ്യസ്ഥരാണ്. വെടിവയ്പ്പിൽ പാലിക്കേണ്ട നിയമങ്ങൾ ഇവിടെ ലംഘിക്കപ്പെട്ടു എന്ന വിമർശനമുണ്ട്. ആദ്യം എവിടേയ്ക്കാണ് വെടി വയ്ക്കേണ്ടത്, താഴ്ഭാഗത്താണ് വെടിവയ്ക്കേണ്ടത്. മാത്രമല്ല, അരയ്ക്ക് താഴെ വെടിവയ്ക്കണം. എന്നാൽ ഈ സംഭവങ്ങളിലൊക്കെ നെഞ്ചിലും തലയിലുമായിട്ടാണ് വെടിയുതിർക്കപ്പെട്ടിട്ടുള്ളത്. വെടിവയ്പ്പിനെ സംബന്ധിച്ച് പ്രാഥമികമായി പാലിക്കേണ്ട കാര്യങ്ങൾ പാലിച്ചിട്ടില്ല എന്നുള്ള വിമർശനത്തിന്

നമുക്ക് എന്ത് ഉത്തരമാണ് പറയാൻ സാധിക്കുക? വയനാട്ടിൽ മരിച്ച ജലീലിന്റെ ശരീരത്തിന്റെ പിറകിലാണ് വെടിവച്ചത്. അതായത്, ഇയാൾ ഓടിപ്പോകുമ്പോൾ വെടിവച്ചുവെന്നാണ്. വേറൊരു ഭാഷ്യം, ഇയാളോട് ഓടാൻ പറഞ്ഞിട്ട് പിന്നിൽനിന്നും വെടിവച്ചു എന്നാണ്. ഇത് സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. അതുകൊണ്ടാണ് ഈ വിഷയം നിയമസഭ എന്ന ജനാധിപത്യത്തിന്റെ ഏറ്റവും വലിയ വേദിയിൽ ഞങ്ങൾ പറയുന്നത്. ഇതൊരു വ്യാജ ഏറ്റുമുട്ടലാണെന്ന വിമർശനമുണ്ട്. വ്യാജ ഏറ്റുമുട്ടൽ ഏത് ഭാഗത്തുനിന്നായാലും അംഗീകരിക്കാൻ കഴിയുമോ; ഗുജറാത്തിലെ വ്യാജ ഏറ്റുമുട്ടലുകൾ വേറൊരു താൽപര്യത്തിന്റെ പേരിലായിരുന്നു. എത്രയോ പാവങ്ങളെ ക്രൂരമായി കൊന്ന് വ്യാജ ഏറ്റുമുട്ടലുകളായി ചിത്രീകരിക്കപ്പെട്ടത് നമ്മുടെ മുൻപിലുണ്ട്. ഇക്കഴിഞ്ഞ അട്ടപ്പാടി സംഭവത്തിനുമുൻപ് നിലമ്പൂരിലും വയനാട്ടിലുമുണ്ടായ രണ്ട് സംഭവങ്ങൾ എങ്ങനെ സംഭവിച്ചു എന്നതിന്റെ നിജസ്ഥിതി ഗവൺമെന്റ് ഇതുവരെ പുറത്തുവിട്ടിട്ടില്ല. മജിസ്റ്റീരിയൽ അന്വേഷണം നടത്തിയെന്ന് ഇവിടെ പറയുകയുണ്ടായി. അങ്ങനെയല്ലല്ലോ. ഇതിൽ ഒരുപാട് സംശയങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ അതാരും കാണുന്നില്ല. ആ സംശയങ്ങൾക്ക് നിവൃത്തി വരുത്താൻ നമുക്ക് ഉത്തരവാദിത്വമുണ്ടല്ലോ. അട്ടപ്പാടിയിലെ സംഭവത്തിലും പത്രപ്രവർത്തകർവരെ ആരോപണം ഉന്നയിക്കുമ്പോൾ അവരെ തടഞ്ഞു വയ്ക്കുകയാണ്. അവരെ ആ ഭാഗത്തേയ്ക്ക് പോകാൻ അനുവദിക്കുന്നില്ല. മനുഷ്യാവകാശ പ്രവർത്തകരും പരാതി പറയുന്നത് അതുസംബന്ധിച്ചാണ്. അവിടെ എന്ത് സംഭവിച്ചു എന്നുള്ളതിന് വേറെ എന്താണ് തെളിവുള്ളത്? അതുകൊണ്ടുതന്നെ ഇതെല്ലാം സുതാര്യമാകണം. ഇതൊരു തികഞ്ഞ മനുഷ്യാവകാശ ലംഘനമാണെന്ന ആക്ഷേപത്തിന് നമ്മൾ എന്ത് മറുപടി പറയും? കുറ്റവാളികളെപ്പോലും വെടിവച്ച് കൊല്ലാൻ ഇന്ത്യൻ ഭരണ സംഹിത അനുസരിച്ച് ആർക്കെങ്കിലും കഴിയുമോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ പിടികൂടി നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് ശിക്ഷ വാങ്ങിക്കൊടുക്കാനാണ് സർക്കാരുകൾ ശ്രമിക്കേണ്ടത്. കൊല്ലപ്പെട്ടവർ ചെയ്ത കുറ്റങ്ങൾ വിശദീകരിക്കണമെന്നും ഇടതുപക്ഷം ഇടതുപക്ഷത്തെത്തന്നെ ഇല്ലായ്മ ചെയ്യുന്നു എന്നുമാണ് ഇന്നലെ എഴുത്തുകാരനും ഇടതുപക്ഷ സഹയാത്രികനുമായ ശ്രീ. സച്ചിദാനന്ദൻ ഇതിനെക്കുറിച്ച് വിമർശിച്ചത്. ആ വിമർശനത്തിന് ഭരണക്കാർ ഉത്തരം പറയേണ്ടതല്ലേ?

കൊടുംകുറ്റവാളികൾക്കുപോലും അവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിച്ചു കിട്ടാൻ ഭരണഘടനാപരമായി അവകാശമുള്ളൊരു നാടാണിത്. പക്ഷേ ഇവിടെ നമ്മളെന്താണ് ചെയ്യുന്നത്; നിരോധിത സംഘടനയിൽ പ്രവർത്തിച്ചു എന്നതിന്റെ പേരിൽ വെടിവച്ച് കൊല്ലുകയാണ്. ഇത് ഒരു പരിഷ്കൃത സമൂഹത്തിന് കഴിയുമോ; ഒരു ഇടതുപക്ഷ സർക്കാരാണിത് ചെയ്യുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. താങ്കൾക്ക് ഉന്നയിക്കാനുള്ള കാര്യങ്ങൾ ഉന്നയിക്കു. ...ബഹളം... ശ്രീ. വി. ഡി. സതീശൻ, ചട്ടപ്രകാരം ചില തീരുമാനങ്ങളുണ്ട്. എന്തെങ്കിലും വിളിച്ചുപറയലല്ല. ചട്ടപ്രകാരം എന്താണ് അടിയന്തര പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്? താങ്കൾ എല്ലാ ചട്ടവും ഉദ്ധരിക്കുന്ന ആളാണല്ലോ; എല്ലാ സമയത്തും നിങ്ങളിങ്ങനെ കമന്റ് ചെയ്താലെങ്ങനെയാ? നിങ്ങൾക്കുള്ളതുപോലെ ചെയറിനും ചില അവകാശങ്ങളുണ്ട്. ...ബഹളം...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിങ്ങളുടെ മുന്നണിയുടെ ഭാഗമായ ശ്രീ. കാനം രാജേന്ദ്രൻ ഈ സംഭവങ്ങളെക്കുറിച്ച് എന്താണ് പറഞ്ഞത്? അദ്ദേഹം പറഞ്ഞ ആരോപണം വളരെ ഗുരുതരമാണ്. കേന്ദ്ര ഫണ്ട് തട്ടിയെടുക്കാൻ വേണ്ടിയാണ് ഇത്തരത്തിലുള്ള വ്യാജ ഏറ്റുമുട്ടൽ ഉണ്ടാക്കിയതെന്നാണ്. ഞാനോ ഞങ്ങളുടെ മുന്നണിക്കാരോ യു.ഡി.എഫോ അല്ല പറഞ്ഞത്. അത് നമ്മൾ കാണേണ്ടതല്ലേ; അതിന് നിങ്ങൾ മറുപടി പറയേണ്ടതല്ലേ?

വധശിക്ഷയുമായി ബന്ധപ്പെട്ട് നാല് കൊല്ലം മുൻപ് സി.പി.ഐ.(എം.)-ന്റെ നിലപാട്, നിയമ വ്യവസ്ഥയിൽപ്പോലും വധശിക്ഷ പാടില്ല, ഒരാളെ തൂക്കിക്കൊല്ലാൻ പാടില്ല എന്നുള്ളതായിരുന്നു. കുറ്റാരോപണമില്ലാതെ, വിചാരണയില്ലാതെ കണ്ടമാത്രയിൽ ആളുകളെ വെടിവച്ച് കൊല്ലുന്ന ഈ സമീപനത്തെ സി.പി.ഐ.(എം.)-ന് ആ അർത്ഥത്തിൽ അംഗീകരിക്കാൻ സാധിക്കുമോ; ഇവിടെ കൃത്യമായ വിചാരണയുണ്ടാകണം. ആളുകളെ ഇങ്ങനെ വെടിവച്ച് കൊല്ലുന്നതിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങൾ ഗൗരവമായി പരിഹരിക്കപ്പെടണം.

ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഝാർഖണ്ഡ് മോഡൽ മാവോയിസ്റ്റ് അതിക്രമങ്ങളൊന്നും കേരളത്തിൽ നടന്നിട്ടില്ല. ഇവിടെ എവിടെയെങ്കിലും പ്രത്യക്ഷപ്പെട്ട് അരിയും മറ്റും ചോദിക്കും. അരി കടത്തിക്കൊണ്ടുപോയി എന്നുള്ളതാണല്ലോ ഇവർക്കെതിരെയുള്ള കാര്യമായ കുറ്റം. റിസോർട്ടിൽനിന്നും പണം മോഷ്ടിച്ചു എന്നുള്ളതാണ് കൊല്ലപ്പെട്ട ജലീലിന് എതിരായുള്ള ആരോപണം. റിസോർട്ടിൽനിന്ന് പണം മോഷ്ടിച്ചതിന് വധമാണോ ശിക്ഷ; പണം മോഷ്ടിച്ചതിന് ഒരാളെ നമുക്ക് വെടിവച്ച് കൊല്ലാൻ കഴിയുമോ; അട്ടപ്പാടിയിലെ ഊരുകളിലും പറയുന്നത് ഇതാണ്. ഞങ്ങളെ അവർ ഉപദ്രവിക്കാറില്ല. വല്ലപ്പോഴും അരിയോ സാധനങ്ങളോ വന്ന് ചോദിക്കും എന്നുള്ളത് മാത്രമാണ്. എന്റെ നിയോജകമണ്ഡലത്തിൽ മഞ്ചിക്കണ്ടിയിലുള്ള പൊതുപ്രവർത്തകനായ ആദിവാസിയോട് ഞാൻ ചോദിച്ചപ്പോൾ ഈ അടുത്ത കാലത്തൊന്നും ഇങ്ങനെയുള്ള ഒരു പ്രശ്നവും ഞങ്ങൾക്കുണ്ടായിട്ടില്ല എന്നാണ് അവർ പറയുന്നത്.

മി. സ്പീക്കർ: അങ്ങ് ദയവായി അവസാനിപ്പിക്കു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വെടിവയ്പ്പ് കഴിഞ്ഞതിനുശേഷമാണ് മഞ്ചിക്കണ്ടി ആദിവാസി ഊരിലെ ആളുകൾപോലും ഈ സംഭവം അറിയുന്നത്. ഇത് നമ്മൾ പരസ്പരം ശത്രുതയിൽ കാണേണ്ട കാര്യമല്ല. മാവോയിസ്റ്റ് ആശയങ്ങൾ സമൂഹത്തിൽ വ്യാപകമായി പ്രചരിപ്പിക്കപ്പെടുമ്പോൾ അതിനെ പ്രതിരോധിക്കാനാണ് നമ്മൾ നോക്കേണ്ടത്. ആളുകളെ വെടിവച്ച് കൊല്ലുക മാത്രമല്ല. എവിടെയാണ് ഇത് പ്രചരിപ്പിക്കപ്പെടുന്നത്; ദാരിദ്ര്യമുള്ള, അസംതൃപ്തിയുള്ള, വിവേചനമുള്ള ഊരുകളിലാണ് ഇതുമായി കടന്നുചെല്ലുന്നത്. ഈ പിന്നോക്ക മേഖലകളിൽ വികസനം കൊണ്ടുവന്നും ജനാധിപത്യ പ്രക്രിയ സക്രിയമാക്കിക്കൊണ്ടുമാണ് ഇതിനെ നേരിടാൻ സാധിക്കുക. ഇതോടൊപ്പം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട മറ്റൊരു കാര്യമുണ്ട്. കാട്ടിൽ കാണുന്നത് മാത്രമല്ല മാവോയിസ്റ്റുകൾ. നമ്മുടെ പട്ടണങ്ങളിൽ, പാലക്കാട് ടൗണിൽ, മണ്ണാർക്കാട്, അതുപോലെതന്നെ നമ്മുടെ എല്ലാ പ്രധാന പട്ടണങ്ങളിലും ഇതിനോട് ആഭിമുഖ്യമുള്ള ചെറുപ്പക്കാർ വർദ്ധിച്ചുവരുമ്പോൾ നമ്മൾ ഓർക്കേണ്ടത്, ഇത്തരത്തിലുള്ള നീതി നിഷേധങ്ങൾ പെരുകിയാൽ ആ ചിന്തകൾക്ക് ആക്കംകൂട്ടും. അതുകൊണ്ടുതന്നെ ഗവൺമെന്റ് ഈ വിഷയത്തിൽ ജാഗ്രത കാണിക്കണം.

ഞങ്ങൾ ഉന്നയിക്കുന്ന ഡിമാന്റ്, ഈ മൂന്ന് ഏറ്റുമുട്ടലുകളെ സംബന്ധിച്ചും ഒരു ജുഡീഷ്യൽ അന്വേഷണം വേണം എന്നുള്ളതാണ്. എന്താണ് സംഭവിച്ചത്; വനത്തിനകത്താണോ സംഭവിച്ചത് എന്നിവയെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം വേണം എന്നതാണ്.

ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്താം. ഈ സംഭവം നടന്ന അഗളി എന്റെ മണ്ഡലത്തിലാണ്. അഗളി പോലീസ് സ്റ്റേഷനും അതിന്റെ സകല സംവിധാനങ്ങളും കഴിഞ്ഞ രണ്ട് മാസങ്ങളായി സിനിമാ ഷൂട്ടിംഗിന് കൊടുത്തിരിക്കുകയാണ്. ഞങ്ങളാരും സിനിമാ ഷൂട്ടിംഗിന് എതിരല്ല. പക്ഷേ ഈ സമയത്ത് പോലീസ് സംവിധാനങ്ങൾ സിനിമാ ഷൂട്ടിംഗിന് കൊടുത്തു എന്നതാണ് അവിടെ ഉയർന്നുവരുന്ന ആരോപണം. അതുകൊണ്ട് ഈ ഗൗരവമായ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഏത് സാഹചര്യത്തിലായാലും മനുഷ്യജീവൻ നഷ്ടപ്പെടുന്നത് ദുഃഖകരമാണ്. ഈ സംഭവത്തിന് കൃത്യമായ ഒരു പശ്ചാത്തലമുണ്ട്. നിരോധിത മാവോയിസ്റ്റ് സംഘടനയുടെ പശ്ചിമഘട്ട പ്രത്യേക സോണൽ കമ്മിറ്റി രൂപീകരിച്ചതായി 2013-ന്റെ തുടക്കത്തിൽത്തന്നെ

റിപ്പോർട്ടുകളുണ്ടായിരുന്നു. കേരളം, കർണ്ണാടകം, തമിഴ്നാട് അതിർത്തി വനത്തിനുള്ളിൽ ഇത്തരം സംഘങ്ങളുടെ സാന്നിദ്ധ്യമുള്ളതായും ഇവരുടെ കൈകളിൽ വിദേശനിർമ്മിത എ.കെ. 47, എ.കെ. 56 തുടങ്ങിയ ആയുധങ്ങളും, ബോംബ് നിർമ്മാണ സാമഗ്രികളും ഉള്ളതായുള്ള വിവരം അക്കാലത്തുതന്നെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇക്കാര്യത്തിൽ 2014 ഡിസംബർ മാസം 1-ാം തീയതി നിയമസഭയിൽ ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. എം. എ. വാഹിദ് എന്നീ ബഹുമാന്യരായ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല നൽകിയ മറുപടിയുണ്ട്. അത് എ, ബി എന്നിങ്ങനെ താഴെപ്പറയുന്നതാണ്.

(എ) സംസ്ഥാനത്തെ മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

(ഉത്തരം): കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണമുൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിന് രൂപീകരിച്ചിട്ടുണ്ട്. 223 കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് സേനാംഗങ്ങളും 178 തണ്ടർ ബോൾട്ട് കമാന്റോകളും ആന്റി നക്സൽ സേനാംഗങ്ങളായി പ്രവർത്തിച്ചുവരുന്നു. ആന്റി നക്സൽ സേനയിലേക്ക് വിന്യസിക്കേണ്ട തെരഞ്ഞെടുത്ത പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി ആന്ധ്രാപ്രദേശ് പോലീസിന്റെ കീഴിലുള്ള ഗ്രേ ഹൗസിൽ പരിശീലനം നൽകിയിട്ടുണ്ട്. ലോക്കൽ പോലീസ്, തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്നീ വിവിധ സേനാ വിഭാഗങ്ങൾ ചേർന്ന് ശക്തമായ തിരച്ചിൽ നടത്തിയും മാവോയിസ്റ്റുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചും കോളനികൾ കേന്ദ്രീകരിച്ച് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി ആദിവാസികളുടെ ഇടയിൽ ബോധവൽക്കരണം നടത്തിയും പൊതുജനങ്ങൾക്കിടയിൽ മാവോയിസ്റ്റുകളെ തിരിച്ചറിയുന്നതിന് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചും ഭീഷണിയുള്ള സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സുരക്ഷ ഏർപ്പെടുത്തിയും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

(ഉത്തരം) കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെററിസ്റ്റ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണം ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

ഇത് നേരത്തെത്തന്നെ തുടങ്ങിയിട്ടുള്ള നടപടികളാണ്. ഇവിടെ സായുധരായ ഈ വിഭാഗത്തിന്റെ സാന്നിദ്ധ്യം കേരളത്തിലെ വടക്കൻ ജില്ലകളിലെ കാടുകളിൽ ഉണ്ടാകുന്നതും, അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കിയേക്കു മെന്നതും അന്നുതന്നെ കണ്ടിരുന്നതാണ്. ഇത്തരം സംഘടനകൾ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവന്നത്. രാജ്യത്തെ പല ഭാഗങ്ങളിലും മാവോയിസ്റ്റുകൾ നടത്തുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ മാവോയിസം രാജ്യത്തിന്റെ സുരക്ഷയ്ക്ക് ഏറ്റവും വലിയ ഭീഷണിയാണെന്ന് അന്നത്തെ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് തന്നെ പ്രഖ്യാപിച്ചിരുന്നതാണ്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിലും ഇതിന്റെ പ്രവർത്തനങ്ങളെ തടയിടുക എന്ന ലക്ഷ്യത്തോടെയാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നേരത്തെ സൂചിപ്പിച്ച 2013-ൽ ആന്റി നക്സൽ സ്ക്വാഡിനും 2014-ൽ കേരള ആന്റി ടെറർ സ്ക്വാഡിനും കണ്ണൂർ റേഞ്ച് ഐ.ജി. തലവനായത്. 223 കേരള ആന്റി ടെറർ സ്ക്വാഡും 177 തണ്ടർ ബോൾട്ട് കമാന്റോകളും അന്നുമുതൽ ഈ സേനയിൽ പ്രവർത്തിക്കുകയാണ്. അക്കാലത്തുതന്നെയാണ് ആന്ധ്രാപ്രദേശ് പോലീസിന്റെ കീഴിലുള്ള ഗ്രേ ഹൗസിൽ ഇവർക്ക് പ്രത്യേക പരിശീലനം നൽകിയത്. അതോടൊപ്പം ലോക്കൽ പോലീസ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്നീ വിവിധ സേനാംഗങ്ങൾ ചേർന്ന് മാവോയിസ്റ്റുകളെ തിരിച്ചറിയുന്നതിനുള്ള ലുക്കൗട്ട് നോട്ടീസുകൾ പുറപ്പെടുവിച്ചു. ഭീഷണിയുള്ള സ്ഥലങ്ങളിൽ പ്രത്യേക സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിച്ചാണ് ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ചും, പശ്ചിമഘട്ടം കേന്ദ്രീകരിച്ചുകൊണ്ട് ഇവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ജനാധിപത്യപരമായ രാഷ്ട്രീയം വികസിച്ചുവന്ന കേരളത്തിൽ അതിനെ ദുർബലപ്പെടുത്തുംവിധമുള്ള പ്രവർത്തനങ്ങൾക്കാണ്, പ്രത്യേകിച്ചും സംസ്ഥാനത്തിന്റെ പുറത്തുനിന്നും പരിശീലനം സിദ്ധിച്ച മാവോയിസ്റ്റുകൾ കടന്നുവരികയും നമ്മുടെ നാടിന്റെ ജനാധിപത്യ സംസ്കാരത്തേയും മെച്ചപ്പെട്ട ക്രമസമാധാനനിലയേയും തകർക്കുന്നവിധമുള്ള പ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്നത്. ഇത്തരം ശ്രമങ്ങൾ നടക്കുന്ന മേഖലയിൽ തണ്ടർ ബോൾട്ടും പോലീസ് പരിശീലനം സിദ്ധിച്ച വിഭാഗങ്ങളും റോന്ത് ചുറ്റുന്നുണ്ട്. ഇത്തരത്തിലുള്ള വിഭാഗങ്ങൾക്കുനേരെ നടത്തുന്ന മാവോയിസ്റ്റുകളുടെ വെടിവയ്പ്പാണ് ദൗർഭാഗ്യകരമായ ഈ സംഭവത്തിലേക്ക് നയിച്ചത്. മാവോയിസ്റ്റ് പ്രവർത്തനവുമായി മുൻപോട്ട് പോകുന്നവരെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി പൊതുധാരയിലേക്ക് വരാൻ സന്നദ്ധമാകുന്നവർക്ക് പുനരധിവാസ

പാക്കേജ് തന്നെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് തെറ്റായ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലേക്ക് പോയവരെ തിരുത്തി ജനാധിപത്യ രാഷ്ട്രീയത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരികയെന്ന കാഴ്ചപ്പാടുതന്നെയാണ് സംസ്ഥാന സർക്കാരിനുള്ളത്. അതേസമയം സംസ്ഥാനത്തിന്റെ ക്രമസമാധാനം സംരക്ഷിക്കുകയെന്നുള്ളതും ജനാധിപത്യ ജീവിതക്രമം നിലനിർത്തുകയും ചെയ്യുകയെന്ന ഭരണഘടനാപരമായ ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. സ്വാഭാവികമായും ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതിന്റെ ഭാഗമായുള്ള നിലപാട് പോലീസിന് സ്വീകരിക്കേണ്ടിവരും. അതിന്റെ ഭാഗമായിക്കൂടിയാണ് മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലുള്ള മാവോയിസ്റ്റ് ആക്രമണങ്ങളും പ്രവർത്തനങ്ങളും നമ്മുടെ സംസ്ഥാനത്ത് ഇല്ലാതെ പോയത്. ഈ സംഘങ്ങളുടെ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളിൽ മന്ത്രിമാരടക്കമുള്ള രാഷ്ട്രീയ നേതാക്കളുടേയും പൊതുപ്രവർത്തകരുടേയും സുരക്ഷാ സേനാംഗങ്ങളുടേയും എത്രയേറെ ജീവൻ കവർന്നിട്ടുണ്ടെന്നുള്ള കാര്യവും നാം ഓർക്കേണ്ടതായിട്ടുണ്ട്. അതേ സംഘടനതന്നെയാണ് കേരളത്തിലും ഇത്തരം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ശ്രമിക്കുന്നത്. അത് തടയുക എന്നുള്ളത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വവുമാണ്. അതേസമയം ജനാധിപത്യപരമായ അവകാശം എല്ലാ പൗരന്മാർക്കുമുണ്ട്. ഈ കഴിഞ്ഞ ദിവസമുണ്ടായ ദൗർഭാഗ്യകരമായ സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതും, ഉണ്ടെങ്കിൽ കർശനമായ നിലപാട് സ്വീകരിക്കുന്നതുമാണ്. ഭരണകൂടത്തിനെതിരെ അവകാശ സമരങ്ങൾ നടത്തുന്ന വിഭാഗങ്ങളോട് എന്ത് സമീപനം പുലർത്തണമെന്നതിനെക്കുറിച്ച് ഒരു പ്രത്യേക മാതൃക തന്നെ 1957-ൽ സർക്കാർ കാണിച്ചിട്ടുണ്ട്. സമരം ചെയ്യുന്നവരെ അടിച്ചമർത്തുന്ന മർദ്ദനോപകരണമായി പോലീസിനെ ഉപയോഗിക്കില്ലെന്ന് പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സർക്കാരായിരുന്നു അത്. നിർഭാഗ്യവശാൽ പിന്നീട് പല ഘട്ടത്തിലും ആ നയത്തിന് ഒരു തുടർച്ചയുണ്ടായില്ല. വിചാരണ കൂടാതെ ലക്ഷക്കണക്കിന് ആളുകൾ തടങ്കലിലാക്കപ്പെടുകയും ജീവിക്കാനുള്ള അവകാശമുൾപ്പെടെ ഉറപ്പാക്കാൻ പരമോന്നത നീതിപീഠത്തിനുപോലും കഴിയാതെവരികയും ചെയ്ത 1975 മുതൽ 1977 വരെയുള്ള കാലത്തെ അടിയന്തരാവസ്ഥ നമ്മുടെ ജനാധിപത്യത്തിലെ കറുത്ത അദ്ധ്യായമാണ്. അതിന് മുൻപും പിൻപും ഏറ്റുമുട്ടൽ കൊലപാതകങ്ങളും കസ്റ്റഡി മരണങ്ങളും സാധാരണ സംഭവമായി മാറിയിരുന്ന കാലഘട്ടം നാം കണ്ടതാണ്. പിന്നീട് 1980-കളിൽ ഇന്ത്യയുടെ പല ഭാഗത്തും പലതരം തീവ്രവാദ പ്രവർത്തനങ്ങളുണ്ടായി. പക്ഷേ കേരളം അതിൽനിന്നും വിട്ടുനിന്ന സംസ്ഥാനമായിരുന്നു. വർഗ്ഗീയവിരോധം

ആളിക്കത്തിക്കാൻ ചില ശക്തികൾ നടത്തിയ പ്രവർത്തനങ്ങൾ തുടക്കത്തിലേ പാളിപ്പോയി. ഇപ്പോൾ ഉണ്ടായിരിക്കുന്ന മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കേരളത്തിന്റെ മാത്രം പശ്ചാത്തലത്തിൽ വിശകലനം ചെയ്യാൻ പറ്റുന്ന ഒന്നല്ല. ഉത്തരേന്ത്യയിലെ പല ഭാഗങ്ങളിലും മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലും ഈ പ്രവർത്തനങ്ങൾ വ്യാപകമായി കണ്ടുവരുന്നുണ്ട്. ആ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന സാമൂഹിക അസമത്വങ്ങൾ ഇതിനൊരു മുഖ്യകാരണമാണെന്ന് പല പഠനങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ ഭൂപരിഷ്കരണവും മറ്റ് സാമൂഹ്യക്ഷേമ പരിപാടികളും നടപ്പിൽ വരുത്താൻ പ്രകടിപ്പിച്ച ഇച്ഛാശക്തി മേൽപ്പറഞ്ഞ സംസ്ഥാനങ്ങളിലെ സർക്കാരുകൾ കാണിച്ചില്ല എന്നത് മാവോയിസ്റ്റ് പ്രവർത്തനങ്ങൾക്ക് വളക്കൂറുള്ള മണ്ണൊരുക്കി. ഇത് ഈ മേഖലകളിലെ വിദഗ്ദ്ധർ പരക്കെ ചൂണ്ടിക്കാണിക്കുന്ന വസ്തുതയാണ്. അട്ടപ്പാടി മാവോയിസ്റ്റ് സാന്നിധ്യ മേഖലകളിൽ ഏതെല്ലാം തരത്തിലുള്ള വികസനപ്രവർത്തനങ്ങൾ നടത്തിയെന്നതിന്റെ വിശദമായ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. വേണമെങ്കിൽ അതും പിന്നീട് അവതരിപ്പിക്കാം. ഛത്തീസ്ഗഢ് സംസ്ഥാനത്തെ മാവോയിസ്റ്റ് പ്രവർത്തനങ്ങളെ നേരിടാൻ സാൽവാ ജൂഡും (Salwa Judum) എന്ന സായുധ സംഘടന രൂപീകരിച്ചത് മുതിർന്ന കോൺഗ്രസ്സ് നേതാവായിരുന്ന മഹേന്ദ്രകർമ്മയുടെ നേതൃത്വത്തിലായിരുന്നു. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ മനുഷ്യാവകാശ ലംഘനങ്ങൾക്ക് വഴി തെളിച്ചുവെന്നുകണ്ട് അത് നിർത്തലാക്കാൻ സുപ്രീംകോടതി തന്നെയാണ് ആവശ്യപ്പെട്ടത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ധാരാളം മനുഷ്യജീവിതങ്ങൾ ഛത്തീസ്ഗഢിലും മറ്റ് സംസ്ഥാനങ്ങളിലും നഷ്ടപ്പെട്ടത് പൊതുമണ്ഡലങ്ങളിൽ നിറഞ്ഞുനിൽക്കുന്നതിനാൽ കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. മുൻകാല നക്സലൈറ്റുകളെ വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കുകയും അവരിൽ ചിലർ കസ്റ്റഡിയിൽ കൊല്ലപ്പെടുകയും ചെയ്തപ്പോൾ ആശയപരമായ വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ ഇതിനെതിരെ ശക്തമായി പ്രതികരിച്ചവരാണ് ഞങ്ങൾ. ഭരണകൂടം അടിച്ചമർത്തിയാൽ ആശയങ്ങൾ തകർന്നു പോവുകയില്ലായെന്ന വ്യക്തമായ ബോധ്യം ഈ സർക്കാരിനുണ്ടെന്നിരിക്കെ ഈ സമൂഹത്തിൽ വേരോട്ടമില്ലാത്ത ചിലർ അന്യസംസ്ഥാനങ്ങളിൽനിന്നും കടന്നുവന്ന് ഒറ്റതിരിഞ്ഞ ഭീകരപ്രവർത്തനം നടത്തി നമ്മുടെ ജനാധിപത്യ സംസ്കാരത്തെ വെല്ലു വിളിക്കുമ്പോൾ അവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഏറ്റുമുട്ടലിൽ മനുഷ്യജീവൻ നഷ്ടപ്പെട്ടത് അത്യന്തം നിർഭാഗ്യകരമാണ്. എന്തെങ്കിലും വീഴ്ച ഇക്കാര്യത്തിലുണ്ടാ യിട്ടുണ്ടെങ്കിൽ തുറന്ന മനസ്സോടെ ആവശ്യമായ നടപടികൾക്ക് സർക്കാർ സന്നദ്ധമാവുകയും ചെയ്യും. മാവോയിസ്റ്റായതുകൊണ്ട് ഒരാളും കൊല്ലപ്പെടില്ല

എന്നൊരു സാഹചര്യം ഈ സംസ്ഥാനത്ത് അനുവദിക്കുകയുമില്ല. മുമ്പ് അങ്ങനെയുണ്ടായിരുന്നുവെന്ന് നമുക്കറിയാം. വ്യാജ ഏറ്റുമുട്ടലുകൾ നടന്നെന്നാണ് ഇവിടെ പറഞ്ഞത്. കേരളത്തിൽ വ്യാജ ഏറ്റുമുട്ടൽ കൊലപാതകങ്ങളും ഭരണകൂട ഭീകരതയും നടന്നിട്ടുണ്ട്. ഗുജറാത്തിൽ മാത്രമല്ല, കേരളത്തിലും പണ്ട് നടന്നൊരു കാര്യമാണത്. 1950 മെയ് 4-നാണ് കണ്ണൂർ ജയിലിൽനിന്ന് പിടിച്ചുകൊണ്ടുപോയി പാടിക്കുന്നിൽവച്ച് കമ്മ്യൂണിസ്റ്റ് നേതാക്കളായ രൈരു നമ്പ്യാർ, കുട്ട്യപ്പ, എം. വി. ഗോപാലൻ എന്നിവരെ പോലീസ് വെടിവച്ചുകൊന്നത്. ജയിലിൽനിന്ന് ജാമ്യത്തിനെന്ന വ്യാജേനയാണ് അവരെ ഇറക്കിക്കൊണ്ടുപോയി വെടിവച്ചുകൊന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളെ കള്ളക്കേസ്സിൽ കുടുക്കി ജയിലിലടച്ച പോലീസ് തന്നെയാണ് ഇവരെ ജാമ്യത്തിലിറക്കിയത്. പോലീസ് ക്യാമ്പിൽകൊണ്ടുപോയി ഭീകരമായി മർദ്ദിച്ചശേഷം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും രാജിവച്ച് കോൺഗ്രസ്സാകാൻ പറഞ്ഞു. അതിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി മൂർദ്ദാബാദ് വിളിക്കാൻ പറഞ്ഞു. അതിനുമുതിരാതെ വന്നപ്പോഴാണ് അവരെ വെടിവച്ചുകൊന്നത്. (.....ബഹളം.....) ആ പാരമ്പര്യം ഇവിടെ ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കുന്നവരുടേതാണ്; ഞങ്ങളുടേതല്ല. 1970 ഫെബ്രുവരി 18-നാണ് വർഗ്ഗീസ് കൊല്ലപ്പെട്ടത്. പിടിച്ചുവച്ച് പീഡിപ്പിച്ച് വെടിവച്ച് കൊല്ലുകയായിരുന്നു. ആ കൊലപാതകക്കഥ കവികളുടേയും കലാകാരന്മാരുടെയും ഭാവനയാണെന്നാണ് അന്ന് നിങ്ങൾ പറഞ്ഞത്. ഈ സംഭവമുണ്ടായിട്ട് ഇരുപത്തിയെട്ട് വർഷം കഴിഞ്ഞു. 1998-ൽ കോൺസ്റ്റബിൾ ശ്രീ. രാമചന്ദ്രൻ നായർ വെളിപ്പെടുത്തിയപ്പോഴാണ് അത് ക്രൂരമായ കൊലപാതകമാണെന്ന് നിയമത്തിനുമുന്നിൽ തെളിഞ്ഞത്. ആ കേസിൽ പ്രതികൾ ശിക്ഷിക്കപ്പെടുകയും ചെയ്തു. നക്സലൈറ്റ് സംഘങ്ങൾക്ക് സി.പി.ഐ.(എം.)-നോട് കടുത്ത ശത്രുതയുണ്ടായിട്ടും ആ ശത്രുതയല്ല, മറിച്ച് ഒരു മനുഷ്യനേയും ഭരണകൂടം വേട്ടയാടരുതെന്ന ബോധമാണ് ഞങ്ങളെ നയിച്ചത്. രാജൻ കേസും കക്കയം ക്യാമ്പിൽ നടന്ന കൊടും പീഡനവും അടിയന്തരാവസ്ഥക്കാലവും ഇവിടെ ഓർമ്മിപ്പിക്കേണ്ടതില്ല. ഭരണകൂടത്തിന്റെ ആയുധങ്ങളുപയോഗിച്ച് രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യുന്നത് നിങ്ങളുടെ രീതിയായിരുന്നു. ഞങ്ങളുടെ കാഴ്ചപ്പാട് അതല്ല. വിശാലമായ മാനുഷികമൂല്യം ഉയർത്തിപ്പിടിക്കുന്ന പ്രത്യയശാസ്ത്ര കാഴ്ചപ്പാടാണ് ഞങ്ങളെ നയിക്കുന്നത്. അതുകൊണ്ടാണ് തൊട്ടതിനും പിടിച്ചതിനും യു.എ.പി.എ. പോലുള്ള കരിനിയമം ഉപയോഗിച്ച് നിങ്ങൾ ആളുകളെ വേട്ടയാടിയത്. ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ തിരുത്തിയത് ആ ഭാഗമാണ്. അതുകൊണ്ടാണ് കാശ്മീരിൽ അടിയന്തരാവസ്ഥയ്ക്ക് തുല്യമായ സാഹചര്യമുണ്ടായപ്പോൾ അത് പുറംലോകത്തെ അറിയിക്കാൻ സാധ്യമായ മാർഗ്ഗമെല്ലാം തേടിയത്. നിങ്ങൾ അപ്പോൾ കാശ്മീരിന് പദവി വേണോ വേണ്ടയോ

എന്നതിനെച്ചൊല്ലി തർക്കിക്കുകയായിരുന്നു. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും മാന്യമായി പ്രവർത്തിക്കാൻ അവസരമുണ്ട്. തെറ്റിനോട് പ്രതികരിക്കാനും അവകാശങ്ങൾ നേടിയെടുക്കാനും സമരം നടത്താനും സാഹചര്യമുണ്ട്. ആ സാഹചര്യത്തെ ഉപയോഗിക്കുകയാണ് എല്ലാവരും ചെയ്യേണ്ടത്. അതിനായി ആയുധം ഉപേക്ഷിച്ചുവരുന്നവരെ സംരക്ഷിക്കാനുള്ള പാക്കേജിന് സർക്കാർ രൂപം നൽകുകയുണ്ടായി. കീഴടങ്ങുന്ന മാവോയിസ്റ്റുകൾക്ക് ഗുണകരമായ തൊഴിലും സംരംഭക അവസരങ്ങളും നൽകി തീവ്രവാദത്തിലേയ്ക്ക് തിരിച്ചുപോകില്ലെന്ന് ഉറപ്പാക്കാനുള്ള പദ്ധതിയാണ് നടപ്പാക്കുന്നത്. മാവോയിസ്റ്റ് തീവ്രവാദികളുടെ അക്രമത്തിന് തടയിടുന്നതിനും തീവ്രവാദത്താൽ വഴിതെറ്റിക്കപ്പെട്ട യുവാക്കളെ അതിൽനിന്നും അകറ്റുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. കീഴടങ്ങുന്നവരുടെ പാർട്ടിയിലെ പദവിയും കുറ്റകൃത്യങ്ങളിലെ പങ്കാളിത്തവും പരിഗണിച്ച് കാറ്റഗറി തിരിച്ച് അവരെ സുരക്ഷിത ജീവിതത്തിലേക്ക് നയിക്കാനുള്ള പുനരധിവാസ പദ്ധതിയാണ് തയ്യാറാക്കിയത്. കേഡർമാരുടെ തന്ത്രപരവും ആസൂത്രിതവുമായ കീഴടങ്ങൽ ഒഴിവാക്കുന്നതിന്, കീഴടങ്ങുന്നവരുടെ വിശ്വസനീയത രണ്ട് ആദരണീയ വ്യക്തിത്വങ്ങളാൽ ഉറപ്പുവരുത്തണമെന്നും പദ്ധതി വ്യക്തമാക്കുന്നു. ഈ അവസരത്തെ എല്ലാ മാവോയിസ്റ്റുകളും ഉപയോഗിക്കണം. സംസ്ഥാനത്തിന്റെ വികസനത്തിൽ സംഭാവന ചെയ്യാൻ അവർക്കും സാധിക്കും. അതിനായി തയ്യാറെടുക്കാൻ അവരോട് അഭ്യർത്ഥിക്കുകയാണ്. മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് മജിസ്റ്റീരിയൽ അന്വേഷണം നടക്കുന്നതിനാൽ വിഷയത്തിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ മജിസ്റ്റീരിയൽ എൻക്വയറിയെപ്പറ്റി പറഞ്ഞു. നിലമ്പൂരിലുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് ഒരു മജിസ്റ്റീരിയൽ എൻക്വയറി നടന്നിരുന്നു. അതിന്റെ റിപ്പോർട്ട് കൊടുക്കേണ്ടത് മഞ്ചേരി കോടതിയിലായിരുന്നു. പക്ഷേ അസാധാരണമായ നിലയിൽ ഹോം സെക്രട്ടറിക്കാണ് അത് സമർപ്പിച്ചത്. അങ്ങനെയാണെങ്കിൽ അതിന്റെ വിവരമെന്താണെന്ന് അങ്ങ് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ അങ്ങ് പറഞ്ഞ മറുപടി തന്നെയാണ് എനിക്കും പറയാനുള്ളത്. സർവ്വശ്രീ അൻവർ സാദത്ത്, ജോസഫ് വാഴക്കൻ, കെ. ശിവദാസൻ നായർ തുടങ്ങിയവർ 2015, ഡിസംബർ 7-ന് അങ്ങയോട് ഒരു ചോദ്യം ചോദിച്ചു. അതിന് 'ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല' എന്നാണ് അങ്ങ് പറഞ്ഞ മറുപടി. മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് മജിസ്റ്റീരിയൽ അന്വേഷണം നടക്കുകയാണ്. അതുകൊണ്ടാണ് ഞാൻ ആ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല

എന്നുപറഞ്ഞത്. മറ്റ് കാര്യങ്ങൾ പിന്നീട് നോക്കാം. മജിസ്റ്റീരിയൽ അന്വേഷണം എന്നത് ദേശീയ സുരക്ഷയുമായും അയൽ സംസ്ഥാനങ്ങളുടെ സുരക്ഷയുമായും ബന്ധപ്പെട്ട കാര്യം കൂടിയാണ്. അവരെ ശരിയായ രാഷ്ട്രീയ പാതയിൽ എത്തിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. അവർക്ക് കീഴടങ്ങുന്നതിനുള്ള സംരംഭക അവസരങ്ങളുടെ വിശദമായ ഭാഗങ്ങളുണ്ട്. അത് നേരത്തേ പ്രസിദ്ധീകരിച്ചതായതുകൊണ്ട് മുഴുവൻ ഞാൻ ഇപ്പോൾ പറയുന്നില്ല. എന്റെ കയ്യിൽ അതിന്റെ ഭാഗങ്ങളുണ്ട്, ആവശ്യമാണെങ്കിൽ അത് പറയുന്നതിനും കുഴപ്പമൊന്നുമില്ല. ..... (ബഹളം) .....

<u>മി. സ്പീക്കർ</u>: യെസ്.....യെസ്..... അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ. ..... (ബഹളം) .....

<u>ശ്രീ. പിണറായി വിജയൻ</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രൂപേഷിനെയും ഷൈനിയെയുമൊക്കെ പിടിച്ചു എന്ന് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ പറഞ്ഞത് ശരിയാണ്. ഡാനിഷ്, കാളിദാസ് എന്നിവരെ ഈ സർക്കാരിന്റെ കാലത്തുതന്നെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. രൂപേഷിനെയും ഷൈനിയെയും തമിഴ്നാട്ടിൽനിന്നല്ല, തെലുങ്കാന പോലീസാണ് അറസ്റ്റ് ചെയ്തത്. അവരെ സംസ്ഥാനത്തിന് പുറത്തുവച്ച് തെലുങ്കാന പോലീസ് പിടികൂടിയശേഷം സംസ്ഥാനത്തെ ഏൽപ്പിക്കുകയാണ് ചെയ്തത്. തണ്ടർബോൾട്ട് പരിശോധന നടത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ വെടിവയ്പ്പ് ഉണ്ടാകുന്നു എന്നുള്ള കാര്യം നാം ഇവിടെ കാണേണ്ടതാണ്. മാവോയിസ്റ്റുകളുടെ ഭാഗത്തുനിന്നാണ് വെടിവയ്പ്പ് ആരംഭിക്കുന്നത്. അപ്പോൾ സ്വയരക്ഷയ്ക്കുവേണ്ടി തിരിച്ച് വെടിവയ്ക്കേണ്ട സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. എങ്ങനെയാണ് വ്യാജ ഏറ്റുമുട്ടലും ഗുജറാത്ത് സംഭവവുമായും അതിനെ ചിത്രീകരിക്കുന്നത്? കസ്റ്റഡിയിലുള്ള ആളെ ഒരിടത്തുകൊണ്ടുപോയി വെടിവച്ച് കൊന്നാൽ അത് വ്യാജ ഏറ്റുമുട്ടലായി, പറഞ്ഞുകൊണ്ടുള്ള വെടിവച്ചുകൊല്ലലാണ്. അവരുടെ പക്കൽ യാതൊരു ആയുധവുമില്ല. അവരെ കൊലപ്പെടുത്തുക എന്നുള്ള ഉദ്ദേശ്യത്തോടെ കൊലപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇവിടെ അതാണോ നടന്നത്? ഇവരെ പോലീസ് കസ്റ്റഡിയിലെടുത്ത് കാട്ടിനുള്ളിൽ കൊണ്ടുപോയതാണോ; എന്നിട്ട് അവിടെവച്ച് ആയുധമില്ലാത്ത അവരെ വെടിവച്ചതാണോ? ആയുധത്തോടുകൂടിയുള്ള ഇവർ ആദ്യം പോലീസിനെ ആക്രമിക്കുകയാണ്. ആ ആക്രമണത്തിൽ പോലീസിന് പരിക്ക് പറ്റാത്തതിലുള്ള വിഷമം ശ്രീ. എൻ. ഷംസുദ്ദീൻ പ്രകടിപ്പിക്കുന്നതായി കണ്ടു. ..... (ബഹളം) .....

<u>മി. സ്പീക്കർ</u>: യെസ്.....യെസ്.....

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പോലീസുകാർ ഇവരെ പിടിച്ചുകൊണ്ടുപോയി അവിടെവച്ച് വെടിവച്ച് കൊന്നതാണെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല, അത് മഹാഭാഗ്യം, എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അദ്ദേഹം പറഞ്ഞതുപോലെ, ആ കൊട്ടംകാട് കേന്ദ്രമാക്കി മാവോയിസ്റ്റുകൾ ദളം രൂപീകരിച്ച് പ്രവർത്തിക്കുന്നു. അവരെ പരിശോധിക്കുന്ന ഘട്ടത്തിൽ അവർ വെടിവയ്ക്കുകയാണ്. അവരുടെ കയ്യിലാണ് എ.കെ.47-ഉം എ.കെ.57-ഉം തോക്കുകൾ ഉള്ളത്. ഇതിന്റെ ഭാഗമായിത്തന്നെ കാണേണ്ട ഒരു കാര്യമുണ്ട്. നിർഭാഗ്യവശാൽ, ആയുധങ്ങളോടുകൂടി നിൽക്കുന്ന മാവോയിസ്റ്റുകൾ കൊട്ടംകാട്ടിനകത്തുള്ളപ്പോൾ ഈ പ്രദേശത്തേയ്ക്ക് മനുഷ്യാവകാശ പ്രവർത്തകരായാലും പത്രപ്രവർത്തകരായാലും അവർ മറ്റ് കരുതലില്ലാതെ അങ്ങോട്ട് കടന്നുചെന്നാൽ ഇവർ വെടിവയ്ക്കുകയും പരിക്കേൽപ്പിക്കുകയും മറ്റ് അത്യാഹിതം സംഭവിക്കുകയും ചെയ്താൽ അതിന്റെ ഉത്തരവാദിത്വം ആർക്കായിരിക്കും? സ്വാഭാവികമായും, അങ്ങോട്ട് പോകേണ്ട എന്നുപറയില്ലേ; അതല്ലേ പോകേണ്ട എന്നുപറയുന്നത്; അത് അവരുടെകൂടി രക്ഷയ്ക്കുവേണ്ടിയല്ലേ; അല്ലാതെ അവിടെ എന്തെങ്കിലും മറച്ചുവയ്ക്കാൻ വേണ്ടിയാണോ? അവിടെ ഇത്തരം ഒരു സാഹചര്യമുണ്ട്, അതുകൊണ്ട് നിങ്ങൾ അങ്ങോട്ട് പോകാതിരിക്കുന്നതാണ് നല്ലതെന്ന് പോലീസ് അവരോട് പറഞ്ഞിട്ടുണ്ടാകും. ആ സാഹചര്യമല്ലേ നമ്മൾ കാണേണ്ടത്? ഇവിടെ നിരോധിത സംഘടനയിൽ കാണുന്നവരെയെല്ലാം വെടിവച്ച് കൊല്ലുക എന്നൊരു കാഴ്ചപ്പാട് ഈ സർക്കാരിനില്ല. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെതന്നെ എല്ലാ പ്രദേശത്തും ഈ പറയുന്ന ആശയക്കാരുണ്ടാകും. അവരെ ആരെങ്കിലും വെടിവച്ച് കൊല്ലാൻ പോകുന്നുണ്ടോ? ഇവിടെ എ.കെ.47-ഉം എ.കെ.57-ഉം ഒക്കെ എടുത്ത് ആദ്യംതന്നെ വെടിവയ്ക്കുന്ന നില വരുമ്പോൾ ആ വെടി ഏറ്റുവാങ്ങേണ്ടവരാണ് പോലീസ് എന്ന നിലപാട് എടുക്കാൻ പറ്റുമോ; പിന്നെ എന്തിനാണ് നമ്മുടെ നാട്ടിൽ ഇത്തരത്തിലുള്ള പോലീസും മറ്റ് സംവിധാനങ്ങളും? അതുകൊണ്ട് വല്ലാത്തൊരു പരിവേഷം ചാർത്തിക്കൊടുക്കാനുള്ള ശ്രമം നല്ലതല്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.....

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പ്രതിപക്ഷവും ഭരണപക്ഷവും എന്നുള്ളതൊക്കെ ശരിയാണ്. ഭരണപക്ഷത്തെ സ്വാഭാവികമായും പ്രതിപക്ഷം എതിർക്കുകയും ചെയ്യും. അതിന്റെ ഭാഗമായി മാവോയിസ്റ്റുകൾ എന്നുപറയുന്നത് "അയ്യാ ലേശം അരി താ....." എന്ന് പറയാൻവേണ്ടി പോകുന്നവരാണ് എന്നുപറഞ്ഞ് നടക്കരുത്. അതല്ലേ ഇവിടെ പറഞ്ഞത്? ആ പാവങ്ങൾ കുറച്ച്

അരി ചോദിക്കുന്നവർ മാത്രമാണ്, അവരെ വെടിവച്ച് കൊല്ലാൻ പാടുണ്ടോ എന്നല്ലേ ചോദിച്ചത്; അരി ചോദിക്കുന്നവർ മാത്രമാണോ അവർ? ഇതൊക്കെ അനാവശ്യമായി അവരെ പവിത്രീകരിക്കുകയാണ്. അതൊരു നല്ല സ്വഭാവമല്ല. അതുകൊണ്ടുതന്നെ ഏതെങ്കിലും തരത്തിൽ ഈ സംഭവങ്ങളിലാകെ സന്തോഷിക്കുന്ന നിലയല്ല സർക്കാരിനുള്ളത്. അത്യന്തം നിർഭാഗ്യകരമായ ഒരു സംഭവമാണ്. ഇത്തരം സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാകാൻ പാടില്ലായിരുന്നു. പക്ഷേ, മറ്റ് പ്രദേശങ്ങളിൽനിന്നുവന്ന്, ആക്രമണസജ്ജരായി, ആക്രമണത്തിന് പുറപ്പെടുന്ന ഒരു വിഭാഗത്തെ നേരിടുകയല്ലാതെ പോലീസ് എന്തുചെയ്യും? അതാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. എന്നാലും ഇക്കാര്യത്തിൽ എന്താണ് ഉണ്ടായത് എന്നത്, അതിന്റെ മജിസ്റ്റീരിയൽ അന്വേഷണംകൂടി നടത്തി കാര്യങ്ങൾ തീരുമാനിക്കാം. അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ ഈ ഘട്ടത്തിൽ മറ്റ് കൂടുതൽ കാര്യങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല എന്നതുകൊണ്ട് മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ എന്റെ പ്രസംഗത്തിലെവിടെയും പോലീസിന് പരിക്ക് പറ്റാത്തതിൽ വിഷമം പ്രകടിപ്പിച്ചിട്ടില്ല. ..... (ബഹളം).....

<u>മി. സ്പീക്കർ</u>: ചട്ടം 288 ഉണ്ട്. അദ്ദേഹത്തിന് പറയാം. നിങ്ങൾ ഇരിക്കൂ..... അങ്ങ് ഒരു മിനിറ്റ് പറഞ്ഞോളൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ എന്നെക്കുറിച്ച് "പോലീസിന് പരിക്ക് പറ്റാത്തതിൽ അംഗത്തിന് എന്തോ വിഷമം പോലെ" എന്നുപറഞ്ഞു. ഞാൻ ഒരിക്കലും വിഷമം പ്രകടിപ്പിച്ചിട്ടില്ല. ആ പരാമർശം രേഖകളിൽനിന്നും നീക്കം ചെയ്യണം.

<u>മി. സ്പീക്കർ</u>: ഇരിക്കൂ.....ഇരിക്കൂ.....വ്യക്തമായി. അങ്ങയുടെ വിശദീകരണം അങ്ങ് പറഞ്ഞു. പ്ലീസ്.....ഇരിക്കൂ.....

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ബഹുമാനപ്പെട്ട സ്പീക്കർ, മാവോയിസ്റ്റുകളെ വെടിവച്ച് കൊല്ലുകയും ചെഗുവേരയ്ക്ക് വേണ്ടി മുദ്രാവാക്യം വിളിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ് സർക്കാരാണ് കേരളം ഭരിക്കുന്നത്. അട്ടപ്പാടിയിലടക്കം ഏഴ് മാവോയിസ്റ്റുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് വെടിയേറ്റു മരിച്ചത് എന്നുള്ളത് വളരെ ഗൗരവതരമായ ഒരു പ്രശ്നമല്ലേ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ...

മി. സ്പീക്കർ: ശ്രീ. ജി. സുധാകരന് സംസാരിക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ചെഗുവേര അന്തർദ്ദേശീയ തലത്തിൽ സാമ്രാജ്യത്വത്തിനെതിരെയും സ്വേച്ഛാധിപത്യത്തിനെതിരെയും സ്വാതന്ത്ര്യത്തിനു വേണ്ടിയും സമരം ചെയ്തയാളാണ്. വയനാടൻ കാടുകളിൽ മുന്നിൽ കാണുന്നവരെ വെടിവച്ചു കൊല്ലുന്നവരോട് അദ്ദേഹത്തെ നിങ്ങൾ ഉപമിച്ചത് തികച്ചും തെറ്റാണ്. അത് സഭാരേഖകളിൽനിന്നും നീക്കംചെയ്യേണ്ടതാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. ജി. സുധാകരൻ, വയനാടൻ കാടുകളിൽ മാവോയിസ്റ്റുകൾ ആരെയും വെടിവച്ച് കൊന്നില്ല. അട്ടപ്പാടിയിൽ അടക്കം ഏഴ് മാവോയിസ്റ്റുകളെ ഈ ഗവൺമെന്റിന്റെ കാലത്ത് വെടിവച്ചുകൊന്നത് എന്നുള്ളത് സത്യമല്ലേ? കാർത്തിക്, രമ, അരവിന്ദ്, മണിവാസകം എന്നീ നാല് പേരെയാണ് അട്ടപ്പാടിയിൽ കഴിഞ്ഞ ദിവസം പോലീസ് വെടിവച്ചുകൊന്നത്. ഇതുസംബന്ധിച്ചുള്ള ദുരൂഹത ഇപ്പോഴും നിലനിൽക്കുകയാണ്. ആദ്യം ശ്രീമതി, സുരേഷ് എന്നിവർ കൊല്ലപ്പെട്ടു എന്നാണ് പുറത്തുവന്ന വിവരം. പിന്നീട് അവരല്ല രമ, അരവിന്ദ് എന്നിവരാണ് കൊല്ലപ്പെട്ടതെന്നാണ് പോലീസ് വെളിപ്പെടുത്തിയത്. അതുപോലെ മണിവാസകം കൊല്ലപ്പെട്ടത് ആദ്യദിവസമാണോ രണ്ടാമത്തെ ദിവസമാണോ എന്ന സംശയം നിലനിൽക്കുകയാണ്. 2016 നവംബർ 24-ന് നിലമ്പൂരിൽ കരുളായി വനമേഖലയിൽ കുപ്പു ദേവരാജൻ, അജിത എന്നിവർ കൊല്ലപ്പെട്ടു. 2019 മാർച്ച് 7-നാണ് വയനാട് വൈത്തിരി ഉപവൻ റിസോർട്ടിൽ മലപ്പുറം പാണ്ടിക്കാട് സ്വദേശി സി. പി. ജലീൽ എന്ന മാവോയിസ്റ്റ് പ്രവർത്തകൻ കൊല്ലപ്പെട്ടത്. ഇതെല്ലാം കേരളത്തിൽ തന്നെയാണ് നടക്കുന്നതെന്ന ധാരണയില്ലാതെയാണ് മുഖ്യമന്ത്രിയുടെ ഈ പ്രസംഗം നമ്മൾ കേട്ടുകൊണ്ടിരുന്നത്. അദ്ദേഹം ആദ്യം ഒരു വാചകം പറഞ്ഞു 'എല്ലാ മരണവും ദുഃഖകരമാണ്' എന്ന്. അതിനുശേഷം അദ്ദേഹം പോലീസ് എഴുതിക്കൊടുത്ത പോലീസിന്റെ വെർഷൻ മാത്രമാണ് ഇവിടെ വായിച്ചത് എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായ നഗ്നമായ കൊലപാതകങ്ങൾ തന്നെയാണ് നമ്മുടെ സംസ്ഥാനത്ത് നടന്നത്. ഒരു വ്യക്തിയോട് കാണിക്കുന്ന ഭരണകൂട ഭീകരതയുടെ അങ്ങേയറ്റത്തെ നടപടിയാണ് ഏറ്റുമുട്ടൽ കൊലപാതകം. ഇവിടെ Extrajudicial Killing എന്നാണ് ഏറ്റുമുട്ടൽ കൊലപാതകത്തെക്കുറിച്ച് പൊതുവെ പറയാറുള്ളത്. ഗുരുതരമായ കുറ്റം ചെയ്ത ഇന്ത്യൻ പൗരന് കോടതി

നൽകുന്ന പരമാവധി ശിക്ഷയാണ് വധശിക്ഷ. ആ വധശിക്ഷയെ എതിർക്കുന്നവരാണ് ഇപ്പോൾ ഈ Extrajudicial Killing-നെ ന്യായീകരിക്കുന്നത് എന്നുള്ളതാണ് ഏറ്റവും രസകരമായ കാര്യം. ന്യായവും നിഷ്പക്ഷവുമായ വിചാരണയുടെ അടിസ്ഥാനത്തിൽ ഗുരുതരമായ കുറ്റം ചെയ്തതിനാണ് അത്തരത്തിൽ ശിക്ഷ വിധിക്കേണ്ടത്. അതിനുമാത്രമേ ഇന്ത്യയിൽ നിയമസാധുതയുള്ളൂ. നമ്മുടെ കോടതികളിൽ അതാണ് വിധിക്കപ്പെടുന്നത്. അല്ലെങ്കിൽ ഒരു കലാപത്തിൽനിന്നോ അക്രമത്തിൽനിന്നോ വലിയൊരു വിഭാഗം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ഇത്തരത്തിൽ ബലം പ്രയോഗിക്കാൻ സർക്കാരിന്റെ സുരക്ഷാ സംവിധാനത്തിന് അധികാരമുണ്ട്. അല്ലാതെ ഒരു പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നു, അല്ലെങ്കിൽ അവരുടെ കയ്യിൽ ആയുധമുണ്ടായിരുന്നു എന്നുള്ളതൊന്നും ഇന്ത്യൻ നിയമം അനുസരിച്ച് Extrajudicial Killing-നുള്ള ന്യായീകരണമാകുന്നില്ല. എന്നാൽ നിലമ്പൂരിലും വൈത്തിരിയിലും അട്ടപ്പാടിയിലും നടന്നത് നഗ്നമായ ഏറ്റുമുട്ടൽ കൊലപാതകങ്ങളാണ് എന്നുള്ളത് വളരെ വസ്തുതാപരമായ കാര്യമാണ്. അങ്ങേയ്ക്ക് ഈ പറഞ്ഞ കാര്യങ്ങളൊന്നും ശ്രീ. കാനം രാജേന്ദ്രനെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ലല്ലോ? ഞങ്ങളോട് പറഞ്ഞ കാര്യങ്ങളൊക്കെ സി.പി.ഐ.-ക്കാരെക്കൂടി ബോധ്യപ്പെടുത്താമായിരുന്നു. നിലമ്പൂരിൽ ഈ സംഭവമുണ്ടായപ്പോൾ അന്ന് അവിടത്തെ എസ്.പി. എന്നെ ഫോണിൽ വിളിച്ച് അവിടെ ഏറ്റുമുട്ടലുണ്ടായതിന്റെ സാഹചര്യങ്ങൾ വിശദീകരിച്ചിരുന്നു. അദ്ദേഹം പറഞ്ഞതനുസരിച്ച് അന്ന് ആ വിഷയത്തിൽ എന്റെ നിലപാട് വ്യക്തമാക്കിയതാണ്. വൈത്തിരിയിലുണ്ടായ സംഭവത്തോടുകൂടിയാണ് എനിക്ക് ആ നിലപാട് മാറ്റേണ്ടിവന്നത്. അങ്ങേയ്ക്കും അറിയാവുന്ന കുടുംബമാണ് സി. പി. ജലീലിന്റേത്. വൈത്തിരി റിസോർട്ടിൽവച്ച് പുറകിൽനിന്ന് വെടിയേറ്റാണ് അദ്ദേഹം മരിക്കുന്നത്. പോലീസ് വളരെ ബോധപൂർവ്വമായി സി. പി. ജലീലിനെ കൊല്ലുകയായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ മാവോയിസ്റ്റുകളുമായി ബന്ധമുള്ള ആളായിരുന്നു. മാവോയിസ്റ്റുകളുമായി ബന്ധമുള്ള കുടുംബമായിരുന്നു അത്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉത്തരവാദപ്പെട്ട സ്ഥാനത്ത് ആ കുടുംബത്തിലെ ആളുകൾ ഇപ്പോഴുമുണ്ട്. ആ ഏറ്റുമുട്ടൽ വളരെ ബോധപൂർവ്വമായ ഒന്നായിരുന്നു. വ്യാജ ഏറ്റുമുട്ടൽ എന്നുപറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. സി. പി. ജലീലിന്റെ പുറകിൽനിന്ന് വെടിവച്ച് ആ ചെറുപ്പക്കാരനെ കൊന്ന സംഭവം എല്ലാവരുടേയും മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഒന്നായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ ഒരു കാലില്ലാത്ത ആളാണ്. കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾക്ക് പണ്ടുകാലം മുതലേ നേതൃത്വം കൊടുക്കുന്ന ഒരാളാണ് അദ്ദേഹം. പക്ഷേ അയാളുടെ പേരിൽ മറ്റ്

കുറ്റങ്ങളില്ലാത്തതുകൊണ്ടാണ് അയാളെ പലപ്പോഴും പോലീസ് കസ്റ്റഡിയിൽ എടുക്കാതിരുന്നത്. വൈത്തിരിയിലുണ്ടായ സംഭവമാണ് ഞങ്ങളുടെ കണ്ണ് തുറപ്പിച്ചത്. എന്റെ കാലത്താണ് Anti-Terrorism Squad രൂപീകരിച്ചത്, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. ഹൈദ്രാബാദിലെ ഗ്രേഹൗണ്ട്സിൽ അവർക്ക് പരിശീലനം കൊടുത്തിട്ടുള്ളതാണ്. ഇന്ത്യയിലൊട്ടാകെയുള്ള മാവോയിസ്റ്റ് പ്രവർത്തനങ്ങളെ തടയാൻവേണ്ടി ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ട്. അവരുടെ നിർദ്ദേശാനുസരണമാണ് ട്രെയിനിംഗ് കൊടുത്തിട്ടുള്ളത്. അതെല്ലാം ശരിയാണ്. പക്ഷേ കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരാളെ പോലും വെടിവച്ച് കൊല്ലാനുള്ള സന്ദർഭം ഉണ്ടാകാതെ പോയത് ഞങ്ങൾ സ്വീകരിച്ച നയങ്ങളും സമീപനങ്ങളും കൊണ്ടാണ്. ആരെ വേണമെങ്കിലും വെടിവച്ചുകൊല്ലാം എന്നുപറയുന്ന ഒരു ഡി.ജി.പി.-യാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. ഇന്നലെ ഡി.ജി.പി.-യുടെ ന്യായീകരണങ്ങൾ ഞങ്ങൾ ടെലിവിഷനിലൂടെ കണ്ടു. വടക്കേ ഇന്ത്യയിൽ ഇത്തരത്തിലുള്ള കൊലപാതകങ്ങൾ നടക്കുമായിരിക്കും. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്; കേരളത്തിൽ അങ്ങനെ നടക്കുന്നത് ശരിയാണോ? ഒരു മാവോയിസ്റ്റ് കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ നിയമത്തിനുമുന്നിൽ കൊണ്ടുവരികയാണ് വേണ്ടത്. അല്ലാതെ ഷൂട്ട് അറ്റ് സൈറ്റ് എന്ന രീതിയിൽ ആളുകളെ വെടിവച്ച് കൊല്ലുന്നതിനോട് യോജിക്കാൻ കഴിയുമോ; ഇവിടെ നടന്നതെന്താണ്? പോലീസ് വെടിവച്ച് കൊല്ലുന്ന നഗ്നമായ നടപടിയാണ് വയനാട്ടുണ്ടായത്. നിലമ്പൂരിലുണ്ടായ സംഭവം അങ്ങ് പറഞ്ഞത് ശരിയാണ്. അതുകൊണ്ടാണ് ഞാൻ മജിസ്റ്റീരിയൽ എൻക്വയറി റിപ്പോർട്ടിനെപ്പറ്റി ചോദിച്ചത്. പോലീസിന്റെ നേർക്ക് വെടിയുതിർത്തപ്പോൾ ഉണ്ടായ ഏറ്റുമുട്ടലിലാണ് അവിടെ രണ്ടുപേർ മരിക്കുന്നത്. അത് സത്യമാണ്. എനിക്കും ബോധ്യപ്പെട്ട കാര്യമാണ്. ഞാൻ നിരവധി ആളുകളോട് ചോദിച്ച് മനസ്സിലാക്കിയ കാര്യമാണത്. അതിനോട് ഞാൻ യോജിക്കുകയാണ്. എന്റെ പല സഹപ്രവർത്തകരും അതിനോട് എതിർപ്പ് പറഞ്ഞപ്പോൾ ഞാൻ അവരോട് അതിന്റെ വസ്തുതകൾ പറഞ്ഞ് മനസ്സിലാക്കി. പക്ഷേ സി. പി. ജലീലിന്റെ കാര്യത്തിൽ, അത് കേരള പോലീസ് കാണിച്ച നിഷ്ഠൂരമായ കൊലപാതകമായിരുന്നു. അതേത്തുടർന്ന് തണ്ടർബോൾട്ട് എടുക്കുന്ന ഇത്തരം നടപടികളെ നമുക്ക് എങ്ങനെ ന്യായീകരിക്കാൻ കഴിയും? ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ മാവോയിസ്റ്റ് ആക്രമണങ്ങളൊന്നും അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല. അതിന്റെ അർത്ഥം അവരെ പരിപോഷിപ്പിക്കണമെന്നല്ല, അവർക്ക് കൂടുതൽ പ്രോത്സാഹനം

നൽകണമെന്നുള്ളതുമല്ല. അവരെ നമ്മൾ ജാഗരൂകമായി വീക്ഷിക്കേണ്ടത് ആവശ്യമാണ്. കേന്ദ്ര സുരക്ഷാ ഏജൻസിയുടെ മുന്നിൽ നല്ലപിള്ള ചമയാൻ വേണ്ടിയുള്ള ചിലരുടെ ബോധപൂർവ്വമായ നീക്കത്തിന്റെ ഭാഗം കൂടിയാണ് ഇതെന്ന് സംശയിക്കേണ്ടിവരും. അവർക്ക് സെൻട്രൽ ഗവൺമെന്റിൽ പോസ്റ്റിംഗ് വേണമെങ്കിൽ പാവപ്പെട്ട മാവോയിസ്റ്റുകളെ വെടിവച്ച് ശൗര്യം തെളിയിക്കുകയല്ല വേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. അത്തരത്തിലുള്ള നടപടികളല്ല ഇവിടെ ഉണ്ടാകേണ്ടത്. മുഖ്യമന്ത്രി ഇക്കാര്യം ഗൗരവമായി പരിശോധിക്കണം. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ചില കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടില്ലെന്ന് അങ്ങ് പറഞ്ഞു. ചിലതൊന്നും വെളിപ്പെടുത്താൻ പറ്റില്ല, അങ്ങേയ്ക്കും പറ്റില്ല. പക്ഷേ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലൊന്നും ഒരു മാവോയിസ്റ്റിനെയും വെടിവയ്ക്കാൻ ഞങ്ങൾ സമ്മതിച്ചിരുന്നില്ല. കാരണം, ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നയം ഒരു പ്രശ്നമാണ്. ഡി.ജി.പി.-യുടെ സമീപനം ഒരു പ്രധാനപ്പെട്ട കാര്യമാണ്. അന്നത്തെ ഡി.ജി.പി. എന്നോട് പറയും, ഒരു ഏറ്റുമുട്ടലിലേയ്ക്കല്ല നമുക്ക് പോകേണ്ടത് മറിച്ച് അവരെ തിരികെ കൊണ്ടുവരേണ്ട നടപടിയാണ് സ്വീകരിക്കേണ്ടതെന്ന്. ഇന്നത്തെ ഡി.ജി.പി. ഏറ്റുമുട്ടലിലൂടെ ആളുകളെ കൊല്ലുന്ന സമീപനം സ്വീകരിച്ചത് ശരിയാണോ; അതിനെ അംഗീകരിക്കാനാകുമോ; അങ്ങനെയൊരു പോലീസ്‌രാജിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ കഴിയുമോ?

2015 മേയ് 4-നാണ് കോയമ്പത്തൂരിൽ കരുമത്തംപട്ടിയിൽ മാവോയിസ്റ്റ് നേതാക്കളായ രൂപേഷിനേയും ഷൈനിയേയും മൂന്ന് പേരോടൊപ്പം കേരള, തമിഴ്നാട്, തെലുങ്കാന എന്നിവിടങ്ങളിലെ പോലീസ് സംയുക്തമായി നടത്തിയ ഓപ്പറേഷനിലൂടെ പിടികൂടുന്നത്. അവരെ വെടിവച്ച് കൊന്നില്ല. പകരം അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന്, വിചാരണയ്ക്ക് വിധേയമാക്കി. അവരുടെ കയ്യിൽനിന്നും കിട്ടാവുന്ന വിവരങ്ങൾ മുഴുവൻ ശേഖരിച്ചു. ആഭ്യന്തര വകുപ്പുമന്ത്രിയായതിനുശേഷം എനിക്ക് രൂപേഷും ഷൈനിയും ജയിലിൽനിന്നും കത്തയച്ചിട്ടുണ്ടായിരുന്നു. ആ കത്ത് ഞാൻ കാണിക്കാം. അതിൽ അവരോട് പോലീസ് സ്വീകരിച്ച സമീപനമാണ് എഴുതിയിരുന്നത്. ഞങ്ങളാരും അവരെ വെടിവച്ച് കൊല്ലാൻ പറഞ്ഞില്ല. ആരാണ് രൂപേഷ്? ഒരു കാലത്ത് സി.പി.ഐ.-യുടെ യുവജന വിഭാഗമായ എ.ഐ.വൈ.എഫ്.-ന്റെ നേതാവായിരുന്നു. അവരുടെ മകളുടെ കല്യാണത്തിന് എന്നെ വിളിച്ചിരുന്നു. അവർക്ക് ഒരു കുടുംബമുണ്ട്; ജീവിതമുണ്ട്. അവരെ കസ്റ്റഡിയിൽ എടുത്തിട്ടുപോലും ഒരു രാഷ്ട്രീയ തടവുകാരന് കൊടുക്കേണ്ട ആനുകൂല്യങ്ങളെല്ലാം കൊടുക്കണമെന്നും ഒരിക്കലും വേറൊരു തരത്തിൽ പീഡിപ്പിക്കാൻ പാടില്ലെന്നുമാണ് ഞങ്ങൾ പറഞ്ഞത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി, അങ്ങയിൽനിന്ന് ഞാനിത് പ്രതീക്ഷിച്ചില്ല, ഒരിക്കലും ഇത് ന്യായീകരിക്കാൻ പാടില്ലായിരുന്നു. അങ്ങ് പ്രവർത്തിക്കുന്ന പ്രസ്ഥാനത്തിന്റെ കഥകളൊക്കെ അങ്ങ് പറഞ്ഞു. അങ്ങനെയൊരു പ്രസ്ഥാനത്തിന്റെ പാരമ്പര്യമുള്ള വ്യക്തിയാകുമ്പോൾ ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയിൽനിന്നും ഇത്തരം നടപടി കേരളം പ്രതീക്ഷിക്കുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുകയാണ് വേണ്ടത്. പോലീസ് പറയുന്നത് അതുപോലെ സ്വീകരിക്കുകയല്ല വേണ്ടത്, അങ്ങ് ചിന്തിക്കണം. പട്രോളിംഗ് നടക്കും, നമുക്ക് നേരെ വെടിവയ്പുണ്ടാകും, അതെല്ലാം ശരിയാണ്. വെടിവയ്പുണ്ടാകുമ്പോൾ കൊല്ലുന്ന തരത്തിലുള്ള നടപടികളല്ല സ്വീകരിക്കേണ്ടത്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക അതിർത്തിയിലുള്ള ട്രൈ ജംഗ്ഷനാണിത്. ഇവിടത്തെ പോലീസുമായി ചേർന്നാണ് ഇത്തരത്തിലുള്ള ഓപ്പറേഷൻ നടത്തേണ്ടത്. മിനിസ്റ്റീരിയൽ തലത്തിലും ഡി.ജി.പി. തലത്തിലും മീറ്റിംഗുണ്ട്, ഇതൊക്കെ അങ്ങേയ്ക്കറിയാം. ട്രൈ ജംഗ്ഷൻ ആയതുകൊണ്ട് പലപ്പോഴും ഇത് തടയാൻ സംയുക്തമായ നീക്കങ്ങൾ നടക്കാറുണ്ട്. തമിഴ്നാട്ടിലോ കർണ്ണാടകയിലോ അടുത്തകാലത്തൊന്നും ഈ വനമേഖലയിൽ മാവോയിസ്റ്റ് ആക്രമണത്തിൽ ആരും മരിച്ചിട്ടില്ല. പക്ഷേ കേരളത്തിൽ ഏഴെട്ട് പേരെ കൊന്നത് അപമാനകരമായ സംഭവമാണ്.

11.00 A.M]

അരി ചോദിക്കാൻ വന്നതാണെന്ന് അങ്ങ് ഇവിടെ പറഞ്ഞു. അങ്ങേയ്ക്ക് അറിയാം മാവോയിസ്റ്റ് മാത്രമല്ല, അവരുടെ ഫ്രണ്ട് ഓർഗനൈസേഷൻസും പ്രവർത്തിക്കുന്നുണ്ട്. അവർ കേരളത്തിന്റെ പല ഭാഗത്തും പോസ്റ്ററുകൾ ഒട്ടിക്കാറുണ്ട്. ഗ്രോ വാസുവിനെ പോലെയുള്ള ആളുകൾ പലപ്പോഴും പ്രവർത്തിക്കാറുണ്ട്. ഇന്നുവരെ ഗ്രോ വാസുവിനെ ആരും അറസ്റ്റ് ചെയ്തിട്ടില്ല; അവരൊക്കെ മനുഷ്യാവകാശ പ്രവർത്തകരും ഇവരോട് അനുഭാവം പ്രകടിപ്പിക്കുന്ന ഫ്രണ്ട് ഓർഗനൈസേഷൻസിന്റെ ആളുകളുമാണ്. അത്തരം അഭിപ്രായ പ്രകടനങ്ങൾ അവർ നടത്തുന്നുവെന്നുള്ളതല്ലാതെ കേരളത്തിൽ സംഭ്രമജനകമായ തരത്തിലുള്ള ഒരു സംഭവവും ഉണ്ടായിട്ടില്ലെന്നുള്ളത് വളരെ ഗൗരവത്തോടുകൂടി കാണേണ്ട കാര്യമാണ്. നിലമ്പൂരിൽ കൊല്ലപ്പെട്ട മാവോയിസ്റ്റുകൾ അസുഖ ബാധിതരായി അനങ്ങാൻപോലും പറ്റാത്ത അവസ്ഥയിലായിരുന്നു. മണിവാസകത്തിന് പ്രമേഹരോഗം കൂടി സറണ്ടർ ചെയ്യാൻ കാത്തിരിക്കുന്ന സന്ദർഭത്തിലാണ് വെടിയേറ്റ് കൊല്ലപ്പെട്ടതെന്ന് ഇന്നത്തെ ഒരു പത്രത്തിൽ വായിച്ചു. അത് ശരിയാണെങ്കിൽ മണിവാസകത്തിന് കീഴടങ്ങാൻ ഒരവസരം

കൊടുക്കുന്നതിൽ എന്ത് തെറ്റാണുള്ളത്; അതോ വെടിവച്ചുകൊല്ലുകയാണോ വേണ്ടത്? കഠിനമായ അസുഖ ബാധിതനായിരുന്നുവെന്ന് വൈത്തിരിയിൽ കൊല്ലപ്പെട്ട ജലീലിന്റെ വീട്ടുകാർ പറയുന്നുണ്ട്. ഞാൻ അവരോട് സംസാരിച്ചിട്ടുണ്ട്. വ്യാജ ഏറ്റുമുട്ടലാണെന്ന് അവർ വിശ്വസിക്കുന്നു. ജലീലിന് വെടികൊണ്ടത് പിന്നിലാണെന്നത് വ്യക്തമാണെന്ന് അദ്ദേഹത്തിന്റെ സഹോദരൻ ഇന്നലെയും ടെലിവിഷൻ ചാനലിലൂടെ പറഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ, അവർ അരിയും മരുന്നും വാങ്ങാൻ വന്നതാണെന്ന് അങ്ങ് കളിയാക്കി പറഞ്ഞു. അവർ അരിയും മരുന്നും വാങ്ങാൻ പലപ്പോഴും കോളനികളിൽ പോകാറുണ്ട്; അതിന്റെ വിവരങ്ങൾ നമുക്ക് ലഭിക്കാറുമുണ്ട്. ആദിവാസികൾക്ക് അവരോട് അനുഭാവവുമുണ്ട്. നമ്മൾ അത് ഗൗരവമായി കാണണം. ആ ആദിവാസികളുടെ ദൈന്യതയും ദുഃഖവും ദാരിദ്ര്യവും മുതലെടുത്തുകൊണ്ട് അവരെക്കൂടി തങ്ങളുടെ കൂട്ടത്തിലേക്ക് മാറ്റാൻ ശ്രമിക്കുന്നതിനെ തടയുകയായിരുന്നു ഞങ്ങളുടെ ഗവൺമെന്റ് ചെയ്തത്. അതിന്റെ ഭാഗമായിട്ടാണ് ഞങ്ങളുടെ ഗവൺമെന്റ് ഫോറസ്റ്റ് വാച്ച്മാന്മാരായി 700 പേരെ ആദിവാസികളിൽനിന്നും റിക്രൂട്ട് ചെയ്തു കൊടുത്തത്. ആദിവാസികളെ വിശ്വാസത്തിലെടുക്കുക, അവരുടെ സഹായത്തോടുകൂടി മാവോയിസ്റ്റുകളുടെ കടന്നുകയറ്റം തടയുക എന്നുള്ളതായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനം. പോലീസിലേയ്ക്ക് പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള നടപടികൾ ആരംഭിച്ചത് ആ കാലഘട്ടത്തിലാണ്. മാവോയിസ്റ്റുകൾ വരുമ്പോൾ പലയിടത്തും ആദിവാസികൾക്ക് അവരോട് അനുഭാവമുണ്ട്. ആദിവാസികളെക്കൂടി അവരുടെ കൂട്ടത്തിലേക്ക് വിട്ടുകൊടുക്കാതെ അവരെ സംരക്ഷിക്കുന്ന നിലപാടായിരുന്നു ഞങ്ങൾ സ്വീകരിച്ചത്. അതുകൊണ്ട് സർക്കാരിനെ സംബന്ധിച്ചിടത്തോളം അവർ കൊല്ലപ്പെടേണ്ടത് തങ്ങളുടെ രാഷ്ട്രീയ ആവശ്യമാണെന്ന തരത്തിലേക്ക് കാര്യങ്ങൾ പോകുന്നത് ശരിയാണോ? ഒരു പ്രത്യയശാസ്ത്രമെന്നുള്ള നിലയിൽ മാവോയിസത്തെയും അതിന്റെ വഴികളെയും ശക്തമായി ഞാനും എന്റെ പാർട്ടിയും എതിർക്കുന്നുണ്ട്. എല്ലാ കാലഘട്ടത്തിലും എതിർത്തിട്ടുണ്ട്. അങ്ങ് പല കഥകളും ഇവിടെ പറഞ്ഞു. കേരളത്തിൽ മാവോയിസ്റ്റ് പ്രസ്ഥാനം ശക്തി പ്രാപിക്കാതിരുന്നതിന്റെ പ്രധാനപ്പെട്ട കാരണം കെ. കരുണാകരൻ എന്ന മുൻമുഖ്യമന്ത്രിയുണ്ടായിരുന്നതുകൊണ്ടാണെന്ന് ആവർത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരാൻവേണ്ടി മാത്രമാണ് ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നവഴി മാവോയിസ്റ്റ് സിദ്ധാന്തത്തിന് ചെറുപ്പക്കാരുടെ ഇടയിൽ സ്വാധീനമോ ശക്തിയോ വർദ്ധിപ്പിക്കാതിരിക്കാനുള്ള നടപടികളാണ് കോൺഗ്രസ് ഗവൺമെന്റ് എന്നും കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്നത് വസ്തുതയാണ്.

നിലമ്പൂരിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടപ്പോൾ സി.പി.ഐ. സംസ്ഥാന സെക്രട്ടറിയായ കാനം രാജേന്ദ്രൻ എന്താണ് പറഞ്ഞത്? മാവോയിസ്റ്റുകളെ കൊല്ലുന്നത് പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല എന്നാണ്. ഒരു ഇടത് സർക്കാരിന്റെ കീഴിൽ ഇത്തരം കൊലകൾ നടക്കാൻ പാടില്ല. ഇപ്പോൾ നടന്ന ഏറ്റുമുട്ടലിനെപ്പറ്റി സി.പി.ഐ.-യുടെ അഭിപ്രായവും ഇതുതന്നെയാണ്. റിട്ടയേർഡ് ജഡ്ജി ജസ്റ്റിസ് ബി. കമാൽ പാഷ എന്താണ് പറഞ്ഞത്? ഏറ്റുമുട്ടലിനെക്കുറിച്ച് വളരെ ഗൗരവമായ സംശയങ്ങൾ ഉയർന്നിരിക്കുന്നുവെന്നാണ്. നിരവധി മനുഷ്യാവകാശ/പൗരാവകാശ പ്രവർത്തകരും ഈ ഏറ്റുമുട്ടലിനെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. മാവോയിസ്റ്റ് ആകുന്നത് കുറ്റകരമല്ലെന്ന് ശ്രീ. ശ്യാം ബാലകൃഷ്ണനെ അറസ്റ്റ് ചെയ്ത കേസ്സിൽ കേരള ഹൈക്കോടതി പറഞ്ഞു. ഞങ്ങൾ ഇവിടെ ഈ അടിയന്തരപ്രമേയം കൊണ്ടുവരാനുള്ള കാരണമെന്താണെന്നുകൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്രയും കൊലപാതകം നടന്നിട്ട് കേരളത്തിന്റെ മുഖ്യമന്ത്രി ഒരക്ഷരം മിണ്ടിയിരുന്നില്ല. നിലമ്പൂരിൽ രണ്ടുപേരെ കൊന്നപ്പോഴും സി. പി. ജലീലിനെ കൊന്നപ്പോഴും ഇന്നിപ്പോൾ നാലുപേരെ കൊന്നപ്പോഴും മുഖ്യമന്ത്രി മിണ്ടിയില്ല. നിയമസഭയിലെങ്കിലും മുഖ്യമന്ത്രിയൊന്ന് വായ് തുറക്കുമോ എന്നറിയാൻ വേണ്ടിയാണ് ഞങ്ങളിത് കൊണ്ടുവന്നത്. കേരളത്തിൽ ഏഴുപേരെ പോലീസ് വെടിവച്ചുകൊന്നതിന് കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഒരു പ്രതികരണം കൊടുക്കാമായിരുന്നു. അങ്ങ് ഈ വസ്തുത ജനങ്ങളെ ബോധ്യപ്പെടുത്താൻ ബാധ്യതയുള്ള വ്യക്തിയല്ലേ? കേരളത്തിലെ പൊതുസമൂഹത്തിന് അങ്ങയുടെ അഭിപ്രായമറിയാൻ താല്പര്യമുണ്ടാകില്ലേ? പക്ഷേ അങ്ങ് ഒരക്ഷരം മിണ്ടിയില്ല. പകരം ഡി.ജി.പി.-യാണ് പറഞ്ഞത്, അതാണ് എന്റെ പ്രതിഷേധം. ഡി.ജി.പി. പോലീസിനെ ന്യായീകരിച്ചേ പറയുകയുള്ളൂ. ഇന്ന് എന്നെ ധാരാളം പോലീസുദ്യോഗസ്ഥർ വിളിച്ചു. ഞങ്ങളാരും പോലീസിന്റെ മുറ തകർക്കാൻ ശ്രമിക്കുന്നില്ല. പക്ഷെ, പോലീസ് തെറ്റ് ചെയ്താൽ കറക്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിയമസഭയ്ക്കും ഗവൺമെന്റിനും മുഖ്യമന്ത്രിക്കുമുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ആ കറക്ഷൻ നടപടികളാണ് ഇവിടെയുണ്ടാകേണ്ടത്. മാവോയിസ്റ്റുകൾ ഇങ്ങോട്ട് വെടിവച്ചിട്ടാണ് തങ്ങൾ തിരിച്ചുവെടിവച്ചത് എന്ന ന്യായമാണ് മുഖ്യമന്ത്രി പറഞ്ഞത്. മാവോയിസ്റ്റുകൾ ഇങ്ങോട്ട് വെടിവച്ചോ അതോ തണ്ടർ ബോൾട്ട് അങ്ങോട്ട് വെടിവച്ചോ എന്നൊക്കെ പറയുന്നതല്ലാതെ ഇതിനെന്താണ് തെളിവുള്ളത്? മൂന്ന് ഏറ്റുമുട്ടലുകളിലും മാവോയിസ്റ്റുകൾ തണ്ടർ ബോൾട്ടിനുനേരെ വെടിവച്ചിരുന്നു എന്നതിന് ഒരു തെളിവുമില്ല. ഇതാണ് ഞാൻ പറഞ്ഞത്, ഇത്തരം വ്യാജ ഏറ്റുമുട്ടലുകളോ അല്ലെങ്കിൽ കസ്റ്റഡിയിലുണ്ടാകുന്ന കൊലപാതകങ്ങളോ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് സുപ്രീംകോടതിയുടെ

ഉത്തരവുപ്രകാരം മജിസ്റ്റീരിയൽ എൻക്വയറി ഇൻസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ളത്. മഞ്ചേരി കോടതിയിൽ ആ മജിസ്റ്റീരിയൽ റിപ്പോർട്ട് കൊടുക്കേണ്ടതായിരുന്നു, പക്ഷെ കൊടുത്തില്ല. അത് ഇവിടെയാണ് കൊടുത്തത്. മജിസ്റ്റീരിയൽ എൻക്വയറി രഹസ്യമല്ല; അന്വേഷണ ഉദ്യോഗസ്ഥൻ കൊടുക്കുന്ന റിപ്പോർട്ടാണ്. ആ റിപ്പോർട്ട് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. വെളിച്ചം കാണാത്തതിലെ ദുരൂഹത ഇവിടെ വ്യക്തമായി ആരോപിക്കുന്ന ഒരു കാര്യമാണ്. ഈ മൂന്ന് ഏറ്റുമുട്ടലുകളെപ്പറ്റിയും നിഷ്പക്ഷമായ ഒരന്വേഷണം അനിവാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമാധാന ജീവിതത്തെപ്പറ്റിയും ആശയപരമായ കാര്യങ്ങളെപ്പറ്റിയും ഇവിടെ പറഞ്ഞു. നമുക്കെല്ലാവർക്കും അറിയാം, 1964-ലെ മാർക്സിസ്റ്റ് ലെനിനിസം അടിസ്ഥാനമാക്കിക്കൊണ്ട് ജനകീയ ജനാധിപത്യ വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുക്കണമെന്ന് പറഞ്ഞ പാർട്ടിയായിരുന്നു അങ്ങയുടേതെന്ന് മറക്കരുത്. 1948-ലെ കൽക്കട്ട തീസിസിലൂടെ രാജ്യത്ത് അധികാരം പിടിച്ചെടുക്കാമെന്നു കരുതിയ പാർട്ടിയുടെ അനുയായികളാണ് നിങ്ങൾ. വായിച്ച പാഠഭാഗങ്ങൾ ഞാൻ ഇന്ന് ഓർക്കുന്നു. അന്ന് ട്രെയിനിൽ ഡൈനാമിറ്റ് വച്ച് പൊട്ടിച്ച് ആളുകളെ കൊന്ന് അതിലൂടെ വിപ്ലവം നേടിയെടുക്കാമെന്ന് കരുതിയൊരു പാർട്ടിയുടെ വക്താക്കളായിരുന്നു നിങ്ങൾ. അതാരും മറക്കരുത്. കൽക്കട്ട തീസിസ് പരാജയപ്പെട്ടുപോയി എന്നുള്ളത് പിന്നീട് പത്ത് വർഷം കഴിഞ്ഞപ്പോഴാണ് നിങ്ങൾ തിരുത്തിയത്. അതിൽ നിന്നൊരു മാറ്റവും വന്നിട്ടില്ലെന്നാണ് എന്റെ അറിവ്. ആ പാർട്ടിക്ക് എങ്ങനെയാണ് മാവോയിസം ഒരു തത്വശാസ്ത്രമായി സ്വീകരിച്ചവരെ വെടിവച്ചുകൊല്ലാൻ കഴിയുന്നത്? 1968-ൽ ഇ.എം.എസ്.-ന്റെ ഭരണകാലത്താണ് പുൽപ്പള്ളി പോലീസ് സ്റ്റേഷൻ അക്രമം നടന്നത്. ഇവിടെ പലപ്പോഴും അടിയന്തരാവസ്ഥ, നക്സലുകൾക്കുനേരെ നടന്നുവെന്ന് പറയപ്പെടുന്ന അതിക്രമങ്ങളെക്കുറിച്ച് നിങ്ങൾ വാചാലമായി പറയാറുണ്ട്. ആ നിങ്ങളുടെ കാലത്തല്ലേ ഇപ്പോൾ ഏഴുപേരെ വെടിവച്ചുകൊന്നത്. രണ്ടുമൂന്ന് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഗ്രേഹൗണ്ട്സിൽ കൊണ്ടുപോയി ട്രെയിനിംഗ് കൊടുത്തതെന്ന് പറഞ്ഞു; അത് ശരിയാണ്. നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. പക്ഷെ നിയന്ത്രിക്കുമ്പോഴും ഒരു സംയമനം പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അവരെ കൈകാര്യം ചെയ്യുമ്പോൾ അവരും മനുഷ്യരാണെന്ന് കാണണം. മാവോയിസ്റ്റ് വിശ്വാസം, അത് അവരുടെ വിശ്വാസമാണ്; അത് തെറ്റാണെന്ന് നമ്മൾ വിശ്വസിക്കുന്നു. പക്ഷെ തിരിച്ച് വിശ്വസിക്കാനുള്ള അധികാരം അവർക്കുണ്ട്. ഒരു മാവോയിസ്റ്റ് ആയതുകൊണ്ട് അവരെ വെടിവച്ചുകൊല്ലാൻ പാടുണ്ടോ എന്നുള്ള ചോദ്യചിഹ്നം നമ്മുടെ മുമ്പിൽ

നിൽക്കുകയാണ്. കേരളത്തിൽ സമാധാന ജീവിതം ഉറപ്പുവരുത്തണം, ക്രമസമാധാനം നിലനിർത്തണം, ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകണം. അതോടൊപ്പംതന്നെ വിയോജിക്കുന്ന ആളുകളെ വെടിവച്ചുകൊല്ലുന്ന കിരാത നടപടികൾ കേരളത്തിലുണ്ടാകാൻ പാടില്ല. ആ കിരാത നടപടികൾക്ക് നേതൃത്വംകൊടുക്കുന്നത് അങ്ങയുടെ ഭാഗത്തും സർക്കാരിന്റെ ഭാഗത്തുമുള്ള തെറ്റാണ്. അത് പുനഃപരിശോധിക്കുകയാണ് വേണ്ടതെന്ന് സർക്കാരിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

## III ശ്രദ്ധ ക്ഷണിക്കൽ

## (1) പി.എസ്.സി.-യുടെ വിശ്വാസ്യത

ശ്രീ. പി. ഉബൈദുള്ള: സർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യത സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. ഭരണഘടനാ സ്ഥാപനമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യതയെ തകർക്കുന്ന തരത്തിലുള്ള സംഭവങ്ങളാണ് കഴിഞ്ഞ ഏതാനും മാസങ്ങളായി വാർത്താ മാധ്യമങ്ങളിൽക്കൂടി പുറത്തുവന്നു കൊണ്ടിരിക്കുന്നത്. ഈ സർക്കാർ പി.എസ്.സി.-യെ പൂർണ്ണമായും രാഷ്ട്രീയവത്ക രിച്ചിരിക്കുകയാണ്. പരീക്ഷാക്രമക്കേടുകൾ സംബന്ധിച്ച വാർത്തകൾ വന്നപ്പോൾ ത്തന്നെ മുഖ്യമന്ത്രി നിഷേധിക്കുകയും പി.എസ്.സി.-യുടെ വിശ്വാസ്യതയെ തകർക്കാനുള്ള ഗൂഢനീക്കമെന്നാണ് മുഖ്യമന്ത്രിയും പി.എസ്.സി. ചെയർമാനുമൊക്കെ പ്രതികരിച്ചത്. എന്നാൽ പി.എസ്.സി.-യുടെ തന്നെ വിജിലൻസ് വിഭാഗം ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ഈ സംവിധാനത്തിന്റെ വിശ്വാസ്യത പോലും ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. 'ഓരോ ഫയലിലും ഓരോ ജീവിതമുണ്ട് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്യോഗസ്ഥരെ ഓർമ്മിപ്പിച്ചത്. മത്സരപ്പരീക്ഷയുടെ ഓരോ ഉത്തരക്കടലാസിലും ഉദ്യോഗാർത്ഥിയുടെയും കുടുംബത്തിന്റെയും സ്വപ്നങ്ങൾ കൂടിയുണ്ട്. നന്നായി പഠിച്ച് പരീക്ഷ എഴുതിയവരെ പിന്നിലാക്കി ക്രമക്കേടിലൂടെ റാങ്ക് ലിസ്റ്റിൽ മുന്നിലെത്തുന്ന പിൻവാതിൽക്കാരെ തുണയ്ക്കാൻ അധികാരവും സ്വാധീനവും കൂടിയുണ്ടാകുമ്പോൾ എത്രയോ ആയിരങ്ങളുടെ സ്വപ്നങ്ങളാണ് ഇരുളടയുന്നത് എന്ന കാര്യംകൂടി നാം ഓർക്കണം. പി.എസ്.സി.-യുടെ ക്രമക്കേടുകളുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന വധശ്രമക്കേസ് പ്രതികൾക്ക് പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ ഉന്നത റാങ്കുകൾ നേടാനായത്. അങ്ങേയറ്റം ലജ്ജാകരമായ ഈ സംഭവം കേരള മന:സാക്ഷിയെ ഞെട്ടിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാർ നിയോഗിക്കുന്ന ഏജൻസിക്ക് ഈ

കേസിൽ യഥാർത്ഥ പ്രതികളെ പിടികൂടാനാകില്ല. പൊതുസമൂഹം സംശയിച്ചതു കൊണ്ടുണ്ടായ സമ്മർദ്ദത്തിൽ മാത്രം പി.എസ്.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും വ്യാപകമായ ക്രമക്കേട് നടന്നുവെന്ന് ബോദ്ധ്യം വന്നതിനാൽ ക്രൈംബ്രാഞ്ചിന് കേസ് കൈമാറുകയുമാണ് ചെയ്തത്. തുടർന്നുള്ള അന്വേഷണം പ്രഹസനമായി തുടരുകയാണ്. പരീക്ഷാക്രമക്കേടിന് ആധാരമായ ചോദ്യക്കടലാസ് ചോർച്ചയുടെ പ്രഭവകേന്ദ്രം എവിടെയാണെന്നും അതിലുൾപ്പെട്ട വ്യക്തികൾ ആരെല്ലാമാണെന്നും കണ്ടെത്താതെ സർക്കാരും പി.എസ്.സി.-യും ഇരുട്ടിൽ തപ്പുകയാണ്. വധശ്രമക്കേസ് പ്രതികളിൽ മൂന്നുപേർക്കും ഒരേ ആൽഫാകോഡ് ലഭിക്കാനുണ്ടായ സാഹചര്യം ക്രൈംബ്രാഞ്ചിന് ഇതുവരെയും കണ്ടെത്താനായില്ലെന്നതും അന്വേഷണം ഈ മൂന്ന് പേരിൽ മാത്രമായി ഒതുക്കി യഥാർത്ഥ പ്രതികളിൽനിന്നും തിരിച്ചുവിടാൻ ബോധപൂർവ്വം ശ്രമങ്ങൾ നടക്കുന്നുവെന്നുമാണ് നമ്മൾ സംശയിക്കേണ്ടത്. വളരെ സങ്കീർണ്ണമായ ക്രിമിനൽ കേസുകൾപോലും ദിവസങ്ങൾകൊണ്ട് തെളിയിക്കുന്ന നമ്മുടെ ക്രൈംബ്രാഞ്ചിന് ഈ കേസിന്റെ ഉറവിടം കണ്ടെത്താൻ ഇതുവരെയും കഴിഞ്ഞിട്ടില്ലെന്നത് വിരോധാഭാസമാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന വധശ്രമക്കേസ് പുറത്തുവന്നതുകൊണ്ടുമാത്രമാണ് കാസർഗോഡ് ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് പട്ടികയിൽ ഒന്നും രണ്ടും ഇരുപത്തെട്ടും റാങ്കുകൾ കരസ്ഥമാക്കിയവർ പരീക്ഷാക്രമക്കേട് കേസിലെ പ്രതികളായി വന്നകാര്യം പുറംലോകം അറിയുന്നത്. ജനങ്ങളുടെ വിശ്വാസം വീണ്ടെടുക്കുന്നതിനുവേണ്ടി സമീപകാലത്ത് പി.എസ്.സി. നടത്തിയ നിയമനങ്ങളെല്ലാം അന്വേഷിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സ്വതന്ത്രവും നീതിയുക്തവുമായ അന്വേഷണം അനിവാര്യമാണെന്ന് കോടതി അഭിപ്രായപ്പെട്ടിരിക്കുന്നു. കുറ്റകൃത്യത്തിന്റെ സ്വഭാവം പരിഗണിക്കുമ്പോൾ ജാമ്യം അനുവദിക്കുന്നത് നീതീകരിക്കാൻ ആവില്ലെന്നും ഹൈക്കോടതി പറഞ്ഞു. സർക്കാർ ഇവർക്ക് ജാമ്യം നൽകുന്നതിന് അനുകൂലമായ സമീപനമാണ് സ്വീകരിച്ചതെന്നത് വളരെ ഖേദകരമാണ്. സ്വതന്ത്രമായി നിലകൊള്ളേണ്ട പി.എസ്.സി. പുറത്തിറക്കുന്ന റാങ്ക് ലിസ്റ്റിന്റെ പവിത്രത നഷ്ടപ്പെട്ടിരിക്കുകയാണ്. പഠിച്ച് പരീക്ഷ എഴുതുന്ന നിലവാരമുള്ള ഉദ്യോഗാർത്ഥികളുടെ ആത്മവിശ്വാസം തകർക്കുന്ന വിവരങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇതിൽ എങ്ങനെ ഒരു ഭരണഘടനാ സ്ഥാപനത്തിന് അഭിമാനിക്കാൻ കഴിയുമെന്നാണ് ജസ്റ്റിസ് ബി. കമാൽപാഷ ചോദിച്ചത്. സംസ്ഥാന ആസൂത്രണ ബോർഡിലെ ചീഫ് പ്ലാനിംഗ് കോർഡിനേഷൻ, ചീഫ് ഡീസെൻട്രലൈസേഷൻ, ചീഫ് സോഷ്യൽ

സർവ്വീസസ് എന്നീ മൂന്ന് പ്രധാന തസ്തികകളിലേയ്ക്ക് പി.എസ്.സി. നടത്തിയ ഇന്റർവ്യൂവിൽ, നിലവിലുള്ള വ്യവസ്ഥാപിതമായ ചട്ടങ്ങളും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവും ലംഘിച്ച് മൂന്ന് ഉദ്യോഗസ്ഥർക്ക് നിയമനം ഉറപ്പാക്കുന്നതിനുവേണ്ടി അട്ടിമറി നടത്തി അഭിമുഖത്തിൽ ഉയർന്ന മാർക്ക് നൽകിയെന്ന് കഴിഞ്ഞ ദിവസങ്ങളിൽ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എഴുത്തുപരീക്ഷയ്ക്കുശേഷം നടത്തുന്ന അഭിമുഖത്തിൽ ഉദ്യോഗാർത്ഥികൾക്ക് 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നൽകരുതെന്നാണ് നിലവിലുള്ള നിയമം. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡിലെ ഇടതുപക്ഷാനുഭാവികളായ മൂന്ന് ഉദ്യോഗസ്ഥർക്ക് 90 മുതൽ 95 ശതമാനം വരെ മാർക്കാണ് നൽകിയത്. ജനാധിപത്യത്തിൽ ഏറ്റവും കളങ്കിതമായ ഈ അവസ്ഥയ്ക്ക് മാറ്റം വരണം. പബ്ലിക് സർവ്വീസ് കമ്മീഷനെ ശുദ്ധീകരിക്കാൻ ഗൗരവമുള്ള ചിന്തകൾ ഉണ്ടാകണം. ഭരണത്തിലും പരീക്ഷാനടത്തിപ്പിലും നിയമനത്തിലും സംശുദ്ധിയും അന്തസ്സും സുതാര്യതയും പുലർത്തിയിരുന്ന പി.എസ്.സി.-യുടെ സൽപേര് നഷ്ടപ്പെടാൻ ഇടവരുത്തരുത്. പലപ്പോഴും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് മേധാവികൾ ഒഴിവുകൾ പി.എസ്.സി.-ക്ക് കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യുന്നില്ല. റിപ്പോർട്ട് ചെയ്താൽത്തന്നെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവരികയാണ്. ഇപ്പോൾത്തന്നെ കോർപ്പറേഷൻ/ബോർഡ് തുടങ്ങിയവയിലേക്കുള്ള അസിസ്റ്റന്റ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേയ്ക്കുള്ള ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ് രണ്ട് വർഷം പിന്നിട്ടും സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ കഴിഞ്ഞ് ആറ് മാസത്തോളമായിട്ടും ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ പി.എസ്.സി. അമാന്തം കാണിക്കുകയാണ്. കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാന ക്രൈംബ്രാഞ്ചിന് ഇപ്പോഴുണ്ടായിട്ടുള്ള പോലീസ് കോൺസ്റ്റബിൾ പരീക്ഷയിലും കുറ്റവാളികളെ പിടികൂടാനും നിയമത്തിനുമുന്നിൽ കൊണ്ടുവരാനും സാധിക്കുകയില്ലെന്ന കാര്യം ഉറപ്പായ സാഹചര്യത്തിൽ പരീക്ഷാക്രമക്കേടുകൾ നടത്തിയ കുറ്റവാളികളെ സംരക്ഷിക്കാതെ അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ലക്ഷത്തി പതിനാറായിരത്തിൽപ്പരം നിയമനങ്ങളാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തിയത്. ഇരുപത്തി രണ്ടായിരത്തിൽപ്പരം തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞു. തസ്തികകൾ ഇല്ലാതാക്കി എന്ന നയം തിരുത്തി യുവജനങ്ങൾക്ക് ആശ്വാസം പകരുന്ന നടപടികളാണ്

സ്വീകരിച്ചത്. ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യിപ്പിച്ച് നിയമനങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. റാങ്ക് ലിസ്റ്റുകൾ വേഗത്തിൽ പ്രസിദ്ധീകരിച്ച് പി.എസ്.സി.-യും നല്ല നിലയിൽ മുന്നോട്ടുപോകുന്നു. 2016 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള കാലയളവിൽ 3,347 റാങ്ക് ലിസ്റ്റുകൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങനെ ശക്തമായ ഇടപെടലുകൾ നടത്തുന്ന ഘട്ടത്തിൽ ഉയർന്നുവന്ന ചില പ്രശ്നങ്ങളിൽ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ട് പോകുന്നതിനും പി.എസ്.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങൾ പെരുപ്പിച്ചു കാട്ടുന്നത് ഏറ്റവും വിശ്വസ്തതയുള്ള പി.എസ്.സി.-യെക്കുറിച്ച് പൊതുജനങ്ങളിൽ അവമതിപ്പ് ഉണ്ടാക്കാനും യുവാക്കളിൽ അങ്കലാപ്പ് സൃഷ്ടിക്കാനും ഇടയാക്കും. കാസർഗോഡ് ജില്ലയിലെ കേരള ആംഡ്പോലീസ് ബറ്റാലിയൻ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ ക്രമക്കേട് നടന്നുവെന്ന ആരോപണം ഉയർന്നിരുന്നു. തുടർന്ന് ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്യുകയും ആരോപണവിധേയരെ കസ്റ്റഡിയിലെടുത്ത് ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് ഊർജ്ജിത അന്വേഷണം നടത്തിവരികയുമാണ്. കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറണമെന്നാവശ്യപ്പെടുന്ന ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർനടപടി സ്വീകരിക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യണമെന്ന് പലപ്പോഴും നിർദ്ദേശം നൽകുന്നുണ്ടെങ്കിൽപ്പോലും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യുന്നില്ല. ഇപ്പോഴും സർക്കാരിന്റെ പല വകുപ്പുകളിലും പിൻവാതിലിലൂടെ നിയമനം നേടി നിത്യവേതനത്തിന് പലരും ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. SCOLE Kerala (State Council for Open and Life long Education) പോലെയുള്ള സ്ഥാപനങ്ങളിൽ ഇപ്പോഴും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ അത് മറികടന്ന് പിൻവാതിലിലൂടെ നിയമനം നടക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി നിയന്ത്രിക്കാനും പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്താനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: എല്ലാ ഡിപ്പാർട്ട്മെന്റുകളും ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യണമെന്നതാണ് നിലവിലെ വ്യവസ്ഥ. അങ്ങനെ റിപ്പോർട്ട് ചെയ്യാതിരിക്കുന്നുണ്ടോയെന്നുള്ളത് പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (2) ദേശീയപാതയിലെ പ്രവൃത്തികൾ

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തമിഴ്നാടും കേരളവും തമ്മിൽ വ്യാപാര-വ്യവസായ ബന്ധങ്ങളുൾപ്പെടെ നടത്താൻ കഴിയുന്ന കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദേശീയ പാതയാണ് മണ്ണുത്തി - വടക്കാഞ്ചേരി ദേശീയ പാത. 2009 ആഗസ്റ്റ് 24-ാം തീയതി സ്ഥലമെടുപ്പ് പൂർത്തിയായതിനുശേഷം ദേശീയപാത അതോറിറ്റിയുമായി കെ.എം.സി. എന്ന കമ്പനി കരാർ ഒപ്പിട്ടിരിക്കുകയാണ്. 2010 ഫെബ്രുവരിയിൽ കരാർ ഔദ്യോഗികമായി നിലവിൽ വരുമ്പോൾ 30 മാസംകൊണ്ട് മണ്ണുത്തി-വടക്കാഞ്ചേരി ദേശീയപാത, കേരളത്തിലെ ആദ്യത്തെ റോഡിലുള്ള തുരങ്കം ഉൾപ്പെടെയുള്ള ദേശീയപാത പൂർത്തീകരിക്കും എന്ന ധാരണയാണ് ഉണ്ടായിരുന്നത്. അന്ന് 'കൃഷ്ണമോഹൻ കൺസ്ട്രക്ഷൻ' എന്ന പേരിലുള്ള കമ്പനിയുടെ ചെയർമാനായിരുന്നത് ശ്രീ. എം. രാജ്മോഹൻ റെഡ്ഡിയാണ്. അദ്ദേഹം ആന്ധ്രാപ്രദേശിലെ ഉദയഗിരിയിൽനിന്നും കോൺഗ്രസ്സിന്റെ എം.എൽ.എ. ആയി ജയിച്ച ആളാണ്. പിന്നീട് 3 തവണ ഓങ്കോളിലും നർസാംപേട്ടിലും നെല്ലൂരിലും എം.പി.-യായി സെൻട്രൽ ഗവൺമെന്റിൽ ഇടപെടൽ നടത്തിയിരുന്ന ഒരാളാണ്. വളരെ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷമാണ് ഈ പാതയുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലനിൽക്കുന്നത്. കഴിഞ്ഞ ദിവസം 72 മണിക്കൂർ വരെ പാതയിലൂടെ കടന്നുപോകാൻ കഴിയാത്തവിധം കുതിരാൻപാത ആകെ ബ്ലോക്കായ സ്ഥിതിയുണ്ടായി. ആംബുലൻസിനുപോലും അതിനകത്തുകൂടി കടന്നുപോകാൻ കഴിയാതെ നിരവധിപേർ മരണപ്പെടുന്ന സാഹചര്യമുണ്ടായി. വലിയ കുഴികൾ റോഡിലുണ്ടെന്നാണ് സാധാരണ പറയാറുള്ളത്. എന്നാൽ കുതിരാൻ പാതയിലെ കുഴികളിൽ ചില ഭാഗത്ത് റോഡുണ്ടെന്ന് പറയുന്ന സ്ഥിതിവിശേഷമുണ്ട്. പൊതിച്ചോറ് കയ്യിൽ പിടിക്കാതെ തൃശ്ശൂരിൽനിന്ന് പാലക്കാട്ടേയ്ക്ക് പോകാൻ പറ്റാത്ത സാഹചര്യമാണെന്ന് പൊതുവിൽ ആളുകളൊക്കെ പറയുന്ന തരത്തിലുള്ള സംഭവമുണ്ടായി. ഈ വിഷയം സഭ പല തവണ ചർച്ച ചെയ്തതാണ്. ഞങ്ങളുടെ ജില്ലയിലെ മന്ത്രിമാരായിട്ടുള്ള ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. വി. എസ്. സുനിൽ കുമാർ, പ്രൊഫ. സി. രവീന്ദ്രനാഥ് ഉൾപ്പെടെയുള്ള ആളുകൾ, അവിടെയുണ്ടായിരുന്ന എം.പി.-മാർ എല്ലാവരും നിരന്തരമായി ഇടപെടുകയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിതന്നെ മൂന്ന് തവണ സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ട ആളുകളുടെ യോഗം നടത്തുകയും കൃത്യമായി കൗണ്ട് ഡൗൺ ഉൾപ്പെടെ തീരുമാനിച്ചുകൊണ്ട് ഉറപ്പ് ലഭ്യമാകുന്ന തരത്തിൽ ദേശീയപാത അതോറിറ്റിയുമായി സംസാരിക്കുകയും ചെയ്തതാണ്. എന്നാൽ ആ ഉറപ്പുകളൊന്നും

പാലിക്കപ്പെടുന്ന സ്ഥിതിയുണ്ടായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് വിളിച്ച് ഇവരുമായി യോഗം നടത്തിയതാണ്. പുതിയതായി ചുമതലയേറ്റ കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻ അവിടെ സന്ദർശിച്ചതിനുശേഷം ഒരു മാസത്തിനുള്ളിൽ പ്രശ്നങ്ങളെല്ലാം പരിഹരിക്കുമെന്ന് പ്രഖ്യാപിച്ചു. എന്നാൽ ആരെയും ഭയക്കാത്തൊരു കമ്പനിയായി കെ.എം.സി. കമ്പനി മാറിയിരിക്കുകയാണ്. ആ കമ്പനിയുടെ കീഴിലുള്ള 16 ഉപകരാറുകാർ പലതരത്തിൽ പ്രവർത്തനം നടത്തി തികച്ചും അശാസ്ത്രീയമായി ആ റോഡ് നിർമ്മാണം നടത്തിയിരിക്കുകയാണ്. ഈ കാലയളവിൽ 1008 അപകട കേസ്സുകളാണ് ഈ ഹൈവേയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 73 പേർ ഈ ഹൈവേയിൽ മരണപ്പെടുന്ന സാഹചര്യമുണ്ടായി. കമ്പനിയുടെ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളെത്തുടർന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി അവസാനം അവിടം സന്ദർശിച്ചപ്പോൾ ഇനിയും മരണം സംഭവിച്ചാൽ ദേശീയപാതാ അതോറിറ്റിയുടെ ചെയർമാനെതിരെയും കരാർ കമ്പനിക്കെതിരായും കൊലപാതകക്കുറ്റത്തിന് കേസെടുക്കണം എന്ന നിർദ്ദേശം കൊടുത്തു. കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യയുടെ ചരിത്രത്തിൽ, പ്രത്യേകിച്ച് കേരള ചരിത്രത്തിലാദ്യമായി ദേശീയപാത അതോറിറ്റിയുടെ ചെയർമാനുൾപ്പെടെ പ്രതിയാക്കി കേസെടുക്കുന്ന സ്ഥിതിയുണ്ടായെങ്കിലും കമ്പനി കോടതിയിൽപോയി അതിന് സ്റ്റേ സമ്പാദിക്കുന്ന സ്ഥിതിയാണ് ഉണ്ടായത്. കഴിഞ്ഞ മാസം വീണ്ടും അപകടങ്ങൾക്കെതിരായി പോലീസ് കേസ്സെടുക്കുന്ന സ്ഥിതിവിശേഷമുണ്ടായി. കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തണമെന്ന് കേരള നിയമസഭ ഒറ്റക്കെട്ടായി ചർച്ച ചെയ്ത് ആവശ്യപ്പെട്ടതാണ്. എന്നാൽ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്താൻ തയ്യാറായില്ലെന്നുമാത്രമല്ല, മാറിമാറി വന്ന യു.പി.എ. ഗവൺമെന്റും എൻ.ഡി.എ. ഗവൺമെന്റും കരാർ പാലിക്കാത്ത ഈ കമ്പനിക്ക് നാല് തവണ വീണ്ടും പ്രവർത്തിക്കാൻ അനുമതി കൊടുക്കുന്ന സ്ഥിതി യാണുണ്ടായത്. കരാർ ലംഘിച്ചാൽപ്പിന്നെ ആ കമ്പനിയെ കരിമ്പട്ടികയിൽ പ്പെടുത്തുകയോ പുറത്താക്കുകയോ ചെയ്തിട്ട് ദേശീയപാതാ അതോറിറ്റിയും കേന്ദ്രഗവൺമെന്റും നേരിട്ട് ആ പണി ഏറ്റെടുക്കുകയാണ് ചെയ്യേണ്ടത്. അങ്ങനെ ചെയ്യുന്നതിനുപകരം യു.പി.എ. ഗവൺമെന്റും എൻ.ഡി.എ. ഗവൺമെന്റും നാല് തവണ ഈ കമ്പനിക്ക് കരാർ കാലാവധി നീട്ടിക്കൊടുക്കുന്ന സ്ഥിതിയുണ്ടായി. ഇപ്പോൾ കമ്പനി bankrupt ആണ്. കമ്പനിയെ കരിമ്പട്ടികയിൽ പ്പെടുത്തിയിരുന്നെങ്കിൽ പുതിയ ഇ-ടെണ്ടറിൽ അവർ കോഴിക്കോട് ബൈപ്പാസ് ഏറ്റെടുക്കുമായിരുന്നില്ല. ഇപ്പോൾ കോഴിക്കോട് ബൈപ്പാസും അവർ ഏറ്റെടുത്തു. ഓരോ തവണ കരാർ നീട്ടിക്കൊടുക്കുമ്പോഴും അടങ്കൽ തുക വർദ്ധിക്കുകയാണ്. യഥാർത്ഥത്തിൽ റോഡ് പണിയുടെ അശാസ്ത്രീയതമൂലം നിരവധി റോഡപകടങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഫ്ലൈഓവറുകളും സർവ്വീസ് റോഡുകളും

നിർമ്മിക്കുമെന്നുപറഞ്ഞ് ഒന്നും പൂർത്തീകരിക്കാത്ത സ്ഥിതിയാണുണ്ടായത്. അക്ഷരാർത്ഥത്തിൽ സ്ഥായിയായ ഒരു പരിഹാരമാണ് നമുക്കാവശ്യം. ഇപ്പോഴത്തെ സ്ഥിതിവച്ച് കുതിരാൻ മുതൽ വഴുക്കുംപാറവരെയുള്ള സ്ഥലം പൂർണ്ണമായി ടാർ ചെയ്യുന്നതിനും കുഴികൾ അടയ്ക്കുന്നതിനും 2.80 കോടി രൂപയുടെ ടെണ്ടർ ഉറപ്പിച്ചുവെന്ന് പറയുന്നതല്ലാതെ അത് ടാർ ചെയ്യാൻ ഇതുവരെ തയ്യാറായില്ല.

മി. സ്പീക്കർ: പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. കെ. രാജൻ: സർ, ആയിരക്കണക്കിനാളുകളാണ് ഇതുമൂലം ബുദ്ധിമുട്ടുന്നത്. ഇക്കാര്യത്തിൽ ദേശീയപാതാ അതോറിറ്റിയും കേന്ദ്രഗവൺമെന്റും കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. ദേശീയപാതയിൽ പല സ്ഥലത്തും പ്രശ്നമുണ്ടെങ്കിലും ഇതോടൊപ്പം പൂർത്തീകരിക്കേണ്ട വടക്കാഞ്ചേരി മുതൽ പാലക്കാടുവരെയുള്ള ദൂരം വളരെ ഭദ്രമായി നടപ്പാക്കി എന്നിരിക്കെ, 10 വർഷമായി ഈ നാട്ടിലെ ജനങ്ങൾ എന്ത് കുറ്റമാണ് ചെയ്തത്; തങ്ങളുടെ ചെറിയ സമ്പാദ്യങ്ങൾകൊണ്ട് സ്വന്തമാക്കിയ അവരുടെ പ്രിയപ്പെട്ട സ്ഥലമുൾപ്പെടെ ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് കൊടുത്ത പാവപ്പെട്ട ജനങ്ങളുടെ മുമ്പിൽ നടക്കുന്ന നിരന്തരമായ മരണങ്ങൾ കണ്ട് സഹതപിക്കുകയോ കരയുകയോ അല്ലാതെ ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. ഇപ്പോൾ കമ്പനി ഓഫീസ് പൂട്ടി സ്ഥലംവിട്ടിരിക്കുകയാണ്. ഇവർ എവിടെയാണെന്നോ എങ്ങനെ കൊണ്ടുവരാൻ കഴിയുമെന്നോ ദേശീയപാതാ അതോറിറ്റിക്ക് ഒരു ധാരണയുമില്ല. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ 50 ലക്ഷം രൂപ അവരുടെ കയ്യിൽ ഉണ്ടായിട്ടും ആ റോഡ് റിപ്പയർ ചെയ്യാൻ ശ്രമിക്കാതിരിക്കുന്നത് ഈ കമ്പനിയുമായി കൂട്ടുചേർന്ന് ദേശീയപാതാ അതോറിറ്റി നടത്തിക്കൊണ്ടിരിക്കുന്ന അവിഹിതമായ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണെന്ന ബോദ്ധ്യമുണ്ട്. മണ്ണുത്തി ദേശീയ പാത പണിയാതെയിട്ടിരിക്കുന്ന സ്ഥിതി ആയിരക്കണക്കിന് ആളുകളുടെ ജീവിത വ്യഥകളിലേയ്ക്ക് പോകുകയാണ്. പരീക്ഷ എഴുതാൻ പറ്റാത്ത കുട്ടികൾ, ആശുപത്രിയിൽ പോകാൻ പറ്റാതെ മരണപ്പെട്ടവർ, ആ വഴി കടന്നുപോകാൻ കഴിയാത്തവർ, ജോലിക്ക് സ്ഥിരമായി പോകാൻ കഴിയാത്തവർ തുടങ്ങി ഇവരുടെ പ്രശ്നം പരിഹരിക്കണം. പ്രളയം ഉണ്ടായപ്പോൾ വലിയ ദുരന്തമുണ്ടായ സ്ഥലമാണ്.

മി. സ്പീക്കർ: പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. കെ. രാജൻ: സർ, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ആ റോഡ് സഞ്ചാരയോഗ്യമാക്കി സുരക്ഷിതമായ യാത്ര ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. കൂടിയായ ചീഫ് വിപ്പ് ശ്രീ. കെ. രാജൻ ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും വസ്തുതാപരമാണ്. 10 വർഷം മുമ്പാണ് ഈ കരാർ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എക്സ്പ്രസ് വേ ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകിയിട്ടുള്ളത്. ഈ കരാർ പ്രകാരം ഇതിന്റെ ഡിസൈനും നിർമ്മാണവും സാമ്പത്തികമായ പ്രവർത്തനങ്ങളും മെയിന്റനൻസുമെല്ലാം ഈ കമ്പനിതന്നെ നടത്തണമെന്നുള്ള പ്രത്യേക കോൺട്രാക്റ്റാണത്. (E.P.C.- Engineering, Procurement and Construction) - കേന്ദ്ര ഗവൺമെന്റ് എപ്പോഴും മുന്നോട്ടുവയ്ക്കുന്ന കോൺട്രാക്റ്റാണ്. പക്ഷേ കേരളത്തിൽ അങ്ങനെ കോൺട്രാക്റ്റ് കൊടുക്കാറില്ല. ഈ കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം ഏതാണ്ട് വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെ ദേശീയപാതയിലെ 30 കിലോമീറ്റർ രണ്ട് ടണൽ തുരങ്കങ്ങൾ 44 മാസംകൊണ്ട്, അതായത് 6-4-2013-ൽ പൂർത്തീകരിക്കണമെന്നായിരുന്നു തീരുമാനം. പക്ഷേ അത് നടന്നില്ല. അവിടെ വിവരണാതീതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് ശ്രീ. കെ. രാജൻ ഇവിടെ പറഞ്ഞു. അദ്ദേഹം മുമ്പും ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വകുപ്പുമന്ത്രി, അവിടെയുള്ള മന്ത്രിമാർ, എം.എൽ.എ.-മാർ, കളക്ടർ തുടങ്ങി എല്ലാവരും ഇടപെട്ട് നിരവധി യോഗങ്ങളിൽ തീരുമാനങ്ങളെടുത്തെങ്കിലും കാര്യങ്ങൾ മുന്നോട്ടുപോയില്ല. 2018 സെപ്റ്റംബർ 25-ന് കളക്ടേറ്റിൽ ശ്രീ. കെ. രാജന്റെ നിർദ്ദേശ പ്രകാരം വളരെ വിപുലമായ ഒരു യോഗം കൂടിയിരുന്നു. അന്ന് ചില തീരുമാനങ്ങൾ എടുത്തു. ആ യോഗതീരുമാനം പ്രകാരം 2019 ജനുവരിയിൽ പണി തുടങ്ങാമെന്നാണ് വാഗ്ദാനം നൽകിയത്. കൂടാതെ അന്നുതന്നെ വളരെ പ്രധാനപ്പെട്ട ഒരു പത്രം എഴുതുകയുണ്ടായി, " അത് നടക്കാൻ പോകുന്ന കാര്യമല്ല, ഡൽഹിയിലെ കാര്യങ്ങൾ ഞങ്ങൾക്കറിയാം, നടക്കില്ല" എന്ന്. അതാണ് സത്യമായത്. പക്ഷേ കേടായ റോഡ് ആദ്യമായി ടാർ ചെയ്യുതന്നു. ആ തീരുമാനത്തിൽ മാറ്റമൊന്നുമുണ്ടായില്ല, ഇപ്പോൾ ഒരു വർഷം കഴിഞ്ഞു. ഇക്കാര്യം നമ്മൾ ചോദ്യം ചെയ്യുമ്പോൾ ഇതിനെതിരായി അവർ മുന്നോട്ടുവയ്ക്കുന്ന കുറച്ച് കാര്യങ്ങളുണ്ട്. 2010-11-ൽ സംസ്ഥാനത്ത് നിർമ്മാണത്തിന് വിലക്കുണ്ടായിരുന്നു. പിന്നീട് പ്രദേശവാസികളുടെയും ആക്ഷൻ ഫോറത്തിന്റെയും എതിർപ്പുകാരണം ലാന്റ് ഫോർമേഷൻ നടക്കാൻ കാലതാമസംവന്നു. അതിനുശേഷം ബി.ഒ.ടി. പദ്ധതിക്കെതിരെ പ്രക്ഷോഭണം നടന്നു. 2011 നവംബർ 4-ന് നിരോധനം നീക്കിയെങ്കിലും നിർദ്ദേശിക്കപ്പെട്ട നഷ്ടപരിഹാരം

മതിയാകില്ലെന്നും ഉയർന്ന നഷ്ടപരിഹാരം വേണമെന്നും പറഞ്ഞ് പ്രദേശത്ത് കടക്കാൻ സമ്മതിക്കാതെ അവിടത്തെ ഭൂവുടമകൾ തടഞ്ഞു എന്നുള്ളതാണ് പ്രശ്നം. ഇതിനെതിരെ കമ്പനിതന്നെ ഹൈക്കോടതിയിൽപോയി; പോലീസ് സംരക്ഷണയിൽ കുറച്ച് പ്രവർത്തനങ്ങൾ നടന്നെങ്കിലും അത് വിജയിക്കുന്ന സ്ഥിതിയല്ലായിരുന്നു. പല സ്ഥലങ്ങൾക്കും നഷ്ടപരിഹാരം മുഴുവൻ കൊടുത്തുതീർന്നിട്ടുണ്ട്. ആ നഷ്ടപരിഹാരം വാങ്ങിയ കുറെയധികം ആളുകൾ ഇപ്പോഴും ഭൂമി കൈവശം വച്ചിട്ടുണ്ടെന്നാണ് പറയുന്നത്. ഇങ്ങനെയൊക്കെയുള്ള കാരണങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഇവരുടെ നിർമ്മാണ കാലാവധി വീണ്ടും നീട്ടിക്കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായത്. അതിനിടയ്ക്ക് കാലാവധി കഴിഞ്ഞതുകൊണ്ട് അവരുടെ ലോൺ എഗ്രിമെന്റ് എക്സ്പയേർഡായി; അവരുടെ കയ്യിൽ തുക ഇല്ലാതെ വന്നു. ഇപ്പോഴും കമ്പനി പാപ്പരാണ്. ഇത്തരത്തിൽ വളരെ സാങ്കേതികമായും പ്രായോഗികമായും നിരവധി പ്രശ്നങ്ങളിലേയ്ക്കാണ് ഇതിന്റെ ടെണ്ടർ കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചതിനുശേഷം ഈ കമ്പനി നീങ്ങിക്കൊണ്ടിരിക്കുന്നത്. കരാറിലില്ലാത്ത അണ്ടർ പാസ്സും സർവ്വീസ് റോഡുമൊക്കെ വേണമെന്ന് പറഞ്ഞുകൊണ്ട് അവിടെ ഉണ്ടാകുന്ന ചില പ്രശ്നങ്ങളുടെ മറവിൽ ഇവർ പണി നീട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചിട്ടുണ്ട്. 1.44 ഹെക്ടർ വനഭൂമി ആവശ്യമുണ്ട്. കേരളത്തിലെ എല്ലാ പ്രോജക്ടുകളിലുമെന്നപോലെ വനഭൂമി നൽകാനുള്ള നിലപാട് കേന്ദ്ര വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. സംസ്ഥാന വനം വകുപ്പ് ഇക്കാര്യത്തിൽ ശിപാർശ നൽകിയോ എന്നറിയില്ല. നാഷണൽ ഹൈവേ അതോറിറ്റിക്ക് കേന്ദ്ര വനംവകുപ്പിനെക്കൊണ്ട് ചെയ്യിക്കാവുന്നതാണ്. എന്നാൽ അവർ അക്കാര്യത്തിൽ ഒരു താല്പര്യവും പ്രകടിപ്പിച്ചിട്ടില്ല. ഇതാണ് സ്ഥിതി. നിർമ്മാണക്കമ്പനിക്ക് റോഡിന്റെ മെയിന്റനൻസ് നടത്താനുള്ള ഉത്തരവാദിത്വമുണ്ട്. നമ്മുടെ നാട്ടിലെ പി.ഡബ്ല്യു.ഡി. കരാറിൽ അക്കാര്യം രേഖപ്പെടുത്തിയിട്ടുമുണ്ട്. നിർമ്മാണം നടത്തുമ്പോൾ അവരുടെ കാലാവധി കഴിയുന്നമുറയ്ക്ക് റോഡ് ഗതാഗതയോഗ്യമാക്കണം. അതിന് സാമ്പത്തികമായ യാതൊരു സാധ്യതയുമില്ലെന്ന മട്ടിലാണ് നിർമ്മാണക്കമ്പനി ഉള്ളത്. ഇപ്പോൾ അവിടെ റിപ്പയർ ആൻഡ് മെയിന്റനൻസിനുവേണ്ടി രണ്ട് കോടിയിലധികം രൂപയുടെ ടെണ്ടർ ഉറപ്പിച്ചു, ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ജോലി ഏറ്റെടുക്കുന്നില്ല. രണ്ടാമത് ടെണ്ടർ ക്ഷണിച്ചിട്ടും ആരും ഏറ്റെടുത്തിട്ടില്ല. ഇപ്പോൾ എമർജൻസി ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. റിപ്പയർ ആൻഡ് മെയിന്റനൻസ് വർക്കുകൾ ഉടൻ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് ഇപ്പോൾ പറയുന്നത്.

മൊത്തത്തിൽ 82 ശതമാനം ഫിസിക്കൽ പ്രോഗ്രസ്സായിട്ടുണ്ടെങ്കിലും അതിന്റെ ടാർജറ്റിലേയ്ക്ക് നീങ്ങാനുള്ള സാങ്കേതിക പ്രശ്നങ്ങളാണുള്ളത്. ഏതായാലും 30 കിലോമീറ്റർ റോഡിൽ 22 കിലോമീറ്റർ ആറുവരിപ്പാതയായിട്ടുണ്ട്. ബാക്കിയുള്ള റോഡിന്റെയും ടണലിന്റെയും പണി 2020 ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കുന്നതിനുവേണ്ടി നിർമ്മാണക്കമ്പനി പുതിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തിയിട്ടുണ്ട്. നിലവിലുള്ള റോഡിലെ കുഴികൾ അടപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി പുതിയ ഏജൻസിയെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കുമെന്നാണ് പറയുന്നത്. നാഷണൽ ഹൈവേ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം ഒട്ടും മനുഷ്യത്വമില്ലാത്ത, പ്രായോഗികമായി ഒന്നും ആലോചിക്കാത്ത, കേരളത്തോട് ഒരു കരുണയും കാണിക്കാത്ത സമീപനമാണ് എപ്പോഴുമുള്ളത്. വകുപ്പ് ചെയ്യുന്നതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നിൽനിന്ന് എല്ലാം ചെയ്തിട്ടും ദേശീയപാതയുടെ നിർമ്മാണം ഒരു കാരണവുമില്ലാതെ നീട്ടിക്കൊണ്ടുപോകുന്നതിനെത്തുടർന്ന് മുഖ്യമന്ത്രി കഴിഞ്ഞ മാസം ഡൽഹിയിൽ പോയി ശ്രീ. നിതിൻ ഗഡ്കരിയെ കാണുകയും കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഇതവർക്ക് 2017-ൽത്തന്നെ ചെയ്യാവുന്നതായിരുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കുതിരാനിലെ പ്രശ്നം എന്ന് തീർക്കാൻ സാധിക്കും?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അതുസംബന്ധിച്ച് ഒന്നും പറയാൻ സാധിക്കില്ല. അങ്ങ് ഇപ്പോൾ ചോദിക്കുന്നതുതന്നെ വേദനാജനകമാണ്. ഇത് ശ്രീ. നിതിൻ ഗഡ്കരി വരുമ്പോൾ ചോദിക്കേണ്ട കാര്യമാണ്. നാഷണൽ ഹൈവേ അതോറിറ്റി നമ്മുടെ കൺട്രോളിലല്ല. 2020 ഒക്ടോബർ മാസത്തിൽ പണി പൂർത്തിയാക്കുമെന്നാണ് ഇപ്പോൾ അറിയിച്ചിരിക്കുന്നത്.

കാസർഗോഡ് ദേശീയപാതയുടെ നിർമ്മാണം നീട്ടിക്കൊണ്ടുപോയിട്ട് ഇപ്പോൾ ടെണ്ടർ ചെയ്തു. പക്ഷെ ഒന്നര വർഷം നമ്മൾ ടെണ്ടറിന് കാത്തിരുന്നു. ടെണ്ടർ നടത്താതെ വച്ചിരിക്കുകയായിരുന്നു. നമ്മുടെ ആവശ്യത്തിനുവേണ്ടി ഈ ഗവൺമെന്റ് ഒന്നാകെ, പ്രത്യേകിച്ച് മുഖ്യമന്ത്രി മുന്നിൽ നിന്നുകൊണ്ട് പ്രതിപക്ഷമുൾപ്പെടെ ഒറ്റക്കെട്ടായി നിന്ന് ചെയ്തതാണ്. യു.പി.എ. ഭരിച്ചാലും ബി.ജെ.പി. ഭരിച്ചാലും എൻ.എച്ച്.എ.ഐ.-യ്ക്ക് ഒരു അനക്കവുമില്ല. അവരെപ്പറ്റിയുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

കോഴിക്കോട് ബൈപ്പാസ് 2 വർഷം മുൻപ് ടെണ്ടർ ചെയ്ത് കരാർ വച്ചെങ്കിലും പ്രവൃത്തി നടക്കുന്നില്ല. ആലപ്പുഴ ബൈപ്പാസിൽ ഇനി റെയിൽവേയുടെ ഭാഗത്തുള്ള 2 ഗർഡറുകൾ സ്ഥാപിച്ചാൽ മാത്രം മതി. മറ്റു പണികളെല്ലാം പൂർത്തിയായിരിക്കുകയാണ്. ആ ഗർഡറുകൾക്ക് തകരാറുണ്ടെന്ന് പറയുകയാണ്. എന്നാൽ എന്താണ് തകരാറെന്ന് പറയുന്നില്ല. എന്ത് തകരാറായാലും ഞങ്ങൾ പരിഹരിച്ചുകൊള്ളാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പണി തുടർന്ന് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതൊക്കെ കാണിക്കുന്നത് പരമ്പരാഗതമായി കേരളത്തോടുള്ള അവഗണനയാണ്. ഇങ്ങനെയുള്ള കോൺട്രാക്ടറെ നിലയ്ക്കു നിർത്താൻ കോൺട്രാക്ട് നൽകിയ കേന്ദ്ര ഗവൺമെന്റിന് കഴിയണം. നമ്മുടെ സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര കോൺട്രാക്ടർമാരെയാണ് ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു എം.പി. 'ഞാൻ ഡൽഹിയിൽ ചെന്ന് വനം വകുപ്പുമന്ത്രിയെ കണ്ട് വാങ്ങിത്തരാം' എന്നാണ് അഭിപ്രായപ്പെട്ടത്. ആത്മാർത്ഥതയുണ്ടെങ്കിൽ ഇത്തരത്തിലല്ല സംസാരിക്കേണ്ടത്. നമ്മൾ ഒറ്റക്കെട്ടായിനിന്ന് നിയമസഭയിൽ പറയുന്നതുപോലെ കേന്ദ്രത്തോടും പാർലമെന്റിലും പറഞ്ഞ് സാധിച്ചെടുക്കണം. ഒന്നുകിൽ ഈ കമ്പനിയെ പിരിച്ചുവിട്ട് പുതിയ കോൺട്രാക്ട് നൽകണം. അല്ലെങ്കിൽ അവരെക്കൊണ്ട് നിർബന്ധമായും പണി ചെയ്യിപ്പിക്കണം. ഗൺപോയിന്റിലേയ്ക്കാണ് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. ശ്രദ്ധ ക്ഷണിക്കലിൽ പറഞ്ഞ കാര്യങ്ങളോടെല്ലാം യോജിച്ചുകൊണ്ടുതന്നെ നമുക്ക് ഒരു ഉന്നതതല കോൺഫറൻസ് വിളിക്കാം. എന്താണ് ഇവരുടെ മനോഭാവമെന്ന് മനസ്സിലാക്കിയശേഷം മറ്റുകാര്യങ്ങൾ പ്രൊസീഡ് ചെയ്യാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് ഈ പ്രശ്നം കൈകാര്യം ചെയ്യുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞതെല്ലാം ശരിയായ കാര്യങ്ങളാണ്. ഇപ്പോൾ 95 ശതമാനം പണി പൂർത്തീകരിച്ച ഒരു തുരങ്കമെങ്കിലും തുറന്നു കൊടുത്താൽ കുതിരാനിൽ തൽക്കാലം യാത്ര ചെയ്യാനുള്ള സൗകര്യമുണ്ടാകുമായിരുന്നു. വീണ്ടും മഴ പെയ്യുന്ന സാഹചര്യത്തിൽ വളരെ ഗുരുതരമായ അവസ്ഥയാണ് നിലവിലുള്ളതെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഏതെങ്കിലും തരത്തിൽ സഭ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കി ഇതിൽ ഇടപെടാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇക്കാര്യത്തിൽ സാങ്കേതിക തടസ്സമുണ്ടോയെന്നറിയില്ല. ഏതായാലും ഇക്കാര്യത്തെക്കുറിച്ച് ഇന്നുതന്നെ എൻ.എച്ച്.എ.ഐ. അധികാരികളുമായി ആശയവിനിമയം നടത്തി താൽക്കാലികമായി ഒരു തുരങ്കം തുറന്നുകൊടുക്കുന്നതിനുവേണ്ടി ആവശ്യപ്പെടുന്നതായിരിക്കും.

# IV സബ്മിഷൻ

## (1) അപകടമരണം

മി.സ്പീക്കർ: ഇതേ വിഷയം സംബന്ധിച്ച് ശ്രീ. മാണി. സി. കാപ്പനും നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിനും സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 2019 ഒക്ടോബർ മാസം 4-ാം തീയതി പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ചുനടന്ന സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റിൽ വോളന്റിയറായിരുന്ന അഫീൽ ജോൺസൺ എന്ന കുട്ടി തലയിൽ ഹാമർ പതിച്ച് മരണപ്പെടുകയുണ്ടായി. ഈ അപകടം എങ്ങനെ സംഭവിച്ചെന്നോ അതിന്റെ കാരണമെന്താണെന്നോ മരിച്ച കുട്ടിയുടെ വീട്ടുകാരോട് ഇതുവരെ വെളിപ്പെടുത്തിയിട്ടില്ലെന്ന് കുട്ടിയുടെ പിതാവ് കഴിഞ്ഞദിവസം എന്നെക്കണ്ട് അറിയിക്കുകയുണ്ടായി. സംഘാടകസമിതി അംഗങ്ങൾ ഇക്കാര്യത്തിൽ ഒളിച്ചുകളിക്കുകയാണെന്ന സംശയം അവർക്കുണ്ട്. അപകടവിവരം കുട്ടിയുടെ കൂട്ടുകാർ പറഞ്ഞാണ് മാതാപിതാക്കൾ അറിയുന്നത്. ബാക്കിയുള്ള വിവരങ്ങൾ മാധ്യമങ്ങളിൽക്കൂടിയാണ് കുടുംബാംഗങ്ങൾ അറിയുന്നത്. അത് വളരെ ദൗർഭാഗ്യകരമായൊരു കാര്യമാണ്. ജാവലിൻത്രോ മത്സരത്തിലെ വോളന്റിയറായിരുന്ന ഈ കുട്ടി എങ്ങനെ ഹാമർത്രോ മത്സരം നടക്കുന്ന സമയത്ത് ഫീൽഡിൽ ഉണ്ടായിരുന്നതെന്ന ചോദ്യമാണ് ഉയരുന്നത്. മാത്രമല്ല, അപകടം നടന്നശേഷം ഹാമറിൽ പറ്റിയ രക്തം തുടച്ചുമാറ്റി മത്സരം തുടരാൻ സംഘാടകർ തീരുമാനിച്ചതിനെക്കുറിച്ചും കുട്ടിയുടെ കുടുംബത്തിന് പരാതിയുണ്ട്. ഇത് മനുഷ്യത്വരഹിതമായ കാര്യമാണ്. അപകടത്തിൽ മരിച്ച അഫീൽ ജോൺസൺ വോളന്റിയർ അല്ലായിരുന്നുവെന്നും സ്റ്റേഡിയത്തിൽ അനധികൃതമായി പ്രവേശിച്ചതാണെന്നും പറഞ്ഞ് യഥാർത്ഥ വസ്തുതകൾ വളച്ചൊടിക്കാൻ സംഘാടകർ ശ്രമിച്ചതായും കുട്ടിയുടെ പിതാവ് കഴിഞ്ഞദിവസം എനിക്ക് നൽകിയ നിവേദനത്തിൽ പറയുന്നു. മാത്രമല്ല, ഉത്തരവാദികളായ സംഘാടകർക്കെതിരെ ദുർബ്ബലമായ വകുപ്പുകളാണ് ചുമത്തിയതെന്നും കുട്ടിയുടെ കുടുംബത്തിന് അഭിപ്രായമുണ്ട്. വീട്ടുകാർ ആരോപിക്കുന്നതുപോലെ സംഘാടകരുടെ അശ്രദ്ധ കൊണ്ട് സംഭവിച്ച ദുരന്തമാണിതെങ്കിൽ അതിനെക്കുറിച്ച് കൃത്യമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. മാണി സി. കാപ്പൻ: സർ, ഇത് എന്റെ നിയോജകമണ്ഡലത്തിൽ നടന്ന ഒരു സംഭവമാണ്. ഈ സംഭവം അറിഞ്ഞയുടൻതന്നെ ഞാൻ പാലാ ഗവൺമെന്റ് ഹോസ്പിറ്റലിൽ എത്തി ആ കുട്ടിയുടെ നില അതീവ ഗുരുതരമാണെന്ന് മനസ്സിലാക്കി കുട്ടിയെ മെഡിക്കൽ കോളേജിലെത്തിച്ച് വെന്റിലേറ്ററിൽ പ്രവേശിപ്പിക്കാനുള്ള സംവിധാനമൊരുക്കുകയും ചെയ്തു. ഇതിൽ ഏറ്റവും അതിശയകരമായ കാര്യം, യു.ഡി.എഫ്. ഭരിക്കുന്ന പാലാ മുനിസിപ്പാലിറ്റിയുടെ മുനിസിപ്പൽ ചെയർപേഴ്സൺ മീറ്റ് നടത്താനുള്ള അനുമതി നൽകിയിട്ട് അനധികൃതമായാണ് മീറ്റ് നടത്തിയതെന്ന ഒരു സ്റ്റേറ്റ്മെന്റ് നൽകിയിരിക്കുകയാണ്. അതുമാത്രമല്ല സംഘാടക സമിതിയിലെ ഒരു അദ്ധ്യാപകൻ മെഡിക്കൽ കോളേജിൽ വച്ച് കുട്ടിയുടെ അശ്രദ്ധകൊണ്ട് ഇത് സംഭവിച്ചുവെന്നാണ് പറഞ്ഞത്. പിറ്റേദിവസത്തെ പത്രങ്ങളിലെല്ലാം ഈ കുട്ടി അനധികൃതമായാണ് സ്റ്റേഡിയത്തിൽ കടന്നതെന്നും മീറ്റിന്റെ വോളന്റിയറല്ലായിരുന്നുവെന്നും വരുത്തിത്തീർക്കാനുള്ള ശ്രമം സംഘാടകർ നടത്തിയിരുന്നു. പക്ഷെ അതൊക്കെ ആർ.ഡി.ഒ.-യും പോലീസും നടത്തിയ അന്വേഷണത്തിൽ അതിജീവിച്ചു. ഇന്നലെ മലയാള മനോരമ നടത്തിയ സ്പോർട്സ്മാന്മാരുടെ ഒരു മീറ്റിംഗിൽ ഇത്തരം അപകടങ്ങൾ ഇനി ഉണ്ടാകാൻ പാടില്ലെന്നും അതിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരേസമയം ഒരു ഗ്രൗണ്ടിൽ മത്സരം നടത്തുന്നത് സംബന്ധിച്ച് പറയുമ്പോൾ ഒരു മുൻകാല സ്പോർട്സ്മാനെന്ന നിലയിൽ ഞാൻ പറയുന്നത് ജാവലിൻ ത്രോയും ഹാമർ ഡിസ്കസ് ത്രോയും ഒരേസമയം ഒരു സ്റ്റേഡിയത്തിൽ മുൻകാലങ്ങളിലും നടന്നിട്ടുണ്ട്. എന്നാൽ അപകടങ്ങൾ ഉണ്ടാകാറില്ലായിരുന്നു. അപൂർവ്വങ്ങളിൽ അപൂർവ്വമായൊരു അപകടമാണ് ഇപ്പോഴുണ്ടായത്. എന്നിരുന്നാലും ജാവലിൻത്രോ, ഡിസ്കസ്ത്രോ, ഹാമർത്രോ ഈ മൂന്നിനങ്ങളിലുമുള്ള മത്സരങ്ങൾ മൂന്ന് ദിവസങ്ങളിലായിട്ടേ നടത്താൻ പാടുള്ളൂ എന്നൊരു റൂൾ കൊണ്ടുവരേണ്ടതുണ്ട്. എന്നാൽ മാത്രമേ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഈ ഗവൺമെന്റ് സ്പോർട്സിന് നൽകുന്ന ഫണ്ട് കുറവാണെന്നാണ് എന്റെ അഭിപ്രായം. കുറച്ചുകൂടി ഫണ്ട് അനുവദിച്ച് ഒരു ദിവസംകൂടി ദീർഘിപ്പിച്ചിരുന്നെങ്കിൽ ഇത്തരം മത്സരങ്ങൾ മൂന്ന് ദിവസങ്ങളിലായി നടത്താൻ കഴിയുമായിരുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പാലാ എം.എൽ.എ. ശ്രീ. മാണി സി. കാപ്പനും ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ശരിയാണ്.

2019 ഒക്ടോബർ 4-നാണ് പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് 63-ാമത് സംസ്ഥാന ജൂനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് നടത്തിയത്. സ്റ്റേറ്റ് അത്‌ലറ്റിക് അസോസിയേഷൻ നടത്തിയ പരിപാടിയായിരുന്നു. ഹാമർ തലയിൽ വീണ് അതിദാരുണമായി മരണപ്പെട്ട അഫീൽ ജോൺസൺ എന്ന വിദ്യാർത്ഥിയുടെ കുടുംബത്തിന് 23-10-2019-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം 10 ലക്ഷം രൂപ സർക്കാർ ആശ്വാസ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. സംഭവം നടന്നതിന്റെ അടുത്ത ദിവസംതന്നെ അതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കായികവകുപ്പ് നടപടികൾ സ്വീകരിച്ചിരുന്നു. ശ്രീ. മാണി സി. കാപ്പൻ തന്നെ അക്കാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതനുസരിച്ച് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറായി റിട്ടയർ ചെയ്ത ഡോ. കെ. കെ. വേണു, സായ് അത്‌ലറ്റിക് കോച്ചായ ശ്രീ. എം. ബി. സത്യാനന്ദൻ, അർജ്ജുന അവാർഡ് ജേതാവായ ശ്രീ. വി. ദിജു എന്നിവരെ അന്വേഷണ കമ്മീഷനായി നിയോഗിച്ചിട്ടുണ്ട്. സ്റ്റേറ്റ് അത്‌ലറ്റിക് അസോസിയേഷൻ മത്സരങ്ങൾ നടത്തുമ്പോൾ പാലിക്കേണ്ട പൊതുവായ നിയമങ്ങളും ചട്ടങ്ങളും പാലിച്ചിട്ടുണ്ടോ; പ്രസ്തുത അത്‌ലറ്റിക് മത്സരങ്ങളിൽ സ്വീകരിച്ചിരുന്ന സുരക്ഷാ ക്രമീകരണങ്ങൾ എന്തൊക്കെയാണ്; മത്സര നടത്തിപ്പിൽ വീഴ്ചകളോ പോരായ്മകളോ സംഭവിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ, ഈ അത്യാഹിതത്തിന്റെ ഉത്തരവാദികളാരാണ് എന്നിവ സംബന്ധിച്ച് അന്വേഷണം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. മത്സരങ്ങൾ ഇത്തരത്തിൽ നടത്താനിടയായതിന്റെ കാരണങ്ങൾ എന്താണെന്നുകൂടി പരിശോധിക്കാനും ഭാവിയിൽ ഇത്തരം അത്യാഹിതങ്ങൾ സംഭവിക്കാതിരിക്കാൻവേണ്ട സുരക്ഷാ നിർദ്ദേശങ്ങൾ നൽകാനും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കമ്മീഷൻ മാത്രമല്ല, ഇന്നലെ മലയാള മനോരമ കായികരംഗത്ത് ഇത്തരത്തിലുള്ള അപകട സാദ്ധ്യതകൾ ഇല്ലായ്മ ചെയ്യാൻ എന്തൊക്കെ സുരക്ഷാ ക്രമീകരണങ്ങളുണ്ടാകണം എന്നതിനെ സംബന്ധിച്ച് ഈ രംഗത്തെ വിദഗ്ദ്ധരുമായുള്ള 'റൗണ്ട് ടേബിൾ' എന്ന ഒരു പ്രത്യേക പരിപാടി സംഘടിപ്പിച്ചിരുന്നു. അതിൽ ധാരാളം നിർദ്ദേശങ്ങൾ വരികയും അക്കാര്യങ്ങളെല്ലാം എനിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ചിട്ടുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്; റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. സംസ്ഥാനത്ത് നടത്തുന്ന കായികമേളകളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സ്കൂൾ മീറ്റിന്റെ ജില്ലാതല

മത്സരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിലെയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലെയോ ഒരു സീനിയർ കോച്ചിനെ നിരീക്ഷകനായി നിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ല, ജില്ല, സംസ്ഥാനതല മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും സർക്കുലർ ഇറക്കിയിട്ടുണ്ട്. ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം എന്നതിനുപരിയായി ഇവിടെ രണ്ട് ഇനങ്ങൾ ഒരു സമയത്ത് ഒരേ ഗ്രൗണ്ടിൽ വച്ച് നടത്തി. ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാകാൻ പാടില്ലാത്തതാണ്. അത് സ്പോർട്സ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇതുസംബന്ധിച്ചും ഒരു സർക്കുലർ സ്പോർട്സ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഭാവിയിൽ സംസ്ഥാനത്ത് നടക്കുന്ന എല്ലാ കായികമേളകളിലും ഇത്തരത്തിലുള്ള അപകടങ്ങളുണ്ടാകാതിരിക്കാൻ സുരക്ഷാ സംവിധാനം ശക്തമാക്കാനും ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് മാത്രമേ ഇത്തരത്തിൽ മത്സരങ്ങൾ നടത്താൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ജാവലിൻ ത്രോ, ഹാമർത്രോ തുടങ്ങിയ ഇനങ്ങൾ ഒരേ സമയത്ത് ഒരേ ഗ്രൗണ്ടിൽ അപ്പുറവുമിപ്പുറവുമായി നടക്കുകയാണ്. അത് അപകട സാധ്യതയുള്ളതാണ്. അതാണ് പാലായിൽ സംഭവിച്ചത്. 4-10-2019-ൽ പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടന്ന അത്‌ലറ്റിക് മീറ്റിൽ ഹാമർത്രോ മത്സരം നടക്കുന്നതിനിടയിൽ ഒരു മത്സരാർത്ഥി എറിഞ്ഞ ജാവലിൻ ത്രോ, മത്സരങ്ങളുടെ വോളന്റിയറായി പ്രവർത്തിച്ചുകൊണ്ടിരുന്ന അഫീൽ ജോൺസണിന്റെ തലയിൽ വീണ് ഗുരുതരമായി പരിക്കേറ്റ് മരണപ്പെടുകയുണ്ടായി. 16 വയസ് മാത്രം പ്രായമുള്ള ആ കുട്ടി നല്ലൊരു സ്പോർട്സ്മാനായിരുന്നു. ഇക്കാര്യത്തിൽ അഫീൽ ജോൺസണിന്റെ പിതാവിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഐ.പി.സി. 338-ാം വകുപ്പുപ്രകാരം പാലാ പോലീസ് സ്റ്റേഷനിൽ ക്രൈം 2793/19 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. അഫീൽ ജോൺസൺ മരണപ്പെട്ടതിനെത്തുടർന്ന് കേസിൽ ഐ.പി.സി. 304 (എ) വകുപ്പുകൂടി കൂട്ടിച്ചേർത്ത് പാലാ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.എച്ച്.ഒ. അന്വേഷണം നടത്തിവരികയാണ്. പാലാ നഗരസഭ ഗ്രൗണ്ടിൽ ഈ മത്സരം നടത്താൻ അനുവദിച്ചിട്ടില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇത്തരത്തിലൊരു മത്സരം അവിടെ സംഘടിപ്പിച്ചതെന്ന കാര്യം ഗൗരവപൂർവ്വം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ അപകടകരമായ രീതിയിൽ സ്പോർട്സ് നടത്തുകയും ഒരു കുട്ടിയുടെ ദാരുണമായ അന്ത്യം സംഭവിക്കാ നിടയാകുകയും ചെയ്ത പ്രശ്നം ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ എല്ലാവിധ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (2) സെമി ഹൈസ്പീഡ് റെയിൽവേ

ശ്രീ. പി. ടി. തോമസ്: സർ, തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽവേ പ്രോജക്ട് വലിയ ആശങ്കകൾക്കും ചർച്ചകൾക്കും കാരണമായിരിക്കുകയാണ്. ഈ പദ്ധതി 532 കി.മീറ്റർ ദൂരം കടന്നുപോകുന്നതും 66,079 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതുമാണ്. ഇപ്പോൾ ഫ്രഞ്ച് കമ്പനിയായ SYSTRA സമർപ്പിച്ച ഫീസിബിലിറ്റി റിപ്പോർട്ടിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയെന്നാണ് മനസ്സിലാക്കുന്നത്. അറുപത്തി ഏഴായിരത്തിൽപ്പരം കോടി രൂപയുടെ ഒരു പദ്ധതി കേരള നിയമസഭ പോലുമറിയാതെ എങ്ങനെയാണ് അനുമതി നൽകിയതെന്നുള്ള വിഷയം ഈ അവസരത്തിൽ ഞാൻ ഉന്നയിക്കുന്നില്ല. അമ്പതിനായിരം യാത്രക്കാർ പ്രതിദിനം തിരുവനന്തപുരത്തുനിന്ന് കാസർഗോഡും തിരിച്ച് തിരുവനന്തപുരത്തേയ്ക്കും യാത്ര ചെയ്യുമെന്നാണ് പ്രോജക്ട് റിപ്പോർട്ടിലുള്ളത്. തിരുവനന്തപുരത്തെ ജനസംഖ്യ 7.52 ലക്ഷവും എറണാകുളത്ത് 6.1 ലക്ഷവുമാണ്. എങ്ങനെയാണ് അമ്പതിനായിരം ആളുകൾ അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടുന്നില്ല. അതുപോലതന്നെ 150 കി.മീറ്റർ വേഗതയാണ് പറയുന്നത്. രാജധാനി എക്സ്പ്രസ്സിന്റെ വേഗത പലയിടത്തും 150 കി.മീറ്റർ ആണെങ്കിലും കേരളത്തിൽ സഞ്ചരിക്കുന്നത് 50 കി.മീ. വേഗതയിലാണ്. ഇതിനായി 18 മീറ്റർ വീതം 30 മീറ്റർ ബഫർ സോണായി ഒഴിച്ചിടേണ്ടിവരും. ഇതിനായി ആഗസ്റ്റ് 7-ാം തീയതി കേരള റെയിൽവേ വികസന കോർപ്പറേഷൻ ക്ഷണിച്ച ടെണ്ടർ പ്രകാരം പത്ത് സ്റ്റേഷനുകളാണുള്ളത്. കൂടാതെ അവയോടനുബന്ധിച്ച് റെസിഡൻഷ്യൽ അപ്പാർട്ട്മെന്റുകളും വാണിജ്യ സ്ഥാപനങ്ങളുമടങ്ങുന്ന സ്മാർട്ട് സിറ്റികൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഏകദേശം പതിനായിരം ഏക്കർ സ്ഥലമേറ്റെടുക്കേണ്ടിവരും. അതിൽ 3000 ഏക്കർ റെയിൽ ലൈനിനും 4500 ഏക്കർ ബഫർ സോണിനും 2500 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കുമാണ്. ഇവയിലൂടെ ഏകദേശം 1,60,000 വ്യക്തികളെ (നാൽപ്പതിനായിരം കുടുംബങ്ങൾ) കുടിയിറക്കേണ്ടിവരും. ഇത്രയധികം ആളുകളുടെ പുനരധിവാസം എപ്രകാരമാണ് സാദ്ധ്യമാകാൻ പോകുന്നത്? ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്ത് മൂലമ്പിള്ളിയിൽ 326 പേരെ കുടിയിറക്കിയതിൽ വലിയൊരു ശതമാനം എന്റെ മണ്ഡലത്തിലായിരുന്നു. അതിൽ 16 കുടുംബങ്ങളെ മാത്രമാണ് ഇത്രകാലമായിട്ടും കുടിയിരുത്തിയിട്ടുള്ളത്. അതുകൊണ്ട് ഈ പദ്ധതി വലിയ ആശങ്കയുണ്ടാക്കുന്നതാണ്. കാസർഗോഡ് മുതൽ തൃശ്ശൂർ വരെ റെയിൽവേ ലൈനിന്റെ സൈഡിലൂടെയാണ് ഇത് വരുന്നത്. അതിനുശേഷമാണ് മറ്റ് സ്ഥലങ്ങളിലൂടെ കടന്നുപോകുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വിശദീകരിക്കുമോ; ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 532 കിലോമീറ്റർ ദൂരത്തിൽ 66,405 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സെമി ഹൈസ്പീഡ് റെയിൽപാതയ്ക്കുള്ള സാധ്യതാപഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കാസർഗോഡ് മുതൽ തിരൂർ വരെയുള്ള 222 കിലോമീറ്റർ പാത നിലവിലുള്ള റെയിൽപാതയ്ക്ക് സമാന്തരമായാണ് കടന്നുപോകുന്നത്. എന്നാൽ, തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള 310 കിലോമീറ്റർ പാത അലൈൻമെന്റ് പ്രകാരം നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി വിന്യസിക്കാൻ സാധിക്കുകയില്ല. നിലവിലുള്ള റെയിൽപാതയ്ക്ക് സമാന്തരമായി നിർമ്മിക്കുമ്പോൾ 269 സ്ഥലങ്ങളിൽ വളവുകൾ നിവർത്തേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. ഇതിൽ കൊടുംവളവുകളുള്ള 63 സ്ഥലങ്ങളിൽ നിലവിലുള്ള റെയിൽപാതയ്ക്കും നിർദ്ദിഷ്ട പാതയ്ക്കുമിടയിലുള്ള ഭൂമി അകപ്പെട്ട് പോകുകയും ചെയ്യും. കൂടാതെ, നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി വിന്യസിക്കുമ്പോൾ ജനസാന്ദ്രതകൂടിയ മേഖലകളിൽക്കൂടി കടന്നുപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. നിലവിലുള്ള 45 റെയിൽവേ മേൽപ്പാലങ്ങൾ, കീഴ്പാലങ്ങൾ, 54 സ്റ്റേഷൻ/യാർഡ് എന്നിവ പരിഷ്കരിക്കുകയോ പുനർനിർമ്മിക്കുകയോ വേണ്ടിവരും. ആയതിനാൽ തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള പാത നിർമ്മാണയോഗ്യവും താരതമ്യേന ജനവാസം കുറഞ്ഞതുമായ മേഖലയിലൂടെയാണ് കടന്നുപോകുന്നത്. പദ്ധതിയുടെ ഡി.പി.ആർ. പഠനം പുരോഗമിക്കുകയാണ്. പഠനവുമായി ബന്ധപ്പെട്ട് പാതയുടെ അലൈൻമെന്റ് സൂക്ഷ്മമായി നിർണ്ണയിക്കാൻ വിശദമായ LiDAR (Light Detection and Ranging) സർവ്വേ ചെയ്യാനുള്ള പ്രാഥമികനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത ഡി.പി.ആർ. രൂപരേഖ തയ്യാറാകുന്നതോടെ മാത്രമേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള പൂർണ്ണരൂപം ലഭിക്കുകയുള്ളൂ. കുടിയൊഴിപ്പിക്കൽ പരമാവധി കുറയ്ക്കാനും ജനങ്ങളുടെ ആശങ്ക പരിഹരിക്കാനുമാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

### (3) ഭൂമി ഏറ്റെടുക്കൽ

ശ്രീ. എൻ. വിജയൻ പിള്ള: സർ, ചവറ കെ.എം.എം.എൽ. ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് പ്ലാന്റും പരിസരവും കമ്പനിയുടെ പ്രവർത്തനംമൂലം മലിനീകരിക്കപ്പെട്ടിട്ട് കാലങ്ങളായി. വിഷലിപ്തമായ രാസമാലിന്യങ്ങൾ ഊർന്നിറങ്ങി നിരവധി ആരോഗ്യപ്രശ്നങ്ങളാൽ പരിസരവാസികൾ കഷ്ടത അനുഭവിക്കുകയാണ്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ ഈ വിഷയത്തിൽ കിഫ്ബി മുഖാന്തിരം ഭൂമി ഏറ്റെടുക്കാനുള്ള ശ്രമം നടത്താമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ റവന്യൂ സ്പെഷ്യൽ തഹസിൽദാർ ഭൂമിയുടെ വില കണക്കാക്കുന്ന ജോലി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കണമെന്ന ആവശ്യം ശക്തമാണ്. ആയതിനാൽ കെ.എം.എം.എൽ.-ന്റെ പ്രവർത്തനംമൂലം മലിനീകരിക്കപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ മൂന്ന് മാസമായി കെ.എം.എം.എൽ.-ന്റെ തൊട്ടടുത്തുള്ള ചിറ്റൂർ എന്ന സ്ഥലത്തെ പരിസരവാസികൾ സമരത്തിലാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി 500 കോടി രൂപ മാറ്റിവച്ചിട്ടുണ്ടെന്ന് നിയമസഭയ്ക്ക് ഉറപ്പുനൽകിയതാണ്. മൂന്ന് മാസമായി നടക്കുന്ന സമരം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടികളുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. എൻ. വിജയൻ പിള്ളയും പ്രതിപക്ഷനേതാവും ഉന്നയിച്ചത് ഗവൺമെന്റിന്റെ മുമ്പിൽ സജീവമായി ഉയർന്നുവന്നിട്ടുള്ള പ്രശ്നമാണ്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (KMML) എന്ന കമ്പനിയുടെ പ്രവർത്തനംമൂലമുണ്ടായ മലിനീകരണത്തെ സംബന്ധിച്ചുള്ള പരാതി അന്വേഷിക്കാൻ 11-2-2014-ൽ ചീഫ് സെക്രട്ടറിയും തൊഴിൽ പുനരധിവാസ വകുപ്പുമന്ത്രിയും കമ്പനി സന്ദർശിച്ചു. മലിനീകരണ പ്രശ്നങ്ങൾക്കിരയായ പ്രദേശവാസികൾ താമസിക്കുന്ന ഏകദേശം 150 ഏക്കറോളം ഭൂമി ഏറ്റെടുക്കണമെന്നും ഈ ആളുകൾക്ക് നഷ്ടപരിഹാരം നൽകണമെന്നും പുനരധിവസിപ്പിക്കണമെന്നുമുള്ള തദ്ദേശവാസികളുടെ ആവശ്യം അംഗീകരിക്കുകയുണ്ടായി. 1-3-2014-ലെ സർക്കാർ ഉത്തരവിൽ മലിനീകൃതമായ 150 ഏക്കർ ഭൂമി കമ്പനിയുടെ ഭാവിപ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും അതിന്റെ ചെലവ് കമ്പനി വഹിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. കമ്പനിമൂലം മലിനീകരണം രൂക്ഷമായ 150 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്ന് 125 കോടി രൂപ ബഡ്ജറ്റിൽ മെഗാ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽനിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി 2-3-2016-ൽ സർക്കാർ ഉത്തരവായിരുന്നെങ്കിലും അനുമതി ലഭിക്കാത്തതിനാൽ ഫണ്ട് ലഭിച്ചില്ല. 30-5-2017-ലെ സർക്കാർ ഉത്തരവുപ്രകാരം കമ്പനിമൂലം മലിനീകരണം സംഭവിച്ച 150 ഏക്കർ ഭൂമി ഏറ്റെടുത്ത് മിനറൽ ഡെവലപ്മെന്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നോഡൽ ഏജൻസിയായ കിൻഫ്രയെ ഏൽപ്പിച്ചിരുന്നു. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 1,300 കോടി രൂപ ചെലവ് വരുമെന്നാണ് കിൻഫ്ര

അറിയിച്ചിരിക്കുന്നത്. 22-8-2017-ൽ സർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ നേരത്തെ തീരുമാനിച്ചിരുന്ന 150 ഏക്കർ ഭൂമിയോടൊപ്പം ഏകദേശം 10.5 ഏക്കർ ഭൂമികൂടി അധികമായി ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും 17-10-2017-ലെ സർക്കാർ ഉത്തരവുപ്രകാരം മിനറൽ ഡെവലപ്മെന്റ് കോംപ്ലക്സ് സ്ഥാപിക്കുന്നതിലേയ്ക്കായി 180.84 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയുമുണ്ടായി. റവന്യൂ വകുപ്പ് 18-11-2017-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് 73.1856 ഹെക്ടർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. കമ്പനി, ഭൂമി ഏറ്റെടുത്തത് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരമായിരുന്നുവെന്നും 2013-ലെ LARR ആക്ട് പ്രകാരമായിരുന്നു ഏറ്റെടുക്കേണ്ടിയിരുന്നതെന്നുമുള്ള വാദഗതികളുയർത്തി തദ്ദേശീയരായ ആളുകൾ കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഭൂമി ഏറ്റെടുക്കുന്നത് 2013-ലെ LARR ആക്ട് പ്രകാരമായിരിക്കണമെന്ന് ഉത്തരവാകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2-11-2018-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചും ഇനിയുള്ള ഭൂമി ഏറ്റെടുക്കൽ 2013-ലെ LARR ആക്ട് പ്രകാരമായിരിക്കണമെന്നും നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുത്ത നടപടി ഭേദഗതിവരുത്തി 2013-ലെ LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്നും കൊല്ലം ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. 180.84 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 1300 കോടി രൂപയോളം ചെലവുവരുമെന്നതിനാൽ 180.84 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുപകരം ഒന്നാംഘട്ടമെന്ന നിലയിൽ രൂക്ഷമായ മലിനീകരണ പ്രശ്നങ്ങൾക്കിടയായതായി ആരോപിക്കപ്പെടുന്ന പ്രദേശത്ത് ചുരുങ്ങിയത് 50 ഏക്കർ ഭൂമിയെങ്കിലും ഏറ്റെടുക്കുന്നത് ഉചിതമായി കാണുന്നു. ഇതിലേയ്ക്കായി 200 കോടി രൂപ അടിയന്തരമായി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവിടത്തെ കെമിക്കൽ ടാങ്കിന് ലീക്കുണ്ടാക്കി പുറത്തേക്കൊഴുക്കി പ്രദേശ വാസികളെ കമ്പനിക്കെതിരായി തിരിച്ചുവിടുന്ന നിലപാടാണ് മുമ്പുണ്ടായിട്ടുള്ളത്. ഇപ്പോൾ അത് ഗൗരവമേറിയ പ്രശ്നമായി നിലനിൽക്കുകയാണ്. ഞങ്ങളിത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് നിരവധിവട്ടം ചർച്ചചെയ്തിട്ടുള്ള വിഷയമാണ്. പക്ഷേ ഇപ്പോഴുള്ള വിഷയം, ഇത് പൂർണ്ണമായി ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിലും ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നവരുടെ ഭൂമി ഏറ്റെടുത്ത് പ്രശ്നം പരിഹരിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അതിനുവേണ്ടി അടിയന്തര സാമ്പത്തിക സഹായം നൽകണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് അടിയന്തരമായി ഭൂമി ഏറ്റെടുത്ത് പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

# V അറിയിപ്പ്

## കാര്യ വിവരപ്പട്ടികയിലെ സമയമാറ്റം

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇന്നത്തെ കാര്യവിവരപ്പട്ടിക അനുസരിച്ച് ഉച്ചയ്ക്ക് 12 മണി മുതൽ 2 മണി വരെ ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയാണ്. എന്നാൽ പ്രായോഗികത കണക്കിലെടുത്ത് നിലവിൽ സഭ മുമ്പാകെയുള്ള ബിസിനസ്സും നിയമനിർമ്മാണകാര്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുടെ പരിഗണനയും പൂർത്തിയാക്കിയശേഷം ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച ആരംഭിക്കുന്നതാണ്.

12.00 Noon]

## സബ്മിഷൻ തുടർച്ച

### (4) സ്ഥലം ഏറ്റെടുക്കൽ

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ഞാൻ സബ്മിഷനായി അവതരിപ്പിക്കുന്നത്. വളരെ തിരക്കേറിയ തിരൂർ ടൗണിലെ പ്രധാനപ്പെട്ട റോഡിൽ നിലവിലുള്ള പാലം ഏതുനിമിഷവും തകരാൻ സാധ്യതയുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി സമാന്തര പാലം നിർമ്മിക്കാൻ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഫണ്ട് അനുവദിക്കുകയും പാലം പണി കഴിഞ്ഞിട്ട് രണ്ടര വർഷമാകുകയും ചെയ്തു. ഇതിന്റെ അപ്രോച്ച് റോഡിന് ആറ് സെന്റ് സ്ഥലവുംകൂടി വേണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് ഫണ്ട് അനുവദിച്ചെങ്കിലും അതിന്റെ പണി രണ്ടര വർഷമായി സാങ്കേതികമായ നിസ്സാര കാര്യങ്ങൾ പറഞ്ഞ് നീട്ടിക്കൊണ്ടു പോകുകയാണ്. അപ്രോച്ച് റോഡിനുവേണ്ടി ടെണ്ടർ കൊടുത്ത് ഏതാണ്ട് പകുതി പണി തീർന്നപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ഒരുപാട് നൂലാമാലകൾ കഴിഞ്ഞ് ഇപ്പോൾ ജില്ലാ ലെവൽ പർച്ചേസ് കമ്മിറ്റി ശിപാർശ ചെയ്ത് സ്റ്റേറ്റ് ലെവലിൽ എത്തിയിട്ടുണ്ട്. നേരത്തേ ഞാൻ ഇക്കാര്യം പറഞ്ഞപ്പോൾ അങ്ങ് ഇടപെട്ട് പണി വേഗത്തിൽ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തു. സ്റ്റേറ്റ് ലെവലിൽ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ മൂന്ന് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. പഴയ പാലത്തിന് എന്തെങ്കിലും സംഭവിച്ചാൽ തിരൂർ മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്തെ ബന്ധം പൂർണ്ണമായും അറ്റുപോകും. മറ്റൊരു ബദൽ സംവിധാനവുമില്ല. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് അനുകൂല ഉത്തരവുണ്ടാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്നും അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിന് അവസരമൊരുക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ തിരൂർ വില്ലേജിലെ സർവ്വേ നമ്പർ 172(2)-ൽപ്പെട്ട 0.0250 ഹെക്ടർ സ്ഥലം തിരൂർ താഴെപ്പാലം സമാന്തര പാലത്തിന്റെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 11-1-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 85/2018 പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഡയറക്ട് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 26-2-2019-ൽ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഭൂവുടമകളുമായി നെഗോസിയേഷൻ നടത്തുന്നതിന് ജില്ലാതല വിലനിർണ്ണയ സമിതി രൂപീകരിക്കുകയും 7-9-2019-ൽ ചേർന്ന യോഗത്തിൽ സെന്റ് ഒന്നിന് 10.30 ലക്ഷം രൂപ ഉഭയസമ്മത പ്രകാരം വില നിശ്ചയിക്കുകയും പ്രസ്തുത ശിപാർശ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനായി 19-09-2019-ലെ എൽ.എ.4 കത്തുപ്രകാരം മലപ്പുറം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രൊപ്പോസൽ 29-10-2019-ന് ചേർന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ആധാരം അർത്ഥനാധികാരിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## (5) കടൽഭിത്തി

ശ്രീ. ആർ. രാമചന്ദ്രൻ: സർ, അതീവ ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. എന്റെ മണ്ഡലത്തിലെ തീരദേശ പഞ്ചായത്താണ് ആലപ്പാട് പഞ്ചായത്ത്. 16.5 കി.മീ. നീളത്തിൽ കടലുള്ള കരിമണലിന്റെ വലിയ സമ്പത്തുള്ള ഒരു പ്രദേശമാണ്. അവിടെ 30 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ട കടൽഭിത്തിയാണ് നിലവിലുള്ളത്. അത് മുഴുവൻ തകർന്ന് തരിപ്പണമായി. കടൽക്ഷോഭം നിരന്തരമുണ്ടാവുകയാണ്. ഓഖി ദുരന്തത്തോടുകൂടി ഉണ്ടായിരുന്ന കടൽഭിത്തി അപ്രത്യക്ഷമായി. നിരന്തരമായുണ്ടാകുന്ന കടൽക്ഷോഭം കരയെ പൂർണ്ണമായി കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. യാതൊരുവിധ നടപടികളും ഈ 30 വർഷത്തിനിടയിൽ അവിടെ ഉണ്ടായിട്ടില്ല. അതുകൊണ്ട് ആ കരയെയും അവിടെ താമസിക്കുന്ന ആളുകളുടെ ജീവനും സംരക്ഷിക്കാൻ കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും നിർമ്മാണം അനിവാര്യമാണ്. ഇക്കാര്യം നിരന്തരമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒന്നാണ്. പക്ഷെ യാതൊരുവിധ പരിഹാരക്രിയയും ഉണ്ടായിട്ടില്ല. ആലപ്പാടിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കുന്നെങ്കിൽ മാത്രമേ ഇതിന് ശാശ്വത പരിഹാരമുണ്ടാകൂ. അതുകൊണ്ട് താൽക്കാലിക ശമനമാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ട് ശാശ്വത പരിഹാരക്രിയ അടിയന്തരമായി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഓഖി ചുഴലിക്കാറ്റിനെത്തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ കരുനാഗപ്പള്ളി, ആലപ്പാട് പഞ്ചായത്തിൽ പലഭാഗത്തായി കടൽഭിത്തി തകർന്നതിനാൽ വെള്ളാനത്തുരുത്ത് എന്ന സ്ഥലത്ത് ജലസേചന വകുപ്പ് ഐ.ആർ.ഇ.-യുടെ ഫണ്ടുപയോഗിച്ച് ഏകദേശം 7 കോടി രൂപ ചെലവുവരുന്ന നാല് പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നു. ഇപ്പോൾ 70 ശതമാനം പണി ചെയ്തിട്ടുണ്ട്. 2019 ഡിസംബറോടുകൂടി പണി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സുനാമിക്കുശേഷം കുരിക്കശ്ശേരി ക്ഷേത്രത്തിന് സമീപം പറയകടവിലും അഴീക്കലിൽ രണ്ട് ഭാഗങ്ങളിലുമായി ആകെ നാല് സ്ഥലങ്ങളിൽ പുലിമുട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങൾ പുലിമുട്ടുകളുടെ സാന്നിധ്യംകൊണ്ട് കടലാക്രമണത്തിൽനിന്നും സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. ആലപ്പാട് പഞ്ചായത്തിലെ കടൽഭിത്തി പൂർണ്ണമായും തകർന്ന ചിറയിൻകീഴ്, പണ്ടാരത്തുരുത്ത് എന്നിവിടങ്ങളിൽ തീരസംരക്ഷണത്തിനും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുമായി 363 ലക്ഷം രൂപയുടെ നാല് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

## (6) പാർശ്വഭിത്തി നിർമ്മാണം

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, എന്റെ മണ്ഡലത്തിലെ വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന തീരദേശ റോഡായ ടിപ്പുസുൽത്താൻ റോഡ് പൂർണ്ണമായും കടലെടുത്തു. ഗതാഗതവും വൈദ്യുതിബന്ധവും കുടിവെള്ളവും പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കടലാക്രമണം കാരണം അവിടെ താമസിക്കുന്ന കുടുംബങ്ങളെ തൊട്ടടുത്ത അരിയല്ലൂർ ഗവൺമെന്റ് യു.പി. സ്കൂളിലേക്ക് മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർക്ക് മത്സ്യബന്ധനത്തിനും കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പോകുന്നതിനും വേറേ മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുകയാണ്. അരിയല്ലൂർ പരപ്പാൽ ബീച്ച് മുതൽ മുതിയം ബീച്ച് വരെയുള്ള കടൽത്തീരം കടലാമ പ്രജനന കേന്ദ്രമാണെന്നും പ്രസ്തുത സ്ഥലത്ത് കടൽഭിത്തി നിർമ്മാണം പാടില്ലെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള ശാസ്ത്ര സാഹിത്യപരിഷത്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഈ വിഷയത്തിൽ ബന്ധപ്പെട്ടവരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി മീറ്റിംഗ് വിളിച്ചുചേർത്ത് തീരുമാനം അറിയിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി 20-5-2009-ന് മീറ്റിംഗ് വിളിച്ചുചേർക്കുകയും അരിയല്ലൂർ ബീച്ചിൽ 217 മീറ്റർ സ്ഥലത്ത് കടൽഭിത്തി നിർമ്മാണം പാടില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് പ്രസ്തുത സ്ഥലത്ത് കടൽഭിത്തി നിർമ്മാണപ്രവർത്തനങ്ങൾക്ക് വിലക്കേർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 2009 മുതൽ ഏകദേശം 10 വർഷക്കാലമായി ഇവിടത്തെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള തീരദേശവാസികൾ ഏറെ പ്രയാസപ്പെടുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഇവിടെ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് ജലവിഭവവകുപ്പ് പുറത്തിറക്കിയ ഉത്തരവ് പുനഃപരിശോധിക്കാൻ പരാതിക്കാരായ കേരള ശാസ്ത്ര സാഹിത്യപരിഷത്തിനെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും രണ്ട് തവണ ഞാൻ കത്ത് നൽകിയിരുന്നു. ഇതുവരെ യോഗം വിളിച്ചുചേർത്തിട്ടില്ല. കഴിഞ്ഞ പ്രളയത്തെത്തുടർന്ന് അരിയല്ലൂർ ബീച്ചിലെ കുടിവെള്ളവും വൈദ്യുതിയും ഗതാഗതവും പൂർണ്ണമായും താറുമാറായപ്പോൾ ഞാൻ ആവശ്യപ്പെട്ടപ്രകാരം ജില്ലാ കളക്ടർ ഇതുസംബന്ധിച്ച് ഒരു മീറ്റിംഗ് വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ജിയോട്യൂബ് സംവിധാനം ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനും ടിപ്പുസുൽത്താൻ റോഡ് സംരക്ഷിക്കുന്നതിനും തീരുമാനമെടുത്ത് സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ട് മാസങ്ങൾ കഴിഞ്ഞു. നാളിതുവരെ യാതൊരു തീരുമാനവുമുണ്ടാകുന്നില്ല. ഈ പ്രദേശം കടലാമയുടെ പ്രജനന കേന്ദ്രമാണെന്നത് നിഗമനം മാത്രമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് സർക്കാരിന്റെ പരമപ്രധാനമായ ബാധ്യതയാണ്. ആയതിനാൽ അരിയല്ലൂർ ബീച്ചിൽ നിലവിൽ മനുഷ്യജീവനും സ്വത്തിനും ഭീഷണിയുള്ളതിനാൽ കടൽ സുരക്ഷാഭിത്തി നിർമ്മാണം സംബന്ധിച്ച് ജലവിഭവ വകുപ്പിന്റെ നിരോധന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകണമെന്നും താൽക്കാലിക പരിഹാരമെന്ന നിലയിൽ ടിപ്പുസുൽത്താൻ റോഡിന്റെ പാർശ്വഭിത്തി അടിയന്തരമായി നിർമ്മിച്ച് തീരദേശവാസികളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വള്ളിക്കുന്നിലെ അരിയല്ലൂർ ബീച്ചിലെ കടൽസുരക്ഷാ ഭിത്തി നിർമ്മാണം നടത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേരള ശാസ്ത്ര സാഹിത്യപരിഷത്ത് ഡബ്ല്യു.പി.സി. 6448/2009 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. ഇന്ത്യൻ വനം-വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള കടലാമകളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയെയും പ്രജനന വ്യവസ്ഥയെയും സി.ആർ.ഇസഡ്.-ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കടൽഭിത്തി നിർമ്മാണം ഈ ജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയെ ബാധിക്കുമെന്നും ചൂണ്ടിക്കാട്ടിയാണ് പ്രസ്തുത റിട്ട് ഹർജി ഫയൽ ചെയ്തിരുന്നത്. പ്രസ്തുത കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 17-3-2009-ലെ വിധിന്യായപ്രകാരം ചീഫ് സെക്രട്ടറി പരാതിക്കാരെയും പഞ്ചായത്ത് ജലസേചന വകുപ്പ് ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് ഒരു ചർച്ച നടത്തി വിഷയത്തിൽ ഒരു തീരുമാനം കൈക്കൊള്ളുന്നതിന് ഉത്തരവായി. പ്രസ്തുത സ്ഥലത്തെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ സമിതിയിൽ തീരുമാനമെടുത്ത ശേഷമായിരിക്കണമെന്നും വിധിയിൽ വ്യക്തമാക്കിയിരുന്നു. അതനുസരിച്ച് 20-5-2009-ൽ ചീഫ് സെക്രട്ടറി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മുതിയം ബീച്ചിലെ 217 മീറ്റർ ദൂരത്തിൽ കടൽഭിത്തി നിർമ്മിക്കരുതെന്ന് 6-6-2009-ലെ സർക്കാർ ഉത്തരവ് നമ്പർ 592/2009 പ്രകാരം ഉത്തരവാകുകയുണ്ടായി. ഈ വർഷത്തെ കടലാക്രമണത്തിൽ ടിപ്പുസുൽത്താൻ റോഡിലെ പാർശ്വഭിത്തി തകരുകയും കടൽക്ഷോഭത്തിൽ തീരദേശവാസികളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നുമുണ്ട്. അവിടെ കടൽഭിത്തി നിർമ്മിക്കേണ്ടത് അത്യാവശ്യമാണെങ്കിലും കോടതി ഉത്തരവുപ്രകാരം തുടർനടപടി സ്വീകരിക്കുവാൻ സാധിക്കാതിരിക്കുകയാണ്. ടിപ്പുസുൽത്താൻ റോഡിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹിക്കേണ്ടത്. തീരദേശവാസികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നിലവിലുള്ള വസ്തുതകൾ പരിശോധിച്ച് ആവശ്യമുള്ളപക്ഷം ചീഫ് സെക്രട്ടറി തലത്തിൽ യോഗം ചേർന്ന് യുക്തമായ അടിയന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## (7) വാറ്റ് കുടിശ്ശിക

ശ്രീ. കെ. സി. ജോസഫ്: സർ, 2013 മുതൽ വാറ്റ് നികുതി നിലവിൽ വന്ന കാലഘട്ടത്തെ മിസ്മാച്ച് ചൂണ്ടിക്കാണിച്ചുകൊണ്ട് ചെറുകിട വ്യാപാരികൾക്ക് ഫൈനും പലിശയുമടക്കം ലക്ഷക്കണക്കിന് രൂപ അടയ്ക്കുവാൻ നൽകിയ നോട്ടീസിനെ സംബന്ധിച്ചതാണ് എന്റെ സബ്മിഷൻ. ധനകാര്യ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ നികുതി വകുപ്പുദ്യോഗസ്ഥരുടെ ഇന്നലത്തെ യോഗത്തിൽ വാറ്റ്

കുടിശ്ശിക നോട്ടീസുകൾ പിൻവലിക്കാൻ ധാരണയായി എന്ന വാർത്ത ഇന്നത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്, അത് നല്ല കാര്യമാണ്. ആ യോഗത്തിന്റെ ചർച്ചയിൽ ജനറൽ സ്ക്രൂട്ടിണി എന്ന സോഫ്റ്റ്‌വെയർ മോഡ്യൂളിലെ പിഴവാണ് പ്രശ്നങ്ങൾക്ക് കാരണമെന്നാണ് യോഗം വിലയിരുത്തിയത്. കഴിഞ്ഞ ഒരു വർഷമായി കേരളത്തിലെ വ്യത്യസ്തങ്ങളായ വ്യാപാര സംഘടനകൾ ഈ വിഷയം ഉന്നയിക്കുന്നതാണ്. മൂന്ന് മാസമായി അവർ സമരത്തിലാണ്. ഇന്നലെ കേരളത്തിൽ വ്യാപാരികളുടെ കടയടപ്പ് സമരമായിരുന്നു. സമരങ്ങൾക്കുശേഷം പലതവണ വ്യാപാരി വ്യവസായി ഏകോപന സമിതിയടക്കം ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം നൽകുകയും ഉദ്യോഗസ്ഥരെ കാണുകയും ചെയ്തിട്ടും അന്നൊന്നും ചർച്ച ചെയ്യാനുള്ള പ്രാഥമിക മര്യാദപോലും അങ്ങ് കാണിച്ചില്ല. ഓപ്പൺ മൈന്റഡായിട്ടുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രി, കാര്യങ്ങൾ ചർച്ച ചെയ്യാൻ മടിയുള്ള ആളൊന്നുമല്ല. ഇത്രയും ഗൗരവമായ വിഷയമുണ്ടായിട്ടും അങ്ങ് ചർച്ചയ്ക്ക് തയ്യാറാകാത്തത് നിർഭാഗ്യകരമായിപ്പോയി. ഇതുസംബന്ധിച്ച നിരവധി പരാതികളുണ്ടായിട്ടും അങ്ങ് പരിഹരിക്കാൻ തയ്യാറായില്ല. അവസാനം തണ്ണിത്തോട്ടിൽ ഒരു വ്യാപാരി ലക്ഷങ്ങളുടെ കുടിശ്ശിക നോട്ടീസ് കിട്ടിയപ്പോൾ ആത്മഹത്യ ചെയ്തു. ആ ആത്മഹത്യയ്ക്ക് കാരണക്കാരായ നികുതി വകുപ്പുദ്യോഗസ്ഥരുടെ പേരിൽ ആത്മഹത്യാ പ്രേരണയ്ക്ക് കേസെടുക്കണമെന്ന് വ്യാപാരികൾ ആവശ്യപ്പെടുന്നു. ഈ സാഹചര്യം ഉണ്ടാക്കാൻ പാടില്ലായിരുന്നു. നികുതി വകുപ്പിന്റെ സോഫ്റ്റ്‌വെയർ മോഡ്യൂളിലെ പിഴവ് കണ്ടെത്തുവാൻ കഴിയാതെ പോയത് വകുപ്പിനുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ദയവായി ഇത്തരം ശ്രമങ്ങൾ ആവർത്തിക്കരുത്. അടിയന്തരമായി വാറ്റ് നികുതിയുടെ എല്ലാ അരിയർ നോട്ടീസും പിൻവലിച്ച് നികുതി ബാധ്യത ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാറ്റ് നിയമ പ്രകാരം വ്യാപാരികൾ സ്വയം നികുതി നിർണ്ണയിച്ച് KVATIS എന്ന സോഫ്റ്റ്‌വെയർ വഴിയാണ് റിട്ടേൺ സമർപ്പിക്കുന്നത്. അങ്ങനെയുള്ള റിട്ടേണുകളുടെ സ്ക്രൂട്ടിണിയിൽ പല കാര്യങ്ങളും പരിശോധിക്കാനുണ്ട്. ചെക്ക്പോസ്റ്റുകൾ വഴി വന്ന ചരക്കുകളെല്ലാം ഈ റിട്ടേണിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ, മറ്റ് വ്യാപാരികളുമായി നടത്തിയ ക്രയവിക്രയങ്ങൾ ഒത്തുപോകുന്നുണ്ടോ, റിട്ടേണിനുള്ളിൽ തന്നെയുള്ള പൊരുത്തങ്ങളുമെല്ലാം പരിശോധിച്ചിട്ടാണ് പ്രീ-അസെസ്സ്മെന്റ് നോട്ടീസ് നൽകുന്നത്. അതിന്റെയടിസ്ഥാനത്തിൽ അവർക്ക് വിശദീകരണം നൽകാനുള്ള സമയമുണ്ട്. ആ വിശദീകരണം തൃപ്തികരമല്ലെങ്കിലാണ് നടപടികളിലേയ്ക്ക് പോകുന്നത്. ഇപ്പോൾ

അയച്ചിട്ടുള്ളത് പ്രാഥമിക നോട്ടീസാണ്. ആ നോട്ടീസ് പരിശോധിക്കുന്നതിന് ഡിപ്പാർട്ട്മെന്റിൽ കഴിഞ്ഞ മൂന്നുവർഷമായി ഇത്തരത്തിലുള്ള ഒരു സ്കൂട്ടിണി മോഡ്യൂൾ തയ്യാറാക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തും സി.&എ.ജി.-യുടെ റിപ്പോർട്ടിൽ 5,000 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് പറഞ്ഞുവന്ന റിപ്പോർട്ടും ഇങ്ങനെയൊരു സ്കൂട്ടിണി മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനമാണ്. സ്കൂട്ടിണി മോഡ്യൂളിൽ ചില പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് യാന്ത്രികമായി അയയ്ക്കുകയല്ല വേണ്ടത്. ഓരോ നോട്ടീസും പ്രാഥമിക പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുവേണം അയയ്ക്കുവാനെന്നുള്ള സർക്കുലറാണ് നൽകിയിരുന്നത്. എന്നാൽ അതിനുവിരുദ്ധമായി നോട്ടീസുകളെല്ലാം അയയ്ക്കുകയാണ് ചെയ്തത്. തെരഞ്ഞെടുപ്പിന്റെ സമയത്ത് നോട്ടീസുകൾ അയച്ചതു കൊണ്ട് അക്കാര്യം ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. എന്നാൽ അതിനുശേഷം ഗൗരവമായിതന്നെ പരിശോധിച്ചു. അപ്പോൾ രണ്ട് തരത്തിലുള്ള പിശകുകൾ കണ്ടു. ഒന്ന്, ഡാറ്റാ എൻട്രി ചെയ്യുന്നത് വ്യാപാരികൾ തന്നെയാണ്. പക്ഷെ കോളങ്ങളൊക്കെ മാറിവരും. കാരണം അവർ അക്ഷയകേന്ദ്രം വഴിയാണ് അയയ്ക്കുന്നത്. TIN Number മാറി തുകയിൽ വരികയാണെങ്കിൽ പതിനൊന്നക്ക വലിയ തുകയായി വരും. ഇതാണ് പ്രശ്നങ്ങളുടെ ഒരു കാരണം. രണ്ടാമത്തെ കാര്യം, ഡിസൈനിൽ ചില പ്രശ്നങ്ങൾ കണ്ടെത്തുകയുണ്ടായി. ഇന്നലെ സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് എത്ര നോട്ടീസ് അയച്ചിട്ടുണ്ട് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചു. തിരുത്തലുകൾ നിയമപരമായി എങ്ങനെ നടത്താമെന്ന് ചർച്ചചെയ്യുകയുംകൂടി വേണം. കാരണം, ഇതെല്ലാം സ്റ്റാറ്റ്യൂട്ടറി നോട്ടീസാണ്. മന്ത്രിക്ക് സ്റ്റേ ചെയ്യാനോ, റദ്ദാക്കാനോ കഴിയുന്നതല്ല. നിയമ വകുപ്പുമായികൂടി ചർച്ചചെയ്ത് അതിന്റെയടിസ്ഥാനത്തിൽ പ്രശ്നങ്ങളുടെ കുരുക്കഴിക്കാനുള്ള സമീപനം കൈക്കൊള്ളും. അതുവരെ ഇക്കാര്യത്തിൽ യാതൊരു തുടർനടപടികളുമുണ്ടാക്കാൻ സാധിക്കില്ല. സംഘടനാ ഭാരവാഹികളുമായി നേരത്തെതന്നെ ചർച്ച നടത്തിയിട്ടുണ്ട്. ഇന്ന് എല്ലാ വ്യാപാര സംഘടനകളെയും വിളിച്ചിട്ടുണ്ട്. അവരുമായും ചർച്ച ചെയ്തശേഷം ഈ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (8) ക്ഷേമനിധി പ്രവർത്തനം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കേരളത്തിലെ മുതിർന്ന കലാകാരന്മാരും കലാകാരികളും നേരിടുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. വളരെ പ്രതീക്ഷയോടെ

കലാകാരന്മാരും കലാകാരികളും കണ്ട സാംസ്കാരിക ക്ഷേമനിധിയാണ് നിയമസഭ പാസാക്കിയ ക്ഷേമനിധി. ഈ നിയമത്തിലൂടെ കേരളത്തിലെ തിയേറ്ററുകളിൽ നിന്നും ടിക്കറ്റിൽ മൂന്ന് രൂപവീതം നേടിയെടുത്തുകൊണ്ട് ഒരു വർഷം 25 കോടിയോളം രൂപ വരുമാനം വരുന്ന ക്ഷേമനിധിയാണിത്. ഈ ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതിനായി പല കലാകാരന്മാരും കലാകാരികളും ചെല്ലുമ്പോൾ നിഷേധാത്മക നിലപാട് സ്വീകരിച്ച് അവരെ പറഞ്ഞുവിടുകയാണ്. 60 വയസ്സ് കഴിഞ്ഞവർക്ക് ആയിരം രൂപ വീതം നൽകുവാൻ 2012-ൽ തീരുമാനിച്ചിരുന്നു. ഈ ഗവൺമെന്റ് വന്നശേഷം അത് മൂവായിരം രൂപയാക്കി വർദ്ധിപ്പിച്ചു, നല്ല കാര്യമാണ്. പക്ഷെ പുതുതായി, 60 വയസ്സ് കഴിഞ്ഞവർക്കോ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്ത കലാകാരന്മാർക്കോ മെമ്പർഷിപ്പ് നൽകില്ല, നിർബന്ധമായും അവർക്കുനേരെ വാതിലടച്ചിരിക്കുകയാണ്. ഇക്കാര്യം തിരുവനന്തപുരത്തുള്ള വേട്ടക്കുളം ശിവാനന്ദൻ എന്നൊരു കലാകാരൻ പറഞ്ഞതുകൊണ്ടാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. അദ്ദേഹം വളരെ പ്രായമുള്ള ഒരു നാടക കലാകാരനാണ്. അദ്ദേഹം അപേക്ഷ കൊടുത്തെങ്കിലും കിട്ടിയില്ല. കാരണമായി പറഞ്ഞത് ക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ടെന്നാണ്. രാജ്യത്തെ എല്ലാ വൃദ്ധരായ ആളുകൾക്കും വിധവകൾക്കും ക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ടെന്നുപറഞ്ഞ് ഈ മൂവായിരം രൂപ തടയുകയാണ് ചെയ്യുന്നത്. കോടാനുകോടി രൂപ കുമിഞ്ഞുകൂടുമ്പോൾ രണ്ടോ മൂന്നോ കോടി രൂപ ചെലവഴിച്ച് കെട്ടിടം വാങ്ങാൻ പോകുകയാണ്. ഈ അപേക്ഷകർക്ക് നൽകില്ലെന്ന് പറയുമ്പോൾത്തന്നെ, തിരുവനന്തപുരത്തെ പ്രശസ്തമായ ഒരു തിയേറ്റർ ഉടമയ്ക്കും ഭാര്യക്കും മകൾക്കും അംഗത്വം കൊടുത്തു. കേരളത്തിലെ ഏറ്റവും വലിയ ബാങ്ക് ശൃംഖലയുടെ ഉടമസ്ഥന് തിയേറ്റർ ഉടമയെന്ന പേരിൽ മെമ്പർഷിപ്പ് കൊടുത്തു. പക്ഷെ ഇതേ തിയേറ്ററിൽ ജോലി ചെയ്യുന്ന മാനേജർ അപേക്ഷ കൊടുത്തിട്ടും അംഗത്വം കൊടുക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയെ ഒരു കലാകാരനോടൊപ്പം ഞാൻ വന്ന് കാണുകയും അദ്ദേഹം മന്ത്രിക്ക് ഒരു പരാതിയും കൊടുത്തിരുന്നു. അങ്ങ് അപ്പോൾത്തന്നെ മെമ്പർഷിപ്പ് നൽകണമെന്ന് കർശന നിർദ്ദേശം കൊടുത്തു. പക്ഷെ ഇന്നുവരെ അംഗത്വം നൽകിയിട്ടില്ലെന്നു മാത്രമല്ല, പ്രസ്തുത ക്ഷേമനിധിയിൽനിന്ന് വളരെ നിഷേധാത്മകമായ നിലയിൽ നൽകിയ മറുപടിക്കത്ത് എനിക്കും അയച്ചുതന്നിട്ടുണ്ട്. ആ കത്ത് ഞാൻ അങ്ങയെ കാണിക്കാം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് പരമാവധി കലാകാരന്മാരെയും കലാകാരികളെയും ഇതിൽ ചേർത്ത് ആനുകൂല്യം നൽകുവാൻ നടപടിയെടുക്കണം. ഗവൺമെന്റ് ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ക്ഷേമനിധി വർദ്ധിപ്പിക്കുകയും അതിനുവേണ്ടി കോടാനുകോടി രൂപ പിരിക്കുകയും ചെയ്തു. അതൊന്നും പാവപ്പെട്ട കലാകാരന്മാർക്ക് ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിനായി ലഭിക്കുന്ന അപേക്ഷകളെല്ലാം ബോർഡ് പരിശോധിച്ച് അംഗീകൃത സാംസ്കാരിക സംഘടനകൾക്ക് അയച്ചുകൊടുക്കും. അവരുടെ ശിപാർശപ്രകാരം അംഗത്വ രജിസ്ട്രേഷനും മെമ്പർഷിപ്പ് കാർഡും നൽകുന്നതാണ് നിലവിലെ സ്ഥിതി. അതുപ്രകാരം അംഗങ്ങൾ മുടങ്ങാതെ അംശദായം അടയ്ക്കേണ്ടതും അംശദായം അടച്ച് 60 വയസ്സ് കഴിയുന്ന മുറയ്ക്ക് അംഗങ്ങൾക്ക് സൂപ്പറാന്വേഷൻ ഫോറം അയച്ചുകൊടുക്കുകയും ചെയ്യും. മാനദണ്ഡങ്ങൾ പാലിച്ച് താമസംവിനാ പെൻഷൻ നൽകിവരികയാണ്. അർഹതയുള്ള അപേക്ഷകൾക്ക് പെൻഷൻ ലഭിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിട്ടതായി അറിവുകളൊന്നുമില്ല. ഒറ്റപ്പെട്ട ഒന്നുരണ്ടു സംഭവങ്ങളുണ്ടായതിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കോടാനുകോടി നിക്ഷേപമൊന്നും ബോർഡിനില്ല. എങ്കിലും രണ്ടുമൂന്നു പ്രാവശ്യം സബ്മിഷന്റെ ഭാഗമായി ശ്രീ. കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ചതുകൊണ്ട് പറയുകയാണ്; ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 70 ലക്ഷം രൂപയായിരുന്നു ക്ഷേമനിധിയുടെ മൂലധനം. അതിപ്പോൾ 15 കോടി രൂപയായി ഉയർത്താൻ കഴിഞ്ഞു. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വലിയ പ്രചാരമില്ലാതിരുന്ന മലബാർ മേഖലയിൽ കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ഏഴ് ജില്ലകളിൽ സാംസ്കാരിക സംഗമം സംഘടിപ്പിച്ച് ക്ഷേമനിധി പ്രവർത്തനങ്ങൾക്ക് കലാകാരന്മാർക്കിടയിൽ നല്ല പ്രചരണം നൽകി. അതിന്റെ ഭാഗമായി 60 വയസ്സ് കഴിഞ്ഞ കലാകാരന്മാർക്ക് അംശദായം ഒറ്റത്തവണയായി അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ക്ഷേമനിധിയിൽ ചേരുന്നതിന് അനുവാദം കൊടുക്കുകയും ചെയ്തു. അതിന്റെ സമയപരിധി രണ്ട് വർഷംകൂടി ദീർഘിപ്പിച്ചുനൽകി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അതായത്, 2016 മേയ് മാസത്തിൽ 10584 അംഗങ്ങളുണ്ടായിരുന്ന ക്ഷേമനിധിയിൽ ഇപ്പോൾ 14025 അംഗങ്ങളായി വർദ്ധിച്ചു. 1,000 രൂപയായിരുന്ന ക്ഷേമനിധി പെൻഷൻ 3,000 രൂപയായും ഫാമിലി പെൻഷൻ 750 രൂപയിൽനിന്ന് 1,100 രൂപയായും ചികിത്സാ ധനസഹായം 75,000 രൂപയിൽനിന്ന് 1,50,000 രൂപയായും വർദ്ധിപ്പിച്ചു. ഇത്തരത്തിൽ അർഹരായ മുഴുവൻ കലാകാരന്മാരെയും ക്ഷേമനിധി അംഗങ്ങളാക്കി ക്ഷേമനിധി ആനുകൂല്യങ്ങൾ പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) പാലം പുനർനിർമ്മാണം

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും നഗ്നമായ അഴിമതിയാണ് പാലാരിവട്ടംപാലം നിർമ്മാണത്തിൽ സംഭവിച്ചിട്ടുള്ളത്. പാലാരിവട്ടംപാലം അഴിമതിയുടെ ഒരു സ്മാരകമായി കേരളത്തിന്റെ മുമ്പാകെ നിൽക്കുകയാണ്. നിർമ്മാണം പൂർത്തീകരിച്ച് രണ്ട് വർഷമാകുമ്പോഴേയ്ക്ക് പാലം പൊളിയാൻ തുടങ്ങിയെന്നതാണ് വസ്തുത. വിദഗ്ദ്ധ പരിശോധനയിൽ 750 മീറ്റർ നീളമുള്ള പ്രസ്തുത പാലത്തിന്റെ 102 ഗർഡറുകളിൽ 97 ഗർഡറുകളിലും അതുപോലെ 18 പിയർ ക്യാപുകളിൽ 16-ലും വിള്ളൽ കണ്ടെത്തുകയുണ്ടായി. 19 സ്പാനുകളിൽ 17-ഉം തകരാറിലാണ്. ഈ നിർമ്മാണ പ്രവൃത്തിയിൽ ബന്ധപ്പെട്ടവരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച മാത്രമല്ല, വലിയ അഴിമതിയും നടന്നിട്ടുണ്ടെന്നാണ് വാർത്തകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഈ നിർമ്മാണ പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതല്ലെന്ന് പ്രീ ബിഡ് മീറ്റിംഗിൽ വ്യക്തമായി പറയുകയും അതിനെത്തുടർന്ന് ടെണ്ടറിൽ പങ്കെടുക്കേണ്ടിയിരുന്ന, ഈ രംഗത്ത് കഴിവ് തെളിയിച്ചിട്ടുള്ള പലരും അതിന് തയ്യാറാകാതെ വിട്ടുനിൽക്കേണ്ടിവരികയും ചെയ്തു. അങ്ങനെ സ്വന്തക്കാർക്ക് കരാർ തരപ്പെടുത്തി നൽകിയതിനുശേഷം മുമ്പ് ഔദ്യോഗികമായി പറഞ്ഞിട്ടുള്ളതിൽ നിന്ന് വ്യത്യസ്തമായി മൊബിലൈസേഷൻ അഡ്വാൻസും നൽകിയെന്നാണ് മനസ്സിലാകുന്നത്. ആ മൊബിലൈസേഷൻ അഡ്വാൻസ് യഥാർത്ഥത്തിൽ കരാറുകാരന് അത്യാവശ്യമായിരുന്നില്ലെന്നും മറ്റു പലർക്കും അത്യാവശ്യമുണ്ടായിരുന്നതെന്നുമാണ് ഇതിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. നോഡൽ ഏജൻസിയായ കിറ്റ്കോയിലെയും ആർ.ബി.ഡി.സി.കെ.-യിലെയും ഉദ്യോഗസ്ഥർ കൃത്യമായ മേൽനോട്ടം നടത്തിയിട്ടില്ല. പാലം ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. അതിലൂടെയുള്ള ഗതാഗതം ഇല്ലാത്തതിനാൽ ലക്ഷക്കണക്കിന് വരുന്ന യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കിയിട്ടുള്ളത്. മണിക്കൂറുകളോളം നീളുന്ന ഗതാഗതക്കുരുക്ക് അവിടെ സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. ഇതിലൂടെ ഒട്ടേറെ സമയനഷ്ടവും ഇന്ധനനഷ്ടവുമുണ്ടാകുന്നുണ്ട്. പൊതു ഖജനാവിലെ പണം കൊള്ളയടിച്ച എല്ലാ കുറ്റക്കാർക്കുമെതിരെ നിയമാനുസൃത നടപടി ഉറപ്പുവരുത്താൻ സാധിക്കേണ്ടതാണ്. ഉദ്യോഗസ്ഥതലത്തിൽ മാത്രമുള്ള അഴിമതിയിലൂടെ ഇങ്ങനെയൊരു സംഭവമുണ്ടാകില്ലെന്നത് വ്യക്തമാണ്. ഇതിൽ പങ്കാളികളായിട്ടുള്ള എല്ലാവരെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും നിയമാനുസൃതമായ ശിക്ഷ നൽകാനും കഴിയണം. ഇപ്പോൾ കരാറുകാരിൽനിന്നും പണം തിരിച്ചുപിടിക്കുന്നതുൾപ്പെടെയുള്ള മാതൃകാപരമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; അത് അഭിനന്ദനാർഹവുമാണ്. അതോടൊപ്പം ഇതിൽ

ഉൾപ്പെട്ടിട്ടുള്ള എല്ലാ കൊള്ളക്കാരെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും ശിക്ഷിക്കാനും സാധിക്കണം. നിരപരാധികളായ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങളെ മുൻനിർത്തി പാലാരിവട്ടം പാലത്തിന്റെ പുനർനിർമ്മാണം കഴിയാവുന്നത്ര ത്വരിതപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. എം. സ്വരാജിന്റെ നിയോജകമണ്ഡലത്തിൽ വരുന്ന പാലാരിവട്ടം പാലത്തിന്റെ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. പാലത്തിന്റെ തകരാർ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഗവൺമെന്റ് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്ക് അന്വേഷണത്തിനുവേണ്ടി ഉത്തരവിട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എൻഡോഴ്സ് ചെയ്യുകയും കർശനമായ അന്വേഷണം നടത്താൻ ഫയലിലെഴുതി അതിന്റെ അന്വേഷണം നടന്നുവരികയുമാണ്. അതേസമയം അതിന്റെ സാങ്കേതിക കാര്യങ്ങൾ പരിശോധിക്കാൻ മദ്രാസ് ഐ.ഐ.ടി.-ക്ക് കത്തെഴുതി. അവർ സമയമെടുത്ത് പരിശോധന നടത്തി, മൂന്ന് തവണയായി റിപ്പോർട്ടുകളും നൽകുകയുണ്ടായി. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷിച്ച് അന്നത്തെ പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയായിരുന്ന ഐ.എ.എസ്. ഓഫീസർ, കോൺട്രാക്ടർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനിലെയും കിറ്റ്കോയിലെയും ചില ഉയർന്ന ഉദ്യോഗസ്ഥന്മാർ എന്നിവരെയടക്കം പ്രതികളാക്കി കേസ്സെടുക്കുകയും അതിൽ ഏതാനും പേരെ അറസ്റ്റ് ചെയ്ത് ജാമ്യം കിട്ടാതെ ഏകദേശം രണ്ട് മാസമായി ജയിലിൽ കിടക്കുകയുമാണ്. ജാമ്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഹൈക്കോടതിയിൽ തുടർച്ചയായി നടന്നിട്ടുണ്ടെങ്കിലും ഇതുവരെ ജാമ്യം കൊടുത്തിട്ടില്ല. കേസ് നല്ല നിലയിൽ നടക്കുകയാണ്. വിജിലൻസ് കൈകാര്യം ചെയ്യുന്ന കേസ്സിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നത് ചട്ടപ്രകാരം ശരിയല്ല, ഗവൺമെന്റ് അത് ഉദ്ദേശിക്കുന്നില്ല. അതെല്ലാം ശരിയായ രീതിയിൽതന്നെ മുന്നോട്ടുപോകുന്നതാണ്. അതിലൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ വകുപ്പിന്റെ മന്ത്രിയായ ഞാനോ ഇടപെടുകയുണ്ടായിട്ടില്ല. എല്ലാം നിഷ്പക്ഷമായി നിയമപ്രകാരം നടക്കും. സാങ്കേതിക കാര്യത്തെപ്പറ്റി പറയുമ്പോൾ ഐ.ഐ.ടി.-യുടെ റിപ്പോർട്ടിൽ അതിന്റെ തുടക്കം മുതൽ, അതായത് അതിന്റെ ഡിസൈനിൽത്തന്നെ പിശകുണ്ടെന്നാണ് പറയുന്നത്. കാർബൺ ഫൈബർ റാപിംഗ് എന്നുപറയുന്ന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള താൽക്കാലിക പരിഹാരം മാത്രമേ അവർ പറഞ്ഞിട്ടുള്ളൂ. പത്ത് വർഷം മാത്രമേ ഏകദേശം പറയുന്നുള്ളൂ, സ്ഥിരമായ പരിഹാരം അവർ പറഞ്ഞിട്ടില്ല. പക്ഷെ ഗർഡറുകൾ, പിയർ ക്യാപ് അടക്കമുള്ള അടിസ്ഥാനപരമായ തകരാറെല്ലാം ഐ.ഐ.ടി. ചൂണ്ടിക്കാണിച്ചു. ഡിസൈൻ

കേടായി എന്നുപറഞ്ഞാൽ പിന്നെ കൂടുതലൊന്നും പറയേണ്ട കാര്യമില്ല. പത്ത് വർഷം കഴിഞ്ഞാൽ പിന്നെയും പാലം പണിയാൻ സാധിക്കുമോ? അപ്പോഴാണ് ലോകപ്രശസ്തനായ, എല്ലാവരും ബഹുമാനിക്കുന്ന ഡോ. ഇ. ശ്രീധരൻ ഈ വിഷയത്തിൽ സ്റ്റേറ്റ്മെന്റ് നടത്തിയത്. ആരും അദ്ദേഹത്തെ തള്ളിപ്പറഞ്ഞിട്ടില്ല. തത്പരകക്ഷികളായ ചില കോൺട്രാക്ടർമാരും അസൂയക്കാരായ എഞ്ചിനീയർമാരും പലതും ഹൈക്കോടതിയിൽ പറയുന്നുണ്ട്. പക്ഷെ അദ്ദേഹത്തെക്കുറിച്ച് നമുക്കെല്ലാവർക്കും പൊതുഅഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തെ വിളിച്ച് എന്റെയും ചീഫ് സെക്രട്ടറിയുടെയും പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ ചർച്ചനടത്തി. അപ്പോൾ അദ്ദേഹം ഞാൻ പരിശോധിക്കാമെന്ന് പറയുകയും അവിടെപ്പോയി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വളരെ ആഴത്തിലുള്ള കറക്ഷനാണ് വേണ്ടതെന്ന് ആ റിപ്പോർട്ടിൽ അദ്ദേഹം പറയുന്നുണ്ട്. ഐ.ഐ.ടി. പറഞ്ഞതിനോട് യോജിക്കുകയും ഡിസൈൻ തകരാറെന്നുമാണ് അദ്ദേഹവും പറഞ്ഞത്. അതായത് 102 ഗർഡറുകളിൽ 97 എണ്ണം പൊളിക്കുകയോ മാറ്റുകയോ വേണമെന്നാണ് അദ്ദേഹം പറഞ്ഞത്. അടിത്തറയ്ക്ക് പ്രശ്നമുണ്ടാകാത്തതുകൊണ്ട് നിലനിൽക്കുമായിരിക്കും. പുതിയ പാലത്തിന് 100 വർഷത്തെ ഗ്യാരന്റി അദ്ദേഹം എഴുതിത്തന്നിട്ടുണ്ട്. നിയമപരമായ എല്ലാ പരിശോധനയും നടത്തി ക്യാബിനറ്റ് കൂടി അദ്ദേഹം ഓഫർ ചെയ്തതനുസരിച്ച് ഡി.എം.ആർ.സി.-യെ ചുമതല പ്പെടുത്തുകയും അതിന്റെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. പാലം പണിയുന്നതിന് ഏകദേശം 18 കോടി രൂപയാണ് ആവശ്യമായിട്ടുള്ളതെന്ന് പറഞ്ഞു. നേരത്തെ ഗവൺമെന്റിന്റെ ചില പ്രോജക്ടുകൾ ചെയ്ത വകയിൽ കുറച്ച് പണം ബാക്കിയുള്ളതുകൊണ്ട് ഇപ്പോൾ പണം ആവശ്യമില്ലെന്ന് പറഞ്ഞു. അവർ ആവശ്യപ്പെടുമ്പോൾ ഗവൺമെന്റ് കൊടുക്കും. ആ തരത്തിൽ നല്ല നിലയിൽ പോകുകയാണ്. ഇവിടെ ട്രാഫിക്കിന്റെ പ്രശ്നം സൂചിപ്പിച്ചു, എറണാകുളത്ത് ട്രാഫിക് പ്രശ്നമുണ്ട്. ഈ പാലം പൊളിഞ്ഞതുകൊണ്ട് അൽപ്പം ട്രാഫിക്ക് പ്രശ്നം ഉണ്ടായിട്ടുണ്ടെന്നല്ലാതെ അവിടെ എപ്പോഴും പ്രശ്നമാണ്. ഈ വിഷയം മാധ്യമങ്ങൾ ഊതിപെരുപ്പിക്കുകയാണ്. ഒന്നൊന്നര മണിക്കൂർ ട്രാഫിക് തടസ്സം അപൂർവ്വമായി സംഭവിക്കുന്നുണ്ട്. അതില്ലെന്ന് പറയുന്നില്ല. ട്രാഫിക് ഇല്ലാത്തത് എവിടെയാണ്? എറണാകുളത്ത് കുറച്ച് ആളുകളും കോൺട്രാക്ടർമാരുമുണ്ട്. ഒരു കോൺട്രാക്ടർ പറഞ്ഞത് പാലം പൊളിച്ചാൽ ഞങ്ങൾ തടയുമെന്നാണ്. അങ്ങനെ തടയുന്ന ആൾ ജയിലിലായിരിക്കും. അയാൾക്ക് കോൺട്രാക്റ്റ് ലൈസൻസുണ്ടാകില്ല, വീട്ടിലിരിക്കും. അയാളുടെ ലൈസൻസ് കട്ട് ചെയ്താൽ എന്ത് ചെയ്യും? അഴിമതിക്കാർക്കുവേണ്ടി അഹങ്കരിക്കുകയാണ്. കൂടാതെ കുറേ സ്ട്രക്ച്ചറൽ എഞ്ചിനീയേഴ്സുണ്ട്. ഇവരെയൊന്നും പാലം പണിതപ്പോൾ കണ്ടില്ല. സ്ട്രക്ച്ചറൽ

എഞ്ചിനീയേഴ്സ് എവിടെപ്പോയി? ഗവൺമെന്റിനെ ഭയപ്പെടുത്തേണ്ട ആവശ്യമില്ല. ഞങ്ങൾ നടപടികളിലേയ്ക്ക് പോകുന്നില്ല. അഴിമതിക്ക് ഇവരെ അറസ്റ്റ് ചെയ്യാവുന്നതാണ്. ഞങ്ങളതൊന്നും ചെയ്യുന്നില്ല. അതുകൊണ്ട് പത്ര മാധ്യമങ്ങൾ വഴി ബഹളം വച്ചതുകൊണ്ട് പ്രയോജനമില്ല. ശക്തമായ നടപടി സ്വീകരിച്ചിട്ടുള്ള കാര്യത്തിനെ ആർക്കെങ്കിലും ആക്ഷേപിക്കാൻ പറ്റുമോ; ഗവൺമെന്റ് എന്തെങ്കിലും കാര്യത്തിൽ ഇടപെടുന്നുണ്ടോ? ഒരു രാഷ്ട്രീയ വൈരാഗ്യവുമില്ല. എല്ലാ കാര്യത്തിനും പരിഹാരമുണ്ടാകും. ഒരു വർഷംകൊണ്ട് പാലം പണിയുമെന്നാണ് ശ്രീ. ഇ. ശ്രീധരൻ പറഞ്ഞിരിക്കുന്നത്. അദ്ദേഹം പറഞ്ഞ വാക്ക് പാലിക്കും. പാലം പണിയുന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരുമിച്ച് നിൽക്കാം. ഇതുപോലെ ഇനി സംഭവിക്കാൻ പാടില്ല; അതിനുള്ള എല്ലാ നടപടികളും നിയമപ്രകാരം ചെയ്യും. ഒരു പഴുതുണ്ടെന്ന് കണ്ടാൽ ഗവൺമെന്റ് അടയ്ക്കും. അതുകൊണ്ട് എല്ലാം നല്ല നിലയിൽ നടക്കുമെന്ന് ഇക്കാര്യത്തിൽ ഞാൻ ഉറപ്പുനൽകുകയാണ്.

## (10) സാമ്പത്തിക സഹായം

ശ്രീ. എം. രാജഗോപാലൻ: സർ, സമൂഹത്തിൽ ഏറെ അവഗണിക്കപ്പെടുന്നവരും എന്നാൽ ഈ സർക്കാരിൽ ഏറെ പ്രതീക്ഷയുള്ളവരുമാണ് ഉത്തര മലബാറിലെ ആചാരസ്ഥാനീകരും കോലധാരികളും. ജീവിതംതന്നെ ആചാരാനുഷ്ഠാനങ്ങൾക്കും കോലപ്പകർച്ചയ്ക്കും വേണ്ടി മാറ്റിവച്ചവരാണ്. മലബാർ ദേവസ്വം ബോർഡ് വഴി പ്രതിമാസം നൽകുന്ന ധനസഹായ പദ്ധതിപ്രകാരം കാസർഗോഡ് ഡിവിഷനിൽ നേരത്തെ 950 പേർക്കും 2016-ലെ അപേക്ഷ പ്രകാരം ഇപ്പോൾ 280-ഓളം ആളുകൾക്കും സഹായധനം നൽകിവരികയാണ്. മുൻകാലത്ത് ആചാരസ്ഥാനീകർക്ക് കേവലം 800 രൂപയും കോലധാരികൾക്ക് 700 രൂപയുമാണ് ലഭിച്ചുവന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2018 നവംബർ 24-ാം തീയതി ഇവരുടെ സഹായധനം 1100 രൂപ നിരക്കിൽ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിന് മുൻകയ്യെടുത്ത സർക്കാരിനെ അഭിനന്ദിക്കുകയാണ്. എന്നാൽ വളരെയേറെ ജീവിതക്ലേശം അനുഭവിക്കുന്ന ഇവരുടെ ജീവിതസായാഹ്നത്തിൽ കിട്ടുന്ന തുക മറ്റുള്ളവരെ അപേക്ഷിച്ച് കുറവാണ്. നേരത്തെ ക്ഷേമപെൻഷന്റെ കൂടെ വാങ്ങിയിരുന്ന തുക ഇപ്പോൾ മറ്റ് പെൻഷനുകൾ വാങ്ങുന്നില്ലെന്ന് സത്യവാങ്മൂലം നൽകിയാൽ മാത്രമേ അനുവദിക്കുന്നുള്ളൂ. തെയ്യാട്ടകാവുകളിലും ക്ഷേത്രങ്ങളിലും ജീവിതം ഹോമിക്കുന്ന ഇവരുടെ ജീവിതം നരകതുല്യമാണ്. എല്ലാ സുഖസൗകര്യങ്ങളും ഒഴിവാക്കിയാണ് ഇവർ ഈ കർമ്മങ്ങൾ അനുഷ്ഠിക്കുന്നത്. ആയതിനാൽ ഉത്തര മലബാറിലെ ആചാരസ്ഥാനീകർക്കും കോലധാരികൾക്കും നൽകിവരുന്ന സാമ്പത്തിക സഹായം അടിയന്തരമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ശരിയാണ്. ഏതാണ്ട് 1811 ആചാരസ്ഥാനീകർക്കും 397 കോലധാരികൾക്കും 2018-ൽ വർദ്ധിപ്പിച്ച പ്രകാരം പ്രതിമാസം 1100 രൂപ വീതം സഹായധനം കൊടുക്കുന്നുണ്ട്. കൂടുതൽ ധനസഹായം നൽകേണ്ടതാണ്. അടുത്ത മാസം മുതൽ 1200 രൂപ വീതം കൊടുക്കാൻ നടപടിയെടുക്കാം. ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി നിശ്ചയമായും 1500 രൂപയായി മാറ്റുന്നതിനുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കും.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

പ്രത്യേക ലിസ്റ്റ് പ്രകാരം (ചട്ടം 47 (2) അനുസരിച്ച്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 164 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെയും 173 എന്ന നമ്പരിലുള്ള നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യത്തിന്റെയും പത്താം സമ്മേളനത്തിലെ 1631, 3138, 4443 പതിമൂന്നാം സമ്മേളനത്തിലെ 50, 149, 1961, 2046, 2084, 2101, 2118 പതിനാലാം സമ്മേളനത്തിലെ 3, 99, 106, 140, 1869, 1930,2005 പതിനഞ്ചാം സമ്മേളനത്തിലെ 1, 5, 6, 11, 24, 28, 35, 36, 38, 39, 40, 41, 42, 43, 49, 50, 52, 53, 56, 57, 60, 64, 68, 72, 78, 79, 80, 81, 83, 84, 85, 106, 107, 108, 109, 112, 115, 117, 118, 119, 120, 121, 122, 124, 137, 138, 139, 140, 141, 142, 143, 145, 150, 151, 153, 154, 157, 158, 159, 160, 161, 163, 176, 179, 180, 182, 184, 185, 191, 195, 196, 197, 199, 200, 202, 203, 205, 206, 207, 209, 218, 221, 224, 227, 228, 229, 230, 232, 235, 236, 237, 241, 243, 244, 245, 246, 248, 249, 873, 984, 1866, 1871, 1877, 1883, 1888, 1917, 1921, 1922, 1923, 1953, 1955, 1957, 1958, 1962, 1963, 1964, 1974, 1992, 1996, 2052, 2627, 3474, 3480, 3483, 3503, 3514, 3521, 3522, 3526, 3530, 3542, 3549, 3554, 3559, 3560, 3561, 3564, 3565, 3578, 3579, 3581, 3599, 4952, 4958, 4965, 4966, 4967, 4977, 4990, 4994, 5015, 5018, 5043, 5048, 5050, 5053, 5054, 5057, 5060, 5065, 5066, 5080, 5084, 5087, 5088, 5089, 5098, 5105, 6129 എന്നീ നമ്പരുകളിലുള്ള നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2372 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 7167, 7168 പതിനാലാം സമ്മേളനത്തിലെ 5233 പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1429, 1478, പതിനഞ്ചാം സമ്മേളനത്തിലെ 1440, 3088, 6116 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

4. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പതിനാലാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 2203 പത്താം സമ്മേളനത്തിലെ 5590 പതിനൊന്നാം സമ്മേളനത്തിലെ 456, 2317, 3741 പതിമൂന്നാം സമ്മേളനത്തിലെ 2405, 4150 പതിനഞ്ചാം സമ്മേളനത്തിലെ 432, 442, 472, 485, 502, 547, 564, 565, 2214, 2221, 2232, 2247, 2287, 2307 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4182 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

6. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 2764 പത്താം സമ്മേളനത്തിലെ 1032, 1033 പതിനാലാം സമ്മേളനത്തിലെ 548, 3658, 5020, 5040 പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1852, എന്നീ നമ്പരുകളിലുള്ള നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

7. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 243 പതിനഞ്ചാം സമ്മേളനത്തിലെ 252, 2113, 2136, 3625, 3692 എന്നീ നമ്പരുകളിലുള്ള നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

8. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 361 എന്ന നമ്പരിലുള്ള നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

9. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3537 പതിനഞ്ചാം സമ്മേളനത്തിലെ 1658, 4754 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

10. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2989, 4448, 5969, 6032 എന്നീ നമ്പരുകളിലുള്ള നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

11. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1838 പതിനാലാം സമ്മേളനത്തിലെ 1691, 1747, 1750 പതിനഞ്ചാം സമ്മേളനത്തിലെ 1674, 1683, 1684, 1713, 1724, 1728, 4857, 4871, 4886 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(I) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു; ശ്രീ. വി. ടി. ബൽറാം അങ്ങയുടെ ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

## VIII ക്രമപ്രശ്നം

ബില്ലുകൾ യഥാസമയം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. വി. ടി. ബൽറാം: സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച 76-ാം ചട്ടത്തിൽ അവതരണത്തിനുശേഷമുള്ള പ്രമേയങ്ങളെക്കുറിച്ച് ക്ലിപ്ത നിബന്ധനയിൽ വ്യക്തമായി പറയുന്നത്, "അങ്ങനെയുള്ള യാതൊരു പ്രമേയവും അവതരിപ്പിക്കാൻ പാടില്ലാത്തതും പ്രമേയം അവതരിപ്പിക്കുന്നതിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് ബില്ലിലെ പ്രതികൾ അപ്രകാരം ലഭിക്കാത്തപക്ഷം ഏതൊരംഗത്തിനും അങ്ങനെയുള്ള ഏതൊരു പ്രമേയം അവതരിപ്പിക്കുന്നതിന് എതിർക്കാവുന്നതും സ്പീക്കർക്ക് അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് അങ്ങനെയുള്ള പ്രമേയം അവതരിപ്പിക്കാൻ അനുവദിക്കാത്തപക്ഷം ആ എതിർപ്പ് നിലനിൽക്കുന്നതുമാണെന്നുള്ളതാണ്". നിയമസഭയിലെ അംഗങ്ങൾക്ക് വളരെ പ്രധാനപ്പെട്ട അവകാശമാണിത്. അംഗങ്ങൾക്ക് ബില്ലിന്റെ അന്തഃസത്ത മനസ്സിലാക്കാനും ആഴത്തിൽ പഠിക്കാനും അതിനനുസൃതമായി ഈ ചർച്ചകളിൽ പങ്കെടുക്കാനുമുള്ള അവസരമാണ് ചട്ടത്തിലൂടെ ഉദ്ദേശിക്കുന്നത്. നേരത്തെ രണ്ട് പൂർണ്ണ ദിവസം എന്നായിരുന്നു. 2010 മുതൽ അംഗങ്ങളുടെ ആവശ്യപ്രകാരം ഇതിന്റെ പ്രാധാന്യത്തെ മനസ്സിലാക്കിക്കൊണ്ടാണ് മൂന്ന് ദിവസം എന്നാക്കി മാറ്റിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബിൽ ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ലഭിച്ചത് ഇന്നലെ രാത്രി മാത്രമാണ്. ഒരു ദിവസംപോലും ഈ ബിൽ കാണാനോ പഠിക്കാനോ അതിന്റെ ഉള്ളടക്കം എന്താണെന്ന് വായിച്ചുനോക്കാനോ ഉള്ള സമയം ലഭിച്ചിട്ടില്ല.

ഇത് അംഗങ്ങളുടെ അവകാശത്തെ കവർന്നെടുക്കുന്നതും നിയമനിർമ്മാണ മര്യാദകളെയും കീഴ്വഴക്കങ്ങളെയും ലംഘിക്കുന്നതും ജനാധിപത്യവിരുദ്ധവുമാണ്. നേരത്തെയും ഇത്തരം സംഭവം ഉണ്ടായിട്ടുണ്ട്. 1980 ഡിസംബർ 11-ാം തീയതി ഇതിന് സമാനമായ സാഹചര്യമുണ്ടായപ്പോൾ പരിഗണനയ്ക്കെടുക്കാൻ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ബില്ലുകളിൽ ആദ്യത്തെ ബില്ലായ 1980-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ പ്രസ്തുത ബില്ലും മറ്റൊരു ബില്ലും രണ്ട് പൂർണ്ണ ദിവസങ്ങൾക്കുമുമ്പ് സർക്കുലേറ്റ് ചെയ്തിട്ടില്ലെന്ന കാര്യം ചൂണ്ടിക്കാണിക്കപ്പെട്ടു. തൊട്ടുമുമ്പുള്ള സമ്മേളനത്തിൽ ഇതുപോലൊരു സംഭവം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ മേലിൽ ആവർത്തിക്കുകയില്ലെന്ന് പറഞ്ഞിരുന്ന കാര്യവും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അന്നത്തെ സ്പീക്കർ ബഹുമാന്യനായ എ. പി. കുര്യൻ, ഇതുസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്, റൂളിംഗ് ഞാൻ വായിക്കാം. " കഴിഞ്ഞ നിയമസഭയിൽ തന്നെ ബിൽ പബ്ലിഷ് ചെയ്ത് രണ്ട് ദിവസം കഴിഞ്ഞിട്ടേ ചർച്ചയ്ക്ക് വരാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. അതല്ലാതെ ചർച്ചയ്ക്ക് വരുന്ന അവസരം ഉണ്ടാകരുതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ മുന്നോട്ട് കൊണ്ടുപോകരുതെന്നാണ് ചെയറിന്റെ ആഗ്രഹം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച ഒന്നുരണ്ട് ബില്ലുകൾ പിന്നീട് പരിഗണനയ്ക്ക് എടുക്കാവുന്നതാണ്. ഇതാണ് സഭയുടെ കീഴ്വഴക്കം. ഇങ്ങനെ തിരക്കുപിടിച്ച് അവതരിപ്പിച്ച ബിൽ പിന്നീടൊരു ദിവസം പരിഗണിക്കുവാൻവേണ്ടി മാറ്റിവയ്ക്കുക" എന്നുള്ള റൂളിംഗാണ് അന്നുണ്ടായത്. അത് അംഗങ്ങളുടെ അവകാശത്തെ സംരക്ഷിക്കുന്നതാണ്. ഇതുതന്നെയാണ് കേന്ദ്ര സർക്കാരും ചെയ്തു കൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: പ്രസംഗം വേണ്ട, അങ്ങയുടെ ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നു, ഇരിക്കണം.

ശ്രീ. വി. ടി. ബൽറാം: സർ, ഇത് ഒരു ജനാധിപത്യവിരുദ്ധമായ ട്രെന്റാണ്, അങ്ങ് മനസ്സിലാക്കണം. തീർച്ചയായും അങ്ങ് അപ്രീഷിയേറ്റ് ചെയ്യുമെന്ന് തന്നെയാണ് കരുതുന്നത്. കേന്ദ്രത്തിൽ ശ്രീ. അമിത് ഷാ പോലുള്ള ആളുകൾ ചെയ്യുന്ന രീതിയിലേയ്ക്ക് കേരളനിയമസഭയെ നോക്കുകുത്തിയാക്കിക്കൊണ്ട് ഇത്തരം നിയമനിർമ്മാണങ്ങൾ കൊണ്ടുവരുന്നത് ഉചിതമല്ല. അങ്ങ് അക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസിന് അഥവാ 25-ാം നമ്പർ ഓർഡിനൻസിന്

പകരമുള്ളതാണ്. പ്രസ്തുത ഓർഡിനൻസിലെ അതേ വ്യവസ്ഥകളാണ് ബില്ലിലുമുള്ളത്. ബിൽ പാസ്സായി പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചെലവ് ആവിർഭവിക്കുമെന്നതിനാൽ ബിൽ സഭ പരിഗണിക്കുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 207 (3) പ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ ശിപാർശ ആവശ്യമായിവന്നു. ഇപ്രകാരമുള്ള ചട്ടപ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് ബിൽ സർക്കുലേറ്റ് ചെയ്യുന്നതിൽ കാലതാമസമുണ്ടായി. ഭാവിയിൽ ഭരണപരമായ കാലതാമസ മുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ നിയമസഭാ നടപടിക്രമങ്ങളിലെ 76-ാം ചട്ടത്തിന്റെ ക്ലിപ്തനിബന്ധനയിൽനിന്ന് ഇളവുനൽകി ബിൽ അവതരിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ചട്ടപ്രകാരമുള്ള മൂന്ന് പൂർണ്ണദിവസങ്ങൾക്കുമുമ്പ് അംഗങ്ങൾക്ക് ലഭ്യമാക്കിയില്ലെന്ന കാര്യമാണ് ക്രമപ്രശ്നത്തിലൂടെ ശ്രീ. വി. ടി. ബൽറാം ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്ത് സംഭവിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചു. ഇന്ന് പരിഗണിക്കേണ്ട ബില്ലിന്റെ പ്രതികൾ 28-10-2019-നാണ് സർക്കുലേറ്റ് ചെയ്യാൻ കഴിഞ്ഞത്. നടപടിക്രമം പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി നിയമസഭയിൽ യഥാസമയം എത്തിക്കുന്ന കാര്യത്തിൽ സംഭവിച്ച കാലതാമസം മനഃപൂർവ്വമായിരുന്നില്ലെന്നും നിലവിലുള്ള ഓർഡിനൻസിന്റെ വകുപ്പുകൾ മാത്രമാണ് അതിലുള്ളതെന്നും വിശദീകരിക്കപ്പെട്ട സാഹചര്യത്തിൽ ചട്ടം 76-ലെ വ്യവസ്ഥയിൽ ഇളവുവരുത്തി വിവേചനാധികാരം ഉപയോഗപ്പെടുത്തി ഈ ബിൽ അവതരിപ്പിക്കുന്നതിന് ചെയർ അനുമതി നൽകുകയാണ്. ഇത് കേരളത്തിലെ പ്രവാസി ലോകം പ്രതീക്ഷയോടെ കാത്തുനിൽക്കുന്ന ഒരു വിഷയമാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. മറ്റ് കാര്യങ്ങളുമായി താരതമ്യം ചെയ്യേണ്ട. ഭരണഘടനാപരമായ മാറ്റങ്ങൾ വരുത്തുന്ന ബില്ലുകളുമായി താരതമ്യം ചെയ്തുകൊണ്ട് ഇക്കാര്യത്തെ കൊണ്ടുവരുന്നത് നിർഭാഗ്യകരമായ രീതിയാണ്. നിയമ നിർമ്മാണത്തിനായി ചേരുന്ന ഈ സമ്മേളനത്തിൽ സഭയുടെ പരിഗണനയ്ക്കായി വരേണ്ട മറ്റ് ബില്ലുകൾ ഇത്തരത്തിൽ കാലതാമസം വരുത്താതെത്തന്നെ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാൻ ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസനപ്രവർത്തനത്തിന് പ്രയോജനപ്പെടുന്നതിനുള്ള ദീർഘകാല നിക്ഷേപ പദ്ധതിയാണ് 'പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി'. ഈ പദ്ധതി നടത്തിപ്പിനായാണ് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമം 8-ാം നിയമത്തിന്റെ വകുപ്പിൽ 8 (എ) വകുപ്പുകൂടി ചേർത്തിട്ടുള്ളത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനംവരെ മാസവരുമാനം ഉറപ്പാക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽനിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാനസൗകര്യ വികസനത്തിന് വിനിയോഗിക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇപ്രകാരം നിശ്ചയിക്കപ്പെട്ട ഏജൻസി കിഫ്ബിയാണ്. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിക്ഷേപങ്ങൾ സ്വീകരിച്ച് കിഫ്ബിക്ക് കൈമാറും. കൈമാറ്റം ചെയ്യപ്പെടുന്ന തുകയ്ക്ക് കിഫ്ബി നൽകുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ടാണ് നിക്ഷേപകർക്ക് പത്ത് ശതമാനം പ്രതിമാസ ഡിവിഡന്റ് നൽകുന്നത്. ആദ്യ വർഷങ്ങളിലെ 10 ശതമാനം നിരക്കിലുള്ള ഡിവിഡന്റാണ് നാലാം വർഷം മുതൽ നിക്ഷേപകനും തുടർന്ന് പങ്കാളിക്കും ലഭിക്കുന്നത്. ജീവിത പങ്കാളിയുടെ കാലശേഷം നിക്ഷേപത്തുകയും ആദ്യം മൂന്ന് വർഷത്തെ ഡിവിഡന്റും നോമിനിക്ക് അല്ലെങ്കിൽ അനന്തരാവകാശിക്ക് കൈമാറുന്നതോടെ പ്രതിമാസം ഡിവിഡന്റ് നൽകുന്നത് അവസാനിക്കും. ഉപാധിരഹിതമായി ദീർഘകാല മൂലധന വിനിയോഗത്തിന് ഇങ്ങനെ സ്വരൂപിക്കുന്ന വിഭവം ലഭ്യമാകുന്നു. നിക്ഷേപകനും കേരള സംസ്ഥാനത്തിനും ഒരുപോലെ ഗുണം ലഭിക്കുന്നതാണ് ഈ പദ്ധതി. ഇത് നാടിന്റെ വികസനത്തിന് ആക്കംകൂട്ടുന്നതോടൊപ്പം സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുകയും ചെയ്യും. പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് കമ്പനികൾ, സഹകരണ സംഘങ്ങൾ, സൊസൈറ്റികൾ മുതലായവ രൂപീകരിക്കുന്നതിനും പ്രൊമോട്ട് ചെയ്യുന്നതിനും സാധ്യമാകുന്നതിനാണ്

പതിനാലാം വകുപ്പിലെ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. പ്രവാസികളുടെ ക്ഷേമത്തിനും ജന്മനാടിന്റെ വികസനത്തിനും ഒരുപോലെ ഉതകുന്ന പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതാണിപ്പോൾ നടപ്പാകുന്നത്. ഈ പദ്ധതി എത്രയുംപെട്ടെന്ന് നടപ്പിൽ വരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ഇന്നത്തെ മൂന്ന് ബില്ലുകളിലുമായി 12 അംഗങ്ങൾ സംസാരിക്കാനുണ്ട്. അതിനുശേഷം ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ ഒരു മണിക്കൂർ ചർച്ചയുണ്ട്. അംഗങ്ങൾ അത് മനസ്സിലാക്കി വിഷയത്തിലൊതുങ്ങിനിന്ന് ചുരുക്കി സംസാരിക്കാൻ സഹകരിക്കണം. പ്രധാനപ്പെട്ട പോയിന്റുകൾ കൊണ്ടുവന്ന് ഈ ബില്ലുകളെ പുഷ്ടിപ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri. P. T. Thomas: Sir, I move that " This House resolves to disapprove The Non-Resident Keralites' Welfare (Amendment) Ordinance, 2019 (Ordinance No. 25 of 2019)."

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് വളരെ സംക്ഷിപ്തമായി പറയുകയുണ്ടായി. ഇതിലെ ഒന്നാമത്തെ ഉദ്ദേശ്യം നിക്ഷേപ സുരക്ഷയാണ്. അതോടൊപ്പം അവരുടെ ജീവിതപങ്കാളിക്ക് വളരെ സുരക്ഷിതമായി ഇതിൽനിന്ന് ആനുകൂല്യം കിട്ടുന്നു എന്നുള്ളതാണ്. 5 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ പ്രവാസികളിൽനിന്ന് സ്വരൂപിച്ച് ഏകദേശം 10 ശതമാനം ഡിവിഡന്റ് കൊടുക്കാനാണ് മൂലനിയമത്തിൽ തീരുമാനിച്ചിരുന്നത്. കയ്പ്പുള്ള വസ്തുവിൽ മധുരം പുരട്ടി വയ്ക്കുന്നതുപോലെ, ഈ ഭേദഗതിയിലൂടെ സർക്കാർ ഒരു ശതമാനമേ കൊടുക്കുകയുള്ളൂവെന്ന് അസന്നിദ്ധമായി പറയുകയാണ്. കിഫ്ബിയുടെ കാര്യം ഇപ്പോൾത്തന്നെ ആകെ പരുങ്ങലിലാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഇപ്രാവശ്യത്തെ പദ്ധതി വിഹിതത്തിന്റെ 45 ശതമാനത്തോളം വെട്ടിക്കുറച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഇപ്രാവശ്യം ഇതിനുള്ള പലിശ 7000 കോടി രൂപയോളം എടുത്തുകൊടുക്കുന്നത് പദ്ധതി വിഹിതത്തിൽ പ്പെടുത്തിയാണെന്നും മനസ്സിലാക്കുന്നുണ്ട്. 'അമ്മാവനെ കുത്തിയ കാള മരുമകനെ വച്ചേയ്ക്കുമോ ' എന്ന് നാട്ടിൻപുറത്ത് ചോദിക്കുന്ന ഒരു ചൊല്ലുണ്ട്. പലിശ കൊടുക്കാൻ പോകുന്നത് ഇങ്ങനെയാണെങ്കിൽ കിഫ്ബിയിലേയ്ക്ക് നിക്ഷേപിക്കുന്ന ആളുകൾക്കുള്ള ഡിവിഡന്റ് ഫണ്ട് ഒരു ശതമാനമാക്കി സർക്കാർ നിജപ്പെടുത്തുകയാണ്. മൂലനിയമത്തിലുള്ള 10 ശതമാനം അവർക്ക് കിട്ടുമായിരുന്നു. എന്നാൽ സർക്കാരിന്റെ വിഹിതം ഒരു ശതമാനമായി നിജപ്പെടുത്തിയതുകൊണ്ട് നാളെ അത് അഞ്ചോ ആറോ ഏഴോ ശതമാനമാകാം; ചിലപ്പോൾ ഒരു ശതമാനം കിട്ടും, ചിലപ്പോൾ ഒന്നും

കിട്ടാതെയും വരാം. യഥാർത്ഥത്തിൽ ഇത് പ്രവാസികളോട് ചെയ്യുന്ന വലിയൊരു ക്രൂരതയാണ്. ലോക കേരളസഭ നടത്തിയ ഗവൺമെന്റാണിത്. ലോക കേരളസഭയ്ക്കുവേണ്ടി ധാരാളം പണം ചെലവഴിച്ചു. അവർ ലോക കേരളസഭ അംഗങ്ങളാണെന്ന് തെറ്റിദ്ധരിച്ച് നാട്ടിലൊക്കെ ബോർഡുകളും ബാനറുകളും വയ്ക്കുകയും വലിയ പ്രചാരണങ്ങളൊക്കെ നടത്തുകയും ചെയ്തു. ഞാൻ ഒരിക്കൽ കാസർഗോഡ് പോകുമ്പോൾ റെയിൽവേ സ്റ്റേഷനടുത്ത് 'ലോക കേരളസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗത്തിന് സ്വാഗതം' എന്ന ഒരു ബോർഡ് വായിച്ചു. അപ്പോൾ ആ പാവങ്ങൾ ധരിച്ചുവച്ചിരിക്കുന്നത്, എം.എൽ.എ.-മാർ/എം.പി.-മാർക്ക് തുല്യമായൊരു പദവി അവർക്ക് കിട്ടി യെന്നാണ്. യഥാർത്ഥത്തിൽ ലോക കേരളസഭയിൽപ്പോലും 28 വിദേശ പൗരന്മാരുണ്ട്. ആ വിദേശ പൗരന്മാർക്ക് ലോക കേരളസഭയിൽ പങ്കെടുക്കാൻ സാധിക്കുമോ? സന്ദർഭവശാൽ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. യഥാർത്ഥത്തിൽ കോടാനുകോടി രൂപ കേരളത്തിലേയ്ക്ക് നിക്ഷേപം കൊണ്ടുവരുന്ന പ്രവാസികൾക്കുവേണ്ടി ഗവൺമെന്റ് ഏർപ്പെടുത്തുന്ന, നാളെ അവർക്കൊരു ജീവിതസുരക്ഷ ഉറപ്പാകുമെന്ന് ഉറച്ചുവിശ്വസിച്ച, നല്ല പദ്ധതിയിൽ വെള്ളം ചേർക്കാനും മായം ചേർക്കാനുമാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അതുകൊണ്ട് 10% പ്രതിമാസം ഡിവിഡന്റ് എന്നുള്ളത് അവർക്ക് ഉറപ്പാക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചെയർമാനായ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-19)-ൽ കുറെ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അതിനുവേണ്ടി ഒത്തിരി ഗൃഹപാഠമൊക്കെ ചെയ്തിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഇന്ന് പ്രവാസി മലയാളികൾ വഞ്ചിക്കപ്പെടുകയാണ്. പ്രവാസി മലയാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുംവേണ്ടി ഈ പറയുന്ന കാര്യങ്ങളോട് നീതി പുലർത്താൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ; മറ്റെല്ലാ രംഗത്തും എന്നതു പോലെതന്നെ പ്രവാസികളോടും ക്രൂരത ചെയ്യുന്ന ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറുകയാണ്.

28-10-2019-ൽ ശ്രീ. കെ. സി. ജോസഫ്, '2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എൻ.ആർ.കെ. വെൽഫെയർ ഫണ്ടിനുള്ള 9 കോടി രൂപ, പ്രവാസി പുനരധിവാസ പദ്ധതിക്കുള്ള 15 കോടി രൂപ എന്നിവയിൽനിന്നും ഇതിനോടകം എത്ര കോടി രൂപ റിലീസ് ചെയ്തുവെന്നും അതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ' എന്ന ചോദ്യത്തിനുള്ള മുഖ്യമന്ത്രിയുടെ മറുപടി, '2019-20-ലെ ബഡ്ജറ്റിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് അനുവദിച്ച 9 കോടി രൂപയിൽ 6 കോടി രൂപ റിലീസ് ചെയ്ത് നൽകിയിരുന്നു.

ഇതിൽ 3 കോടി രൂപ ക്ഷേമപദ്ധതിക്കായി വിനിയോഗിച്ചു കഴിഞ്ഞു. അതിൽത്തന്നെയുള്ള 3 കോടി രൂപ കൊടുത്തിട്ടില്ല' എന്നാണ്. അപ്പോൾ 9 കോടി രൂപയിൽ 3 കോടി രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന പ്രവാസി പുനരധിവാസ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 15 കോടി രൂപയിൽ ഏഴരക്കോടി രൂപ അനുവദിക്കുകയും ഇതുവരെ 4,95,44,805 രൂപ മാത്രം ചെലവഴിക്കുകയും ചെയ്തു. പ്രവാസികളോട് ഈ ഗവൺമെന്റ് എടുക്കുന്ന നിലപാട് ഇതാണ്.

രണ്ടാമത്തെ ചോദ്യം, 'പ്രവാസി ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട്, എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ട്, ഇതിലേയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ' എന്നതിന്, 'കേരള പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ നാളിതുവരെ 4,30,445 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്നും 12,758 പേർക്ക് കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നീ ഇനങ്ങളിലായി ഏകദേശം അൻപത്തിയെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരത്തി ശിഷ്ടം രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമാണ് മറുപടിയായി പറയുന്നത്.

പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റിന് വേണ്ടത്ര കാര്യക്ഷമമായ പ്രവർത്തനമില്ലെന്നുള്ളത് ഇതിൽ നിന്നുതന്നെ വളരെ വ്യക്തമാണ്. അതോടൊപ്പംതന്നെ പ്രഥമ ലോക കേരളസഭ ചേർന്നതിനുശേഷം 7 വിഷയാധിഷ്ഠിത സ്റ്റാൻഡിംഗ് കമ്മിറ്റികളുണ്ടാകുകയും അവർ കുറെ ശിപാർശകൾ വയ്ക്കുകയും ചെയ്തു. ശിപാർശകളിൽ പറഞ്ഞിട്ടുള്ളവ നടപ്പാക്കുന്നതിൽ പുരോഗതി യുണ്ടെന്ന കാര്യത്തിലും വ്യക്തതയൊന്നുമില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതോടൊപ്പംതന്നെ ലോക കേരളസഭയ്ക്കായി 2017-18-ൽ നാലരക്കോടി രൂപയും 2018-19-ൽ 5 കോടി രൂപയും വകയിരുത്തിയിരുന്നു. നടപ്പുസാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രഥമ ലോക കേരളസഭയുമായി ബന്ധപ്പെട്ട് 2,03,21,861 രൂപയും മേഖലാ സമ്മേളനവുമായി ബന്ധപ്പെട്ട് 18,45,000 രൂപയും ചെലവഴിച്ചിട്ടുണ്ടെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ലോക കേരളസഭയുമായി ബന്ധപ്പെട്ട് ഒരു മാമാങ്കം നടന്നുവെന്നതിനപ്പുറം ഈ രംഗത്ത് അതിന്റെ സെലക്ഷനെപ്പറ്റിയൊക്കെ പരാതിയുണ്ട്. അതുമായി ബന്ധപ്പെട്ട് ആത്യന്തികമായി മനസ്സിലാക്കുന്ന ഒരു കാര്യം, പ്രവാസികളുടെ ക്ഷേമം വേണ്ടരീതിയിൽ ഉൾക്കൊള്ളാനോ, അവരെ സഹായിക്കാനോ, അവരെ നിലനിർത്താനോ, അവർക്ക് പ്രത്യാശ നൽകുന്ന പദ്ധതികൾ മുന്നോട്ടുവയ്ക്കാനോ ഈ പ്രവാസി ഡിവിഡന്റ് പദ്ധതിക്ക് കഴിയുന്നില്ലെന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇതിൽ 10% ഡിവിഡന്റ് ഓരോരുത്തർക്കും സർക്കാർ കൊടുക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെങ്കിൽത്തന്നെ ഇത് ഫിനാൻഷ്യലി എത്രത്തോളം ഫീസിബിളാണെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. കാരണം, വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളിൽ മുഴുവൻപേരും ഫോറിൻ എക്സ്ചേഞ്ചിലൂടെയാണ് പണം അയയ്ക്കുന്നത്. ഇപ്പോഴുള്ള എക്സ്ചേഞ്ച് റേറ്റ് എന്നത് ഒരു ഡോളറിന് 70 രൂപയാണ്. 10-15 വർഷം മുമ്പ് അത് 30 രൂപയായിരുന്നു. ഇൻഡ്യൻ പണത്തിന്റെ വില വല്ലാതെ ഡിപ്രീസിയേറ്റ് ചെയ്യുകയാണ്. അപ്പോൾ സ്വാഭാവികമായും ഇവിടെ കൊണ്ടുവരുന്ന സംഖ്യയ്ക്ക് അതിന്റെ ഡിപ്രീസിയേഷൻ കഴിഞ്ഞ് വളരെ കുറഞ്ഞ സംഖ്യ മാത്രമേ കിട്ടുകയുള്ളൂ. മാത്രമല്ല, 10% ഇൻകം ടാക്സും വരും. അതുകൊണ്ട് വിദേശ മലയാളികൾ ഇത് താൽപര്യത്തോടുകൂടി എടുക്കുമോയെന്ന് നമ്മൾ കണ്ടറിയുകതന്നെ വേണം.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രവാസിയെന്ന നിലയിലും ഈ സഭയിലെ ഒരു മുൻമന്ത്രിയെന്ന നിലയിലും ഈ രംഗത്ത് നല്ല അനുഭവപരിചയവും പ്രവാസികളുടെ കാര്യം നല്ലരീതിയിൽ അറിയാവുന്ന ആളുമാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചത് വസ്തുതാപരമായ കാര്യമാണ്. ഗവൺമെന്റ് ഒരു ഗൃഹപാഠവും ചെയ്യാതെയാണ് ഈ കാര്യങ്ങൾക്കൊക്കെ ഇറങ്ങി പുറപ്പെടുന്നതെന്നതിന് വേറെ പ്രത്യേക തെളിവൊന്നുംവേണ്ട. പ്രവാസികളിൽ നിന്ന് കാശ് ഇങ്ങോട്ട് വാങ്ങിയിട്ട് അവർക്ക് കൊടുക്കാമെന്ന് പറയുന്നതല്ലാതെ കൊടുക്കുന്നില്ലെന്നുള്ളതാണ് ഇതിനകത്തെ പ്രധാനപ്പെട്ട കാര്യം. അവർക്ക് ഒരു പെൻഷൻ ആദ്യമായി കൊടുക്കുകയല്ല, അവരുടെ കയ്യിൽനിന്ന് വാങ്ങുന്ന പണത്തിന് 10% കൊടുക്കാമെന്നാണ് പറയുന്നത്. ഇപ്പോൾ ഒരു ശതമാനം ഉറപ്പായാലും 9 ശതമാനം ഉറപ്പില്ല. ചിലപ്പോൾ ഏഴോ എട്ടോ ഒൻപതോ ശതമാനം കൊടുക്കുമായിരിക്കും. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ലക്ഷോപലക്ഷം പ്രവാസികളെ സംബന്ധിച്ച് പ്രത്യേകിച്ച് ലോക കേരള സഭയൊക്കെ നടത്തി അവർക്ക് വലിയ പ്രതീക്ഷ കൊടുത്തതിനുശേഷം പാലം വലിക്കുന്ന നടപടിയാണ് തുടരുന്നത്. തീർച്ചയായും ഈ നിയമനിർമ്മാണം തെറ്റായ നടപടിയാണ്; തെറ്റായ കീഴ്‌വഴക്കമാണ്, അതിൽനിന്നും ഗവൺമെന്റ് പിന്തിരിയണമെന്നാണ് എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ)

മി. ചെയർമാൻ: ശ്രീ. എം. ഉമ്മറിന് പ്രമേയത്തെ പിൻതാങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഈ ബിൽ യഥാർത്ഥത്തിൽ പ്രവാസി കേരളീയരുടെ ക്ഷേമത്തിന് വലുതായിട്ടൊന്നും ചെയ്യാൻ സാധിക്കുകയില്ല. കിഫ്ബിയിലേയ്ക്കുള്ള വിഭവ സമാഹരണം മാത്രമാണ് ഇതിനകത്തുള്ളത്. ഈ ബില്ലിൽ 'പ്രളയംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കുന്നതിനും നവകേരള നിർമ്മാണത്തിനുമായി വളരെയധികം തുക സംസ്ഥാന സർക്കാരിന് ആവശ്യമായി വരുന്നുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും പ്രവാസികളുടെ ജീവിതസുരക്ഷയ്ക്കും പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിലൂടെ സാധിക്കും' എന്നാണ് പറഞ്ഞിരിക്കുന്നത്. അതിന് വലിയ സാധ്യതയില്ലെങ്കിലും ധനവിഭവസമാഹരണത്തിനും കിഫ്ബിക്ക് പണസമാഹരണത്തിനും ഇങ്ങനെയൊരു ശ്രമം നടത്തുകയെന്നല്ലാതെ ഇതുകൊണ്ട് പ്രവാസികൾക്ക് വലിയൊരു ക്ഷേമമുണ്ടാകുവാൻ സാധിക്കുകയില്ല.

1.00 P.M.]

പ്രവാസി ക്ഷേമ പദ്ധതികൾക്കായി ഗവൺമെന്റ് എത്ര രൂപയാണ് വകയിരുത്തുന്നത് എന്നതുസംബന്ധിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിക്കുന്നില്ല. ആ തുക എത്രയാണെന്ന് കണക്കാക്കാൻപോലും കഴിയില്ല. ടി പദ്ധതിക്ക് മാച്ചിംഗ് ഗ്രാന്റായി ഗവൺമെന്റ് എത്ര തുകയാണ് നൽകുന്നതെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിക്കേണ്ടതാണ്. അതിൽ ടോക്കൺ എമൗണ്ട് പോലും വച്ചിട്ടില്ല. അതുപോലും കണക്കാക്കാൻ കഴിയില്ലെന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നത്. പണം നിക്ഷേപിക്കുന്ന പ്രവാസികൾക്ക് അത് തിരികെ നൽകാൻ കിഫ്ബിക്ക് കഴിയുമോയെന്ന കാര്യത്തിൽ സർക്കാരിനുതന്നെ സംശയമുള്ളതായി തോന്നുകയാണ്. അതുപോലെ നിക്ഷേപിക്കുന്ന തുകയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നില്ല. അതേസമയം കിഫ്ബിയിലേയ്ക്ക് ബോണ്ട് നൽകുകയാണെങ്കിൽ ഗവൺമെന്റ് ഗ്യാരണ്ടി നൽകുന്നുണ്ട്. ഈ ക്ഷേമപദ്ധതിയിൽ ഒരാൾക്ക് 5 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപവരെ നിക്ഷേപിക്കാമെന്ന് പറയുന്നുണ്ടെങ്കിലും അതിന് യാതൊരു ഗ്യാരണ്ടിയും നൽകുന്നതായി കാണുന്നില്ല. ഡിവിഡന്റ് നൽകുന്നതുതന്നെ മൂന്ന് വർഷം കഴിഞ്ഞതിനുശേഷമാണ്. പ്രവാസികളെ സംബന്ധിച്ച് ധാരാളം ബാങ്കുകളിൽ പണം നിക്ഷേപിക്കാനുള്ള അവസരങ്ങളുണ്ട്. അങ്ങനെ പണം നിക്ഷേപിക്കുമ്പോൾ പലിശ ലഭിക്കുന്ന സാഹചര്യമുണ്ട്. എന്നാൽ ഡിവിഡന്റ് കിട്ടുമെന്ന് പ്രതീക്ഷിച്ച് മൂന്ന് വർഷക്കാലം dead money ആയി ഇതിൽ നിക്ഷേപിക്കാൻ ആരാണ് വരുന്നത്? പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രവാസികൾ ധാരാളം പണം സംഭാവന നൽകിയിട്ടുണ്ട്.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽ നിന്നുപോലും പണം ഒഴുകിയെത്തിയിട്ടുണ്ട്. അത് മലയാളികളുടെ കാരുണ്യ പ്രവാഹമായിട്ടേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. പ്രവാസികളുടെ ക്ഷേമ പദ്ധതിയിൽനിന്നും ലഭിക്കുന്ന തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുമെന്ന വ്യവസ്ഥയെക്കുറിച്ചൊന്നും ബില്ലിൽ പറയുന്നില്ല.

പ്രവാസി ക്ഷേമപദ്ധതിയിൽ 4-ാം വകുപ്പ് പ്രകാരം ഏതൊരു പ്രവാസിക്കും കുറഞ്ഞത് 3 ലക്ഷം രൂപ മുതൽ പരമാവധി 51 ലക്ഷം രൂപ വരെ നിക്ഷേപം നടത്താം. കിഫ്ബിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ഗവൺമെന്റ് ഗ്യാരണ്ടി നൽകുന്നുണ്ട്. എന്നാൽ ക്ഷേമപദ്ധതിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ഗ്യാരണ്ടി നൽകുന്നില്ല. മാത്രമല്ല 4 (3) വകുപ്പ് പ്രകാരം നിക്ഷേപത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിൽ യാതൊരു ഡിവിഡന്റും നൽകാൻ വ്യവസ്ഥ ചെയ്യുന്നില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ കൃത്യമായി പറയുന്നുണ്ട്. അതുപോലെതന്നെ തുക പിൻവലിക്കാൻ സാധിക്കുകയുമില്ല. ആക്ട് നിലവിൽ വരുന്നതിനുമുമ്പുതന്നെ ഇതിന്റെ വിജ്ഞാപനത്തോടൊപ്പം സ്കീമും പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമും കൂടി കൂട്ടിയോജിപ്പിച്ച് വായിക്കുമ്പോൾ പ്രവാസി ക്ഷേമപദ്ധതിപ്രകാരം നിക്ഷേപിക്കുന്ന തുക പിൻവലിക്കുന്നതിന് നിലവിൽ യാതൊരു വ്യവസ്ഥയുമില്ല. പ്രവാസി ക്ഷേമപദ്ധതിയുടെ വിജ്ഞാപനം വന്ന കൂട്ടത്തിൽ ഇതിന്റെ സ്കീമും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിലെ 6 (2) വകുപ്പുപ്രകാരം തുക പിൻവലിക്കുന്നതിന് നിയന്ത്രണമുണ്ട്. തന്റെ അദ്ധ്വാനത്തിന്റെ മുഴുവൻ തുകയും പദ്ധതിയിൽ നിക്ഷേപിക്കുന്ന ഒരു പ്രവാസിക്ക് അടിയന്തരഘട്ടത്തിൽ പണം പിൻവലിക്കാൻ യാതൊരു നിർവ്വാഹവുമില്ല. അതേസമയം ബാങ്കുകളിൽ പണം നിക്ഷേപിച്ചുകഴിഞ്ഞാൽ എഫ്.ഡി. ആണെങ്കിൽപ്പോലും അവർക്ക് അത്യാവശ്യമാണെങ്കിൽ അതിൽനിന്നും ലോൺ എടുക്കാനോ 90 ശതമാനം തുകയോ മുഴുവൻ തുകയോ പിൻവലിക്കാനോ സാധിക്കും. പ്രവാസി ക്ഷേമപദ്ധതിയിൽ 5 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാമെന്നു പറയുമ്പോൾ സാധാരണക്കാരും ഇടത്തരക്കാരുമായ പ്രവാസികളാണല്ലോ ഇതിൽ വരുന്നത്; അവർക്ക് മൂന്ന് വർഷത്തിനകം ഒരു തുകയും പിൻവലിക്കാൻ പാടില്ല, അത് കഴിഞ്ഞാലും പിൻവലിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലെന്നതാണ് ഇതിന്റെ പ്രത്യേകതയായി കാണാൻ കഴിയുന്നത്.

ഒരു പ്രവാസി മറ്റേതെങ്കിലും ബാങ്കുകളിൽ പണം എഫ്.ഡി.-യായി നിക്ഷേപിച്ചാൽ അത് ബാങ്ക് ഗ്യാരണ്ടിയായി നൽകാൻ കഴിയും. ഇവിടെ 6 (1) വകുപ്പുപ്രകാരം പ്രവാസി നിക്ഷേപിക്കുന്ന തുകയ്ക്കുമേൽ വായ്പകൾക്ക് യാതൊരുവിധ ജാമ്യമോ സെക്യൂരിറ്റിയോ നൽകുന്നതിന് ഉപയോഗിക്കാൻ പാടില്ലെന്ന് കൃത്യമായി

പറയുന്നുണ്ട്. ബാങ്കിൽ തുക നിക്ഷേപിക്കുകയാണെങ്കിൽ അത് ജാമ്യമായോ മറ്റു വിധത്തിലുള്ള സെക്യൂരിറ്റിയായോ നൽകാം. ഇവിടെ അതൊന്നും പാടില്ലെന്ന് പറയുകയാണ്. അതുകൊണ്ട് ഒരു ആകർഷണീയതയും ഇതിനകത്തുണ്ടാകുന്നില്ല. പ്രവാസികൾ ഈ പദ്ധതിയിൽ പണം നിക്ഷേപിക്കണമെങ്കിൽ, അവർക്ക് ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനെക്കാളുപരിയായി എന്ത് ആകർഷണീയതയാണ് ഉള്ളതെന്ന് ഈ ബില്ലിൽ പറയുന്നില്ല.

ഈ ആക്ട് നിലവിൽ വന്നാൽ ബോർഡ് സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്കുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ വാർഷിക ഗ്രാന്റ് വഴി നൽകണമെന്നാണ് സ്കീമിലെ 7-ാം വകുപ്പിൽ അനുശാസിക്കുന്നത്. എന്നുപറഞ്ഞാൽ ബോർഡിന്റെ സകല ചെലവിലേയ്ക്കും പണം ഗവൺമെന്റ് ഗ്രാന്റായി നൽകണമെന്നതാണ്. ഈ പണം ഉപയോഗിച്ച് ബോർഡോ കിഫ്ബിയോ ബിസിനസ്സ് ചെയ്ത് ലഭിക്കുന്ന ലാഭത്തിൽനിന്ന് ഡിവിഡന്റ് നൽകുമെന്നാണ് പറയുന്നത്. ഡിവിഡന്റ് കൊടുക്കാൻ മാത്രമല്ല, ബോർഡിന്റെ നടത്തിപ്പിനുള്ള സംഖ്യപോലും ഗവൺമെന്റ് പ്രത്യേകം ഗ്രാന്റ് വഴി നൽകണമെന്നാണ് 7-ാം വകുപ്പിൽ പറയുന്നത്. ഗവൺമെന്റിൽ നിക്ഷേപിക്കേണ്ട പണം നിക്ഷേപിച്ചതിനുശേഷം ബോർഡിന്റെ പ്രവർത്തനത്തിനുള്ള പണംപോലും ബോർഡിൽ കാണുന്നില്ലെന്ന് പറഞ്ഞാൽ അതിനും ഗവൺമെന്റ് പ്രത്യേകം ഗ്രാന്റ് നൽകേണ്ടിവരും. അതുവഴി ഗവൺമെന്റിന് വീണ്ടും അധികച്ചെലവ് വരികയാണ്.

പ്രവാസി ക്ഷേമപദ്ധതിയിൽ തുക കൈമാറുന്നത് സംബന്ധിച്ച് കിഫ്ബിയിലേക്ക് പണം വരുന്നതുപോലെതന്നെ എസ്ക്രൂ മെക്കാനിസമാണ് പറഞ്ഞിട്ടുള്ളത്. 7 (2) വകുപ്പുപ്രകാരം അംഗങ്ങളിൽനിന്നും സ്വീകരിക്കുന്ന മുഴുവൻ നിക്ഷേപത്തുകയും ബോർഡിന്റെ കൈവശം സൂക്ഷിക്കാതെ കിഫ്ബിയിലേക്ക് അതേദിവസം തന്നെ കൈമാറണമെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. പണം കൈമാറുന്നതിന് ഇടയ്ക്ക് നിൽക്കുന്ന ഏജൻസി എന്നല്ലാതെ ബോർഡിനെ സംബന്ധിച്ചിടത്തോളം ബിസിനസ്സ് നടത്തുന്നതിനോ ലാഭം ഉണ്ടാക്കുന്നതിനോ ഒരു ആലോചനയുമില്ല. പണം വന്നാൽ എസ്ക്രൂ മെക്കാനിസംവഴി അന്നുതന്നെ ബോർഡിലേക്ക് മാറ്റണം. അതല്ലാതെ ഇതിനകത്ത് വേറൊന്നും ചെയ്യാൻ കഴിയുന്നില്ല.

പ്രവാസി ക്ഷേമപദ്ധതി പ്രകാരം ഡിവിഡന്റിന് ജാമ്യമോ സെക്യൂരിറ്റിയോ ഉപയോഗിക്കാൻ പാടില്ല, തുക പിൻവലിക്കാൻ കഴിയില്ല, മൂന്ന് വർഷം ഡിവിഡന്റ് ലഭിക്കുന്നുമില്ല. നിക്ഷേപത്തിന് 10 ശതമാനം ഡിവിഡന്റ് നിരക്കെങ്കിലും പ്രവാസികൾക്ക് ഉറപ്പാക്കാൻ ഈ നിയമത്തിൽ പറയുന്നില്ല. നിക്ഷേപത്തിന്

10 ശതമാനം ഡിവിഡന്റെങ്കിലും കൊടുക്കുമെന്ന് എൻഷ്വർ ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് ബില്ലിൽ ഒന്നും പറയുന്നില്ല. അപ്പോൾ ഇതിന് എന്ത് ഉറപ്പാണുള്ളത്; നിക്ഷേപകർക്ക് ഡിവിഡന്റ് നൽകുമെന്ന് സ്കീമിൽ മാത്രമേ പറയുന്നുള്ളൂ. അത് ആക്ടിൽ പറഞ്ഞാൽ മാത്രമേ എൻഫോഴ്സ് ചെയ്യാൻ സാധിക്കുകയുള്ളൂ. നിക്ഷേപത്തിന് ഇത്ര ശതമാനം ഡിവിഡന്റ് കൊടുക്കുമെന്ന് ആക്ടിൽ എവിടേയും കാണുന്നില്ല, ആക്ടിൽ ഒരു വ്യവസ്ഥയുമില്ല. മാത്രമല്ല, സ്കീം 9 (2) പ്രകാരം ഡിവിഡന്റ് നിരക്കുൾപ്പെടെ എല്ലാ വ്യവസ്ഥകളും സർക്കാരിന് ഭേദഗതി ചെയ്യാവുന്നതാണെന്നും പറയുന്നുണ്ട്. അപ്പോൾ 10 ശതമാനം ഡിവിഡന്റ് എന്നുപറയുന്നത് പത്തോ അഞ്ചോ ആക്കാം; കൊടുക്കുന്നില്ലെന്ന് തീരുമാനിക്കാനുള്ള അധികാരവും സർക്കാരിനുണ്ട്. അതേസമയം ബില്ലിൽ ഇത്ര ഡിവിഡന്റ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്, ഇതിനകത്ത് ഡെപ്പോസിറ്റ് ചെയ്യുന്ന ആളുകൾക്ക് ഇത്ര ശതമാനം ഡിവിഡന്റ് കൊടുക്കുമെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ആക്ട് സൈലന്റാണ്.

സർക്കാർ ഉത്തരവ് 12/2019 പ്രകാരം പ്രവാസികളുടെ പദ്ധതി നടത്തിപ്പിനുള്ള സർക്കാർ ഏജൻസിയായി കിഫ്ബിയെ ചുമതല പ്പെടുത്തിയിരിക്കുകയാണ്. ഡിവിഡന്റ് സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതുതന്നെ പ്രവാസിക്ഷേമ ബോർഡും കിഫ്ബിയുമാണ്. ഡിവിഡന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ധാരണാപത്രം ഒപ്പിടുന്നതിനുള്ള അധികാരം കിഫ്ബിക്കും അതുപോലെതന്നെ പ്രവാസിക്ഷേമ ബോർഡിനുമാണ്. ഗവൺമെന്റിന് ഇതിൽ യാതൊരു റോളുമില്ല. ഈ ആക്ട് പാസ്സാക്കിക്കൊടുത്താൽ പൂർണ്ണമായും കിഫ്ബിയെ ഏൽപ്പിച്ചുകൊടുക്കുക; കിഫ്ബിക്ക് പണം തരാനുള്ള ഒരു സോഴ്സായി ഉപയോഗിക്കാമെന്നല്ലാതെ മറ്റൊന്നും ഇതിൽ കാണുന്നില്ല.

പദ്ധതിയുടെ ലാഭത്തിൽനിന്നും ഡിവിഡന്റ് നൽകുമെന്നാണ് പറയുന്നത്. കിഫ്ബിയുടെ ഏത് പദ്ധതിയിൽനിന്നാണ് ലാഭം പ്രതീക്ഷിക്കുന്നത്; കിഫ്ബിയുടെ സഹായത്തോടെ ധാരാളമായി നിർമ്മിച്ചിട്ടുള്ളത് സ്കൂൾ കെട്ടിടങ്ങളാണ്. അതിൽനിന്നും എന്ത് ലാഭമാണ് കിട്ടാൻ പോകുന്നത്;കുറച്ച് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ആ റോഡുകളൊന്നും ചുങ്കം (ടോൾ പിരിവ്) കൊടുക്കുന്നതല്ല. അതുകൊണ്ട് അതിൽനിന്നും ലാഭം പ്രതീക്ഷിക്കാനില്ല. കാര്യമായി പണം നിക്ഷേപിച്ചിട്ടുള്ളത് കെ.എസ്.ഇ.ബി.എൽ.-ലാണ്. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടിയാണ് കെ.എസ്.ഇ.ബി.എൽ.-ൽ പണം നിക്ഷേപിച്ചിട്ടുള്ളത്. പ്രസരണനഷ്ടം 14.7 ശതമാനമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 14.7 ശതമാനം എന്നുപറയുമ്പോൾ ഒരു വർഷത്തെ പ്രസരണനഷ്ടമുണ്ടെന്നല്ലാതെ അതിൽ എത്ര രൂപവരുമെന്ന് കണക്കാക്കിയിട്ടില്ല. ഇപ്പോൾ 5200 കോടി രൂപ

നൽകിയിട്ടുണ്ടെങ്കിലും പതിനായിരം കോടി രൂപയാണ് അവർക്ക് കൊടുക്കാൻ പോകുന്നത്. 5200 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് കൊടുത്താൽ എത്ര രൂപയുടെ പ്രസരണനഷ്ടമാണ് മൂന്നുവർഷംകൊണ്ട് ലാഭിക്കാൻ കഴിയുന്നത്; അതുകൊണ്ട് എത്ര ലാഭമുണ്ടാക്കാൻ കഴിയും; ആ ലാഭവിഹിതത്തിൽനിന്നും ഡിവിഡന്റ് കൊടുക്കുന്നതിന് എത്രതുക വേണം എന്നീ കാര്യങ്ങളെക്കുറിച്ച് ധാരണയുണ്ടോ? കിഫ്ബി നടത്തുന്ന ഒരു പ്രോജക്ടിൽനിന്നും, അത് റോഡോ സ്കൂളോ കുടിവെള്ളമോ, ഇതിൽ ഏതിൽനിന്നാണ് ലാഭമുണ്ടാകുന്നത്? ഒരു ലാഭവും ലഭിക്കാത്ത ബിസിനസ്സിൽ പണം നിക്ഷേപിച്ച് അതിന്റെ ലാഭമെടുത്ത് ഡിവിഡന്റ് കൊടുക്കാമെന്ന പൊള്ളയായ വാഗ്ദാനം മാത്രമാണ് പ്രവാസി കേരളീയരുടെ ക്ഷേമനിധി ബില്ലിൽ വരുന്നത്. അതുകൊണ്ടുതന്നെ ഉദ്ദേശിക്കപ്പെടുന്ന ലക്ഷ്യം പൂർത്തീകരിക്കാൻ ഈ ബില്ലിന് ഒരിക്കലും കഴിയില്ല. പണം നിക്ഷേപിച്ച് ലാഭമുണ്ടാക്കാമെന്ന് യാതൊരു ഗ്യാരണ്ടിയുമില്ലാത്ത, പ്രവാസിക്ഷേമത്തിന് ഒരിക്കലും ഉപയോഗപ്പെടുമെന്ന് കരുതാൻ സാധിക്കാത്ത ബില്ലാണിത്. ഇത് പ്രവാസികളുടെ ക്ഷേമത്തിന് പ്രയോജനം ചെയ്യുമെന്ന് പറയാൻ കഴിയില്ല.

2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 216-ാം ഖണ്ഡികയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രവാസികളോടുള്ള പ്രത്യേക താൽപ്പര്യം ഖദീജാ മുംതാസിന്റെ ബർസയിലെ നായിക സബിതയുടെ ഓർമ്മകളിലൂടെയാണ് പറയുന്നത്. തൊട്ടുമുൻവർഷത്തെ ബഡ്ജറ്റ് ചെലവ് പരിശോധിച്ചാൽ ഈ സ്നേഹം കൂടുതൽ വ്യക്തമാകും. പ്രവാസി ക്ഷേമത്തിന് വകയിരുത്തിയ 60 കോടി രൂപയിൽ 36 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബഡ്ജറ്റ് പ്രസംഗത്തിൽ ഇത്തരത്തിലുള്ള പൊള്ളയായ കാര്യങ്ങൾ പറയുന്നതല്ലാതെ ബഡ്ജറ്റിൽ വകയിരുത്തിയ പണംപോലും പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിച്ചിട്ടില്ല. ഖദീജാ മുംതാസിന്റെ ബർസയിലെ കഥാപാത്രത്തെപ്പോലെ മാത്രമായി എന്നാണ് എനിക്ക് പറയാനുള്ളത്. മടങ്ങിവരുന്ന പ്രവാസികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്.

മി. ചെയർമാൻ: ഇനി രണ്ട് ബില്ലും ചട്ടം 130 അനുസരിച്ച ഉപക്ഷേപവുമുണ്ട്. പരമാവധി ചുരുക്കി സംസാരിക്കണം.

ശ്രീ. എം. ഉമ്മർ: സർ, പരമാവധി ഈ ബില്ലിൽ ഒതുങ്ങി, ആവശ്യമുള്ള കാര്യങ്ങൾ മാത്രമാണ് സംസാരിക്കുന്നത്. എന്റെ പ്രസംഗം അവസാനിപ്പിക്കണമെന്ന് അങ്ങ് പറഞ്ഞാൽ ഞാൻ നിർത്താം.

മി. ചെയർമാൻ: പ്രസംഗം നിർത്താനല്ല, ചുരുക്കാനാണ് പറഞ്ഞത്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, 1998-ൽ 7.3 ലക്ഷം ആളുകളും 2008-ൽ 11.2 ലക്ഷം ആളുകളും 2018-ൽ 12.94 ലക്ഷം ആളുകളുമാണ് വിദേശത്തുനിന്നും മടങ്ങിവന്നത്. ജനസംഖ്യ കൂടുതലുള്ള മലപ്പുറത്താണ് ഏറ്റവും കൂടുതൽ ആളുകളും മടങ്ങിവരുന്നത്. സമ്പന്നരായ പ്രവാസികളെ നിക്ഷേപത്തിന് ക്ഷണിക്കുന്നതല്ലാതെ, മടങ്ങിയെത്തുന്ന പാവപ്പെട്ട പ്രവാസികൾക്കുവേണ്ടി എന്ത് ക്ഷേമ പ്രവർത്തനങ്ങളാണ് നടത്താൻ സാധിച്ചതെന്ന് പരിശോധിക്കണം. വിസാത്തട്ടിപ്പിൽ കുടുങ്ങിയ 4000 മലയാളികളെ രക്ഷപ്പെടുത്താൻ ഒരു നടപടിയും സ്വീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. പ്രതികളെ പിടിക്കാൻ പോലീസ് വലവിരിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. വിസാത്തട്ടിപ്പ് മാഫിയകൾക്കെതിരെ കേരളത്തിൽ കാര്യക്ഷമമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഗൾഫിൽവച്ച് മരണമടഞ്ഞ കോന്നി സ്വദേശി റഫീക്കിന്റെ മൃതദേഹത്തിനുപകരം നാട്ടിലെത്തിച്ചത് ശ്രീലങ്കൻ യുവതിയുടെ മൃതദേഹമാണ്. ഇത് സർക്കാരിന്റെ പിടിപ്പുകേടിന് ഉദാഹരണമാണ്. മൃതദേഹം കൊണ്ടുവന്ന പെട്ടി തുറന്നപ്പോഴാണ് ആള് മാറിപ്പോയ വിവരം അറിയുന്നത്. പിന്നീട് അത് തിരിച്ചയച്ചു. ദിവസങ്ങൾ കഴിഞ്ഞതിനുശേഷമാണ് യഥാർത്ഥ മൃതദേഹം എത്തിയത്. ഇത്തരത്തിലുള്ള സംഭവങ്ങളുമുണ്ടായിട്ടുണ്ട്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, സാധാരണയായി ശ്രീ. എം. ഉമ്മർ കാര്യങ്ങൾ സൂക്ഷ്മമായി പഠിച്ച് പറയുന്ന ആളാണ്. പ്രവാസിക്ഷേമം സംബന്ധിച്ച് അങ്ങ് ഇവിടെ അവതരിപ്പിച്ചതിൽ ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങളെ വിമർശനാത്മകമായി പരിശോധിക്കാം. പക്ഷേ, ചെയ്ത കാര്യങ്ങൾ നിഷേധിക്കുന്നത് വസ്തുതാപരമല്ല. പ്രവാസിക്ഷേമ നിധിയെ സംബന്ധിച്ച് പറയുമ്പോൾ അങ്ങയുടെ ഗവൺമെന്റ് സ്ഥാനമൊഴിയുന്ന സമയത്ത് ഏകദേശം 125000 ആളുകളാണ് അതിൽ അംഗങ്ങളായിരുന്നത്. അന്ന് ആ ക്ഷേമനിധി ബോർഡിൽനിന്നും 500 രൂപയാണ് പെൻഷൻ നൽകിയിരുന്നത്. പക്ഷേ ഈ ഗവൺമെന്റ് വന്നപ്പോൾ ആ തുക മൂന്നിരട്ടി വർദ്ധിപ്പിച്ചുവെന്നകാര്യം അങ്ങ് കാണാതെ പോകുകയാണോ? ക്ഷേമനിധിയിൽ 125000 അംഗങ്ങളുണ്ടായിരുന്നത് ഇപ്പോൾ 415000 ആയി ഉയർന്നു. ഗവൺമെന്റ് ഈ രംഗത്ത് ചെയ്യുന്ന കാര്യങ്ങളെ കണ്ണടച്ച് നിഷേധിക്കുന്നത് വസ്തുതാപരമല്ല. മാത്രമല്ല, NDPREM സ്കീം അനുസരിച്ച്, തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസത്തിന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചിട്ടില്ല. നിയമസഭയിൽ അതിന്റെ റെക്കോർഡുകളുണ്ട്. പ്രവാസികളുടെ ക്ഷേമം സംബന്ധിച്ച സമിതി പരിശോധിച്ച കാര്യമാണത്. ഇപ്പോൾ അത് ചെലവഴിക്കുന്നതിന് ബാങ്കുകൾ മാത്രമല്ല, പിന്നോക്ക വികസന കോർപ്പറേഷനും എസ്.സി./എസ്.ടി. കോർപ്പറേഷനുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പങ്കാളിത്തം വഹിച്ചുകൊണ്ട് ആ പദ്ധതി സുഗമമായി നടക്കുകയാണ്. അത്തരം കാര്യങ്ങൾകൂടി കാണാതെ അങ്ങ് പറയുന്നത് വസ്തുതാപരമാണോ?

ശ്രീ. എം. ഉമ്മർ: സർ, ഓരോ കാലഘട്ടത്തിലുമുണ്ടാകുന്ന സ്വാഭാവികമായ വർദ്ധനവ് ഇക്കാര്യത്തിലുമുണ്ടായിട്ടുണ്ട്. അതില്ലായെന്ന് ഞാൻ പറയുന്നില്ല. കാലാകാലങ്ങളിലുണ്ടായിട്ടുള്ള മറ്റ് വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ നേരത്തെ സൂചിപ്പിച്ച രീതിയിലുള്ള വർദ്ധനവ് മാത്രമേയുണ്ടായിട്ടുള്ളൂ. അതുകൊണ്ടുതന്നെ ഞാൻ ഇവിടെ പറഞ്ഞതൊന്നും വസ്തുതാവിരുദ്ധമല്ല. ഞാൻ ചെലവഴിക്കപ്പെടാത്ത തുകയെക്കുറിച്ച് പറഞ്ഞത് വസ്തുതാവിരുദ്ധമല്ല. അങ്ങ് സൂചിപ്പിച്ച രീതിയിലുള്ള വർദ്ധനവുണ്ടായിട്ടുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. ബില്ലിനുപുറത്തുള്ള കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

പ്രവാസികൾക്കുണ്ടായ ചില കഷ്ടതകൾ ഇല്ലായ്മ ചെയ്യാനുള്ള ജാഗ്രതകൂടി സ്വീകരിക്കേണ്ടതുണ്ട്. കണ്ണൂർ ജില്ലയിലെ ആന്തൂരിൽ നടന്ന വിഷയം ഇവിടെ ധാരാളം ചർച്ചചെയ്തതാണ്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ആത്മഹത്യാശ്രമം നടത്തിയ തിരുനെല്ലി പഞ്ചായത്തിലെ വേണു മത്സ്യക്കച്ചവടം നടത്തുന്ന ആളാണ്. പതിനഞ്ച് വർഷം ഗൾഫിൽ പണിയെടുത്ത് തിരിച്ചുവന്ന് എല്ലാവിധ രേഖകളുമുണ്ടായിട്ടും മത്സ്യക്കച്ചവടം നടത്താൻ സമ്മതിച്ചില്ല. പത്രവാർത്തകളിൽ ഇതുണ്ടായിരുന്നു. അടൂരിലെ ജോയ് സാമുവൽ പാർട്ടി പിരിവ് കൊടുക്കാത്തതിനാൽ ബിസിനസ്സ് നടത്താൻ സമ്മതിച്ചില്ല. കണ്ണൂരിലെ കതിരൂർ സ്വദേശി താജുദ്ദീൻ വിദേശത്തുനിന്നും മകളുടെ കല്യാണത്തിനായി നാട്ടിൽ വന്നു. കല്യാണം കഴിഞ്ഞതിന്റെ അടുത്തദിവസം സമീപപ്രദേശത്തെ മോഷണക്കേസ്സുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ പോലീസ് അറസ്റ്റുചെയ്തു, 52 ദിവസം ജയിലിൽ അടയ്ക്കുകയും ചെയ്തു. മോഷണം നടത്തിയത് അയാളല്ലെന്ന് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ആവർത്തിച്ചുപറഞ്ഞു. അദ്ദേഹത്തെക്കുറിച്ച് നാട്ടുകാർക്ക് മുഴുവൻ അറിയാം. ഈ വിഷയത്തിൽ കൊണ്ടോട്ടി എം.എൽ.എ. ശ്രീ. ടി. വി. ഇബ്രാഹിമുമായി ബന്ധപ്പെട്ട് ഡി.ജി.പി.-ക്ക് പരാതികൊടുത്തു. ഡി.ജി.പി. അന്വേഷണം നടത്തിയപ്പോഴാണ് 52 ദിവസത്തെ ജയിൽ വാസത്തിനുശേഷം അദ്ദേഹം നിരപരാധിയാണെന്ന് തെളിഞ്ഞത്. അതിനുശേഷം അബുദാബിയിലേയ്ക്ക് തിരിച്ചുചെന്നപ്പോൾ അദ്ദേഹത്തിന് ജോലി നഷ്ടമാവുകയും മടങ്ങിവരികയും ചെയ്തു. നാട്ടിൽ വന്ന് മാന്യമായി ജീവിക്കുന്ന നിരപരാധികളെ കള്ളക്കേസ്സുകളിൽ കുരുക്കി ജീവിതം മുട്ടിച്ച സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ധാരാളം ഉദാഹരണങ്ങൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുമ്പോൾ ഇതുപോലുള്ള ദുരനുഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളുണ്ടാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 13-4-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ പ്രവാസി കേരളീയരുടെ ക്ഷേമ ബില്ലിന് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരേണ്ടിവന്നത് ഈ ബിൽ തയ്യാറാക്കിയ സമയത്തെ അവധാനതക്കുറവുമൂലമാണ്. ഒരു പദ്ധതിയിൽ പണം നിക്ഷേപിക്കുന്നവർക്ക് ഡിവിഡന്റ് കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നതിനാണ് ഇപ്പോൾ ഈ നിയമത്തിൽ ഭേദഗതി വരുത്തുന്നത്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങൾ ചൂണ്ടിക്കാണിച്ച ചില ആശങ്കകളുണ്ട്. ഇതിൽ വരുത്തുന്ന ഭേദഗതി ഡിവിഡന്റ് കൊടുക്കാനുള്ള വ്യവസ്ഥയാണ്. സാധാരണഗതിയിൽ നിക്ഷേപത്തിന് ലാഭമുണ്ടെങ്കിൽ മാത്രമേ നിക്ഷേപകന് ഡിവിഡന്റ് കൊടുക്കാൻ സാധിക്കൂ. ഇതിൽ ലാഭമുണ്ടാകുമെന്ന് എങ്ങനെ ഉറപ്പുപറയാൻ സാധിക്കും? കിഫ്ബി പദ്ധതികളെല്ലാം സേവനരംഗത്ത് ചെലവഴിക്കുന്നതും റോഡുകൾക്കും പാലങ്ങൾക്കുംവേണ്ടി വിനിയോഗിക്കുന്നതുമാണ്. അതിൽനിന്നും എങ്ങനെയാണ് ലാഭവിഹിതം കൊടുക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഡിവിഡന്റിന്റെ നിർവ്വചനത്തിൽ ഡിവിഡന്റെന്നാൽ ലാഭവിഹിതമെന്നാണ് പറയുന്നത്. ലാഭമുണ്ടെങ്കിൽ മാത്രമേ ലാഭവിഹിതം നൽകാൻ സാധിക്കുവെന്ന് എല്ലാവർക്കും അറിയാം. അതുപോലെ 8 എ-യിൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയും അതിന്റെ നിർവ്വചനവും 14-ാം വകുപ്പിൽ ഇതിനുവേണ്ടി ഏതൊക്കെ കമ്പനികളെയാണ് ഉൾപ്പെടുത്തുക എന്നതും പറഞ്ഞിട്ടുണ്ട്. ഈ നിയമനിർമ്മാണംകൊണ്ട് പ്രവാസി സമൂഹത്തിന് പ്രത്യേകിച്ച് ഒരു പ്രയോജനവും ലഭിക്കുന്നില്ലെന്നത് നഗ്നമായ സത്യമാണ്. പ്രവാസികളുടെ പണം ഗവൺമെന്റിന്റെ പദ്ധതികളിൽ നിക്ഷേപിക്കുക എന്നുള്ളത് നല്ല കാര്യമാണ്. അത് ഗവൺമെന്റിനും പ്രയോജനകരമാണ്, പ്രവാസിക്കും ഒരു സുരക്ഷയാണ്. പക്ഷേ യഥാർത്ഥത്തിൽ അത് സംഭവിക്കുന്നില്ലല്ലോ. പ്രവാസി ചിട്ടികൾ കൊണ്ടുവന്നു, അതും ആകർഷകമായിരുന്നില്ല. നമ്മുടെ ജനസംഖ്യയുടെ ആറിലൊന്ന് പ്രവാസികളാണ്. പ്രവാസി ചിട്ടി കൊണ്ടുദ്ദേശിച്ച ഫലം ലഭിച്ചോ; ഗവൺമെന്റിന് അതിനനുസരിച്ച് വരുമാനം ഉണ്ടായോ, ഇല്ല. ഒരു futile exercise ആയി, നിഷ്ഫലമായ ഒരു വ്യായാമമായി ഇത് മാറും എന്നാണ് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ആകർഷകമായ ക്ഷേമപദ്ധതികൾ ഉണ്ടാകേണ്ടത് പ്രവാസികൾക്കുവേണ്ടിയാണ്. ജനസംഖ്യയുടെ ആറിലൊന്ന് പ്രവാസം അനുഭവിക്കുന്ന ഒരു സമൂഹം ലോകത്തുതന്നെ വേറെ കാണാൻ കഴിയില്ല. ആദ്യകാലത്ത് സിലോണിലേക്കും ബർമ്മയിലേക്കും മലേഷ്യയിലേക്കുമൊക്കെയാണ് ആളുകൾ പോയതെങ്കിൽ 1960-കളിൽ അത്

ഗൾഫിലേക്കായി. തുടർന്ന് 1970-80 ആയപ്പോൾ ഗൾഫിലേക്ക് ഒരു കുത്തൊഴുക്കായി. ഇപ്പോൾ യു.എ.ഇ., സൗദി അറേബ്യ, ഒമാൻ ഉൾപ്പെടുന്ന ഗൾഫ് രാജ്യങ്ങളിൽ 30 ലക്ഷത്തോളം മലയാളികളാണുള്ളത്. അവർക്കു വേണ്ടിയുള്ള പദ്ധതികളിൽ നമ്മൾ കുറേക്കൂടി താൽപ്പര്യം കാണിക്കേണ്ടതുണ്ട്. ഇവർ കേരളത്തിലേക്ക് കൊണ്ടുവരുന്നത് പ്രതിവർഷം 1.5 ലക്ഷം കോടി രൂപയാണ്. അതായത്, ഒന്നരലക്ഷം കോടി രൂപ കേരളത്തിന്റെ ക്രയവിക്രയത്തിൽ, സാമ്പത്തിക വരുമാനത്തിൽ ഇവരുടെ സംഭാവനയാണ്. ആറിലൊന്ന് വരുന്ന പ്രവാസി സമൂഹമാണ് ഒന്നരലക്ഷം കോടി രൂപ നമ്മുടെ വികസനത്തിനും നാട്ടിലെ സാമ്പത്തിക ക്രയവിക്രയങ്ങൾക്കുമായി നൽകുന്നത്. അതിനനുസരിച്ചുള്ള ഒരു പരിഗണന അവർക്ക് കൊടുത്തിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഇവിടെ പ്രവാസി വെൽഫയർ ഫണ്ടിനെക്കുറിച്ചും പെൻഷനെക്കുറിച്ചുമൊക്കെ പറഞ്ഞു. ഇത് വലിയൊരു മാറ്റമാണെന്ന് ചിലയംഗങ്ങൾ പറഞ്ഞു. കാലാനുസൃതമായ ചില വർദ്ധനവുണ്ടായിട്ടുണ്ട്. ഏത് ഗവൺമെന്റുകൾ എന്നുള്ളതല്ല വിഷയം. ഇപ്പോഴുള്ള പ്രവാസി ക്ഷേമനിധി ഒരു പ്രവാസിക്ക് ഏതെങ്കിലും നിലയ്ക്ക് പ്രയോജനപ്പെടുന്നതാണോ? പ്രവാസി അടയ്ക്കേണ്ടത് 300 രൂപ, 100 രൂപ എന്നിങ്ങനെയാണ്. അതിൽത്തന്നെ 60 വയസ് പൂർത്തിയായ ഒരാൾക്ക് 5 വർഷം മിനിമം അടച്ചാൽ കിട്ടുന്നത് 2000 രൂപയാണ്. അതിന്റെ ഫ്രെയിംവർക്കിലൊക്കെ കാര്യമായ മാറ്റം വരുത്തണ്ടേ; 5 വർഷത്തിൽ കൂടുതൽ തുക അടയ്ക്കുന്ന ഒരാൾക്ക് മൂന്ന് ശതമാനം കൂടുതൽ കിട്ടും. ഇതാണ് ഈ സ്കീമിലുള്ളത്. പ്രവാസി വെൽഫെയർ ഫണ്ടും അതിന്റെ പെൻഷനും കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സീറ്റിൽ ഇല്ലെങ്കിലും ബന്ധപ്പെട്ട ചുമതലയുള്ള മന്ത്രിമാർ അത് രേഖപ്പെടുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, കേരളത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ പരിമിതിയെക്കുറിച്ചും കുറവിനെക്കുറിച്ചും അങ്ങ് പറഞ്ഞു. ഞാൻ അതിന്മേൽ തർക്കിക്കാനില്ല. അങ്ങ് പറഞ്ഞ കണക്കനുസരിച്ച് കഴിഞ്ഞ 25 വർഷമായി ലോകത്തിലേറ്റവും കൂടുതൽ പ്രവാസി പണം വരുന്ന രാജ്യം ഇന്ത്യയാണ്. പക്ഷേ ഇന്ത്യാ ഗവൺമെന്റ് ഇന്നോളം പ്രവാസികൾക്കുവേണ്ടി പ്രസക്തമായ ഒരു ക്ഷേമപദ്ധതിയും ഏർപ്പെടുത്തിയിട്ടില്ല എന്നുള്ള കാര്യം അങ്ങ് കാണുന്നുണ്ടോ; രണ്ടാമതായി, പ്രവാസി ക്ഷേമനിധിയിൽ 2000 രൂപ പെൻഷൻ ലഭിക്കുന്നതിനെ അങ്ങ് നിസ്സാരമായി പറഞ്ഞു. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ കാലത്താണ് 500 രൂപ കൊണ്ടുവന്നത്. അതിനുശേഷം അഞ്ച് വർഷം വർഷം യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ച സന്ദർഭത്തിൽ ഒരു രൂപപോലും വർദ്ധിപ്പിച്ചിട്ടില്ല എന്ന കാര്യം അങ്ങ് അംഗീകരിക്കുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ തർക്കത്തിനുവേണ്ടിയല്ല പറയുന്നത്. കഴിഞ്ഞ കാലങ്ങളിലെ കാര്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞ് ആരോപണ-പ്രത്യാരോപണങ്ങൾ നടത്തേണ്ട ഒരു കാര്യമല്ല ഇത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പ്രവാസികൾ നമുക്ക് ചെയ്തുതന്ന ഉപകാരത്തിന് അനുസൃതമായ തോതിൽ അവർക്കുവേണ്ടി ഒരു സ്കീമും തുടങ്ങിയിട്ടില്ല എന്നുള്ളതാണ് എന്റെ വാദം. കഷ്ടപ്പാടുകളും ത്യാഗങ്ങളും പ്രയാസങ്ങളും അനുഭവിക്കുന്ന പ്രവാസികളായ ജനവിഭാഗത്തോട് നമ്മൾ നീതി പുലർത്തിയിട്ടില്ല. അതുകൊണ്ട് 2000 രൂപ പെൻഷൻ എന്നുള്ളതും അതിന്റെ വിഹിതവും വർദ്ധിപ്പിക്കണം. അംഗങ്ങൾ അടയ്ക്കേണ്ട തുക വർദ്ധിപ്പിച്ചാൽ മൊത്തത്തിൽ വർദ്ധിപ്പിക്കാൻ കഴിയും. അതുകൊണ്ടാണ് കൂടുതലായി ആളുകൾ ഇതിൽ അംഗങ്ങൾ ആകാത്തത്. ഇത്രയേറെ പ്രവാസികൾ ഉണ്ടായിരുന്നിട്ടും ആകെ 4.5 ലക്ഷം പേരാണ് ഈ വെൽഫെയർ ഫണ്ടിൽ ഇതുവരെ അംഗങ്ങളായി ചേർന്നിട്ടുള്ളത്. അതുകൊണ്ട് ഇത് കുറേക്കൂടി ആകർഷകവും കാലാനുസൃതവുമാക്കണമെന്നുള്ള ഒരഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

പ്രവാസികളുമായി ബന്ധപ്പെട്ട് ഏറ്റവും വലിയ ചൂഷണം നടക്കുന്നത് എയർ ടിക്കറ്റിന്റെ കാര്യത്തിലാണ്. ഒരു തത്വദീക്ഷയുമില്ലാതെ സാധാരണ റേറ്റിന്റെ നൂറ് മുതൽ മുന്നൂറ് ശതമാനം വരെ വർദ്ധനവ് ഉണ്ടാകാറുണ്ട്. ഓണം, വിഷു, ക്രിസ്തുമസ് എന്നീ ഉൽസവ കാലയളവുകളിൽ ഇങ്ങനെ വർദ്ധനവുണ്ടാകാറുണ്ട്. എയർ ടിക്കറ്റുകളുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റിനെ സമീപിച്ച് ഒരു നിയമനിർമ്മാണം നടത്തണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ട്രെയിൻ ലേറ്റായാൽ യാത്രക്കാരന് നഷ്ടപരിഹാരം കൊടുക്കണമെന്ന പുതിയ നിയമങ്ങളൊക്കെ വരുന്നുണ്ട്. ഏതോ ഒരു ട്രെയിനിൽ അങ്ങനെ നഷ്ടപരിഹാരം കൊടുത്തുവെന്നും പറയുന്നുണ്ട്. കൺസ്യൂമറിന്റെ അവകാശങ്ങളെക്കുറിച്ച് ബോധമുള്ള ഒരു സമൂഹമായി നമ്മൾ മാറുന്നുവെന്നുള്ളത് നല്ലതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇത് നിയമനിർമ്മാണംകൊണ്ട് നടക്കുന്ന കാര്യമല്ല. കേരള സർക്കാർതന്നെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കാനുള്ള ശ്രമം നടത്തി. ലഭിച്ചില്ലെങ്കിലും നമ്മൾ ശ്രമം നടത്തിയിട്ടുണ്ട്. അതുകൊണ്ട് കേരളാ ഗവൺമെന്റിന്റെ നേതൃത്വത്തിൽ അറേബ്യൻ രാജ്യങ്ങളിലേയ്ക്ക് വിമാന സർവ്വീസ് ആരംഭിക്കുന്ന കാര്യം ആലോചിക്കണം, നമുക്കതിന് കഴിയും. പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പുതിയ വിമാനത്താവളം ആരംഭിക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയ്ക്ക് പുതിയ വിമാനങ്ങൾതന്നെ വാങ്ങിക്കൊണ്ട് സൗദി അറേബ്യ ഉൾപ്പെടെയുള്ള അറേബ്യൻ രാജ്യങ്ങളിലേക്കുള്ള വിമാന സർവ്വീസ് ആരംഭിക്കുന്നതിനെപ്പറ്റി എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എയർ കേരള എന്നുപറയുന്ന ഒരാശയം ഉയർന്നുവന്നതാണ്. അതിന് നിയമപരവും സാങ്കേതികവുമായ ചില തടസ്സങ്ങളൊക്കെ പറഞ്ഞു. പക്ഷേ ആ തടസ്സങ്ങൾ മറികടന്നുകൊണ്ട് അത് പ്രാവർത്തികമാക്കാൻ കേരള ഗവൺമെന്റ് ശ്രമിക്കണമെന്നുള്ള അഭിപ്രായം തന്നെയാണ് എനിക്ക് ഇപ്പോഴുമുള്ളത്. ഇതിനായി കേന്ദ്ര ഗവൺമെന്റിനെ നമുക്ക് സമീപിക്കാവുന്നതാണ്. ഒരു തത്വദീക്ഷയുമില്ലാതെ എയർടിക്കറ്റിന്റെ നിരക്ക് വർദ്ധന തടയുന്നതിന് നിയമനിർമ്മാണം നടത്താൻ കേന്ദ്ര ഗവൺമെന്റിന് കഴിയും. നമ്മുടേതായിട്ടുള്ള ഒരു ഫ്ലൈറ്റ് കൊണ്ടുവരിക എന്നുള്ള രീതിയിലാണ് കേരളാ ഗവൺമെന്റിന് ഇതിൽ ഇടപെടാൻ കഴിയുക.

മറ്റൊരു ഗുരുതരമായ പ്രശ്നംകൂടി ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുത്താനുള്ളത്, നോർക്കയുടെ ഓഫീസുകൾ യു.എ.ഇ.-യിൽ ഒന്ന്, സൗദിയിൽ ഒന്ന് എന്ന രീതിയിൽ എല്ലാ വിദേശ രാജ്യങ്ങളിലും ഉണ്ടായാൽ പ്രവാസി സമൂഹത്തിന് വലിയ ആശ്വാസമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് നിരവധി നിയമപ്രശ്നങ്ങളുണ്ട്. അതായത്, ആക്സിഡന്റ് ഉണ്ടാകുമ്പോഴുള്ള ബുദ്ധിമുട്ടുകൾ, മരിച്ചാൽ ബോഡി കൊണ്ടുവരുന്നതിനുള്ള പ്രയാസങ്ങൾ ഇതൊക്കെ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. ഇതെല്ലാം കൈകാര്യം ചെയ്യാൻ എംബസിയുണ്ടെന്നത് ശരിയാണ്. പക്ഷെ, ആ എംബസിക്ക് ഒരു രാജ്യത്തെ മുഴുവൻ ആളുകളുടെയും വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരുപാട് പോരായ്മകളുണ്ട്. ഏറ്റവും കൂടുതൽ മലയാളികളാണ് വിദേശ രാജ്യങ്ങളിലുള്ളത്. യു.എ.ഇ.-യിൽത്തന്നെ 20 ലക്ഷത്തോളം മലയാളികളുണ്ട്, അവർക്ക് സഹായം ചെയ്യാൻ നോർക്കയുടെ ഒരു ഓഫീസ് പ്രധാന ഗൾഫ് രാജ്യങ്ങളിലെവിടെയെങ്കിലും സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കണം. മറ്റൊരു കാര്യം, സൗദി അറേബ്യയിൽ അക്കൗണ്ടിംഗ് മേഖലയിൽ ജോലി ചെയ്യുന്ന ആളുകൾ അവിടെ രജിസ്റ്റർ ചെയ്ത ചാർട്ടേർഡ് അക്കൗണ്ടന്റ് അസോസിയേഷനിൽ അംഗത്വം എടുത്തിരിക്കണമെന്നൊക്കെ പറയുന്നുണ്ട്. അവർ ഇവിടെ പഠിച്ചത് പ്രൈവറ്റ് കോളേജുകളിലാണെങ്കിൽ അവിടെ അംഗീകരിക്കപ്പെടുന്നില്ല. പ്രൈവറ്റ് കോളേജിലാണെങ്കിലും റെഗുലർ കോളേജിലാണെങ്കിലും ബി.കോം., എം.കോം. കോഴ്സുകൾ പാസ്സായാൽ യൂണിവേഴ്സിറ്റി ഒരേ ഡിഗ്രിയാണ് കൊടുക്കുന്നത്. ഡിഗ്രിയുടെ വലിപ്പത്തിനോ വിശ്വാസ്യതയ്ക്കോ യാതൊരു പ്രശ്നവുമില്ല. റെഗുലർ അല്ലാതെ പ്രൈവറ്റായാണ് പഠിച്ചതെങ്കിൽ അവർക്ക് ജോലി നഷ്ടപ്പെട്ട് തിരിച്ചുപോരേണ്ട സ്ഥിതിയാണ്. അതവിടെ അംഗീകരിക്കപ്പെടുന്നില്ല. യൂണിവേഴ്സിറ്റികൾ സ്റ്റാറ്റസ് വെളിപ്പെടുത്തണമെന്ന് പറയുകയാണ്. നമ്മുടെ സംസ്ഥാനത്ത് റെഗുലർ

കോളേജുകളിൽ ഡിഗ്രിക്ക് പ്രവേശനം ലഭിക്കാത്ത ധാരാളം ആളുകൾ പ്രൈവറ്റായി പഠിച്ച് ബിരുദം നേടിയിട്ടുണ്ട്. പ്രസ്തുത മേഖലയിൽ അവർ ജോലിയും ചെയ്യുന്നുണ്ട്. ഈ ഒരു പുതിയ നിയമം വന്നതുകൊണ്ട് ധാരാളം മലയാളികളുടെ ജോലി നഷ്ടപ്പെടാൻ ഇടയാക്കുമെന്ന് ചില പ്രവാസി സംഘടനകൾ അറിയിച്ച കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. സൗദിയിലും മറ്റുമുള്ള സ്വദേശീവൽക്കരണം ധാരാളം പ്രവാസികളെ നാട്ടിലെത്തിക്കുന്നതുകൊണ്ട് പുനരധിവാസ പദ്ധതികൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. സാജൻ പാറയിലിന്റെ കാര്യം ഇവിടെ ഒരുപാട് തവണ ചർച്ചചെയ്തതാണ്. അതിനൊരു നിർദ്ദേശമേ വയ്ക്കാനുള്ളൂ. പ്രവാസികൾ സംരംഭങ്ങൾ തുടങ്ങുമ്പോൾ അവർക്ക് കാര്യങ്ങളൊക്കെ എളുപ്പമാക്കാൻ ഇവിടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഉണ്ട്. എന്നിട്ടും സാജന് ആത്മഹത്യ ചെയ്യേണ്ടിവന്നു. അക്കാര്യം കൂടുതൽ ചർച്ച ചെയ്യപ്പെട്ടതാണ്. പ്രവാസി സംരംഭങ്ങൾക്ക് നോർക്ക വഴി ഒരു ഗ്രീൻ ചാനൽ ഉണ്ടാക്കിക്കൊടുത്താൽ അത് എളുപ്പമായിരിക്കും. ഈ സ്കീം ആകർഷകമല്ലായെന്നുള്ളതുകൊണ്ട് ഇത് ഒന്നുകൂടി ആകർഷകമാക്കത്തക്കവിധം ബില്ലിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശം വയ്ക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....... ഇനി രണ്ട് ബില്ലുകൾ കൂടിയുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഇതിലും കുറഞ്ഞ സമയത്ത് ഒരു ബില്ലിന്റെ ചർച്ച എങ്ങനെയാണ് കൺക്ലൂഡ് ചെയ്യുക. ഞാൻ സഭയെയും ബന്ധപ്പെട്ടവരെയും സഹായിക്കുന്നതിന് വളരെ ചുരുക്കിയാണ് പറയുന്നത്. ബില്ലിന്റെ മറ്റ് വകുപ്പുകളുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിലൊക്കെ ഭേദഗതികൾ ആവശ്യമായിരുന്നു. ബിൽ രൂപീകരിക്കുമ്പോൾ വേണ്ടത്ര അവധാനത ഉണ്ടാകാത്തതുകൊണ്ടാണ് ഓരോ ചെറിയ കാര്യങ്ങൾക്കും ബില്ലുകൾ ഇങ്ങനെ മാറ്റേണ്ടിവരുന്നതെന്ന് ഒരിക്കൽക്കൂടി ശ്രദ്ധയിൽ പ്പെടുത്തിക്കൊണ്ട്, ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രനുവേണ്ടി ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലിനെ ഞാൻ സർവ്വാത്മന, സന്തോഷപൂർവ്വം പിന്തുണയ്ക്കുന്നു. ഈ ഭേദഗതി പാസ്സാകുന്നതോടുകൂടി കമ്മീഷന്റെ ഭരണപരമായ തടസ്സങ്ങൾ നീങ്ങുകയും പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാകുകയും ചെയ്യുമെന്നതിൽ തർക്കമില്ല. ലോകമാകെയുള്ള പ്രവാസിലോകം പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ഒരു നിയമഭേദഗതി ബില്ലിനെ എതിർക്കുന്നത് തികച്ചും നിർഭാഗ്യകരമാണ്. നേരത്തെ ശ്രീ. പി. ടി. തോമസ് അടക്കമുള്ളവർ അമ്മാവനെ കുത്തി, മരുമകളെ കുത്തി, ചിലപ്പോൾ ഭാര്യയെ കുത്തും എന്നൊക്കെ

ഇവിടെ സൂചിപ്പിച്ചു. ലോക കേരള സഭയുമായി ബന്ധപ്പെട്ട് ഒരു ഫ്ലക്സ് ബോർഡ് വയ്ക്കുന്നതിനെക്കുറിച്ച് എത്രയോ മോശപ്പെട്ട രീതിയിലാണ് പറയുന്നത്. ഫ്ലക്സ് ബോർഡുകൾ പല സ്ഥലത്തും നിരവധി കാരണങ്ങൾകൊണ്ട് വയ്ക്കുന്നതാണ്. അതിൽ ഒന്നും പറയാനില്ല. ഇത് ലോകത്തുള്ള നമ്മുടെ പ്രവാസികളെ അധിക്ഷേപിക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് അത്തരം രീതിയിൽ ചർച്ചപോകുന്നത് ശരിയല്ല. പ്രവാസി ചിട്ടി സംബന്ധിച്ചും ഇവിടെ അനാവശ്യമായ വിവാദമുണ്ടാക്കാൻ ശ്രമിക്കുന്നു. എങ്ങനെയാണ് പ്രവാസി സമൂഹത്തിന്റെ മൊത്തം ശ്രദ്ധയും താൽപ്പര്യവും ഉണർത്തി ഒറ്റക്കെട്ടാക്കി അവരെ സഹകരിപ്പിക്കാൻ ശ്രദ്ധിക്കുകയെന്നുള്ളതാണ് ഉദ്ദേശ്യം. അതനുസരിച്ച് നാം പോകേണ്ടതാണ്. ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് യഥാർത്ഥത്തിൽ പ്രവാസികൾക്കുവേണ്ടിയുള്ള ഒട്ടേറെ ക്ഷേമപദ്ധതികൾ ആരംഭിച്ചത്. നേരത്തെ ഇഷ്ടംപോലെ അവസരങ്ങൾ ഉണ്ടായിരുന്നു. ചെറിയ തുക വർദ്ധിപ്പിച്ചതിനെ ക്കുറിച്ചും വയസ്സ് മാറ്റുന്നതിനെക്കുറിച്ചും നോർക്കയ്ക്ക് പുതിയ ഓഫീസ് തുടങ്ങേണ്ട കാര്യത്തെക്കുറിച്ചുമൊക്കെ പറഞ്ഞു. അധികാരം ഉണ്ടായിരുന്ന സമയത്ത് എന്ത് ചെയ്യുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രവാസികളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുക, പ്രവാസി ലോകത്തിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക, കേരളത്തിന്റെ വികസനത്തിനുവേണ്ടി പ്രവാസി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ലോക കേരളസഭ ആരംഭിച്ചത്. ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് ലോക കേരളസഭയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരളീയ സമൂഹത്തിൽ പ്രവാസികളും പ്രവാസവും ചെലുത്തുന്ന സ്വാധീനം സംബന്ധിച്ച് നല്ല ബോദ്ധ്യമുള്ളതുകൊണ്ടാണ് ഗവൺമെന്റ് ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കുന്നത്. പ്രവാസി മലയാളി സമൂഹവും കേരളത്തിലെ മലയാളി സമൂഹവും തമ്മിലുള്ള ബന്ധത്തെ കൂടുതൽ ദൃഢമാക്കുന്നതിനും ഇരുകൂട്ടരുടെയും ഐശ്വര്യത്തിനും വികസനത്തിനും കളമൊരുക്കുന്നതിനും ലോക കേരളസഭ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ടെന്നാണ് മാധ്യമങ്ങൾ ഉൾപ്പെടെ പറയുന്നത്. രാജ്യത്ത് ആദ്യമായി പ്രവാസി ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് ആരംഭിച്ചത് 1996-ൽ ഇടതുപക്ഷ ഗവൺമെന്റാണ്. പിന്നീട് മറ്റ് സംസ്ഥാന സർക്കാരുകൾ ഇങ്ങനെയൊരു പ്രവാസിക്ഷേമ വകുപ്പ് ആരംഭിക്കുന്നതിൽ കേരളത്തിന്റെ മാതൃക പിന്തുടർന്നുവെന്നുള്ളത് നമുക്കറിയാം. 31 ലക്ഷം പ്രവാസികളുണ്ടെന്നാണ് ഏകദേശ കണക്ക്. അതിൽ 7 ലക്ഷംപേർ ഇതര സംസ്ഥാനത്തുള്ളവരാണ്. കുടുംബസമേതം പുറത്ത് താമസിക്കുന്നവരെക്കൂടി കണക്കാക്കിയാൽ ഏകദേശം അരക്കോടിയോളം ആളുകൾ വരും. സാമ്പത്തിക മേഖലയിൽ ഇവരുടെ സംഭാവന വിലമതിക്കാനാകാത്തതാണ്. അന്യനാടുകളിൽ കഠിനാദ്ധ്വാനം ചെയ്ത് മലയാളി

നേടുന്ന പണം നമ്മുടെ സാമ്പത്തിക മേഖലയെ താങ്ങിനിർത്തുന്നുവെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 30 ശതമാനത്തോളം വരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ചെറുകിട വ്യവസായ വ്യാപാര മേഖലകളിലും നിർമ്മാണ മേഖലകളിലുമുള്ള നിക്ഷേപം വേറെയുണ്ട്. പ്രവാസികളുടെ സംഭാവനകൾ അളന്നുകുറിക്കാനാകാത്തവിധം വിലപ്പെട്ട താണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാടും വീടും കുടുംബവും ഉപേക്ഷിച്ച് വിദേശത്ത് ജോലി ചെയ്ത് രാജ്യത്തിന്റെ വിദേശനാണ്യശേഖരത്തെ അടക്കം ശക്തിപ്പെടുത്തുന്ന പ്രവാസികൾക്ക് പ്രത്യുപകാരം ചെയ്യാൻ രാജ്യത്തിന് ചുമതലയുണ്ട്. സംസ്ഥാന സർക്കാർ അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പരമാവധി കാര്യങ്ങൾ ചെയ്തുതീർക്കുന്നുണ്ടെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. പ്രവാസിജീവിതം എത്രത്തോളം സുരക്ഷിതമാണെന്ന ചോദ്യം എല്ലാ കാലവും ഉയർന്നുവരുന്നതാണ്. നമ്മുടെ എഴുത്തുകാരും ചലച്ചിത്രകാരന്മാരും പ്രവാസികൾ നേരിടുന്ന പ്രയാസങ്ങളെ വളരെ ഹൃദയസ്പർശിയായി വരച്ചുകാട്ടിയിട്ടുണ്ട്. ചിലതെല്ലാം കഥകൾക്കപ്പുറം ജീവിതം തന്നെയാണെന്ന് നമുക്ക് മനസ്സിലാകും. 'ആടുജീവിതം' പോലുള്ള നോവലുകളിലൊക്കെ അവരുടെ പ്രയാസങ്ങൾ വിവരിക്കുന്നത് കാണുമ്പോൾ എത്രമാത്രം ഉത്കണ്ഠ ഉണ്ടാക്കുന്നതാണെന്ന് പറയാതെതന്നെ അറിയാം. കേവലമായ അർത്ഥത്തിൽ ശമ്പളം, നിക്ഷേപം എന്നിവയിൽ ഒതുങ്ങുന്നതല്ല പ്രവാസികളുടെ സംഭാവന. സംസ്ഥാനത്തിന്റെ അംബാസിഡർമാരാണ് യഥാർത്ഥത്തിൽ ഓരോ പ്രവാസിയും. സൂക്ഷ്മമായി നോക്കിയാൽ കേരളമെന്ന ബ്രാൻഡിന്റെ പ്രധാന പ്രചാരകർ പ്രവാസികളാണ്. നമ്മുടെ ഉത്പന്നങ്ങൾ വിദേശങ്ങളിൽ എത്തിക്കുന്നതിലും വലിയ പങ്ക് വഹിക്കുന്നത് പ്രവാസികളാണ്. കേരളത്തിലെ ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളൊക്കെ വിദേശത്ത് പരിചയപ്പെടുത്തുന്നതിലും പ്രവാസി മലയാളി സമൂഹം വഹിക്കുന്ന പങ്ക് വലുതാണ്. അനുദിനം വികസിക്കുന്ന ലോകത്ത് പുത്തൻ ആശയങ്ങൾ സംസ്ഥാനത്തേയ്ക്ക് കൈമാറുന്നതിനുള്ള മാധ്യമമായും പ്രവാസി സമൂഹം പ്രവർത്തിക്കുന്നുണ്ട്. പല വിദേശ വൻകിട കമ്പനികളുടെയും തലപ്പത്ത് മലയാളികളാണ്. അവരുടെ അറിവും സാങ്കേതികവിദ്യയുംകൂടി നാം ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും ചിതറിക്കിടക്കുന്ന മലയാളികളുടെ ധനവിഭവങ്ങളും ജ്ഞാനശക്തിയും ഭൗതികസ്വത്തും എല്ലാവർക്കും ഒരുപോലെ ഉപകരിക്കുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ ഏറെ മുന്നോട്ടുപോയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 1970-കൾക്കുശേഷമുള്ള കേരള മോഡൽ വികസനം മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രവാസികളുടെ അറിവും പണവും വലിയ പങ്കാണ് വഹിച്ചിട്ടുള്ളതെന്ന്

നമുക്കറിയാം. സ്വദേശിവൽക്കരണം പോലുള്ള നിരവധി പ്രശ്നങ്ങൾമൂലം നിരവധി മലയാളികൾ ഗൾഫിൽനിന്നും ഇപ്പോൾ നിഷ്കാസിതരാകുകയാണ്. മാത്രമല്ല, ജീവിതത്തിന്റെ നല്ലഭാഗം വിദേശങ്ങളിൽ ചെലവഴിച്ച് നാട്ടിൽ വരുമ്പോൾ പലരും രോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങൾകൊണ്ട് പ്രയാസപ്പെടുന്ന കാഴ്ചയും ഇപ്പോൾ കാണാൻ കഴിയും. മലയാളികളുടെ കൂട്ടത്തോടെയുള്ള തിരിച്ചു വരവിലൂടെയുണ്ടാകുന്ന പ്രത്യാഘാതം ഗുരുതരമായിരിക്കും. ഇത്തരം പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് ഒരു സമഗ്ര പരിപാടിയിലേയ്ക്ക് പോകാൻ സംസ്ഥാന സർക്കാർ തുടക്കംകുറിക്കുന്നുവെന്ന് പറയുന്നത് ഏറ്റവും ഉൾക്കാഴ്ചയുള്ള ഒരു പ്രവർത്തനമായി ത്തന്നെ വിലയിരുത്തണം. കേരളം പ്രവാസികളുടെ വിഷയത്തിൽ പ്രത്യേക താൽപര്യത്തോടെ ഇടപെടുന്നതോടൊപ്പംതന്നെ കേന്ദ്ര സർക്കാരിന്റെ സമീപനംകൂടി പരിശോധിക്കേണ്ടതുണ്ട്. വിദേശനാണ്യം നേടിത്തരുന്ന സോഴ്സായി പ്രവാസികൾ പ്രവർത്തിച്ചിട്ടും കേന്ദ്ര ഗവൺമെന്റിന് അവരോടുള്ള അവജ്ഞയും അവഗണനയും ദിനംപ്രതി വർദ്ധിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കയറ്റുമതിക്കാർക്ക് നൽകുന്ന ഇളവുകളോ പ്രോത്സാഹനങ്ങളോ കേന്ദ്ര സർക്കാർ പ്രവാസികൾക്ക് അനുവദിക്കുന്നുണ്ടോ? പ്രവാസി വോട്ടവകാശം സംബന്ധിച്ച് പോലും എത്രയോ നാളായി പറയുന്നു, അതിന്റെ സ്ഥിതി ഇപ്പോഴും എന്താണ്? ജി.എസ്.ടി. നിലവിൽ വന്നതോടെ 14 ശതമാനമായിരുന്ന സേവന നികുതി 18 ശതമാനമായി ഉയർന്നു. സമ്മാനങ്ങൾ അയയ്ക്കുന്നതിനുണ്ടായിരുന്ന ഇളവുകൾ പിൻവലിച്ചു. വിമാനക്കൂലി ഒരു ന്യായീകരണവുമില്ലാതെ കുത്തനെ വർദ്ധിപ്പിച്ചു. ഒരു പുനരധിവാസ പദ്ധതിപോലും കേന്ദ്ര സർക്കാരിന്റെ വകയായിട്ടില്ല. ഇതിൽപ്പരം നന്ദികേട് പ്രവാസികളോട് കാണിക്കാൻ ഒരു കേന്ദ്രഗവൺമെന്റിന് കഴിയുമോ?എന്നാൽ പ്രവാസികൾക്കുവേണ്ടി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടത്തിവരുന്നുണ്ട്. ദുരിതമനുഭവിക്കുന്ന പ്രവാസികൾക്കുള്ള ചികിത്സാ ധനസഹായം, മരണാനന്തര സഹായം, വിവാഹ ധനസഹായം, മൃതദേഹം സ്വദേശത്ത് കൊണ്ടുവരുന്നതിനുള്ള ധനസഹായം, പ്രവാസി സമൂഹം അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ലോക മലയാളി സഭയുടെ പ്രവർത്തനങ്ങൾ, ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, തിരികെ വരുന്നവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായങ്ങൾ എന്നിവയുണ്ട്. നോർക്കയുമായി ബന്ധപ്പെട്ട് ഏകദേശം 147 പദ്ധതികൾ ഈ രണ്ട് വർഷത്തിനുള്ളിൽ നടപ്പിലാക്കിയതുകൊണ്ട് ആയിരക്കണക്കിന് പ്രവാസികൾക്കാണ് അതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്. ഇപ്പോൾ പൊതുസമൂഹം ചിന്തിക്കുന്നത്, പ്രവാസികളുടെ കാര്യം പറയാനും ചർച്ച ചെയ്യാനും സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉണ്ട് എന്നുള്ളതാണ്. അതിന് കൂടുതൽ ശക്തി പകരാൻ ഈ ഭേദഗതി ബില്ലിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും കഴിയും എന്നുള്ളതുകൊണ്ട് ഒരിക്കൽക്കൂടി ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട ചില അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, പ്രവാസ ജീവിതത്തിലൂടെ അവർ നേടുന്ന സമ്പത്തുമുഴുവൻ നമ്മുടെ രാജ്യത്തിനാണ് ഗുണകരമായി തീരുന്നത്. വലിയ തോതിൽ രാജ്യത്തെ സഹായിക്കുന്ന നിലപാടാണ്, അതും വിദേശനാണ്യം നേടിത്തരുന്നതിനുള്ള സാഹചര്യമാണ് അവർ ഉണ്ടാക്കിയിട്ടുള്ളത്. പക്ഷെ, അതിനനുസരിച്ചുള്ള നീതി നമ്മുടെ രാജ്യത്തിന് അവരോട് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. കേരളം നിരവധി തവണ ഈ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പ്രവാസികൾ തിരികെ വരുമ്പോൾ നടപ്പിലാക്കേണ്ട പുനരധിവാസ പദ്ധതികളാണ് ഏറ്റവും പ്രധാനമായി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കേണ്ടത്. എന്നാൽ അതിലിപ്പോഴും ഫലപ്രദമായ നടപടി ഉണ്ടായിട്ടില്ലെന്നത് ഒരു വസ്തുതയാണ്. നമ്മൾ ഇനിയും തുടർച്ചയായി ഇക്കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതാണ് പൊതുവായി പറയാനുള്ളത്. ഒരുപാട് കാര്യങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. സമയക്കുറവുള്ളതിനാൽ എല്ലാ കാര്യങ്ങളിലേയ്ക്കും ഞാനിപ്പോൾ പോകുന്നില്ല. അതെല്ലാം വലിയ വിഷയങ്ങൾ, അതിന് ഒരുപാട് കാര്യങ്ങൾ പറയാനുമുണ്ട്. ബില്ലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേയ്ക്ക് വരുമ്പോൾ, ഇതുമായി ബന്ധപ്പെട്ട് നാം കാണേണ്ട കാര്യം, മിനിമം 10 ശതമാനമെന്നത് ഇതിന്റെ ഭാഗമായി ഉറപ്പുനൽകുന്ന കാര്യമാണ്. അതിൽ കിഫ്ബിക്ക് നൽകാവുന്ന നില വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഇപ്പോൾ ഒൻപത് ശതമാനം കിഫ്ബി നൽകുമ്പോൾ ഒരു ശതമാനം ഗവൺമെന്റ് നൽകുമെന്ന് പറയുന്നത്. പക്ഷെ 10 ശതമാനം ഇവർക്ക് ഡിവിഡന്റ് കൊടുക്കുമെന്ന കാര്യത്തിൽ യാതൊരു സന്ദേഹവും വേണ്ട, അത് ഉറപ്പാക്കപ്പെട്ട കാര്യമാണ്. ഇത്തരമൊരു പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകതയായി നാം കാണേണ്ടത്, പ്രവാസലോകവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ നമ്മൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇത് കുടുംബത്തിന്റെ സുരക്ഷ ഒരുക്കുന്ന ഒരു പദ്ധതിയാണ്. പ്രവാസിയുടെ ജീവിത കാലത്ത് മാത്രമല്ല, പ്രവാസിക്ക് എന്തെങ്കിലും സംഭവിച്ചാൽ അവരുടെ കുടുംബത്തിന് സംരക്ഷണം ലഭിക്കുമെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത. ആ പ്രത്യേകത നാം കാണാതിരിക്കരുത്. ഇപ്പോൾ നിക്ഷേപ പദ്ധതി ആരംഭിച്ച് മൂന്ന് വർഷം പൂർത്തിയാകുമ്പോഴാണ് ഇതുമായി ബന്ധപ്പെട്ട ഡിവിഡന്റ് നൽകേണ്ടി വരുന്നത്. മൂന്ന് വർഷം കഴിഞ്ഞ് ഡിവിഡന്റ് നൽകിയാൽ മതിയെന്നുള്ളതിനാൽ ഇപ്പോൾ പണത്തിന്റെ ആവശ്യം വരുന്നില്ല, ആ സമയത്ത് പണം വകയിരുത്തിയാൽ

മതിയാകും. ആ കാര്യത്തിൽ ഒരാശങ്കയും ഉണ്ടാകേണ്ടതില്ല. എന്നാൽ ഇപ്പോൾതന്നെ നാം ഇതുമായി ബന്ധപ്പെട്ട് രണ്ട് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതൊരു തുടക്കമെന്ന നിലയിലുള്ളതാണ്. എത്രയാണോ വേണ്ടത് അത് നമുക്ക് വകയിരുത്താൻ കഴിയും, മൂന്ന് വർഷമാകുമ്പോൾ ആ കാര്യം കൃത്യമായി നിർവ്വഹിക്കാൻ സാധിക്കും. അതിന് ഒരു പ്രയാസവുമുണ്ടാകില്ല. ഈ പദ്ധതി പെട്ടെന്നുതന്നെ ഉദ്ഘാടനം ചെയ്യാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി നവംബർ 16-ന് തന്നെ തൃശ്ശൂരിൽ വച്ച് ഉദ്ഘാടനം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഉദ്ഘാടന തീയതിയെല്ലാം നിശ്ചയിച്ച് കഴിഞ്ഞു. ഉദ്ഘാടനം നടത്തണമെന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതിന്റെ കൂടെ പറഞ്ഞ ചില കാര്യങ്ങൾ ഇതുമായി ബന്ധമുള്ളതല്ലെങ്കിലും ചില കാര്യങ്ങൾ തെറ്റിദ്ധാരണയ്ക്ക് ഇടനൽകുമെന്നുള്ളതിനാൽ വ്യക്തത വരുത്തേണ്ടതായിട്ടുണ്ടെന്നാണ് തോന്നുന്നത്. അത് ലോക കേരളസഭയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ലോക കേരളസഭയെന്ന് പറയുന്നത് ഏറെക്കുറെ ലോകത്തിനുതന്നെ മാതൃകയായിത്തീർന്ന ഒരു നടപടിയാണ്. കാരണം, ഇതുപോലെ പ്രവാസികളെ അംഗീകരിക്കുന്ന ഒരു നടപടിക്രമം രാജ്യത്തുതന്നെ ആദ്യവും ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഒന്നുമാണ്. നമ്മുടെ സഹോദരങ്ങൾ വലിയ തോതിൽ സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്യുകയാണ്. അവർ വിവിധ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരാണ്. അവരുടെ വൈദഗ്ദ്ധ്യവും അറിവും നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയണം. കേരളത്തെക്കുറിച്ച്, കേരളത്തിന്റെ മുന്നോട്ട് പോക്കിനെക്കുറിച്ച് ഒട്ടേറെ അഭിപ്രായങ്ങൾ അവർക്കുണ്ട്. ആ അഭിപ്രായങ്ങൾ പറയുവാൻ അവർക്കൊരു വേദിയില്ല. അതിനൊരവസരം നമ്മളൊരുക്കുകയാണ്. യഥാർത്ഥത്തിൽ ഇതിന്റെ ഭാഗമായി എത്രയോ ഗുണം നമുക്ക് ലഭിച്ചു. വിവിധ ഘട്ടങ്ങളിൽ അത്തരത്തിലുള്ള ഒട്ടേറെ അഭിപ്രായങ്ങൾ നമ്മുടെ സംസ്ഥാനത്തിന് അവരിൽനിന്നും ലഭിച്ചിട്ടുണ്ട്. ഒട്ടേറെ ശാസ്ത്രജ്ഞന്മാർ, സാങ്കേതിക വിദഗ്ദ്ധർ, വിവിധ മേഖലയിലുള്ള പ്രൊഫഷണലുകൾ ഇവരെല്ലാം ഇപ്പോൾ നമ്മെ സഹായിക്കാൻ തയ്യാറാകുന്നുണ്ട്. അതിനൊക്കെ ഇടയാക്കിയിട്ടുള്ളത് ലോക കേരളസഭയാണ്. ലോക കേരളസഭ ഇനിയും എങ്ങനെ ശക്തിപ്പെടുത്താമെന്നാണ് നമ്മൾ ആലോചിക്കേണ്ടത്. അതിന് പ്രവാസികൾ നല്ല രീതിയിൽത്തന്നെ സഹകരിക്കുകയാണ്. തമ്മിൽ ചില പ്രശ്നങ്ങളുടെ പേരിൽ അഭിപ്രായ വ്യത്യാസങ്ങളെല്ലാം പറയുന്നുണ്ടാകും. പക്ഷെ പ്രവാസികളാകെ ഇതുമായി ബന്ധപ്പെട്ട് നല്ല പ്രതികരണത്തിലും ആവേശത്തിലും നല്ല സഹകരണ ബോധത്തിലുമാണ്. അതിൽ കക്ഷി വ്യത്യാസങ്ങളൊന്നുമില്ല. എല്ലാ പ്രവാസികളും ഒരേ മട്ടിൽത്തന്നെയാണ് ചിന്തിക്കുന്നത്. ലോക കേരളസഭ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയണം. നമ്മൾ വിവിധ മേഖലകളിൽ സ്ഥാനം വഹിച്ച് പ്രവർത്തിച്ചവരാണ്, നമുക്ക് നമ്മുടെ പൊതുപ്രവർത്തനത്തിന്റെ ഭാഗമായി

കിട്ടിയ ഒരംഗീകാരമാണിത്. ഒരു പ്രവാസിയെ സംബന്ധിച്ചിടത്തോളം നമ്മൾ അവരിലൊരാളെ ലോക കേരളസഭാംഗമെന്ന നിലയിൽ ആദരിക്കുമ്പോൾ അതൊരു വലിയ സ്ഥാനമാണ്. നമ്മൾ എന്തിനാണ് അതിനെ വിലകുറച്ച് കാണിക്കുന്നത്? അതൊരു വലിയ സ്ഥാനമായി അവർ കാണും. അത് ചിലപ്പോൾ ചിലയിടത്ത് ഏതെങ്കിലും തരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ടാകും. ഇവിടെ ഏതോ ഒരു സ്ഥലത്ത് സ്വീകരണയോഗം നടന്നതായി കണ്ടുവെന്ന് പറഞ്ഞു. നാട്ടിൽ പലയിടത്തും സ്വീകരണയോഗങ്ങൾ നടക്കുന്നില്ലേ? അങ്ങനെയൊരു യോഗം ചിലപ്പോൾ നടന്നിട്ടുണ്ടാകും. അതൊന്നും നമ്മളെ ബാധിക്കുന്ന കാര്യമല്ല. നമ്മൾ കാണേണ്ടത് മൊത്തത്തിൽ നാടിന് അത് ഉപകാരപ്രദമായി വന്നിട്ടുണ്ട് എന്നതാണ്. യഥാർത്ഥത്തിൽ, കിഫ്ബിയുടെ വിഭവസമാഹരണം ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു പദ്ധതിയായിട്ടല്ല ഇതിനെ കാണേണ്ടത്. ഇത്തരമൊരു പദ്ധതി പ്രവാസികളുടെ കുടുംബത്തെ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയായിത്തന്നെയാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി ഭദ്രമായി നടക്കുന്നതിന് ആ പണം കിഫ്ബിയിലേയ്ക്ക് മാറ്റുകയാണ്. നമ്മുടെ നാടിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് നല്ലതുപോലെ അതുപയോഗിക്കാൻ സാധിക്കും. നാടിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രവാസികളുടെ ഫണ്ട് വിവിധ സ്രോതസ്സുകളിലൂടെ നമുക്ക് ഉപയോഗിക്കാൻ കഴിയേണ്ടതുണ്ട്. ഇതുമാത്രമല്ല, ഇനി വേറെയും പദ്ധതികൾ നമുക്ക് ആവിഷ്കരിക്കാൻ സാധിക്കും. നല്ല രീതിയിൽ സഹകരിക്കാൻ പ്രവാസികൾ തയ്യാറാവുകയും ചെയ്യും. കിഫ്ബിക്ക് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പ്രയാസം ഉണ്ടാകുന്നില്ല. കിഫ്ബിയെ സംബന്ധിച്ച് നമ്മൾ ധാരാളം ചർച്ച ചെയ്തിരുന്നതാണ്. അതിന്റെ സാമ്പത്തിക ഭദ്രതയുടെ കാര്യം നിരവധി തവണ നമ്മളിവിടെ ചർച്ചചെയ്തതാണ്. ഒരു പ്രയാസവും ഒരാശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതായിട്ടില്ല.

ഒരു മൃതദേഹം മാറിയതുസംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നോർക്കയുടെ പങ്ക് അക്കാര്യത്തിലില്ല. എയർലൈൻസിന് പറ്റിയൊരു അബദ്ധമായിരുന്നു. അപ്പോൾ നോർക്കയാണ് അടിയന്തരമായി അതിൽ ഇടപെട്ട് തിരുത്തിക്കുന്ന നിലപാട് സ്വീകരിച്ചത്. പെട്ടെന്നുതന്നെ നടപടിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ഇവിടെ സ്വകാര്യ കോളേജുകളുടെ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാത്ത പ്രശ്നത്തെ സംബന്ധിച്ച് പറഞ്ഞു. അക്കാര്യം നമ്മൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ വഴിയാണ് അതിന് ശ്രമിക്കേണ്ടത്. ആ ശ്രമം നമ്മൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇനി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നാണ് നടപടികൾ ഉണ്ടാകേണ്ടത്.

വിദേശത്ത് നോർക്ക ഓഫീസുകൾ വേണമെന്ന് പറയുകയുണ്ടായി. അത് നല്ലൊരു ആഗ്രഹം തന്നെയാണ്. പക്ഷേ നമ്മൾ ഇപ്പോഴൊരു കാര്യം ചെയ്തിട്ടുണ്ട്. നമ്മുടേതായ ഒരു സംവിധാനം, അതായത് നമ്മുടെ സഹോദരങ്ങൾ പല വിധത്തിലുള്ള നിയമനടപടികൾ അവിടെ നേരിടുന്നുണ്ട്. അവർക്ക് നിയമ സഹായം ലഭിക്കുന്നതിനുള്ള സംവിധാനം പല രാജ്യങ്ങളിലും നമ്മളിപ്പോൾ ഒരുക്കിയിട്ടുണ്ട്. അത് നമ്മുടെയൊരു സാന്നിദ്ധ്യമാണ്. ഇനി അതിനപ്പുറം എങ്ങനെ കഴിയുമെന്ന് ഭാവിയിൽ നമുക്ക് ആലോചിക്കാവുന്നതാണ്.

പ്രവാസികളുമായി ബന്ധപ്പെട്ട 'സാന്ത്വനം' പദ്ധതിക്ക് കഴിഞ്ഞ വർഷം 15 കോടി രൂപയായിരുന്ന വകയിരുത്തിയത്. യഥാർത്ഥത്തിൽ ചെലവഴിച്ചത് 25 കോടി രൂപയാണ്. നമ്മൾ ആ കാര്യത്തിൽ ശ്രദ്ധയോടെയാണ് നീങ്ങുന്നത്.

പുനരധിവാസവുമായി ബന്ധപ്പെട്ട് അവിടെനിന്ന് ഇങ്ങോട്ട് വരുന്നവർക്കുള്ള ചില നടപടികൾ, അവരുടേതായ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് വായ്പ നൽകൽ, വിവിധ ബാങ്കുകളുമായി ബന്ധപ്പെട്ടുകൊണ്ട് വായ്പ നൽകുന്ന നടപടി തുടങ്ങിയ കാര്യങ്ങളിൽ നല്ല നിലയിൽ നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അതിനായി വകയിരുത്തിയ 15 കോടി രൂപയും ചെലവഴിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ ബാങ്കുകളെ ബന്ധപ്പെടുത്തിക്കൊടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ബാങ്കുകളെ ബന്ധപ്പെടുത്തുന്ന അവസ്ഥ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. പ്രവാസികളുടെ കാര്യത്തിൽ നല്ല ശ്രദ്ധ തന്നെയാണുള്ളത്.

പ്രവാസികളുടെ യാത്രാ സൗകര്യത്തിന്റെ കാര്യത്തിൽ തീർത്തും നീതികേടാണ് ചെയ്യുന്നത് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അത് നമുക്ക് തിരുത്തേണ്ടതായിട്ടുണ്ട്. പക്ഷേ നമ്മൾ തുടങ്ങിയിട്ട് അത് എവിടെയെത്തും എന്നുള്ളത് നല്ലതുപോലെ ആലോചിക്കണം. കേന്ദ്ര ഗവൺമെന്റ് തെറ്റായി കാര്യങ്ങൾ നീക്കുകയാണ്. അനാവശ്യമായി ഉത്സവഘട്ടങ്ങളിൽ, പ്രധാനമായും പ്രവാസികൾ ഇങ്ങോട്ട് വരേണ്ടതും പോകേണ്ടതുമായ ഘട്ടങ്ങളിലൊക്കെ എത്രയോ ഇരട്ടിയാണ് യാത്രാ ചാർജ്ജ് വർദ്ധിപ്പിക്കുന്നത്. അത് നീതികേടാണെന്ന് എല്ലാവരോടും പറയുന്നുണ്ട്, എല്ലാവരും പറയുകയും ചെയ്യും. അതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ ഈ തീരുമാനത്തിൽ മാത്രം മാറ്റമില്ല. ആ തീരുമാനം അങ്ങനെതന്നെ നിലനിൽക്കുകയാണ്. ഓരോ ഘട്ടത്തിലും തീരുമാനം വരികയാണ്. നമ്മളതിൽ ശക്തമായി പ്രതിഷേധം രേഖപ്പെടുത്തണം.

പ്രവാസികൾക്കുള്ള 2,000 രൂപയുടെ കാര്യം പറഞ്ഞു. അത് സ്വാഭാവികമായും വർദ്ധിപ്പിക്കേണ്ടതാണെന്നതന്നെയാണ് സർക്കാരും കരുതുന്നത്. ഉചിതമായ സമയത്ത് അത് വർദ്ധിപ്പിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുകയും ചെയ്യും. ആ നിലയ്ക്കുതന്നെയാണ് കാര്യങ്ങൾ നീക്കിക്കൊണ്ടിരിക്കുന്നത്.

ഇത്രയുമാണ് പൊതുവെ പറയുവാനുള്ളത്. ഇത് ഒഴിച്ചുകൂടാനാകാത്തൊരു കാര്യമാണ്. എത്രയുംവേഗം അത് നടപ്പാക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഇത് ലാഭമുണ്ടാക്കാനുള്ളൊരു പദ്ധതിയല്ല. ഈ കുടുംബങ്ങളെ നല്ല രീതിയിൽ സഹായിക്കാനും സംരക്ഷിക്കാനുമുള്ളൊരു പദ്ധതിയാണ്. ആ സംരക്ഷണബോധം ഇന്ന് അവർക്കുണ്ട്. നമ്മളെല്ലാവരുംകൂടി അതിനെ സഹായിക്കുകയും പിന്താങ്ങുകയുമാണ് വേണ്ടത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

Not in the seat.

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഇപ്പോൾ സംസാരിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഇല്ല. ബില്ലിനെ സംബന്ധിച്ച ചർച്ചകൾക്കുശേഷം സംസാരിക്കാം.

Shri. Sunny Joseph: Sir, I move that " This House resolves to disapprove The Kerala Municipality (Amendment) Ordinance, 2019 (Ordinance No.28 of 2019)" .

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരള സംസ്ഥാനം ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മാലിന്യ സംസ്കരണത്തിനുള്ള തടസ്സങ്ങൾ. ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ, എന്നാൽ ഭൂലഭ്യത കുറവുമാണ് കേരളത്തിന്റെ അവസ്ഥയെന്ന് പറയുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങളും ഐ.റ്റി. ഉല്പന്നങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുവെ ജനജീവിതത്തിനും തടസ്സമായി നിൽക്കുന്ന ഘടകങ്ങളാണ്. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ലോറികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് മാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടുപോകുന്ന സംവിധാനം കണ്ണൂർ ജില്ലയിലൊക്കെ ഉണ്ടായിരുന്നു. കുറേ സ്ഥലങ്ങളിൽ ഞങ്ങൾ തന്നെ പോയി ലോറികൾക്ക് യാത്രയയപ്പ് നൽകി. പക്ഷേ ഇപ്പോൾ കർണാടകപോലുള്ള സംസ്ഥാനങ്ങളിൽ മാലിന്യങ്ങൾ സ്വീകരിക്കുന്നില്ല. അത്തരം പ്രശ്നങ്ങൾ നിലനിൽക്കുകയാണ്.

കേരളത്തിൽത്തന്നെ മാലിന്യ സംസ്കരണ പ്ലാന്റുകൾ ആരംഭിച്ച പല സ്ഥലങ്ങളിലും അതിനെതിരായി ജനങ്ങളുടെ രോഷമുണ്ടായിട്ടുണ്ട്. വിളപ്പിൽശാലയിൽ പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കാതെ നിൽക്കുകയാണ്. ഇതൊക്കെ വളരെ ഗൗരവതരമായി ഈ സഭയിൽ പലവട്ടം ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങളാണ്. കുടുംബശ്രീ പ്രവർത്തകർ വീടുകളിൽനിന്ന് മാലിന്യം ശേഖരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് റീയൂസ് ചെയ്യുന്നതിനുള്ള റീ-സൈക്ലിംഗ് പ്രോസസ്സ് നടത്തിയിരുന്നു. അതുപോലെ ടാർ നിർമ്മാണത്തിനും ബയോഗ്യാസ് ഉല്പന്നങ്ങൾക്കുമെല്ലാം ഉപയോഗിക്കുന്ന തരത്തിലുള്ള പ്രോസസ്സിംഗും നടത്തിവരുന്നുണ്ട്. അതിനിടയിലാണ് മാലിന്യ സംസ്കരണത്തിനുവേണ്ടി മുനിസിപ്പാലിറ്റികളുടെ കൈവശമുള്ള സ്ഥലം ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ചെയ്യുന്ന ഒരു ഭേദഗതി ബിൽ, മുനിസിപ്പൽ നിയമത്തിലെ 326 (5)-ാം ഉപവകുപ്പായി ചേർത്തിരിക്കുന്നത്. അതിന് യാതൊരു ന്യായീകരണവും ബില്ലിന്റെ ഒബ്ജക്ഷനിൽ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്റ്റേറ്റ്മെന്റിലും അതിനെ ന്യായീകരിക്കത്തക്ക കാരണങ്ങളൊന്നുമില്ല. ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഉടമസ്ഥതയിൽ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുള്ള സ്ഥലം ഒരു നോട്ടിഫിക്കേഷനിലൂടെ സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ട യാതൊരുവിധ അടിയന്തര സാഹചര്യവും നിലവിലില്ല എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

കേരളത്തിൽ മാലിന്യ സംസ്കരണത്തിന്റെ പ്രവർത്തനങ്ങൾ വളരെ നല്ലനിലയിൽ നടക്കുന്നു എന്ന് പഞ്ചായത്ത് വകുപ്പിന്റെ ഔദ്യോഗിക ജിഹ്വയായ 'പഞ്ചായത്തീരാജ്' മാസിക വായിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. 2019 സെപ്റ്റംബറിലെ 'പഞ്ചായത്തീരാജ്' ലക്കത്തിൽത്തന്നെ, " മാലിന്യ സംസ്കരണത്തിന് ഗ്രാമജ്യോതിയുടെ ളുവ്വൂർ മോഡൽ" എന്നൊരു പ്രധാനപ്പെട്ട ലേഖനം തന്നെ എഴുതിയിട്ടുണ്ട്. " മാലിന്യ സംസ്കരണത്തിന് അടിമാലി മാതൃക" എന്നുപറഞ്ഞ് അതേ ലക്കത്തിൽത്തന്നെ ഒരു വാർത്തയുമുണ്ട്.

2.00 PM]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പുരുഷൻ കടലുണ്ടി)

കോട്ടയം ജില്ലയിലെ 'ക്ലീൻ തലപ്പലം' പ്രവർത്തനത്തിലൂടെ തലപ്പലം പഞ്ചായത്ത് മാതൃകാപരമായി മാലിന്യനിർമ്മാർജ്ജനം നടത്തിയതിന്റെ വാർത്തയാണ്. 2019 ജനുവരിയിൽ മാലിന്യ സംസ്കരണത്തിന്റെ 'കാലടി മാതൃക' പ്രവർത്തനങ്ങളെ സംബന്ധിച്ചും എഴുതിയിട്ടുണ്ട്. അതുപോലെ ഗ്രാമപഞ്ചായത്തുകൾ മാതൃകയാക്കുന്ന സക്സസ്ഫുൾ ആയിട്ടുള്ള ഒരു പ്രോജക്ട് നടപ്പിലാക്കിയ

ഗ്രാമപഞ്ചായത്താണ് തുമ്പൂർമൂഴി ഗ്രാമപഞ്ചായത്ത്. പഞ്ചായത്തുകൾക്ക് അവരുടേതായ പദ്ധതികൾ ഏറ്റെടുത്ത് ഫലപ്രദമായി നടത്താൻ സാധിക്കുന്നുവെന്ന കാര്യം അറിയിച്ചുകൊണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തന്നെയാണ് ഈ ലേഖനങ്ങൾ ഔദ്യോഗികമായി എഴുതിയിട്ടുള്ളത്, അവരെ ആശ്രയിച്ചും അവലംബിച്ചുമാണ് ഈ വാർത്തകളൊക്കെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കുന്നു. മുനിസിപ്പൽ കോർപ്പറേഷനുകൾ അവരുടേതായ രൂപത്തിൽ ഗവൺമെന്റ് സഹായത്തോടെ, നിർദ്ദേശത്തോടെ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഉദാഹരണത്തിന് കോഴിക്കോട് കോർപ്പറേഷന്റെ വകയായി ഞെളിയംപറമ്പിൽ 12 ഏക്കർ സ്ഥലം 'ഹോണ്ട' കമ്പനിക്ക്, നൽകിക്കൊണ്ട് ഒരു ടൺ മാലിന്യത്തിന് 3200 രൂപ, മാലിന്യം ശേഖരിക്കുന്നതിനും നിർമാർജ്ജനം ചെയ്യുന്നതിനുമായിട്ടുള്ള ഫീസായി അവർക്ക് നൽകിക്കൊണ്ടുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. കണ്ണൂർ കോർപ്പറേഷനിൽത്തന്നെ ചേലോറ പ്രിന്റിംഗ് ഗ്രൗണ്ടിൽ 9.7 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി.ക്ക് നൽകിക്കൊണ്ട് ബൃഹത്തായ ഒരു മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന് വ്യവസ്ഥ ചെയ്ത് മുന്നോട്ടുപോകുന്നു. അവിടെയൊരു പ്രശ്നം വന്നത്, കെ.എസ്.ഐ.ഡി.സി.-ക്ക് കൊടുക്കുന്ന സ്ഥലം സ്വകാര്യ ഏജൻസികൾക്ക് സബ്-ലീസ് ചെയ്തുകൊടുക്കുകയും അവരത് പണയപ്പെടുത്തി ബാങ്ക് വായ്പയെടുക്കാൻ ശ്രമിച്ചപ്പോഴാണ് കോർപ്പറേഷൻ അതിന് പ്രതികൂലമായ നിലപാട് സ്വീകരിച്ചത്. കാരണം, ഇതിന്റെ ബാധ്യത അവസാനം കോർപ്പറേഷന്റെ ആസ്തിബാധ്യതയിൽ വരുമെന്നുള്ളതുകൊണ്ടാണ് കോർപ്പറേഷൻ എതിർത്തത്. കോർപ്പറേഷൻ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ജബൽപ്പൂരിൽ പോയി മാതൃകാ പ്രോജക്ടുകൾ കാണുകയും കെ.പി.എം.ജി. അതിനാവശ്യമായ മേൽനോട്ടം വഹിക്കുകയും ചെയ്തു. കേരളത്തിൽ വിവിധ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും അവരുടേതായ പദ്ധതികൾ ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. അങ്ങനെ മുന്നോട്ടു പോകുന്ന സന്ദർഭത്തിൽ ഈ മുനിസിപ്പാലിറ്റികളുടേയും ഗ്രാമപഞ്ചായത്തുകളുടേയും ഉടമസ്ഥതയിലുള്ള മാലിന്യ സംസ്കരണത്തിന്റെ ഭൂമി ഗവൺമെന്റിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്ന ഇത്തരത്തിലുള്ള ഒരു ഓർഡിനൻസ് നിയമ നിർമ്മാണത്തിലൂടെ സാധൂകരിക്കുന്നതിന് എന്ത് ന്യായീകരണമാണുള്ളത്? എന്താണ് പഞ്ചാത്തീരാജ് സംവിധാനം? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ ഭേദഗതിയിലൂടെ അധികാരം വികേന്ദ്രീകരിച്ച് നൽകുന്നതാണത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 (w) Powers Authorities and Responsibilities Of Municipalities, ഇതിലെ 12-ാം ചട്ടത്തിൽ പൊതു ജനാരോഗ്യം, ശുചീകരണം, ഖരമാലിന്യങ്ങളുടെ മാനേജ്മെന്റ് എന്നിവ

മുനിസിപ്പാലിറ്റികളുടെ അധികാരവും ചുമതലയുമാണെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഭരണഘടനയിലും അതിന്റെ പട്ടികയിലും വളരെ വ്യക്തമായി പറയുന്നത്, മുനിസിപ്പാലിറ്റിക്ക് നിയമാനുസൃതം ചുമതലപ്പെടുത്തിയിട്ടുള്ളതും അധികാരപ്പെടുത്തിയിട്ടുള്ളതുമായ കാര്യത്തിൽ അവരുടെ ഭൂമി സർക്കാർ ഒരു ഓർഡിനൻസിലൂടെ കൈവശപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ന്യായീകരണം ഭരണഘടനാ വിരുദ്ധമാണ്, അധികാര വികേന്ദ്രീകരണത്തിനുതന്നെ എതിരാണ്. ഗവൺമെന്റിന് ആവശ്യമായ ഇടപെടലുകൾ നടത്താം. അതിന് ഇപ്പോൾത്തന്നെ നിയമത്തിൽ വ്യവസ്ഥയുണ്ട്. മുനിസിപ്പൽ ആക്ട് 326, സബ്ക്ലാസ് 4-ൽ ഇപ്പോഴത്തെ നിയമപ്രകാരം കോൺട്രാക്ട് വഴി ഒന്നിലേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജിത പ്രോജക്ടുകൾക്ക് നേതൃത്വം നൽകാനും അതിൽ ഇടപെടാനുമുള്ള അധികാരം സെക്ഷൻ 326 (4) പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമാണ്. മുനിസിപ്പൽ അധികാരികളും തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികളുമായി സർക്കാർ ചർച്ചചെയ്ത് ജോയിന്റ് വെൻചർ പ്രോജക്ടുകൾ ആരംഭിക്കാം. അല്ലെങ്കിൽ അവർക്കാവശ്യമുള്ള ഗൈഡൻസും നിർദ്ദേശങ്ങളും സഹായങ്ങളും കൊടുക്കാം. അതിനുപകരം അവരുടെ ഭൂമി കവർന്നെടുക്കുക, അധികാരം കവർന്നെടുക്കുക എന്നത് അധികാര വികേന്ദ്രീകരണ തത്വത്തിനുതന്നെ എതിരാണ്. ഈ നിയമം യാതൊരു തരത്തിലും സദുദ്ദേശ്യത്തോടുകൂടിയുള്ളതല്ല. സംസ്ഥാന ഗവൺമെന്റ് പൊതുവെ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനമെന്താണ്? ഞാൻ ഡീറ്റെയിൽഡായി 326 (4)-ലേയ്ക്ക് പോകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞവർഷം ഫണ്ട് കൊടുത്തിട്ടില്ല. സ്പിൽ ഓവർ വർക്കിന്റെ തുകയും കൊടുത്തിട്ടില്ല. മാർച്ച് 20-ാം തീയതി കഴിഞ്ഞിട്ടുപോലും ക്യൂവിൽ നിന്ന ബില്ലുകൾ മാറിക്കിട്ടിയില്ല. ഈ പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടുകളായി. പുതിയ സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ഭാഗമായി അധിക തുക കിട്ടേണ്ടതാണ്, അത് കിട്ടിയില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15-5-2019-ലെ ഉത്തരവിൽ പറയുന്നത്; 2019 മാർച്ച് അവസാനം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും പേമെന്റ് നൽകാൻ കഴിയാതെ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തേണ്ടതാണ് എന്നാണ്. മാർച്ച് 20, 21 തീയതികളിൽപ്പോലും ട്രഷറികളിൽ സമർപ്പിച്ച കോടിക്കണക്കിന് രൂപയുടെ ബില്ലുകൾക്കും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്കും തുക കൊടുക്കുന്നില്ല. നിയമസഭയിൽ ഞങ്ങൾ ഉന്നയിച്ച ഇക്കാര്യത്തിന് വ്യക്തമായി മറുപടി പറയാൻ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കോ ധനകാര്യവകുപ്പിനോ മുഖ്യമന്ത്രിക്കോ സാധിച്ചിട്ടില്ല. ക്യൂവിൽനിന്ന ബില്ലുകളെ സ്പിൽ ഓവർ ആക്കാൻ നിർദ്ദേശം നൽകിയിരിക്കുന്നു എന്നാണ് പറയുന്നത്. സ്പിൽ ഓവർ

എന്നുപറഞ്ഞാൽ എന്താണ്? എല്ലാ സ്പിൽ ഓവർ പ്രോജക്ടുകളും ബഡ്ജറ്റ് വിഹിതത്തിൽ കൊണ്ടുവരേണ്ടതില്ലെന്നത് മറ്റൊരു നിബന്ധനയാണ്. ഓരോ വിഭാഗത്തിലും പരമാവധി 20 ശതമാനം വരെയുള്ള സ്പിൽ ഓവർ ബാധ്യത ബഡ്ജറ്റ് വിഹിതത്തിൽ മാറ്റി നിർത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്പിൽ ഓവർ ആയ പ്രോജക്ടുകൾതന്നെ പൂർണ്ണമായിട്ടും പുതിയ സാമ്പത്തികവർഷത്തിലേക്ക് കൊണ്ടുവരേണ്ടതില്ലായെന്ന് സർക്കുലർ നമ്പർ 988/2019-ൽ പറയുന്നു. 'ബഡ്ജറ്റ് വിഹിതത്തിൽനിന്നും കൊണ്ടുവരുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിഹിതം കഴിച്ച് ബാക്കിയുള്ള തുകയ്ക്കനുസൃതമായി പുതിയ പ്രോജക്ടുകൾ ക്രമപ്പെടുത്തേണ്ടതാണ്. അതിന്റെ അർത്ഥം, കർമ്മ സമിതികൾ ചേർന്ന്, പഞ്ചായത്ത് ഭരണസമിതികൾ ജനങ്ങളുടെ ഗ്രാമസഭകൾ വിളിച്ചുകൂട്ടി ഔദ്യോഗികമായി പ്രോജക്ടുകൾ ഉപേക്ഷിക്കണം എന്നാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പഞ്ചായത്തടക്കമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള, ക്യൂവിൽ നിൽക്കുന്ന ബില്ലുപോലും കൊടുക്കുന്നില്ലായെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ഏകദേശം 45 ശതമാനത്തോളം പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചെന്നുമുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സണ്ണി ജോസഫ്</u>: വളരെ കറക്ടാണ്, അതിന്റെ ഭാഗമായി സർക്കാരിന്റെ പദ്ധതികൾ മുടങ്ങുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഏറ്റവും അധികം മുൻതൂക്കം കൊടുക്കേണ്ട പ്രോജക്ടുകൾപോലും സാമ്പത്തിക പ്രതിസന്ധിമൂലം നിർത്തിവയ്ക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്നു. ഇതുകാരണം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബുദ്ധിമുട്ടുകയാണ്. ഉത്തരവിൽ അവസാനം പറഞ്ഞിരിക്കുന്നത്, വർഷാവസാനം പേമെന്റ് നൽകാൻ കഴിയാതെവരുന്ന പ്രോജക്ടുകൾ അടുത്ത 2020-21 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി പേമെന്റ് നൽകാവുന്നതാണ് എന്നാണ്. ഇത് പ്രതിപക്ഷത്തിന്റെ ആരോപണമല്ല, ഇതുസംബന്ധിച്ച് കണ്ണൂർ കോർപ്പറേഷന്റെ മുൻ ചെയർപേഴ്സൺ ശ്രീമതി ഇ. പി. ലത, ചെയർപേഴ്സൺ ആയിരുന്ന സമയത്ത് 29-5-2019-ൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് എഴുതിയ കത്തിൽ പറഞ്ഞിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ മൊത്തം ബഡ്ജറ്റ് വിഹിതം 42 കോടിയിലധികമായിരുന്നു. അനുവദനീയമായ സ്പിൽ ഓവർ പദ്ധതികൾകൂടി ഉൾപ്പെടുത്തിയപ്പോൾ പ്രോജക്ട് തുക 57,11,99,168 ആയി മാറി. അധികം വരുന്ന 14,99,67,168 കോടി രൂപ പിന്നീട് അനുവദിക്കുമെന്ന് അറിയിച്ചെങ്കിലും തുക

ലഭിച്ചിട്ടില്ല. കണ്ണൂർ കോർപ്പറേഷന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ബില്ലുകൾ മാർച്ച് 21 മുതൽ പാസ്സാകാത്തതിനാൽ ട്രഷറികളിൽ സമർപ്പിച്ച 181 ബില്ലുകളിലായി 11,39,37,111 രൂപ ക്യൂവിൽ കിടക്കുകയാണ്. സർക്കാർ ഉത്തരവുപ്രകാരം ഈ തുക 2019-20 വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും കണ്ടെത്തേണ്ടിവരും. കൂടാതെ വരുന്ന സ്പിൽ ഓവർ പദ്ധതികൾക്കായി 15 കോടിയിലധികം രൂപയും. ആകെ 26 കോടി രൂപ ആവശ്യമാണ്. കോർപ്പറേഷന്റെ 2019-20-ലെ ആകെ പദ്ധതി വിഹിതം 46 കോടി രൂപയാണ്. 15-5-2019-ലെ സർക്കാർ ഉത്തരവുപ്രകാരം സ്പിൽ ഓവർ പദ്ധതികൾക്കായി 9 കോടി രൂപ മാത്രമേ നീക്കിവയ്ക്കാൻ പറ്റുകയുള്ളൂ. കോർപ്പറേഷൻ പദ്ധതികൾ മുടങ്ങിപ്പോകുന്നതിനെക്കുറിച്ചുള്ള ആശങ്കയിലാണ് കണ്ണൂർ കോർപ്പറേഷന്റെ ചെയർപേഴ്സൺ ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചത്, കത്തിന് ഒരു മറുപടിപോലും അയച്ചിട്ടില്ല. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികമായിട്ടുള്ള അധികാരത്തെപ്പോലും പദ്ധതിവിഹിതം നൽകാതെ ഗവൺമെന്റ് ഇന്ന് കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. അവരുടെ സ്ഥലംകൂടി പിടിച്ചെടുക്കാനുള്ള ഈ ബിൽ ഒരു കാരണവശാലും നിയമാനുസൃതമല്ല. അത് അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ പൂർണ്ണമായും എതിർക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് മാലിന്യസംസ്കരണം. പ്രാദേശികമായി പലയിടത്തും മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തുകഴിഞ്ഞാൽ അതിനെതിരായി വലിയ ജനരോഷം ഉയരുകയാണ്. അങ്ങനെയുള്ള ഘട്ടത്തിലാണ് ഒന്നുരണ്ട് മുനിസിപ്പാലിറ്റികൾ ചേർന്ന് രണ്ട് മുനിസിപ്പാലിറ്റികളുടെയും മാലിന്യം ഒരു സ്ഥലത്ത് നിക്ഷേപിക്കുന്ന രീതിയിൽ മുനിസിപ്പാലിറ്റികളുടെ സ്ഥലം അക്വയർ ചെയ്ത് പദ്ധതി സ്ഥാപിക്കാനായി ഗവൺമെന്റ് ഇപ്പോൾ പുതിയ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സ്വന്തം വീട്ടിലെ അവശിഷ്ടം വേറൊരാളുടെ വീട്ടിൽ കൊണ്ടുപോയിടാൻ ആരും സമ്മതിക്കില്ല. അതുപോലെതന്നെ ഒരു മുനിസിപ്പാലിറ്റിയിലെ വേസ്റ്റ് മറ്റൊരു മുനിസിപ്പാലിറ്റിയിൽ കൊണ്ടുപോയി നിക്ഷേപിക്കാൻ ആരും സമ്മതിക്കില്ല. വിളപ്പിൽശാല അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. വിളപ്പിൽശാലയിൽ അവിടത്തെ ജനങ്ങളുടെ അഭിപ്രായം ആരായാതെ, പഞ്ചായത്തിന്റെ സമ്മതം വാങ്ങാതെ തിരുവനന്തപുരം നഗരത്തിലെ എല്ലാ മാലിന്യങ്ങളും അവിടത്തെ

മാലിന്യസംസ്കരണ പ്ലാന്റിൽ നിക്ഷേപിക്കാൻ തീരുമാനിച്ചു. അതിനെതിരെ വലിയ ജനരോഷവും പ്രക്ഷോഭങ്ങളുമുണ്ടായപ്പോൾ മാലിന്യസംസ്കരണ പ്ലാന്റ് അടച്ചുപൂട്ടേണ്ടി വന്നു. ഇതുപോലെ രണ്ടുംമൂന്നും മുനിസിപ്പാലിറ്റികൾ ചേർന്ന് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുമെങ്കിൽ ജനങ്ങളുടെ വലിയ എതിർപ്പുണ്ടാകും. മാത്രമല്ല, മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ജനങ്ങൾ അനുവദിക്കുകയുമില്ല. ഇടയ്ക്കിടെ വിദേശയാത്ര നടത്തുന്ന മന്ത്രിമാർ ഇത്തരം സംരംഭങ്ങളെക്കുറിച്ച് പഠിക്കണം. വിദേശരാജ്യങ്ങളിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം എങ്ങനെയാണ് നടപ്പാക്കിയത് എന്നത് പഠിച്ച് അത്തരം പദ്ധതികൾക്ക് രൂപം നൽകണം. മലേഷ്യ, സിംഗപ്പൂർ അടക്കമുള്ള രാജ്യങ്ങളിൽ പ്രധാന പട്ടണങ്ങളുടെ നടുവിലാണ് മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. യാതൊരു ദുർഗന്ധമോ ആർക്കും ശല്യമോ ഇല്ലാത്ത തരത്തിൽ അത്യാധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ഓരോ മുനിസിപ്പാലിറ്റികൾക്കും സ്വന്തമായി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ സഹായം ഗവൺമെന്റ് നൽകണം. അല്ലാതെ മുനിസിപ്പാലിറ്റിയുടെ അധികാരം കവർന്നെടുക്കുകയല്ല വേണ്ടത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നമ്മുടെ സംസ്ഥാനത്ത് കുട്ടികളും ഒട്ടനവധി പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെ സംരക്ഷണം കിട്ടുന്ന വൃദ്ധരായ ആളുകളും ഡയപ്പറുകൾ ഉപയോഗിക്കുന്നുണ്ട്. ആ ഡയപ്പറുകളിൽ ജെൽ അടങ്ങിയിട്ടുള്ളതിനാൽ കത്തിച്ചാൽ നശിക്കാതെ അത് വലിയ വിപത്തുകളാണ് നാടിനുണ്ടാക്കുന്നത്. അത് നശിപ്പിക്കാവുന്ന തരത്തിലുള്ള എന്തെങ്കിലും നിലപാട് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. ഉബൈദുള്ള: സർ, നമ്മുടെ സമൂഹത്തിൽ നിപ വൈറസ്, ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ഡിഫ്തീരിയ തുടങ്ങിയ നിരവധി രോഗങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ രോഗങ്ങൾ പടർന്നുപിടിക്കാനുള്ള പ്രധാന കാരണം വേസ്റ്റ് മാനേജ്മെന്റിന്റെ തകരാറാണ്. മിക്കവാറും വീടുകളിൽ മാറാരോഗം ബാധിച്ച് കിടപ്പിലായിട്ടുള്ള നിരവധി ആളുകളുണ്ട്. അവർ ഉപയോഗിക്കുന്ന ഡയപ്പറുകളുൾപ്പെടെയുള്ള സാധനങ്ങൾ പൊതുസ്ഥലങ്ങളിൽ തള്ളുകയാണ്. അത് എവിടെ നിക്ഷേപിക്കണമെന്നത് സംബന്ധിച്ച് യാതൊരു ധാരണയുമില്ല. യഥാർത്ഥത്തിൽ രോഗം പടർന്നുപിടിക്കാൻ കാരണമാകുന്നതു കൊണ്ട് അത്തരം കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകണം. അതുപോലെ ഇ-വേസ്റ്റുകൾ നദികളിലും തോടുകളിലും കൊണ്ടുപോയി തള്ളുകയാണ്. അതുണ്ടാക്കുന്ന മാലിന്യപ്രശ്നം ചെറുതല്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ഇതുപോലുള്ള പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ ആവശ്യമായ സ്റ്റാഫ് വേണം. എന്റെ മണ്ഡലമായ മഞ്ചേശ്വരത്ത് പല സ്ഥലത്തും ആവശ്യമായ സ്റ്റാഫില്ല. അവിടെ ഒരുപാട് മാലിന്യ പ്രശ്നങ്ങളുണ്ട്. പ്രത്യേകിച്ച് ചർച്ച ചെയ്യപ്പെടുന്ന പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യത്തിൽപ്പോലും സ്ഥലംമാറ്റം നടക്കുന്നു. അതുകൊണ്ട് മതിയായ സ്റ്റാഫിനെ നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. സാനിറ്റേഷൻ, വാട്ടർ ട്രീറ്റ്മെന്റ്, ഡ്രിങ്കിംഗ് വാട്ടർ തുടങ്ങിയ പദ്ധതികൾ ആരംഭിക്കുന്നതിന് വായ്പ കൊടുക്കാൻ ലോകബാങ്ക് തയ്യാറാണ്. കേരള അർബൻ സർവ്വീസ് ഡെലിവറി പ്രോജക്ട് ഗവൺമെന്റ് തത്വത്തിൽ അംഗീകരിക്കുകയും ഇതിനുവേണ്ടി എൻ.ഒ.സി. കൊടുക്കുകയും ചെയ്തിട്ടുണ്ട്. ലോകബാങ്കിൽനിന്നും നേടിയെടുക്കാനുള്ള ആത്മാർത്ഥമായ ശ്രമം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല എന്നതാണ് ഖേദകരമായ അവസ്ഥ. യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റികൾക്ക് വായ്പ കൊടുക്കാൻ ലോകബാങ്ക് തയ്യാറാണ്. മുനിസിപ്പാലിറ്റികൾ പദ്ധതി നടപ്പാക്കാനും തയ്യാറാണ്. എന്നാൽ വായ്പ പ്രത്യേകമായി കൊടുക്കാൻ പാടില്ല, പദ്ധതിയുടെ ഭാഗമായിത്തന്നെ കൊടുക്കണമെന്ന നിലപാടിലാണ് ഇപ്പോൾ സർക്കാർ ഉള്ളത്. ഏകദേശം 3000 കോടിയോളം രൂപ ചെലവുവരുന്ന ഈ പ്രോജക്ട് നടപ്പാക്കുകയാണെങ്കിൽ മുനിസിപ്പാലിറ്റികൾക്ക് നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കും. ഇപ്പോൾ അഞ്ച് വകുപ്പുകളുടെ സംയോജനംകൂടി നടക്കുകയാണ്. ഗ്രാമവികസനം, നഗരവികസനം, എഞ്ചിനീയറിംഗ് വിംഗ്, നഗരാസൂത്രണം, പഞ്ചായത്ത് എന്നീ അഞ്ചുവകുപ്പുകളെക്കൂടി സംയോജിപ്പിച്ച് പൊതു സർവ്വീസുണ്ടാക്കാൻവേണ്ടിയാണ് ഗവൺമെന്റിന്റെ നിർദ്ദേശം ഭേദഗതിയിൽ മുന്നോട്ടുവച്ചത്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിന് എഞ്ചിനീയറിംഗ്/ക്ലറിക്കൽ സ്റ്റാഫില്ലാത്തതുകൊണ്ട് പദ്ധതി കൃത്യമായി നടത്താൻ കഴിയില്ല. എഞ്ചിനിയറിംഗ് വിംഗിൽ ഉദ്യോഗസ്ഥരില്ലെങ്കിൽ പരാതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയില്ല. കൃത്യസമയത്ത് പദ്ധതി നടപ്പാക്കിയില്ലെന്ന കാരണത്താൽ പഞ്ചായത്തുകളുടെ പദ്ധതിവിഹിതം സർക്കാർ തിരിച്ചുപിടിക്കുകയാണ്. ഒരു വർഷത്തെ പദ്ധതി ആ വർഷം പൂർത്തിയായില്ലെങ്കിൽ അടുത്ത വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായി വയ്ക്കാമായിരുന്നു, ഇപ്പോൾ അത് കഴിയില്ല. കൃത്യമായി മാർച്ച് 31-നുമുമ്പ് പദ്ധതി പൂർത്തീകരിച്ചിരിക്കണം. അല്ലാത്തപക്ഷം പഞ്ചായത്തുകൾക്ക് കൊടുത്ത പദ്ധതി വിഹിതംപോലും തിരിച്ചുപിടിക്കുന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുന്നു.

നിശ്ചിത സമയത്ത് പദ്ധതി പൂർത്തീകരിക്കണമെങ്കിൽ ആവശ്യമായ സ്റ്റാഫ് വേണം. കാസർഗോഡ് ജില്ലയിൽ മാത്രമല്ല, കേരളത്തിലെ എല്ലാ ജില്ലകളിലെയും അവസ്ഥ ഇതാണ്. അതുകൊണ്ട് ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം. അഞ്ച് വകുപ്പുകൾ സംയോജിപ്പിക്കുമ്പോൾ വ്യത്യസ്ത വകുപ്പുകളിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന ജീവനക്കാർ, പ്രത്യേകിച്ച് പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ മുകളിലേയ്ക്ക് മറ്റ് വകുപ്പുകളിൽനിന്ന് ഉദ്യോഗസ്ഥർ കയറിവരുമ്പോൾ, വർഷങ്ങളായി ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്യുന്ന ഒരാൾക്ക്, അവരുടെ പ്രൊമോഷൻ സാധ്യതകൾ ഇതുവഴി അടയുകയാണ്. അസംതൃപ്തരായ ജീവനക്കാരെവച്ച് ഒരു ഗവൺമെന്റിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മുന്നോട്ടുപോകാൻ കഴിയില്ല. അഞ്ച് വകുപ്പുകളുടെ സംയോജനം നടക്കുമ്പോൾ ഒരു reversion വരുന്ന സ്ഥിതി ഇത്രയുംകാലം പഞ്ചായത്ത് വകുപ്പിൽ ജോലി ചെയ്ത നമ്മുടെ ജീവനക്കാർക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് പ്രൊമോഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി സർക്കാർ പരിഗണിക്കണം. കാര്യമായ ഒരു ഗൃഹപാഠം നടത്താതെയാണ് ഇത്തരം ഭേദഗതികൾ സർക്കാർ സഭയ്ക്ക് മുമ്പാകെ കൊണ്ടുവരുന്നത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായി വിലയിരുത്താനും ജനങ്ങളുടെ ആശങ്കയ്ക്ക്, പ്രത്യേകിച്ച് ഉദ്യോഗസ്ഥന്മാരുടെ ആശങ്കയ്ക്ക് പരിഹാരം ഉണ്ടാകണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുവാൻ പലകാരണങ്ങളാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാതെ വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ, രണ്ടോ അതിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ നേരിട്ടോ അല്ലെങ്കിൽ സർക്കാർ ഏർപ്പെടുത്തിയ ഏജൻസി മുഖേനയോ ശേഖരിക്കുകയും അത് സംസ്കരിക്കുന്നതിന് കരാറടിസ്ഥാനത്തിലോ മറ്റ് വിധത്തിലോ ഗണ്യമായ ചെലവ് വരുന്ന ഏതെങ്കിലും പദ്ധതി സർക്കാർ ഏറ്റെടുക്കുകയും ചെയ്യുന്നതിന് 5-12-2018-ലെ നിയമസഭ പഞ്ചായത്തീരാജ് ആക്ട് ഭേദഗതി ചെയ്ത് പുതുതായി വകുപ്പ് ചേർക്കുകയുണ്ടായി. ഇവിടെ പ്രധാനമായും ചർച്ച ചെയ്യുന്നത് മാലിന്യ പ്രശ്നമാണ്. കേരളത്തിലെ അൻപത് ശതമാനത്തോളം സ്ഥാപനങ്ങളിൽ മാത്രമാണ് ഫലപ്രദമായി ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പല സ്ഥലങ്ങളിലും നമുക്ക് കടന്നുകയറാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള

സാഹചര്യങ്ങളിൽ, സംസ്ഥാന സർക്കാരിന്റെ അധികാരം വിനിയോഗിക്കുന്നതിന് ഇവിടെ ഭൂമി ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. അക്കാര്യം ഇവിടെ അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. യൂസർ ഫീ വാങ്ങിക്കൊണ്ട് ഹരിതകർമ്മ സേനയുടെ സേവനം ഉൾപ്പെടെ ഫലപ്രദമായി മാലിന്യ നിർമ്മാർജ്ജനം നടത്തുന്ന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വടകര നഗരസഭ വീടൊന്നിന് പ്രതിമാസം 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് മാലിന്യത്തിന്റെ അളവനുസരിച്ച് പ്രതിമാസം 50 മുതൽ 300 രൂപ വരെയും ഈടാക്കുന്നുണ്ട്. തിരുവല്ല നഗരസഭ വീടുകളിൽനിന്നും 60 രൂപയും വ്യാപാര സ്ഥാപനങ്ങളിൽനിന്നും അളവനുസരിച്ചും കോട്ടയം നഗരസഭ വീടൊന്നിന് 61 രൂപ, ചങ്ങനാശ്ശേരി നഗരസഭ വീടൊന്നിന് 100 രൂപ, ചേർത്തല നഗരസഭ വീടൊന്നിന് 30 രൂപ എന്നിങ്ങനെ ഈടാക്കുന്നുണ്ട്. അങ്ങനെ നിരവധി ഉദാഹരണങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. യൂസർ ഫീ ഏർപ്പെടുത്തിക്കൊണ്ട് മാലിന്യ സംസ്കരണം വളരെ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. 701 ഗ്രാമപഞ്ചായത്തുകൾ, 87 നഗരസഭകൾ എന്നിവിടങ്ങളിൽ ഹരിത കർമ്മസേന പ്രവത്തിക്കുന്നുണ്ട്. ഏതാണ്ട് മൂന്ന് ലക്ഷത്തിലധികം വീടുകളിൽ കമ്പോസ്റ്റിംഗ് നടന്നുവരുന്നുണ്ട്. 78000 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 3140 ടൺ ജൈവ മാലിന്യങ്ങൾ ഇവിടെത്തന്നെ ഉറവിട മാലിന്യ സംസ്കരണം നടത്തുന്നുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാന്യനായ പി. ജെ. ജോസഫ് പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് റാന്നി പാലം പകുതി ഒടിഞ്ഞുപോയി. ആ പാലത്തിന്റെ ബാക്കികൂടി പൊളിച്ചിട്ട് ആ നദിയിലെ വെള്ളമൊഴുക്ക് സുഗമമാക്കിയാൽ ആ പ്രദേശം നന്നാകുമായിരുന്നു. ആ കാര്യം ശ്രീ. രാജു എബ്രഹാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. രാജു എബ്രഹാം: സർ, നിർദ്ദിഷ്ട ശബരിമല എയർപോർട്ട് വരുമ്പോൾ ഇത് ഒരു ഫോർലൈൻ റോഡാക്കി മാറ്റാനുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തുകയാണ്. ആ ഫോർ ലൈൻ റോഡ് നിർമ്മിക്കുമ്പോൾ ഈ പാലം തീർച്ചയായും നിർമ്മിക്കും. അത് അങ്ങയുടെ മണ്ഡലത്തിലേയ്ക്കാണ് കടന്നുവരുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, ശബരിമല എയർപോർട്ട് എവിടെയാണെന്ന് പറയാൻ ഇത്ര പേടി എന്താണ്? ശബരിമല എയർപോർട്ട് എരുമേലിയിലാണ് വരുന്നതെന്ന് പറയാൻ അങ്ങേയ്ക്ക് ഇത്ര വിഷമമെന്താണ്? അവർ പറഞ്ഞുതന്ന് പറയേണ്ട, താങ്കളുടെ അഭിപ്രായം പറഞ്ഞാൽ മതി.

ശ്രീ. രാജു എബ്രഹാം: സർ, ഈരാറ്റുപേട്ട നഗരസഭയിൽ പാലത്തിൽനിന്ന് മാലിന്യം പുഴയിൽ തള്ളുകയാണ്. 'വെളിയിട വിസർജ്യ മുക്തകേരളം' എന്ന പ്രധാനപ്പെട്ട ഒരു നേട്ടം ഈ ഗവൺമെന്റിന്റെ നേതൃത്വപരമായ മുന്നേറ്റത്തിന്റെ ഫലമായിട്ടാണ് ഇന്ത്യാ രാജ്യത്താദ്യമായി അത്തരത്തിലുള്ള ഒരു വലിയ ബഹുമതി കേരളത്തിന് ലഭിച്ചത്. ഇത് ഒരു ചെറിയ കാര്യമായിരുന്നില്ല. നമ്മുടെ രാജ്യത്തെ പ്രധാന സംസ്ഥാനങ്ങൾക്കൊന്നുംതന്നെ ഈ നേട്ടം കൈവരിക്കാനായിട്ടില്ല. കേരളത്തെ ശുചിയാക്കുന്ന കാര്യത്തിലും മാലിന്യം ഇല്ലാതാക്കുന്ന കാര്യത്തിലും ഒരു പരിധിവരെ ഇതൊരു മുന്നേറ്റമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ എല്ലാ മേഖലകളിലും നമുക്ക് കടന്നുകയറാൻ കഴിഞ്ഞിട്ടില്ല. കൊല്ലത്തെ ഡിസ്ട്രിക്ട് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ വലകൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ തുടങ്ങി 25 ടൺ പ്ലാസ്റ്റിക് വേസ്റ്റ് കടലിൽനിന്നും വാരിയെടുത്തു. ഇങ്ങനെ മാലിന്യം നമ്മുടെ കരയിലും കടലിലും അടിഞ്ഞുകൂടുകയാണ്. ഇതൊരു നല്ല മാതൃകയാണ്. പക്ഷേ ഇങ്ങനെ വാരിയെടുക്കുന്ന മാലിന്യങ്ങൾ എവിടെ ഉപയോഗിക്കാൻ കഴിയും? ടാർ മിക്സിംഗ് പ്ലാന്റിലേയ്ക്ക് കൊടുക്കാനുള്ള സംവിധാനങ്ങളുണ്ടോ, പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനുകൾ യഥാവിധി സ്ഥാപിച്ച് നടപടികൾ നീക്കിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുമ്പോഴാണ് ഇതുപോലെയുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരേണ്ട ആവശ്യവും കടന്നുവരുന്നത്. ഈ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട മുനിസിപ്പാലിറ്റികൾ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് ഏറ്റെടുക്കാതിരിക്കുന്ന സാഹചര്യത്തിലാണ് ഇങ്ങനെ ഒരു നിയമനിർമ്മാണത്തെ സംബന്ധിച്ച് ആലോചിക്കേണ്ടിവരുന്നത്. ഫ്ലക്സ് നിരോധനം ഈ സർക്കാരിന്റെ വലിയ നേട്ടമാണ്. എന്നോട് ഒരാൾ വന്ന് "ഇതുതന്നെയാണോ എം.എൽ.എ.; ഫ്ലക്സിലൊക്കെ നല്ല സുന്ദരനായിട്ടാണല്ലോ ഇരിക്കുന്നത്" എന്ന് ചോദിച്ചു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങ് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ വേണ്ടത്ര ഹോംവർക്ക് നടത്താതെയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് അപ്പുറത്തുനിന്ന് സംസാരിച്ച രണ്ട് അംഗങ്ങൾ പറഞ്ഞു. കഴിഞ്ഞ സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിനെ 'തദ്ദേശസ്വയംഭരണ വകുപ്പ്, റൂറൽ ഡെവലപ്മെന്റ്, നഗരവികസന വകുപ്പ് എന്നിങ്ങനെ മൂന്നായി വെട്ടിമുറിച്ച് മൂന്ന് മന്ത്രിമാർ ഉണ്ടായിട്ടും ഒരിഞ്ച് മുന്നോട്ടുപോകാൻ പറ്റിയില്ല. പക്ഷേ ഈ ഗവൺമെന്റ് വന്നപ്പോൾ ഹരിത കേരള മിഷൻ വഴിയും തദ്ദേശസ്വയംഭരണ വകുപ്പുകളെ വളരെ മോട്ടിവേറ്റ് ചെയ്തുകൊണ്ടും ഓരോ സ്ഥലത്തും വ്യാപകമായ അവയർനെസ് ക്യാമ്പ് നടത്തിയാണ് മുന്നോട്ടുപോകുന്നത്. അതിന്റെ റിസൾട്ട് ഇപ്പോൾ വന്നുതുടങ്ങിയിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമല്ലേ?

<u>ശ്രീ. രാജു എബ്രഹാം</u>: സർ, നമ്മുടെ രാജ്യത്തുതന്നെ അറിയപ്പെടുന്ന ഒരു പ്രധാനപ്പെട്ട വകുപ്പായി കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പും ഭരണവും മാറിക്കൊണ്ടിരിക്കുന്നത് യാഥാർത്ഥ്യമാണ്. മുമ്പ് പശു ഒരു മന്ത്രിക്ക്, പാല് വേറൊരു മന്ത്രിക്ക്, കിടാവ് മറ്റൊരു മന്ത്രിക്ക്, ചാണകം വേറൊരു മന്ത്രിക്ക്, ഗോമൂത്രം വേറൊരു മന്ത്രിക്ക്, ഇതായിരുന്നു അവസ്ഥ. ഇന്നത് മാറിയിട്ടുണ്ട്. ഫ്ലക്സ് അടക്കമുള്ള കാര്യങ്ങളിൽ നമ്മൾ ശക്തമായ നിലപാട് എടുത്തിട്ടുണ്ട്. പക്ഷേ കുറേ ആളുകൾ തൊഴിൽരഹിതരായി മാറിയിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. രാജ്യത്താദ്യമായി ഫ്ലക്സ് നിരോധിച്ച ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. രാഷ്ട്രീയക്കാർ മാത്രമല്ല, വിവാഹ മംഗളാശംസകൾക്കും ജന്മദിനത്തിനും തെരഞ്ഞെടുപ്പിൽ മത്സരിച്ചാൽ, ജയിച്ചാൽ, തോറ്റാൽ അങ്ങനെ എല്ലാ കാര്യങ്ങളിലും ബോർഡ് അല്ലെങ്കിൽ ഫ്ലക്സ് വയ്ക്കുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ സംസ്ഥാനം മാറിയിരിക്കുകയാണ്. വലിയ മാറ്റങ്ങൾ ഫ്ലക്സ് നിരോധനത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പിന് കൊണ്ടുവരാൻ കഴിഞ്ഞു. ഡിസ്പോസിബിൾ സംസ്കാരം ഇവിടെയുണ്ട്. പേപ്പർ കപ്പുകൾ പ്ലാസ്റ്റിക് ക്വാട്ടഡ് ആണ്. ഒരു വിവാഹം കഴിഞ്ഞാൽ ആയിരക്കണക്കിന് കപ്പുകളാണ് വേസ്റ്റായി മാറുന്നത്. ഒന്നുകിൽ കത്തിക്കും, അല്ലെങ്കിൽ അത് ഭൂമിയിൽ കിടക്കും. നേരത്തേ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ ഡയപ്പർ ഒരു പ്രധാനപ്പെട്ട പ്രശ്നമായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ചും പാലിയേറ്റീവ് കെയർരംഗം ശക്തിപ്പെട്ട പശ്ചാത്തലത്തിൽ അത് കൂടുതൽ ഗുരുതരമായിരിക്കുകയാണ്. ആ പ്രശ്നങ്ങൾ ഗൗരവമായിത്തന്നെ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. മാലിന്യങ്ങൾ പുഴകളിലേയ്ക്ക് വലിച്ചെറിയുന്നതുകൊണ്ട് ജലം മലിനമായിക്കൊണ്ടിരിക്കുകയാണ്. ഇതും വളരെ ഗൗരവമായി കാണണം. മനുഷ്യർക്ക് മാത്രമല്ല, പ്ലാസ്റ്റിക് ഭക്ഷിച്ച് പക്ഷികൾ മരിക്കുന്ന സംഭവങ്ങളും അനവധിയാണ്. ഡോക്യുമെന്ററി സംവിധായകനായ ശ്രീ. ഡേവിഡ് ആറ്റൻബറോ തന്റെ 'ബ്ലൂ പ്ലാനറ്റ്' എന്ന ഡോക്യുമെന്ററിയിൽ വളരെ വ്യക്തമായി ഇതുസംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിലുള്ള ഒരു പല്ലിടകുത്തി ഭക്ഷണമാണെന്ന് തെറ്റിദ്ധരിച്ച് ഒരു പക്ഷി തന്റെ കുഞ്ഞിന് നൽകുന്നതും അങ്ങനെ ആ പക്ഷിക്കുഞ്ഞ് മരിച്ചുപോകുന്നതും അദ്ദേഹം ആ ഡോക്യുമെന്ററിയിൽ അവതരിപ്പിച്ചിട്ടുണ്ട്. പസഫിക് സമുദ്രത്തിന്റെ ജനവാസമുള്ള തീരത്തുനിന്നും രണ്ടായിരത്തോളം മൈൽ അകലെയുള്ള മിഡ്‌വേ ദ്വീപിൽ ഭക്ഷണത്തിലൂടെ നൂറുകണക്കിന് ഗ്രാം പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ ശരീരത്തിനുള്ളിലെത്തിയത് നിരവധി ആൽബട്രോസ് പക്ഷികളുടെ മരണത്തിന് കാരണമായി. ശബരിമലയ്ക്കടുത്ത് ആനകൾ ചരിയുന്നതിന്റെയും പ്രധാന കാരണം പ്ലാസ്റ്റിക് ഭക്ഷിക്കുന്നതാണ്. ഒരുഭാഗത്ത് ഷോക്കടിച്ചും മറുഭാഗത്ത് പ്ലാസ്റ്റിക് ഭക്ഷിച്ചും ആനകൾ ചരിയുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. ഭരണ-പ്രതിപക്ഷ

വ്യത്യാസമില്ലാതെ ചിലരെങ്കിലും ഈ ബില്ലിനെ അനുകൂലിച്ചിട്ടുണ്ട്. ആകെയുള്ളൊരു പ്രശ്നം അധികാരം കവരുന്നതാണോ എന്നതുമാത്രമാണ്. അത്തരത്തിൽ അധികാരം കവർന്നെടുക്കുന്നൊരു ഉദ്ദേശ്യമില്ല. കാരണം, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സെൻ കമ്മീഷൻ നടപ്പിലാക്കി. രാജ്യത്തിനുതന്നെ മാതൃകയായ ജനകീയാസൂത്രണം നടപ്പിലാക്കിയത് നമ്മുടെ സംസ്ഥാനമാണ്, അതുകൊണ്ട് അതിനെക്കുറിച്ച് ആശങ്ക വേണ്ട. ഐകകണ്ഠ്യേന പാസ്സാക്കാവുന്ന ഒരു ബില്ലാണിത്. കാരണം, ഇത് നമ്മുടെ നാടിന്റെ ആവശ്യമാണ്.

ശ്രീ. പി. സി. ജോർജ്: സർ, പ്ലാസ്റ്റിക് വലിയ അപകടകരമായ വസ്തുവാണെന്ന കാര്യം ഞാൻ അംഗീകരിക്കുകയാണ്; തർക്കമൊന്നുമില്ല. പക്ഷെ അത് പൂർണ്ണമായും നിരോധിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നല്ലതാണ്. ഇത്ര കനം കുറഞ്ഞ പ്ലാസ്റ്റിക് ഉപയോഗിക്കാൻ പാടില്ലെന്ന് നിയമമുണ്ട്. ഈ ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്യുന്ന ഗവൺമെന്റ് എന്നാണ് ശ്രീ. രാജു എബ്രഹാമിന്റെ അഭിപ്രായം. ആ നിലയ്ക്ക് പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കുന്നതിനുള്ള നിയമമുണ്ടാക്കുന്നതിനോട് അങ്ങ് യോജിക്കുമോ?

ശ്രീ. രാജു എബ്രഹാം: സർ, തീർച്ചയായും യോജിക്കും. ഒരു സംശയവും അക്കാര്യത്തിൽ ആവശ്യമില്ല. ആയിരം വർഷം കഴിഞ്ഞാലും പ്ലാസ്റ്റിക് മണ്ണിൽ അലിഞ്ഞുചേരുന്നില്ലെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇങ്ങനെ പോയാൽ അഞ്ചോ പത്തോ വർഷം കഴിയുമ്പോൾ ഒരു തുള്ളി വെള്ളംപോലും ഭൂമിയിലേയ്ക്കിറങ്ങാൻ സാധിക്കാത്ത അവസ്ഥ സ്വാഭാവികമായും ഉണ്ടാകും. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വീണ്ടും ഉപയോഗിക്കാൻ സാധിക്കില്ല. അതുകൊണ്ട് റീസൈക്കിൾ ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക് അത്ര അപകടമുണ്ടാക്കുമോ എന്നറിയില്ല. ഇത് വിദഗ്ദ്ധർ പരിശോധിക്കേണ്ട കാര്യം തന്നെയാണ്. 2050 ആകുമ്പോഴേയ്ക്കും കടലിൽ മത്സ്യങ്ങളേക്കാൾ കൂടുതൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാകുമെന്നാണ് ഒരു ലോക റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. അതിൽ പ്രധാന പങ്ക് കടലിലുമുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലാണെങ്കിലും ലോകത്താണെങ്കിലും ഭയാനകമായ നിലയിലുള്ള പ്രശ്നമാണിത്. പ്രതിവർഷം 80 ലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കടലിലേയ്ക്കെത്തുന്നത്. മിനിട്ടിൽ ഒരു ട്രക്ക് വീതം എന്നാണ് കണക്ക്. 2050 ആകുമ്പോൾ ഇത് മിനിട്ടിൽ 4 ട്രക്കായി വർദ്ധിക്കും. ഇതാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള കണക്ക്. അപ്പോൾ ഇത്തരം കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ പ്രശ്നത്തെ ഗൗരവമായി കണ്ടുകൊണ്ട് നിയമം നടപ്പാക്കുക

മാത്രമല്ല, അലംഭാവമുള്ള സ്ഥലങ്ങളിൽ സർക്കാരിന് നേരിട്ട് ഇടപെടാനും സാധിക്കണം. ഫലപ്രദമായി മാലിന്യ സംസ്കരണം നടക്കുന്ന മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, പഞ്ചായത്തുകൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകണം. ആ നിലയിൽ ഒരു നല്ല നിയമമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.

അതോടൊപ്പംതന്നെ 2016-ൽ ബഹുമാനപ്പെട്ട കേരള ഗവർണ്ണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ ഒരു കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന് 2011 ഫെബ്രുവരിയിലെടുത്ത നയപരമായ തീരുമാനം പ്രാവർത്തികമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് സർവ്വീസ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതിനുവേണ്ടി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ മുനിസിപ്പൽ സെക്രട്ടറിയെ സംബന്ധിച്ച വ്യവസ്ഥകളടങ്ങുന്ന 48-ാം വകുപ്പും പൊതു മുനിസിപ്പൽ സർവ്വീസിന്റെ രൂപീകരണം സംബന്ധിച്ച 222-ാം വകുപ്പും നിയമനാധികാരങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ അടങ്ങുന്ന 224-ാം വകുപ്പും ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതിയാണ് ഇവിടെ വന്നിരിക്കുന്നത്. ഇത് സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നാല് പ്രധാനപ്പെട്ട വകുപ്പുകൾക്കുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. നമ്മുടെ നഗരസഭകൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ പരിഗണിക്കുമ്പോൾ ഇത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമല്ല, എന്നാൽ അനാവശ്യമായ കാര്യവുമല്ല. പക്ഷെ നമ്മുടെ പ്രയോറിറ്റിയിൽ ലോക്കൽ അഡ്മിനിസ്ട്രേഷന്റെ, പ്രത്യേകിച്ച് നഗരസഭകളുമായി ബന്ധപ്പെട്ട് ഇന്ന് നിലനിൽക്കുന്ന വിഷയങ്ങൾ പരിശോധിക്കുമ്പോൾ ഈ ബില്ലിൽ പറയുന്ന ഭേദഗതികളൊന്നുംതന്നെ പ്രയോറിറ്റി പട്ടികയിലെ ആദ്യത്തെ മൂന്നോ നാലോ എണ്ണത്തിൽ വരുന്നതല്ല. ഖരമാലിന്യ സംസ്കരണം നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നില്ല.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ളതിന്റെ തുടർച്ചതന്നെയാണ് ഈ ഗവൺമെന്റിന്റെ കാലത്തും സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരുപാട് പ്രഖ്യാപനങ്ങൾ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും എങ്ങനെയാണ് ഇത് ചെയ്യേണ്ടതെന്നുള്ള കൃത്യമായ നിർദ്ദേശം നൽകുന്ന നല്ലൊരു മോഡൽ നമുക്കില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ഇവിടെ സംസാരിച്ചപ്പോൾ മാലിന്യസംസ്കരണം അവരുടെ പഞ്ചായത്തിൽ നല്ല മോഡലാണെന്നും മറ്റും ചില പഞ്ചായത്ത് പ്രസിഡന്റുമാർ ചില പ്രസിദ്ധീകരണത്തിൽ എഴുതിയിട്ടുണ്ടെന്നും പറഞ്ഞു. ഒരു പഞ്ചായത്തിൽ അല്ലെങ്കിൽ ഒരു നഗരസഭയിൽ ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കണം എന്നതാണ് എന്റെ അഭ്യർത്ഥന. അവർ ആ തീരുമാനമെടുത്താൽ എത്രപേരാണ് അവരുടെ മുന്നിലേയ്ക്ക് വരുന്നത്? എത്ര കടലാസ് കമ്പനികളാണ് വരുന്നത്? എത്ര മെത്തഡോളജികളാണ് അവരുടെ മുന്നിൽ അവതരിപ്പിക്കപ്പെടുന്നത്. ഇതിൽനിന്നും വൈദ്യുതിയുണ്ടാക്കാം, ഇത് റീസൈക്കിൾ ചെയ്യാം, വളമുണ്ടാക്കാം തുടങ്ങിയ കാര്യങ്ങളുമായി ഒരുപാട് ആളുകൾ വന്നുകൊണ്ടിരിക്കുകയാണ്. നഗരസഭയിലിരിക്കുന്ന ആളുകൾക്കാർക്കും ഇതുസംബന്ധിച്ച് technical knowhow ഇല്ല. അവർക്ക് ടെക്നോളജിയെക്കുറിച്ചും മെത്തേഡിനെക്കുറിച്ചും വിവരമില്ല. അവിടെയുള്ള എഞ്ചിനീയർമാർക്കുള്ള നിർദ്ദേശംപോലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു കാലത്തും നൽകിയിട്ടില്ല. എംപാനൽ ചെയ്ത ലിസ്റ്റ് പരിശോധിച്ചുനോക്കണം. എംപാനൽ ചെയ്ത എല്ലാ കമ്പനികളും ശരിയായി പോകുന്ന കമ്പനികളാണോ? ഏത് മെത്തഡോളജിയാണ് അവർക്ക് ആ നഗരസഭയിൽ ഏറ്റവും ഉപയോഗപ്രദമായിട്ടുള്ളത്, അല്ലെങ്കിൽ ഉചിതമായിട്ടുള്ളത് എന്നതിനെക്കുറിച്ച് ഒരു മാർഗ്ഗനിർദ്ദേശവുമില്ല. പ്രാദേശിക പരിഗണന വച്ചുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ രണ്ടോ മൂന്നോ പഞ്ചായത്തുകളിൽ അല്ലെങ്കിൽ നഗരസഭകളിലോ കോർപ്പറേഷനുകളിലോ ഗവൺമെന്റുതന്നെ മുൻകയ്യെടുത്ത് മോഡൽ പ്ലാന്റുകളുണ്ടാക്കണം. എന്നിട്ട് പഞ്ചായത്ത് പ്രസിഡന്റുമാരാണെങ്കിലും നഗരസഭ ചെയർമാന്മാരാണെങ്കിലും ജനപ്രതിനിധികളാണെങ്കിലും ഉദ്യോഗസ്ഥരാണെങ്കിലും അത്തരം മോഡലുകൾ സന്ദർശിച്ച് പ്രായോഗികമാണോ എന്ന് പരിശോധിച്ച് അത്തരത്തിലുള്ള കുറച്ച് മോഡലുകൾ സംസ്ഥാനത്തുണ്ടാക്കണം. അല്ലാതെ ഗവൺമെന്റിന് കേരളത്തിലെ എല്ലാ ലോക്കൽ ബോഡികളിലും ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കുമോ? ആശയക്കുഴപ്പത്തിൽനിന്ന് ലോക്കൽ ബോഡികളെ രക്ഷിക്കുക എന്നുള്ളതാണ് ഗവൺമെന്റ് ചെയ്യേണ്ടത്. അതിനുള്ള മോഡൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ശ്രമം വേണം. കൊച്ചി നഗരത്തിൽ ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള വലിയൊരു പ്രോജക്ട് ആരംഭിച്ചിട്ട് രണ്ട് വർഷമായി. അതിന്റെ പേപ്പർ വർക്കും മറ്റും

ക്ലിയറാകാത്തതുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുന്നില്ല. ആവശ്യമായ പേപ്പർ വർക്കുകൾ ക്ലിയർ ചെയ്തുകൊടുക്കാനുള്ള ഒരു സംവിധാനംപോലും നമ്മുടെ വകുപ്പുകളിലില്ല എന്നുപറയുന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. കൊച്ചി നഗരത്തിൽ മാലിന്യ നിർമാർജ്ജനം എന്നത് വലിയ വെല്ലുവിളിയാണ്. അതിനുവേണ്ടി നഗരസഭ ഒരു പുതിയ പദ്ധതി ആസൂത്രണം ചെയ്തിട്ടും സമയബന്ധിതമായി അതിന്റെ പേപ്പർ വർക്ക്സ് ക്ലിയറൻസ് കൊടുത്ത് അവർക്ക് നിർമ്മാണപ്രവർത്തനം ആരംഭിക്കാൻപോലും കഴിയാത്ത സാഹചര്യത്തിൽ നിൽക്കുകയാണ്. എന്നിട്ടും തെരഞ്ഞെടുപ്പ് കാലത്ത് എന്തെല്ലാമാണ് പറഞ്ഞത്? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന കേട്ട് ഞാൻ ഞെട്ടി. തെരഞ്ഞെടുപ്പുകാലത്ത് മന്ത്രി കൊച്ചിയിൽ വന്നിട്ടുണ്ടായിരുന്നു. ആ സമയത്ത് എറണാകുളം ജില്ലയുടെ ചില പ്രദേശങ്ങളിലും കൊച്ചി നഗരത്തിലും ഡെങ്കിപ്പനിയുണ്ടായിരുന്നു. കൊച്ചി നഗരത്തിലെ ഡെങ്കിപ്പനിക്ക് കാരണം കൊച്ചി നഗരസഭ മാലിന്യ നിർമാർജ്ജനം നടത്താത്തതാണെന്നുള്ള പ്രസ്താവന ആരോഗ്യ വകുപ്പുമന്ത്രി നടത്തി. മട്ടന്നൂരും ആന്തൂരും കൂത്തുപറമ്പുമൊക്കെ ഡെങ്കിപ്പനിയില്ലാത്ത സ്ഥലമാണെന്നാണ് ഞാൻ കരുതുന്നത്. അവിടെയൊന്നും ഡെങ്കിപ്പനി വരാറില്ല. കൊച്ചിയിൽ മാത്രമേ ഡെങ്കിപ്പനിയുള്ളൂ എന്നാണ് മന്ത്രി പറഞ്ഞത്. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ഡെങ്കിപ്പനിയുണ്ട്. എന്നിട്ട് തെരഞ്ഞെടുപ്പുകാലത്ത് ഒരു മന്ത്രി വന്ന് പറയുകയാണ് ഈ നഗരസഭയുടെ കുഴപ്പം കാരണമാണ് ഡെങ്കിപ്പനി വന്നതെന്ന്. ആ പാവം തൊഴിൽ വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ കാരണമാണ് നിപയുണ്ടായതെന്ന് ഞങ്ങൾ പറഞ്ഞാൽ എങ്ങനെയിരിക്കും? പേരാമ്പ്രയിലാണല്ലോ നിപ ആരംഭിച്ചത്. ആ പാവത്തിന് വല്ല കാര്യമുണ്ടോ; ഞങ്ങൾ അങ്ങനെ ആക്ഷേപിച്ചാൽ അതിന് എന്തെങ്കിലും അർത്ഥമുണ്ടോ? മന്ത്രിമാരൊക്കെ തെരഞ്ഞെടുപ്പ് കാലത്താണെങ്കിലും ഔചിത്യപൂർവം അവരുടെ നിലവാരം കാത്തുസൂക്ഷിച്ച് സംസാരിക്കണം എന്നുമാത്രമാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്. അത് വിഷയമല്ലാത്തതുകൊണ്ട് നീട്ടിക്കൊണ്ടുപോകുന്നില്ല.

മറ്റൊരു പ്രധാനപ്പെട്ട പോയിന്റ് കോമൺ സർവ്വീസ് രൂപീകരണമാണ്. ആറ് ഡിപ്പാർട്ട്മെന്റുകളെ സംയോജിപ്പിച്ചുകൊണ്ട് പുതിയൊരു കോമൺ സർവ്വീസാണുണ്ടാക്കാൻ പോകുന്നു. ഇത് എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലുള്ള കാര്യമാണ്. ഇതിൽനിന്നും നിങ്ങൾക്ക് പുറകോട്ട് പോകാൻ സാധിക്കില്ല, ഒരു കോമൺ സർവ്വീസ് രൂപീകരിക്കുന്നതിനുമുമ്പ് എന്ത് തയ്യാറെടുപ്പുകളാണ്, കൂടിയാലോചനകളാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്? ഇത് നടപ്പാക്കിയാലുള്ള ഗുണദോഷങ്ങളെക്കുറിച്ച് ഗവൺമെന്റ് ഏതെങ്കിലും തരത്തിൽ

ചിന്തിച്ചിട്ടുണ്ടോ; ഈ സംയോജനം എന്തെല്ലാം വിഷയങ്ങളുണ്ടാക്കും? ഇത് വളരെ അശാസ്ത്രീയമായ സംയോജനമാണ്. കാരണം, പഞ്ചായത്ത്, ഗ്രാമവികസനം, നഗരവികസനം തുടങ്ങി ആറ് ഡിപ്പാർട്ട്മെന്റുകൾ സംയോജിക്കുമ്പോൾ പല പ്രശ്നങ്ങളുമുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. പഞ്ചായത്ത്, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളിൽനിന്നും പ്രൊമോഷൻ/ട്രാൻസ്ഫർ വഴി നഗരസഭയിൽ വരുന്ന ഉദ്യോഗസ്ഥർ നഗരസഭാ ചട്ടങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും നടപടികളെക്കുറിച്ചുമൊക്കെ രണ്ടാമത് പഠിക്കേണ്ടിവരും, പഠിച്ചുവരുമ്പോൾ മിക്കവാറും പ്രൊമോഷനോ അടുത്ത പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫറോ വരും. റൂറൽ ഡെവലപ്മെന്റ് എന്നുപറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു സബ്ജക്ടാണ്. അതിനുവേണ്ടി അടിസ്ഥാനപരമായ പ്ലാനിംഗുണ്ട്. അർബൻ വിഷയങ്ങളെ നമ്മൾ അഡ്രസ് ചെയ്യുന്നത് വേറെ തരത്തിലാണ്. അർബൻ അഫയേഴ്സ് ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. പ്ലാനിംഗ് വേറെയാണ്. മുൻഗണനകൾ വ്യത്യസ്തമാണ്. അവിടെ അഡ്രസ് ചെയ്യപ്പെടേണ്ട വിഷയങ്ങളും വ്യത്യാസമാണ്. കോമൺ സർവ്വീസ് രൂപീകരിക്കുമ്പോൾ പിന്തള്ളപ്പെടാൻ പോകുന്നത് യഥാർത്ഥത്തിൽ റൂറൽ ഡെവലപ്മെന്റാണ്. കാരണം, ഒരു നഗരകേന്ദ്രീകൃത വികസനത്തിനുവേണ്ടിയുള്ള പ്രവണത എല്ലാ കാലത്തും എല്ലാ സ്ഥലങ്ങളിലുമുണ്ട്. ഏത് ഗവൺമെന്റ് വന്നാലും നഗരകേന്ദ്രീകൃത വികസന സ്വഭാവമുണ്ട്. കോമൺ സർവ്വീസ് രൂപീകരിക്കപ്പെടുമ്പോൾ പാർശ്വവൽക്കരിക്കപ്പെടാൻ പോകുന്നത് ഗ്രാമീണ വികസനമായിരിക്കുമെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. ഇപ്പോൾ പറഞ്ഞിരിക്കുന്നത് എല്ലാ ജീവനക്കാരും സർക്കാർ ജീവനക്കാരാകുമെന്നാണ്. പക്ഷെ കുറേ ആളുകൾക്ക് ശമ്പളം നൽകുന്നത് സർക്കാരും കുറേ ആളുകൾക്ക് ലോക്കൽ ബോഡികളുമാണ്. ഇത് ഒരേ സർവ്വീസിൽ രണ്ടുതരം ജീവനക്കാർ ഉണ്ടാകുന്നതിന് കാരണമാകും. മാത്രമല്ല, നമ്മുടെ എഴുപത് ശതമാനം നഗരസഭകളും ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ജീവനക്കാരുടെ പി.എഫ്. കോൺട്രിബ്യൂഷൻ, പങ്കാളിത്ത പെൻഷൻ, അംശദായം തുടങ്ങിയവ കൃത്യമായി അടയ്ക്കാൻ ഇപ്പോൾത്തന്നെ നഗരസഭകൾക്ക് സാധിക്കുന്നില്ല. അവർക്ക് ശമ്പളവും പെൻഷനും കൊടുക്കാൻ സാധിക്കുന്നില്ല. കോമൺ സർവ്വീസ് രൂപീകരിച്ചാൽ പൊതുജനങ്ങൾക്ക് എന്താണ് ഗുണം? അവരുടെ സർവ്വീസ് എങ്ങനെയാണ് മെച്ചപ്പെടുന്നത്? ഏതെങ്കിലും തരത്തിൽ അത് മെച്ചപ്പെടുമോ? കോമൺ സർവ്വീസ് രൂപീകരിച്ചാൽ കുറെക്കാലത്തേയ്ക്ക് മൊത്തം കൺഫ്യൂഷനായിരിക്കുമെന്നാണ് തോന്നുന്നത്. പഞ്ചായത്തിൽനിന്നും നഗരസഭയിലേയ്ക്കും നഗരസഭയിൽനിന്നും പഞ്ചായത്തിലേയ്ക്കും ആളുകൾ വരുന്നു. പഞ്ചായത്ത് ആക്ട് അറിയാവുന്നവർക്ക് മുനിസിപ്പാലിറ്റി ആക്ട് അറിയില്ല,

മുനിസിപ്പാലിറ്റി ആക്ട് അറിയാവുന്നവർക്ക് പഞ്ചായത്ത് ആക്ട് അറിയില്ല. അതവർ പഠിക്കുന്നതിന് സമയമെടുക്കും. രണ്ട് രീതിയിലുള്ള പ്രശ്നങ്ങളാണ് രണ്ട് സ്ഥലത്തുമുണ്ടാകുന്നത്. കുറേ വർഷത്തേയ്ക്ക് ഗൗരവതരമായ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകും. പൊതുജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള മെച്ചപ്പെട്ട സർവ്വീസ് ലഭിക്കുമെന്നുള്ള തോന്നൽ ഇതിൽനിന്നും ഉണ്ടാകുന്നില്ല. കോമൺ സർവ്വീസ് രൂപീകരിക്കണമെന്ന ഒരു രാഷ്ട്രീയ നിലപാട് നിങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കാര്യമായ കൂടിയാലോചനകളും ഗൗരവതരമായ ചർച്ചകളും അതിനാവശ്യമായ തയ്യാറെടുപ്പുകളും നടത്തിയിട്ടുമാത്രമേ അതിലേയ്ക്ക് കാൽവയ്ക്കാൻ പാടുള്ളൂ. ഈ നിയമഭേദഗതികൾ നമ്മുടെ പ്രയോറിറ്റിയിൽ വരുന്ന കാര്യങ്ങളല്ല. ശ്രീ. സണ്ണി ജോസഫ് ഇതിൽ ഒരുപാട് പ്രശ്നങ്ങളുണ്ടെന്ന് സൂചിപ്പിച്ചു. സത്യത്തിൽ സർക്കാർ, നഗരസഭകളെ ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ശ്വാസംമുട്ടിച്ച് കൊല്ലുകയാണ്. അവർക്ക് പ്രവർത്തിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുള്ളത്. നഗരാസൂത്രണ നിയമവും നഗരപാലിക നിയമവും പഞ്ചായത്ത് രാജ് നിയമവും വികേന്ദ്രീകരണവും നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയതിനുശേഷം ഇത്രമാത്രം വലിയ സാമ്പത്തിക പ്രതിസന്ധി നമ്മുടെ നഗരസഭകൾ അനുഭവിച്ചിട്ടുണ്ടോയെന്നത് പരിശോധിക്കപ്പെടണം. കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകാലമായി നഗരസഭകൾ വലിയ കഷ്ടകാലത്തിലൂടെയാണ് കടന്നുപോകുന്നത്. വകുപ്പുമന്ത്രിയെയോ വകുപ്പിനെയോ കുറ്റപ്പെടുത്തുന്നതല്ല. നിങ്ങൾ നിങ്ങളുടെ പരിമിതിയിൽ നിന്നുകൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്, അതിൽ പരാതിയില്ല. ഇവിടെ അതല്ല പ്രശ്നം. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഇന്ന് കേരളത്തിൽ ഏറ്റവും ഗുരുതരമായി ബാധിച്ചിരിക്കുന്നത് നമ്മുടെ പ്രാദേശിക ഗവൺമെന്റുകളെയാണ്. ഈ സാമ്പത്തിക പ്രതിസന്ധി കഴിഞ്ഞ എത്ര നാളായി ഗവൺമെന്റ് മറച്ചുവയ്ക്കുന്നു? 45 ശതമാനം പ്ലാൻ ഫണ്ട് കട്ട് ചെയ്യാൻ പോകുന്നു. കഴിഞ്ഞ പ്രാവശ്യം പ്രളയത്തിന്റെ പേരിൽ 20 ശതമാനം പ്ലാൻ ഫണ്ട് കട്ട് ചെയ്തു. ഇപ്രാവശ്യം 45 ശതമാനം കട്ട് ചെയ്യാൻ പോകുന്നു. 45 ശതമാനം കട്ട് ചെയ്താൽ ഈ ലോക്കൽ ഗവൺമെന്റുകൾ എങ്ങനെ അതിനെ അതിജീവിക്കും? ഇത് കട്ട് ചെയ്യാതെതന്നെ ഗുരുതരമായ പ്രതിസന്ധിയാണ് നിലവിലുള്ളത്. കഴിഞ്ഞ പ്രാവശ്യത്തെ, അതായത് മാർച്ച് പകുതിക്കുശേഷം വന്ന ബില്ലുകളെല്ലാം ക്യൂ ബില്ലുകളാക്കി. ക്യൂ ബില്ലുകൾക്കുള്ള പേമെന്റ് ഈ വർഷം അഡീഷണലായി കൊടുക്കുകയാണ് സാധാരണ ചെയ്യുന്നത്. അതിനുപകരം കഴിഞ്ഞ വർഷത്തെ ക്യൂ ബില്ലിന്റെ പേമെന്റ് ഈ വർഷത്തെ ഫണ്ടിൽനിന്ന് നൽകണമെന്നാണ് ഗവൺമെന്റ് നൽകിയ ഡയറക്ഷൻ. അപ്പോൾ ഈ വർഷത്തെ ഫണ്ട് കുറയും. സ്പിൽ ഓവർ വർക്കുകളുടെ തുക സംബന്ധിച്ച്, കഴിഞ്ഞ പ്രാവശ്യം ചെയ്തുതീർക്കാൻ കഴിയാത്ത വർക്കുകൾ ഈ വർഷത്തേയ്ക്ക്

സ്പിൽ ഓവർ വർക്കുകളായി വരുമ്പോൾ അതിന്റെ അഡീഷണൽ തുകയല്ലേ നൽകേണ്ടത്? ഈ വർഷത്തെ ഫണ്ടിൽനിന്ന് എടുക്കണമെന്നാണ് അതുസംബന്ധിച്ചുവന്ന ഡയറക്ഷൻ. അപ്പോൾ ഈ വർഷത്തെ ഫണ്ടിന്റെ സ്ഥിതി എന്തായി; കഴിഞ്ഞ വർഷത്തെ ക്യൂ ബില്ലുകൾക്കും സ്പിൽ ഓവർ ചെയ്ത വർക്കിനും അഡീഷണലായി ഫണ്ട് നൽകാതെ ഇതിൽനിന്നും നൽകുന്നത് ഏതെങ്കിലും കാലത്ത് ഉണ്ടായിട്ടുണ്ടോ? എല്ലാ കാലത്തും സ്പിൽ ഓവർ ഉണ്ടാകും. പക്ഷെ, അപൂർവ്വമായി മാത്രമേ ക്യൂ ബിൽ വരാറുള്ളൂ. അതിനുള്ള പേമെന്റെല്ലാം അഡീഷണലായി അടുത്ത സാമ്പത്തിക വർഷംതന്നെ നൽകുകയും ചെയ്യും. ഇവിടെ അത് നൽകിയില്ല. മറ്റൊരു ഗുരുതരമായ പ്രശ്നമുണ്ട്. ഇതുവരെ നഗരസഭകൾക്ക് അല്ലെങ്കിൽ ലോക്കൽ ബോഡികൾക്ക് ലഭിച്ചിരുന്ന പ്രധാനപ്പെട്ട വരുമാനമെന്നുപറയുന്നത് വിനോദ നികുതിയും പരസ്യ നികുതിയുമാണ്. ജി.എസ്.ടി. വന്നതോടുകൂടി അതെടുത്തുകളഞ്ഞു. അപ്പോഴും സർക്കാരിൽനിന്ന് കോൺട്രിബ്യൂഷൻ കിട്ടുന്നുണ്ട്. ആ കോൺട്രിബ്യൂഷൻ നഗരസഭകൾക്ക് നൽകാമെന്നൊരു വാഗ്ദാനം ഗവൺമെന്റ് നൽകിയിരുന്നു. അത് എത്ര ശതമാനം നൽകി? അവരുടെ വരുമാനം പൂർണ്ണമായി ഇല്ലാതാകുകയും നഷ്ടപ്പെട്ട വരുമാനത്തിന്റെ കോമ്പൻസേഷൻ നൽകാമെന്ന് പറഞ്ഞിട്ട് പൂർണ്ണമായി നൽകാനും നിങ്ങൾക്ക് കഴിഞ്ഞില്ല. ഇതുസംബന്ധിച്ച് തമിഴ്നാട്ടിൽ അവർ പ്രത്യേക സംവിധാനം ഏർപ്പെടുത്തി. അതായത്, അവിടത്തെ ലോക്കൽ ബോഡികൾക്ക് തനതായി വിനോദനികുതി പിരിക്കാൻ വേണ്ടിയുള്ള സംവിധാനം ജി.എസ്.ടി.-യിൽ നിന്നുകൊണ്ടുതന്നെ ചെയ്തുകൊടുത്തു. നമ്മുടെ ലോക്കൽ ബോഡികളുടെ വരുമാനം ഇത്രമാത്രം നഷ്ടപ്പെട്ട സാഹചര്യത്തിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് ആ വിഷയത്തെ അഡ്രസ് ചെയ്യാതിരിക്കുന്നത്? നഗരസഭകൾക്കുണ്ടാകുന്ന പ്രയാസങ്ങളെക്കുറിച്ച് ഞാനൊരു മോഡൽ മാത്രം പറയാം. ഞാൻ താമസിക്കുന്ന എന്റെ സ്വന്തം പറവൂർ നഗരസഭയിൽ 2019-20 വർഷത്തിൽ പ്ലാൻ ഫണ്ട് ജനറൽ ഇനത്തിൽ മൂന്ന് ഗഡുക്കളായി 2,31,00,000/- രൂപയാണ് ലഭിക്കേണ്ടിയിരുന്നത്. അതിൽ ആദ്യത്തെ രണ്ട് ഗഡുവായി ലഭിച്ച മുഴുവൻ തുകയും വാട്ടർ അതോറിറ്റിയിലേയ്ക്ക് വെള്ളക്കരം കുടിശ്ശിക, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീ ഇനത്തിൽ കട്ട് ചെയ്തു. വാട്ടർ അതോറിറ്റിയിൽ അന്വേഷിച്ചപ്പോൾ സർക്കാർ ഈ കാശ് അവിടെ അടച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. കയ്യിൽ പൈസയില്ലെങ്കിൽ ഇല്ലെന്ന് പറഞ്ഞാൽ പോരേ; ആളെ പറ്റിക്കുന്നത് എന്തിനാണ്? ഒരാൾക്ക് നൽകാനുള്ള പൈസ വേറൊരാൾക്ക് കൊടുക്കുകയാണ്. ഉദാഹരണത്തിന് ഞാൻ ശ്രീ. സണ്ണി ജോസഫിന് പൈസ നൽകാനുണ്ട്. അദ്ദേഹം എന്നോട് പൈസ ചോദിക്കുമ്പോൾ ഞാൻ പറയുകയാണ് നിങ്ങൾക്ക് കുറച്ച് പൈസ ശ്രീ. അൻവർ സാദത്ത് തരാനുണ്ടല്ലോ, ഞാൻ

അദ്ദേഹത്തിന് നൽകിയിട്ടുണ്ടെന്ന്. ശ്രീ. സണ്ണി ജോസഫ് ശ്രീ. അൻവർ സാദത്തിനോട് ചോദിച്ചപ്പോൾ ഞാൻ ആ പൈസ നൽകിയിട്ടില്ല. ഇത് ഞങ്ങൾക്ക് തമ്മിൽ ആകാം. കാരണം, മൂന്ന് വ്യക്തികൾ തമ്മിൽ കുറച്ച് പറ്റിക്കലൊക്കെ ചെയ്യാം. എന്നാൽ പൈസയില്ലാതെ വരുമ്പോൾ ഒരു സർക്കാരിന് ഇങ്ങനെ ചെയ്യാമോ? വാട്ടർ അതോറിറ്റിയിലെ പൈസയും ഇലക്ട്രിസിറ്റിയിലെ കുടിശ്ശികയും അടയ്ക്കാതെ അവർക്ക് നൽകേണ്ട കുടിശ്ശിക ഈ സർക്കാർ കട്ട് ചെയ്യുകയാണ്. കഷ്ടപ്പാട് വന്നാൽ ഇങ്ങനെയൊക്കെ ചെയ്യുമോ? എന്നിട്ട് പൈസ കൊടുക്കുന്നില്ല. ഇതുകൊണ്ട് എന്തെല്ലാമാണ് മുടങ്ങിയത്? അങ്കണവാടിയിലെ പോഷകാഹാരം മുടങ്ങി, ഭിന്നശേഷിക്കാർക്ക് നൽകുന്ന സ്കോളർഷിപ്പ് നൽകിയില്ല. ആശ്രയ പദ്ധതി പ്രകാരം ആ പാവങ്ങൾക്ക് ഓണക്കാലത്ത് കൊടുക്കുന്ന കിറ്റ് കൊടുത്തില്ല. 75 ശതമാനം നഗരസഭകൾക്കും നൽകാൻ കഴിഞ്ഞില്ല. അതിന് വേറെ തുക കണ്ടെത്തണം. ഇതുകൂടാതെ പി.എം.എ.വൈ. പദ്ധതി, പാലിയേറ്റീവ് കെയർ, IKM (Information Kerala Mission), വയോമിത്രം പദ്ധതി, എസ്.എസ്.ഐ.-ക്ക് നൽകേണ്ട തുകയും മുടങ്ങി. പിന്നെ എന്ത് നഗരസഭയാണ്; നഗരസഭകളെ ഞെക്കി ഞെക്കി കൊല്ലുകയാണ്. ധനകാര്യവകുപ്പ് അവർക്ക് ലഭിക്കേണ്ട വിഹിതം പിടിച്ചുപറിക്കുകയാണ്. ഇതിനിട്ട പേരാണോ അധികാര വികേന്ദ്രീകരണം? പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ട തുക ഇവിടെ കട്ട് ചെയ്ത് വേറെ സ്ഥലത്ത് നൽകുന്നുവെന്ന് പറയുന്നു. എന്നാൽ ആ പണം അവിടെ നൽകാതെ വേറെ കാര്യങ്ങൾക്കുവേണ്ടി ചെലവ് ചെയ്യുന്നു. അവർക്ക് കഴിഞ്ഞ വർഷത്തെ പൈസ ഈ വർഷം നൽകുന്നില്ല, ക്യൂ ബിൽ നൽകുന്നില്ല, സ്പിൽ ഓവർ എമൗണ്ട് നൽകുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട മുൻഗണനാക്രമത്തിലുള്ള പദ്ധതികൾക്കും തുക നൽകുന്നില്ല. എന്റെ മുനിസിപ്പാലിറ്റിയിലെ കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. വളരെ ദയനീയമായ സാഹചര്യത്തിലേയ്ക്ക് നമ്മൾ പോകുകയാണ്. ഓരോ ഡിപ്പാർട്ട്മെന്റും സാലറി, പെൻഷൻ എന്നിവ നൽകണം. നമ്മുടെ നഗരസഭയ്ക്ക് പെൻഷൻ ഫണ്ടിനത്തിൽ രണ്ട് കോടിയിലധികം തുക സർക്കാരിൽനിന്ന് ലഭിക്കാനുണ്ട്. അവർക്ക് എന്റർടെയിൻമെന്റ് ടാക്സും അഡ്വർടൈസ്മെന്റ് ടാക്സും ഇല്ല. ലഭിച്ചിരുന്ന ജനറൽ പർപ്പസ് ഗ്രാന്റ് മുഴുവൻ കട്ട് ചെയ്തു. പെൻഷൻ ഇനത്തിൽ രണ്ട് കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. എന്റെ നഗരസഭ മുൻവർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനത്തിലെ ഏറ്റവും നല്ല ആദ്യത്തെ മൂന്നോ നാലോ നഗരസഭകളിൽ ഒന്നാം സ്ഥാനത്ത് നിന്നിരുന്ന ഒരു നഗരസഭയായിരുന്നുവെന്ന് ഡോ. കെ. ടി. ജലീൽ മിനിസ്റ്റർക്കും ഇപ്പോഴത്തെ വകുപ്പുമന്ത്രിക്കും അറിയാം. ആ നഗരസഭയുടെ ഈ വർഷത്തെ സ്ഥിതിയാണ് ഞാൻ പറഞ്ഞത്. എങ്ങനെയാണ് നിങ്ങൾ ഇതിനെ കൈകാര്യം ചെയ്യുന്നത്? ഈ അപകടത്തിൽ ശ്വാസംമുട്ടി

മരിക്കുന്ന അവസ്ഥയിൽ കേരളത്തിലെ നഗരസഭകൾ നിൽക്കുമ്പോഴാണ് ഖരമാലിന്യ സംസ്കരണത്തിന് നോട്ടിഫൈ ചെയ്ത് അവരുടെ ഭൂമി കൂടി ഏറ്റെടുക്കുന്നത്. അവരുടെ കയ്യിലുള്ള സ്ഥലവുംകൂടി എടുക്കാനായി നോട്ടിഫൈ ചെയ്യാനുള്ള അധികാരം ചോദിച്ചുകൊണ്ടാണ് ഈ ഭേദഗതി വന്നിട്ടുള്ളത്. അവർക്ക് അർഹതപ്പെട്ടതൊന്നും കൊടുക്കുന്നില്ല; എന്നാൽ കയ്യിലുള്ളതെല്ലാം തട്ടിപ്പറിക്കുകയാണ്. ഇതിന്റെ പേരാണ് വികേന്ദ്രീകരണം. എല്ലാം തീരുമാനിക്കുന്നത് ഇവിടെയാണ്. ഇത്രമാത്രം സെൻട്രലൈസേഷൻ നടന്നിരിക്കുന്ന ഒരു കാലഘട്ടവും മുമ്പുണ്ടായിട്ടില്ല. എല്ലാ കാര്യങ്ങളും നിയന്ത്രിക്കുകയാണ്. ലൈഫ് മിഷനും അതുതന്നെയാണ് ചെയ്യുന്നത്. ഞങ്ങളുടെ പഞ്ചായത്തിലോ അല്ലെങ്കിൽ നഗരസഭയിലോ എങ്ങനെയാണ് വികസനം നടത്തേണ്ടതെന്ന് ഞങ്ങൾ തീരുമാനിക്കുമെന്നാണ് പറയുന്നത്. അങ്ങനെയാണോ തീരുമാനിക്കുന്നത്? ഗ്രാമസഭയാണ് തീരുമാനിക്കേണ്ടത്. ഇത് ഇവിടെയിരുന്ന് തീരുമാനിച്ചശേഷം നിങ്ങൾ അങ്ങനെ ചെയ്തുകൊള്ളണമെന്ന് നിർദ്ദേശങ്ങൾ അയയ്ക്കുകയാണ് ചെയ്യുന്നത്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട് എത്ര ഗവൺമെന്റ് ഓർഡറുകളാണ് ഇറങ്ങിയിരിക്കുന്നത്. മഴക്കാലത്ത് കുട്ടികൾ കടലാസ് തോണിയുണ്ടാക്കി വെള്ളത്തിലിറക്കി കളിക്കുന്നതുപോലെയാണ് സർക്കാർ ലൈഫ് മിഷൻ പദ്ധതിയിൽ പുതിയ ഉത്തരവുകളിറക്കുന്നത്. കുട്ടികൾ കടലാസ് തോണി ഇറക്കുന്ന ലാഘവത്തോടുകൂടിയാണ് ലൈഫ് മിഷൻ പദ്ധതിയിൽ ഓർഡറുകൾ ഇറങ്ങുന്നത്. ഇന്നത്തെ ഓർഡറല്ല നാളെ വരുന്നത്. മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ ഏതെങ്കിലും പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യാൻ നമുക്ക് കഴിയുമോ; വിശദമായ ഒരുത്തരവിറക്കിയതിനുശേഷം ചിലപ്പോൾ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ വരുമ്പോൾ കുറച്ച് വ്യത്യാസങ്ങളുണ്ടാകും. അത് തിരുത്തിക്കൊണ്ടുള്ള ഒന്നോ രണ്ടോ ഉത്തരവുകൾകൂടി വേണ്ടിവരും. ഇവിടെ എത്ര ഡസൻ ഉത്തവുകളാണ് ഇപ്പോൾ ഇറക്കിക്കൊണ്ടിരിക്കുന്നത്. ഓരോ ദിവസവും മാറിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഏതെങ്കിലും പ്രോജക്ട് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമോ? അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നു, നമ്മുടെ നഗരസഭകളെ സംബന്ധിച്ച് മുൻഗണന ഈ ബില്ലിൽ പറയുന്ന ഭേദഗതിയല്ല, അതിനേക്കാൾ ഗൗരവതരമായ പ്രശ്നങ്ങൾ നഗരസഭകൾ അഭിമുഖീകരിക്കുകയാണ്. അത് അഡ്രസ് ചെയ്യുക, ഇത് മാറ്റിവയ്ക്കുക എന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ ഭേദഗതി ഒരിക്കൽക്കൂടി മൂവ് ചെയ്യുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 48, 222, 224, 326 എന്നിവയ്ക്കുള്ള ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

അധികാരവികേന്ദ്രീകരണം ഏറ്റവും ഫലപ്രദമായി നടപ്പാക്കപ്പെട്ട സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വിപുലമായ അധികാരങ്ങളും ജനാധിപത്യ ഘടനയുമൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിഞ്ഞു. എന്നാൽ ഏകീകൃതമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭാവം പദ്ധതി നടപ്പാക്കുമ്പോൾ നമുക്കറിയാൻ സാധിക്കും. എഞ്ചിനീയറിംഗ് വകുപ്പ് അതിന്റെ രീതിയിൽ പോകും. ഒരു മന്ത്രിയുടെ കീഴിലുള്ള വകുപ്പുകളുടെ സ്ഥിതിയാണ് ഞാൻ പറയുന്നത്. ആസൂത്രണ പ്രക്രിയയിലുള്ള ടൗൺ പ്ലാനിംഗ് വിഭാഗം വേറെ രീതിയിലാകും. ഒരു ഏകോപനമില്ലായ്മ ഇതിന്റെ ഭാഗമായി വന്നുചേർന്നിട്ടുണ്ട്. അത് ഒറ്റ വകുപ്പ് ആക്കണമെന്ന് 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവൺമെന്റ് നയം വ്യക്തമാക്കിയതാണ്. അതിനെത്തുടർന്ന് ഇത് നിർവ്വഹിക്കാൻ വേണ്ടി ധാരാളം ആലോചനകൾ നടന്നിട്ടുണ്ട്. പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് ഈ വിഭാഗങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഏകോപനമാണ് ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുന്നത്. അത് സ്വാഭാവികമായും ആസൂത്രണ പ്രക്രിയയെ അധികാര വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്താൻ കൂടുതൽ സഹായിക്കുകയാണ് ചെയ്യുക എന്നുള്ള ധാരണയാണ് ഞങ്ങൾക്കുള്ളത്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഏകോപനം, കൂടുതൽ കരുത്തോടുകൂടി പദ്ധതികൾ നടപ്പാക്കാനും പ്രത്യേക മേഖലയിലുള്ള ഇടപെടലുകൾ നടത്താനും സഹായകമാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഇതിന്റെ സാദ്ധ്യതകളെയും പ്രശ്നങ്ങളെയും സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിനെക്കുറിച്ച് വിശദമായി പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനുംവേണ്ടി ഒരു കമ്മീഷനെ ഗവൺമെന്റ് 27-12-2016-ൽ ചുമതലപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഒരു പ്രിൻസിപ്പൽ ഡയറക്ടറേറ്റും രൂപീകരിച്ചിട്ടുണ്ട്. 2016 മുതൽ ഈ വകുപ്പിന്റെ ഏകീകരണവുമായി ബന്ധപ്പെട്ട ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്. കമ്മീഷൻ ഇതിന്റെ കരട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാതികളും ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഗവൺമെന്റ് കമ്മീഷനുമായും ഈ മേഖലകളിലുള്ള എല്ലാ വിഭാഗം സംഘടനകളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. ഭേദഗതിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഗവൺമെന്റ് കമ്മീഷനുമായി നടത്തിയ ചർച്ചകൾക്കുശേഷം അപാകതകൾ പരിഹരിച്ച് ഭേദഗതിചെയ്ത ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസുകളുടെ കരട് വിശേഷാൽ ചട്ടങ്ങൾ 29-05-2018,

4-8-2018 എന്നീ തീയതികളിൽ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കരട് സംബന്ധിച്ച പ്രശ്നങ്ങൾ ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ആ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. വകുപ്പുകളുടെ സംയോജനം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി എന്റെ നേതൃത്വത്തിലും നേരത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീലിന്റെ നേതൃത്വത്തിലും ഇത്തരം പ്രശ്നങ്ങൾ സംഘടനകളിൽനിന്നും കേൾക്കാനുള്ള സമീപനവും സ്വീകരിച്ചിട്ടുണ്ട്. വകുപ്പുതല അദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടർ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ എന്നിവരടങ്ങുന്ന ഒരു മൂന്നംഗ കമ്മിറ്റിയെ ഇതിന്റെ ഭാഗമായി വീണ്ടും ചുമതലപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ വിവിധ തലങ്ങളിൽ ആലോചന യുണ്ടാകാതെയിരുന്നിട്ടില്ല. ഇതുമായി ബന്ധപ്പെട്ടുവരുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും അത് പരിഹരിക്കാൻ കഴിയുന്നതുമാണ്. ബാക്കി കാര്യങ്ങളൊക്കെ ചട്ടങ്ങളിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. ഏത് വകുപ്പിന്റെ കാര്യത്തിലായാലും, നേരത്തെ പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിയത് നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ഇക്കാര്യത്തിലും പരാതികളൊക്കെ വിവിധ സംഘടനകളുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. അതൊക്കെ പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുമുണ്ട്. പ്രിൻസിപ്പൽ ഡയറക്ടർ ഉൾപ്പെടുന്ന ഈ സമിതി നേരിട്ട് എല്ലാവരേയും കേട്ടിട്ടുണ്ട്. അന്തിമമാക്കാനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്, ഫൈനൽ ആയിട്ടില്ല. ഇതിന്റെ ഭാഗമായാണ് മുനിസിപ്പൽ ആക്റ്റിലെ ഭേദഗതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുന്നത്. അതിൽ 48-ാം വകുപ്പ് മുനിസിപ്പൽ സെക്രട്ടറിയുടെ അധികാരവുമായി ബന്ധപ്പെട്ട കാര്യമാണ്. അഞ്ച് വകുപ്പുകളിലെയും സമാന സ്കെയിലിലെ ജോലി സ്വഭാവമുള്ള ഉദ്യോഗസ്ഥരെ പരസ്പരം മാറ്റി നിയമിക്കാൻ സഹായിക്കും. ഒരു പ്രായോഗിക പ്രശ്നം വന്നതാണ്. കാര്യങ്ങൾ പഠിച്ചുവരിക എന്നുള്ളത് സ്വാഭാവികമായും നടക്കുന്നതാണ്. അത് മുമ്പും ചെയ്ത് പരിചയമുള്ളതാണ്. അതിന്റെ ഉപവകുപ്പുകളിലും അതുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് വന്നിട്ടുള്ളത്. അതുപോലെതന്നെ മുനിസിപ്പൽ സെക്രട്ടറിമാരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമുള്ള തുക കൃത്യമായി സംസ്ഥാന ഖജനാവിൽ അടയ്ക്കുന്നു എന്ന് ഉറപ്പ് വരുത്തണം. അതുവഴി സെക്രട്ടറിമാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും മറ്റും ഉറപ്പുവരുത്താൻ സാധിക്കും.

പലർക്കും ആനുകൂല്യങ്ങൾ ലഭ്യമാകാത്ത പ്രശ്നത്തെക്കുറിച്ച് ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചു. അത് മുനിസിപ്പാലിറ്റിയുടെ ഇന്നുണ്ടായ ഒരു പ്രതിസന്ധിയല്ല, ഒരുപാട് സാമ്പത്തിക പ്രയാസങ്ങൾക്കിടയിൽ കൃത്യമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്ന മുനിസിപ്പാലിറ്റികളുണ്ട്. ഇതിന്റെ ഭാഗമായി അതെല്ലാം പരിഹരിക്കാൻ നമുക്ക് സാധിക്കും. 222-ാം വകുപ്പിൽ 6000-ത്തിലധികം മറ്റ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക എന്നുള്ള ഭേദഗതിയാണ്. ഇതിന്റെ ഭാഗമായുള്ള ഏകീകരണം പൊതുവായി അധികാരവികേന്ദ്രീകരണ പ്രക്രിയയെ സഹായിക്കുമെന്നാണ് കണ്ടിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഈ ഭേദഗതികൾ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ അനുബന്ധമായി വന്ന വിഷയങ്ങളെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാം. ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഞാൻ ഇപ്പോൾ സൂചിപ്പിക്കുന്നത്. 326-ാം വകുപ്പിന്റെ ഭേദഗതി കഴിഞ്ഞ സഭ ചർച്ച ചെയ്തതാണ്. 326-ാം വകുപ്പിൽ നിലവിലുള്ള ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരധികാരവും എടുത്തുകളയരുതെന്നാണ്. 326(3)-ൽ അത് വളരെ കൃത്യമായി പറയുന്നുണ്ട്. 4-ാം ഉപവകുപ്പ് ചേർത്തിട്ടുണ്ട്. അതിൽ ഇവർക്ക് സാധിക്കാത്ത ചില കാര്യങ്ങളുണ്ട്, മാലിന്യത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അവരുടെ നിർവ്വഹണത്തെ മാത്രം പഴിച്ചതുകൊണ്ട് കാര്യമില്ല. ഇവിടെ സാങ്കേതിക വിദ്യയില്ല, മറ്റുകാര്യങ്ങളില്ല, ഒരുപാട് പ്രയാസങ്ങളുണ്ട്. കേരളത്തിൽ നമ്മൾ ഇപ്പോൾ ഒരു മോഡൽ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. മാലിന്യങ്ങൾ ശേഖരിക്കുകയും അത് വളമാക്കി മാറ്റുകയും പ്ലാസ്റ്റിക്ക് വേർതിരിക്കുകയുമൊക്കെ ചെയ്യുന്ന സംവിധാനമാണ്. ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ എന്നിവരൊക്കെ അക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. 700-ലധികം പഞ്ചായത്തുകളിലിപ്പോൾ ഇത് കളക്ട് ചെയ്യാൻവേണ്ടിയുള്ള ഹരിത കർമ്മസേനാംഗങ്ങളും അതുമായി ബന്ധപ്പെട്ട കളക്ഷൻ ഫെസിലിറ്റികളും നടക്കുന്നുണ്ട്. അതിന്റെ റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ 124 എണ്ണം ഇപ്പോൾ കേരളത്തിലുണ്ട്. എല്ലാ ബ്ലോക്കിലും ഒന്നുവീതം വേണം എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഒരുപാട് പ്രവർത്തനങ്ങൾ വികേന്ദ്രീകൃത മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വന്നുപോകുന്ന മറ്റൊരു പ്രശ്നം, സ്കൂൾ ബാഗുകൾ, ചെരുപ്പുകൾ, പ്രായമായവരും കുട്ടികളും ഉപയോഗിക്കുന്ന നാപ്കിൻസ് തുടങ്ങിയ സാധനങ്ങൾ സംസ്കരിക്കാൻ കഴിയാതെ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവയാണ്. സാധാരണ

ഇവയെല്ലാം വലിയ ടെമ്പറേച്ചറുള്ള ചൂളകളിലിട്ട് കത്തിക്കുകയാണ് ചെയ്യുന്നത്. സിമന്റ് കമ്പനികളുമായി കരാറുണ്ടാക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയാണ്. അത് വന്നാൽ നമുക്ക് അതുകൂടി കയ്യൊഴിയാൻ കഴിയും. മറ്റ് സ്ഥാപനങ്ങൾ റീയൂസിന് കഴിയുന്ന കുപ്പിച്ചില്ല് ഉൾപ്പെടെയുള്ള സാധനങ്ങൾ ഈ പറയുന്ന 124 സെന്ററുകളിൽ തരംതിരിച്ച് അത് ആവശ്യക്കാർക്ക് വിൽക്കാനും പുനരുപയോഗിക്കാൻ കഴിയുന്ന സംവിധാനം സ്വീകരിച്ചിട്ടുണ്ട്. സിംഗിൾ യൂസിനുള്ള കവറുകൾ ഇപ്പോൾ വരുന്നുണ്ട്. അതിൽ മിൽമ കവർ പോലെയുള്ളത് ഉപയോഗിക്കാതിരിക്കാൻ കഴിയില്ല. പാൽ കൊടുക്കാൻവേണ്ടിയുള്ള മറ്റൊരു സംവിധാനത്തെക്കുറിച്ച് അവർ ആലോചിച്ചിട്ടില്ല. നമുക്കത് തൽക്കാലം തടയാനാവില്ല. പ്ലാസ്റ്റിക്ക് നിരോധിക്കണ്ടേ എന്ന് ചോദിക്കുമ്പോൾ ഇത്തരം പ്രായോഗിക പ്രശ്നങ്ങൾകൂടി കാണണം. അത്തരം സാധനങ്ങൾ ശേഖരിച്ചാണ് ഷ്രെഡ്ഡിംഗ് നടത്തുന്നത്. നമ്മുടെ പൊതുമരാമത്ത് റോഡുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെയും മെയിന്റനൻസ് നടക്കുമ്പോൾ അതിന് ഉപയോഗിക്കാൻവേണ്ടിയുള്ള സംവിധാനം ഏറെ ഫലപ്രദമായി ഇപ്പോൾ കേരളത്തിൽ ഉപയോഗിക്കുന്നുണ്ട്. ഒരുപാട് മോഡലുകൾ കേരളത്തിന്റെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. ഇവിടെ പ്രശ്നം അതല്ല, ചില വലിയ നഗരങ്ങളിലുള്ള വേസ്റ്റ് സംസ്കരിക്കാൻ ഇപ്പോൾ ശാസ്ത്രീയമായ മാർഗ്ഗങ്ങൾ ഇല്ല. ഇതിന്റെ സാമ്പത്തിക ബാദ്ധ്യതയും ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമൊക്കെ നേരിടുന്നുണ്ട്. ഇത് പല ഘട്ടങ്ങളിൽ സഭയിൽ ചർച്ച ചെയ്തതാണ്. അതിന്റെ ഭാഗമായിട്ടാണ് 7 പ്രധാനപ്പെട്ട ജില്ലകളിൽ ഈ കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് തീരുമാനിച്ചത്. തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ ഉണ്ടാകണമെന്ന് സഭയിൽ നേരത്തെയും വന്നിട്ടുള്ള വിഷയമാണ്. ഇതിൽ വേസ്റ്റ് റ്റു എനർജിയിൽനിന്നും വൈദ്യുതി ഉണ്ടാക്കി വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങാൻവേണ്ടിയുള്ള കരാർ വ്യവസ്ഥയാണ്. ഇത് Design, Build, Finance, Operate and Transfer (DBFOT) എന്ന രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് ഏകപക്ഷീയമായി തീരുമാനിച്ചതല്ല, ബന്ധപ്പെട്ട സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തതിന്റെ ഭാഗമായാണ് തീരുമാനിച്ചത്. അങ്ങനെ വന്നപ്പോഴാണ് ഇത് നടപ്പാക്കുന്നതിന് വേണ്ടിയുള്ള ഗവൺമെന്റിന്റെ അവകാശം നിലവിലുള്ള നിയമത്തിൽ ഇല്ലെന്ന് കണ്ടത്. ഇത് മുനിസിപ്പാലിറ്റികൾക്ക് മാത്രം ചെയ്യാൻ കഴിയുന്ന ഒരു കാര്യമല്ല,

ഒന്നോ, അതിലധികമോ സ്ഥലത്തുനിന്നും, കോർപ്പറേഷനോടുചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ഗവൺമെന്റിന് അവരെ സഹായിക്കാൻ കഴിയണമെങ്കിൽ, ഇവർക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ സർക്കാരിന് ചെയ്യാൻ കഴിയുന്നതിനുവേണ്ടിയാണ് സെക്ഷൻ 326-ൽ (4) ഭേദഗതി കഴിഞ്ഞ തവണ നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ചത്. അത് നടപ്പിലാക്കണമെങ്കിൽ അവിടെ മെഷിനറിയുൾപ്പെടെയുള്ളവ സ്ഥാപിക്കണം. നേരത്തെ പറഞ്ഞ വ്യവസ്ഥ അനുസരിച്ച് ഒരു സ്വകാര്യ ഏജൻസി അതിനായി വരുമ്പോൾ ലീസ് വ്യവസ്ഥയിലോ മറ്റേതെങ്കിലും വ്യവസ്ഥയിലോ അവർക്ക് സ്ഥലം ലഭ്യമാക്കണം. അതിനായി സർക്കാരിന് സ്ഥലമേറ്റെടുക്കാൻ കഴിയുന്ന വ്യവസ്ഥ മാത്രമാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാലിന്യം നീക്കം ചെയ്യുന്നത് അധികാരം കവർന്നെടുക്കലാണോ? ഒരു കോർപ്പറേഷനേയോ മുൻസിപ്പാലിറ്റിയേയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തേയോ സഹായിക്കുകയാണ് ഇതിന്റെ ഭാഗമായി ചെയ്യുന്നത്. അവർക്ക് ചെയ്യാൻ കഴിയാത്ത കാര്യത്തിൽ ഗവൺമെന്റ് കൂടി ഇടപെടുന്നു, അത് അധികാരം കവർന്നെടുക്കലല്ല. അധികാര വികേന്ദ്രീകരണത്തിന് അവരെ സഹായിക്കാൻ കഴിയുന്ന ഇടപെടലുകൾക്ക് ഗവൺമെന്റിന്റെ സഹായം കൂടി നൽകുകയാണ്. ആ രീതിയിൽ അതിനെ കാണണമെന്നാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. ഇത് വെറുതെ സംഭവിക്കില്ല. ചില സ്ഥലത്ത് പ്രശ്നങ്ങളുണ്ട്. തിരുവനന്തപുരത്ത് പ്രശ്നങ്ങളുണ്ടായി. തൃശ്ശൂരും മലപ്പുറത്തും പ്ലാന്റിനാവശ്യമായ സ്ഥലം കണ്ടെത്തിയപ്പോൾ ജനങ്ങളുടെ പ്രതിഷേധം ഉണ്ടായി. കോഴിക്കോട് പ്ലാന്റിനുള്ള എല്ലാ അനുമതിയും കിട്ടി എഗ്രിമെന്റ് വച്ചു. കൊച്ചിയിൽ പ്ലാന്റിനുള്ള പാരിസ്ഥിതികാനുമതി കഴിഞ്ഞ ദിവസം ലഭ്യമായിട്ടുണ്ട്. കൊച്ചിയിലെ മോഡൽ ഈ വ്യവസ്ഥയനുസരിച്ച് നമുക്ക് അടിയന്തരമായി നടപ്പാക്കാൻ സാധിക്കും. കോഴിക്കോട്ടെ മോഡൽ ഇപ്പോൾ എഗ്രിമെന്റ് ആയിട്ടുണ്ട്, അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഈ രണ്ട് മോഡലുകൾ വന്നാൽ ഇതിനെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക അവസാനിപ്പിക്കാൻ സാധിക്കും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ പ്രോജക്ട് നടപ്പാക്കുന്നതിനെക്കുറിച്ച് തർക്കങ്ങളും ബഹളവും ഉണ്ടെന്ന് അങ്ങിവിടെ പറഞ്ഞു. കേരളത്തിലെ thickly populated ആയ സ്ഥലമാണ് ഈരാറ്റുപേട്ട. മൂന്നര ചതുരശ്ര മൈൽ ഉള്ള ഒരു ചെറിയ മുനിസിപ്പാലിറ്റിയിൽ നാൽപ്പതിനായിരത്തിന് മുകളിലാണ് പോപ്പുലേഷൻ. അവിടത്തെ മാലിന്യ നിർമ്മാർജ്ജനം വലിയൊരു

പ്രശ്നമാണെന്നത് നിഷേധിച്ചിട്ട് കാര്യമില്ല. അവിടെ മുനിസിപ്പാലിറ്റി ആരംഭിച്ച മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് ഉണ്ട്. ആ പ്ലാന്റ് പൂർണ്ണമായി വിജയമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഒരു തർക്കവുമില്ലാതെ ഇതിനായി സ്ഥലം വിട്ടുതരാൻ തയ്യാറാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും സഹായം നൽകുവാൻ കഴിയുമോ; ഗവൺമെന്റ് ഇക്കാര്യം ഏറ്റെടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: അത് ചർച്ച ചെയ്യാം. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഞാൻ പോയിരുന്നു. വളരെയധികം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നൊരു പ്രദേശംകൂടിയാണത്. മീനച്ചലാറിന്റെ തീരത്താണ് ഈ മാലിന്യ സംസ്കരണ കേന്ദ്രമുള്ളത്. മുമ്പ് അവിടെ ഡമ്പ് ചെയ്തിരുന്ന മാലിന്യങ്ങളെല്ലാം പുഴയിലേക്ക് ഒഴുകിയിറങ്ങുന്ന സ്ഥിതിയാണുള്ളത്. മുനിസിപ്പൽ സെക്രട്ടറിയുമായി ഇതുമായി ബന്ധപ്പെട്ട് സംസാരിച്ചിരുന്നു. അടുത്തുതന്നെ അതിന് പരിഹാരം കാണാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇതിൽ ഏഴ് പദ്ധതികളാണ്. മറ്റേത് അത്രയധികം മാലിന്യങ്ങൾ വരുന്നൊരു കേന്ദ്രമല്ല. ഐ.ആർ.റ്റി.സി. ഉൾപ്പെടെയുള്ളൊരു പദ്ധതി ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ സ്ഥലം എടുത്ത് അവർ നടപ്പാക്കിയിട്ടുണ്ട്. അവിടെ ഡമ്പ് ചെയ്തിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനാവശ്യമായ നടപടികളിലേയ്ക്ക് നമുക്ക് പോകണമെന്നു മാത്രമേയുള്ളൂ.

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി മുനിസിപ്പാലിറ്റിയിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ക്ലിയറൻസും കിട്ടിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു പ്രത്യേക പാർട്ടി വല്ലാത്ത രീതിയിൽ ഇടപെട്ട് രാഷ്ട്രീയമായ എതിർപ്പ് കാരണം ആ യൂണിറ്റ് നടപ്പിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ വിഷയത്തിൽ ഒരു പരിഹാരം കാണണം. ഞാൻ അങ്ങയുടെ മുൻഗാമിയോട് ഇക്കാര്യം പറഞ്ഞിരുന്നു, അപ്പോൾ ഒരു സ്ഥാനമാറ്റമുണ്ടായി. എല്ലാ സംവിധാനങ്ങളും പണവും മുടക്കിയ യൂണിറ്റാണത്. അങ്ങ് ഇടപെട്ട് സഹായിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു പൊതുഅവബോധത്തിന്റെ പ്രശ്നമാണ്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ ഒരു സ്ഥലത്തും ഒരു മാലിന്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നില്ല. റിസോഴ്സ് റിക്കവറി സെന്ററിൽ ഈ സാധനങ്ങൾ കൊണ്ടുവന്ന് കുടുംബശ്രീയിലെ അംഗങ്ങളായ ഹരിതകർമ്മ സേനാംഗങ്ങൾ വന്ന് ഒരു സ്ഥലത്തിരുന്ന് തരം തിരിച്ച് നീക്കി അത് ബന്ധപ്പെട്ടവർക്ക് വിൽക്കുകയാണ്. അതിൽനിന്ന് ലഭിക്കുന്ന വരുമാനം

ഉപയോഗിച്ചാണ് അവർ ഇതിന്റെ പ്രവർത്തനം നടത്തുന്നത്. മാലിന്യസംസ്കരണത്തിൽ പൊതു അവബോധം ഒരു പ്രധാന വിഷയമാണ്. മഞ്ചേരിയിലെ പ്രശ്നവും അതുതന്നെയാകും. അങ്ങ് പറഞ്ഞകാര്യം പ്രത്യേകം പരിശോധിക്കാം. ഇങ്ങനെയുള്ള ഏഴ് സ്ഥലങ്ങളിൽ രണ്ടിടങ്ങളിൽ പ്രവർത്തനം ആയിട്ടുണ്ട്. കണ്ണൂരും പാലക്കാടും ഉൾപ്പെടെയുള്ള മേഖലകളിൽ ഇതിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. തൃശ്ശൂരും മലപ്പുറത്തും തിരുവനന്തപുരത്തും പ്രത്യേകം സ്ഥലം കണ്ടെത്തുവാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിക്കുന്നത്. അനുയോജ്യമായ പരാതിയില്ലാത്ത 15 ഏക്കർ സ്ഥലം വാങ്ങിച്ച് നൽകാമെന്ന തൃശ്ശൂർ കോർപ്പറേഷൻ കൗൺസിൽ തീരുമാനം കഴിഞ്ഞ ദിവസം അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്താൻ തീരുമാനിക്കുകയാണ്. വലിയ പട്ടണങ്ങളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട കോർപ്പറേഷനുകളേയോ നഗരസഭകളേയോ സഹായിക്കുവാൻ കഴിയുന്നതാണ് ഈ പദ്ധതി എന്നുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു പദ്ധതി സർക്കാർ ഏറ്റെടുത്തത്. അതല്ലാതെ അധികാരം കവരുന്നതിനുവേണ്ടി മാത്രമല്ലായെന്ന് എല്ലാ അംഗങ്ങളെയും ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇതിന് പാരിസ്ഥിതികാനുമതി ലഭിക്കണമെങ്കിൽ Environmental Protection Act, 1996 അനുസരിച്ചുള്ള എല്ലാ നടപടിക്രമങ്ങളും ചെയ്യണം. അതിൽ പറയുന്നുണ്ട്; പ്രാഥമിക പരിശോധന, സാധ്യതാ പഠനം, പൊതുജനാഭിപ്രായം തേടൽ, വിദഗ്ദ്ധ പരിശോധന എന്നിവയില്ലാതെ പാരിസ്ഥിതികാനുമതി ലഭിക്കില്ല എന്ന്. ഇതെല്ലാം നടത്തിയതിനുശേഷമാണ് രണ്ട് സ്ഥലത്തും ഈ പ്രോജക്ടിനുള്ള അനുമതി ലഭിച്ചിരിക്കുന്നത്. നമുക്കത് നടപ്പാക്കാൻ സാധിക്കും. ഇതുമായി ബന്ധപ്പെട്ടുള്ള ഈ ഭേദഗതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്കും ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ സാമ്പത്തിക വികസന പ്രശ്നങ്ങളിൽ ഒന്നായ മാലിന്യ സംസ്കരണത്തിനും സഹായകമാകും എന്നുള്ളതു കൊണ്ടാണ് ഇങ്ങനെയൊരു കേന്ദ്രീകൃത പദ്ധതി ഏറ്റെടുത്തത്. കേന്ദ്രീകൃത പ്ലാന്റുകൾ വേണമെന്നത് നേരത്തെത്തന്നെ കസ്തൂരി രംഗൻ അദ്ധ്യക്ഷനായിട്ടുള്ള കേന്ദ്ര ആസൂത്രണ കമ്മീഷൻ 2014-ൽ നൽകിയ നിർദ്ദേശങ്ങളിൽ ഒന്നാണ്. നഗരസഭകളുടെ റേറ്റിംഗ് നിശ്ചയിക്കുന്നതിൽ മാലിന്യസംസ്കരണത്തിന്റെ ഇത്തരം കാര്യങ്ങൾ, കേന്ദ്രീകൃത വേസ്റ്റ് പ്രോസസ്സിംഗ് സംവിധാനം വേണം എന്നുള്ള നിർദ്ദേശവുമുണ്ട്. അതിന്റെ കൂടി ഭാഗമായിട്ടല്ല, നമ്മൾ ഇവിടെ അനുഭവിക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് 326-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പെന്നുള്ള ഭേദഗതിയിൽ സ്ഥലം ഏറ്റെടുക്കുന്നത്. അത് അവരുടെ അധികാരത്തിലുള്ള കൈ കടത്തലല്ല; അവരെക്കൂടി സഹായിക്കാനുള്ളതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, കേന്ദ്രീകൃത മാലിന്യ സംവിധാനങ്ങൾ തീർച്ചയായും വേണ്ടിവരും. പൂർണ്ണമായും വികേന്ദ്രീകൃത സംവിധാനങ്ങളിലൂടെ നമുക്ക് മുന്നോട്ടുപോകുവാൻ സാധിക്കില്ല. കേരളത്തിന് അനുയോജ്യമായിട്ടുള്ള ടെക്നോളജി ഏതാണെന്നുള്ള കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിയിട്ടുണ്ടോ, മാലിന്യം കത്തിച്ചുകളയുന്ന പൈറോളിസിസ് (Pyrolysis) പോലെ മാലിന്യ സംസ്കരണ രീതികൾ പലതുണ്ട്. ജൈവ മാലിന്യങ്ങളെ ജൈവ വളമാക്കി മാറ്റുന്നതുണ്ട്. മാലിന്യത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ പല കമ്പനികൾ പല ഓപ്ഷനുകൾ മുന്നോട്ട് വയ്ക്കുമ്പോൾ കേരളത്തിന് ഇതിൽ ഏതാണ് അനുയോജ്യം, കേരളത്തിലെ മാലിന്യങ്ങളുടെ പ്രത്യേകതകൾ പരിശോധിച്ച് അതിലെ moisture content നോക്കി ഏത് മാലിന്യസംസ്കരണ രീതി ഉപയോഗിക്കുന്ന ടെക്നോളജിയാണ് ഏറ്റവും അനുയോജ്യം എന്ന തീരുമാനത്തിൽ ഗവൺമെന്റ് എത്തിച്ചേർന്നിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വേസ്റ്റ് ടു എനർജി പദ്ധതിയിൽ അതിനൊരു ടെക്നിക്കൽ കമ്മിറ്റിയുണ്ടാക്കി അവരുടെ പരിശോധനയ്ക്ക് ശേഷമാണ് ഇത് ചെയ്തിട്ടുള്ളത്. ധാരാളം പ്രോജക്ടുകൾ വരുന്നുണ്ട്. ഇതിൽ നിന്ന് ഡീസൽ ഉണ്ടാക്കാം. ഇതുതന്നെ ബയോഗ്യാസാക്കി വൈദ്യുതിയാക്കി മാറ്റുന്ന പദ്ധതിയുണ്ട്. ഇത്തരത്തിൽ ധാരാളം പ്രൊപ്പോസൽസ് വരുന്നുണ്ട്. അതൊന്നും പ്രായോഗികമായി കേരളത്തിന്റെ ജനസാന്ദ്രതയും ഭൂപ്രകൃതിയുമൊക്കെ അനുസരിച്ച് പ്രയോജനപ്പെടുത്താവുന്നതിനെ സംബന്ധിച്ച് കൃത്യതയോടെ പറയുവാൻ കഴിയില്ല. നമ്മുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകത അതാണ്. അതിന്റെ സാധ്യതകൾ പരിശോധിച്ച ശേഷമേ ആ ടെക്നോളജി അവിടെ ഉപയോഗിക്കുവാൻ സാധിക്കുമോയെന്ന് പറയുവാൻ കഴിയുകയുള്ളൂ. നേരത്തെ സൂചിപ്പിച്ച വേസ്റ്റ് ടു എനർജി പദ്ധതിയിൽ ബയോഗ്യാസും ഉണ്ടാക്കുന്നുണ്ട്. അതും എനർജിയാക്കി മാറ്റി ബാക്കിയുള്ളത് കത്തിക്കുകയാണ്. അന്തരീക്ഷ മലിനീകരണത്തിന്റെ തോത് പരിശോധിക്കാൻ ടെക്നിക്കൽ എക്സ്പെർട്ട് ഉണ്ടായിരുന്നു. ആ കമ്മിറ്റി പരിശോധിച്ചശേഷമാണ് ഇപ്പോൾ കോഴിക്കോട് കോർപ്പറേഷനിൽ ഉൾപ്പെടെ അതിന്റെ എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഞെളിയമ്പറമ്പിൽ കോർപ്പറേഷന്റെ സമ്മതമില്ലാതെയല്ല, ത്രികക്ഷി കരാറാണ് ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മാലിന്യ സംസ്കരണത്തിനുവേണ്ടി കുറേ പദ്ധതികൾ നഗരസഭകളും കോർപ്പറേഷനുകളും പരിശോധിച്ചിട്ടുണ്ട്. എന്നാൽ വിജയകരമായ ഒരു പ്രോജക്ട് ആരുടേയും മുന്നിൽ വന്നതായി ഇതുവരെ കേട്ടിട്ടില്ല. അങ്ങ് ഇപ്പോൾ പറഞ്ഞിരിക്കുന്ന രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. അതിൽ ചിലത് പരീക്ഷിക്കുന്നതിന് നഗരസഭകളും തയ്യാറാവുകയാണ്. നഗരസഭകൾ

മാലിന്യ സംസ്കരണം തട്ടിമുട്ടി ഒരു വിധത്തിൽ നടത്തിക്കൊണ്ടിരിക്കുമ്പോൾ, കോട്ടയം മുനിസിപ്പാലിറ്റി ഗവൺമെന്റ് ഏറ്റെടുത്തുവെന്നുപറഞ്ഞ് ഒരു വിജ്ഞാപനമിറക്കി. ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ ഒരു ആശ്വാസമുണ്ടായി. പക്ഷെ അതിനുശേഷം പഴയതിനേക്കാൾ ദയനീയമായി പോകുകയാണ്. അവിടെ മാലിന്യത്തിന്റെ മൂവ്മെന്റ് നടക്കുന്നില്ല. ഒന്നുകിൽ അത് ഭംഗിയായി നടത്തുകയോ അതല്ലെങ്കിൽ മുനിസിപ്പാലിറ്റിക്ക് ആവശ്യമായ സാമ്പത്തിക സഹായം കൊടുത്ത് മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ശ്രമം എടുക്കുകയോ ചെയ്ത് ഇതുപോലെയുള്ള നഗരസഭകളെ രക്ഷിക്കുന്നതിനുവേണ്ടി നടപടിയെടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: അക്കാര്യത്തിൽ എന്താണ് ഉണ്ടായിട്ടുള്ളതെന്ന് എനിക്ക് ഒറ്റവാക്കിൽ മറുപടി പറയാനാകില്ല. എന്റെ ശ്രദ്ധയിൽ അക്കാര്യം വന്നിട്ടില്ല, ഞാൻ പരിശോധിക്കാം. വികേന്ദ്രീകൃത മാലിന്യസംസ്കരണം തന്നെയാണ് കേരളത്തിന് അനുയോജ്യം. അതിന് തയ്യാറെടുപ്പ് നടത്തിയതും ഇപ്പോൾ ഹരിതകേരള മിഷൻവഴി ഇതൊക്കെ കൂട്ടിയോജിപ്പിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളും കേരളത്തിൽ വലിയ മാറ്റമുണ്ടാക്കുന്നുണ്ട്. ചില പ്രത്യേക സ്ഥലത്തെ വൻകിട പട്ടണങ്ങളിൽ അല്ലെങ്കിൽ ജില്ലാ കേന്ദ്രങ്ങളിലാണ് പ്രശ്നമുള്ളത്. അത്തരം സ്ഥലത്ത് കൂടുതൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന വാണിജ്യ കേന്ദ്രങ്ങൾ ഉണ്ടാകും, ഹോട്ടലുകളുണ്ടാകും. അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളാണ് നമ്മൾ ഇപ്പോൾ ആലോചിക്കുന്നത്. കേരളത്തിലാകെ ഇത് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടില്ല. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും മാലിന്യസംസ്കരണം സർക്കാർ നേരിട്ട് ഏറ്റെടുക്കുകയാണെന്ന് തെറ്റായി വ്യാഖ്യാനിക്കരുത്. നേരത്തെപറഞ്ഞ ഏഴ് സ്ഥലങ്ങളിലെ പ്രശ്നം മുൻ നിർത്തിയാണ് ഇങ്ങനെ ഒരു ഭേദഗതി ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അംഗീകരിക്കാൻ കഴിയുന്ന ഒരു ഭേദഗതിയാണിത്. അതുപോലതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണവും ജനാധിപത്യ സ്വഭാവവും ബന്ധപ്പെട്ട കാര്യങ്ങളിൽ വകുപ്പുകളുടെ ഏകോപനം നമുക്ക് ഏറെ സഹായകമാകും. ഈ വകുപ്പിന്റെ മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കേരളത്തിലെ മിക്കവാറും എല്ലാ വകുപ്പുകളുമായിട്ടുള്ള ഒത്തുചേരൽ ഇല്ലാതെ എങ്ങനെയാണ് മുന്നോട്ടു പോകുവാനാകുക? അധികാര വികേന്ദ്രീകരണമുണ്ടെങ്കിലും നമുക്കിനിയും മുന്നോട്ടുപോകാനുണ്ട്. അക്കാര്യങ്ങളൊക്കെ വീണ്ടും പരിശോധിക്കണം. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ആറ് വകുപ്പുകളെ കൂട്ടിയോജിപ്പിച്ചാൽ അതിന്റെ ഭാഗമായിട്ടുള്ള നേട്ടങ്ങളുണ്ടാകും. അതിലൂടെ ബഹുജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട സർവ്വീസ് നൽകാൻ ഇടയാക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇതിന്റെ

ഭാഗമായി ഇവിടെ വന്ന ചുരുക്കം കാര്യങ്ങൾകൂടി പറയാം. അതിലൊന്ന്, സാമ്പത്തിക പ്രയാസത്തിന്റെ കാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ചെലവഴിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. കഴിഞ്ഞ വർഷത്തെ പദ്ധതിപ്പണത്തിന്റെ ചെലവഴിക്കൽ മാർച്ച് മാസം 23-ാം തീയതി വരെ 84.5% ആണ്. ചില പ്രയാസങ്ങൾ ട്രഷറിയിൽ ഉണ്ടായിട്ടുണ്ട്. മാർച്ച് 23-ാം തീയതിക്കുശേഷമാണ് ക്യൂ ബിൽ വന്നത്. 84.5% സംഖ്യയുള്ള ബില്ലിന് ട്രഷറിയിൽ യാതൊരു തടസ്സവും വന്നിട്ടില്ല. കേരളത്തിലെ ഈ കാലത്തിനിടയ്ക്കുണ്ടായ ഏറ്റവും ഉയർന്ന പദ്ധതിപ്പണത്തിന്റെ ചെലവഴിക്കലാണ്. കഴിഞ്ഞ വർഷമെടുത്താലും അതിന് മുൻപത്തെ വർഷമെടുത്താലും ഇതിനുമുമ്പുള്ള യു.ഡി.എഫ്. ഭരണകാലത്തിന്റെ വർഷത്തിലെ കണക്കെടുത്തുനോക്കിയാലും 84.5% പദ്ധതിപ്പണം ചെലവഴിച്ചിട്ടുള്ള ഒരുവർഷം സമീപകാലത്തുണ്ടായിട്ടില്ല. അതിന്റെ ഭാഗമായി ഏതെങ്കിലും ചെലവുചുരുക്കൽ എന്നതിലേക്ക് പോയിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ അക്കാര്യം സൂചിപ്പിക്കുകയുണ്ടായി. മാർച്ച് മാസം 23 മുതൽ 30 വരെയുള്ള തീയതിയിൽ ക്യൂ ബിൽ വന്ന പണം അടുത്ത വർഷമാണ് നൽകുക. ആ വർഷം അനുവദിക്കാൻ തുകയുണ്ടായില്ല. അടുത്ത വർഷത്തെ പദ്ധതി തുകയിൽനിന്നും നൽകി. അതിന്റെ ഭാഗമായി കൂടുതൽ പദ്ധതികളെടുക്കാൻ 20% വരെ അനുവദിച്ചു. ഈ സഭയിൽ അത് വ്യക്തമാക്കപ്പെട്ടതാണ്. തെറ്റിദ്ധാരണയുണ്ടാക്കാൻ വീണ്ടും ആവർത്തിക്കേണ്ടതില്ലെന്ന് എനിക്ക് തോന്നുന്നു. ഇതുമായി ബന്ധപ്പെട്ട് കോർപ്പറേഷനുകൾക്ക് 30% വരെ പദ്ധതി കൂടുതൽ എടുക്കുവാൻവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അറിയിക്കുന്ന സ്ഥിതിയുണ്ടായി. നഗരസഭകൾക്ക് സാമ്പത്തിക പ്രയാസങ്ങൾ ഇല്ലെന്നൊന്നും പറയുന്നില്ല, പ്രയാസങ്ങളുണ്ട്. ആ പ്രയാസങ്ങൾക്കിടയിലും നല്ലപോലെ പ്രവർത്തിച്ച് മുന്നോട്ടുപോകാനുള്ള നടപടികൾ ആയിട്ടുണ്ട്. പ്രളയത്തെപ്പോലും അതിജീവിച്ചാണ് കഴിഞ്ഞ വർഷം 84.5%-ത്തിലേക്കെത്തിയത്. ഈ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണത്തിന് കട്ടില്ലെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ഏതെങ്കിലും പ്രശ്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടേണ്ടിവരുമെന്ന് കരുതുന്നില്ല. കഴിഞ്ഞ ഡിസംബർ മാസത്തിൽ തന്നെ പദ്ധതിയുണ്ടായി. ചില പദ്ധതി പ്രവർത്തനങ്ങൾ പുതിയത് വന്നപ്പോൾ ബഡ്ജറ്റിന്റെ അലോക്കേഷനുമായി ബന്ധപ്പെട്ട് പുതുക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് നല്ല സമയം ലഭിച്ചിട്ടുണ്ട്, അതിന്റെ ഭാഗമായിട്ടുള്ള പ്രവൃത്തികളും നടക്കുന്നു. പദ്ധതികൾക്ക് തുക അനുവദിച്ചിട്ടില്ല എന്നുള്ള പ്രശ്നങ്ങൾ വന്നിട്ടില്ല. പറവൂർ മുനിസിപ്പാലിറ്റിയുടെ പദ്ധതിപ്പണത്തിന്റെ രണ്ട് ഗഡു സംഖ്യ ഒറ്റയടിക്ക് പിടിച്ചെടുത്തുവെന്നുപറഞ്ഞ് ഒരു പ്രശ്നം വന്നു. അത്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. വി. ഡി. സതീശനും അവിടത്തെ മുനിസിപ്പൽ ചെയർമാനും കൂടിയിരുന്ന് പരിശോധിച്ച് പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്; അത് പരിഹരിക്കാൻ കഴിയും. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊക്കെ സ്വാഭാവികമായി അവരുടെ പദ്ധതി പ്രവർത്തനങ്ങളുമായും സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുമായും തടസ്സമില്ലാതെ ഇതുവരെ മുന്നോട്ടുപോയിട്ടുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: സർ, ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റ് വലിയൊരു പ്ലാന്റാണെന്നാണ് അറിയാൻ കഴിഞ്ഞത്. ഈരാറ്റുപേട്ട, പാലാ മുനിസിപ്പാലിറ്റികളിലെ മാലിന്യങ്ങൾകൂടി അവിടെ പ്രോസസ് ചെയ്യുവാൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾ ആലോചിച്ചിട്ടില്ല. ആ പരിസരത്തുള്ള കളമശ്ശേരി, ഏലൂർ, കൊച്ചി എന്നീ സ്ഥലങ്ങളിലെ മാലിന്യങ്ങൾ മാത്രമാണ് പ്രോസസ് ചെയ്യുവാൻ ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. അവിടെത്തന്നെ സംസ്കരിക്കാൻ കഴിയുന്ന മാലിന്യമാണ് പാലായിലും ഇരാറ്റുപേട്ടയിലും ഉള്ളത്. ചെറിയ മുനിസിപ്പാലിറ്റികളാണ്. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിത്തുകയുടെ കാര്യത്തിൽ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട ആക്ഷേപം ഇവിടെ വന്നു. ലൈഫ് മിഷനിൽ അധികാരം നൽകിയത് തിരിച്ചെടുക്കുകയല്ല ചെയ്തത്. കേരളത്തിൽ ഇത്രയധികം വീടുകൾ നിർമ്മാണം പൂർത്തിയാക്കിയ ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ? ഒരു മിഷൻ മോഡലിൽ ഗവൺമെന്റ് ഏകപക്ഷീയമായി തീരുമാനിച്ചതല്ല. ഡോ. കെ. ടി. ജലീൽ മന്ത്രിയായിരുന്നപ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർ പ്രത്യേക സമ്മേളനം വിളിച്ചുചേർത്ത് അവരുടെകൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസത്തിനും മറ്റും വേണ്ടിയുള്ള മിഷനുകൾ കേരളത്തിൽ വന്നത്. അതുപോലെതന്നെ ലൈഫ് മിഷനും വന്നത്. ആദ്യ ഘട്ടത്തിൽ പൂർത്തിയാകാതെ കിടന്ന 54000 വീടുകൾ പൂർത്തീകരിച്ചു. ഇപ്പോൾ ഏകദേശം 74000 വീടുകൾ പൂർത്തീകരിച്ചു. ഒന്നരലക്ഷം വീടുകൾ മൂന്ന് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞ ഏത് കാലമാണുണ്ടായിട്ടുള്ളത്? ലൈഫിന്റെ മൂന്നാംഘട്ടത്തിലുള്ള ജോലികളും നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥലം കണ്ടെത്തിക്കഴിഞ്ഞു, ടെണ്ടർ നടപടിയിലേക്ക് പോയിട്ടുണ്ട്. സ്വാഭാവികമായും സ്ഥലം കണ്ടെത്തുന്നതിനും മറ്റുമൊക്കെയുള്ള കാലതാമസമുണ്ടായിട്ടുണ്ട്. അർഹതപ്പെട്ടവർ വന്നിട്ടില്ലെന്ന ആക്ഷേപം ചിലസ്ഥലത്ത് പറയുന്നുണ്ട്. പക്ഷേ ഞാൻ പറയുന്നൊരുകാര്യം, ഒരു വർഷത്തിൽ ഒരു പഞ്ചായത്ത് അഞ്ചോ-പത്തോ വീടുകൾ നൽകിയിരുന്നതിനു

പകരം അൻപതും നൂറും ഇരുന്നൂറും ഒരു മുനിസിപ്പാലിറ്റി ആയിരത്തി അഞ്ഞൂറും രണ്ടായിരവുമൊക്കെ വീടുകൾ നൽകിയത് മിഷൻ മോഡൽ നടപ്പിലാക്കിയതിന്റെ ഭാഗമായിട്ടാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഏത് സർക്കാർ വന്നുകഴിഞ്ഞാലും ഏറ്റവും നന്നായി നടത്തുന്ന ഒരു പദ്ധതിയാണ് വീടും ഭൂമിയും നൽകുക എന്നുള്ളത്. യഥാർത്ഥത്തിൽ ലൈഫ് പദ്ധതിയിലേയ്ക്ക് ഇത് ലയിപ്പിച്ചതോടുകൂടി അത് മുഴുവൻ താളം തെറ്റിയിരിക്കുകയാണ്. ഈ ഒരു സിസ്റ്റം നിലനിർത്തിക്കൊണ്ട്, നിങ്ങൾ ഈ രീതിയിൽ തന്നെ കൊടുത്തുകഴിഞ്ഞിട്ട് ലൈഫ് പദ്ധതിയുടെ ഭാഗമായി ഇത്രയും വീടുകൾ നൽകി എന്നുപറയുന്നതിൽ തെറ്റില്ല. പക്ഷേ എസ്.സി./എസ്.ടി. വകുപ്പുകളുടെ തുക മുഴുവൻ ഇവിടേയ്ക്ക് പൂൾ ചെയ്തിട്ട് അവിടെ എന്ത് നടക്കുന്നുവെന്ന് വകുപ്പുകൾ അറിയുന്നില്ല. എത്ര ഭവനങ്ങൾ എസ്.സി./എസ്.ടി വിഭാഗത്തിന് നൽകിയിട്ടുണ്ടെന്ന് പരിശോധിച്ചുനോക്കിയാൽ വളരെക്കുറവാണ്. അതുകൊണ്ട് ഇതിൽത്തന്നെ നിലനിർത്തിക്കൊണ്ട് ആ പദ്ധതി നടപ്പാക്കി എന്നുപറയുന്നതിൽ എന്താണ് തെറ്റുള്ളത്? ഈ വിഭാഗത്തിന് വീടിനായും ഭൂമിക്കായും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഇന്ന് ലഭിക്കുന്നില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് പഞ്ചായത്തിന്റെ അധികാര വികേന്ദ്രീകരണത്തിനെതിരായിട്ടുള്ള കാര്യമാണ് ഇപ്പോൾ പറഞ്ഞത്. എന്നുവച്ചാൽ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതുകൊണ്ട് പ്രശ്നമായി എന്ന്. അങ്ങനെ പറയേണ്ട. കാരണം, ഏറ്റവും കൂടുതൽ വീടില്ലാത്തവരുടെ വിവരം അറിയുന്നത് പഞ്ചായത്താണ്. മിഷനെന്നുപറയുന്നത് ബന്ധപ്പെട്ട വിവിധ ഹൗസിംഗ് സ്കീമുകളൊക്കെ കൂട്ടിച്ചേർത്ത ഒന്നാണ്. അതിന്റെ ഭാഗമായിട്ടുള്ള പരിശോധന നടക്കുന്നുണ്ട്. തടസ്സങ്ങൾ നീക്കാൻ ശ്രമിക്കുന്നുണ്ട്. പട്ടികജാതി വകുപ്പിന്റെ പ്രത്യേക കണക്ക് ഇപ്പോൾ എന്റെ കയ്യിലില്ല. പക്ഷേ പട്ടികജാതി വകുപ്പുമന്ത്രി ഈ മിഷന്റെ ഭാഗമായിട്ടുമാത്രമല്ല പ്രത്യേക മോണിറ്ററിംഗും നടത്തുന്നുണ്ട്. അവരുടെ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന പട്ടികജാതിക്കാരുടെ വീടുകൾ എത്രയെണ്ണം പൂർത്തിയായി എന്നുള്ളത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഏതെങ്കിലും കുറവുകളുണ്ടെങ്കിൽ നമുക്ക് പരിഹരിക്കാൻ സാധിക്കും. പക്ഷേ ഈ മിഷൻ മോഡൽ വന്നതോടുകൂടി കേരളത്തിലെ ഭവനനിർമ്മാണ രംഗത്ത് വലിയ മാറ്റമുണ്ടാകുകയാണ്. ഭൂമിയില്ലാത്ത ഭവനരഹിതർക്ക് അടിമാലിയിൽ നിർമ്മിച്ചത് 217 ഫ്ലാറ്റുകളാണ്. അവിടെ 163 ആളുകൾ താമസം തുടങ്ങി. 56 സ്ഥലങ്ങളിൽ ഇപ്പോൾ ടെണ്ടർ നടപടികൾ

പൂർത്തീകരിച്ചു. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ 140 ഫ്ലാറ്റിന്റെ നിർമ്മാണം നടക്കുകയാണ്. ഭവനരഹിതരായ ആളുകൾക്ക് ലഭ്യമാകുന്ന സർക്കാർ ഭൂമി പ്രയോജനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി വാങ്ങി നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. മൂന്ന് സെന്റ് ഭൂമി വാങ്ങാനായി മുനിസിപ്പാലിറ്റിക്കും ഗ്രാമപഞ്ചായത്തുകൾക്കുമൊക്കെ തുക ചെലവഴിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഭൂരഹിതരായ ആളുകൾക്ക് വീട് നിർമ്മിക്കണമെങ്കിൽ സ്ഥലം കണ്ടെത്താനും ഇതിന്റെ ഭാഗമായിട്ടുള്ള സൗകര്യം ചെയ്തിട്ടുണ്ട്. ഞാൻ സൂചിപ്പിച്ചത് ഒറ്റകാര്യമേയുള്ളൂ. അധികാരത്തെ തിരിച്ചെടുത്തു എന്നുപറയുമ്പോൾ രാജ്യത്ത് ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പഴയ കാലത്തേക്കാൾ പഞ്ചായത്ത് മുന്നിൽ വന്നിട്ടുണ്ട്. ഞങ്ങളുടെ അഭിപ്രായം, ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ അങ്ങനെ മുന്നോട്ട് വന്നിട്ടുണ്ടെന്നുള്ള കാര്യം സൂചിപ്പിക്കാനാണ്. അത് അവരെ ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകൾവഴി ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യാനാകും എന്ന നല്ല ധാരണയുണ്ടാക്കാൻ ഇത് സഹായിച്ചിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. മൂവായിരത്തിൽപ്പരം കോടി രൂപ വേൾഡ് ബാങ്ക് വായ്പ നമുക്ക് ലഭ്യമാകും എന്നൊക്കെയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. വേൾഡ് ബാങ്കുമായി ചർച്ച നടത്തിയിരുന്നു. പക്ഷേ അവർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം, 93 നഗരസഭകൾക്ക് ഇത് നൽകുമ്പോൾ അത് വായ്പയുടെ പരിധിയിൽ വരുന്നു. കേന്ദ്ര സർക്കാർ നമ്മുടെ വായ്പയുടെ പരിധി കുറച്ചതിനെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്തിരുന്നു. അതാണ് കേരളത്തിന്റെ പ്രതിസന്ധിയുടെ കാരണങ്ങളിൽ ഒന്ന്. സ്വാഭാവികമായും ഈ വായ്പാപരിധിയിൽ മൂവായിരം കോടി രൂപ കൂടി വരുമ്പോൾ മറ്റ് വികസനപ്രവർത്തനങ്ങൾക്ക് കടമെടുക്കേണ്ടത് സംബന്ധിച്ച് ചർച്ച നടക്കുകയാണ്. വേണ്ടായെന്ന് വച്ചിട്ടില്ല. സ്വാഭാവികമായും അവർ മുനിസിപ്പാലിറ്റിക്ക് നൽകാൻ തയ്യാറാകുകയാണെങ്കിൽ, കേരളത്തിലെ വികസനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ നിബന്ധനകളാണെങ്കിൽ അത് സ്വീകരിക്കാനും തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, വേൾഡ് ബാങ്ക് മുനിസിപ്പാലിറ്റികൾക്ക് ഓരോ സ്കീമിനുംവേണ്ടി പ്രത്യേകം ഫണ്ട് കൊടുക്കാൻ തയ്യാറാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ ഫണ്ട് പദ്ധതിയുടെ ഭാഗമായിത്തന്നെ കൊടുക്കാൻ പാടുള്ളൂവെന്ന് സർക്കാർ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് മുനിസിപ്പാലിറ്റികൾക്ക് നടപടി സ്വീകരിക്കാൻ കഴിയാതെ പോകുന്നത്. അതുകൊണ്ട് ഇക്കാര്യം വ്യക്തമാക്കിയാൽ നന്നായിരിക്കും.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇത് borrowing-ന്റെ പരിധിയിൽ വരും. ഇപ്പോൾ കേന്ദ്രഗവൺമെന്റിൽനിന്നും കടമെടുക്കാനുള്ള പരിധി സംസ്ഥാന ഗവൺമെന്റിന്റ് കുറച്ചു. 4000 കോടി രൂപയിൽ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണ് ഈ വർഷം കടമെടുത്തിരിക്കുന്നത്. അതിലേയ്ക്ക് നൽകിയിട്ട് എന്താണ് കാര്യം? സർക്കാരിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് കടമെടുക്കണമെങ്കിൽ മുനിസിപ്പാലിറ്റികൾക്കുവേണ്ടിയുള്ള പദ്ധതിയിൽ തരാമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. അത് പറ്റില്ല. സ്വതന്ത്രമായി തരണമെന്നാണ് നമ്മുടെ ഡിമാന്റ്. അതിന്റെ ചർച്ച നടക്കുകയാണ്. മുനിസിപ്പാലിറ്റികൾക്ക് അത് കൊടുക്കേണ്ട എന്നുള്ള ധാരണ നമുക്കില്ല. ആ വായ്പയെടുത്താൽ മുനിസിപ്പാലിറ്റികൾക്ക് സ്വതന്ത്രമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യണ മെന്നാണ് സർക്കാരിന്റെ അഭിപ്രായം. അതിലേയ്ക്ക് അവരെ കൊണ്ടുവരാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. മിക്കവാറും ഇവിടെ വന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടതൊക്കെ പറഞ്ഞിട്ടുണ്ടെന്നാണ് വിചാരിക്കുന്നത്. ബില്ലുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിലും തുടർന്നുള്ള ബില്ലിന്റെ ചർച്ചാവേളയിലും അവതരിപ്പിക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സണ്ണി ജോസഫ്, 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

Shri. A. P. Anil Kumar: Sir, I move that - "This House resolves to disapprove The Kerala Jewellery Workers' Welfare Fund (Amendment) Ordinance, 2019 (Ordinance No. 38 of 2019)."

2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട നിയമത്തിൽ ഏതാനും ചില ചെറിയ ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. ഭേദഗതികൾ ചെറുതാണെങ്കിലും ക്ഷേമനിധിയുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന ഒന്നായി മാറുമെന്നാണ് എനിക്ക് തോന്നുന്നത്. വ്യാപാരികളിൽനിന്നും

ലഭിക്കുന്ന വിറ്റുവരവിന്റെ 0.25 ശതമാനമാണ് സെസ്സിലൂടെ എടുക്കാൻ തീരുമാനിച്ചത്. ഇപ്പോഴത് ഭേദഗതിയിലൂടെ 0.1 ശതമാനമാക്കി മാറ്റിയിരിക്കുകയാണ്. ആഭരണ തൊഴിലാളിയുമായി ബന്ധപ്പെട്ട ഇത്തരമൊരു ചർച്ച 2002-ലും 2004-ലും സഭയിൽ നടന്നതാണ്. 2009-ൽ ബിൽ സഭയിൽ വരികയും പിന്നീടത് നിയമമാകുകയും ക്ഷേമനിധിബോർഡ് രൂപീകരിക്കുകയും ചെയ്തു. അന്ന് ബഹുമാനപ്പെട്ട മന്ത്രി പി. കെ. ഗുരുദാസനാണ് ക്ഷേമനിധിയുമായി ബന്ധപ്പെട്ട ബിൽ കൊണ്ടുവന്നത്. വിറ്റുവരവിന്റെ 0.25 ശതമാനം സെസ്സിലൂടെ ലഭ്യമാകുമെന്നും അതിൽ ഭരണപരമായ കാര്യങ്ങൾക്കുള്ള തുക കഴിഞ്ഞാൽ 6 കോടി രൂപയിലധികം പ്രതിവർഷം ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലഭ്യമാകുമെന്നും അന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പത്ത് വർഷങ്ങൾക്കുശേഷം അത് 0.1 ശതമാനമാക്കി മാറ്റുമ്പോൾ നിലവിലുള്ള അവസ്ഥ എന്തായിരിക്കുമെന്ന് ഞാൻ പറയേണ്ട കാര്യമില്ല. 0.25 ശതമാനം ഏർപ്പെടുത്തിയിട്ടുപോലും പലരും കോടതിയിൽ പോയി. സാമ്പത്തിക സ്ഥിതി വളരെ മോശമായ അവസ്ഥയിൽ പണം അടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിലായിരിക്കാം ഇത്തരമൊരു മാറ്റം വന്നിട്ടുള്ളത്. ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളം അത് ശക്തിപ്പെടുത്തുന്നതിനുപകരം ദുർബ്ബലപ്പെടുത്താനേ ഇത് ഉപകരിക്കുവെന്നാണ് എനിക്കുതോന്നുന്നത്. അങ്ങനെ ദുർബ്ബലപ്പെടേണ്ട ഒരു ക്ഷേമനിധിയല്ല ആഭരണ തൊഴിലാളി ക്ഷേമനിധിയെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ജനാധിപത്യത്തിൽ ജനങ്ങളുടെ എണ്ണവും വോട്ടിന്റെ ശക്തിയെയും നോക്കി ഓരോ സമൂഹത്തിന്റെയും താൽപര്യങ്ങൾ കണക്കുകൂട്ടി ഏതാണോ കൂടുതലുള്ളത് അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയെന്നുള്ള വ്യവസ്ഥിതിയിൽനിന്നും മാറി, സമൂഹത്തിൽ ഏത് വിഭാഗമാണോ പ്രയാസം അനുഭവിക്കുന്നത് ആ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യാനും അതിന് പരിഹാരം കാണാനും ഗവൺമെന്റ് തയ്യാറാകുമ്പോഴാണ് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും അതിന്റേതായ ഗുണം ലഭിക്കുന്നത്. പക്ഷേ, കേരളത്തിന്റെ സാഹചര്യം മറിച്ചാണ്. സംഘടിത ശക്തിയായി നിൽക്കുന്ന സമൂഹങ്ങൾ പറയുന്നത് കേൾക്കാനാണ് ഇരുപക്ഷത്തിനും കൂടുതൽ താൽപര്യമുള്ളത്. അതല്ലാത്ത വിഭാഗങ്ങളുടെ കാര്യത്തിൽ പലപ്പോഴും ചെറിയ ഇത്തരം പ്രഹസനങ്ങൾക്ക് അപ്പുറത്തേയ്ക്ക് പോകാൻ ആരും തയ്യാറാകാത്ത സാഹചര്യമാണ് ഉണ്ടാകാറുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിൽനിന്നും വ്യത്യസ്തമായ സമീപനം കേരളത്തിൽ സ്വീകരിക്കുകയുണ്ടായി. പരമ്പരാഗത തൊഴിൽ ചെയ്യുന്ന പല സമൂഹങ്ങളും, അതായത് ചില സമുദായങ്ങൾ പലപ്പോഴും അവരുടെ പ്രശ്നങ്ങൾ കാണാതെയും കേൾക്കാതെയും പോകുന്ന സാഹചര്യം, അത് യു.ഡി.എഫ്. സർക്കാരായാലും എൽ.ഡി.എഫ്. സർക്കാരായാലും ഉണ്ടായിരുന്നു. കഴിഞ്ഞ

5 വർഷക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റ് അത്തരത്തിലുള്ള ചെറിയ ചെറിയ സംഘടനകൾ, ജനസംഖ്യയിൽ 5000 വരുന്ന സമൂഹമോ അല്ലെങ്കിൽ 10000, 15000 ആയാലും അവരുടെയൊക്കെ പ്രശ്നം പരിഹരിച്ച് കാര്യങ്ങൾ ചെയ്യുന്നതിന് പ്രത്യേകം താൽപര്യം എടുത്തിരുന്നു. അങ്ങനെ ഏതാണ്ട് മുപ്പതോളം ചെറു സമുദായങ്ങൾക്ക് ധാരാളം കാര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് കുറെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. പ്രൊഫഷണൽ കോഴ്സുകൾക്കുൾപ്പെടെ രണ്ട് ശതമാനം സംവരണം ഏർപ്പെടുത്തി. വിദ്യാഭ്യാസ രംഗത്തും സ്ത്രീകൾക്ക് കുറേയേറെ കാര്യങ്ങൾ ചെയ്തു. അതുപോലെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ട് ഏറ്റവും പ്രയാസം അനുഭവിക്കുന്നവരെ സഹായിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. പരമ്പരാഗത തൊഴിലുകളുടെ കാര്യമെടുത്താൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്നത് സ്വർണ്ണപ്പണി ചെയ്യുന്ന വിശ്വകർമ്മജരാണെന്ന് മനസ്സിലാകും. 1980-കളിലും 1990-ന്റെ ആദ്യഘട്ടത്തിലുമൊക്കെ ഇവരുടെ ജീവിത നിലവാരം സമൂഹത്തിലെ മറ്റേത് വിഭാഗങ്ങളെക്കാൾ നല്ല രീതിയിൽ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയായിരുന്നു. സ്വർണ്ണപ്പണിയിൽ നിന്നുള്ള വരുമാനം കൊണ്ട് നന്നായി ജീവിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരികയും ചെയ്ത വിഭാഗമാണിത്. നിർഭാഗ്യമെന്നുപറയട്ടെ, 1990-കളിലെ ആരംഭത്തിൽ സാമ്പത്തിക രംഗത്തുള്ള മാറ്റങ്ങളുടെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിച്ച വിഭാഗം സ്വർണ്ണപ്പണി ചെയ്യുന്നവരാണെന്ന് നമുക്ക് മനസ്സിലാകും. കാരണം, അവർക്കുണ്ടായിരുന്ന പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെട്ടു; അവരുടെ കൊച്ചുകൊച്ചു ജ്വല്ലറികൾ ഇല്ലാതായി. ആ ജ്വല്ലറികളുടെ സ്ഥാനത്ത് വലിയ മാളുകൾ വരികയും അവിടെ കോടികളുടെ കച്ചവടം നടക്കുന്ന സ്ഥാപനങ്ങൾ വരികയും ചെയ്തു. പുതിയ കണക്കനുസരിച്ച് കേരളത്തിൽ അഞ്ചോ ആറോ വിഭാഗങ്ങളാണ് സ്വർണ്ണ വ്യാപാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത്. ഈ സ്വർണ്ണ വ്യാപാരം ഇവിടെ കോടിക്കണക്കിന് രൂപയുടെ വിറ്റു വരവുണ്ടാക്കുമ്പോഴും ഇവിടത്തെ പരമ്പരാഗത തൊഴിലാളികൾക്ക് ഒരു ജോലിയും ലഭിക്കുന്നില്ല, അവർ വളരെ കഷ്ടപ്പെടുന്ന സാഹചര്യമാണ്. കേരളത്തിന് പുറത്ത് മുംബൈയിലും കോയമ്പത്തൂരുമെല്ലാമുള്ള മാനുഫാക്ചറിംഗ് ഫാക്ടറികളിൽ നിന്നാണ് സ്വർണ്ണാഭരണങ്ങൾ നമ്മുടെ നാട്ടിലേയ്ക്ക് വരുന്നത്. ചെറിയ ജ്വല്ലറികൾ ഓരോ വർഷം കഴിയുംതോറും അടച്ചുപൂട്ടേണ്ട സ്ഥിതിയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ടുതന്നെ ഈ ക്ഷേമനിധി ബോർഡിനെ മറ്റ് ക്ഷേമനിധി ബോർഡിനെപ്പോലെ കാണാതെ ഒരു സമുദായം അനുഭവിക്കുന്ന പ്രയാസങ്ങളെ അഡ്രസ് ചെയ്യേണ്ട ഒന്നായി കാണണം. 2010-ലാണ് ഈ ക്ഷേമനിധി

കൊണ്ടുവരുന്നത്. ഇപ്പോൾ 2019 ആയി. ഏതാണ്ട് ഒരു ലക്ഷത്തിലധികം തൊഴിലാളികൾ ഈ മേഖലയിൽ ഇന്നുണ്ടെങ്കിലും 17000-ത്തോളം ആളുകൾ മാത്രമാണ് ഈ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിന്റെ കാരണം ക്ഷേമനിധി ബോർഡിൽനിന്നും തുച്ഛമായ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് എന്നതാണ്. ക്ഷേമനിധി ബോർഡിൽനിന്ന് കിട്ടുന്ന പെൻഷനേക്കാൾ കൂടുതൽ പുറത്ത് കിട്ടുന്ന മാർഗ്ഗമുണ്ടാകും. അതുകൊണ്ട് ഇക്കാര്യം പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ക്ഷേമനിധിയിലൂടെ പരമാവധി ആനുകൂല്യങ്ങൾ ഇവർക്ക് നൽകാൻ കഴിയണം. സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവർക്കുപോലും ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കുന്നുണ്ട്. ഈ പാവപ്പെട്ടവരുടെ കാര്യത്തിലും തീരുമാനമെടുക്കണം. ഇന്ന് സ്വർണ്ണാഭരണമുണ്ടാക്കുന്ന ആളുകളുടെ എണ്ണം കുറവാണ്. പണ്ടെല്ലാം റോഡിലൂടെ പോയിക്കഴിഞ്ഞാൽ സ്വർണ്ണം ഊതി സ്വർണ്ണപ്പണിയിലേർപ്പെട്ടിരുന്ന ഒരു കാഴ്ചയായിരുന്നു. ഇന്ന് അവിടെയെല്ലാം ഉരുകുന്നത് ജീവിതങ്ങളാണ്. ഇന്ന് ഈ രംഗത്തുള്ളവർ എന്ത് ജോലി ചെയ്യണമെന്നറിയാതെ നിൽക്കുകയാണ്. ഈ രംഗത്ത് പ്രത്യേകം പ്രാവീണ്യമുള്ള ആളുകളാണ് ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്നത്. ബംഗാളിൽ നിന്ന് വരുന്ന തൊഴിലാളികളെല്ലാം സ്വർണ്ണപ്പണിയിൽ പ്രാവീണ്യം ഉള്ളവരും കുറഞ്ഞ ചെലവിൽ ഇത്തരം പണികൾ ചെയ്യുന്നവരുമാണ്. ബംഗാൾ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്ക് എവിടെയും പോയി ജോലി ചെയ്യാം. പരമ്പരാഗതമായി ഈ തൊഴിൽ ചെയ്യുന്ന ആളുകൾ 100 ശതമാനം പട്ടിണിയിലേക്ക് പോകുന്നത് വളരെ നിർഭാഗ്യകരമായ കാര്യമാണ്. ഞാൻ മറ്റ് കാര്യങ്ങളിലേക്കൊന്നും പോകുന്നില്ല. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ ഒരു ശതമാനം സെസ് പൂർണ്ണമായി പിരിച്ചെടുക്കാനുള്ള സാഹചര്യമുണ്ടാക്കണം. എങ്കിൽ മാത്രമേ ഈ ക്ഷേമനിധി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. വളരെയധികം ചർച്ച ചെയ്ത് കൊണ്ടുവന്ന നിയമമാണിത്. നിയമം പ്രാവർത്തികമാക്കി ബോർഡ് വന്നു, ബോർഡിന് ചെയർമാനും മറ്റ് സൗകര്യങ്ങളുമുണ്ട്. പക്ഷെ അതിന് ആനുകൂല്യം കുറവാണ്. ഇപ്പോൾ 0.25% ആയിട്ടും അടവ് നടക്കുന്നില്ല, പലരും കോടതിയിൽ പോകുന്നുവെന്ന് പറഞ്ഞു. 0.1% ആണെങ്കിലും അതേ പ്രക്രിയ ഇനിയും തുടരും. അതുകൊണ്ട് ഈ ക്ഷേമനിധി തുടരുന്നതിനായി വിറ്റുവരവിന്റെ ഭാഗമായിട്ടുള്ള ഒരു ശതമാനം സെസ്സെങ്കിലും പൂർണ്ണമായും പിരിച്ചെടുക്കാൻ ഗവൺമെന്റ് താല്പര്യം കാണിക്കണം. അവർക്ക് സ്വന്തമായി ഒരു പാരമ്പര്യ തൊഴിലുണ്ടായിട്ടും മറ്റുപല തൊഴിലിനും പോകേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. അതിന് പരിഹാരം കാണാൻ ഈയൊരു ഭേദഗതികൊണ്ട് കഴിയുമെങ്കിൽ അത് ഉപകാരപ്രദമാകുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാറിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: സർ, നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒട്ടനവധി നിയമങ്ങളും ഭേദഗതികളും കൊണ്ടുവന്നിട്ടുണ്ട്. ഇതിൽ മിക്കവാറും ബില്ലുകളും തൊഴിലാളി വിരുദ്ധ ബില്ലുകളായാണ് എനിക്ക് തോന്നിയിട്ടുള്ളത്. 2018-ൽ പാസ്സാക്കിയ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ യഥാർത്ഥത്തിൽ ഒരു തൊഴിലാളി വിരുദ്ധ ബില്ലായിരുന്നു. അങ്ങ് ഒട്ടനവധി ഓഫറുകളെല്ലാം പറഞ്ഞുകൊണ്ടാണ് ഞങ്ങളും ആ ബില്ലിനെ പിന്തുണച്ചത്. ചുമട്ടുതൊഴിലാളികൾക്ക് പരമ്പരാഗതമായി തൊഴിലെടുക്കുന്നതിന് തടസ്സം വരുന്ന രീതിയിലാണ് അന്ന് ആ നിയമം കൊണ്ടുവന്നത്. നിക്ഷേപങ്ങൾ നമ്മുടെ സംസ്ഥാനത്തേക്ക് വരട്ടെ എന്നുള്ള താല്പര്യം ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ എടുത്തപ്പോൾ ആ ബിൽ പാസ്സാകുകയാണുണ്ടായത്. പക്ഷെ അതിനുശേഷം ഒരു നിക്ഷേപവും വന്നിട്ടില്ല എന്നുള്ളത് അങ്ങേയ്ക്കുമറിയാം. ഇന്നിവിടെ അവതരിപ്പിക്കുന്നത് 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബില്ലാണ്. ആഭരണ തൊഴിലാളി ക്ഷേമനിധി എന്നാണ് ബില്ലിന്റെ പേരെങ്കിലും ഇത് യഥാർത്ഥത്തിൽ സ്വർണ്ണ-വജ്ര വൻകിട കുത്തകകളെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. അല്ലാതെ ആ രംഗത്തുള്ള തൊഴിലാളികളെ സഹായിക്കാൻ വേണ്ടിയുള്ളതല്ല. 14-ാം നിയമസഭയിൽത്തന്നെ വിവിധ സമ്മേളനങ്ങളിലായി ഒട്ടനവധി ബില്ലുകൾ അങ്ങുതന്നെ കൊണ്ടുവന്നു. അതെല്ലാം ബാർ മുതലാളിമാർക്കും ക്രഷർ മുതലാളിമാർക്കും സ്വാശ്രയ മുതലാളിമാർക്കും വേണ്ടിയുള്ള നിയമങ്ങളും ബില്ലുകളുമാണ്. ഇപ്പോൾ ഇതുപോലെ സ്വർണ്ണ-വജ്ര കുത്തകകൾക്കുവേണ്ടി ഒരു ഭേദഗതി ബില്ലാണ് കൊണ്ടുവന്നിരിക്കുന്നത്. ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അത് മനസ്സിലാക്കാൻ കഴിയും. കേരളത്തിലെ ആഭരണ നിർമ്മാണ തൊഴിലാളികൾ ഭൂരിപക്ഷവും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവരായി മാറിക്കൊണ്ടിരിക്കുകയാണ്. മഹാഭൂരിപക്ഷം ആളുകളും തൊഴിലില്ലാത്തവരായി മാറി. പരമ്പരാഗതമായി തൊഴിലിൽ ഏർപ്പെട്ടു കൊണ്ടിരുന്ന ഒട്ടനവധി ആളുകൾ കേരളത്തിലുണ്ടായിരുന്നു. ഇവിടെ ശ്രീ. എ. പി. അനിൽ കുമാർ അതിനെക്കുറിച്ച് പറഞ്ഞു. വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവരാണ് 95 ശതമാനവും ഈ മേഖലയിൽ തൊഴിലെടുത്തുകൊണ്ടിരിക്കുന്നത്. ഇവർക്കിപ്പോൾ തൊഴിൽ ഇല്ല. കേരളത്തിൽ വളരെ കുറച്ചാളുകളാണ് ഈ മേഖലയിൽ ഇന്ന് തൊഴിലെടുത്തുകൊണ്ടിരിക്കുന്നത്. പുതിയ സ്വർണ്ണാഭരണങ്ങൾ നമ്മുടെ സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവന്നുകൊണ്ടിരിക്കുകയാണ്. വൻകിട ജ്വല്ലറികളെല്ലാം ഇവർക്ക് തൊഴിൽ കൊടുക്കാതെ മെഷീനിൽ തയ്യാറാക്കിയ സ്വർണ്ണാഭരണങ്ങളാണ് ഇവിടെ കൊണ്ടുവന്ന് വിൽപ്പന

നടത്തുന്നത്. പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന വിശ്വകർമ്മജരുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരിൽ 60 വയസ് കഴിഞ്ഞവർക്ക് 600 രൂപ പെൻഷൻ കൊടുക്കാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചു. ഇപ്പോഴും 600 രൂപയേ കൊടുക്കുന്നുള്ളൂ. 60 വയസ് കഴിയുമ്പോൾ കാഴ്ചയെല്ലാം മങ്ങും, പിന്നീട് സ്വർണ്ണപ്പണി ചെയ്യാൻ സാധിക്കില്ല. അവർക്കൊരു ആശ്വാസം ലഭിക്കട്ടേയെന്ന് കരുതിയാണ് അന്ന് ബഹുമാന്യനായ മന്ത്രി പി. കെ. ഗുരുദാസൻ ഈ ക്ഷേമനിധി നിയമം കൊണ്ടുവന്നത്. പക്ഷെ അത് പൂർണ്ണമായും ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. 2009-ൽ ഈ ക്ഷേമനിധി ബിൽ ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് വേണ്ടിയാണ് സഭയിൽ കൊണ്ടുവന്നത്.

ശ്രീ. പി. സി. ജോർജ്: സർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ ഒന്നാമത്തെ അമെന്റ്മെന്റ്, സെസ്സ് 0.25% ആയിരുന്നത് 0.1% ആയി ചുരുക്കി എന്നുള്ളതും രണ്ടാമത്തെ അമെന്റ്മെന്റ്, വാങ്ങുമ്പോൾ സെസ്സ് വേണ്ട, വിൽക്കുമ്പോൾ 0.1% സെസ്സ് മതി എന്നുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇവിടെ നടക്കുന്നത്. രണ്ട് ലക്ഷം പേരാണ് ഈ മേഖലയിലുള്ളത്. മന്ത്രിതന്നെ അതിന്റെ ചെയർമാനായിരുന്നു. അതിൽ മെമ്പർഷിപ്പ് എടുത്തിരിക്കുന്നത് 20000-ത്തിൽ താഴെ പേരാണ്. വെറുതെ സഭയുടെ സമയം കളയാതെ വേറെ നല്ല കാര്യങ്ങൾ ചർച്ച ചെയ്തെങ്കിൽ നന്നായിരിക്കും. അതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഒരു ലക്ഷത്തോളം പേർക്ക് പ്രയോജനം ലഭിക്കുമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ നിയമം പാസ്സാക്കിയത്. പക്ഷെ 20000-ത്തിൽ താഴെയുള്ള ആളുകൾക്ക് മാത്രമേ ഇതിന്റെ പ്രയോജനം ഇതുവരെ കിട്ടിയിട്ടുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഒരു പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ കാഴ്ചപ്പാടാണ്. സ്വർണ്ണം വിൽക്കുന്നവർ വീട്ടിൽ സ്വർണ്ണം വച്ചിട്ട് എന്തിനാണ് നാട്ടിൽ പരതി നടക്കുന്നത് എന്നൊക്കെയുള്ള പരസ്യം കൊടുത്ത് മുന്നോട്ട് പോകുകയാണ്. സൊസൈറ്റിയിലെ രണ്ട് വ്യത്യാസമാണ് നമ്മൾ കാണുന്നത്. ഒന്ന്, ഒരു സ്വർണ്ണക്കട തുടങ്ങുന്നയാൾ ഒന്നായി പത്തായി പതിനായിരമായി ലക്ഷമായി കോടിയായി മുകളിലോട്ട് പോകുന്നു. രണ്ട്, സ്വർണ്ണം പണിതുകൊണ്ടിരിക്കുന്നയാൾ പത്ത് അഞ്ചായി രണ്ടായി ഒന്നായി താഴോട്ട് പോകുന്നു. ഈ വ്യത്യാസം മാറ്റുവാൻ എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇപ്പോൾ സെസ്സ് 0.1%ആയി ചുരുക്കി. മെമ്പർഷിപ്പ്

എടുത്തിരിക്കുന്നവർ ഇപ്പോൾ ഇരുപതിനായിരമായി കുറയാൻ കാരണമെന്താണ്? ഇതിൽ അവർക്ക് പ്രയോജനം ഒന്നുമില്ലെന്ന് തോന്നിയതുകൊണ്ടാണ്. അതുകൊണ്ട് മിനിമം ഇവർക്ക് ഇത്ര രൂപയെങ്കിലും കിട്ടത്തക്കവിധമുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ? കൈവശമിരിക്കുന്ന സ്റ്റോക്കിൽ വില കൂടുന്നതാണ് സ്വർണ്ണം. ഒരു കിലോഗ്രാം സ്വർണ്ണം വാങ്ങി കൈവശം വച്ചാൽ വേൾഡ് മാർക്കറ്റിലെ ഫ്ലക്ച്വേഷൻസ് അനുസരിച്ച് സ്റ്റോക്കിൽ വില കൂടുകയാണ്. അതേസമയം ഇരിക്കുന്ന ഇരിപ്പിൽ താഴെ പോകുന്നവരാണ് പാവപ്പെട്ട സ്വർണ്ണത്തൊഴിലാളികൾ. ഈ വ്യത്യാസം മാറ്റുന്നതിനുള്ള സാമൂഹ്യ വീക്ഷണമാണ് പ്രധാന പ്രശ്നം. അതുകൊണ്ട് അവർക്ക് കിട്ടാനുള്ളത് കിട്ടത്തക്ക വിധത്തിൽ ആർദ്രമായൊരു സമീപനം ഉണ്ടാകണം എന്നല്ലേ അങ്ങയുടെ അഭിപ്രായം?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, അതെ. ചർച്ചകൾ വരുമ്പോഴാണ് പോരായ്മകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് നമ്മൾ കൂട്ടായ ചർച്ച നടത്തുന്നത്. ഒരു ലക്ഷത്തോളം പേർക്ക് പ്രയോജനം ലഭിക്കുമെന്ന് കരുതി പാസാക്കിയ നിയമം, ഇപ്പോൾ 0.25% സെസ് തൊഴിൽദാതാവ് ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കണം എന്നാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം ഈ നിയമം പാസാക്കിയതിനുശേഷം ഇതുവരെ സ്വർണ്ണരംഗത്തുള്ള കുത്തക വ്യാപാരികളടക്കമുള്ള ആളുകൾ കോടതിയിൽ കേസ് ഫയൽ ചെയ്ത് തുക അടയ്ക്കുവാൻ തയ്യാറായിട്ടില്ല. അതുകൊണ്ടാവാം ഇത് പരിഹരിക്കുവാൻ വേണ്ടി വിൽപ്പനയുടെ സെസ് 0.1% ആയി മാറ്റാൻ നിയമം കൊണ്ടുവരുന്നത്. ഈ മേഖലയിൽ പരമ്പരാഗതമായി തൊഴിൽ ചെയ്യുന്നവർക്ക് ക്ഷേമനിധി ലഭ്യമാക്കാൻ ഏതറ്റംവരെയും പോകണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇപ്പോൾ സ്വർണ്ണ വ്യാപാരരംഗം കുറച്ച് കുത്തകകൾ കൈവശം വച്ചിരിക്കുകയാണ്. ആ കുത്തകകളാണ് ഇപ്പോൾ ഇവർക്കെതിരായി കേസ് ഫയൽ ചെയ്തിരിക്കുന്നത്. അവരെ സംബന്ധിച്ച് അഞ്ച് പൈസപോലും തൊഴിലാളികൾക്ക് കൊടുക്കില്ലെന്ന തീരുമാനത്തിലാണ് മുന്നോട്ടുപോകുന്നത്. ഈ നിയമം പാസ്സാക്കിയാലും അവരുടെ നിലപാട് എന്തായിരിക്കുമെന്നതിനെ സംബന്ധിച്ച് ഇപ്പോഴും സംശയമുണ്ട്. ചെറുകിട ബിസിനസ്സുകാർ അല്ലെങ്കിൽ സ്വർണ്ണ/വജ്ര വ്യാപാരികൾ ഒരുപക്ഷെ തയ്യാറായേക്കും. പക്ഷെ കുത്തകകൾ പഴയരീതിയിലേയ്ക്ക് പോകുവാനുള്ള സാഹചര്യമാണ് കാണുന്നത്. ഈ ബിൽ നിയമമായി വന്നപ്പോൾത്തന്നെ ബഹുമാന്യനായ ഗുരുദാസൻ മന്ത്രിയായിരുന്നപ്പോൾ പ്രൊഫ. സി. രവീന്ദ്രനാഥാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച്

സംസാരിച്ചത്. അദ്ദേഹം അന്ന് പത്ത് ലക്ഷം രൂപയിൽ താഴെ വാർഷിക വിറ്റുവരവുള്ള വ്യാപാരികൾക്ക് ഇത് ബാധകമല്ലെന്നുള്ളത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പത്ത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ആളുകളോടൊപ്പം തൊഴിലെടുക്കുന്നവരെയും സംരക്ഷിക്കണ്ടേ? വലിയ വിറ്റുവരവുള്ള സ്വർണ്ണ/വജ്ര വ്യാപാരികളുടെ സ്ഥാപനത്തിൽ ജോലി ചെയ്യാൻ എല്ലാവർക്കും സാധിച്ചുവെന്നുവരില്ല. ചെറുതും വലുതുമായ ഏത് സ്വർണ്ണ വ്യാപാരികളുടെ സ്ഥാപനത്തിൽ ജോലി ചെയ്താലും അവർക്കുകൂടി ഈ ആനുകൂല്യങ്ങൾ കിട്ടുന്ന രീതിയിലേയ്ക്ക് ഇതിനെ മാറ്റിയെടുക്കേണ്ടതുണ്ട്. ഇപ്പോൾ വിദേശത്തുനിന്നും സ്വർണ്ണം ഇറക്കുമതി ചെയ്യുന്നതുമൂലം സ്വർണ്ണ വ്യാപാര രംഗത്ത് തൊഴിലെടുത്തു കൊണ്ടിരുന്ന മുഴുവൻ ആളുകളുടെയും തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത്, ഇപ്പോൾ കച്ചവടം നടത്തുന്നവരുടെ സ്ഥാപനങ്ങളിൽ പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന ആളുകളിൽ ഒരാൾക്കെങ്കിലും തൊഴിൽ കൊടുക്കുന്നതിനുള്ള അവസരമുണ്ടാകണമെന്നാണ്. അവർ പ്രതിവർഷം കോടിക്കണക്കിന് രൂപ വരുമാനമുണ്ടാക്കുന്ന ആളുകളാണ്. അവർക്ക് ഒരു കുടുംബത്തെ രക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ഈ നിയമത്തെ മാറ്റേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, കേരളത്തിൽ ഒരു കാലഘട്ടത്തിൽ കൈകൊണ്ട് വളരെ ഭംഗിയായി വ്യത്യസ്തമായി ആഭരണങ്ങൾ നിർമ്മിച്ചിരുന്നു. പിന്നീട് ഈ മേഖലയിൽ മെക്കനൈസേഷൻ വന്നതോടുകൂടി പരമ്പരാഗത തൊഴിലാളികളുടെ സാധ്യതകൾ ഇല്ലാതായി. സ്വർണ്ണാഭരണ മേഖല മാത്രമല്ല, ഇരുമ്പ്, മരപ്പണി തുടങ്ങിയ പരമ്പരാഗത മേഖലകളുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ യു.ഡി.എഫ്. സർക്കാർ നിയോഗിച്ചിരുന്നു. ഡോ. ബി. എൻ. ശങ്കരൻ കമ്മിറ്റി അതുമായി ബന്ധപ്പെട്ട ഒരു കമ്മിറ്റിയായിരുന്നു. മൂന്നരലക്ഷത്തോളം ആളുകൾ ഈ രംഗത്തുണ്ട്. എന്നാൽ പരമ്പരാഗത മേഖലയിൽ ഇപ്പോൾ ഇരുപതിനായിരത്തിൽ താഴെ ആളുകൾ മാത്രമേയുള്ളൂ. അവരും ഈ മേഖലയിൽനിന്ന് മാറുന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്. ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ വളരെ ഗൗരവമായി പരിഗണിക്കേണ്ട മേഖലയാണിതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്വർണ്ണത്തോടുള്ള മലയാളികളുടെ ഭ്രാന്ത് ലോകത്തിലെ മറ്റൊരു സമൂഹത്തിനുമുണ്ടെന്ന് തോന്നുന്നില്ല. ആകെയുള്ള സ്വർണ്ണത്തിന്റെ ആറിലൊരു ഭാഗം ഇന്ത്യയിലാണെന്നാണ് പറയപ്പെടുന്നത്. അതിൽതന്നെ ഏകദേശം 15% കേരളത്തിലാണ്. പല വിവാഹച്ചടങ്ങിന് പോകുമ്പോഴും സ്വർണ്ണക്കടയുടെ

മുന്നിലുള്ള പ്രതിമയുടെ രൂപത്തിൽ കയ്യിലും കാലിലും സ്വർണ്ണമിട്ട് പോകുന്നവരാണ് മലയാളികൾ. അമിതമായ അഭിനിവേശം മലയാളിക്ക് സ്വർണ്ണത്തിനോടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുമ്പോൾ സ്വർണ്ണമുണ്ടാക്കുന്ന സാമൂഹിക അസന്തുലിതാവസ്ഥ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നു എന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഡോ. എൻ. ജയരാജ് പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. സ്വർണ്ണം പ്രദർശിപ്പിക്കാനുള്ള ഒരു വസ്തുവായി മാറിയിരിക്കുകയാണ്. ഇന്ന് കല്യാണങ്ങളുടെ സ്റ്റാറ്റസ് കാണിക്കുന്നത് വധുവിന്റെ കഴുത്തിലും കയ്യിലുമുള്ള ആഭരണങ്ങൾകൊണ്ടാണ്. നമ്മുടെ മക്കളുടെ കല്യാണത്തിന് പരമാവധി കുറച്ച് സ്വർണ്ണം ഉപയോഗിച്ച് മാതൃകയാവുകയെന്നതേ ഇക്കാര്യത്തിൽ ചെയ്യാൻ കഴിയൂ. രാഷ്ട്രീയ പാർട്ടിയുടെ നേതാക്കൻമാർ അക്കാര്യത്തിൽ കുറേ മിതത്വം പാലിക്കുന്നുണ്ട്. അത് മാതൃകാപരമാണ്. പക്ഷെ സ്വർണ്ണപ്പണിക്കാർക്ക് സ്വർണ്ണപ്പണി കിട്ടാൻ വേണ്ടിയല്ല ഇതുചെയ്യുന്നത്. അങ്ങനെയാണെങ്കിൽ വാങ്ങി വീട്ടിൽ വച്ചാൽ മതി. പക്ഷെ ഇത് സ്റ്റാറ്റസായി മാറിയിരിക്കുകയാണ്. ഇത്രയും സ്വർണ്ണം പ്രദർശിപ്പിച്ചാലേ അവന്റെ സ്റ്റാറ്റസാകുകയുള്ളൂവെന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഗാന്ധിജി കോഴിക്കോട്ട് വന്നപ്പോൾ 16 വയസ്സുള്ള കൗമുദിയെന്ന പെൺകുട്ടി തന്റെ കഴുത്തിലെ മാല ഗാന്ധിജിക്ക് ഊരിക്കൊടുത്തു. അതൊരു മാതൃകയായിരുന്നു. അങ്ങനെ മാതൃക കാണിച്ച സ്ത്രീത്വമുള്ള ഒരു സംസ്ഥാനമാണ് കേരളം. ആ മാതൃക കേരളത്തിലെ മറ്റ് മഹതികളും ആശ്രയിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ അങ്ങ് തയ്യാറുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ചർച്ച ചെയ്യാൻ ഞാൻ തയ്യാറാണ്. പക്ഷെ നമ്മൾ മാത്രം ചർച്ച ചെയ്തതുകൊണ്ട് പൊതുസമൂഹത്തിന്റെ മനോഭാവം മാറണമെന്നില്ല. ഡോ. എൻ. ജയരാജിന്റെ സഹോദരിയുടെ കല്യാണം അദ്ദേഹത്തിന്റെ അച്ഛൻ കെ. നാരായണ കുറുപ്പ് മന്ത്രിയായിരുന്ന കാലഘട്ടത്തിൽ നടത്തിയെന്നാണ് എനിക്ക് തോന്നുന്നത്. വിവാഹസൽക്കാരത്തിന് ഒരു ചായയും ഒരു ബിസ്കറ്റും മാത്രമേ കൊടുത്തു എന്നാണ് അറിയാൻ കഴിഞ്ഞത്. ഇന്ന് കാലം മാറി. ആളുകൾ കൂടുതൽ കൂടുതൽ കൊടുക്കാൻ തുടങ്ങി. പക്ഷെ കാലത്തിന്റെ മാറ്റമനുസരിച്ച് ചായയും ബിസ്കറ്റും മാറ്റി ബിരിയാണി നൽകിയാലും സ്വർണ്ണത്തിന്റെ കാര്യത്തിൽ നമ്മൾ കുറച്ചുകൂടി മിതത്വം പാലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. എനിക്ക് പൊതുവായി ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കേന്ദ്ര സർക്കാർ കേരളത്തോട് കടുത്ത അവഗണനയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. അത് അങ്ങേയ്ക്കും അറിയാം. കേന്ദ്രത്തിൽ ഒരു നിവേദനം കൊടുത്ത് എന്തെങ്കിലും ലഭിക്കണമെങ്കിൽ ഹിന്ദിയിൽ പറയേണ്ട അവസ്ഥയാണുള്ളത്. ഇങ്ങനെയൊരു ദുരവസ്ഥ നമുക്ക് നേരത്തെയുണ്ടായിട്ടില്ല. ഇംഗ്ലീഷിൽ സംസാരിച്ചാൽപോലും മറുപടി പറയുന്നത് ഹിന്ദിയിലാണ്. ഇവിടെ എല്ലാ വകുപ്പുകളിൽപ്പെട്ട മന്ത്രിമാരും ഇരിപ്പുണ്ട്. അവരുടെ വകുപ്പുകൾക്ക് കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും സഹായം ലഭിക്കണമെങ്കിൽ ഹിന്ദി പഠിച്ച് ഡൽഹിയിൽ പോയി സംസാരിക്കാനുള്ള അവസ്ഥയുണ്ടാകുമോ? അങ്ങനെയുണ്ടെങ്കിൽ വരുംകാലങ്ങളിൽ മന്ത്രിമാരാകാനുള്ള അടിസ്ഥാന യോഗ്യത ഹിന്ദി കൂടിയാക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകും. ഹിന്ദി ഒരു ദേശീയ ഭാഷയാണ്, നമ്മൾ അംഗീകരിക്കുന്ന ഭാഷയാണ്. പക്ഷെ ഹിന്ദി മാത്രം സംസാരിച്ചാലേ കേന്ദ്രം ആനുകൂല്യങ്ങൾ നൽകുവെന്നുള്ളത് നമുക്ക് അംഗീകരിക്കാൻ കഴിയില്ല. കേരളത്തിൽ നിന്നൊരു മന്ത്രി കേന്ദ്രത്തിലുണ്ട്. അദ്ദേഹംപോലും ഇപ്പോൾ മലയാളത്തിലല്ല ഹിന്ദിയിലേ പറയുകയുള്ളൂവെന്നാണ് അറിയാൻ കഴിഞ്ഞത്. 60 വർഷക്കാലം കോൺഗ്രസ് കേന്ദ്രം ഭരിച്ചപ്പോൾ കേരളത്തിൽനിന്നും പോകുന്നവർക്ക് ഹിന്ദി പറയേണ്ട ആവശ്യമൊന്നു മില്ലായിരുന്നു, മലയാളത്തിൽ പറഞ്ഞാലും മതിയായിരുന്നു. രണ്ട് യു.പി.എ. ഗവൺമെന്റിന്റെ കാലത്തും കേന്ദ്രമന്ത്രിയായി ശ്രീ. എ. കെ. ആന്റണിയുണ്ടായിരുന്നതുകൊണ്ട് കേരളത്തിൽനിന്ന് ഓടിച്ചെന്ന് അദ്ദേഹത്തോട് കാര്യം പറയാമായിരുന്നു, പ്രധാനമന്ത്രിയോടുപോലും പറയേണ്ട ആവശ്യമില്ലായിരുന്നു, കാര്യവും നടക്കുമായിരുന്നു. അതുകൊണ്ട് യു.പി.എ. ഭരണകാലത്ത് എത്രയോ പദ്ധതികൾ ഇങ്ങോട്ട് കൊണ്ടുവരാൻ സാധിച്ചു. ഉദാഹരണത്തിന് കൊച്ചിൻ റിഫൈനറിയുടെ 24500 കോടി രൂപയുടെ പദ്ധതി, മെട്രോ റെയിൽ പദ്ധതി, വിഴിഞ്ഞം തുറമുഖത്തിനുള്ള അനുമതി ഇവയെല്ലാം ഹിന്ദിയിൽ പറഞ്ഞിട്ടല്ല ലഭിച്ചത്. ഇവിടെ നിന്ന് എന്തെങ്കിലും പറഞ്ഞാൽ അത് ഹിന്ദിയിൽ പഠിച്ച് അവിടെപ്പോയി പറയാമെന്ന് വച്ചാൽ നമുക്ക് മനസ്സിലാകാത്ത ഭാഷയിലുള്ള ഹിന്ദിയിലാണ് അവർ തിരിച്ച് പറഞ്ഞുതരിക. ഇവിടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഐ.എ.എസ്.-കാരായ ഉദ്യോഗസ്ഥർ മലയാളം പഠിച്ചിട്ട് വരുമ്പോൾ അവർക്ക് മനസ്സിലാകാത്ത രീതിയിലാണ് നമ്മൾ മലയാളം പറയുന്നത്; തൃശ്ശൂർ ഭാഷയിൽ നമ്മൾ പറഞ്ഞുകഴിഞ്ഞാൽ ചിലപ്പോൾ അവർ മലയാളം തിരികെ പറയണമെന്നില്ല. കിലുക്കം സിനിമയിൽ ജഗതി ശ്രീകുമാർ, "ജോജിയും ഞാനും അടിച്ച് പിരിഞ്ഞ്.....ദുഷ്മൻ, ദുഷ്മൻ..." എന്ന് പറയുന്ന ഒരു

രംഗമുണ്ട്. അതേ ഒരു സ്ഥിതിയാണ് കേരളത്തിൽ നിന്നുള്ള മന്ത്രിമാർ ഡൽഹിയിൽ പോയി എന്തെങ്കിലും പറഞ്ഞ് ആനുകൂല്യങ്ങൾ മേടിക്കേണ്ടി വരുന്നത്. ഇത് പൊതുവായ കാര്യമാണ്. ആ സിനിമയിൽ "ജോജിയെ അറിഞ്ഞുകൂടായെന്ന് ഈ മറുതയോട് പറഞ്ഞുകൊടുക്കൂ" എന്നുപറയുന്ന ഒരു സീനുണ്ട്. ആ സീനാണ് നമ്മെക്കുറിച്ച് ഇപ്പോൾ ഓർമ്മ വരുത്തുന്നത്. ഹിന്ദി പഠിക്കാത്തതിന്റെ പേരിൽ ഒത്തിരിപേർക്ക് അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്. അഞ്ചാറുമാസം മുമ്പ് ബഹുമാന്യനായ പി. സി. ജോർജിനെ മുംബൈയിൽനിന്ന് രവി പൂജാരി ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയെന്നൊക്കെ പത്രങ്ങളിൽ വായിച്ചു. ഞാൻ ഇതിനെക്കുറിച്ച് അന്വേഷിച്ചു. വലിയ കാര്യമൊന്നുമുണ്ടായിരുന്നില്ല. കാരണം, അദ്ദേഹത്തിന്റെ പാർട്ടിയുടെ പേര് ജനപക്ഷം എന്നാണ്. മിസ്ഡ് കോൾ അടിച്ചാൽ മതി ജനപക്ഷത്തിലേയ്ക്ക് ആർക്കുവേണമെങ്കിലും മെമ്പർഷിപ്പെടുക്കാമെന്ന് രവി പൂജാരിയോട് ആരോ പറഞ്ഞുകൊടുത്തു, അഞ്ച് പ്രാവശ്യം മിസ്ഡ് കോൾ കൊടുത്തിട്ടും ശ്രീ. പി. സി. ജോർജ് തിരിച്ചുവിളിച്ചില്ല. കാരണം, കാൾ ഡീറ്റെയിൽസ് നോക്കിയപ്പോൾ രവി പൂജാരി എന്നാണ് കണ്ടത്. ശബരിമല വിഷയമൊക്കെ നടക്കുന്ന സമയമായതുകൊണ്ട് ഏതോ അമ്പലത്തിലെ പൂജാരിയാണെന്ന് കരുതി അദ്ദേഹം തിരിച്ചുവിളിച്ചില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. അദ്ദേഹം ഫോണിൽ കിട്ടിയപ്പോൾ രവി പൂജാരി വളരെ കട്ടിയായ ഹിന്ദിയിൽ "അപ്നേ ബച്ചേ കേലിയേ" എന്ന് അവസാനം സംസാരിച്ചുവച്ചു. അതിന്റെ അർത്ഥം "എന്നാൽ പിന്നെ നിന്റെ അപ്പനെയും ഞാൻ വച്ചേക്കില്ല" എന്ന് ശ്രീ. പി. സി. ജോർജ് മറുപടി പറഞ്ഞതായിട്ടാണ് അറിയാൻ കഴിഞ്ഞത്. കേരളത്തിലെ മന്ത്രിമാർ ഹിന്ദി പഠിച്ചാലേ കേന്ദ്രത്തിൽനിന്ന് ആനുകൂല്യങ്ങൾ കിട്ടൂവെന്നുള്ള സ്ഥിതി മാറ്റിയെടുക്കാതെ യാതൊരു മാർഗ്ഗവുമില്ല. ഇക്കാര്യത്തിൽ നമ്മൾ ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. റിഫൈനറി പോലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. അതിനെതിരെ നമുക്ക് ഡൽഹിയിൽ പോകേണ്ടതായിവരും. അന്നേരം നമുക്ക് ഇംഗ്ലീഷിലേ പറയാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ നമ്മൾ ഒരു കൂട്ടായ തീരുമാനമെടുക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ പദ്ധതികൾക്ക് അംഗീകാരം വാങ്ങാൻ നമ്മുടെ മന്ത്രിമാർക്ക് ഇടയ്ക്കിടെ ഡൽഹിയിൽ പോകേണ്ടി വരുമെന്നാണ് അങ്ങിപ്പോൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇനി നമ്മുടെ മന്ത്രിമാരൊന്നും ഡൽഹിയിൽ പോകേണ്ട കാര്യമില്ല, കാരണം, ക്യാബിനറ്റ് റാങ്കിൽ ഒരാളെ ഡൽഹിയിൽ നിയോഗിച്ചിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിൽപ്പോലും ആവശ്യത്തിന് മന്ത്രിമാർക്ക് ഡൽഹിയിൽ പോയി കാര്യങ്ങൾ അവതരിപ്പിക്കേണ്ട അവസ്ഥയുണ്ട്. അതുകൊണ്ട് തൊഴിലാളികൾക്ക് ഗുണം കിട്ടുന്ന രീതിയിലേയ്ക്ക് ഈ ബില്ലിനെ മാറ്റിയെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി ശ്രീ. കെ. ബാബു: സർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പരമ്പരാഗത തൊഴിൽമേഖലകളിലൊന്നായ ആഭരണ നിർമ്മാണ മേഖലയിലെ ലക്ഷക്കണക്കിനുവരുന്ന ആഭരണ തൊഴിലാളികളുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്ന കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ഊതിക്കാച്ചിയ പൊന്നിന് തിളക്കമേറുമെന്നാണ് പറയപ്പെടുന്നത്. തിളക്കമുള്ള ആ പൊന്നുതീർക്കുന്ന പരമ്പരാഗത ത്തൊഴിലാളികൾക്ക് പൊന്നിൽ ചേർക്കുന്ന ചെമ്പിന്റെ വില പോലുമില്ലാത്ത അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. 2009-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഈ ക്ഷേമനിധിയുടെ കരട് സഭയിൽ അവതരിപ്പിക്കുന്നത്. 2010-ൽ ക്ഷേമനിധി ബോർഡ് ആരംഭിച്ചുവെങ്കിലും 2011-ലാണ് രജിസ്ട്രേഷൻ ആരംഭിച്ചത്. ഇപ്പോൾ പത്തുവർഷമായിട്ടും ഏകദേശം രണ്ടുലക്ഷത്തോളം തൊഴിലാളികളുള്ള ഈ മേഖലയിൽനിന്നും 19500 പേർ മാത്രമേ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ഈ ക്ഷേമനിധിയിൽ തൊഴിലാളി വിഹിതമായി അടയ്ക്കേണ്ടിവരുന്നത് 20 രൂപയാണ്. എന്നാൽ ക്രയ വിക്രയങ്ങളിലൂടെ പത്ത് ലക്ഷം രൂപയിലധികം വരുമാനമുള്ള ആഭരണ വ്യാപാരികളിൽനിന്നും 0.25 ശതമാനം മാത്രമാണ് ക്ഷേമനിധി വിഹിതമായി ആഭരണ വ്യാപാരികൾ അടയ്ക്കേണ്ടത്. ഈ പത്ത് വർഷക്കാലയളവിൽ ആകെ ഒമ്പത് ലക്ഷം രൂപ മാത്രമാണ് ക്ഷേമനിധിയിലേയ്ക്ക് വന്നത്. ക്ഷേമനിധി ബോർഡിന് അത് പിരിച്ചെടുക്കാനുള്ള കഴിവില്ലാത്തതോ അതിന്റെ ഉത്തരവാദിത്വമുണ്ടായിരുന്ന ജില്ലാ ലേബർ ഓഫീസർമാർക്കുള്ള കഴിവുകേടോ കൊണ്ടല്ല. 2012-ലാണ് സെസ് പിരിച്ചെടുക്കാൻ തീരുമാനിച്ചതെങ്കിലും ഇതിനെതിരെ 2013-ൽ വ്യാപാരികൾ ഹൈക്കോടതിയിൽനിന്ന് സ്റ്റേ ഓർഡർ വാങ്ങുകയും അത് അടയ്ക്കാതിരിക്കുകയും ചെയ്തത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അത്തരത്തിൽ 94 കേസുകളാണ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെയുണ്ടായിരുന്നത്. അതിൽ 324 പേരോളം കക്ഷി

ചേരുകയുണ്ടായി. അങ്ങനെ കക്ഷി ചേർന്നവരുടെയും കേസുകളുടെ എണ്ണത്തിന്റെയും ബാഹുല്യം കണക്കാക്കി ഇക്കാര്യത്തിൽ കോടതിക്ക് പുറത്തുവച്ച് ഒത്തുതീർപ്പുണ്ടാക്കുന്നതാണ് നല്ലതെന്ന അഭിപ്രായവും നിർദ്ദേശവും ബഹുമാനപ്പെട്ട ഹൈക്കോടതി മുന്നോട്ടുവച്ചു. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി നിരവധി തവണ ജ്വല്ലറി ഉടമകളുടെ സംഘടനയുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും ക്ഷേമനിധി ബോർഡ് ചെയർമാൻ ഉൾപ്പെടുന്ന ബോർഡംഗങ്ങളുടെയും യോഗം വിളിച്ചു. പലപ്പോഴും പല തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളൊക്കെയുണ്ടായിട്ടു പോലും ഒടുവിൽ അതിലൊരു തീരുമാനത്തിലെത്തുക എന്നത് ആ ബോർഡിനെ സഹായിക്കുക മാത്രമല്ല, അതിൽ അംഗത്വമെടുത്തവരും ഇനി അംഗത്വ മെടുക്കാനുള്ള ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികളുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്നതുമാണ് എന്ന ധാരണയുടെ പുറത്തും ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചതിന്റെയും അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് നിലവിൽ ഉടമസ്ഥർ അടയ്ക്കേണ്ട 0.25 ശതമാനം സെസിൽനിന്ന് 0.1 ശതമാനമായി കുറയ്ക്കാൻ അവർതന്നെ ആലോചിച്ചെടുത്ത തീരുമാനം കൂടിയാണ് ഈ ഭേദഗതി ബില്ലിലൂടെ വരുന്നതെന്നത് പ്രത്യേകത തന്നെയാണ്. നിലവിൽ ആഭരണ വ്യവസായ രംഗത്ത് ജി.എസ്.ടി. രജിസ്ട്രേഷൻ രണ്ടുതരത്തിലാണ്. B2B - എല്ലാ ക്രയ വിക്രയവരുമാനങ്ങളും ബോദ്ധ്യപ്പെടുത്തുന്നതിന്, B2C - പുതിയ ആഭരണങ്ങളുടെ വിറ്റുവരവ് രേഖപ്പെടുത്തുന്നതിന് അതുകൊണ്ടുതന്നെ വ്യാപാരികളുടെ ആവശ്യപ്രകാരം ജി.എസ്.ടി. B2C അംഗീകരിക്കുകയും പരമ്പരാഗത ആഭരണത്തൊഴിലാളി കുടുംബങ്ങളുടെ ജീവിതസുരക്ഷിതത്വം ഉറപ്പാക്കാൻ കൊണ്ടുവന്ന 0.1% എന്ന സെസ് അംഗീകരിക്കുകയുമാണ് ചെയ്തത്. അത്തരത്തിൽ ഒരു സെസ് ഏർപ്പെടുത്തിയിട്ടാണെങ്കിൽപ്പോലും ഈ ബോർഡിനെ സംരക്ഷിക്കുക എന്ന ധാർമ്മികതയിൽ നിൽക്കുമ്പോൾ അതിനെ ആർക്കാണ് എതിർക്കാൻ കഴിയുക? അതിനെ പിന്തുണയ്ക്കണം എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരുന്ന കാലത്ത് ആറുകോടി രൂപയാണ് അതിൽനിന്നും പ്രതീക്ഷിച്ചിരുന്നതെങ്കിൽ പത്ത് വർഷം കഴിഞ്ഞിട്ടും കേവലം 9 ലക്ഷം രൂപ മാത്രമാണ് അതിലേയ്ക്ക് വന്നിട്ടുള്ളത്. കുറച്ച് തുക കൊടുത്തിട്ടാണെങ്കിലും ഈ ക്ഷേമനിധിയെ സംരക്ഷിക്കാനാവശ്യമായ തീരുമാനമെടുക്കണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. കേരളത്തിൽ മറ്റെല്ലാ ക്ഷേമനിധികളിലും തൊഴിലാളി വിഹിതത്തിലും ഉടമസ്ഥവിഹിതത്തിലും മികച്ച ആനുകൂല്യങ്ങൾ നൽകുമ്പോൾ ആഭരണ ത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് ഇതുവരെ 350 പേർക്ക് മാത്രമാണ് പെൻഷൻ നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച 1200 രൂപ പെൻഷൻ

കൊടുക്കുന്നത് ഗവൺമെന്റ് നൽകുന്ന ഫണ്ടിൽ നിന്നാണെന്നാണ് അറിയാൻ കഴിയുന്നത്. വിദ്യാഭ്യാസാനുകൂല്യം, വിവാഹധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ അതിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വിവാഹധനസഹായം എന്നത് കേവലം 3000 രൂപ മാത്രമാണ്. അതിൽ രണ്ട് വർഷം അടയ്ക്കുന്ന തൊഴിലാളിക്ക് കൊടുക്കാൻ പോകുന്നത് 3000 രൂപയാണ്. മറ്റ് ക്ഷേമനിധിയിൽനിന്നും ലഭിക്കുന്ന ആനുകൂല്യത്തിന്റെ അടുത്തുപോലും എത്താൻ കഴിയാത്ത അവസ്ഥ മാത്രമല്ല, മറ്റ് ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാരുടെ ശമ്പളവും താൽക്കാലികമായി നിശ്ചയിക്കുന്ന ജീവനക്കാർക്കുള്ള ശമ്പളവും മറ്റും ആ ബോർഡിൽനിന്നും എടുത്തുകൊടുക്കാൻ കഴിയുമ്പോൾ ഈ ബോർഡിൽ നിന്നുള്ള വരുമാനം കൊണ്ട് ബോർഡിന് നിലനിൽക്കാൻപോലും കഴിയാത്ത അവസ്ഥയിലേയ്ക്കാണ് പോകുന്നത്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മൂന്ന് മേഖലാ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ സമ്പത്തിനുപോലും സർക്കാരിനെ ആശ്രയിക്കേണ്ട സ്ഥിതിയാണ്.

മറ്റേതൊരു ക്ഷേമനിധിയെക്കാളും സമ്പന്നമാകാൻ സാധ്യതയുള്ളതാണ് ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്. സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, ഓട്, തങ്കം, രത്നം, മുത്ത് തുടങ്ങി വ്യാപാരരംഗത്ത് ചെറുതും വലുതുമായ മൂവായിരത്തോളം സ്ഥാപനങ്ങൾ ഇന്നും നമ്മുടെ സംസ്ഥാനത്തുണ്ട്. ഒരു വർഷത്തിൽ 29,000 കോടി രൂപയുടെ ക്രയവിക്രയമാണ് സംസ്ഥാനത്ത് നടക്കുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ രാജ്യത്ത് രാജസ്ഥാൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആഭരണങ്ങളുടെ ക്രയവിക്രയം നടക്കുന്നത് കേരളത്തിലാണ്. പ്രത്യേകിച്ച് മഞ്ഞ ലോഹത്തോടുള്ള ഭ്രമം കൂടുതൽ ആകുന്നു വെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. അതുകൊണ്ട് സ്വർണ്ണവ്യാപാരികൾ അക്ഷയതൃതീയ എന്ന പ്രത്യേക ദിനം രൂപകൽപ്പന ചെയ്തുകൊണ്ട് അന്ന് സ്വർണ്ണം വാങ്ങുന്നവർക്ക് ഐശ്വര്യവും സമ്പത്തും കൂടുമെന്ന വ്യാഖ്യാനത്തോടെ സ്വർണ്ണവ്യാപാര രംഗത്ത് വലിയ തോതിലുള്ള വർദ്ധനവ് ഉണ്ടാക്കി യെടുക്കുകയാണ്. വ്യാപാരം വിപുലപ്പെടുമ്പോൾ തൊഴിലാളിരംഗം ഏറെ ദുരിതപൂർണ്ണമാകുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അതുകൊണ്ടുതന്നെ പുതിയ ആഭരണങ്ങളുടെ വിറ്റുവരവിൽ 0.1 ശതമാനം സെസ് കൃത്യമായി പിരിച്ചെടുത്താൽ തന്നെ ബോർഡ് തീരുമാനിക്കുന്നതിനനുസരിച്ചുള്ള വലിയ തോതിലുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. വ്യാപാരരംഗത്തുണ്ടായ തകർച്ച ഇപ്പോഴുണ്ടാകുന്നതല്ല. 1963-ൽ നിലവിൽവന്ന ഗോൾഡ് കൺട്രോൾ ആക്ട് ഉണ്ടായിരുന്നു. അത് 1989-ൽ പിൻവലിച്ചതോടെയാണ് ആഭരണ വ്യവസായ രംഗത്തേയ്ക്ക് വൻകിട

കച്ചവടക്കാരും കോർപ്പറേറ്റുകളും കടന്നുവരുന്നത്. അതുമാത്രമല്ല, ആഭരണ നിർമ്മാണ രംഗത്ത് കൈത്തൊഴിൽ, കുലത്തൊഴിൽ എന്ന നിലയ്ക്കുണ്ടായിരുന്ന പരമ്പരാഗതമായ തൊഴിൽമേഖലകളിൽ നിന്നുള്ള തൊഴിലാളികൾ മാറ്റപ്പെടുന്നതും ആ രംഗത്തേയ്ക്ക് യന്ത്രവത്കൃതമായ ആഭരണങ്ങളുടെ കടന്നുവരവും സ്വദേശത്ത് മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ടാക്കുന്ന ആഭരണങ്ങൾ മാത്രമല്ല, വിദേശങ്ങളിൽ നിന്നുപോലും ആഭരണങ്ങൾ ഈ സംസ്ഥാനത്ത് വരുമ്പോൾ ഈ മേഖലയിലെ തൊഴിലാളികൾക്കുണ്ടായ തകർച്ച അതിന്റെ ഭാഗമാണെന്ന് തിരിച്ചറിയാൻ കഴിയേണ്ടതുണ്ട്. അതുകൊണ്ടുതന്നെയാണ് ലക്ഷക്കണക്കിന് വരുന്ന ആഭരണ ത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കാൻ വിട്ടുവീഴ്ചയ്ക്ക് തയ്യാറായിട്ടാണെങ്കിലും ആഭരണത്തൊഴിലാളി ക്ഷേമനിധിയിലേക്ക് ആഭരണവിൽപ്പനയുടെ 0.1 ശതമാനം സെസ് എന്ന രൂപത്തിൽ ആക്ട് ഭേദഗതി ചെയ്യുന്ന ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നത്.

ഹിന്ദി അറിയാത്തതുകൊണ്ട് ചില ആളുകൾക്കൊക്കെ വലിയ വിഷമമുണ്ടായി എന്നാണ് ഇവിടെ പറഞ്ഞത്. ഇവിടെനിന്ന് 20 പേരെ പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുത്ത് വിട്ടിരുന്നു. അതിൽ ഒരാൾ വ്യത്യസ്തനാണ്. ബാക്കി 19 പേർക്കും ഹിന്ദി അറിയാമെന്നായിരുന്നു ധാരണ. ശ്രീ. ടി. എൻ. പ്രതാപനെക്കുറിച്ച് 'ചിത്രം വിചിത്രം' പരിപാടിയിലൂടെ ഞാൻ കണ്ടതാണ്. എന്ത് വിചിത്രമായിരുന്നു. അതുകൊണ്ട് പ്രതിപക്ഷത്തുള്ള നേതാക്കൾ ഹിന്ദി പഠിപ്പിക്കുവാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

70 ദിവസം കൊണ്ടാണ് 17 ബിൽ പാർലമെന്റിനകത്ത് ചുടപ്പംപോലെ ചുട്ടെടുത്തത്. അന്ന് 19 എം.പി.-മാർ എന്ത് ചെയ്യുകയായിരുന്നുവെന്ന് അവരോടൊന്ന് ചോദിക്കുന്നത് നല്ലതായിരിക്കും. തൊഴിലാളിദ്രോഹ നടപടികളിൽ ഒന്നാമതാണ് ബി.ജെ.പി. നേതൃത്വം കൊടുക്കുന്ന എൻ.ഡി.എ. കേന്ദ്ര സർക്കാരെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് നമ്പ്രത്തിൽ നിന്ന് നീതി പ്രതീക്ഷിക്കുന്നില്ലെന്ന വിധത്തിൽ ഞങ്ങൾ ഇപ്പോൾ ഇരിക്കുന്നത്. കേന്ദ്രത്തിൽനിന്ന് ഈ തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ ഒരു നടപടിയും ഉണ്ടാകാൻ പോകുന്നില്ല. 44 തൊഴിൽ നിയമങ്ങൾ നാല് കോഡുകളാക്കി (Code on Wages Act) തിരിച്ചു. കേരളത്തിൽ 640 രൂപ ദിവസവേതനം നിശ്ചയിച്ചിരിക്കുമ്പോൾ 176 രൂപയായി വേതനം നിജപ്പെടുത്തുന്ന ബിൽ പാർലമെന്റിലും രാജ്യസഭയിലും അവതരിപ്പിച്ച വേളയിൽ ഹിന്ദി അറിയാത്തതുകൊണ്ടായിരിക്കും കോൺഗ്രസിനെ പ്രതിനിധാനം ചെയ്ത് പാർലമെന്റിലേയ്ക്ക് കേരളത്തിൽനിന്ന് പറഞ്ഞുവിട്ട 19 എം.പി.മാർ 'ചുപ് ചാപ് രഹ്താ ഹും' എന്ന് പറഞ്ഞതുപോലെയിരുന്നത്. നിരവധി തൊഴിൽ

നിയമങ്ങളാണ്. Code on Occupational Safety Health and Working Condition Bill- ലോകത്തൊമ്പാടും 8 മണിക്കൂർ തൊഴിൽ, 8 മണിക്കൂർ വിനോദം, 8 മണിക്കൂർ വിശ്രമം എന്നാണ്. എന്നാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന തൊഴിൽ നിയമത്തിൽ 8 മണിക്കൂറിനപ്പുറത്തേയ്ക്കും തൊഴിലാളികൾ തൊഴിൽ ചെയ്യണമെന്ന നിയമമാണ് അംഗീകരിച്ചിരിക്കുന്നത്. അതിന് കൈപൊക്കിയവരിൽ യു.ഡി.എഫ്.-ന്റെ അംഗങ്ങളുമുണ്ടായിരുന്നു. Code on Social Security Act- സാമൂഹ്യ പെൻഷനുൾപ്പെടെ, ലോകത്തൊമ്പാടും 70-ഉം 80-ഉം ശതമാനമാണെങ്കിൽ ഇന്ത്യയിലെ തൊഴിലാളികളുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്ന തൊഴിൽ മേഖലകളിലുള്ള സോഷ്യൽ സെക്യൂരിറ്റി എന്നുപറയുന്നത് കേവലം 7 ശതമാനം മാത്രമാണ്. സാമൂഹ്യ സുരക്ഷിതത്വ പദ്ധതികളെല്ലാം ഇല്ലാതാകുന്ന സമയമാണ്. Code on Industrial Relations Bill - ജീവിതാന്ത്യം വരെ ഒരു തൊഴിലാളി കുടുംബത്തിന് സുരക്ഷിതത്വമാണ് ഉറപ്പുനൽകുന്നതെങ്കിൽ, hire and fire എന്ന നിലയ്ക്കാണ് ഇന്ന് തൊഴിലാളികളെ സ്വീകരിക്കുന്നത്. Fixed Term Employment Act കൊണ്ടുവന്നു. അതിൽ പറയുന്നത്, നിശ്ചിത കാലയളവിലേയ്ക്ക് മാത്രമായി തൊഴിലാളികളെ നിയമിച്ചതിനുശേഷം കാലയളവ് കഴിയുമ്പോൾ അവരെ പിരിച്ചുവിടണമെന്നാണ്. ഒരാനുകൂല്യവും കൊടുക്കാതെ ഇത്തരത്തിൽ തൊഴിലാളിദ്രോഹ നടപടി യെടുക്കുമ്പോൾ കോൺഗ്രസ്സിൽനിന്നും പോയ ഏതെങ്കിലും ഒരു എം.പി. അതിനെതിരെ ചെറുവിരൽ അനക്കാൻ തയ്യാറായോ? ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടായിരുന്ന Trade Union Act; അതിൽ തൊഴിലാളികൾക്ക് സംഘടിക്കാം, സംഘടിപ്പിക്കാം, ട്രേഡ് യൂണിയൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാം. മാത്രമല്ല, തൊഴിലാളികൾക്കുവേണ്ടി എവിടെയാണോ തൊഴിൽതർക്കം ഉണ്ടാകുന്നത് അവിടെ ഇടപെടാം. തൊഴിലാളികളിൽ നിന്നല്ലെങ്കിൽപോലും ഒരു ട്രേഡ് യൂണിയൻ നേതാവിന് ആ ട്രേഡ് യൂണിയനെ നയിക്കാനുള്ള അധികാരമുണ്ടായിരുന്നു. അതുപോലെതന്നെ നിയമാനുസൃതമായ വിധത്തിൽ സംഘടിക്കുവാനും സംഘടിപ്പിക്കുവാനും നേതൃത്വം കൊടുക്കുവാനും ഇടപെടാനുമുള്ള തൊഴിലാളിദ്രോഹ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചപ്പോഴും കോൺഗ്രസ്സാണ് അധികാരത്തിലേയ്ക്ക് വരുന്നതെന്നുപറഞ്ഞ് എം.പി.-മാരായ 52 പേരും ആ ബില്ലിനെ അനുകൂലിച്ച് പിന്തുണയ്ക്കുകയാണ് ചെയ്തത്, അവർക്ക് എതിർക്കാൻ കഴിഞ്ഞില്ല. പത്തുകോടിയിലധികംവരുന്ന തൊഴിലാളികളാണ് മോട്ടോർ മേഖലയിലുള്ളത്. റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ 2012 മുതൽ അവതരിപ്പിക്കാൻ ശ്രമിച്ചതാണ്. ഇപ്പോൾ മോട്ടോർ നിയമഭേദഗതി വന്നതിന്റെ ഭാഗമായി ഈ മേഖലയിലെ വാഹന ഉടമസ്ഥർ മാത്രമല്ല അതിൽ പണിയെടുക്കുന്ന

തൊഴിലാളികൾ, ഡ്രൈവർമാർ, ക്ലീനർമാർ തുടങ്ങി എല്ലാ മേഖലകളെയും കോർപ്പറേറ്റ്‌വത്കരിക്കുക മാത്രമല്ല, അതിഭീകരമായ രൂപത്തിൽ ഭീമമായ പിഴ സംഖ്യ ഒടുക്കേണ്ട സ്ഥിതിയിലേയ്ക്ക് വന്നപ്പോഴും ഒടുക്കുന്ന തുകയിൽ ഇളവ് വരുത്തി തൊഴിലാളികളെ സംരക്ഷിക്കാനുള്ള നയവും നയപരിപാടികളുമായി പോയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. ശ്രീ. പി. സി. ജോർജ് കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയായ സ്വർണ്ണാഭരണ നിർമ്മാണമേഖലയിൽ രണ്ട് ലക്ഷത്തോളം തൊഴിലാളികളുണ്ടായിരുന്നുവെന്നാണ് പറഞ്ഞത്. പുതിയ ആക്ടുകൾ വന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ എണ്ണം കുറഞ്ഞുപോയെങ്കിലും അതിൽ എത്ര തൊഴിലാളികളുണ്ടെന്നല്ല നോക്കേണ്ടത്, ഒരു തൊഴിലാളിയാണെങ്കിൽപോലും ആ തൊഴിലാളിക്ക് ഗുണപരമാകുന്ന തരത്തിലുള്ള ക്ഷേമനിധി നടപ്പിലാക്കുകതന്നെ വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ടുതന്നെ ലക്ഷക്കണക്കിന് ആഭരണത്തൊഴിലാളികളുടെ ജീവിത സുരക്ഷിതത്വം ഉറപ്പാക്കുന്ന കേരള ആഭരണത്തൊഴിലാളി ക്ഷേനിധി (ഭേദഗതി) ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരുപക്ഷേ ഒറ്റ വായനയിൽ ലളിതവും നിസ്സാരവുമാണെന്ന് തോന്നിയാലും വളരെയധികം പ്രശ്നങ്ങൾ ഇതിന്റെയുള്ളിൽ ഒളിഞ്ഞുകിടക്കുന്നുണ്ട്. ഇതിൽ രണ്ട് ഭേദഗതികളാണ് പറയുന്നത്. ഒന്ന്, രണ്ടാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "ക്രയവിക്രയങ്ങളുടെ" എന്ന വാക്കിനുപകരം "വിൽപ്പനയുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ് എന്നാണ്. ക്രയവിക്രയങ്ങളുടെ എന്ന് പറയുമ്പോൾ വിൽപ്പനയും വാങ്ങലുമുണ്ട്. സ്വർണ്ണം വാങ്ങിയാലും വിറ്റാലും ലാഭമാണ്. സ്വർണ്ണ വ്യാപാരികൾ സ്വർണ്ണം വാങ്ങിവയ്ക്കുമ്പോൾ പിന്നീട് കിട്ടുന്ന ലാഭം വലുതാണ്. ആ ഒരു ഉദ്ദേശ്യത്തോടുകൂടിയാണ് 2009-ൽ ഈ ബിൽ തയ്യാറാക്കിയപ്പോൾ 'ക്രയവിക്രയങ്ങളുടെ' എന്ന രീതിയിൽ ചേർത്തത്. പകരം 'വിൽപ്പനയുടെ' എന്നുപറയുമ്പോൾ അത് വിൽക്കുമ്പോൾ കിട്ടുന്ന ലാഭത്തിന്റെ സെസ്സ് മാത്രമാണ് ഉൾപ്പെടുത്തുന്നത്. ഒരു കടയിൽ മാങ്ങ വാങ്ങി വയ്ക്കുകയാണെങ്കിൽ വാങ്ങുമ്പോൾ ഒരുവിലയും വിൽക്കുമ്പോൾ മറ്റൊരു വിലയുമാണ്. ആ മാങ്ങയുടെ വില പിന്നീട് കുറയാം, അത് ചീത്തയാകാം, നഷ്ടം വരാം. പക്ഷേ സ്വർണ്ണം അങ്ങനെയല്ല. ഈ 'ക്രയവിക്രയങ്ങളുടെ' എന്നതിനുപകരം 'വിൽപ്പനയുടെ' എന്ന്

എഴുതിച്ചേർക്കുന്നത് സ്വർണ്ണ വ്യാപാരി മുതലാളിമാരെ സഹായിക്കാൻ വേണ്ടിയാണെന്ന് ഇപ്പോൾ ത്തന്നെ ബോദ്ധ്യപ്പെടുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന്റെ നയം, 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാക്കും' എന്നായിരുന്നു. ആ നയത്തിന്റെ ഭാഗമായി ഇപ്പോൾ സ്വർണ്ണ വ്യാപാരികളെ സഹായിക്കാൻ ബില്ലിൽ ഒരു ഭേദഗതി കൊണ്ടുവരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

രണ്ടാമത്, പ്രധാന ആക്ടിലെ 5-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ "വിറ്റുവരവിന്റെ 0.25%" എന്നതിനുപകരം "വിൽപ്പനയുടെ 0.1%" എന്നാക്കി. മുമ്പ് സ്വർണ്ണം വാങ്ങിയാലും വിറ്റാലും മൊത്തം വരുന്ന കണക്കിന്റെ 0.25% ആയിരുന്നുവെങ്കിൽ ഇന്ന് വിൽപ്പനയുടെ 0.1% എന്നുപറയുമ്പോൾ എത്രയോ ശതമാനം കുറച്ച് അടച്ചാൽ മതിയെന്നുള്ളതാണ് യാഥാർത്ഥ്യം. 2009-ൽ തയ്യാറാക്കിയ ബിൽ ഇന്നുവരെ ഇംപ്ലിമെന്റ് ചെയ്തിട്ടില്ല. സ്വർണ്ണ വ്യാപാരികൾ അതിന് സ്റ്റേ വാങ്ങി. ഈ 0.25% തുക പോലും ഇതുവരെയും അവർ ഈ ക്ഷേമനിധിയിലേയ്ക്ക് അടച്ചിട്ടില്ലെന്നുള്ളതാണ് സത്യം. സ്വർണ്ണ വ്യാപാരികളുമായി ഗവൺമെന്റ് പുറത്തുവച്ച് ചർച്ച നടത്തി. അവർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓർഡിനൻസ് കൊണ്ടുവരികയും ആ ഓർഡിനൻസ് നിയമസഭയിൽ അവതരിപ്പിച്ച് ബില്ലാക്കിമാറ്റി അവർക്കുവേണ്ട പരിഗണന കൊടുക്കുന്നു വെന്നല്ലാതെ ക്ഷേമനിധിയുമായി ബന്ധപ്പെട്ടോ തൊഴിലാളിയുമായി ബന്ധപ്പെട്ടോ ഇതിന് യാതൊരു ഗുണവുമില്ല. ശ്രീ. വി. പി. സജീന്ദ്രനും ശ്രീ. എ. പി. അനിൽ കുമാറുമൊക്കെ ഈ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന ആളുകളാണ് വിശ്വകർമ്മജർ. വിശ്വം സൃഷ്ടിച്ചവരാണ് വിശ്വകർമ്മജർ. ഒരു കാലഘട്ടത്തിൽ ലോകത്തുകാണുന്ന എല്ലാവിധ കൺസ്ട്രക്ഷനുംമറ്റും ചെയ്യുന്ന തൊഴിലാളികളൊക്കെ അതിലുണ്ടായിരുന്നവരാണ്. അവരുടെ ഇന്നത്തെ അവസ്ഥ ഏറ്റവും പരിതാപകരമാണെന്നുള്ളത് നമുക്കറിയാം. സ്വർണ്ണമേഖലയിൽ തൊഴിൽ ചെയ്യുന്ന തട്ടാന്മാരുടെ അവസ്ഥ എന്താണ്? ഇപ്പോൾ വൻകിട രീതിയിൽ സ്വർണ്ണം വരികയും സ്വർണ്ണവ്യാപാര രംഗത്ത് നിൽക്കുന്നവർ പണമുണ്ടാക്കുകയും ചെയ്യുന്നു. പണിക്കൂലി വാങ്ങുന്നുവെന്നല്ലാതെ സ്വർണ്ണപ്പണിക്കാരായ തൊഴിലാളികൾക്ക് ഒന്നും കിട്ടുന്നില്ലെന്നുള്ള യാഥാർത്ഥ്യം അങ്ങ് മനസ്സിലാക്കണം. 'കേരള തൊഴിലാളിക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; അതിൽ ആരൊക്കെയുണ്ട്?' എന്ന ശ്രീ. വി. കെ. സി. മമ്മത് കോയയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട റ്റി. പി. രാമകൃഷ്ണൻ ഇവിടെ മറുപടി

നൽകിയിട്ടുണ്ട്. 'തൊഴിലാളി മേഖലയിൽ പല രീതിയിലുള്ള ആളുകളുണ്ട്. കർഷകത്തൊഴിലാളി, മോട്ടോർ തൊഴിലാളി, ആഭരണത്തൊഴിലാളി, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി, തയ്യൽത്തൊഴിലാളി, അബ്കാരികൾ, കൈത്തറിത്തൊഴിലാളി, കള്ള് വ്യവസായ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളികൾ, ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് തുടങ്ങി അസംഘടിത തൊഴിലാളികളുൾപ്പെടെയുള്ള 16 ക്ഷേമനിധി ബോർഡുകൾ ഇന്ന് സംസ്ഥാനത്തുണ്ട്.' ഈ ക്ഷേമനിധി ബോർഡുകൾ മുഖേന ആർക്കാണ് ഗുണം? ക്ഷേമനിധിയുടെ ചെയർമാന്മാർക്കും ഉദ്യോഗസ്ഥർക്കുമല്ലാതെ വലിയ ഗുണമൊന്നും ഈ മേഖലയിലെ തൊഴിലാളികൾക്കുണ്ടാകുന്നില്ല. ഒരു കാര്യം ഞാനിവിടെ വായിക്കാം. ഇവിടെ വിവിധ ക്ഷേമബോർഡുകൾ ഒരു വർഷത്തിൽ ബന്ധപ്പെട്ട തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തെക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ശ്രീ. വി. കെ. സി. മമ്മത് കോയയുടെ ചോദ്യത്തിന് നൽകിയ മറുപടി, 'കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തെക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നുണ്ട്; സെസ്സ് പിരിവിനെതിരെ സ്റ്റേ നിൽക്കുന്നതിനാൽ തൊഴിലാളി അംശദായം മാത്രമാണ് നിലവിൽ ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം; ആയതിനാൽ 2018 മാർച്ച് മാസം വരെയുള്ള ആനുകൂല്യങ്ങൾ മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളത്" എന്നാണ്. സ്റ്റേ നിലനിൽക്കുന്നതുകൊണ്ട് തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് വിറ്റുവരവിന്റെ അംശമൊന്നും കിട്ടുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ ജീവനക്കാർക്ക് വേതനം കൊടുക്കുന്നത് തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കുന്നതിനേക്കാൾ വലുതാണ്. ഇവിടെയുള്ള 16 ബോർഡുകളിൽ പലതും ഒരു ജോലിയുമില്ലാത്തവയാണ്. കുറച്ച് രാഷ്ട്രീയ നേതാക്കൾക്ക് ജോലിയുണ്ടെന്നുള്ളതല്ലാതെ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ലാത്ത അവസ്ഥയാണ്. ഇത് പരിഹരിക്കപ്പെടാനുള്ള മാർഗ്ഗമെന്താണെന്നുള്ളത് ഗവൺമെന്റ് പറഞ്ഞിട്ടുണ്ടെങ്കിലും പരിഹരിക്കപ്പെട്ടിട്ടില്ല. സമാന സ്വഭാവമുള്ള ബോർഡുകൾ ഏകീകരിച്ചുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണം സാധ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചിട്ടും ഒരു നടപടിയുമെടുക്കാൻ കഴിഞ്ഞിട്ടില്ല. സമാന സ്വഭാവമുള്ള ബോർഡുകൾ ഏകീകരിച്ചാൽ ഈ മേഖലയുമായി ബന്ധപ്പെട്ട് സാമ്പത്തികമായി വലിയൊരു

ലാഭമുണ്ടാക്കാൻ കഴിയുമെന്നുള്ളതാണ് യാഥാർത്ഥ്യം. ഇന്ന് സംസ്ഥാന ഗവൺമെന്റിന് തൊഴിലാളികളോടുള്ള നയം എത്രമാത്രമുണ്ടെന്നറിയില്ല. അതെല്ലാം മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി സ്വീകരിച്ചതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പറഞ്ഞ കണക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്ത ആളുകൾ 3625852 ആണ്. അതിൽ 23 ലക്ഷത്തിലധികം സ്ത്രീകളാണ്. കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി കൊടുത്ത ജോലിയുടെ എണ്ണം കേവലം ഒരു ശതമാനം മാത്രമാണ്. 34878 പേർക്ക് മാത്രമേ ജോലി കൊടുത്തിട്ടുള്ളൂ. ഇനി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ അവസ്ഥ എന്താണെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ല. ഭാവിയിൽ എംപ്ലോയ്മെന്റുകളുടെ സേവനമുണ്ടാകാൻ യാതൊരു സാധ്യതയുമില്ല. കാരണം, ഇനിമുതൽ കുടുംബശ്രീ മുഖേനയാണ് ജോലി ക്കൊടുക്കുന്നതെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. KEXCON (Keral State Ex-Servicemen Development and Rehabilitation Corporation) മുഖേന ആളുകളെ ജോലിക്കെടുക്കുന്നു. അങ്ങനെയാകുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂട്ടിയിടേണ്ട അവസ്ഥയുണ്ടാകുമെന്നുള്ളത് യാഥാർത്ഥ്യമാണ്. ഗവൺമെന്റിന്റെ തൊഴിൽ നയത്തിൽ വന്ന വ്യതിയാനം കൊണ്ടാണ് ഇത്തരം കാര്യങ്ങൾ ഇവിടെയുണ്ടായിട്ടുള്ളത്. 26 സ്ഥലങ്ങളിൽ മിനിമം വേതനം നൽകാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളത് നല്ല കാര്യമാണ്. എന്നാൽ പത്ത് സ്ഥലങ്ങളിൽ ഇപ്പോഴും മിനിമം വേതനം ഫിക്സ് ചെയ്ത് നേരായ ദിശയിൽ പോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. തൊഴിലാളികളുമായി ബന്ധപ്പെട്ട് ഒരു നയം ഗവൺമെന്റ് ഇറക്കിയിട്ടുണ്ട്. അതിൽ ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി സൂചിപ്പിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ കുന്നത്തുനാട് താലൂക്കിൽ ഒരു ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികളുണ്ട്. അവർക്കുവേണ്ടി വലിയ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ അവിടെ വന്ന് ഫെസിലിറ്റേഷൻ സെന്ററൊക്കെ തുടങ്ങിയിട്ടുണ്ടെങ്കിലും അവർക്ക് വേണ്ടത്ര പ്രാധാന്യം നൽകി മുന്നോട്ട് പോയിട്ടില്ല. അവരുടെ ഭവനപദ്ധതി ഇതുവരെയും പൂർത്തിയാക്കാനോ അവർക്ക് നല്ല കിടപ്പാടം കൊടുക്കാനോ ആരോഗ്യ സുരക്ഷയൊരുക്കാനോ കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ നിരവധി തൊഴിലാളികൾ ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ വരുന്നുണ്ടെങ്കിലും അവരുടെയെല്ലാം അവസ്ഥ വളരെ മോശമാണെന്നുള്ള യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണമെന്നും അതിന് പരിഹാരം കാണാനുള്ള നടപടിയുണ്ടാകണമെന്നും ഞാനിവിടെ സൂചിപ്പിക്കുകയാണ്.

ഗവൺമെന്റിന്റെ തൊഴിൽ നയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും തൊഴിലാളികളെ സഹായിക്കുന്ന നയപരിപാടികളെടുത്തുകൊണ്ട് മുന്നോട്ട് പോകുകയും ചെയ്യണം. ഈ ഭേദഗതി ബില്ലിൽ തൊഴിലാളികളെ സഹായിക്കുന്ന ഒരു നടപടിയുമില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ സി.പി.ഐ.(എം.)-ന്റെ തൊഴിൽ കൊടുക്കുന്നതുമായി ബന്ധപ്പെട്ട നയം ശ്രദ്ധയിൽപ്പെട്ടപ്പോൾ എനിക്കത് വളരെ കൗതുകകരമായി തോന്നുകയാണ്. വളരെയധികം കാര്യങ്ങൾ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് ഇപ്പോൾ ചെയ്യുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മുഖ്യമന്ത്രിയുടെ സ്പെഷ്യൽ ലെയ്സൺ ഓഫീസറായി ശ്രീ. വേലപ്പൻ നായരെ 1,10,000 രൂപ ശമ്പളം കൊടുത്തുകൊണ്ടാണ് നിയമിച്ചത്. ഈ ലെയ്സൺ ഓഫീസർക്ക് ഒരു മാസം പുസ്തകം വായിക്കാൻവേണ്ടി മാത്രം ഈ ഗവൺമെന്റ് കൊടുക്കുന്നത് 14,000 രൂപയാണ്. അദ്ദേഹത്തിന് തൊഴിൽ കൊടുത്തത് വലിയ കാര്യം തന്നെയാണ്. സെക്രട്ടേറിയറ്റിലെ നോർത്ത് ബ്ലോക്കിലൂടെ നടന്നാൽ ഉപദേശകരെക്കൊണ്ട് നടക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. എട്ടോളം വരുന്ന ഉപദേശകർ അവിടത്തന്നെ ഇരിക്കുന്നുണ്ട്. ഒരു ഉപദേശകൻ മരടിൽ ഒരു ഫ്ലാറ്റ് വാങ്ങുകയും ആ ഫ്ലാറ്റ് നഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ തൊഴിൽ മേഖലയിൽ കുറേ ഉപദേശകന്മാർക്ക് തൊഴിൽ നൽകുന്നു. തോറ്റ എം.പി.-ക്ക് കേന്ദ്രത്തിൽ ക്യാബിനറ്റ് പദവിയിൽ ജോലികൊടുത്തു. വട്ടിയൂർക്കാവിൽ തോറ്റ ശ്രീമതി ടി. എൻ. സീമയ്ക്ക് ഹരിത കേരള മിഷൻ ഡയറക്ടറായി ജോലികൊടുത്തു. അഡ്വക്കേറ്റ് ജനറലിന് ക്യാബിനറ്റ് റാങ്ക് കൊടുത്തു. ശിശുക്ഷേമ സമിതിയുടെ ചെയർമാനെക്കുറിച്ച് പറയാതിരിക്കുന്നതാണ് നല്ലത്. എല്ലായിടത്തും സി.പി.ഐ.(എം.)-ന്റെ നേതാക്കൻമാർക്ക് തൊഴിൽ കൊടുക്കുന്ന അവസ്ഥയാണ്. എല്ലാ മേഖലയും ഗവൺമെന്റ് തീർത്തുകളഞ്ഞുവെന്ന് ഞാൻ പറയുന്നില്ല. തൊഴിൽ മേഖലയിൽ ഒരു കാര്യത്തിൽ മാത്രം ഗവൺമെന്റിന് അഭിമാനിക്കാൻ കഴിയും. അത് റബ്ബർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയാണ്. ഞാൻ ഒരു റബ്ബർ വ്യാപാരിയെന്ന നിലയിൽ, നിങ്ങൾ റബ്ബറിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നുവെന്ന് അറിഞ്ഞതിൽ സന്തോഷമുണ്ട്. മന്ത്രിമാരെല്ലാം അവരുടെ വണ്ടിയുടെ ടയറുകൾ മാറ്റിമാറ്റി ഉപയോഗിക്കുന്നുവെന്നുള്ളതുകൊണ്ട് കേരളത്തിൽ ഇന്ന് ടയർ മേഖലയിൽ തൊഴിലെടുക്കുന്നവർ രക്ഷപ്പെടാനുള്ള സാധ്യതയുണ്ട്. എന്നിരുന്നാലും ഇവിടെ അവതരിപ്പിക്കുന്ന ബില്ലിൽ കൊണ്ടുവരുന്ന ഈ ഭേദഗതികൾ പ്രയോജനപ്പെടുന്നതല്ല, അത് കേവലം സമ്പന്നരായ ആളുകളെ, സ്വർണ്ണ വ്യാപാരികളെ സഹായിക്കാൻ വേണ്ടിയിട്ടുള്ളതാണെന്നതുകൊണ്ടുതന്നെ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഈ ഭേദഗതിയുമായി ബന്ധപ്പെടാത്ത നിരവധി പ്രശ്നങ്ങൾ ഇവിടെ ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്. അതെല്ലാം ഭരണ-പ്രതിപക്ഷത്തുള്ളവർക്ക് ബോദ്ധ്യമാകുന്ന വിഷയങ്ങളാണെന്നുള്ള കാര്യത്തിൽ എനിക്ക് ഒരു ഉത്കണ്ഠയുമില്ല. 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. ഈ ബില്ലിന്റെ പരിധിയിൽവരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, ഓട്, തങ്കം, രത്നം, മുത്ത് എന്നീ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ താല്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെയാണ് ഈ നിയമഭേദഗതി സഭമുമ്പാകെ കൊണ്ടുവരുന്നത്. ഇത് നിയമമാകുമ്പോൾ കേരളത്തിലെ ആഭരണത്തൊഴിലാളികൾക്ക് കൂടുതൽ സംരക്ഷണവും സഹായകരവുമാകും എന്നുള്ള കാര്യത്തിൽ തർക്കമില്ല. കേരളത്തിൽ ഈ നിയമം 2009-ലാണ് രൂപപ്പെടുന്നത്. 2009-നുശേഷം ഇതുവരെ 9 ലക്ഷം രൂപയാണ് ഈ ബോർഡിന് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇവിടെ ശ്രീ. കെ. ബാബു ഇത്തരം ഭേദഗതിക്ക് കാരണമായ സാഹചര്യങ്ങൾ നല്ലരീതിയിൽ തന്നെ വിശദീകരിച്ചിട്ടുണ്ട്. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. കേരളത്തിൽ ഈ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് 94 കേസുകൾ നിലനില്ക്കുകയാണ്. ഇതിൽ 325 ആളുകൾ കക്ഷികളായിട്ടുണ്ട്. കേരളത്തിലെ സ്വർണ്ണവ്യാപാരരംഗത്തുള്ള ഉടമകൾ എന്നുള്ള നിലയിലാണ് അവർ കക്ഷികളായിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു തൊഴിലാളിവിരുദ്ധ നിയമവും ഇവിടെ കൊണ്ടുവന്നിട്ടില്ല. ഇവിടെ ഗവൺമെന്റ് രൂപപ്പെടുത്തിയിട്ടുള്ള തൊഴിൽനയം ഏകപക്ഷീയമായി പ്രഖ്യാപിച്ചതല്ല, കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി കരട് നയം അവതരിപ്പിച്ച് അഭിപ്രായ സമന്വയമുണ്ടാക്കിയാണ് ഇവിടെ തൊഴിൽനയം അംഗീകരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു ട്രേഡ് യൂണിയൻ സംഘടനയും ആ നയത്തെ എതിർത്തിട്ടില്ല. ഈ യാഥാർത്ഥ്യം നമ്മൾ കാണേണ്ടതാണ്. കേരളത്തിന്റെ ഈ വസ്തുതകൾ പരിഗണിക്കണം. പക്ഷേ ചിലർക്ക് അത് മനസ്സിലാകുന്നില്ല. ഇതുമാത്രമല്ല, ക്ഷേമനിധി ബോർഡുകൾ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ബോർഡല്ല. കേരളത്തിൽ എല്ലാ സംഘടനകൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ടുള്ള ബോർഡുകളാണ് പ്രവർത്തിക്കുന്നത്. അവിടെ ഈ തർക്കങ്ങളൊന്നും നിലനിൽക്കുന്നില്ല. എല്ലാ ബോർഡുകളും അഭിപ്രായ സമന്വയമുണ്ടാക്കി ക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. ഇവിടെ ചില ഉത്തരങ്ങൾ ഉദ്ധരിച്ചത് ഗവൺമെന്റിന്റെ നിലപാടിനെ ന്യായീകരിക്കുന്നതിന് സഹായകരമായിട്ടുണ്ട്. ഗവൺമെന്റ് എന്തുകൊണ്ട് ഇത്തരമൊരു നിലപാടെടുക്കാൻ കാരണമായി എന്നത് വ്യക്തമാക്കുന്നതിന് ഇവിടെ ഉദ്ധരിച്ചിട്ടുള്ള ചോദ്യോത്തരം സഹായകരമായിട്ടുണ്ട്.

ഇവിടെ ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡിലുള്ള തൊഴിലാളി പ്രതിനിധികളുണ്ട്. അത് രണ്ടോ മൂന്നോ സംഘടനകളുടെ പ്രതിനിധിയല്ല, ആ മേഖലയിലുള്ള തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ, ഉടമകളുടെ പ്രതിനിധികൾ ഇവരെല്ലാം അതിനകത്തുണ്ട്. അതിലെല്ലാം ചർച്ച നടത്തി പരസ്പര അഭിപ്രായ സമന്വയമുണ്ടാക്കിക്കൊണ്ടാണ് ഇത്തരമൊരു ബില്ലിൻമേൽ ഭേദഗതി അവതരിപ്പിക്കുന്നത്. ഇത് തൊഴിലാളികൾക്കുവേണ്ടിയുള്ളതാണ്. ഈ കേസ് കോടതിയിൽ നിലനിൽക്കുന്നതുകൊണ്ട് ഇത് നടപ്പിലാക്കുന്നതിൽ നിരവധി പരിമിതികൾ നേരിടുകയാണ്. ആ കേസുകൾ അവസാനിക്കേണ്ടതുണ്ട്. ഇവിടെ ശ്രീ. എ. പി. അനിൽകുമാർ ചൂണ്ടിക്കാണിച്ചതുപോലെ, സെസ്സിന്റെ 0.1 ശതമാനം മാത്രമേ ഈടാക്കുന്നുള്ളുവെങ്കിലും തൊഴിലാളികൾക്കുവേണ്ടി ഉറച്ച നിലപാട് എടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തെറ്റായ ധാരണ സൃഷ്ടിക്കാനും വസ്തുതാവിരുദ്ധമായി ഇത്തരമൊരു ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നതും ഇതിന് സഹായകരമാകുന്നില്ലായെന്നുള്ളത് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ അടിസ്ഥാന നിയമത്തിൽ ഒരു പ്രധാനപ്പെട്ട പ്രശ്നം വന്നത്, വാങ്ങലിലും വില്പനയിലും സെസ്സ് ചുമത്തുന്നുവെന്നുള്ളതാണ്. സ്വർണ്ണത്തിന് കൂടുതൽ വിലയായതുകൊണ്ട് അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സാമ്പത്തികനില സ്വാഭാവികമായും പരിഗണിക്കപ്പെടും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ക്ഷേമനിധിയിൽനിന്ന് കിട്ടുന്ന തുക തുച്ഛമാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. തയ്യൽ തൊഴിലാളി, സ്വർണ്ണത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് കിട്ടുന്ന തുക കുറവാണ്. അതോടൊപ്പംതന്നെ വാർദ്ധക്യകാല പെൻഷൻ വാങ്ങുന്ന ആളുകളുമുണ്ട്. അതിന് ഗവൺമെന്റ് കൊടുക്കുന്നത് 1100 രൂപയാണ്. അവർക്ക് കിട്ടുന്നത് 600 രൂപയാണ്. ജീവനക്കാർ അവരുടെ അംശവുംകൂടി അങ്ങോട്ട് അടച്ചതിനുശേഷം അവർക്ക് ക്ഷേമനിധിയിൽ നിന്ന് ഇങ്ങോട്ട് കിട്ടുന്നതാണ്. അതേസമയം ഗവൺമെന്റ് കൊടുക്കുന്ന ഒരാനുകൂല്യം അതിന്റെ പേരിൽ കട്ട് ചെയ്യുകയാണ്. ഈ 600 രൂപ വാങ്ങുന്ന പാവപ്പെട്ട ആളുകൾക്ക് വാർദ്ധക്യകാല പെൻഷൻ കൂടി അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഗവൺമെന്റ് അതിനെക്കുറിച്ചുകൂടി ആലോചിക്കണം.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഒരു ചെറിയ തിരുത്തൽ ഞാൻ വരുത്തുകയാണ്. ആഭരണ മേഖലയിലെ 328 ആളുകളാണ് പെൻഷൻ വാങ്ങുന്നത്. ആ 328 പേർക്കും അങ്ങ് പറഞ്ഞതുപോലെ 600 രൂപയല്ല, 1200 രൂപയാണ് പെൻഷൻ കൊടുക്കുന്നത്. താങ്കൾക്ക് തെറ്റുപറ്റിയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വളരെ വ്യക്തമായ ചോദ്യമാണ് ഞാൻ ചോദിച്ചത്. തയ്യൽത്തൊഴിലാളികൾ $^1/_3$ വിഹിതമാണ് ക്ഷേമനിധിയിൽ അടയ്ക്കുന്നത്. അവർക്ക് ഒരു മാസം 600 രൂപയാണ് ലഭിക്കുന്നത്. ഈ 600 രൂപ വാങ്ങുന്നുവെന്നതുകൊണ്ട് 60 വയസ്സ് കഴിഞ്ഞ പാവങ്ങൾക്ക് അർഹമായ വാർദ്ധക്യകാല പെൻഷൻ കൂടി ഇല്ലാതാക്കുകയാണ്. അവിടെയാണ് പ്രശ്നം. ആഭരണത്തൊഴിലാളികൾ 328 പേർ ആയിരിക്കാം, പക്ഷെ അതിനെക്കാൾ അപ്പുറത്ത് ഒരു ജനവിഭാഗം കൂടിയുണ്ട്. ഇത് രണ്ടും അങ്ങ് കൈകാര്യം ചെയ്യുന്ന വകുപ്പായതുകൊണ്ട് ചോദിക്കുകയാണ്; ഈ പാവങ്ങൾക്കും പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിൽ ഒരു പ്രശ്നമുണ്ട്. എല്ലാ പെൻഷനുകൾക്കും 1200 രൂപയാണ് നൽകുന്നത്. സർക്കാർ കൊടുക്കുന്ന പെൻഷനാണത്. ചില സാമ്പത്തിക ശേഷിയുള്ള ക്ഷേമനിധി ബോർഡുകളിലെ ഫണ്ടിൽനിന്ന് പെൻഷൻ നൽകുന്നുണ്ട്. സാമ്പത്തികശേഷിയില്ലാത്ത ബോർഡുകളിലെ അംഗങ്ങൾക്ക് സർക്കാരാണ് പെൻഷൻ നൽകുന്നത്. അതാണ് കേരളത്തിൽ തുടർന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകൾക്കും കീഴിൽവരുന്ന തൊഴിലാളികൾക്ക് പൊതുവെ 1200 രൂപയാണ് പെൻഷനായി നൽകിക്കൊണ്ടിരിക്കുന്നത്. ക്ഷേമനിധിവഴി ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെല്ലാം വർദ്ധിപ്പിക്കണമെന്നതാണ് ഗവൺമെന്റിന്റെ പൊതു സമീപനം. നിരവധി മേഖലകളിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങനെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെങ്കിൽ ക്ഷേമനിധിക്കകത്തുള്ള വരുമാനവും വർദ്ധിപ്പിക്കണം. വരുമാനം വർദ്ധിപ്പിക്കുന്ന സമയത്ത് തൊഴിലാളി സംഘടനകളുമായി ആലോചിച്ച് ചില മേഖലകളിൽ അംശദായത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം ഗവൺമെന്റ് ഉത്തരവാക്കണ മെന്നുള്ളതുകൊണ്ടും അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്നുള്ളതുകൊണ്ടും എല്ലാം പൂർത്തീകരിച്ചുകൊണ്ടുതന്നെയാണ് നടപ്പാക്കുന്നത്. ഇപ്പോൾ ചില ബോർഡുകൾ തീരുമാനിച്ചത് പ്രാവർത്തികമാക്കാൻ കഴിയാതെ നിൽക്കുന്നുണ്ട്. അതും സർക്കാർ നടപടികൾ പൂർത്തീകരിച്ച് അംഗീകാരം നൽകണമെന്നും എല്ലാ ക്ഷേമനിധി ബോർഡുകളുടെയും വരുമാനം വർദ്ധിപ്പിച്ച് കൂടുതൽ ആനുകൂല്യം തൊഴിലാളികൾക്ക് നൽകണമെന്നുമുള്ള പൊതുസമീപനമാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. അതിൽ ഗവൺമെന്റ് സഹായിക്കേണ്ട

മേഖലകളിൽ ഗവൺമെന്റ് സഹായിച്ചുകൊണ്ടുതന്നെയാണ് പോകുന്നതെന്നും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അങ്ങയുടെ വികാരത്തോട് യോജിച്ചുകൊണ്ടുതന്നെ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്. ഇനിയും എന്തെല്ലാം കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കുമെന്ന് ചർച്ച ചെയ്യാം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതിനുശേഷം വിശദമായി ചർച്ച ചെയ്യാനുണ്ട്. ഇക്കാര്യങ്ങളെല്ലാം അപ്പോൾ പറയാൻ സാധിക്കുന്നതാണ്.

ഒന്നുരണ്ട് കാര്യങ്ങൾ പറയാതെ പോകുന്നത് ശരിയാകില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഒന്ന്, തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ, ശ്രീ. എ. പി. അനിൽ കുമാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ ഗൗരവത്തോടുകൂടി അത് ചൂണ്ടിക്കാണിച്ചു, ആ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. 1990-കൾക്കുശേഷം ഉണ്ടായിട്ടുള്ള സാമ്പത്തികാഘാതം ഏറ്റവും കൂടുതൽ നേരിടേണ്ടിവന്നത് പാവപ്പെട്ട തൊഴിലാളികളാണെന്ന് അദ്ദേഹം പറഞ്ഞ വസ്തുത ശരിയാണ്. ഇപ്പോൾ തൊഴിലാളികൾ മാത്രമല്ല കൃഷിക്കാരും ആ നയങ്ങളുടെ പ്രത്യാഘാതങ്ങൾ വലിയ തോതിൽ അനുഭവിച്ചുതുടങ്ങിയിട്ടുണ്ട്. ശ്രീ. എ. പി. അനിൽ കുമാർ വസ്തുനിഷ്ഠമായി തന്നെയാണ് ആ അഭിപ്രായം പറഞ്ഞത്. കേന്ദ്രത്തിൽ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്താണ് പുതിയ സാമ്പത്തിക പരിഷ്കരണ നയങ്ങൾ കൊണ്ടുവന്നത്. ആ നയങ്ങളെ തുടർന്നാണ് സാമ്പത്തിക മേഖലയിൽ ഒരുപാട് പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്. അന്ന് കൊണ്ടുവന്ന നയം കൂടുതൽ തീഷ്ണമായിട്ടാണ് ഇന്നത്തെ ബി.ജെ.പി. ഗവൺമെന്റ് നടപ്പിലാക്കുന്നത്. അതിന്റെ ദുരന്തങ്ങളാണ് നാം അനുഭവിക്കുന്നത്. ഇനി ഇവിടെ ചർച്ചചെയ്യാൻ പോകുന്ന വിഷയങ്ങളിലും ഇതുതന്നെയാണ് അടിസ്ഥാനമായി നിൽക്കുന്നത്. വിഷയങ്ങളെ വളരെ ലാഘവത്തോടുകൂടി കാണരുത്. ആരെങ്കിലും ഹിന്ദി പഠിച്ചോ പഠിച്ചില്ലേ എന്നുള്ളതല്ല നാട് നേരിടുന്ന പ്രശ്നം. ഭാഷ ഒരു പ്രശ്നപരിഹാരത്തിനും തടസ്സമല്ല. എല്ലാ ഭാഷയ്ക്കും അതിന്റേതായ മാന്യതയും അർഹതയുമുണ്ട്. മാതൃഭാഷയ്ക്ക് കൂടുതൽ പരിഗണന കൊടുത്ത് കൂടുതൽ ഭാഷ പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. ഒരു ഭാഷയെ എത്ര മോശമായ നിലയിലാണ് സഭയിൽ അവതരിപ്പിച്ചത്. അങ്ങനെ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യമുണ്ടോ? സീരിയസായ പ്രശ്നം അങ്ങനെ അവതരിപ്പിക്കുന്നത് ശരിയാണോ? ഇത്തരത്തിൽ പ്രശ്നങ്ങളെ ലാഘവത്തോടെ കാണരുത്, പ്രശ്നങ്ങളെ ഗൗരവത്തോടുകൂടിതന്നെ പരിശോധിക്കേണ്ട വേദിയായി നിയമസഭയെ കണ്ട് ഇക്കാര്യങ്ങൾ മനസ്സിലാക്കി പോകുന്ന നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ പരമാവധി വർദ്ധിപ്പിച്ച് അവരെ സഹായിക്കുന്ന നിലപാടുമായിത്തന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ആഭരണമേഖലയിൽ നാം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രശ്നം യന്ത്രവൽക്കരണമാണ്. തൊഴിൽ മേഖലകളിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പഴയതുപോലെയല്ല അന്തരീക്ഷം. തൊഴിൽ സംരക്ഷിക്കപ്പെടണമെങ്കിൽ വളരെയേറെ പ്രയാസങ്ങൾ നമ്മൾ നേരിടേണ്ടതുണ്ട്. കുറെ പ്രശ്നങ്ങൾ കാലത്തിനനുസൃതമായി മാറുന്നതാണ്. കേന്ദ്രനയത്തിന്റെയും ആഗോള നയത്തിന്റെയും സ്വാധീനം നമ്മുടെ തൊഴിൽ മേഖലയെയും കാർഷിക മേഖലയെയും ബാധിക്കുന്നു. അത്തരം പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടുന്ന നിലപാട് സ്വീകരിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ കേരളത്തിൽ എന്താണ് കാണുന്നത്? സംസ്ഥാനം എടുത്തുകൊണ്ടിരിക്കുന്ന നിലപാടുകളാണ് കേന്ദ്രനയത്തിന്റെ ദുരിതത്തിൽ നിന്നും ജനങ്ങൾക്ക് പൊതുവെ ആശ്വാസം നൽകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും സഹായകരമായ ചില നിലപാടുകൾ എടുത്തിട്ടുണ്ട്, ഈ ഗവൺമെന്റിന്റെ കാലത്തും തുടർന്നുകൊണ്ടിരിക്കുന്ന സമീപനങ്ങളുണ്ട്. ഇതൊക്കെ വസ്തുതാപരമായി നമ്മൾ കാണണം. ഇങ്ങനെ സഹായകരമായ നിലപാട് എടുത്തിട്ടില്ലായിരുന്നുവെങ്കിൽ ഈ ദുരന്തത്തിന്റെ ആഴം വളരെ വലുതാകുമായിരുന്നുവെന്നതുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും ഇവിടെ വന്ന് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക്, കേരളത്തിലെ തൊഴിലാളികൾക്ക് എന്തെല്ലാം സംരക്ഷണ നിയമമുണ്ടോ അതെല്ലാം അവർക്കും ബാധകമാണ്. അവരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 'ആവാസ് 'എന്നത് ഒരു പുതിയ പദ്ധതിയാണ്. 'ആവാസ്' ' പദ്ധതി പ്രകാരം ഒരാൾ മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് 2,00,000 രൂപയും ചികിത്സയ്ക്ക് 15,000 രൂപയുമാണ് സഹായമായി നൽകുന്നത്. ഈ ആനുകൂല്യത്തിൽ ഇനിയും എത്രത്തോളം മാറ്റം വരുത്താൻ കഴിയുമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അപകടം പറ്റി ജോലി ചെയ്യാൻ സാധിക്കാത്ത ഇതരസംസ്ഥാന തൊഴിലാളികൾക്കുകൂടി സംരക്ഷണം ലഭിക്കണം. അത്തരമൊരു കാഴ്ചപ്പാട് പൊതുവെ എടുക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഈ തൊഴിലാളികളെ താമസിപ്പിക്കുന്നതിനുവേണ്ടി 'അപ്നാഘർ' എന്നൊരു പദ്ധതിക്ക് തുടക്കം കുറിച്ചു. ഈ ഗവൺമെന്റ് അത് നിർത്തലാക്കിയിട്ടില്ല. ഗവൺമെന്റ് ശക്തമായി മുന്നോട്ടുകൊണ്ടുപോകുകയാണ്. കഞ്ചിക്കോട് തുടങ്ങിവച്ചിട്ടുള്ള പണി പൂർത്തീകരിച്ച് മറ്റു ജില്ലകളിലേയ്ക്കുകൂടി 'അപ്നാഘർ' പദ്ധതി വ്യാപിപ്പിച്ച് ഈ തൊഴിലാളികൾക്ക് കൂടുതൽ സംരക്ഷണം നൽകുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതാണ് വസ്തുത. ആ വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണം പ്രശ്നങ്ങളെ സമീപിക്കേണ്ടതെന്നാണ് ഇവിടെ ഉന്നയിച്ച ചില അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. മറ്റ് വിഷയങ്ങളെല്ലാം ഈ ബിൽ വീണ്ടും സഭയിൽ ചർച്ചയ്ക്ക് വരുന്ന സമയത്ത്

ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പറയാനുള്ള സന്ദർഭമുണ്ട്. പൊതുവെ വിശ്വകർമ്മ വിഭാഗത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും അവർക്ക് അംഗീകാരം നൽകുന്നതിനുമുള്ള സമീപനമാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ച് പറഞ്ഞു. ഗവൺമെന്റ് ഒരു നടപടികൂടി സ്വീകരിക്കുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ പൂർണ്ണമായും തൊഴിലില്ലാത്തവർ എത്ര പേരുണ്ട്; രജിസ്റ്റർ ചെയ്തവരിൽ തൊഴിലുള്ളവരുണ്ടോ; തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഏത് മേഖലയ്ക്ക് പ്രാമുഖ്യം നൽകണം എന്നുള്ളതുസംബന്ധിച്ച് ഒരു പഠനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ആവശ്യമാണ്. ഇക്കാര്യത്തിൽ 'കില'യുടെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിൽ ഒരു മോഡൽ പ്രോജക്ട്/സർവ്വേ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപ്പോൾ ഇതിന്റെ വസ്തുത കുറച്ചുകൂടി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എംപ്ലോയബിലിറ്റി സെന്റർ, ഈ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയിട്ടുള്ള കരിയർ ഡെവലപ്മെന്റ് സെന്റർ ഇതെല്ലാം ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ സൗകര്യങ്ങളും സഹായങ്ങളും നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ്. ഇതുവഴി നിരവധിയാളുകൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി 120000 പേർക്ക് കേരളത്തിൽ പുതിയതായി ജോലി നൽകിയിട്ടുണ്ട്. ഇവിടെ എത്ര ലാഘവത്തോടുകൂടിയാണ് പ്രശ്നങ്ങളെ സമീപിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും തൊഴിൽ നൽകിയിട്ടുണ്ട്. അത് കൂടുതൽ ശക്തി പ്പെടുത്തുന്നതിനുവേണ്ടിയുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഒരുതരത്തിലും വെട്ടിക്കുറയ്ക്കാത്ത നിലപാടാണ് ഗവൺമെന്റിനുള്ളത്. അതിന് തടസ്സമാകുന്ന ഏതെങ്കിലും ഉത്തരവുകൾ വന്നിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിനു വേണ്ടിയുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്നാണ് ഇക്കാര്യത്തിൽ പറയാനുള്ളത്. അതുകൊണ്ട് ഈ ബിൽ വസ്തുതകൾ പരിശോധിച്ചു കൊണ്ട് തൊഴിലാളികളുടെ താൽപ്പര്യത്തെ മുൻനിർത്തി പോസിറ്റീവായ സമീപനം സഭ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ, 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ? (Not in the seat.)

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### ആർ. സി. ഇ. പി. കരാർ

ശ്രീ. കെ. സി. ജോസഫ് : സർ, " ആർ. സി. ഇ. പി. കരാർ ഒപ്പിടുന്നതോടുകൂടി കേരളത്തിലെയും ഇതരസംസ്ഥാനങ്ങളിലെയും ക്ഷീരമേഖലയും നാണ്യവിളകളും ഉൾപ്പെടെയുള്ള കാർഷികമേഖല, ചെറുകിട അനുബന്ധ വ്യവസായങ്ങൾ, ഫിഷറീസ് മേഖല, വാണിജ്യ വ്യാപാരമേഖല തുടങ്ങിയ രംഗങ്ങളിൽ ഉണ്ടാകാനിടയുള്ള അതീവഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്തുകൊണ്ട് ഈ മേഖലകളുടെ താൽപ്പര്യസംരക്ഷണം സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാകാത്ത സാഹചര്യത്തിൽ ആർ.സി.ഇ.പി. കരാറിൽനിന്നും പിൻവാങ്ങണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന കാര്യം ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12 മണി മുതലാണ് ഈ ഉപക്ഷേപം ചർച്ച ചെയ്യാൻ തീരുമാനിച്ചിരുന്നത്. ബില്ലുകളിന്മേലുള്ള ചർച്ച നീണ്ടുപോയതിനാൽ ഇപ്പോൾ സമയം 5 ആയി. ഇത്രയും ഗൗരവമുള്ള വിഷയം കുറച്ചുകൂടി സമയമെടുത്ത് ചർച്ച ചെയ്യേണ്ടതായിരുന്നു. Regional Comprehensive Economic Partnership (R.C.E.P.) കരാർ സംബന്ധിച്ച് പല തരത്തിലുള്ള ചർച്ചകളും കഴിഞ്ഞു, ഇപ്പോൾ ഒപ്പുവയ്ക്കാനുള്ള

അവസാനഘട്ടത്തിലാണ്. ഇത് വളരെ ആശങ്കാജനകമായ സ്ഥിതിയാണ് നാട്ടിലുളവാക്കിയിട്ടുള്ളത്. ഇപ്പോൾത്തന്നെ വിലത്തകർച്ച, ഉല്പാദനത്തകർച്ച, തുടർച്ചയായ പ്രളയക്കെടുതി, രോഗബാധ എന്നിവ കാരണം നട്ടെല്ലൊടിഞ്ഞിരിക്കുന്ന ഇന്ത്യയിലെ കാർഷികമേഖലയുടെ നിലനിൽപ്പുപോലും അപകടത്തിലാകുന്ന രീതിയിലേയ്ക്കാണ് കേന്ദ്രഗവൺമെന്റ് ചുവടുവയ്ക്കുന്നത്. ഗുരുതരമായ പ്രയാസങ്ങളുണ്ടാക്കുന്ന ഈ കരാറിനെപ്പറ്റി പാർലമെന്റിൽ ചർച്ച ചെയ്തില്ല. സംസ്ഥാനങ്ങളുടെ അഭിപ്രായം ചോദിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽപറഞ്ഞു. യൂറോപ്യൻ യൂണിയനിൽനിന്ന് ബ്രിട്ടൻ പിൻമാറുന്ന വിഷയവും ബ്രെക്സിറ്റ് കരാറും രണ്ട് വർഷമായി ബ്രിട്ടീഷ് പാർലമെന്റിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെ രണ്ട് പ്രധാനമന്ത്രിമാർ രാജിവയ്ക്കേണ്ടി വന്നു. എന്നാൽ ദൂരവ്യാപകമായി ഇന്ത്യയുടെ സമ്പദ്ഘടനയെത്തകർക്കുന്ന ഒരു കരാർ സംബന്ധിച്ച് ഇന്ത്യൻ പാർലമെന്റിൽ ചർച്ചയുണ്ടാകുന്നില്ല; സംസ്ഥാനങ്ങളുടെ അഭിപ്രായം ചോദിക്കുന്നില്ല. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തിക സമീപനം ഈ നാട് തകർക്കുകയാണ്. ഡീമോണിറ്റൈസേഷൻ പ്രഖ്യാപിച്ചതിന്റെ ആഘാതത്തിൽനിന്നും ഇന്നും മോചനമുണ്ടായിട്ടില്ല. വലിയ സാമ്പത്തിക തകർച്ചയുണ്ടായി. അന്ന് ബഹുമാന്യനായ പ്രധാനമന്ത്രി പറഞ്ഞത് പ്രശ്നങ്ങൾ അൻപത് ദിവസത്തിനുള്ളിൽ പരിഹരിക്കുമെന്നാണ്. അൻപത് ദിവസം പോയിട്ട് വർഷങ്ങളായിട്ടും പരിഹാരമുണ്ടാകുന്നില്ല. ജി.എസ്.ടി. നടപ്പിലാക്കി. ഒരു ഹോംവർക്കും ചെയ്തില്ല. ഇന്ന് വ്യാപാരമേഖലയാകെ തകർന്നു. ഇതിന്റെ തുടർച്ചയായി വരുന്ന ആർ.സി.ഇ.പി. കരാർ ഉണ്ടാക്കാൻപോകുന്നത് വളരെ അപകടകരമായ സ്ഥിതിയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏറ്റവും സന്തോഷമുള്ള കാര്യം, ഇക്കാര്യത്തിൽ കേരളത്തിലെ ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ അഭിപ്രായ സമന്വയമുണ്ടെന്നുള്ളതാണ്. കേന്ദ്രത്തിലെ ഭരണകക്ഷിയായ ബി.ജെ.പി.-യുമായി ബന്ധപ്പെട്ട സ്വദേശി ജാഗരൺ മഞ്ച് തുടങ്ങിയ സംഘടനകൾപോലും ഈ അപകടം ചൂണ്ടിക്കാണിക്കുന്നുണ്ട്. അതൊന്നും പരിഗണിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകാതെ മുന്നോട്ടുപോകുകയാണ്. ഇവിടെ പലരും യു.പി.എ. ഗവൺമെന്റിനെ കുറ്റപ്പെടുത്തി. ഞാനൊരു കാര്യം മാത്രം പറയുകയാണ്, 2011-14-ലുണ്ടായ ആഗോള സാമ്പത്തികമാന്ദ്യം, അന്ന് കേന്ദ്രം യു.പി.എ. ഭരിക്കുന്നു. പ്രധാനമന്ത്രി മൻമോഹൻ സിംഗാണ്. ലോകത്തെ സമ്പദ്ഘടനയാകെ ആടിയുലഞ്ഞ ആ കാലഘട്ടത്തിൽ അതിന്റെ നേരിയ ചലനംപോലും ഇന്ത്യയിലുണ്ടായില്ല. മൻമോഹൻസിംഗ് ഗവൺമെന്റിന്റെ സാമ്പത്തികമായ കരുതലും സമീപനവുംകൊണ്ട് ഇന്ത്യ അന്ന് ആഗോള സാമ്പത്തികമാന്ദ്യത്തെ അതിജീവിച്ച് മുന്നോട്ടുപോയി. ഇന്ന് അതല്ല അവസ്ഥ.

നമ്മുടെ സമ്പദ്ഘടന ആടിയുലയുകാണ്. ഇന്ന് കാർഷികോല്പന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞിരിക്കുന്നു. നാട്ടിലെ ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ കച്ചവടമില്ലാതെ കടകൾ അടച്ചുകൊണ്ടിരിക്കുന്നു. തൊഴിലാളികൾക്ക് പണിയില്ല. അന്യസംസ്ഥാന തൊഴിലാളികൾ ഒന്നൊന്നായി മടങ്ങിപോയിക്കൊണ്ടിരിക്കുന്നു. നമ്മുടെ സമ്പദ്ഘടന തകരുന്ന അവസ്ഥയിലാണ്, കുനിന്മേൽ കുരുവെന്നപോലെ, ഇടിവെട്ടേറ്റതുപോലെയാണ് ആർ.സി.ഇ.പി. കരാറുമായി കേന്ദ്രസർക്കാർ മുന്നോട്ടുവരുന്നത്. ഏഷ്യൻ രാജ്യങ്ങൾക്കുപുറമെ ഇന്ത്യ, ചൈന, സൗത്ത് കൊറിയ, ജപ്പാൻ, ന്യൂസിലാൻഡ്, ആസ്ട്രേലിയ എന്നിവയാണ് ആർ.സി.ഇ.പി. രാജ്യങ്ങൾ. 340 കോടി ജനങ്ങൾ, ലോക വ്യാപാരത്തിന്റെ 40 ശതമാനമാണ് ഈ മേഖല കൈകാര്യം ചെയ്യുന്നത്. കേരളത്തിന്റെ കാർഷികോല്പന്നങ്ങളാണ് ഈ രാജ്യങ്ങളിലെ ഉല്പന്നങ്ങൾ. കുരുമുളകിന്റെ കാര്യത്തിൽ വിയറ്റ്നാം, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളും കശുവണ്ടിയുടെ കാര്യത്തിൽ ഇന്തോനേഷ്യയും ഫിലിപ്പൈൻസും പാലിന്റെ കാര്യത്തിൽ ചൈന, ന്യൂസിലാൻഡ്, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളെല്ലാം നമ്മളേക്കാൾ വലിയ ഉല്പാദക രാജ്യങ്ങളാണ്. അവിടെ ഉല്പാദനച്ചെലവ് കുറവാണ്. ഇന്ത്യയുടെ ഉല്പാദനച്ചെലവിന്റെ പകുതിപോലുമില്ലാത്ത രാജ്യങ്ങളാണ്. അവിടെനിന്നും ചുങ്കമില്ലാതെ, ഇംപോർട്ട് ഡ്യൂട്ടിയില്ലാതെ, ഇറക്കുമതിയുണ്ടായാൽ തകരുന്നത് കേരളത്തിന്റെയും ഇന്ത്യയുടെയും കാർഷിക മേഖലയായിരിക്കും. ഇവിടെ ക്ഷീരമേഖലയ്ക്ക് നമ്മൾ നല്ല സംരക്ഷണം കൊടുത്തിട്ടുണ്ട്. അമൂലിന്റെയും മിൽമയുടെയും സാന്നിധ്യം ഈ രംഗത്തെ സുരക്ഷിതവലയമാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കാനഡ, ചിലി, മെക്സിക്കോ, പെറു എന്നീ രാജ്യങ്ങൾ ആസ്ട്രേലിയ, ജപ്പാൻ, ന്യൂസിലാൻഡ്, ബ്രൂണോ തുടങ്ങിയ രാജ്യങ്ങളുമായി ചേരുന്നതാണ് T.P.P. (Trans-Pacific Partnership) ഇവരുടെ ഉല്പന്നങ്ങൾ ഇവിടത്തെ വിപണിയിൽ ഇറക്കുമതി ചെയ്യാനുള്ള സൗകര്യംകൂടി അവർക്ക് ലഭിക്കുമെന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ശരിയാണ്. ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായി പഠിച്ച ആളാണ് ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി. ഉല്പാദനച്ചെലവ് കുറഞ്ഞ, ഇംപോർട്ട് ഡ്യൂട്ടിയില്ലാതെ ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിലെ ഉല്പന്നങ്ങൾ, ഇവിടെ വന്നാൽ തകരുന്നത് ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയായിരിക്കും. ചൈനയിൽ ഉൽപ്പാദിക്കുന്ന ഉൽപ്പന്നങ്ങളുടെ 90 ശതമാനവും ഇന്ത്യയിലേയ്ക്കാണ് വരുന്നത്. അവരുടെ ആവശ്യം ഇംപോർട്ട് ഡ്യൂട്ടിയുണ്ടാകാൻ പാടില്ല എന്നതാണ്. അങ്ങനെവന്നാൽ ചൈന ഉൽപ്പാദിക്കുന്ന ഉല്പന്നങ്ങൾ ഇന്ത്യൻ വിപണിയെ കീഴടക്കും. ഇന്ത്യൻ നിർമ്മാതാക്കൾക്ക് അവരുടെ

ഫാക്ടറികൾ അടച്ചുപൂട്ടേണ്ടിവരും. സ്റ്റീൽ, അലുമിനിയം, ചെമ്പ്, മരുന്ന്, തുണി തുടങ്ങിയ മേഖലകളിലെല്ലാം ഉല്പാദനത്തകർച്ചയുണ്ടാകും. ഇവിടെ പറഞ്ഞ ഒരു കാര്യം, ഇന്ത്യയിൽനിന്നും ഈ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതിക്ക് സാധ്യതയുണ്ടെന്നാണ്. നമ്മുടെ അനുഭവമെന്താണ്? കയറ്റുമതിയിൽ ഇന്ത്യ വളരെ പിന്നിലാണ്. ചൈന 73.3 ബില്യൻ ഡോളറിനുള്ള വസ്തുക്കളാണ് ഇന്ത്യയിലേയ്ക്ക് ഇംപോർട്ട് ചെയ്യുന്നത്. ഇന്ത്യയിൽനിന്നും ചൈനയിലേയ്ക്കുള്ള എക്സ്പോർട്ട് 13.1 ബില്യൺ മാത്രമാണ്. അതായത് ചൈന ഇറക്കുമതി ചെയ്യുന്നതിന്റെ അഞ്ചിലൊന്ന് മാത്രമാണ്. അപ്പോൾ ചൈനയ്ക്കാണ് ഗുണം ലഭിക്കുന്നത്.

ആർ.സി.ഇ.പി. രാജ്യങ്ങൾ കരാറില്ലാതെതന്നെ ഇന്ത്യയിലേയ്ക്ക് 165.2 ബില്യൺ ഡോളറിന്റെ വസ്തുക്കൾ ഇംപോർട്ട് ചെയ്യുന്നുണ്ട്. ഇവിടത്തേയ്ക്കുള്ള ഇന്ത്യയുടെ കയറ്റുമതി കേവലം 60.2 ബില്യൺ ഡോളർ മാത്രമാണ്. ഇംപോർട്ട് ഡ്യൂട്ടി ഉണ്ടായിട്ടുപോലും ഇത്രയും വലിയ ഡമ്പിംഗ് മേഖലയായി ഇന്ത്യ മാറുന്നെങ്കിൽ ഡ്യൂട്ടി എടുത്തുകഴിഞ്ഞാൽ നമ്മുടെ മാർക്കറ്റിൽ നമുക്ക് സ്ഥാനമുണ്ടാകുകയില്ല. സേവനമേഖല ഇവിടെ ഉണ്ടാകാൻ പോകുന്നില്ല. കാരണം, ആസിയാൻ രാജ്യങ്ങളിലും ആർ.സി.ഇ.പി. രാജ്യങ്ങളിലുമുള്ള വിദേശ മലയാളികളുടെ സാന്നിദ്ധ്യമെന്നത് വിദേശ മലയാളി സമൂഹത്തിന്റെ 5 ശതമാനം മാത്രമാണ്. നമുക്ക് job opportunities അവിടെയല്ല. ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലുമാണ്. വിദേശ മലയാളികളുടെ 5 ശതമാനം മാത്രമാണ് ആർ.സി.ഇ.പി. രാജ്യങ്ങളിൽ പണിയെടുക്കുന്നത്. അവിടെ സേവനമേഖലയിൽ നമുക്ക് അവസരങ്ങൾ ലഭിക്കാൻ പോകുന്നില്ല. നമ്മൾ അറിയേണ്ട ഒരു കാര്യം, ഈ കരാർ ഒപ്പിട്ടുകഴിഞ്ഞാൽ അതീവ ഗുരുതരമായ പ്രയാസങ്ങൾ നമ്മുടെ സമ്പദ്ഘടനയിലുണ്ടാകും. ഈ കരാറിൽ യാതൊരു പ്രൊട്ടക്റ്റീവ് മെഷേഴ്സുമില്ല. കാർഷികമേഖലയെ സംരക്ഷിക്കാൻ വ്യവസ്ഥയില്ല. ഈ കരാർ ഏറ്റവും ദോഷകരമായി ബാധിക്കാൻ പോകുന്നത് ക്ഷീരമേഖലയെയും ഫിഷറീസ് മേഖലയെയുമാണ്. കേരളത്തിൽ ഇന്ന് കാർഷിക വിളകളുടെ തകർച്ച ഉണ്ടാകുമ്പോൾ കൃഷിക്കാർ ആശ്രയിക്കുന്ന മേഖലയാണ് ക്ഷീരമേഖല. ക്ഷീരമേഖലയിൽ ഇന്ന് വിലസ്ഥിരതയുണ്ട്. മറ്റൊരു കാർഷികോല്പന്നത്തിനും വിലസ്ഥിരതയില്ല. പക്ഷേ പാലിന്റെ കാര്യത്തിൽ വിലസ്ഥിരതയുണ്ട്. പാൽ കൊടുത്താൽ എത്ര വില കിട്ടുമെന്ന് നമുക്കറിയാം. അതുപോലെ അമൂലിന്റെയും മിൽമയുടെയും ക്ഷീരവികസന വകുപ്പിന്റെയും സാന്നിദ്ധ്യം ഉള്ളതുകൊണ്ട് നമ്മുടെ ക്ഷീരമേഖലയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാകുന്നുണ്ട്. നീതി ആയോഗിന്റെ കണക്കനുസരിച്ച് രാജ്യത്തെ മൊത്തം പാലുല്പാദനം ഇന്ന് 1500 ലക്ഷം ടൺ ആണ്. 15 കൊല്ലം കഴിയുമ്പോൾ അത് ഇരട്ടിയായി വർദ്ധിക്കും.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. കെ. സി. ജോസഫ് പറയുന്ന കാര്യങ്ങളോട് യോജിച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്; ഇപ്പോഴത്തെ സാഹചര്യത്തിൽ, രാജ്യാന്തര വ്യാപാര വ്യവസ്ഥിതി നിലനിൽക്കുമ്പോൾ നമുക്ക് ഈ കരാർ ഒപ്പിടാതെ പിന്മാറാൻ കഴിയുമോ; നമ്മുടെ ഉല്പന്നങ്ങൾക്ക് ഇംപോർട്ട് ഡ്യൂട്ടി 0-40 ശതമാനം പറഞ്ഞിട്ടുണ്ട്. നമ്മളത് 25 ശതമാനമാക്കി റബ്ബറിനെ നശിപ്പിച്ചു. അന്നത്തെ നിലയ്ക്ക് 25 ശതമാനം വലുതായിരുന്നു. ഇപ്പോൾ അത് കുഴപ്പമായി. അതിനുപകരം ഇംപോർട്ട് ഡ്യൂട്ടി 40 ശതമാനമാക്കി ഉയർത്തി. അങ്ങനെയൊരു തീരുമാനമുണ്ടാകാൻ ശക്തമായ സമ്മർദ്ദം ചെലുത്തുകയാണോ നമുക്ക് ഉപകാരപ്രദം; അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. സി. ജോസഫ്: സർ, നമ്മൾ പിന്മാറണമെന്ന് പറയുന്നത് എളുപ്പമാണെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, കാര്യങ്ങൾ വളരെയധികം മുന്നോട്ടുപോയി. പക്ഷേ നമ്മുടെ ശക്തമായ സമ്മർദ്ദമുണ്ടെങ്കിൽ ആവശ്യമായ സംരക്ഷണം ഉണ്ടാക്കാൻ കഴിയും. അങ്ങ് പറഞ്ഞതുപോലെ ഇംപോർട്ട് ഡ്യൂട്ടി വർദ്ധിപ്പിക്കണം, അതിന് സാധിക്കണമെങ്കിൽ ശക്തമായ സമ്മർദ്ദമുണ്ടാകണം. സമ്മർദ്ദം ഉണ്ടാകുന്നതിനുള്ള മാർഗ്ഗമാണ് പിന്മാറണമെന്നുള്ള നമ്മുടെ നിലപാട്. ഇവിടെ ആർ.സി.ഇ.പി. കരാറിൽപ്പെടുന്ന ന്യൂസിലാന്റിന്റെയും ചൈനയുടെയും മികച്ച ക്ഷീരോൽപ്പന്നങ്ങളുണ്ട്. അതുകൊണ്ട് ഭാവിയിൽ അതീവ ഗുരുതരമായ പ്രയാസങ്ങൾ നമ്മുടെ സമ്പദ്ഘടനയിലുണ്ടാകും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, നവംബർ 4-ാം തീയതി ഇതിന്റെ അവസാനവട്ട ചർച്ച നടക്കാൻ പോകുകയാണ്. നീതി ആയോഗിന്റെ വൈസ് ചെയർമാനും 13 സെക്രട്ടറിമാരും ഈ കരാറിൽനിന്ന് പിന്തിരിയണമെന്ന് പറഞ്ഞശേഷവും നമ്മുടെ പ്രധാനമന്ത്രി അതുമായി മുന്നോട്ടുപോകുകയാണ്. സർവ്വീസ് മാറ്ററിൽ ഞങ്ങൾക്ക് ഇളവ് തരണമെന്നുള്ളതാണ് പ്രധാനമന്ത്രി വച്ച ഒരു കണ്ടീഷൻ. സർവ്വീസ് മാറ്ററിൽ ഇളവുതരാൻ അവർ തയ്യാറാകും. അങ്ങനെ ഇളവുതന്നാലും ഒരു ഗുണവുമുണ്ടാകാൻ പോകുന്നില്ല. നമ്മുടെ എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്ക് ഗുണം കിട്ടുമെന്നാണ് പറയുന്നത്. ഇപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ത്രീഡി പ്രിന്റിംഗൊക്കെ വന്നതോടുകൂടി ആ മേഖല മുഴുവൻ തകർന്നു. നമ്മുടെ കാർഷികമേഖലയും ഈ മേഖലയുമൊക്കെ നശിക്കാവുന്നതാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, വളരെ ശരിയാണ്. സേവന മേഖലകൊണ്ട് ഗുണമൊന്നും ഉണ്ടാകാൻ പോകുന്നില്ല. നമുക്കാവശ്യം കാർഷികോത്പന്നങ്ങളുടെ പ്രൊട്ടക്ഷനാണ്. ഒരു ഡമ്പിംഗ് യാർഡായി ഇന്ത്യ മാറാൻ പാടില്ല. നമ്മുടെ

ക്ഷീരോൽപ്പന്നങ്ങൾ, ഫിഷറീസ്, വാണിജ്യം, വ്യാപാര മേഖലകളിലെ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് സംരക്ഷണമുണ്ടാകണം. അതിന് കഴിയണമെങ്കിൽ ആർ.സി.ഇ.പി. കരാറിന്റെ ഭാഗമായിത്തന്നെ ഇംപോർട്ട് ഡ്യൂട്ടികളുള്ള വ്യവസ്ഥയുണ്ടാകണം. വ്യവസ്ഥയുണ്ടാകാത്ത കാലത്തോളം സേവനമേഖല കൊണ്ട് ഒരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഈ കരാർ സംബന്ധിച്ച് നമുക്ക് പൊതുവായ സമന്വയമുണ്ട്. ഇക്കാര്യത്തിൽ കോൺഗ്രസ്സിന്റെ നിലപാട് കഴിഞ്ഞ ദിവസം ശ്രീ. എ. കെ. ആന്റണി വ്യക്തമായി പറഞ്ഞിട്ടുണ്ട്; "മേഖലാ സമഗ്ര സാങ്കേതിക സാമ്പത്തിക പങ്കാളിത്തത്തെ കോൺഗ്രസ് എതിർക്കുന്നു എന്നതാണ്. രാജ്യം മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം കടുത്ത സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും നേരിട്ടുകൊണ്ടിരിക്കുമ്പോൾ കൃഷി, തൊഴിൽ, വാണിജ്യം, വ്യാപാരം തുടങ്ങിയ മേഖലകളെ പ്രതികൂലമായി ബാധിക്കുന്ന സാമ്പത്തിക സമഗ്ര പങ്കാളിത്തത്തെ കോൺഗ്രസ് എതിർക്കുന്നുവെന്ന് എ.ഐ.സി.സി. ആസ്ഥാനത്ത് വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽ മുതിർന്ന കോൺഗ്രസ് നേതാവ് ശ്രീ. എ.കെ. ആന്റണി പറഞ്ഞു." ഇന്ന് ബി.ജെ.പി.യും ബി.ജെ.പി.-യുടെ സഖ്യകക്ഷികളടക്കം ഈ അഭിപ്രായത്തിൽ യോജിക്കുന്നുണ്ട്. പക്ഷേ നമ്മുടേത് lone voice ആണ്. കേരളത്തിൽനിന്നുള്ള അഭിപ്രായത്തിന് വലിയ ഗൗരവം ലഭിക്കുമോ എന്നറിയില്ല. കേരളം മാത്രം പറഞ്ഞാൽ ഇന്ത്യയുടെ സമഗ്രമായ സാമ്പത്തിക നയങ്ങളെ സ്വാധീനിക്കാൻ സാധിക്കില്ല. അതുകൊണ്ട് നമ്മൾ മുൻകയ്യെടുത്തുകൊണ്ട് സമാന ചിന്താഗതിയുള്ള സംസ്ഥാനങ്ങളെ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ദേശീയ ചെറുത്തുനിൽപ്പിനുള്ള ഒരു ഇനിഷ്യേറ്റീവ് എടുക്കണം. അല്ലാതെ നമുക്ക് മുമ്പോട്ട് പോകാൻ സാധിക്കില്ല. ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയെ തകർക്കുന്ന ഈ കരാറിനെ നമ്മൾ നഖശിഖാന്തം എതിർക്കണം. ഈ കരാർ പിൻവലിക്കാനുള്ള സമ്മർദ്ദംചെലുത്തണമെന്ന് ശക്തമായി അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതിൽനിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ഇന്ത്യയിലെ ജനങ്ങളെ, പ്രത്യേകിച്ച് കർഷകരെ പാപ്പരീകരിക്കുന്ന ഈ കരാർ രാജ്യത്തെ കാർഷിക സമ്പദ് വ്യവസ്ഥയെ പൂർണ്ണമായും തകർക്കുന്നതാണ്. കാർഷിക മേഖലയോടൊപ്പം ക്ഷീര-മത്സ്യമേഖലയും ഈ കരാറിന്റെ നീരാളിപ്പിടിത്തത്തിൽ തകർന്നടിയുന്നതാണ്. 2010-ൽ ഒപ്പിട്ട ആസിയാൻ

കരാറിന്റെ പ്രത്യാഘാതങ്ങൾ കാർഷിക മേഖലയെ എങ്ങനെ ബാധിച്ചുവെന്ന് നമുക്കറിയാം. നാണ്യവിളകളുടെ വില ഗണ്യമായി കുറഞ്ഞു. റബ്ബർ, കാപ്പി, കുരുമുളക്, തേയില എന്നിവയുടെ വിലത്തകർച്ചയും കർഷകരെ വൻതോതിൽ ബാധിച്ചു. മൂവായിരത്തോളം റബ്ബർ കടകളാണ് കേരളത്തിൽ അടച്ചു പൂട്ടിയിരിക്കുന്നത്. 1990-കളിൽ ആരംഭിച്ചിട്ടുള്ള ആഗോളവത്കരണ സാമ്പത്തിക നയങ്ങൾ രാജ്യത്തെ കർഷകരുടെ ജീവിതത്തെ വലിയ രീതിയിൽ ബാധിച്ചിരിക്കുകയാണ്. രാജ്യത്തെ കാർഷിക പ്രതിസന്ധി കർഷക ആത്മഹത്യയിലേയ്ക്ക് നയിച്ചു. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഗവൺമെന്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ കർഷക ആത്മഹത്യ രേഖപ്പെടുത്തുന്നത് പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. അത് ജനങ്ങൾ അറിയാൻ പാടില്ലെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ആസിയാൻ കരാർ കർഷക ആത്മഹത്യയുടെ തോത് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇതിനെല്ലാം എതിരായിട്ടുള്ള ബഹുജന പ്രക്ഷോഭം നടന്ന പ്രദേശങ്ങളിൽ ഒന്നാണ് കേരളം. മഹാരാഷ്ട്രയിലെ വിദർഭ, ആന്ധ്രാപ്രദേശിലെ അനന്ത്പൂർ, കേരളത്തിലെ വയനാട് തുടങ്ങിയ സ്ഥലങ്ങൾ കർഷക ആത്മഹത്യയുടെ കേന്ദ്രങ്ങളായി മാറിയിരുന്നു. എന്നാൽ കേരളത്തിൽ നടത്തിയിട്ടുള്ള കർഷക പ്രക്ഷോഭത്തിന്റെ ഭാഗമായി, ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലഘട്ടത്തിൽ കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത് കർഷക ആത്മഹത്യകൾ കുറയ്ക്കുന്നതിന് സഹായിച്ചു. ആസിയാൻ കരാറിനും ആഗോളവത്കരണ സാമ്പത്തിക നയങ്ങൾക്കുമെതിരെ അന്ന് ഉയർന്നുവന്ന വലിയ ജനകീയ പ്രക്ഷോഭങ്ങളെ അന്നത്തെ ഭരണാധികാരികൾ അവഗണിക്കുകയാണ് ചെയ്തിരുന്നത്. ഈ അവഗണനയുടെ ഫലമായാണ് രാജ്യത്തെ കാർഷികമേഖല തകർന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഇതിനെ ഇനിയും തകർക്കുന്നതിനും ഇന്ത്യയിലെ കർഷകരെ പാപ്പരീകരിക്കുന്നതിനുമായിരിക്കും പുതിയ ആർ.സി.ഇ.പി. കരാർ എന്ന കാര്യത്തിൽ സംശയമില്ല. ആഗോള സാമ്പത്തിക പ്രതിസന്ധി ഉയർന്നുവന്നപ്പോൾ ഇന്ത്യ അതിൽനിന്നും മാറിനിൽക്കാൻ കാരണം ഒന്നാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾകൂടി പിന്തുണച്ച അവസരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെയും ദേശവത്കൃത ബാങ്കുകളെയും നിലനിർത്താൻ ശ്രമിച്ചതിനാലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നയങ്ങളാണ് നമ്മൾ ഇപ്പോൾ ഉയർത്തിപ്പിടിക്കേണ്ടത്. അതെല്ലാം ഇപ്പോൾ ഇല്ലാതാകുന്നു. 2012-ൽ കമ്പോഡിയയിൽ ഒത്തുചേർന്ന ആസിയാൻ രാജ്യങ്ങളുടെ ഉച്ചകോടിയാണ് ആർ.സി.ഇ.പി. കരാറിനുവേണ്ടി ഉൾക്കൊണ്ടത്. ഇന്ത്യ, ഓസ്ട്രേലിയ, ചൈന, ന്യൂസിലാന്റ്, തെക്കൻ കൊറിയ ഉൾപ്പെടെയുള്ള 16 രാജ്യങ്ങൾ ഉൾപ്പെടുന്നതാണ് ഈ കരാർ. ലോകത്തിലെ

ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര കരാറായിട്ടാണ് ഇത് വ്യാഖ്യാനിക്കപ്പെടുന്നത്. ഇറക്കുമതി ചുങ്കം തീരെയില്ല. ഉണ്ടെങ്കിൽത്തന്നെ നാമമാത്രമാണ്. അത് ഇന്ത്യയിലെ എല്ലാ കാർഷിക ഉത്പന്നങ്ങളെയും ക്ഷീരമേഖലയെയും മത്സ്യമേഖലയെയും പൂർണ്ണമായും തകർത്തുകളയും. മത്സ്യമേഖലയിൽ ഇപ്പോൾ 30 ശതമാനമാണ് ഇറക്കുമതിച്ചുങ്കം. ഇത് പൂർണ്ണമായും ഇല്ലാതാക്കുകയോ നാമമാത്രമാക്കുകയോ ചെയ്യുന്നതോടുകൂടി ഇന്ത്യയിലെ ലക്ഷക്കണക്കിനുവരുന്ന, കേരളത്തിലെ ഏകദേശം 5 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ, അനുബന്ധത്തൊഴിലാളികളെ ഇത് പൂർണ്ണമായും തകർക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ത്യയിലെ കോർപ്പറേറ്റുകളെ മാത്രം സഹായിക്കുന്നതാണിത്. ഇന്ത്യയിലെ സാധാരണ ജനങ്ങളെ വലിയ രീതിയിൽ ബാധിക്കുന്നതാണെന്ന് കാണാൻ കഴിയും. കോർപ്പറേറ്റുകളുടെ ആസ്തി വർദ്ധിപ്പിക്കാനും ഗൗതം അദാനിയുടെയും Reliance പോലെയുള്ള മോദിയുടെ അടുത്ത സുഹൃത്തുക്കളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഇക്കാര്യങ്ങൾ സഹായിക്കുമായിരിക്കും. ഇന്ത്യയിലെ ജനങ്ങൾ കുത്തുപാളയെടുക്കുന്ന ഒരു നയമാണെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് കേരളം പോലുള്ള സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന പ്രളയക്കെടുതികൾ, ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ എന്നിവമൂലം കാർഷിക മേഖല ആകെ തകർന്നുകിടക്കുകയാണ്. അപ്പോഴാണ് കുനിന്മേൽ കുരു എന്ന നിലയിൽ കൂടുതൽ പ്രയാസമുണ്ടാക്കുന്ന രീതിയിലേയ്ക്ക് ഈ കാര്യങ്ങൾ ഉയർന്നുവരുന്നത്. ഇത്തരമൊരു നിയമം കൊണ്ടുവരുമ്പോൾ ഇന്ത്യൻ പാർലമെന്റ് ചർച്ച ചെയ്തിട്ടില്ല. രാജ്യത്തെ ജനാധിപത്യ സംവിധാനങ്ങൾക്ക് ചർച്ച ചെയ്യാൻ കഴിയുന്നില്ല. ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക് ചർച്ച ചെയ്യാനുള്ള അവസരം കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കുന്നില്ല; അവരുമായി കൂടിയാലോചിക്കുന്നില്ല. സാമ്പത്തിക തകർച്ച മാത്രമല്ല, രാജ്യത്തിന്റെ ഫെഡറൽ സംവിധാനങ്ങളെയാകെ തകർക്കുന്ന ഈ നയം ജനാധിപത്യവിരുദ്ധവും കർഷകവിരുദ്ധവുമാണ്. അത്തരമൊരു നയം നടപ്പിലാക്കുന്നതിൽനിന്നും കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായും പിൻവാങ്ങുകയാണ് വേണ്ടത്. എക്സിക്യൂട്ടീവ് ഉത്തരവിലൂടെ കാര്യങ്ങൾ നടപ്പിലാക്കുകയെന്നത് ജനാധിപത്യ സംവിധാനങ്ങളെയാകെ തകർക്കുന്ന നിലപാടായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ആർ.സി.ഇ.പി. കരാർ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബാധിക്കുന്നത് കേരളത്തെയാണ്. കേരളം ഒരു ഉപഭോഗ സംസ്ഥാനമാണ്, ഇറക്കുമതിയടക്കം എല്ലാ കാര്യങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നിലയാണ്. കാപ്പി, കുരുമുളക്, തേയില, റബ്ബർ തുടങ്ങിയ നാണ്യവിളകളെയും വലിയ രീതിയിൽ ബാധിക്കാൻ പോകുകയാണ്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ക്ഷീരമേഖലയെയാണ്. ഇന്ത്യയിൽ 15 കോടിയോളം

ക്ഷീരകർഷകരുണ്ട്. ഇന്ന് ഒരു ലിറ്റർ പാലിന് കേരളത്തിൽ 46 രൂപയാണ് ലഭിക്കുന്നതെങ്കിൽ ഈ കരാർ നടപ്പിലാക്കുന്നതോടുകൂടി പാൽപ്പൊടി ഇറക്കുമതി ചെയ്യപ്പെടുകയും ഒരു ലിറ്റർ പാൽ 20 രൂപയ്ക്ക് വിൽക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറുകയും ചെയ്യും. ഇന്ത്യയിലേയും മറ്റ് രാജ്യങ്ങളിലേയും കർഷകർ തമ്മിലുള്ള വ്യത്യാസമെന്താണെന്നുവച്ചാൽ, ഓസ്ട്രേലിയയിലെ ക്ഷീരകർഷകരുടെ എണ്ണം 12,000 ആണ്, ന്യൂസിലൻഡിലെ ക്ഷീരകർഷകരുടെ എണ്ണം 6,300 ആണ്. അവർ വലിയ ഫാമുകൾ നടത്തുന്നവരാണ്. ഇവിടെ ഗ്രാമീണ മേഖലയിലുൾപ്പെടെ 15 കോടിയിലേറെ ജനങ്ങളാണ് പശുവിനെയോ എരുമയെയോ പോറ്റി ജീവിക്കുന്നത്. അവരുടെ ജീവിതംതന്നെ ഇതിലൂടെ തകർന്നടിഞ്ഞുപോകുകയാണ്. അതാണ് ഏറ്റവും വലിയ വിഷയം. ഈ കാര്യങ്ങളൊക്കെ നമുക്ക് കാണാൻ കഴിയണം. പാൽ ഉൽപ്പാദിപ്പിക്കുന്നതിൽ ലോകത്തിലെ ഏറ്റവും വലിയ രാജ്യം ഇന്ത്യയാണ്. ഏറ്റവും കൂടുതൽ പാൽ ഉപഭോഗം നടത്തുന്ന രാജ്യവും ഇന്ത്യയാണ്. ഈ രീതിയിൽ വലിയ പ്രയാസങ്ങളാണ് ഈ കരാർമൂലമുണ്ടാകാൻ പോകുന്നത്. പാൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ കാര്യങ്ങളിൽ, കാർഷിക മേഖല ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ രീതിയിൽ ഇടപെടാൻ നമുക്ക് കഴിയേണ്ടതാണ്. വികസിത രാജ്യങ്ങൾ ഏതുകാലത്തും നേരിടുന്ന വലിയ പ്രതിസന്ധികളിലൊന്നായിരുന്നു പാൽ രംഗത്തെ അമിത ഉൽപ്പാദനം. പാൽ എന്നത് വളരെ വേഗത്തിൽ കേടാകുന്ന ഒരു ഭക്ഷ്യ വസ്തുവായതിനാൽ അമിത ഉൽപ്പാദനം വിലത്തകർച്ചയ്ക്ക് കാരണമാകും. പാൽപ്പൊടിയാകുമ്പോൾ അൽപ്പകാലത്തേയ്ക്കുകൂടി സൂക്ഷിച്ചുവയ്ക്കാൻ കഴിയും. ഇതിന് വിപണി കണ്ടെത്തുകയെന്നുള്ളതാണ് ന്യൂസിലൻഡും മറ്റ് രാജ്യങ്ങളുമൊക്കെ ചെയ്യുന്നത്. അതിന്റെ മുന്നോടിയായി ഫ്രാൻസിൽനിന്നുള്ള ലാക്ടാലിസ് എന്ന ഡയറി ഗ്രൂപ്പ് ഇതിനകംതന്നെ തമിഴ്നാട്ടിലുള്ള തിരുമലൈ ഡയറി, അനിക് ഡയറി, പ്രഭാത് ഡയറി എന്നിവ ഏറ്റെടുത്തുകഴിഞ്ഞു. അവിടത്തെ ഉത്പാദനം മാത്രമല്ല, ഇന്ത്യയിലും ഉത്പാദനം നടത്തി ക്ഷീരമേഖലയെ പൂർണ്ണമായും തങ്ങളുടെ കൈകളിൽ കൊണ്ടുവരാനുള്ള നിലപാടാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ നിലപാട് വളരെ ഗൗരവമായ രീതിയിൽ നമ്മുടെ നാടിനെ ബാധിക്കുന്നതാണ്. ഇത് എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ് നമ്മൾ ആലോചിക്കേണ്ടത്. കർഷകർക്ക് വിൽപ്പന വിലയുടെ 70 ശതമാനം ഇപ്പോൾത്തന്നെ പാൽ വിലയായി ലഭിക്കുന്നുണ്ട്. അതാണ് കേരളത്തിന്റെയും നമ്മുടെ രാജ്യത്തിന്റെയും പ്രത്യേകത. ഒരിക്കൽ പാൽ വില വർദ്ധിപ്പിച്ചുകഴിഞ്ഞാൽ അത് കുറയാറില്ല. കേരളത്തിൽ ഇതെല്ലാം പൂർണ്ണമായും തകരാൻ പോകുകയാണ്. കേരളത്തിൽ സാമ്പത്തിക പ്രതിസന്ധി ഉയർന്നുവന്നഘട്ടത്തിൽ, കാർഷിക മേഖലയിലും മറ്റ്

മേഖലയിലുലെല്ലാം പ്രതിസന്ധി ഉയർന്നുവന്നഘട്ടത്തിൽ കേരളത്തിലെ കർഷകർ, പ്രത്യേകിച്ച് മലയോര മേഖലയിലെ കർഷകരെല്ലാം പിടിച്ചുനിന്നത്, ക്ഷീരമേഖല കൊണ്ടാണ്. അത് പൂർണ്ണമായും തകരുന്നുവെന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ വരാൻ പോകുന്നത്. ഡോ. വർഗ്ഗീസ് കുര്യൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം വിവരിക്കുന്നുണ്ട്. 1960-കളിൽ വികസിത രാജ്യങ്ങളിൽ പാൽ ഉൽപ്പന്നങ്ങൾ കുന്നുകൂടി, യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റി അനുദിനം പെരുകുന്ന പാൽപ്പൊടി കുന്നുകളും വെണ്ണത്തടാകങ്ങളും ഒരു പ്രശ്നമായി മാറിയ സാഹചര്യത്തിൽ ഇന്ത്യയിൽ അക്കാലത്ത് രൂക്ഷമായ പാൽ ക്ഷാമവും നിലനിന്നിരുന്നു. ഇന്ത്യയിലെ പ്രധാന നഗരങ്ങളായ ബോംബെയിലും കൽക്കത്തയിലും നേരാംവണ്ണമുള്ള പാൽ ലഭ്യത ഉറപ്പാക്കാൻ കഴിയാത്തതുമൂലം മലിനമായ, വെള്ളം കലർന്ന, ഗുണനിലവാരമില്ലാത്ത പാലായിരുന്നു വിതരണം ചെയ്യപ്പെട്ടിരുന്നത്. ഈ സാഹചര്യം ഡോ. വർഗ്ഗീസ് കുര്യനിൽ ആശങ്ക ജനിപ്പിച്ചു. ഏതെങ്കിലും ഒരു ദിവസം ദയാലുവായ സായിപ്പ് സൗജന്യമായി പാൽപ്പൊടി ഇന്ത്യയ്ക്ക് നൽകാൻ തയ്യാറായാൽ അത് സ്വാഭാവികമായും സ്വീകരിക്കപ്പെടും. നഗരത്തിലെ പാൽലഭ്യത ഉറപ്പാക്കാനുള്ള വ്യഗ്രതയിൽ സൗജന്യ ഇറക്കുമതി ന്യായീകരിക്കപ്പെടുകയും ചെയ്യും. പക്ഷേ, അത് ഇന്ത്യൻ കർഷകരുടെ താൽപ്പര്യത്തെ ഹനിക്കുമെന്ന് ഡോ. വർഗ്ഗീസ് കുര്യൻ തിരിച്ചറിഞ്ഞു. അദ്ദേഹം സ്വതന്ത്ര-സൗജന്യ ഇറക്കുമതിയെ എതിർത്തു. ഇവിടെ ഇറക്കുമതി ചുങ്കം പൂർണ്ണമായും ഇല്ലാതാക്കുകയാണ്. അത് പാടില്ലെന്ന ശക്തമായ നിലപാട് സ്വീകരിച്ചു. ഒരു കേന്ദ്ര ഏജൻസി എന്ന നിലയിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലേയ്ക്ക് പാൽ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തു. പിന്നീട് അതിനെ ദ്രവരൂപത്തിലുള്ള പാലാക്കി മാറ്റി കൃഷിക്കാരുടെ ഉൽപ്പന്നങ്ങളുടെ അതേ വിലയ്ക്ക് മഹാനഗരത്തിൽ വിറ്റഴിച്ചു. ഇന്ത്യൻ ക്ഷീരവിപ്ലവത്തിന്റെ തുടക്കം അവിടെനിന്നാണ്. വിറ്റഴിക്കപ്പെട്ട പാൽ ഉൽപ്പന്നങ്ങളുടെ വിലയാണ് പിന്നീടുള്ള ഓപ്പറേഷൻ ഫ്ലഡ് പദ്ധതിയുടെ ആദ്യ മൂലധനമായി മാറിയിരുന്നത്. ഉൽപ്പന്നങ്ങൾക്ക് തീരെ ഇറക്കുമതിച്ചുങ്കമില്ലാത്ത രീതിയിലും ഇങ്ങോട്ട് ഇറക്കുമതി ചെയ്യാൻ കഴിയും. ഞാൻ നേരത്തെ സൂചിപ്പിച്ച 6 രാജ്യങ്ങൾ ഒപ്പിട്ട ആസിയാൻ കരാറിന്റെ ഒരു തുടർച്ചയാണ്. ഏതായാലും അതിന്റെ പ്രത്യാഘാതങ്ങളിൽനിന്നുള്ള അനുഭവങ്ങൾ നമുക്കെല്ലാവർക്കും പഠിക്കാൻ കഴിഞ്ഞുവെന്നുള്ളതുകൊണ്ടും ഒരു യോജിച്ച പ്രക്ഷോഭത്തിലേയ്ക്കും ഇടപെടലിലേയ്ക്കും പോകാൻ കഴിയുന്നുവെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളം ലോകത്തിനാകെ മാതൃകയായി നിൽക്കുന്ന സംസ്ഥാനമാണ്. വലിയ ബഹുജന പ്രക്ഷോഭങ്ങളിൽ, ശരിയായ കാര്യങ്ങളിൽ നമുക്ക് ഒരുമിച്ച് നിൽക്കാൻ കഴിയണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യാരാജ്യത്തിന്റെയും കേന്ദ്ര ഗവൺമെന്റ് ഭരണാധികാരികളുടെയും

കണ്ണ് തുറപ്പിക്കാൻ കഴിയണം. വലിയ പ്രക്ഷോഭങ്ങൾ രാജ്യത്തെമ്പാടും ഉയർന്നുവരേണ്ടതാണ്. കർഷകരുടെയും ഈ മേഖലയിലെ ജനങ്ങളുടെയുമെല്ലാം യോജിച്ച പ്രക്ഷോഭങ്ങൾ ഉയർന്നുവരണം. ഈ നവംബറിൽ ഒപ്പിടാൻ പോകുന്നുവെന്ന് പറയുന്ന ഈ കരാറിൽനിന്ന് രാജ്യത്തെ പൂർണ്ണമായും പിന്തിരിപ്പിക്കാൻ കഴിയണം. ജനങ്ങളാണ് രാജ്യത്തെ ഏറ്റവും വലിയ ശക്തിയെന്ന നിലയ്ക്ക് തീർച്ചയായും ജനങ്ങളുടെ ഇടയിൽ ഉയർന്നുവരുന്ന പ്രതിഷേധത്തെ തീരെ കണ്ടില്ലെന്ന് നടിച്ച് മുന്നോട്ടുപോകാൻ കഴിയാത്ത ഒരവസ്ഥ രാജ്യത്ത് ഉണ്ടാക്കിയെടുക്കാൻ കഴിയണം. അതിന് ഇന്ത്യയിലെ കർഷകരും മറ്റ് തൊഴിലാളികളും യോജിച്ച പ്രക്ഷോഭങ്ങൾക്കും മറ്റും നേതൃത്വം നൽകാൻ തീർച്ചയായും കേരള നിയമസഭ പാസ്സാക്കുന്ന ഈ പ്രമേയം പ്രചോദനം നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ത്യയിലെ കർഷകരെ കുത്തുപാളയെടുപ്പിക്കുന്ന ഈ നയത്തിൽനിന്ന് കേന്ദ്ര ഗവൺമെന്റ് പിൻവാങ്ങണമെന്ന് ഒരിക്കൽക്കൂടി ആഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങിക്കൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുകയാണ്. ഏതൊരു രാജ്യത്തിന്റെയും രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ പരമാധികാരംപോലെതന്നെ സുപ്രധാനമാണ് രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരവും. സാമ്പത്തിക അധികാരമെന്നത് ഉൽപ്പാദനം, വാണിജ്യം, വ്യവസായം, കയറ്റുമതി, ഇറക്കുമതി തുടങ്ങിയ വിവിധ ഘടകങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഇന്ത്യ ഒരു രാജ്യാന്തര വാണിജ്യ കരാറിൽ ഏർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ, ഈ ഘടകങ്ങളെ ഗുണകരമായോ ദോഷകരമായോ ബാധിക്കാം. ഒരു സർക്കാരിന്റെ മികവെന്നുള്ളത് കരാറിലെ വ്യവസ്ഥകളെ രാജ്യതാൽപ്പര്യത്തിന് അനുകൂലമാക്കി മാറ്റിയെടുക്കുക എന്നതിലാണ്. എന്നാൽ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഗവൺമെന്റ് ആർ.സി.ഇ.പി. കരാറുമായി മുന്നോട്ടുപോകുന്നത് ഇത്തരത്തിൽ രാജ്യതാൽപ്പര്യം മുൻനിർത്തിയാണോ എന്ന ആശങ്ക എല്ലാ കോണുകളിൽനിന്നും ഉയർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും സമൂഹത്തിലും രാജ്യാന്തര കരാറുകളിൽ ഏർപ്പെടുന്നതിനുമുമ്പ് അതിനെ സംബന്ധിച്ച് ചർച്ചകൾ നടത്താറുണ്ട്. രാജ്യനന്മയ്ക്ക് കരാർ എത്രമാത്രം പ്രയോജനകരമാകുമെന്ന് അവിടെ പൊതുസമൂഹം ചർച്ച ചെയ്യുന്നുണ്ട്; വിലയിരുത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെകൂടി വിശ്വാസം ഉറപ്പിച്ചുകൊണ്ടാണ് ഇത്തരം കരാറുകളുമായി പരിഷ്കൃത രാജ്യങ്ങളൊക്കെ മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ, ഒരു ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഈ

കരാറിലെ വിശദമായ വിവരങ്ങൾപോലും പുറത്തുവിടാൻ കേന്ദ്ര സർക്കാർ മടിക്കുകയാണ്. ഈ വർഷം ഒപ്പുവയ്ക്കാൻ പോകുന്ന ആർ.സി.ഇ.പി. കരാർ ഇന്ത്യയിലെ കാർഷിക വ്യവസായ മേഖലയെ എങ്ങനെ ബാധിക്കുമെന്ന ചർച്ചയിൽനിന്നുപോലും കേന്ദ്ര സർക്കാർ ഒളിച്ചോടുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ലോക ജനസംഖ്യയുടെ 30 ശതമാനവും 16 ആർ.സി.ഇ.പി. രാജ്യങ്ങളിലാണ്. ലോകവ്യാപാരം 29 ശതമാനം നടക്കുന്നതും ഈ രാജ്യങ്ങളിൽതന്നെയാണ്. നിർബാധം ഇറക്കുമതിയെന്ന സങ്കൽപ്പം ഒരു ഉപഭോക്തൃ രാജ്യമായ ഇന്ത്യയെ സംബന്ധിച്ചിടത്തോളം അപകടകരമെന്നല്ല, ആത്മഹത്യാപരമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ട് ലക്ഷത്തോളം കർഷകർ ആത്മഹത്യ ചെയ്ത ഒരു രാജ്യമാണ് ഇന്ത്യ. ഇംപോർട്ട് ഡ്യൂട്ടിയില്ലാതെ കുറഞ്ഞ വിലയിൽ കാർഷിക വ്യവസായ ഉൽപ്പന്നങ്ങൾ മറ്റ് രാജ്യങ്ങളിൽനിന്നും കുത്തിയൊഴുകുമ്പോൾ ഇത് രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിലുണ്ടാക്കുന്ന പ്രത്യാഘാതം പ്രവചനാതീതമായിരിക്കും. ഇപ്പോൾത്തന്നെ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലുണ്ടായിരിക്കുന്ന തകർച്ച എത്രത്തോളമുണ്ട് എന്നതിന്റെ ഗൗരവം മനസ്സിലാക്കാൻ നമ്മളാരും സാമ്പത്തിക വിദഗ്ദ്ധരാകേണ്ട കാര്യമില്ല. നാട്ടിലിറങ്ങി ഒരു ഓട്ടോറിക്ഷാക്കാരനോട് ചോദിച്ചാൽ പറയും ഓട്ടമില്ലെന്ന്; കച്ചവടക്കാരനോട് ചോദിച്ചാൽ പറയും കച്ചവടമില്ലെന്ന്. ഒരാളുടെ കയ്യിൽനിന്നും 1000/- രൂപ കടമെടുക്കാൻ ചോദിച്ചാൽ കാണില്ല. അത്ര ഗുരുതരമായി ഇന്ത്യയുടെ സാമ്പത്തിക വ്യവസ്ഥ തകർന്നുനിൽക്കുകയാണ്. ഇപ്പോൾത്തന്നെ തകർച്ച നേരിടുന്ന സമ്പദ്‌വ്യവസ്ഥയിൽ, വ്യവസായത്തകർച്ച നേരിടുന്ന ഇന്ത്യയിൽ ആർ.സി.ഇ.പി. കരാർ യാഥാർത്ഥ്യമാകുന്നതോടെ നമ്മുടെ വ്യാപാര കമ്മി വീണ്ടും വർദ്ധിക്കുകയാണ്. ഇപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് പോലുള്ള നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ലോകത്തെമ്പാടും ഉത്പാദന പ്രക്രിയയിൽ വലിയ കുതിച്ചുചാട്ടമുണ്ടാകുകയും കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ഇന്ത്യൻ മാർക്കറ്റിൽ വിറ്റഴിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ആർ.സി.ഇ.പി. കരാർ ഇന്ത്യൻ ചെറുകിട മേഖലയിൽ വലിയ തിരിച്ചടിയുണ്ടാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾത്തന്നെ ഇന്ത്യൻ വിപണിയിൽ ചൈനീസ് ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം കൊണ്ടുള്ള പ്രത്യാഘാതങ്ങൾ എത്രത്തോളമുണ്ടെന്ന് നമ്മൾ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ്. ആർ.സി.ഇ.പി. കരാർ നടപ്പിലാകുന്നതോടുകൂടി ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ 'മേക്ക് ഇൻ ഇന്ത്യ' എന്ന മുദ്രാവാക്യം 'സെൽ ഇൻ ഇന്ത്യ' ആയി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇന്ത്യ വെറുമൊരു മാർക്കറ്റായി മാറുന്ന കാഴ്ച നമ്മൾ കാണും. അവിടെ സംഭവിക്കാൻ പോകുന്നത് ഇന്ത്യൻ ഉത്പന്നങ്ങൾക്ക് വിലയിടിവ് മാത്രമല്ല,

യുവാക്കളായ നമ്മുടെ പ്രൊഫഷണലുകൾക്ക് വലിയ തോതിൽ തൊഴിൽ നഷ്ടമുണ്ടാകുകയും ചെയ്യും. കാർഷിക മേഖലയിൽ വ്യാപകമായ യന്ത്രവൽക്കരണം നടത്തുകയും നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപ്പാദനക്ഷമത കൂട്ടുകയും ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും ചെയ്യുന്ന രാജ്യങ്ങളാണ് ജപ്പാൻ, ഓസ്ട്രേലിയ, സൗത്ത് കൊറിയ, ചൈന, ന്യൂസിലൻഡ് എന്നീ രാജ്യങ്ങൾ. ഏറ്റവും കൂടുതൽ കാർഷിക വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന ആറാമത്തെ രാജ്യമാണ് ചൈന. തീരുവയില്ലാതെ കാർഷിക ഉത്പന്നങ്ങൾ യഥേഷ്ടം ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്താൽ ഇന്ത്യയിലെ കർഷകർ കുത്തുപാളയെടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾത്തന്നെ കേരളത്തിൽ കർഷകർ ആത്മഹത്യ ചെയ്യുന്ന ദുഃഖകരമായിട്ടുള്ളൊരു സാഹചര്യം നമ്മൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ വിവിധ ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടായിരിക്കുകയാണ്. ഇപ്പോൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽ, ജാതി കർഷകർ ഉൾപ്പെടെയുള്ള കർഷകർ വിലത്തകർച്ച വളരെ ഗുരുതരമായി അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ആർ.സി.ഇ.പി. കരാർ യാഥാർത്ഥ്യമാകുന്നതോടുകൂടി നമ്മുടെ നാട്ടിലെ ഉത്പന്നങ്ങൾക്ക് വലിയ തോതിലുള്ള വിലത്തകർച്ച യുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ ഈ കരാർവഴി ഏറ്റവും കൂടുതൽ പ്രത്യാഘാതമുണ്ടാകാൻ പോകുന്ന രണ്ട് മേഖലകൾ, മത്സ്യ-ക്ഷീരകർഷക മേഖലകളാണ്. ആർ.സി.ഇ.പി. കരാർ ധവള വിപ്ലവത്തിന്റെ നേട്ടങ്ങൾ പൂർണ്ണമായും ഇല്ലാതാക്കാൻ കാരണമാകും ഏകദേശം പത്ത് കോടിയിലധികം ക്ഷീര കർഷകർ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ലോകത്തിന്റെ മൊത്തം ക്ഷീര ഉത്പാദനത്തിന്റെ 20 ശതമാനം ഇന്ത്യയിലാണ്. പാലുൽപ്പാദനത്തിൽ നമ്മൾ സ്വയംപര്യാപ്തരാണ്. 180 മില്ല്യൻ മെട്രിക് ടൺ പാലുൽപ്പന്നങ്ങൾ നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുന്നുണ്ട്. ഓസ്ട്രേലിയ, ന്യൂസിലൻഡ് പോലുള്ള രാജ്യങ്ങൾ പാലുൽപ്പാദനത്തിന്റെ 70-90 ശതമാനംവരെ കയറ്റുമതി ചെയ്യുകയാണ്. 22 മില്ല്യൺ മെട്രിക് ടൺ ഉൽപ്പാദിപ്പിക്കുന്ന ന്യൂസിലൻഡിൽ വെറും പതിനായിരത്തിൽ താഴെ മാത്രം കർഷകരാണുള്ളത്. പാലുൽപ്പന്നങ്ങൾ ഇന്ത്യയിലേയ്ക്ക് നിർബാധം ഇറക്കുമതി ചെയ്യുമ്പോൾ ന്യൂസിലൻഡിലുള്ള പതിനായിരം ക്ഷീര കർഷകരുടെ താൽപ്പര്യങ്ങൾ ഒരു വശത്തും ഇന്ത്യയിലുള്ള പത്ത് കോടിയിൽപ്പരം വരുന്ന ക്ഷീര കർഷകരുടെ താൽപ്പര്യം മറുവശത്തും നിൽക്കുകയാണ്. കർഷകരുടെ വരുമാനം ഇരട്ടിയാക്കു മെന്നാണ് ഇന്ത്യയുടെ പ്രധാനമന്ത്രി അവകാശപ്പെടുന്നതും പ്രഖ്യാപനം നടത്തിക്കൊണ്ടിരിക്കുന്നതും. ന്യൂസിലൻഡിലെ പതിനായിരം ക്ഷീര കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഇന്ത്യയുടെ പ്രധാനമന്ത്രി ഇപ്പോൾ ആർ.സി.ഇ.പി. കരാർ വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ഡീമോണറ്റൈസേഷനും ജി.എസ്.ടി.-യും വഴി ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിലും കാർഷിക-ചെറുകിട-വ്യവസായ മേഖലയിലുമുണ്ടായ തകർച്ചയുടെ ആഘാതം എത്രത്തോളമുണ്ടെന്നത് നമുക്കെല്ലാം അറിയാവുന്നതാണ്. അത്തരത്തിൽ ആർ.സി.ഇ.പി. കരാർ ഈ മേഖലയിൽ ഉണ്ടാക്കാൻ പോകുന്നത് മറ്റൊരു വലിയ തിരിച്ചടിയായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. രാജ്യാന്തര കരാറുകളെ കണ്ണടച്ച് എതിർക്കുന്ന സമീപനം ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ സംബന്ധിച്ചില്ല. പക്ഷേ, ഈ കരാർ രാജ്യതാൽപ്പര്യത്തിന് വിരുദ്ധമായി വന്നാൽ അതിനെ ശക്തമായി എതിർക്കുകതന്നെ ചെയ്യും. അതുകൊണ്ടുതന്നെ ഞാൻ ഒരിക്കൽക്കൂടി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ചായയും ലഘുഭക്ഷണവും ഏർപ്പാടാക്കിയിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, കാർഷിക മേഖലയുടെ താൽപ്പര്യവും സംരക്ഷണവും സംബന്ധിച്ച് ശക്തമായ ധാരണയുണ്ടാക്കാതെ ആർ.സി.ഇ.പി. കരാറിൽ ഒപ്പുവയ്ക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്. എന്നാൽ സ്വാതന്ത്ര്യം നേടി 70 വർഷം പിന്നിട്ടപ്പോൾ നമ്മൾ കേൾക്കുന്നത് ഗ്രാമങ്ങളിലെ കർഷകരുടെ തേങ്ങലുകളാണ്. ആപത്ഘട്ടങ്ങളിലെല്ലാം ഇന്ത്യയുടെ മിത്രമായിരുന്ന സോവിയറ്റ് യൂണിയന്റെ തകർച്ചയോടുകൂടി പിറന്നുവീണ ആഗോളവൽക്കരണ നയങ്ങളുടെ പരിണിത ഫലമാണ് ഇന്നത്തെ ഈ അവസ്ഥയ്ക്ക് കാരണം. ഈ അവസ്ഥ ഉണ്ടാക്കിയവർതന്നെ ഇന്നിതിനെ എതിർക്കുന്നത് സന്തോഷകരമായ കാര്യമാണ്. 'കടിച്ച പാമ്പിനെക്കൊണ്ടുതന്നെ വിഷം ഇറക്കിപ്പിക്കുക' എന്നൊരു ചൊല്ല് നമ്മുടെ നാട്ടിൻപുറത്തുണ്ട്. തകർന്ന കാർഷിക മേഖലയുടെ മുതുകത്ത് അടിക്കുന്ന അവസാനത്തെ ആണിയാണ് ഈ ആർ.സി.ഇ.പി. കരാർ. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന ഗ്രാമങ്ങൾ ഇതോടുകൂടി പൂർണ്ണമായും ശവപ്പറമ്പായി മാറും. കാർഷിക മേഖലയിലെ ഗുരുതരമായ പ്രതിസന്ധിക്ക് പ്രധാന കാരണം ദീർഘകാല കാഴ്ചപ്പാടോടുകൂടിയ കാർഷിക നയങ്ങളുടെ കുറവും അതുപോലെ അന്താരാഷ്ട്ര തലത്തിൽ ഒപ്പിട്ട നിരവധി കരാറുകളുടെ സ്വാധീനവുമാണ്. വിവിധ രാജ്യങ്ങളുമായി കരാറുകളിൽ ഏർപ്പെടുകയെന്നത് ഇന്നത്തെ ലോകത്ത് ഒഴിച്ചുകൂടാൻ കഴിയാത്ത കാര്യംതന്നെയാണ്. പക്ഷെ അത്തരം കരാറുകൾ സ്വന്തം രാജ്യത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താൽപ്പര്യങ്ങൾക്ക് ഗുണകരമാണെന്ന് കണ്ടുകൊണ്ടും മൂലധന ശക്തികൾക്ക് കീഴ്പ്പെടാതെയും ഒപ്പിടുമ്പോഴാണ് മിടുക്കുള്ള ഒരു ഭരണാധികാരിയെന്ന് പറയാൻ കഴിയുന്നത്.

എന്നാൽ അത്തരമൊരു നിലപാടല്ല മുൻകാലങ്ങളിൽ നമ്മുടെ നാട്ടിലുണ്ടായിട്ടുള്ളത്. ഇന്ത്യ ഭരിച്ച ഭരണാധികാരികളെല്ലാം ഈ നയം ഇതിനുമുമ്പുതന്നെ പിന്തുടർന്നിട്ടുള്ളവരാണ്. വേണ്ടത്ര തയ്യാറെടുപ്പുകൾ ഇല്ലാതെയും ഒരു ചർച്ചയും നടത്താതെയുമാണ് ഇത്തരം അന്താരാഷ്ട്ര കരാറുകളിൽ ഇവരെല്ലാ സമയവും ഏർപ്പെട്ടിരുന്നത്. ആസിയാൻ കരാർ, ഗാട്ട് കരാർ, ദക്ഷിണേഷ്യൻ ഫ്രീ ട്രേഡ് ഏരിയ, യൂറോപ്യൻ യൂണിയനുമായി ഉണ്ടാക്കിയിട്ടുള്ള Broad-based Trade and Investment Agreement - (BTIA) ഇവയെല്ലാം ജനഹിതം പരിശോധിക്കാതെയാണ് അതത് കാലഘട്ടങ്ങളിലെ ഭരണാധികാരികൾ ഒപ്പിട്ടിരിക്കുന്നുവെന്നത് നാം മനസ്സിലാക്കേണ്ട കാര്യമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് വിശേഷിപ്പിക്കുന്ന പാർലമെന്റിൽപ്പോലും ഇതൊന്നും ചർച്ച ചെയ്യപ്പെടുന്നില്ലെന്നത് വളരെ ദുഃഖകരമായ കാര്യമാണ്. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് തുല്യ പരിഗണനയുണ്ടെന്നിരിക്കെ സംസ്ഥാനങ്ങളുമായി ചർച്ച നടത്തുകയോ അവരുമായി കൂടിയാലോചനകൾ നടത്തുകയോ ചെയ്യാറില്ല. അപ്പോൾ 'ഫെഡറലിസത്തിന്റെ അന്തകൻ' എന്ന പേരിൽ ഗിന്നസ് ബുക്കിൽ ഇടംനേടാൻ പോകുന്ന ഒരു കരാറായിരിക്കും ശ്രീ. നരേന്ദ്ര മോദി ഒപ്പിടാൻ പോകുന്ന ആർ.സി.ഇ.പി. കരാർ എന്ന് നമ്മൾ കാണേണ്ടിവരും. കരാറിന് ശ്രീ. നരേന്ദ്ര മോദി പച്ചക്കൊടി കാണിച്ചാൽ നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായിട്ടുള്ള കാർഷിക മേഖല, ചെറുകിട വ്യവസായ മേഖല, പൊതു സേവന മേഖല ഇതെല്ലാം തകർന്നുതരിപ്പണമാകുമെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കർഷകന്റെ വരുമാനം ഇരട്ടിപ്പിക്കുമെന്നാണ് പറഞ്ഞിരുന്നത്; എന്നാൽ അവരെക്കൊണ്ട് കുത്തുപാളയെടുപ്പിക്കുന്ന രീതിയിലേയ്ക്ക് ആർ.സി.ഇ.പി. കരാർ പോകുന്നു വെന്നുള്ളതാണ് വാസ്തവം. ലോക ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന ഭൂപ്രദേശങ്ങൾ കരാറിന്റെ പരിധിയിൽ വരുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ചരക്കുകൾ, വാണിജ്യം, സേവനങ്ങൾ, നിക്ഷേപം, സാമ്പത്തിക സാങ്കേതിക സഹകരണം, ഭൗതിക സ്വത്തവകാശം, മത്സരം, ഇ-കൊമേഴ്സ്, തർക്കപരിഹാരം തുടങ്ങി ധാരാളം വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണിത്. ഇവിടെ സർക്കാർ മുൻകയ്യെടുത്തുകൊണ്ട് 28-ാം തീയതി സംഘടിപ്പിക്കപ്പെട്ട ആ കൺവെൻഷനിൽ ധനകാര്യ വകുപ്പുമന്ത്രിതന്നെ സൂചിപ്പിച്ചതുപോലെ ഇത് വളരെ comprehensive ആയ കരാറാണ്. അത്തരമൊരു സമഗ്ര വ്യാപാര കരാർ ഒപ്പിടാനാണ് കേന്ദ്ര സർക്കാർ ഇപ്പോൾ ലക്ഷ്യം വച്ചിരിക്കുന്നത്. ലോക ആഭ്യന്തര ഉൽപ്പാദനത്തിന്റെ നാൽപ്പത് ശതമാനത്തോളം വരുന്ന 49.5 ലക്ഷം കോടി ഡോളറിന്റെ ഭീമമായ വ്യാപാരമാണ് ഈ കരാറിന്റെ ഭാഗമായി കുത്തകകൾ

ലക്ഷ്യം വയ്ക്കുന്നത്. പല രാജ്യങ്ങളുമായി ആർ.സി.ഇ.പി. കരാറിന്റെ ചർച്ച നടന്നിട്ടുണ്ട്. പക്ഷെ നമ്മുടെ രാജ്യത്ത് ഒരു ചർച്ചയും ഇതുസംബന്ധിച്ച് നടന്നിട്ടില്ല. കാരണം, ഈ കരാറിന്റെ നേട്ടങ്ങൾ എന്താണെന്ന് വിശദീകരിക്കാൻ ഇപ്പോൾ ഭരിക്കുന്ന ഭരണാധികാരികൾക്ക് കഴിയുന്നില്ലെന്നതാണ് വാസ്തവം. അതു കൊണ്ടുതന്നെ വളരെ രഹസ്യമായിട്ടാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. വൻ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ടാണ് 2010-ൽ യു.പി.എ. സർക്കാർ 'ആസിയാൻ' കരാറിൽ ഒപ്പിട്ടത്. ഇപ്പോൾ അവർ അതിനെപ്പറ്റി സംസാരിക്കുന്നുണ്ട്, ആസിയാൻ കരാറിന്റെ ഭാഗമായി റബ്ബറിന്റെ വിലയിടിവിനെപ്പറ്റിയെല്ലാം ചർച്ച ചെയ്യപ്പെട്ടതാണ്. പിന്നീട് നമ്മൾ കണ്ടത് വൻതൊഴിലില്ലായ്മയായിരുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നുപറഞ്ഞ് ഒപ്പിട്ട കരാർ നടപ്പായിത്തുടങ്ങിയപ്പോൾ രൂക്ഷമായ തൊഴിലില്ലായ്മയാണ് നമ്മുടെ നാടിന് അഭിമുഖീകരിക്കേണ്ടിവന്നത്. ഇപ്പോൾ അധികാരത്തിലുള്ള ബി.ജെ.പി. സർക്കാരും ഇതേ കാര്യങ്ങൾ തന്നെയാണ് ആർ.സി.ഇ.പി. കരാറിനെപ്പറ്റി പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ മോദിയുടെ ഭരണത്തിൽ ശതകോടികൾ വാങ്ങിക്കൂട്ടിയ അംബാനി, അദാനി തുടങ്ങിയ വൻകിട പ്രമാണിമാർക്ക് മൂലധന നിക്ഷേപം നടത്തുന്നതിന് പുതിയ രാജ്യങ്ങൾ വരുമെന്നുള്ളതാണ് ഈ കരാർ കൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ നേട്ടം. അപ്പോൾ കൂടെനിൽക്കുന്ന വൻകിട പ്രമാണിമാർക്ക് ഗുണകരമായ രീതിയിലാണ് ഈ കരാർ എത്തിപ്പെടുന്നത്. ഉൽപ്പാദനച്ചെലവ് കുറഞ്ഞതും അതുപോലെ ഉൽപ്പാദനക്ഷമത കൂടിയതുമായ ഉൽപ്പന്നങ്ങൾ ചുങ്കരഹിതമായി നമ്മുടെ നാട്ടിലേയ്ക്ക് കടന്നുവരുമ്പോൾ നമ്മുടെ കാർഷിക മേഖല പൂർണ്ണമായും തകരും. കാർഷിക മേഖല തകരുമ്പോൾ വ്യവസായ മേഖലയിലും അതിന്റെ തിരിച്ചടികളുണ്ടാകും. നമ്മുടെ നാട് വളരെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല, ഈ കരാർ നടപ്പാകുമ്പോൾ കൃഷിക്കാർക്ക് സ്വന്തം കൃഷിഭൂമി നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തും. കാരണം, നിക്ഷേപകർക്ക് ഭൂമി കൈവശപ്പെടുത്താനുള്ള എല്ലാ അവകാശവും കരാർ നൽകുകയാണ്. അതിന് സർക്കാർ ആവശ്യമായ സഹായം ചെയ്തുകൊടുക്കണമെന്നാണ് പറയുന്നത്. ഭൂമി ഇത്തരം കുത്തകകളുടെ കൈകളിൽ അകപ്പെട്ടുകഴിഞ്ഞാൽ ജനിതകമാറ്റം വരുത്തിയ വിത്തുകളടക്കം ഉപയോഗിച്ചുകൊണ്ട് നമ്മുടെ പരമ്പരാഗത കൃഷിരീതികളെയാകമാനം തകിടം മറിക്കുന്ന സ്ഥിതിയിലേയ്ക്കാണ് നമ്മുടെ നാട് ചെന്നെത്തുക. അതുപോലെ വാൾമാർട്ട് പോലുള്ള വൻകിട ഭീമൻമാരുടെ കടന്നുവരവോടുകൂടി ചെറുകിട വ്യാപാര മേഖല, വഴിയോരക്കച്ചവട മേഖല എന്നിവയെല്ലാം തകർന്നുതരിപ്പണമാകുന്നതിന് കാരണമാകും. ബാങ്കിംഗ്, ഇൻഷ്വറൻസ്, മരുന്ന് വ്യവസായം തുടങ്ങിയ മേഖലകൾ തകരുന്ന

അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഈ കരാർ നിലവിൽ വന്നാൽ 28 ശതമാനം ഉത്പ്പന്നങ്ങളുടെ തീരുവ പൂജ്യത്തിലേയ്ക്കെത്തും. 90 ശതമാനം ഉത്പ്പന്നങ്ങളുടെയും തീരുവ പൂജ്യത്തിലേയ്ക്ക് എത്തിക്കണമെന്നുള്ള സമ്മർദ്ദം നമ്മുടെ രാജ്യത്തിനുമേൽ അനുദിനം വർദ്ധിച്ചുവരികയാണ്. ആ സമ്മർദ്ദത്തിന് കീഴ്പ്പെടുന്ന ഭരണാധികാരികളാണ് ഇന്ത്യ ഭരിക്കുന്നത്. അപ്പോൾ വളരെ ഭയാനകമായ അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കേരളത്തെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു കരാറാണ് ആർ.സി.ഇ.പി. കരാർ. ക്ഷീരോല്പാദനം, മത്സ്യബന്ധനം, സുഗന്ധവ്യഞ്ജനം, കശുവണ്ടി വ്യവസായം, പൗൾട്രി എന്നിവയെയെല്ലാം പ്രതികൂലമായി ബാധിക്കുന്നതാണ് ഈ കരാർ. ധവള വിപ്ലവത്തിന്റെ നേട്ടങ്ങൾ തകർക്കാൻ നരേന്ദ്ര മോദി സർക്കാർ ആർ.സി.ഇ.പി. കരാർ വഴി പരിശ്രമിക്കുമ്പോൾ സ്വയം പര്യാപ്തതയിലേയ്ക്കുള്ള കേരളത്തിന്റെ കുതിപ്പിന് തടസ്സമാകുകയാണ് ഈ കരാർ. ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട് സംഘപരിവാർ സംഘടനകൾക്കകത്തുതന്നെ കലാപം ഉയർന്നുവരികയാണ്. സ്വദേശി നിലപാടുകൾ മറന്ന് അടിയന്തര പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വളഞ്ഞ വഴികൾ സ്വീകരിച്ചാൽ നാട് നശിക്കുമെന്ന് ആർ.എസ്.എസ്. തലവൻ ശ്രീ. മോഹൻ ഭഗവത് വിജയദശമി ദിനത്തിലെ അദ്ദേഹത്തിന്റെ സന്ദേശത്തിൽ പറഞ്ഞത് പരസ്യമായ സ്ഥിതിവിശേഷമുണ്ടായി. കേരളം പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമുക്ക് പാലിനും പാലുല്പന്നങ്ങൾക്കും വിലസ്ഥിരതയുണ്ട്. ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ നാട്ടിൻപുറത്തെ കൃഷിക്കാർക്ക് 43 മുതൽ 52 രൂപവരെ ലഭിക്കുന്നുണ്ട്. ഇത് ആദായകരമായൊരു വില തന്നെയാണെന്നതിൽ തർക്കമില്ല.

ആസിയാൻ കരാർ നിലവിൽ വന്നിട്ട് ഇപ്പോൾ 10 വർഷം കഴിഞ്ഞു. അത് റബ്ബർ മേഖലയെ സ്വർഗ്ഗരാജ്യത്തിലേയ്ക്ക് എത്തിക്കുമെന്നാണ് പറഞ്ഞത്. റബ്ബർ വില അന്ന് 249 രൂപയായിരുന്നു. ഇന്നത് 140 രൂപയാണ്. ആസിയാൻ കരാറിന്റെ ഫലമായി കേരളത്തിൽ 3000 റബ്ബർ കടകൾ പൂട്ടിക്കഴിഞ്ഞു. ഉല്പാദനം വൻതോതിൽ ഇടിഞ്ഞു. ഇതുതന്നെയാണ് മത്സ്യമേഖലയിലും. റബ്ബർ മേഖല തകർന്നതോടുകൂടി ക്ഷീരമേഖലയിലേയ്ക്കും പശു വളർത്തലിലേയ്ക്കും ഒരുപാടാളുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ആർ.സി.ഇ.പി. കരാർ കേന്ദ്ര ഗവൺമെന്റ് ഒപ്പുവച്ച് പ്രാവർത്തികമാക്കിയാൽ കേരളത്തിന്റെ ഗ്രാമീണമേഖല പൂർണ്ണമായും തകർന്നുതരിപ്പണമാകും. ഈ കരാറിൽ ഒപ്പിടരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രധാനമന്ത്രിക്ക് കത്തയച്ചു എന്നുള്ളത് വളരെ സന്തോഷകരവും കൃഷിക്കാരിൽ ആശ്വാസമുണ്ടാക്കുന്നതുമായ നടപടിയാണ്. മാത്രമല്ല, ഒക്ടോബർ 28-ന് കേരളത്തിലെ കർഷക സംഘടനകളുടെ ഒരു സംയുക്ത കൺവെൻഷൻതന്നെ

വിളിച്ചുചേർത്ത് ഇതിനെതിരായ പ്രതിഷേധം സംഘടിപ്പിക്കാനും സർക്കാർ മുൻകയ്യെടുത്തുവെന്നുള്ളത് വളരെ ശ്രദ്ധേയമായൊരു കാര്യമാണ്.

ക്ഷീര ഉല്പാദനം, സംഭരണം, വിതരണം എന്നിവയുമായി ബന്ധപ്പെട്ടുവരുന്ന കർഷക സംഘടനകളെയും മറ്റ് ജനവിഭാഗങ്ങളെയും രാഷ്ട്രീയം, സാംസ്കാരികം തുടങ്ങി എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള വിപുലമായൊരു പ്രതിരോധം ഇതിനെതിരെ ഉയർത്തിക്കൊണ്ടുവരണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പശുവിനെ മാതാവായി കാണുന്നവരാണ് ഇപ്പോൾ രാജ്യം ഭരിക്കുന്നത്. ശ്രീ. നരേന്ദ്ര മോദി ആർ.സി.ഇ.പി. കരാർവഴി ഗോമാതാവിന്റെ അന്തകനായി മാറുകയാണ്. പശു എന്നത് നമ്മുടെ നാട്ടിൽനിന്നുതന്നെ അപ്രത്യക്ഷമാകുന്ന രൂപത്തിലേയ്ക്കാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ നിലപാടിൽനിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന ഈ ഉപക്ഷേപത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട്, കൂടുതൽ ജനവിഭാഗങ്ങളിലേയ്ക്ക് ഇതിന്റെ സന്ദേശം എത്തിച്ചുകൊണ്ട് അതിവിപുലമായ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടിയുണ്ടാകണം എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ആർ.സി.ഇ.പി. അല്ലെങ്കിൽ 'ആർസെപ്' എന്നും ഈ കരാറിനെക്കുറിച്ച് പല രാഷ്ട്രങ്ങളിലെയും വിദഗ്ധൻമാർ പറയുന്നുണ്ട്. ലോകജനസംഖ്യയുടെ 45 ശതമാനവും Foreign Direct Investment-ന്റെ 26 ശതമാനവും Global Trade-ന്റെ 30 ശതമാനവും ജി.ഡി.പി.-യുടെ 25 ശതമാനവും ഇൻവോൾവ്ഡായിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയൊരു വ്യാപാര കരാറായിട്ടാണ് ഇതിനെ കാണുന്നത്. ഇതുസംബന്ധിച്ച് 24 റൗണ്ട് ചർച്ചകൾ കഴിഞ്ഞു. എട്ട് തവണ മന്ത്രിതല ചർച്ചകൾ കഴിഞ്ഞു. കാർഷികോല്പന്നങ്ങൾ മാത്രമല്ല, goods, services, investments, economic and technical co-operation, intellectual property rights തുടങ്ങിയ സകലതും ഇതിനകത്ത് വരും. ഇതുപോലുള്ള കരാറുകളിൽ ഏർപ്പെട്ട ഇന്ത്യയുടെ കഴിഞ്ഞ കാലത്തെ അനുഭവം നോക്കിയാൽ, കയറ്റുമതി 13 ശതമാനവും ഇറക്കുമതി 26 ശതമാനവുമായി മാറുകയാണ് ചെയ്തത്. ഇത്തരം കരാറുകളെ ഇതുവരെ 5 ശതമാനം മുതൽ 25 ശതമാനം വരെ പ്രയോജനപ്പെടുത്താനേ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുള്ളൂ. ഇന്ത്യയുടെ ആകെ വ്യാപാര കമ്മി 109 ബില്യൺ യു.എസ്. ഡോളറാണ്. അതിൽ ചൈനയുമായുള്ള ഇന്ത്യയുടെ വ്യാപാര കമ്മി 60 ബില്യൺ യു.എസ്. ഡോളറാണ്. Trade deficit 2005-ൽ 9 ബില്യൺ യു.എസ്. ഡോളറായിരുന്നത് 2017-ൽ 83 ബില്യൺ യു.എസ്. ഡോളറായി മാറിയിട്ടുണ്ട്. അതിൽത്തന്നെ 60 ബില്യൺ ചൈനയുമായിട്ടുള്ള Trade deficit ആണ്.

കാർഷികോല്പന്നങ്ങൾ, ടെക്സ്റ്റയിൽസ്, പാൽ ഉല്പന്നങ്ങൾ, മരുന്നുകൾ, മത്സ്യം എന്നിങ്ങനെ പലതും ഇതിൽ ഉൾപ്പെടും. ക്ഷീര കർഷകരുടെ എണ്ണം ന്യൂസിലൻഡിൽ 6300 പേരും ആസ്ത്രേലിയയിൽ 12000 പേരുമാണ്. ഇന്ത്യയിൽ 15 കോടിപേരുമാണ്. പക്ഷേ ആസ്ത്രേലിയയിലും ന്യൂസിലാൻഡിലും ക്ഷീരോല്പാദനം വ്യവസായമാണ്. ഇവിടെ അതൊരു തൊഴിലാണ്. അതുകൊണ്ടാണ് അതിത്ര കുറഞ്ഞിരിക്കാൻ കാരണം. പാൽ ഉല്പന്നങ്ങളുടെ കയറ്റുമതി ഇന്ത്യയിൽ 0.3 ശതമാനവും ന്യൂസിലൻഡിൽ 86 ശതമാനവുമാണ്. വൻതോതിലുള്ള ഉദാരവൽക്കരണമാണ് ഇതിന്റെ അന്തിമഫലം. ഭൗതിക സ്വത്തവകാശത്തിൽപ്പോലും മാറ്റംവരാനുള്ള സാധ്യതയുണ്ട്. ലോകത്തിലെ ഏറ്റവും വിലകുറഞ്ഞ നല്ലയിനത്തിൽപ്പെട്ട quality medicines ഉൽപ്പാദിപ്പിക്കുന്ന ഫാർമസ്യൂട്ടിക്കൽസ് രംഗത്തെ കുത്തകയാണ് ഇന്ത്യ. TRIPS (Trade Related Intellectual Property Rights) എന്നുപറയുന്നത് കർക്കശമാകുന്നതോടെ അത് മാറും. ഇപ്പോൾ product based patent right 20 ശതമാണ്. അത് 25 ശതമാനമാക്കണമെന്നാണ് ഈ കരാറിൽ നിർബന്ധമായും പറയുന്നത്. 18 ചാപ്റ്ററുകളാണ് ഈ കരാറിലുള്ളത്. ആ 18 ചാപ്റ്ററിനെക്കുറിച്ചും വളരെ ദുരൂഹതയാണ് നിലനിൽക്കുന്നത്. അതെന്താണെന്ന് ജനങ്ങളുടെയിടയിലോ പാർലമെന്റിലോ ചർച്ച ചെയ്യാൻ ഗവൺമെന്റ് ഇതുവരെ മുന്നോട്ടുവന്നിട്ടില്ല.

ആരോഗ്യമുള്ള സമ്പദ്‌വ്യവസ്ഥയുള്ള രാഷ്ട്രങ്ങൾക്കാണ് ഇത്തരം കരാറുകളൊക്കെ എപ്പോഴും ഗുണം ചെയ്യുന്നത്. ഇന്ത്യയ്ക്ക് ആരോഗ്യമില്ല. പരിശീലനം കിട്ടാതെ ഒളിമ്പിക്സിൽ ഓടാൻ പോകുന്നതുപോലെയാണ് തകർന്ന സമ്പദ് വ്യവസ്ഥയുംവച്ച് ഇത്തരം കരാറിൽ ഏർപ്പെടുമ്പോഴുണ്ടാകുന്ന ഒരവസ്ഥ. ചൈനയ്ക്ക് അതിനുള്ള ശേഷിയുണ്ട്. ഇന്ത്യക്കില്ല. അതുകൊണ്ട് ഇന്ത്യക്ക് നഷ്ടമായിരിക്കും. ഇവിടെ 'Make in India, Make in India' എന്നുപറഞ്ഞ് ദിവസവും നമ്മൾ ശബ്ദമുണ്ടാക്കുമ്പോൾ ചൈനയും ആസ്ത്രേലിയയും ജപ്പാനും ദക്ഷിണ കൊറിയയുമൊക്കെ ഒരക്ഷരം ഉരിയാടാതെ ഉല്പാദിപ്പിച്ചു കൊണ്ടേയിരിക്കുകയാണ്. അതിനെക്കുറിച്ച് യാതൊരു സംസാരവുമില്ല. അവർ വർക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമാണ് അവരുടെ വളർച്ച. നമുക്ക് 11 രാഷ്ട്രങ്ങളുമായി നെഗറ്റീവ് ട്രേഡ് ബാലൻസുണ്ട്. ഇതിൽ 4 രാഷ്ട്രങ്ങളുമായി മാത്രമേ നമുക്ക് പോസിറ്റീവ് ട്രേഡ് ബാലൻസുള്ളൂ. അതുപോലെ അമേരിക്കയുടെ നേതൃത്വത്തിലുണ്ടാക്കിയ TPP (Trans Pacific Partnership) കരാറിൽനിന്ന് അമേരിക്കതന്നെ മാറിയത്, നേരത്തെ ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി പറഞ്ഞത് ശരിയാണ്. ആ ടി.പി.പി.യിൽ ചൈനയെ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ടി.പി.പി.-യിൽനിന്ന് പിൻവലിപ്പിച്ചപ്പോൾ, ഇപ്പോൾ ശ്രീ. നരേന്ദ്ര മോദി അമേരിക്കയിൽ പോയപ്പോൾ പാൽ ഉല്പന്നങ്ങളും കാർഷിക ഉല്പന്നങ്ങളും പ്രത്യേകമായി എഗ്രിമെന്റ് വച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഒരുപാട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അവയൊന്നും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നില്ല.

ഇതിന് Auto Trigger എന്നുപറഞ്ഞൊരു ക്ലോസ് ഉണ്ട്. അതായത്, നമ്മൾ ഈ കരാറിൽ ഒപ്പുവച്ചതിനുശേഷം ഇറക്കുമതി കൂടിയാൽ സ്വാഭാവികമായും അത് തടയാനുള്ളൊരു മെഷറാണ് Auto Trigger. അത് അംഗീകരിച്ചിട്ടില്ല. അതുപോലെതന്നെ country of origin മാറി ഉല്പന്നങ്ങൾ വരും. ഇപ്പോൾ നമ്മൾ ചൈനയിൽനിന്ന് ഇത്ര ഇറക്കുമതി ചെയ്യേണ്ടെന്ന് തീരുമാനിച്ചാൽ ചൈനയുടെ ഉല്പന്നം വിയറ്റ്നാമിലുണ്ടാക്കി വിയറ്റ്നാമിലെ country of origin ആയി ഇങ്ങോട്ട് വരും.

മി. സ്പീക്കർ: കരാറിന്റെ ഭാഗമായി auto trigger അംഗീകരിച്ചിട്ടില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ശരിയാണ്. ആ പ്രൊപ്പോസൽ അംഗീകരിച്ചിട്ടില്ല. അതിൽ ഇന്ത്യ പരിമിതമായ പല ആവശ്യങ്ങളും ഉന്നയിക്കാതിരുന്നിട്ടില്ല. ഇന്ത്യ ആവശ്യങ്ങൾ ഉന്നയിച്ചപ്പോൾ ഈ കരാറിന്റെ ചർച്ചയിൽ അവർ പറഞ്ഞ മറുപടി "Nothing is agreed until everything is agreed" എന്നാണ്. അതുകൊണ്ട് ഈ ഇടപെടലുകളും ചെറിയ തോതിലുള്ള വ്യത്യാസങ്ങളുമൊന്നും നിങ്ങൾ പറയുന്നതുപോലെ നടപ്പിലാക്കാൻ കഴിയില്ലെന്ന് അവർ ഉറപ്പിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇന്ത്യയിലെ ടി.വി. പ്ലാന്റുകളൊക്കെ അടച്ചുപൂട്ടി ടി.വി. നിർമ്മാണം സാംസംഗ് കമ്പനി വിയറ്റ്നാമിലേയ്ക്ക് മാറ്റി. ഇനി നമ്മൾ ചൈനയിൽനിന്ന് ഇറക്കുമതി വേണ്ടെന്ന് തീരുമാനിച്ചാലും വിയറ്റ്നാമിൽനിന്നാണ് സാധനങ്ങൾ വരുന്നത്. Country of origin വിയറ്റ്നാമാകും, സാധനം ദക്ഷിണ കൊറിയയുടേത് ആയിരിക്കും. ഇങ്ങനെ രാജ്യം മാറി ഇറക്കുമതി ചെയ്യാനുള്ള സൗകര്യങ്ങളും അവർക്കുണ്ട്. ഇപ്പോൾ ചൈനയിൽനിന്ന് ഇറക്കുമതി ചെയ്യുന്നത് 7,600 കോടി ഡോളറിന്റെ ഉല്പന്നങ്ങളാണ്. ഇത് 2005-ൽ വെറും 700 കോടി ഡോളറിന്റേത് ആയിരുന്നു. 1994 ഏപ്രിൽ മാസം 15-ന് മൊറോക്കോയിലെ മരാക്കേഷിൽവച്ച് ഒപ്പുവച്ച General Agreement on Tariffs and Trade (GATT) എന്നുപറയുന്ന കരാറിൽ General Agreement on Trade in Services (GATS) ഉണ്ടായിരുന്നു. അതുപോലെ Trade-Related Intellectual Property Rights (TRIPS)

ഉണ്ടായിരുന്നു. അതുപോലെ Trade-Related Investment Measures (TRIMS) ഉണ്ടായിരുന്നു. അതിന്റെയൊക്കെ വിപുലീകൃതമായൊരു രൂപമാണ് ഈ കരാറിൽ നമുക്ക് കാണാൻ സാധിക്കുന്നത്. 2012-ൽ ASEAN discussion-ൽ ഇതിന്റെ ആശയങ്ങൾ മുന്നോട്ടുവച്ചുവെന്ന് പറയുമ്പോൾ അതിന്റെ അർത്ഥമെന്താണ്? അന്ന് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഇതിനേക്കാൾ ആരോഗ്യമുള്ളതായിരുന്നു. അതുകൊണ്ടാണ് അന്ന് അങ്ങനെ ചെയ്യാൻ സാധിച്ചത്. ഇപ്പോൾ അതിനേക്കാൾ മോശമായൊരു അവസ്ഥയാണുള്ളത്. ആരോഗ്യമുള്ള സമ്പദ്‌വ്യവസ്ഥ ഉണ്ടാകുമ്പോഴേ ഇത്തരം കരാറുകളിൽ ഒപ്പുവച്ചാൽ നമുക്ക് പ്രയോജനമുണ്ടാകുകയുള്ളൂ. കാർഷികമേഖലയിൽ മാത്രമല്ല, വളരെ വ്യാപകമായി കോർപ്പറേറ്റുകളെ സഹായിക്കാനുള്ള പദ്ധതികളും ഇതിലുണ്ട്. കോർപ്പറേറ്റുകൾ എന്താണ് ചെയ്യുന്നത്; നമ്മൾ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്താൽ ഇവിടെ അദാനിയോ, അംബാനിയോ അത് ശുദ്ധീകരിക്കാനുള്ള പ്ലാന്റുണ്ടാക്കി ശുദ്ധീകരിച്ച പാം ഓയിൽ വിറ്റ് ലാഭമുണ്ടാക്കും. അങ്ങനെ കോർപ്പറേറ്റുകളെ സഹായിക്കാനുള്ള പദ്ധതികളും ഇതിനകത്തുണ്ട്. അല്ലാതെ ഇത് ചെയ്യാൻവേണ്ടി ശ്രീ. നരേന്ദ്ര മോദി മുന്നോട്ടുവരില്ല. ഈ ഗവൺമെന്റ് ഒരുതരത്തിലും കേരളത്തെ ഈ കരാറിൽനിന്നും പിൻമാറി സഹായിക്കാനുള്ള സാധ്യതയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല, അതുകൊണ്ട് ഈ കരാറിൽ ഇന്ത്യ ഒപ്പിടാതെ മാറി നിൽക്കുകയാണ് ഏറ്റവും അത്യാവശ്യമായ കാര്യമെന്നാണ് എനിക്ക് തോന്നുന്നത്.

ഓട്ടോമൊബൈൽ വ്യവസായവും ടെക്സ്റ്റൈൽ മേഖലയും ഇപ്പോൾ തകർച്ചയിലാണ്. ടെക്സ്റ്റൈൽ മേഖല, ഓട്ടോമൊബൈൽ മേഖല, ചെറുകിട വ്യവസായ മേഖല ഇതെല്ലാം നമുക്ക് നഷ്ടമാകും. ഇവയെല്ലാം കൂടുതൽ നഷ്ടങ്ങളുണ്ടാക്കും. ഇന്ത്യ വെറുതെ ഡമ്പ് ചെയ്യുകയല്ല, കേരളം വെറുമൊരു കൺസ്യൂമർ സ്റ്റേറ്റാണ്, ഇവിടെ ഒരു സാധനവുമുണ്ടാക്കുന്നില്ല. പ്രൊഡക്ഷന് സൗകര്യങ്ങളുണ്ടാക്കിയും ഉൽപ്പന്നങ്ങൾ വർദ്ധിപ്പിച്ചും ഇന്ത്യയിലെ പ്രൊഡക്ഷൻ ഇൻക്രീസ് ചെയ്യുകയുമാണ് ഇതിന് പരിഹാരമാർഗ്ഗം. ഏതെങ്കിലുമൊരു കാലത്ത് ഇത്തരമൊരു കരാറിൽ നമുക്ക് അംഗമാകണമെങ്കിൽ ആദ്യം ചെയ്യേണ്ടത് ക്വാളിറ്റിയുള്ള, നിലവാരമുള്ള വസ്തുക്കൾ ഇഷ്ടംപോലെ ഉൽപ്പാദിപ്പിക്കുകയാണ്. അതിനുള്ള സൗകര്യം ഇപ്പോഴും കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊടുക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നല്ല ക്വാളിറ്റിയുള്ള, കയറ്റുമതി ചെയ്യാൻ സാധിക്കുന്ന, മത്സരിക്കാൻ സാധിക്കുന്ന ലോക കമ്പോളത്തിൽ സ്വീകരിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതുവരെ ഇത്തരം കരാറുകൾ നമുക്ക് നഷ്ടം ചെയ്യും. അത് ആസിയാൻ കരാറായാലും ഫ്രീ ട്രേഡ് എഗ്രിമെന്റായാലും ഗാട്ട് കരാറായാലും ഒരുപോലെ അനുഭവിക്കാനുള്ള ബാധ്യത നമുക്കുണ്ടാകും. അതുകൊണ്ട് ഈ

കരാറിൽ ഏർപ്പെടാതിരിക്കുന്നതിന് പ്രക്ഷോഭങ്ങൾ മാത്രമല്ല, ഈ കരാറിൽ നിന്നും മാറുന്നതിന് ശക്തമായ സമ്മർദ്ദം കേരളം ചെലുത്തണം. അതിന് ശക്തമായ പ്രതിരോധനിര കെട്ടിപ്പടുക്കാനാവശ്യമായ നടപടികളാണ് ഈ സന്ദർഭത്തിൽ നമുക്ക് ആവശ്യമായിട്ടുള്ളത്. ഈ കരാറിൽനിന്നും പിന്മാറണമെന്ന ആവശ്യം ഉന്നയിക്കുന്ന ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് ഉപസംഹരിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, നമ്മുടെ രാജ്യത്തിന് പ്രത്യേകിച്ച് കേരളത്തിന് മഹാദുരന്തമായി മാറാവുന്ന നിർദ്ദിഷ്ട കരാർ നടപ്പാക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകളാണ് ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ കെ. സി. ജോസഫ് ഇവിടെ പങ്കുവച്ചത്. നമ്മൾ സൗകര്യപൂർവ്വം ചില കാര്യങ്ങൾ മറക്കുകയാണ്. 1991-ൽ ഉത്ഘാടനം ചെയ്ത ഉദാരവൽക്കരണ ആഗോളീകരണ സാമ്പത്തിക നയങ്ങളുടെ തുടർച്ചയാണ് ആർ.സി.ഇ.പി. നയങ്ങളെന്നത് നമ്മൾ മറന്നിട്ട് കാര്യമില്ല. ശ്രീ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ ഒപ്പുവച്ച ആസിയാൻ കരാറിന്റെ 2019-ലെ നരേന്ദ്ര മോദി എഡിഷനാണ് ആർ.സി.ഇ.പി. കരാർ. 1991-നുശേഷം ഗാട്ട് കരാറിൽ ആരംഭിച്ചതാണിത്. ഈ കരാറുകൾക്ക് അനുകൂലമായി രാജ്യം ഭരിച്ചിരുന്ന ആളുകൾ അന്ന് എന്തൊക്കെ വാദഗതികളാണോ മുന്നോട്ടുവച്ചത് അതേ വാദഗതികളാണ് ഇന്ന് കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. എന്തൊക്കെ ആശങ്കകളാണോ അന്ന് ഉയർത്തപ്പെട്ടത് അതേ ആശങ്കകളാണ് ഇപ്പോഴും ഉയർത്തപ്പെടുന്നത്. നമ്മുടെ മുമ്പിലുള്ള അനുഭവങ്ങൾ വച്ചുകൊണ്ട്, പ്രത്യേകിച്ചും ആസിയാൻ കരാർ ഒപ്പുവച്ചതിനുശേഷം അത് നാട്ടിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള ഒരു പ്രതികരണമാണ് ഇന്ന് സഭ ഏകകണ്ഠമായി ഒരേ മനസ്സിലേക്ക് വരാനുള്ള സാഹചര്യമൊരുക്കിയതെന്നാണ് എനിക്ക് തോന്നുന്നത്. കാർഷികമേഖലയെ ആസിയാൻ കരാർ വളരെ ആഴത്തിൽ അപകടപ്പെടുത്തി, ആത്മഹത്യകൾ നിരവധിയുണ്ടായി, ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ഇറക്കുമതി ഉണ്ടായി. ബാക്കി നിൽക്കുന്ന സ്വാതന്ത്ര്യംകൂടി പണയപ്പെടുത്തുന്നതാണ് ആർ.സി.ഇ.പി. കരാർ എന്നുള്ളതുകൊണ്ടാണ് നമ്മൾ ഇതിനെ എതിർക്കുന്നത്. ഈ കരാർ സംബന്ധിച്ച മുഴുവൻ വിവരങ്ങളും സർക്കാർ പുറത്തുവിടുകയോ പാർലമെന്റിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. വിദേശ മാധ്യമങ്ങളിൽ വരുന്ന പ്രസിദ്ധീകരണങ്ങൾ മുഖേനയാണ് കാര്യങ്ങൾ മനസ്സിലാക്കി അതിനോട് സമീപനമെടുക്കുന്നത്. വ്യവസ്ഥകൾ ഉദാരമാക്കിക്കൊണ്ട് തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കാനൊന്നും ആർ.സി.ഇ.പി. കരാറിലോ നേരത്തെ ഒപ്പുവച്ച കരാറിലോ ഒരു നടപടിയും ഇല്ലായിരുന്നുവെന്നത് നമ്മൾ വിസ്മരിക്കരുത്. ഏതൊക്കെ

രാജ്യങ്ങൾ എന്നതുസംബന്ധിച്ച് ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. ഞാൻ ആ കാര്യങ്ങൾ ആവർത്തിക്കാൻ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഏത് മേഖലയെയാണ് തകർക്കാതിരിക്കുക? കൃഷിയെപ്പറ്റി ഇവിടെ സംസാരിച്ചു കഴിഞ്ഞു. ക്ഷീര മേഖല, മത്സ്യമേഖല, ഔഷധമേഖല, വ്യവസായ മേഖല, സേവന മേഖല എന്നിങ്ങനെ നാട്ടിലെ എല്ലാ ഉല്പാദന മേഖലകളും തകരുകയാണ്. ഉല്പാദനമില്ലാതെ ഒരു രാജ്യത്തിന്റെ സമ്പദ്ഘടന നിലനിൽക്കില്ലെന്ന തിരിച്ചറിവിലാണ്, നമ്മുടെ ഉല്പാദന മേഖലയെ തകർക്കുന്ന, തീരുവ ഇല്ലാതെ അല്ലെങ്കിൽ തീരുവ കുറച്ച് വലിയതോതിൽ ഇറക്കുമതിയുണ്ടാക്കുന്ന ഈ കരാറിനെ എതിർക്കാൻ നാം ഏകകണ്ഠമായി മുന്നേറിക്കൊണ്ടിരിക്കുന്നത്. ഒരു കാര്യം നാം മനസ്സിലാക്കണം, ഇവിടെ ഉന്നയിക്കപ്പെട്ട ഒരു സംശയം ഇനി പിന്നോട്ടുപോകാൻ കഴിയുമോ എന്നതാണ്. എല്ലാ രാജ്യങ്ങളും ഒപ്പിടുന്നിടത്തുനിന്ന് ഇന്ത്യക്ക് മാത്രമായി മാറിനിൽക്കാൻ കഴിയുമോ? ഒരു പാർശ്വവൽക്കരണ ഭീതിമൂലമാണ് നാം ഈ അപകടത്തിൽ വന്നത്. അന്ന് എന്താണ് പറഞ്ഞത്? നമ്മുടെ ഉല്പന്നങ്ങൾ കയറ്റിയയയ്ക്കാൻ സ്വതന്ത്രമായി കഴിയും, ഇവിടേയ്ക്ക് വിദേശ ഉല്പന്നങ്ങൾ എത്തിച്ചേരും, ഒരു മത്സരാധിഷ്ഠിത സമ്പദ്ഘടന ഉണ്ടാകുമെന്ന് പറഞ്ഞു. അതിൽ നമുക്കുണ്ടായ ഫലം എന്താണ്? നമുക്ക് മറ്റു രാജ്യങ്ങളിൽ വിപണി കണ്ടെത്താനായില്ല, ആസിയാൻ രാജ്യങ്ങളടക്കമുള്ള രാജ്യങ്ങൾ ഇന്ത്യയെ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന വിപണിയാക്കി മാറ്റി. നമ്മുടെ ജനങ്ങളുടെ അധ്വാനത്തിന്റെ ഫലം അന്യസ്ഥലങ്ങളിലേക്ക് പോകുന്ന ഒരു അവസ്ഥാവിശേഷമുണ്ടായി. അനുഭവത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രതിസന്ധി മനസ്സിലാക്കിക്കൊണ്ടാണ് നാം ഇതിനെ എതിർക്കുന്നത്. കയറ്റുമതി വരുമാനം ആസിയാൻ കരാറിനുശേഷം കുറച്ചുകുത്തുന്ന സാഹചര്യമാണ് നമ്മൾ കണ്ടത്. 64 ഉല്പാദനമേഖലകളിൽ 52-ന്റെയും കയറ്റുമതി വരുമാനം കുപ്പുകുത്തി. 2015-18-ൽ വ്യാപാരക്കമ്മി കൂടിയെങ്കിലും നമ്മുടെ കയറ്റുമതി വ്യാപാരത്തിൽ നെഗറ്റീവ് ട്രെൻഡ് തന്നെയുണ്ടായിരുന്നു. വിദേശ നിക്ഷേപം വർദ്ധിക്കുമെന്നത് വെറും പാഴ്വാക്കായി. വിദേശ നിക്ഷേപം ഇവിടെ വർദ്ധിച്ചില്ലെന്നു മാത്രമല്ല, നമ്മുടെ കോർപ്പറേറ്റുകൾക്ക് മറ്റു രാജ്യങ്ങളിൽ പോയി നിക്ഷേപം നടത്താനുള്ള സാഹചര്യവുമുണ്ടായി. അതുകൊണ്ട് മറ്റു രാജ്യങ്ങളെല്ലാം ഒപ്പിടുമ്പോൾ നമ്മൾ എങ്ങനെ മാറിനിൽക്കുമെന്ന ആശങ്ക പങ്കുവയ്ക്കുകയല്ല, ഇതിൽനിന്നും പിന്മാറിയില്ലെങ്കിൽ ഇന്ത്യ വലിയ സാമ്പത്തിക പ്രതിസന്ധിയെ, വലിയ ദുരന്തത്തെ അഭിമുഖീകരിക്കുമെന്ന് വളരെ ധൈര്യമായി, ആർജ്ജവത്തോടുകൂടി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ പറയാനും ഈ കരാർ ഒപ്പുവയ്ക്കാനുള്ള നടപടികളിൽ നിന്ന് പിന്മാറാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കാനും ഈ സഭ ഏകകണ്ഠമായ ഒരു നിലപാടെടുക്കുന്നതിൽ എന്റെ സന്തോഷവും അഭിനന്ദനവും അറിയിക്കുന്നു, ഈ ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ആർ.സി.ഇ.പി. കരാർ നടപ്പാക്കുന്നതിനെതിരെ കേരള നിയമസഭയുടെ ഏകകണ്ഠമായ പ്രതിഷേധം രേഖപ്പെടുത്തുന്നതിന്, അതിനെതിരെ പ്രതികരിക്കുന്നതിനുള്ള വികാരം പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഉപക്ഷേപത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയും കേരള കോൺഗ്രസ്സ് പാർട്ടിയുടെ യോജിപ്പും പിന്തുണയും അറിയിക്കുകയും ചെയ്യുന്നു. സംസ്ഥാനങ്ങളുടെയും ജനങ്ങളുടെയും എതിർപ്പ് പൂർണ്ണമായും അവഗണിച്ചുകൊണ്ട് ആർ.സി.ഇ.പി. കരാറിലേക്ക് വരാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ഇന്ത്യൻ സമ്പദ്ഘടനയെ തകർക്കുന്നതാണെന്ന് എനിക്കുമുമ്പ് സംസാരിച്ച എല്ലാ അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന്റെ ഏറ്റവും വലിയ പ്രത്യാഘാതം നേരിടേണ്ടിവരുന്നത് കാർഷിക സംസ്ഥാനമായ കേരളത്തിനാണെന്നുള്ളതും നമ്മുടെ സമ്പദ്ഘടന പ്രത്യേകമായി പരിശോധിക്കുമ്പോൾ പൂർണ്ണമായും തകരുന്നുവെന്ന ആശങ്കയുമാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. ഇന്ത്യൻ സമ്പദ്ഘടന തകരുന്നതിനെക്കുറിച്ച് ഒരാശങ്കയുമില്ലാതെ പ്രധാനമന്ത്രിയും കേന്ദ്ര ഗവൺമെന്റും ഇക്കാര്യത്തിൽ മുന്നോട്ടു പോകുന്നുവെന്നുള്ളത് അത്ഭുതത്തോടുകൂടിയാണ് രാജ്യത്തെ ജനങ്ങൾ നോക്കിക്കാണുന്നത്. വളരെ നിസ്സാരമായി ഇക്കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമം നടക്കുമ്പോൾ അതിനെതിരെ ദേശീയതലത്തിലുള്ള ശക്തമായ ചെറുത്തുനിൽപ്പിന്റെ നിലപാടുണ്ടാകുക എന്നതാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. കേരള ഗവൺമെന്റ് മുൻകയ്യെടുത്ത് ഈ പ്രതിഷേധത്തിന്റെ സാഹചര്യം രാജ്യത്തൊട്ടാകെ ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി, സമാന നിലപാട് ഉയർത്തിപ്പിടിക്കുന്ന സംസ്ഥാന ഗവൺമെന്റുകളുടെ ഒരു കൂട്ടായ കോൺഫെഡറേഷൻ, ഒരു യോജിച്ച സമിതി അല്ലെങ്കിൽ അതിനുവേണ്ടിയുള്ള ഒരു പ്രതിരോധനിര നമുക്ക് പടുത്തുയർത്തേണ്ടതായിട്ടുണ്ട്. അല്ലാതെ ഇതിന് ഒരു റിസൾട്ടുണ്ടാക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല. അതിന് കഴിയുന്നവിധത്തിലുള്ള ശക്തമായൊരു നീക്കത്തിന് മുൻകയ്യെടുക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. ലോകത്തിലെ ഏറ്റവും വലിയ സ്വതന്ത്രവ്യാപാര കമ്പോളമാണ് ആർ.സി.ഇ.പി. കരാറിലൂടെ ഒരു പ്രഖ്യാപിത ലക്ഷ്യമായി ഉയർത്തിക്കാട്ടിയിട്ടുള്ളത്. ഇറക്കുമതിച്ചുങ്കം കുറച്ച് ചുങ്കരഹിതമായുള്ള നീക്കമെന്നു പറഞ്ഞാൽ കേരളത്തിലെ കർഷകരാണ് തകരാൻ പോകുന്നത് എന്നതിൽ യാതൊരു സംശയവുമില്ല. കൃഷിയും കാർഷിക മേഖലയും പൂർണ്ണമായും തകർക്കപ്പെടാൻ പോകുകയാണ്. ഈയൊരു വലിയ ആശങ്ക നമുക്കുണ്ട്. നാണ്യവിളകളുടെ വിലത്തകർച്ചമൂലം ഇന്ത്യൻ സമ്പദ്ഘടതന്നെ തകർന്നു നിൽക്കുന്ന ഈ സന്ദർഭത്തിൽ ആർ.സി.ഇ.പി. സ്വതന്ത്ര വ്യാപാരക്കരാർ

വരുന്നതിലൂടെ ഇനി അവശേഷിക്കുന്ന കാർഷികമേഖലകൂടി തകരുന്ന സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. കാർഷിക മേഖലയിൽ വിലത്തകർച്ചയുണ്ടായപ്പോൾ ഒരു പരിധിവരെ കൃഷിക്കാർ പിടിച്ചുനിന്നത് പാൽ ഉല്പാദനവും ക്ഷീര കാർഷിക മേഖലയുംകൊണ്ടാണ്. അവിടേയും യാതൊരു രക്ഷയുമില്ലാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുമുമ്പ് ശ്രീ. ആർ. എസ്. ബേബി (മാനേജിംഗ് ഡയറക്ടർ, അമുൽ) ഈ വിഷയത്തിൽ നടത്തിയ പ്രതികരണത്തെക്കുറിച്ചും ഇവിടെ അംഗങ്ങൾ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. It is a question whether you want to help ten thousand farmers in New Zealand or ten crore farmers in India. ഇന്ത്യയിലെ പത്തുകോടി കർഷകരെയാണോ അതോ ന്യൂസിലൻഡിലെ പതിനായിരം വരുന്ന കർഷകരെയാണോ കേന്ദ്ര ഗവൺമെന്റ് നോക്കുന്നത്. സത്യത്തിൽ ഇപ്പോൾ നോക്കുന്നത് ന്യൂസിലൻഡിലെ പതിനായിരം കർഷകരെയാണ്. ഇന്ത്യയിലെ പത്തുകോടി വരുന്ന കർഷകർ ഇവിടെ വഴിയാധാരമാകുകയാണ്. ഈ പ്രതിസന്ധിയുടെ ഗൗരവം ഉയർത്തിക്കാട്ടാൻ കഴിയുന്നവിധത്തിൽ ഇപ്രകാരമൊരു ചർച്ച കേരള നിയമസഭ നടത്തിയത് ഇന്നത്തെ സാഹചര്യത്തിൽ ഈ ആശങ്കയുടെ മുമ്പിൽ ഒരാശ്വാസമാണ്. ഇതിന്റെ മുന്നോട്ടുള്ള പ്രതികരണങ്ങൾക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്തു കൊണ്ട് ആവശ്യമായ, ശക്തമായ ഇടപെടലുകൾ രാജ്യത്തൊട്ടാകെ സമാനസ്വഭാവമുള്ള ബന്ധപ്പെട്ട എല്ലാപേരേയും വിളിച്ചുചേർത്ത് മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. ഈ ചർച്ച ഇവിടെ അവസാനിക്കാതിരിക്കട്ടെ, ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന വിധത്തിലുള്ള യോജിച്ച നിലപാട് രാജ്യത്ത് ഉയർത്തിക്കൊണ്ടുവരാൻ ഈ ചർച്ചയിലൂടെ കഴിയട്ടെ എന്ന് സൂചിപ്പിച്ചുകൊണ്ട്, കേന്ദ്ര ഗവൺമെന്റ് ആർ.സി.ഇ.പി. കരാറിലൂടെ നടപ്പാക്കാൻ പോകുന്ന നയങ്ങളേയും നിലപാടുകളേയും ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, ആർ.സി.ഇ.പി. കരാർ നടപ്പിലാക്കുന്നതിൽ നിന്നും ഇന്ത്യാരാജ്യം പിന്മാറണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള പ്രമേയത്തിനെ ഞാൻ പിന്തുണയ്ക്കുകയാണ്. പതിനാറ് രാജ്യങ്ങൾ പങ്കാളികളായിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയ സ്വതന്ത്രവ്യാപാര കരാറിൽ ഇന്ത്യ ഭാഗമാകുന്നതിനെക്കുറിച്ചുള്ള ആശങ്കകൾ ശക്തമായിരിക്കുകയാണ്. മുന്നറിയിപ്പുകൾ അവഗണിച്ചതിന്റെ തിക്തഫലങ്ങൾ നാം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ആസിയാൻ കരാർ നടപ്പാക്കിയതിന്റെ ഫലമായി കർഷക ആത്മഹത്യകൾ വർദ്ധിച്ചു. നമ്മുടെ കാർഷിക സാമ്പത്തിക മേഖലകളെ തകർത്തു.

പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും ജീവിതം താറുമാറായി. കരാറിൽ ഏറ്റവും ഗുരുതരമായി ബാധിക്കുന്നത് ക്ഷീരവികസന മേഖലയെയാണ്. കരാറിലെ അംഗരാജ്യങ്ങളാണ് ആസ്ട്രേലിയയും ന്യൂസിലൻഡും. ഇവർ പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും പ്രധാന കയറ്റുമതി ഇന്ത്യയിലേയ്ക്ക് അയയ്ക്കുന്നതിനുവേണ്ടി തീരുമാനമെടുത്തുകഴിഞ്ഞു. പാൽ കയറ്റുമതി അഞ്ച് ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. അതിന് സഹായകരമായ നിലപാട് ഇപ്പോൾ മോദി സർക്കാരും എടുത്തിരിക്കുകയാണ്. കേന്ദ്രത്തിലെ വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള CRT (Centre for Regional Trade) എന്ന ഗവേഷണ സ്ഥാപനത്തിലെ പ്രൊഫസർമാർ ഇപ്പോൾ ഇന്ത്യാരാജ്യത്തിലെ കൃഷിക്കാർക്കെതിരായ പ്രചരണത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം പാൽ ഉല്പാദനം കുറയ്ക്കുമെന്നും അങ്ങനെ ഉല്പാദനം കുറയുമ്പോൾ ന്യൂസിലൻഡിൽനിന്നും ആസ്ട്രേലിയയിൽനിന്നും പാൽ ഇറക്കുമതി ചെയ്യുകയാണ് ഏക പോംവഴിയെന്നും പറഞ്ഞുകൊണ്ട് രാജ്യവ്യാപകമായ പ്രചരണത്തിന് കേന്ദ്ര സർക്കാരിന്റെ വാണിജ്യമന്ത്രാലയത്തിന് കീഴിലുള്ള പ്രൊഫസർമാർ ഒരുങ്ങിക്കഴിഞ്ഞു. നമ്മുടെ നാട്ടിൻപുറത്തെ പാവപ്പെട്ട ജനങ്ങളുടെ മുമ്പിൽ ഗോരക്ഷകരെന്നും പറഞ്ഞ് നടക്കുന്ന ആളുകൾ ഗോദ്രോഹികളായി മാറുകയാണ്. 63 ശതമാനമുണ്ടായിരുന്ന ഗോതമ്പിന്റെ ഇറക്കുമതിച്ചുങ്കം മുഴുവനും പിൻവലിച്ചുകഴിഞ്ഞു. ഭാരതത്തിലെ പശുക്കൾക്ക് തീറ്റയായി കൊടുക്കുന്നത് ഗോതമ്പിന്റെ തവിടും ഉമിയുമാണ്. ഗോതമ്പ് ഇറക്കുമതി വരുന്നതോടുകൂടി കൃഷിക്കാർ ഗോതമ്പ് കൃഷിയിൽനിന്നും പിന്മാറാൻ സാധ്യതയുണ്ട്. അങ്ങനെ വന്നാൽ പശുക്കൾക്ക് ആഹാരംപോലും കിട്ടാതെ, ഗോസ്നേഹികൾ ഇന്ന് പശുക്കളെ കൂട്ടത്തോടെ വംശഹത്യ നടത്തുന്ന രീതിയിലേയ്ക്ക് പോകാനാണ് സാധ്യത. നമ്മുടെ രാജ്യത്ത് ഈ കരാർ നിലവിൽ വന്നാൽ ബാധിക്കുന്ന മറ്റൊന്ന് റബ്ബർ മേഖലയാണ്. റബ്ബർ മേഖല കേരളത്തിന്റെ നട്ടെല്ലാണ്. കേരളത്തിൽ ഏറ്റവുമധികം വിദേശനാണ്യം നേടിത്തരുന്നതും കൃഷിക്കാർ ആശ്രയിക്കുന്നതും റബ്ബർ മേഖലയെയാണ്. ആ മേഖല ഇപ്പോൾ തകർന്ന് തരിപ്പണമാകുകയാണ്. ഏതാണ്ട് പത്ത് വർഷം കഴിഞ്ഞപ്പോഴേയ്ക്കും കേരളത്തിൽമാത്രം 10 ലക്ഷം ടണ്ണിൽനിന്നും 6 ലക്ഷം ടണ്ണായി റബ്ബർ ഉല്പാദനം കുറഞ്ഞു, മൂവായിരം കടകൾ അടച്ചുപൂട്ടി. മാത്രമല്ല, കേരളത്തിൽ ഏറ്റവും കൂടുതൽ റബ്ബർ ഉല്പാദിപ്പിക്കുന്നത് മീനച്ചിൽ താലൂക്കിലാണ്. അവിടെ മാത്രം 600 കടകൾ അടച്ചുപൂട്ടി. മീനച്ചിൽ താലൂക്കിന്റെ ഐശ്വര്യം ഇല്ലാതായി. കൃഷിക്കാർ റബ്ബർ കൃഷി ഉപേക്ഷിച്ച് മാറി ചിന്തിക്കുകയാണ്. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന റബ്ബർ കൃഷിയുടെ തകർച്ചയിലേക്കാണിത് എത്തുക. ആർ.സി.ഇ.പി. രാജ്യങ്ങളിൽ മാത്രം, കാർഷികമേഖലയിൽ കൃഷിഭൂമി

വാങ്ങിക്കൂട്ടുക എന്ന നിലയിലേയ്ക്ക് കുത്തക രാജ്യങ്ങൾ ശ്രമം ആരംഭിച്ചുകഴിഞ്ഞു. ഏതാണ്ട് 9.6 ദശലക്ഷം കൃഷിഭൂമി കുത്തകകൾ കയ്യടക്കിവച്ചിരിക്കുന്നു. ഇന്ത്യയിലും കൃഷിഭൂമി വാങ്ങാനുള്ള സൗകര്യം അവർക്ക് ഒരുക്കിക്കൊടുക്കാൻ കേന്ദ്രഗവൺമെന്റ് നീക്കം ആരംഭിച്ചുകഴിഞ്ഞു. സ്വന്തം ഭൂമിയിൽ എന്ത് കൃഷിചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശംപോലും കേന്ദ്ര ഗവൺമെന്റ് ചോദ്യം ചെയ്യുകയാണ്. കർഷകന്റെ സമ്മതത്തിനോ എതിർപ്പിനോ യാതൊരു പ്രസക്തിയുമില്ലാതാകുകയാണ്. അത് നമ്മുടെ പരമ്പരാഗത കൃഷിരീതികളെ താറുമാറാക്കുകയാണ്. ജനിതകമാറ്റം വരുത്തിയ വിത്തുകളാണ് അവർ കൃഷി ചെയ്യുന്നത്. 2019-ൽ പാർലമെന്റിൽ പുതിയ വിത്ത് ബിൽ അവതരിപ്പിക്കുമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. 2010-ൽ മാറ്റിവച്ച വിത്ത് ബിൽ 2019-ൽ അവതരിപ്പിക്കുകയാണ്. ആ ബിൽ വന്നാൽ കൃഷിക്കാരൻ കാർഷിക വിളകൾ ഉല്പാദിപ്പിക്കുകയും സൂക്ഷിക്കുകയും കൈമാറ്റം ചെയ്യപ്പെടുകയും വിതയ്ക്കുകയും ചെയ്യുന്ന പരമ്പരാഗത വിത്ത് രീതി/കാർഷികരീതി എന്നെന്നേയ്ക്കുമായി നഷ്ടപ്പെടാൻ പോകുകയാണ്. അമിതമായ രാസവള പ്രയോഗം, കീടനാശിനി പ്രയോഗം ഇതിന്റെയെല്ലാം ഫലമായി കൃഷിഭൂമി മരുഭൂമികളായി മാറാനാണ് സാധ്യത. ഈ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യാതൊരു നടപടിക്കും കേന്ദ്ര ഗവൺമെന്റ് ഇതുവരെ ശ്രമിച്ചിട്ടില്ല. പാർലമെന്റ് വിളിച്ചുകൂട്ടിയിട്ടില്ല. ഇത്തരമൊരു കരാറിൽ ഒപ്പിടുന്ന സമയത്ത് എക്സിക്യൂട്ടീവ് അല്ല, പാർലമെന്റാണ് തീരുമാനിക്കേണ്ടത്. കാർഷിക മേഖലയെന്നുവച്ചാൽ പൂർണ്ണമായും സംസ്ഥാനങ്ങളുടെ അധീനതയിലാണ് വരുന്നത്. സംസ്ഥാന ഗവൺമെന്റുകളുമായി ചർച്ചയില്ല. കരാർ വ്യവസ്ഥകൾ അതീവരഹസ്യമായിട്ടാണ് നടപ്പാക്കുന്നത്. കരാർ വ്യവസ്ഥകൾ എന്താണെന്ന് വെളിവാക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഇതൊരു രഹസ്യ അജണ്ടയായി മാറ്റുന്നു. കോർപ്പറേറ്റുകൾക്കു വേണ്ടിയാണ് ആർ.സി.ഇ.പി. കരാർ ഉണ്ടാക്കുന്നതെന്ന് പകൽപോലെ വ്യക്തമായിരിക്കുന്നു. 2016-ൽ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശയങ്ങൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചർച്ചചെയ്ത് കേരളത്തിന്റെ ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നു. ഇക്കാര്യങ്ങളിൽ സംസ്ഥാനങ്ങളുമായി കൂടിയാലോചന നടത്തണമെന്ന് കേന്ദ്രസർക്കാരിനെ എഴുതി അറിയിച്ചത് ഏറ്റവും വലിയ ആവേശമായി കാണുന്നു. മാത്രമല്ല, തൊഴിലാളികളുടെ നിയമപരമായ അവകാശം കുറച്ചുകൊണ്ടുവരാൻ കേന്ദ്ര ഗവൺമെന്റ് ശ്രമം നടത്തിയപ്പോൾ ഏറ്റവുമാദ്യം ശക്തമായ പ്രതിഷേധമുയർത്തിയത് കേരള സർക്കാരാണ് എന്നുള്ളതും ശുഭകരമായ കാര്യമാണ്. നമ്മുടെ തുടക്കംതന്നെ വളരെ ഗൗരവതരമായിട്ടുള്ളതാണ്. 28-ാം തീയതി കേരളത്തിലെ മുഴുവൻ ജനപ്രതിനിധികളെയും വിളിച്ച് ഏറ്റവും ജനപങ്കാളിത്തമുള്ള കൺവെൻഷനോടു

കൂടിയ വ്യാപകമായ പ്രചരണം നടത്തി. പ്രക്ഷോഭമാണ് ഇതിന്റെ മാർഗം, അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ഈ കരാറിൽനിന്ന് പിന്മാറാൻ ഇന്ത്യാ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനുള്ള ഏകമാർഗ്ഗം പ്രക്ഷോഭമാണെന്ന നിലയിലുള്ള ചൂണ്ടുപലകയായി ഇവിടെ കൺവെൻഷൻ നടത്തിയതും ശുഭകരമായ കാര്യമാണ്. കാർഷിക മേഖലയിലെ ബി.ജെ.പി. ഗവൺമെന്റിന്റെ ഇരട്ടത്താപ്പിനും വഞ്ചനാപരമായ നയത്തിനും മഹാരാഷ്ട്ര മറുപടി കൊടുത്തു. മഹാരാഷ്ട്രയിലെ ഏറ്റവും വലിയ കാർഷികമേഖലയാണ് വിദർഭ. അവിടെ മാത്രം 60 നിയമസഭാ സീറ്റുകളാണുള്ളത്. വിദർഭയിൽ കഴിഞ്ഞ തവണ 45 സീറ്റും ബി.ജെ.പി. ആയിരുന്നു കയ്യടക്കിയത്. ഇത്തവണ തെരഞ്ഞെടുപ്പ് നടന്നപ്പോൾ 15 സീറ്റിൽ മാത്രമാണ് ബി.ജെ.പി.-ക്ക് ജയിക്കാൻ സാധിച്ചത്. ഇതിനർത്ഥം കാർഷിക മേഖലയിൽ ബി.ജെ.പി. ഗവൺമെന്റിന്റെ തെറ്റായ നയസമീപനങ്ങൾ ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു എന്നതാണ്. ഇത് തിരുത്തണമെന്ന ജനങ്ങളുടെ ആവശ്യമാണ് മഹാരാഷ്ട്ര നിയമസഭയിൽ പ്രതിഫലിച്ചത്. ഇതുതന്നെയാണ് ഏറ്റവും വലിയ മാർഗ്ഗം. കേരളം നാണ്യവിളകളുടെ വലിയ കേന്ദ്രമാണ്. റബ്ബർ, ഏലം, കുരുമുളക്, നെല്ല് ഇവയുടെയെല്ലാം വിളഭൂമിയാണ് കേരളം. കേരളത്തെ ഉന്മൂലനം ചെയ്യുകയായിരിക്കും ആർ.സി.ഇ.പി. കരാറുണ്ടായാൽ സംഭവിക്കാൻ പോകുന്നത്. ഇതിനെതിരായ പോരാട്ടത്തിൽ എല്ലാ ജനവിഭാഗങ്ങളെയും ഒന്നിച്ച് അണിനിരത്താനുള്ള ശ്രമത്തിന് കേരളവും മുന്നോട്ടുവരണമെന്നുമാത്രം സൂചിപ്പിച്ചു കൊണ്ട് ഒരിക്കൽക്കൂടി പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച, ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം, മുഖ്യമന്ത്രി അവതരിപ്പിക്കുന്ന, ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ എന്നീ രണ്ട് ഉപക്ഷേപങ്ങളെയും ഞാൻ അനുകൂലിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. ഇപ്പോൾ നടക്കുന്ന ഈ ചർച്ച മാറ്റിവയ്ക്കാൻ നമുക്ക് കഴിയുമോ? ആസിയാൻ കരാറിനുശേഷംവരുന്ന ഒരു ചർച്ചയാണിത്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ, എഗ്രിമെന്റ് ഒപ്പിടുന്നതിനുവേണ്ടി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും പല ചർച്ചകൾ നടന്നുകഴിഞ്ഞു. പ്രധാനമന്ത്രി ഉൾപ്പെടെ ചർച്ച നടത്തിക്കഴിഞ്ഞിരിക്കുകയാണ്. നമ്മൾ ഇവിടെ എത്ര ശക്തമായി പ്രതികരിച്ചാലും സ്വാഭാവികമായും എഗ്രിമെന്റിലേയ്ക്ക് വരുമെന്ന കാര്യത്തിൽ വിശ്വസിക്കുന്ന ആളാണ് ഞാൻ. ബി.ജെ.പി.-യുടെ വക്കാലത്തൊന്നും എന്റെ കയ്യിലില്ല, ഞാൻ അവരുടെ ആളുമല്ല. ഇക്കാര്യത്തിൽ നിങ്ങളാരും തെറ്റിദ്ധരിക്കേണ്ടതില്ല. പക്ഷേ ഒരു കാര്യം, വിട്ടു എന്ന് ഞാൻ പറഞ്ഞിട്ട് എത്രനാളായി.....(ബഹളം)...ഞാൻ പറഞ്ഞോട്ടെ അവരുടെ തെറ്റിദ്ധാരണ മാറട്ടെ. ഞാൻ ബി.ജെ.പി.-യുടെ അച്ചാരം വാങ്ങി നടക്കുന്നവനല്ല, അങ്ങനെ പേടിക്കേണ്ട.

എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട് അത് പറയാൻ സ്വാതന്ത്ര്യവുമുണ്ട്. ആരുടെ മുന്നിലും അത് പറയുകയും ചെയ്യും. പ്രശ്നം അതല്ല. ഈ എഗ്രിമെന്റ് ഉണ്ടായാൽ നമ്മുടെ റബ്ബർ കർഷകരെയും ക്ഷീര കർഷകരെയും മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടെ എങ്ങനെ രക്ഷിക്കാൻ കഴിയും? അതാണ് ചർച്ച ചെയ്യേണ്ടത്. ഇവിടെ നിയമമനുസരിച്ച്, ആസിയാൻ കരാറിൽ റബ്ബറിന് 25 ശതമാനം ഇംപോർട്ട് ഡ്യൂട്ടി ഏർപ്പെടുത്തിയിരുന്നു. ആ കരാർ അന്നുവേണമെങ്കിൽ 40 ശതമാനം വരെ ആക്കാമായിരുന്നു. അന്നത്തെ സാഹചര്യത്തിൽ 25 ശതമാനം മതി എന്നതുകൊണ്ടാണ് അങ്ങനെ വച്ചത്. പക്ഷേ ഇപ്പോൾ എന്തായി? അന്ന് റബ്ബർ കർഷകരെന്ന് ഞങ്ങളെങ്ങാനും പറഞ്ഞുപോയാൽ കേരളാ കോൺഗ്രസുകാർ മുതലാളിയുടെ പാർട്ടി എന്നാണ് പറയുന്നത്. ഇപ്പോൾ പ്രിയങ്കരനായ ശ്രീ. കെ. വി. വിജയദാസിനെപ്പോലുള്ളവർ റബ്ബർ കർഷകർക്കുവേണ്ടി വാദിക്കുന്നത് കേട്ടപ്പോൾ അഭിമാനം തോന്നി. പണ്ടുകാലത്ത് ഞങ്ങളെ അപമാനിച്ച നിങ്ങൾ ഇപ്പോഴെങ്കിലും നല്ല ബുദ്ധിയിലേയ്ക്ക് വന്നല്ലോ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എന്റെ അഭിപ്രായം ഈ എഗ്രിമെന്റ് വന്നാലും രാജ്യത്തെ ജനങ്ങളെയും കർഷകരെയും തൊഴിലാളികളെയും രക്ഷിക്കാൻ എന്ത് മാർഗ്ഗം എന്നതിനെപ്പറ്റി കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യണം എന്നതാണ്. അത് ചർച്ച ചെയ്യാതെ പോയിട്ട് കാര്യമില്ല. വളരെ വ്യക്തമായി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടുതന്നെ ഞാൻ പറയുകയാണ്, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശക്തമായി, ഈ സഭയുടെ വികാരം മാത്രമല്ല, കേരളത്തിലെ ജനങ്ങളുടെ വികാരമെന്ന് നിങ്ങൾ പറയരുത്, ഇന്ത്യയിലെ ജനങ്ങളുടെ വികാരം ഇതാണ്, ഇന്ത്യയിലെ കർഷകരെയുൾപ്പെടെ രക്ഷിക്കേണ്ട പ്രശ്നമാണ് എന്ന വസ്തുത പ്രധാനമന്ത്രി ഉൾപ്പെടെയുള്ള നേതാക്കന്മാരെ ബോധ്യപ്പെടുത്താൻ ശക്തമായ ഇടപെടൽ നടത്തണം. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. പ്രിന്റിംഗ് മേഖലയിൽ നമ്മൾ ഒന്നാം സ്ഥാനത്തായിരുന്നു. എന്തുകൊണ്ട് നമ്മുടെ എക്സ്പോർട്ട് തകർന്നു? കാരണം ചൈന നമ്മളെക്കാളും മുൻപന്തിയിൽ നിൽക്കുന്നുവെന്നതാണ്. അവർ ടെക്നിക്കലായി കൂടുതൽ വളർന്നു, നമ്മളെ പരാജയപ്പെടുത്തി. കേരളത്തിലെ ജനങ്ങൾ പണിയെടുക്കുമോ? ഇവിടെ പണിയെടുക്കാൻ ബംഗാളികൾ വേണം. ആ സ്വഭാവം മാറണം. അലസത മാറ്റിവച്ച് മാന്യമായി ജീവിക്കാനും പ്രതികരിക്കാനും ശ്രദ്ധിച്ചാൽ നമുക്ക് ജീവിക്കാൻ കഴിയും. ആ രീതിയിലേയ്ക്ക് ജനങ്ങളെ മാറ്റിയെടുക്കാനുള്ള ശ്രമവും പൊതുപ്രവർത്തകരായ നാം പ്രകടിപ്പിക്കണമെന്ന് മാത്രം സൂചിപ്പിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, മേഖലാതല സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ അഥവാ ആർ.സി.ഇ.പി. കരാർ കേന്ദ്ര സർക്കാർ

ഒപ്പിടുന്നതിനെതിരെയുള്ള കേരള നിയമസഭയുടെ പൊതുവികാരത്തിനൊപ്പം ഞാൻ ശക്തമായി നിലകൊള്ളുന്നു. ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതുവഴി രാജ്യം വലിയ അപകടത്തിലേയ്ക്ക് നടന്നടുക്കുകയാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ ഇന്ത്യ എന്ന മഹാരാജ്യത്തെ ഈ ആപത്തിലേയ്ക്ക് വലിച്ചിഴയ്ക്കുകയാണ്. ഈ കരാർ ഒപ്പിടുന്നതിലൂടെ, 1950-ൽ പ്രഖ്യാപിക്കപ്പെട്ട, രാഷ്ട്രത്തിന്റെ പരമാധികാരത്തെ അടിയറ വയ്ക്കാൻ പോകുകയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാത്ത, ബ്രിട്ടീഷ് ജനതയ്ക്ക് ഒത്താശ ചെയ്ത ആർ.എസ്.എസ്. നിയന്ത്രിക്കുന്ന കേന്ദ്ര സർക്കാരിന് സ്വാതന്ത്ര്യത്തിന്റെയും പരമാധികാരത്തിന്റെയും അന്ന് വെടിഞ്ഞ ജീവനുകളുടെയും ഒഴുക്കിയ വിയർപ്പിന്റെയും രക്തത്തിന്റെയും വില അറിയില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഗാന്ധിജിയെ കൊന്നവർ ഗാന്ധിജി ആത്മഹത്യ ചെയ്തതാണ് എന്ന് വരുത്തിത്തീർത്ത് പ്രചരണം നടത്തി ചരിത്രത്തെ നവീകരിക്കുന്ന ഫാസിസ്റ്റ് തന്ത്രം പ്രയോഗിക്കുന്ന വളരെ ആപത്കരമായ ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇതുകൂടാതെ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരത്തെ അടിയറ വയ്ക്കുന്നതിനുവേണ്ടി വളരെ ഗൂഢമായ ശ്രമങ്ങളാണ് ബി.ജെ.പി. സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ആർ.സി.ഇ.പി. കരാർ ഒരു തുടർച്ചയാണ് എന്ന കാര്യം നമ്മൾ കാണേണ്ടതാണ്. 1994-ൽ അന്ന് കേന്ദ്രം ഭരിച്ച ശ്രീ. പി. വി. നരസിംഹറാവു സർക്കാർ ഒപ്പിട്ട ഗാട്ട് കരാറിന്റെയും 2009-ൽ ഡോ. മൻമോഹൻ സിംഗ് സർക്കാരിന്റെ നേതൃത്വത്തിലുള്ള യു.പി.എ. സർക്കാർ ഒപ്പിട്ട ആസിയാൻ കരാറിന്റെയും തുടർച്ചയാണ് ആർ.സി.ഇ.പി. കരാർ. ആർ.സി.ഇ.പി. കരാറിന്റെ ചർച്ചകൾ ആരംഭിച്ചത് 2012-ലാണ്. കാർഷിക മേഖലയെയും കർഷകരെയും തീരാദുരിതത്തിലേയ്ക്ക് വലിച്ചെറിഞ്ഞ ആ സ്വതന്ത്ര വ്യാപാര കരാറുകൾക്കുശേഷം വരുന്ന ആർ.സി.ഇ.പി. കരാർ കർഷകരെ കൂടുതൽ ദുരിതത്തിലാക്കുകയാണ് ചെയ്യുന്നത്. ഈ ആഗസ്റ്റ് മാസം 13-ാം തീയതി കഴിഞ്ഞപ്പോൾ ആസിയാൻ കരാർ ഒപ്പിട്ടിട്ട് പത്ത് വർഷം കഴിഞ്ഞു. 2009 ആഗസ്റ്റ് 13-നാണ് ഡോ. മൻമോഹൻ സിംഗ് സർക്കാർ ആസിയാൻ കരാർ ഒപ്പിട്ടത്. അന്ന് എന്തൊക്കെയാണ് ഇന്ത്യൻ ജനതയോട് പറഞ്ഞത്? അന്ന് കേരളം ഭരിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രതിനിധികൾ പ്രധാനമന്ത്രിയെ കണ്ട് ഇതിൽനിന്ന് പിന്തിരിയണമെന്ന് പറഞ്ഞപ്പോൾ അങ്ങനെ കഴിയുകയില്ല എന്ന് പ്രധാനമന്ത്രി നിലപാടെടുത്തതും പറഞ്ഞതും നമ്മൾ മാധ്യമങ്ങളിലൂടെ അറിഞ്ഞതാണ്. ഇവിടെ കയറ്റുമതി വർദ്ധിക്കാൻ പോകുകയാണെന്നാണ് പറഞ്ഞത്. നേരത്തെ ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞതുപോലെ രാജ്യത്തിന്റെ കയറ്റുമതിയെക്കാൾ എത്രയോ ഇരട്ടിയായി ഇറക്കുമതി വർദ്ധിച്ചു. ഞാൻ വരുന്നത് ഒരു മലയോര മേഖലയിൽനിന്നാണ്. 2009-ൽ ആസിയാൻ കരാർ ഒപ്പിടുമ്പോൾ റബ്ബർ ആർ.എസ്.എസ്. നാലാം ഗ്രേഡിന് 245 രൂപയായിരുന്നു വില. ഇന്ന്

എത്രയാണ് വില? ഒരു കിലോ ആർ.എസ്.എസ്. നാലാം ഗ്രേഡ് റബ്ബറിന് വില 111 രൂപയാണ്. നമ്മുടെ തോട്ടങ്ങൾ വെട്ടാതെ കിടക്കുന്നു, നമ്മുടെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു, വെട്ടുകൂലി കൊടുക്കാൻ കഴിയുന്നില്ല. അതിഗുരുതരമായ സാഹചര്യത്തിലാണ് ഈ പ്രതിസന്ധി കൂടുതൽ സങ്കീർണ്ണമാക്കുന്ന മറ്റൊരു സ്വതന്ത്ര വ്യാപാര കരാർ കൂടി വരുന്നത്. നേരത്തെ ഇവിടെ കൺട്രി ഓഫ് ഒറിജിനെക്കുറിച്ച് പറഞ്ഞു. സ്വതന്ത്ര വ്യാപാര കരാറുകൾ ഒപ്പിട്ടതുവഴി ഇപ്പോൾ അത് നിലനിൽക്കുന്നുണ്ട്. ശ്രീലങ്ക വഴി ഇവിടേയ്ക്കെത്തുന്ന കുരുമുളക് കാരണം കേരളത്തിലെ അൺ-ഗാർബിൾഡ് കുരുമുളകിന്റെ വില 800 രൂപയിൽനിന്ന് 300 രൂപയിലേയ്ക്ക് കൂപ്പുകുത്തി. അതുപോലെതന്നെ, അന്ന് കോൺഗ്രസ് സർക്കാർ പറഞ്ഞത് എന്താണ്? രാജ്യത്തെ ചെറുപ്പക്കാർക്ക് ധാരാളമായി തൊഴിൽ ലഭിക്കുമെന്നാണ്. എവിടെയാണ് തൊഴിൽ ലഭിച്ചത്? രാജ്യത്തിന്റെ ആഭ്യന്തര ഉൽപ്പാദനം കുറയുകയാണ് ചെയ്തത്. ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്, യു.പി.എ. സർക്കാരിന്റെ ചുവടുപിടിച്ച് ബി.ജെ.പി. സർക്കാർ അതേ ചുവടുകളിൽ നടക്കുമ്പോൾ അതുവഴി പോകരുത്, അപകടമാണ് എന്നുപറയുന്നത് നല്ല കാര്യമാണ്. പക്ഷേ, അതിൽ ഒരു കാര്യംകൂടി ഉൾപ്പെടുത്തണം. 1994-ലെയും 2009-ലെയും ഉൾപ്പെടെ യു.പി.എ. സർക്കാർ ഒപ്പിട്ടിട്ടുള്ള സ്വതന്ത്ര വ്യാപാര കരാറുകൾ തെറ്റായിപ്പോയി എന്ന് തുറന്നുപറയാനുള്ള സത്യസന്ധതകൂടി ഉണ്ടാകണം. എങ്കിൽ മാത്രമേ അത് ചരിത്രപരമായ തിരുത്ത് ആകുകയുള്ളൂ. എങ്കിൽ മാത്രമേ ഇപ്പോഴുള്ള ഈ നിലപാടിൽ ആർജ്ജവവും സത്യസന്ധതയും ഉണ്ടെന്ന് ജനങ്ങൾക്ക് തോന്നുകയുള്ളൂ. ഇവിടെ നമ്മൾ കാണേണ്ടത്, ആർക്കുവേണ്ടിയാണ് ഏത് മേഖലയ്ക്കുവേണ്ടിയാണ് ഈ ആർ.സി.ഇ.പി. കരാർ കേന്ദ്ര സർക്കാർ ഇപ്പോൾ കൊണ്ടുവരുന്നത് എന്നുള്ളതാണ്. ഇവിടെ ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ കാർഷിക, ക്ഷീര, മത്സ്യബന്ധന, വ്യാവസായിക മേഖലകളെക്കുറിച്ച് ചർച്ച ചെയ്തു. സാംസംഗ് കമ്പനി ഇന്ത്യയിലെ പ്രൊഡക്ഷൻ യൂണിറ്റുകൾ അടച്ചുപൂട്ടിക്കഴിഞ്ഞു. തൊഴിൽ നിയമങ്ങൾ കർശനമല്ലാത്ത, ജനാധിപത്യമില്ലാത്ത മറ്റ് രാജ്യങ്ങളിൽ അവരുടെ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങിക്കഴിഞ്ഞു. മറ്റ് രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുകയും ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു. ആർ.സി.ഇ.പി. കരാറിലൂടെ ഇറക്കുമതി തീരുവ പൂജ്യം ആക്കുകയോ അല്ലെങ്കിൽ നന്നേ കുറയ്ക്കുകയോ ചെയ്യുന്ന സാഹചര്യമാണ് ഉണ്ടാകുക. ഒരു ഡംപിംഗ് യാർഡായി ഇന്ത്യ മാറാൻ പോകുകയാണ്. വിദേശ രാജ്യങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ ഒരു ഡംപിംഗ് യാർഡായി ഇന്ത്യ മാറുമ്പോൾ എന്താണ് വാസ്തവത്തിൽ സംഭവിക്കുന്നത്? നമ്മുടെ സമസ്ത മേഖലകളും സ്തംഭിക്കുന്നു. പ്രൊഡക്ഷൻ ഇല്ല. ആസിയാൻ കരാർ ഒപ്പിട്ടതിനുശേഷം ഉൽപ്പാദനക്ഷമത

വർദ്ധിപ്പിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞോ; കഴിഞ്ഞില്ല. മറ്റ് രാജ്യങ്ങളുമായി ഉൽപ്പാദനക്ഷമതയിൽ ഒരു ചെറിയ മത്സരം കാഴ്ചവയ്ക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞോ; കഴിഞ്ഞില്ല. അതുകൊണ്ടാണ് ഇന്ത്യയുടെ ഇറക്കുമതി വർദ്ധിക്കുകയും കയറ്റുമതി വളരെ കുറയുകയും ചെയ്തത്. കാർഷിക മേഖലയെക്കുറിച്ച് പറഞ്ഞു. ആസിയാൻ, ഗാട്ട് എന്നീ കരാറുകൾ ഒപ്പിടാൻ അന്ന് കുനിച്ചുകൊടുത്ത നട്ടെല്ലിൽ ചവിട്ടിയാണ് ആർ.സി.ഇ.പി. കരാർ ഒപ്പിടുമ്പോൾ ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി ഉയരാൻ പോകുന്ന ഇന്ത്യ എന്ന മഹാരാജ്യത്തെ ഭൂമിയിലേയ്ക്ക് താഴ്ത്തുവാൻ വിദേശശക്തികൾ ശ്രമിക്കുന്നത് എന്നുള്ളത് നാം തിരിച്ചറിയണം. അതുപോലെതന്നെ ക്ഷീരമേഖല എടുക്കുകയാണെങ്കിൽ, ആസ്ട്രേലിയയും ന്യൂസിലൻഡും ഉൾപ്പെടെയുള്ള രാജ്യങ്ങൾ ഇപ്പോൾ ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ ഇരട്ടിയോ അതിലധികമോ ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യാൻ പോകുകയാണ്. പാലിന് അടിസ്ഥാന താങ്ങുവില വേണമെന്ന് ക്ഷീരകർഷകർ ആവശ്യപ്പെടുന്ന സാഹചര്യത്തിലാണ് ഇത് സംഭവിക്കുന്നതെന്ന് നാം ഓർക്കണം. ഇവിടെ പരാമർശിക്കപ്പെടാത്ത ഒരു കാര്യമാണ് കാലിത്തീറ്റ. പാലിന്റെ വില കുറയുകയും കാലിത്തീറ്റയുടെ വില കൂടുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. കാരണം, ഈ കരാറിലൂടെ സംസ്കരിച്ചതും അസംസ്കൃതവുമായ എണ്ണ ധാരാളമായി മറ്റ് രാജ്യങ്ങളിൽനിന്നും ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യാൻ പോകുകയാണ്. എണ്ണക്കുരു ആട്ടുന്നതുവഴി ലഭിക്കുന്ന മറ്റൊരുൽപ്പന്നമായ പിണ്ണാക്ക് ഉൾപ്പെടെയുള്ളവ ഇവിടെ ഇല്ലാതെയാകും. കാരണം, ഇവിടെ എണ്ണ ഉൽപ്പാദനം അവസാനിക്കും. അങ്ങനെ വരുമ്പോൾ കാലിത്തീറ്റയുടെ വില വർദ്ധിക്കും. ഇവിടെ നേരത്തെ പറഞ്ഞു, അജമാംസം വീട്ടിൽ വച്ചതിന് ഗോമാംസമാണെന്ന് ആരോപിച്ച് ആളുകളെ തല്ലിക്കൊന്ന ഗോരക്ഷകർ എന്നുപറഞ്ഞവർ ഗോഘാതകരാകുന്ന അതി ഗുരുതരമായിട്ടുള്ള സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. കന്നുകാലികളെ അറവുശാലകളിലേയ്ക്ക് അയയ്ക്കേണ്ട ഗതികേട് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണജനതയിൽപ്പെട്ട ക്ഷീരകർഷകർക്ക് ഉണ്ടാകും. അതുപോലെ തന്നെയാണ് മത്സ്യബന്ധന മേഖലയിലും. മറ്റ് രാജ്യങ്ങളിൽ നിന്നും മത്സ്യം ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യുന്ന എന്നുമാത്രമല്ല, ഇന്ത്യൻ മഹാസമുദ്രത്തിന്റെ രാജ്യാന്തര അതിർത്തി കടന്നുള്ള ഭാഗങ്ങളിൽ വലിയ മത്സരമുണ്ടാകാൻ പോകുകയാണ്. കേരളത്തിന്റെ സേനയെന്ന് നമ്മൾ അവകാശപ്പെടുന്ന മത്സ്യത്തൊഴിലാളികൾ പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നിവ കഷ്ടപ്പെട്ട് വാങ്ങുമ്പോൾ എല്ലാ സജ്ജീകരണങ്ങളോടുംകൂടി വിദേശ കുത്തകകളുടെ ആധുനിക നൗകകൾ നമ്മുടെ രാജ്യാന്തര അതിർത്തി കടന്ന് മത്സ്യബന്ധനം നടത്തും. ആ കടലിൽനിന്നുതന്നെ സംസ്കരിച്ച മത്സ്യം അവർ നമ്മുടെ മാർക്കറ്റിലേയ്ക്ക് കൊണ്ടുവരും. ഇത് വളരെ ഗുരുതരമായിട്ടുള്ള സാഹചര്യമാണ്. അങ്ങനെ സമസ്ത

മേഖലകളിലും ഇന്ത്യ എന്ന മഹാരാജ്യം വിദേശരാജ്യങ്ങളുടെ ഒരു മാർക്കറ്റായി മാറുകയാണ്. ഇത് ഏറ്റവും അപകടകരമായിട്ടുള്ള ഒരു സാഹചര്യമാണ്. എന്തിനുവേണ്ടിയാണ് ഇത് ചെയ്യുന്നത് എന്നൊരു ചോദ്യമുണ്ട്. കർഷകരേയോ തൊഴിലാളികളേയോ ചെറുപ്പക്കാരേയോ ഒരു മേഖലയെയും സഹായിക്കാനല്ല ഇങ്ങനെ ചെയ്യുന്നത്. ഈ അവസരത്തിൽ ആസ്ട്രേലിയയിലെ Office of the Chief Economist എന്ന സ്ഥാപനം 2019-ൽ പുറത്തുവിട്ട 'Coal in India 2019' എന്ന ഒരു റിപ്പോർട്ടാണ് ഞാൻ ഓർക്കുന്നത്. ആസ്ട്രേലിയയിൽ നടന്ന പൊതു തെരഞ്ഞെടുപ്പിലുണ്ടായ ഏറ്റവും വലിയ വിഷയങ്ങളിലൊന്ന് എന്നത് ക്യൂൻസ്‌ലാന്റ് എന്ന സംസ്ഥാനത്തിൽ അദാനി ഏറ്റെടുത്തിട്ടുള്ള കൽക്കരി ഖനിയാണ്. അതിനോടനുബന്ധിച്ചുള്ള റെയിൽ പ്രോജക്ടാണ്. എന്തുകൊണ്ടെന്ന ചോദ്യത്തിന് ചെറിയൊരുദാഹരണം മാത്രമാണ് ഞാൻ പറയുന്നത്. ഇന്ത്യ കൽക്കരിയുടെ മൂന്നാമത്തെ വലിയ ഉപഭോക്തൃ രാജ്യമാണ്. ആസ്ട്രേലിയൻ ചീഫ് ഇക്കണോമിസ്റ്റിന്റെ ഓഫീസ് പുറത്തുവിട്ട ഈ റിപ്പോർട്ടിൽ പറയുന്നത് നിലവിൽ ആസ്ട്രേലിയയുടെ കൽക്കരി ഇന്ത്യ വാങ്ങുന്നില്ല. കാരണം, ആസ്ട്രേലിയയുടെ കൽക്കരിക്ക് വില കൂടുതലാണ്. ഒരുപാട് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ക്യൂൻസ്‌ലാന്റിന്റെ ഭൂജല സമ്പത്ത് ഊറ്റിയെടുക്കുന്ന ഈ പ്രോജക്ട് അദാനിക്ക് കൊടുക്കരുതെന്ന് പരിസ്ഥിതി പ്രവർത്തകർ വലിയ മുറവിളി കൂട്ടി പ്രതിഷേധം ഉണ്ടാക്കിയപ്പോൾ ആ ചീഫ് ഇക്കണോമിസ്റ്റ് ഓഫീസ് പറഞ്ഞ ന്യായീകരണം ഇതാണ്; അദാനിക്ക് ഈ പ്രോജക്ട് കൊടുക്കുന്നതോടുകൂടി ഇന്ത്യയുടെ മാർക്കറ്റ് ആസ്ട്രേലിയയുടെ കൽക്കരിക്ക് വേണ്ടി തുറന്നുകിട്ടുകയാണ് എന്നാണ്. അതുപോലെതന്നെ ആസ്ട്രേലിയയുടെ മറ്റ് ഉൽപ്പന്നങ്ങളും. ഇതാണ് രാജ്യത്തിന്റെ അവസ്ഥ. ഇത്രയും ഗുരുതരമായിട്ടുള്ള അവസ്ഥയിലേയ്ക്കാണ് ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതിലൂടെ കേന്ദ്രസർക്കാർ ഇന്ത്യയെ എത്തിക്കുന്നതെങ്കിൽ ഇത് രാജ്യത്തെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. രാജ്യത്തെ ജനങ്ങളെ വഞ്ചിക്കുന്നതാണ്. വിദേശ രാജ്യങ്ങളുടെ വിപണിയായി ഇന്ത്യ മാറുമ്പോൾ തൊഴിലില്ലായ്മ, അരാജകത്വം എന്നിവ രൂക്ഷമാകും. നമ്മുടെ ചുറ്റും പല തരത്തിലുള്ള സാധനങ്ങളുണ്ട്. മറ്റ് രാജ്യങ്ങളിൽനിന്നുള്ളവ ഇവിടെ വിലക്കുറവിൽ ലഭിക്കുന്നു. പക്ഷേ നമുക്ക് തൊഴിലില്ല, ഉൽപ്പാദനമില്ല, വാങ്ങാൻ പണവുമില്ല. നമ്മുടെ രാജ്യത്ത് അരാജകത്വം ഉണ്ടാകും. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് ഇന്ത്യയെ തള്ളിവിടണമോയെന്ന് നാം ആലോചിക്കണം. കേരള നിയമസഭയിൽ ഉയരുന്ന ഈ ശബ്ദം കേരളത്തിന്റെ ശബ്ദമാണ്. കേരളത്തിലെ കർഷകരുടെയും തൊഴിലാളികളുടെയും ശബ്ദമാണ്. ഇന്ത്യയിലെ കോടിക്കണക്കിന് കർഷകരുടെയും തൊഴിലാളികളുടെയും ചെറുപ്പക്കാരുടെയും ശബ്ദമാണ്. ഈ ശബ്ദം മുഴങ്ങണം. അങ്ങ് വടക്ക് ഹിമാലയ പർവ്വതത്തിനും ഇങ്ങ് തെക്ക് ഇന്ത്യൻ

മഹാസമുദ്രത്തിനുമിടയിൽ ഈ ശബ്ദം പ്രകമ്പനങ്ങൾ കൊള്ളിക്കണം. കപട ദേശീയതയുടെയും കപട ദേശസ്നേഹത്തിന്റെയും പൊയ്മുഖങ്ങൾ ഇവിടെ അഴിഞ്ഞുവീഴണം. എങ്ങനെയാണ് ഒരു നയം രൂപീകരിക്കേണ്ടത്; എങ്ങനെയാണ് ഒരു കരാറിൽ ഏർപ്പെടേണ്ടത്; അത് ദേശസുരക്ഷ മുൻനിർത്തിയാവണം. ഈ കരാറിൽ മറ്റ് വിദേശ രാജ്യങ്ങൾക്ക് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭിക്കുന്നു, പാട്ടത്തിന് അവർക്ക് സ്ഥലം ലഭിക്കുന്നു എന്നുപറയുന്നു. ജനിതക മാറ്റം വരുത്തിയ വിത്തുകൾ ഉൾപ്പെടെ ഇവിടെ കൃഷിചെയ്യാൻ പോകുന്നു. നമ്മുടെ നയങ്ങൾ അട്ടിമറിക്കപ്പെടുന്നു. അതുകൊണ്ട് നിശ്ചയമായിട്ടും കേരള നിയമസഭയുടെ ഈ ശബ്ദം കപട ദേശീയതയുടെ പൊയ്മുഖങ്ങളെ പുറത്തുകൊണ്ടുവരട്ടെയെന്നും അതുപോലെതന്നെ ആർ.സി.ഇ.പി. കരാർ ഒപ്പുവയ്ക്കുന്നതിൽനിന്നും കേന്ദ്രസർക്കാരിനെ പിൻതിരിപ്പിക്കട്ടെയെന്നും ആത്മാർത്ഥമായി ആഗ്രഹിച്ചു കൊണ്ട് കേരള നിയമസഭ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ കേരള സർക്കാർ ബി.ജെ.പി. ഇതര സംസ്ഥാന സർക്കാരുകളെ ഒന്നിച്ചു നിർത്തിക്കൊണ്ട് ആർ.സി.ഇ.പി. കരാർ ഒപ്പിടുന്നതിനെതിരെയുള്ള പ്രതിഷേധത്തിന് നേതൃത്വം കൊടുക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ചട്ടം 130 പ്രകാരം നമ്മുടെ സഭ നോട്ട് നിരോധനം വന്നപ്പോഴും ജി.എസ്.ടി. നടപ്പിലാക്കിയപ്പോഴും ബാങ്ക് ലയനം വന്നപ്പോഴുമൊക്കെത്തന്നെ മാതൃകാപരമായി, യോജിച്ച് നിന്നുകൊണ്ട് നമ്മുടെ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച അനുഭവം മുന്നിലുണ്ട്. ഇന്ത്യൻ പാർലമെന്റ് ചർച്ച ചെയ്യാതെയും രാജ്യത്തെ പൊതുജനങ്ങളെ വിശ്വാസത്തിലെടുക്കാതെയും ആർ.സി.ഇ.പി. കരാർ ഒപ്പുവയ്ക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം രാജ്യത്ത് സൃഷ്ടിച്ച ആശങ്കയെത്തുടർന്ന് കേരളജനതയുടെയും രാജ്യത്തിന്റെ വിശാലമായ താൽപര്യവും ഭാവിയും കണക്കിലെടുത്ത് ആർ.സി.ഇ.പി. കരാറിൽനിന്നും കേന്ദ്രസർക്കാർ പിൻമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ചട്ടം 130 അനുസരിച്ചുള്ള ഈ ഉപക്ഷേപം. 2016-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റശേഷം സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവയ്ക്കുന്നതിനുമുൻപ് സംസ്ഥാനങ്ങളുമായി കൂടിയാലോചന നടത്തണമെന്നും സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് പ്രധാനമന്ത്രി, കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി തുടങ്ങിയവർക്ക് പലതവണ കത്തയയ്ക്കുകയും നേരിട്ട് കണ്ട് കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യാൻ കേരള ഗവൺമെന്റ് ശ്രമം നടത്തി. അത് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് സന്തോഷകരമായ കാര്യമാണ്. ആർ.സി.ഇ.പി. കരാറിന്റെ മറ്റ് വിഷയങ്ങൾ ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്.

ഇന്ത്യയുൾപ്പെടെ ആറ് പുതിയ രാജ്യങ്ങൾ ആസിയാൻ കരാറിൽ ഒപ്പിട്ട രാജ്യങ്ങളുമായി ബന്ധപ്പെട്ടുവരികയാണ്. ആസിയാൻ രാജ്യങ്ങളിലെ പ്രധാനപ്പെട്ട ഉൽപ്പന്നങ്ങളായ സ്വാഭാവിക റബ്ബർ, ഏലം, ഇഞ്ചി, കശുവണ്ടി, നാളികേരം, കൊപ്ര, വെളിച്ചെണ്ണ, മത്സ്യം, പാമോയിൽ തുടങ്ങിയവയൊക്കെ സംരക്ഷിത പട്ടികയിൽപ്പെട്ടതായിരുന്നു. പക്ഷേ ഇവയിൽ പലതിന്റെയും സംസ്കരിച്ച ഉൽപ്പന്നങ്ങൾക്ക് തീരുവയില്ല. അപ്പോൾ സംരക്ഷിത പട്ടികകൊണ്ടും നമുക്ക് പ്രയോജനമില്ലെന്ന അവസ്ഥയാണ് യഥാർത്ഥത്തിലുണ്ടായത്. അതിന്റെ ഭാഗമായാണ് ഇന്ത്യയിലാകമാനം കാർഷികമേഖലയുടെ തകർച്ചയെത്തുടർന്ന് കർഷകർ ആത്മഹത്യ ചെയ്തിരുന്ന സാഹചര്യമുണ്ടായത്. ആർ.സി.ഇ.പി. കരാർ 2019-ൽത്തന്നെ ഒപ്പിട്ട് നടപ്പിലാക്കണം എന്നാഗ്രഹിക്കുന്നവരാണ് ഇന്ന് കേന്ദ്ര ഗവൺമെന്റും മറ്റിതര രാജ്യങ്ങളും. ഇതുമായി ബന്ധപ്പെട്ട് ചരക്കുകൾ, സേവനങ്ങൾ, നിക്ഷേപങ്ങൾ, സർക്കാർതല സംവരണം, ബൗദ്ധിക സ്വത്തവകാശം എന്നിവ ഉൾപ്പെടെ വലിയ സ്വതന്ത്ര വ്യാപാര മേഖലയിലേയ്ക്കാണ് കടന്നുപോകുന്നത്. കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച് വിശദാംശങ്ങൾ പുറത്തുവിടുകയോ രാജ്യത്തെ വിവിധ രംഗങ്ങളിലുള്ളവരുമായി ചർച്ച നടത്തുകയോ ചെയ്തിട്ടില്ല എന്നതാണ് സവിശേഷത. കേരളത്തിൽ ഇറക്കുമതി വർദ്ധിക്കുന്നതിനാൽ റബ്ബർ, കുരുമുളക് മുതലായവയെയും ബാധിക്കുന്നു. കുരുമുളക് നമ്മുടെ സ്വകാര്യസ്വത്തായി നിന്ന കാലഘട്ടമുണ്ടായിരുന്നു. പ്രത്യേകിച്ച് മലബാറിൽനിന്ന് കുരുമുളകുവള്ളി ബ്രിട്ടനിൽ കൊണ്ടുപോയപ്പോൾ സാമൂതിരി പറഞ്ഞിരുന്നു; തിരുവാതിര ബ്രിട്ടനിലില്ലല്ലോ എന്ന്. പ്രകൃതിക്ഷോഭത്തെ ത്തുടർന്നും പ്രകൃതിയിലുണ്ടായ മാറ്റങ്ങളെത്തുടർന്നും വയനാട് ഇന്ന് തരിശായി മാറിയിരിക്കുകയാണ്. ഏറ്റവും കൂടുതൽ കുരുമുളക് കൃഷി ചെയ്തിരുന്ന വയനാട് കാർഷിക മേഖല ഇന്ന് തകർന്നുതരിപ്പണമായി. എന്നാൽ നമ്മുടെ നാട്ടിലെ, പ്രത്യേകിച്ച് ചെറുകിട കർഷകർ രക്ഷപ്പെട്ടുപോകുന്നത് മറ്റിതര വിളകളോടൊപ്പം കുരുമുളക് കൃഷിക്കാർക്ക് ഏറ്റവും ആവശ്യമുള്ള കാലയളവിൽ ഒരു സ്വത്ത് എന്ന നിലയ്ക്ക് അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ സൂക്ഷിച്ചുവച്ചു എന്നതാണ്. അതുകൊണ്ടാണ് കുരുമുളകിനെ 'കറുത്ത പൊന്ന്' എന്ന നിലയ്ക്ക് കണ്ടിരുന്നത്. ഇന്ന് അതും ഇങ്ങോട്ടേയ്ക്ക് ഇറക്കുമതി ചെയ്യാനുള്ള തീരുമാനങ്ങൾ വന്നിരിക്കുകയാണ്. അതോടൊപ്പം പാൽ, പാൽപ്പൊടി, നെയ് ഭക്ഷ്യ എണ്ണ, മത്സ്യം തുടങ്ങിയവയെപ്പറ്റി മറ്റ് എം.എൽ.എ.-മാർ സൂചിപ്പിക്കുകയുണ്ടായി. തുണിത്തരങ്ങളിലും നമ്മൾ ഏറെ മുന്നേറിയതാണ്. കേരളത്തിലുൾപ്പെടെ വസ്ത്രങ്ങൾ, സ്വർണാഭരണങ്ങൾ, രാസവസ്തുക്കൾ, ഔഷധങ്ങൾ, പ്ലാസ്റ്റിക്, ഇരുമ്പ്, ഉരുക്ക്, ലോഹ ഉൽപന്നങ്ങൾ, വാഹനങ്ങൾ, യന്ത്രങ്ങൾ, കൽക്കരി, ഇലക്ട്രോണിക് ഉൽപന്നങ്ങൾ തുടങ്ങി ഒട്ടേറെ സാധനങ്ങൾക്ക് തീരുവയില്ലാത്തത് കർഷകർക്കും തൊഴിലാളികൾക്കും വ്യവസായികൾക്കും തിരിച്ചടിയാണ്.

ചെറുകിട വ്യാപാരമേഖല പൂർണമായും തകരുന്ന സാഹചര്യം വരുമ്പോൾ സാധാരണ കച്ചവടക്കാരും പാവപ്പെട്ടവരും വഴിയാധാരമാകുന്ന നില കടന്നുവരികയാണ്. ആസിയാൻ കരാർ മുതൽ ഈ വിഷയങ്ങളൊക്കെ സൂചിപ്പിക്കപ്പെട്ടപ്പോൾ പലരും അത് ശ്രദ്ധിച്ചിരുന്നില്ലെങ്കിലും കുറച്ച് കഴിഞ്ഞപ്പോഴാണ് ചെറുകിട കച്ചവടക്കാർക്ക് അത് ബോധ്യമായത്. അവരും പ്രക്ഷോഭ രംഗത്തേയ്ക്ക് കടന്നുവരുന്ന സാഹചര്യമുണ്ടായി. പുതിയ കരാറും കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന കാര്യത്തിൽ സംശയമില്ല. ഏഷ്യാ-പസഫിക്കിലെ 16 രാജ്യങ്ങൾ ഉൾപ്പെടുന്ന ഈ കരാർ പ്രസ്തുത രാജ്യങ്ങളിലെ കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം സ്വന്തമാക്കാനും പാട്ടത്തിനെടുത്ത് കൃഷി ചെയ്യാനും ബഹുരാഷ്ട്ര കമ്പനികൾക്ക് അനുമതി നൽകുന്നതാണ്. കച്ചവട ലാക്കോടുകൂടി കടന്നുവന്ന് ഇന്ത്യയെ കൊള്ളയടിക്കുകയും ഇന്ത്യ അവരുടെ കൈകളിലേയ്ക്കെത്തുമെന്ന നില വരുമെന്നും സൂചിപ്പിക്കുകയാണ്. ഇന്ന് ലക്ഷക്കണക്കിന് ഏക്കർ ഭൂമി അവരുടെ കൈകളിലേയ്ക്ക് എത്തുന്നു, 430 ദശലക്ഷം ചെറുകിട കൃഷിയിടങ്ങൾ കരാറിന്റെ പരിധിയിൽ വരുന്നു, അതിന്റെ അടിസ്ഥാനത്തിൽ അവരുടെ കൈകളിലേയ്ക്ക് പോകുന്നു, ലോകത്തുള്ള കോർപ്പറേറ്റുകൾക്ക് നമ്മുടെ ഭൂമി വാങ്ങാൻ കഴിയുന്നു. ഇന്ത്യൻ കാർഷിക മേഖല തകരുമ്പോൾ കർഷകന്റെ നട്ടെല്ല് തകരുമ്പോൾ അവർ ആത്മഹത്യയുടെ വക്കിലേയ്ക്ക് പോകുമ്പോൾ അവന്റെ ഭൂമി വിൽക്കാൻ നിർബന്ധിതനാവുകയും ഈ ഭൂമി മുഴുവൻ വിദേശികളുടെ കൈകളിലേയ്ക്കെത്തുന്ന ഒരു കരാർ കൂടിയാണിതെന്നകാര്യം നമ്മൾ തിരിച്ചറിയണം. അതിന്റെ പ്രതിഷേധമാണ് ഈ രാജ്യത്ത് ഉയർന്നുവരേണ്ടത്. അതിനനുസരിച്ച് ഈ രാജ്യത്തിലെ കൃഷിക്കാരനെയും ചെറുകിട കർഷകനെയും സംഘടിപ്പിച്ചുകൊണ്ടുള്ള പ്രക്ഷോഭങ്ങളും പോരാട്ടങ്ങളും ഉയർന്നുവരേണ്ടതുണ്ട്. നേരത്തെത്തന്നെ ഹെക്ടർ കണക്കിന് കൃഷിഭൂമി വിവിധ രാജ്യങ്ങളിലായി ബഹുരാഷ്ട്ര കമ്പനികൾ സ്വന്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. കരാറിന്റെ മറവിൽ ഇന്ത്യയിലെ ഭൂരിഭാഗം കർഷകരുടെയും കൃഷിഭൂമി ബഹുരാഷ്ട്ര ഭീമന്മാരുടെ ഒത്താശയോടുകൂടി ഭൂമാഫിയ വിഴുങ്ങും. പല രാജ്യങ്ങളിലും, നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ഭൂഗർഭജല വിനിയോഗമടക്കമുള്ള പല പ്രശ്നങ്ങളിലും പ്രാദേശികമായ എതിർപ്പുകൾ ഉയർന്നുവരുന്നുണ്ട്. ആഗോളവിത്ത് വ്യവസായത്തിൽ അറുപത് ശതമാനവും മോൺസാന്റോ ബെയർ (Monsanto Bayer) പോലുള്ള കമ്പനികളാണ് കൈകാര്യം ചെയ്യുന്നത്. കേരളത്തിൽ സീഡ് ബാങ്ക് ഉണ്ട്. അത് തീർച്ചയായും സന്തോഷകരമാണ്. കാരണം അന്തകവിത്തിടുന്നതിനെത്തുടർന്ന് നമ്മുടെ പരമ്പരാഗത വിത്തുകളെല്ലാംതന്നെ നഷ്ടപ്പെടുകയും ഒരുതവണ കൃഷി ചെയ്താൽ അതിനുശേഷം വേറെ വിത്തുവാങ്ങി കൃഷി ചെയ്യുകയല്ലാതെ കൃഷിക്കാരന് തുടർന്ന് കൃഷിചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ന് കേരളത്തിലെ കൃഷി വകുപ്പ്

വിത്ത് സംരക്ഷിച്ചുകൊണ്ട് വിത്ത് ബാങ്ക് ആരംഭിച്ച് മുന്നോട്ടുപോകുന്നത് സ്വാഗതാർഹമാണ്. ക്ഷീര മേഖല തകരുന്നു. ക്ഷീര കൃഷിക്കാർ മാത്രമല്ല അതുമായി ബന്ധപ്പെട്ട തൊഴിലാളികളും വഴിയാധാരമാകുന്ന നിലയിലേയ്ക്കാണ് കടന്നുവരുന്നത്. നമ്മുടെ രാജ്യത്തേയ്ക്ക് പാൽ ഇറക്കുമതി ചെയ്യുമ്പോൾ ഗുണമേന്മയുള്ള പാലല്ല ലഭിക്കുന്നത്, പകരം വിലകുറഞ്ഞതാണ്. അത് വാങ്ങാൻ ആളുകളുണ്ടാകും. പക്ഷെ രണ്ടാംതരം പാലാണ് കുറഞ്ഞ വിലയ്ക്ക് ഈ രാജ്യത്ത് കടന്നുവരുന്നത്. അതിന്റെ ക്വാളിറ്റിയില്ലായ്മ കാരണം വളർന്നുവരുന്ന പുതിയ തലമുറ പൊതുവേ ആരോഗ്യ രംഗത്തും കായികക്ഷമതയിലും വളരെ പിറകിലാകുന്നു. ഈ പാൽ കൊടുത്തുകഴിഞ്ഞാൽ അവരുടെ ആരോഗ്യത്തിന് ഗുണം ലഭിക്കാത്ത സാഹചര്യമുണ്ടാകും. ആ മേഖല തകരുമ്പോൾ ലക്ഷക്കണക്കിന് കൃഷിക്കാർ പ്രത്യേകിച്ച് സ്ത്രീകൾ വഴിയാധാരമാകുകയാണ്. ഇനിയൊരു തൊഴിലും കിട്ടില്ലായെന്ന നിലയ്ക്ക് ബി.ടെക്. ഉൾപ്പെടെയുള്ള മറ്റിതര വിദ്യാസമ്പന്നരായ ചെറുപ്പക്കാർ സംഘടിതരായി ഗൾഫ് രാജ്യങ്ങളിൽനിന്ന് തിരിച്ചുവന്ന് ഇവിടെ ഫാമുകൾ ആരംഭിച്ച് ഈ രംഗത്തേയ്ക്ക് കടന്നുവരുന്ന സാഹചര്യത്തിലാണ് ഇത്തരമൊരു തകർച്ച പാലിന്റെ മേഖലയിലും സംഭവിക്കുന്നത് എന്നതാണ് വസ്തുത. ആഗോള വ്യാപാര ഉടമ്പടികൾ വിശാലമായ പുനരവലോകനത്തിനും പരിശോധനയ്ക്കും വിധേയമാക്കണം. യൂറോപ്യൻ യൂണിയനിൽനിന്നും ബ്രിട്ടന്റെ പിൻവാങ്ങൽ, പസഫിക് രാജ്യങ്ങൾ തമ്മിലുണ്ടാക്കിയ വ്യാപാര ഉടമ്പടിയായ Trans Pacific Partnership (TPP)-ൽ നിന്നും അമേരിക്കയുടെ പിൻവാങ്ങൽ, മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽനിന്ന് തീവ്രമായ ദേശസാൽക്കരണം എന്നിവ സമീപകാലത്ത് ലോക വ്യാപാരരംഗത്തുള്ള പുനർവിചിന്തനമാണ്. ഇത് കണ്ടെങ്കിലും നമ്മുടെ രാജ്യം പഠിക്കേണ്ടതുണ്ട്. ആ നിലയിലേയ്ക്കൊരു മാറ്റം കൊണ്ടുവരാനുള്ള ശ്രമം ഇവിടെ ഉണ്ടാകേണ്ടതുണ്ട്. ഇന്ത്യ വിശ്വാസമർപ്പിക്കേണ്ടത് ജനങ്ങളിലാണ്. കോടാനുകോടി മനുഷ്യർ പട്ടിണിയും പരിവട്ടവുമായി ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിലുള്ളപ്പോൾ ഇത്തരം കരാറിൽ ഒപ്പിടുമ്പോൾ ഇന്ത്യൻ ജനതയെയാണ് വിശ്വാസത്തിലെടുക്കേണ്ടത്. അവരൊന്നും ഈ വിഷയം അറിഞ്ഞിട്ടില്ല. അവരെ പ്രതിനിധീകരിക്കുന്ന ഇന്ത്യൻ പാർലമെന്ററി അംഗങ്ങളോട് ഇതിനെക്കുറിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല. ഏതെങ്കിലും ഒരു സംസ്ഥാന ഗവൺമെന്റിനോട് ഇതുമായി ബന്ധപ്പെട്ട് നിങ്ങളുടെ അഭിപ്രായമെന്താണെന്ന് ആരാഞ്ഞിട്ടില്ല. ഇവിടത്തെ സംസ്ഥാന ഗവൺമെന്റ് ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടിട്ട് ഇതുവരെ ഒരു നിലപാടും നടപടിയും സ്വീകരിക്കാത്ത പ്രതിഷേധാർഹമായ സമീപനമാണ് കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്നത്. ആർ.സി.ഇ.പി. കരാർ തിടുക്കത്തിൽ ഒപ്പുവച്ചുകൊണ്ട് മുന്നോട്ടുപോകാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. ഇത്തരം രാജ്യാന്തര കരാറുകൾ ഒപ്പുവയ്ക്കുമ്പോൾ കേന്ദ്ര ഭരണകൂടം ഫെഡറൽ

സംവിധാനത്തെ തകർക്കുകയാണ്. അതാണ് അടിവരയിട്ട് സൂചിപ്പിക്കേണ്ടത്. നമ്മുടെ ഭാരതം നിലനിൽക്കുന്നത് അത്തരമൊരു സങ്കൽപ്പത്തിന്റെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഒരു സെക്യുലർ, മതേതര രാജ്യമെന്നുള്ള നിലയ്ക്ക് വളർത്തിക്കൊണ്ടുവരുന്നതിനെ തടസ്സം നിൽക്കുന്ന സംവിധാനമാണ് രാജ്യമറിയാതെ, ജനങ്ങളറിയാതെ, ഇന്ത്യൻ പാർലമെന്ററിയാതെ, സംസ്ഥാന ഗവൺമെന്റുകളറിയാതെ ഇത്തരം കരാറുകൾവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കരാറുകളുടെ പ്രത്യാഘാതങ്ങൾ നേരിട്ട് അനുഭവിക്കുന്ന ജനങ്ങളുമായി ചർച്ചനടത്താതെ കരാറിന്റെ ഗുണഭോക്താക്കളുമായി ചർച്ച നടത്തിക്കൊണ്ട് അവർക്ക് എത്രമാത്രം സാമ്പത്തിക നേട്ടമുണ്ടാക്കാൻ കഴിയുമെന്നാലോചിച്ചുകൊണ്ട് അവർ നിശ്ചയിക്കുന്ന ധാരണകളുടെ അടിസ്ഥാനത്തിലാണ് കരാറുകൾ വരാൻ പോകുന്നതെന്നതാണ് വസ്തുത. ജനാധിപത്യത്തിന്റെ പരമോന്നത സഭയായ പാർലമെന്റിനകത്ത് കാര്യമായി ചർച്ചചെയ്യുന്ന നടപടികൾ ഈ വിഷയങ്ങളിൽ മാത്രമല്ല കഴിഞ്ഞ എത്രയോ വർഷങ്ങളെടുത്ത് പരിശോധിച്ചാലും കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾ പ്രതിഷേധാർഹമാണ്. ഞാൻ മുൻകാല കാര്യങ്ങളൊന്നും പറയണമെന്ന് ആഗ്രഹിക്കുന്നില്ല. സമവായത്തിലേയ്ക്ക് ഇത്തരമൊരു പ്രമേയം അംഗീകരിച്ച് പോകുന്ന സമയത്ത് ഉദാരവൽക്കരണത്തിന്റെ സമീപനങ്ങളൊന്നുംതന്നെ വിശദീകരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. അതുകൊണ്ടുതന്നെ രാജ്യത്തെ സ്നേഹിക്കുന്ന എല്ലാവരും ശബ്ദമുയർത്തണം. നമ്മുടെ പത്രങ്ങളിൽ മുഖപ്രസംഗമുൾപ്പെടെ എഴുതിക്കൊണ്ട് ഈ നാടിന്റെ പ്രതിഷേധമുയരണമെന്ന് ആവശ്യപ്പെടുന്ന ഒരവസ്ഥ വന്നിട്ടുണ്ട്. തീർച്ചയായും അത് ശ്ലാഘനീയമാണ്, അഭിനന്ദനാർഹമാണ്.

മി. സ്പീക്കർ : അദ്ദേഹത്തിന്റെ സമയം കഴിഞ്ഞു, ശ്രീ. മുഹസിൻ.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇല്ല കഴിഞ്ഞിട്ടില്ല, അൽപം കൂടിയുണ്ട്. ഇന്ന് രാജ്യം ഭരിക്കുന്ന ബി.ജെ.പി. അവരുടെ ഒരു ദേശീയത പറയുന്നുണ്ട്. അതിൽ make in India, അതുപോലെതന്നെ നമ്മളാണ്, ഇന്ത്യയാണ് ഏറ്റവും മുമ്പിൽ നിൽക്കുന്നത് എന്നുള്ള കാര്യങ്ങളൊക്കെ പറയുന്നുണ്ട്. എന്നാൽ ഇന്ത്യാക്കാരുടെ മുഴുവൻ അവകാശങ്ങളും നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റ് രാജ്യങ്ങൾക്ക് ഇന്ത്യാക്കാരുടെമേൽ കൂടുതൽ അവകാശങ്ങൾ കൊടുക്കുന്ന ഒന്നല്ലേ ഇതുകൊണ്ട് ഉണ്ടാകുന്നത്, അതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ. കെ. വിജയൻ: സർ, രാഷ്ട്രപിതാവിന്റെ 150-ാം ജന്മദിനം ആഘോഷിക്കുകയാണ്. ഇന്ന് രാവിലെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ചടങ്ങ് ഇവിടെ നടന്നിരുന്നു. ഗ്രാമ സ്വരാജിനെക്കുറിച്ചും നാടിന്റെ

ജനാധിപത്യത്തെക്കുറിച്ചും മതേതരത്തെക്കുറിച്ചും യഥാർത്ഥത്തിൽ ദീർഘ വീക്ഷണത്തോടെ രാഷ്ട്രപിതാവ് മഹാത്മ ഗാന്ധി സൂചിപ്പിക്കുകയുണ്ടായി. അതിനെല്ലാം ഭീഷണിയുയർത്തിക്കൊണ്ട് ഗാന്ധിജിയുടെ ഘാതകർ രാജ്യത്തെ വിൽക്കാൻ ശ്രമം നടത്തുന്ന ഈ നടപടിക്കെതിരെ ഇന്ത്യയെ സ്നേഹിക്കുന്ന മുഴുവൻ ജനാധിപത്യ മതേതര വിശ്വാസികളും യോജിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. പക്ഷെ അത്തരമൊരു ഐക്യമുണ്ടാകണമെന്ന കാഴ്ചപ്പാടോടുകൂടിയല്ല, പകരം എനിക്ക് ഭരിക്കണമെന്ന കാഴ്ചപ്പാടോടുകൂടി പോകുന്ന നില രാജ്യത്ത് വിപത്താണുണ്ടാക്കുന്നത്. ഈ ഭീഷണിയെ നേരിടാൻ എല്ലാവരും ഒരുമിച്ചുനിൽക്കണം. ഇന്ത്യയെ സ്നേഹിക്കുന്ന മുഴുവൻ ജനാധിപത്യ വിശ്വാസികളും യോജിച്ചുനിന്നുകൊണ്ട് ഈ കരാർ മാത്രമല്ല ഇതിനെക്കാൾ ഭവിഷ്യത്തേറിയ കരാറുകളിൽ ഏർപ്പെടുമെന്ന് കണ്ടുകൊണ്ട് ഇതിനെ പ്രതിഷേധിക്കാൻ ശക്തമായി മുന്നോട്ടുവരണം. കേരളം എല്ലാറ്റിനും മാതൃകയാണ്, ഈ കാര്യത്തിനും മാതൃകയായി നിന്നുകൊണ്ട്, കേരളം നേതൃത്വം കൊടുത്തുകൊണ്ട് ഇന്ത്യയിലാകമാനം അലയടിയുണ്ടാക്കുന്ന തരത്തിലേയ്ക്കുള്ള പ്രക്ഷോഭങ്ങളിലേയ്ക്ക് പോകുകയല്ലാതെ മറ്റ് കരണീയ മാർഗ്ഗങ്ങളില്ല. ബദൽ സംവിധാനങ്ങൾ നിർദ്ദേശിക്കുക എന്നതിനപ്പുറത്ത് പിൻതിരിയണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭങ്ങളാണ് രാജ്യം ആഗ്രഹിക്കുന്നത്, അതിലേയ്ക്ക് പോകാൻ കഴിയണം. അതിന് ഈ ചർച്ച സഹായകരമായി തീരട്ടെ എന്ന് ആഗഹിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, Regional Comprehensive Economic Partnership (RCEP) കരാർ ഒപ്പിടാൻ പോകുന്നുവെന്നുള്ള വാർത്തയാണ് ഇന്ന് എല്ലാവരിലും വളരയേറെ പ്രതിസന്ധിയുണ്ട് എന്നുള്ള തോന്നൽ ഉളവാക്കിയിട്ടുള്ളത്. നമ്മുടെ രാജ്യത്ത് നിരവധി രാജ്യാന്തര കരാറുകൾ ഉണ്ടാകാറുണ്ട്. ആ രാജ്യാന്തര കരാറുകൾ രാജ്യത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് നോക്കിയിട്ടാണ് പലപ്പോഴും ചെയ്യാറുള്ളത്. ലോകമെന്നുപറയുന്നത് ഇന്ന് ലിബറലൈസേഷന്റെ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഇന്ത്യയ്ക്ക് മാത്രമായി മാറി നിൽക്കാനും സാധ്യമല്ല. പണ്ട് ബർമ ചെയ്തതുപോലെ ഒറ്റപ്പെട്ട നിലപാടെടുക്കാൻ ഇന്ത്യയ്ക്ക് കഴിയില്ല. സ്വാഭാവികമായും അത്തരം കാലഘട്ടത്തിലായതുകൊണ്ട് നമുക്ക് പല തരത്തിലുള്ള രാജ്യാന്തര കരാറുകളും ഒപ്പിടേണ്ടിവരും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): Trans Pacific Partnership (TPP)-ൽ നിന്നും അമേരിക്ക പിൻതിരിഞ്ഞു, എന്തുകൊണ്ട് നമുക്ക് അങ്ങനെ ചെയ്തുകൂടാ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. ഞാൻ പറഞ്ഞുവന്നത് രാജ്യങ്ങൾക്ക് പരസ്പരം സഹകരിക്കേണ്ടി വരുമെന്നതാണ്. വാണിജ്യ വ്യാപാര കരാറുകൾ ഉണ്ടാക്കേണ്ടിവരും. ഒരു രാജ്യത്തെ അത് എങ്ങനെ ബാധിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനമായി കണക്കിലെടുക്കേണ്ടത്. ഇവിടെ കാർഷിക-വ്യവസായ മേഖലകളെ തകർക്കുമെന്നുള്ള ശക്തമായ അഭിപ്രായങ്ങളാണ് നമ്മുടെ രാജ്യത്ത് ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നമുണ്ടായപ്പോൾത്തന്നെ ഞങ്ങൾ കോൺഗ്രസ് നേതൃത്വവുമായി ദേശീയതലത്തിൽ ബന്ധപ്പെടുകയുണ്ടായി. ഞങ്ങളുടെ അഭിപ്രായം ശക്തമായി അവിടെ ഉന്നയിക്കുകയും ചെയ്തു. അങ്ങനെയാണ് കഴിഞ്ഞ ദിവസം ദേശീയ തലത്തിൽ കോൺഗ്രസ് പാർട്ടിതന്നെ RCEP കരാറിൽ ശക്തമായ നിലപാടുകൾ സ്വീകരിക്കണമെന്നുള്ള ഒരു തീരുമാനം എടുത്തിരിക്കുന്നത്. ആസിയാൻ രാജ്യങ്ങൾ എന്നറിയപ്പെടുന്ന പത്ത് ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങൾക്കൊപ്പം ഇന്ത്യ, ചൈന, ജപ്പാൻ, തെക്കൻ കൊറിയ, ആസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളെ കോർത്തിണക്കിക്കൊണ്ടാണ് ഈ പുതിയ കരാർ വരാൻ പോകുന്നത്. നമ്മുടെ രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം അതീവ നിർണ്ണായക മായൊരു കരാറായിട്ടും ഇതിനെപ്പറ്റിയുള്ള ചർച്ചകൾ വേണ്ടരീതിയിൽ നടക്കുന്നില്ല. ചൈനീസ് പ്രീമിയർ ചെന്നൈ-ൽവച്ച് ഇന്ത്യൻ പ്രധാനമന്ത്രിയുമായി ചർച്ച നടത്തി. ആ ചർച്ചയുടെ ഒരു വിവരവും ഇതുവരെ പുറത്തുവന്നിട്ടില്ല. ഞാൻ എല്ലാ ദേശീയ ദിനപത്രങ്ങളും പരിശോധിച്ചു. ആർ.സി.ഇ.പി. കരാർ വരെയുള്ള കാര്യങ്ങളിൽ വ്യക്തമായ ധാരണ ചൈനയുമായി നമ്മുടെ പ്രധാനമന്ത്രി ഉണ്ടാക്കിയിട്ടുണ്ടെന്ന വിവരങ്ങളാണ് അനൗദ്യോഗികമായി ലഭിക്കുന്നത്. സാധാരണഗതിയിൽ പാർലമെന്റിൽ ചർച്ചചെയ്യേണ്ട വിഷയമാണ്. ഞാൻ ഇന്ന് ഓർക്കുന്നു, ഗാട്ട് കരാറുമായി ബന്ധപ്പെട്ട വിഷയം പാർലമെന്റിൽ അന്ന് അവതരിപ്പിച്ചത് സി.പി.ഐ.-യുടെ അന്നത്തെ മന്ത്രിയായിരുന്ന ചതുരാനൻ മിശ്ര ആയിരുന്നു. ഞങ്ങളെല്ലാവരും അതിൽ പങ്കെടുത്ത് സംസാരിച്ച ആളുകളാണ്. അതിന്റെ pros and cons എല്ലാം പാർലമെന്റ് വളരെ വിശദമായി ചർച്ച ചെയ്തതാണ്. ഇങ്ങനെയുണ്ടാകുന്ന എല്ലാ കരാറുകളും പാർലമെന്റിൽ സാധാരണഗതിയിൽ ചർച്ച ചെയ്യേണ്ടതാണ്. ഇതിൽ ബഹുഭൂരിപക്ഷവും സംസ്ഥാന വിഷയങ്ങളുമായി ബന്ധപ്പെട്ട കരാറായതുകൊണ്ട് സംസ്ഥാനങ്ങളുമായി ചർച്ചചെയ്യാനുള്ള നടപടിയുണ്ടാകേണ്ടതാണ്. സംസ്ഥാന വിഷയങ്ങൾ മറ്റ് രാജ്യാന്തര കരാറിൽ ഉണ്ടാകുമ്പോൾ അതിനൊരു അഭിപ്രായമെങ്കിലും ആരായാനുള്ള മനോഭാവം കേന്ദ്ര ഗവൺമെന്റ് കാണിക്കേണ്ടതാണ്. 2012-ൽ കംബോഡിയയിൽ നടന്ന ആസിയാൻ ഉച്ചകോടിയിലാണ് ആർ.സി.ഇ.പി. എന്ന

പ്രാദേശിക വ്യാപാര കൂട്ടായ്മയ്ക്ക് വിത്ത് പാകിയത്. ആസിയാൻ കരാറിനെപ്പറ്റി ഇവിടെ വിമർശിക്കുന്നുണ്ട്. ആസിയാൻ കരാറിൽത്തന്നെ പോസിറ്റീവായിട്ടുള്ള വേറെ ചില കാര്യങ്ങളുണ്ട്. നമ്മുടെ രാജ്യത്തുള്ള ആളുകൾ ഈ ആസിയാൻ രാജ്യങ്ങളിൽ പോയാൽ വിസ അവിടെച്ചെന്ന് എടുത്താൽ മതി. അങ്ങനെയുള്ള ധാരാളം കാര്യങ്ങളുണ്ട്. ലേബർ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നമുക്ക് അനുകൂലമായ ധാരാളം കാര്യങ്ങളുണ്ട്. ആ വിഷയത്തിലേയ്ക്ക് ഞാൻ പിന്നീട് വരാം. ആസിയാൻ രാജ്യങ്ങളുൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളുമായി import duty പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടുള്ള നടപടിക്രമങ്ങളാണ് ഇവിടെ ഉണ്ടാകാൻ പോകുന്നത്. അതിന്റെ ഫലമായി indiscriminate ആയിട്ടുള്ള import വരാൻ പോകുകയാണ്. അങ്ങനെ വന്നുകഴിഞ്ഞാൽ അത് നമ്മുടെ രാജ്യത്തെ എങ്ങനെ ബാധിക്കും? ഈ പതിനാറ് രാജ്യങ്ങൾ പരസ്പരം തങ്ങളുടെ കാർഷിക, വ്യാവസായിക ഉല്പന്നങ്ങൾ നിർബാധം വിൽക്കുകയും വാങ്ങുകയും ചെയ്യും. അതോടൊപ്പം സേവന ഉല്പാദന മേഖലകളിൽ കൂടുതൽ ശക്തമായ ഉദാരവൽക്കരണം നടത്തുകയെന്നതാണ് ഈ കരാറിന്റെ ലക്ഷ്യം. പല മേഖലകളിലും ചിലപ്പോൾ ഗുണമുണ്ടെങ്കിലും കാർഷിക - വ്യാവസായിക മേഖലകളിൽ വലിയ തോതിലുള്ള പ്രതിസന്ധി നേരിടും. ഇതിന്റെ പിന്നിലുള്ള ബുദ്ധികേന്ദ്രം ചൈനയാണ്. ലോക ജനസംഖ്യയുടെ 30 ശതമാനവും 16 ആർ.സി.ഇ.പി. രാജ്യങ്ങളിലാണ്. ലോകവ്യാപാരത്തിന്റെ 29 ശതമാനം നടക്കുന്നതും ഈ രാജ്യങ്ങളിലാണ്. വരും ദശാബ്ദങ്ങളിൽ ലോകവ്യാപാര മേഖലയിൽത്തന്നെ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ പോകുന്ന ഒരു കരാറാണ് ഇതെന്ന് പറയാനുള്ള കാരണമിതാണ്. Indiscriminate ആയിട്ടുള്ള import വന്നുകഴിഞ്ഞാൽ അത് നമ്മുടെ രാജ്യത്തെ ഗുരുതരമായി ബാധിക്കും. ഒന്നാമതായി, നമ്മുടെ രാജ്യം വലിയ പ്രതിസന്ധിയിലാണ്. ഇവിടെ നോട്ട് പിൻവലിച്ചു. നോട്ട് പിൻവലിക്കലിലൂടെ ഉണ്ടായിരിക്കുന്ന സാമ്പത്തിക തകർച്ചയും അതിനെത്തുടർന്ന് ജി.എസ്.ടി. വന്നപ്പോഴുണ്ടായ സാമ്പത്തിക തകർച്ചയും ഇതെല്ലാം കൂടിയുള്ള ഒരു സാഹചര്യത്തിലാണ് നമ്മുടെ രാജ്യത്ത് ഈ കരാറുകൂടി വരുന്നത്. ഒരു മണിക്കൂറിൽ ഒരു കർഷകൻ ഇന്ത്യയിൽ ആത്മഹത്യ ചെയ്യുകയാണ്. അങ്ങനെ മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ കർഷക ആത്മഹത്യകൾ പെരുകിക്കൊണ്ടിരിക്കുന്നു. അതിന്റെ കാരണം, അവരുടെ ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ല, റീസണബിളോ റെമ്യൂണറേറ്റീവോ ആയ വില കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്നില്ലെന്നുള്ളതു തന്നെയാണ്. ഇവിടെ റബ്ബറിന് വിലയില്ലാത്തതിന് കാരണം എന്താണ്? റബ്ബർ പാൽ ഇപ്പോൾ ചൈനയിൽനിന്ന് വരികയും ഇറക്കുമതി ചെയ്യത്തക്ക നിലയിലുമാണ്. Free import വന്നതോടുകൂടി കൂടുതൽകൂടുതൽ ഉല്പന്നങ്ങൾ നമ്മുടെ

വിപണിയിലേയ്ക്ക് വരുന്നു. ലോകത്ത് എവിടെ ചെന്നാലും ചൈനീസ് മാർക്കറ്റുകളാണ് ഇന്ന് കൂടുതൽ കാണാൻ കഴിയുന്നതെന്ന് എല്ലാവർക്കുമറിയാം. All the markets are flooded with Chinese products. വളരെ വില കുറഞ്ഞ ചൈനീസ് ഉത്പന്നങ്ങളാണ് ലോകത്തെ എല്ലാ മാർക്കറ്റിലും ഇന്ന് flooded ആയിട്ടുള്ളത്. അത്തരം നടപടികൾ ഉണ്ടാകുമ്പോൾ അതിനെ നിയന്ത്രിക്കാനുള്ള സംവിധാനം നമ്മുടെ രാജ്യത്തുണ്ട്. ഏറ്റവും ശക്തമായ Anti dumping law ഇന്ത്യയിൽ നിലവിലുള്ളതാണ്. എന്നാൽ അത് ആരും invoke ചെയ്യുന്നില്ലെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം.

ഈ വർഷം ഫെബ്രുവരിയിൽ ഇന്തോനേഷ്യയിൽ ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട ചർച്ചയിൽ 80 മുതൽ 85 ശതമാനം വരെയുള്ള കാർഷികോല്പന്നങ്ങൾക്ക് duty free അനുവദിക്കാമെന്ന് ഇന്ത്യ സമ്മതിച്ചതായാണ് അറിയുന്നത്. അതിന് ആദ്യപടിയായി വാണിജ്യ ഉല്പന്നങ്ങളുടെ 28 ശതമാനം ഇനങ്ങൾക്ക് ഇറക്കുമതി തീരുവ എടുത്തുകളയുമെന്ന് കേൾക്കുന്നു. ഇതെല്ലാം നമ്മുടെ മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ മാത്രമാണ്. ഇതിൽ ഏതെല്ലാം ഉല്പന്നങ്ങൾക്കാണ് പൂർണ്ണമായും തീരുവരഹിത ഇറക്കുമതി അനുവദിക്കുന്നത്, ഏതെല്ലാം ഉല്പന്നങ്ങൾക്കാണ് ഭാഗികമായും നാമമാത്രവുമായ തീരുവ ചുമത്തുന്നതെന്നുമുള്ള വിവരങ്ങളൊന്നും കേന്ദ്ര സർക്കാർ പുറത്തുവിട്ടിട്ടില്ല, ഇതെല്ലാം രഹസ്യമായി വച്ചിരിക്കുകയാണ്. ഈ സുപ്രധാനമായ കാര്യങ്ങളിൽ സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ അറിയാനോ അവരുടെ അഭിപ്രായങ്ങൾ തേടാനോ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുള്ളതും വളരെ പ്രധാനപ്പെട്ടതാണ്. Artificial intelligence, machine learning, robotics തുടങ്ങിയ നൂതനമായ സൗകര്യങ്ങൾ ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങൾ വലിയതോതിൽ വികസിപ്പിച്ചിട്ടുണ്ട്. ആ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യയുടെ ആനുകൂല്യം അവർക്കുണ്ട്. ആ തരത്തിൽ അവരുടെ വസ്തുക്കൾ കൂടുതൽകൂടുതൽ നമ്മുടെ രാജ്യങ്ങളിലേയ്ക്ക് import ചെയ്യാനുള്ള സാധ്യതയും വളരെ കൂടുതലാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ പ്രാപ്യമാകുമ്പോൾ ഇന്ത്യയുടെ വ്യാവസായിക മേഖല പൊതുവായും, പ്രത്യേകിച്ച് ചെറുകിട വ്യാവസായിക മേഖല വൻതോതിലുമുള്ള പ്രതിസന്ധി നേരിടും. കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ എത്തുകയും ഇന്ത്യ അവരുടെ മാർക്കറ്റായി മാറുകയും ചെയ്യുന്നതിലുള്ള apprehension ആണ് ഈ കാര്യത്തിൽ ദേശീയതലത്തിൽത്തന്നെ ധാരാളം economist-കൾ പറഞ്ഞിട്ടുള്ളത്.

അതിശക്തമായ യന്ത്രവത്കരണവും ഉയർന്ന കാർഷിക, വ്യവസായ സംസ്കാരവുമുള്ള ജപ്പാൻ, കൊറിയ, തെക്കൻ കൊറിയ, ആസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളുമായി മത്സരിക്കാനുള്ള ശക്തി ഇപ്പോൾ നമുക്കില്ലെന്നുള്ളത് കണക്കിലെടുക്കേണ്ട കാര്യമാണ്. കാർഷിക വിഭവങ്ങളുടെ ഏറ്റവും വലിയ ആറാമത്തെ കയറ്റുമതി രാജ്യമാണ് ചൈന. പയർ വർഗ്ഗങ്ങൾ, ഉള്ളി, വെളുത്തുള്ളി, ആപ്പിൾ, ശീതികരിച്ച കോഴിയിറച്ചി, മീൻ എന്നിവയുടെ കാര്യത്തിൽ കരുത്തരായ കയറ്റുമതിക്കാരാണ്. ഒരുദാഹരണം പറയാം. ഇന്ത്യയിൽ പയർ വർഗ്ഗങ്ങളുടെ shortage ഉണ്ടായപ്പോൾ ഇന്ത്യ മ്യാൻമറിൽനിന്ന് ഇവ വാങ്ങാൻ തീരുമാനിച്ചിരുന്നു. അപ്പോൾ ചൈന അവിടെയുള്ള മുഴുവൻ പയർ വർഗ്ഗങ്ങളും ഉയർന്ന വിലയ്ക്ക് വാങ്ങി സ്വന്തമാക്കുകയും നമുക്ക് അവരിലൂടെ മാത്രമേ ഇവ വാങ്ങാൻ കഴിയൂവെന്നുള്ള സ്ഥിതിവിശേഷം ഉണ്ടാക്കുകയും ചെയ്തു. Economically giant ആയി വളരുന്ന ചൈന അവരുടെ കാർഷികോല്പന്നങ്ങളും വ്യാവസായികോല്പന്നങ്ങളും അങ്ങനെയാണ് വിറ്റഴിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, അദാനിയാണ് ചൈനയിൽനിന്ന് 30 രൂപയ്ക്ക് വാങ്ങിച്ച് 100 രൂപയ്ക്ക് ഇവിടെ വിറ്റത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആയിരിക്കാം. ആ നിലയിലേയ്ക്കാണ് അവർ മാറുന്നതെന്നത് സംബന്ധിച്ച് ഞാനൊരുദാഹരണം പറഞ്ഞതാണ്. പണ്ട്, മ്യാൻമറിൽനിന്ന് ഇന്ത്യാ ഗവൺമെന്റ് നേരിട്ട് വാങ്ങിക്കുകയായിരുന്നു. അതുകൊണ്ട് നമ്മുടെ രാജ്യത്തെ കർഷകരും തൊഴിലാളികളും സാധാരണക്കാരും ഉൾപ്പെടെയുള്ളവർക്ക് വലിയ പ്രതിസന്ധി ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി ഇറക്കുമതിയിലുണ്ടായ ഗണ്യമായ വർദ്ധനവുമൂലം ഇറക്കുമതി കൂടുകയും കയറ്റുമതി കുറയുകയും ചെയ്തു. സ്വാഭാവികമായ ആ ഒരു സാഹചര്യം ഇന്ത്യയിൽ നിലനിലക്കുന്നുണ്ട്. അതുകൂടി നോക്കുമ്പോൾ ഒരു മത്സരാധിഷ്ഠിതമായ കാർഷിക മേഖലയെന്നുള്ള നിലയിൽ ഇന്ത്യയ്ക്ക് പിടിച്ചുനിൽക്കാൻ കഴിയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

ഒന്നുരണ്ട് കാര്യങ്ങളാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. 2004-05 കാലയളവിൽ ചൈനയിൽനിന്നുള്ള ഇറക്കുമതി കേവലം 700 കോടി ഡോളറിന്റേത് മാത്രമായിരുന്നു എങ്കിൽ 2017-18 കാലയളവിൽ അത് 7600 കോടി ഡോളറായി ഉയർന്നു. ഒരു വ്യാഴവട്ടക്കാലംകൊണ്ട് പത്തിരട്ടി ഇറക്കുമതി ചൈനയിൽനിന്ന് ഇന്ത്യയിലേയ്ക്ക് വരുന്നു എന്നുള്ളത് ഗൗരവമായി കാണണം. ഇവിടെ മാത്രമല്ല, ലോകത്തെ എല്ലാ രാജ്യങ്ങളിലും ഇറക്കുമതി

ചെയ്യുന്നുണ്ട്. അതുകൊണ്ടാണല്ലോ അമേരിക്കയിലൊക്കെ വ്യാപാരയുദ്ധം നടക്കുന്നത്. അമേരിക്ക ചൈനീസ് ഉൽപ്പന്നങ്ങൾക്ക് ഡ്യൂട്ടി ഏർപ്പെടുത്തിയപ്പോൾ അവർ തിരിച്ചും ഏർപ്പെടുത്തി. അതാണ് ലോകത്ത് വ്യാപാരയുദ്ധമായി ഇന്ന് നമ്മൾ കാണുന്നത്. നമുക്കതുപോലുള്ള ശക്തിയില്ലാത്തതുകൊണ്ട് അതിന് കഴിയുന്നില്ല. ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു; അദ്ദേഹത്തിന്റെ കാലത്ത് സാമ്പത്തികരംഗം വളരെ ഭദ്രമായിരുന്നു. ലോകം മുഴുവൻ നിയന്ത്രണമുണ്ടായി, ബാങ്കുകൾ തകർന്നു, ലോകരാജ്യങ്ങളിൽ മുഴുവൻ സാമ്പത്തികമായ തകർച്ച ഉണ്ടായി, അപ്പോഴും പിടിച്ചുനിന്ന ഒരു രാജ്യം ഇന്ത്യ മാത്രമാണ്. ഇവിടെ ബാങ്കുകൾ തകർന്നില്ല, സാമ്പത്തിക സ്ഥാപനങ്ങൾ ഭദ്രമായി നിലകൊണ്ടു. അതെല്ലാം നമ്മൾ സ്വീകരിച്ച സാമ്പത്തിക നയത്തിന്റെ ഭാഗംകൂടിയാണ്. ഇന്നത്തെ കാലത്ത് റിസർവ് ബാങ്കിന്റെ കരുതൽ ധനംപോലും എടുത്ത് ഉപയോഗിക്കേണ്ട ഗുരുതരമായ സാമ്പത്തിക തകർച്ചയിലേയ്ക്ക് ഇന്ത്യ മാറുകയാണ്. അത് ബി.ജെ.പി. ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തിക നടപടികൾകൊണ്ടാണ്. നോട്ട് പിൻവലിക്കൽ, ജി.എസ്.ടി. തുടങ്ങിയ സാമ്പത്തിക നടപടികൾകൊണ്ട് രാജ്യത്തിന്റെ സാമ്പത്തികമേഖല വൻതകർച്ച നേരിടുന്ന ഈ സന്ദർഭത്തിൽ ഈയൊരു കരാർകൂടി ഉണ്ടായാൽ നമ്മുടെ സ്ഥിതി അതീവ ദയനീയമാകും എന്നതുകൊണ്ടാണ് ഈ കാര്യങ്ങളെ ഞങ്ങൾ ശക്തമായി എതിർക്കുന്നത്. അങ്ങനെവരുന്ന സാഹചര്യത്തിൽ ഈ കരാറിനെ നമ്മൾ യോജിച്ച് എതിർക്കേണ്ടിയിരിക്കുന്നു. ഞങ്ങൾ ഒരു കാര്യം തീരുമാനിച്ചിട്ടുണ്ട്, ബി.ജെ.പി. ഇതര സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം കോൺഗ്രസ്സ് ഹൈക്കമാൻഡ് ഇടപെട്ട് വിളിക്കണമെന്ന ഒരാവശ്യം ഉന്നയിക്കുന്നുണ്ട്. കേരളം മാത്രം വിചാരിച്ചാൽ പോര, മറ്റ് ബി.ജെ.പി. ഇതര സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെയും ഭരണാധികാരികളെയുംകൂടി ഈ കാര്യത്തിൽ യോജിപ്പിച്ചു കൊണ്ട് ഇതിനെതിരെ ശക്തമായ നടപടിയുണ്ടാകണം. പാർലമെന്റിൽ കോൺഗ്രസ്സ് അംഗങ്ങളെയും മറ്റ് യു.പി.എ. അംഗങ്ങളെയും ഒരുമിച്ച് നിർത്തിക്കൊണ്ട് ഇതിനുള്ള ചെറുത്തുനിൽപ്പിനുവേണ്ടി ഞങ്ങൾ ശ്രമിക്കുകയാണ്. ഏതായാലും കേരള നിയമസഭ ഒറ്റ ശബ്ദത്തിൽ ഇതിനെ എതിർക്കാൻ തീരുമാനിക്കുന്നു എന്നുള്ളത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. ഈ നടപടിക്കെതിരായി ഉണ്ടാകുന്ന ജനകീയരോഷം പാർലമെന്റിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും ഉയർത്തിക്കൊണ്ടുവന്ന് ഈ കരാറിൽനിന്നും കേന്ദ്രഗവൺമെന്റിനെ പിൻതിരിപ്പിക്കാനുള്ള ശക്തമായ രാഷ്ട്രീയ സമ്മർദ്ദത്തിന് മുൻകയ്യെടുക്കുമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ആർ.സി.ഇ.പി. കരാർമൂലം ക്ഷീരമേഖലയ്ക്കുണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് പൊതുചർച്ചയിൽ എല്ലാവരും പ്രതിപാദിച്ചതാണ്. ആ ഒരു പ്രത്യേക സാഹചര്യത്തിലാണ് ഏതാനും ചില കാര്യങ്ങൾ സംസ്ഥാനത്തെ ക്ഷീരവകുപ്പിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ പറയാൻ ഞാൻ ഉദ്ദേശിക്കുന്നത്. തീർച്ചയായും ഇവിടെ ഒരു യോജിപ്പിന്റെ അടിസ്ഥാനത്തിൽ ഏകകണ്ഠമായ ഒരു പ്രമേയം പാസ്സാക്കുന്നതും അതുപോലെതന്നെ സർക്കാരിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ട് ദിവസങ്ങൾക്കുമുമ്പ് സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തെ നിശാഗന്ധിയിൽ ആർ.സി.ഇ.പി. കരാറിനെതിരായി ആയിരക്കണക്കിന് കർഷകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വലിയ പ്രതിഷേധ സംഗമം സംഘടിപ്പിച്ചതുമെല്ലാം രാജ്യത്ത് അവിടവിടെയായി കർഷകരുടെ ഇടയിൽ ആർ.സി.ഇ.പി. കരാറിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഉയർന്നുവരുന്ന സമരങ്ങൾക്കും പ്രതിഷേധങ്ങൾക്കുമെല്ലാം ആക്കംകൂട്ടും. ഈയൊരവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്, ബി.ജെ.പി.-യുടെ ഒരു പ്രതിനിധി സഭയിൽ ഉണ്ടായിരുന്നു. ഇന്ന് ഈ പ്രമേയം അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതുകൊണ്ട് അദ്ദേഹം ഒളിച്ചോടിയിരിക്കുകയാണ്. അതിന്റെ ആവശ്യമില്ലായിരുന്നു. കാരണം, സംഘപരിവാറിൽത്തന്നെ ഉൾപ്പെടുന്ന 'സ്വദേശി ജാഗരൺ മഞ്ച്' എന്ന സംഘടന വളരെ കർക്കശമായിത്തന്നെ ഈ കരാർ ഒപ്പിടരുത് എന്നുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. തീർച്ചയായും സംഘപരിവാറിന്റെ ഒരു വിഭാഗത്തിന് അത്തരമൊരു സമീപനം സ്വീകരിക്കാമെങ്കിൽ ബി.ജെ.പി.-യുടെ പ്രതിനിധിയായ അദ്ദേഹത്തിന് കേരളത്തിലെയും ഇന്ത്യയിലെയും പാവപ്പെട്ടവന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഈ പ്രമേയത്തിൽ അഭിപ്രായപ്രകടനം നടത്താനും യോജിച്ച് ഇത് പാസ്സാക്കാനും കഴിയുമായിരുന്നു. ആസിയാൻ കരാർ ഒപ്പിടുന്നവേളയിലും അതിനുശേഷം 2012-ൽ അതിന്റെ ഉച്ചകോടി നടക്കുന്ന സമയത്തുമാണ് യഥാർത്ഥത്തിൽ ആർ.സി.ഇ.പി. കരാറിന് തുടക്കം കുറിക്കുന്നത്. ആർ.സി.ഇ.പി. കരാറിൽ ഒപ്പിട്ട 10 രാജ്യങ്ങളും അതിനുശേഷം സ്വതന്ത്ര കരാറിൽ ഒപ്പിട്ട ഇന്ത്യയടക്കമുള്ള 6 രാജ്യങ്ങളും അടങ്ങുന്ന 16 രാജ്യങ്ങളാണ് ഈ കരാറിൽ ഒപ്പിടാൻപോകുന്നത് എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. കരാറിന്റെ വിശദാംശങ്ങളൊന്നുംതന്നെ യഥാർത്ഥത്തിൽ പുറത്തുവന്നിട്ടില്ല. കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങളുമായി അങ്ങനെയൊരു ആലോചന നടത്താനോ പാർലമെന്റിൽ ചർച്ചനടത്താനോ തയ്യാറായിട്ടില്ല. അത്തരം നിഗൂഢമായ ഒരു നീക്കമാണ് യഥാർത്ഥത്തിൽ ഈ കരാറുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്നതെന്നും വളരെ സ്ഥാപിതമായ താൽപ്പര്യങ്ങൾ അതിന്റെ പിന്നിലുണ്ടെന്നുമുള്ള കാര്യത്തിൽ യാതൊരു

സംശയവുമില്ല. ക്ഷീരമേഖലയെ സംബന്ധിച്ച് പറയുമ്പോൾ, ഭാരതമാണ് യഥാർത്ഥത്തിൽ ലോകത്ത് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നത്. പാലുൽപ്പാദനത്തിന് കൂടുതൽ ചെലവുണ്ട്. പാലുൽപ്പാദനത്തിൽ ഇന്ത്യയ്ക്ക് ഒന്നാം സ്ഥാനം എന്നുപറയുമ്പോൾ, ഏതാണ്ട് പതിനഞ്ച് കോടിയിലധികംവരുന്ന ജനങ്ങളാണ് ക്ഷീരമേഖലയിൽ വ്യാപൃതരായിരിക്കുന്നത്. കേരളത്തിൽ 8 ലക്ഷം കുടുംബങ്ങളാണ് ക്ഷീരമേഖലയിലുള്ളത്. ആസ്ട്രേലിയ, ന്യൂസിലൻഡ് തുടങ്ങിയ രാജ്യങ്ങൾ ആർ.സി.ഇ.പി. കരാറിൽ ഉൾപ്പെടാൻ പോവുകയാണ്. ഇപ്പോൾത്തന്നെ ലോകത്ത് ഏറ്റവുമധികം പാലും പാലുൽപ്പന്നങ്ങളും ഉല്പാദിപ്പിച്ച് കയറ്റുമതി ചെയ്തുകൊണ്ടിരിക്കുന്ന രാജ്യങ്ങളാണ് ആസ്ട്രേലിയ, ന്യൂസിലൻഡ് എന്നിവ. ഏറ്റവും കൂടുതൽ പാൽ നമ്മൾ ഉൽപ്പാദിപ്പിക്കുന്നുവെങ്കിലും യഥാർത്ഥത്തിൽ കയറ്റുമതി ചെയ്യുന്നത് 0.3 ശതമാനം മാത്രമാണ്. യഥാർത്ഥത്തിൽ നമ്മുടെ ശരാശരി ഉൽപ്പാദനം ന്യൂസിലൻഡ്, ആസ്ട്രേലിയ എന്നിവയുടെ ഉൽപ്പാദനത്തേക്കാൾ എത്രയോ കുറവാണ്. ആധുനിക യന്ത്രങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവ ഉപയോഗിച്ച് പാലുൽപ്പാദനവും പാൽപ്പൊടി ഉൽപ്പാദനവും നടത്തി ഇന്ത്യയിലും അതുപോലെ അംഗരാജ്യങ്ങളിലുമെല്ലാം ഇഷ്ടംപോലെ കയറ്റുമതി ചെയ്യാനുള്ള കരുത്ത് ഇന്ന് ഈ രാഷ്ട്രങ്ങൾക്കുണ്ട്. അവരുംകൂടി ഉൾപ്പെടുന്ന ഒരു കരാറിൽ നമ്മളേർപ്പെട്ടാൽ ക്ഷീരമേഖല ആകെ തകർന്നുതരിപ്പണമാകുമെന്നും ക്ഷീരകർഷകരാകെ കഷ്ടപ്പാടിലാകുമെന്നുമുള്ള കാര്യത്തിലും ഒരുസംശയവും വേണ്ട. ഇത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് കേരളാ ഗവൺമെന്റ്, പ്രത്യേകിച്ച് ക്ഷീരവികസന വകുപ്പ്, 2017 ഫെബ്രുവരി മാസത്തിൽ ആലപ്പുഴ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ചർച്ച സംഘടിപ്പിച്ചത്. ആ ചർച്ചയിൽ ഉയർന്നുവന്ന ആവശ്യങ്ങളൊക്കെ ഉന്നയിച്ചുകൊണ്ട് പ്രധാനമന്ത്രിക്കും അന്ന് സ്വതന്ത്ര ചുമതല ഉണ്ടായിരുന്ന വാണിജ്യകാര്യ വകുപ്പുമന്ത്രി ശ്രീ. പിയൂഷ് ഗോയലിനും ക്ഷീരോല്പാദനം, കൃഷി തുടങ്ങിയ മന്ത്രിമാർക്കും വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ തന്നെ കത്തെഴുതിയിട്ടുണ്ട്. സംസ്ഥാനങ്ങളുമായി ഇതുമായി ബന്ധപ്പെട്ട് ഒരു ചർച്ച നടത്തണമെന്നാണ് ആ കത്തിൽ പ്രധാനമായും ആവശ്യപ്പെട്ടത്. എന്നാൽ ഇതുവരെയും കേരള സർക്കാരുമായി ചർച്ച നടത്തുകയോ ഒരു മറുപടി തരികയോ ചെയ്തിട്ടില്ല. വീണ്ടും അത്തരം ചർച്ചകൾ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രണ്ടാമതും ക്ഷീരവികസന വകുപ്പ് മന്ത്രിയെന്നുള്ള നിലയിൽ ഞാൻ കത്തയച്ചിരുന്നു. അതിനും ഒരു മറുപടി കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ നിലയിൽ ക്ഷീരമേഖലയെ ആകെ തകർക്കുന്ന, അതുപോലെതന്നെ മറ്റ് കാർഷിക മേഖലയിലും മത്സ്യമേഖലയിലും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒരു കരാറാണിത്.

അന്താരാഷ്ട്ര വാണിജ്യകരാർ എന്നുപറയുമ്പോൾ നമുക്കറിയാം, കച്ചവടത്തിനു വേണ്ടി സാധനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കൊടുക്കുന്നതിനാണ് ഈ കരാറുകൾ ഉണ്ടാക്കുന്നത്. ആ കരാറിൽ മുഖ്യമായും വരാൻ പോകുന്നത് ചുങ്കം ഇളവുചെയ്ത് കൊടുക്കുക എന്നുള്ളതാണ്. ചുങ്കരഹിതമായി അല്ലെങ്കിൽ ചുങ്കം കുറച്ചുകൊണ്ട് ഈ ഉൽപ്പന്നങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കയറ്റുമതി ചെയ്യുന്നതിനുള്ള ധാരണയുണ്ടാക്കലാണ് അന്തർദേശീയ കരാറുകളിലെല്ലാം നടന്നു കൊണ്ടിരിക്കുന്നത്. നേരത്തെ നിലവിലുള്ള ഗാട്ട് കരാർ ആയാലും ആസിയാൻ കരാറായാലും സ്വതന്ത്ര ട്രേഡ് കരാറായാലും വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഇന്ത്യയെപ്പോലൊരു രാജ്യം ആ കരാറിൽ ഒപ്പിടുകവഴി നമ്മുടെ രാജ്യത്തിലെ ജനങ്ങൾക്കാവും നിരവധി പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നത്. അത് സംബന്ധിച്ചാണ് ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത്. പല മേഖലകളിലും നമുക്കുണ്ടായിട്ടുള്ള തിരിച്ചടിയും കാർഷികോൽപ്പന്നങ്ങൾക്ക് വിലയില്ലാത്ത സാഹചര്യവുമെല്ലാം അതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതുതന്നെയാണ്. അതുകൊണ്ട് ഈ കരാറിൽ ഒപ്പിടാൻ പാടില്ല. ഇന്ത്യാഗവൺമെന്റ് ഈ കരാറിൽ ഒപ്പിടുന്നതിൽനിന്ന് പിന്മാറണം. ക്ഷീരമേഖലയിലെ കോടിക്കണക്കിനുവരുന്ന കർഷകരെ രക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു സമീപനമായിരിക്കണം ഗവൺമെന്റ് സ്വീകരിക്കേണ്ടത്. പാവപ്പെട്ട കർഷകനെയും അതുപോലെതന്നെ ഇത് ബാധിക്കുന്ന മേഖലകളിലെ പാവപ്പെട്ട ജനങ്ങളുടെമേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുന്നതിനുവേണ്ടി തയ്യാറാകാൻ പാടില്ല എന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കേരളത്തിന്റെ കരുത്താണ് യഥാർത്ഥത്തിൽ ഇന്ന് ക്ഷീരമേഖല. കാർഷിക മേഖലയിലെ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളുടെയെല്ലാം ഫലമായി കർഷകർ ഇന്ന് പിടിച്ചുനിൽക്കുന്നത് ഒരു പരിധിവരെ ക്ഷീരമേഖലയെയും മൃഗസംരക്ഷണ മേഖലയെയും ആശ്രയിച്ചാണ്. അതുകൂടി തകർന്നാൽ കേരളത്തിന്റെയും ഏറ്റവും പാവപ്പെട്ടവരായിട്ടുള്ള ഇന്ത്യയിലെ ജനങ്ങളുടെയും സ്ഥിതി വളരെ മോശമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നിയമസഭയിൽ ഉണ്ടായിട്ടുള്ള ഈ ഐക്യം ഇന്ത്യയിലാകെ വളർന്നുവരുന്ന പ്രക്ഷോഭത്തിനും സമരത്തിനും ആക്കം കൂട്ടുന്നതായിരിക്കും എന്ന കാര്യത്തിൽ യാതൊരുവിധ സംശയവുമില്ല. ഈ യോജിപ്പ് അതിന് തീർച്ചയായും ഉതകും. ഇതിന്റെ അടിസ്ഥാനത്തിൽ തന്നെ ഇന്ത്യയിൽ കൂടുതൽ എതിർപ്പ് വളർന്നുവരും. നവംബർ മാസത്തിൽ ഈ കരാർ ഒപ്പിടാനിരിക്കുന്ന കേന്ദ്ര ഗവൺമെന്റിനോട് പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ഈ അവസരത്തിൽ വിനീതമായി

അഭ്യർത്ഥിക്കാനുള്ളത് യാതൊരു കാരണവശാലും ഈ കരാർ ഒപ്പിടാൻ പാടില്ല, ഇതുമായി മുന്നോട്ട് പോകരുത്, ഇന്ത്യയിലെ ജനങ്ങളുടെയെല്ലാം പ്രതിഷേധം ഇതിലേയ്ക്കുവേണ്ടി വളർന്നുവരണം എന്നാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ചട്ടം 130 അനുസരിച്ച് ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 275 പ്രകാരമുള്ള Substantive motion അവതരിപ്പിക്കാനിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ച പരമപ്രധാനമായ ഒരു കാര്യമാണ് ഇവിടെ ചർച്ചചെയ്യുന്നത്. ലോകത്തിലെ തന്നെ ഏറ്റവും വിപുലമായ വാണിജ്യകരാറായ RCEP കരാറിനെതിരായി കേരളത്തിലെ ജനങ്ങൾ കക്ഷി രാഷ്ട്രീയത്തിനതീതമായി, ഒറ്റക്കെട്ടായി ഈ കരാറിൽ ഒപ്പുവയ്ക്കാൻ പാടില്ലെന്ന നമ്മുടെ പ്രതിഷേധം ഈ നിയമസഭയിലൂടെ അറിയിക്കുകയാണ്. ഇതൊരു അസാധാരണമായ സന്ദർഭമാണ്. രാജ്യത്തെ 80 കോടിയോളം വരുന്ന ജനങ്ങളെ മുഴുവൻ പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയത്തെ സംബന്ധിച്ച് രാജ്യത്തെ ഒരു ജനാധിപത്യ ബോഡിയിലും ഒരു ചർച്ചയും നടന്നിട്ടില്ല. ഇന്ത്യൻ പാർലമെന്റിലോ മറ്റേതെങ്കിലും നിയമസഭകളിലോ ചർച്ച നടന്നിട്ടില്ല. ഇന്ത്യയ്ക്കു തന്നെ മാതൃകയായിക്കൊണ്ട് RCEP കരാറിനെതിരായി ഇത്തരത്തിലൊരു വലിയ ചർച്ച കേരള ഗവൺമെന്റ് നിയമസഭയിൽ സംഘടിപ്പിച്ചിരിക്കുകയാണ്. ഇതൊരു അസാധാരണമായ സാഹചര്യമായിരിക്കുന്നത് അതുകൊണ്ടാണ്. ഈ ചർച്ച ഇവിടെ മാത്രമല്ല, എല്ലാ അസംബ്ലികളിലും പാർലമെന്റിലും നടക്കണമെന്ന ആഹ്വാനംകൂടി ഈ ചർച്ചയിലൂടെ മുന്നോട്ടുവയ്ക്കാൻ നമുക്ക് കഴിയണമെന്നുള്ളതാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. RCEP കരാറിലെ ASEAN രാജ്യങ്ങളുടെയും മറ്റ് അനുബന്ധരാജ്യങ്ങളുടെയും കണക്ക് ഇവിടെ പറഞ്ഞു. പക്ഷെ ഇതുമാത്രമല്ല, RCEP കരാറിന്റെ ബ്രോഡ് ഫ്രെയിംവർക്കിൽ പറയുന്നത് open regionalism എന്നതിനെപ്പറ്റിയാണ്. അതിൽപ്പറയുന്നത്; 'an open accession clause to enable participation of any of the ASEAN FTA partners, as well as any other external economic partners' എന്നാണ്. This meant that the membership of the RCEP was kept open and was not confined to select few countries.' ഈ പറയുന്ന രാജ്യങ്ങളിൽ മാത്രമല്ല, ഇനിയും വിപുലപ്പെടാൻ പോകുന്ന ഒരു വലിയ കരാറിലാണ് RCEP കരാറിലൂടെ ഏർപ്പെടാൻ പോകുന്നത്. കാർഷിക മേഖലയിലാണോ ക്ഷീര മേഖലയിലാണോ ഇതിന്റെ പ്രത്യാഘാതം ഏറ്റവുമധികം ബാധിക്കാൻ പോകുന്നതെന്ന് നമുക്ക് നിർണ്ണയിക്കാൻ കഴിയില്ല. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ പൂർണ്ണമായും തകർക്കാൻ പോകുകയാണ്. ഈ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരംതന്നെ നഷ്ടപ്പെടാൻ പോകുന്ന കരാറാണ് RCEP കരാർ. അതുകൊണ്ട് ഇതിനെതിരായി ഇതുപോലെയുള്ള ചർച്ച മാത്രമല്ല അതിവിപുലമായ ചർച്ചതന്നെ ആവശ്യമാണ്. 2011-ലാണ് ASEAN രാജ്യങ്ങൾ ഇത്തരത്തിലൊരു RCEP കരാറിന്റെ ആശയം മുന്നോട്ടുവയ്ക്കുന്നത്. അന്നുമുതൽ ആരംഭിച്ച ചർച്ചയുടെ ഫലമായി 2017-ൽ RCEP കരാർ ഒപ്പുവയ്ക്കുമെന്നാണ് കേട്ടിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ 31-8-2016-ന് നടന്ന മന്ത്രിസഭായോഗം RCEP കരാറിലെ കേരളത്തെ ബാധിക്കുന്ന വിഷയങ്ങളെപ്പറ്റിയുള്ള നമ്മുടെ അഭിപ്രായം വിശദമായി ചർച്ച നടത്തുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയച്ചു. അന്നത്തെ വാണിജ്യ വകുപ്പുമന്ത്രി ശ്രീ. പിയൂഷ് ഗോയലിന് കൃഷി വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ കത്തയച്ചു. സംസ്ഥാന ഗവൺമെന്റിന്റെ ഇത്തരം ആശങ്കകൾ അദ്ദേഹം പങ്കുവയ്ക്കുകയും ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളുമായി ചർച്ചനടത്താൻ തയ്യാറാണെന്നു പറഞ്ഞുകൊണ്ട് 2017 മാർച്ച് മാസം 15-ാം തീയതി ശ്രീ. പിയൂഷ് ഗോയൽ നമുക്കൊരു മറുപടി നൽകിയെങ്കിലും ഒരു ചർച്ചയ്ക്കും കേന്ദ്രഗവൺമെന്റ് തയ്യാറായില്ല. അതിനുശേഷം സംസ്ഥാന മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും ക്ഷീര വികസന വകുപ്പുമന്ത്രിയുമെല്ലാം പല ഘട്ടങ്ങളിലായി നേരിട്ടും കത്തുകൾ മുഖാന്തരവും നമ്മുടെ ആശങ്കകൾ അറിയിച്ചുകൊണ്ടിരുന്നു. നമ്മൾ പ്രധാനമായും പറഞ്ഞിട്ടുള്ളത് RCEP കരാറിൽനിന്ന് പിൻമാറണമെന്നും ഇതുസംബന്ധിച്ച് സംസ്ഥാനങ്ങളുമായും പാർലമെന്റിലും ചർച്ച നടത്തണമെന്നുമുള്ള കാര്യങ്ങളാണ്. പതിനേഴോളം കരാറുകളുടെ അനുഭവം നമുക്കുണ്ട്. ഇനി ഇരുപതോളം കരാറുകൾ വരാൻ പോകുകയാണ്. ഏറ്റവും പ്രധാനപ്പെട്ട RCEP കരാറിൽനിന്ന് പിൻമാറേണ്ടതിന്റെ ആവശ്യകതയെല്ലാം ചൂണ്ടിക്കാണിച്ചു. പക്ഷെ ഒരു മറുപടിയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. നവംബർ മാസം 4-ാം തീയതി RCEP കരാറിൽ ഒപ്പുവയ്ക്കുവാൻ പോകുന്നുവെന്നാണ് ഇപ്പോൾ കേൾക്കുന്നത്. അതിന് മുന്നോടിയായി കേരളത്തിലെ ഗവൺമെന്റ് വീണ്ടും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് 28-ാം തീയതി കേരളത്തിലെ എല്ലാ കർഷക സംഘടനകളെയും എല്ലാ രാഷ്ട്രീയപാർട്ടികളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളെയും ഞങ്ങൾ ഒരുമിച്ച് വിളിച്ചത്. 1992 മുതൽ ആരംഭിച്ച നവലിബറൽ സാമ്പത്തിക നയത്തിന്റെയും 1995-ലെ വേൾഡ് ട്രേഡ് ഓർഗനൈസേഷൻ കരാറിന്റെയും ഏറ്റവും അപകടകാരിയായ ഉപോത്പന്നമാണ് RCEP കരാറെന്ന കാര്യത്തിൽ തർക്കമില്ല. ഈ വിഷയത്തിൽ നമുക്ക് ഒന്നിച്ചുപോകണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ഞാൻ നേരിട്ട് കാര്യങ്ങൾ സംസാരിച്ചു. അദ്ദേഹം അതിനെപ്പറ്റി അവരുടെ കേന്ദ്ര നേതൃത്വവുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ RCEP കരാറിനെതിരെ നിലപാട് സ്വീകരിക്കാമെന്ന് ദേശീയ തലത്തിൽ തന്നെ കോൺഗ്രസ് തീരുമാനിക്കുകയും RCEP കരാറിനെതിരായി കേരളത്തിലെ ഗവൺമെന്റെടുത്തിരിക്കുന്ന നിലപാടിനോട് യോജിച്ചുകൊണ്ട് 28-ാം തീയതിയിലെ കൺവെൻഷനിൽ അദ്ദേഹം പങ്കെടുക്കുകയും ഇന്നത്തെ ചർച്ചയിൽ RCEP കരാറിനെതിരായി ഏകകണ്ഠമായ പ്രമേയം പാസ്സാക്കുന്നതിനും കോൺഗ്രസ് പാർട്ടി തയ്യാറായി വന്നുവെന്നുള്ളതും വളരെ പ്രധാനപ്പെട്ട, ചരിത്രപരമായ നിമിഷമാണ്. അത് അഭിനന്ദനാർഹമായ കാര്യമാണ്. ഇത് ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ രാജ്യത്ത് ബി.ജെ.പി. ഗവൺമെന്റ് ഉൾപ്പെടെയുള്ള മുൻകാല ഗവൺമെന്റുകളെല്ലാം കൊണ്ടുവന്ന നവലിബറൽ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുള്ള ആർ.സി.ഇ.പി. കരാറുമായി ബന്ധപ്പെട്ട് രാജ്യം മുഴുവൻ ഉയർന്നുവരാൻ പോകുന്ന അതിവിപുലമായിട്ടുള്ള മുന്നേറ്റത്തിന് നാന്ദികുറിക്കാനുള്ള ഒരവസരമായി കേരള നിയമസഭയിലെ ഈ ചർച്ച മാറുകയാണ് എന്നതാണ്. അതാണ് ഈ ചർച്ചയുടെയും പ്രമേയത്തിന്റെയും പ്രാധാന്യമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ ഈ കരാറുകളെല്ലാം ആർക്കുവേണ്ടിയാണ്? ഈ കരാറുകളെല്ലാം വ്യക്തമാക്കുന്നത് ഇവ ഇന്നാട്ടിലെ സാധാരണക്കാർക്ക് വേണ്ടിയുള്ളതായിരുന്നില്ല എന്നാണ്. ഈ കരാറുകൾ സാമ്രാജ്യത്വ സാമ്പത്തിക നയങ്ങളുടെ ഭാഗമായി കൊണ്ടുവന്നിട്ടുള്ളവയാണ്. ഈ കരാറുകളൊക്കെ

കൊണ്ടുവന്നതിന്റെ ഫലമായി 1992-നുശേഷം കാർഷിക മേഖലയിലുണ്ടായ വലിയ തകർച്ചയുടെ ഭാഗമായി, 332828 പേർ 2016 വരെ ആത്മഹത്യ ചെയ്തതായി കേന്ദ്രഗവൺമെന്റിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനെല്ലാം കാരണം ഈ കരാറുകളും അതിന് അനുബന്ധമായുള്ള കാരണങ്ങളുമാണ്. ഒരു കാര്യം സുവ്യക്തമാണ്, ഈ കരാറുകൾ ഏത് രാഷ്ട്രീയ നിലപാടിന്റെ പേരിലാണെങ്കിലും എന്ത് ന്യായീകരണമുണ്ടെങ്കിലും ഈ നാട്ടിലെ സാധാരണക്കാരന്റെ ജീവൻ പന്താടുന്ന കരാറുകളാണ് എന്നതിൽ സംശയമില്ല ഇതിന്റെ നേട്ടം സാധാരണക്കാരിലേയ്ക്ക് എത്തിയിട്ടില്ലെന്നാണ് ഈ ആത്മഹത്യകൾ സൂചിപ്പിക്കുന്നത്. 1992-ൽ നമ്മുടെ രാജ്യത്തെ കാർഷിക വിളകളുടെ സംഭരണം, ഉത്പാദനം തുടങ്ങിയ മേഖലകളിൽ വളരെ വ്യക്തമായ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിനുണ്ടായിരുന്നു. ആ കാലഘട്ടങ്ങളിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സംഭരിച്ചിരുന്ന കാർഷിക വിളകളുടെയും ഭക്ഷ്യധാന്യങ്ങളുടെയും ശേഖരത്തിന്റെ ശതമാനം 52 ആയിരുന്നു. എന്നാൽ നവലിബറൽ സാമ്പത്തികനയം നടപ്പിലാക്കുകയും W.T.O., ASEAN കരാറുകൾ വന്നതിന്റെയും ഫലമായി 2016-ൽ ഇന്ത്യയുടെ മൊത്തം ഉത്പാദനത്തിന്റെ 12 ശതമാനംമാത്രം കേന്ദ്രഗവൺമെന്റ് സംഭരിക്കുന്ന നിലയിലേയ്ക്കെത്തി. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്ന സ്ഥാപനം സ്വകാര്യവത്കരിക്കപ്പെട്ടു. ഈ നയത്തിന്റെ ഭാഗമായി അവയെല്ലാം കോർപ്പറേറ്റുകളെ ഏൽപ്പിച്ചു. ഈ രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ ബഹുരാഷ്ട്ര കുത്തക ഭീമൻമാർക്ക് ലഭ്യമാകുന്ന വിധത്തിൽ Essential Commodities Act-ൽ ഭേദഗതി വരുത്തിക്കൊടുത്തു. കുത്തക സംഭരണം സ്വകാര്യ കുത്തക മുതലാളിമാർക്ക് സംഭരിക്കാൻ കഴിയാവുന്ന നിലയിലേക്ക് വന്നു. കാർഷിക ഉത്പന്നങ്ങളുടെ സ്റ്റോക്ക് കേന്ദ്രഗവൺമെന്റ് കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുത്തതും ഈ നയങ്ങളുടെ ഭാഗമായിട്ടാണ്. അതിനുശേഷം 64 കാർഷിക വിഭവങ്ങളെ ഊഹക്കച്ചവട നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നതോടുകൂടി കാർഷിക മേഖല പരിപൂർണ്ണമായും കോർപ്പറേറ്റ് മൂലധന ശക്തികൾക്ക് ഏൽപ്പിച്ചുകൊടുത്തു. ഇപ്പോൾ നമ്മുടെ രാജ്യത്തിന്റെ കാർഷികഭൂമി തന്നെ സമ്പൂർണ്ണമായി കോർപ്പറേറ്റുകളുടെ കൈകളിൽ കൊടുക്കുകയാണ്. സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമമുണ്ടായി; എന്നാൽ ഇന്ത്യയുടെ മറ്റ് പ്രദേശങ്ങളിൽ ഉണ്ടായിട്ടില്ല. ഭൂസ്വാമിമാരുടെ കയ്യിലാണ് ഭൂമി. ഇനി വരാൻ പോകുന്നത്, കാർഷിക ഭൂമി പൂർണ്ണമായും കോർപ്പറേറ്റുകളുടെ കയ്യിലേയ്ക്ക് എത്തുമെന്നതാണ്. കോർപ്പറേറ്റുകളുടെ നേതൃത്വത്തിലുള്ള ഒരു ജന്മിത്വം നമ്മുടെ രാജ്യത്തിപ്പോൾ ആരംഭിച്ചുവരികയാണ്. ഇവിടത്തെ കർഷകൻതന്നെ ഇല്ലാതാകുകയും കർഷകൻ കോർപ്പറേറ്റ് ജന്മിമാരുടെ കുടിയാന്മാരായി മാറുകയും ചെയ്യുന്ന നിലയിലേക്ക് കാർഷിക മേഖല മാറ്റപ്പെടുകയാണ്. ഇത് വളരെ അപകടകരമാണ്. അതിന് ആക്കം കൂട്ടുന്നതാണ് ആർ.സി.ഇ.പി. കരാർ. ഈ കരാർ വരുന്നതോടുകൂടി കേരളത്തെ സംബന്ധിച്ച് റബ്ബർ, കശുവണ്ടി, കുരുമുളക്, സുഗന്ധവിളകൾ തുടങ്ങിയ എല്ലാ മേഖലകളിലും വലിയ അപകടമുണ്ടാകുവാൻ പോകുകയാണ്. കാപ്പിക്ക് 2014-ൽ 114 രൂപ വിലയുണ്ടായിരുന്നത് ഇപ്പോൾ 105 രൂപയായും റബ്ബറിന്റെ വില 245 രൂപയിൽ നിന്നും 115 രൂപയായും കുറഞ്ഞിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിളകളാണ് റബ്ബർ, സുഗന്ധവിളകൾ, കശുവണ്ടി എന്നിവ. ഈ മേഖലകളിലെല്ലാംതന്നെ നമുക്ക് സമാനമായതും നമ്മളെക്കാൾ ഉൽപ്പാദനക്ഷമത കൂടുതലുള്ളതും ഉൽപ്പാദനച്ചെലവ്

വളരെ കുറഞ്ഞിരിക്കുന്നതുമായ രാജ്യങ്ങളിൽനിന്നും ഇറക്കുമതി തീരുവയില്ലാതെ യഥേഷ്ടം ഇന്ത്യയിലേക്കും കേരളത്തിലേക്കും സാധനങ്ങൾ ഇറക്കുമതി ചെയ്യുവാൻ തുടങ്ങിക്കഴിഞ്ഞാലുണ്ടാകുന്ന പ്രത്യാഘാതം വളരെ വലുതാണ്. ആസിയാൻ കരാർ, ഇന്തോ-ശ്രീലങ്കൻ കരാർ എന്നിവയുമായി ബന്ധപ്പെട്ട് കുരുമുളകുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ ഇവിടെ ഇറക്കുമതി ചെയ്യുന്നതുമൂലം മിനിമം ഇംപോർട്ട് പ്രൈസ് നിശ്ചയിച്ചിട്ടുപോലും കുരുമുളകിന്റെ വില നിയന്ത്രിക്കുവാൻ കേന്ദ്രത്തിന് സാധിക്കുന്നില്ല. റബ്ബറിന്റെ താങ്ങുവില നിശ്ചയിക്കുവാൻ കഴിയാത്തതുകൊണ്ടാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രൊഡക്ഷൻ ഇൻസെന്റീവെന്നപേരിൽ കൃഷിക്കാർക്ക് നൽകേണ്ടിവന്നത്. നമ്മുടെ സംസ്ഥാനത്തോ രാജ്യത്തോ കൃഷിക്കാരന് സബ്സിഡിയോ ഇൻസെന്റീവോ നൽകാൻ കഴിയാത്ത വിധത്തിൽ നമ്മുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുന്ന ആർ.സി.ഇ.പി. കരാർ ഇവിടത്തെ കൃഷിക്കാരെ മാത്രമല്ല, കാർഷിക അനുബന്ധ വ്യവസായ മേഖലയേയും മറ്റ് മേഖലയേയും തകർക്കുവാൻ പോകുകയാണ്. ഇത് ഈ രാജ്യത്തെ സമ്പദ്ഘടനയെ പൂർണ്ണമായി തകർക്കുന്നതാണ്. നമ്മുടെ കാർഷിക മേഖല ഉൾപ്പെടെ കേരളത്തിന്റെ സമ്പദ്ഘടന എന്നുപറയുന്നത് വളരെ അപകടകരമായ നിലയിലേയ്ക്ക് പോകുകയാണ്. ഇത് വരുന്നതോടുകൂടി കേരളത്തിലും ഇന്ത്യയിലും ആകമാനമുണ്ടാകാൻ പോകുന്നത് വിവരണാതീതമായ തകർച്ചയാണ്. അതുകൊണ്ട് ഇതിനെതിരായിട്ടുള്ള സമരമെന്നുപറയുന്നത് ചെറിയ സമരമല്ല; വലിയ സമരമുണ്ടാകണം. ഒരുപക്ഷേ ഇന്ത്യയുടെ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ നടന്നതുപോലെതന്നെ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പരമാധികാരത്തിനു വേണ്ടിയിട്ടുള്ള ഐതിഹാസിക പോരാട്ടത്തിന് തുടക്കം കുറിക്കേണ്ട സമയമായിരിക്കുന്നു. അതിന് തുടക്കംകുറിക്കാൻ കേരള നിയമസഭയ്ക്ക് കഴിയണം. കേരള നിയമസഭ പലതിനും തുടക്കം കുറിച്ചിട്ടുള്ള സഭയാണ്. യഥാർത്ഥ ദേശസ്നേഹികളും രാജ്യത്തിന്റെ സംരക്ഷകരും ആരാണെന്ന് നിശ്ചയിക്കപ്പെടാൻ പോകുന്ന ഒരു സന്ദർഭമാണിത്. ഇവിടെ ഇതിനെ എതിർക്കാൻ നമുക്ക് കഴിയണം. അതിന് യോജിക്കാൻ കഴിയുന്നവരുമായി യോജിച്ചുകൊണ്ടുതന്നെ മുന്നോട്ട് പോകണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. അതുകൊണ്ടാണ് ഇങ്ങനെയൊരു ചർച്ചയ്ക്ക് ഗവൺമെന്റ് വേദിയൊരുക്കിയിരിക്കുന്നത്. ഞാൻ വിശദാംശങ്ങളി ലേയ്ക്കൊന്നും പോകുന്നില്ല, ഈ വിഷയം എല്ലാപേരും ചർച്ച ചെയ്ത കാര്യമാണ്. അഭിപ്രായ വ്യത്യാസമൊന്നുമുണ്ടായിട്ടില്ല. ഒരുകാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ആസിയാൻ കരാർ ഉണ്ടായിട്ടുള്ളത് 2008-ലാണ്. അന്ന് ചതുരാനൻ മിശ്രയൊന്നും അവിടെയില്ല. തെറ്റിദ്ധരിപ്പിക്കരുത്. ഞാൻ മറുപടി പറഞ്ഞുവെന്നുമാത്രമേയുള്ളൂ. ഇത് ലോകം കാണണം. ഇത് നമ്മുടെ രാജ്യത്തെ തകർച്ചയിലേയ്ക്കെത്തിക്കും, ഈ രാജ്യം കുത്തുപാളയെടുക്കും, ആത്മഹത്യയിലേയ്ക്ക് പോകേണ്ടിവരുമെന്ന് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം 1992 മുതൽ പറയുന്ന കാര്യമാണ്. അന്ന് ആ നയത്തിനെയെല്ലാം ന്യായീകരിച്ച ആളുകൾ ഈ നയത്തിലേയ്ക്ക് തിരിച്ചുവന്നുവെന്നുള്ളത് വളരെ ആഹ്ലാദകരമായ കാര്യമാണ്. അതുകൊണ്ട് നമുക്ക് ഒറ്റക്കെട്ടായി നിന്ന് ഈ പ്രമേയം പാസ്സാക്കി ഇന്ത്യക്ക് മാതൃകയാകുന്ന, ഇന്ത്യയിലെ ജനങ്ങൾക്ക് നേതൃത്വം നൽകുന്ന ഒരു ശബ്ദം കേരള നിയമസഭയിൽ ഉയർന്നുവരുന്ന സന്ദർഭമൊരുക്കിയതിന് അനുവാദം നൽകിയ ബഹുമാനപ്പെട്ട സ്പീക്കർക്ക് നന്ദിയറിയിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു, അഭിവാദ്യങ്ങൾ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഇവിടെ ചർച്ച ചെയ്യാത്ത കുറച്ച് കാര്യങ്ങൾ മാത്രമാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. വൻകിട വ്യവസായശാലകൾക്ക് ഇവിടെ വരാനുള്ള അനുമതി നൽകിയതോടുകൂടി ഇവിടെ വലിയ അപകടമാണുണ്ടായത്. ഉദാഹരണം, കൊക്കകോള കമ്പനി ഇവിടെ വന്നു, ജലം ചൂഷണം ചെയ്യുന്നു, സ്ലെഡ്ജ് ഇട്ടു എന്നുപറഞ്ഞ് നമ്മുടെ പഞ്ചായത്തിന്റെയും ഗവൺമെന്റിന്റെയും ഇടപെടൽകൊണ്ട് അത് പൂട്ടി. പാൽ ഇറക്കുമതി ചെയ്യുകയാണെങ്കിൽ വിദേശ കമ്പനികൾ വന്ന് നമ്മുടെ വ്യവസായത്തെ തകർക്കുന്നതാണ്. ന്യൂസിലൻഡിന്റെ Fonterra company, ഫ്രഞ്ച് കമ്പനിയായ Lattice എന്നിവ ഇവിടെ വന്നുകഴിഞ്ഞു. പ്രഭാത് ഡയറി 1700 കോടി രൂപയ്ക്ക് വേറൊരു കമ്പനി വാങ്ങിക്കഴിഞ്ഞു. അമുലിനെത്തന്നെ അവർ നോട്ടമിട്ടുകഴിഞ്ഞു. Fonterra എന്നുപറയുന്ന കമ്പനിയാണ് എ 2 പാലിന്റെ ഇവിടത്തെ വിതരണവും ഉൽപ്പാദനവും നടത്തുവാനുള്ള വലിയൊരു ശ്രമം നടത്തുന്നത്. അതുകൂടാതെ വാൾമാർട്ട് ഡീൻ ഫുഡ്സിന്റെ സ്വന്തമായ ക്ഷീരോൽപ്പാദന കമ്പനികൾ രംഗത്തിറക്കി. വാൾമാർട്ട് വന്നതോടെ അമേരിക്കയിൽപ്പോലും 17,000 ഡയറികളാണ് പൂട്ടിയത്. അവർ ഇവിടെ വന്നാൽ നമ്മുടെ സ്ഥിതി എന്തായിരിക്കും? ആധുനിക സജ്ജീകരണങ്ങളുള്ള ക്ഷീരോൽപ്പാദനശാലകൾ വൃത്തിഹീനതകൾ ചൂണ്ടിക്കാട്ടി നമ്മുടെ കർഷകരിൽ നിന്നും പാൽ സ്വീകരിക്കില്ല. പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിക്കും. കോഴി ഇറച്ചിയുടെ ഇറക്കുമതിയുണ്ടാകും. ഇവിടെ സൂചിപ്പിക്കാത്ത കാര്യങ്ങൾ മാത്രമാണ് ഞാൻ പറയുന്നത്. വിദേശ കമ്പനികൾ വ്യവസായശാലകൾ ആരംഭിച്ചാലും സാങ്കേതിക വിദ്യയുടെ കൈമാറ്റമുണ്ടാകില്ല. വൻതോതിൽ മാളുകളും ബഹുരാഷ്ട്ര റീട്ടെയിൽ വ്യാപാര ശൃംഖലകളും തുറക്കപ്പെടും. വാൾമാർട്ട്, ആമസോൺ, ആലിബാബ തുടങ്ങിയ വൻകിട ഓൺലൈൻ വ്യാപാര സ്ഥാപനങ്ങൾ കൂടുതൽ കരുത്താർജ്ജിക്കും. ഉൽപ്പന്നങ്ങൾക്ക് വൻതോതിൽ ഇളവ് നൽകി ഉപഭോക്താക്കളെ ആകർഷിക്കും. ആർ.സി.ഇ.പി. കരാറിന്റെ ഏറ്റവും വലിയ കെണി ഓൺലൈൻ വ്യാപാരം പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഭക്ഷ്യ വസ്തുക്കൾ ഇതിൽ ഉൾപ്പെടുത്തുകവഴി പലചരക്ക് വ്യാപാരവും ഗ്രാമച്ചന്തകളും അന്യമാകും. കരാറിന്റെ ഭാഗമായി അംഗരാജ്യങ്ങൾക്ക് ഡാറ്റാ കൈമാറേണ്ട സാഹചര്യം വരും. നമ്മുടെ എല്ലാ വിവരങ്ങളും മറ്റ് രാജ്യങ്ങൾക്ക് ലഭിക്കുന്നൊരവസ്ഥയുണ്ടാകും. ആർ.സി.ഇ.പി. അംഗരാജ്യങ്ങൾക്ക് തർക്ക പരിഹാരങ്ങൾക്ക് അന്താരാഷ്ട്ര കോടതികളെ സമീപിക്കേണ്ടിവരും. ഇന്ത്യൻ നിയമങ്ങൾതന്നെ ബാധകമല്ലാത്ത സ്ഥിതി വരും. ഇന്ന് ധാരാളം സ്വകാര്യ വിത്ത് കമ്പനികൾ ഇന്ത്യയിലുണ്ട്. ആ വിത്ത് കമ്പനികൾക്ക് മറ്റ് രാജ്യങ്ങളിൽ വിത്ത് വിൽക്കുവാനുള്ള അവകാശമില്ല. ഗവേഷണം നടത്തണമെങ്കിൽതന്നെ അവർക്ക് 49% ഷെയർ എടുക്കാമെന്നല്ലാതെ മറ്റധികാരങ്ങളൊന്നുമില്ല. പക്ഷേ ഇന്ത്യയിൽ

പ്രവർത്തിക്കുന്ന കമ്പനികളുടെ കാര്യത്തിൽ മറിച്ചാണ്. അതായത് ഇന്ത്യയിൽ ചൈനീസ് വിത്ത് കമ്പനികളുടെ വിത്തുകൾ കൂടുതൽ വ്യാപകമായി. അതിന്റെ ഫലമായി ഇന്ത്യൻ വിത്ത് കമ്പനികൾ ഇല്ലാതാകുകയും വിത്തിന്റെ കുത്തക ചൈനയുടെ കൈകളിലാകുകയും ചെയ്യും. 2017-ൽ സ്വിറ്റ്സർലന്റിലെ വമ്പൻ രാസവള കമ്പനിയായ 'Syngenta' ചൈനീസ് കമ്പനിയായ 'KEM China'-യെ 43 ബില്യൺ ഡോളറിന് വാങ്ങി. രാസവള കമ്പനികൾ എല്ലാം ഒന്നിക്കുകയാണ്. അങ്ങനെ ഒന്നിക്കുമ്പോൾ വളത്തിന്റെ വില ഉയർത്താൻ പ്രയാസമില്ലാതാകുന്നു. അതുപോലെ 'ജർമ്മൻ കെമിക്കൽസ് ആന്റ് ഫാർമ' കമ്പനിയെ 63 ബില്യൺ ഡോളറിനാണ് അമേരിക്കൻ കമ്പനിയായ 'മോൺസൺ ഡേ' വിലയ്ക്ക് വാങ്ങിയത്. 2019 സെപ്റ്റംബറിൽ 13 കമ്പനികളുടെ ലയനത്തിന് പൂർണ്ണ അംഗീകാരം ലഭിച്ചു. വിലനിയന്ത്രണം മുഴുവൻ ഈ കമ്പനികളുടെ കൈയിൽ വരികയാണ്. ഇതുംകൂടി ചർച്ചചെയ്യപ്പെടണം. ഇത് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഞാൻ ശ്രമിച്ചത്. ഈ പ്രമേയത്തെ പരിപൂർണ്ണമായും പിൻതാങ്ങുന്നു.

## X ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ ഇത് അവതരിപ്പിക്കുകയാണ്. പ്രസംഗത്തിലേയ്ക്കൊന്നും കടക്കുന്നില്ല. ആവശ്യമായ പ്രസംഗങ്ങളെല്ലാം നടന്നുകഴിഞ്ഞു.

"ഇന്ത്യൻ പാർലമെന്റിൽ ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ (ആർ.സി.ഇ.പി) കരാർ ഒപ്പുവെക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം രാജ്യത്താകെ വലിയ ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകിവന്നാൽ നമ്മുടെ കാർഷിക മേഖലയും ചെറുകിട വ്യവസായ മേഖലയും ക്ഷീര-മത്സ്യബന്ധന മേഖലകളും ആരോഗ്യമേഖലയും വലിയ തകർച്ചയെ നേരിടേണ്ടിവരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയുമായിരിക്കും ഈ കരാറിന്റെ ഫലമെന്നത് വ്യക്തമാണ്. നവ ഉദാരവത്കരണത്തിന്റെ ഭാഗമായുള്ള ഇന്ത്യ-ആസിയാൻ കരാർ നിലനിൽക്കെയാണ് ആസിയാനും അവരുടെ വ്യാപാര പങ്കാളികളായ ചൈന, തെക്കൻ കൊറിയ, ജപ്പാൻ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളും ഉൾപ്പെടുന്ന മേഖലാ സമഗ്ര സാമ്പത്തിക ധാരണയിൽ അംഗമാകുന്നത്. അത് ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയേയുള്ളൂ. ദീർഘകാല തോട്ടവിളകളായ റബ്ബർ, കാപ്പി, തേയില എന്നിവയും കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജന വിളകളും സ്വാതന്ത്ര്യ വ്യാപാര കരാറുകൾമൂലമുള്ള അനിയന്ത്രിത ഇറക്കുമതി കാരണം ആഭ്യന്തര വിപണിയിൽ വിലയിടിവ് നേരിടുകയാണ്.

ഇപ്പോൾത്തന്നെ പാമോയിലിന്റെ ഇറക്കുമതി വെളിച്ചെണ്ണയുടെയും നാളികേര ഉൽപ്പന്നങ്ങളുടെയും വിലയിടിവിന് പ്രധാന കാരണമായിട്ടുണ്ട്. ആർ.സി.ഇ.പി.-യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്നത് ഉറപ്പാണ്. കർഷകർ കടുത്ത മത്സരത്തെയും വൻ വിലത്തകർച്ചയെയും നേരിടേണ്ടിവരും. ന്യൂസിലൻഡ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. കാർഷികരംഗത്ത് വിലത്തകർച്ച ഉണ്ടായപ്പോൾ കർഷകരെ ഒരു പരിധിവരെ സംരക്ഷിച്ചത് ക്ഷീര മേഖലയാണ്. അനിയന്ത്രിതമായ പാൽ, പാലുൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്ന ആശങ്ക തികച്ചും ന്യായമാണ്. ലോകത്തിൽ ഏറ്റവും ഉയർന്ന വ്യവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിലെത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും. കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യസാധന മേഖലയിലും അനിയന്ത്രിത വിലക്കയറ്റമുണ്ടാകും. ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യമുണ്ടായാൽ, അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവുമില്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാകും. ആസിയാൻ രാജ്യങ്ങളിലെയും ചൈന, ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിലെയും ബഹുരാഷ്ട്ര കുത്തകകൾ ആർ.സി.ഇ.പി. സ്വതന്ത്ര വ്യാപാര കരാറിന്റെ മറവിൽ നമ്മുടെ ചെറുകിട വ്യാപാരരംഗം തകർക്കുമെന്നുറപ്പാണ്. ഈ പ്രത്യാഘാതങ്ങൾ നമ്മുടെ രാജ്യത്തിന് താങ്ങാനാവില്ല. അതിനാൽ, രാജ്യത്തിന്റെ വിശാലമായ താൽപ്പര്യവും ഭാവിയും കണക്കിലെടുത്ത് ആർ.സി.ഇ.പി. കരാറിൽ ഒപ്പുവയ്ക്കാനുള്ള തീരുമാനത്തിൽനിന്ന് കേന്ദ്രസർക്കാർ പിൻമാറണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷനെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ........

സബ്സ്റ്റാന്റീവ് മോഷൻ സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

## അറിയിപ്പ്

മി. സ്പീക്കർ: ഇന്ന് സഭാസമ്മേളനം കഴിഞ്ഞതിനുശേഷം ഒരു മ്യൂസിക് തെറാപ്പി ആസൂത്രണം ചെയ്തിരുന്നു. വളരെ വൈകി സഭ അവസാനിച്ചതുകൊണ്ട് ഇനിയൊരു തെറാപ്പിക്ക് കഴിയുന്ന സാഹചര്യമല്ലെന്ന് തോന്നുന്നു. അതുകൊണ്ട് ആ പരിപാടി മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കുകയാണെന്ന് അറിയിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ഒക്ടോബർ മാസം 31-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 7.12-ന് പിരിഞ്ഞു.)